# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

2023 സെപ്റ്റംബർ 12, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 192 –നമ്പർ 6

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

2023 സെപ്റ്റംബർ 12, ചൊവ്വ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എ. എം. ബഷീർ

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. ബി. രാജേഷ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ് |

## ഉള്ളടക്കം

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ
( രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു)

II ഉത്തരത്തിൽ തിരുത്ത്

നക്ഷത്ര ചിഹ്നമിടാത്ത 3571-ാംനമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

**III അടിയന്തരപ്രമേയം**

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം
(അവതരണാനുമതി നിഷേധിച്ചു)

**IV ശ്രദ്ധ ക്ഷണിക്കൽ**

(1) കോഴിക്കോട് വിമാനത്താവള വികസനം
- ശ്രീ. പി. നന്ദകുമാർ

(2) സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിലെ പ്രതിസന്ധി
- ശ്രീ. സനീഷ്കുമാർ ജോസഫ്

**V സബ്മിഷൻ**

1. അയ്യങ്കാളിയുടെ ചിത്രം വികൃതമാക്കി സമൂഹ മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ച സംഭവം
- പ്രതിപക്ഷനേതാവ് (ശ്രീ. വി.ഡി. സതീശൻ)

2. കണ്ണോത്ത്മല ജീപ്പ് ദുരന്തത്തിൽ മരണപ്പെട്ടവർക്ക് ധനസഹായം

- ശ്രീ. ഒ. ആർ. കേളു

3. അംഗഡിമുഗർ സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥിയുടെ അപകടമരണം

- ശ്രീ. എ.കെ.എം. അഷ്റഫ്

4. എസ്.സി. /എസ്.ടി. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ

- ശ്രീ. രമേശ് ചെന്നിത്തല

5. ശബരിമല മാസ്റ്റർ പ്ലാൻ

- ശ്രീ. കെ.യു. ജനീഷ് കുമാർ

6. നാഗർകോവിൽ-തിരുവനന്തപുരം റെയിൽപ്പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട നഷ്ടപരിഹാര തുക

- ശ്രീ. സി.കെ. ഹരീന്ദ്രൻ

7. വന്യമൃഗശല്യം തടയൽ

- ശ്രീ. കെ. എം. സച്ചിൻദേവ്

8. മെഡിസെപ്

- ശ്രീ. പി.സി. വിഷ്ണുനാഥ്

9. തോട്ടം മേഖലയിലെ തൊഴിലാളികളുടെ ജീവിതനിലവാരം

- ശ്രീ. കെ. കെ. രാമചന്ദ്രൻ

10. മലമ്പുഴ ഉദ്യാന നവീകരണം

- ശ്രീ. എ. പ്രഭാകരൻ

11. പുലാമന്തോൾ, കൊടുമുണ്ട, കൊണ്ടയൂർ പാലങ്ങളുടെ നവീകരണം

- ശ്രീ. മുഹമ്മദ് മുഹസിൻ

12. മേലാറ്റൂർ-പുലാമന്തോൾ റോഡ് പുനരുദ്ധാരണം

- ശ്രീ. നജീബ് കാന്തപുരം

13. ലക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന് വാർഷിക ഗ്രാന്റ്

- ശ്രീ. കെ. പ്രേംകുമാർ

14. മുൻഗണനാ റേഷൻ കാർഡുകളിൽനിന്നും അനർഹരെ ഒഴിവാക്കൽ

- ശ്രീ. സി. സി. മുകുന്ദൻ

15. നീണ്ടകര ആർ.സി.സി. വിപുലീകരണം

- ഡോ. സുജിത് വിജയൻപിള്ള

**VI റിപ്പോർട്ടുകളുടെ സമർപ്പണം**

1. സബ്ജക്ട് കമ്മിറ്റി III, V, XIV എന്നിവയുടെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും

2. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പത്താമത് റിപ്പോർട്ട്

3. ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട്

**VII നിയമനിർമ്മാണകാര്യം**

(1) <u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും:</u>

(i) 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ.

(ii) 2023-ലെ അബ്ക്കാരി ഭേദഗതി ബിൽ.

(iii) 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി)ബിൽ

**അനുബന്ധം 1, 2**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

2023 സെപ്റ്റംബർ 12, ചൊവ്വ

---

വാല്യം 192} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 6

---

നിയമസഭ 2023 സെപ്റ്റംബർ മാസം 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

**1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*121)

**എ.ഐ. ക്യാമറ സ്ഥാപിക്കുന്ന പദ്ധതി**

1(*121) ശ്രീ. ടി. ജെ. വിനോദ്

ശ്രീ. ടി. സിദ്ദിഖ്:

ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നത് ബിൽഡ് ഓൺ ഓപ്പറേറ്റ് ട്രാൻസ്ഫർ (ബി.ഒ.ഒ.ടി.) മോഡലിൽ നടപ്പാക്കാൻ തീരുമാനിച്ചതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ബി.ഒ.ഒ.ടി. മോഡലിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയതിനുശേഷം പദ്ധതി ആന്വിറ്റി മോഡലിലേയ്ക്ക് മാറ്റാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(സി) എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയതിനുശേഷം ബി.ഒ.ഒ.ടി. മോഡലിൽനിന്നും ആന്വിറ്റി മോഡൽ ആക്കാനുള്ള തീരുമാനത്തിൽ മോട്ടോർ വാഹന വകുപ്പ് ധനകാര്യ വകുപ്പിന്റെയും നിയമ വകുപ്പിന്റെയും ഉപദേശം തേടിയിരുന്നോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. ആന്റണി രാജു</u>): സർ,

(എ) സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്ന പദ്ധതി ബിൽഡ് ഓൺ ഓപ്പറേറ്റ് ട്രാൻസ്ഫർ (ബി.ഒ.ഒ.ടി.) മാതൃകയിലല്ല നടപ്പാക്കിയിട്ടുള്ളത്. പദ്ധതി തുക 20 തുല്യ ഗഡുക്കളായി കെൽട്രോണിന് നൽകിക്കൊണ്ടുള്ള ' Annuity' രീതിയിലാണ് ടി പദ്ധതി നടപ്പാക്കിയിട്ടുള്ളത്. അപ്രകാരം നടപ്പാക്കുന്നതിനുള്ള പ്രധാന കാരണം മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന് ഒന്നിച്ച് ഒരു തുക ആദ്യഘട്ടത്തിൽത്തന്നെ മുടക്കേണ്ട കാര്യമില്ലെന്നതാണ്. കൂടാതെ ഇതിന്റെ കരാർ കാലാവധിയിൽ ഗ്യാരണ്ടി പിരീഡ് കഴിഞ്ഞതിനുശേഷവും അതിന്റെ മെയിന്റനൻസ് നടത്തേണ്ട ചുമതല കെൽട്രോണിനാണ് നൽകിയിരിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതി ടെണ്ടർ നടപടികൾ തുടങ്ങുന്നതിന് മുമ്പുതന്നെ 'Annuity' മാതൃകയിലാണ് വിഭാവന ചെയ്തിട്ടുള്ളത്. “Annuity with assured payment "എന്നാണ് ടി പദ്ധതിയുടെ ശരിയായ പേര്. ടി പദ്ധതിക്ക് അന്തിമ അനുമതി നൽകിയ ഉത്തരവിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

(സി) പദ്ധതി നിർവ്വഹണത്തിനുശേഷം ഗഡുക്കളായി പേമെന്റ് നടത്തണമെന്ന് ധാരണയായതിനാൽ പ്രസ്തുത പദ്ധതി ടെണ്ടർ നടപടികൾ

തുടങ്ങുന്നതിന് മുമ്പുതന്നെ 'Annuity' മാതൃകയിലാണ് വിഭാവന ചെയ്തിട്ടുള്ളത്. നിയമ വകുപ്പിന്റെ ഉപദേശം തേടിയിട്ടില്ല. എന്നാൽ ടി പദ്ധതിയുടെ പ്രൊപ്പോസൽ വിവിധ ഘട്ടങ്ങളിൽ ധനകാര്യ വകുപ്പിന്റെ പരിശോധനയ്ക്കും അഭിപ്രായത്തിനും ഗതാഗത വകുപ്പ് വിധേയമാക്കിയിട്ടുണ്ട്.

ശ്രീ. ടി. ജെ. വിനോദ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ടെണ്ടറിന്റെ നടപടിക്രമങ്ങൾ ആരംഭിക്കുന്ന സമയത്ത് ബി.ഒ.ഒ.ടി. ആയിരുന്നു. പിന്നീട് ബി.ഒ.ഒ.ടി.-യിൽ നിന്നും ആന്വിറ്റി മോഡലിലേയ്ക്ക് ടെണ്ടർ നടപടികൾ മാറ്റിയപ്പോൾ നിയമപരമായ നടപടിക്രമങ്ങളൊന്നും പാലിച്ചിട്ടില്ലെന്ന് ബഹു. മന്ത്രി ഇവിടെ പറയുകയുണ്ടായി. ഈ മാറ്റം ഒരു competitive ടെണ്ടറിലേയ്ക്ക് മാറുന്നതിന് ഇടയാക്കിയെന്നുള്ള ആരോപണത്തിന് പ്രസക്തിയേറുന്നു. ടെണ്ടർ വ്യവസ്ഥ പ്രകാരമല്ലാതെ മോഡൽ മാറിയതിന്റെയും നിയമപരമായ നടപടിക്രമങ്ങൾ പാലിക്കാത്തതിന്റെയും കാരണം വ്യക്തമാക്കാമോ?

ശ്രീ. ആന്റണി രാജു: സർ, ടെക്നിക്കൽ കമ്മിറ്റി അംഗീകരിക്കുന്നതിനും ജി.ഒ. ഇറക്കുന്നതിനും ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിനും വളരെ മുമ്പുതന്നെ ഇത് ആന്വിറ്റി സ്കീമാണെന്ന് ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട് ചെയ്തിരുന്നു. രണ്ടു

പ്രൊപ്പോസലാണ് കെൽട്രോണിൽനിന്നും വന്നത്. ഒന്നാമത്തേത് കാപ്പക്സ് മോഡലും രണ്ടാമത്തേത് ബൂട്ട് മോഡലും. CapEX Model-Government has to invest for the entire enforcement, infrastructure and control room. Payment against milestone delivery billing. BOOT Model- No need of upfront investment. The system integrator will take care of investment part and five year operations. Quarterly guaranteed payment to the BOOT Vendor in 20 quarters. 27-04-2020-ലെ ജി.ഒ. ഇറങ്ങിയതിനുശേഷമാണ് ടെണ്ടർ നടപടികൾ ആരംഭിക്കുന്നത്. വർക്ക് ഓർഡർ ഇറങ്ങിയത് 2020-ലാണ്. 2019-ലെ കാര്യമാണ് ഞാൻ പറയുന്നത്. തുടക്കത്തിൽത്തന്നെ കെൽട്രോണിന്റെ പ്രൊപ്പോസലും ടെക്നിക്കൽ കമ്മിറ്റി അനുവദിക്കുന്നതുമെല്ലാം quarterly guaranteed payment to the boot vendor എന്നുതന്നെയാണ്. ഇതിൽനിന്നും അത് ആന്വിറ്റി സ്കീമാണെന്നുള്ള കാര്യം വളരെയധികം വ്യക്തമാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ടെണ്ടർ വ്യവസ്ഥയിൽ ഉപകരാർ പാടില്ലെന്ന വ്യവസ്ഥ നിലനിൽക്കെ എസ്.ആർ.ഐ.റ്റി.-യിൽ ഉപകരാർ കൊടുത്തത് വ്യവസ്ഥകൾക്ക് വിരുദ്ധമല്ലേ; നിയമവകുപ്പിന്റെ ഉപദേശം തേടാത്തത് വലിയൊരു അഴിമതി ലക്ഷ്യം വച്ചുകൊണ്ടല്ലേ;

നിയമവശത്തെക്കുറിച്ചൊക്കെ കൃത്യമായി അറിയാവുന്ന ഗവൺമെന്റ് വ്യക്തമായ ഉപദേശം തേടാത്തതെന്തുകൊണ്ടാണ്?

ശ്രീ. ആന്റണി രാജു: സർ, നിയമപരമായി എന്തെങ്കിലും സംശയമുണ്ടെങ്കിൽ മാത്രമേ നിയമവകുപ്പിന്റെ അഭിപ്രായം തേടേണ്ടതുള്ളൂ. സ്വകാര്യവ്യക്തികൾക്ക് കൊടുത്ത ഒരു വർക്കല്ല ഇത്. ഗവൺമെന്റിന്റെ അക്രെഡിറ്റഡ് ഏജൻസിയായ കെൽട്രോണിന്റെ പ്രൊപ്പോസലാണിത്. 2019-ൽ അന്നത്തെ മന്ത്രിയുടേയും ഉദ്യോഗസ്ഥരുടേയും സാന്നിദ്ധ്യത്തിൽ ഇക്കാര്യത്തിന്മേൽ പ്രസന്റേഷൻ നടത്തിയതിനുശേഷമാണ് 1-10-2019-ൽ, ടെക്നോ കൊമേഴ്സ്യൽ പ്രൊപ്പോസൽ സമർപ്പിക്കാൻ ആവശ്യപ്പെടുന്നത്. അതുകഴിഞ്ഞാണ് ഡിപ്പാർട്ടുമെന്റൽ ടെക്നിക്കൽ കമ്മിറ്റി ഇത് സ്ക്രൂട്ട്ണി ചെയ്ത് boot with quarterly annuity മോഡലിലേയ്ക്ക് ഈ പദ്ധതിയെ വിഭാവന ചെയ്തിരിക്കുന്നത്. എന്നുമാത്രമല്ല ഇക്കാര്യങ്ങളെല്ലാം വിശദമായി ഗവൺമെന്റ് ഉത്തരവിൽത്തന്നെ പറയുന്നുമുണ്ട്.

ശ്രീ. ടി. സിദ്ദിഖ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എം. വിൻസെന്റ്: സർ, ഈ പദ്ധതിയിൽ ക്യാമറകളുടെ ഉടമസ്ഥാവകാശം ഇപ്പോൾ ആരിലാണെന്നും ഗതാഗതവകുപ്പിന് ഇത് എന്നാണ് കൈമാറുന്നതെന്നും വിശദീകരിക്കാമോ?

ശ്രീ. ആന്റണി രാജു: സർ, ഇതിന്റെ ഉടമസ്ഥാവകാശം മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിനുതന്നെയാണ്, അത് കൈമാറിക്കഴിഞ്ഞു. 5 വർഷത്തെ കരാറനുസരിച്ച് കെൽട്രോൺ ചെയ്യേണ്ട ചില കാര്യങ്ങളുണ്ട്. കെൽട്രോണിന് ഇതുവരെയും പണമൊന്നും നൽകിയിട്ടില്ല, ഇതൊരു ടോട്ടൽ പാക്കേജാണ്. തമിഴ്നാട്, മഹാരാഷ്ട്ര, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലെ ഉദ്യോഗസ്ഥർ പ്രസ്തുത മോഡൽ ക്യാമറാ സിസ്റ്റം അവരുടെ സംസ്ഥാനത്തും നടപ്പാക്കുന്നതിനായി ഇവിടെ വന്ന് പഠിക്കുകയും ഇതേ മോഡൽ ഇംപ്ലിമെന്റ് ചെയ്യാനുള്ള സഹായത്തിന് കേരളത്തോട് അഭ്യർത്ഥിച്ചിരിക്കുകയുമാണ്. ക്യാമറ അനുബന്ധ സംവിധാനങ്ങളുടെ സപ്ലൈ, കൺട്രോൾ റൂം എസ്റ്റാബ്ലിഷ്മെന്റ്, ക്യാമറയുടെ 5 വർഷ പരിപാലനം, ക്യാമറ സ്ഥാപിച്ചിട്ടുള്ള വാഹനങ്ങളുടെ ഡീസൽ, 146 സ്റ്റാഫിന് 5 വർഷത്തെ ശമ്പളം, ചെലാൻ അയയ്ക്കുന്നത് (ഒരു ചെലാൻ അയയ്ക്കുന്നതിന് 20 രൂപയാണ് ചെലവ്) ഇന്റർനെറ്റ്, ഇലക്ട്രിസിറ്റി മുതലായ ചെലവുകളെല്ലാം വഹിക്കുന്നത് കെൽട്രോൺ ആണ്.

ശ്രീമതി ഉമ തോമസ്: സർ, സേഫ് കേരള പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ള എ.ഐ. ക്യാമറകൾ ഇൻസ്റ്റലേഷനുശേഷം എത്ര വർഷം കഴിഞ്ഞാണ് പ്രവർത്തനം ആരംഭിച്ചത്; പദ്ധതി നടത്തിപ്പിൽ കാലതാമസമുണ്ടായാൽ

സ്വകാര്യ പങ്കാളിക്ക് നഷ്ടപരിഹാരം നൽകുന്നതിന് സാധാരണ കരാറിൽ വ്യവസ്ഥകളുണ്ടാകാറുണ്ട്, എ.ഐ. ക്യാമറകളുടെ കരാറിൽ ഇത്തരം വ്യവസ്ഥകളുണ്ടോയെന്ന് വിശദീകരിക്കാമോ?

ശ്രീ. ആന്റണി രാജു: സർ, എ.ഐ. ക്യാമറയെ സംബന്ധിച്ചിടത്തോളം കോംപ്രിഹെൻസീവ് എഗ്രിമെന്റ് ഉണ്ടാക്കാൻ പോകുന്നതേയുള്ളൂ. ഇക്കാര്യം നിലവിൽ ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്നതുകൊണ്ട് ഇത് സംബന്ധിച്ച് പറയുന്നതിൽ ചില പരിമിതികളുണ്ട്. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റും കെൽട്രോണും സംയുക്തമായി പരിശോധിച്ച് കുറവുകൾ പരിഹരിച്ച് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിന്റെ അനുമതിയോടുകൂടി മാത്രമേ കോംപ്രിഹെൻസീവ് എഗ്രിമെന്റ് തയ്യാറാക്കുകയുള്ളൂ.

ശ്രീ. മുരളി പെരുനെല്ലി: സർ, എ.ഐ. ക്യാമറകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ, റോഡുകളിൽ വേഗപരിധി സൂചിപ്പിക്കുന്ന ബോർഡുകൾ സ്ഥാപിക്കേണ്ടത് അനിവാര്യമല്ലേ, വേഗപരിധി നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. ആന്റണി രാജു: സർ, ഇതുമായി ബന്ധപ്പെട്ട ചോദ്യമല്ലെങ്കിലും മറുപടി പറയാം. വേഗപരിധി നിശ്ചയിക്കുന്നതിന് കേന്ദ്ര ഗവൺമെന്റുതന്നെ ചില

നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എക്സ്പ്രസ്സ് ഹൈവേയിലും ആറുവരി പാതയിലും നാഷണൽ ഹൈവേയിലും ജില്ലാ റോഡുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകളിലും കേന്ദ്രഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള വേഗപരിധിയുടെ താഴെമാത്രമേ സംസ്ഥാന ഗവൺമെന്റിന് വേഗത നിശ്ചയിക്കാൻ കഴിയുകയുള്ളൂ. ഓരോ റോഡിനും ഓരോ സ്പെസിഫിക്കേഷനുണ്ട്. ആ സ്പെസിഫിക്കേഷൻ അനുസരിച്ച് ഡിപ്പാർട്ടുമെന്റുകൾ പുറപ്പെടുവിക്കുന്ന ഉത്തരവിനെ അടിസ്ഥാനമാക്കി, റോഡിന്റെ കണ്ടീഷൻ അനുസരിച്ച് വേഗപരിധി നിശ്ചയിക്കുകയാണ് സാധാരണ ചെയ്യുന്നത്.

ശ്രീ. കെ. വി. സുമേഷ്: സർ, സമീപകാലത്ത് കേരളത്തിൽ ഗതാഗത മേഖലയിൽ നടപ്പാക്കിയ ഏറ്റവും ശ്രദ്ധേയമായ പരിഷ്കാരമാണ് എ.ഐ. ക്യാമറാ സംവിധാനം. ജനങ്ങൾക്കിടയിൽ ഇതുസംബന്ധിച്ച് വലിയ മതിപ്പാണുള്ളത്. പ്രസ്തുത സംവിധാനം നടപ്പാക്കിയതിനുശേഷം അപകട നിരക്കിലുണ്ടായ വ്യത്യാസം എത്രയാണ്; കൂടുതൽ സ്ഥലത്ത് ഇത് സ്ഥാപിക്കണമെന്ന ആവശ്യം ജനങ്ങളിൽനിന്നും ഉയർന്നുവരുന്നുണ്ട്, അതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. ആന്റണി രാജു: സർ, വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണിത്. എ.ഐ ക്യാമറകൾ സ്ഥാപിച്ചതിനുശേഷം ഇതുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയും

ഒരുമിച്ച് വിളിച്ച് എല്ലാ മാസവും അവലോകന യോഗങ്ങൾ നടത്തി വ്യക്തമായ കണക്കുകൾ പരിശോധിക്കുന്നുണ്ട്. ആരോഗ്യ വകുപ്പ്, കെൽട്രോൺ, എൻ.ഐ.സി. എന്നിവരുമായിച്ചേർന്ന് എല്ലാ മാസവും അവലോകന യോഗങ്ങൾ നടത്താറുണ്ട്. അതിൽനിന്നും എ.ഐ. ക്യാമറ സ്ഥാപിച്ചതിന്റെ പ്രയോജനം വ്യക്തമാണ്. 2023 ജൂൺ 5 മുതലാണ് ഇതിന്റെ പ്രവർത്തനം ആരംഭിച്ചത്. 2022 ജൂൺ മാസത്തെ ആക്സിഡന്റ് കേസുകൾ 3714 ആയിരുന്നത് ഇപ്പോൾ 3786 ആയി. 2022 ജൂലൈ മാസത്തിൽ 3316 ആയിരുന്നത് 3633 ആയി. 2022 ആഗസ്റ്റ് മാസത്തിൽ ആക്സിഡന്റ് കേസുകൾ 3366 ആയിരുന്നത് 2023 ആഗസ്റ്റ് മാസത്തിൽ 2138 ആയി കുറഞ്ഞിരിക്കുന്നു. ഇന്നലെവരെയുള്ള മരണ നിരക്ക് പരിശോധിച്ചാൽ 2022 ജൂൺമാസത്തിൽ 344 മരണങ്ങളാണ് നടന്നതെങ്കിൽ 2023-ൽ അത് 277 ആയി കുറഞ്ഞു. അതായത് 67 മരണം ജൂൺ മാസത്തിൽ കുറഞ്ഞു. 2022 ജൂലൈ മാസത്തിൽ 313 മരണം നടന്നുവെങ്കിൽ 2023 ജൂലൈയിൽ അത് 273 ആയി കുറഞ്ഞു - 40 മരണം കുറഞ്ഞു. 2022 ആഗസ്റ്റ് മാസത്തിൽ 307 മരണം നടന്നെങ്കിൽ 2023-ൽ അത് 181 ആയി, അതായത് 126 മരണം ഈ മാസം കുറഞ്ഞിരിക്കുന്നു. ഇത് ഇന്നലെവരെ (11-09-2023)-യുള്ള കണക്കാണ്, സെപ്റ്റംബർ മാസത്തിലേത് മുഴുവനായി എടുത്തിട്ടില്ല. ഇപ്പോൾ

നൽകിയിരിക്കുന്ന അതതുമാസത്തെ കണക്ക് കൃത്യമായിരിക്കണമെന്നില്ല, കാരണം വെന്റിലേറ്ററിലും, ഐ.സി.യു.-വിലുമൊക്കെ അപകടത്തെത്തുടർന്ന് സീരിയസ്സായി കഴിയുന്ന ചിലർ കുറെക്കഴിയുമ്പോഴായിരിക്കും മരിക്കുന്നത്, ആദ്യം കിട്ടുന്ന കണക്കനുസരിച്ച് ചിലപ്പോൾ വളരെക്കുറവാണെങ്കിലും വ്യത്യാസം വരാം. അതുപോലെ നമ്പർ ഓഫ് ഇഞ്ചുറീസ് - 2022 ജൂണിൽ 4516 ആയിരുന്നത് 4245 ആയിരിക്കുന്നു, അതായത് 271 എണ്ണം കുറഞ്ഞിരിക്കുന്നു. ആഗസ്റ്റ് മാസത്തിൽ മുറിവേറ്റവരുടെ എണ്ണം 4040 ആയിരുന്നത് 2385 ആയി കുറഞ്ഞു, അതായത് മുറിവേറ്റവരുടെ എണ്ണത്തിൽ 1655 പേർ ഈ മാസം തന്നെ കുറഞ്ഞിരിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പ്രതിപക്ഷം പരാതി പറഞ്ഞത് എ.ഐ. ക്യാമറ സ്ഥാപിച്ചതിനെക്കുറിച്ചല്ല, ക്യാമറ സ്ഥാപിച്ചതിന് പുറകിലുള്ള അഴിമതിയെക്കുറിച്ചാണ്. ആദ്യത്തെ ചോദ്യത്തിന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മറുപടി പറഞ്ഞപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി. ഈ കാണുന്നത് കെൽട്രോണിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ടെണ്ടർ ഡോക്യുമെന്റിന്റെ കവർ പേജാണ്. (കവർ പേജിന്റെ കോപ്പി ഉയർത്തിക്കാണിക്കുന്നു). ഇതിന്റെ ശീർഷകത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു,“Title –The Supply of different electronics

modules, AIC modules, ANPRC modules, Vehicles for Mobile enforcement system, Supply Installation and commissioning of CCR , DCRs, field installation including street furniture, Software and Software Licenses on 5 year BOOT model with 5 year Warranty "., ടെണ്ടർ ഇങ്ങനെയാണെന്ന് മനസ്സിലാക്കിയിട്ടും അങ്ങനെയല്ല ടെണ്ടർ എന്നുപറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നിയമസഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതി ശരിയാണോ?

<u>ശ്രീ. ആന്റണി രാജു</u>: സർ, പ്രതിപക്ഷനേതാവ് ഇങ്ങനെ സംസാരിക്കുന്നത് അദ്ദേഹത്തിന് കാര്യങ്ങൾ മനസ്സിലാകാത്തതുകൊണ്ടാണ്. 2019-ൽത്തന്നെ പ്രസ്തുത പദ്ധതിക്കുള്ള'BOOT model'എങ്ങനെയായിരിക്കണമെന്ന് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്, അങ്ങേയ്ക്ക് ആവശ്യമുണ്ടെങ്കിൽ ഞാൻ അതിന്റെ പകർപ്പ് തരാം. ഈ ഡോക്യുമെന്റ് ടെണ്ടർ നടപടി പൂർത്തിയാക്കിയശേഷം നിർമ്മിച്ചതല്ല. 'BOOT model' എന്നാൽ എന്താണ്? അങ്ങ് വിഭാവന ചെയ്യുന്നപോലുള്ള BOOT model അല്ല, അത് എങ്ങനെയായിരിക്കണമെന്ന് ഇതിൽത്തന്നെ

വ്യക്തമാക്കിയിട്ടുണ്ട്. അതായത് “quarterly guaranteed payment to the BOOT Vendor in 20 equal instalments”, എന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിൽനിന്ന് annuity ആണെന്ന് വളരെ വ്യക്തമല്ലേ? “No need to upfront investment, The system integrated only take care of investments part and five year of operations- ഈ രണ്ട് കണ്ടീഷനുകളും BOOT model-ൽ ആണെങ്കിൽ വരുമോ? അതുകൊണ്ടാണ് quarterly guaranteed payment to the BOOT Vendor എന്ന് ഞാൻ പറഞ്ഞത്. BOOT എന്നുമാത്രം കേട്ടുകൊണ്ട് ആ ഒറ്റവാക്കിൽ കയറിപ്പിടിക്കരുത്. ഈ പദ്ധതിയിലെ ‘BOOT’എന്താണെന്ന് ഈ കരാറിനകത്ത് വ്യക്തമാക്കിയിട്ടില്ലെങ്കിൽ അങ്ങ് പറയുന്നത് ശരിയാണ്. എന്നാൽ ഈ പദ്ധതിയിലെ ‘BOOT model’എന്താണെന്ന് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇതുസംബന്ധിച്ച് അങ്ങേയ്ക്ക് എന്തെങ്കിലും സംശയമുണ്ടെങ്കിൽ പഴയ വ്യവസായ വകുപ്പുമന്ത്രിയോട് ചോദിച്ചാൽ കൃത്യമായി പറഞ്ഞ് മനസ്സിലാക്കിത്തരും.

<u>ശ്രീ. ചാണ്ടി ഉമ്മൻ</u>: സർ, 18-04-2023-ന് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയ ഉത്തരവുപ്രകാരം ഈ പദ്ധതി സാമ്പ്രദായികമായ

'BOOT model'ആയി കണക്കാക്കാൻ സാധിക്കില്ലെന്നും പദ്ധതി ഇത്രത്തോളം മുമ്പോട്ടുപോയ സ്ഥിതിക്ക് ആന്വിറ്റി മോഡലിലുള്ള പദ്ധതിക്ക് ഭരണാനുമതി നൽകണമെന്നും പറയുന്നുണ്ട്. ഗതാഗത വകുപ്പിന്റെ അനുമതി ഇല്ലാതെയാണ് KELTRON പ്രസ്തുത BOOT model-ൽ മാറ്റം വരുത്തിയതെന്ന് ഇതിൽനിന്നും വ്യക്തമാണ്. ഇങ്ങനെ cost modelling അടക്കം മാറ്റം വരുത്തിയത് പദ്ധതിക്ക് ചെലവ് വർദ്ധിക്കാൻ കാരണമായിട്ടില്ലേ?

<u>ശ്രീ. ആന്റണി രാജു</u>: സർ, ഈ പദ്ധതിയോടനുബന്ധിച്ച് വിവിധ ഘട്ടങ്ങളിലായി ഒന്നിലേറെ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കപ്പെടുകയും അതുപോലെതന്നെ ഓരോന്നിനും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ക്യാബിനറ്റിൽ വന്ന Comprehensive sanction-നുവേണ്ടിയുള്ള കുറിപ്പിന്റെ അടിസ്ഥാനത്തിലാണ് തീരുമാനമെടുത്തിട്ടുള്ളത്. പദ്ധതികളെല്ലാം പൂർത്തിയായ സ്ഥിതിക്ക് മറ്റുകാര്യങ്ങൾ പരിശോധിക്കേണ്ട കാര്യമില്ല. കാരണം കെൽട്രോൺ എന്നുപറയുന്നത് ഒരു സ്വകാര്യ ഏജൻസിയല്ല. ഒരു സ്വകാര്യ ഏജൻസിക്ക് കരാർ നൽകുന്നതായിരുന്നുവെങ്കിൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞതരത്തിൽ ചികഞ്ഞ് പരിശോധിക്കേണ്ടിയിരുന്നു. എന്നാൽ

KELTRON ഒരു ഗവൺമെന്റ് ഏജൻസിയാണ്. എന്നുമാത്രമല്ല, 5 വർഷത്തെ guarantee with 20 instalments-ന് കെൽട്രോണിന്റെ പ്രൊപ്പോസലിൽ പറഞ്ഞിരിക്കുന്ന എ.ഐ. ക്യാമറാ കംപോണന്റ്സ്-ന്റെ വില 7,18,174 രൂപയാണ്. അതേസമയം immediate payment ആണെങ്കിൽ 3,81,421 രൂപ നൽകിയാൽ മതിയാകും. അതേ സമയം ഇൻഡ്യയിലെ പ്രശസ്തമായ കമ്പനികളുടെ ഇതേ കംപോണന്റിന്റെ നിരക്ക് പരിശോധിക്കാം, 'ലക്നോ'-യിലെ സ്മാർട്ട് സിറ്റി പ്രോജക്ടിൽ ഇതേ കംപോണന്റ് 12 months milestone based ആയി വാങ്ങിയപ്പോൾപ്പോലും 11,50,000 രൂപ വിലയായിട്ടുണ്ട്. ഇവിടെ അഞ്ച് വർഷംകൊണ്ട് 20—തവണകളായി ഇതേ ഘടകങ്ങൾക്ക് 7,18,000 രൂപ മാത്രമേ വരുന്നുള്ളൂ. Videonetics - സംവിധാനത്തിന് വ്യത്യസ്ത സ്മാർട്ട് പ്രോജക്ടിൽ  Advance or against supply - 5,76,000 രൂപയാണ്. Hikvidion Camera സംവിധാനത്തിന് Advance or against supply ആണെങ്കിൽ 6,59,018 രൂപയാണ്. അതുപോലെതന്നെ Allied Vision സംവിധാനത്തിന് Advance or against supply ആണെങ്കിൽ 6,49,018 രൂപ നൽകണം. എന്നാൽ ഇതേ കാര്യത്തിന് 6 മാസക്കാലാവധിയിൽ പണം

നൽകിയാൽപോലും ഇതിന് 3,81,421 രൂപ മാത്രമേ വരുന്നുള്ളൂ. IDIS (Integrated Disbursement and Information System) സേവനത്തിന് 6,39,000 രൂപയാണ്. ഇങ്ങനെ നോക്കിയാൽ ഇന്ന് ഇന്ത്യയിൽ മാത്രമല്ല, ലോകത്തിൽത്തന്നെ A.I. Camera Component നിർമ്മിക്കുന്ന മറ്റ് കമ്പനികൾ നൽകുന്നതിനേക്കാൾ കുറഞ്ഞ വിലയിലാണ് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റുമായുള്ള എഗ്രിമെന്റനുസരിച്ച് കെൽട്രോൺ ഈ പദ്ധതി നടപ്പാക്കിയിരിക്കുന്നതെന്ന് മനസ്സിലാകും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ വിഷയത്തിൽ നിരപരാധിയായ കെൽട്രോണിനെ കൊണ്ടുവന്ന് വയ്ക്കേണ്ട കാര്യമില്ല. ഇത് ഒരു പൊതുമേഖലാ സ്ഥാപനത്തിന്റെ ഫേസ് കാണിച്ചുകൊണ്ട് സ്വകാര്യ വ്യക്തികൾക്ക് ടെണ്ടർ കൊടുക്കുന്ന ഏർപ്പാടാണ്. ഈ പ്രവണത ധാരാളമായി ഈ ഗവൺമെന്റിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഇതിൽ ഉന്നയിക്കപ്പെടുന്നത് ഒരു പോളിസി ക്വസ്റ്റ്യനാണ്. ഒരു സ്ക്രൂ പോലും ഉണ്ടാക്കാത്ത, ഒരു നട്ട് പോലും ഇടാത്ത, ഒരു കാര്യവും ചെയ്യാത്ത പാവം കെൽട്രോണിനെ മുമ്പിൽനിർത്തി സ്വകാര്യ വ്യക്തികൾക്ക് ഇത്തരത്തിൽ

ടെണ്ടർ കൊടുക്കുന്ന സംവിധാനം അവസാനിപ്പിക്കാൻ അങ്ങ് തയ്യാറാകുമോ?

<u>ശ്രീ. ആന്റണി രാജു</u>: സർ, അങ്ങ് പറഞ്ഞതിൽ അടിസ്ഥാനരഹിതമായ ഒരു കാര്യമുണ്ട്, അത് കെൽട്രോൺ ഒന്നും ചെയ്യുന്നില്ലെന്നതാണ്. അങ്ങ് പറയുന്നത് ഏത് കാലത്തെ കാര്യമാണ്? ശ്രീ. കെ. കുഞ്ഞാലിക്കുട്ടി വ്യവസായ വകുപ്പുമന്ത്രി സ്ഥാനം വഹിച്ചിരുന്നപ്പോൾപോലും കെൽട്രോൺ ധാരാളം കംപോണന്റ്സ് ഉണ്ടാക്കിയിട്ടുണ്ട്. നോക്കുകുത്തിയായിരുന്ന കെൽട്രോണിനെ വച്ചുകൊണ്ടാണോ നിങ്ങൾ അഞ്ച് കൊല്ലം ഭരിച്ചത്? ആ അഭിപ്രായം ഞങ്ങൾക്കില്ല. കെൽട്രോൺ കേരളത്തിന്റെ അഭിമാനമാണ്, ഇന്ത്യയുടെ അഭിമാനമാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ,....

<u>മി. സ്പീക്കർ</u>: ഇതൊരു ഡിബേറ്റല്ല, പ്ലീസ്... പ്ലീസ്...

<u>ശ്രീ. ആന്റണി രാജു</u>: സർ, ഞാൻ പറയട്ടേ... എന്നെ സംസാരിക്കാൻ അനുവദിക്കുന്നില്ല....

<u>മി. സ്പീക്കർ</u>: മിനിസ്റ്റർ, അങ്ങ് സംസാരിക്കൂ....

<u>ശ്രീ. ആന്റണി രാജു:</u> സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ കേരളത്തിൽ മുഴുവൻ ക്യാമറ സ്ഥാപിച്ചത് ഇതിനേക്കാളും കൂടിയ നിരക്കിൽ ഇതേ കെൽട്രോണിനെ ഉപയോഗിച്ചല്ലേ; കെൽട്രോൺ നോക്കുകുത്തിയായിരുന്നെന്ന് അന്ന് അങ്ങേയ്ക്ക് അറിയില്ലായിരുന്നോ; അങ്ങ് കേരളത്തിൽ ക്യാമറ സ്ഥാപിച്ചത് ഈ നോക്കുകുത്തിയെ വച്ചുകൊണ്ടാണോ? അങ്ങ് ആ സ്റ്റേറ്റ്മെന്റ് പിൻവലിക്കണം. അങ്ങയുടെ സ്റ്റേറ്റ്മെന്റ് കേരളത്തിന് അപമാനമാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, കേരളത്തിലെ പരിണതപ്രജ്ഞനായ എം.എൽ.എ.-യിൽനിന്ന് വരാൻ പാടില്ലാത്ത ഒരു പരാമർശമാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. രാജ്യത്തിനുതന്നെ അഭിമാനകരമായ ദൗത്യങ്ങളിൽ വളരെ ശ്രദ്ധേയമായ പങ്കാണ് കെൽട്രോൺ വഹിച്ചുകൊണ്ടിരിക്കുന്നത്. ചന്ദ്രയാനിലും ഐ.എസ്.ആർ.ഒ.യുടെ സൂര്യ പര്യവേക്ഷണ ദൗത്യമായ ആദ്യത്യയുടെയുമൊക്കെ ഏറ്റവും പ്രധാനപ്പെട്ട കമ്പോണന്റ് നിർമ്മിച്ചത് കെൽട്രോണാണ്. നാഷണൽ ഹൈവേ

അതോറിറ്റി ഇന്ത്യയിലാദ്യമായി ഒരു പൈലറ്റ് പ്രോജക്റ്റ് നടപ്പാക്കാൻ തീരുമാനിച്ചപ്പോൾ അതിന് ചുമതലപ്പെടുത്തിയതും ഈ സ്ഥാപനത്തെയാണ്. ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാട്ടിയതുപോലെ അങ്ങ് മന്ത്രിയായിരിക്കുമ്പോൾ ഇതിനേക്കാൾ ഇരട്ടി വിലയ്ക്ക് പദ്ധതി ഏൽപ്പിച്ചതും ഇതേ കെൽട്രോണിനെത്തന്നെയാണ്. അത്തരം പരാമർശം വളരെ തെറ്റായിപ്പോയി. അങ്ങയിൽനിന്ന് ഒരിക്കലും കേരളീയ സമൂഹവും ഇന്ത്യൻ സമൂഹവും ഇങ്ങനെയൊരു പരാമർശം പ്രതീക്ഷിക്കുന്നില്ല. അങ്ങ് പറഞ്ഞത് പിൻവലിക്കുന്നതായിരിക്കും ഉചിതമെന്നാണ് എന്റെ വിനീതമായ അഭിപ്രായം.

**നൂതന പഠന വകുപ്പുകളും പ്രോജക്റ്റ് മോഡ് കോഴ്സുകളും ആരംഭിക്കാൻ നടപടി**

2(*122) **ശ്രീ. എം. മുകേഷ്:**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:**
**ശ്രീ. വി. ജോയി:**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്രസാങ്കേതികരംഗത്തെ വളർച്ചയും പഠന ഗവേഷണ പ്രവർത്തനങ്ങളും സമന്വയിപ്പിക്കുന്നത് ലക്ഷ്യമിട്ട് നൂതന പഠന വകുപ്പുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സർവ്വകലാശാലകളിൽ ഏതൊക്കെ നൂതന പഠന വകുപ്പുകളാണ് ആരംഭിക്കുന്നത്; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പഠന വകുപ്പുകൾ മുഖേന എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്നും വിജ്ഞാന സമ്പദ്ഘടനയിലേയ്ക്കുള്ള മാറ്റത്തിന് അത് എത്രത്തോളം സഹായകരമാകുമെന്നും വിശദമാക്കാമോ;

(സി) നൂതന മേഖലകളിൽ പ്രോജക്ട് മോഡ് കോഴ്സുകൾ നടത്തുന്നതിന് സർവ്വകലാശാലകൾക്ക് അനുവാദം നൽകിയിട്ടുണ്ടോ; എങ്കിൽ അതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ;

(ഡി) പരമ്പരാഗത കോഴ്സുകളിൽനിന്നും വ്യത്യസ്തമായതിനാൽ പ്രസ്തുത കോഴ്സുകളുടെ ഫലപ്രാപ്തി സംബന്ധിച്ച പഠനം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു):

സർ,

(എ) ഉണ്ട്.

**<u>കേരള സർവ്വകലാശാല</u>**

പുതുതലമുറ കോഴ്സുകൾ പഠനപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന ഒൻപത് പുതിയ പഠന വകുപ്പുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. കമ്മ്യൂണിക്കേഷൻ സയൻസ് ആൻഡ് ഇലക്ട്രോണിക്സ് വകുപ്പ്
2. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് റോബോട്ടിക്സ് വകുപ്പ്
3. ഡാറ്റാ സയൻസ് വകുപ്പ്
4. ഫങ്ഷണൽ ഓർഗാനിക് മെറ്റീരിയൽസ് വകുപ്പ്
5. ഓഷ്യാനോഗ്രാഫി ആൻഡ് ബ്ലൂ ഇക്കോണമി വകുപ്പ്
6. റിന്യൂവബിൾ എനർജി വകുപ്പ്
7. ഇന്റഗ്രേറ്റീവ് ബയോളജി വകുപ്പ്
8. അറ്റ്മോസ്ഫെറിക് സയൻസ് വകുപ്പ്
9. ഡിസൈൻ വകുപ്പ്

**മഹാത്മാഗാന്ധി സർവ്വകലാശാല**

- മഹാത്മാഗാന്ധി സർവ്വകലാശാല കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ 8 പുതിയ പഠന വകുപ്പുകളും 2 അന്തർദേശീയ പഠന കേന്ദ്രങ്ങളും പുതിയ ഇന്റർസ്കൂൾ സെന്ററുകളും ആരംഭിച്ചിട്ടുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & റോബോട്ടിക്സ്, നാനോസയൻസ് & നാനോടെക്നോളജി, എനർജി മെറ്റീരിയൽസ്, ഫുഡ് സയൻസ്, ഡേറ്റ അനലിറ്റിക്സ്, School of Polymer Science, School of Gender Studies മുതലായ വകുപ്പുകളാണ് പുതുതായി രൂപീകരിച്ചിട്ടുള്ളത്.
- ഓൺലൈൻ ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ നടത്തുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് യു.ജി.സി. അംഗീകാരം ലഭ്യമായിട്ടുണ്ട്. ടി പ്രോഗ്രാമുകളുടെ നടത്തിപ്പിനായി സെന്റർ ഫോർ ഓൺലൈൻ എഡ്യൂക്കേഷൻ വിഭാഗം രൂപീകരിച്ചിട്ടുണ്ട്.

**കാലിക്കറ്റ് സർവ്വകലാശാല**

കാലിക്കറ്റ് സർവ്വകലാശാലയിൽ ഇന്റഗ്രേറ്റഡ് എം.എസ്.സി. ബയോസയൻസ്, ഇന്റഗ്രേറ്റഡ് എം.എസ്.സി. കെമിസ്ട്രി, ഇന്റഗ്രേറ്റഡ്

എം.എസ്.സി. ഫിസിക്സ്, എം.എസ്.സി. റേഡിയേഷൻ ഫിസിക്സ് എന്നിവ യഥാക്രമം സുവോളജി, കെമിസ്ട്രി, ഫിസിക്സ് എന്നീ പഠന വകുപ്പുകളുടെ കീഴിൽ ആരംഭിച്ചിട്ടുണ്ട്. ഇന്റഗ്രേറ്റഡ് എം.എ. ഡെവലപ്മെന്റ് സ്റ്റഡീസ് എക്കണോമിക്സ് പഠന വകുപ്പിന് കീഴിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ നാനോ സയൻസ് & ടെക്നോളജി, ഫോറൻസിക് സയൻസ് എന്നീ പഠന വകുപ്പുകളും ആരംഭിച്ചിട്ടുണ്ട്.

**കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല**

കൊച്ചി സർവ്വകലാശാലയ്ക്ക് (1) 5 year Integrated M.Sc in Biological Science (2) M.Sc Econometrics and Financial Technology (3) M.Sc in Computer Science (Artificial Intelligence & Data Science) എന്നീ കോഴ്സുകൾ തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. 2020-21 വർഷത്തിൽ ആരംഭിച്ച Prof. N.R Madhava Menon Interdisciplinary Centre for Research Ethics and Protocol-ൽ Bioethics-ൽ ദ്വിവർഷ ബിരുദാനന്തര ബിരുദ കോഴ്സ് ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പംതന്നെ 3 മുതൽ 6 മാസംവരെയുള്ള ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സുകളും നടത്തിവരുന്നു.

സർവ്വകലാശാലയിൽ ആരംഭിച്ച പുതിയ സെന്ററായ സെന്റർ ഫോർ ബഡ്ജറ്റ് സ്റ്റഡീസിലാണ് M.Sc Econometrics and Financial Technology എന്ന കോഴ്സ് ആരംഭിച്ചിട്ടുള്ളത്.

**എ.പി.ജെ അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല**

എ.പി.ജെ അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാലയുടെ ഭാഗമായി 7 സ്കൂളുകൾ ആരംഭിക്കുന്നതിനായുള്ള നടപടികൾ സർവ്വകലാശാല ഭരണ സമിതികൾ സ്വീകരിച്ചിട്ടുണ്ട് :

1. സ്കൂൾ ഓഫ് മെക്കാനിക്കൽ സയൻസസ് ആൻഡ് ടെക്നോളജി.
2. സ്കൂൾ ഓഫ് ബിൽഡിംഗ് സയൻസസ് ആൻഡ് ടെക്നോളജി
3. സ്കൂൾ ഓഫ് ഇലക്ട്രിക്കൽ സയൻസസ് ആൻഡ് ടെക്നോളജി
4. സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷൻ സയൻസസ് ആൻഡ് ടെക്നോളജി
5. സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് ആൻഡ് ടെക്നോളജി
6. സ്കൂൾ ഓഫ് ഇന്റർഡിസിപ്ലിനറി സ്റ്റഡീസ് ആൻഡ് റിസർച്ച്
7. സ്കൂൾ ഓഫ് ബേസിക് സയൻസസ് ആൻഡ് ഹ്യൂമാനിറ്റീസ്

(ബി) വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും ദേശീയതലത്തിലെ മത്സരപരീക്ഷകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതിനും അനുയോജ്യമായ വിധത്തിൽ നൂതന സാങ്കേതിക വിദ്യകളിലും മാറി വരുന്ന വിദ്യാഭ്യാസ സമ്പ്രദായങ്ങൾക്കനുസൃതവുമായ കോഴ്സുകളാണ് സർവ്വകലാശാലകളിലെ പഠന വകുപ്പുകളിൽ നടത്തപ്പെടുന്നത്. വിവിധ വൈജ്ഞാനിക മേഖലകളിലെ നൂതന സങ്കേതങ്ങൾ അടിസ്ഥാനപ്പെടുത്തിയുള്ള ഗവേഷണം പ്രോത്സാഹിപ്പിച്ചും ഗവേഷണ ഫലങ്ങൾ പൊതുസമൂഹത്തിന്റെ ആവശ്യങ്ങൾക്ക് ഉതകുന്നവിധം സേവനങ്ങളായും ഉൽപ്പന്നങ്ങളായും രൂപകൽപ്പന ചെയ്തും വിദ്യാർത്ഥികളിലെ സംരംഭകത്വം പ്രോത്സാഹിപ്പിച്ചും വിവിധ മേഖലകളെ ഏകോപിപ്പിച്ച്, ആധുനിക പശ്ചാത്തല സൗകര്യങ്ങളും ശാസ്ത്ര സാങ്കേതിക ഉപകരണങ്ങളും സാമ്പത്തിക സഹായങ്ങളും സജ്ജമാക്കി സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതുവഴി വിജ്ഞാന സമ്പദ്ഘടനയെ ശക്തിപ്പെടുത്തുന്നതിന് പ്രസ്തുത പഠന വകുപ്പുകൾ ലക്ഷ്യം വയ്ക്കുന്നു.

(സി) ഉണ്ട്. നൂതന മേഖലകളിൽ പ്രോജക്ട് മോഡ് കോഴ്സുകൾ സർവ്വകലാശാലകളിൽ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകി 22-10-2022-ലെ GO(Ms)No.528/2022/HEDN പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർവ്വകലാശാല തിരിച്ചുള്ള കോഴ്സുകളുടെ ലിസ്റ്റ് അനുബന്ധമായി+ ചേർക്കുന്നു. ആധുനിക കാലഘട്ടത്തിലെ ദേശീയവും അന്തർദേശീയവുമായ തൊഴിൽ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് വിദ്യാർത്ഥികളെ സജ്ജമാക്കുവാൻ പ്രോജക്ട് മോഡ് കോഴ്സുകളിലൂടെ ലക്ഷ്യമിടുന്നു.

(ഡി) ആദ്യ ബാച്ച് പഠനം പൂർത്തീകരിക്കുന്ന മുറയ്ക്ക് കോഴ്സുകളുടെ ഫലപ്രാപ്തി സംബന്ധിച്ച് പഠനം നടത്തി ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് സർവ്വകലാശാലകൾ ശ്രദ്ധിക്കുന്നതാണ്.

<u>ശ്രീ. എം. മുകേഷ്</u>: സർ, നൂതന കോഴ്സുകളും പഠന വകുപ്പുകളും ആരംഭിക്കുന്നതോടൊപ്പം നിലവിലെ കോഴ്സുകൾ ആധുനികവത്ക്കരിക്കാൻ എന്തുനടപടികളാണ് വിഭാവന ചെയ്തിരിക്കുന്നത്?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>ഡോ. ആർ. ബിന്ദു:</u> സർ, കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി higher education curriculum frame work പുതിയതായി തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി നാലുവർഷ ബിരുദ കരിക്കുലത്തിന്റെ മുഴുവൻ പ്രോഗ്രാമുകളിലും ന്യൂജനറേഷൻ കോഴ്സുകൾ കുട്ടികൾക്ക് പഠിക്കാനുണ്ടാകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ മേഖലയിലെയും ഏറ്റവും പുതിയ വിജ്ഞാന മേഖലകൾ അതത് ഡിസിപ്ലിൻസിന്റെ സിലബസ്സിന്റെ ഭാഗമാകും. അതുപോലെ തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള സ്കിൽ ഗ്യാപ്പ് തിരിച്ചറിഞ്ഞുകൊണ്ട് സ്കിൽ എൻഹാൻസ്മെന്റിനുള്ള നടപടികളും കരിക്കുലം പരിഷ്കരണത്തിന്റെ ഭാഗമായി ചേർത്തിട്ടുണ്ട്. സ്കിൽ കോഴ്സുകൾക്ക് ക്രെഡിറ്റ് നൽകാനാണ് തീരുമാനം. സിലബസ്സിന്റെ 20 ശതമാനം അദ്ധ്യാപകർക്ക് തീരുമാനിക്കാനുള്ള അവസരമുണ്ടായിരിക്കും. ഇത് കോഴ്സുകളുടെ ഏറ്റവും നൂതനമായിട്ടുള്ള അംശങ്ങളെ സിലബസിലേയ്ക്ക് ഇന്റഗ്രേറ്റ് ചെയ്യാനുള്ള സാധ്യതയിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. പുതിയ വിജ്ഞാന മേഖലകൾ സിലബസ്സിന്റെ ഭാഗമായി സ്വീകരിക്കാൻ അദ്ധ്യാപകർക്ക് ഇതിലൂടെ സാധിക്കും. അതുപോലെ ടീച്ചിംഗ്, ലേണിംഗ്, ഇവാല്യുവേഷൻ ഇതെല്ലാം

നൂതന മാതൃകയിലാക്കാനാണ് പുതിയ കരിക്കുലം ഫ്രെയിം വർക്കിന്റെ ഭാഗമായി നിർദ്ദേശം നൽകിയിട്ടുള്ളത്. എല്ലാ സർവ്വകലാശാലകൾക്കും കരിക്കുലം ഫ്രെയിംവർക്കിന്റെ മോഡൽ ഇതിനകം നൽകിക്കഴിഞ്ഞിട്ടുണ്ട്. അതത് സർവ്വകലാശാലകൾ തങ്ങളുടെ സ്പെസിഫിസിറ്റീസിന് അനുസൃതമായി കസ്റ്റമൈസ് ചെയ്തുകൊണ്ടിരിക്കുകയാണ്. ഓരോ ഡിസിപ്ലിനും ഇതിന്റെ ചുവടുപിടിച്ചുകൊണ്ടുള്ള സിലബസ് തയ്യാറാക്കുന്ന പ്രക്രിയയും ആരംഭിച്ചിരിക്കുകയാണ്. പുതിയ അക്കാഡമിക വർഷം ആരംഭിക്കുന്നതോടെ ഏറ്റവും നൂതനമായ വൈജ്ഞാനിക മേഖലകളിൽ ഉൾപ്പെടെ വിദ്യാർത്ഥികൾക്ക് ഗ്രാഹ്യമുണ്ടാകുന്ന തലത്തിലാണ് വിവിധ കോഴ്സുകൾ ചിട്ടപ്പെടുത്തുന്നത്.

ശ്രീ. എം. മുകേഷ്: സർ, കോഴ്സുകളുടെ ആധുനികവൽക്കരണത്തിലൂടെ അറിവുകളെ പ്രായോഗികമാക്കി ഉൽപ്പാദനപ്രക്രിയയുടെ ഭാഗമാക്കുന്നതിനുള്ള കാര്യങ്ങൾ എങ്ങനെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്?

ഡോ. ആർ. ബിന്ദു: സർ, നോളജ് ട്രാൻസിലേഷനാണ് പ്രാധാന്യം നൽകുന്നത്. ഒരു പുതിയ നോളജ് സൊസൈറ്റി ബദൽ മാതൃകയെന്നുള്ള രീതിയിൽ രൂപീകരിക്കുന്നതിനനുസൃതമായ വിധത്തിൽ സൈദ്ധാന്തികമായിട്ടുള്ള അറിവുകളെ പ്രായോഗിക രൂപത്തിലേയ്ക്ക് ട്രാൻസിലേറ്റ് ചെയ്യുന്ന പ്രക്രിയയാണുദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി മനുഷ്യജീവിതത്തിനാവശ്യമായിട്ടുള്ള പ്രോഡക്ട്സ് ആൻഡ് പ്രോസസ്സസ് ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന വിധത്തിലുള്ള സൈദ്ധാന്തിക അന്വേഷണങ്ങളെയാണ് പ്രോത്സാഹിപ്പിക്കുന്നത്. കേരളീയരുടെ ജീവിതനിലവാര വർദ്ധനയ്ക്കും മർമ്മപ്രധാന മേഖലകളിലെ പ്രശ്നപരിഹാരത്തിനും ഉതകുന്ന രീതിയിലുള്ള ഗവേഷണങ്ങളെക്കൂടി പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ അറിവുകളെ പ്രയോഗവത്ക്കരിക്കുന്ന ദിശയിൽ പഠന പ്രക്രിയയെ കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഉന്നത വിദ്യാഭ്യാസ മേഖലയിൽ സമൂലമായ മാറ്റമുണ്ടാക്കുമ്പോൾ ആധുനിക കേരളത്തിന്റെ പല പ്രശ്നങ്ങളും പരിഹരിക്കുന്നതിന് സാധിക്കും. ബഹുമാനപ്പെട്ട മന്ത്രി നോളജ്

ട്രാൻസിലേഷനെക്കുറിച്ചും അറിവുകൾ പ്രയോഗികമാക്കുന്നതിനെക്കുറിച്ചും പറഞ്ഞു. ഇതിന്റെ ഭാഗമായി സർവ്വകലാശാലകളിലും കോളേജുകളിലും ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ഗവേഷണം നടക്കണമെങ്കിൽ പശ്ചാത്തലസൗകര്യവും അത്യാധുനിക ഉപകരണങ്ങളും ആവശ്യമാണ്. ഇന്ന് ഗവേഷകർക്ക് അതിനുള്ള സൗകര്യം മിക്കവാറും കോളേജുകളിൽ ഇല്ലെന്നുള്ളതാണ് വസ്തുത. അതുകൊണ്ട് പ്രധാനപ്പെട്ട കുറച്ച് കോളേജുകളിലെങ്കിലും അത്യാധുനിക ഉപകരണങ്ങളും അതിനാവശ്യമായിട്ടുള്ള ഫാക്കൽറ്റിയും നൽകിക്കൊണ്ട് ഗവേഷണം പ്രോത്സാഹിപ്പിച്ച് പ്രായോഗിക പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്താനുള്ള പ്രത്യേക പദ്ധതി സ്വീകരിക്കുമോ?

<u>ഡോ. ആർ. ബിന്ദു:</u> സർ, തീർച്ചയായും. ആ ദിശയിലുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരികയാണ്. എല്ലാ സർവ്വകലാശാലകൾക്കും ട്രാൻസിലേഷണൽ റിസർച്ച് ലാബുകൾ തുടങ്ങുന്നതിനുള്ള പണം ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള സർവ്വകലാശാലകളിൽ ട്രാൻസിലേഷണൽ

റിസർച്ച് ലാബുകൾ എത്രയും വേഗം സജ്ജീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല, തെരഞ്ഞെടുക്കപ്പെട്ട കലാലയങ്ങളിലെ റിസർച്ച് കേന്ദ്രങ്ങളെയും കാലാനുസാരിയായി പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 500 നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകൾ 5 വർഷക്കാലംകൊണ്ട് നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനനുസൃതമായി കഴിഞ്ഞ രണ്ട് വർഷങ്ങളിലും എഴുപതോളം യുവഗവേഷകരെ ഇക്കാര്യത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. കൂടുതൽ അത്യാധുനിക സൗകര്യങ്ങളുള്ള ലബോറട്ടറികളും ലൈബ്രറികളും എല്ലാ സർവ്വകലാശാലകളിലും കോളേജുകളിലും സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെയും റൂസാ പദ്ധതിയിലൂടെയും സംസ്ഥാന ഗവൺമെന്റിന്റെ പ്ലാൻ ഫണ്ടുപയോഗിച്ചും മറ്റ് റിസോഴ്സുകൾ ഉപയോഗിച്ചും കലാലയങ്ങളിലെയും സർവ്വകലാശാലകളിലെയും ലബോറട്ടറികൾ പരിഷ്കരിച്ചു കൊണ്ടിരിക്കുകയാണ്. കൂടുതൽ ഇന്റർ ഡിസിപ്ലിനറി ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകൾ മികവിന്റെ കേന്ദ്രങ്ങളായി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

അതിന്റെ അടിസ്ഥാനത്തിൽ 4 എണ്ണം ഇതിനകം സ്ഥാപിക്കുന്നതിനുള്ള നടപടികളായിട്ടുണ്ട്. കേരള സർവ്വകലാശാലയിലെ താണുപത്മനാഭൻ സ്മാരക സെന്റർ ഉൾപ്പെടെ അത്തരത്തിൽ ഗവേഷണത്തിന് വലിയ സംഭാവനകൾ നൽകാൻ കഴിയുന്ന വിധത്തിലാണ് രൂപീകരിക്കപ്പെടുന്നത്.

ശ്രീ. വി. ജോയി: സർ, ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന മാറ്റം വളരെ ശ്രദ്ധേയമാണ്. ശാസ്ത്രമെന്നാൽ എന്ത് എന്നതിനെക്കുറിച്ച് വിപുലമായ സൈദ്ധാന്തിക ചർച്ച നടക്കുന്ന കാലമാണിത്. വിജ്ഞാന സമ്പദ്ഘടനയിലേയ്ക്ക് നാം മാറുന്ന കാര്യം അങ്ങിവിടെ സൂചിപ്പിക്കുകയുണ്ടായി. നൂതന പഠന വകുപ്പുകൾ തൊഴിലധിഷ്ഠിതമാക്കാനുള്ള നിർദ്ദേശം ഇതിന്റെ ഭാഗമായിട്ടുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള വിടവ് സ്കിൽ ഗ്യാപ്പാണെന്ന് കണ്ടുകൊണ്ട് അത് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അതോടൊപ്പംതന്നെ ഗവേഷണത്തിലൂടെ കണ്ടെത്തുന്ന കാര്യങ്ങൾ മനുഷ്യ ജീവിതത്തിലേയ്ക്ക് ഇന്റഗ്രേറ്റ് ചെയ്യുന്ന സോഷ്യൽ ആപ്ലിക്കേഷന്റെ തലം കൂടുതൽ വിപുലമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ

ഭാഗമായി കേരളീയരുടെ ജീവിതനിലവാര വർദ്ധനയും കേരളത്തിന്റെ സമ്പദ്ഘടനയുടെ വിപുലീകരണത്തിനും സഹായകരമായ നിലയിൽ വിജ്ഞാനോൽപ്പാദനം നടക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. അതിനനുസൃതമായിട്ടുള്ള പഠന വകുപ്പുകൾ വിവിധ സർവ്വകലാശാലകളിൽ ഇതിനകം ആരംഭിച്ചിട്ടുണ്ട്. എല്ലാ സർവ്വകലാശാലകളിലും ആറു വിധം പ്രോജക്ട് മോഡ് കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. ഈ പ്രോജക്ട് മോഡ് കോഴ്സുകളിലൂടെ പ്രായോഗിക പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നത്. ഗവേഷണം സമൂഹവുമായി ബന്ധപ്പെടുത്തുക, സമൂഹത്തിന് ആവശ്യമായിട്ടുള്ള ഉൽപ്പന്നങ്ങളും പ്രക്രിയകളും വികസിപ്പിക്കുകയെന്നുള്ളതാണ് അതിലൂടെ ഉദ്ദേശിക്കുന്നത്. അത് തീർച്ചയായും സമ്പദ്ഘടനയുടെ വിപുലീകരണത്തിന് സഹായിക്കുന്ന വിധത്തിലുള്ള നോളഡ്ജ് ഇക്കോണമിയിലേയ്ക്ക് വലിയൊരു കാൽവയ്പാണ്.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, കേരളത്തെ ഒരു വിജ്ഞാന സമൂഹമായി മാറ്റുകയെന്ന ലക്ഷ്യത്തോടെ നൂതന പഠന കോഴ്സുകൾ ഉന്നതവിദ്യാഭ്യാസ വകുപ്പ് വിഭാവന ചെയ്യുകയാണ്. വടക്കാഞ്ചേരി

നിയോജകമണ്ഡലത്തിലെ അന്താരാഷ്ട്ര പഠന ഗവേഷണ കേന്ദ്രമായ (Kerala Institute of Local Administration) KILA-യ്ക്ക് ഇക്കാര്യത്തിൽ മികച്ച സംഭാവനകൾ നൽകാൻ സാധിക്കും. അധികാരവികേന്ദ്രീകരണത്തിൽ നിരവധി പഠനങ്ങൾക്കും ഗവേഷണങ്ങൾക്കും നേതൃത്വം നൽകുന്ന KILA-യെ നൂതന കോഴ്സുകളുടെ എഡ്യൂക്കേഷണൽ ഹബ്ബാക്കി മാറ്റുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പുമായി സഹകരിച്ചുകൊണ്ട് ഉന്നതവിദ്യാഭ്യാസ വകുപ്പ് നടപടികൾ സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, KILA ഇതിനകംതന്നെ ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയുമായി ബന്ധപ്പെട്ടുകൊണ്ട് ചില പ്രത്യേക കോഴ്സുകൾ നടത്തി വരുന്നുണ്ട്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്ത എം.എ ജെൻഡർ ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ്, എം.എ റൂറൽ ഡെവലപ്മെന്റ് ആൻഡ് ഗവേണൻസ് എന്നീ രണ്ട് നൂതന പോസ്റ്റ് ഗ്രാജ്വേഷൻ കോഴ്സുകൾക്ക് അപ്രൂവൽ നൽകി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശ്രീനാരായണ ഓപ്പൺ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ടുകൊണ്ട് നമ്മുടെ പഞ്ചായത്തിലെയും മുനിസിപ്പാലിറ്റികളിലെയും

ജനപ്രതിനിധികൾക്കുള്ള പരിശീലന പരിപാടിയിൽ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നുണ്ട്. അതുപോലെ സ്കിൽ എൻഹാൻസ്മെന്റിന് അസാപ്-മായി ബന്ധപ്പെട്ടിട്ടുള്ള വ്യാപകമായ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് എസ്.എൻ ഓപ്പൺ യൂണിവേഴ്സിറ്റി ഏറ്റെടുത്തിട്ടുണ്ട്. ഇതുകൂടാതെ KILA-യുടെ കണ്ണൂർ-തളിപ്പറമ്പ് സെന്ററിൽ കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിൽ 3 നൂതന പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. എം. എ പബ്ലിക് പോളിസി ആൻഡ് ഡെവലപ്മെന്റ്, എം. എ ഡീസെൻട്രലൈസേഷൻ ആൻഡ് ലോക്കൽ ഗവേണൻസ്, എം.എ സോഷ്യൽ എന്റർപ്രണർഷിപ്പ് ആൻഡ് ഡെവലപ്മെന്റ് എന്നിവയാണ് കോഴ്സുകൾ. അതിന്റെ രണ്ടാം ബാച്ചിന്റെ അഡ്മിഷൻ പ്രക്രിയ നടന്നുവരികയാണ്. KILA-യും ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയും അസാപ്-ഉം ചേർന്നുള്ള നൈപുണ്യ വികസന കോഴ്സുകൾ തുടർന്നും വ്യാപകമായ നിലയിൽ കൊടുക്കാവുന്ന ഇടങ്ങളിലേയ്ക്ക് നൽകാനാണ് ഉദ്ദേശിക്കുന്നത്. കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളും അതിനുവേണ്ടി ഉപയോഗിക്കാമെന്നാണ് കരുതുന്നത്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്നീ സ്ഥാപനങ്ങളുടെ സെന്റർ കേരളത്തിലുണ്ട്. എന്നാൽ ഇതേ നിലവാരത്തിൽ ആർക്കിടെക്ചർ മേഖലയിൽ വിദ്യാഭ്യാസം നൽകുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ എന്ന സ്ഥാപനത്തിന്റെ സെന്റർ കേരളത്തിലില്ല. ആർക്കിടെക്ചറൽ മേഖലയിൽ നിരവധി യുവാക്കൾക്ക് കടന്നുവരുവാൻ സാധ്യമാകുന്ന തരത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ എന്ന സ്ഥാപനത്തിന്റെ സെന്റർ സംസ്ഥാനത്ത് ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, ബഹുമാനപ്പെട്ട അംഗം നല്ലൊരു നിർദ്ദേശമാണ് നൽകിയിരിക്കുന്നത്. അതിന്റെ സാധ്യതകൾ പരിശോധിക്കാം.

ശ്രീ. പ്രമോദ് നാരായൺ: സർ, കോവിഡാനന്തര കാലത്ത് ലോകത്ത് ഏറ്റവും കൂടുതൽ മാറ്റം സംഭവിച്ചത് അദ്ധ്യാപനത്തിലാണ്. നേരിട്ടുള്ള

വിദ്യാഭ്യാസം, ഡിജിറ്റൽ വിദ്യാഭ്യാസവുമായി സംയോജിപ്പിച്ചുകൊണ്ട് അദ്ധ്യാപനത്തിന്റെ മികവ് വർദ്ധിപ്പിക്കാൻ ബി.എഡ് കോഴ്സിനെ പുതിയ സാങ്കേതങ്ങളിലേയ്ക്ക് നയിക്കാൻ ആവശ്യമായിട്ടുള്ള ചുവടുവയ്പുകൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ?

<u>ഡോ. ആർ. ബിന്ദു</u>: സർ, ബ്ലന്റഡ് മോഡിലുള്ള വിദ്യാഭ്യാസമാണ് ഇന്ന് ഏറ്റവും ഉചിതമെന്ന് മനസ്സിലാക്കിയിട്ടുണ്ട്. തീർച്ചയായും ബി.എഡ്-ന്റെ പഠന പ്രക്രിയയിൽ അതിനനുസൃതമായ മാറ്റങ്ങൾ ഉണ്ടാകേണ്ടതുണ്ട്. അതുകൊണ്ട് ബി.എഡ്-ന്റെ സിലബസ്സും, നാല് വർഷ കോഴ്സ് എന്നുള്ള രീതിയിൽ വിഭാവന ചെയ്ത് മാറ്റങ്ങൾ വരുമ്പോൾ സ്വാഭാവികമായി അദ്ധ്യാപന പ്രക്രിയയിലും കാലാനുസൃതമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ഈ ദിശയിൽ ഇതിനകം ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സമഗ്രമായൊരു മാറ്റംതന്നെ ബി.എഡ്. കോഴ്സ് സ്ട്രക്ച്ചറിൽ ഉണ്ടാകണമെന്ന് തന്നെയാണ് കരുതുന്നത്. ബ്ലന്റഡ് മോഡിൽ എങ്ങനെ അദ്ധ്യാപനം നിർവ്വഹിക്കാമെന്ന് ഭാവി അദ്ധ്യാപകരെ പഠിപ്പിക്കേണ്ടത് അനിവാര്യമാണ്. തീർച്ചയായും ആ ചുമതല ഏറ്റെടുക്കും.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, സംഘപരിവാർ ആശയങ്ങളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ ദേശീയ വിദ്യാഭ്യാസ നയം കേരളത്തിൽ, പ്രത്യേകിച്ച് ഉന്നതവിദ്യാഭ്യാസ രംഗത്ത് വളരെ പെട്ടെന്ന് നടപ്പിലാക്കുന്ന രീതിയിലേയ്ക്കാണ് സംസ്ഥാന സർക്കാർ മുന്നോട്ടുപോകുന്നതെന്നാണ് മനസ്സിലാക്കുന്നത്. കർണ്ണാടകയും തമിഴ്നാടും അത് നടപ്പിലാക്കില്ലെന്ന് ഖണ്ഡിതമായി പറഞ്ഞിട്ടുണ്ട്. കേരളത്തിന്റെ പൈതൃകവും പാരമ്പര്യവും അതോടൊപ്പം മതേതര മൂല്യങ്ങളുടെ ആശയങ്ങളും ഉൾക്കൊണ്ടുകൊണ്ട് നടപ്പാക്കേണ്ട കാര്യങ്ങൾക്കെതിരായി കേന്ദ്ര ഗവൺമെന്റ് യു.ജി.സി.-യുടെ വാൾമുന കാട്ടിക്കൊണ്ട് സംഘപരിവാർ ആശയങ്ങൾ അംഗീകരിപ്പിക്കാൻവേണ്ടി ശ്രമിക്കുന്നത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ നിലപാടെന്താണെന്ന് വ്യക്തമാക്കാമോ?

ഡോ. ആർ. ബിന്ദു: സർ, ബഹുമാനപ്പെട്ട അംഗം ഇക്കാര്യത്തിൽ തെറ്റിദ്ധരിച്ചിരിക്കുകയാണ്. ഇതുസംബന്ധിച്ച് പല വേദികളിലും വ്യക്തമാക്കിയിട്ടുള്ളതാണ്. നമ്മുടേതായ സാമൂഹ്യ സാഹചര്യങ്ങളിലും സാമൂഹിക നീതിയിൽ അധിഷ്ഠിതമായതും ശാസ്ത്രീയവീക്ഷണത്തിൽ

ഉറച്ചുനിൽക്കുന്നതുമായിട്ടുള്ളൊരു സമീപനമാണ് കരിക്കുലം ഫ്രെയിം വർക്കുമായി ബന്ധപ്പെട്ട് നാം സ്വീകരിച്ചിട്ടുള്ളത്. ഇന്ന് അഖിലേന്ത്യാതലത്തിൽ അതൊരു ബദൽ മാതൃകയായിത്തന്നെ ഏറ്റെടുക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരളത്തിന്റെ സവിശേഷ മാതൃകയാണ് ഉന്നതവിദ്യാഭ്യാസ വകുപ്പ് മുന്നോട്ടുവച്ചിട്ടുള്ളത്. തീർച്ചയായും ദേശീയ വിദ്യാഭ്യാസ നയത്തിന്റെ മുഴുവൻ ഉള്ളടക്കവും അതേപടി നടപ്പാക്കുകയെന്നുള്ള യതൊരു ഉദ്ദേശ്യവും കേരള സംസ്ഥാനത്ത് സ്വീകാര്യമല്ല. പല വേദികളിലായി ഇക്കാര്യങ്ങളിൽ ശക്തമായ വിയോജിപ്പും പ്രതിഷേധവും ഇതിനകം രേഖപ്പെടുത്തിക്കഴിഞ്ഞു. കേന്ദ്ര ഗവൺമെന്റിനെ അത് രേഖാമൂലം നാം അറിയിച്ചിട്ടുമുണ്ട്. മതനിരപേക്ഷ മൂല്യങ്ങളും ശാസ്ത്രീയവീക്ഷണവും യുക്തിബോധവുമെല്ലാം ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള പഠന പ്രക്രിയതന്നെയാണ് നമ്മുടെ കലാലയങ്ങളിലും സർവ്വകലാശാലകളിലും നടപ്പാക്കുന്നതെന്നുള്ളത് ഉറപ്പുവരുത്തിയിട്ടുണ്ട്.

**ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഡിജിറ്റൽ വിദ്യാഭ്യാസം**

3 (*123) <u>ശ്രീ. പി. വി. അൻവർ:</u>
<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു:</u>

<u>ശ്രീമതി യു പ്രതിഭ:</u>

<u>ശ്രീ. എം. വിജിൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:

(എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യം ലഭ്യമാക്കാൻ ഉദ്ദേശിച്ചുകൊണ്ട് പ്രത്യേക ക്യാമ്പയിന് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ പഠനപ്രവർത്തനങ്ങളെ പൊതുവായ ഒരു ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ കൊണ്ടുവരുന്നതിന് ഇതിലൂടെ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പദ്ധതി പ്രാവർത്തികമാക്കുന്നതിലൂടെ എന്തെല്ലാം മാറ്റങ്ങളാണ് ലക്ഷ്യമിടുന്നത്; പദ്ധതി എത്രത്തോളം പ്രാവർത്തികമായിട്ടുണ്ട്; വിശദാംശം നൽകാമോ;

(ഡി) ഓൺലൈൻ അദ്ധ്യാപന ശൈലിയിൽ ഉന്നതവിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപകരുടെ മികവ് വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) പഠന സാമഗ്രികൾ ഓൺലൈനായി ലഭിക്കുന്നതിനുള്ള സംവിധാനങ്ങൾ തയ്യാറാക്കുന്നതിനും വിദ്യാർത്ഥികൾക്ക് ഇഷ്ടാനുസരണം അവ തെരഞ്ഞെടുക്കുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു):

സർ,

(എ & ബി) ഉണ്ട്. മാറുന്ന ലോകക്രമത്തിനനുസരിച്ച് കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഡിജിറ്റൽ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പിലും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലും ഓഫ്ലൈൻ വിദ്യാഭ്യാസവും ഓൺലൈൻ വിദ്യാഭ്യാസവും പരസ്പര പൂരകമായി ഏകോപിപ്പിച്ച് ഡിജിറ്റൽ വിദ്യാഭ്യാസത്തിലേക്ക് മാറുന്നതിന് ഒരു പൊതു പ്ലാറ്റ്ഫോം ആയ MOODLE സംവിധാനം പ്രത്യേക പദ്ധതിയായി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ, ലെറ്റ്സ് ഗോ ഡിജിറ്റൽ എന്ന പദ്ധതി (ഡിജികോൾ) ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടപ്പിലാക്കിവരുന്നു. ഇതനുസരിച്ച് സംസ്ഥാനത്തെ എല്ലാ

കോളേജുകളിലെയും അദ്ധ്യാപകർക്ക് പരിശീലനം നൽകിവരുന്നു. ഇതിനകം ഇത്തരത്തിൽ 5000-ത്തിൽപരം അദ്ധ്യാപകർക്ക് പരിശീലനം നൽകിക്കഴിഞ്ഞു.

ഡിജിറ്റൽ വിദ്യാഭ്യാസത്തിന് അനുകൂലമായ സാഹചര്യം ഒരുക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വിപുലീകരണവും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഊർജ്ജിതമായി നടന്നുവരുന്നു.

K-REAP(കേരള റിസോഴ്സ് ഫോർ എഡ്യൂക്കേഷൻ അഡ്മിനിസ്ട്രേഷൻ ആൻഡ് പ്ലാനിംഗ്) എന്ന പദ്ധതിയും ഇത്തരത്തിൽ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സാങ്കേതികമായ പ്രവർത്തനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരികയെന്ന ലക്ഷ്യത്തിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. അതിനായുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ നടപ്പിൽവരികയാണ്.

(സി) പദ്ധതി പ്രാവർത്തികമാക്കുന്നതിലൂടെ ഓരോ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും അഡ്മിനിസ്ട്രേറ്റർമാർക്കും ഉണ്ടാകുന്ന നേട്ടങ്ങൾ ഇവയാണ്.

1. കോഴ്സുകളുടെ ഉള്ളടക്കം സൃഷ്ടിക്കുന്നതിനും അതിന്റെ അദ്ധ്യാപനവും മൂല്യനിർണയവും ഉൾപ്പെടെ ഒരു കേന്ദ്രീകൃത പ്ലാറ്റ്ഫോം ലഭ്യമാകുന്നു.

2. വിദ്യാർത്ഥികൾക്ക് എപ്പോൾ വേണമെങ്കിലും എവിടെയും കോഴ്സ് മെറ്റീരിയലുകളും അതുസംബന്ധിച്ചുള്ള അദ്ധ്യാപന പ്രക്രിയയിലും ഇടപെടാനും ആക്സസ് ചെയ്യാൻ കഴിയും, Hybrid learning, virtual classroom, flipped classroom എന്നിങ്ങനെയുള്ള വൈവിധ്യമാർന്ന പഠന ശൈലികൾ നടപ്പിലാക്കുവാനും കഴിയും.

3. പരീക്ഷകളും മൂല്യനിർണയവും കൂടുതൽ ഫലപ്രദമായും സമയബന്ധിതമായും ചെയ്യാനും കുട്ടികളുടെ learning progress കൃത്യമായി വിലയിരുത്താനും ഇതുവഴി സാധിക്കും. അതുപോലുള്ള നിരവധി ഗുണകരമായ നേട്ടങ്ങൾ എൽ.എം. എസ്. നടപ്പിലാക്കുന്നത് വഴി സാധിക്കും.

(ഡി) ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നിരവധി ട്രെയിനിംഗ് പ്രോഗ്രാമുകൾ അദ്ധ്യാപകർക്കായി നടന്നുവരുന്നുണ്ട്. അയ്യായിരത്തിൽപ്പരം അദ്ധ്യാപകർക്കും നൂറിൽപ്പരം കോളേജുകൾക്കുമെല്ലാം

മൂഡിൽ അധിഷ്ഠിതമായ പരിശീലന പരിപാടി നടന്നുകഴിഞ്ഞു. 2021 മുതൽ ഇത്തരത്തിലുള്ള പരിശീലന പരിപാടികൾ നടത്തിവരുന്നുണ്ട്.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം "MOODLE" LMS നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർക്കാർ/സർക്കാർ എയ്ഡഡ് പോളിടെക്നിക് കോളേജുകളിലെ അദ്ധ്യാപകർക്കും പരിശീലനങ്ങൾ നടത്തുകയും ഇത് നടപ്പിലാക്കുന്നതിനോടനുബന്ധിച്ചുള്ള തുടർനിരീക്ഷണ യോഗങ്ങൾ നടന്നുവരികയും ചെയ്യുന്നുണ്ട്. പുതുതായി ജോലിയിൽ പ്രവേശിക്കുന്ന അദ്ധ്യാപകർക്കുള്ള "Induction Training Program" -ലും ഇതുൾപ്പെടുത്തിയിട്ടുണ്ട്.

സർവകലാശാലയുടെ ഓൺലൈൻ റിപോസിറ്ററിയായിട്ടുള്ള KU-Padasala-യിൽ പഠന വീഡിയോകളുടെ അതിവിപുലമായ ശേഖരം ഒരുക്കിയിട്ടുണ്ട്. സർവ്വകലാശാല ലൈബ്രറിയിലും വിവിധ പഠന വകുപ്പുകളിലെ ലൈബ്രറികളിലും ഡിജിറ്റൽ അക്കാദമിക് മെറ്റീരിയലുകളുടെ വലിയ ശേഖരം വിദ്യാർത്ഥികൾക്കായി ഇതിനകം ഒരുക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) പഠനസാമഗ്രികൾ ഓൺലൈൻ മുഖേന വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ പോർട്ടലിൽ സജ്ജീകരണം ഉണ്ടാക്കിയിട്ടുണ്ട്. ഇതിലേയ്ക്കായി അദ്ധ്യാപകർ പല വിഷയങ്ങളിലായി തയ്യാറാക്കിയിട്ടുള്ള പാഠഭാഗങ്ങൾ (വീഡിയോ, ഓഡിയോ, പി.പി.റ്റി.) ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ പല അദ്ധ്യാപകരുടെയും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും യൂട്യൂബ് ലിങ്കും അതുവഴി വിദ്യാർത്ഥികൾക്ക് പാഠഭാഗങ്ങൾ യഥേഷ്ടം ലഭിക്കുന്നതിനുള്ള സാഹചര്യവും ഒരുക്കിയിട്ടുണ്ട്. വിവിധ അക്കാദമിക് പ്രോഗ്രാമുകളുടെ ഭാഗമായുള്ള 3000-ത്തിൽപ്പരം പാഠഭാഗങ്ങൾ ഇതിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസവകുപ്പിൽ അദ്ധ്യാപകർ പഠനോപകരണങ്ങൾ youtube video, PPT, P&S, MOODLE വഴിയും ഡിജിറ്റൽ മാധ്യമങ്ങളിലൂടെയും വിദ്യാർഥികളിലേയ്ക്ക് എത്തിക്കുന്നു. വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ Open Source learning Management System MOODLE നടപ്പിലാക്കിവരുന്നു. ഇതുമായി ബന്ധപ്പെട്ട് അദ്ധ്യാപകർക്ക് പരിശീലന പരിപാടികളും നൽകുന്നുണ്ട്. ഡിജിറ്റൽ ലൈബ്രറി, ഇ-ബുക്ക്, ഇ-ജേർണൽ എന്നീ

സൗകര്യങ്ങളും ലഭ്യമാക്കിവരുന്നു. Multipurpose Classroom Grid, Broadcasting Equipments, Web Portal Content Management എന്നിവ കൂടിച്ചേർന്ന് ലക്ഷ്യമിടുന്ന പദ്ധതിയിലൂടെ വിദ്യാർത്ഥികൾക്ക് അവരിഷ്ടപ്പെടുന്ന ഇലക്ടീവ് കോഴ്സും ക്ലാസ്സുകളും അവരുടെ ക്ലാസ്സിന്റെ പരിമിതികൾക്കതീതമായി പഠിക്കുവാനും അവയിലൂടെ മറ്റേത് കോളേജിലെയും മികച്ച അദ്ധ്യാപകരുമായി സംവദിക്കാനുമുള്ള അവസരം വിദ്യാർത്ഥികൾക്ക് ലഭിക്കുന്നുണ്ട്.

ശ്രീ. പി. വി. അൻവർ: സർ, ഒരു സംസ്ഥാനത്തെ എങ്ങനെ സാമ്പത്തികമായി ഞെരുക്കി ഇല്ലാതാക്കാൻ കഴിയുമെന്ന് കേന്ദ്ര ഗവൺമെന്റ് റിസർച്ച് നടത്തുന്ന ഒരു കാലഘട്ടത്തിലൂടെയാണ് കേരളം മുന്നോട്ടുപോകുന്നത്. ഇവിടെ, കേരളത്തിന്റെ അഭിമാന സംവിധാനമായ കെൽട്രോൺ ഒരു മൊട്ടുസൂചി പോലും നിർമ്മിക്കുന്നില്ലെന്നുപറഞ്ഞ് കേന്ദ്രത്തെ സഹായിക്കുന്ന നിലപാടുള്ള ഒരു പ്രതിപക്ഷം ഒരുമിച്ചിരിക്കുമ്പോഴാണ് ഉന്നതവിദ്യാഭ്യാസ രംഗത്ത് വലിയ ഇൻവെസ്റ്റ്മെന്റ് നടത്തി എല്ലാ പ്രതിസന്ധികളെയും മറികടന്ന് ഈ

ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. മറ്റ് സംസ്ഥാനങ്ങൾപോലും കേരളത്തിലെ ഉന്നതവിദ്യാഭ്യാസ വകുപ്പിനെയും വകുപ്പുമന്ത്രി നടപ്പിലാക്കുന്ന കാര്യങ്ങളെയും കുറിച്ച് പഠിക്കാൻ ഇവിടേയ്ക്ക് വരുന്ന ഒരു കാലഘട്ടത്തിലാണ് നാം നിൽക്കുന്നത്. കോവിഡ് കാലം കടന്നുപോയി. കോവിഡ് കാലഘട്ടത്തിന്റെ പശ്ചാത്തലത്തിൽ ഓൺലൈൻ ക്ലാസുകൾക്ക് വലിയ വ്യാപനമുണ്ടായി. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും തമ്മിൽ കാണാൻ കഴിയാത്ത ഒരു കാലഘട്ടമാണ് കടന്നുപോയത്. ഈ ഓൺലൈൻ ക്ലാസുകൾ ഉന്നതവിദ്യാഭ്യാസ രംഗത്ത് ഗുണകരമായ മാറ്റങ്ങളുണ്ടാക്കിയിട്ടുണ്ടോ?

<u>ഡോ. ആർ. ബിന്ദു</u>: സർ, തീർച്ചയായും. കുട്ടികൾക്ക് ഓൺലൈൻ കോഴ്സുകൾ ആക്സസ് ചെയ്യാവുന്ന വിധത്തിലാണ് പുതിയ കരിക്കുലം പരിഷ്കരണം നടപ്പാക്കിയിട്ടുള്ളത്. അക്കാഡമിക് ബാങ്ക് ഓഫ് ക്രെഡിറ്റ് സമ്പ്രദായം ആരംഭിക്കുകയാണ്. അതോടുകൂടി കേരളത്തിലെ ഇതര സർവ്വകലാശാലകളിൽനിന്നും കേരളത്തിന് പുറത്തുള്ള സർവ്വകലാശാലകളിൽനിന്നും ഇരുപത് ശതമാനത്തോളം ക്രെഡിറ്റുകൾ

ആർജ്ജിക്കാവുന്ന വിധത്തിൽ കുട്ടികൾക്ക് കോഴ്സുകൾ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ലഭിക്കുന്നുണ്ട്. ഓൺലൈൻ കോഴ്സുകൾ നല്ല രീതിയിൽ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ എല്ലാ സർവ്വകലാശാലകളിലുമുണ്ട്. വിദഗ്ദ്ധരായ അദ്ധ്യാപകർ തയ്യാറാക്കിയിട്ടുള്ള വീഡിയോ, ഓഡിയോ, പി.പി.റ്റി. എന്നിവയെല്ലാംതന്നെ വിവിധ സർവ്വകലാശാലകൾ രൂപീകരിച്ചിട്ടുള്ള റിപ്പോസിറ്ററികളിൽ ലഭ്യമാണ്. അത് നമ്മുടെ കലാലയങ്ങളിൽ ഉപയോഗപ്പെടുന്നുണ്ട്. കോവിഡ് കൊണ്ടുവന്ന മാറ്റം തീർച്ചയായും ഗുണപരമായ രീതിയിൽത്തന്നെ നമ്മുടെ സർവ്വകലാശാലകളിലും കലാലയങ്ങളിലും പ്രതിഫലിക്കുന്നുണ്ട്. അറിവ് ആർജ്ജിക്കുന്നതിനുള്ള പ്രക്രിയയിൽ ഓൺലൈൻ മോഡും ബ്ലന്റഡ് മോഡുമെല്ലാം കുട്ടികൾ പ്രയോജനപ്പെടുത്തുന്നുണ്ട്.

ശ്രീ. പി. വി. അൻവർ: സർ, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ക്ലാസ്മുറികൾ ഡിജിറ്റൽ ക്ലാസ്മുറികളാക്കി മാറ്റുന്നതിനുള്ള നടപടികൾ പ്രഖ്യാപിച്ചിരുന്നല്ലോ; ഇതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

<u>ഡോ. ആർ. ബിന്ദു:</u> സർ, നമ്മുടെ കലാലയങ്ങളിലെയും സർവ്വകലാശാലകളിലെയും ക്ലാസ്മുറികളെ സ്മാർട്ട് ക്ലാസ്മുറികളാക്കി മാറ്റുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരികയാണ്. ഇതുമായി ബന്ധപ്പെട്ട് സർക്കാർ കലാലയങ്ങളിലും എയ്ഡഡ് കലാലയങ്ങളിലും പല ഏജൻസികൾ ഈ ചുമതല ഏറ്റെടുത്തിട്ടുണ്ട്. പ്രധാനമായും അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള (അസാപ് കേരള)-യുടെ ആഭിമുഖ്യത്തിൽ നൂറ് ക്ലാസ്റൂമുകളുടെ ഡിജിറ്റൈസേഷൻ പ്രക്രിയ ഏറ്റെടുത്തിട്ടുണ്ട്. അതുകൂടാതെ, പ്രാദേശികമായ റിസോഴ്സസ് ഉപയോഗിച്ച്, കോളേജുകളുടെ പ്രത്യേക പദ്ധതികൾ ഉപയോഗിച്ചുകൊണ്ടുതന്നെ ഇത്തരത്തിലുള്ള ഡിജിറ്റൽ ക്ലാസ്റൂമുകളുടെ നിർമ്മാണ പ്രക്രിയകൾ വിവിധ കലാലയങ്ങളിൽ നടന്നുവരുന്നുണ്ട്. റൂസ പ്രോജക്ടുകളുടെ ഭാഗമായും അത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. വലിയ രീതിയിലുള്ള മാറ്റങ്ങൾ ക്ലാസ്റൂമുകളിൽ ഇതിനകം നടപ്പാക്കിയിട്ടുണ്ട്. എല്ലാ ക്ലാസ്റൂമുകളെയും സ്മാർട്ട് ക്ലാസ്റൂമുകളാക്കി മാറ്റുകയെന്ന പ്രഖ്യാപിത ലക്ഷ്യത്തിലേയ്ക്ക് നമുക്ക് ഉടനടി എത്തിച്ചേരാൻ കഴിയും.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കേരളത്തിലെ പൊതുവിദ്യാഭ്യാസവും ഉന്നതവിദ്യാഭ്യാസവും മികച്ച നിലയിലാണ് പ്രവർത്തിക്കുന്നത്. വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യമാണ് പിണറായി വിജയൻ സർക്കാർ നൽകിക്കൊണ്ടിരിക്കുന്നത്. ശാസ്ത്രസാങ്കേതിക രംഗത്ത് വിസ്മയകരമായ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന ഇക്കാലത്ത് സാങ്കേതിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഏറിവരികയാണ്. സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പഠനത്തിനാവശ്യമായ കരിക്കുലം രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, സാങ്കേതിക വിദ്യാഭ്യാഭ്യാസ രംഗത്തെ കരിക്കുലം പരിഷ്കരണത്തിന് ഡി.റ്റി.ഇ. (ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ)-യുടെ നേതൃത്വത്തിൽ നല്ല രീതിയിലുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. എല്ലാ വിഷയങ്ങളിലും സിലബസ് പരിഷ്കരണവുമായി ബന്ധപ്പെട്ട് ഏറ്റവും നൂതനമായ വിജ്ഞാനമേഖലകളെ ഇന്റഗ്രേറ്റ് ചെയ്തുകൊണ്ടുള്ള നടപടികൾ കെ.ടി.യു. (എ.പി.ജെ. അബ്ദുൾകലാം ടെക്നിക്കൽ യൂണിവേഴ്സിറ്റി) ഇതിനകം സ്വീകരിച്ചിട്ടുണ്ട്. സാങ്കേതികവിദ്യാ

രംഗത്തിന്റെ ഭാഗമായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക് സയൻസ് മേഖലകളിലും നാനോ ടെക്നോളജി, ബയോ ടെക്നോളജി തുടങ്ങിയ മേഖലകളിലുമുണ്ടാകുന്ന മാറ്റങ്ങൾ അതത് സന്ദർഭങ്ങളിൽത്തന്നെ ഉൾക്കൊള്ളാൻ കഴിയുന്ന വിധത്തിൽ നമ്മുടെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇന്ന് സജ്ജമാണ്. കൂടുതൽ മികവാർന്ന നിലയിലേയ്ക്ക് അവയെ വളർത്തുന്നതിനുതന്നെയാണ് ഇപ്പോൾ പ്രഥമ പരിഗണന നൽകിവരുന്നത്.

ശ്രീമതി യു. പ്രതിഭ: സർ, അറിവ് നേടുന്നതിന് അതിരുകളില്ലാതാകുന്ന കാലത്ത് Massive Open Online Courses (MOOC) വ്യാപകമാകുകയാണല്ലോ. MOOC മാതൃകയിലുള്ള ഓൺലൈൻ കോഴ്സുകൾ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് അത് തങ്ങളുടെ പഠനപ്രവർത്തനത്തിന്റെ ഭാഗമാക്കുന്നതിന് എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ഡോ. ആർ. ബിന്ദു: സർ, അടുത്ത അക്കാഡമിക് വർഷം നാലുവർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതോടെ നിശ്ചിത ശതമാനം ക്രെഡിറ്റുകൾ ഓൺലൈൻ കോഴ്സുകളിലൂടെ ആർജ്ജിക്കാനുള്ള അനുമതി കുട്ടികൾക്ക്

ലഭിക്കും. MOOC മാതൃകയിലുള്ള ഓൺലൈൻ കോഴ്സുകളുടെ ലിസ്റ്റ് അതത് സർവ്വകലാശാല പഠനബോർഡുകൾ തയ്യാറാക്കും. MOOC കോഴ്സുകളിലൂടെയും കുട്ടികൾക്ക് ക്രെഡിറ്റ് ആർജ്ജിക്കാൻ കഴിയുമെന്നുള്ളതാണ് പുതിയ കരിക്കുലം പരിഷ്കരണത്തിലൂടെയുണ്ടായ മറ്റൊരു കാര്യം.

ശ്രീ. എം. വിജിൻ: സർ, ഉന്നതവിദ്യാഭ്യാസ രംഗത്ത് വലിയ മുന്നേറ്റമാണ് ഇപ്പോൾ കേരളം കൈവരിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ സർവ്വകലാശാലകളിലും കേരളത്തിന് പുറത്ത് മറ്റ് സംസ്ഥാനങ്ങളിലെ സർവ്വകലാശാലകളിലും പഠിക്കുന്ന കുട്ടികൾക്ക് കോഴ്സ് പൂർത്തീകരിക്കുന്നതിന് മുൻപുതന്നെ പുറത്തു പഠിക്കുന്ന കുട്ടികൾക്ക് കേരളത്തിലെ സർവ്വകലാശാലകളിലേക്കും കേരളത്തിലെ സർവ്വകലാശാലകളിൽ പഠിക്കുന്ന കുട്ടികൾക്ക് മറ്റ് സംസ്ഥാനങ്ങളിലെ സർവ്വകലാശാലകളിലേക്കും മാറി പഠനം നടത്താനാവശ്യമായ പദ്ധതികൾ രൂപീകരിക്കുന്നുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, തീർച്ചയായും രൂപീകരിക്കുന്നുണ്ട്. ഈ സന്ദർഭത്തിൽ കുട്ടികൾ കാര്യമായ flexibility ആഗ്രഹിക്കുന്നുണ്ട്

എന്നുള്ളതുകൊണ്ടുതന്നെ അക്കാഡമിക് ബാങ്ക് ഓഫ് ക്രെഡിറ്റ് സമ്പ്രദായം എല്ലാ സർവ്വകലാശാലകളിലും ആരംഭിക്കുകയും സംസ്ഥാനത്തിനകത്തുള്ള വിവിധ സർവ്വകലാശാലകളിൽനിന്നും സംസ്ഥാനത്തിന് പുറത്തുള്ള സർവ്വകലാശാലകളിൽനിന്നും ക്രെഡിറ്റ് ആർജ്ജിച്ച് അക്കാഡമിക് ബാങ്ക് ഓഫ് ക്രെഡിറ്റിൽ നിക്ഷേപിക്കുന്നതിനുള്ള സംവിധാനം രൂപപ്പെടുത്തി കുട്ടികളെ സഹായിക്കുകയെന്നുള്ളതാണ് ലക്ഷ്യം വച്ചിട്ടുള്ളത്. അടുത്ത അക്കാഡമിക് വർഷത്തോടെ ആ പ്രക്രിയ നമ്മൾ ആരംഭിക്കും.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഉന്നതവിദ്യാഭ്യാസ രംഗത്ത് ഗവൺമെന്റിന്റെ മുന്നിലുള്ള നാല് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് റിസർച്ച് പരിപോഷണമടക്കമുള്ള സംവിധാനങ്ങൾ ഗവൺമെന്റ് നടത്താനുദ്ദേശിക്കുന്നത്. നേരത്തെ ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ ചോദ്യത്തിന് ലാബിന്റെ പോരായ്മ പരിഹരിച്ച് മികച്ച ലാബ് സംവിധാനം ഒരുക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞിരുന്നു. അതുമായി ബന്ധപ്പെട്ട് സർവ്വകലാശാലകൾ തമ്മിൽ ഒരു inclusiveness ഉണ്ടാക്കിയാൽ അത് നല്ല നിലയ്ക്ക് മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. എന്റെ ചോദ്യം,

എൽ.എം.എസ്. (ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം) ഒരുക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. പഠന വകുപ്പുകൾ പ്രസിദ്ധീകരിക്കുന്ന പി.പി.റ്റി.(പവർ പോയിന്റ് പ്രസന്റേഷൻസ്), ടീച്ചിംഗ് നോട്സ്, റിസർച്ച് എന്നിവ ഒരു കോമൺ പ്ലാറ്റ്ഫോമിൽ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുകയെന്നതാണ് എൽ.എം.എസ്. കൊണ്ടുദ്ദേശിക്കുന്നത്. അത് വിദ്യാർത്ഥികൾക്ക് ലഭ്യമാകണമെങ്കിൽ വലിയ സാമ്പത്തിക ബാധ്യത വരും. വിദേശ രാജ്യങ്ങളിലൊക്കെ എൽ.എം.എസ്. കൃത്യമായി നടക്കുന്നുണ്ട്. അത് യൂണിവേഴ്സിറ്റികൾക്കും കോളേജുകൾക്കും പ്രാപ്യമാകണമെങ്കിൽ ഒന്നുകിൽ ഗവൺമെന്റ് സബ്സിഡി നൽകണം അല്ലെങ്കിൽ ഗവൺമെന്റ് സംവിധാനത്തിൽ വിദ്യാർത്ഥികൾക്ക് അത് ഒരുക്കിക്കൊടുക്കണം. സബ്സിഡി നൽകുന്നതിനോ സംസ്ഥാന സർക്കാർ നേരിട്ട് ഈ സൗകര്യം നൽകുന്നതിനോ ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, ഇപ്പോൾതന്നെ എല്ലാ കലാലയങ്ങളിലെയും MOODLE (Modular Object-Oriented Dynamic Learning Environment) സംവിധാനങ്ങളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു എൽ.എം.എസ്.

സംവിധാനം, അതിനാവശ്യമായ ക്ലൗഡ് സ്പേസ് എന്നിവ ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഒരുക്കിയിട്ടുണ്ട്. അക്കാഡമിക് റിപ്പോസിറ്ററിയുടെ ഭാഗമായി നമ്മുടെ ഗവേഷകർക്കും വരാവുന്നതാണ്. അതുപോലെ Knimbus, Elsevier തുടങ്ങി അന്തർദേശീയ പ്രശസ്തമായ സംവിധാനങ്ങളുടെ സഹകരണത്തോടുകൂടി ഇതിനകം ഒരു ഇ-ജേർണൽ കൺസോർഷ്യം ഹയർ എഡ്യൂക്കേഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. അതുപോലെ KALNET (Kerala Academic Libraries Network) ഇതിനകം രൂപീകരിച്ചുകഴിഞ്ഞിട്ടുണ്ട്. അങ്ങനെ ഇത്തരത്തിലുള്ള സംവിധാനങ്ങൾക്ക് പരമാവധി പ്രോത്സാഹനം നൽകുന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. അതുപോലെ നമ്മുടെ സർവ്വകലാശാലകളിലെ ലബോറട്ടറികളുടെ അടിസ്ഥാനസൗകര്യ വികസനത്തിൽ പ്രത്യേകിച്ച് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ അദ്ഭുതപൂർവ്വമായ കുതിച്ചുചാട്ടംതന്നെ സാധ്യമാക്കിയിട്ടുണ്ടെന്നുള്ളത് ഞാൻ ഈ സഭയെ അറിയിക്കുകയാണ്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ 35 കോടി രൂപ ചെലവിട്ടുകൊണ്ടാണ് ഒരു സെൻട്രലൈസ്ഡ് ലബോറട്ടറി സംവിധാനം

വന്നിട്ടുള്ളത്. അതിനേക്കാൾ ഒരുപാട് തുക ചെലവഴിച്ചുകൊണ്ടുതന്നെയാണ് കേരള സർവ്വകലാശാലയിൽ CLIF (Central Laboratory for Instrumentation and Facilitation) എന്ന ഒരു സെൻട്രലൈസ്ഡ് ഫെസിലിറ്റി രൂപീകരിക്കപ്പെട്ടിട്ടുള്ളത്. ഇപ്പോൾ 58 കോടി രൂപയുടെ പുതിയ ഒരു പദ്ധതികൂടി അതിൽ വരുന്നതോടുകൂടി ഒരു പക്ഷെ ഇന്ത്യയിലുള്ള ഏറ്റവും മികച്ച ലബോറട്ടറി സമുച്ചയമായി അത് മാറും എന്നതന്നെയാണ് ഈ സഭയെ അറിയിക്കാനുള്ളത്.

**സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ്**

4(*124) ശ്രീ. ഒ. ആർ. കേളു:
ശ്രീ. എം. എം. മണി:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ് (SIAD) എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഇതിന്റെ ലക്ഷ്യം കൈവരിക്കുന്നതിലേക്കായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വിശദമാക്കാമോ;

(ബി) പുതിയതായി റിപ്പോർട്ട് ചെയ്യുന്ന പന്നിപ്പനി, പക്ഷിപ്പനി, ചർമ്മമുഴ തുടങ്ങിയ രോഗങ്ങൾ കണ്ടെത്തി നിയന്ത്രണ വിധേയമാക്കുന്നതിന് പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾവഴി കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പേവിഷ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും പേവിഷബാധ നിർണ്ണയത്തിനും പ്രസ്തുത സ്ഥാപനത്തിന് എത്രത്തോളം കഴിഞ്ഞിട്ടുണ്ട്; വിശദാംശം നൽകാമോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ,

(എ) ഉണ്ട്. തിരുവനന്തപുരത്ത് പാലോട് ഉള്ള മൃഗസംരക്ഷണ വകുപ്പിന്റെ റഫറൽ ലബോറട്ടറിയായ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസിൽ രോഗനിർണ്ണയത്തിന് ആധുനിക സാങ്കേതികവിദ്യകൾ നിലവിലുണ്ട്. രോഗനിരീക്ഷണം, രോഗനിർണ്ണയം, വകുപ്പിലെ മറ്റ് ലബോറട്ടറികൾക്ക് സാങ്കേതിക സഹായങ്ങളും നിർദ്ദേശങ്ങളും നല്കുക, കർഷകർക്കും വകുപ്പിലേയും മറ്റ് അനുബന്ധ വകുപ്പുകളിലേയും

ജീവനക്കാർക്കും സാംക്രമിക രോഗങ്ങളെക്കുറിച്ചും ജന്തുജന്യരോഗങ്ങളെക്കുറിച്ചും അവബോധവും ആവശ്യമായ പരിശീലനവും നല്കുക, ആവശ്യാനുസരണം ഗവേഷണങ്ങൾ ഏറ്റെടുക്കുക, ഏകാരോഗ്യം എന്ന ആശയം നടപ്പിലാക്കുക, ആന്റിമൈക്രോബിയൽ റസിസ്റ്റൻസ് സംബന്ധിച്ച ബോധവൽക്കരണം നടത്തുക എന്നിവയാണ് ഈ സ്ഥാപനത്തിന്റെ ലക്ഷ്യം കൈവരിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ.

(ബി) ഉണ്ട്. പക്ഷിപ്പനി, പന്നിപ്പനി എന്നീ രോഗങ്ങൾ നിർണ്ണയിക്കുന്നതിനുള്ള കേന്ദ്രാനുമതി SIAD-ന് ലഭിച്ചിട്ടില്ല. ഇവയുടെ നിർണ്ണയം NIHSAD (National Institute of High Security Animal Diseases) ഭോപ്പാൽ, SRDDL (Southern Regional Disease Diagnostic Laboratory) ബാംഗ്ലൂർ എന്നിവിടങ്ങളിൽ മാത്രമേ നടത്തുവാൻ അനുമതിയുള്ളൂ. ആയതിനാൽ മേല്പറഞ്ഞ രോഗങ്ങൾ സംശയിക്കുന്ന സാഹചര്യത്തിൽ ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസറുടെ നേതൃത്വത്തിൽ ഒരു വിദഗ്ധ

സംഘം രൂപീകരിച്ച് സാമ്പിളുകൾ ശേഖരിക്കുകയും ആവശ്യമെങ്കിൽ ദേശീയ ലാബുകളിലേയ്ക്ക് സാമ്പിൾ അയയ്ക്കുകയും ചെയ്യുന്നു.

രോഗസ്ഥിരീകരണത്തിനുശേഷം രോഗ നിയന്ത്രണത്തിനും പ്രതിരോധത്തിനും കേന്ദ്ര സർക്കാരിന്റെ പ്രവർത്തന മാർഗ്ഗരേഖകൾ അനുസരിച്ച് രോഗബാധിത പ്രദേശങ്ങളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.

ചർമ്മമുഴ രോഗം നിർണ്ണയിക്കുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ കേരളത്തിലെ അംഗീകൃത ലബോറട്ടറിയാണ് SIAD. 2019 മുതൽ ചർമ്മമുഴ രോഗം Polymerase Chain Reaction (PCR) ടെക്നിക് മുഖേന നിർണ്ണയിച്ചുവരുന്നു. ത്വരിതഗതിയിൽ രോഗനിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് ഇത് സഹായിക്കുന്നു.

(സി) പേവിഷബാധ രോഗനിർണ്ണയത്തിന് കേരളത്തിലെ ഏക ISO അംഗീകൃത ലബോറട്ടറിയാണ് SIAD. ഇവിടെ മൃഗങ്ങളിലെ മാത്രമല്ല, മനുഷ്യരിലേയും രോഗനിർണ്ണയം നടത്തുന്നു. കൃത്യമായ രോഗനിർണ്ണയം സമയബന്ധിതമായി നടത്തുന്നതിനാൽ വാക്സിനേഷനുകൾ കൃത്യമായി

ഉറപ്പാക്കാൻ കഴിയുന്നുണ്ട്. വാക്സിനേഷനെത്തുടർന്ന് മനുഷ്യരിലും മൃഗങ്ങളിലും ആവശ്യത്തിന് പ്രതിരോധശേഷി ഉണ്ടാകുന്നുണ്ടോ എന്നറിയാനുള്ള ടെസ്റ്റുകൾ നടത്തുന്ന കേരളത്തിലെ ഏകസ്ഥാപനമാണ് SIAD. മൃഗസംരക്ഷണവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മറ്റ് 4 പേവിഷ രോഗനിർണ്ണയ ലാബുകളുടെ ഏകോപനവും SIAD നടത്തിവരുന്നു.

ശ്രീ ഒ. ആർ. കേളു: സർ, തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്ന SIAD ലബോറട്ടറി അന്താരാഷ്ട്ര നിലവാരത്തിലുള്ള ലബോറട്ടറിയാണോ; അല്ലെങ്കിൽ അതിനെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്താൻ വേണ്ടി എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചുവരുന്നത്?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, ഇന്ന് മൃഗസംരക്ഷണ വകുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട രോഗനിർണ്ണയ സ്ഥാപനമാണ് പാലോടുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ് എന്നുപറയുന്ന SIAD. അന്താരാഷ്ട്ര നിലവാരത്തിലുള്ള NABL (National Accreditation Board for Testing and Calibration Laboratories) സർട്ടിഫിക്കേഷൻ SIAD നേടിയിട്ടുണ്ട്. ഇന്ന് SRDDL ബാംഗ്ലൂരിന്റെ നോഡൽ ഓഫീസും NIVEDI (National Institute of

Veterinary Epidemiology and Disease Informatics), NIFMD (National Institute on Foot and Mouth Disease) മുതലായ ICR പ്രോജക്ടുകളുടെ collaborating centre ആയും SIAD പ്രവർത്തിച്ചുവരികയാണ്.

ശ്രീ ഒ. ആർ. കേളു: സർ, ആഫ്രിക്കൻ പന്നിപ്പനി, പക്ഷിപ്പനി എന്നിവ പെട്ടെന്ന് പടർന്നുപിടിക്കുന്ന, കർഷകർക്ക് വലിയ നഷ്ടങ്ങളുണ്ടാക്കുന്ന രോഗങ്ങളാണ്. ഇത്തരം രോഗങ്ങളെ മുൻകൂട്ടി കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമാവശ്യമായിട്ടുള്ള നടപടി വകുപ്പ് സ്വീകരിക്കുന്നുണ്ടോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, പക്ഷിപ്പനി, ആഫ്രിക്കൻ പന്നിപ്പനി തുടങ്ങിയ അപകടകാരികളായ രോഗങ്ങളുടെ സ്ഥിരീകരണം നടത്തുന്നത് കേന്ദ്ര സർക്കാരാണ്. അതിന് പ്രത്യേക നിർദ്ദേശം അവർ പുറപ്പെടുവിച്ചിട്ടുണ്ട്. നമുക്കറിയാം, കേരളത്തിൽ ആദ്യമായി വയനാടാണ് ആഫ്രിക്കൻ പന്നിപ്പനി വന്നത്. മൃഗസംരക്ഷണ വകുപ്പുദ്യോഗസ്ഥർ പന്നിപ്പനിയുണ്ടായ പ്രദേശങ്ങൾ സന്ദർശിക്കുകയും പന്നികളെ കണ്ടെത്തി സാമ്പിൾ ശേഖരിച്ച് ഭോപ്പാലിലെ NIHSAD-ലേയ്ക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഫലം വന്നാൽ മാത്രമേ കേരളത്തിൽ പന്നിപ്പനി സ്ഥിരീകരിക്കാൻ

സാധിച്ചു. വയനാട്ടിൽനിന്ന് തുടങ്ങിയ പന്നിപ്പനി കോഴിക്കോട്, കണ്ണൂർ, തൃശ്ശൂർ, എറണാകുളം, ഇടുക്കി ഉൾപ്പെടെയുള്ള ജില്ലകളിൽ വ്യാപകമായി പിടിപെട്ടെങ്കിലും വളരെ പെട്ടെന്ന് അത് നിയന്ത്രിക്കാനുള്ള പരിശ്രമമാണ് മൃഗസംരക്ഷണ വകുപ്പ് നടത്തിയത്. കർഷകർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കിയത് മൃഗസംരക്ഷണ വകുപ്പിന്റെ ജന്തുരോഗനിയന്ത്രണ പദ്ധതിയുടെ കോർപ്പസ് ഫണ്ടിൽനിന്നാണ്.

ശ്രീ. എം. എം. മണി: സർ, രാജ്യത്ത് നിപ, കുരങ്ങുപനി, പക്ഷിപ്പനി തുടങ്ങിയവ വ്യാപിച്ചുകൊണ്ടിരിക്കുന്നു എന്ന് നമ്മെ ഉത്കണ്ഠപ്പെടുത്തുന്ന റിപ്പോർട്ടാണ് വന്നുകൊണ്ടിരിക്കുന്നത്. അതിനെ നേരിടുന്നതിന് സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, നിപ, കുരങ്ങുപനി, പക്ഷിപ്പനി എന്നീ രോഗങ്ങളുടെ സ്ഥിരീകരണ സൗകര്യങ്ങൾ SIAD-ൽ നിലവിലില്ല. നിപ, പക്ഷിപ്പനി തുടങ്ങിയ രോഗങ്ങൾ ഹൈ റിസ്ക് ഗണത്തിൽപ്പെടുന്ന രോഗങ്ങളാണ്. ഇത്തരം രോഗങ്ങളെ കൈകാര്യം ചെയ്യുന്നതിന്

ബി.എസ്.എൽ. - 3 (ബയോസേഫ്റ്റി ലെവൽ -3) ലാബ് സൗകര്യങ്ങൾ ആവശ്യമാണ്. നിലവിൽ പാലോട് SIAD-ലുള്ളത് ബി.എസ്.എൽ. - 2 സൗകര്യങ്ങളാണ്. പാലോട് SIAD-നെ ബി.എസ്.എൽ. -3 ലാബായി ഉയർത്തുന്നതിന് 27 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ ഈ അടുത്ത കാലത്ത് കേന്ദ്ര സർക്കാരിലേയ്ക്ക് കൊടുത്തിട്ടുണ്ട്. അനുമതി കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ആന്റണി ജോൺ: സർ, മൃഗങ്ങളിൽനിന്നും മനുഷ്യരിലേയ്ക്ക് പകരുന്ന ഏറ്റവും മാരകമായ രോഗമാണ് പേവിഷബാധ. നമ്മുടെ വളർത്തുമൃഗങ്ങൾക്ക് ജീവഹാനിയുണ്ടായിക്കഴിഞ്ഞാൽ അവയ്ക്ക് പേവിഷബാധയുണ്ടോയെന്ന പരിശോധന നടത്താനുള്ള സംവിധാനം നിലവിലുണ്ടോ; ഏതെല്ലാം സ്ഥാപനങ്ങളാണ് ഇത്തരം ടെസ്റ്റ് നടത്തുന്നത്, ഇതിന് പ്രത്യേക ഫീസ് ഈടാക്കുന്നുണ്ടോ, വിശദമാക്കാമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു പ്രധാനപ്പെട്ട രോഗനിർണ്ണയ ലബോറട്ടറി തിരുവനന്തപുരത്ത് പാലോട് പ്രവർത്തിക്കുന്ന SIAD ആണ്. അവിടെ

പേവിഷബാധ നിർണ്ണയിക്കുന്നതിനുള്ള സംവിധാനമുണ്ട്. കൂടാതെ SIAD-ന്റെ നിയന്ത്രണത്തിലുള്ള തിരുവല്ല ADDL (Avian Disease Diagnostic Laboratory)-ലും പാലക്കാട്, കണ്ണൂർ മേഖലാ ലാബുകളിലും കൊല്ലം ജില്ലയിലെ ക്ലിനിക്കൽ ലാബിലും രോഗനിർണ്ണയത്തിനുള്ള സംവിധാനങ്ങളുണ്ട്. മരിച്ച നായയുടെ തലച്ചോറിൽനിന്നാണ് smear എടുത്ത് പരിശോധനയ്ക്ക് വിടുന്നത്. പേവിഷബാധയുള്ള ജീവനുള്ള നായയുടെ സ്രവം പരിശോധിക്കാനുള്ള സംവിധാനവും SIAD-ലുണ്ട്. അതുപോലെ മനുഷ്യരിൽ പേവിഷബാധയുടെ ലക്ഷണമുണ്ടെങ്കിൽ അത് സ്ഥിരീകരിക്കാനും SIAD-ൽ സംവിധാനമുണ്ട്.

ശ്രീ. എ. പ്രഭാകരൻ: സർ, മൃഗങ്ങളിൽനിന്നും മനുഷ്യർക്ക് പകരുന്ന ജന്തുജന്യ രോഗങ്ങളുടെ രോഗനിർണ്ണയം നടത്തുന്നതിന് മൃഗസംരക്ഷണ വകുപ്പ് നടത്തുന്ന നടപടിക്രമങ്ങൾ വിശദീകരിക്കാമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, മൃഗസംരക്ഷണ വകുപ്പ് വഴിയോ ആരോഗ്യ വകുപ്പ് വഴിയോ ജന്തുജന്യ രോഗങ്ങൾ പൊട്ടിപ്പുറപ്പെടുന്നു എന്ന വിവരങ്ങൾ ലഭ്യമാകുമ്പോൾത്തന്നെ SIAD-ൽനിന്നും ജില്ലാ ലബോറട്ടറി ഓഫീസർമാർക്കും ജില്ലാ എപ്പിഡമോളജിസ്റ്റുമാർക്കും നിർദ്ദേശം നൽകിയും

വിദഗ്ധ സംഘം രൂപീകരിച്ചുകൊണ്ടും വേണ്ടിവന്നാൽ SIAD-ലെ തന്നെ വിദഗ്ധ സംഘങ്ങളിലുൾപ്പെടുന്ന ഡോക്ടർമാരുടെ സേവനം ഉപയോഗിച്ചുകൊണ്ട് ആ സ്ഥലം സന്ദർശിക്കുകയും സാമ്പിൾ ശേഖരിച്ച് ആവശ്യമായ ടെസ്റ്റുകൾ നടത്തുകയും ചെയ്യുന്നു. തുടർ പരിശോധന ആവശ്യമാകുന്നപക്ഷം ഉന്നത ലബോറട്ടറികളായ NIHSAD ഭോപ്പാൽ, IVRI (Indian Veterinary Research Institute) ബറേലി, SRDDL ബാംഗ്ലൂർ, എന്നിവിടങ്ങളിലേയ്ക്ക് പരിശോധനയ്ക്കും അയയ്ക്കുന്നുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+

+ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു

[10 AM]

**II തിരുത്തിയ ഉത്തരം**

<u>മി. സ്പീക്കർ</u>: പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ 02-03-2023-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3571-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (<u>ഡോ. ആർ. ബിന്ദു</u>): സർ, പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ 02-03-2023-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3571-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതിയ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു+.

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

[10.01 am]

**III അടിയന്തരപ്രമേയം**

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം

മി. സ്പീക്കർ: ആലുവയിൽ കുടുംബത്തോടൊപ്പം കിടന്നുറങ്ങിയ കുഞ്ഞിനെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ചതടക്കം സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതുമൂലം ജനങ്ങളിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അൻവർ സാദത്ത്, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷയൊരുക്കുന്നതോടൊപ്പം അവർക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിനും ആക്രമണങ്ങളിൽ കുറ്റമറ്റരീതിയിൽ അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടെത്തി ശിക്ഷ ഉറപ്പാക്കുന്നതിനും പോലീസ്

പ്രതിജ്ഞാബദ്ധമാണ്. എറണാകുളത്ത് ആലുവയിൽ ബീഹാർ സ്വദേശികളുടെ വീട്ടിൽ 07-09-2023-ന് വെളുപ്പിന് അതിക്രമിച്ചുകയറി എട്ടുവയസ്സുകാരിയെ കടത്തിക്കൊണ്ടുപോയി പീഡിപ്പിച്ച സംഭവത്തിൽ കുട്ടിയെ കാണാനില്ലെന്ന അച്ഛന്റെ ജ്യേഷ്ഠന്റെ പരാതിയെത്തുടർന്ന് ആലുവ ഈസ്റ്റ് പോലീസ് അന്വേഷിച്ച് സത്വരനടപടി സ്വീകരിച്ചിട്ടുള്ളതാണ്. കുട്ടിക്ക് ഗുരുതരമായി പരിക്കേറ്റിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കളമശ്ശേരി മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തിച്ച് ചികിത്സ നൽകിയിട്ടുണ്ട്. IPC 450, 363, 366A, 376 AB, 380, പോക്സോ നിയമത്തിലെ 3, 4, 2, 5A1, 5M എന്നീ വകുപ്പുകൾ പ്രകാരം ഈ സംഭവത്തിൽ ക്രൈം നമ്പർ 866/2023 ആയി കേസ് രജിസ്റ്റർ ചെയ്തു. തുടർന്ന് പ്രതിയെ കണ്ടെത്തുന്നതിലേയ്ക്കായി സി.സി.ടി.വി. ക്യാമറകൾ പരിശോധിച്ചും പ്രതി മോഷ്ടിച്ച മൊബൈൽ ഫോണിന്റെ ടവർ ലൊക്കേഷൻ കേന്ദ്രീകരിച്ചും നടത്തിയ അന്വേഷണത്തിൽ സംഭവദിവസം വൈകുന്നേരം 5 മണിയോടെ പ്രതിയെ പോലീസ് കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തതിൽ പ്രതി കുറ്റം സമ്മതിച്ചിട്ടുള്ളതും അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

03-08-2023-ന് തിരൂരങ്ങാടിയിൽ മധ്യപ്രദേശ് സ്വദേശിയുടെ നാല് വയസ്സുള്ള പെൺകുട്ടിയെ സമീപത്ത് താമസിക്കുന്ന മധ്യപ്രദേശ് സ്വദേശി തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ച സംഭവത്തിൽ ഇന്ത്യൻ ശിക്ഷാനിയമത്തിലെയും പോക്സോ നിയമത്തിലെയും ബന്ധപ്പെട്ട വകുപ്പുകൾ ചേർത്ത് തിരൂരങ്ങാടി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 763/2023 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രതിയെ 04-08-2023-ന് അറസ്റ്റ് ചെയ്ത് തെളിവുകൾ ശേഖരിച്ച് റിമാൻഡിൽ പാർപ്പിച്ചിട്ടുള്ളതുമാണ്. 23-08-2023-ന് ആലപ്പുഴ അർത്തുങ്കലിൽ അറഫുൽ ഇസ്ലാം എന്നയാൾ 15 വയസ്സുള്ള പെൺകുട്ടിയെ പീഡിപ്പിച്ച സംഭവത്തിൽ കുട്ടിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ അർത്തുങ്കൽ പോലീസ് സ്റ്റേഷനിൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെയും പോക്സോ നിയമത്തിലെയും ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 748/2023 ആയി കേസ് രജിസ്റ്റർ ചെയ്ത് പ്രതിയെ സംഭവദിവസംതന്നെ അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. ഈ പറഞ്ഞ എല്ലാ സംഭവങ്ങളിലും പോലീസ് കുറ്റമറ്റ അന്വേഷണം നടത്തുകയും പ്രതികളെ അതിവേഗം നിയമത്തിനുമുന്നിൽ കൊണ്ടുവരികയും ചെയ്തിട്ടുള്ളതാണ്.

സംസ്ഥാനത്ത് ഇത്തരം സംഭവങ്ങളുണ്ടായ അവസരങ്ങളിലെല്ലാം പോലീസ് ശക്തമായ നടപടി സ്വീകരിക്കുകയും പ്രതികളെ സമയബന്ധിതമായി പിടികൂടുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. അൻവർ സാദത്ത്: സർ, അങ്ങ് ഇവിടെ പറഞ്ഞതുപോലെ ഈ കേസിലെ പ്രതികളെ അറസ്റ്റുചെയ്തുവെന്നതൊക്കെ ശരിയാണ്. ഇത്തരം അതിക്രമങ്ങൾക്ക് ഉത്തരവാദികളായ പ്രതികളെ അറസ്റ്റ് ചെയ്യുന്നുണ്ടെന്ന് നമുക്കെല്ലാവർക്കും അറിയാം. അതിനൊന്നും യാതൊരു തർക്കവുമില്ല. അങ്ങയുടെ ഭാഷയിൽ പറഞ്ഞതുപോലുള്ള ഒറ്റപ്പെട്ട സംഭവങ്ങൾ കേട്ടുകൊണ്ടാണ് കേരള ജനത എല്ലാദിവസവും ഞെട്ടിയുണരുന്നത്. ഒറ്റപ്പെട്ട സംഭവങ്ങൾ പതിവായി മാറിയിരിക്കുന്ന സാഹചര്യമാണ് ഇന്ന് കേരളത്തിലുള്ളത്. ആലുവയിൽതന്നെ ഒന്നരമാസത്തിനിടയിൽ രണ്ട് ഒറ്റപ്പെട്ട സംഭവങ്ങളാണ് നടന്നിരിക്കുന്നത്. കേരളത്തിന്റെ അവസ്ഥയെന്താണ്? അങ്ങ് വളരെ ലാഘവത്തോടുകൂടിയാണ് ഇക്കാര്യങ്ങൾ ഇവിടെ പറയുന്നത്. ഇവിടെ പോലീസിന്റെ ഡ്യൂട്ടിയെന്താണ്; ഒരു ക്രൈം

നടന്നതിനുശേഷം പ്രതികളെ പിടിച്ചിട്ട് വലിയ ആഘോഷത്തോടുകൂടി ഞങ്ങൾ പ്രതികളെ പിടിച്ചുവെന്ന് ഉദ്ഘോഷിക്കുകയും തുടർന്ന് സർക്കാരിന്റെ വക സല്യൂട്ടടിയുമൊക്കെയാണ് ഇവിടെ ചെയ്തുവരുന്നത്. യഥാർത്ഥത്തിൽ പോലീസിംഗ് എന്താണ്? ഒരു ക്രൈം നടക്കുന്നതിനുമുമ്പ് അത് തടയുകയെന്നതാണ് പോലീസിന്റെ യഥാർത്ഥ ഡ്യൂട്ടി. ഒരു ഗവൺമെന്റിന്റെ പ്രഥമ ഉത്തരവാദിത്തം ആ നാട്ടിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുകയെന്നതാണ്. അക്കാര്യത്തിൽ ഈ സർക്കാർ അമ്പേ പരാജയപ്പെട്ടിരിക്കുകയാണ്, പ്രത്യേകിച്ചും ആഭ്യന്തര വകുപ്പ്. ആഭ്യന്തര വകുപ്പ് ഇന്ന് വെറും നോക്കുകുത്തിയായി മാറിയിരിക്കുകയാണ്. അക്കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പലവട്ടം ഇവിടെ ആവർത്തിച്ച് ഉന്നയിച്ചിട്ടുണ്ട്. ആഭ്യന്തര വകുപ്പ് ഒരു ഗൂഢസംഘത്തിന്റെ നിയന്ത്രണത്തിലാണ്. പിന്നെ എങ്ങനെയാണ് കേരളത്തിലെ ജനങ്ങൾ സുരക്ഷിതരായിരിക്കുന്നത്. അങ്ങ് തന്നെയാണോ ആഭ്യന്തര വകുപ്പ് നിയന്ത്രിക്കുന്നതെന്ന് ഇനിയെങ്കിലും തുറന്നുപറയണം. അങ്ങാണ് ആഭ്യന്തര വകുപ്പ് നിയന്ത്രിക്കുന്നതെന്ന് ഞങ്ങൾക്ക് തോന്നുന്നില്ല.

അതുകൊണ്ടുതന്നെയാണ് കേരളത്തിലെ ജനങ്ങൾക്ക് ഈയൊരവസ്ഥ വരുന്നത്. ഈ സംഭവങ്ങളെല്ലാം വിരൽ ചൂണ്ടുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുനേരെയാണ്. അങ്ങാണ് ഇതിനെല്ലാം സമാധാനം പറയേണ്ടത്. അല്ലാതെ ഇത്തരം സംഭവങ്ങളുടെയെല്ലാം ഉത്തരവാദിത്വം പോലീസ് ഉദ്യോഗസ്ഥരുടെ തലയിൽ കെട്ടിവച്ച് തലയൂരാൻ അങ്ങ് ശ്രമിക്കരുത്. അടുത്തിടെ ആലുവയിൽ നടന്ന രണ്ട് സംഭവങ്ങളെപ്പറ്റിയും വളരെ ഞെട്ടലോടെയാണ് കേരള സമൂഹം കേട്ടത്. അങ്ങ് സൂചിപ്പിച്ചതുപോലെ 7-ാം തീയതി നടന്ന സംഭവത്തിലെ പ്രതികളെ അറസ്റ്റ് ചെയ്തു. സംഭവം നടക്കുന്ന ദിവസം രാത്രി അങ്ങ് ആലുവ ഗസ്റ്റ്ഹൗസിലുണ്ടായിരുന്നു. അവിടെനിന്ന് ഒന്നര കിലോമീറ്റർ മാറിയാണ് സംഭവം നടന്നത്. ഈ സംഭവത്തെക്കുറിച്ച് ഞാൻ ഫോൺ വിളിച്ച് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയതുമാണ്. പ്രതിയായി അറസ്റ്റ് ചെയ്ത ആൾ ഈ സംഭവം നടക്കുന്നതിനുമുമ്പ് അതേ ടൗണിൽ മോഷണം നടത്തിയതായി പോലീസ് ഉദ്യോഗസ്ഥർ തന്നെ പറയുന്നുണ്ട്. അങ്ങ് താമസിക്കുന്ന ഗസ്റ്റ് ഹൗസിൽനിന്നും ഒന്നര കിലോമീറ്റർ പരിധിയിൽ താമസിക്കുന്ന

ജനങ്ങൾക്ക് സുരക്ഷയില്ല, എന്നാൽ അങ്ങേയ്ക്ക് സുരക്ഷയൊരുക്കുന്നു. അങ്ങേയ്ക്ക് സുരക്ഷയൊരുക്കുന്നതിന് ഞങ്ങളാരും യാതൊരു തെറ്റും പറയുന്നില്ല. പക്ഷെ, അങ്ങേയ്ക്ക് സുരക്ഷ ഒരുക്കുമ്പോൾതന്നെ കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ നൽകേണ്ട ഉത്തരവാദിത്വം ഇവിടത്തെ സർക്കാരിനും ആഭ്യന്തര വകുപ്പിന് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുമുണ്ടെന്ന് ഞാൻ ഈ അവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്. അങ്ങ് താമസിച്ച ടൗണിൽ പോലീസിന്റെ കൺമുന്നിലൂടെയാണ് ഈ പ്രതി ആ പ്രദേശത്തേയ്ക്ക് പോയത്. രണ്ട് മൊബൈൽ ഫോൺ മോഷ്ടിച്ചത് ഈ കൃത്യം നടന്നതിനുശേഷമാണോ അതിന് മുമ്പാണോയെന്ന് ഇപ്പോഴും വ്യക്തത വന്നിട്ടില്ല. യഥാർത്ഥത്തിൽ ഈ കുട്ടിയെ രക്ഷപ്പെടുത്തിയത് സുകുമാരൻ ചേട്ടനെന്ന വ്യക്തിയാണ്. അദ്ദേഹത്തിന് പതിവായി മഴ കാണുന്ന സ്വഭാവമുള്ളതിനാൽ വെളുപ്പിന് ബാത്റൂമിൽ പോകാൻ എഴുന്നേറ്റപ്പോൾ ജനൽ തുറന്ന് മഴ കാണുമ്പോഴാണ് കുട്ടിയെയുംകൊണ്ട് പ്രതി പോകുന്ന ശബ്ദം കേൾക്കുന്നത്. അദ്ദേഹം തൊട്ട് അയൽവീട്ടിലുള്ള ഷാജി, അബൂബക്കർ എന്നിവരെ

വിളിച്ചെഴുന്നേൽപ്പിക്കുകയും പ്രതി പോയ ഭാഗത്തുപോയി നോക്കുകയും ചെയ്തു. അവിടെയെല്ലാം നോക്കിയിട്ടും പ്രതിയെ കിട്ടിയില്ല. എന്നാൽ കുറച്ചുകഴിഞ്ഞപ്പോൾ വിവസ്ത്രയായ ആ കുട്ടി രക്തം വാർന്നുകൊണ്ട് വരുന്നതുകണ്ടപ്പോൾ അവരെല്ലാം തകർന്നുപോയി. ഞാൻ ഇക്കാര്യം ഇത്രയധികം വികാരാധീനനായി പറയാൻ കാരണം എനിക്കും രണ്ട് പെൺകുട്ടികളുണ്ട്. ബഹുമാനപ്പെട്ട രമേശ് ചെന്നിത്തലയും ഞാനും സംഭവസ്ഥലത്തെത്തി ആ കുട്ടിയുടെ പിതാവിനെ കണ്ടിരുന്നു. അദ്ദേഹത്തിന്റെ മകൾക്കുണ്ടായ ദുരവസ്ഥയെക്കുറിച്ച് അദ്ദേഹം പൊട്ടിക്കരഞ്ഞുകൊണ്ട് പറയുമ്പോൾ ഒരു പിതാവ് എന്ന നിലയിൽ ഞങ്ങളുടെ ചങ്കും പൊട്ടിപ്പോയി. ഇവിടെ എന്തിനാണ് പോലീസ്? ഈ സംഭവം നടക്കുന്നതിനുമുമ്പ് 27–ാം തീയതി ഇതേ പ്രതി ആലുവയിലെ ഒരു വീട്ടിൽനിന്നും രണ്ട് മൊബൈൽ ഫോണുകൾ മോഷ്ടിക്കുകയും മറ്റൊരു വീട്ടിൽ മോഷണ ശ്രമം നടത്തുകയും ചെയ്തു. അതേ ദിവസംതന്നെ വീട്ടുകാർ പ്രതിയുടെ സി.സി.ടി.വി. ദൃശ്യമടക്കമുള്ള വിവരങ്ങൾ പോലീസിന് നൽകിയെങ്കിലും യാതൊരു അന്വേഷണവുമുണ്ടായില്ല. അന്ന് പോലീസ്

വേണ്ട രീതിയിൽ അന്വേഷിച്ചിരുന്നെങ്കിൽ ഒരുപക്ഷെ ആ പ്രതിയെ പിടിക്കുവാൻ സാധിക്കുമായിരുന്നു. 27-ാം തീയതി പരാതി നൽകിയപ്പോൾ പോലീസ് വളരെ ജാഗ്രതയോടെ സി.സി.ടി.വി. ദൃശ്യങ്ങൾ പുറത്തുവിട്ടുകൊണ്ട് ആ പരാതിയിന്മേൽ ശരിയായ രീതിയിൽ അന്വേഷണം നടത്തിയിരുന്നുവെങ്കിൽ ഒരുപക്ഷെ, ആ കുട്ടിക്ക് ഇത്തരമൊരു ദാരുണമായ അനുഭവമുണ്ടാകുമായിരുന്നില്ല. അതുകൊണ്ടാണ് പോലീസ് നിഷ്ക്രിയമാണെന്ന് പറയാനിടയായത്. ആലുവയിൽ എന്നല്ല കേരളത്തിലൊരിടത്തും പോലീസ് പട്രോളിംഗ് നടത്തുന്നില്ല. ശക്തമായ പോലീസ് പട്രോളിംഗ് ഇല്ലാത്തതുകൊണ്ടാണ് ഇത്തരത്തിലുള്ള സംഭവങ്ങൾ അടിക്കടി ഉണ്ടാകുന്നത്. പട്രോളിംഗ് നടത്താത്തതിനെക്കുറിച്ച് പോലീസിനോട് ചോദിക്കുമ്പോൾ പോലീസ് സേനയ്ക്ക് ആവശ്യമായ സ്ട്രെങ്ത്തില്ലെന്നും വാഹനങ്ങളിൽ ആവശ്യത്തിന് പെട്രോൾ ഇല്ലെന്നുമൊക്കെയാണ് അവർ പറയുന്നത്. പോലീസ് വാഹനങ്ങൾ കട്ടപ്പുറത്താണ്. പോലീസിന് സ്ട്രെങ്ത്തുണ്ടാക്കാനുള്ള ഉത്തരവാദിത്തം ജനപ്രതിനിധികൾക്കാണോ; അതിന്റെ പൂർണ്ണ ഉത്തരവാദിത്തം ഇവിടത്തെ

ഗവൺമെന്റിനാണ്, ആഭ്യന്തര വകുപ്പിനാണ്. നാട്ടിലെ ചെറുപ്പക്കാർക്കുവേണ്ടി വലിയ രീതിയിൽ വാദിക്കുന്ന ഗവൺമെന്റാണല്ലോ ഇത്; എത്രയോ ചെറുപ്പക്കാർ ഇന്ന് തൊഴിലില്ലാതെ നിൽക്കുന്നു. പോലീസിൽത്തന്നെ ഏകദേശം പതിമൂവായിരം പേർ സി.പി.ഒ. ടെസ്റ്റും മെഡിക്കൽ പരിശോധനയും കഴിഞ്ഞ് വെറുതെ നിൽക്കുന്നു. ഇതുവരെയും നിയമനം നടത്തിയിട്ടില്ല. ഈ ചെറുപ്പക്കാർക്ക് പോലീസ് സേനയിൽ തൊഴിലവസരങ്ങൾ നൽകി കേരളത്തിലെ ജനങ്ങൾക്ക് സുരക്ഷ നൽകുന്നതിനുള്ള സാഹചര്യമുണ്ടാക്കാത്തത് എന്തുകൊണ്ടാണെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. അതൊന്നും ചെയ്യാൻ ഈ ഗവൺമെന്റ് തയ്യാറാകുന്നില്ല. വി.ഐ.പി.-കൾക്ക് സുരക്ഷയൊരുക്കുന്നത് സംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചു. അതിന് ഞങ്ങൾക്കാർക്കും വിരോധമില്ല. എന്നാൽ ആലുവയിലെ സംഭവം എന്താണെന്നുവച്ചാൽ, ആലുവ ഗസ്റ്റ് ഹൗസിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മേഘാലയ ഗവർണറും ബംഗാൾ ഗവർണറും കേരള ഗവർണറുമുൾപ്പെടെ വരാറുണ്ട്. ഗവർണർമാർക്കും മുഖ്യമന്ത്രിക്കുമൊക്കെ അവിടെ സുരക്ഷാക്രമീകരണമേർപ്പെടുത്തുമ്പോൾ

ആലുവയിലെ ജനങ്ങൾ പരിഭ്രാന്തിയിലാണ്. കാരണം, പോലീസുകാരെല്ലാം മന്ത്രിമാരുടെയും ഗവർണർമാരുടെയും സുരക്ഷയ്ക്കുവേണ്ടി നിയോഗിക്കപ്പെട്ടുമ്പോൾ ആ പ്രദേശത്തെ ജനങ്ങളുടെ സുരക്ഷയ്ക്ക് ആളില്ലെന്ന ദയനീയാവസ്ഥ നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് പോലീസ് ഉദ്യോഗസ്ഥർ വി.ഐ.പി.കളുടെ സുരക്ഷ ഉറപ്പുവരുത്തുന്ന ഡ്യൂട്ടിമാത്രം ചെയ്യാതെ അവർക്ക് മറ്റു ജോലികൾകൂടി ചെയ്യുന്നതിനുള്ള സാഹചര്യമൊരുക്കണം. വി.ഐ.പി.-കൾക്ക് സുരക്ഷയൊരുക്കുന്നതിന് ഒരു സ്പെഷ്യൽ ടീമിനെ നിയമിക്കുന്നതിൽ യാതൊരു കുഴപ്പവുമില്ല.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.............

ശ്രീ. അൻവർ സാദത്ത്: സർ, ജനങ്ങൾക്ക് സുരക്ഷ ലഭിക്കുന്ന സാഹചര്യമുണ്ടാകണം. ആഗസ്റ്റ് 15-ാം തീയതി തിരൂരങ്ങാടിയിൽ നാലുവയസ്സുകാരിയും ജൂലൈ മാസത്തിൽ തലസ്ഥാനത്തെ ഗോഡൗണിൽ വച്ച് യുവതിയും ക്രൂരമായി പീഡിപ്പിക്കപ്പെട്ടു. മാർച്ച് 13-ന് വഞ്ചിയൂർ മൂലവിളാകം ജംഗ്ഷനിൽവച്ചുനടന്ന ലൈംഗിക അതിക്രമം, തിരുവനന്തപുരത്തെ പോലീസ് ക്വാർട്ടേഴ്സിൽ 8-ാം ക്ലാസ്സുകാരി മരിച്ച

സംഭവം ഇങ്ങനെ നിരന്തരമായ സംഭവങ്ങൾ കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നു. അതുപോലെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഐ.സി.യു.-വിൽ പീഡനം നടന്നു. അതിജീവിത അവിടെ സമരത്തിലാണ്. ഇത്തരം സംഭവങ്ങളിന്മേൽ പോലീസ് കർശന നടപടി സ്വീകരിക്കാത്തതിനാലാണ് നിരന്തരമായി ഇത്തരം പ്രശ്നങ്ങളുണ്ടാകുന്നത്. അതുപോലെതന്നെ കേരളത്തിൽ ലഹരി മാഫിയ ശക്തമായി പിടിമുറുക്കിയിരിക്കുകയാണ്. ആലുവയിൽ നടന്ന രണ്ട് സംഭവങ്ങളിലെയും പ്രതികൾ ലഹരിക്ക് അടിമകളായിരുന്നു.

മി. സ്പീക്കർ: ഔട്ട് ഓഫ് സിലബസിലേയ്ക്ക് പോകാൻ പാടില്ല.............

ശ്രീ. അൻവർ സാദത്ത്: സർ, സംസ്ഥാനത്തെ ലഹരിയുപയോഗം നിയന്ത്രിക്കാൻ ഗവൺമെന്റ് മുൻകൈയെടുക്കാത്തതുകൊണ്ടാണ് ലഹരി മാഫിയ കേരളത്തിൽ പിടിമുറുക്കി ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങൾ ദിനംപ്രതി വർദ്ധിക്കുന്നത്. അതിനാൽ ദിവസവുമുണ്ടാകുന്ന ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനാണ് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞങ്ങൾ ഗവൺമെന്റിനോട് ആവശ്യപ്പെടുന്നത്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, തികച്ചും ദൗർഭാഗ്യകരമായ സംഭവംതന്നെയാണ് ആലുവയിലുണ്ടായത്. ആ സംഭവത്തിൽ നാടൊന്നാകെ വേദനിക്കുകയാണ്. അത്തരം സംഭവങ്ങൾ നാട്ടിൽ നടക്കരുതെന്നാണ് എല്ലാവരും ആഗ്രഹിക്കുന്നത്. ഇത്തരം സംഭവങ്ങളിലെ കുറ്റവാളികൾ രക്ഷപ്പെടാൻ പാടില്ല. ഇവിടെ ബഹുമാനപ്പെട്ട അംഗം ആലുവയിൽ രണ്ട് സംഭവങ്ങളുണ്ടായെന്ന് പറയുകയുണ്ടായി. ഇത്തരം കാര്യങ്ങൾ നടക്കാതിരിക്കാനാവശ്യമായ കരുതൽ പൊതുവെ സംസ്ഥാനം സ്വീകരിച്ചുവരുന്നുണ്ട്. ക്രൈം ഉണ്ടായതിനുശേഷമുള്ള നടപടിയല്ല, ക്രൈം തടയലാണ് ഏറ്റവും പ്രധാനമെന്ന് ഇവിടെ പറയുകയുണ്ടായി. സമൂഹത്തിൽ ക്രൈം വർദ്ധിക്കാതിരിക്കുന്നതിനുള്ള നടപടികൾതന്നെയാണ് പൊതുവെ സംസ്ഥാനം സ്വീകരിക്കുന്നത്. അക്കാര്യത്തിൽ പൊതുവെ അഭിമാനകരമായ നില നമുക്കുണ്ടെന്നതും വസ്തുതയാണ്. അത് പൊതുവെയുള്ള ക്രമസമാധാന നിലയുമായി ബന്ധപ്പെട്ട് വരുന്നതാണ്. ആ ക്രമസമാധാനനില പരിശോധിച്ചാൽ രാജ്യത്തിനുതന്നെ അഭിമാനകരമായ രീതിയിൽ സംസ്ഥാനത്തിന്റെ ക്രമസമാധാനനില ഉയർന്നുനിൽക്കുകയാണ്. അതിനാൽ

അക്കാര്യത്തിൽ പൊതുവെ ഒരു സംസ്ഥാനം എന്ന നിലയ്ക്കും അവിടെ ജീവിക്കുന്നവർ എന്ന നിലയ്ക്കും നമുക്കെല്ലാം അഭിമാനിക്കാൻ വകയുണ്ട്. ബഹുമാനപ്പെട്ട അംഗം ജനങ്ങളുടെ ജീവനും സ്വത്തിനും രക്ഷ നൽകുകയെന്നതാണ് ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്വമെന്ന് പറയുകയുണ്ടായി. അതുതന്നെയാണ് അഭിമാനകരമായ രീതിയിൽ നമ്മുടെ സംസ്ഥാനത്ത് നിർവ്വഹിക്കപ്പെടുന്നത്. പൊതുവെ ഇവിടെയുള്ള ജനങ്ങളുടെ ജീവനും സ്വത്തിനും ഹാനികരമായ അന്തരീക്ഷമുണ്ടെന്ന തരത്തിലുള്ള ഒരാക്ഷേപവും കേൾക്കേണ്ടതായി വരുന്നില്ല. കാരണം നമ്മുടെ നാടിന്റെ ഭദ്രത കാത്തുസൂക്ഷിക്കാൻ ഗവൺമെന്റിന് കഴിയുന്നുണ്ട്. അതിൽ ജനങ്ങൾ വഹിക്കുന്ന പങ്ക് പ്രധാനമാണ്. ജനങ്ങൾ നല്ലരീതിയിൽ അതുമായി സഹകരിക്കുന്നുണ്ടെന്നാണ് കാണാൻ സാധിക്കുന്നത്. അതിനെ കേവലം ആഭ്യന്തര വകുപ്പിന്റെ മാത്രം മേന്മയായല്ല കാണേണ്ടത്. നമ്മുടെ നാടിന് അതിന്റേതായൊരു സംസ്കാരമുണ്ട്. ആ പൊതുരീതിയിൽനിന്ന് വ്യത്യസ്തമായി ഏതെങ്കിലും തരത്തിലുള്ള സംഭവങ്ങളുണ്ടായാൽ ആ സംഭവങ്ങളോട്

വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് നമ്മുടെ നാട് സ്വീകരിക്കുന്നത്. എങ്ങനെയാണ് ജീവനും സ്വത്തിനും രക്ഷയില്ലാതാകുന്നതെന്നതിന്റെ ധാരാളം ഉദാഹരണങ്ങൾ, പൊള്ളുന്ന അനുഭവങ്ങൾ നമ്മുടെ രാജ്യത്തുണ്ട്. അതൊന്നും നമ്മുടെ മണ്ണിലില്ല. അത് എങ്ങനെയുണ്ടാകുന്നുവെന്നുള്ളതിലേയ്ക്കൊന്നും ഞാനിപ്പോൾ വിശദമായി കടക്കുന്നില്ല. പക്ഷേ, അതിന് പലതിനും അടിസ്ഥാനമായി മാറുന്നത് നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന വർഗ്ഗീയതയാണ്. വർഗ്ഗീയ ശക്തികൾ അഴിഞ്ഞാടുമ്പോൾ സാധാരണ ജനങ്ങളുടെ ജീവനും സ്വത്തിനും രക്ഷയില്ലാത്ത അവസ്ഥയുണ്ടാകുന്നുണ്ട്. നമുക്ക് തലയുയർത്തി അഭിമാനത്തോടെ പറയാൻ കഴിയും, നമ്മുടെ സമൂഹത്തിന് അത്തരത്തിലുള്ള ഒരാപത്ത് നേരിടേണ്ടിവരുന്നില്ലെന്ന്. ഇവിടെ വർഗ്ഗീയതയുമായി ബന്ധപ്പെട്ട് വർഗ്ഗീയ ശക്തികളുടെ ഭാഗത്തുനിന്നും എന്തെങ്കിലും നീക്കങ്ങളുണ്ടായാൽ അത് നോക്കിനിൽക്കാതെ അതിനെതിരെ ശക്തമായ നടപടിയാണ് സ്വീകരിച്ചുവരുന്നത്. അതിന്റെ ഭാഗമായിത്തന്നെയാണ് നമ്മുടെ നാട്ടിൽ കൂടുതൽ ആപത്തുകൾ ഇല്ലാതിരിക്കുന്നത്. അഭിമാനകരമായ അന്തരീക്ഷവും

ക്രമസമാധാനപാലനവും ഇവിടെ നിലനിർത്താൻ കഴിയുന്നതും അതുകൊണ്ടുതന്നെയാണ്. ബഹുമാന്യനായ അംഗം ഇതിനിടയ്ക്ക് രാഷ്ട്രീയ ആരോപണത്തിന്റെ ഭാഗമായി ഒരു കാര്യം ഉന്നയിക്കുകയുണ്ടായി. അത് നേരത്തെ പ്രതിപക്ഷ നേതാവ് ഉന്നയിച്ചതാണെന്നുകൂടി അദ്ദേഹം പറഞ്ഞുവെന്നാണ് എനിക്ക് തോന്നിയത്. ആഭ്യന്തര വകുപ്പ് ഒരു ഗൂഢസംഘത്തിന്റെ കയ്യിലാണെന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ പറയുകയുണ്ടായി. അതൊരു പ്രത്യേക മാനസികാവസ്ഥയുടെ ഭാഗമായി പറയുന്നതാണ്. ആഭ്യന്തര വകുപ്പ് ഒരു ഗൂഢസംഘത്തിന്റെയും കയ്യിലല്ല. ആഭ്യന്തര വകുപ്പ് ശരിയായ രീതിയിൽത്തന്നെയാണ് കാര്യങ്ങൾ നിർവ്വഹിക്കുന്നതെന്ന് അഭിമാനത്തോടുകൂടിത്തന്നെ പറയാൻ സാധിക്കും. ഇവിടെ ആരാണ് ആഭ്യന്തര വകുപ്പിന്റെ ചുമതലക്കാരൻ, അങ്ങുതന്നെയാണോ ആ വകുപ്പിനെ നയിക്കുന്നതെന്ന് ബഹുമാനപ്പെട്ട അംഗം ചോദിക്കുകയുണ്ടായി. അത് എന്തുകൊണ്ടുണ്ടായ സംശയമാണ്, ഏതിന്റെ ഭാഗമായുണ്ടായ സംശയമാണ്. ഇവിടെ അവരവർ മനസ്സിൽക്കാണുന്ന കാര്യങ്ങൾക്കുവേണ്ടി ശരിയല്ലാത്ത ആരോപണങ്ങൾ

ഉയർത്തിക്കാട്ടാൻ ശ്രമിക്കുകയാണ്. അതിനായി എന്തും എങ്ങനെയും അപഹസിക്കത്തക്ക രീതിയിൽ കാര്യങ്ങൾ അവതരിപ്പിക്കാമെന്ന് കരുതുന്നതിന്റെ ഭാഗമായാണ് ഇതൊക്കെ വരുന്നത്. സംസ്ഥാനത്തെ ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനം പരിശോധിച്ചാൽ നമ്മുടെ സമൂഹത്തിന് പൊതുവെ അഭിമാനിക്കാവുന്ന കാര്യങ്ങൾ തന്നെയാണ് ചെയ്തുവരുന്നത്. ഇതിൽ ഒറ്റപ്പെട്ട സംഭവങ്ങൾ ഒറ്റപ്പെട്ടതുതന്നെയാണ്. ആ ഒറ്റപ്പെട്ടതിനെ എടുത്ത് പർവ്വതീകരിച്ച് അതാണ് കേരളത്തിലാകെയുണ്ടാകുന്നതെന്ന നിലയിൽ പ്രചരിപ്പിക്കേണ്ടതില്ല. ആഭ്യന്തര വകുപ്പ് കൃത്യമായ, അതിന്റേതായ ശ്രേണികൾവച്ചുകൊണ്ടുതന്നെയാണ് കാര്യങ്ങൾ നീക്കുന്നതെന്ന് കാണണം. അതുകൊണ്ട് അവരവരുടെ രാഷ്ട്രീയ പ്രചാരണത്തിനുവേണ്ടി നാടിനെയാകെ അപഹസിക്കാനും അഭിമാനകരമായ അന്തരീക്ഷം നിലനിൽക്കുന്നതിനെ താറടിച്ചുകാണിക്കാനുമുള്ള ബോധപൂർവ്വമായ നീക്കമായിട്ടുമാത്രമേ ഇതിനെ കാണാൻ സാധിക്കുകയുള്ളൂ. ആലുവ ഗസ്റ്റ് ഹൗസിൽ അന്ന് ഞാൻ ഉണ്ടായിരുന്നുവെന്ന് പറയുന്നത് ശരിയാണ്. പിറ്റേദിവസം രാവിലെ

ബഹുമാന്യനായ അംഗം എന്നെ വിളിക്കുകയും ചെയ്തിരുന്നു. ആ സംഭവമറിഞ്ഞ് അവിടത്തെ ഉത്തരവാദപ്പെട്ട പോലീസുദ്യോഗസ്ഥരുമായി കാര്യങ്ങൾ ചർച്ച ചെയ്യാനും എനിക്ക് കഴിഞ്ഞിരുന്നു. കുട്ടിയുടെ പിതാവ് പൊട്ടിക്കരഞ്ഞതിനെപ്പറ്റി ബഹുമാനപ്പെട്ട അംഗം ഇവിടെ പറയുകയുണ്ടായി. ആ കരച്ചിലിനോട് പൊതുവെ നമ്മുടെ നാടും ചേരുകയാണ് ചെയ്തത്. ആ സംഭവത്തെ നമ്മുടെ നാട്ടിലെ ജനങ്ങളാരും അപലപിക്കാതിരുന്നിട്ടില്ല. ഈ സംഭവത്തിൽ ഉത്തരവാദികളായവരെ പെട്ടെന്നുതന്നെ പിടികൂടണമെന്നാണ് എല്ലാവരും ആഗ്രഹിച്ചത്. പ്രതിയെ പിടികൂടുന്നതിന് എല്ലാവരുടെ ഭാഗത്തുനിന്നും സഹായമുണ്ടായിട്ടുണ്ട്. സ്വാഭാവികമായും പോലീസാണ് പ്രതിയെ പിടിക്കാൻ ശ്രമിക്കുക. പക്ഷേ, ഇക്കാര്യത്തിൽ പോലീസ് മാത്രമല്ല, നാട്ടുകാരും നല്ലരീതിയിൽ സഹായിച്ചുവെന്നുള്ളതുതന്നെയാണ് വസ്തുത.

ശ്രീ. രമേശ് ചെന്നിത്തല: സർ, കേരളം മുഴുവൻ ഞെട്ടിയ രണ്ടാമത്തെ സംഭവമാണിത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കറിയാം. ഞാൻ സംഭവ സ്ഥലത്ത് പോയതിനുശേഷം ഡി.ജി.പി.-യെ വിളിക്കുകയും അവിടത്തെ

എസ്.പി.-യോട് സംസാരിക്കുകയും ചെയ്തു. പട്രോളിംഗ് നടക്കുന്നില്ലെന്നതാണ് അവിടത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. പെരുമ്പാവൂർ, ആലുവ, അങ്കമാലി തുടങ്ങിയ പ്രദേശങ്ങളിലുണ്ടാകുന്ന ക്രിമിനൽ ആക്ടിവിറ്റീസ് തടയാൻ നടപടി സ്വീകരിക്കുന്നില്ല. ഞാൻ ഒന്നുകൂടി അന്വേഷിച്ചപ്പോൾ മനസ്സിലായത്, വാഹനങ്ങളിൽ പെട്രോളടിക്കാൻപോലും പോലീസുകാർക്ക് കാശില്ലെന്നുള്ളതാണ്. അങ്ങ് വളരെ അവധാനതയോടുകൂടിയാണ് കാര്യങ്ങൾ ചെയ്യുന്നതെന്ന് പറയുന്നു. എന്നിട്ടും രണ്ട് സംഭവങ്ങളുണ്ടായി. ഇത്തരം കാര്യങ്ങൾ ഗൗരവപൂർവ്വം പരിശോധിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ നമ്മുടെ പ്രമേയാവതാരകൻതന്നെ പട്രോളിംഗ് കുറച്ചുകൂടി ശക്തിപ്പെടുത്തണമെന്ന കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. പട്രോളിംഗ് ശക്തിപ്പെടുത്തണമെന്നുള്ള കാര്യം അന്നോ അതിന്റെ തൊട്ടടുത്ത ദിവസമോ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശമായി നൽകിയിട്ടുണ്ട്. പെട്രോളടിക്കാൻ കാശില്ലാത്തതുകൊണ്ട് എവിടെയും വാഹനം

മുടങ്ങിപ്പോയിട്ടില്ല. പക്ഷേ, കുറച്ച് വിഷമങ്ങളുണ്ടെന്നത് ശരിയാണ്, കുറച്ച് സാമ്പത്തിക പ്രയാസമുണ്ട്. പക്ഷേ, പെട്രോളടിക്കാത്തതുകൊണ്ട് പട്രോളിംഗ് മുടങ്ങിപ്പോകുന്ന അവസ്ഥയൊന്നും ഉണ്ടായിട്ടില്ല. നമ്മുടെ പോലീസിനാവശ്യമായ സ്ട്രെങ്ത്തില്ലെന്ന് ബഹുമാനപ്പെട്ട അംഗം പറയുകയുണ്ടായി. സംസ്ഥാനത്തെ പോലീസ് സേനയിൽ ആവശ്യമായ ഉദ്യോഗസ്ഥരെ റിക്രൂട്ട് ചെയ്തിട്ടുണ്ട്. ഇനിയും കൂടുതൽ പോലീസ് സേനാംഗങ്ങൾ വേണമെന്ന ആഗ്രഹം പൊതുവിലുണ്ടാകാം. അത് സർക്കാരും പരിശോധിച്ചുകൊണ്ടിരിക്കുന്ന കാര്യമാണ്. നിയമനങ്ങളൊന്നും തടഞ്ഞിട്ടില്ല. ആവശ്യത്തിനുള്ള നിയമനങ്ങൾ നടന്നിട്ടുണ്ട്. പോലീസ് സേന എങ്ങനെ കൂടുതൽ ശക്തിപ്പെടുത്താമെന്നത് പൊതുവിൽ പരിശോധിക്കേണ്ട ഒരുകാര്യം മാത്രമാണ്. ഇവിടെ ടെസ്റ്റ് കഴിഞ്ഞിരിക്കുന്നവരെ നിയമിക്കാത്ത അവസ്ഥയല്ല, സാധാരണഗതിയിൽ ലിസ്റ്റിൽനിന്നും കുറേയാളുകൾ ഒഴിവാക്കപ്പെടുകയും കാലാവധി കഴിയുമ്പോൾ പുതിയ ലിസ്റ്റ് വരികയും ചെയ്യും. അതിന്റെ ഭാഗമായിവരുന്ന കാര്യമാണത്. സാധാരണഗതിയിൽ അവരെ നിയമിക്കാൻ സാധിക്കില്ല. കാരണം, പത്തുപേരെ ആവശ്യമുള്ള

സ്ഥാനത്ത് അതിന്റെ എത്രയോ ഇരട്ടി ഉദ്യോഗാർത്ഥികളാണ് ലിസ്റ്റിൽ ഉൾപ്പെട്ടുവരുന്നത്. അതിൽനിന്നും പത്തുപേരെ മാത്രമെ നിയമിക്കാൻ സാധിക്കുകയുള്ളൂ. അതിന്റെ ഭാഗമായി ബാക്കിയുള്ളവർക്കെല്ലാം നിയമന സാധ്യത ഇല്ലാതാകുന്നുവെന്നുള്ളതാണ് വസ്തുത. അതൊരു പ്രശ്നം തന്നെയാണ്. ആലുവ ഗസ്റ്റ് ഹൗസിൽ സുരക്ഷയൊരുക്കുമ്പോൾ നാട്ടിൽ ആവശ്യമായ നടപടികളുണ്ടാകുന്നില്ലെന്ന് പറയുന്നത് ശരിയല്ല. സാധാരണഗതിയിൽ പട്രോളിംഗിനും ലോക്കൽ ഡ്യൂട്ടിക്കുമൊക്കെ പ്രത്യേകം ടീമുകളാണ്, അവരെല്ലാം അതേരീതിയിൽത്തന്നെ അവിടെ തുടരും. ഈ പറഞ്ഞ പ്രത്യേക പ്രശ്നങ്ങൾ എന്തെങ്കിലും ഉണ്ടോയെന്നുള്ളത് പ്രത്യേകമായി പരിശോധിക്കുകയും ചെയ്യാം. അതിനൊന്നും മറ്റ് യാതൊരു തടസ്സങ്ങളുണ്ടാകില്ല. ഇതാണ് ഇദ്ദേഹം സൂചിപ്പിച്ച കാര്യങ്ങളെക്കുറിച്ച് എനിക്ക് പറയാനുള്ളത്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനും അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും രാജ്യത്തുതന്നെ ഏറ്റവും മികച്ച റെക്കോഡാണ് നമ്മുടെ സംസ്ഥാനത്തിനുള്ളത്. ചില പ്രദേശങ്ങളിൽ ചില

സംഭവങ്ങളുണ്ടാകുന്നുവെന്നത് വസ്തുതയാണ്. ഇതിനെ നമുക്ക് മറികടക്കാനാകണം. അതിന് നമ്മുടെ എല്ലാ പൊതു പ്രസ്ഥാനങ്ങളുടേയും ബോധപൂർവ്വമായ ഇടപെടൽകൂടി ഉണ്ടാകേണ്ടതായിട്ടുണ്ട്. വൈകാരികമായ പ്രതികരണങ്ങൾക്കപ്പുറം നാടിന്റെ സ്വൈര്യജീവിതത്തിന് തടസ്സമുണ്ടാക്കുന്ന ഏത് തരം നീക്കത്തെയും ഒരുമിച്ച് നേരിടാനും തള്ളിപ്പറയാനും നമ്മുടെ സമൂഹത്തിനാകെ കഴിയേണ്ടതുണ്ട്. ആലുവ സംഭവത്തിലുണ്ടായ അനുഭവം ഇക്കാര്യത്തിൽ എടുത്തുപറയേണ്ടതാണ്. ആലുവയിൽ എട്ട് വയസ്സുകാരിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ച പ്രതിയെ പിടികൂടാൻ സഹായിച്ചത് അവിടത്തെ രണ്ട് ചുമട്ടുതൊഴിലാളികളാണ്. തിരുവല്ലൂർ സ്വദേശി ശ്രീ. ജി. മുരുകൻ, തുരുത്ത് സ്വദേശി വി.കെ. ജോഷി എന്നിവരാണ് പോലീസിന്റെ സഹായികളായി പുഴ നീന്തിച്ചെന്ന് പ്രതിയെ പിടികൂടിയത്. പെൺകുട്ടിയെ കണ്ടെത്തിയ സംഭവത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം തന്നെ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. സാമൂഹ്യവിരുദ്ധ സ്വഭാവമുള്ള ചിലർ സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ സംഘടിച്ച് നടത്തുന്ന കുറ്റകൃത്യങ്ങൾ തടയാൻ പോലീസ് പ്രതിജ്ഞാബദ്ധമാണ്. അത്തരമൊരു

കേന്ദ്രമാണ് ആലുവയിൽ മേൽ കുറ്റകൃത്യം നടന്ന സ്ഥലം. കൃത്യമായ പട്രോളിംഗിലൂടെയും മറ്റ് പോലീസ് നടപടികളിലൂടെയും അങ്ങനെയുള്ള സംഘങ്ങളെ അടിച്ചമർത്തുക തന്നെ ചെയ്യും. ഇതിൽ പൊതുജനങ്ങളുടെയാകെ സഹായം പോലീസിനുവേണ്ടതുണ്ട്. ഉപജീവനത്തിനായി നമ്മുടെ നാട്ടിലെത്തുന്ന അതിഥിത്തൊഴിലാളികൾ ആക്രമിക്കപ്പെടുകയും ചിലർ കുറ്റവാളികളാവുകയും ചെയ്യുന്നുണ്ടെന്നത് ഒരു വസ്തുതയാണ്. ആ രംഗത്ത് കൂടുതൽ സമഗ്രവും ഫലപ്രദവുമായ ചില നടപടികളിലേക്ക് സർക്കാർ കടന്നിട്ടുണ്ട്. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന അതിഥിത്തൊഴിലാളികളുടെ വിവരശേഖരണം പോലീസ് സ്റ്റേഷനുകൾ മുഖേന നടത്തുന്നുണ്ടെങ്കിലും ക്രിമിനൽ പശ്ചാത്തലമുള്ളവരുടെയോ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട ശേഷം സംസ്ഥാനത്ത് എത്തുന്നവരുടെയോ വിവരങ്ങൾ ശേഖരിക്കുന്നതിന് ചില പരിമിതികൾ പോലീസ് നേരിടുന്നുണ്ട്. തൊഴിൽദാതാക്കളോ കരാറുകാരോ വീട് വാടകയ്ക്ക് നൽകുന്നവരോ അതിഥിത്തൊഴിലാളികളുടെ വിവരങ്ങൾ കൃത്യമായി ശേഖരിച്ചുവയ്ക്കാത്തതുമൂലം ഇവരുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്താൻ

കഴിയുന്നില്ല. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതിഥിത്തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും അവരുടെ രജിസ്ട്രേഷനുമായി തൊഴിൽ വകുപ്പ് 'അതിഥി' പോർട്ടൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. അതിഥിത്തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ തൊഴിൽദാതാക്കളിൽനിന്ന് ശേഖരിക്കണമെന്ന് എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതിഥിത്തൊഴിലാളികളുടെ വിവരങ്ങളും അവർ താമസിക്കുന്ന കെട്ടിട ഉടമയുടെയും ആരുടെ കീഴിലാണ് ജോലി ചെയ്യുന്നത് തുടങ്ങിയ വിവരങ്ങളും പോലീസ് സ്റ്റേഷനുകളിലെ മൈഗ്രന്റ് ലേബർ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട്. അതിഥിത്തൊഴിലാളികളുടെ അപ്ഡേറ്റ് ചെയ്ത വിവരങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കി ശേഖരിക്കുന്നതിന് ഐ.ജി. തലംവരെയുള്ള എല്ലാ ഉയർന്ന പോലീസ് ഓഫീസർമാർക്കും പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. ജനമൈത്രി പോലീസ് ഉദ്യോഗസ്ഥർ റസിഡന്റ്സ് അസോസിയേഷനുകളുമായി സഹകരിച്ച് അപരിചിതരായവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നുണ്ട്. ഇതിനു പുറമെ

സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സ്പെഷ്യൽ പ്രൊട്ടക്ഷൻ ഗ്രൂപ്പ് എന്നിവരുടെ സഹകരണത്തോടെ സ്കൂളുകളിലും പരിസരപ്രദേശങ്ങളിലും കുട്ടികൾക്ക് ആവശ്യമായ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം റസിഡൻഷ്യൽ ഏരിയകളിൽ കുട്ടികൾ അപരിചിതരുമായി സഹകരിക്കുന്നത് ഒഴിവാക്കുന്നതിനുള്ള ബോധവത്ക്കരണവും നടത്തുന്നുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ പ്രതിരോധിക്കുന്നതിനും യഥാസമയം പ്രതികരിക്കുന്നതിനും അവരെ സജ്ജമാക്കുന്നതിനുമായി ജനമൈത്രി പോലീസ് പ്രചാരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഗാർഹിക പീഡനം, സ്ത്രീധനവുമായി ബന്ധപ്പെട്ട പരാതികൾ എന്നിവ പോലീസ് സ്റ്റേഷനുകളിൽ നേരിട്ട് എത്താതെതന്നെ നൽകുന്നതിന് പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ട്. അസമയത്ത് വഴിയിൽ ഒറ്റപ്പെട്ടുപോകുന്ന വനിതകൾക്കും മുതിർന്ന പൗരന്മാർക്കും സുരക്ഷ ഒരുക്കുന്നതിനായി 'നിഴൽ' എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമായി സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിവിധ സുരക്ഷാ പദ്ധതികളെ സംബന്ധിച്ച വിശദ വിവരങ്ങൾ വിവിധ

സന്ദർഭങ്ങളിൽ ഈ സഭയിൽ നൽകിയിട്ടുള്ളതുമാണ്. പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാനത്ത് നിലവിലുള്ള പ്രത്യേക കോടതികൾക്ക് പുറമെ 56 അതിവേഗ കോടതികൾ ആരംഭിക്കാൻ തീരുമാനിച്ചതിൽ 54 എണ്ണത്തിന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ഈ കോടതികളിൽ പ്രത്യേക പ്രോസിക്യൂട്ടർ ഉൾപ്പെടെയുള്ളവരെ നിയമിച്ചിട്ടുണ്ട്. കേസുകളുടെ വിചാരണ, തീർപ്പാക്കൽ എന്നിവ നിരീക്ഷിക്കുന്നതിനുള്ള പ്രത്യേക സമിതി മാസത്തിലൊരിക്കൽ കേസുകളുടെ പുരോഗതി വിലയിരുത്തിവരുന്നു. ജില്ലാതലത്തിൽ പോക്സോ കേസുകളുടെ അന്വേഷണ പുരോഗതി വിലയിരുത്തുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ആവർത്തിച്ചൊരു കാര്യം വ്യക്തമാക്കട്ടെ; സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങൾ അതീവ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. എത്ര നിസാരമായ കുറ്റകൃത്യമായാൽപ്പോലും അവയെ നിയമത്തിനു മുന്നിൽ കൊണ്ടുവരുന്നതിലും കുറ്റവാളികൾക്ക് അർഹമായ ശിക്ഷ ഉറപ്പാക്കുന്നതിലും ഒരു വിട്ടുവീഴ്ചയും ഉണ്ടാകില്ല. ഇവിടെ പ്രതിപാദിക്കപ്പെട്ട എല്ലാ വിഷയങ്ങളിലും നടപടി സ്വീകരിച്ച

എന്നതുകൊണ്ട് സർക്കാരിന്റെ ഉത്തരവാദിത്വം കഴിഞ്ഞുവെന്ന് കരുതുന്നില്ല. ഇത്തരം ഏത് വിഷയമുണ്ടായാലും സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ച് അവയെ തടയാൻ സമൂഹം ഒറ്റക്കെട്ടായി മുന്നോട്ടുപോകണം, പോലീസിന് സഹായം നൽകുകയും വേണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുകയാണ്. സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായ ഒരു വിഷയവും ഇതിലില്ലെന്നുള്ളതാണ് എനിക്ക് ആവർത്തിച്ച് വ്യക്തമാക്കാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഹൃദയം നുറുങ്ങുന്ന സംഭവങ്ങളാണ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടാകുന്നത്. ഇത്തരം വാർത്തകൾ കേൾക്കുമ്പോഴും സംഭവ സ്ഥലത്ത് പോകുമ്പോഴും നമ്മുടെ മനസ്സ് തകർന്നുപോകുകയാണ്. അമ്മയുടെ കൂടെ കിടന്നുറങ്ങിയ അഞ്ചും എട്ടും വയസ്സുള്ള കുഞ്ഞുങ്ങളെ എടുത്തുകൊണ്ടുപോയി പീഡിപ്പിച്ച്

കൊല്ലുകയാണ്. വ്യാപകമായി ഇത്തരം സംഭവങ്ങൾ ആവർത്തിക്കുകയാണ്. ആലുവയിലുണ്ടായ രണ്ട് സംഭവങ്ങളെക്കുറിച്ചാണ് ബഹുമാന്യനായ അംഗം ശ്രീ. അൻവർ സാദത്ത് ഇവിടെ സൂചിപ്പിച്ചത്. തിരൂരങ്ങാടിയിൽ നാല് വയസ്സുകാരി, അർത്തുങ്കലിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടി, ആലപ്പുഴ നീലംപേരൂരിലും കഴക്കൂട്ടത്തും വഞ്ചിയൂരിലും മെഡിക്കൽകോളേജ് ഐ.സി.യു-വിലും യുവതികൾ, ഇങ്ങനെ നിരവധി സംഭവങ്ങളുണ്ടായി. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിന് മൂക്കിന് താഴെ സ്ത്രീകൾക്ക് പകൽ പോലും നടക്കാൻ കഴിയാത്ത എത്രയോ സംഭവങ്ങളുണ്ടായി. എത്രയോ ആക്രമണങ്ങളുണ്ടായി. മൃൂസിയത്ത് കുഞ്ഞുങ്ങൾക്ക് നേരെ ആക്രമണമുണ്ടായി. കുഞ്ഞുങ്ങൾക്കെതിരെയുള്ള ആക്രമണങ്ങൾ വർദ്ധിക്കുകയാണ്. ഒറ്റപ്പെട്ട സംഭവങ്ങളെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. 2016-ൽ കുഞ്ഞുങ്ങൾക്കെതിരെ ഉണ്ടായിട്ടുള്ള കൊഗ്നിസിബിൾ ക്രൈം 2879 ആണ്. 2022-ൽ അത്തരം ഒറ്റപ്പെട്ട ക്രൈമുകളുടെ എണ്ണം 5315 ആണ്. യഥാർത്ഥത്തിൽ ഗുണ്ടകളും ക്രിമിനലുകളും ഹാബിച്വൽ ഒഫന്റേഴ്സും

സംസ്ഥാനത്ത് അഴിഞ്ഞാടുകയാണ്. മയക്കുമരുന്ന് സംഘങ്ങളുടെ കൈപ്പിടിയിലാണ് കേരളം. മുഖ്യമന്ത്രി അഭിമാനബോധത്താൽ തല ഉയർത്തി നിൽക്കുകയാണ്. കേരളത്തിൽ ഇത്രയും ക്രൈം വർദ്ധിച്ചൊരു കാലഘട്ടമുണ്ടായിട്ടുണ്ടോ? പുറത്തുവരാത്ത എത്രയോ വാർത്തകളുണ്ട്. അഞ്ചും ആറും ബൈക്കുകളിലെത്തി പല സംഘങ്ങൾ വീടുകൾ കടന്നാക്രമിക്കുന്നു, കടകൾ കയറി ആക്രമിക്കുന്നു, എതിരാളികളെ വഴിയിലിട്ട് കുത്തിക്കൊല്ലുന്നു. തിരുവനന്തപുരത്തല്ലേ വെട്ടിയെടുത്ത കാലുമായി ബൈക്കിൽ പ്രകടനം നടത്തിയത്; സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ഇത്തരം സംഭവങ്ങൾ എന്തുകൊണ്ട് വർദ്ധിച്ചു വരുന്നുവെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ? മയക്കുമരുന്നിന്റെ വർദ്ധനയാണോ ഇതിനുള്ള പ്രധാനപ്പെട്ട കാരണം; ദയാരഹിതമായി, ക്രൂരമായി കുറ്റകൃത്യം നടത്തുന്ന ആളുകളുടെ എണ്ണം നമ്മുടെ നാട്ടിൽ വർദ്ധിച്ചു വരികയാണ്. കുഞ്ഞുങ്ങളെന്നോ സ്ത്രീകളെന്നോ പ്രായമായവരെന്നോ പരിഗണിക്കാതെയുള്ള ക്രൂരമായ അക്രമങ്ങളാണ് ഈ

സംസ്ഥാനത്തുടനീളം അരങ്ങേറിക്കൊണ്ടിരിക്കുന്നത്. ഇതിനെ നേരിടാനുള്ളൊരു പ്ലാൻ ഓഫ് ആക്ഷൻ അങ്ങയുടെ പോലീസിനുണ്ടോ; എന്താണ് പോലീസിന്റെ പദ്ധതി? മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര ബലാത്സംഗ കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്ര കേസ്സുകളിൽ മുഴുവൻ പ്രതികളെയും പിടികൂടിയിട്ടുണ്ട്; എത്ര കേസ്സുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; എത്ര കേസ്സുകളിൽ പ്രതികളെ വെറുതെ വിട്ടിട്ടുണ്ട്, വിശദാംശങ്ങൾ തരുമോ എന്നിങ്ങനെ നിയമസഭയിൽ ചോദിച്ച ചോദ്യങ്ങൾക്ക് ക്രോഡീകരിച്ച വിവരങ്ങൾ ലഭ്യമല്ലെന്നാണ് മറുപടി നൽകിയത്. എത്ര പോക്സോ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന ചോദ്യത്തിനും ക്രോഡീകരിച്ച വിവരങ്ങൾ ലഭ്യമല്ലെന്നാണ് മറുപടി. ലഹരിക്ക് അടിമപ്പെട്ടവർ പ്രതികളായ എത്ര കൊലപാതക കേസ്സുകളും അക്രമങ്ങളും ഉണ്ടായിട്ടുണ്ടെന്ന വിശദാംശം ജില്ല തിരിച്ച് നൽകാമോ; പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുള്ള എത്ര കേസ്സുകളുണ്ട്, പ്രതികൾക്ക് മാനസികാസ്വാസ്ഥ്യം ഉള്ളതായി ഇതിൽ എത്ര കേസ്സുകളിൽ

കണ്ടെത്തിയിട്ടുണ്ട്? ഇവയ്യൊന്നിനും ക്രോഡീകരിച്ച വിവരങ്ങളില്ല. പോലീസിന് ഇത്തരം കാര്യങ്ങളെപ്പറ്റി ഒരു ഡാറ്റാബേസ് ഇല്ലാതെ എങ്ങനെയാണ് ക്രൈം തടയാൻ സാധിക്കുന്നത്? ഇത്തരം സംഭവങ്ങളുണ്ടായിക്കഴിയുമ്പോൾ പോലീസ് അന്വേഷണം നടത്തി കുറച്ചു കേസ്സുകളിൽ പ്രതികളെ പിടികൂടും കുറച്ചു കേസ്സുകളിൽ പ്രതികളെ കിട്ടുകയുമില്ല. ഇതാണോ ആധുനിക പോലീസിംഗ്? ഈ പോലീസിംഗിനെക്കുറിച്ചാണോ മുഖ്യമന്ത്രി തല ഉയർത്തിപ്പിടിച്ച് അഭിമാനബോധത്തോടുകൂടി സംസാരിച്ചത്. എന്താണ് നിങ്ങളുടെ കയ്യിലുള്ള ക്രൈം റെക്കോഡ്; മയക്കുമരുന്നുമായി ബന്ധപ്പെട്ട് എത്ര കേസ്സുകളുണ്ടായിട്ടുണ്ട്, അതിലെത്ര പോക്സോ കേസ്സുകളുണ്ടായിട്ടുണ്ട്, എങ്ങനെയുള്ള ആളുകളാണ് ഹാബിച്വൽ ഒഫന്റേഴ്സ്? ചില കേസുകളിൽ പിടികൂടപ്പെടുന്ന പ്രതികൾ ജാമ്യത്തിലിറങ്ങിയാൽ അവർ എങ്ങോട്ട് പോകുന്നു; അവരെ നിരീക്ഷിക്കാനുള്ള സംവിധാനമുണ്ടോ; നിങ്ങളുടെ ഇന്റലിജൻസ് സംവിധാനവും സ്പെഷ്യൽ ബ്രാഞ്ച് സംവിധാനങ്ങളും

ദയനീയമായി പരാജയപ്പെട്ടു. നിങ്ങൾക്ക് ഒരു സിസ്റ്റവുമില്ല, ആധുനിക കാലത്തെ പോലീസിംഗിന്റേതായ ഒരു സംവിധാനവുമില്ല. ലൈംഗിക കുറ്റവാളികളുടെ പേരും വിവരവുമുൾപ്പെട്ടിട്ടുള്ള ഡാറ്റാ ബേസ് വഴി ഇത്തരം കുറ്റവാളികളെ നിരീക്ഷിക്കുകയും ഭാവിയിലെ കുറ്റകൃത്യം പ്രതിരോധിക്കുകയും ചെയ്യുകയെന്നതാണ് ലക്ഷ്യം വയ്ക്കുന്നത്. ഏത് ചോദ്യത്തിന് ഇവിടെ ഉത്തരം പറയും; ഇതര സംസ്ഥാന തൊഴിലാളികളുടെ കാര്യങ്ങളൊക്കെ തൊഴിൽ വകുപ്പ് നോക്കുന്നുവെന്നതിന് ഒരു റെക്കോഡും കേരളത്തിലില്ല. ഇതര സംസ്ഥാന തൊഴിലാളികൾ ആരെല്ലാം വരുന്നുണ്ട്, താമസിക്കുന്നുണ്ട്, അതിൽ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വന്ന ക്രിമിനലുകളുണ്ടോ, അവന്റെ ബാക്ക്ഗ്രൗണ്ട് എന്താണ് എന്നത് സംബന്ധിച്ച് ഒരു പരിശോധനയും നടക്കുന്നില്ല. അമ്മയുടെ കൂടെക്കിടക്കുന്ന കുഞ്ഞിനെ ആർക്കും വന്ന് പിടിച്ചുകൊണ്ടുപോയി പീഡിപ്പിച്ച് കൊല്ലാവുന്ന സാഹചര്യം നമ്മുടെ സംസ്ഥാനത്തുണ്ടായിരിക്കുന്നു. ഒരു പട്രോളിംഗുമില്ല. പട്രോളിംഗിനാവശ്യമായ പോലീസുമില്ല. കുറ്റാന്വേഷണവും ക്രമസമാധാന

പാലനവും വേർതിരിക്കുമെന്ന് എത്രയോ പ്രാവശ്യം ഇവിടെ പറഞ്ഞു. കുറ്റാന്വേഷണം, ക്രമസമാധാനപാലനം, എസ്കോർട്ട് പോകൽ എന്നിവയെല്ലാം നടത്തുന്നത് ഒരേ പോലീസുകാരാണ്. ഇതൊന്നും നോക്കാൻ ഒരു സംവിധാനവുമില്ല. ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുന്ന കാര്യത്തിൽ സർക്കാർ ദയനീയമായി പരാജയപ്പെട്ടുവെന്നതാണ് യാഥാർത്ഥ്യം. 2016-ൽ പെരുമ്പാവൂരിൽ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് ജിഷയുടെ കൊലപാതകമുണ്ടായി. നിങ്ങൾ സംസ്ഥാനത്ത് എത്രത്തോളമാണ് ആഘോഷിച്ചത്. സംസ്ഥാനം മുഴുവൻ അന്നത്തെ ഗവൺമെന്റിനെതിരായി നിങ്ങൾ എത്ര പ്രശ്നങ്ങളാണുണ്ടാക്കിയത്. പെരുമ്പാവൂരിന്റെ തൊട്ടടുത്താണ് ആലുവ. എട്ട് വയസ്സുകാരിയും അഞ്ച് വയസ്സുകാരിയുമാണ് പീഡിപ്പിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്തത്. ഇതുപോലുള്ള സംഭവങ്ങൾ തടയാനുള്ള ഒരു ഏർപ്പാടും നിങ്ങൾക്കില്ല. ആഭ്യന്തരവകുപ്പ് ഒരു സംഘം ഹൈജാക്ക് ചെയ്തിട്ടുണ്ടെന്ന് പറഞ്ഞപ്പോൾ, ബഹു. മുഖ്യമന്ത്രി നല്ല രീതിയിൽ ചൂടായി.

ഇന്നലെ ആരോപണം ഉന്നയിച്ചപ്പോൾ അവരുടെ മനോനില പരിശോധിക്കണമെന്ന് അങ്ങ് പറഞ്ഞു. ഇന്ന് പ്രതിപക്ഷനേതാവിന്റെ മനോനില പരിശോധിക്കണമെന്ന് അങ്ങ് പറഞ്ഞു. വിമർശനം ഉന്നയിക്കുന്നവരുടെ മനോനിലയെക്കുറിച്ച് സംശയമുള്ളത് വേറൊരു രോഗമാണ്. അതിനാണ് ചികിത്സ വേണ്ടത്. എന്തെല്ലാം സംഭവങ്ങൾ ഈ സംസ്ഥാനത്തുണ്ടായി; നിങ്ങളുടെ പോലീസിന്റേത് ഇരട്ടനീതിയാണ്. നിങ്ങൾ ആവശ്യമില്ലാത്ത കേസുകളെടുക്കും. XXXXXX + നിങ്ങൾ എന്താണ് ചെയ്യുന്നത്; 94 വയസ്സുകാരനായ ഗ്രോവാസുവിനെ കോടതിയിൽ കൊണ്ടുവന്നപ്പോൾ മുദ്രാവാക്യം വിളിച്ചതിന് പോലീസ് വായ പൊത്തിപ്പിടിക്കുന്നു. എടോ, നിങ്ങൾ കമ്യൂണിസ്റ്റ് സർക്കാരല്ലേ; മുദ്രാവാക്യം വിളിച്ചുവന്നവരല്ലേ നിങ്ങൾ? വിപ്ലവപാർട്ടിയല്ലേ; ഒരു തൊണ്ണൂറ്റിനാല് വയസ്സുകാരൻ പതിഞ്ഞ ശബ്ദത്തിൽ മുദ്രാവാക്യം വിളിച്ചപ്പോൾ അദ്ദേഹത്തിന്റെ വായ പൊത്തിപിടിച്ച നിങ്ങളുടെ പോലീസ്.

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം. 15358/ഇ.ബി./2023/നി.സെ. തീയതി 13-09-2023) സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

(......ബഹളം......) പോലീസ് തൊപ്പിവച്ച് ഗ്രോവാസുവിന്റെ മുഖം മറച്ചുപിടിക്കുകയും മുദ്രാവാക്യം വിളിക്കാതിരിക്കാൻ വായ പൊത്തിപ്പിടിക്കുകയുമാണ്. (......ബഹളം......) ഇതാണോ പോലീസിന്റെ ജോലി; (......ബഹളം......) ഞാൻ കംപ്ലീറ്റ് ചെയ്യട്ടെ; ഞാൻ വഴങ്ങാം, നിങ്ങൾ അവിടെ ഇരിക്കൂ.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മിനിസ്റ്റർ അവിടെ ഇരിക്കൂ. പ്ലീസ്......പ്ലീസ്..... അദ്ദേഹം വഴങ്ങാതിരുന്നാൽ വേറൊരു രക്ഷയുമില്ല. .....പ്ലീസ്......പ്ലീസ്......അങ്ങ് സംസാരിക്കൂ. (......ബഹളം......) വഴങ്ങാതിരുന്നാൽ നമുക്ക് എന്ത് ചെയ്യാൻ പറ്റും; പ്രതിപക്ഷനേതാവ് സംസാരിക്കൂ.......പ്ലീസ്......പ്ലീസ്...... മിനിസ്റ്റർ അവിടെയിരിക്കൂ. (......ബഹളം......) അവർ വഴങ്ങുന്നില്ല. എന്ത് ചെയ്യാൻ കഴിയും. അങ്ങ് സംസാരിക്കൂ; യീൽഡ് ചെയ്യാൻ തയ്യാറാണോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പറയട്ടെ, ഞാൻ സംസാരിച്ചുകൊണ്ടിരിക്കുകയല്ലേ?

മി. സ്പീക്കർ: മിനിസ്റ്റർക്ക് പിന്നെ അവസരം തരാം. ബഹുമാനപ്പെട്ട മിനിസ്റ്റർ അവിടെയിരിക്കു......പ്ലീസ്......പ്ലീസ്...... (......ബഹളം......)

ശ്രീ. വി. ഡി. സതീശൻ: സർ, മുഖ്യമന്ത്രി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ശ്രീ. രമേശ് ചെന്നിത്തല എഴുന്നേറ്റു. ഞാനിത് തീർത്തിട്ട് ഇരിക്കാമെന്നാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹം സംസാരം പൂർത്തിയാക്കിയതിനുശേഷമാണ് ഇരുന്നത്. ഞാൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ മന്ത്രി എഴുന്നേറ്റുനിന്ന് സംസാരം തുടങ്ങുകയാണ്. അതാണോ മര്യാദ? ഞാൻ വഴങ്ങാമെന്ന് പറഞ്ഞു. (......ബഹളം......)

മി. സ്പീക്കർ: പ്രതിപക്ഷനേതാവ് സംസാരിക്കു .....പ്ലീസ്......പ്ലീസ്...... അവിടെയിരിക്കു. (......ബഹളം......) ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് നിങ്ങളുടെ അംഗങ്ങളെ ഇരുത്തണം. അവിടെയിരിക്കു. (......ബഹളം......)

ശ്രീ. വി. ഡി. സതീശൻ: സർ, ഇവരാണോ കുഴപ്പമുണ്ടാക്കുന്നത്. (......ബഹളം......) ഇതിനൊക്കെ ചില നടപടിക്രമങ്ങളുണ്ട്. ഞാൻ ഇന്നലെ സംസാരിക്കാൻ എഴുന്നേറ്റപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗം പൂർത്തിയാക്കിക്കോട്ടെയെന്ന് പറഞ്ഞപ്പോൾ ഞങ്ങൾ സീറ്റിലിരുന്നു.

മി. സ്പീക്കർ: ആ വിഷയം നേരത്തെ ക്ലിയർ ചെയ്തതാണല്ലോ?

ശ്രീ. വി. ഡി. സതീശൻ: സർ, ആ വിഷയം ഞാനല്ലേ ക്ലിയർ ചെയ്യേണ്ടത്? ഞാൻ ഒരു പോയിന്റ് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ......... (ബഹളം).....ഈ മനോനിലയാണ് അങ്ങ് പരിശോധിക്കേണ്ടത്. ഇത് അസഹിഷ്ണുതയാണ്. എന്നെ ഭീഷണിപ്പെടുത്തി ഇരുത്താമെന്ന് നിങ്ങളാരും കരുതേണ്ട. നിങ്ങൾ 99 പേരും എഴുന്നേറ്റുനിന്നാലും ഞാൻ ഇരിക്കില്ല. ഭീഷണിപ്പെടുത്തിയൊന്നും ഇരുത്താൻ നോക്കേണ്ട. അതൊക്കെ കയ്യിൽ

വച്ചാൽ മതി. ഈ ഗവൺമെന്റും ഇവിടത്തെ പോലീസും ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിൽ പരാജയപ്പെട്ടു. സംസ്ഥാനത്ത് വ്യാപകമായി അതിക്രമങ്ങൾ വർദ്ധിക്കുകയാണ്. ഗുണ്ടായിസവും മയക്കുമരുന്ന് സംഘങ്ങളും കാരണം പുറത്തിറങ്ങാൻപോലും ആളുകൾക്ക് പേടിയാണ്. അത്രമാത്രം സംഭവങ്ങളാണ് ഇവിടെ റിപ്പോർട്ട് ചെയ്യുന്നത്. ആലുവയിൽ രണ്ട് പിഞ്ചുകുഞ്ഞുങ്ങൾക്ക് നേരെയുണ്ടായ അക്രമം ഒറ്റപ്പെട്ട സംഭവം മാത്രമാണെന്ന് പറഞ്ഞ് ഈ പോലീസിനെക്കുറിച്ച് അഭിമാനിച്ച് നിൽക്കുകയാണ്. ഇവിടെ ഇരട്ട നീതിയാണ് പോലീസ് നടപ്പാക്കുന്നത്. അക്കാര്യം ഞാൻ കഴിഞ്ഞ ദിവസം പറഞ്ഞതാണ്. പോക്സോ കേസിൽ ഇടപെട്ട നിങ്ങളുടെ എം.എൽ.എ.-യെ സംഘടനാപരമായി തരംതാഴ്ത്തി. (......ബഹളം......) നിങ്ങൾ കേസെടുത്തോ? പോക്സോ കേസിലെ പ്രതിയെ മാറ്റി കൊടുത്തു. തൃശ്ശൂരിലും ആലപ്പുഴയിലും സ്ത്രീകൾ അപമാനിക്കപ്പെട്ട നിരവധി സംഭവങ്ങളുണ്ടായി. അതെല്ലാം പാർട്ടി പോലീസ് സ്റ്റേഷനും പാർട്ടി കോടതിയുമായി ഒതുക്കിത്തീർക്കുകയാണ്. ഇവിടെ പോലീസിന്റെ hierarchy നഷ്ടപ്പെട്ടു. (....ബഹളം....)

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, അങ്ങയുടെ ആളുകളെ ഇരുത്തു, ഭരണകക്ഷി അംഗങ്ങളോട് ഞാൻ പറയാം. പ്ലീസ് അവിടെ ഇരിക്കു.

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, ഒന്നുകൂടി പറയാം, ഇവിടെ പോലീസിന്റെ hierarchy തകർന്നു. ഡി.ജി.പി. പറഞ്ഞാൽ എസ്.പി.-യും എസ്.പി. പറഞ്ഞാൽ എസ്.എച്ച്.ഒ.-യും കേൾക്കില്ല. എസ്.പി. കേൾക്കണമെങ്കിൽ പാർട്ടി ജില്ലാ സെക്രട്ടറി പറയണം. ഇങ്ങനെ പാർട്ടി പോലീസ് കേസും പാർട്ടി കോടതിയുമാക്കി ഒരു ഉപജാപക സംഘം സംസ്ഥാനത്തെ പോലീസ് ഭരണത്തെ ഹൈജാക്ക് ചെയ്തതിന്റെ ദുരന്തഫലമാണ് ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായി നടക്കുന്ന അതിക്രമങ്ങളിലും കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിലും സർക്കാർ ദയനീയമായി പരാജയപ്പെട്ടു. സർക്കാരിന് ഒരു പ്ലാനും പരിപാടിയുമില്ല, ഇപ്പോൾ ചെയ്യുന്ന കാര്യങ്ങളിൽ അഭിമാനത്തോടെ മുഖ്യമന്ത്രി തല ഉയർത്തിനിൽക്കുകയാണ്. ഒരു നടപടിയും സ്വീകരിക്കാത്ത സർക്കാരിന്റെ

നിരുത്തരവാദപരമായ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു. (....ബഹളം....)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

മി. സ്പീക്കർ: മിനിസ്റ്റർ സംസാരിക്കട്ടെ, (....ബഹളം....)

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ആൾമാറാട്ടത്തെ ന്യായീകരിക്കാൻ പ്രതിപക്ഷ നേതാവിന് അധികാരമില്ല. ആൾമാറാട്ടമാണ് കോട്ടയത്ത് നടന്നത്. (....ബഹളം....)

(പ്രതിപക്ഷ ഉപനേതാവിനെ സംസാരിക്കാൻ അനുവദിക്കാത്തതിനാൽ വാക്കൗട്ട് നടത്തി പുറത്തുപോയ അംഗങ്ങൾ സഭയിൽ തിരിച്ചെത്തി ബഹളം വച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ: പ്രതിപക്ഷ ഉപനേതാവ് തയ്യാറായല്ലോ..പിന്നെ എന്തിനാണ് നിങ്ങൾ പ്രശ്നമുണ്ടാക്കുന്നത്? ഒരു ക്ലാരിഫിക്കേഷൻ മാത്രമാണ്. Just a clarification. പ്ലീസ്... പ്ലീസ്.

<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>: സർ, പ്രതിപക്ഷ നേതാവ് ആൾമാറാട്ടത്തെക്കുറിച്ചാണ് സൂചിപ്പിച്ചത്. മൃഗസംരക്ഷണ വകുപ്പിലെ ഒരു ഉദ്യോഗസ്ഥയെയും അവിടെ ഞങ്ങൾ എടുത്തിട്ടില്ല.

<u>മി. സ്പീക്കർ</u>: പോയിന്റ് ക്ലിയറാണ്. അംഗങ്ങൾ വാക്കൗട്ട് നടത്തി ഇറങ്ങിപ്പോയവരാണ്. ഇപ്പോൾ പ്രതിപക്ഷ ഉപനേതാവാണ് സംസാരിക്കേണ്ടത്. പ്രതിപക്ഷ ഉപനേതാവ് വഴങ്ങിയല്ലോ? പ്രതിപക്ഷ ഉപനേതാവിന്റെ കൺസെന്റ് പ്രകാരമാണ് മിനിസ്റ്റർ സംസാരിച്ചത്. പിന്നെ നിങ്ങൾ എന്തിനാണ് ബഹളം ഉണ്ടാക്കുന്നത്; പ്രതിപക്ഷ ഉപനേതാവ് സംസാരിക്കട്ടെ, അവിടെ ഇരിക്കൂ, അവർ വഴങ്ങിയല്ലോ; നിങ്ങൾ പറയുന്നത് കേൾക്കില്ലെന്ന് പറഞ്ഞാൽ എങ്ങനെയാണ് ശരിയാകുന്നത്; Yes, You speak. (....ബഹളം....) മന്ത്രി പറഞ്ഞല്ലോ; പ്രതിപക്ഷ ഉപനേതാവ് സംസാരിക്കൂ (....ബഹളം....) വാക്കൗട്ട് നടത്തിയവർ പോകുന്നില്ലേ; നിങ്ങളുടെ പാർട്ടി പോയതല്ലേ; (....ബഹളം....)

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, എന്താണ് പറയുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. പ്രതിപക്ഷ നേതാവ് പ്രസംഗം പൂർത്തിയാക്കി

വാക്കൗട്ടിന്റെ നടപടിയിലേയ്ക്ക് കടന്നു. രണ്ടാമത് പ്രസംഗിക്കേണ്ടത് ഞാനാണ്. അതിനിടയിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് സംസാരിക്കാൻ അവസരം നൽകുകയാണ് ചെയ്തത്. ഞങ്ങൾ സംസാരിച്ച് പോയതിനുശേഷം സംസാരിക്കാൻ അവസരം നൽകിയാൽ പോരേ; ചെറിയ കാര്യങ്ങൾക്ക് എന്തിനാണ് ഇത്ര വാശി. (....ബഹളം....)

മി. സ്പീക്കർ: അദ്ദേഹം സംസാരിക്കട്ടെ,

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, വാക്കൗട്ടിലേയ്ക്ക് കടന്ന് പ്രതിപക്ഷ നേതാവ് സംസാരിച്ചു. (....ബഹളം....)

മി. സ്പീക്കർ: മന്ത്രിക്ക് സംസാരിക്കാം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: എന്റെ പ്രസംഗം വേണ്ടെന്നുവച്ച് മന്ത്രിക്ക് സമയം നൽകണമെന്നാണോ; അങ്ങനെയാണെങ്കിൽ അത് എനിക്കും സാധ്യമല്ല. നടപടിക്രമം അനുസരിച്ചല്ലേ പോകാൻ സാധിക്കുകയുള്ളൂ.

മി. സ്പീക്കർ: അവിടെ ഇരിക്കു, നിങ്ങൾ വാക്കൗട്ട് നടത്തിയവരാണ്. വാക്കൗട്ട് നടത്തിയവർ പോകണം. ഇനി പുതിയ കീഴ്വഴക്കങ്ങൾ

ഉണ്ടാക്കല്ലേ. അവർക്ക് പറയാൻ അവരുടെ പാർട്ടിയുണ്ട്. നിങ്ങൾ വാക്കൗട്ട് നടത്തിയ പാർട്ടിയാണ്. വാക്കൗട്ട് നടത്തിയവർ പൊയ്ക്കോളൂ. ബാക്കി അംഗങ്ങൾ സീറ്റിൽ പോയി ഇരിക്കൂ... അതിനുശേഷം ഫ്ലോർ ഓർഡർ ആകട്ടെ, അംഗങ്ങൾ പോയിരിക്കൂ, അതിനുശേഷം പറയാം. (....ബഹളം....) നിങ്ങൾ ഇറങ്ങിപ്പോയതല്ലേ; ഇറങ്ങിപ്പോയവർ പോകൂ. ബാക്കിയുള്ളവർ അവിടെ ഇരിക്കൂ, അവസരം കൊടുക്കാമെന്ന് പറഞ്ഞല്ലോ; പിന്നെ എന്തുകൊണ്ടാണ് കേൾക്കാത്തത്;

(പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ: ഇറങ്ങിപ്പോയവർ പോകുക. (.....ബഹളം......) അവസരം നൽകാമെന്ന് പറഞ്ഞല്ലോ. പിന്നെന്താ കേൾക്കാത്തത്. (.....ബഹളം......) വാക്കൗട്ട് നടത്തിയവർ പുറത്തുപോകണം. പ്രതിപക്ഷ ഉപനേതാവ് സംസാരിക്കട്ടെ. മുസ്ലീം ലീഗിന് ശക്തിയുണ്ട്. മുസ്ലീംലീഗിന് ഒറ്റയ്ക്ക് മാനേജ് ചെയ്യാൻ പറ്റും. നിങ്ങൾ അവിടെ ഇരിക്ക്. എല്ലാവരും അവരവരുടെ സീറ്റിൽ ഇരിക്കണം. പ്ലീസ്... ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ്, പ്ലീസ്...

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ക്ലാരിഫിക്കേഷൻ നൽകട്ടെ. ഇത് കേൾക്കാൻ ആളുവേണ്ടേ. പ്ലീസ്... പ്ലീസ്.... നിങ്ങൾ സഹകരിക്കണം. ബഹുമാനപ്പെട്ട മന്ത്രിക്ക് സംസാരിക്കാം.

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള ഒരു പ്രസ്താവനയാണ് പ്രതിപക്ഷനേതാവ് ഇവിടെ ഉന്നയിച്ചത്. ഒരു കാരണവശാലും അത് അംഗീകരിക്കാൻ സാധിക്കില്ല. കോട്ടയത്ത് ബൈ ഇലക്ഷൻ നടക്കുന്ന കാലഘട്ടത്തിൽ മൃഗസംരക്ഷണ വകുപ്പിൽ ഒരു ഉദ്യോഗസ്ഥയെ ആൾമാറാട്ടം നടത്തി നിയമിച്ചുവെന്ന് പറഞ്ഞ് പോലീസിൽ കേസ് കൊടുത്തിരിക്കുന്ന ഒരു സാഹചര്യമാണ് നിലനിൽക്കുന്നത്. (.....ബഹളം......) അതുകൊണ്ട് പ്രതിപക്ഷനേതാവിന്റെ പ്രസ്താവന രേഖയിൽനിന്ന് മാറ്റണം.

മി. സ്പീക്കർ: പരിശോധിക്കാം+. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവേ.....

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോയി. സഭവിട്ട് പുറത്തുപോയ

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 15358/ഇ.ബി /2023/നി.സെ. തീയതി 13-09-2023) രേഖയിൽനിന്നും നീക്കം ചെയ്തു.

പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

**[11.03AM]**

**IV ശ്രദ്ധ ക്ഷണിക്കൽ**

(1) കോഴിക്കോട് വിമാനത്താവള വികസനം

**ശ്രീ. പി. നന്ദകുമാർ:** സർ, കോഴിക്കോട് വിമാനത്താവളത്തിന്റെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. 34 ലക്ഷം യാത്രക്കാരുള്ളതും ഇന്ത്യയിലെ ഏഴാമത്തെയും എയർപോർട്ട് അതോറിറ്റി നടത്തുന്ന വിമാനത്താവളങ്ങളിൽ മൂന്നാമത്തെയും സ്ഥാനത്ത് നിൽക്കുന്ന എയർപോർട്ടാണ് കോഴിക്കോടുള്ളത്. ഇവിടെനിന്ന് യാത്ര ആരംഭിക്കുന്ന വിമാനങ്ങളെല്ലാംതന്നെ മുഴുവൻ സീറ്റിലും യാത്രക്കാരുമായാണ് പോകുന്നത്. 2012 മുതൽ 2015 വരെ വലിയ വിമാനങ്ങൾ ഇവിടെ ഇറങ്ങിയിരുന്നു. ഇപ്പോൾ നിർദ്ദേശിക്കപ്പെട്ട പണികൾ പൂർത്തീകരിച്ചാൽ, അതായത് RESA (Runway End Safety Area) വർദ്ധിപ്പിക്കുകയും ടെർമിനൽ റൺവേ

ഡിസ്റ്റൻസ് കൂട്ടുകയും ചെയ്താൽ വൈഡ് ബോഡി എയർക്രാഫ്റ്റുകൾക്ക് ഇറങ്ങാൻ സാധിക്കും. കൂടാതെ ടെർമിനൽ എക്സ്പാൻഷനും പുതിയ ടെർമിനലും വരണം. വലിയ വിമാനങ്ങൾ ഇറങ്ങുന്നത് നിലച്ചതോടെ വരുമാനത്തിൽ 30 ശതമാനം കുറവുണ്ടായിരുന്ന കോഴിക്കോട് വിമാനത്താവളം ഇപ്പോൾ കൂടുതൽ മെച്ചപ്പെട്ടുവരുന്നുണ്ട്. വിദേശ നിർമ്മാണ കമ്പനികൾക്കടക്കം താൽപ്പര്യമുള്ള ഒരു കാർഗോ പൊട്ടൻഷ്യൽ എയർപോർട്ടാണ് കോഴിക്കോട്ടേത്. പ്രവാസികൾ തിങ്ങിപ്പാർക്കുന്ന ഒരു ഏരിയയാണിത്. പല സ്വകാര്യ കമ്പനികളും കോഴിക്കോട് വിമാനത്താവളത്തിലേയ്ക്ക് വിമാന സർവ്വീസ് നടത്തുന്നതിന് താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഈ വിമാനത്താവളം സ്വകാര്യവൽക്കരിക്കാനുള്ള നീക്കം നടക്കുന്നുണ്ടെന്നാണ് കേൾക്കുന്നത്. ഇതിന്റെ വികസനത്തിന് സർക്കാർ കൂടുതൽ ശ്രദ്ധപതിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളവുമായി ബന്ധപ്പെട്ട പ്രശ്നം പല ഘട്ടങ്ങളിലായി

നാം ഇവിടെ ചർച്ചചെയ്തതാണ്. ഇതിന്റെ റൺവേ എൻഡ് സേഫ്റ്റി ഏരിയ വികസനവുമായി ബന്ധപ്പെട്ട് പള്ളിക്കൽ, നെടിയിരുപ്പ് വില്ലേജുകളിലെ 14.5 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പദ്ധതിയുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെടുന്ന 64 കുടുംബങ്ങൾക്ക് നിലവിലെ മാനദണ്ഡപ്രകാരമുള്ള 4,60,000 രൂപയ്ക്ക് പുറമേ പ്രത്യേക പുനരധിവാസ പാക്കേജായി 5,40,000 രൂപയും ഉൾപ്പെടുത്തി ഓരോ കുടുംബത്തിനും ആകെ 10 ലക്ഷം രൂപ വീതം അനുവദിക്കാൻ ഉത്തരവായിട്ടുണ്ട്. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ അടിസ്ഥാനവില നിർണ്ണയിച്ചിട്ടുണ്ട്. തുടർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ സ്ഥലം എയർപോർട്ട് അതോറിറ്റിക്ക് കൈമാറുന്നതിനുള്ള സത്വര നടപടികളും സ്വീകരിച്ചുവരുന്നു. സ്ഥലമേറ്റെടുക്കലാണ് നാം ഇപ്പോൾ ചെയ്യേണ്ടത്. ബാക്കി കാര്യങ്ങൾ ഓരോ ഘട്ടത്തിലും ഉയർന്നുവരുമ്പോൾ അതിനനുസരിച്ച നിലപാടുകൾ സ്വീകരിക്കാം.

ശ്രീ. പി. നന്ദകുമാർ: സർ, കോഴിക്കോട് എയർപോർട്ട് സ്വകാര്യവൽക്കരിക്കാനുള്ള നീക്കം നടക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, അതാണ് ഞാൻ പറഞ്ഞത്, ഇപ്പോൾ സ്ഥലം ഏറ്റെടുത്തുകൊടുക്കലാണ് പ്രധാനം. സ്വകാര്യവൽക്കരിക്കുമെന്നുവച്ച് സ്ഥലം ഏറ്റെടുത്ത് കൊടുക്കാതിരിക്കാൻ സാധിക്കില്ല. ഇപ്പോൾ സ്ഥലം ഏറ്റെടുത്തുകൊടുക്കുകയാണ്. ബാക്കി എന്തെങ്കിലും പ്രശ്നം വന്നാൽ ആ ഘട്ടത്തിൽ നമുക്ക് നോക്കാം.

(2) സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിലെ പ്രതിസന്ധി

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, സംസ്ഥാനത്തെ സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പ് പ്രതിസന്ധിയിലാണ്. സ്കൂൾ തുറന്ന് മൂന്ന് മാസം കഴിഞ്ഞിട്ടും സർക്കാർ തുക അനുവദിക്കാത്തതിനെത്തുടർന്ന് 130 കോടി രൂപയാണ് സ്കൂളുകൾക്ക് കൊടുത്തുതീർക്കാനുള്ളത്. കഴിഞ്ഞ മൂന്ന് മാസമായി പ്രധാനാദ്ധ്യാപകർ പലിശയ്ക്ക് പണമെടുത്ത് ഉച്ചഭക്ഷണം നൽകേണ്ട അവസ്ഥയാണ്. 12600-ഓളം സ്കൂളുകളിലെ മുപ്പത് ലക്ഷത്തോളം

വരുന്ന, സാധാരണക്കാരിൽ സാധാരണക്കാരായ വിദ്യാർത്ഥികളുടെ അവസ്ഥയാണിത്. 1984-ൽ തുടങ്ങിയ സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണം 2012-ൽ അധികാരത്തിൽവന്ന ഉമ്മൻ ചാണ്ടി ഗവൺമെന്റാണ് വിഭവസമൃദ്ധമായ ഉച്ചഭക്ഷണമാക്കി മാറ്റിയത്. ആഴ്ചയിൽ രണ്ട് ദിവസം പാലും ഒരു ദിവസം മുട്ട, പഴം എന്നിവയും നൽകുന്ന സാഹചര്യമുണ്ടായി. ഇതിനുള്ള തുക പ്രധാനാദ്ധ്യാപകരുടെ അക്കൗണ്ടിലേയ്ക്ക് അഡ്വാൻസായി നൽകിയിരുന്നു. 2016-ലെ വിലനിലവാര സൂചിക അനുസരിച്ച് നിശ്ചയിച്ച തുകയാണ് ഉച്ചഭക്ഷണ പദ്ധതിയിൽനിന്നും നൽകുന്നത്. 150 കുട്ടികൾ പഠിക്കുന്ന സ്കൂളിൽ ഒരു കുട്ടിക്ക് എട്ട് രൂപയും 500 കുട്ടികൾ പഠിക്കുന്ന സ്കൂളിൽ ഏഴ് രൂപയും 500 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകളിൽ ആറ് രൂപയുമാണ് നിശ്ചയിച്ചിട്ടുള്ള വിഹിതം. ഏഴ് വർഷത്തിനുള്ളിൽ പല തവണയാണ് പാചകവാതകത്തിനും പലവ്യഞ്ജനത്തിനും പാലിനും പച്ചക്കറിക്കും വില കൂടിയത്. എന്നിട്ടും 2016-ലെ നിരക്കിൽനിന്നും ഒരു രൂപപോലും കൂട്ടിനൽകാൻ സർക്കാർ തയ്യാറായിട്ടില്ല. ഇപ്പോൾ നൽകുന്ന തുക ഓരോ മാസവും ചെലവഴിക്കുന്ന സംഖ്യയുടെ പകുതിപോലുമാകില്ല.

പ്രധാനാദ്ധ്യാപകരെ പലവ്യഞ്ജന-പച്ചക്കറി വ്യാപാരികൾ വഴിയിൽ തടയുന്ന അവസ്ഥയാണ്. ഉച്ചഭക്ഷണത്തിനായി അരിയും പരിമിതമായ ഫണ്ടും നൽകി സർക്കാർ മാറിനിൽക്കരുത്. പോഷകസമൃദ്ധമായ നല്ല ഭക്ഷണം കുട്ടികൾക്ക് ലഭ്യമാക്കണം. അവർ പട്ടിണികിടക്കരുത്. വില വർദ്ധന കണക്കിലെടുത്ത് വിഹിതം വർദ്ധിപ്പിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്ന് അടിയന്തര ഇടപെടൽ അനിവാര്യമാണ്. 500 വരെ കുട്ടികളുള്ള സ്കൂളിൽ ഒരു പാചകത്തൊഴിലാളിയും 500-ന് മുകളിൽ രണ്ട് പാചകക്കാരുമാണുള്ളത്. അവർക്കും ഒരു മാസത്തെ ശമ്പളം കുടിശ്ശികയാണ്. ഉച്ചഭക്ഷണത്തിനുള്ള തുക കാലോചിതമായി വർദ്ധിപ്പിക്കണമെന്നത് പി.ടി.എ.-യുടെയും അദ്ധ്യാപകരുടെയും നിരന്തരമായ ആവശ്യമാണ്. ഉച്ചഭക്ഷണത്തിന് സ്വന്തം കൈയിൽനിന്ന് പണം മുടക്കി കടക്കെണിയിലായിരിക്കുകയാണ് അദ്ധ്യാപകർ. കടബാധ്യതവന്ന മലപ്പുറം ജില്ലയിലെ പ്രധാനാദ്ധ്യാപകനെ സഹായിക്കാൻ അദ്ധ്യാപിക സ്വർണ്ണമാല ഊരിനൽകിയ സംഭവം വേദനിപ്പിക്കുന്നതാണ്. സർക്കാർ നൽകുന്ന ഫണ്ട് പര്യാപ്തമല്ല. മാത്രമല്ല, അതിപ്പോൾ മൂന്ന് മാസത്തെ

കുടിശ്ശികയായിരിക്കുകയുമാണ്. ഉച്ചഭക്ഷണത്തിന്റെ ചുമതലയുള്ള പല അദ്ധ്യാപകരും ഈ പദ്ധതി തുടരാനാകില്ലെന്നറിയിച്ച് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് കത്ത് നൽകിയിരിക്കുകയാണ്. സാമ്പത്തിക പ്രതിസന്ധി കാരണം കുട്ടികളുടെ ഉച്ചഭക്ഷണ കാര്യത്തിൽ സർക്കാർ വീഴ്ചവരുത്തുന്നത് ന്യായീകരിക്കാനാവില്ല. കുടിശ്ശിക തുക എന്ന് കൊടുത്തുതീർക്കുമെന്ന് രേഖാമൂലം അറിയിക്കാൻ ഹൈക്കോടതി ഇന്നലെ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഉച്ചഭക്ഷണ പ്രതിസന്ധിക്ക് കാരണം കേന്ദ്രവിഹിതം കൃത്യമായി ലഭിക്കാത്തതാണെന്ന് സംസ്ഥാനവും സംസ്ഥാന സർക്കാരിന്റെ ഭാഗത്താണ് വീഴ്ചയെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയവും പരസ്പരം പഴിചാരുകയാണ്. 2020-21 അദ്ധ്യയന വർഷത്തിലെ കേന്ദ്ര ഓഡിറ്റിൽ അപാകത കണ്ടെത്തിയതിനെത്തുടർന്നാണ് കേന്ദ്ര വിഹിതമായ 60 ശതമാനം തുക നൽകുന്നതിൽ കേന്ദ്ര ഗവൺമെന്റ് വിമുഖത കാണിക്കുന്നത്. ഓഡിറ്റ് ഒബ്ജക്ഷനിലെ അപാകതകൾ കൃത്യസമയത്ത് പരിഹരിക്കുന്നതിൽ സംസ്ഥാന സർക്കാർ വീഴ്ച വരുത്തിയതുമൂലം അതിന്റെ ശിക്ഷ അനുഭവിക്കുന്നത് പാവപ്പെട്ട അദ്ധ്യാപകരും വിദ്യാർത്ഥികളുമാണ്.

കേന്ദ്ര സർക്കാരിന്റെ വിഹിതം ലഭിച്ചില്ലെങ്കിൽ സംസ്ഥാന സർക്കാരിന്റെ വിഹിതമെങ്കിലും നൽകിക്കൂടെ? വിദ്യാർത്ഥികളുടെ വിശപ്പകറ്റി രാജ്യത്തിന് മാതൃകയായി സംസ്ഥാനം നടപ്പാക്കിവരുന്ന സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നിലനിർത്തുന്നതിന് സർക്കാർ അടിയന്തരമായി ഇടപെടണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഇതുമായി ബന്ധപ്പെട്ട് കുറേയധികം കാര്യങ്ങൾ ഇന്നലെ ഇവിടെ ചർച്ച ചെയ്തിരുന്നു. 1984 ഡിസംബർ 1-ാം തീയതിയാണ് കഞ്ഞിയും പയറും എന്ന നിലയിൽ ഉച്ചഭക്ഷണ പദ്ധതി സംസ്ഥാനത്ത് ആരംഭിക്കുന്നത്. 1987-ൽ ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിലാണ് ഉച്ചഭക്ഷണ പദ്ധതി യു.പി. സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കുകയും ഇതിനായി സംസ്ഥാന ഫണ്ട് സ്വരൂപിക്കാൻ തീരുമാനിക്കുകയും ചെയ്തത്. ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ചില കാര്യങ്ങളിൽ തെറ്റുണ്ട്. 12040 സ്കൂളുകളിലാണ് ഉച്ചഭക്ഷണ പദ്ധതിയുള്ളത്. പ്രസ്തുത പദ്ധതിയിലൂടെ 2748877 കുട്ടികൾക്കാണ് പാലും മുട്ടയും ഉൾപ്പെടുന്ന ഉച്ചഭക്ഷണം ലഭ്യമാക്കുന്നത്. ഒരു സ്കൂളിൽപോലും പ്രസ്തുത പദ്ധതി

നാളിതുവരെയും നിർത്തിവച്ചിട്ടില്ല. കരകുളം വിദ്യാധിരാജ എൽ.പി. സ്കൂളിലെ ഉച്ചഭക്ഷണ പദ്ധതി നിർത്തിവയ്ക്കുമെന്ന് സൂചിപ്പിച്ചുകൊണ്ട് സ്കൂൾ ഹെഡ്മാസ്റ്റർ വിദ്യാഭ്യാസ ഉപജില്ലാ ഓഫീസർക്ക് കത്ത് കൊടുത്തശേഷം അതിന്റെ കോപ്പി കൊടുത്തത് ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ.യ്ക്കാണ്. ഉച്ചഭക്ഷണ പദ്ധതി നിർത്തിവയ്ക്കുമെന്ന് സൂചിപ്പിച്ചുകൊണ്ട് കത്തുകൊടുക്കാൻ കേരളത്തിലെ ഒരു ഹെഡ്മാസ്റ്റർക്കും അധികാരമില്ല. അതുസംബന്ധിച്ച പരിശോധന നടത്തുന്നുണ്ട്. ഇതൊരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. 60 ശതമാനം കേന്ദ്രവും 40 ശതമാനം സംസ്ഥാനവും എന്ന നിലയിലാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം കേന്ദ്രസർക്കാർ കൊണ്ടുവന്നതാണ് ഇതിന്റെയെല്ലാം തകരാറിന് കാരണമായി മാറിയത്. 2021-22 വർഷം മുതൽ പ്രസ്തുത സിസ്റ്റം നടപ്പാക്കിയതിന്റെ ഫലമായി സംസ്ഥാനങ്ങളുടെ ഉച്ചഭക്ഷണ പദ്ധതി തകരാറിലായി. സംസ്ഥാനത്ത് ന്യായമായി അനുവദിക്കേണ്ട ഫണ്ട് കേന്ദ്രസർക്കാർ അനുവദിക്കാത്ത സാഹചര്യമുണ്ടായി. കേന്ദ്രവിഹിതം ലഭിക്കുന്നതിനുള്ള

പൊതുപ്രൊപ്പോസലുകളും മുൻവർഷത്തെ ധനവിനിയോഗ പത്രങ്ങളും സമയബന്ധിതമായി സമർപ്പിച്ചാലും അനാവശ്യമായ തടസ്സവാദങ്ങൾ ഉയർത്തി, സംസ്ഥാനങ്ങൾക്ക് അർഹമായ തുക അനുവദിക്കുന്നത് വൈകിപ്പിക്കുകയോ അല്ലെങ്കിൽ നിഷേധിക്കുകയോ ചെയ്യുന്ന ദൗർഭാഗ്യകരമായ നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. ഇതൊരു സത്യമായ കാര്യമാണ്. കേന്ദ്രസർക്കാരിനെക്കുറിച്ച് ഒരു വാക്ക് അങ്ങയുടെ പ്രമേയാവതരണത്തിൽ സൂചിപ്പിച്ചിട്ടില്ല. പ്രസ്തുത പദ്ധതി നടത്തിപ്പിൽ നിലവിൽ പ്രതിസന്ധിയുണ്ടായിട്ടുണ്ട്. കേന്ദ്രവിഹിതം ലഭ്യമാക്കുന്നതിനുള്ള കാലതാമസം കാരണം ടി പദ്ധതി നടപ്പാക്കുന്നതിൽ ചില ബുദ്ധിമുട്ടുകളുണ്ടായിട്ടുണ്ട്. സ്കൂളുകളിലെ പാചകത്തൊഴിലാളികളുടെ ഓണറേറിയവുമായി ബന്ധപ്പെട്ട കാര്യം അങ്ങിവിടെ സൂചിപ്പിച്ചു. കേന്ദ്രസർക്കാർ ഇവർക്ക് ഒരു മാസം നൽകുന്ന വിഹിതം 600 രൂപയാണ്. എന്നാൽ കേരള സർക്കാർ 12,000 മുതൽ 14,000 രൂപ വരെ ഒരു പാചകത്തൊഴിലാളിക്ക് നൽകുന്നുണ്ട്. അതിൽ ഒരു രൂപപോലും കുടിശ്ശികയില്ല. ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രത്യേക താൽപ്പര്യത്തിൽ

കേരളത്തിലെ മുഴുവൻ പാചകത്തൊഴിലാളികൾക്കും ഈ ഓണക്കാലത്ത് കുടിശ്ശികത്തുക നൽകിയിട്ടുണ്ട്. സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും പദ്ധതിക്കുള്ള കേന്ദ്രവിഹിതമായി 10,000 കോടി രൂപ നടപ്പുവർഷത്തെ കേന്ദ്രബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. എന്നാൽ സാമ്പത്തിക വർഷത്തിന്റെ പകുതി അവസാനിക്കുമ്പോഴും ഭൂരിഭാഗം സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കുമുള്ള ആദ്യഗഡു കേന്ദ്രവിഹിതം (60 ശതമാനം തുക) റിലീസ് ചെയ്യാൻ കേന്ദ്രം തയ്യാറായില്ല. സ്കൂൾ ഉച്ചഭക്ഷണപദ്ധതി നടത്തിപ്പിനായി നടപ്പുവർഷം സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്രവിഹിതം 284.31 കോടി രൂപയാണ്. ആനുപാതിക സംസ്ഥാന വിഹിതം 163.15 കോടി രൂപയാണ്. പദ്ധതി അടങ്കൽ തുകയായി കേന്ദ്രസർക്കാരിൽനിന്ന് സംസ്ഥാന സർക്കാരിന് ലഭിക്കേണ്ടത് 447.46 കോടി രൂപയാണ്. 2022-23 വർഷം മുതൽ 2 ഗഡുക്കളായാണ് കേന്ദ്രസർക്കാർ വിഹിതം നൽകുന്നത്. നടപ്പുസാമ്പത്തിക വർഷത്തെ ആദ്യഗഡു കേന്ദ്രവിഹിതമായി സംസ്ഥാനത്തിന് ലഭിക്കേണ്ടത് 170.59 കോടി രൂപയാണ്. രണ്ട് മാസത്തെ കുടിശ്ശികയാണ് ഇപ്പോഴുള്ളത്.

അതുമുതലാണ് പ്രശ്നങ്ങൾ ആരംഭിക്കുന്നത്. പ്രസ്തുത തുക നൽകാൻ കേന്ദ്ര സർക്കാർ തയ്യാറാകുന്നില്ല. ഇതുമായി ബന്ധപ്പെട്ട കണക്ക് നൽകിയിട്ടില്ലെന്നതാണ് കേന്ദ്രസർക്കാർ സൂചിപ്പിക്കുന്ന ന്യായം. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട മറ്റ് രേഖകൾ തുടങ്ങിയവയൊക്കെ കേന്ദ്രസർക്കാരിന് നൽകുന്നതിന് കേരള സർക്കാർ തയ്യാറായിട്ടുണ്ട്. എന്നുമാത്രമല്ല, കേന്ദ്രവിഹിതം കിട്ടുന്നതിനുമുമ്പ് സംസ്ഥാന വിഹിതമായ 97.35 കോടി രൂപ അഡ്വാൻസ് ചെയ്യുന്നതിനുള്ള പേപ്പർ ധനകാര്യ വകുപ്പിന്റെ പരിഗണനയിലുമാണ്. അത് കിട്ടിക്കഴിഞ്ഞാൽ ഇപ്പോഴുള്ള കുറച്ചധികം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും. ഇതുസംബന്ധിച്ച വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു+. ഒരു കാര്യം ഞാൻ വ്യക്തമാക്കാം. ഒരു കാരണവശാലും കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികൾക്ക് ഇപ്പോൾ നല്കിക്കൊണ്ടിരിക്കുന്ന ഉച്ചഭക്ഷണ പദ്ധതിക്ക് ഒരു കുറവും സംഭവിക്കില്ലെന്ന കാര്യം ഞാനിവിടെ വ്യക്തമായി സൂചിപ്പിക്കുകയാണ്. അക്കാര്യത്തിൽ ഒരു ഉത്കണ്ഠയും സഭയ്ക്ക് വേണ്ട. കേന്ദ്രം നൽകിക്കൊണ്ടിരിക്കുന്ന ധനസഹായം നിഷേധിച്ചാൽപ്പോലും

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ജനങ്ങളുടെ സഹായത്തോടുകൂടി എത്രവിലകൊടുത്തും ഉച്ചഭക്ഷണ പദ്ധതി മുന്നോട്ടുകൊണ്ടുപോകുമെന്ന കാര്യം സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, 2016-ലെ വിലനിലവാര സൂചിക അനുസരിച്ചാണ് ഇന്ന് പലവ്യഞ്ജനങ്ങൾക്കും ഗ്യാസ് സിലിണ്ടറിനുമൊക്കെ സർക്കാർ തുക നൽകുന്നത്. 2023-ൽ ഇവയ്ക്കൊക്കെ വില വർദ്ധിച്ചിട്ടുണ്ട്. 2023-ലെ വിലനിലവാര സൂചിക അനുസരിച്ച് ഉച്ചഭക്ഷണത്തിനുള്ള തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വസ്തുതാപരമായ കാര്യമാണ്. പച്ചക്കറി, പലവ്യഞ്ജനം, പാചകവാതകം, മുട്ട, പാൽ, നേന്ത്രപ്പഴം തുടങ്ങിയവയുടെയെല്ലാം വില വർദ്ധിച്ചതനുസരിച്ച് ഇവയ്ക്ക് നൽകുന്ന റേറ്റ് വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. ഇപ്പോൾ 6-8 രൂപ റേറ്റിലാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. അത് മതിയായ തുകയല്ല. സംസ്ഥാനവിഹിതം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു.

**[11.18AM]**

**V സബ്മിഷൻ**

**(1) അയ്യങ്കാളിയുടെ ചിത്രം വികൃതമാക്കി സമൂഹമാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ച സംഭവം**

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വളരെ ദൗർഭാഗ്യകരമായ വിഷയമാണ് ശ്രദ്ധയിൽപ്പെടുത്തുന്നത്. നവോത്ഥാന നായകനും സാമൂഹ്യപരിഷ്കർത്താവുമായിരുന്ന മഹാത്മാ അയ്യങ്കാളിയെ അപമാനിക്കുന്ന തരത്തിൽ, ഒരു നായയുടെ ചിത്രത്തിൽ അദ്ദേഹത്തിന്റെ ശിരസ്സ് ഉയർത്തിവച്ച് സമൂഹമാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും കുറ്റവാളികളെ കണ്ടെത്താൻ യാതൊരു നടപടിയും സ്വീകരിക്കാത്ത സാഹചര്യത്തിലാണ് പ്രസ്തുത വിഷയം ഇവിടെ അവതരിപ്പിക്കുന്നത്. അതിലെ അടിക്കുറിപ്പിനെക്കുറിച്ചൊന്നും പറയുന്നില്ല. അദ്ദേഹത്തിനെപ്പോലെ, കേരളത്തിലെ സാമൂഹിക മുന്നേറ്റങ്ങളുടെ പടനായകനായിരുന്ന ഒരാളെ അവഹേളിക്കുന്ന തരത്തിലുള്ള ഒരു ചിത്രവും അതിലെ അടിക്കുറിപ്പും ഒരു ഗ്രൂപ്പിൽനിന്ന് പ്രചരിക്കുകയാണ്. ഇതിനെതിരെ ഒരുപാട് സമരങ്ങൾ നടക്കുകയും നിരവധി ദളിത് സംഘടനകളും

സാമൂഹ്യപ്രവർത്തകരും വ്യാപകമായി പരാതി നൽകുകയും ചെയ്തിട്ടുണ്ട്. സാമൂഹികസ്പർദ്ധയുണ്ടാക്കുന്നതിന് വേണ്ടിയാണ് ഇത്തരത്തിലുള്ള കാര്യങ്ങൾ ചെയ്യുന്നത്. ഇത് വൈകാരികവും ഗൗരവതരവുമായ ഒരു വിഷയമാണ്. അദ്ദേഹത്തെ ഹൃദയത്തിലേറ്റിയ പതിനായിരക്കണക്കിനാളുകൾ നമ്മുടെ നാട്ടിലുണ്ട്. ഒരു കാലഘട്ടത്തിൽ മർദ്ദിത ജനവിഭാഗങ്ങൾക്കുവേണ്ടി വിട്ടുവീഴ്ചയില്ലാതെ പോരാടുകയും വില്ലുവണ്ടി യാത്ര നടത്തി ചരിത്രം സൃഷ്ടിക്കുകയും കേരളത്തിലെ അധഃസ്ഥിത വർഗ്ഗങ്ങളുടെ ഏറ്റവും വലിയ പടനായകനുമായ ഒരാളാണ് പരിഷ്കൃത സമൂഹത്തിൽ ഇത്തരത്തിൽ അപമാനിക്കപ്പെട്ടത്. ഇതിന്മേൽ പോലീസ് അന്വേഷണം നടത്തി ഗ്രൂപ്പ് അഡ്മിനെ അറസ്റ്റ് ചെയ്ത് വിട്ടയച്ചു. സർക്കാരിനും പോലീസിനും പ്രതിയെ അറസ്റ്റ് ചെയ്യാൻ എന്തുതടസ്സമാണുള്ളത്? ഇതുപോലുള്ള കുറ്റകൃത്യം ചെയ്ത ഒരാൾക്കെതിരെ നടപടിയെടുക്കാത്തത് എന്തുകൊണ്ടാണ്; ഇക്കാര്യത്തിൽ അടിയന്തര ശ്രദ്ധനൽകി കുറ്റവാളിയെ അറസ്റ്റ് ചെയ്യാൻ സർക്കാർ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മഹാത്മ അയ്യങ്കാളിയെ സമൂഹമാധ്യമത്തിൽ അവഹേളിച്ചതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളിൽ ഇന്ത്യൻ ശിക്ഷാ നിയമം സെക്ഷൻ 153 പ്രകാരം തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 620/2023 ആയും എറണാകുളം ടൗൺ നോർത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1415/2023 ആയും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് എതിരെയുള്ള അതിക്രമ നിയമപ്രകാരവും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. ഇതിനിടെ ഐതിഹാസികമായ വില്ലുവണ്ടി സമരത്തെ അധിക്ഷേപിക്കുന്ന വിധത്തിൽ മോശം തലക്കെട്ടോടെയും ചിത്രത്തോടെയും സമൂഹമാധ്യമങ്ങളിൽ വീണ്ടും പോസ്റ്റർ പ്രത്യക്ഷപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫേസ് ബുക്ക് അക്കൗണ്ട് പരിശോധിച്ചതിൽ പോസ്റ്റർ വന്ന ഗ്രൂപ്പിന്റെ അതേ പേരിൽ ഒന്നിലധികം അക്കൗണ്ടുകളുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഈ ഗ്രൂപ്പിന്റെ വിവരങ്ങൾ ആവശ്യപ്പെട്ട് ഫേസ് ബുക്ക് അധികാരികൾക്ക് നോട്ടീസ് നൽകി ഗ്രൂപ്പ് ബ്ലോക്ക് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗ്രൂപ്പിലെ ആശയവിനിമയങ്ങൾ നിർത്തിവയ്പ്പിച്ച് ഗ്രൂപ്പിലെ

അംഗങ്ങളെയും അഡ്മിൻമാരെയും കണ്ടെത്തി മൊഴി രേഖപ്പെടുത്തി കേസുകളിൽ ഊർജ്ജിത അന്വേഷണം നടത്തിവരുന്നു. കേരളത്തിന്റെ നവോത്ഥാന നായകനായ മഹാത്മ അയ്യങ്കാളി ഒരു ജനതയെ അടിച്ചമർത്തലിന്റെയും അയിത്തത്തിന്റെയും ദുരവസ്ഥയിൽനിന്ന് കൈപിടിച്ചുയർത്തിയ ധീരാത്മാവാണ്. അയ്യങ്കാളിയുടെ സ്മരണ കൂടുതൽ തെളിഞ്ഞു നിൽക്കണമെന്ന താൽപ്പര്യത്തോടെയാണ് സർക്കാർ വിവിധ നടപടികൾ സ്വീകരിക്കുന്നത്. തലസ്ഥാനത്തിന്റെ തിലകക്കുറിയായ പഴയ വി.ജെ.ടി. ഹാളിന് അയ്യങ്കാളിയുടെ നാമധേയം നൽകിയതുൾപ്പെടെ നിരവധി ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്. അയ്യങ്കാളിയുടെ സ്മരണയെ അപകീർത്തിപ്പെടുത്തുകയെന്നതിന് കേരളത്തിന്റെ ഭൂതകാല പോരാട്ടങ്ങൾക്ക് നേരെ ചെളിവാരിയെറിയുക എന്നുതന്നെയാണ് അർത്ഥം. അത്തരം ഒരു നീക്കവും ഈ സമൂഹം അനുവദിച്ചുകൂടാ. മഹാത്മ അയ്യങ്കാളി കൊളുത്തിയ പോരാട്ടത്തിന്റെ ദീപശിഖ ഏറ്റുവാങ്ങേണ്ട പുതുതലമുറയ്ക്കൊപ്പമാണ് ഈ സർക്കാർ. ഒളിഞ്ഞിരുന്നും നേർക്കുനേരെയും അയ്യങ്കാളി സ്മരണയെ അവഹേളിക്കാൻ ശ്രമിക്കുന്ന

ഒരാളെയും വെറുതെ വിടാതിരിക്കാനുള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും. മേൽ സൂചിപ്പിച്ച കേസുകളുടെ അന്വേഷണത്തിനായി ഒരു പ്രത്യേക അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തുന്നതാണ്.

(2) കണ്ണോത്തുമല ജീപ്പ് ദുരന്തത്തിൽ മരണപ്പെട്ടവർക്ക് ധനസഹായം

ശ്രീ. ഒ. ആർ. കേളു: സർ, കഴിഞ്ഞ ആഗസ്റ്റ് മാസം 25-ാം തീയതി വയനാട് മാനന്തവാടി തലപ്പുഴ പഞ്ചായത്തിലുണ്ടായ ജീപ്പ് ദുരന്തത്തെക്കുറിച്ച് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. പരമ്പരാഗത തേയിലത്തോട്ടം തൊഴിലാളികൾ ജോലിക്കുപോയി തിരിച്ചുവരുമ്പോഴുണ്ടായ ജീപ്പ് അപകടത്തിൽ ജീപ്പിലുണ്ടായിരുന്ന പതിനാല് പേരിൽ ഒമ്പതുപേർ മരണപ്പെടുകയും അഞ്ചുപേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. ഗവൺമെന്റും ആരോഗ്യവകുപ്പും ക്രിയാത്മകമായി ഇടപെടുകയും പതിനായിരം രൂപ അടിയന്തര ധനസഹായം അനുവദിക്കുകയും ചെയ്തു. അതിൽ ഒരാൾ ഒഴിച്ച് ബാക്കി എല്ലാവരും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. രണ്ട് ചെറിയ കുട്ടികൾ അനാഥരാണ്. ഈ പശ്ചാത്തലത്തിൽ അവർക്ക് കൂടുതൽ ധനസഹായം അനുവദിക്കാൻ

വേണ്ടിയുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മാനന്തവാടി കണ്ണോത്തുമലയിൽ 25-08-2023-ന് ജീപ്പ് കൊക്കയിലേയ്ക്ക് മറിഞ്ഞുണ്ടായ അപകടത്തിൽ മക്കിമല 6-ാം നമ്പർ കോളനിയിലെ ഒമ്പത് സ്ത്രീകൾ ദാരുണമായി മരണപ്പെടുകയും അഞ്ചുപേർക്ക് ഗുരുതരമായി പരിക്കേൽക്കുകയുമുണ്ടായി. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും പരിക്കേറ്റവർക്കും ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച ജില്ലാ കളക്ടറുടെ ശിപാർശ ലഭ്യമായിട്ടുണ്ട്. ആയതു പരിശോധിച്ച് വൈകാതെ തീരുമാനമെടുക്കുന്നതാണ്.

## (3) അംഗഡിമുഗർ സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥിയുടെ അപകടമരണം

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ, പോലീസ് നടപടിയെ തുടർന്ന് ഒരു കുട്ടി കൊലചെയ്യപ്പെട്ട ദൗർഭാഗ്യകരമായ സംഭവമാണ് ഈ സബ്മിഷനിലൂടെ

വിവരിക്കുന്നത്. ഇക്കഴിഞ്ഞ 25-ാം തീയതി ഓണം ആഘോഷിക്കാൻ വിദ്യാഭ്യാസ വകുപ്പ് എല്ലാ വിദ്യാലയങ്ങൾക്കും ഒരു ഉത്തരവ് നൽകിയിരുന്നു. മഞ്ചേശ്വരത്തെ അംഗഡിമുഗർ സ്കൂളിലെ ഫർഹാസ് എന്ന കുട്ടി പ്രത്യേക യൂണിഫോം ധരിച്ച് ഓണം സെലിബ്രേഷനിലായിരുന്നു. അന്ന് വെള്ളിയാഴ്ചയായിരുന്നതിനാൽ ഉച്ചയോടെ ജുമാ നമസ്കാരത്തിനായി അഞ്ചു കുട്ടികൾ ഹത്തീബ് നഗറിൽനിന്ന് മൊയ്യാത്ത് പള്ളിയിലേയ്ക്ക് കാറിൽ യാത്ര ചെയ്തു. അവർ എന്തോ സാധനം വാങ്ങാൻ കാർ നിർത്തിയ സമയത്ത് കുമ്പള പോലീസ് സ്റ്റേഷനിലെ മൂന്ന് പോലീസ് ഉദ്യോഗസ്ഥർ ഇവരുടെ കാറിന്റെ അരികിൽവന്ന് ഒരു കാരണവുമില്ലാതെ പല രീതിയിൽ ചോദ്യങ്ങൾ ചോദിക്കാനും ഉപദ്രവിക്കാനും തുടങ്ങി. ഈ കുട്ടികളുടെ കാറിന്റെ ഡോർ ജീപ്പിൽ തട്ടിയെന്ന കാരണം പറഞ്ഞുകൊണ്ട് കുട്ടികളെ തല്ലാൻ വന്നപ്പോൾ കുട്ടികൾ വണ്ടി മുന്നോട്ടെടുത്തു. ഒരുപാട് അപകടങ്ങൾ സംഭവിക്കുന്ന കൊട്ടംവളവുകളുള്ള കുളത്തൂർ റോഡിൽക്കൂടി കുട്ടികളെ പോലീസ് പിന്തുടർന്നപ്പോൾ കുട്ടികൾ സഞ്ചരിച്ചിരുന്ന കാർ വലിയൊരു കുഴിയിലേയ്ക്ക് വീഴുകയും അതിൽ ഫർഹാസ് എന്ന കുട്ടിയുടെ സ്പൈനൽ കോഡ്

തകരുകയും ചെയ്തു. ഫർഹാസ് മംഗലാപുരത്തെ ഫസ്റ്റ് ന്യൂറോ ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്നു. ഞങ്ങൾ ഇക്കാര്യം പോലീസിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ആദ്യം പോലീസ് പറഞ്ഞത് അവർ പിന്തുടർന്നിട്ടില്ലെന്നാണ്. സി.സി.ടി.വി. ദൃശ്യങ്ങൾ കേരളത്തിലെ മീഡിയകൾ പുറത്തുകൊണ്ടുവന്നപ്പോൾ അക്കാര്യം പോലീസ് സമ്മതിച്ചു. പിന്നീട് ആ വാഹനം ക്രിമിനൽ പശ്ചാത്തലമുള്ളവരുടേതാണെന്ന് പോലീസ് പറഞ്ഞെങ്കിലും അതല്ലെന്ന് പിന്നെ തെളിഞ്ഞു. 29-ാം തീയതി ഫർഹാസ് മരണപ്പെടുകയും ചെയ്തു. പോലീസിന്റെ അനാസ്ഥമൂലം മരണപ്പെട്ട ഈ കുട്ടിയുടെ കാര്യത്തിൽ കുറ്റാരോപിതരായ പോലീസുകാർക്കെതിരെ നടപടിയെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാനും ശ്രീ. എൻ. എ. നെല്ലിക്കുന്ന് എം.എൽ.എ.-യും എസ്.പി.-യെ സമീപിച്ചപ്പോൾ അവരെ സ്ഥലംമാറ്റിയെന്നും ക്രൈംബ്രാഞ്ച് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടെന്നും പറഞ്ഞു. ശിക്ഷാ നടപടികളുടെ ഭാഗമായി മഞ്ചേശ്വരത്തേയ്ക്കാണ് ഏറ്റവും കൂടുതൽ ആളുകളെ സ്ഥലം മാറ്റുന്നത്. പക്ഷേ, ഇവർക്ക് അംഗീകാരമായാണ് കാഞ്ഞങ്ങാട്ടേയ്ക്ക് സ്ഥലം മാറ്റിക്കൊടുത്തത്. ടി വിഷയത്തിൽ

ഉദ്യോഗസ്ഥരെ വെള്ളപൂശിക്കൊണ്ടുള്ള ഒരു റിപ്പോർട്ടാണ് ക്രൈംബ്രാഞ്ച് സമർപ്പിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത്തരം ഘട്ടങ്ങളിൽ നീതിയുക്തമായ തീരുമാനമെടുക്കുമെന്നറിയാം. എന്റെ മണ്ഡലത്തിലെ മഞ്ചേശ്വരം പോലീസ് സ്റ്റേഷനിലെ അനൂപ് എന്ന എസ്.ഐ. നിരന്തരമായി ജനങ്ങളെ ഉപദ്രവിക്കുകയാണ്. ചെറുപ്പക്കാരോട് കയർത്തു സംസാരിച്ചത് ചോദ്യം ചെയ്തതിന്റെ പേരിൽ ആ പ്രദേശത്തെ ജില്ലാ പഞ്ചായത്ത് മെമ്പറും യൂത്ത് ലീഗിന്റെ ജില്ലാ സെക്രട്ടറിയുമായ ഗോൾഡൻ റഹ്മാനെ ഇദ്ദേഹത്തിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ കള്ളക്കേസിൽ കുടുക്കി ജയിലിലടയ്ക്കുകയും ചെയ്തു. ഈ കേസിലും സമഗ്രമായ അന്വേഷണം നടത്തി നടപടിയെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഫർഹാസിന്റെ കേസിൽ മൂന്നു പോലീസുകാർക്കെതിരെയും പ്രത്യേക അന്വേഷണം നടത്തി അവരെ സസ്പെൻഡ് ചെയ്യണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് മഞ്ചേശ്വരത്തെ ജനങ്ങൾക്കുവേണ്ടി അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 25-08-2023-ന് ഉച്ചയ്ക്ക് കുമ്പള പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥർ എൻ.ഡി.പി.എസ്. (Narcotic

Drugs and Psychotropic Substances) പരിശോധന ഉൾപ്പെടെയുള്ള പട്രോളിംഗ് ഡ്യൂട്ടി ചെയ്തു വരവെ ഹത്തീബ് നഗർ എന്ന സ്ഥലത്ത് ഒരു കാറിൽ കുറച്ചുപേരെ സംശയാസ്പദമായ നിലയിൽ കാണുകയുണ്ടായി. തുടർന്ന് പോലീസ് സംഘം കാറിനടുത്തേയ്ക്ക് ചെന്നപ്പോൾ കാർ പെട്ടെന്ന് സ്റ്റാർട്ട് ചെയ്ത് അമിതവേഗത്തിൽ ഓടിച്ചുപോയി. പോലീസ് ഇവരെ പിന്തുടർന്നുവെങ്കിലും കണ്ടെത്താനായില്ല. പട്രോളിംഗ് തുടരവെ സംഭവസ്ഥലത്തുനിന്നും നാല് കിലോമീറ്റർ അകലെ കട്ടത്തഡുക്ക കുളത്തൂർപള്ളം ഭാഗത്ത് ഒരു കാർ അപകടത്തിൽപ്പെട്ട് തലകീഴായി മറിഞ്ഞ നിലയിൽ കാണപ്പെടുകയും ഈ വാഹനം നേരത്തെ പോലീസിനെ കണ്ടപ്പോൾ ഓടിച്ചുപോയതാണെന്ന് തിരിച്ചറിയുകയും ചെയ്തു. തുടർന്ന് പരിശോധിച്ചപ്പോൾ വാഹനത്തിൽ പരിക്കുകളോടെ കണ്ടെത്തിയ മുഹമ്മദ് ഫർഹാസ് എന്നയാളെ ഉടൻതന്നെ പോലീസ് വാഹനത്തിൽ സമീപത്തെ ആശുപത്രിയിലെത്തിച്ച് പ്രഥമ ശുശ്രൂഷ നൽകുകയും വിദഗ്ദ്ധ ചികിത്സയ്ക്കായി മംഗലാപുരത്തെ ആശുപത്രിയിൽ എത്തിക്കുകയുമുണ്ടായി. ചികിത്സയിലിരിക്കെ പതിനേഴ് വയസ്സുള്ള മുഹമ്മദ് ഫർഹാസ്

29-08-2023-ന് മരണപ്പെട്ടു. സംഭവവുമായി ബന്ധപ്പെട്ട് കുമ്പള പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 782/2023 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംഭവത്തിൽ ആരോപണ വിധേയരായ പോലീസ് ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയിട്ടുണ്ട്. പോലീസിനെതിരെ ഉയർന്ന ആരോപണങ്ങൾ ഉൾപ്പെടെ സമഗ്രമായ അന്വേഷണം നടത്തുന്നതിന് കേസ് ജില്ലാ ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുണ്ട്.

## (4) എസ്.സി/എസ്.ടി.വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

ശ്രീ. രമേശ് ചെന്നിത്തല: സർ, കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നമാണ് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. രാധാകൃഷ്ണന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത്. കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കുറെ നാളുകളായി ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും ലഭിക്കുന്നില്ലെന്ന പരാതി നിലനിൽക്കുകയാണ്. ഇവരുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാത്തതുകൊണ്ട് വിദ്യാഭ്യാസം നല്ല നിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ അവർക്ക് സാധിക്കുന്നില്ല. ഇത് കൃത്യമായി ലഭിച്ചില്ലെങ്കിൽ പലർക്കും പഠനം

ഇടയ്ക്കുവച്ച് നിർത്തേണ്ട സാഹചര്യമുണ്ടാകും. പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. കൂടാതെ പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും നൽകുന്ന സ്റ്റൈപ്പന്റ് തുകയിൽ വ്യത്യാസമുണ്ടെന്നും ഇക്കാര്യത്തിൽ നിലനിൽക്കുന്ന അസമത്വം പരിഹരിക്കണമെന്നുമാവശ്യപ്പെട്ട് ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകളും വിദ്യാർത്ഥികളും നൽകിയ നിവേദനങ്ങൾക്ക് ഇപ്പോഴും പരിഹാരമായിട്ടില്ല. കേരളത്തിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഇന്ത്യയ്ക്കകത്ത് പഠനം നടത്തുന്നതിന് പോസ്റ്റ് മെട്രിക് സ്കോളർഷിപ് ലഭിക്കുന്നതിനുള്ള പുതിയ മാർഗ്ഗരേഖ കേന്ദ്ര സർക്കാരിന്റെ സോഷ്യൽ ജസ്റ്റിസ് ആൻഡ് എംപവർമെന്റ് മന്ത്രാലയം 2021-മാർച്ചിൽ പുറപ്പെടുവിക്കുകയുണ്ടായി. ഇതിൻപ്രകാരം മുമ്പെങ്ങുമില്ലാത്തവിധത്തിൽ പട്ടികജാതി വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസത്തിന് വരുമാനപരിധി ഏർപ്പെടുത്തിയിരിക്കുകയാണ്. പ്രസ്തുത മാർഗ്ഗരേഖയിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് അഡ്മിഷൻ ലഭിക്കുന്നതിന്

രക്ഷകർത്താവിന്റെ വാർഷിക വരുമാനം രണ്ടര ലക്ഷം രൂപയിൽ കവിയാൻ പാടില്ലെന്ന് പ്രത്യേകം നിഷ്കർഷിച്ചിരിക്കുകയാണ്. സർക്കാർ സർവ്വീസിലുള്ള ഒരു ലാസ്റ്റ് ഗ്രേഡ് ജീവനക്കാരന്റെ ശമ്പളംപോലും പ്രതിവർഷം രണ്ടര ലക്ഷം രൂപ കവിയുമെന്നതിനാൽ ഇങ്ങനെയൊരു നിബന്ധന അർഹതപ്പെട്ടവർക്ക് വിദ്യാഭ്യാസാനുകൂല്യം നിഷേധിക്കുന്നതാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. തമിഴ്നാട്, കർണ്ണാടക ഉൾപ്പെടെ മറ്റു പല സംസ്ഥാനങ്ങളിലും ഈ മാർഗ്ഗനിർദ്ദേശം നടപ്പാക്കിയിട്ടില്ലെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഈ തീരുമാനം കേരളം വളരെ തിടുക്കത്തിൽ നടപ്പാക്കിയെന്നാണ് വിവിധ പട്ടികജാതി സംഘടനകളും വിദ്യാർത്ഥികളും എനിക്ക് നൽകിയ നിവേദനത്തിൽ പറഞ്ഞിട്ടുള്ളത്. കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഉന്നതവിദ്യാഭ്യാസ മേഖലയിൽനിന്നും മാറ്റി നിർത്തുന്നതിന് ഈ മാർഗ്ഗനിർദ്ദേശങ്ങൾ കാരണമാകുമെന്നുള്ള ആക്ഷേപം നിലവിലുണ്ട്. ആയതിനാൽ പട്ടികജാതി വിദ്യാർത്ഥികളുടെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ അവസരങ്ങളെ

ബാധിക്കാത്തവിധം ഇക്കാര്യത്തിലൊരു പ്രായോഗിക നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അതോടൊപ്പം എസ്.സി./എസ്.ടി. പ്രീമെട്രിക് ഹോസ്റ്റലുകളിൽ പച്ചക്കറി ഉൾപ്പെടെയുള്ള ഭക്ഷ്യ സാധനങ്ങൾ വിതരണം ചെയ്യുന്നവർക്ക് തുക കൃത്യമായി നൽകാത്തതിനാൽ ഭക്ഷ്യ സാധനങ്ങളുടെ വിതരണം നിർത്തിയിരിക്കുകയാണ്. ഇതുമൂലം ഹോസ്റ്റലുകൾ നടത്തിക്കൊണ്ടുപോകാൻ സാധിക്കാത്ത സ്ഥിതിയാണ് നിലനിൽക്കുന്നത്. ഇക്കാര്യംകൂടി പരിശോധിച്ച് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട മുൻപ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല എസ്.സി./എസ്.ടി., ഒ.ബി.സി. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യവുമായി ബന്ധപ്പെട്ട കാര്യമാണ് ഉന്നയിച്ചത്. പ്രീമെട്രിക് തലത്തിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ പൂർണ്ണമായും നൽകിയിട്ടുണ്ട്. പ്രീമെട്രിക് തലത്തിൽ

പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ ഓരോ പാദത്തിലാണ് നൽകുന്നത്, അത് പൂർണ്ണമായും നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് കേന്ദ്രസർക്കാർ വിഹിതവും സംസ്ഥാന സർക്കാർ വിഹിതവും ചേർത്ത് 25:75 എന്ന അനുപാതത്തിലാണ് നൽകിവന്നിരുന്നത്. പലപ്പോഴും കേന്ദ്രസർക്കാരിന്റെ വിഹിതം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ പട്ടികജാതി വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് 2021-22 അധ്യയന വർഷം മുതൽ കേന്ദ്രസർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശപ്രകാരം, നേരത്തെ 100 ശതമാനമായിരുന്നത് 60 ശതമാനമാക്കി കുറച്ചതിന്റെ ഫലമായി വലിയ രീതിയിലുള്ള പ്രയാസം സംസ്ഥാന സർക്കാരിന് നേരിടേണ്ടിവരുന്നുണ്ട്. അതോടൊപ്പം രണ്ടര ലക്ഷത്തിൽ കൂടുതൽ വരുമാനമുള്ള രക്ഷകർത്താക്കളുടെ മക്കൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് നൽകേണ്ടതില്ലെന്ന് കേന്ദ്രസർക്കാർ തീരുമാനിച്ചു. അത് ഈ ഉത്തരവോടുകൂടി തീരുമാനിച്ചതല്ല. കേന്ദ്രസർക്കാർ വിഹിതം ലഭിക്കുന്നതിന് പട്ടികജാതി-പട്ടികവർഗ്ഗ

വിദ്യാർത്ഥികൾക്ക് വാർഷിക വരുമാന പരിധി രണ്ടര ലക്ഷം രൂപയായി നേരത്തെതന്നെ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുണ്ട്. പുതുക്കിയ 2021-ലെ മാർഗ്ഗരേഖയിലും കേന്ദ്രസർക്കാർ പ്രസ്തുത വരുമാന പരിധിയിൽ ഇളവ് വരുത്തിയിട്ടില്ല. വരുമാന പരിധിയില്ലാതെ സ്കോളർഷിപ്പ് നൽകണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടെങ്കിലും കേന്ദ്രസർക്കാർ വരുമാനപരിധി രണ്ടര ലക്ഷം രൂപയാക്കി പരിമിതപ്പെടുത്തിയിരിക്കുകയാണ്. കേന്ദ്രസർക്കാർ വരുമാന പരിധി പരിമിതപ്പെടുത്തിയെങ്കിലും സംസ്ഥാനത്തെ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെയാണ് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് കൊടുത്തുകൊണ്ടിരിക്കുന്നത്. രണ്ടര ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള കുട്ടികൾക്ക് കേന്ദ്രസർക്കാർ കൊടുക്കുന്ന വിഹിതവും കുറവാണ്. അതുകൂടി കോംപൻസേറ്റ് ചെയ്ത് വരുമാന പരിധിയില്ലാതെ എല്ലാ കുട്ടികൾക്കും സ്കോളർഷിപ്പ് നൽകുന്നുണ്ട്.

പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് സംബന്ധിച്ച നിരക്കുകൾ പുതുക്കി നിശ്ചയിച്ചു. അതായത് 05-01-2023-ൽ വിവിധ കാര്യങ്ങളുമായി ബന്ധപ്പെട്ട്

ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ വരുമാന പരിധിയില്ലാതെതന്നെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കേരളത്തിലും ഇന്ത്യയിലും വിദേശത്തുമുൾപ്പെടെ പോയി പഠിക്കാൻവേണ്ടിയുള്ള എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തിട്ടുണ്ട്. കേന്ദ്രം നിശ്ചയിച്ച രണ്ടര ലക്ഷം രൂപയുടെ വരുമാന പരിധിയില്ലാതെ തന്നെ പഠിക്കാനുള്ള അവസരം ഉണ്ടാക്കിയിട്ടുണ്ട്. അതോടൊപ്പം പഠിക്കാനുള്ള സംവിധാനവും ഉണ്ടാക്കിയിട്ടുണ്ട്. 2023 മാർച്ച് 31 വരെ കേരളത്തിൽനിന്നും എസ്.സി./എസ്.ടി./ഒ.ബി.സി. വിഭാഗത്തിലുള്ള 425 വിദ്യാർത്ഥികളെ വിദേശത്ത് അയച്ച് പഠിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒരു കുട്ടിക്ക് 10 ലക്ഷം രൂപ മുതൽ 35 ലക്ഷം രൂപവരെ ഇതിനായി ചെലവഴിച്ചിട്ടുണ്ട്. ഈ സാമ്പത്തികവർഷം ഏകദേശം 377-ഓളം വിദ്യാർത്ഥികളെക്കൂടി വിദേശത്ത് അയച്ച് പഠിപ്പിക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ കുട്ടികൾക്ക് നൽകേണ്ട വിഹിതം കുറച്ചതിനോടൊപ്പം വരുമാന പരിധി നിശ്ചയിക്കുകയും ചെയ്തു. അതിനൊന്നും വഴിപ്പെടാതെ സംസ്ഥാന സർക്കാർ

കുട്ടികൾക്ക് കൂടുതൽ വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിനുള്ള നടപടിയാണ് സ്വീകരിക്കുന്നത്.

കേന്ദ്ര സർക്കാർ നടപ്പിലാക്കിയ പുതിയ സംവിധാനം സംസ്ഥാന സർക്കാർ എളുപ്പത്തിൽ നടപ്പിലാക്കി, മറ്റു സംസ്ഥാനങ്ങൾ നടപ്പിലാക്കിയിട്ടില്ലെന്ന് അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത് തെറ്റായ പ്രസ്താവനയാണെന്ന് തോന്നുന്നു. ഇതുമായി ബന്ധപ്പെട്ട് രണ്ട് വർഷക്കാലം നിരന്തരമായി കേന്ദ്രസർക്കാരുമായി സംസ്ഥാന സർക്കാർ ചർച്ച നടത്തി. ഇത് പ്രായോഗികമല്ലെന്നും കുട്ടികളുടെ കൊഴിഞ്ഞുപോക്കിനടക്കം സാധ്യതയുണ്ടെന്നും കേന്ദ്രസർക്കാരിനെ ധരിപ്പിച്ചെങ്കിലും വിദ്യാഭ്യാസ ആനുകൂല്യം മാത്രമല്ല കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് നൽകുന്ന എല്ലാ ധനസഹായങ്ങളും നിർത്തലാക്കുമെന്നുള്ള അൾട്ടിമേറ്റമാണ് നമുക്ക് തന്നത്. അതിന്റെയടിസ്ഥാനത്തിൽ നമ്മൾ നിർബന്ധിതരാകുകയാണ്. 2021-ലാണ് കേന്ദ്രഗവൺമെന്റ് ഈ നിബന്ധന കൊണ്ടുവന്നതെങ്കിലും നമ്മൾ 2022-23 വർഷം മുതലാണ് ഇത് ആരംഭിക്കാൻ തീരുമാനിച്ചത്.

കേന്ദ്രസർക്കാരിന്റെ പബ്ലിക് ഫണ്ട് മോണിറ്ററിംഗ് സിസ്റ്റം അനുസരിച്ച് ആ പോർട്ടലിൽ നമ്മൾ അപേക്ഷ സമർപ്പിച്ചുവെങ്കിൽ മാത്രമേ കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കാനുള്ള സാധ്യതയുള്ളൂ. ആ സിസ്റ്റത്തിലേയ്ക്ക് വരാൻ കുറച്ച് കാലതാമസം നേരിട്ടുവെന്നത് ശരിയാണ്. അതിൽ ഒരു കാര്യം പരിശോധിക്കേണ്ടതുണ്ട്. 2021 മാർച്ച് 31 വരെ ഏകദേശം 632.99 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നു. ആ കുടിശ്ശിക മുഴുവൻ കൊടുത്തുതീർത്തു. സാമ്പത്തിക പ്രയാസവും പ്രതിസന്ധിയുമുണ്ടായിട്ടും പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും പൂർണ്ണമായും കൊടുത്തുതീർക്കാൻ കഴിഞ്ഞുവെന്നുള്ളത് അഭിമാനകരമായ കാര്യമാണ്. എസ്.സി. കുട്ടികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ഏകദേശം 81 കോടിയിൽപ്പരം രൂപ ലഭിക്കാനുണ്ടായിരുന്നതിൽ 25 കോടിയിൽപ്പരം രൂപ അടുത്ത ദിവസം അനുവദിക്കുകയും അത് ഡിസ്ബേഴ്സ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 56.23 കോടി രൂപ കൂടി ലഭിക്കാനുള്ള നടപടി സ്വീകരിക്കും. അങ്ങനെ വരുമ്പോൾ പൂർണ്ണമായും എസ്.സി. കുട്ടികളുടെകൂടി

പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് കൊടുത്തുതീർക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല.

പട്ടികജാതി-പട്ടികവർഗ്ഗ കുട്ടികൾക്ക് കൊടുക്കുന്ന മറ്റു വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എല്ലാംതന്നെ കൊടുത്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രീമെട്രിക് ഹോസ്റ്റലുകളിലും പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലും സാധനങ്ങൾ വാങ്ങിയയിനത്തിൽ നൽകുവാനുണ്ടായിരുന്ന കുടിശ്ശിക തീർക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

അങ്ങ് ചൂണ്ടിക്കാണിച്ച മറ്റൊരു കാര്യം ഒ.ഇ.സി., ഒ.ബി.സി. വിദ്യാർത്ഥികളുടെ കാര്യമാണ്. ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന വിദ്യാഭ്യാസാനുകൂല്യം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് കൊടുക്കുന്ന അതേ നിരക്കിൽത്തന്നെയാണ്. അതിൽ ചെറിയ കുടിശ്ശിക വന്നിട്ടുണ്ട്. ഏകദേശം 65 ശതമാനത്തോളം വരുന്ന ഒ.ബി.സി. കുട്ടികൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് കൊടുക്കുന്ന അതേ രീതിയിൽത്തന്നെ വിദ്യാഭ്യാസാനുകൂല്യം കൊടുക്കുകയെന്നത് പ്രയാസകരമാണ്. 1966 മുതൽ തുടങ്ങിയതാണ് ഈ

സിസ്റ്റം. ആ സിസ്റ്റത്തിൽ മാറ്റം വരുത്താൻ ഒരു ഗവൺമെന്റും തയ്യാറായിട്ടില്ല. തയ്യാറാകാത്തതിന്റെ കാരണം വലിയ സാമ്പത്തിക ബാധ്യത ഏറ്റെടുക്കേണ്ടിവരുമെന്നുള്ളതാണ്. അത്രയും വലിയ സാമ്പത്തിക ബാധ്യത ഏറ്റെടുക്കുന്നതിനെ സംബന്ധിച്ചും നമ്മൾ പരിശോധന നടത്തുന്നുണ്ട്. നമ്മുടെ സാമ്പത്തിക സ്ഥിതി അനുസരിച്ചുമാത്രമേ ഒ.ബി.സി. വിദ്യാർത്ഥികൾക്കുകൂടി എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന വിദ്യാഭ്യാസ ആനുകൂല്യം കൊടുക്കുന്ന കാര്യം തീരുമാനിക്കാൻ കഴിയൂ. അതോടൊപ്പംതന്നെ ഒരു കാര്യംകൂടി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. കേന്ദ്രഗവൺമെന്റ് ഓരോ വർഷവും വിഹിതം കുറച്ചു കൊണ്ടുവരികയാണ്. ആദ്യം 100 ശതമാനത്തിൽനിന്ന് 60 ശതമാനമാക്കിയും 60 ശതമാനത്തിൽനിന്ന് 40 ശതമാനമാക്കിയും കുറച്ചു. അതുപോലെതന്നെ ഒന്നു മുതൽ എട്ടുവരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് കൊടുത്തുകൊണ്ടിരുന്ന സ്കോളർഷിപ്പും ഏകപക്ഷീയമായി നിർത്തലാക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചു. Right to Education Act അനുസരിച്ച് എസ്.സി./എസ്.ടി. കുട്ടികൾക്ക് മാത്രമല്ല ഒ.ബി.സി. കുട്ടികൾക്കും

മൈനോറിറ്റി കുട്ടികൾക്കും (ഒന്നു മുതൽ എട്ടുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ) കൊടുക്കാൻ തീരുമാനിച്ചിരുന്നതും നിർത്തലാക്കിയിരിക്കുകയാണ്. കേന്ദ്രസർക്കാർ നമുക്ക് നൽകിയിരുന്ന ഫണ്ടിന്റെ കുറവുവരുത്തൽ, കുട്ടികളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് പൈസ നൽകണം എന്നൊക്കെയുള്ള പുതിയ മാനദണ്ഡങ്ങൾ എന്നിവ കാരണം വലിയ പ്രയാസം നേരിടുന്നുണ്ട്. ഇത്തരം പ്രയാസങ്ങൾക്കിടയിലും എസ്.സി./എസ്.ടി./ഒ.ബി.സി. കുട്ടികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങളും മറ്റു സൗകര്യങ്ങളും വർദ്ധിപ്പിച്ചുകൊടുക്കാനുള്ള നടപടിയാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

(5) ശബരിമല മാസ്റ്റർ പ്ലാൻ

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, നമ്മുടെ ഒരു പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രമാണ് ശബരിമല. ലക്ഷക്കണക്കിന് തീർത്ഥാടകരാണ് ശബരിമലയിലേയ്ക്ക് എത്തുന്നത്. കഴിഞ്ഞ തീർത്ഥാടന കാലത്ത് ബഹുമാനപ്പെട്ട മന്ത്രിയുൾപ്പെടെയുള്ളവർ ശബരിമലയിൽ ക്യാമ്പ് ചെയ്ത് പ്രവർത്തിച്ചതിന്റെ ഭാഗമായി തീർത്ഥാടനം വളരെ സുഗമമായി നടത്താൻ

കഴിഞ്ഞിട്ടുണ്ട്. കാനന ക്ഷേത്രമായതുകൊണ്ട് ശബരിമലയിലും പമ്പയിലും നിലയ്ക്കലും ധാരാളം പരിമിതികളുണ്ട്. ഈ പരിമിതികൾ പരിഹരിക്കുന്നതിനുവേണ്ടിയാണ് ദീർഘവീക്ഷണത്തോടെ ശബരിമല മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഈ മാസ്റ്റർ പ്ലാൻ നടപ്പാക്കുന്ന ഘട്ടത്തിൽ പലപ്പോഴും വനം വകുപ്പും കേന്ദ്ര എംപവർ കമ്മിറ്റിയും ചില തടസ്സവാദങ്ങൾ ഉന്നയിച്ചിരുന്നു. അത് പരിഹരിക്കുന്നതിനുവേണ്ടി ബഹു. ദേവസ്വം വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാന വനം വകുപ്പുമന്ത്രിയുമായി ചേർന്ന് സ്വീകരിച്ച ചില നടപടികളുടെ ഭാഗമായി ഒരു ജോയിന്റ് സർവേയും നടത്തുകയുണ്ടായി. അതോടൊപ്പംതന്നെ സ്റ്റേറ്റ് ഗവൺമെന്റിന്റെ പ്ലാൻ ഫണ്ട്, കിഫ്ബി എന്നിവയിൽനിന്നും മാസ്റ്റർ പ്ലാനിന്റെ നടത്തിപ്പിനുവേണ്ടി ദേവസ്വം ബോർഡിന് തുക നൽകാറുണ്ട്. വളരെ വേഗം തന്നെ ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. യു. ജനീഷ് കുമാർ ഉന്നയിച്ച സബ്മിഷൻ ശബരിമലയുമായി ബന്ധപ്പെട്ടതാണ്. ശബരിമലയുടെയും ബന്ധപ്പെട്ട പ്രദേശങ്ങളുടെയും സമഗ്ര വികസനം ലക്ഷ്യമാക്കി 2005-2006-ൽ ഡൽഹി ആസ്ഥാനമാക്കിയുള്ള ഇൻഫ്രാസ്ട്രക്ച്ചർ ലീസിംഗ് ആൻഡ് ഫിനാൻഷ്യൽ സർവ്വീസസ് എന്ന കമ്പനി തയ്യാറാക്കിയ വികസന രേഖയാണ് ശബരിമല മാസ്റ്റർ പ്ലാൻ. 2050 വരെയുള്ള ശബരിമല വികസനം മുൻകൂട്ടി കണ്ടാണ് പ്രസ്തുത വികസന രേഖ തയ്യാറാക്കിയിട്ടുള്ളത്. 2007-ൽ കേരള സർക്കാർ ശബരിമല മാസ്റ്റർ പ്ലാൻ അംഗീകരിച്ച് ഉത്തരവിറക്കി. ഇതിന്റെയടിസ്ഥാനത്തിൽ ഹൈക്കോടതിയിൽ ദേവസ്വം ഓംബുഡ്സ്മാൻ, ശബരിമല റിപ്പോർട്ട് സമർപ്പിക്കുകയും അതിന്റെ വിശദാംശങ്ങൾ പരിശോധിച്ച ഹൈക്കോടതി 2009 ഏപ്രിൽ മാസത്തിൽ മുൻ ചീഫ് സെക്രട്ടറി ശ്രീ. കെ. ജയകുമാർ ചെയർമാനായി ശബരിമല മാസ്റ്റർ പ്ലാൻ ഉന്നതാധികാര സമിതി രൂപീകരിക്കുകയും 2017 ആഗസ്റ്റിൽ റിട്ട. ജസ്റ്റിസ്

എസ്. സിരിജഗൻ ചെയർമാനായി ഹൈക്കോടതി ഉന്നതാധികാര സമിതി പുന:സ്ഥാപിക്കുകയും ചെയ്തു. ഉന്നതാധികാര സമിതിക്കാണ് ശബരിമല മാസ്റ്റർ പ്ലാനിന്റെ നിർവ്വഹണ ചുമതലയുള്ളത്. ആദ്യ ഘട്ടത്തിൽ ശബരിമല മാസ്റ്റർ പ്ലാൻ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് മുഖേന സ്വരൂപിച്ച സാമ്പത്തികം ഉപയോഗിച്ചാണ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. 2011-12 കാലഘട്ടം മുതൽ സംസ്ഥാന ഗവൺമെന്റ് ബഡ്ജറ്റ് വിഹിതംകൊണ്ടാണ് പദ്ധതികൾ നടപ്പിലാക്കിയത്. ഏകദേശം 335 കോടി രൂപ കഴിഞ്ഞ വർഷങ്ങളിൽ ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കാൻവേണ്ടി അനുവദിച്ചെങ്കിലും 141.25 കോടി രൂപ മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. ശബരിമല സന്നിധാനത്തും അതുമായി ബന്ധപ്പെട്ടും ചെയ്യേണ്ട കാര്യങ്ങളെല്ലാം ചെയ്യാൻ വേണ്ടിയാണ് പണം വിനിയോഗിച്ചുകൊണ്ടിരിക്കുന്നത്. ഈ വർഷം ശബരിമല മാസ്റ്റർ പ്ലാനിനുവേണ്ടി 30 കോടി രൂപയാണ് സർക്കാർ വകയിരുത്തിയിരിക്കുന്നത്. അതുപോലെതന്നെ കേന്ദ്ര ഗവൺമെന്റിൽനിന്ന് ലഭിക്കുന്ന സംഖ്യകൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് ശബരിമലയുടെ സമഗ്ര വികസനത്തിനുവേണ്ടിയുള്ള പദ്ധതിയാണ് ആവിഷ്കരിച്ച് നടപ്പാക്കാൻ

ഉദ്ദേശിക്കുന്നത്. അതിന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും പല രീതിയിലുള്ള തടസ്സങ്ങളുണ്ടായിരുന്നു. ബഹു. വനം വകുപ്പുമന്ത്രിയുമായും ഉന്നത ഉദ്യോഗസ്ഥരുമായും ചർച്ച നടത്തി അവയ്ക്ക് പരിഹാരം കാണുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വർഷത്തെ തീർത്ഥാടനം ആരംഭിക്കുന്നതിന് മുമ്പായി എല്ലാ പദ്ധതികളും പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

(6) <u>നാഗർകോവിൽ-തിരുവനന്തപുരം റെയിൽപ്പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട നഷ്ട പരിഹാരതുക</u>

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, നാഗർകോവിൽ - തിരുവനന്തപുരം റെയിൽപ്പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് നെയ്യാറ്റിൻകര താലൂക്കിലെ പാറശ്ശാല, പരശ്ശുവയ്ക്കൽ, കൊല്ലയിൽ, നെയ്യാറ്റിൻകര, അതിയന്നൂർ, ബാലരാമപുരം എന്നീ ആറു വില്ലേജുകളിലെ ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നുവരികയാണ്. പാറശ്ശാല വില്ലേജിൽ ഭൂമി എ, ബി, സി, ഡി, ഇ കാറ്റഗറികളായും മറ്റ് വില്ലേജുകളിൽ ഭൂമി എ, ബി, സി, ഡി കാറ്റഗറികളുമായിട്ടാണ് തരംതിരിച്ചിട്ടുള്ളത്. ഭൂമി ഏറ്റെടുക്കലുമായി

ബന്ധപ്പെട്ട് റെയിൽവേ അധികൃതർ വിളിച്ചുചേർത്ത യോഗത്തിൽ ഭൂമി വിട്ടുനൽകുന്നവർക്ക് ന്യായവില നൽകുമെന്ന് അറിയിച്ചിരുന്നു. കൂടാതെ നാലും അഞ്ചും സെന്റ് വസ്തു ഉള്ളവരിൽനിന്നും റെയിൽവേ വികസനത്തിനായി ഏറ്റെടുക്കുന്ന ഭൂമിക്ക് പുറമേ സംരക്ഷണ മേഖലയിൽ ശേഷിക്കുന്ന വസ്തുവിനും ന്യായവില നൽകുമെന്നാണ് അറിയിച്ചത്. എന്നാൽ നിലവിൽ വസ്തുവിന് വില നിശ്ചയിച്ചതിലും തരംതിരിവ് നടത്തിയതിലും ഒരുപാട് അപാകതകളുള്ളതായി പരാതിയുണ്ട്. പല സർവ്വേ നമ്പരുകളിലും വില്ലേജ് പോലും തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഏകദേശം 9 ഹെക്ടർ ഭൂമിയാണ് ഈ മേഖലയിൽ ഏറ്റെടുക്കേണ്ടത്. ഏറ്റെടുക്കുന്ന വസ്തുക്കളുടെ വാല്യൂവേഷൻ സംബന്ധിച്ച യാതൊരു വിവരവും വസ്തു ഉടമകൾക്ക് നൽകിയിട്ടില്ലെന്ന ആക്ഷേപവും നിലവിലുണ്ട്. കരമന – കളിയിക്കാവിള സ്റ്റേറ്റ് ഹൈവേയ്ക്ക് സമീപമുള്ള മേൽപ്പടി വസ്തുക്കൾക്ക് സെന്റിന് 4 മുതൽ 8 ലക്ഷം രൂപ വരെ ലോക്കൽ വാല്യൂവുണ്ടായിരിക്കെ നിലവിലെ വാല്യൂവേഷനിൽ അതിന്റെ മൂന്നിലൊന്ന് വില മാത്രമാണ് നിശ്ചയിച്ചതായി അറിയുന്നത്. ടി മേഖലയിൽ ഏകദേശം 400-ലധികം

വരുന്ന ആളുകൾക്കാണ് ഭൂമി നഷ്ടമാകുന്നത്. 100-ലധികം വീടുകൾ പൂർണ്ണമായും 35-എണ്ണം ഭാഗികമായും 25 കച്ചവട സ്ഥാപനങ്ങൾ, കൃഷിയിടങ്ങൾ, കിണറുകൾ, ആരാധനാലയങ്ങൾ എന്നിവയും ഉൾപ്പെടുന്നു. ഇതിൽ ഭൂരിഭാഗവും സാധാരണക്കാരും നിർധനരുമായ ആളുകളാണ്. നിലവിൽ നിശ്ചയിച്ച വില ലഭിച്ചാൽ കിടപ്പാടം നഷ്ടമാകുന്നവർക്ക് പകരം വസ്തു വാങ്ങുന്നതിനോ പുതിയ വീട് വയ്ക്കുന്നതിനോ കഴിയാതെ വരും. ആയതിനാൽ ഈ സാഹചര്യം കണക്കിലെടുത്ത് വില നിർണ്ണയ നടപടികൾ പുനഃപരിശോധിച്ച് ന്യായവില ലഭ്യമാക്കി നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് സർക്കാരിന്റെ മുന്നിലുള്ള ഗൗരവമായ പ്രശ്നമാണ്. തിരുവനന്തപുരം-കന്യാകുമാരി റെയിൽവേ വികസനത്തിന്റെ ഭാഗമായി തിരുവനന്തപുരം മുതൽ പാറശ്ശാല വരെ റെയിൽപ്പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് ദക്ഷിണ റെയിൽവേ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ സമർപ്പിച്ച അർത്ഥനയുടെ അടിസ്ഥാനത്തിൽ LARR Act 2013

പ്രകാരമാണ് ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിക്കുന്നത്. ഭൂമി ഏറ്റെടുക്കൽ നടപടി മൂന്ന് റീച്ചുകളായി തിരിച്ച് മൂന്ന് സ്പെഷ്യൽ തഹസിൽദാർ ഓഫീസുകൾ മുഖാന്തരമാണ് സ്വീകരിച്ചുവരുന്നത്. ഭൂമി വിട്ടുകിട്ടുന്നവർക്ക് LARR Act 2013-ന്റെ സെക്ഷൻ 26 മുതൽ 30 വരെ പ്രകാരമാണ് നഷ്ടപരിഹാരം സാധാരണ നിശ്ചയിക്കുന്നത്. ഭൂമിയുടെ കമ്പോളവില നിശ്ചയിക്കുന്നത് LARR Act 2013-ന്റെ സെക്ഷൻ 26 പ്രകാരമാണ്. കമ്പോള വില തീരുമാനിക്കുന്നത് പ്രാഥമിക വിജ്ഞാപനം 11(1) പുറപ്പെടുവിക്കുന്ന തീയതിയാണെന്ന് നിയമത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഭൂവുടമയ്ക്ക് മികച്ച സ്ഥലവില നൽകുന്നത് 26(b) പ്രകാരമുള്ള മാനദണ്ഡങ്ങൾ അനുവർത്തിച്ചുകൊണ്ടാണ്. അതായത്, ഭൂമിയുടെ വിൽപ്പനയ്ക്കുവേണ്ടിയുള്ള രജിസ്ട്രേഷന്റെ ആവശ്യത്തിനായി കണക്കാക്കേണ്ട മാർക്കറ്റ് വിലയോ അല്ലെങ്കിൽ ഭൂമി ഏറ്റെടുത്ത വർഷത്തിന് തൊട്ടുമുമ്പിലത്തെ മൂന്ന് വർഷത്തിൽ ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന് സമീപ പ്രദേശങ്ങളിലെ സമാന സ്വഭാവമുള്ള സ്ഥലത്തെ സംബന്ധിച്ച് ഉയർന്ന വിൽപ്പനവില കാണിച്ചിരിക്കുന്ന വിലയാധാരങ്ങളുടെ ആകെ എണ്ണത്തിന്റെ പകുതിയുടെ

ശരാശരി വിൽപ്പന വിലയോ ഇതിൽ ഏതാണോ കൂടുതൽ ആ വില കണക്കാക്കിയാണ് ഭൂമിക്ക് വില നിശ്ചയിക്കുന്നത്. ഈ നിശ്ചയിച്ച വിലയെ സംബന്ധിച്ചായിരിക്കും ബഹുമാനപ്പെട്ട അംഗം പറഞ്ഞിട്ടുള്ളത്. 2013-ലെ LARR ആക്ടും 1894-ലെ Land Acquisition ആക്ടും തമ്മിൽ അജഗജാന്തരമുണ്ട്. ഇവിടെ നിശ്ചയിക്കപ്പെടുന്ന കമ്പോള വിലയുടെ അടിസ്ഥാനത്തിൽ നഗരപ്രദേശത്തുനിന്നുള്ള ദൂരത്തെ അടിസ്ഥാനമാക്കിയുള്ള ഒന്നു മുതൽ രണ്ട് വരെയുള്ള ഘടകംകൊണ്ട് ഗുണിച്ചുകിട്ടുന്ന തുകയും ഏറ്റെടുക്കുന്ന ഭൂമിയിലെ സ്ഥാവര വസ്തുക്കളും ആസ്തികളും ചേർത്തുകിട്ടുന്ന തുകയുടെ 100 ശതമാനം തുല്യമായ തുക സൊലേഷ്യമായും കൂട്ടിക്കിട്ടുന്ന തുകയാണ് അവാർഡ് തുകയായി നിശ്ചയിക്കുക. നഗരത്തിൽനിന്നും 10 കിലോമീറ്റർ അകലെയാണെങ്കിൽ നിശ്ചയിച്ച വിലയുടെ 1.2 ശതമാനം, 20 കിലോമീറ്റർ അകലെയാണെങ്കിൽ നിശ്ചയിച്ച വിലയുടെ 1.4 ശതമാനം, 30 കിലോമീറ്റർ അകലെയാണെങ്കിൽ നിശ്ചയിച്ച വിലയുടെ 1.6 ശതമാനം 40 കിലോമീറ്റർ അകലെയാണെങ്കിൽ നിശ്ചയിച്ച വിലയുടെ 1.8 ശതമാനം 40 കിലോമീറ്ററിനെക്കാൾ കൂടുതലാണെങ്കിൽ നേരത്തെ പറഞ്ഞതനുസരിച്ച്

26(b) പ്രകാരം കണക്കാക്കിയ ഭൂമിയുടെ ഇരട്ടിവിലയായിരിക്കും ലഭ്യമാകുക. അത് മാത്രമല്ല, ആ ഭൂമിയിലുള്ള എല്ലാ സ്ഥാവരജംഗമ വസ്തുക്കളുടെയും മറ്റ് ആസ്തികളുടെയും അവിടെയുള്ള വൃക്ഷങ്ങളുടെയും സസ്യങ്ങളുടെയും മൂല്യം കണക്കാക്കും. ഇങ്ങനെ ചേർന്നുകിട്ടുന്ന സംഖ്യയുടെ ഇരട്ടിയാണ് വിലയായി നിശ്ചയിക്കുന്നത്. 1894-ലെ ഭൂമി ഏറ്റെടുക്കൽ ആക്ടിന്റെ സെക്ഷൻ 23-ലെ 23(2) പ്രകാരം കൊടുക്കുന്ന solatium 30 ശതമാനമാണ്. എന്നാൽ ഇതിൽ 100% solatium ആണ് കൊടുക്കുന്നത്. ഇങ്ങനെ കൊടുക്കുന്ന തുക അവാർഡ് തുകയായി നിശ്ചയിക്കുന്നുവെന്ന് മാത്രമല്ല, സാമൂഹികാഘാത പഠനത്തിന് വിജ്ഞാപനം പുറപ്പെടുവിക്കുന്ന തീയതി മുതൽ അവാർഡ് പ്രഖ്യാപിക്കുന്ന തീയതിവരെയോ ഭൂമി കൈവശത്തിൽ ഏറ്റെടുക്കുന്ന തീയതിവരെയോ, ഇതിൽ ഏതാണ് ആദ്യം വരുന്നതെന്ന് നോക്കി പ്രഖ്യാപിക്കപ്പെട്ട ഈ തുകയുടെ 12 ശതമാനം പലിശകൂടി ഇതിൽ നൽകാൻ തീരുമാനിക്കുന്നു. ഇതിനുപുറമെ ജില്ലാ കളക്ടർക്ക് പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുംവേണ്ടിയുള്ള ഒരു പാക്കേജ് സമർപ്പിക്കാൻ കഴിയും. ഈ രണ്ട് ആക്ടുകളുടെ പേരുകൾ തമ്മിലുള്ള വ്യത്യാസം നോക്കിയാൽ

അറിയാം 1894-ലെ ആക്ടിന്റെ പേര് The Land Acquisition Act എന്നും 2013-ൽ പാർലമെന്റ് അംഗീകരിച്ച പുതിയ ആക്ടിന്റെ പേര് The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act എന്നുമാണ്. അതനുസരിച്ച് വില നിശ്ചയിക്കുമ്പോൾ ഈ ആശങ്കകൾ പരിഹരിക്കപ്പെട്ടേക്കാം. ഇതിനുപുറമെതന്നെ ഭൂമി നിർണ്ണയിച്ചതിൽ നിയമപ്രകാരം 2013-ലെ ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ടിന്റെ സെക്ഷൻ 64 പ്രകാരം ഇതുസംബന്ധിച്ച് ആക്ഷേപമുണ്ടെങ്കിൽ എൽ.എ.ആർ. കേസ്സുകൾ ഫയൽ ചെയ്യാം. അത്രയേറെ ബുദ്ധിമുട്ടിച്ച്, തിരുവനന്തപുരം-കന്യാകുമാരി റെയിൽവേ വികസനത്തിന്റെ ഭാഗമായി ഭൂമിയേറ്റെടുക്കലിലേയ്ക്ക് പോകേണ്ട കാര്യമില്ല. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതുപോലെ ഈ കേസിൽ സ്ഥലമേറ്റെടുമ്പോൾ നഷ്ടപരിഹാരം വലിയതോതിൽ കുറവ് വന്നിട്ടുണ്ടോയെന്നും കുറവ് വന്നിട്ടുണ്ടെങ്കിൽ അതിന്റെ കാരണവും ഗൗരവമായി പരിശോധിക്കാം. ഇതിനുംപുറമെ ബഹുമാനപ്പെട്ട അംഗം

സൂചിപ്പിച്ച ഈ പ്രശ്നത്തിൽ എം.എൽ.എ.യുടെ സാന്നിധ്യത്തിൽ ഈ മാസംതന്നെ ഒരു യോഗം വിളിച്ച് ആശങ്കകൾ പരിഹരിക്കുന്നതിന് ഇന്നുതന്നെ തിരുവനന്തപുരം ജില്ലാകളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്യാമെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു.

(7) വന്യമൃഗശല്യം തടയൽ

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, മലബാർ വന്യജീവി സങ്കേതത്തിന്റെ ഭാഗമായ കക്കയം റിസർവ് വനത്തിൽനിന്നും കാട്ടാനകൾ കൂട്ടത്തോടെ കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയിലുള്ള ജലാശയം നീന്തി ജനവാസമേഖലയിലെത്തി കർഷകരുടെ വിളയും കൃഷിഭൂമിയും വ്യാപകമായി നശിപ്പിക്കുകയാണ്. കഴിഞ്ഞ കുറേനാളുകളായി മലയോര മേഖലയിലെ സാധാരണ കൃഷിക്കാർക്കിടയിൽ ഇതൊരു വലിയ പ്രശ്നമായി തുടർന്നുകൊണ്ടിരിക്കുന്നു. കക്കയം-കിഴക്കുംപുറം ഭാഗത്തും കൂരാച്ചുണ്ട് ടൗണിനോടടുത്തുള്ള ഓട്ടപ്പാലം, മണ്ടോപ്പാറ ഭാഗങ്ങളിലും കാട്ടാന നിരന്തരമായി കൃഷി നശിപ്പിക്കുകയും കർഷകരുടെ ജീവന് ഭീഷണിയാകുകയും ചെയ്യുന്നു. ആനയിറങ്ങുന്ന സ്ഥലത്ത് റെയിൽ

ഫെൻസിംഗ് സ്ഥാപിക്കുന്നതിനും നിലവിലുള്ള ഫെൻസിംഗ് ശക്തിപ്പെടുത്തി കൂടുതൽ വാച്ചർമാരെ പ്രസ്തുത പ്രദേശങ്ങളിൽ നിയമിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം. നിലവിൽ സർക്കാരിന്റെ പരിഗണനയിലുള്ള ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുന്നതിന് പ്രത്യേക ശ്രദ്ധയും അടിയന്തര നടപടിയും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട ബാലുശ്ശേരി എം.എൽ.എ. അവതരിപ്പിച്ചത് മലയോര മേഖലയിലെ പൊതുവായ സ്ഥിതിയാണ്. അദ്ദേഹത്തിന്റെ മണ്ഡലം ഉൾക്കൊള്ളുന്ന മലബാർ വന്യജീവി സങ്കേതത്തിൽ ഉൾപ്പെട്ട പന്നിക്കോട്ടൂർ റിസർവ് വനത്തിൽനിന്നാണ് കൂരാച്ചുണ്ട് പഞ്ചായത്തിലെ ഓട്ടപ്പാലം, മണ്ടോപ്പാറ പ്രദേശത്തേയ്ക്ക് ആനകളിറങ്ങുന്നത്. റിസർവ് വനത്തിന്റെ റിസർവോയറിനോട് ചേർന്ന ഭാഗത്ത് നിലവിൽ ഫെൻസിംഗ് സ്ഥാപിച്ചിട്ടില്ല. കാടിനോട് ചേർന്ന് ഫെൻസിംഗ് സ്ഥാപിച്ചാൽ റിസർവോയറിലേയ്ക്ക് വെള്ളം കുടിക്കാനെത്തുന്ന ആനകളുടെ വഴി

തടസ്സപ്പെടാനും അതുകാരണം ഫെൻസിംഗ് നശിപ്പിക്കാനും അതിലൂടെ കൂടുതൽ ഭാഗത്തേയ്ക്ക് ആനകൾ ഇറങ്ങുന്നതിനും കാരണമാകും. അതിനാൽ ഈ ഭാഗത്ത് ഇപ്പോൾ നിർദ്ദേശിച്ചതുപോലുള്ള ഫെൻസിംഗ് പ്രായോഗികമല്ല. അവിടെ പ്രായോഗികമാകുന്ന സംവിധാനമെന്താണെന്ന് പരിശോധിച്ചതിനുശേഷമേ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. ആനകൾ വനത്തിൽനിന്നും റിസർവോയർ നീന്തിക്കടന്നെത്തുന്ന ഭാഗത്ത് ഫെൻസിംഗ് സ്ഥാപിക്കുന്നതാണ് അഭികാമ്യമെന്ന റിപ്പോർട്ടുണ്ട്. അതും പരിശോധിക്കാം. പ്രസ്തുത പ്രദേശങ്ങൾ സ്വകാര്യവ്യക്തികളുടെയും ഇറിഗേഷൻ വകുപ്പിന്റെയും അധീനതയിലുള്ളതാണ്. അവിടെ ഏതെങ്കിലും തരത്തിലുള്ള ഫെൻസിംഗ് സ്ഥാപിക്കുന്നതിന് ഇവരുടെ സമ്മതം ആവശ്യമാണ്. ആയത് ലഭ്യമാകുന്ന പക്ഷം നബാർഡ് പദ്ധതിയിലുൾപ്പെടുത്തി പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഈ പ്രദേശത്തെ മണ്ണിന്റെ ഘടനയും ഉറപ്പും സ്ഥലത്തിന്റെ അനുയോജ്യതയും പഠനവിധേയമാക്കിയതിനുശേഷം മാത്രമേ ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടതുപോലെ, റെയിൽ ഫെൻസിംഗ്

സ്ഥാപിക്കുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ. നിലവിൽ ആനയിറങ്ങുന്ന പ്രദേശങ്ങളിൽ കക്കയം ഫോറസ്റ്റ് സ്റ്റേഷനിലെ വാച്ചർമാരും ജീവനക്കാരും എത്തിച്ചേർന്ന് ആനയെ തുരത്തുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്. അതിന് നാട്ടുകാരുടെ സഹകരണവും ലഭിക്കുന്നുണ്ട്. കക്കയം ഭാഗത്ത് കെ.എസ്.ഇ.ബി. കോളനി, പഞ്ചവടിപ്പാലം എന്നിവിടങ്ങളിലെ 4650 മീറ്റർ സോളാർ ഫെൻസിംഗ് ഇപ്പോൾ പ്രവർത്തനക്ഷമമാണ്. അത് കൂടുതൽ പ്രവർത്തനക്ഷമമായി നിലനിർത്തുന്നതിന് കൂടുതൽ വാച്ചർമാരെ നിയമിച്ചിട്ടുണ്ട്. അറ്റകുറ്റപ്പണികൾ ആവശ്യമായി വരുന്ന ഘട്ടത്തിൽ സാമഗ്രികൾ വാങ്ങുന്നതിന് പണവും അനുവദിച്ചിട്ടുണ്ട്. നിരന്തരം കാട്ടാന ശല്യമുള്ള പ്രദേശങ്ങളിൽ ലഭ്യതയ്ക്കനുസരിച്ച് കൂടുതൽ വാച്ചർമാരെ നിയോഗിക്കുന്ന കാര്യം പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

(8) മെഡിസെപ്

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ പരിരക്ഷയ്ക്കായി സർക്കാർ ആവിഷ്കരിച്ച

പദ്ധതിയാണ് മെഡിസെപ്. ഇതിനായി അഞ്ഞൂറ് രൂപയാണ് ഓരോരുത്തരും അടയ്ക്കേണ്ടത്. നിലവിൽ ഈ പദ്ധതി ജീവനക്കാർക്ക് ഉപകാരപ്രദമല്ലാത്ത രൂപത്തിലാണ് മുമ്പോട്ടുപോകുന്നത്. ഒന്നാമത്തെ പ്രശ്നം, ഏറ്റവും കൂടുതൽ സർക്കാർ ജീവനക്കാരുള്ള തിരുവനന്തപുരം ജില്ലയിൽപ്പോലും പ്രധാനപ്പെട്ട സൂപ്പർ സ്പെഷ്യാലിറ്റി, സ്വകാര്യ ആശുപത്രികളൊന്നുംതന്നെ മെഡിസെപിന്റെ എംപാനൽഡ് ലിസ്റ്റിൽ ഉൾപ്പെടുന്നില്ലെന്നുള്ളതാണ്. അതുമാത്രമല്ല, എംപാനൽഡ് ആശുപത്രികളിൽ ചികിത്സ നടത്തുന്ന ജീവനക്കാർക്കുപോലും മുൻകൂറായി പണം അടയ്ക്കേണ്ടിവരുന്ന സാഹചര്യമാണുള്ളത്. ചികിത്സയ്ക്കുശേഷം ഡിസ്ചാർജിന് സമയമാകുമ്പോൾ ഓറിയന്റൽ ഇൻഷ്വറൻസിൽനിന്നും അപ്രൂവൽ ലഭിച്ചിട്ടില്ലെന്ന കാരണംമൂലം വലിയ തുക അങ്ങോട്ട് അടയ്ക്കേണ്ട അവസ്ഥയാണ് ജീവനക്കാർ നേരിട്ടുകൊണ്ടിരിക്കുന്നത്. മാത്രമല്ല, എംപാനൽ ചെയ്ത ആശുപത്രിയിലെ എല്ലാ വിഭാഗത്തിന്റെയും ചികിത്സ മെഡിസെപിന്റെ പരിധിയിൽ വരുന്നുമില്ല. ഉദാഹരണമായി എംപാനൽ ചെയ്ത ആശുപത്രിയിൽ ഹൃദ്രോഗത്തിന് ചികിത്സിച്ചുകൊണ്ടിരിക്കുന്ന

ഒരാൾക്ക് നെഫ്രോളജി, ന്യൂറോളജി എന്നിവ സംബന്ധമായ പ്രശ്നമുണ്ടെന്നറിഞ്ഞ് അതേ ആശുപത്രിയിൽ ആ വിഭാഗവുമായി ബന്ധപ്പെട്ടപ്പോൾ ഈ വിഭാഗങ്ങൾ മെഡിസെപിൽ ഉൾപ്പെട്ടിട്ടില്ലെന്നാണ് പറയുന്നത്. അങ്ങനെവരുമ്പോൾ അതിന്റെ ചികിത്സയ്ക്കുള്ള പണം ആശുപത്രിയിൽ അടയ്ക്കേണ്ടി വരുന്നു. പെൻഷൻകാർക്ക് മുമ്പ് ചികിത്സാ സഹായമായി മാസംതോറും അഞ്ഞൂറ് രൂപ ലഭിച്ചിരുന്നു. മെഡിസെപ് വന്നതോടുകൂടി അത് നിർത്തലാക്കുകയും അഞ്ഞൂറ് രൂപ മാസംതോറും മെഡിസെപിലേയ്ക്ക് അടയ്ക്കുകയും വേണം. നേരത്തേ അഞ്ഞൂറ് രൂപ ലഭിച്ചുകൊണ്ടിരുന്നത് ഇല്ലാതാകുകയും അഞ്ഞൂറ് രൂപ അടയ്ക്കേണ്ടി വരുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്തിട്ടും ആശുപത്രികളിലെ ചികിത്സകൾക്കുശേഷം ഡിസ്ചാർജ് ആകുമ്പോൾ പണം കയ്യിൽനിന്നും കൊടുക്കേണ്ടിവരികയാണ്. മെഡിക്കൽ ഇൻഷ്വറൻസിന്റെ കാര്യത്തിൽ പല സംസ്ഥാനങ്ങളിലും സർക്കാർ വിഹിതമുണ്ട്, നമ്മുടെ സംസ്ഥാനത്ത് സർക്കാർ വിഹിതമില്ല. എന്നുമാത്രമല്ല, ഇൻഷ്വറൻസ് കമ്പനികൾക്ക് നൽകിയ തുകയിൽനിന്നും ഒരു വിഹിതം സർക്കാരിന് ലഭിക്കുന്നുമുണ്ട്. 40

ലക്ഷം ആളുകളെ ചികിത്സിക്കുന്നതിനായി 264 ആശുപത്രികൾ മാത്രമാണുള്ളത്. മെഡിസെപ് മുഖേന നടത്തുന്ന ചികിത്സകൾക്ക് സർക്കാർ ഗ്യാരന്റി നൽകണം. സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളുടെ ഇൻഷ്വറൻസ് കാർഡുകൾ ആശുപത്രികളിൽ കാണിക്കുമ്പോൾതന്നെ പ്രശ്നം തീരുന്നു. മെഡിസെപിൽ ക്ലെയിം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഇൻഷ്വറൻസ് കമ്പനിയിലേയ്ക്ക് മെയിൽ അയച്ചാലോ ഫോൺ വിളിച്ചാലോ ആരും പ്രതികരിക്കുകയുമില്ല. വളരെ നിരുത്തരവാദപരമായ സമീപനമാണ് ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയിൽനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പദ്ധതിയിൽ ചേർന്നാലും ഇല്ലെങ്കിലും വിഹിതം അടയ്ക്കേണ്ടിവരികയാണ്. ഒരു കുടുംബത്തിൽ ഭാര്യയും ഭർത്താവും പെൻഷനറായ അച്ഛനും അമ്മയുമുണ്ടെങ്കിൽ രണ്ടായിരം രൂപ വിഹിതം അടയ്ക്കുന്നു. ഇങ്ങനെ അടച്ചാൽപ്പോലും ചികിത്സാശേഷം പണം വേറെയും കൊടുക്കേണ്ടിവരികയാണ്. ഉയർന്ന പരിധി ആകെ മൂന്ന് ലക്ഷം രൂപയാണ്, അത് ആറ് ലക്ഷം രൂപയെങ്കിലും ആയി ഉയർത്തുന്നതിനും ചികിത്സാചെലവ് മുഴുവൻ ഇൻഷ്വറൻസ് കമ്പനി വഹിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ചികിത്സാശേഷം പണം അടയ്ക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കണം. ഇൻഷ്വറൻസ് കമ്പനിയുടെ ഭാഗത്തുനിന്നുള്ള നിരന്തര അവഗണന സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധന നടത്തി അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് സർക്കാരിന്റെയും ധനകാര്യവകുപ്പിന്റെയും മുമ്പാകെ അഭ്യർത്ഥിക്കുന്നത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 23-06-2022-ലെ സ.ഉ.(പി)70/2022/ധന. പ്രകാരം പ്രസിദ്ധീകരിച്ച മെഡിസെപ് പദ്ധതിയിൽ കേരള ഹൈക്കോടതിയിലേതുൾപ്പെടെ കേരള സർക്കാർ ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡൻസ് ചട്ടങ്ങൾക്ക് (KGSMA Rules 1960) വിധേയരായ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിൻകീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ

ആശ്രിതരും ഐച്ഛികാടിസ്ഥാനത്തിലും പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നതാണ്. കൂടാതെ സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവ്വകലാശാലകളിലേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാർ/ പെൻഷൻകാർ/ കുടുംബപെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ/ കുടുംബപെൻഷൻകാർ എന്നിവരെയും ഇവരുടെ ആശ്രിതരെയും ആദ്യഘട്ട ഗുണഭോക്താക്കളായി ഉൾപ്പെടുത്തി 01-07-2022 മുതൽ പദ്ധതി പ്രാബല്യത്തിൽ വന്നുകഴിഞ്ഞു. സുതാര്യമായ ഇ-ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുത്ത് മൂന്ന് വർഷത്തേക്കുള്ള ധാരണാപത്രം (MoU) സർക്കാരുമായി ഒപ്പിട്ട ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി മുഖേന നടത്തുന്ന മെഡിസെപ് പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഗുണഭോക്താക്കളായി നിശ്ചയിച്ച 30 ലക്ഷത്തോളം വരുന്ന ജീവനക്കാരും പെൻഷൻകാരും ഉൾപ്പെടെയുള്ള 11,15,568 പ്രാഥമിക അംഗങ്ങളുടെ

എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പ്രതിമാസ പ്രീമിയമായി 500/- രൂപ നിശ്ചയിച്ചിരുന്നു. ഈ നിരക്കിൽ നാളിതുവരെ സർക്കാർ അഡ്വാൻസ് ഗഡുക്കളായി 803 കോടി രൂപ ഇൻഷ്വറൻസ് കമ്പനിക്ക് കൈമാറുകയും ഇപ്രകാരം നൽകിയ പ്രീമിയം തുക ജീവനക്കാരുടെയും പെൻഷൻകാരുടെയും ശമ്പള തുകയിൽനിന്നും പെൻഷൻ തുകയിൽനിന്നും യഥാക്രമം സർക്കാർ ഈടാക്കിവരികയും ചെയ്യുന്നു. സംസ്ഥാനത്ത് 25-07-2023 വരെ 2,93,800 ഗുണഭോക്താക്കൾക്ക് 742,46,58,000/- രൂപയുടെ വിവിധ ചികിത്സ ആനുകൂല്യം ലഭ്യമാക്കി കഴിഞ്ഞിരിക്കുന്നു (മെഡിസെപ് ഡാഷ് ബോർഡ്). ഇതിൽത്തന്നെ 1932 അവയവമാറ്റ ശസ്ത്രക്രിയ ചെലവുകൾക്കായി 38,78,78,521/- രൂപയുടെ ആനുകൂല്യങ്ങളും പ്രായഭേദമെന്യേ ലഭ്യമാക്കിയിട്ടുണ്ട്. അവയവമാറ്റ ശസ്ത്രക്രിയകൾക്കുള്ള 1932 ക്ലെയിമുകളിൽ ഉൾപ്പെട്ട 1687 മുട്ട് മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളും 120 ഇടുപ്പെല്ല് മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളും നടന്നിട്ടുണ്ട്. ഇത് പെൻഷൻകാരായ ഗുണഭോക്താക്കൾക്ക് ഈ പദ്ധതി എപ്രകാരം ഉപയോഗപ്രദമായി എന്ന് വ്യക്തമാക്കുന്ന വസ്തുതതന്നെയാണ്. പദ്ധതി നടപ്പിലാക്കി ഒരു വർഷം

പിന്നിടുന്ന സാഹചര്യത്തിൽ ഉയർന്നുവന്ന നിരവധി പരാതികൾ/ ആക്ഷേപങ്ങൾ, അതായത് പദ്ധതിയിൽ എംപാനൽ ചെയ്തിരിക്കുന്ന ആശുപത്രികൾ ഗുണഭോക്താക്കളുടെ പക്കൽനിന്നും സർക്കാർ നിശ്ചയിച്ച് നൽകിയിരിക്കുന്ന പാക്കേജുകൾക്ക് ഉപരിയായി പണം വാങ്ങുന്നുവെന്നുള്ള ആക്ഷേപങ്ങൾ, ആശുപത്രികൾക്ക് ഇൻഷ്വറൻസ് കമ്പനി സമയബന്ധിതമായി ചികിത്സാ ചെലവുകൾ കൊടുത്തുതീർക്കുന്നില്ലെന്നുള്ള പരാതികൾ, 3 വർഷത്തെ പദ്ധതി കാലയളവിലേയ്ക്കായി അവയവമാറ്റ ശസ്ത്രക്രിയകൾക്ക് സർക്കാർ നിശ്ചയിച്ചുനൽകിയ 35 കോടി രൂപ വിനിയോഗിച്ച് തീർന്നുവെന്ന നിഗമനത്തിൽ അവയവമാറ്റ ശസ്ത്രക്രിയകൾക്ക് നൽകിവന്ന ആനുകൂല്യം താൽക്കാലികമായി കമ്പനി നിർത്തിവച്ചുവെന്ന പരാതി, നിശ്ചയിച്ചുനൽകിയ പാക്കേജുകളിൽനിന്നും കുറഞ്ഞ തുക ഇൻഷ്വറൻസ് കമ്പനി നൽകുന്നുവെന്ന പരാതികൾ, ഒരു വർഷം പിന്നിട്ടിട്ടും ഗുണഭോക്താക്കൾ അവരുടെ ആശ്രിതരെ പദ്ധതിയിൽ ഉൾപ്പെടുത്താതിരുന്നതിന്റെ ബുദ്ധിമുട്ടുകൾ തുടങ്ങി വിവിധ വിഷയങ്ങൾ സർക്കാരിന്റെ മുന്നിൽ എത്തുകയും ആയതിന്മേലുള്ള തീരുമാനങ്ങൾ

ഇൻഷ്വറൻസ് കമ്പനിയുമായി സർക്കാർ നടത്തുന്ന ദ്വൈവാര അവലോകന യോഗങ്ങളിൽ ചർച്ച ചെയ്ത് നടപ്പിലാക്കാൻ വ്യക്തമായ നിർദ്ദേശം നൽകുകയും ആയത് സർക്കാർ തലത്തിലും പരിശോധിച്ച് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളുടെ പക്കൽനിന്നും അധികമായി പണം കൈപ്പറ്റുന്ന ആശുപത്രികളെ സസ്പെൻഡ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾക്കും ആശുപത്രികൾക്ക് കൊടുത്തു തീർക്കേണ്ട തുക സമയബന്ധിതമായി കുടിശ്ശികയില്ലാതെ കൊടുത്തുതീർക്കാനുള്ള നിർദ്ദേശം, നിർത്തിവച്ച അവയവമാറ്റ ശസ്ത്രക്രിയകൾ തുടർന്ന് നടപ്പിലാക്കാനുള്ള 3 വർഷത്തേയ്ക്ക് ടി ചികിത്സകൾക്കായി മാറ്റി വച്ച 35 കോടി രൂപ പെട്ടെന്ന് വിനിയോഗിച്ച് തീരാൻ കാരണമായ മുട്ടുമാറ്റി വയ്ക്കൽ, ഇടുപ്പെല്ല് മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ സർക്കാർ ആശുപത്രികളിൽ മാത്രമായി നിജപ്പെടുത്തി നടപ്പിലാക്കുന്നതിനും കമ്പനിയും സർക്കാരുമായി കൈക്കൊണ്ട ധാരണ, ഏകപക്ഷീയമായി ഇൻഷ്വറൻസ് കമ്പനി വെട്ടിക്കുറച്ച പാക്കേജ് നിരക്കുകൾ പുനഃസ്ഥാപിക്കൽ, സമയബന്ധിതമായി ആശ്രിതരെ ഉൾപ്പെടുത്താനുള്ള നിർദ്ദേശം നൽകൽ തുടങ്ങിയ പല തീരുമാനങ്ങൾക്കും പരാതികൾ

സമർപ്പിക്കാനുള്ള വിപുലമായ ഓൺലൈൻ സംവിധാനം തുടങ്ങിയ കാര്യങ്ങളിലെല്ലാം ഇടപെട്ടിട്ടുണ്ട്. ഇങ്ങനെ ഓരോ സമയത്തും വന്ന വിവിധ പരാതികൾ പരിഹരിക്കാനായി രണ്ടാഴ്ചയിൽ ഒരിക്കലുള്ള ചർച്ചകളിൽ ഇക്കാര്യങ്ങൾ നടപ്പിലാക്കാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. അവയവ മാറ്റിവയ്ക്കലിനുവേണ്ടിയുള്ള 35 കോടി രൂപയുടെ ഫണ്ട് ഉപയോഗിച്ചുതീർന്നതുകൊണ്ട് അതിനായി അധിക ഫണ്ട് ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. അതുകൊണ്ട് ആ ചികിത്സകൾ തുടരുന്ന അവസ്ഥയുണ്ട്. ഇതിനാവശ്യമായ വെബ് പോർട്ടലിന്റെ കാര്യങ്ങളൊക്കെ കൃത്യമായി നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനത്തെ സഹകരണ ആശുപത്രികളെ ഇതിലേയ്ക്ക് കൂടുതലായി കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ഇങ്ങനെ കാര്യങ്ങൾ ചെയ്യുന്നതിന്റെ ഭാഗമായി ഗുണഭോക്താക്കളായ ആശുപത്രികളുടെ ആശങ്കകൾ/പരാതികൾ എന്നിവ ക്രിയാത്മകമായി പരിഹരിക്കാനും രോഗികളായ മെഡിസെപ് അംഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനുമുള്ള എല്ലാ തീരുമാനങ്ങളും എടുക്കുന്നുണ്ട്. ഏതായാലും ഇന്ത്യയിലാദ്യമായി

മെഡിസെപ് പദ്ധതി നടപ്പിലാക്കിയത് കേരളമാണ്. ആദ്യവർഷം നടപ്പിലാക്കിയപ്പോൾതന്നെ മെഡിസെപ്പിന്റെ ഭാഗമായി നൽകുന്ന പ്രീമിയത്തേക്കാൾ വളരെക്കൂടുതൽ തുക ആദ്യഘട്ടത്തിൽ ഇൻഷ്വറൻസ് കമ്പനികൾക്ക് കൊടുക്കേണ്ടി വരികയും ചെയ്തിട്ടുണ്ട്. ഒറ്റപ്പെട്ട ചില പരാതികൾ ഉണ്ടായിട്ടുണ്ട്, ഇത്തരത്തിൽ വ്യാപകമായ പരാതികൾ പൊതുവിൽ ഇല്ലെന്നാണ് ആശുപത്രികൾ പറയുന്നത്. ഇത് നല്ലൊരു പദ്ധതിയാണ്, ഇത്തരത്തിലുള്ള ഒരു പദ്ധതി നടപ്പിലാക്കുകയെന്നത് ജീവനക്കാർക്കും പെൻഷൻകാർക്കും ഏറ്റവും സഹായകരമായ കാര്യമാണ്. ഇത് കൂടുതൽ സ്ട്രെങ്ത്തൻ ചെയ്യുന്നതിനുള്ള എല്ലാ കാര്യങ്ങളും ചെയ്യുകയാണ്. 3 വർഷത്തേയ്ക്കാണ് കരാർ കൊടുത്തിരിക്കുന്നത്, രണ്ടാം വർഷമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. 500 കോടി രൂപയിൽത്താഴെയാണ് ഇൻഷ്വറൻസ് കമ്പനികൾക്ക് കൊടുത്തതെങ്കിലും 700 കോടിയിലധികം രൂപയുടെ ചികിത്സാ സഹായം ആദ്യത്തെ ഒരു വർഷത്തിനകം കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇത്രയും കാര്യങ്ങൾ ചെയ്യുന്നതിനെ വളരെ പോസിറ്റീവായി കാണണമെന്നുകൂടി പറയുകയാണ്.

പെൻഷൻകാർക്ക് ഏറ്റവും സഹായകരമായ, കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് മെഡിസെപ്. 30 ലക്ഷം കുടുംബങ്ങൾക്ക് ആനുകൂല്യം ലഭിക്കുന്ന ഈ പദ്ധതിയിലെ പോരായ്മകളെല്ലാം trial and error method-ൽ പരിഹരിച്ചുകൊണ്ടിരിക്കുകയാണ്.

(9) തോട്ടം മേഖലയിലെ തൊഴിലാളികളുടെ ജീവിത നിലവാരം

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, സംസ്ഥാനത്തെ തോട്ടം മേഖലയിലെ തൊഴിലാളികൾ ഇപ്പോഴും ദുരിത സാഹചര്യങ്ങളിലാണ് കഴിഞ്ഞുവരുന്നത്. ഏറെ പഴക്കമുള്ളതും അടിസ്ഥാന സൗകര്യങ്ങൾപോലുമില്ലാത്തതുമായ ലയങ്ങളിൽ താമസിച്ചുവരുന്നവരുടെ അവസ്ഥ വളരെ പരിതാപകരമാണ്. ഈ മേഖലയിൽ അടിക്കടി ഉണ്ടാകുന്ന വന്യജീവി ആക്രമണവും കേന്ദ്രസർക്കാരിന്റെ പ്രതികൂല നയങ്ങളുംമൂലം തോട്ടം തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും വലിയ പ്രതിസന്ധിയിലാണ്. സംസ്ഥാന സർക്കാർ തൊഴിലാളികളുടെ ലയങ്ങൾ നവീകരിക്കുന്നതിനുവേണ്ടി തുക നീക്കിവച്ചിട്ടുണ്ടെങ്കിലും നിർവ്വഹണ ഏജൻസികളെ നിശ്ചയിക്കുന്നതുൾപ്പെടെയുള്ള നടപടികൾ ഇനിയും പൂർത്തിയാക്കിയിട്ടില്ല.

ലയങ്ങൾ നവീകരിക്കുമെന്ന സർക്കാർ പ്രഖ്യാപനത്തെത്തുടർന്ന് പ്ലാന്റേഷൻ കമ്പനികൾ ലയങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് തയ്യാറാകുന്നതുമില്ല. പല ലയങ്ങളും ആസ്ബസ്റ്റോസ് ഷീറ്റുകൾ മേഞ്ഞതും തകർന്ന അവസ്ഥയിലുമാണ്. ആയതുകൊണ്ട് സർക്കാർ പ്രഖ്യാപിച്ച ലയങ്ങളുടെ നവീകരണം കാലതാമസം കൂടാതെ നടപ്പാക്കുന്നതിനും നിലവിൽ ഈ പദ്ധതിയിലുൾപ്പെടുത്തി ലയങ്ങൾ നവീകരിക്കാൻ ലഭിച്ച അപേക്ഷകളുടെ എണ്ണവും ആയതിന് സ്വീകരിച്ച നടപടികളും വിശദമാക്കണമെന്നും തോട്ടം തൊഴിലാളികൾക്ക് അനുവദിച്ച ശമ്പളപരിഷ്കരണം എല്ലാ തോട്ടങ്ങളിലും നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു. പ്ലാന്റേഷൻ ലേബർ കമ്മിറ്റികളിലെ തീരുമാനപ്രകാരമുള്ള സർവ്വീസ് വെയ്റ്റേജ് പല കമ്പനികളിലും കൊടുക്കുന്നില്ല. വേതന വർദ്ധനയ്ക്ക് ആനുപാതികമായി തൊഴിലാളികൾക്ക് ലഭിക്കേണ്ട ഓവർ കിലോ റേറ്റിൽ മാറ്റം വരുത്തി അവ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. വിരമിച്ച തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകാത്ത പ്രശ്നം നിലനിൽക്കുകയാണ്.

പി.എൽ.സി. സബ് കമ്മിറ്റി അടിയന്തരമായി വിളിച്ചുചേർക്കുന്നതിനും പി.എൽ.സി. കരാർ നോട്ടിഫൈ ചെയ്ത് തൊഴിലാളികൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം പ്ലാന്റേഷൻ മേഖലയിലെ വളരെ പ്രധാനപ്പെട്ട വിഷയങ്ങളാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. വളരെ ദീർഘമായ ഒരു മറുപടിയാണിത്. ഞാൻ അതിലെ പ്രധാനപ്പെട്ട കാര്യങ്ങൾ പറയാം. ബാക്കി മേശപ്പുറത്തുവയ്ക്കാം.+

സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ തോട്ടം മേഖലയുടെ സംഭാവന വളരെ പ്രാധാന്യമർഹിക്കുന്നതാണ്. രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ പ്രധാനഭാഗം കേരളത്തിലെ തോട്ടങ്ങളിൽനിന്നാണ്. എന്നാൽ തോട്ടവിളകളുടെ വിലനിലവാരത്തിലുണ്ടായിരിക്കുന്ന തകർച്ച, ഉൽപ്പാദനക്ഷമതയിലുണ്ടായ ഇടിവ്, കാലാവസ്ഥാ വ്യതിയാനം എന്നിവ തോട്ടം മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതിനാൽ നിലവിൽ തോട്ടം

+ അനുബന്ധം 2 ആയി ചേർക്കുന്നു.

മേഖല പ്രതിസന്ധി നേരിടുകയാണ്. സംസ്ഥാനത്ത് 1951-ലെ പ്ലാന്റേഷൻ ലേബർ ആക്ട് വകുപ്പ് 3 (ബി) പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട 643 തോട്ടങ്ങളിലായി ഏകദേശം 52,000 തൊഴിലാളികൾ ജോലി ചെയ്തുവരികയാണ്. ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത് പ്രകാരം 3707 ചെറുകിട തോട്ടങ്ങളും മേൽ തോട്ടങ്ങളിലായി 18,223 തൊഴിലാളികളുമുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാർ പാസ്സാക്കിയിട്ടുള്ള എല്ലാ തൊഴിൽ നിയമങ്ങളുടെയും നിർവ്വഹണ ചുമതല തൊഴിൽ വകുപ്പിൽ അധിഷ്ഠിതമായിരിക്കുന്നതിനാൽ സംസ്ഥാനത്തെ തോട്ടം മേഖലയുടെ പുരോഗതിക്കും തോട്ടം തൊഴിലാളികളുടെ സംരക്ഷണത്തിനുംവേണ്ടിയുള്ള തൊഴിൽ നിയമങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പ് വകുപ്പ് മുഖേന നിർവ്വഹിച്ചുവരികയാണ്. തോട്ടം മേഖലയിലെ തൊഴിലാളികളുടെ കൂലി കാലോചിതമായി പരിഷ്കരിക്കുന്ന വിഷയം ത്രികക്ഷി സമിതിയായ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ചർച്ച ചെയ്ത് പൊതുവായ ഒരു ധാരണയിൽ എത്തിച്ചേർന്നതിന്റെ അടിസ്ഥാനത്തിൽ 1948-ലെ മിനിമം വേതന നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ

പാലിച്ചുകൊണ്ട് സർക്കാർ മിനിമം വേതനം നിശ്ചയിക്കുകയും നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്തു. തോട്ടം തൊഴിലാളികളുടെ വേതന പരിഷ്കരണവുമായി ബന്ധപ്പെട്ട് 2023 ജൂൺ മാസം 2-ന് തൊഴിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ തോട്ടം തൊഴിലാളികളുടെ അടിസ്ഥാന വേതനത്തിൽ 41 രൂപയുടെ വർദ്ധന വരുത്തുകയും ടി വർദ്ധനയ്ക്ക് 2023 ജനുവരി 1 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണെന്നും 2021-ലെ നോട്ടിഫിക്കേഷനിൽ പ്രതിപാദിച്ചിട്ടുള്ള മറ്റെല്ലാ വ്യവസ്ഥകളും അതേപടി തുടരുന്നതാണെന്നും തീരുമാനമായിട്ടുള്ളതാണ്. തോട്ടം മേഖലയിലെ തൊഴിലാളികൾ താമസിക്കുന്ന ലയങ്ങൾ പലതും കാലപ്പഴക്കംമൂലം ശോച്യാവസ്ഥയിലാണ്. പ്ലാന്റേഷൻ ലേബർ ആക്ട് പ്രകാരം തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തേണ്ടത് മാനേജ്മെന്റിന്റെ പ്രാഥമിക ഉത്തരവാദിത്വമാണെങ്കിലും സാമ്പത്തിക പ്രതിസന്ധിമൂലം മിക്ക എസ്റ്റേറ്റ് മാനേജ്മെന്റുകളും ലയങ്ങൾ നവീകരിക്കുന്നതിൽ വിമുഖത കാണിക്കുകയാണ്. തോട്ടം മേഖലയിലെ ഭവനരഹിതരായ എല്ലാ

തൊഴിലാളികൾക്കും വീട് നിർമ്മിച്ചുനൽകുകയെന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ഭവനം ഫൗണ്ടേഷന്റെ സഹകരണത്തോടെ 2017-ൽ തൊഴിൽ വകുപ്പ് നടത്തിയ പ്രാഥമിക സർവ്വേയിൽ കണ്ടെത്തിയ 32,452 ഗുണഭോക്താക്കളുടെ ലിസ്റ്റ് ഭവനം ഫൗണ്ടേഷന് സമർപ്പിച്ചിരുന്നു. പ്രസ്തുത ലിസ്റ്റിന്മേൽ ലൈഫ് മാനദണ്ഡ പ്രകാരം വീട് ലഭ്യമാക്കുന്നതിനുള്ള അർഹത പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കേരളത്തിലെ തോട്ടം തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും തോട്ടങ്ങൾക്ക് ഉള്ളിലോ അവയ്ക്ക് സമീപത്തോ സുരക്ഷിതമായ പാർപ്പിടം പ്രദാനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ ഭവനം പദ്ധതിയിലൂടെ മൂന്നാറിലെ കെ.ഡി.എച്ച്. വില്ലേജിൽ ഭവനരഹിതരായ തോട്ടം തൊഴിലാളികൾക്കായി 9 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ഗുണഭോക്താക്കൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. കുളത്തുപ്പുഴയിലെ തിങ്കൾക്കരിക്കം വില്ലേജിൽ ആർ.പി.എൽ.-ന്റെ കൈവശമുള്ള 5 ഏക്കർ സ്ഥലത്ത് ഭവനം പ്രോജക്ട്-ഓൺ യുവർ ഓൺ

ഹൗസിംഗ് സ്കീം നടപ്പിലാക്കാൻ തീരുമാനിക്കുകയും 40 ഭവനങ്ങളുടെ നിർമ്മാണം കോസ്റ്റ് ഫോർഡിനെ ഏൽപ്പിക്കുകയും ചെയ്തു. ഇരട്ട ഭവന മാതൃകയിൽ 6 ഭവനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും വീടുകളോട് ചേർന്നുള്ള ഭൂമി തയ്യാറാക്കൽ ജോലികളും പൂർത്തീകരിച്ച് റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിന് (ആർ.പി.എൽ) കൈമാറിയിട്ടുണ്ട്. 2023-24-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ ഇനം നമ്പർ 400-ൽ തോട്ടം തൊഴിലാളികളുടെ താമസസൗകര്യങ്ങൾ (ലയങ്ങൾ) മെച്ചപ്പെടുത്തുന്നതിനായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് വളരെ ബുദ്ധിമുട്ടനുഭവിക്കുന്ന ലയങ്ങളെ നവീകരിക്കുന്നതിനുള്ള ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ചില തോട്ടങ്ങൾ ഞാൻ നേരിട്ട് സന്ദർശിക്കുകയും അവിടെയുള്ള തൊഴിലാളി സംഘടനാ നേതാക്കളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും യോഗം വിളിച്ചുചേർക്കുകയും ചെയ്തു. ജില്ലാ കളക്ടറാണ് ഇതിന്റെ ചെയർമാൻ. നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബോണക്കാട് എസ്റ്റേറ്റിലെ മൂന്ന് ഡിവിഷനുകൾ അടക്കമുള്ള പൂട്ടിക്കിടക്കുന്ന

തോട്ടങ്ങളുണ്ട്. അവിടെയും ഗവൺമെന്റ് ഇടപെട്ട് എന്തുചെയ്യാൻ കഴിയുമെന്നുള്ള കാര്യം ആലോചിക്കുകയാണ്. ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾ ഒന്നുകൂടി ഫോളോ അപ് ചെയ്ത് ലയങ്ങളുടെ നിർമ്മാണ പ്രവർത്തനമടക്കമുള്ള പ്രയാസങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്.

(10) മലമ്പുഴ ഉദ്യാന നവീകരണം

ശ്രീ. എ. പ്രഭാകരൻ: സർ, ദക്ഷിണേന്ത്യയിലെ തന്നെ വളരെ പ്രധാനപ്പെട്ട ഒരു വിനോദസഞ്ചാര കേന്ദ്രമാണ് മലമ്പുഴ ഡാമും അതിന്റെ ഉദ്യാനവും. ലക്ഷക്കണക്കിന് സഞ്ചാരികളാണ് അവിടെ അനുദിനം വന്നുപോകുന്നത്. കഴിഞ്ഞവർഷം ഓണക്കാലത്ത് 64577 പേരാണ് ഓണക്കാലത്ത് മാത്രം അവിടെ സന്ദർശിച്ചത്. ഈ വർഷത്തെ ഓണത്തിന് 98073 പേരാണ് അവിടെ വന്നുപോയത്. 25 ഏക്കറിലധികം വിസ്തൃതിയുള്ള മൈസൂർ വൃന്ദാവനത്തെക്കാൾ നാലിരട്ടി വലുതാണ് മലമ്പുഴ ഉദ്യാനം. കഴിഞ്ഞ കുറെക്കാലമായി വേണ്ടത്ര പരിചരണമില്ലാതെ കാടുപിടിച്ചു കിടക്കുകയാണ്. അവിടെ വരുന്ന ആളുകൾ മലമ്പുഴയുടെ ഈ ദുർഗതിയെ

ഓർത്ത് പരിതപിക്കുകയാണ്. 2006-11 കാലത്ത് അവിടെ വികസന പ്രവർത്തനം നടത്തിയതിന്റെ പേരിൽ ഒരു വിജിലൻസ് കേസ് നിലവിലുണ്ടായിരുന്നു. ഇപ്പോൾ ആ കേസ് കഴിഞ്ഞു. അവിടത്തെ വികസനത്തിനായി 2018-19-ലെ ബഡ്ജറ്റിൽ 10 കോടി രൂപ നീക്കിവച്ചെങ്കിലും ഒരു പൈസപോലും ചെലവഴിക്കുകയോ പ്രവൃത്തി ആരംഭിക്കുകയോ ചെയ്തിട്ടില്ല. അന്താരാഷ്ട്ര നിലവാരത്തിലുള്ള ടോയ്‌ലെറ്റ് നിർമ്മിക്കാനായി മലമ്പുഴയ്ക്ക് 1 കോടി 35 ലക്ഷം രൂപ അനുവദിച്ചെങ്കിലും അതിന്റെ പണിയും തുടങ്ങിയിട്ടില്ല. ഉദ്യാനവും ഡാമും ഇറിഗേഷൻ വകുപ്പിന്റെ കീഴിലാണെങ്കിലും ഇത് പരിപാലിക്കുന്നതും ഫണ്ട് ചെലവഴിക്കുന്നതും ടൂറിസം വകുപ്പാണ്. ഈ രണ്ട് വകുപ്പുകളും തമ്മിൽ യോജിച്ച് പ്രവർത്തിക്കാത്തതുമൂലമുള്ള ചില പ്രശ്നങ്ങൾ അവിടെയുണ്ടായിട്ടുണ്ട്. മലമ്പുഴ ഉദ്യാന നവീകരണവുമായി ബന്ധപ്പെട്ട് അടിയന്തരമായി ടൂറിസം, ഇറിഗേഷൻ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ മന്ത്രിതലത്തിൽ വിളിച്ചുകൂട്ടി അതിനൊരു പരിഹാരം കണ്ടെത്താനും

കഴിയുന്നതുംവേഗം മലമ്പുഴയുടെ പഴയ പ്രതാപം വീണ്ടെടുക്കാനും ആവശ്യമായ നിലപാടുകൾ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

**[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]**

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എ. പ്രഭാകരൻ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഒന്നാണ് മലമ്പുഴ ഡാമും ഉദ്യാനവും. മലമ്പുഴ മണ്ഡലത്തിലെ താമസക്കാരനെന്ന നിലയിൽ അദ്ദേഹം പറഞ്ഞ കാര്യങ്ങളെക്കുറിച്ച് എനിക്ക് നേരിട്ട് അറിയുന്നതാണ്. ടൂറിസം കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2018-19 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 10 കോടി രൂപ അടങ്കൽ തുക നിശ്ചയിച്ച് അതിന്റെ 20 ശതമാനം തുക വകയിരുത്തിയിരുന്നു. മലമ്പുഴ ഡാമും ഉദ്യാനവും ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലമാണ്. ബഹുമാനപ്പെട്ട എം.എൽ.എ. കൂടി മുൻകൈയെടുത്ത് പദ്ധതിക്കുള്ള രൂപരേഖ

തയ്യാറാക്കിയിട്ടുണ്ട്; പദ്ധതി പരിശോധിച്ചശേഷം തുടർനടപടി സ്വീകരിക്കും. മലമ്പുഴയിൽ അന്താരാഷ്ട്ര നിലവാരമുള്ള ടോയ്‌ലെറ്റ് സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി 1.36 കോടി രൂപ അനുവദിച്ചിരുന്നു. ടോയ്‌ലെറ്റ് നിർമ്മിക്കാനായി സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിക്കുള്ള പുതുക്കിയ എസ്റ്റിമേറ്റും വിനോദസഞ്ചാര വകുപ്പ് അംഗീകരിച്ച് നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ടെണ്ടർ നടപടി പുരോഗമിക്കുകയാണ്. വേഗത്തിൽതന്നെ പ്രവൃത്തി ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(11) പുലാമന്തോൾ, കൊട്ടുമുണ്ട, കൊണ്ടയൂർ പാലങ്ങളുടെ നവീകരണം

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, പാലക്കാട്-മലപ്പുറം ജില്ലകളെ ബന്ധിപ്പിക്കുന്ന വളരെ പ്രധാനപ്പെട്ട പാലമാണ് പുലാമന്തോൾ പാലം. ആ പാലത്തിന്റെ മുകളിൽ വലിയ കുഴികളൊക്കെ രൂപപ്പെട്ടതുകൊണ്ട് വാഹനങ്ങളൊക്കെ വളരെ ബുദ്ധിമുട്ടിയാണ് പോകുന്നത്. 50 ലക്ഷം രൂപ അനുവദിച്ച് ടെണ്ടർ ക്ഷണിച്ചിരുന്നെങ്കിലും കോൺട്രാക്ടർമാർ വർക്ക് എടുക്കാത്ത സാഹചര്യമുണ്ടായിരുന്നു. വീണ്ടും ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. അടിയന്തരമായി പാലത്തിന്റെ അറ്റകുറ്റപ്പണികൾ നടത്താനുള്ള നടപടി

സ്വീകരിക്കണം. അതോടൊപ്പം, പട്ടാമ്പി മണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രോജക്ടാണ് പട്ടാമ്പി പാലം. അങ്ങയുടെ മണ്ഡലവുമായി ബന്ധപ്പെടുത്തുന്ന ഒരു പ്രധാനപ്പെട്ട പാലമാണ്. അതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. അപ്രോച്ച് റോഡിനുള്ള സ്ഥലം ഏറ്റെടുപ്പ് നടക്കുമ്പോൾതന്നെ പാലം നിർമ്മിക്കാനുള്ള നടപടികൂടി ത്വരിതപ്പെടുത്തണം. അതോടൊപ്പം പട്ടാമ്പി-തൃത്താല മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന കൊണ്ടയൂർ-കൊട്ടുമുണ്ട പുതിയ പാലത്തിന്റെ പ്രൊപ്പോസലും ബഡ്ജറ്റിൽ വന്നിട്ടുണ്ട്. അതിന്റെ നടപടിക്രമങ്ങളും വേഗത്തിൽ പൂർത്തീകരിക്കണം. തൃശ്ശൂർ-പാലക്കാട് ജില്ലകളെ ബന്ധിപ്പിക്കുന്ന ചേലക്കര മണ്ഡലത്തിലെ കൊണ്ടയൂർ പാലത്തിന്റെയും നടപടിക്രമങ്ങൾ പാതിവഴിയിൽ നിൽക്കുകയാണ്. അതും വളരെ വേഗത്തിൽ പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്):

സർ,

**1) പുലാമന്തോൾ പാലം**

പാലക്കാട്-മലപ്പുറം ജില്ലകളെ ബന്ധിപ്പിക്കുന്ന പെരുമ്പിലാവ്-നിലമ്പൂർ സംസ്ഥാന പാതയിലെ പുലാമന്തോൾ പാലം 13-10-2021-ലാണ് ആർ.ബി.ഡി.സി.കെ. പൊതുമരാമത്ത് വകുപ്പിന് കൈമാറിയത്. ഈ പാലത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 57 ലക്ഷം രൂപ അനുവദിച്ച് മൂന്ന് പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും കരാറുകാർ ആരുംതന്നെ ടെണ്ടറിൽ പങ്കെടുത്തില്ല. നാലാമത്തെ പ്രാവശ്യം ടെണ്ടർ ചെയ്തപ്പോൾ ഒരു കരാറുകാരൻ മാത്രമാണ് പങ്കെടുത്തത്. എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കൂടിയ നിരക്ക് ക്വാട്ട് ചെയ്തതിനാലും സിംഗിൾ ടെണ്ടർ ആയതിനാലും എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് ടെണ്ടർ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**2) പട്ടാമ്പി പാലം**

പട്ടാമ്പി-തൃത്താല മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്നതാണ് പെരുമ്പിലാവ്-നിലമ്പൂർ പാതയിലെ ഏറ്റവും പ്രധാനപ്പെട്ട പാലമായ പട്ടാമ്പി പാലം. പട്ടാമ്പി പാലത്തിന് 30 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുള്ളതും കിഫ്ബിയിൽനിന്ന് 05-08-2020-ലെ PWD016-30APR-5/200/KIIFB ഉത്തരവ് പ്രകാരം 30.86 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി ലഭിച്ചിട്ടുള്ളതുമാണെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്. പ്രസ്തുത പ്രവൃത്തിക്ക് 6.07 ആർസ് ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ് ഭരണാനുമതി നൽകി, പദ്ധതിയുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അത് കിഫ്ബി അനുവദിച്ച തുകയേക്കാൾ അധികമായതിനാൽ പുതുക്കിയ സാമ്പത്തികാനുമതി ലഭിക്കാനായി എസ്റ്റിമേറ്റ് 09-08-2023-ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തികാനുമതി ലഭിച്ചതിനുശേഷം തുടർനടപടി സ്വീകരിക്കുന്നതാണ്.

**3) വി.കെ. കടവ്-കൊട്ടമുണ്ട പാലം**

ഈ പാലത്തിന് 05-04-2023-ൽ TGD ലഭ്യമായിട്ടുണ്ട്. പാലത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. കൊണ്ടയൂർ-ഓങ്ങല്ലൂർ പാലത്തിന് 50 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. സാമ്പത്തികാനുമതിക്കായി 50 കോടി രൂപയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് 23-02-2021-ന് കിഫ്ബിയിൽ സമർപ്പിച്ചു. കിഫ്ബിയുടെ അപ്രൈസൽ വിഭാഗത്തിന്റെ ആവശ്യമനുസരിച്ച് കൂടുതൽ പരിശോധനകൾ നടത്താനായി എറണാകുളത്തുള്ള RI&QC വിംഗിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ. പൂർത്തീകരിക്കാനായി RI&QC വിംഗിൽനിന്നും ലഭിച്ച അഡീഷണൽ ഡീറ്റെയിൽസും മറ്റ് രേഖകളും പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റിന് സമർപ്പിച്ചിട്ടുണ്ട്. ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിനുള്ള മറുപടി കിഫ്ബിയിൽ 26-09-2022-ൽ സമർപ്പിച്ചു. ഭൂമി ഏറ്റെടുക്കൽ നടപടിക്ക് മാത്രമായി കിഫ്ബിയിൽനിന്നും 31-03-2023-ൽ 1.32 കോടി രൂപ

അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. ആദ്യഘട്ടമായി അതിർത്തി കല്ലുകൾ ഇടാനായി രണ്ട് ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. നിലവിൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ടെണ്ടർ നടപടി പുരോഗമിക്കുന്നു.

(12) മേലാറ്റൂർ - പുലാമന്തോൾ റോഡ് പുനരുദ്ധാരണം

ശ്രീ. നജീബ് കാന്തപുരം: സർ, പെരിന്തൽമണ്ണക്കാർ പട്ടാമ്പി റോഡ് എന്ന് വിളിക്കുന്ന പെരുമ്പിലാവ്-നിലമ്പൂർ സംസ്ഥാനപാതയിലെ പുലാമന്തോൾ മുതൽ മേലാറ്റൂർ വരെയുള്ള ഭാഗം, പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലൂടെയാണ് കടന്നുപോകുന്നത്. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ള ആളുകൾ ഈ റോഡുമായി ബന്ധപ്പെട്ട ആളുകളാണ്. ഈ 30 കിലോമീറ്റർ റോഡ് സംസ്ഥാനത്തിന്റെ പരിധിയിൽനിന്നും മാറ്റിയിട്ടുണ്ടോയെന്ന് അറിയാനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഇത് മൂന്നാമത്തെ പ്രാവശ്യമാണ് സബ്മിഷൻ അവതരിപ്പിക്കുന്നത്. ബഹുമാന്യനായ മുഖ്യമന്ത്രി ഈ റോഡ് ഉദ്ഘാടനം ചെയ്തിട്ട് ഈ മാസം 29-ന് മൂന്ന് വർഷം തികയുകയാണ്. 18 മാസംകൊണ്ട്

തീർക്കാനാണ് കരാർ നൽകിയിരുന്നതെങ്കിലും പണി തുടങ്ങിയ കോൺട്രാക്ടർ 36 മാസം കഴിഞ്ഞിട്ടും 50 ശതമാനംപോലും പൂർത്തീകരിച്ചിട്ടില്ല. ഇവരെക്കൊണ്ട് ജോലി എടുപ്പിക്കാൻ ഉദ്യോഗസ്ഥർക്കും കരിമ്പട്ടികയിൽപ്പെടുത്തി പിരിച്ചുവിടാൻ സംസ്ഥാന സർക്കാരിനും കഴിയുന്നില്ല. ദിവസംതോറും നടക്കുന്ന അപകടങ്ങൾക്ക് യാതൊരു കണക്കുമില്ല. ഓട്ടോ ഡ്രൈവർമാരുടെ സങ്കടം കേട്ട് മടുത്തു. ബസ് ഉടമകൾ ഗതികെട്ടാണ് സർവ്വീസ് നടത്തുന്നത്. ഇത് വളരെ ഗൗരവമുള്ള കാര്യമാണ്. ബൈക്ക് യാത്രക്കാർ ജീവൻ പണയംവച്ചാണ് യാത്ര ചെയ്യുന്നത്. ആശുപത്രി നഗരമായ പെരിന്തൽമണ്ണയിൽ എത്തേണ്ട രോഗികൾ ആംബുലൻസിൽ വച്ചുതന്നെ മരിക്കുന്ന സ്ഥിതിയാണ്. ഒരു ഉത്തരവാദിത്തവുമില്ലാത്ത കോൺട്രാക്ടറും ഉദ്യോഗസ്ഥരും കൈമലർത്തുകയാണ്. എം.എൽ.എ. എന്ന നിലയിൽ ഒരാൾക്ക് എന്താണ് ചെയ്യാൻ സാധിക്കുക. ഭരണകൂടത്തിന്റെ സമ്പൂർണ്ണ പരാജയത്തിന്റെ അടയാളമായി ഒരു റോഡ് നിൽക്കുന്നു. പ്രവൃത്തി പൂർത്തീകരിക്കാത്ത കോൺട്രാക്ടർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകണം. ഈ

റോഡിന്റെ പണി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും ഉത്തരവാദിത്വമില്ലാത്ത ഉദ്യോഗസ്ഥരെ നിയന്ത്രിക്കുന്നതിനുള്ള സർക്കാർ സംവിധാനം സംബന്ധിച്ചും എം.എൽ.എ.-മാർക്ക് റോഡ് പണി നേരിട്ട് നടത്താൻ എന്തെങ്കിലും ഏർപ്പാട് ചെയ്തുതരാൻ കഴിയുമോയെന്നത് സംബന്ധിച്ചും സർക്കാരിൽനിന്നും മറുപടി പ്രതീക്ഷിക്കുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നിലമ്പൂർ-പെരുമ്പിലാവ് പാതയിലെ പുലാമന്തോൾ മുതൽ മേലാറ്റൂർ, ഒലിപ്പുഴ വരെ നീളുന്ന പ്രവൃത്തി നടക്കുന്നത്. 30.88 കിലോമീറ്റർ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ 2020 ജനുവരി മാസം 20-നാണ് ആരംഭിച്ചത്. 18 മാസമായിരുന്നു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നൽകിയ കാലാവധി. എന്നാൽ കരാറുകാരന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചമൂലം ഇതുവരെ 57 ശതമാനം പ്രവൃത്തികളാണ് പൂർത്തിയാക്കിയിട്ടുള്ളത്. ഈ റോഡിന്റെ പ്രവൃത്തി പൂർത്തിയാക്കുന്നതിന് നിരന്തര ഇടപെടൽ പൊതുമരാമത്ത് വകുപ്പ്

നടത്തിയിട്ടുള്ളതാണ്. നിരവധി യോഗങ്ങൾ ഇതിനുവേണ്ടി ചേർന്നിട്ടുണ്ട്. ഇതുവരെ 14.75 കിലോമീറ്റർ നീളത്തിൽ DBM നിർമ്മാണം, 4.3 കിലോമീറ്റർ നീളത്തിൽ BC നിർമ്മാണം, ഇരുഭാഗത്തുമായി 35.8 കിലോമീറ്റർ നീളത്തിൽ ഓടനിർമ്മാണം എന്നിവ മാത്രമെ കരാറുകാരൻ പൂർത്തീകരിച്ചിട്ടുള്ളൂ. ജൂലൈ മാസം 27-ന് പ്രത്യേക അവലോകന യോഗം ചേർന്ന് പ്രവൃത്തി ഷെഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്. പ്രവൃത്തി നിരീക്ഷിക്കാൻ കെ.എസ്.ടി.പി. പ്രോജക്ട് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വർക്ക് ഷെഡ്യൂൾ അനുസരിച്ചുള്ള പ്രവൃത്തി പുരോഗതി ഉണ്ടായില്ലെങ്കിൽ കരാറുകാരനെതിരെ കർശന നടപടിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിസ്ക് ആൻഡ് കോസ്റ്റ് ടെർമിനേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ ആലോചിക്കുന്നുണ്ട്.

(13) ലക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന് വാർഷിക ഗ്രാന്റ്

ശ്രീ. കെ. പ്രേംകുമാർ: സർ, ഒറ്റപ്പാലം മണ്ഡലത്തിലെ ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ലക്കിടി കിള്ളിക്കുറിശ്ശിമംഗലത്തെ മഹാകവി കുഞ്ചൻനമ്പ്യാരുടെ സ്മാരകത്തിനുള്ള ഗ്രാന്റ് വർദ്ധിപ്പിക്കണമെന്നാണ് സബ്മിഷൻ. കുഞ്ചൻനമ്പ്യാരുടെ ജന്മഗൃഹവും

പത്തായപ്പുരയും പടിപ്പുരയും ഉൾപ്പെടുന്ന 400 വർഷം പഴക്കമുള്ള കെട്ടിടമാണ് അവിടെയുള്ളത്. കുടുംബക്കാർക്ക് സംരക്ഷിക്കാൻ കഴിയാത്തതിനാൽ 1976-ലാണ് സർക്കാർ അത് ഏറ്റെടുക്കുന്നത്. സർക്കാരിന്റെ വിവിധ ഘട്ടങ്ങളിലെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു നാട്യഗൃഹം പൂർത്തീകരിച്ചിട്ടുണ്ട്. 1.96 കോടി രൂപ വിവിധ നവീകരണ പ്രവർത്തനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ അവിടെ അറ്റൻഡർമാർക്കും ഓട്ടൻതുള്ളൽ, മോഹിനിയാട്ടം, കർണ്ണാടക സംഗീതം, മൃദംഗം എന്നിവ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കും 14 മാസമായി ശമ്പളം നൽകിയിട്ടില്ല. കലാമണ്ഡലവുമായി ചേർന്ന് 8-ാം ക്ലാസ്സ് മുതൽ കോളേജ് തലം വരെയുള്ള 160 കുട്ടികളെ വിവിധ ഇനങ്ങളിലായി ഇവിടെ പരിശീലിപ്പിക്കുന്നുണ്ട്. അറ്റൻഡർ-കം-വാച്ച്മാൻ, പാർട്ട് ടൈം സ്വീപ്പർ, 7 അദ്ധ്യാപകർ എന്നിവർക്ക് ശമ്പളം നൽകുന്നതിലേയ്ക്കായി ആകെ അനുവദിക്കുന്ന ഗ്രാന്റ് 5 ലക്ഷം രൂപയാണ്. അത് 25 ലക്ഷം രൂപയായി വർദ്ധിപ്പിക്കണം. മുമ്പ് കെ.പി.എസ്. മേനോൻ വി.കെ.എൻ.-എന്നിവർ ചെയർമാൻമാരായിരുന്ന ഭരണസമിതിയാണ്. ഇപ്പോഴത്തെ ഭരണസമിതിയിൽ എം.എൽ.എ. എന്ന

നിലയിൽ ഞാനും പഞ്ചായത്ത് പ്രസിഡന്റുമൊക്കെ അംഗങ്ങളാണ്. ജനകീയ ഭരണസമിതിയുടെ സുതാര്യമായ പ്രവർത്തനങ്ങൾക്ക് കരുത്ത് പകരാൻ മറ്റ് പല മേഖലകളിലും നടത്തുന്ന ഇടപെടലുകൾപോലെതന്നെ ഗ്രാന്റ് വർദ്ധിപ്പിച്ച് ഈ സ്മാരകത്തെ സംരക്ഷിക്കാനാവശ്യമായ ഇടപെടലുകൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ സാംസ്കാരിക വകുപ്പിന് കീഴിലുള്ള കുഞ്ചൻനമ്പ്യാർ സ്മാരകത്തിനുള്ള ഗ്രാന്റ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചാണ് ശ്രീ. കെ. പ്രേംകുമാർ സബ്മിഷൻ ഉന്നയിച്ചത്. പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്തുള്ള ലക്കിടി ഗ്രാമപഞ്ചായത്തിലെ കിള്ളിക്കുറിശ്ശിമംഗലത്ത് പ്രവർത്തിക്കുന്ന കുഞ്ചൻനമ്പ്യാർ സ്മാരകത്തിന് 2023-24 സാമ്പത്തിക വർഷം നോൺ പ്ലാൻ ഇനത്തിൽ 5 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത തുകയിൽനിന്നും രണ്ട് ഗഡുക്കളായി രണ്ട് ലക്ഷം രൂപ സ്മാരകത്തിനായി കൈമാറിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷവും കുഞ്ചൻനമ്പ്യാർ സ്മാരകത്തിന് 5 ലക്ഷം

രൂപ വകയിരുത്തുകയും ടി തുക പൂർണ്ണമായും സ്മാരകത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. കുഞ്ചൻനമ്പ്യാർ സ്മാരകത്തിന്റെ സെക്രട്ടറി 19-08-2022-ൽ ടി സ്മാരകത്തിന്റെ 2022-23 വർഷത്തിലെ പ്രോജക്ട് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ഫണ്ടിന്റെ അപര്യാപ്തതമൂലം തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന വിവരം സർക്കാർ 09-11-2022-ൽ സ്ഥാപനത്തെ അറിയിക്കുകയുമുണ്ടായി. സാംസ്കാരിക സ്ഥാപനങ്ങൾക്ക് നൽകിവരുന്ന ആവർത്തന ഗ്രാന്റ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ നയപരമായ തീരുമാനം ആവശ്യമുള്ളതാണ്. ആവശ്യമായ മാർഗ്ഗനിർദ്ദേശ രേഖ തയ്യാറാക്കി സാമ്പത്തിക നിലകൂടി പരിഗണിച്ചുമാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടതുപ്രകാരം അടിയന്തരമായി ചില സഹായങ്ങൾ അവിടെ ചെയ്യേണ്ടതുണ്ട്. ഞാൻ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ധനകാര്യ വകുപ്പുമന്ത്രിയോട് സംസാരിക്കുകയും ചെയ്തിട്ടുണ്ട്. അത് ലഭ്യമാകുന്നപക്ഷം ടി വിഷയം പരിഗണിക്കുന്നതാണ്.

(14) മുൻഗണനാ റേഷൻ കാർഡുകളിൽനിന്നും അനർഹരെ ഒഴിവാക്കൽ

ശ്രീ. സി. സി. മുകുന്ദൻ: സർ, എന്റെ സബ്മിഷൻ ഭക്ഷ്യ വിതരണവുമായി ബന്ധപ്പെട്ടുള്ളതാണ്. സംസ്ഥാനത്ത് നിരവധി ആളുകൾ അനർഹമായി റേഷൻ കാർഡുകൾ കൈവശം വച്ചിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ അർഹതയുണ്ടായിട്ടും, പല തവണ അപേക്ഷ സമർപ്പിച്ചിട്ടും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടാത്ത പാവപ്പെട്ട നിരവധി ആളുകളുണ്ട്. പലരും അനർഹമായി റേഷൻ കാർഡുകൾ കൈവശം വച്ചിരിക്കുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇത് പാവപ്പെട്ട കുടുംബങ്ങളെയാണ് ബാധിക്കുന്നത്. താലൂക്ക് ഓഫീസർമാർ, റേഷനിംഗ് ഇൻസ്പെക്ടർമാർ ഉൾപ്പെടെയുള്ളവർ കൃത്യമായി പരിശോധന നടത്തി അനർഹമായി റേഷൻ കൈപ്പറ്റുന്നവർക്കെതിരെ കടുത്ത നടപടി സ്വീകരിക്കണം. അർഹരായ പാവപ്പെട്ട ജനങ്ങൾക്ക് ബി.പി.എൽ. റേഷൻ കാർഡ് അനുവദിക്കണമെന്നാണ് സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, സംസ്ഥാനത്ത് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ കഴിയുന്നവരുടെ ആകെ എണ്ണം 15480040 (ഒരു കോടി അമ്പത്തിനാല് ലക്ഷത്തി എൻപതിനായിരത്തി നാൽപ്പത്) ആണ്. 2011-ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യ അടിസ്ഥാനമാക്കിയാണ് നിലവിലെ മുൻഗണനാ പരിധി കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ മുൻഗണനാ വിഭാഗത്തിൽ അർഹരായ മുഴുവൻ പേരെയും ഉൾപ്പെടുത്താൻ കഴിയാത്ത സാഹചര്യമുണ്ട്. മുൻഗണനാ പട്ടികയിൽനിന്നും അനർഹരെ ഒഴിവാക്കിയും അർഹരെ ഉൾപ്പെടുത്തിയുമുള്ള ശുദ്ധീകരണം ഒരു തുടർ പ്രക്രിയയാണ്. മുൻഗണനാ പട്ടിയിൽ ഉൾപ്പെട്ടിട്ടുള്ള അനർഹർക്ക് പിഴയോ ശിക്ഷയോ കൂടാതെ സ്വമേധയാ കാർഡ് സറണ്ടർ ചെയ്യാൻ 2021 ജൂലൈ മുതൽ 2022 മാർച്ച് 31 വരെ സർക്കാർ സമയം അനുവദിക്കുകയും ഈ പദ്ധതിക്ക് ജനങ്ങളിൽനിന്നും നല്ല പിന്തുണ ലഭിക്കുകയും ചെയ്തിരുന്നു. ഈ സർക്കാർ ചുമതലയേറ്റതിനുശേഷം സ്വമേധയാ കാർഡ് സറണ്ടർ ചെയ്തതും പരിശോധനകളിലൂടെ അനർഹരാണെന്ന് കണ്ടെത്തിയതുമായ 164643

മുൻഗണനാ കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. പ്രസ്തുത ഒഴിവുകൾ ഉൾപ്പെടെ 350065 മുൻഗണനാ കാർഡുകൾ ഈ സർക്കാരിന്റെ കാലയളവിൽ അർഹരായവർക്ക് തരം മാറ്റി വിതരണം നടത്തിയിട്ടുണ്ട്. അനർഹമായി കൈവശം വച്ചിരുന്ന കാർഡുകൾ സ്വമേധയാ സറണ്ടർ ചെയ്യുന്നതിനുള്ള അവസരം പ്രയോജനപ്പെടുത്താത്ത 41614 പേരെ 'ഓപ്പറേഷൻ യെല്ലോ' പദ്ധതിയിലൂടെ കണ്ടെത്തി 4,80,13,088/- (നാല് കോടി എൻപത് ലക്ഷത്തി പതിമൂവായിരത്തി എൻപത്തിയെട്ട്) രൂപ പിഴ ചുമത്തിയിട്ടുണ്ട്. നാട്ടിക മണ്ഡലമുൾപ്പെടുന്ന ചാവക്കാട്, തൃശ്ശൂർ താലൂക്കുകളിൽനിന്നും അനർഹമെന്ന് കണ്ടെത്തിയ 2148 കാർഡുകൾ പൊതു വിഭാഗത്തിലേയ്ക്ക് മാറ്റുകയും പിഴയിനത്തിൽ 1,11,89,502/- (ഒരു കോടി പതിനൊന്ന് ലക്ഷത്തി എൻപത്തിയൊൻപതിനായിരത്തി അഞ്ഞൂറ്റിരണ്ട്) രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലയിൽ ഒരംഗം മാത്രം ഉൾപ്പെട്ട 7864 എ.എ.വൈ. കാർഡുകൾ പരിശോധിച്ചതിൽ അനർഹമെന്ന് കണ്ടെത്തിയ 285 കാർഡുകൾ പൊതു വിഭാഗത്തിലേയ്ക്കും 632 കാർഡുകൾ പി.എച്ച്.എച്ച്. വിഭാഗത്തിലേയ്ക്കും മാറ്റുകയുണ്ടായി. ഇപ്രകാരം അനർഹരെ

ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്ന നടപടി കാര്യക്ഷമമായി തുടർന്നുവരുന്നുണ്ട്.

(15) നീണ്ടകര ആർ.സി.സി. വിപുലീകരണം

ഡോ. സുജിത് വിജയൻ പിള്ള: സർ, പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം (പി.എം.ജെ.വി.കെ.) പദ്ധതിയിൽ സംസ്ഥാനം നിർദ്ദേശിച്ച പ്രോജക്ടുകളിൽ ചവറ മണ്ഡലത്തിലെ നീണ്ടകര താലൂക്കാശുപത്രി കോമ്പൗണ്ടിൽ തിരുവനന്തപുരം ആർ.സി.സി.-യുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ക്യാൻസർ കെയർ സെന്ററിന്റെ വികസനവും ഉൾപ്പെടുത്തിയിട്ടുണ്ട്. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് പി.എം.ജെ.വി.കെ. പദ്ധതി. നീണ്ടകര ക്യാൻസർ കെയർ സെന്ററിൽ ലീനിയർ ആക്സിലറേറ്റർ മെഷീൻ സ്ഥാപിച്ച് ക്യാൻസർ രോഗികൾക്ക് റേഡിയോ തെറാപ്പി നൽകുന്നതിനുവേണ്ടിയുള്ളതാണ് ഈ പ്രോജക്ട്. ഇത് ചവറയിൽ മാത്രമല്ല, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലേയും നിർധനരായിട്ടുള്ള ക്യാൻസർ രോഗികൾക്ക് ഏറെ പ്രയോജനകരവും ആശ്വാസകരവുമായ ഒരു

പദ്ധതിയാണ്. എന്നാൽ മാസങ്ങളായി ഫയൽ കേന്ദ്ര ന്യൂനപക്ഷ വകുപ്പിന്റെ ഭരണാനുമതിക്കായി കാത്തുകിടക്കുകയാണ്. ഈ പദ്ധതിവഴി 2008 മുതൽ സംസ്ഥാനത്ത് ലഭിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് നൽകിയിട്ടില്ലെന്നുള്ളതാണ് ഭരണാനുമതി ലഭിക്കാനുള്ള തടസ്സമായി അറിയിച്ചിട്ടുള്ളത്. ഇതിൽ കൂടുതൽ പദ്ധതികൾ നടപ്പാക്കിയ വയനാട്, മലപ്പുറം ജില്ലകളിലെ കൺവീനർമാരായിരുന്ന അസിസ്റ്റന്റ് ഡിസ്ട്രിക്ട് മജിസ്ട്രേറ്റുമാർ, 2021 മുതൽ കൺവീനർമാരായ ജില്ലാ ആസൂത്രണ ഓഫീസർമാർ എന്നിവരാണ് വിനിയോഗ സർട്ടിഫിക്കറ്റ് പ്രധാനമായും നൽകാനുള്ളത്. ആയതിനാൽ അടിയന്തരമായി പൂർത്തീകരിച്ച പദ്ധതികളുടെ വിനിയോഗ സർട്ടിഫിക്കറ്റ് നൽകാനും നീണ്ടകര ക്യാൻസർ കെയർ സെന്ററിന്റെ വികസനം സാധ്യമാക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നേടിയെടുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന

നിർമ്മാണം നടത്തുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം (പി.എം.ജെ.വി.കെ). ടി പദ്ധതി അടങ്കലിന്റെ 40 ശതമാനം തുക സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷം പ്രൊപ്പോസലുകൾ ക്ഷണിച്ചതിൽ വിവിധ വകുപ്പുകളിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ കൊല്ലം ജില്ലയിലെ നീണ്ടകര ആർ.സി.സി. വിപുലീകരണവുമായി ബന്ധപ്പെട്ട 30 കോടി രൂപയുടെ പ്രോജക്ടും ഉൾപ്പെടുന്നുണ്ട്. ടി പ്രൊപ്പോസലടക്കം ആകെ 373 കോടി രൂപ വരുന്ന 23 പ്രൊപ്പോസലുകൾ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല സമിതി അംഗീകരിച്ച് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ അനുമതിക്കായി 04-02-2023-ന് സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസലുകളിൽ തീരുമാനമെടുക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ സ്ക്രീനിംഗ് കമ്മിറ്റിയോ എംപവേർഡ് കമ്മിറ്റിയോ ഇതുവരെ ചേർന്നിട്ടില്ല. സംസ്ഥാനതല സമിതി ശിപാർശ ചെയ്ത പ്രോജക്ടിൽ വരുന്ന മുറയ്ക്ക് ടി പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

**12.38 PM]**

## VI റിപ്പോർട്ടുകളുടെ സമർപ്പണം

1) ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കുന്നു.

2) മരാമത്തും ഗതാഗതവും വാർത്താവിനിമയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, മരാമത്തും

ഗതാഗതവും വാർത്താവിനിമയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ എക്സ്-ഒഫീഷ്യോ അംഗമായ ഞാൻ സമിതിയുടെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കുന്നു.

3) <u>ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും</u>

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.

4) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പത്താമത് റിപ്പോർട്ട്

ശ്രീ. പ്രമോദ് നാരായൺ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അധ്യക്ഷനായ ഞാൻ സമിതിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

5) ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട്

ശ്രീ. മാത്യു ടി. തോമസ്: സർ, ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ അധ്യക്ഷനായ ഞാൻ സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

[12.40PM]

**VII. നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുന്നുണ്ടോ?

ശ്രീ. കെ. രാജൻ: സർ, ബില്ലുമായി ബന്ധപ്പെട്ട ചർച്ചയ്ക്കുശേഷം സംസാരിക്കാം.

മി. സ്പീക്കർ: പ്രസ്തുത ബില്ലിന് വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. 1971-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ആക്ടിന്റെ 6-ാം വകുപ്പുപ്രകാരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള വർഷാശനം (Annuity)

ആനുകാലികമായി പുതുക്കി നിശ്ചയിക്കുന്നതിന് വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനായി പ്രസ്തുത നിയമത്തിൽ പുതിയ വകുപ്പ് ചേർക്കുന്നതിനാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഈ ബില്ലിൽ ഞാൻ ഡിസെന്റ് നൽകിയതിന്റെ കാരണങ്ങളിൽ ഒന്ന്, നിലവിൽ സാധനങ്ങളുടെ വിലവർദ്ധനയ്ക്കനുസരിച്ച് വർഷാശനം പുതുക്കി നിശ്ചയിക്കുന്നതിനായി 1971-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ആക്ടിൽ പുതിയ വ്യവസ്ഥ ചേർക്കുമ്പോൾ വർഷാശനം മൂന്നിരട്ടിയായി വർദ്ധിപ്പിക്കുന്നുവെങ്കിലും ഓരോ 5 വർഷത്തിനിടയിലും 25 ശതമാനം നിരക്ക് പുതുക്കി നിശ്ചയിക്കണമെന്ന ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥയിൽനിന്നും വ്യത്യസ്തമായി 10 വർഷത്തിനുശേഷം നിരക്ക് പുതുക്കുന്ന കാര്യം സർക്കാരിന് തീരുമാനിക്കാമെന്നാണ് വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇപ്പോൾ അത് ഭേദഗതി ചെയ്ത് 5 വർഷമാക്കി മാറ്റിയിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്.

മറ്റൊന്ന്, തിരുവിതാംകൂറിൽ ജന്മി വകയെന്നും പണ്ടാരപാട്ടമെന്നും രണ്ടിനം വസ്തുക്കൾ ഉണ്ടായിരുന്നു. ഇതിൽ ജന്മിവക വസ്തുക്കൾ ജന്മിമാരുടെ

വകയും പണ്ടാരപാട്ട വസ്തുക്കൾ സർക്കാരിന്റെ വകയുമായിരുന്നു. ബഹുഭൂരിഭാഗം ഭൂമിയും പണ്ടാരവകയായിരുന്നു. പണ്ടാരവക ഭൂമിയിൽ കൃഷി ചെയ്ത് ആദായമെടുക്കാമെന്നല്ലാതെ ഭാഗം വയ്ക്കാനോ വിൽക്കാനോ ആർക്കും അനുവാദമില്ലായിരുന്നു. സർക്കാരിന് ഇഷ്ടമുള്ളപ്പോൾ അവരെ വസ്തുവിൽനിന്നും ഒഴിപ്പിക്കാം. പണ്ടാരവക ഭൂമിയിലാണ് ക്ഷേത്രത്തിന് ആവശ്യമായ നെല്ല് കൃഷി ചെയ്തിരുന്നത്. തിരുവനന്തപുരത്തെ ഇന്നത്തെ പുത്തരിക്കണ്ടം മൈതാനം ഒരുകാലത്ത് ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിനാവശ്യമായ നെല്ല് ഉല്പാദിപ്പിച്ചിരുന്ന ഒരു വയലായിരുന്നു. ക്ഷേത്രത്തിനാവശ്യമായതെല്ലാം വിരുത്തി നിലങ്ങളുടെ ആദായത്തിൽനിന്നാണ് കണ്ടെത്തിയിരുന്നത്. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തെക്കുറിച്ച് സംസാരിക്കുമ്പോൾ കാസർഗോഡ് ജില്ലയിൽനിന്നും വരുന്ന ഒരു ജനപ്രതിനിധിയെന്ന നിലയിൽ ഞാൻ ശരിക്കും അഭിമാനിക്കുന്നുവെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. കാരണം, കാസർഗോഡുള്ള അനന്തപുരം കായൽ ക്ഷേത്രത്തെക്കുറിച്ച് നമുക്കെല്ലാം അറിയാം. കേരളത്തിലെ ഏക കായൽ ക്ഷേത്രമാണത്.

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ മൂലസ്ഥാനമാണ് ഇതെന്നാണ് വിശ്വാസം. ബില്ലിൽ ഡിസെന്റ് നോട്ട് കൊടുത്തിട്ടാണെങ്കിലും എനിക്ക് ഇതേപ്പറ്റി സംസാരിക്കാൻ കഴിഞ്ഞതിൽ അനല്പമായ ചാരിതാർത്ഥ്യവും സന്തോഷവുമുണ്ട്.

ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ള മറ്റൊരുകാര്യം, ക്ഷേത്ര ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് റവന്യൂ, ദേവസ്വം വകുപ്പുകൾ തമ്മിൽ തർക്കം നിലനിൽക്കുന്നതിനാൽ ദേശീയപാത വികസനത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ ദേവസ്വം ബോർഡിന്റെ ഭൂമിക്കുള്ള നഷ്ടപരിഹാരം ലഭിക്കുന്നില്ലെന്നുള്ളതാണ്. ഈ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകുന്നില്ല. ടി കാരണങ്ങളാലാണ് ഞാൻ വിയോജനക്കുറിപ്പ് നൽകിയത്.

മറ്റൊന്ന് പറയാനുള്ളത്, തന്റെ ജീവിതം മുഴുവൻ പാവപ്പെട്ടവർക്കും സാധാരണക്കാർക്കുംവേണ്ടി ഉഴിഞ്ഞുവച്ച, തന്റെ രക്തവും വിയർപ്പും സാധാരണക്കാർക്കുവേണ്ടി വിനിയോഗിച്ച ഉമ്മൻ ചാണ്ടിയുടെ പുത്രൻ ശ്രീ. ചാണ്ടി ഉമ്മൻ ഇപ്പോൾ സഭയിലുണ്ട്. ഇന്നലെ ഭരണപക്ഷത്തെ ചില

അംഗങ്ങളുടെ പ്രസംഗവും പ്രകടനവും കേട്ടപ്പോൾ എനിക്ക് തോന്നിയത് അദ്ദേഹം ഇവിടെ വഴിമാറി വന്നതാണോ എന്നാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, അക്കാര്യവും ഈ ബില്ലും തമ്മിൽ എന്താണ് ബന്ധം? ബില്ലിൽ ഒതുങ്ങിനിന്ന് സംസാരിക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ബന്ധമൊന്നുമില്ല. എങ്കിലും പുതുതായി വന്ന അംഗത്തെ അഭിനന്ദിക്കാൻ ഒരവസരം കിട്ടിയപ്പോൾ വിനിയോഗിച്ചതാണ്. കാണ്ടാമൃഗംപോലും മുതല ജന്മമാകുന്ന വിധത്തിലുള്ള പ്രസംഗങ്ങളായിരുന്നു ഭരണപക്ഷത്തുനിന്നും ഉണ്ടായത്.

മി. സ്പീക്കർ: അത് ഇന്നലെ കഴിഞ്ഞതല്ലേ. ഇന്നത്തെ വിഷയത്തിലേയ്ക്ക് വരൂ.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, എന്തായാലും ഉമ്മൻ ചാണ്ടിയുടെ മകന്റെ വിജയം അംഗീകരിക്കാൻ ഭരണപക്ഷത്തെ അംഗങ്ങൾ തയ്യാറാകണം. പാമ്പ് ഉറയൂരുന്നതുപോലെ ചെപ്പടിവിദ്യകൾകൊണ്ട് മറയ്ക്കാവുന്നതല്ല ഈ തോൽവിയുടെ നാണക്കേടെന്ന് നമുക്കെല്ലാം അറിയാവുന്നതാണ്. ഏത് വ്യക്തിയായാലും സംഘടനയായാലും

ആത്മപരിശോധന നടത്തി തെറ്റുകൾക്ക് ജനങ്ങളോട് മാപ്പ് പറയാനുള്ള സന്നദ്ധത കാണിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഭേദഗതി ബിൽ സംബന്ധിച്ച് ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. 1971-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ആക്ടിന്റെ 6-ാം വകുപ്പുപ്രകാരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള വർഷാശനം ആനുകാലികമായി പുതുക്കി നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനായി പ്രസ്തുത നിയമത്തിൽ പുതിയ വകുപ്പ് ചേർക്കുന്നതിനാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. പ്രസ്തുത ഭേദഗതിയിലൂടെ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള വർഷാശനം (58,500/- രൂപ) മൂന്നിരട്ടിയായി വർദ്ധിപ്പിക്കുകയാണ്. 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിൽ 2006-ൽ വരുത്തിയ ഭേദഗതിയനുസരിച്ച് വർഷാശനം മൂന്നിരട്ടിയായി വർദ്ധിപ്പിക്കുന്നതിനും ഓരോ 5 വർഷത്തിനുശേഷവും 25 ശതമാനം വർദ്ധന വരുത്തുന്നതിനും

വ്യവസ്ഥ ചെയ്തുകൊണ്ട് 67 (എ) എന്ന പുതിയ വകുപ്പ് ചേർത്തിട്ടുണ്ട്. ഭൂപരിഷ്കരണ നിയമത്തിന്റെ വകുപ്പ് 72-ൽ പരാമർശിക്കുന്ന ഭൂമി നിക്ഷിപ്തമാക്കലിൽ പണ്ടാരവക ഭൂമികളും ഉൾപ്പെടുന്നുണ്ട്. വർഷാശനം മൂന്നിരട്ടിയായി വർദ്ധിപ്പിക്കുന്നുവെങ്കിലും ഓരോ 5 വർഷത്തിനിടയിലും 25 ശതമാനം നിരക്ക് പുതുക്കി നിശ്ചയിക്കണമെന്ന ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥയിൽനിന്നും വ്യത്യസ്തമായി 10 വർഷത്തിനുശേഷം നിരക്ക് പുതുക്കുന്ന കാര്യം സർക്കാരിന് തീരുമാനിക്കാമെന്നാണ് ഈ ഭേദഗതിയിൽ നിർദ്ദേശിച്ചിട്ടുള്ളത്. വർഷാശനം 58,500/- രൂപ എന്നതിൽനിന്നും 1,75,500/- രൂപയായി വർദ്ധിപ്പിക്കുന്നു. ഈ വർദ്ധന 10 വർഷത്തിനുശേഷം പുതുക്കുന്ന കാര്യം സർക്കാരിന് തീരുമാനിക്കാം എന്ന വ്യവസ്ഥയോടുള്ള വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുന്നു.

നൂറ്റാണ്ടുകളുടെ ചരിത്രവും ഐതീഹ്യങ്ങളും ഇടകലർന്നുകിടക്കുന്ന ശ്രീപത്മനാഭസ്വാമി ക്ഷേത്രം അനന്തശായിയായ ശ്രീപത്മനാഭ പ്രതിഷ്ഠയുള്ള രാജ്യത്തെ ചുരുക്കംചില ക്ഷേത്രങ്ങളിലൊന്നാണ്. തലസ്ഥാന നഗരിയിൽ 8 ഏക്കർ ഭൂമിയിലായി പരന്നുകിടക്കുന്ന ഒരു വാസ്തു

വിസ്മയമാണത്. ഈ ക്ഷേത്ര സമുച്ചയം ആര്, എപ്പോൾ നിർമ്മിച്ചു എന്നുള്ളതിന് കൃത്യമായ ചരിത്ര രേഖകളില്ല. മുപ്പതുലക്ഷത്തോളം ഓലകളിലായുള്ള മതിലകം രേഖകളെയാണ് ക്ഷേത്ര ചരിത്രം സംബന്ധിച്ച് ആശ്രയിക്കാവുന്നത്. ഇതിൽനിന്ന് കണ്ടെടുത്തതിൽ ഏറ്റവും പഴക്കമുള്ള ചരിത്ര സൂചനകൾ 1304 മുതലുള്ളതാണ്. അതനുസരിച്ച് സംഘകാലത്ത് തെക്കൻ കേരള പ്രദേശങ്ങളുടെ അധികാരമുണ്ടായിരുന്ന ആയ് രാജവംശത്തിന്റേതായിരുന്നു ക്ഷേത്രമെന്നാണ് മനസ്സിലാക്കുന്നത്. 2011 ജൂൺ 27-നാണ് സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ കോടതി നിയോഗിച്ച ഏഴംഗ സംഘം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ നിലവറകൾ തുറന്ന് പരിശോധിക്കാനുള്ള ദൗത്യം ആരംഭിച്ചത്. മുൻ ഹൈക്കോടതി ജഡ്ജിമാരായിരുന്ന ശ്രീ. സി. എസ്. രാജൻ, ശ്രീ. എം. എൻ. കൃഷ്ണൻ, മുൻ ചീഫ് സെക്രട്ടറി ശ്രീ. കെ. ജയകുമാർ തുടങ്ങിയവരടങ്ങിയ പരിശോധനാ സംഘത്തിന്റെ കണ്ണുകൾക്കുമുന്നിൽ തെളിഞ്ഞത് വിലമതിക്കാനാകാത്ത നിധിശേഖരമായിരുന്നു. ദൗത്യസംഘം സമർപ്പിച്ച റിപ്പോർട്ടിനെത്തുടർന്ന് 2012 ഫെബ്രുവരിയിൽ കോടതി വീണ്ടും ഒരു വിദഗ്ദ്ധ

സമിതിയെ നിയോഗിച്ചു. നിലവറയിലെ നിധിശേഖരത്തിന്റെ ചിത്രങ്ങളെടുത്ത് ഡോക്യുമെന്റ് ചെയ്ത് കണക്കുകൾ തിട്ടപ്പെടുത്തി സുരക്ഷിതമായി അതേ നിലവറയിൽത്തന്നെ മടക്കി വയ്ക്കാനും പൂർണ്ണ റിപ്പോർട്ട് സമർപ്പിക്കാനും കോടതി ആവശ്യപ്പെട്ടു. ജസ്റ്റിസ് എം. എൻ. കൃഷ്ണൻ, രാജകുടുംബാംഗം ശ്രീ. ആദിത്യവർമ്മ, ഡോ. എം. വേലായുധൻ നായർ, ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസർ, സംസ്ഥാന സർക്കാർ പ്രതിനിധി എന്നിവരടങ്ങിയ കമ്മിറ്റിയെയും ഡോ. എം. വേലായുധൻ നായർ കോ-ഓർഡിനേറ്ററായി ഡോക്യുമെന്റേഷൻ മൂല്യനിർണ്ണയങ്ങൾക്കായി എക്സ്പെർട്ട് കമ്മിറ്റിയെയും നിയമിച്ചു. 2012 ഫെബ്രുവരി 20-ന് ഡോക്യുമെന്റേഷൻ ജോലിയും മൂല്യനിർണ്ണയവും ആരംഭിച്ചു. മൂന്നരവർഷത്തെ കഠിനപ്രയത്നത്തിന്റെ ഫലമായി 2015 ഒക്ടോബർ 30-ന് സുപ്രീംകോടതിയിൽ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു. പരിശോധകരെ അതിശയിപ്പിച്ച സ്വർണ്ണത്തിളക്കമായിരുന്നു നിലവറകളിൽ കണ്ടത്. ആയിരക്കണക്കിന് സ്വർണ്ണമാലകൾ, എണ്ണിയാലൊടുങ്ങാത്ത രത്നങ്ങൾ, ഒന്നരയടിയിലേറെ വലുപ്പമുള്ള ആയിരത്തഞ്ഞൂറിലേറെ സ്വർണ്ണ കലശങ്ങൾ,

രത്നങ്ങൾ പതിച്ച കിരീടം, അഭിഷേക വിഗ്രഹത്തിൽ ചാർത്താനുള്ള രത്നകവചിതമായ ചതുർബാഹു അങ്കി, നെൽമണി വലുപ്പത്തിലുള്ള സ്വർണ്ണമണികൾ, സ്വർണ്ണദണ്ഡുകൾ തുടങ്ങി വിലമതിക്കാനാകാത്ത ശേഖരമായിരുന്നു നിലവറകളിൽ. 'എ', 'ബി', 'സി', 'ഡി', 'ഇ', 'എഫ്' എന്നീ ആറ് നിലവറകളിലാണ് ശ്രീപത്മനാഭന്റെ ശ്രീകോവിലിന് ചുറ്റുമായി സമർപ്പണശേഖരം സൂക്ഷിച്ചിരുന്നത്. ഇവയിൽ 'ഇ', 'എഫ്' എന്നീ നിലവറകളിൽ നിത്യപൂജയ്ക്കുള്ള സാധനങ്ങളാണ് സൂക്ഷിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ ഏതാണ്ട് എല്ലാ ദിവസവും ഇത് തുറക്കാറുണ്ട്. 'സി', 'ഡി' നിലവറകളിൽ വിശേഷാവസരങ്ങളിലേയ്ക്ക് ആവശ്യമായ സാധനങ്ങളാണ് വച്ചിരിക്കുന്നത്. ഇതും ഇടയ്ക്കിടെ തുറക്കാറുണ്ട്. കോടതി ഉത്തരവിനെത്തുടർന്ന് 'എ' നിലവറ തുറന്നു. 'ബി' നിലവറ ഇനിയും തുറന്നിട്ടുമില്ല. ആറ് നിലവറകളിൽനിന്ന് നാല്പത്തിരണ്ടായിരത്തിലേറെ വിശുദ്ധ വസ്തുക്കളാണ് മൂല്യനിർണ്ണയ കമ്മിറ്റി വിലയിരുത്തിയത്. പ്രസ്തുത സമിതി ഇവയുടെ ചിത്രങ്ങളടക്കമുള്ള വിവരങ്ങൾ സുപ്രീംകോടതിയിൽ സമർപ്പിച്ചു. തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ സമ്പത്ത്

നിലവറകളിൽ സൂക്ഷിക്കാൻ തുടങ്ങിയത് എന്നുമുതലാണെന്നതിന് മതിലകം രേഖകളിൽ ഉത്തരമുണ്ട്. പതിനാലാം നൂറ്റാണ്ടിന് മുമ്പുതന്നെ നിലവറകൾ ഉണ്ടായിരുന്നതായി മതിലകം രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. ക്ഷേത്രമതിൽക്കെട്ടിനകത്ത് സൂക്ഷിച്ചിരുന്ന താളിയോലകളിൽ രേഖപ്പെടുത്തിയ ചുരുളുകളാണ് മതിലകം രേഖകൾ. ഇപ്പോഴും ക്ഷേത്രത്തിന്റെ പടിഞ്ഞാറേ നടയിൽ മുഖപ്പിന്റെ ഒന്നാം നിലയിൽ അവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. 1700-കളിൽ അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ തിരുവിതാംകൂറും കേന്ദ്രീകൃതഭരണവും സ്ഥാപിക്കുന്നതുവരെയും അതിനുശേഷവും രാജ്യത്തിന്റെ രേഖകൾ തന്നെയായിരുന്നു ഇവ. 1700-കളുടെ മൂന്നാം ദശകത്തിൽ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ രൂപത്തിലും പ്രവർത്തനത്തിലും പാടേ മാറ്റം വന്നു. മാടമ്പികളുടെയും എട്ടരയോഗക്കാരുടെയും പ്രവർത്തന ശൈലി, ആക്രമണങ്ങൾ എന്നിവമൂലം അമ്പലത്തിന്റെ ദൈനംദിന കർമ്മങ്ങൾ പോലും മുടങ്ങി. ക്ഷേത്രവും കൊട്ടാരങ്ങളും അഗ്നിക്കിരയായി. 1729-ൽ തിരുവിതാംകൂറിന്റെ സൃഷ്ടാവ് അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ രാജ്യാധികാരം ഏറ്റെടുത്തതോടെ

ക്ഷേത്ര പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. നേപ്പാളിലെ കാളി ഗണ്ഡകി (Kali Gandaki) നദിയിൽനിന്ന് എത്തിച്ച 12008 സാളഗ്രാമത്താൽ കടുശർക്കരയോഗത്തിൽ അനന്തശയനനായ പതിനെട്ടടി നീളമുള്ള ശ്രീപത്മനാഭന്റെ പ്രതിഷ്ഠ പണിതു. ഒറ്റക്കൽമണ്ഡപം, രണ്ട് നിലകളൊഴിച്ചുള്ള ക്ഷേത്രഗോപുരം, ശീവേലിപ്പുര തുടങ്ങിയവയെല്ലാം ഇന്ന് കാണുന്ന നിലയിൽ പുനർനിർമ്മിച്ചു. 1748 മുതൽ കൽക്കുളം കൊട്ടാരം പുതുക്കിപ്പണിത് പത്മനാഭപുരം എന്ന് പുനർനാമകരണം ചെയ്ത് ശ്രീപത്മനാഭന് സമർപ്പിച്ചു. 1750-ൽ തൃപ്പടിദാനത്തിലൂടെ രാജ്യത്തെത്തന്നെ ശ്രീപത്മനാഭന് സമർപ്പിച്ചു. രാജാവിന്റെയും രാജകുടുംബാംഗങ്ങളുടെയും എല്ലാ വിശിഷ്ട ദിനങ്ങളിലും സ്വർണ്ണമായിട്ടോ നാണയമായിട്ടോ ആഭരണങ്ങളായിട്ടോ ശ്രീപത്മനാഭന് സമർപ്പണങ്ങൾ നൽകാൻ തുടങ്ങി. മുറജപം, ലക്ഷദീപം, ഭദ്രദീപം എന്നീ ചടങ്ങുകൾക്കും തുടക്കംകുറിച്ചു. തുലാ പുരുഷദാനവും ഹിരണ്യഗർഭവും ഉൾപ്പെടെയുള്ള ചടങ്ങുകളോടൊപ്പം ശ്രീപത്മനാഭന് തത്തുല്യമായ സമർപ്പണങ്ങളും അർപ്പിച്ചുപോന്നു. മുൻ തിരുവിതാംകൂർ മഹാരാജാവിന്റെ ട്രസ്റ്റിന് കീഴിലുള്ള ശ്രീപത്മനാഭസ്വാമി

ക്ഷേത്രത്തിന്റെ ഉടമസ്ഥതയിലുള്ള ഏകദേശം 12630 ഏക്കർ ഭൂമിയുടെ വർഷാശനം ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി പരിഷ്കരിക്കണം എന്നുകൂടി ആവശ്യപ്പെട്ടുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. മുഹമ്മദ് മുഹസിൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിൽ ഇന്നുകാണുന്ന തരത്തിലുള്ള വികസനത്തിന് അടിത്തറ പാകിയത് ഭൂപരിഷ്കരണ നിയമമാണ്. സ്വന്തമായി ഭൂമിയില്ലാത്തതോ പണിയെടുക്കുന്ന ഭൂമിയിൽ ജീവിക്കാൻ അർഹതയില്ലാത്തതോ ആയ മനുഷ്യർക്ക് ഒരു തുണ്ട് ഭൂമി കൊടുത്തതാണ് മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി കേരളത്തിൽ ഇന്നുകാണുന്ന മാറ്റത്തിന് കാരണം. ഭൂപരിഷ്കരണ നിയമത്തിന്റെ ഭാഗമായി മത-ധർമ്മ-വിദ്യാഭ്യാസ സ്ഥാപനങ്ങൾ തങ്ങളുടെ ഭൂമി സർക്കാരിലേയ്ക്ക് സ്വമേധയാ സറണ്ടർ ചെയ്ത്

കൊടുക്കുകയും അതിന് വർഷാശനം സ്വീകരിക്കുന്നതിന് 65 വകുപ്പ് വ്യവസ്ഥ ചെയ്യുകയും ചെയ്തിരുന്നു. പണ്ടാരവക ഭൂമിയെന്നാൽ സർക്കാർ ഭൂമിയെന്നാണ് അർത്ഥം. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ ഭൂമി അതിന്റെ ഭാഗമായി വരാത്തതുകൊണ്ടാണ് 1971-ൽ ഈ നിയമം പാസ്സാക്കി പ്രത്യേകമായി ആ ഭൂമി ഏറ്റെടുക്കാനുള്ള നടപടി സ്വീകരിച്ചത്. ക്ഷേത്രംവക ഭൂമി ഏറ്റെടുത്ത് അവ സംരക്ഷിക്കുകയും ബാക്കിയുള്ള ഭൂമി അവിടെ താമസിച്ചിരുന്ന ഭൂരഹിതരായ ആളുകൾക്ക് പതിച്ചുനൽകുകയും പട്ടയം കൊടുക്കുകയും ചെയ്തു. ഈ നിയമത്തിന്റെ ഭാഗമായി 1971-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ആക്ടിലെ ആറാം വകുപ്പ് പ്രകാരം വർഷാശനമായി 58,500/- രൂപയാണ് ക്ഷേത്രത്തിന് നൽകിയിരുന്നത്. എന്നാൽ അതിൽ കാലാനുസൃതമായ മാറ്റംവരുത്താൻ കഴിഞ്ഞില്ല. ഭൂപരിഷ്കരണ നിയമവുമായി ബന്ധപ്പെട്ട് 2006-ൽ ഇതുപോലെ സറണ്ടർ ചെയ്ത എല്ലാ സ്ഥാപനങ്ങൾക്കും വർഷാശനം വർദ്ധിപ്പിച്ചുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നു. കഴിഞ്ഞ അഞ്ച് വർഷത്തിനിടയ്ക്ക് 25 ശതമാനം വർദ്ധിപ്പിക്കാനുള്ള നടപടിയും സ്വീകരിച്ചിരുന്നു. എന്നാൽ പ്രത്യേക

നിയമമായ ഇതിന് ഈ വർദ്ധന ബാധകമായിരുന്നില്ല. അതുകൂടി ബാധകമാക്കുകയെന്ന രീതിയിലാണ് ഈ ഭേദഗതി കൊണ്ടുവന്നത്. പത്ത് വർഷത്തിലൊരിക്കൽ സർക്കാരിന് ഇക്കാര്യത്തിൽ തീരുമാനമെടുക്കാമെന്നാണ് തീരുമാനിച്ചത്. ദേവസ്വം-ബ്രഹ്മസ്വം പട്ടയങ്ങളാണെങ്കിലും പണ്ടാരവക പട്ടയങ്ങളാണെങ്കിലും ഭൂപരിഷ്കരണ നിയമത്തിന്റെ ഭാഗമായി ആളുകൾക്ക് ഭൂമി ലഭിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. ഭൂപരിഷ്കരണവുമായി ബന്ധപ്പെട്ട് വലിയ രീതിയിലുള്ള നിയമനിർമ്മാണങ്ങൾ നടന്ന 1957, 1963, 1969, 1970, 1971 എന്നീ വർഷങ്ങൾ നമുക്ക് മറക്കാൻ സാധിക്കില്ല. 1970-ഓടുകൂടി ഭൂപരിഷ്കരണ നിയമം പൂർണ്ണമായി യാഥാർത്ഥ്യമാവുകയും അതിന്റെ ഭാഗമായി വലിയ മാറ്റം നമ്മുടെ നാട്ടിലുണ്ടാവുകയും ചെയ്തിട്ടുണ്ട്. അതിന്റെ തുടർച്ചയായി ഈ സർക്കാർ വന്നതിനുശേഷം നിരവധി പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. പട്ടയ വിതരണത്തിൽ റെക്കോർഡ് പുരോഗതിയുണ്ടാക്കാൻ നമുക്ക് കഴിഞ്ഞു. ഒരു തുണ്ട് ഭൂമിപോലുമില്ലാത്ത മനുഷ്യർക്ക് ഭൂമി നൽകി, എല്ലാവർക്കും ഭൂമിയും എല്ലാ ഭൂമിക്കും രേഖയും

എന്ന ലക്ഷ്യത്തോടുകൂടി റവന്യൂ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ രണ്ട് വർഷംകൊണ്ട് 121604 പട്ടയങ്ങൾ സാധാരണക്കാരും പാവപ്പെട്ടവരുമായ ആളുകൾക്ക് കൊടുക്കാൻ കഴിഞ്ഞുവെന്നത് കേരളത്തിന്റെ വലിയ നേട്ടം തന്നെയാണ്. കഴിഞ്ഞ അഞ്ച് വർഷംകൊണ്ട്, ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 177011 കുടുംബങ്ങളെ സ്വന്തം ഭൂമിയുടെ അവകാശികളാക്കി മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. ഒരാളും ഭൂമിയുടെ രേഖയില്ലാതെ അവകാശികളല്ലാതെ ഉണ്ടാകരുതെന്ന ചിന്തയോടുകൂടി ഈ സർക്കാരിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപുതന്നെ എല്ലാവർക്കും രേഖകളുണ്ടാക്കുന്നതിനുവേണ്ടി ഓരോ മണ്ഡലവും കേന്ദ്രീകരിച്ചുകൊണ്ട് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പട്ടയ അസംബ്ലി നടത്തുന്നു. ഒരുപക്ഷേ നാല് സെന്റ് മാത്രമുള്ള കോളനികളിൽ താമസിക്കുന്ന വളരെ പാവപ്പെട്ടവരും സാധാരണക്കാരുമായ ആളുകൾക്കും പട്ടയത്തിനുവേണ്ടി പത്തും പതിനഞ്ചും വർഷം അപേക്ഷ കൊടുത്ത് നടന്നിരുന്ന ആളുകൾക്കുമൊക്കെ ഇപ്പോൾ വളരെ വേഗത്തിൽ പട്ടയം കിട്ടുന്നുവെന്നത് അഭിമാനാർഹമാണ്. ഇടതുപക്ഷ

സർക്കാർ, ശ്രീ. കെ. രാജന്റെ നേതൃത്വത്തിലുള്ള ഈ വകുപ്പ് അതിനായി വളരെ നല്ല പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. എല്ലാ മണ്ഡലങ്ങളിലും പട്ടയ അസംബ്ലി/പട്ടയമേളകൾ നടന്നുകൊണ്ടിരിക്കുകയാണ്. നമ്മൾ ടാർജറ്റ് ചെയ്തതിനേക്കാളും ഇരട്ടിയിലധികം പട്ടയമാണ് ഓരോ ഘട്ടത്തിലും വിതരണം ചെയ്യുന്നത്. ബില്ലിന്റെ ചർച്ചയായതിനാൽ ഞാൻ അതിലേയ്ക്ക് വിശദമായി കടക്കുന്നില്ല. തിരുവനന്തപുരത്തിന്റെ ഏറ്റവും അഭിമാനമായിട്ടുള്ള അല്ലെങ്കിൽ കേരളത്തിന്റെ അഭിമാനമായിട്ടുള്ളൊരു ക്ഷേത്രമാണ് ശ്രീപത്മനാഭസ്വാമി ക്ഷേത്രം. ആ ക്ഷേത്രത്തിന്റെ സ്വത്ത് സംരക്ഷിക്കാൻകൂടി ഈ നിയമം ഗുണം ചെയ്തു. അതോടൊപ്പം ക്ഷേത്രത്തെ ആശ്രയിച്ചുകഴിഞ്ഞിരുന്ന നിരവധി ആളുകൾക്ക് സ്വന്തമായി ഭൂമി ലഭ്യമാക്കാനും കഴിഞ്ഞു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ ശ്രീപത്മനാഭസ്വാമി ക്ഷേത്രമുൾപ്പെടെയുള്ള നമ്മുടെ സംസ്ഥാനത്തെ ക്ഷേത്രങ്ങളൊക്കെ വിദേശ ടൂറിസ്റ്റുകളുൾപ്പെടെ വരുന്ന ടൂറിസ്റ്റ് കേന്ദ്രങ്ങൾ കൂടിയാണ്. ഈ ക്ഷേത്രങ്ങളും മറ്റ് ആരാധനാലയങ്ങളും

തമ്മിൽ ബന്ധിപ്പിച്ച് തീർത്ഥാടന ടൂറിസം വികസിപ്പിച്ചെടുക്കാനുള്ള പദ്ധതികൂടി നമ്മൾ അവിഷ്കരിക്കണം. അതിന് റവന്യൂ വകുപ്പുമന്ത്രികൂടി മുൻകൈയെടുക്കണം. അതുപോലെതന്നെ പല ക്ഷേത്രങ്ങളിലും സ്ഥാനികർക്ക് മാന്യമായിട്ടുള്ള ശമ്പളം ലഭിക്കുന്നില്ല, അവർക്ക് മാന്യമായിട്ടുള്ള ശമ്പളം കൊടുക്കുന്നതിനും പുതിയ സ്ഥാനികരുടെ രജിസ്ട്രേഷൻ അംഗീകരിക്കുന്നതിനുമുള്ള നടപടിയെടുക്കണമെന്ന നിർദ്ദേശം വന്നിട്ടുണ്ട്. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, കേരളത്തിന്റെ മാത്രമല്ല, ഇന്ത്യയുടെ അഭിമാനമാണ് ശ്രീപത്മനാഭസ്വാമി ക്ഷേത്രം. കാരണം ഇന്ത്യയുടെ എല്ലാഭാഗത്തുനിന്നും അവിടെ തീർത്ഥാടനത്തിനായി ആളുകളെത്തുന്നുണ്ട്.

**[1.00 PM]**

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, തീർച്ചയായും. ഇപ്പോൾ ലോകത്തുതന്നെ ഏറ്റവും കൂടുതൽ പറഞ്ഞുകേൾക്കുന്നൊരു പേരുകൂടിയാണ് ശ്രീപത്മനാഭസ്വാമി ക്ഷേത്രം. ധാരാളം ആളുകൾ അവിടെ സന്ദർശിക്കുകയും

ക്ഷേത്രത്തെക്കുറിച്ച് പഠിക്കുകയും ചെയ്യുന്നു. ദ്രാവിഡ രീതിയിൽ ഏറ്റവും മനോഹരമായി നിർമ്മിച്ചിട്ടുള്ള ദേവാലയമാണ് ശ്രീപത്മനാഭസ്വാമി ക്ഷേത്രം. അതുകൊണ്ടുതന്നെ അത് സംരക്ഷിക്കപ്പെടണം. അതിനുള്ള ആന്വിറ്റി ഇപ്പോൾ മൂന്ന് ഇരട്ടിയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വളരെ തുച്ഛമായ തുകയായിരുന്നു നേരത്തെ കൊടുത്തിരുന്നതെങ്കിൽ ഇപ്പോൾ നല്ലൊരു തുകയായി അത് മാറിയിട്ടുണ്ട്. ഇത് ദേവസ്വം ബോർഡോ സർക്കാരോ കൊടുക്കുന്ന മറ്റ് ഫണ്ടുകളുമായി ബന്ധപ്പെട്ടതല്ല; ഇത് ഈ നിയമപ്രകാരം ഭൂരഹിതരായ ആളുകൾക്ക് ഭൂമി പതിച്ചുകൊടുത്തപ്പോൾ ആ ഭൂമിക്ക് ആന്വിറ്റിയായി സർക്കാർ കൊടുക്കുന്ന തുകയാണെന്നുള്ളത് പ്രത്യേകം പറയണം. ഇതിനുപുറമേ മറ്റ് വികസന പ്രവർത്തനങ്ങൾക്കുമൊക്കെ പ്രത്യേകമായി ഫണ്ടുകൾ നൽകാറുണ്ട്. അതുമായി ഇതിന് ബന്ധമില്ല. ഇത് കാലാനുസൃതമായി പരിഷ്കരിക്കാനും അതോടൊപ്പം ക്ഷേത്രത്തെ സംരക്ഷിക്കാനും ഭൂമിയില്ലാത്ത മനുഷ്യർക്ക് കൂടുതൽ ഭൂമി കൊടുക്കാനും നടത്തുന്ന പ്രവർത്തനത്തെ അഭിനന്ദിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇവിടെ എല്ലാവരും ചൂണ്ടിക്കാണിച്ചതുപോലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബില്ലിൽ തിരുവനന്തപുരത്തെ ശ്രീപത്മനാഭസ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ടിട്ടുള്ള വളരെ ചെറിയൊരു അമെന്റ്മെന്റ് മാത്രമാണുള്ളത്; ഇതുവരെ കൊടുത്തിരുന്ന 58,500 രൂപയെന്നുള്ള ആന്വിറ്റി 1,75,500 രൂപയാക്കി വർദ്ധിപ്പിച്ചു. അത് ഏറെ സ്വാഗതാർഹമാണ്. അതോടൊപ്പം ഈ അവസ്ഥ പത്ത് കൊല്ലത്തേയ്ക്ക് നിലനിൽക്കുമെന്നാണ് നിലവിലുണ്ടായിരുന്ന ഭേദഗതി. ഈ ചർച്ച തുടങ്ങുന്ന സമയത്ത് സർക്കാർ ഭാഗത്തുനിന്ന് മന്ത്രി ഒരു ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചിട്ടുണ്ട്. ഞാൻ ഇതിനായി തയ്യാറാക്കിയ നോട്ടിലും ഇത് 5 കൊല്ലം കൂടുമ്പോൾ എന്നാക്കണമെന്ന് വളരെ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു. ഇക്കാര്യത്തിൽ നമ്മുടെയൊക്കെ മനസ്സ്

ഒന്നാണെന്നാണ് ഇത് തെളിയിക്കുന്നത്. 5 കൊല്ലം കൂടുമ്പോൾ ഇതിൽ മാറ്റമുണ്ടാകണം; 10 കൊല്ലമെന്നുള്ളത് ദൈർഘ്യമേറിയൊരു കാലമാണ്. നാം ആഗ്രഹിച്ചതുപോലെ ഇപ്പോൾ സർക്കുലേറ്റ് ചെയ്തിട്ടുള്ള അമെന്റ്മെന്റിൽ 5 കൊല്ലം എന്നാക്കിയിട്ടുണ്ട്.

ഇന്ത്യയ്ക്ക് അഭിമാനമായ ക്ഷേത്രമാണ് ശ്രീപത്മനാഭസ്വാമി ക്ഷേത്രമെന്ന് ശ്രീ. മുഹമ്മദ് മുഹസിൻ സംസാരിച്ചപ്പോൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. അതിന്റെ സവിശേഷതകൾ നമുക്കറിയാം. അന്തമില്ലാത്തവനാണ് അനന്തൻ, അനന്തമായ ഈ പാരാവാരത്തെ നിയന്ത്രിക്കുന്നത് ശ്രീപത്മനാഭസ്വാമിയാണെന്ന സങ്കല്പം ഇവിടെ സാർത്ഥകമാകുകയാണ്. തുടക്കം മുതൽ ഒരു മഹാക്ഷേത്രമെന്ന സ്ഥാനവും രാജകീയ ദേവാലയമെന്ന പദവിയും ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിനുണ്ടായിരുന്നു. മഹത്തായ ആത്മീയ ചൈതന്യത്തോടൊപ്പം മറ്റ് പത്ത് ലക്ഷണങ്ങൾക്കൂടി ഒരു മഹാക്ഷേത്രത്തിനുണ്ടായിരിക്കണമെന്നതാണ് സങ്കല്പം. ഈ പത്ത് ലക്ഷണങ്ങളുമൊത്ത ഒരു ക്ഷേത്രമാണ് തിരുവനന്തപുരത്തെ ശ്രീപത്മനാഭസ്വാമി ക്ഷേത്രം. പൗരാണികത, ക്ഷേത്ര

സംബന്ധിയായ രേഖകൾ, താളിയോലകൾ, ചെമ്പുപട്ടയങ്ങൾ, ശിലാലിഖിതങ്ങൾ എന്നിവയുടെ ലഭ്യതയാണ് രണ്ടാമത്തെ ഘടകം. അത് ധാരാളമായുണ്ട്. അടുത്തതായി രാജകീയ ബന്ധമാണ്, മാർത്താണ്ഡവർമ്മ ഉൾപ്പെടെയുള്ള രാജാക്കൻമാരുടെ രാജകീയ ബന്ധം വളരെ കൃത്യമാണ്. കാട്ടിനുള്ളിലെ ഉത്ഭവം, കാട്ടിനുള്ളിലാണ് ഈ ക്ഷേത്രത്തിന്റെ ഉത്ഭവമെന്നാണ് ചരിത്രം. സമുദ്രവുമായുള്ള സാമീപ്യം, വളരെ അടുത്തുതന്നെ അറബിക്കടലുണ്ട്. ചുറ്റുപാടിൽനിന്നും ഉയർന്ന സ്ഥാനം, ചരിത്രപരമായ പ്രാധാന്യം, പ്രാചീന സാഹിത്യത്തിലെ പരാമർശം, ശില്പകലാ വൈദഗ്ധ്യം, (നമ്മളെല്ലാം സ്കൂൾ കുട്ടികളായിരുന്ന കാലം മുതലേ ആ ക്ഷേത്രത്തിന്റെ ശില്പകല നാം കാണുന്നതാണ്) ഉത്സവാഘോഷങ്ങളുടെ ഗാംഭീര്യം എന്നിവയാണ് പ്രസ്തുത ലക്ഷണങ്ങൾ. ഈ ലക്ഷണങ്ങളെല്ലാമൊത്ത ഇന്ത്യയിലെ വളരെ അപൂർവ്വമായ ക്ഷേത്രങ്ങളിലൊന്നാണ് ശ്രീ പത്മനാഭസ്വാമി ക്ഷേത്രം. ആ ക്ഷേത്രത്തിനുവേണ്ടി ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവരുന്നുവെന്നുള്ളത് ഏറെ സ്വാഗതാർഹമാണ്. അതിൽതന്നെ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള ആന്വിറ്റി 1,75,500 രൂപ എന്നുള്ളത്

3 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. ഇത്ര പ്രശസ്തമായതും ഒട്ടനവധി ചെലവുകളുള്ളതുമായ ഈ ക്ഷേത്രത്തിന് നൽകുന്ന തുക 1,75,500 രൂപയിൽനിന്നും 3 ലക്ഷം രൂപയായെങ്കിലും വർദ്ധിപ്പിക്കണമെന്നുള്ള നിർദ്ദേശം ഞാൻ മുന്നോട്ട് വയ്ക്കുന്നു. അതിവിടെ സൂചിപ്പിച്ചതുപോലെ 5 കൊല്ലംകൂടുമ്പോൾ 25 ശതമാനം വർദ്ധനയെന്നുകൂടി ഒരു അമെന്റ്മെന്റ് പാസാക്കിയാൽ ഇടയ്ക്കിടയ്ക്ക് അത് പാസാക്കാനായി ബുദ്ധിമുട്ടേണ്ട ആവശ്യമില്ല. നിയമം നിർമ്മിക്കുമ്പോൾ എപ്പോഴും സമഗ്രമായിരിക്കണം. സർക്കാർ ജീവനക്കാരുടെ ഡി.എ.-യ്ക്ക് നിശ്ചിതകാലയളവ് വയ്ക്കുന്നതുപോലെ 5 കൊല്ലം കൂടുമ്പോൾ സ്വാഭാവികമായി 25 ശതമാനം വർദ്ധനകൂടി ഉണ്ടാകണം. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് നല്ലൊരു ക്ഷേത്രക്കുളമുണ്ട്. ക്ഷേത്രക്കുളങ്ങളും പള്ളിക്കുളങ്ങളുമൊക്കെ നാട്ടിലെ വലിയ ജലസംഭരണികളാണ്. എന്റെ മണ്ഡലത്തിൽ അലനെല്ലൂരിൽ മൂന്ന് കിണറുകളുള്ള ഒരു വലിയ ക്ഷേത്രക്കുളമുണ്ട്. ക്ഷേത്രകമ്മിറ്റിക്ക് വേണ്ടരീതിയിൽ പരിപാലിക്കാനുള്ള സാമ്പത്തികശേഷിയില്ലാത്തതിനാൽ

അത് നവീകരിക്കണമെന്നതാണ് അവരുടെ ആവശ്യം. ക്ഷേത്രക്കുളങ്ങളിലെ വെള്ളമാണ് ആ നാട്ടിലെ കിണറുകളിലേയ്ക്കുള്ള ജലസ്രോതസ്സുകൾ. ജലക്ഷാമം രൂക്ഷമാകുന്ന ഇക്കാലത്ത് എനിക്ക് ഒരു നിർദ്ദേശം വയ്ക്കാനുള്ളത്, ക്ഷേത്രങ്ങളുടെയും പള്ളികളുടെയും ഉടമസ്ഥതയിലുള്ളതായതിനാൽ കുളങ്ങൾ പൊതുമുതലല്ല എന്ന കാരണത്താൽ എം.എൽ.എ. ഫണ്ട് വിനിയോഗിക്കുന്നതിൽ തടസ്സം നിൽക്കേണ്ടതില്ലെന്നുള്ളതാണ്. ഇതിനായി ജലവിഭവ വകുപ്പ് പണം വിനിയോഗിച്ചാലും പ്രശ്നമില്ല. ഇതൊക്കെ വരുംതലമുറയ്ക്ക് പ്രയോജനപ്രദമാണ്. ഈ ജലസംഭരണികൾ നവീകരിക്കുന്നതോടുകൂടി ക്ഷേത്രത്തിലെത്തുന്നവർക്ക് ഉപയോഗപ്രദമാകുന്നതോടൊപ്പം സമീപപ്രദേശങ്ങളിലെ എല്ലാ കിണറുകളിലും ആ വാട്ടർലെവൽ നിലനിർത്തുന്നതിനും സഹായകരമാകും. ഇങ്ങനെയുള്ള ശാസ്ത്രമൊക്കെ നോക്കിയാണ് പൂർവ്വികർ കുളങ്ങൾ രൂപീകരിച്ചിരിക്കുന്നത്. ആ വെള്ളമാണ് ആ പ്രദേശത്തെ/ആ ദേശത്തെ ആളുകൾ പ്രയോജനപ്പെടുത്തിയിരുന്നത്. ക്ഷേത്രക്കുളങ്ങൾക്കും പള്ളിക്കുളങ്ങൾക്കുമെല്ലാം അസെറ്റ് ഡെവലപ്പ്മെന്റ് ഫണ്ട്

ഉപയോഗിക്കാനുള്ള അനുവാദം നൽകണം. ഇതൊരു എൻവയോൺമെന്റൽ ഇഷ്യൂ കൂടിയാണ്. ജലസംഭരണിയുടെ ആഴമാണ് പ്രധാനം. ഞാൻ നേരത്തെ സൂചിപ്പിച്ച എന്റെ മണ്ഡലത്തിലെ അലനെല്ലൂരിലേതുപോലെ ആ പരിസരത്ത് ചില കുളങ്ങളുണ്ട്. പഴയകാലത്തുണ്ടാക്കിയ ആ കുളങ്ങൾ എത്രമാത്രം ജലവും സംഭരിക്കാൻ കഴിയുന്നവയാണ്. അതിനുള്ള അനുവാദം നൽകണം. എം.എൽ.എ. ഫണ്ട് ഇതിന് വിനിയോഗിക്കാൻ അനുമതിയുണ്ടായാൽ ഞങ്ങൾക്ക് ഫണ്ട് ലഭ്യമാക്കാൻ സാധിക്കും. ഇതിനായി അനുമതി നൽകണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

ബഹുമാനപ്പെട്ട എൻ. എ. നെല്ലിക്കുന്ന് ഇന്നലത്തെ കാര്യങ്ങൾ പറഞ്ഞപ്പോൾ ഇന്നലത്തെ കാര്യങ്ങൾ സംസാരിക്കേണ്ടതില്ലെന്ന് ബഹുമാനപ്പെട്ട സ്പീക്കർ പറയുകയുണ്ടായി. അതിനാൽ അക്കാര്യം ഞാൻ പറയുന്നില്ല, പക്ഷേ ഇന്നത്തെ ഒരു കാര്യം അക്കാഡമിക്കായി ഞാൻ ശ്രദ്ധയിൽപ്പെടുത്താം. നിയമസഭ നടത്തിക്കൊണ്ടുപോകേണ്ടത് ഭരണകക്ഷിയുടെ, ഗവൺമെന്റിന്റെ ആവശ്യമാണ്. ഇന്നുരാവിലെ ഇവിടെ എന്താണ് കണ്ടത്? ബഹുമാനപ്പെട്ട സ്പീക്കർ നിർദ്ദേശിച്ചിട്ടും

മന്ത്രിമാരടക്കമുള്ളവർ അപ്പുറത്തുനിന്ന് ബഹളംവച്ച് സഭ നടത്താൻ കഴിയാത്ത സ്ഥിതിയാണുണ്ടാക്കിയത്. അക്കാഡമിക് സ്പിരിറ്റിലാണ് ഞാൻ പറയുന്നത്. സ്പീക്കർപോലും നിസ്സഹായനാകുകയാണ്. കാരണം സ്പീക്കർക്ക് പ്രതിപക്ഷത്തെ നിയന്ത്രിച്ച് നിർത്തേണ്ടിവരും. പക്ഷേ ഭരണകക്ഷിയും മന്ത്രിമാരുംവരെ വടിയും കോലുമെടുത്ത് ഇതിപ്പോൾ നടത്താൻ പറ്റില്ലെന്ന രീതിയിൽ നിൽക്കുകയെന്നത് ശരിയല്ല. പാർലമെന്ററി ഡെമോക്രസിയുടെ ബാലപാഠം അറിയാതെയാണ് ഇത്തരത്തിൽ ബഹളമുണ്ടാക്കുന്നത്. അതുകൊണ്ട് ഇനിയെങ്കിലും അതിലൊരു മാറ്റമുണ്ടാക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ കൃത്യമായി ഇടപെടണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. ഈ ബിൽ ഏറെ സ്വാഗതാർഹമാണ്. ഈ പറഞ്ഞ ഭേദഗതികൂടി പരിഗണിച്ച് ഈ സംഖ്യ 3 ലക്ഷമായി ഉയർത്തിയാൽ അത് കുറേക്കൂടി നന്നാകുമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഇവിടെ വളരെ പ്രധാനപ്പെട്ട ഒരു ബിൽ അവതരിപ്പിക്കുമ്പോൾ അതിലെ

പ്രസക്തമായ മാറ്റത്തെക്കുറിച്ച് മാത്രമാണ് സൂചിപ്പിച്ചതെന്ന് നേരത്തെ സംസാരിച്ചിരുന്ന ബഹുമാനപ്പെട്ട അംഗങ്ങളെല്ലാം പറയുകയുണ്ടായി. ഈ ബില്ലിന്മേൽ വിയോജിപ്പായി എഴുതിത്തന്ന പ്രശ്നങ്ങളിൽ ഒരു വിഷയം ഒഫീഷ്യൽ ഭേദഗതിയെന്ന നിലയിൽ ഇതിനോടകം സർക്കുലേറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. നേരത്തെ നിശ്ചയിക്കപ്പെട്ടതിൽനിന്നും വിഭിന്നമായി തുക മൂന്നിരട്ടിയായി നിശ്ചയിച്ചത് നിലനിർത്തുകയും 2006-ൽ ഭൂപരിഷ്കരണ നിയമത്തിൽ കൊണ്ടുവന്ന 67(എ) എന്ന ഭേദഗതിയിൽ സൂചിപ്പിച്ച അതേ വാചകങ്ങൾ ഈ നിയമത്തിന്റെ 6(എ)യിൽ ഉൾപ്പെടുത്തി ഓരോ അഞ്ച് വർഷക്കാലം കഴിയുമ്പോൾ 25 ശതമാനത്തിന്റെ വർദ്ധനയെന്ന കാര്യം ഉൾപ്പെടുത്തിയതുകൊണ്ട് വിയോജനക്കുറിപ്പിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ പോസിറ്റീവായൊരു നിലപാടാണ് സർക്കാർ സ്വീകരിച്ചത്. 1963-ലെ ഭൂപരിഷ്കരണ നിയമത്തിൽ 66-ാം വകുപ്പനുസരിച്ച് മത/ധർമ്മ സ്ഥാപനങ്ങളുടെ സ്വത്തുക്കൾ, കുടിയാന്മയോടുകൂടിയുള്ള ഇടങ്ങൾ സർക്കാരിലേയ്ക്ക് സമർപ്പിക്കണമെന്ന ധാരണ നേരത്തെയുണ്ടായിരുന്നു. 65-ാം വകുപ്പനുസരിച്ച് മത/ധർമ്മ സ്ഥാപനങ്ങളുടെ ഇത്തരം ഭൂമികൾ

സർക്കാരിലേയ്ക്ക് നിക്ഷേപിക്കാനും 66-ാം വകുപ്പനുസരിച്ച് ഇത്തരം ഭൂമികൾക്ക് നൽകേണ്ട വർഷാശനം നിശ്ചയിക്കാൻ ലാൻഡ് ട്രിബ്യൂണലിനെ ചുമതലപ്പെടുത്താനും തീരുമാനിച്ചു. 65-ാം വകുപ്പ് ഭൂപരിഷ്കരണ നിയമത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട വകുപ്പുകളിൽ ഒന്നായിരുന്നു. അതനുസരിച്ച് മത/വിദ്യാഭ്യാസ/ധർമ്മ സ്ഥാപനങ്ങളുടെ കൈവശത്തിലുള്ള അധിക ഭൂമി സർക്കാരിലേയ്ക്ക് വന്നുചേരുന്ന അനുഭവമുണ്ടായി. ബഹുമാനപ്പെട്ട അംഗം ശ്രീ. മുഹമ്മദ് മുഹസിൻ സൂചിപ്പിച്ചതുപോലെ കേരളത്തിലെ സാമൂഹ്യജീവിതത്തിൽ വലിയ മാറ്റങ്ങൾക്ക് വഴിവച്ചിട്ടുള്ള വളരെ നിർണ്ണായകമായ നിയമമാണ് ഭൂപരിഷ്കരവുമായി ബന്ധപ്പെട്ട് കേരളത്തിലുണ്ടായത്. അതുസംബന്ധിച്ച് ദീർഘകാലം ചർച്ച നടത്തിയിട്ടുണ്ട്. 1957-ൽ കേരളം രൂപീകരിക്കുന്നതിന് മുൻപ് മദ്രാസും മലബാറും തിരു-കൊച്ചിയുമൊക്കെയായി നിലനിന്നിരുന്ന കാലത്ത് കേരളം അനുഭവിച്ച അതിഭീകരമായ പീഡനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത്, ജനിച്ച മണ്ണിൽ ജീവിക്കാൻ അനുവാദമില്ലാത്ത, ചാതുർവർണ്യത്തിന്റെ അപകടകരമായ നഖങ്ങളുടെ മുൻപിൽ ആശയറ്റുനിന്നൊരു ജനതയുടെ കാലമുണ്ടായിരുന്നു

എന്നതാണ്. അയിത്തവും അനാചാരവും തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും അടിമുടി കേരളത്തിന്റെ തലയ്ക്കുമീതെ ദുരന്തത്തിന്റെ തീമഴ പെയ്യിച്ച ഒരു കാലമായിരുന്നു അത്. കേരളത്തിൽ കുടിയാനായി ജീവിക്കുന്നവന് താൻ ജീവിക്കുന്ന മണ്ണ് അവകാശപ്പെടാനോ ആ മണ്ണിൽ കൂരകെട്ടാനോ അവകാശമില്ലാതിരുന്ന കാലഘട്ടത്തിലാണ്, 1957-ൽ വന്ന ഗവൺമെന്റിന്റെ കാലം മുതൽ കാർഷികബന്ധ നിയമവും അതിന്റെ തുടർച്ചയായി ഭൂപരിഷ്കരണ നിയമവും അവതരിപ്പിക്കപ്പെട്ടത്. ഭൂപരിഷ്കരണ നിയമത്തിന് കേരളത്തിലെ സാധാരണക്കാരനായ മനുഷ്യന് പൗരാവകാശങ്ങൾ ലഭ്യമാകുന്നതിന്റെ ഭാഗമായി മണ്ണിന്റെ അവകാശികളായി അവനെ മാറ്റുകയെന്ന ഒറ്റ ലക്ഷ്യമേ ഉണ്ടായിരുന്നുള്ളൂ. ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. മുഹമ്മദ് മുഹസിൻ പറഞ്ഞവസാനിപ്പിച്ചതുപോലെ കേരളത്തിൽ പട്ടയ അസംബ്ലികളിലൂടെ ഓരോ നിയോജകമണ്ഡലത്തിലും എം.എൽ.എ.-മാർ ചെയർമാൻമാരായ കമ്മിറ്റി ആറ് മാസത്തിലൊരിക്കൽ യോഗം കൂടി തങ്ങളുടെ മണ്ഡലത്തിൽ ഭൂരഹിതരായവരെ കണ്ടെത്തണം. ഭൂമിയുടെ അവകാശികളല്ലാത്ത മനുഷ്യരുണ്ടെങ്കിൽ അവരെ ചൂണ്ടിക്കാണിക്കണം.

ബഹുമാനപ്പെട്ട പുനലൂർ എം.എൽ.എ. ശ്രീ. പി. എസ്. സുപാൽ പ്രസ്തുത യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. പ്രധാനമായും പുനലൂർ നിയോജകമണ്ഡലത്തിൽ ചെയ്തതുപോലെ 'ഭൂരഹിതരില്ലാത്ത പുനലൂർ' എന്ന ആശയം മുൻനിർത്തി ഇനി എവിടെയൊക്ക ഭൂമി ഏറ്റെടുക്കാൻ കഴിയുമെന്നും അത് ലഭ്യമാക്കേണ്ടവരുടെ എണ്ണവും അവർക്ക് എങ്ങനെയൊക്കെ ഭൂമി കൊടുക്കാൻ കഴിയുമെന്നുള്ളതിന്റെ നിർദ്ദേശങ്ങളുൾപ്പെടെ സ്വരൂപിക്കാനും കഴിയുംവിധമുള്ള ഒരു ആശയമാണ് പട്ടയ അസംബ്ലിയിലൂടെ കൊണ്ടുവന്നിരിക്കുന്നത്. ഇതെല്ലാം ഭൂപരിഷ്കരണ നിയമത്തിന്റെ തുടർച്ചയാണ്. പരമാവധി മനുഷ്യരെ ഭൂമിക്ക് അവകാശികളാക്കുക എന്നതാണ് ലക്ഷ്യം. അതിന്റെ ഭാഗമായാണ് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എം.എൽ.എ.-മാരുടെ അഭിപ്രായങ്ങൾ സ്വീകരിച്ച്, വിഷൻ ആൻഡ് മിഷൻ 2021-26 എന്ന പ്രക്രിയയിലൂടെ 'എല്ലാപേർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന മുദ്രാവാക്യത്തിലേയ്ക്ക് കടക്കാനിടയായത്. ഭൂപരിഷ്കരണ നിയമത്തിന്റെ ഭാഗമായി 65-ാം വകുപ്പ് മത/ധർമ്മ/വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൂമി വിട്ടൊഴിഞ്ഞ് ഗവൺമെന്റിന്

നൽകാനുള്ള ഒരു തീരുമാനമെടുത്തപ്പോൾ അവർക്കാവശ്യമായ വർഷാശനം കൊടുക്കാൻ ലാൻഡ് ട്രിബ്യൂണലിനെ ചുമതലപ്പെടുത്തിക്കൊണ്ടാണ് 66-ാം വകുപ്പ് തീരുമാനിച്ചത്. 67-ാം വകുപ്പനുസരിച്ച് വർഷാശനം എല്ലാ വർഷവും സ്ഥാപനത്തിന് സർക്കാർ നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി, 2006-ൽ ഭൂപരിഷ്കരണ നിയമത്തിൽ ഒരു ഭേദഗതി കൊണ്ടുവന്ന് 67(എ) എന്ന ഭാഗം ഉൾപ്പെടുത്തി നിലവിലുള്ള വർഷാശനം മൂന്നിരട്ടിയായി വർദ്ധിപ്പിക്കാനും എല്ലാ അഞ്ചുവർഷം കൂടുമ്പോഴും 25 ശതമാനം വർദ്ധിപ്പിക്കാനുമുള്ള വ്യവസ്ഥകൂടി ചെയ്തുകൊണ്ടുള്ള ഒരു ധാരണയുണ്ടാക്കിയത്. കഴിഞ്ഞ ദിവസം ശ്രീ. എ. പി. അനിൽകുമാർ ഉൾപ്പെടെ വിയോജനക്കുറിപ്പ് അവതരിപ്പിച്ചപ്പോൾ 72-ാം വകുപ്പ് ഭൂപരിഷ്കരണ നിയമത്തിന്റെ ഭാഗമായി നിൽക്കുന്നതുകൊണ്ട് 1971-ലെ നിയമത്തിന്റെ സാധുതയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. 65-ാം വകുപ്പ് പ്രകാരം മത/ധർമ്മ സ്ഥാപനങ്ങളെ ഇതിന്റെ ഭാഗമാക്കി മാറ്റിയെങ്കിലും ചിലയിടങ്ങളിൽ അങ്ങനെ മാറാത്ത വിധത്തിലുള്ള ചില അനുഭവങ്ങളുണ്ടായി. ആ ഘട്ടത്തിലാണ് 1971-ലെ ശ്രീ പണ്ടാരവക ഭൂമികൾ

(നിഷിപ്തമാക്കലും ബന്ധവിമോചനവും) ബിൽ, 1969-ലെ ശ്രീപാദംഭൂമി ബന്ധ വിമോചന ബിൽ എന്നിവയെല്ലാം കേരളത്തിൽ ഭൂപരിഷ്കരണ നിയമത്തിന്റെ തുടർച്ചയായി മറ്റ് ബില്ലുകളായി അവതരിപ്പിക്കാൻ തീരുമാനിച്ചത്. ഭൂപരിഷ്കരണ നിയമത്തിന്റെ 72-ാം വകുപ്പ് 17-12-1969-ൽ ഇതിനോട് കൂട്ടിച്ചേർത്തൊരു വകുപ്പാണ്. അതുവരെ ഭൂപരിഷ്കരണ നിയമത്തിന്റെ 53 മുതൽ 59 വരെ സെക്ഷനുകളിൽ ഉൾപ്പെടുത്തി സാധാരണ നിലയിൽ ഒരു കുടിയാന് ആ ഭൂമി വിലകൊടുത്ത് വാങ്ങിക്കാനുള്ള അവകാശമാണ് നിലനിന്നിരുന്നത്. കുടിയാന് കൈവശമുള്ള ഭൂമിയുടെ ഉടമസ്ഥത ജന്മിയിൽനിന്നും വിലയ്ക്ക് വാങ്ങണമായിരുന്നു. അതനുസരിച്ച് fixity of tenure ഉണ്ടാകണം, 72-ാം വകുപ്പിൽ ഭേദഗതി വന്നപ്പോൾ 53 മുതൽ 59 വരെയുള്ള സെക്ഷനുകളിൽ വിലയ്ക്ക് വാങ്ങുകയോ കൈവശപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന കുടിയാൻമാരുടേതടക്കമുള്ള സകലഭൂമിയും സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കാൻ തീരുമാനിച്ചു. വളരെ ശ്രദ്ധേയമായൊരു ഭേദഗതിയാണ് 72-ാം വകുപ്പ് പ്രകാരം ഉണ്ടാക്കിയെടുത്തത്. അപ്പോഴും ഒരു പ്രശ്നമുണ്ടായിരുന്നത്, കുടിയാന്റെ റൈറ്റ്,

ടൈറ്റിൽ ആൻഡ് ഇന്ററസ്റ്റ് സർക്കാരിന് ഫിക്സ് ചെയ്യണമെന്നതായിരുന്നു. സാധാരണ നിലയിൽ ഭൂപരിഷ്കരണ നിയമത്തിലെ വകുപ്പ് 72-ാം സെക്ഷൻ പ്രകാരം ഒരു കുടിയാന് ഭൂമിയുടെ അവകാശം ലഭ്യമാകണമെങ്കിൽ ലാൻഡ് ട്രൈബ്യൂണലിൽ അപേക്ഷ കൊടുത്ത് കുടിയാന്റെ അവകാശങ്ങൾ ഉറപ്പിക്കാൻ കഴിയണം. അങ്ങനെ ഫിക്സ് ചെയ്യാൻ കഴിഞ്ഞാലും ലാൻഡ് ട്രൈബ്യൂണലിന് നൽകാൻ കഴിയുന്നത് ക്രയ സർട്ടിഫിക്കറ്റ് മാത്രമാണ്. സെക്ഷൻ 72 പ്രകാരം സർക്കാരിന്റേതായി മാറുന്നത് കുടിയായ്മയുള്ള ഭൂമിയാണ്. എന്നാൽ ഇവിടെ അവതരിപ്പിച്ച 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ അനുസരിച്ച് കൈവശം വച്ചിരിക്കുന്ന എല്ലാ ഭൂമികളും അതായത്, കൈവശാവകാശമുള്ള ഭൂമിയും ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ ഭാഗമായിട്ടുള്ള തനത് ഭൂമികളും കൂട്ടിച്ചേർത്ത് ക്ഷേത്രത്തിന്റെ എല്ലാ അവകാശങ്ങളും ഉടമാവകാശങ്ങളും അവകാശബന്ധങ്ങളും ഇല്ലാതായി അത് സർക്കാരിൽ കൂടിച്ചേരുന്ന വിധത്തിലുള്ള ഒരു നിയമമായി 1971-ലെ ശ്രീ പണ്ടാരവക ഭൂമികൾ ആക്ടിന്റെ ഭാഗമായി കൊണ്ടുവരാൻ കഴിഞ്ഞു. ആ

വകുപ്പുകൾ കൊണ്ടുവരുമ്പോൾ രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ സർക്കാർ ഉറപ്പിച്ചിരുന്നു. അതിൽലൊന്ന്, പ്രസ്തുത നിയമത്തിന്റെ സെക്ഷൻ 3 പ്രകാരം മൂന്ന് പ്രധാനപ്പെട്ട കാര്യങ്ങൾ ഉണ്ട്, കൈവശക്കാരൻ കൈവശം വച്ചിരിക്കുന്ന എല്ലാ പണ്ടാരവക ഭൂമികളും ക്ഷേത്രത്തിനുള്ള എല്ലാ അവകാശങ്ങളും ഉടമാവകാശങ്ങളും അവകാശബന്ധങ്ങളും ഇല്ലാതായി തീരുന്നതാണ്. രണ്ടാം ഉപവകുപ്പിൽ പറഞ്ഞതൊഴികെ ശ്രീ പണ്ടാരവക ഭൂമി തനത് ഭൂമികളിലുള്ള ക്ഷേത്രത്തിന്റെ എല്ലാ അവകാശങ്ങളും ഉടമാവകാശങ്ങളും അവകാശബന്ധങ്ങളും സർക്കാരിൽ നിക്ഷിപ്തമാകുകയാണ്. ഇതെല്ലാം പറയുന്ന കൂട്ടത്തിൽത്തന്നെ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ സ്വത്തുവകകളിൽ പ്രാധാന്യമുള്ളത് അവിടെത്തന്നെ നിലനിർത്തുന്നതിനായി മൂന്നാം വകുപ്പിന്റെ രണ്ടും മൂന്നും ഭാഗങ്ങളായി ആവശ്യമായ അവകാശങ്ങൾ കൊടുത്തിട്ടുമുണ്ട്. മൂന്നാം വകുപ്പിന്റെ രണ്ടാം ഉപവകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമികൾ മുഴുവൻ ഈ നിയമം വരുമ്പോൾത്തന്നെ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ ഭാഗമായി നിലനിർത്തുകയാണ്.

ഇതിനുപുറമേ വകുപ്പ് 3(3) പ്രകാരം ശ്രീ പണ്ടാരവക തനത് ഭൂമി പൂർണ്ണമായും അനുപേക്ഷണീയമാണെന്ന് സർക്കാരിന് തോന്നുന്നപക്ഷം ഗവൺമെന്റിന് വിജ്ഞാപനംമൂലം അത്തരം ഭൂമികൾ ഏറ്റെടുക്കലിൽനിന്നും അഥവാ ബന്ധമൊഴിവാക്കി നിക്ഷിപ്തമാക്കലിൽനിന്നും ഒഴിവാക്കാനുള്ള അവസരംകൂടി നൽകിക്കൊണ്ടാണ് ഇങ്ങനെയൊരു നയം സർക്കാർ തീരുമാനിച്ചത്. അങ്ങനെ വരുമ്പോൾ രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ ഉണ്ടാകുന്നുണ്ട്, അതിൽ ഒന്നാമതായി വരുന്നത്, കൈവശക്കാരന് സാധാരണനിലയിൽ കുടിയായ്മയുടെ അവകാശം ഉറപ്പിക്കാതെ ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 72-ൽ പറയുന്നതുപോലെ ലാൻഡ് ട്രൈബ്യൂണലിൽ പോയി tenure ഫിക്സ് ചെയ്ത് ക്രയസർട്ടിഫിക്കറ്റ് വാങ്ങിക്കുന്നതിനുപകരം കൈവശക്കാരന് പ്രസ്തുത കൈവശാവകാശം ഏറ്റെടുക്കാനും തഹസിൽദാരിൽനിന്നും ക്രയസർട്ടിഫിക്കറ്റ് മാത്രമല്ല, പട്ടയംതന്നെ ലഭ്യമാകാനുമുള്ള അവസരം നൽകുന്നുണ്ട്. ഭൂമി അനുവദിക്കുന്ന കാര്യത്തിൽ ഇത് വലിയൊരു മാറ്റമായിരുന്നു. ഇതുമാത്രമല്ല, സഭ ചർച്ചചെയ്തതുപോലെ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ ആവശ്യമായ മുതലുകൾ നിലനിർത്താൻ

പട്ടിക പ്രസിദ്ധീകരിച്ചുവെന്ന് മാത്രമല്ല, സർക്കാരിന് തോന്നുന്നപക്ഷം ആ തനത് ഭൂമികളിൽ ആവശ്യമായ അളവിൽ, നേരത്തെ ബഹുമാനപ്പെട്ട സ്പീക്കർ സൂചിപ്പിച്ചതുപോലെ, ലോകത്തിന്റെ ശ്രദ്ധയിൽപ്പെടുന്ന വിധത്തിൽ ആവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കുന്നതിനായി വേണ്ടവിധത്തിലുള്ള നടപടിക്രമങ്ങൾ പ്രഖ്യാപിച്ചുകൊണ്ടാണ് ഈ നിയമവും വകുപ്പും തയ്യാറാക്കിയത്. ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി ഇപ്പോൾ സഭയിലുണ്ട്, ഞങ്ങൾ ഇതുസംബന്ധിച്ച ഒരു കണക്ക് പരിശോധിച്ചിരുന്നു. പലവിധത്തിലുള്ള ആരോപണങ്ങളും ഈ വിഷയത്തിൽ സാധാരണനിലയിൽ സർക്കാരിനെക്കുറിച്ച് പറയാറുണ്ട്, ഈ സഭയിൽ ചർച്ചചെയ്തു എന്നല്ല ഞാൻ പറഞ്ഞത്, കേരളത്തിലെ ദേവസ്വങ്ങൾക്കും കേരളത്തിലെ അമ്പലങ്ങളിലെ ഭണ്ഡാരങ്ങളിലും ലഭ്യമാകുന്ന പണംപോലും സർക്കാർ ഏറ്റെടുക്കുകയാണെന്നും അവ സർക്കാർ പിടിച്ചെടുക്കുകയാണെന്നും പറയുന്ന വിധത്തിലുള്ള തെറ്റായ പ്രചാരണങ്ങൾ വളരെ വ്യാപകമായി ഉണ്ടാകുന്നുണ്ട്. അറിഞ്ഞോ അറിയാതെയോ അതിന്റെ ഭാഗമായിപ്പോയ ആളുകളും ഈ കൂട്ടത്തിൽ ഉണ്ടായേക്കാം. എന്നാൽ

യഥാർത്ഥത്തിലുള്ള കണക്ക് എന്താണ്? 2016-17 മുതൽ 2023 ജൂലൈ മാസം 11-ാം തീയതി വരെ കേരളത്തിലെ ദേവസ്വങ്ങൾക്കുവേണ്ടി നേരിട്ട് സർക്കാരിന്റെ തനത് ഫണ്ടിൽനിന്നും 518,58,15,048 രൂപ ഈ കാലയളവിൽ വിവിധ ക്ഷേത്രങ്ങളെ സംരക്ഷിക്കാനും വിവിധങ്ങളായ ദേവസ്വങ്ങളെ സഹായിക്കാനും ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. ലോകത്താകമാനം കോവിഡ് മഹാമാരി വലിയ തരത്തിലുള്ള അപകടങ്ങൾ സൃഷ്ടിച്ചപ്പോൾ കേരളത്തിലെ പാവപ്പെട്ട മനുഷ്യർക്ക് ഭക്ഷണം നൽകുന്നതിനായി ഭക്ഷ്യക്കിറ്റുകൾ നൽകി സാധാരണക്കാരെ സഹായിച്ചതോടൊപ്പം ദേവസ്വങ്ങൾക്ക് വരുമാനമില്ലാത്ത സാഹചര്യത്തിൽ പ്രവർത്തിക്കാനായി വലിയതോതിലുള്ള തുക ഗവൺമെന്റ് നൽകുകയും ചെയ്തിട്ടുണ്ട്. ആന്വിറ്റിക്ക് പുറമെ, ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് ആന്വൽ കോൺട്രിബ്യൂഷൻ, 2 കോടി രൂപ പലിശ രഹിത വായ്പ, പുരാവസ്തുക്കളുടെയും ശില്പങ്ങളുടെയും ആർക്കൈവിംഗിനുള്ള സഹായം എന്നിവയെല്ലാം ചേർത്ത് ഈ കാലയളവിനുള്ളിൽ 3 കോടി 38 ലക്ഷം രൂപ

നൽകിയിട്ടുണ്ട്. ഇത് വളരെയധികം അഭിമാനകരമായ വസ്തുതകളിൽ ഒന്നാണെന്നത് ഈ ഘട്ടത്തിൽ സൂചിപ്പിക്കേണ്ടതുണ്ട്.

ശ്രീ. എ. പി അനിൽ കുമാർ: സർ,......

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്... ഒരു മിനിട്ട്, ഈ സഭയിലുള്ള എല്ലാവരോടുമായി ചെയറിന് ഒരു കാര്യം സൂചിപ്പിക്കാനുള്ളത്, സ്പീക്കറുടെ അനുമതിയില്ലാതെ ഒരംഗത്തിനും സംസാരിക്കാൻ പാടില്ലെന്നാണ് സഭയ്ക്കുള്ളിൽ അംഗങ്ങൾക്കുള്ള പെരുമാറ്റച്ചട്ടത്തിലെ റൂൾ xiii-ൽ പറയുന്നത്. പക്ഷെ നിർഭാഗ്യവശാൽ ഇവിടെ അങ്ങോട്ടുമിങ്ങോട്ടും സംസാരം നടക്കാറുണ്ട്. അത്തരത്തിലുള്ള കാര്യങ്ങൾ ഭാവിയിലെങ്കിലും ഒഴിവാക്കാൻ ശ്രദ്ധിക്കണം.

ശ്രീ. എ. പി അനിൽ കുമാർ: സർ, സഭയിലെ റൂൾസ് ഓഫ് പ്രൊസീഡ്യുവർ അനുസരിച്ച് പ്രീസിഡന്റ് അങ്ങനെയാണ്....

മി. സ്പീക്കർ: ഞാൻ ബഹുമാനപ്പെട്ട അംഗത്തോട് സൂചിപ്പിക്കുന്നത്, അങ്ങയെപ്പോലുള്ള മുതിർന്ന അംഗങ്ങൾ രണ്ടുപക്ഷത്തുമുള്ള പുതിയ അംഗങ്ങളെ കാര്യങ്ങൾ പഠിപ്പിക്കണമെന്നാണ്. സ്പീക്കർ വിളിച്ചാൽ മാത്രമേ

സംസാരിക്കാൻ പാടുള്ളൂവെന്ന് സഭയ്ക്കുള്ളിൽ അംഗങ്ങൾക്കുള്ള പെരുമാറ്റച്ചട്ടത്തിലെ റൂൾ 5(xiii)-ൽ വളരെ കൃത്യമായി പറയുന്നുണ്ട്. പലപ്പോഴും സ്പീക്കർ ഗാലറിയിലിരുന്ന് കളികാണുകയാണ്. അതുകൊണ്ട് ഭാവിയിലെങ്കിലും തിരുത്തണം. പുതിയ അംഗങ്ങളെ ഇത് പഠിപ്പിക്കണം. ബഹുമാനപ്പെട്ട അംഗത്തിന് സംസാരിക്കാം.

ശ്രീ. എ. പി അനിൽ കുമാർ: സർ, നടപടിക്രമങ്ങളും കീഴ്വഴക്കങ്ങളും അനുസരിച്ച് പ്രസംഗിക്കുന്ന അംഗം വഴങ്ങിക്കഴിഞ്ഞാൽ സ്വാഭാവികമായും സംസാരിക്കാം. പ്രസംഗിക്കുന്ന അംഗത്തോട് വഴങ്ങാമോയെന്ന് സ്പീക്കറിലൂടെ ചോദിക്കണമെന്നാണെങ്കിലും അങ്ങനെ ചോദിക്കാറില്ല. സംസാരിക്കുന്ന അംഗം നേരിട്ട് വഴങ്ങുമ്പോൾ അത് സ്പീക്കറോട് ചോദിച്ചതിന് തുല്യമായി കണക്കാക്കാറാണ് പതിവ്. അത് അങ്ങയുടെ അധികാരത്തെ ലംഘിച്ചുകൊണ്ട് ചോദിച്ചതായി തെറ്റിദ്ധരിക്കരുത്. അതാണ് മുൻകാലങ്ങളിലെ കീഴ്വഴക്കം.

മി. സ്പീക്കർ: ആ റൂൾ പാലിക്കണമെന്ന് ഞാൻ സൂചിപ്പിച്ചുവെന്നേയുള്ളൂ. അങ്ങനെ ചെയ്യാത്തതുകൊണ്ടാണ് പ്രശ്നങ്ങൾ ഉണ്ടാകുന്നത്. പലപ്പോഴും

സംസാരങ്ങൾ അങ്ങോട്ടുമിങ്ങോട്ടുമാകുന്നുണ്ട്. ബഹുമാനപ്പെട്ട അംഗത്തിന് സംസാരം തുടരാം.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സംസാരിച്ചുകഴിഞ്ഞപ്പോൾ 2016 മുതൽ ഇതുവരെ ഈ ഗവൺമെന്റ് ദേവസ്വങ്ങൾക്ക് അഞ്ഞൂറ് കോടിയിലധികം രൂപ കൊടുത്തുവെന്ന് പറഞ്ഞു. അങ്ങനെ പറയുമ്പോൾ അതിന് മുമ്പുള്ള ഗവൺമെന്റുകൾ ഒന്നും കൊടുത്തിട്ടില്ലെന്ന അർത്ഥം അതിനകത്ത് വരുന്നുണ്ട്. അങ്ങനെയല്ല, മുൻകാല ഗവൺമെന്റുകളെല്ലാംതന്നെ കാലാകാലങ്ങളിൽ ദേവസ്വം ബോർഡുകളെയും ക്ഷേത്രങ്ങളെയും സഹായിക്കുന്ന കാര്യത്തിൽ ഒട്ടനവധി തുക നൽകിയിട്ടുണ്ട്, ഇക്കാര്യത്തിൽ തെറ്റിദ്ധാരണ വരരുത്. മുൻ സർക്കാരുകളും തുക നൽകിയിട്ടുണ്ടെന്ന് അങ്ങയെ ഓർമ്മപ്പെടുത്തുകയാണ്.

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞ കാര്യം കൃത്യമായി പാലിക്കാമെന്ന് ഞാൻ ഉറപ്പുതരികയാണ്, ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് വളരെ പ്രധാനപ്പെട്ടതാണ്. ബഹുമാനപ്പെട്ട എ. പി. അനിൽകുമാർ, അങ്ങനെയൊരു അപകർഷത തോന്നേണ്ടതില്ല. ഈ

ഗവൺമെന്റിന്റെ കണക്കാണ് ഞാൻ സൂചിപ്പിച്ചത്. ദേവസ്വങ്ങൾക്ക് കൊടുക്കാവുന്ന എല്ലാ സഹായങ്ങളും അങ്ങയുടെ കാലത്തും അതിനുമുമ്പുള്ള കാലത്തും സർക്കാർ നൽകിയിട്ടുണ്ടെന്നുള്ളത് നല്ല കാര്യമാണ്, ഇതിനെല്ലാം കണക്കും രേഖയുമുണ്ടല്ലോ, അതിനാൽ പ്രത്യേകിച്ച് അക്കാര്യം പറയേണ്ടതില്ല. ഇക്കാര്യത്തിൽ ഒരു തർക്കത്തിന് ഞാൻ ഇപ്പോൾ തയ്യാറല്ല. ഞാൻ പറഞ്ഞുവന്നത്, വളരെ കൃത്യതയോടെ ദേവസ്വങ്ങളെയും അതുപോലെതന്നെ ഭൂമിയില്ലാത്ത മനുഷ്യരെയും സഹായിക്കുകയെന്ന ശ്രദ്ധേയമായ ഒരു നടപടിയിലെ ചരിത്രനിമിഷമാണ് 1971-ലെ ഈ നിയമം എന്നാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ......

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി വഴങ്ങുന്നുണ്ടോ? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് എന്തോ ചോദിക്കാനുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, രണ്ട് പ്രധാനപ്പെട്ട കാര്യങ്ങളാണ് എനിക്ക് ചോദിക്കാനുള്ളത്.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട അംഗം ചെയറിനെ നോക്കി സംസാരിക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, അങ്ങനെ സംസാരിക്കാൻ പരിശീലിച്ച് തുടങ്ങിയതാണ്. ഏതായാലും അത് ഇന്ന് മുതലുള്ള ഒരു കീഴ്വഴക്കമായെടുക്കാം. ഒന്നാമത്തെ ചോദ്യം, പണ്ടാരവക ഭൂമിയും ദേവസ്വത്തിന്റെയും ധർമ്മസ്ഥാപനത്തിന്റെയുമൊക്കെ ഭൂമിയും ഏറ്റെടുക്കുന്ന സമയത്ത് റോയൽറ്റി കൊടുക്കാമെന്നൊരു തീരുമാനമുണ്ടായിരുന്നോ; അത്തരത്തിൽ റോയൽറ്റി കൊടുക്കാത്തതിലൂടെ എത്ര രൂപ പെൻഡിംഗായി നിലനിൽക്കുന്നുണ്ട്; അത് കൊടുക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ? രണ്ടാമത്തെ പ്രധാനപ്പെട്ട പ്രശ്നം, ഭൂപരിഷ്കരണ ഭേദഗതി നിയമം സംബന്ധിച്ച് 1957-ൽ സർക്കാർ ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. 1960-ൽ ഭൂപരിഷ്കരണ നിയമവും 1963-ൽ പി. ടി. ചാക്കോയുടെ കാലത്ത് ആക്ടും കൊണ്ടുവന്നു. 1964-ലെ നിയമം എന്ന നിലയിലാണ് ഇപ്പോൾ അത് അറിയപ്പെടുന്നത്. 1970-ൽ അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്ന സമയത്ത് അതിന്റെ സമഗ്രമായൊരു രൂപം വന്നു.

അതാണ് ഭൂപരിഷ്കരണ നിയമത്തിന്റെ ക്രോണോളജിക്കൽ ഓർഡർ. അതിൽ വച്ചിട്ടുള്ള സ്റ്റാൻഡേർഡ് ഏക്കർ എന്ന വ്യവസ്ഥ ഇപ്പോൾ സാവകാശമായി ലംഘിച്ചുവരികയാണ്. സ്വകാര്യ വ്യക്തികൾ സ്റ്റാൻഡേർഡ് ഏക്കറിനേക്കാൾ കൂടുതൽ ഭൂമി കൈവശം വയ്ക്കുന്നതായി മാധ്യമവാർത്തകൾ പുറത്തുവരുന്നതിനുപുറമേ നേരിട്ട് അറിയാവുന്ന ചില കേസ്സുകളുമുണ്ട്. കേരളം അന്ന് മാതൃകാപരമായി ലോകത്തിന് കാണിച്ചുകൊടുത്ത അല്ലെങ്കിൽ ഭാരതത്തിന് കാണിച്ചുകൊടുത്ത ഈ നിയമം ഡൈല്യൂട്ട് ചെയ്യുന്നതിനുള്ള ശ്രമമുണ്ടാകുമ്പോൾ അതിനെ ക്രമവത്ക്കരിക്കണ്ടേ? അത്തരമൊരു ഡൈല്യൂഷന് ഗവൺമെന്റ് സമ്മതിക്കാമോയെന്നും അതിൽ ഗവൺമെന്റിന്റെ നിലപാടെന്താണെന്നും ബഹുമാനപ്പെട്ട സ്പീക്കറിലൂടെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് ചോദിക്കുകയാണ്.

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനും ഞാനും അങ്ങയുടെ സാന്നിധ്യത്തിൽ പുതിയ ചരിത്രത്തിന്റെ ഭാഗമാകുകയാണ്. ചരിത്രം രേഖപ്പെടുത്തിയാൽ സഭയ്ക്കുള്ളിൽ അംഗങ്ങൾക്കുള്ള പെരുമാറ്റച്ചട്ടം 5 (xiii) കേരളത്തിന്റെ നിയമസഭയിൽ

നടപ്പിലാക്കാൻ തുനിഞ്ഞതിന്റെ ആദ്യ ചോദ്യം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെയും ആദ്യത്തെ മറുപടി എന്റേതുമാകട്ടെയെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. അത് തുടർന്ന് അങ്ങനെതന്നെ കൊണ്ടുപോകുകയും ചെയ്യാം. അങ്ങ് ചോദിച്ച ചോദ്യത്തിന് പ്രത്യേകിച്ച് എന്തെങ്കിലും റഫർ ചെയ്യണമെന്ന് എനിക്ക് തോന്നുന്നില്ല. കാരണം, അങ്ങ് നന്നായി നിയമം പഠിക്കുന്ന വ്യക്തിയാണ്. ഞാനും നിയമം പഠിക്കാൻ ശ്രമിക്കുന്ന ഒരാളാണ്. അതുകൊണ്ട് ഭൂപരിഷ്കരണ നിയമത്തിൽ പറയുംപ്രകാരം ആനുവിറ്റി എന്ന വാക്കാണ് പ്രയോഗിക്കുന്നത്. റോയൽറ്റിയല്ല. 1965-ലെ വകുപ്പ് അനുസരിച്ച് മതധർമ്മ സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ തീരുമാനിക്കുമ്പോൾത്തന്നെ 66-ാം വകുപ്പ് അനുസരിച്ച് ഭൂമിക്ക് നൽകേണ്ട വർഷാശനം നിശ്ചയിക്കാനും അത് കൃത്യതയോടുകൂടി കൊടുക്കാനും ലാൻഡ് ട്രിബ്യൂണലിനെ ചുമതലപ്പെടുത്തിയിട്ടുണ്ടായിരുന്നു. നമ്മൾ ഇവിടെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന 1971-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബില്ലിലെ നിയമത്തിൽ 6-ാം വകുപ്പിൽ അങ്ങ് പറഞ്ഞതുപോലെ ആനുവിറ്റിയെക്കുറിച്ച് കൃത്യമായി പറയുന്നുണ്ട്.

ഗവൺമെന്റ് നഷ്ടപ്രതിഫലമായി ക്ഷേത്രത്തിന് ശാശ്വതമായി നിശ്ചിത ദിവസം വരുന്ന സാമ്പത്തികവർഷത്തിൽ ആരംഭിക്കുന്ന ഏതൊരു സാമ്പത്തികവർഷവും വർഷാശനമായി 58,500/- രൂപ കൊടുക്കേണ്ടതാണ്. അതായത്, ഈ പറഞ്ഞതിന്റെ നേരിട്ടുള്ള മലയാളം, ആ സാമ്പത്തിക വർഷം ആരംഭിക്കുന്ന ഏപ്രിലിൽ സർക്കാർ നിശ്ചയിക്കുന്ന ഏത് തീയതിയാണോ ആ തീയതിയിൽ വച്ച് ഓരോ വർഷത്തിന്റെയും ആനവിറ്റി കൊടുക്കണം. അങ്ങ് സൂചിപ്പിച്ച രണ്ടാമത്തെ കാര്യം, ഞാൻ അതിന്റെ വർഷങ്ങളിലേയ്ക്കൊന്നും പോകുന്നില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എന്റെ ചോദ്യം അതല്ല. ഈയിനത്തിൽ എത്ര രൂപയാണ് കുടിശ്ശികയുള്ളത്; കുടിശ്ശിക തുക കൊടുത്തുതീർക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നതാണ് എന്റെ ചോദ്യം.

ശ്രീ. കെ. രാജൻ: സർ, നിലവിൽ അത്തരത്തിൽ കുടിശ്ശികയില്ലെന്നാണ് എന്റെ അറിവ്. പ്രാഥമികമായി പരിശോധിച്ചപ്പോൾ പെൻഡിംഗില്ലാത്ത വിധം മുന്നോട്ടുപോകുന്നുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. പക്ഷേ, അതിലൊരു പ്രശ്നമുള്ളത്, മൂലനിയമത്തിന്റെ ഭാഗമായി

ചട്ടം രൂപീകരിച്ചതനുസരിച്ച് 66-ാം വകുപ്പ് നിശ്ചയിച്ച പ്രകാരമുള്ള 58,500 രൂപ 2006-ൽ മറ്റ് മതധർമ്മ സ്ഥാപനങ്ങൾക്ക് മാറ്റിയെങ്കിലും ശ്രീ പണ്ടാരവക ഭൂമിക്ക് അത് മാറ്റുകയുണ്ടായില്ല, ഇപ്പോഴാണ് അത് മാറ്റാൻ പോകുന്നത്. 58,500 രൂപ എന്നത് മാറ്റി പുതിയ തുകയായ 1,75,500 രൂപയിലേയ്ക്ക് ഇപ്പോൾ മാറ്റുകയും ഓരോ അഞ്ചുവർഷത്തിലും അതിന്റെ 25 ശതമാനം കൂട്ടി നിശ്ചയിച്ചുപോകുകയുമാണ്. രണ്ടാമത് ബഹുമാനപ്പെട്ട അംഗം ചോദിച്ച കാര്യം, ഭൂമിയുടെ നിശ്ചിതമായിട്ടുള്ള ഉപയോഗസാധ്യതയെക്കുറിച്ചാണ്. 15 ഏക്കർ എന്നത് ഇപ്പോഴും മാറ്റിയിട്ടില്ല. 2005-ലെയും 2015-ലെയും അങ്ങയുടെ കാലത്തെ ചില ഉത്തരവുകൾകൂടി പരിശോധിച്ചാൽ നന്നായിരുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറയുന്നത് തോട്ടങ്ങളെ സംബന്ധിച്ചാണ്. ടൂറിസം പർപ്പസിനുവേണ്ടി വിനിയോഗിക്കാമെന്നുപറഞ്ഞ് തോട്ടങ്ങൾക്ക് 5 ശതമാനം എക്സംപ്ഷൻ വന്നതാണ്. എന്റെ ചോദ്യം അതല്ല, 12 സ്റ്റാൻഡേർഡ് ഏക്കർ ഒരു കുടുംബത്തിന് കൈവശം വയ്ക്കാമെന്ന നിയമം നിലനിൽക്കുമ്പോൾ ചില ആളുകൾ അതിനെക്കാൾ കൂടുതൽ ഭൂമി

സമ്പാദിക്കുകയും അവരുടെ പേരിൽ ഭൂമി ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്. ഭൂപരിഷ്കരണ ഭേദഗതി നിയമത്തിന്റെ സ്പിരിറ്റ് കളയാതിരിക്കാൻ ഗവൺമെന്റ് ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുന്നുവെന്നതാണ് ഇവിടത്തെ വിഷയം.

ശ്രീ. കെ. രാജൻ: സർ, അങ്ങയെപ്പോലെ ബഹുമാനപ്പെട്ട ഒരംഗത്തോട് തോക്കിൽ കയറി വെടിവയ്ക്കരുതെന്ന് പറയുന്നത് ശരിയല്ല. എങ്കിലും മറുപടി പറയാൻ എന്നെ അനുവദിക്കണം. 2005-ലെയും 2015-ലെയും ചില ഭേദഗതികളെക്കുറിച്ച് സൂചിപ്പിച്ചുകൊണ്ട് ഭൂപരിഷ്കരണ നിയമത്തിന്റെ സെക്ഷൻ 81 പ്രകാരം എക്സംപ്ഷൻ കിട്ടാത്ത 'എ' മുതൽ 'ജെ' വരെയുള്ള എല്ലാ കേസുകളിലും 15 ഏക്കർ ഭൂമി മാത്രമേ ഇപ്പോഴും കൈവശം വയ്ക്കാൻ പാടുള്ളൂവെന്ന കാര്യമാണ് ഞാൻ പറഞ്ഞത്. അങ്ങനെ കൈവശംവയ്ക്കാത്ത ഭൂമികൾ മുഴുവൻ മിച്ചഭൂമിയായി ഏറ്റെടുക്കാൻ കഴിയുന്ന വിധത്തിൽ താലൂക്ക് ലാൻഡ് ബോർഡ് (ടി.എൽ.ബി)-നെ കൂടുതൽ ക്രമീകരിച്ചിട്ടുണ്ട്. മുമ്പ് 77 താലൂക്ക് ലാൻഡ് ബോർഡുകൾക്കാണ് ചെയർമാന്മാരുണ്ടായിരുന്നത്. ഇപ്പോൾ സംസ്ഥാനത്ത് 1296 ലാൻഡ് ബോർഡ് കേസുകളാണുള്ളത്.

അതിൽ ഏറ്റവും കൂടുതൽ കേസുകളുള്ളത് വെള്ളരിക്കുണ്ട് താലൂക്കിലാണ്, അവിടെ 126 കേസ്സുകൾ നിലവിലുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം അക്കാര്യവും പരിശോധിച്ചു. താലൂക്ക് ലാൻഡ് ബോർഡ് (ടി.എൽ.ബി.)-കളുടെ ചെയർമാന്മാരായി ഓരോ ഡെപ്യൂട്ടി കളക്ടർമാരാണ് നേരത്തെയുണ്ടായിരുന്നത്. ഉദാഹരണത്തിന് ആലപ്പുഴയിലെ ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ഡെപ്യൂട്ടി കളക്ടറാണ് ചേർത്തല താലൂക്കിന്റെ ടി.എൽ.ബി ചെയർമാൻ. ഇങ്ങനെ ഓരോ ചുമതലകൾ വഹിക്കുന്ന ഡെപ്യൂട്ടി കളക്ടർമാർ അതിന്റെ ചെയർമാന്മാരായിരിക്കുമ്പോൾ പ്രതീക്ഷിച്ച തോതിൽ കേസുകൾ ഡിസ്പോസ് ചെയ്യാൻ കഴിയില്ലെന്ന് തിരിച്ചറിഞ്ഞ് മറ്റൊരു ചുമതലയും നൽകാതെ ഇതുമാത്രം കൈകാര്യം ചെയ്യാൻ കേരളത്തിൽ ടി.എൽ.ബി.കളെ നാലായി തിരിച്ച് നാല് ഡെപ്യൂട്ടി കളക്ടർമാരെ പുതിയതായി നിശ്ചയിച്ചു. അതിൽ കണ്ണൂർ, കാസർഗോഡ് ജില്ലകൾ കൈകാര്യം ചെയ്യുന്ന ടി.എൽ.ബി.യുടെ ചെയർമാൻ കെ.എ.എസ്.-ൽ നിന്ന് നിയമിച്ചൊരാളാണ്. കോഴിക്കോട്, വയനാട്, മലപ്പുറം എന്നീ ജില്ലകളിലെ താലൂക്ക് ലാൻഡ് ബോർഡിന് പൊതുവായൊരു ചെയർമാനാണ്. തൃശ്ശൂർ, പാലക്കാട്,

എറണാകുളം ജില്ലകൾക്ക് ഒരു ചെയർമാനാണ്. തിരുവനന്തപുരം മുതൽ ഇടുക്കി വരെ എണ്ണത്തിനനുസരിച്ച് ഒരു ചെയർമാനാണുള്ളത്. ഇതിന്റെ ഭാഗമായി വേഗത്തിൽ കേസ്സുകൾ പരിഹരിക്കാൻ കഴിയുന്നുവെന്ന് മാത്രമല്ല, മൂന്നുമാസത്തിനുള്ളിൽ 32 കേസ്സുകൾ പരിഹരിച്ചതായി കാണാൻ സാധിക്കും. ഇതിന്റെ കൃത്യമായ മോണിറ്ററിംഗും നടക്കുന്നുണ്ട്. അങ്ങ് പറഞ്ഞ മൂന്നാമത്തെ കാര്യം വളരെ പ്രധാനപ്പെട്ടതാണ്. കാരണം, പലയിടങ്ങളിലും നമ്മൾ പോലുമറിയാതെ അനധികൃതമായി ഭൂമി കൈവശം വച്ചവരുണ്ടായിരിന്നു. ഒരു കാരണവശാലും ഭൂപരിഷ്കരണനിയമത്തിൽ ഒരു തുള്ളി വെള്ളം പോലും ചേർക്കാൻ നാം അനുവദിക്കില്ല. അതുകൊണ്ടുതന്നെ ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി യുണീക് തണ്ടപ്പേർ സിസ്റ്റം നടപ്പിലാക്കുന്ന സംസ്ഥാനമായി ഒരു വർഷക്കാലത്തിനിടയിൽ കേരളം മാറിയിരിക്കുന്നുവെന്നുള്ളത് സന്തോഷപൂർവ്വം അങ്ങയെ അറിയിക്കുകയാണ്. എന്താണ് യൂണീക് തണ്ടപ്പേർ സിസ്റ്റം. കേന്ദ്ര വിവരസാങ്കേതിക മന്ത്രാലയത്തിന്റെ പ്രത്യേകമായ അനുമതിയോടെ കേരളത്തിലെ എല്ലാ തണ്ടപ്പേരുകളും ആധാറുമായി കൂട്ടിയോജിപ്പിക്കാനുള്ള അനുവാദം

ലഭ്യമായിരിക്കുകയാണ്. ആധാറും തണ്ടപ്പേരും കൂട്ടിയോജിപ്പിച്ചാൽ എന്താണ് പ്രശ്നം? അങ്ങ് പറഞ്ഞതൊരു പ്രധാനപ്പെട്ട പ്രശ്നമാണ്. ഭൂപരിഷ്കരണ നിയമത്തിന്റെ 81-ാം വകുപ്പിന്റെ വിവിധ സെക്ഷനുകളിൽ, അങ്ങ് പ്ലാന്റേഷനെക്കുറിച്ച് മാത്രമല്ലേ പറഞ്ഞത്. അത് സെക്ഷൻ 81(3)-ആണ്. അങ്ങനെ പ്രത്യേക അനുവാദമില്ലാതെ പല ജില്ലകളിലും ഭൂമി കൈവശം വച്ചിരിക്കുന്നവരുണ്ടാകും. കാസർഗോഡ് ജില്ലയിലൊരു തണ്ടപ്പേര്, തൃശ്ശൂർ ജില്ലയിലൊരു തണ്ടപ്പേര്, ആലപ്പുഴ ജില്ലയിൽ ഒരു നമ്പർ, ഇങ്ങനെ വിവിധ സ്ഥലങ്ങളിൽ വിവിധ തണ്ടപ്പേര് നമ്പരുകളിൽ 15 ഏക്കർ ഭൂമി കൈവശം വച്ചിരിക്കുന്നവരുണ്ടാകാം. ഇതെല്ലാം കൂട്ടിയോജിപ്പിക്കേണ്ടേ? അതിന്റെ ഭാഗമായാണ് ഞാനും അങ്ങും ആഗ്രഹിക്കുന്നതുപോലെ ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി ഭൂപരിഷ്കരണ നിയമത്തിന്റെ അന്തഃസത്ത നിലനിർത്തുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ വോളണ്ടറിയായി തണ്ടപ്പേരും ആധാറും കൂട്ടിയോജിപ്പിക്കുന്നതിനായി യൂണിക്ക് തണ്ടപ്പേർ സിസ്റ്റം നടപ്പിലാക്കാൻ സംസ്ഥാനത്തിന് അനുവാദം ലഭ്യമായിരിക്കുന്നത്. എന്നാൽ, അത് നിർബന്ധിതമല്ല. കഴിഞ്ഞ ഒരു വർഷക്കാലമായി ഈ

നടപടിയുമായി കേരളം മുന്നോട്ടുപോവുകയാണ്. അത് പൂർത്തീകരിക്കുന്നതോടുകൂടി കേരളത്തിൽ ഒരു തണ്ടപ്പേരിൽ ഒരാൾ എത്ര ഭൂമി കൈവശം വച്ചിരിക്കുന്നുവെന്ന് അറിയാൻ കഴിയും. കേരളത്തിൽ അനധികൃതമായി ഒരു തുണ്ടുഭൂമിയെങ്കിലും കൈവശമുണ്ടെങ്കിൽ ആ ഭൂമി തിരിച്ചുപിടിച്ച് മിച്ചഭൂമിയായി ഭൂരഹിതരായ മനുഷ്യർക്ക് വിതരണം ചെയ്യാൻ ഉത്തരവാദിത്വത്തോടെ ഈ ഗവൺമെന്റ് പ്രവർത്തിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ പുനലൂരിൽ യുണീക് തണ്ടപ്പേർ എന്ന ഏകീകൃത പദ്ധതി നടപ്പിലാക്കുകയാണ്. അക്കാര്യത്തിൽ ആരുടെ മുമ്പിലും യാതൊരു കോമ്പ്രമൈസും ഈ ഗവൺമെന്റിനുണ്ടാകില്ല.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, എന്റെ മണ്ഡലത്തിലെ തിരുനാവായ നാവാമുകുന്ദ ക്ഷേത്രം കേരളത്തിലെ ഏറ്റവും പ്രശസ്തമായ ക്ഷേത്രമാണ്. അവിടെ നിളയോരത്ത് ധാരാളം ഭക്തർ ബലിതർപ്പണത്തിനായി എത്തിച്ചേരുന്നുണ്ട്. അവർക്ക് ഇരിപ്പിട സൗകര്യമില്ലാതെ പ്രയാസപ്പെടുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. ഇവിടെ ധാരാളം ക്ഷേത്രങ്ങളെ

വലിയരീതിയിൽ സഹായിച്ചതിന്റെ കണക്കുകളും മറ്റു കാര്യങ്ങളുമൊക്കെ മന്ത്രി സൂചിപ്പിക്കുകയുണ്ടായി. കേരളത്തിലെ ഏറ്റവും പ്രശസ്തമായ ഈ ക്ഷേത്രത്തിന് ബലിതർപ്പണത്തിനാവശ്യമായ ഇരിപ്പിടമൊരുക്കാനുള്ള സൗകര്യമൊരുക്കാമോ; ഇപ്പോഴുള്ളതിനേക്കാൾ ഇരട്ടി സൗകര്യം കൂടി അവിടെ ലഭ്യമാകേണ്ടതുണ്ട്. അതിനുള്ള സൗകര്യമൊരുക്കാൻ നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ: ഇതിന് മറുപടി പറയേണ്ടത് റവന്യൂ വകുപ്പുമന്ത്രിയല്ല.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, തിരുനാവായിലെ ക്ഷേത്രത്തോടനുബന്ധിച്ച് ബലിതർപ്പണത്തിനുള്ള സൗകര്യങ്ങൾ വേണമെന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ആവശ്യപ്പെട്ടത്. അതെല്ലാം ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. ക്ഷേത്രങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻവേണ്ടിയാണ് കൂടുതൽ ഫണ്ട് കൊടുക്കുന്നത്. ഇപ്പോൾ മലബാർ ദേവസ്വം ബോർഡ് ആ കാര്യത്തിൽ കുറച്ചുകൂടി മെച്ചപ്പെട്ട

പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നുണ്ട്. തീർച്ചയായും അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ച ആ പ്രശ്നത്തിന് പരിഹാരം കാണാനുള്ള ശ്രമം നടത്തുമെന്നാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്.

ശ്രീ. കെ. രാജൻ: നിയമവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽത്തന്നെ ചർച്ച കേന്ദ്രീകരിക്കാൻ ബഹുമാനപ്പെട്ട അംഗങ്ങളെല്ലാം ശ്രദ്ധിക്കേണ്ടതാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ ഗവൺമെന്റിന്റെ ഇക്കാര്യത്തിലെ നിർദ്ദേശം 67 എ -ക്ക് തുല്യമായി സൂചിപ്പിച്ചിരിക്കുന്ന വാക്കുകൾക്കുപകരം വകുപ്പ് തിരിച്ചുള്ള ചർച്ച വരുമ്പോൾ സൂചിപ്പിക്കാം. 1,75,500/- രൂപ തന്നെ ആനുവിറ്റി തുകയായി നിലനിർത്തിക്കൊണ്ട് അഞ്ച് വർഷത്തിലൊരിക്കൽ 25 ശതമാനം തുക വർദ്ധിപ്പിക്കാമെന്ന പൊതുധാരണയാണ് ഈ നിയമഭേദഗതിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ചരിത്രകാരനും ഭാഷാഗവേഷകനുമായ ഡോ. ശൂരനാട് കുഞ്ഞൻപിള്ള 'ചരിത്രങ്ങൾ നിറഞ്ഞ വഴിത്താരകൾ' എന്ന അദ്ദേഹത്തിന്റെ വളരെ പ്രമുഖമായിട്ടുള്ള ലേഖനത്തിൽ, ശ്രീപത്മനാഭസ്വാമി

ക്ഷേത്രത്തിലെ പ്രതിഷ്ഠയ്ക്ക് ആദ്യ നിവേദ്യം അർപ്പിച്ചത് ഒരു പുലയ സ്ത്രീയാണെന്ന് പറഞ്ഞിട്ടുണ്ട്. പുത്തരിക്കണ്ടത്ത് വിളഞ്ഞ് കിടക്കുന്ന നെല്ലരി കൈക്കുത്തിൽവച്ച് ഞെരടി തൊലിച്ചാണ് കണ്ണൻചിരട്ടയിൽ പെരുമാട്ടികാളി ശ്രീപത്മനാഭന് സമർപ്പിച്ചതെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ആകാരഭംഗിയും സൗന്ദര്യവും പ്രൗഢിയും കൊണ്ട് പെരുമയുണ്ടാക്കുന്നതോ ഭൂസ്വത്തുകൊണ്ട് ശ്രദ്ധിക്കപ്പെടുന്നതോ ആയ ഒരു ക്ഷേത്രം മാത്രമല്ല, യഥാർത്ഥത്തിൽ ശ്രീപത്മനാഭസ്വാമി ക്ഷേത്രം. മണിപ്പൂർ കലാപമുൾപ്പെടെ ജാതിയും മതവും പരസ്പരം ആയുധമെടുത്ത് ആക്രമണം നടത്തുകയും അതിന് ഭരണകൂടത്തിന്റെ പിന്തുണ പലയിടങ്ങളിലും ലഭ്യമാകുകയും ചെയ്യുന്ന ഇന്ത്യയിൽ ശ്രീപത്മനാഭസ്വാമി ക്ഷേത്രം കേരളത്തിലെ യഥാർത്ഥ മതേതരത്വത്തിന്റെ അടയാളപ്പെടുത്തൽകൂടിയാണ്. ജാതി ചിന്തയില്ലാത്ത ഒരു നാടിന്റെ അടയാളപ്പെടുത്തലാണെന്ന് നാം പ്രത്യേകം കാണേണ്ടതുണ്ട്. 1882-ൽ കേരളത്തിൽ നിലനിന്നിരുന്ന ചാതുർവർണ്ണ്യത്തിനെതിരായി കരുത്തുറ്റ മുദ്രാവാക്യം ഉയർത്തിപ്പിടിച്ച് ശ്രീനാരായണഗുരു അരുവിപ്പുറത്ത് നടത്തിയ പ്രതിഷ്ഠയ്ക്കുശേഷം ആ ക്ഷേത്രാങ്കണത്തിൽ എഴുതിവച്ച ചില

വരികളുണ്ട്. ലോകത്തിനുമുമ്പിൽ ഭൂപരിഷ്കരണ നിയമംപോലെ കേരളത്തിന് പ്രധാനമായ ചില വസ്തുതകളാണത്. ലോകത്തിനുമുമ്പിൽ കേരളത്തെ പ്രസിദ്ധമാക്കുന്നത്, ഇന്ത്യയുടെ മുമ്പിൽ യഥാർത്ഥ വികസനത്തിന്റെ നാഴികക്കല്ലായി കേരളം അഭിമാനപൂർവ്വം അവതരിപ്പിക്കുന്നത്, കേരളത്തിന്റെ ആരോഗ്യരംഗത്തും വിദ്യാഭ്യാസരംഗത്തും ഭൂപരിഷ്കരണരംഗത്തുമുള്ള നേട്ടങ്ങളാണെങ്കിൽ അതിലേയ്ക്ക് നടന്നുവരാൻ പ്രേരിപ്പിച്ച നവോത്ഥാനസമരങ്ങളുടെ വലിയചിന്തകൾ ഈ കേരളത്തിലുണ്ട്. അതുകൊണ്ടാണ് 1882-ലെ അരുവിക്കര പ്രതിഷ്ഠയ്ക്കുശേഷം ശ്രീനാരായണഗുരു 'ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്' എന്ന് ഒരു ആരാധനാലയത്തിന്റെ ചുമരിൽ എഴുതിവയ്ക്കാൻ തീരുമാനിച്ച വലിയ മാറ്റത്തിലേയ്ക്ക് ഈ കേരളത്തെ നയിച്ചത്. ആ ചുമരെഴുത്തുകൾ ഇന്ന് ഇന്ത്യൻ ഭരണകൂടത്തിന്റെയും വിവിധ ഭരണാധികാരികളുടെയും ശ്രദ്ധയിൽപ്പെടുത്തേണ്ടതായി മാറ്റപ്പെട്ടിരിക്കുന്ന കാലമാണിത്. അതുകൊണ്ട് തീർച്ചയായും ശ്രീപത്മനാഭസ്വാമി ക്ഷേത്രം വലിയ പാരമ്പര്യത്തിന്റെ അടയാളപ്പെടുത്തലായി അവസാനിക്കും.

അക്കാദമികമായി ഈ ചർച്ചയെ മുന്നോട്ടുകൊണ്ടുപോകണമെന്ന് ആഗ്രഹിക്കുന്നതുകൊണ്ടാണ് വരികൾക്കിടയിൽ മാത്രം നിന്നുകൊണ്ട് വർത്തമാനം പറഞ്ഞത്. പക്ഷെ, ഒരുവരി പറയാതെ ഈ ഗവൺമെന്റിന്റെ ഭാഗമെന്ന നിലയിൽ പോകാൻ കഴിയില്ല. അത് ഇന്ന് രാവിലെ ഉന്നയിച്ച ഒരു വിഷയമാണ്. ഇന്ന് രാവിലെ മൂന്ന് തവണയായി ഞങ്ങളെക്കാൾ സീനിയറായ, പ്രിയങ്കരനായ ശ്രീ. എൻ. ഷംസുദ്ദീൻ നിയമസഭയുടെ ബാലപാഠങ്ങൾ മന്ത്രിമാരെ പഠിപ്പിക്കാനൊരു ശ്രമം നടത്തി. ഈ നിയമസഭയ്ക്ക് ഒരു പാഠമേയുള്ളൂ. ആ പാഠത്തിൽനിന്നുകൊണ്ടാണ് ഇക്കാര്യങ്ങളെ ഞങ്ങൾ കാണുന്നത്. ഞങ്ങളാരും അനധികൃതമായി ഈ നിയമസഭ നടക്കരുതെന്ന് ആഗ്രഹിക്കുന്നവരല്ല. ഈ നിയമസഭ നടക്കണമെന്നുതന്നെയാണ് ആഗ്രഹം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചല്ലോ; ശ്രീ. രമേശ് ചെന്നിത്തലയെപോലെ ബഹുമാന്യനായ മുൻപ്രതിപക്ഷ നേതാവ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുന്നതിനിടയിൽ അദ്ദേഹത്തിനോട് ഒരു പ്രശ്നം ഉന്നയിച്ചപ്പോൾ ഞാനിത് പറഞ്ഞ് അവസാനിപ്പിച്ചാൽ പിന്നെ ചർച്ചയില്ലെന്നല്ലല്ലോ

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. അദ്ദേഹം പറഞ്ഞത് ഈ പറഞ്ഞതൊന്ന് അവസാനിപ്പിച്ചോട്ടെ ഞാൻ വഴങ്ങാമെന്നാണ്. അതൊരു ജനാധിപത്യ മര്യാദയാണ്. ആ മര്യാദ ബാലപാഠത്തിൽ ഉൾപ്പെടുമോയെന്ന് എനിക്കറിയില്ല. കാരണം, ഞാൻ കണ്ടതും പഠിച്ചതുമായ ബാലപാഠം ആ മര്യാദയാണ്. ഞാൻ എങ്ങോട്ട് നോക്കണം എന്നുള്ളതിനെക്കുറിച്ചാണ് ചർച്ചയെങ്കിൽ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിച്ചതുപോലെ ഞങ്ങളൊന്ന് തിരിഞ്ഞോട്ടെ; ബഹുമാനപ്പെട്ട ചെയർ കണ്ടതാണ്. ശ്രീ. എൻ. ഷംസുദ്ദീൻ രാവിലെ സൂചിപ്പിച്ച കാര്യത്തിന് ഞാൻ വഴങ്ങുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതുപറഞ്ഞതിനുശേഷം മുൻ പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തലയുടെ വാക്കുകൾ കേൾക്കാനിരുന്നു. അദ്ദേഹം ചോദിച്ചതിന് മറുപടി പറഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിച്ചപ്പോൾ ഞങ്ങൾ പല തവണ അത് ചർച്ച ചെയ്തതാണ്. ഞാൻ അതിനെക്കുറിച്ച് ആവർത്തിക്കുന്നില്ല. തികച്ചും തെറ്റായ വസ്തുത കേരളത്തിന്റെ നിയമസഭയിൽ പ്രഖ്യാപിച്ചു. ആൾമാറാട്ടത്തിന് കേസെടുക്കപ്പെട്ട ഒരു വിഷയത്തിൽ ബഹുമാനപ്പെട്ട മുൻ

മുഖ്യമന്ത്രിയെക്കുറിച്ച്, മുൻ അംഗത്തെക്കുറിച്ച് ഏതോവിധത്തിൽ നല്ലത് പറഞ്ഞതിന്റെ പേരിലാണ് അവരെ പിരിച്ചുവിട്ടതെന്ന് തെറ്റായൊരഭിപ്രായം പറഞ്ഞപ്പോൾ ആ വകുപ്പിന്റെ മന്ത്രി അവർക്ക് പറയാനുള്ളത് പറയാൻ എഴുന്നേറ്റു. സ്ത്രീകളെക്കുറിച്ചും കുട്ടികളെക്കുറിച്ചും ചർച്ച ചെയ്യുമ്പോൾ ഒരു സ്ത്രീയെ പിരിച്ചുവിട്ട വിഷയത്തിൽ ബഹുമാനപ്പെട്ട മന്ത്രി എഴുന്നേറ്റ് ആ വിഷയത്തിൽ എനിക്ക് പറയാനുള്ളത് കേൾക്കണമെന്ന് പറഞ്ഞാൽ അതിനെ നിഷേധിക്കുന്നത് ഏത് ബാലപാഠമാണെന്ന് മനസ്സിലായില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ആ ബാലപാഠം ശരിയല്ലെന്ന്.

മി. സ്പീക്കർ: അദ്ദേഹം സംസാരിക്കട്ടെ....അദ്ദേഹം വഴങ്ങുന്നില്ല. അദ്ദേഹം സംസാരിക്കുകയാണ്.

ശ്രീ. കെ. രാജൻ: സർ, ....ഞാൻ വഴങ്ങുന്നില്ല..... ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ ഇത് ചോദിച്ച് മേടിച്ചതാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതിന് മറുപടി പറയാതെ ഈ സഭയിൽനിന്ന് പോകുന്നത് എന്റെ രാഷ്ട്രീയ മര്യാദയ്ക്ക് ചേരുന്നതല്ല. ഞാൻ ഈ ഗവൺമെന്റിനെ പ്രതിനിധീകരിക്കുന്ന ആളാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു മന്ത്രിക്ക്

പറയാനുള്ളത് എന്താണെന്ന് കേൾക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവർക്കൊന്ന് വഴങ്ങികൊടുക്കേണ്ടതായിരുന്നു. മുൻപ്രതിപക്ഷ നേതാവ് ചോദിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് വഴങ്ങാമെങ്കിൽ ഒരു മന്ത്രിയുടെ ചോദ്യത്തിന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വഴങ്ങുന്നതാണ് അതിന്റെ മര്യാദ. എന്നുമാത്രമല്ല, നേരത്തെ ശ്രീ. രമേശ് ചെന്നിത്തല സാംസാരിച്ചപ്പോൾ എങ്ങനെയാണോ മുഖ്യമന്ത്രി പ്രതികരിച്ചത് അതുപോലെതന്നെ ഞാൻ പ്രതികരിച്ചേക്കാമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു. അതുപറഞ്ഞ് അവസാനിപ്പിച്ച് വാക്കൗട്ട് നടത്തിയപ്പോൾ മാത്രമാണ് അക്കാര്യത്തിൽ ഞങ്ങൾ പ്രതികരിക്കാൻ തീരുമാനിച്ചത്. ഞങ്ങൾ പറഞ്ഞത് ജനാധിപത്യത്തിന്റെ ബാലപാഠമല്ലെങ്കിൽ അത്തരമൊരു പുതിയ ബാലപാഠം പഠിക്കാനൊരു ട്യൂഷനുപോകാൻ തൽക്കാലം ഞങ്ങൾ ഉദ്ദേശിക്കുന്നില്ല. എന്തായാലും അക്കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതോടൊപ്പം ഈ ബിൽ അംഗീകരിക്കണമെന്ന് ഞാൻ സഭയോട് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇവിടെ ഉന്നയിച്ച പ്രധാനപ്പെട്ട പ്രശ്നം എന്താണെന്നുവച്ചാൽ, ഞാൻ എഴുന്നേൽക്കാൻ കാരണം സതീദേവിയുടെ കാര്യം സൂചിപ്പിച്ചതുകൊണ്ടാണ്. അങ്ങ് അക്കാര്യം ശരിയായി മനസ്സിലാക്കിയിട്ടില്ലെന്ന് ബോധ്യപ്പെടുകയും ചെയ്തു. 8000 രൂപയ്ക്ക് പണിയെടുക്കുന്ന ഒരു തൂപ്പുകാരിയായ അവരെ....

<u>മി. സ്പീക്കർ</u>: ഏതായാലും ഇക്കാര്യം ചർച്ച ചെയ്യേണ്ട. അതുകഴിഞ്ഞു. അതിനെ സംബന്ധിച്ച് രാവിലെ പറഞ്ഞതിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അത് അവിടെ കഴിഞ്ഞു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ചർച്ചയല്ല. ബഹുമാനപ്പെട്ട മന്ത്രി തെറ്റിദ്ധാരണാജനകമായി സംസാരിച്ചതുകൊണ്ടാണ്. ഞാൻ അതിന്റെ മെറിറ്റിലേയ്ക്ക് പോകുന്നില്ല. വസ്തുതാവിരുദ്ധമായി ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം സൂചിപ്പിച്ചപ്പോൾ സ്വഭാവികമായിട്ടും ആ നിയോജകമണ്ഡലത്തിന്റെ അടുത്തുള്ള എനിക്ക് ആ വസ്തുതയെന്താണെന്ന് ബോധ്യപ്പെടുത്തണ്ടേ; ഈ നിലപാട് ശരിയല്ല. അവരുടെ പേരിൽ ആൾമാറാട്ടത്തിന് കേസ് എടുത്തുവെന്ന് പറയുന്നുണ്ട്. (ബഹളം........)

മി. സ്പീക്കർ: ആ ചർച്ചയിലേയ്ക്ക് പോകണ്ട ബില്ലിലേയ്ക്ക് വരാം. പ്ലീസ്....പ്ലീസ്......

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നിങ്ങൾ തമ്മിൽ തർക്കിക്കുന്നതെന്തിനാ; ഒരു പാവപ്പെട്ട സ്ത്രീ അവർ ആരുമാകട്ടെ അവർ ഉമ്മൻചാണ്ടിയെക്കുറിച്ച് നല്ലൊരു വാക്ക് പറഞ്ഞതിന് പിരിച്ചുവിട്ടതാണ് ഇവിടത്തെ പ്രശ്നം. അത് ആൾമാറാട്ടമാണെന്ന് കണ്ടുപിടിച്ച് അവരെ ജോലിയിൽനിന്ന് പിരിച്ചുവിട്ടു; എന്നിട്ട് ജാമ്യമില്ലാതെ അവർക്കെതിരെ കേസെടുത്തു. ഇത്രയും വലിയൊരു പീഡനം ഒരു ഗവൺമെന്റ് ചെയ്യാമോ? ഇക്കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കണേ; അങ്ങ് സാധുക്കളോടുള്ള ഹൃദ്യതയും അവരോട് കാണിക്കുന്ന എല്ലാ മര്യാദകളും ഞങ്ങളെ പഠിപ്പിക്കാൻ ശ്രമിച്ചോ; ഞാൻ അതെല്ലാം ഉൾക്കൊള്ളുന്നു. ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷെ, ഇക്കാര്യത്തിൽ അങ്ങ് യാഥാർത്ഥ്യത്തിൽനിന്ന് വളരെ അകന്നാണ് നിൽക്കുന്നത്. അങ്ങ് ദയവായി ആ തെറ്റ് തിരുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. കെ. രാജൻ</u>: സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനോട് ഞാൻ ഇക്കാര്യത്തിൽ ഒരു തർക്കവും ഉന്നയിച്ചില്ല. ആ വിഷയത്തിൽ ബഹുമാനപ്പെട്ട മന്ത്രിയാണ് ഇക്കാര്യം സൂചിപ്പിച്ചത്. ഞാനത് ഉന്നയിച്ചയാളുമല്ല. ഈ സഭയിൽ ബില്ലിന്റെ ചർച്ചാവേളയിൽ ബഹുമാനപ്പെട്ട അംഗം ബാലപാഠം അറിയാത്തവർ എന്ന് പറഞ്ഞതുകൊണ്ട് എന്താണ് ഇതിന്റെ പ്രൊസീഡ്യുവർ എന്നുമാത്രമെ പറഞ്ഞുള്ളൂ. ഞാൻ അതിന്റെ മെറിറ്റിലേയ്ക്ക് കടക്കുന്നില്ല. അത് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞാൽമതി.

<u>മി. സ്പീക്കർ</u>: ശ്രീ. മുഹമ്മദ് മുഹസിൻ, അങ്ങയുടെ 1 (എ) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. മുഹമ്മദ് മുഹസിൻ അവതരിപ്പിച്ച 1 (എ) ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങയുടെ 2 (ബി) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നു.

<u>മി. സ്പീക്കർ:</u> ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 2 (ബി) ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>രണ്ടാം വകുപ്പ്</u>

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

180. In section 6A proposed to be inserted in the Principal Act by Clause 2 for the words, symbols and figures "that is an amount of Rs. 1,75,500 for a period of ten years and thereafter the Government may decide the matter of revising the rate of annuity.", the words, symbols and figures "that is an amount of ₹ 1,75,500, and thereafter at the expiration of every five years enhance the annuity so revised by twenty five per cent."shall be substituted.

Dr. N. Jayaraj: Sir, I move the following amendments:

132. In section 6A proposed to be inserted in the principal Act by Clause 2, for the word "the annuity" the words "the rate of annuity"shall be substituted.

137. In section 6A proposed to be inserted in the principal Act by Clause 2 for the words, figures and symbols "the Sree Pandaravaka Lands (Vesting and Enfranchisement) Amendment Act, 2023" the words "this Act" shall be substituted.

139. In section 6A proposed to be inserted in the principal Act by Clause 2, after the words "thrice the"the word "existing"shall be inserted.

142. In section 6A proposed to be inserted in the principal Act by Clause 2, for the letters and symbol "Rs."the symbol "₹"shall be substituted.

162. In section 6A proposed to be inserted in the principal Act by Clause 2, after the figures and symbols "1,75,500" the words "as annuity"shall be inserted.

Shri V. K. Prasanth: Sir, I move the following amendment:

140. In section 6A proposed to be inserted in the principal Act by Clause 2 for the words, symbols and figures "thrice the amount, that is an amount of Rs. 1,75,500" the words, symbols and figures "quadruple the amount, that is an amount of Rs. 2,34,000 per year" shall be substituted.

Shri Anwar Sadath: Sir, I move the following amendment:

145. In section 6A proposed to be inserted in the principal Act by Clause 2, for the figures and symbols "1,75,500" the figures and symbols "1,85,000"shall be substituted.

Shri M. Vincent: Sir, I move the following amendment:

147. In section 6A proposed to be inserted in the principal Act by Clause 2, for the figures and symbols "1,75,500" the figures and symbols "1,90,000"shall be substituted.

Shri N. A. Nellikkunnu: Sir, I move the following amendment:

151. In section 6A proposed to be inserted in the principal Act by Clause 2, for the figures and symbols "1,75,500" the figures and symbols "2,00,000" shall be substituted.

Shri K. D. Prasenan: Sir, I move the following amendment:

161. In section 6A proposed to be inserted in the principal Act by Clause 2, after the figures and symbols "1,75,500" the words "per year" shall be inserted.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ സ്വീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 132, 137, 139, 142, 162 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 140-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 145-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 147-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 151-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഒന്നാം വകുപ്പും പീഠികയും പേരും**

Shri N. Samsudheen: Sir, I move the following amendment:

115. In the Preamble, the word “further” shall be deleted.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി.സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(ii) 2023-ലെ അബ്കാരി (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ അബ്കാരി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് സംസാരിക്കുന്നുണ്ടോ?

ശ്രീ. എം. ബി. രാജേഷ്: സർ, ഇപ്പോൾ സംസാരിക്കുന്നില്ല. ബില്ലിന്റെ ചർച്ചയ്ക്കുശേഷം ആവശ്യമെങ്കിൽ സംസാരിക്കാം.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്ന സംരംഭകരുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുവേണ്ടി നിയമങ്ങളിലെ ചില വ്യവസ്ഥകൾ ഡീക്രിമിനലൈസ് ചെയ്യുന്നുവെന്നാണ് ഗവൺമെന്റ് പറഞ്ഞിരിക്കുന്നത്. ഇന്ത്യൻ പീനൽ കോഡിലെ ശിക്ഷാ വ്യവസ്ഥകൾ മാറ്റി കോമ്പൗണ്ടബിൾ ആക്കുന്നൊരു നിയമമാണിത്. ഇത് അനിവാര്യമായൊരു നിയമമല്ല. വ്യവസായ സംരംഭം ആരംഭിക്കുന്നതിന് തടസ്സമുള്ള കാര്യവുമല്ല. മദ്യത്തിന്റെ ലഭ്യത എല്ലായിടത്തും ഉറപ്പുവരുത്തുകയെന്ന നിലപാട് ഗവൺമെന്റ് ആദ്യം മുതൽ തന്നെ സ്വീകരിച്ചുവരികയാണ്. അതിന്റെ

ഭാഗമായാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. മദ്യവർജ്ജനം നടപ്പാക്കുകയെന്നതാണ് ഈ ഗവൺമെന്റിന്റെ നയമെന്നാണ് ബിൽ അവതരിപ്പിച്ചപ്പോഴുള്ള ചർച്ചയിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. പക്ഷേ, ഈ ഗവൺമെന്റിന്റെ ഓരോ ചുവടുവയ്പിലും മദ്യത്തിന്റെ ലഭ്യത എല്ലായിടത്തും ഉറപ്പുവരുത്തുന്നതിന് ഊന്നൽ നൽകുന്നൊരു നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായാണ് ഈ ബില്ലും കൊണ്ടുവന്നിട്ടുള്ളതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മദ്യവർജ്ജനം പ്രഖ്യാപിച്ചെങ്കിലും എപ്പോഴും മദ്യത്തിന്റെ ലഭ്യത ഉറപ്പുവരുത്തുകയെന്നതിനാണ് ഒന്നും രണ്ടും എൽ.ഡി.എഫ്. ഗവൺമെന്റുകൾ ഊന്നൽ നൽകുന്നത്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചപ്പോൾ ഉദയഭാനു കമ്മീഷൻ റിപ്പോർട്ട് ഉദ്ധരിക്കുകയുണ്ടായി. വീര്യം കൂടിയ മദ്യത്തിൽനിന്നും വീര്യം കുറഞ്ഞതിലേയ്ക്ക് ഉപഭോക്താക്കളെ തിരിച്ചുകൊണ്ടുവരാൻ പ്രത്യേക നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കുമെന്നും മദ്യത്തിന്റെ വീര്യം കുറച്ചുകൊണ്ടുവരുന്നതിനും മദ്യവ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്ന പരസ്യങ്ങൾക്ക് നിയന്ത്രണം

ഏർപ്പെടുത്തുന്നതിനും ശ്രമിക്കണമെന്നുമാണ് ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഉദയഭാനു കമ്മീഷൻ റിപ്പോർട്ട് ഉദ്ധരിച്ചെങ്കിലും അതിലെ വളരെ പ്രധാനപ്പെട്ട ശിപാർശയ്ക്ക് കടകവിരുദ്ധമായ ഭേദഗതിയാണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. മദ്യം ലഭ്യമല്ലാത്തതുകൊണ്ട് മയക്കുമരുന്ന് വ്യാപനം വളരെ കൂടിയെന്നാണ് കേരളത്തിൽ മദ്യശാലകൾ തുറക്കുന്നതിനെ അനുകൂലിക്കുന്ന ആളുകൾ നടത്തിയ ഒരു പ്രധാന പ്രചരണം. മദ്യം ലഭ്യമല്ലാത്തതുകൊണ്ടാണ് മയക്കുമരുന്നിന്റെ വ്യാപനം കൂടിയതെന്ന് പറയുമ്പോൾ ഇപ്പോഴത്തെ സ്ഥിതിയെന്താണ്? ഇപ്പോൾ മദ്യം സുലഭമായി ലഭിക്കുന്നുവെന്ന് മാത്രമല്ല, മയക്കുമരുന്നിന്റെ വ്യാപനം ക്രമാതീതമായി വർദ്ധിക്കുകയും ചെയ്തിരിക്കുകയാണെന്ന് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ നമുക്കെല്ലാം ബോധ്യമുള്ള ഒരു കാര്യമാണ്. ലഹരി വസ്തുവായ എം.ഡി.എം.എ. പിടികൂടിയതുമായി ബന്ധപ്പെട്ട വാർത്തകൾ ആദ്യമൊക്കെ പത്രങ്ങളുടെ ഒന്നാം പേജിലാണ് വന്നിരുന്നതെങ്കിൽ ഇപ്പോൾ അതെല്ലാം പ്രാദേശിക വാർത്തകളുടെ കൂട്ടത്തിലേയ്ക്ക് മാറ്റപ്പെട്ടിരിക്കുകയാണ്. ഇതൊന്നും ഒരു

വാർത്തയല്ലാതായി മാറിക്കൊണ്ടിരിക്കുന്നുവെന്നതിന്റെ സൂചനയാണ് ഇതെല്ലാം. കേരളത്തിൽ രാസലഹരിയുടെ വ്യാപനം വളരെ കൂടുതലാണ്. ഇന്നത്തെ പത്രങ്ങളുടെ തിരുവനന്തപുരം എഡിഷനിലും എം.ഡി.എം.എ.യുമായി പിടികൂടിയ വാർത്ത പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഗവൺമെന്റ് കുറച്ച് കാര്യങ്ങളൊക്കെ ചെയ്യുകയും ലഹരി വസ്തുക്കൾ പിടിച്ചെടുക്കുകയുമൊക്കെ ചെയ്യുന്നുണ്ടെങ്കിലും അവയുടെ വ്യാപനത്തിൽ കുറവ് വന്നുവെന്നുപറയാൻ സാധിക്കില്ല. മയക്കുമരുന്നിന്റെ വ്യാപനവുമായി ബന്ധപ്പെട്ട് ശ്രീ. പി. സി. വിഷ്ണുനാഥ് ഒരു അടിയന്തരപ്രമേയം ഇവിടെ അവതരിപ്പിച്ചിരുന്നു. അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് മറുപടി പറയുകയും ചെയ്തിരുന്നു. വളരെ ആരോഗ്യപരമായ ചർച്ചയാണ് അന്ന് നടന്നത്. കേരളം നേരിടുന്ന ഈ സാമൂഹ്യപ്രശ്നത്തിനെതിരെ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒറ്റക്കെട്ടായി നീങ്ങണമെന്ന് തീരുമാനിച്ചു. അതിന്റെ ഭാഗമായി ഗവൺമെന്റ് ചില പരിപാടികൾ ആവിഷ്കരിക്കുകയും പ്രതിപക്ഷം പൂർണ്ണമായും സഹകരിക്കുകയുമുണ്ടായി. പക്ഷേ, ഇപ്പോഴും കേരളത്തിൽ മയക്കുമരുന്നിന്റെ

വ്യാപനം അതിഗുരുതരമായ നിലയിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അത് തടയുന്നതിനുവേണ്ടി അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചില കാര്യങ്ങൾ പറഞ്ഞിരുന്നു. നിരന്തരമായി മയക്കുമരുന്ന് കേസുകളിൽപ്പെടുന്ന പ്രതികളുമായി ബന്ധപ്പെട്ട വിവരങ്ങൾ പരസ്യപ്പെടുത്തുമെന്നുള്ളതാണ് അതിലൊന്ന്. സ്വത്ത് കണ്ടുകെട്ടുമെന്നും കാപ്പ ചുമത്തുമെന്നുമാണ് അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞ മറ്റ് ചില കാര്യങ്ങൾ. എന്നാൽ ഇവയിൽ ഒരു കാര്യവും നടന്നില്ലെന്നാണ് ഞാൻ മനസ്സിലാക്കിയത്. എന്തെങ്കിലും നടന്നിട്ടുണ്ടെങ്കിൽ അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ പരാമർശിക്കുമെന്ന് ഞാൻ കരുതുന്നു. നേരത്തെ പ്രൊഫഷണൽ കോളേജുകളുൾപ്പെടെയുള്ള കോളേജുകളിലാണ് മയക്കുമരുന്നിന്റെ സ്വാധീനം വളരെ കൂടുതലുണ്ടായിരുന്നതെങ്കിൽ ഇപ്പോഴത് സ്കൂളുകളിലേയ്ക്കും വ്യാപിച്ചു എന്നുള്ളതാണ് സ്ഥിതി. യഥാർത്ഥത്തിൽ കേരളത്തിൽ നടക്കുന്ന എല്ലാ ക്രിമിനൽ പ്രവർത്തനങ്ങളുടെയും പിന്നിൽ ഈ രാസലഹരിയുടെ സ്വാധീനമുണ്ടെന്നുള്ളത് ഒരു നഗ്നയാഥാർത്ഥ്യമാണ്. ഇത് തടയാനായി എക്സൈസ് വകുപ്പിനെ സജ്ജമാക്കാൻ സർക്കാരിന്

സാധിച്ചിട്ടില്ല. കേരളം ഈ കാലഘട്ടത്തിൽ നേരിടുന്ന ഏറ്റവും വലിയ സാമൂഹിക വിപത്ത് രാസലഹരിയുടെ ഉപയോഗംതന്നെയാണ്. ഏകദേശം 800 കേസ്സുകളായിരുന്നു എക്സൈസ് വകുപ്പിലുണ്ടായിരുന്നത്; ബഹുമാനപ്പെട്ട മന്ത്രിയുടെ കൈവശം കൃത്യമായ കണക്കുണ്ടാകും. 2022-ൽ അത് ഏകദേശം 3000 ആയിരുന്നുവെങ്കിൽ 2023-ൽ ഇതുവരെ 5000-ലേറെ കേസ്സുകളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ കേസ്സുകൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ഇതിനെ ഫലപ്രദമായി നേരിടുന്നതിനുവേണ്ടി ഗവൺമെന്റ് നടപടികൾ സ്വീകരിച്ചിട്ടില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. എക്സൈസ് ഡിപ്പാർട്ടുമെന്റിൽനിന്നും ഗണ്യമായ വരുമാനം ലഭിക്കുന്നുണ്ടെങ്കിലും എൻഫോഴ്സ്മെന്റ്, എക്സൈസ് ഓഫീസുകളുടെയും ജീവനക്കാരുടെയും എണ്ണം വർദ്ധിപ്പിക്കുന്നതിനോ മറ്റ് സംവിധാനങ്ങൾ ഒരുക്കുന്നതിനോ ഗവൺമെന്റ് കാര്യമായ നടപടികൾ സ്വീകരിക്കുന്നില്ല. അതുപോലെതന്നെ രാസലഹരിയുമായി ബന്ധപ്പെട്ട് ഉറവിടങ്ങളിൽപ്പോയി അന്വേഷണം നടത്തേണ്ട പല കേസ്സുകളുമുണ്ടാകുന്നുണ്ട്. അതിനൊക്കെയുള്ള സംവിധാനം യഥാർത്ഥത്തിൽ ഡിപ്പാർട്ടുമെന്റിൽ വളരെ പരിമിതമാണ്.

അതൊരു വലിയ പോരായ്മയാണ്. ഗവൺമെന്റ് വളരെ ഗൗരവത്തോടെയാണ് എക്സൈസ് ക്രൈംബ്രാഞ്ച് കൊണ്ടുവന്നത്. ഈ ക്രൈംബ്രാഞ്ചിലുള്ളത് എത്രപേരാണെന്നറിയാമോ? ആകെ പതിമൂന്നു പേർ. ഒരു ജോയിന്റ് കമ്മീഷണർ, ഒരു അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, പിന്നെയുള്ള പതിനൊന്നുപേരിൽ മൂന്നുപേർ ഡ്രൈവർമാരാണ്. വർദ്ധിച്ചുവരുന്ന കേസ്സുകളുടെയും രാസലഹരി വ്യാപനത്തിന്റെയും അടിസ്ഥാനത്തിൽ അത് നേരിടുന്നതിന് പര്യാപ്തമായ ഒരു സംവിധാനവും ക്രൈംബ്രാഞ്ചിലില്ല. അതിനാൽ അന്വേഷണം കൂടുതൽ സജീവമാക്കുന്നതിന് ക്രൈംബ്രാഞ്ചിനെ ശക്തിപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ ഞാൻ മനസ്സിലാക്കുന്നത് ഒരു റെയ്ഞ്ച് എന്നുപറഞ്ഞാൽ 22 പോലീസ് സ്റ്റേഷനുകളുടെ പരിധിയിലുള്ള ഏരിയ എന്നാണ്. എൻഫോഴ്സ്മെന്റിന് വാഹനം ഒരു പ്രധാനപ്പെട്ട കാര്യമാണ്. വാഹനങ്ങൾ വാടകയ്ക്കെടുക്കണമെന്നാണ് ഇപ്പോൾ ഒരു നിർദ്ദേശം കൊടുത്തിട്ടുള്ളത്. കഞ്ചാവും വ്യാജമദ്യവുമൊക്കെ പിടിക്കാൻ പോകുന്ന എക്സൈസ് ഉദ്യോഗസ്ഥർ വാഹനം വാടകയ്ക്കെടുത്ത്

പോകണമെന്നുപറഞ്ഞാൽ വിവരം അപ്പോൾതന്നെ ചോരില്ലേ? അതിന്റെ രഹസ്യ സ്വഭാവം നിലനിർത്താൻ സാധിക്കുമോ? അത് അപ്രായോഗികമായ കാര്യമാണ്. എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ പരിമിതികളെക്കുറിച്ച് പറയുമ്പോൾ ആ കാര്യത്തിൽ എന്തെങ്കിലുമൊരു മാറ്റമുണ്ടാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്നുള്ളതുകൊണ്ടാണ് ഞാനിത് സൂചിപ്പിക്കുന്നത്. വാഹനങ്ങൾ വാടകയ്ക്കെടുത്തുകൊണ്ട് എക്സൈസ് ഡിപ്പാർട്ടുമെന്റിനോ പോലീസിനോ എൻഫോഴ്സ്മെന്റ് ഫലപ്രദമായി നടത്താനോ, അതിന്റെ രഹസ്യസ്വഭാവം കാത്തുസൂക്ഷിക്കാനോ സാധിക്കില്ല. അതുകൊണ്ട് ആവശ്യമായ വാഹനങ്ങൾ നൽകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെതന്നെയാണ് കെമിക്കൽ റിപ്പോർട്ടുകളുടെ കാര്യവും. നിലവിൽ രാസലഹരിയുമായി ബന്ധപ്പെട്ട് ഒരു കേസ് രജിസ്റ്റർ ചെയ്താൽ കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറിയിൽനിന്നും അതിന്റെ റിപ്പോർട്ട് കിട്ടാൻ വളരെ കാലതാമസമുണ്ടാകുകയാണ്. അവിടെയും ആവശ്യമായ ജീവനക്കാരില്ലെന്നതാണ് പ്രധാന കാരണം. കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറിയിലായാലും പോലീസ്

ഡിപ്പാർട്ടുമെന്റിലായാലും കേസ്സുകളുടെ എണ്ണം വളരെയേറെ വർദ്ധിച്ചെങ്കിലും ജീവനക്കാരുടെ എണ്ണത്തിലുള്ള കുറവ് മാറ്റമില്ലാതെ തുടരുകയാണ്. റിപ്പോർട്ടുകൾ വേഗത്തിൽ ലഭ്യമാകണമെങ്കിൽ കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറിയിൽ കൂടുതൽ പരിശോധന നടത്താനുള്ള സംവിധാനമുണ്ടാകണം. ഇന്നത്തെ നിലയിൽ അത് വളരെ പരിമിതമായതിനാൽ കേസ്സിൽപ്പെട്ടവർക്ക് ശിക്ഷ വാങ്ങിക്കൊടുക്കാൻ സമയബന്ധിതമായി നടപടികൾ സ്വീകരിക്കാൻ ഡിപ്പാർട്ടുമെന്റിന് സാധിക്കുന്നില്ലെന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം.

ഡീ-അഡിക്ഷൻ സെന്ററുകളുടെ കാര്യമെടുത്താൽ, എറണാകുളം ജില്ലയിലെ ഡീ-അഡിക്ഷൻ സെന്റർ മൂവാറ്റുപുഴയിലാണുള്ളത്. എന്റെ അറിവനുസരിച്ച്, തെറ്റുണ്ടെങ്കിൽ തിരുത്താം; മൂവാറ്റുപുഴ താലൂക്കാശുപത്രിയോടനുബന്ധിച്ചുള്ള ഡീ-അഡിക്ഷൻ സെന്ററിൽ ഡോക്ടറില്ല. അതുമാത്രമല്ല, ഡീ-അഡിക്ഷൻ സെന്ററുകളെല്ലാം മദ്യലഹരിയുമായി ബന്ധപ്പെട്ടുള്ള ആളുകൾക്ക് ചികിത്സ നൽകുന്നതിനുവേണ്ടിയുള്ളതാണ്. അവിടെ രാസലഹരിയുമായി ബന്ധപ്പെട്ട

ചികിത്സയ്ക്കുള്ള സംവിധാനം നിലവിലില്ല. ഉണ്ടെങ്കിൽതന്നെ വളരെ പരിമിതവുമാണ്. 90 ദിവസം വരെ ചികിത്സ ആവശ്യമുള്ള, രാസലഹരിയുമായി ബന്ധപ്പെട്ട ആളുകളെ ഡീ-അഡിക്ഷൻ സെന്ററിൽ കൊണ്ടുവരുമ്പോൾ അതിനുള്ള ചികിത്സാ സൗകര്യങ്ങൾ അവിടെയുണ്ടാകണ്ടേ; അതില്ല എന്നതാണ് വസ്തുത. അതുമാത്രമല്ല, രാസലഹരിയുമായി ബന്ധപ്പെട്ട് നിരവധി കുട്ടികൾ അകപ്പെട്ടുപോകുന്ന ഇന്നത്തെ കാലത്ത് കുട്ടികൾക്ക് മാത്രമായി സർക്കാർ മേഖലയിൽ ഒരു ഡീ-അഡിക്ഷൻ സെന്ററില്ല. കോട്ടയത്ത് മാത്രമാണ് കുട്ടികൾക്കുവേണ്ടിയുള്ള ഒരു ഡീ-അഡിക്ഷൻ സെന്ററുള്ളത്, അതും സ്വകാര്യ മേഖലയിലാണ്. സർക്കാർ മേഖലയിൽ പതിനാല് ഡീ-അഡിക്ഷൻ സെന്ററുകളുണ്ടെങ്കിലും അവയൊന്നും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. രാസലഹരിക്ക് അടിമപ്പെട്ട ആളുകൾക്ക് ഡീ-അഡിക്ഷൻ സെന്ററുകൾ വഴി ചികിത്സാ സംവിധാനങ്ങൾ ആവശ്യമാണ്. കുട്ടികൾക്ക് കൗൺസിലിംഗ് നൽകുന്ന കൗൺസിലർമാരുടെ എണ്ണം സംബന്ധിച്ചുള്ള കാര്യങ്ങളും എക്സൈസ് ഡിപ്പാർട്ടുമെന്റ് ഗൗരവമായി എടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ഒരു കാര്യംകൂടി പറയാനുണ്ട്, നേരത്തെ സ്പീക്കറുടെ റൂളിംഗുണ്ടായിരുന്നു, ഞാൻ അങ്ങയുടെ റൂളിംഗ് ചോദ്യം ചെയ്യുന്നതല്ല. ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ സംസാരിക്കുന്നതിനിടയിൽ ഇടപെട്ടപ്പോഴാണ് അതുണ്ടായത്. ഈ സഭ നിലവിൽവന്ന കാലംമുതലുള്ള കീഴ്വഴക്കം എന്തെന്നാൽ സംസാരിക്കുന്ന ആൾ വഴങ്ങിക്കൊടുത്താൽ തീർച്ചയായിട്ടും ആവശ്യപ്പെടുന്നയാൾക്ക് ചോദ്യങ്ങൾ ചോദിച്ച് കാര്യങ്ങൾ മനസ്സിലാക്കി വ്യക്തത ഉണ്ടാക്കാം. ചട്ടം കർശനമായി ഉദ്ധരിച്ചുകൊണ്ടാണ് അങ്ങ് റൂളിംഗ് പുറപ്പെടുവിച്ചത്. ഞാനത് പരിശോധിച്ചിട്ടില്ല. പക്ഷെ സഭയുടെ കീഴ്വഴക്കം ഒരു പ്രധാനപ്പെട്ട കാര്യമാണ്. അങ്ങ് സ്പീക്കർ പദവിയിലെത്തുന്നതിനുമുൻപും ഇതേ കീഴ്വഴക്കമാണ് അങ്ങ് സ്വീകരിച്ചിരുന്നത്. ഞാൻ അങ്ങയെ കുറ്റപ്പെടുത്താനല്ല ഉദ്ദേശിക്കുന്നത്. അങ്ങ് അതൊന്ന് പുനഃപരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: Code of Conduct-ലെ ചട്ടം 4(13) ഓർമ്മപ്പെടുത്തി എന്നുമാത്രമേയുള്ളൂ.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഒരു മന്ത്രിയോടോ അംഗത്തോടോ അവരുടെ പ്രസംഗത്തിനിടയിൽ ഇടപെട്ട് സംസാരിക്കാൻ അവസരം ചോദിക്കുമ്പോൾ അത് അങ്ങയിലൂടെതന്നെയാണ്, ആ ഒരു സങ്കല്പത്തിൽതന്നെയാണ് ചോദിക്കുന്നത്, അങ്ങിവിടെ ഉണ്ടെന്നുള്ള കാര്യം നിഷേധിച്ചിട്ടല്ല. അതുകൊണ്ട് ആ റൂളിംഗ് പുനഃപരിശോധിക്കുന്നത് ഉചിതമായിരിക്കുമെന്ന് എനിക്ക് തോന്നുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, 2023-ലെ അബ്കാരി (ഭേദഗതി) ബില്ലിൽ ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച കാര്യങ്ങൾ ഒഴികെയുള്ളതാണ് എനിക്ക് വിയോജനക്കുറിപ്പുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. അബ്കാരി ആക്ടിൽ രണ്ട് വകുപ്പുകളുടെ ഡീക്രിമിനലൈസേഷനും അത് കോമ്പൗണ്ട് ചെയ്യാനുള്ള അനുമതിയുമാണ് ഈ ഭേദഗതി ബില്ലിലൂടെ കൊണ്ടുവന്നിരിക്കുന്നത്. സിനിമാ തിയേറ്ററുകളിൽ മുന്നറിയിപ്പ് കൂടാതെ മദ്യത്തിന്റെയോ മദ്യ ഉപഭോഗത്തിന്റെയോ പ്രദർശനത്തിന്റെയോ രംഗം കാണിക്കുന്ന അബ്കാരി നിയമത്തിലെ വകുപ്പ് 55 ഐ പ്രകാരമുള്ള

കുറ്റകൃത്യം ഡീക്രിമിനലൈസ് ചെയ്യുന്നതിനുള്ള വ്യവസ്ഥയാണ് ബില്ലിലുള്ളത്. നിയമവിരുദ്ധമായ പരസ്യത്തിനുള്ള ശിക്ഷ ആറ് മാസം തടവോ 25,000 രൂപയോ എന്നതിനുപകരം 50,000 രൂപയായും തിയേറ്ററുകളിൽ മുന്നറിയിപ്പ് കൂടാതെ മദ്യത്തിന്റെയോ മദ്യ ഉപഭോഗത്തിന്റെയോ പ്രദർശനത്തിന്റെയോ രംഗം കാണിക്കുന്നതിനുള്ള പിഴ 10,000 രൂപയ്ക്കുപകരം 50,000 രൂപയായും തടവുശിക്ഷയെന്നത് മാറ്റി പിഴ കോമ്പൗണ്ട് ചെയ്യാൻ അനുവാദം നൽകുന്നതുമായ ഒരു പ്രൊവിഷനാണ് അബ്കാരി ആക്ടിൽ ഭേദഗതിക്ക് അടിസ്ഥാനമായി ഇപ്പോൾ വന്നിട്ടുള്ളത്. ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ പരസ്യങ്ങൾ നമ്മുടെ നാട്ടിലെ മദ്യപാനവും ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും വ്യാപകമായി വർദ്ധിക്കുന്നതിനിടയാക്കുമെന്നുള്ളത് വസ്തുതയാണ്. ദിവസങ്ങൾക്കുമുമ്പ് പ്രഖ്യാപിച്ച പുതിയ മദ്യനയം വലിയ പ്രതിസന്ധിയുണ്ടാക്കുന്നതാണ്. 2016-ൽ പിണറായി സർക്കാർ അധികാരത്തിൽ വരുമ്പോൾ നമ്മുടെ സംസ്ഥാനത്ത് 27 ബാറുകൾ മാത്രമാണുണ്ടായിരുന്നത്. ഏഴ് വർഷംകൊണ്ട് അറുന്നൂറിൽപ്പരം ബാറുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. 2016-ലും

2021-ലും ഇടതുപക്ഷ ജനാധിപത്യമുന്നണി ജനങ്ങളോട് പറഞ്ഞതെന്താണ്? ഞങ്ങൾ അധികാരത്തിൽ വന്നാൽ മദ്യവർജ്ജനം നടപ്പാക്കുമെന്നാണ്. വളരെ കൃത്യമായ സൂത്രമാണിത്; മദ്യനിരോധനവും മദ്യവർജ്ജനവും. നിരോധനമെന്ന് പറയുന്നത് ഒരു നടപടിയാണ്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് 27 ബാറുകൾ ഒഴികെ ബാക്കിയെല്ലാം പൂട്ടിച്ചത് ഒരു നടപടിയാണ്. ശക്തമായ ഒരു സർക്കാരിനുമാത്രമെ അത് ചെയ്യാൻ സാധിക്കുകയുള്ളൂ; അതിനൊരു ഇച്ഛാശക്തിവേണം. മുമ്പ് ആന്റണി സർക്കാരിന്റെ കാലത്ത് ചാരായം നിരോധിച്ചതും ഒരു നടപടിയാണ്. വർജ്ജനമെന്ന് പറഞ്ഞാൽ മദ്യലഭ്യതയ്ക്ക് എല്ലാ സൗകര്യങ്ങളും ചെയ്തിട്ട് പിന്നെ കുറേ പ്രചാരണ പരിപാടി നടത്തുകയെന്നതാണ്. ആ അഭ്യാസമാണ് ഇപ്പോൾ കുറേ കാലമായി നടന്നുകൊണ്ടിരിക്കുന്നത്. മദ്യവർജ്ജനം പറയുകയും മദ്യലഭ്യത കൂട്ടുകയുമാണ് ചെയ്യുന്നത്. അതൊരു നിഷ്ഫലമായ പ്രവൃത്തിയാണ്. പുതിയ മദ്യനയത്തിൽ സംസ്ഥാനത്ത് കൂടുതൽ മദ്യഷോപ്പുകളും ബിയർ, വൈൻ പാർലറുകളും തുറക്കുമെന്നും ബാർ ലൈസൻസ് ഫീസ് 30 ലക്ഷം രൂപയിൽനിന്നും 35 ലക്ഷം രൂപയാക്കുമെന്നും

ത്രീ സ്റ്റാർ മുതലുള്ള ഹോട്ടലുകളിലും വിനോദസഞ്ചാര മേഖലകളിലെ റിസോർട്ടുകളിലും കള്ള് ചെത്തി വിൽക്കാൻ അനുമതി നൽകുമെന്നും കൂടാതെ, മദ്യലഭ്യത വർദ്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങളും പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിലുണ്ടായിരുന്ന അറുന്നൂറ് ഷോപ്പിനുപുറമെ ബെവ്കോയും കൺസ്യൂമർഫെഡുംകൂടി 250 പുതിയ മദ്യഷോപ്പുകൾ തുറന്നുകൊണ്ടും വ്യവസായ പാർക്കുകളിൽ മദ്യം വിൽക്കാൻ ലൈസൻസ് അനുവദിച്ചുകൊണ്ടും മദ്യം എല്ലായിടത്തും സാർവ്വത്രികമാക്കുകയാണ്. വിദേശ വിനോദസഞ്ചാരികൾ കൂടുതലെത്തുന്ന കേന്ദ്രങ്ങളിലെ റസ്റ്റോറന്റുകൾക്ക് ടൂറിസം സീസണിൽ ബിയറും വൈനും വിൽക്കാൻ അനുമതി നൽകുമെന്നാണ് പറയുന്നത്. ടൂറിസത്തിന്റെ മറവിൽ ഹോട്ടലുകളിലും ഇനി കള്ള് ലഭിക്കുമെന്നാണ് പറയുന്നത്. വളരെ വ്യാപകമായി മദ്യലഭ്യതയുണ്ടാക്കിയിട്ട് കുട്ടികൾ കള്ള് കുടിക്കുന്നുവെന്ന് വിലപിച്ചിട്ട് എന്താണ് കാര്യം? ഇത്തരം പരസ്യങ്ങളും പ്രലോഭനങ്ങളും ഒരു ഭാഗത്തും മറുഭാഗത്ത് വ്യാപകമായി മദ്യം ലഭിക്കാനുള്ള സൗകര്യവും ഉണ്ടാക്കുകയാണ്. അങ്ങനെ ചെയ്യുന്നത് വലിയ പാതകമാണ്. വരുമാനം

കിട്ടേണ്ട പ്രശ്നമൊക്കെ ഒരു ഭാഗത്തുണ്ടാകാം, പക്ഷെ ലക്കുംലഗാനുമില്ലാതെ ഇതിന് അനുവാദം കൊടുക്കുന്നത് ശരിയല്ല. അതുപോലെ വിദേശമദ്യവും ബിയറും പരമാവധി സംസ്ഥാനത്ത് നിർമ്മിക്കുമെന്നും ബെവ്കോവഴി വിൽക്കുന്ന മദ്യക്കുപ്പിയിൽ ഈ വർഷംതന്നെ ക്യൂ.ആർ. കോഡ് നടപ്പാക്കുമെന്നുമുള്ള പുതിയ പരിഷ്കാരങ്ങളാണ് ഇതിൽ പറയുന്നത്. അതുകൊണ്ട് മദ്യത്തിന്റെ ലഭ്യത വലിയതോതിൽ വർദ്ധിപ്പിക്കുകയും എല്ലായിടത്തും മദ്യം സുലഭമായി ലഭിക്കാനുമുള്ള സാഹചര്യമുണ്ടാക്കുകയും ചെയ്തിട്ട് സ്കൂൾ കുട്ടികളെക്കൊണ്ട് പ്രതിജ്ഞ ചൊല്ലിച്ചിട്ട് ഒരു കാര്യവുമില്ലെന്നാണ് അബ്കാരി ബില്ലുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, ഇവിടെ ചാരായ നിരോധനത്തെ സംബന്ധിച്ചൊക്കെയാണ് പറഞ്ഞത്. മദ്യനിരോധനം എവിടെയാണ് ഫലപ്രദമായിട്ടുള്ളത്? പല രാജ്യങ്ങളും മദ്യനിരോധനം ഏർപ്പെടുത്തി പരാജയപ്പെട്ടിട്ടുണ്ട്. ഇന്ത്യയിൽത്തന്നെ പല സംസ്ഥാനങ്ങളിലും മദ്യനിരോധനം ഏർപ്പെടുത്തിയെങ്കിലും സുലഭമായി മദ്യം ലഭിക്കുന്നുണ്ട്.

ബോധവൽക്കരണമാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ശ്രീ. എ. കെ. ആന്റണി ചാരായ നിരോധനം നടപ്പാക്കി; പക്ഷെ കേരളത്തിൽ മദ്യദുരന്തം ഉണ്ടായി. അതൊഴിവാക്കിക്കൊണ്ട് ബോധവൽക്കരണ പ്രക്രിയയിലൂടെയുള്ള സമീപനമല്ലേ ഏറ്റവും അഭികാമ്യം. അതല്ലേ ഇടതുപക്ഷ സർക്കാർ സ്വീകരിക്കുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അതിനോട് എനിക്ക് യോജിക്കാൻ സാധിക്കില്ല. കാരണം, മദ്യവർജ്ജനത്തിനുവേണ്ടിയുള്ള ഇത്തരം പ്രചാരണങ്ങൾ ഫലവത്താകില്ല. മദ്യലഭ്യത കുറയ്ക്കുകയെന്നതുതന്നെയാണ് പ്രധാനം. നിരോധിക്കുമ്പോഴാണ് ലഭ്യത കുറയുന്നത്. ഇവിടെ മദ്യം കുറഞ്ഞാൽ ലഹരി ഉപയോഗം കൂടുമെന്ന് പറഞ്ഞു. ഇപ്പോൾ സത്യത്തിൽ രണ്ടും കൂടിയിരിക്കുകയാണ്. ലഹരിയുടെകൂടി ഒരു ഹബ്ബായി കേരളം മാറിക്കൊണ്ടിരിക്കുകയാണ്. നമ്മൾ ഇത് രാഷ്ട്രീയമായി പറയേണ്ട കാര്യമല്ല. സമീപ കാലത്ത് നടന്ന ഒരുപാട് സംഭവങ്ങളുണ്ട്. ലഹരി പാർട്ടികൾ പിടിച്ചത്, ലഹരി മൂലമുണ്ടാകുന്ന ദുരന്തങ്ങൾ, ചെറിയ കുട്ടികൾപോലും കൊലചെയ്യപ്പെടുന്നത്, ക്രൂരമായി പിച്ചിച്ചീന്തപ്പെടുന്നത്; ഇന്നത്തെ

അടിയന്തരപ്രമേയമൊക്കെ അതുമായി ബന്ധപ്പെട്ട കാര്യങ്ങളായിരുന്നല്ലോ. ലഹരിയുമായി ബന്ധപ്പെട്ട് പറയുന്ന കുറേ കാര്യങ്ങളിൽ നടപടിയുണ്ടാകേണ്ടതുണ്ട്. ഒരാൾ ഒരു കിലോ കഞ്ചാവ് കൈവശം വച്ചാൽ ഇപ്പോഴത് ജാമ്യം കിട്ടുന്ന വകുപ്പാണ്. മുമ്പ് 250 ഗ്രാമായിരുന്നു കൈവശം വയ്ക്കാൻ സാധിക്കുമായിരുന്നത്. Narcotic Drugs and Psychotropic Substances Act എന്നത് ഒരു സെൻട്രൽ ആക്ടാണ്. പക്ഷെ അതിൽ സ്റ്റേറ്റ് അമെന്റ്മെന്റ് സാധ്യമാകുമോ? നമ്മുടെ സംസ്ഥാനത്ത് ലഹരി വർദ്ധിക്കുന്നുണ്ട്; അതിന് ചില നടപടികൾ ആവശ്യമാണെന്ന് കേന്ദ്ര ആക്ടുമായി ബന്ധപ്പെട്ട് സൂചിപ്പിക്കേണ്ടതാണ്. ഒരു കിലോ കഞ്ചാവുമായി ഒരാളെ പിടിച്ചാൽ പോലീസ് സ്റ്റേഷനിൽനിന്നും അയാൾക്ക് ജാമ്യം കൊടുക്കും. അതാണ് നമ്മുടെ നാട്ടിലെ നിലവിലെ നിയമം. ഇതിനൊക്കെ നിയമങ്ങളിൽ മാറ്റങ്ങളുണ്ടാകേണ്ടതുണ്ട്. അതുപോലെ സ്കൂളുകളിലും പരിസരത്തും ലഹരി വില്പന നിർബാധം തുടരുകയാണ്. ക്വട്ടേഷൻ സംഘങ്ങൾ ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. വയനാട്ടിലെ ലഹരി പാർട്ടി പിടിക്കാൻ പോയപ്പോൾ ആരെയാണ് പിടിച്ചത്? ഞാൻ അതിന്റെ

രാഷ്ട്രീയത്തിലേയ്ക്കൊന്നും കടക്കുന്നില്ല. പൊതുനന്മ ഉദ്ദേശിച്ചുകൊണ്ടാണ് ഇതുപറയുന്നത്. അബ്കാരി ആക്ടിൽ വന്നൊരു ഭേദഗതിയുമായി ബന്ധപ്പെട്ട് ഇപ്പോൾ പ്രഖ്യാപിച്ച സർക്കാരിന്റെ മദ്യനയം സംസ്ഥാനത്തെ ദോഷകരമായി ബാധിക്കുന്ന ഒന്നാണ്. സർക്കാർ പുതിയ 250 മദ്യഷോപ്പുകൾ തുറക്കാനും വ്യവസായ പാർക്കുകളിൽ നിർലോഭം മദ്യംകൊടുക്കാനുമുള്ള തീരുമാനം പുനരാലോചിക്കണമെന്നും ഈ ബില്ലിന്റെ ഭാഗമായി ഞാൻ സൂചിപ്പിക്കുകയാണ്.

ശ്രീ. റോജി എം. ജോൺ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. രമേശ് ചെന്നിത്തല): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ അബ്കാരി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്ന സംരംഭകരുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുവേണ്ടി സംസ്ഥാന നിയമങ്ങളിലെ ചില വ്യവസ്ഥകൾ ഡീക്രിമിനലൈസ് ചെയ്യാൻ സർക്കാർ തീരുമാനിച്ചുവെന്നതാണ് ഈ ഭേദഗതി ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ

വിവരണത്തിൽ വ്യക്തമായി പറയുന്നത്. നിലവിലെ അബ്കാരി ആക്ടിലെ 55(H), 55(I)വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ പ്രസ്തുത ആക്ടിലെതന്നെ 67(a) പ്രകാരം രാജിയാക്കാവുന്നതല്ല. എന്നാൽ മേൽപ്പറഞ്ഞ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾക്കുള്ള പിഴ വർദ്ധിപ്പിച്ചുകൊണ്ട് ഡീക്രിമിനലൈസ് ചെയ്ത് രാജിയാക്കാനുള്ള അവസരം ഒരുക്കുന്നതിനുവേണ്ടിയാണ് ഈ ഭേദഗതി ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് ഇവിടെ അവതരിപ്പിക്കുന്നത്. അബ്കാരി ആക്ടിലെ സെക്ഷൻ 55 H, 55 I എന്നിവ സിനിമയിലൂടെയും പരസ്യങ്ങളിലൂടെയുമുള്ള മദ്യത്തിന്റെ പ്രചാരണത്തെ പരമാവധി നിരുത്സാഹപ്പെടുത്തുന്നതിനുള്ള ഉപാധികളായിരുന്നു. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്ക് തടവുശിക്ഷ അടക്കമുള്ള ശിക്ഷകൾ വ്യവസ്ഥ ചെയ്തിരുന്നു. നിലവിലുള്ള സെക്ഷൻ 67 പ്രകാരമുള്ള കുറ്റകൃത്യങ്ങൾ രാജിയാക്കാൻ കഴിയില്ലെന്നുള്ളതാണ് വസ്തുത. എന്നാൽ പുതിയ ഭേദഗതി വരുന്നതോടുകൂടി ഇതിനുള്ള അധികാരം എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർക്ക് നൽകുന്നുവെന്നുള്ളതാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഫലത്തിൽ

55 H, 55 I എന്നീ പഴയ വകുപ്പുകൾ പൂർണ്ണമായും ദുർബ്ബലപ്പെടുത്തുകയാണ് ചെയ്യുന്നത്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് വേണം; വ്യവസായങ്ങൾ തഴച്ച് വളരണം; കേരളത്തിൽ കൂടുതൽ ഇൻവെസ്റ്റ്മെന്റും ഉണ്ടാകണം. നമുക്കെല്ലാം അറിയാവുന്നതുപോലെ, "Today's mantra is investment." ലോകമെമ്പാടുമുള്ള ആളുകൾ ആഗ്രഹിക്കുന്നതും അതുതന്നെയാണ്. പ്രോഗ്രസ് അല്ലെങ്കിൽ പ്രോസ്പിരിറ്റി ഉണ്ടാകണമെങ്കിൽ കൂടുതൽ ഇൻവെസ്റ്റ്മെന്റുണ്ടാകണം. ഏതൊരു രാജ്യത്തിന്റെയും പുരോഗതിക്ക് പുതിയ ബിസിനസ്സുകളും നിക്ഷേപങ്ങളുമുണ്ടാകേണ്ടത് അനിവാര്യമാണ്. കേരളത്തിൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് എന്ന പേരിൽ ഈ ഭേദഗതിക്ക് തുനിഞ്ഞിറങ്ങിയത് ശരിയാണോയെന്ന് എന്റെ പ്രിയസുഹൃത്തുകൂടിയായ മന്ത്രി ശ്രീ. എം. ബി. രാജേഷ് ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇതു സംബന്ധിച്ച് വളരെ വിശദമായ ചർച്ച സമൂഹത്തിൽ ഉയർന്നുവരേണ്ടതുണ്ട്. കാരണം മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം പുതിയ തലമുറയെ ഏറ്റവും കൂടുതൽ ബാധിക്കും; പ്രത്യേകിച്ചും മയക്കുമരുന്ന്. ഇന്ന് കേരളം

മയക്കുമരുന്നിന്റെ ഒരു ഹബ്ബായി മാറുന്നുവെന്ന ആശങ്ക നമുക്കെല്ലാവർക്കുമുണ്ട്. ഇന്ത്യയിൽ പഞ്ചാബാണ് മദ്യത്തിനും മയക്കുമരുന്നിനും പേരുകേട്ട സംസ്ഥാനം. അവിടത്തെ ഗവൺമെന്റുകൾ ഇതിനെ തടയാൻ ശ്രമിച്ചിട്ടും നടക്കുന്നില്ല. ഇന്ത്യയിൽ മയക്കുമരുന്ന് ഭീഷണി വലിയൊരു പ്രശ്നമാണ്. അതുകാരണം പുതിയ തലമുറ വഴിതെറ്റിപ്പോകുന്നു. വിദേശ രാജ്യങ്ങളിൽനിന്ന് കടന്നുവരുന്ന പുതിയതരം ഡ്രഗ്സുകൾ, ഡ്രഗ് ടെററിസം, ബ്ലാക്ക്മണി എന്നിവയെല്ലാം ചേർന്നുകൊണ്ടുള്ള ഒരു ശൃംഖല ലോകത്ത് പ്രവർത്തിക്കുകയാണ്. ആ നിലയിൽ നമ്മുടെ പുതിയ തലമുറയെ ഉന്നംവച്ചുകൊണ്ട് ഈ മാഫിയകൾ വലിയ രീതിയിൽ സജീവമായി പ്രവർത്തിക്കുന്നൊരു കാലഘട്ടമാണ്. ഇതിനെ ചെറുതായി കാണാൻ കഴിയില്ല. ടെററിസത്തിന് ആവശ്യമായ പണം ഡ്രഗ് മാഫിയയിൽനിന്നാണ് ലഭിക്കുന്നത്. മാത്രമല്ല, ഇതുണ്ടാക്കുന്ന സാമൂഹിക പ്രശ്നങ്ങളും ചെറുതല്ല. മദ്യമാണെങ്കിലും മയക്കുമരുന്നാണെങ്കിലും സമൂഹത്തിലുണ്ടാക്കുന്ന ഭയാനകരമായ ഒരന്തരീക്ഷം ഗൗരവത്തോടെ കാണാൻ നാം തയ്യാറാകണം. ലഹരിക്കെതിരെ പ്രതിജ്ഞയെടുത്ത ഒരു

നിയമസഭയാണിത്. ബഹുമാനപ്പെട്ട മന്ത്രിതന്നെ ലഹരിക്കെതിരെ നിരവധി പദ്ധതികൾ പ്രഖ്യാപിച്ചതാണ്. എന്റെ നേതൃത്വത്തിൽ 'Proud Kerala' എന്ന ഒരു എൻ.ജി.ഒ. കേരളത്തിലെ വിദ്യാലയങ്ങളിൽ മയക്കുമരുന്നിനെതിരായ ഒരു ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. അന്തർദേശീയ ലഹരി വിരുദ്ധ ദിനത്തിൽ തിരുവനന്തപുരത്തെ സരസ്വതി വിദ്യാലയത്തിലാണ് അതിന്റെ ഉദ്ഘാടനം നടന്നത്. ഇന്ന് ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന് മയക്കുമരുന്ന് ഭീഷണിയാണ്. ലഹരിക്കെതിരെ വലിയ തോതിലുള്ള പ്രചരണങ്ങളും പ്രചാരങ്ങളും ഉണ്ടാകേണ്ട ഒരു സന്ദർഭത്തിലാണ് നമ്മൾ ഇത്തരത്തിലൊരു ഭേദഗതി കൊണ്ടുവരുന്നത്. ഇത്തരം നടപടികൾക്കെതിരെയുള്ള ഒരു നീക്കമായി വേണം ഇതിനെ കാണാൻ. കാരണം നമ്മുടെ രാജ്യത്ത് ചെറുപ്പക്കാരെ സംരക്ഷിക്കാനും പുതിയ തലമുറയെ ലഹരിയിൽനിന്ന് മോചിപ്പിക്കാനുംവേണ്ടിയുള്ള ശ്രമങ്ങൾ നടത്തുമ്പോൾ അതിനനുസൃതമായ നിയമനിർമ്മാണങ്ങൾ വേണം കേരള നിയമസഭ പാസ്സാക്കേണ്ടത്. ആ ഉദ്ദേശ്യലക്ഷ്യങ്ങളെ പരാജയപ്പെടുത്തുന്ന ഒന്നാണിതെന്നാണ് ദൗർഭാഗ്യവശാൽ അങ്ങയിലൂടെ ബഹുമാനപ്പെട്ട

മന്ത്രിയോട് എനിക്ക് പറയാനുള്ളത്. കേരളത്തെ ലഹരി വിമുക്തമാക്കുകയെന്നതും പുതിയ തലമുറയെ ലഹരിയിൽനിന്ന് മോചിപ്പിക്കുകയെന്നതുമാണ് നമ്മുടെ ലക്ഷ്യം. ആ ലക്ഷ്യത്തെ പരാജയപ്പെടുത്തുന്ന തരത്തിലാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്.

2019 ജൂലൈ 2-ാം തീയതി നിയമസഭയിൽ സമർപ്പിച്ച, ശ്രീമതി പി. അയിഷാ പോറ്റി അദ്ധ്യക്ഷയായിട്ടുള്ള സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പത്താമത്തെ റിപ്പോർട്ട് ബഹുമാനപ്പെട്ട മന്ത്രി വായിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. എന്റെ കൈവശം ആ റിപ്പോർട്ടുണ്ട്. അതിലെ 23-ാം ഖണ്ഡികയിൽ പറയുന്നത് ഞാൻ വായിക്കാം. "സിനിമ, സീരിയൽ എന്നിവയിൽ മദ്യപാനം, പുകവലി തുടങ്ങിയ രംഗങ്ങൾ കൂടുതലായി ചിത്രീകരിക്കപ്പെടുന്ന അവസ്ഥ നിലനിൽക്കുന്നതായി സമിതി വിലയിരുത്തുന്നു. ഇവ ആരോഗ്യത്തിന് ഹാനികരമാണെന്ന് സ്ക്രീനിൽ വളരെ ചെറുതായി എഴുതിക്കാണിക്കുന്നുണ്ടെങ്കിലും ഇതിന് കാഴ്ചക്കാരിൽ വേണ്ടത്ര സ്വാധീനം

ചെലുത്താൻ സാധിക്കുന്നില്ല. കുട്ടികളുടെയും യുവാക്കളുടെയും ഇടയിൽ പുകവലി, മദ്യപാനം എന്നിവ വർദ്ധിച്ചുവരുന്നതിന് ഇതൊരു കാരണമാകുന്നതായി ഈ നിയമസഭാ സമിതി നിരീക്ഷിക്കുന്നു. കുട്ടികളും യുവതലമുറയും കഥാപാത്രങ്ങളെ അനുകരിക്കാൻ ശ്രമിക്കുന്ന പ്രവണതയുള്ളതിനാൽ സിനിമ, സീരിയൽ തുടങ്ങിയ ദൃശ്യ-മാധ്യമങ്ങളിൽ മദ്യപാനം, പുകവലി തുടങ്ങിയ രംഗങ്ങൾ പൂർണ്ണമായി ഒഴിവാക്കിയതിനുശേഷം മാത്രമേ സെൻസർ ബോർഡ് പ്രദർശനാനുമതി നൽകാവൂവെന്ന് ഈ നിയമസഭാ സമിതി ശിപാർശ ചെയ്യുകയാണ്". ആ സമിതിയിലെ അംഗങ്ങൾ ഇപ്പോഴത്തെ ആരോഗ്യ വകുപ്പുമന്ത്രിയായ ശ്രീമതി വീണാ ജോർജ്, സാംസ്കാരിക വകുപ്പുമന്ത്രിയായ ശ്രീ. സജി ചെറിയാൻ, ശ്രീമതി സി. കെ. ആശ, ശ്രീമതി യു. പ്രതിഭ എന്നിവരുൾപ്പെട്ട ഇടതുപക്ഷ ജനാധിപത്യ മുന്നണി അംഗങ്ങളായിരുന്നു. നിയമസഭാ കമ്മിറ്റിയുടെ റിപ്പോർട്ടിനെപ്പോലും ചവറ്റുകുട്ടയിലേയ്ക്ക് എറിഞ്ഞുകൊണ്ടല്ലേ ഈ ഭേദഗതിയുമായി ഗവൺമെന്റ് വന്നിരിക്കുന്നത്. 50,000 രൂപ നൽകിയാൽ ശിക്ഷയിൽനിന്നും ഒഴിവാക്കുന്ന ഈ പുതിയ

രീതി സിനിമയെ മദ്യത്തിന്റെയും ലഹരിയുടെയും അതിപ്രസരത്തിലേയ്ക്ക് നയിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു. അന്നത്തെ നിയമസഭാ സമിതിയിൽ അംഗങ്ങളായിരുന്ന ആളുകൾ ഇന്ന് ഈ സഭയിൽ പ്രതികരിക്കുമെന്നാണ് ഞാൻ കരുതിയത്. കുട്ടികളിലും വിദ്യാർത്ഥികളിലും വളരെ ശക്തമായ സ്വാധീനമാണ് സിനിമയ്ക്കും സീരിയലിനുമൊക്കെ ചെലുത്താൻ കഴിയുന്നത്. ഇത് തിരിച്ചറിഞ്ഞുകൊണ്ട് വളരെ ശക്തവും ക്രിയാത്മകവുമായ ശിപാർശയാണ് അന്നത്തെ കൊട്ടാരക്കര എം.എൽ.എ. ശ്രീമതി പി. അയിഷാ പോറ്റി അദ്ധ്യക്ഷയായിരുന്ന ആ സമിതിയിലുണ്ടായിരുന്നത്. സർക്കാരിന്റെ ഈ നടപടി പ്രസ്തുത നിയമസഭാ സമിതിയോടും അതിലെ അംഗങ്ങളോടുമുള്ള ഒരു അനാദരവായി ഞാൻ കാണുകയാണ്. മദ്യവർജ്ജനമാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് മന്ത്രിയെന്ന നിലയിൽ ശ്രീ. എം. ബി. രാജേഷ് ഇടയ്ക്കിടെ പറയുന്നുണ്ട്. ഈ കമ്മിറ്റിയുടെ ശിപാർശകൾക്ക് ജീവൻ നൽകുന്നതിനുള്ള നിയമ ഭേദഗതിയല്ലേ അബ്കാരി നിയമത്തിന്റെ ഭാഗമായി സർക്കാർ കൊണ്ടുവരേണ്ടത്; അങ്ങനെയൊരു ഭേദഗതി കൊണ്ടുവന്നിരുന്നെങ്കിൽ നമുക്ക് ഏകകണ്ഠമായിത്തന്നെ ഇത്

പാസ്സാക്കാൻ കഴിയുമായിരുന്നില്ലേ; പുതുതലമുറയെ ലഹരിയിൽനിന്നും മോചിപ്പിക്കാൻവേണ്ടിയിട്ടുള്ള വലിയൊരു നീക്കമായി കേരള സമൂഹം അത് തിരിച്ചറിയുമായിരുന്നില്ലേ? മദ്യത്തിന്റെ ഉപഭോഗം ആരോഗ്യത്തെ എപ്രകാരം നശിപ്പിക്കുമെന്ന് നമുക്കെല്ലാവർക്കും അറിയാം. ഇത്തവണ ഓണത്തിന് ഏറ്റവും കൂടുതൽ മദ്യം വിൽപ്പന നടത്തിയതിൽ ഇരിഞ്ഞാലക്കുടയ്ക്കാണ് ഒന്നാം സ്ഥാനം. ലോകകപ്പ് നേടുന്ന മട്ടിലാണ് ടെലിവിഷൻ ചാനലിൽ വാർത്ത വരുന്നത്. ഏറ്റവും കൂടുതൽ മദ്യം ഉപയോഗിച്ച സ്ഥലം ഇരിഞ്ഞാലക്കുടയും രണ്ടാമത് കൊല്ലം ജില്ലയിലെ ആശ്രാമം ഔട്ട്‌ലെറ്റുമാണെന്നാണ് വാർത്തകൾ വന്നുകൊണ്ടിരിക്കുന്നത്. ഇതുകേട്ടാൽ കുടിയൻമാർ തമ്മിൽ വലിയൊരു മത്സരം നടക്കുന്നതായ രസകരമായ വാർത്തയായിട്ടാണ് നമുക്ക് തോന്നുന്നത്. ഇന്ന് മദ്യത്തിന്റെ ആഘാതം സാമൂഹ്യജീവിതത്തിലും ആരോഗ്യത്തിനുമുണ്ടാക്കുന്ന പ്രശ്നങ്ങൾ എത്ര ഗൗരവമേറിയതാണെന്ന് മനസ്സിലാക്കാൻ കഴിവില്ലാത്തവരൊന്നുമല്ല കേരള ജനത. ചിന്താശക്തിയുള്ളവരും വിദ്യാഭ്യാസമുള്ളവരും സാക്ഷരരുമായ ഒരു ജനതയാണ് കേരളത്തിലുള്ളത്. എങ്കിൽപ്പോലും ഇവിടത്തെ മദ്യത്തിന്റെ

വ്യാപനം എത്രമാത്രം വലുതാണെന്നുള്ളത് നമ്മൾ കാണണം. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം യഥേഷ്ടം ബാറുകളും അതോടൊപ്പം ധാരാളം ബിവ്റേജ് ഔട്ട്ലെറ്റുകളും അനുവദിക്കുന്നു. പുതിയ മദ്യനയത്തിലേയ്ക്ക് ഞാൻ പിന്നീടുവരാം. ലക്ഷക്കണക്കിന് കെയ്സ് മദ്യമാണ് വലിയ വിദ്യാസമ്പന്നരുള്ള നമ്മുടെ നാട്ടിൽ പ്രതിവർഷം വിറ്റഴിക്കുന്നത്. ഇന്ത്യയിലെ ആളോഹരി മദ്യ ഉപയോഗത്തിന്റെ കാര്യമെടുത്താൽ കേരളത്തിന്റെ നിരക്ക് വളരെ കൂടുതലാണ്. ഇന്ത്യയുടെ ആകെ ജനസംഖ്യയുടെ മൂന്നുശതമാനമുള്ള കേരളത്തിലാണ് ഇന്ത്യയിൽ ആകെ ഉല്പാദിപ്പിക്കുന്ന ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ 14 ശതമാനം ഉപഭോഗം നടത്തുന്നതെന്നാണ് കണക്കുകൾ ചൂണ്ടിക്കാണിക്കുന്നത്. കഴിഞ്ഞ ആറേഴുവർഷംകൊണ്ട് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ദ്രുതഗതിയിലാണ് മദ്യത്തിന്റെ ഉപഭോഗം വർദ്ധിച്ചത്. ഈ കണക്കുകൾ എന്താണ് അർത്ഥമാക്കുന്നത്; ഇത് എന്തിന്റെ സൂചനയാണ്; മലയാളിക്ക് മദ്യത്തോട് ഇത്രയും വിധേയത്വവും ആർത്തിയും കൂടുന്നതിന്റെ

കാരണമെന്താണെന്നത് പരിശോധിക്കേണ്ട ഒരുകാര്യമല്ലേ; ഇവിടെ സർക്കാരാണ് മുൻകയ്യെടുക്കേണ്ടത്. ഈ സർക്കാർ ഉണർന്ന് പ്രവർത്തിക്കേണ്ട സന്ദർഭമാണിത്, ഒരു ഭാഗത്ത് മദ്യത്തിന്റെ വിൽപ്പനയും ലഭ്യതയും കൂട്ടുകയും മറുഭാഗത്ത് മദ്യവർജ്ജനത്തിനുവേണ്ടി 'വിമുക്തി' ഞങ്ങൾ നടത്തുമെന്ന് പറയുകയും ചെയ്യുന്നത് ഒരു വിരോധാഭാസമല്ലേ; ഇതുകൊണ്ട് എന്ത് പ്രയോജനമാണുണ്ടാകുന്നത്. സർക്കാരിന്റെ പുതിയ മദ്യനയമെടുക്കാം. ശ്രീ. എം. ബി. രാജേഷ് എന്റെ നല്ല സുഹൃത്താണ്. പക്ഷേ ഞാൻ ഇങ്ങനെയൊരു മദ്യനയം അദ്ദേഹത്തിൽനിന്നും പ്രതീക്ഷിച്ചില്ല. ഏഴ് മാസം കാത്തിരുന്നതിനുശേഷമാണ് മദ്യനയം കൊണ്ടുവന്നത്. എന്തായിരുന്നു ഈ കാത്തിരിപ്പിന്റെ കാരണം; സാധാരണഗതിയിൽ ഏപ്രിൽ ഒന്നിനാണ് മദ്യനയം പ്രഖ്യാപിക്കേണ്ടത്. ഏഴ് മാസം കാത്തിരുന്നു. കേരള സമൂഹത്തോട് ഈ കാര്യം ഗവൺമെന്റോ മന്ത്രിയോ വിശദീകരിച്ചില്ല. എന്തുകൊണ്ട് മദ്യനയം വന്നില്ല; സ്ഥാപിത താൽപ്പര്യക്കാർക്കുവേണ്ടിയായിരുന്നു മദ്യനയം ഡിലേ ചെയ്തത് എന്നുപറഞ്ഞാൽ ഞങ്ങളെ കുറ്റപ്പെടുത്താൻ കഴിയുമോ; എല്ലാവർഷവും

ഏപ്രിൽ ഒന്നിന് കേരളത്തിൽ പ്രഖ്യാപിക്കേണ്ട മദ്യനയം ഏഴ് മാസക്കാലം നീട്ടിവച്ചതിന്റെ കാരണമെന്താണെന്നറിയാൻ കേരള സമൂഹത്തിന് അവകാശമില്ലേ; ഞാൻ മന്ത്രിയെ കുറ്റപ്പെടുത്തുന്നില്ല, മന്ത്രിയല്ലല്ലോ മന്ത്രിസഭയാണ് അബ്കാരി നയം തീരുമാനിക്കേണ്ടത്. എന്തുകൊണ്ട് ഏഴുമാസക്കാലം അബ്കാരി നയം പ്രഖ്യാപിക്കാതെ കാത്തിരുന്നു; ആരെയോ സംരക്ഷിക്കാൻ, ആരുടെയോ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ, സ്ഥാപിത താൽപ്പര്യക്കാർക്കുവേണ്ടി ഏഴുമാസം മദ്യനയം മാറ്റിവച്ചു. ഇനി പ്രഖ്യാപിച്ച മദ്യനയത്തിന്റെ സ്ഥിതിയെന്താണ്; കേരളത്തിലെ ജനങ്ങളെ മദ്യത്തിൽ മുക്കിക്കൊല്ലാനുള്ള പദ്ധതികളാണ് ഈ മദ്യനയത്തിൽ പ്രഖ്യാപിച്ചിരിക്കുന്നത്. ഘട്ടംഘട്ടമായി മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ടുവരികയെന്നതായിരുന്നു യു.ഡി.എഫ്.സർക്കാരിന്റെ നയം. അത് പരിപൂർണ്ണമായി അട്ടിമറിച്ചുകൊണ്ട് മദ്യത്തിന്റെ പ്രളയമാണ് കേരളത്തിൽ ഇടതുമുന്നണി സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായിട്ടാണ് മദ്യനയത്തിൽ കൊണ്ടുവന്നിരിക്കുന്ന ഈ കാതലായ മാറ്റം. കേരളത്തിനാവശ്യമായ ഇന്ത്യൻ നിർമ്മിത വിദേശ മദ്യവും

ബിയറും സംസ്ഥാനത്തുതന്നെ ഉൽപ്പാദിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് മദ്യനയത്തിൽ പറയുന്നു. മദ്യനയത്തിലെ സെക്ഷൻ 32-ൽ സംസ്ഥാനത്ത് വിദേശമദ്യത്തിന്റെ ഉൽപ്പാദനവും കയറ്റുമതിയും വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് പറയുന്നു. അതിന്റെ അർത്ഥമെന്താണ്; കേരളത്തിൽ പുതുതായി ഡിസ്റ്റിലറികളും ബ്രൂവറികളും അനുവദിക്കാൻ പോകുന്നതിന്റെ പരസ്യമായ പ്രഖ്യാപനമാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത്. അത് മനസ്സിലാകാതിരിക്കാനാണ് പഞ്ചസാരയിൽ പൊതിഞ്ഞ രീതിയിൽ അദ്ദേഹമിവിടെ അവതരിപ്പിച്ചത്. 2018-ൽ ഒന്നാം പിണറായി സർക്കാരിന്റെ കാലഘട്ടത്തിൽ നടക്കാതെപോയ അഴിമതി വീണ്ടും നടപ്പാക്കാനാണ് പുതിയ മദ്യനയത്തിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്. അന്ന് നാല് ബ്രൂവറികളും ഡിസ്റ്റിലറികളും പിൻവാതിലിലൂടെ രഹസ്യമായി അനുവദിക്കാൻ നടത്തിയ അപഹാസ്യമായ നീക്കം പൊതുസമൂഹം മറന്നിട്ടില്ല. അന്നത്തെ മന്ത്രിയായിരുന്ന ശ്രീ. ടി. പി. രാമകൃഷ്ണനെ ഞാൻ ഒരിക്കലും കുറ്റപ്പെടുത്തിയിട്ടില്ല. കാരണം ഉന്നത ഇടപെടൽ

അതിനകത്തുണ്ടായിരുന്നു. അവസാനം അന്നത്തെ പ്രതിപക്ഷ നേതാവെന്ന നിലയിൽ അഴിമതി ആരോപിച്ചുകൊണ്ട് വസ്തുതകൾ ജനസമൂഹത്തിന്റെ മുന്നിൽ കൊണ്ടുവന്നപ്പോൾ അവസാനം മുഖ്യമന്ത്രി പറഞ്ഞ വാചകം ഞാൻ ഓർക്കുന്നു. 'കുളിക്കാതെ ഈറൻ ചുമക്കേണ്ട കാര്യമില്ല, ഞാനത് പിൻവലിക്കുന്നു' എന്നാണ് പറഞ്ഞത്. പഴയ വീഞ്ഞ് പുതിയ കുപ്പിയിലാക്കി പാവം ശ്രീ. എം. ബി. രാജേഷിലൂടെ കൊണ്ടുവന്നത് തെറ്റായിപ്പോയെന്നാണ് എനിക്ക് പറയാനുള്ളത്. അദ്ദേഹത്തെ ഈറൻ ചുമപ്പിക്കാൻ മുഖ്യമന്ത്രി ശ്രമിക്കുകയാണ്. സെക്ഷൻ 32-ലെ വസ്തുത എന്താണ്; മദ്യനയത്തിലെ സെക്ഷൻ 32-ൽ കേരളത്തിൽ കൂടുതൽ ഇന്ത്യൻ നിർമ്മിത വിദേശമദ്യവും പുതിയ ബിയർ ഉൽപ്പന്നങ്ങളുമുണ്ടാക്കി അത് കയറ്റുമതി ചെയ്യും എന്നാണ് പറയുന്നത്. അതിനർത്ഥം 1999-ലെ മന്ത്രിസഭാ തീരുമാനംപോലും അട്ടിമറിച്ചാണ് തട്ടിക്കൂട്ട് കമ്പനികൾക്ക് ബ്രൂവറികളും ഡിസ്റ്റിലറികളും അനുവദിച്ചത്. ആ സാഹചര്യം വീണ്ടും കൊണ്ടുവരാൻ ഗവൺമെന്റ് ബോധപൂർവ്വം ശ്രമിക്കുകയാണ്. അന്ന് നടക്കാതെപോയ അഴിമതിയുടെ ബാക്കിപത്രമാണ് ഔദ്യോഗികതയുടെ മേലങ്കിചാർത്തി ഇപ്പോൾ

നടപ്പാക്കാൻ ശ്രമിക്കുന്നത്. അത് പാവം ശ്രീ. എം. ബി. രാജേഷിനെക്കൊണ്ടുതന്നെ ചെയ്യിപ്പിക്കണമെന്ന് മുഖ്യമന്ത്രിക്കും കാബിനറ്റിനും എന്ത് നിർബന്ധമാണുള്ളത്?

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്.....

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ നിർത്തുന്നു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും എക്സൈസ് വകുപ്പുമന്ത്രി ശ്രീ. ടി. പി. രാമകൃഷ്ണനുമെതിരായി അഴിമതി നിരോധന നിയമപ്രകാരം അന്വേഷണത്തിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് ഗവർണ്ണർക്ക് ഞാൻ മൂന്ന് തവണ കത്ത് നൽകി, എന്നാൽ അനുവദിച്ചില്ല. കേരളത്തിന്റെ പരിസ്ഥിതിക്കും ഭൂഗർഭജലവിതാന ശേഖരത്തിനും കടുത്ത പ്രത്യാഘാതങ്ങളുണ്ടാക്കാൻ ഈ നയം കാരണമാകാൻ പോകുകയാണ്. ബ്രൂവറികളുടെയും ഡിസ്റ്റിലറികളുടെയും പ്രവർത്തനത്തിനായി ലക്ഷക്കണക്കിന് ലിറ്റർ ശുദ്ധജലം ആവശ്യമുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്നതാണ്. അദ്ദേഹം പാർലമെന്റ് അംഗമായിരുന്നയാളാണ്. പാലക്കാട് നിയോജകമണ്ഡലത്തിലെ മഴനിഴൽ

പ്രദേശമായ ചിറ്റൂരിലായിരുന്നു ഇത്തരമൊരു ബ്രൂവറി/ഡിസ്റ്റിലറി ആരംഭിക്കാൻവേണ്ടി മുന്നോട്ടുവന്നത്. പ്ലാച്ചിമടയിൽ ഞാൻ പോയി കണ്ടതാണ്. കൊക്കകോളയ്ക്കെതിരെ സമരം ചെയ്ത നാടാണത്. അവിടെയാണ് പുതിയ ഡിസ്റ്റിലറി അനുവദിക്കാൻ ഒന്നാം പിണറായി ഗവൺമെന്റിന്റെ കാലത്ത് മുൻകയ്യെടുത്തത്. നിയമപരമായി മദ്യനയത്തിൽ സെക്ഷൻ 32 ചേർത്തുകൊണ്ട് വീണ്ടുമൊരു അഴിമതിക്ക് കളമൊരുക്കാൻ പോകുകയാണോ എന്നാണ് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി വ്യക്തമാക്കേണ്ടത്. കേരളത്തിൽ പുതിയ ഡിസ്റ്റിലറികളും ബ്രൂവറികളും സ്വകാര്യവ്യക്തിക്ക് അനുവദിച്ചുകൊടുക്കുന്ന തീരുമാനമാണോ ഈ മദ്യനയത്തിന്റെ സെക്ഷൻ 32-ാമത് വകുപ്പിലൂടെ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കണമെന്ന് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുന്നു. പ്ലാച്ചിമട സമരത്തിന്റെ അനുഭവം നമ്മുടെ മുന്നിലുള്ളപ്പോൾ ഇത്തരം പരീക്ഷണങ്ങളുമായി സർക്കാർ വീണ്ടും ഇറങ്ങിത്തിരിക്കുന്നതിന്റെ ചേതോവികാരം പൊതുജന നന്മയല്ലെന്ന് തിരിച്ചറിയാൻ ഒരു പ്രയാസവുമില്ല. തുടർ ഭരണമെന്നുള്ളത് അഴിമതിക്കും കൊള്ളയ്ക്കും വേണ്ടിയിട്ടുള്ളതാണോ;

ആണെങ്കിൽ അതിന് കേരളത്തിലെ ജനങ്ങൾ പുതുപ്പള്ളിയിൽ നൽകിയ തിരിച്ചടിതന്നെ കേരളത്തിൽ മറ്റ് ഭാഗത്തും നൽകാൻപോകുമെന്ന കാര്യത്തിൽ സംശയമില്ല. കേരളത്തിലെ പരമ്പരാഗത കള്ളുചെത്ത് വ്യവസായത്തെ തകർക്കുന്ന നയമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. ചെത്തുതൊഴിലാളികളുള്ള, ഇപ്പോഴും ചെത്ത് നടക്കുന്ന മണ്ഡലമാണ് എന്റെ നിയോജകമണ്ഡലം. പരമ്പരാഗത ചെത്തുതൊഴിലാളികളെ തകർക്കുന്ന സമീപനമാണിത്. പുതിയ തലമുറ കള്ള് വ്യവസായത്തിലേയ്ക്ക് വരുന്നില്ല. കള്ളുൽപ്പാദനമേഖലയെ പിണറായി ഗവൺമെന്റ് പരിപൂർണ്ണമായി അവഗണിച്ചു. അവർക്ക് ഒരു സഹായവും ചെയ്തുകൊടുക്കുന്നില്ല. ബാറുകളും ഡിസ്റ്റിലറികളും പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് ഇടതുമുന്നണി ഗവൺമെന്റ് കൈക്കൊള്ളുന്നത്. ഈ മേഖലയിലെ ബഹുഭൂരിപക്ഷംവരുന്ന തൊഴിലാളികൾക്കും കൃത്യമായ തൊഴിലോ കൂലിയോ മറ്റ് വരുമാനമാർഗ്ഗങ്ങളോ ഇല്ല. അവർ കടുത്ത പ്രതിസന്ധിയിലാണ്. കേരളത്തിലെ പരമ്പരാഗത കള്ളുചെത്തുമേഖലയെ ശാസ്ത്രീയമായി പുനരുജ്ജീവിപ്പിക്കുന്നതിനുപകരം വ്യാജ കള്ള് പ്രോത്സാഹിപ്പിക്കുന്ന

നടപടിയാണ് ഇന്ന് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. പുതിയ മദ്യനയത്തിലെ ഏറ്റവും ഗുരുതരമായൊരു കാര്യം തെങ്ങിൽനിന്നും ലഭിക്കുന്ന കള്ളിന്റെ അളവ് പുനർനിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ടതാണ്. കേരളത്തിൽ ചെത്തുന്നതിന്റെ എത്രയോമടങ്ങ് കള്ള് വ്യാജമായി ഉൽപ്പാദിപ്പിക്കുന്നുവെന്നത് എത്രയോ വർഷങ്ങളായിട്ടുള്ള പരാതിയാണ്. ചില രാസപദാർത്ഥങ്ങൾ ഉപയോഗിച്ച് കൃത്രിമ കള്ള് നിർമ്മിക്കുന്നുവെന്നുള്ള പരാതി കേരളത്തിൽ വ്യാപകമാണ്. സംസ്ഥാനത്ത് നിലവിലുള്ള തെങ്ങുകളുടെ എണ്ണവും വിൽക്കുന്ന കള്ളിന്റെ അളവും തമ്മിലുള്ള അന്തരം ഇതിന് തെളിവായി മദ്യവർജ്ജന പ്രസ്ഥാനങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. എന്താണ് കൃത്രിമ കള്ളിന്റെ വിപണനവും വ്യാപനവും; എന്തുകൊണ്ട് മദ്യനയത്തിൽ ഇത് പ്രഖ്യാപിച്ചില്ല; ഞാൻ കരുതിയത് ഇത് ബഹുമാനപ്പെട്ട മന്ത്രി മദ്യനയത്തിൽ പ്രഖ്യാപിക്കുമെന്നാണ്. കള്ള് ആരോഗ്യകരമായ പാനീയമാണെന്ന് മുഖ്യമന്ത്രി പറയുന്നു, ശ്രീ. ഇ. പി. ജയരാജനും പറഞ്ഞു. ഇത് എന്തിനുള്ള ആഹ്വാനമാണ്. മുൻ ഡെപ്യൂട്ടി സ്പീക്കറായിരുന്ന നാരായണ കുറുപ്പ് സാർ ഈ സഭയിൽ ഒരു പാട്ട് പാടുമായിരുന്നു. അത് സിനിമയിൽ

എസ്. പി. പിള്ളയും അടൂർഭാസിയുംകൂടി ചേർന്ന് പാടുന്ന ഒരു പാട്ടായിരുന്നു. “കള്ളോളോം നല്ലൊരു വസ്തു ഭൂലോകത്തില്ലെടി മറിയേ" അത് അദ്ദേഹമിവിടെ പാടുമായിരുന്നു. മുഖ്യമന്ത്രിയുടെ വാക്ക് കേട്ടപ്പോൾ കുറുപ്പ് സാറിനെയാണ് ഓർത്തത്. അദ്ദേഹത്തിന്റെ മകൻ ഡോ. എൻ. ജയരാജും ഇടയ്ക്കിടയ്ക്ക് ഈ പാട്ട് ഇവിടെ പാടാറുണ്ട്. മുഖ്യമന്ത്രിയും ഡോ. എൻ. ജയരാജിനെപ്പോലെ ഉത്തരവാദിത്തപ്പെട്ടവരും ഇങ്ങനെ പ്രോത്സാഹിപ്പിക്കുന്നത് ശരിയാണോ; അതിനുപകരം ചെത്തുതൊഴിലാളികളെ സംരക്ഷിക്കാനുള്ള ശാസ്ത്രീയവും ഫലപ്രദവുമായ നടപടിയാണ് സ്വീകരിക്കേണ്ടിയിരുന്നത്. നീരയുടെ സ്ഥിതി എന്തായി; കൊട്ടിഘോഷിച്ച കൊണ്ടുവന്നതല്ലേ നീര? നീരയെ പുനരുജ്ജീവിപ്പിക്കാനുള്ള നടപടികളുണ്ടോ? എത്രയോ പ്ലാന്റുകളുണ്ടാക്കി? അതെല്ലാം പൂട്ടിപ്പോയില്ലേ; ഈ സർക്കാർ ചെയ്യുന്നതെന്താണ്? മദ്യത്തിന്റെ വില അടിക്കടി കൂട്ടുന്നു, എന്നിട്ട് മദ്യത്തിന്റെ വ്യാപനം വർദ്ധിപ്പിക്കുന്നു. ഇവിടെ വില കൂട്ടിയത് ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ മാത്രമല്ല,

രാജ്യത്തുള്ള കുത്തക മദ്യ വ്യാപാരികൾക്കുവേണ്ടി അവർ ആവശ്യപ്പെട്ട വിലയും കൂട്ടി.

മി. സ്പീക്കർ: ഒരു ബില്ല് കൂടിയുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങിതൊന്നും അറിയുന്നില്ല, അതാണ് പ്രശ്നം. അങ്ങിതൊന്നും മനസ്സിലാക്കുന്നില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അറിയില്ലെന്നാണോ ആസ്വദിക്കുന്നില്ലെന്നാണോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങിതൊന്നും മനസ്സിലാക്കുന്നില്ലെന്നതാണ് എന്റെ പരാതി. ഞാൻ നിർത്തുകയാണ്. ബഹുമാനപ്പെട്ട ശ്രീ. എം. ബി. രാജേഷിനെക്കൊണ്ട് ആവശ്യമില്ലാത്ത കല്ലൊക്കെ എടുപ്പിക്കുകയാണ്. ഈ രാജ്യത്ത് വൻകിട കുത്തക മുതലാളിമാർക്കുവേണ്ടി മദ്യത്തിന്റെ വില വർദ്ധിപ്പിച്ചു. സത്യപ്രതിജ്ഞ ചെയ്തപ്പോൾ ഞാൻ ശ്രീ. എം. ബി. രാജേഷിനോട് എക്സൈസ് വകുപ്പ് എടുക്കരുത്, ഇത് പുലിവാലുപിടിച്ചൊരു വകുപ്പാണെന്ന് പറഞ്ഞതാണ്. പക്ഷേ, അദ്ദേഹത്തിന്റെ തലയിലെടുത്തുവച്ചിരിക്കുന്ന ഈ വകുപ്പ് വളരെ

അപകടകരമാണ്. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഇതനുഭവിച്ചൊരാളാണ്. ഒരു കാര്യം ഞാൻ തുറന്ന് പറയാം; ഞാൻ അന്ന് കെ.പി.സി.സി. പ്രസിഡന്റായിരുന്ന കാലമാണ്. അന്ന് വകുപ്പുകൾ തീരുമാനിച്ചപ്പോൾ എക്സൈസ് വകുപ്പ് വേണ്ടന്ന് എന്നോടും ഉമ്മൻ ചാണ്ടിയോടും അദ്ദേഹം പറഞ്ഞതാണ്. ഞങ്ങൾ നിർബന്ധിച്ച് അദ്ദേഹത്തെ ഏല്പിച്ചതാണ്. പാവം ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)-യ്ക്ക് ആവശ്യമില്ലാത്ത ആരോപണങ്ങൾ കേൾക്കേണ്ടി വന്നു. അത് കേൾക്കുമ്പോഴൊക്കെ ഞങ്ങൾക്ക് വിഷമവും ഉണ്ടായിരുന്നു. കാരണം അദ്ദേഹത്തിന് ഈ വകുപ്പ് വേണ്ടെന്ന് പറഞ്ഞതാണ്. ഏതായാലും ശ്രീ. എം. ബി. രാജേഷ് ഇക്കാര്യത്തിൽ വളരെ ശ്രദ്ധിക്കണം, ഈ നാട്ടിൽ നടക്കുന്ന കാര്യങ്ങൾ മനസ്സിലാക്കണം. എല്ലാ ദിവസവും പുതിയ ബാറുകളും ഔട്ട്ലെറ്റുകളും അനുവദിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. വിമുക്തി ഒരു ഭാഗത്ത് നടത്തുകയും മദ്യത്തിന്റെ വ്യാപനം വർദ്ധിപ്പിക്കുകയും ചെയ്താൽ ഇതുകൊണ്ട് എന്ത് പ്രയോജനമാണെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. കേരളത്തെ മദ്യത്തിൽ മുക്കിക്കൊല്ലുന്ന സമീപനമാണ് ഇടതുമുന്നണി ഗവൺമെന്റ്

കൈക്കൊള്ളുന്നത് ഇത് അപകടമാണ്. I warn you for the future generation of Kerala. Thank you.

ശ്രീ. കെ ബാബു (നെന്മാറ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ അബ്കാരി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ഭേദഗതി വളരെ വ്യക്തമാണ്. അബ്കാരി നിയമത്തിലെ 55 H, മദ്യപാന/ലഹരിവസ്തു ഉപയോഗം പരസ്യപ്പെടുത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് 6 മാസം തടവും 25000 രൂപ പിഴയുമാണ് പറഞ്ഞിരിക്കുന്നത്. മറ്റൊന്ന് 55 I, മദ്യപാനം മുന്നറിയിപ്പില്ലാതെ പ്രദർശിപ്പിക്കുന്നതിന് 6 മാസം തടവും 10000 രൂപ പിഴയുമാണ്. യഥാർത്ഥത്തിൽ ഇന്നുവരെ അത്തരത്തിലൊരു ശിക്ഷാനിയമം നടപ്പിലാക്കാൻ കഴിഞ്ഞില്ലെന്ന് മാത്രമല്ല, ആ ശിക്ഷാനിയമത്തിലെ 6 മാസം തടവ് അതല്ലെങ്കിൽ രാജിയാകുന്നവർക്ക് നിലവിൽ 25000 രൂപ ഫൈൻ എന്നത് 50000 രൂപയായും അതുപോലെതന്നെ 10000 രൂപ ഫൈൻ എന്നത്

25000 രൂപയായും വർദ്ധിപ്പിക്കുകയെന്നതാണ് യഥാർത്ഥത്തിൽ ഈ ഭേദഗതിയിലൂടെ ഉദ്ദേശിക്കുന്നത്. വരും തലമുറയിൽ മദ്യാസക്തി വർദ്ധിപ്പിക്കാൻ പ്രേരിപ്പിക്കുന്ന തരത്തിലുള്ള പരസ്യങ്ങൾ സിനിമകളിലും സീരിയലുകളിലുമൊക്കെ പ്രദർശിപ്പിക്കുന്നതിനെ സംബന്ധിച്ച് ശ്രീമതി പി. അയിഷാ പോറ്റി ചെയർമാനായിട്ടുള്ള സമിതി ഒരു റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചിരുന്നു. അതിലെ ശിപാർശകൾ കൂടി പരിഗണിച്ചുകൊണ്ടുതന്നെയാണ് ഇത് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്. മദ്യനയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിതന്നെ അതിന് മറുപടി പറയും. പക്ഷേ, ഇവിടെ മദ്യനയവുമായി ബന്ധപ്പെട്ട് എന്താണ് പ്രതിപക്ഷം ഉദ്ദേശിക്കുന്നത്? ആരുടെയൊക്കെയോ താല്പര്യങ്ങൾക്കുവേണ്ടിയാണ് മദ്യനയം പ്രഖ്യാപിക്കുന്നതിൽ കാലതാമസം വരുത്തിയതെന്നാണ് പറയുന്നത്. പ്രതിപക്ഷം ഏത് കാര്യത്തിലാണ് ഈ ഗവൺമെന്റ് ചെയ്യുന്ന നല്ലകാര്യങ്ങളെ വിമർശിക്കാത്തത്? അതുമാത്രമല്ല, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാകട്ടെ, അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളാകട്ടെ, ചില മന്ത്രിമാർക്കെതിരെയാകട്ടെ ഇപ്പോൾ അഴിമതി ആരോപണങ്ങളുടെ

പരമ്പരതന്നെയാണ് തുടങ്ങിയിരിക്കുന്നത്. ആ അഴിമതി ആരോപണങ്ങളുടെ തുടർച്ചയെന്നല്ലാതെ ഇതൊരു സ്ഥാപിത താല്പര്യക്കാർക്കുവേണ്ടിയുമല്ലെന്ന് ആ മദ്യ നയം വായിക്കുന്നവർക്ക് മനസ്സിലാക്കാൻ കഴിയും. നിലവിലുള്ള ഫീസിൽ 30 ലക്ഷമെന്നത് 35 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. ഇവിടെ കർഷകർക്കുവേണ്ടി കണ്ണീർ ഒഴുക്കുന്നവരാണല്ലോ പ്രതിപക്ഷം. തെങ്ങുകർഷകരിൽനിന്നും ശേഖരിക്കുന്ന ശുദ്ധമായ കള്ള് പ്രധാനപ്പെട്ട കേന്ദ്രങ്ങളിലൂൾപ്പെടെ വിതരണം ചെയ്യുകയെന്നതാണ് അതിൽപ്പറയുന്ന മറ്റൊരു വിഷയം. കള്ള് ആരോഗ്യപരമായ പാനീയം തന്നെയാണ്. അത് ആയുർവേദത്തിൽ വായിച്ചിട്ടുള്ള ആളുകൾക്ക് മനസ്സിലാകും. കള്ള് ചെത്തി മണിക്കൂറിനകം കഴിച്ചാൽ പാനീയമാണ്. എന്നാൽ മണിക്കൂറുകൾക്കുശേഷം അത് ആൽക്കഹോളിക്കായി മാറുന്നു; ലഹരിയായി മാറുന്നു. ആയുർവേദം പഠിക്കുന്ന ആളുകൾക്ക് അത് മനസ്സിലാകും. അത് പറയുന്നതിൽ എന്താണ് തെറ്റ്. ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞു, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നു എന്നൊക്കെ ആക്ഷേപിക്കുന്നതിന് പകരം യാഥാർത്ഥ്യമെന്തെന്ന് നിങ്ങൾ മനസ്സിലാക്കണം. കേരളത്തിലെ തെങ്ങ് കർഷകരെ സംരക്ഷിക്കുക, അത്

ചെത്തുന്ന തൊഴിലാളികളെ സംരക്ഷിക്കുക, ശുദ്ധമായ കള്ള് വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി തന്നെയാണ് ഈ ഗവൺമെന്റ് Kerala Toddy workers welfare Fund Board കൊണ്ടുവന്നത്. Toddy Board-ലൂടെ ഈ കർഷകരെ സംരക്ഷിക്കുന്നതിനും നല്ല കള്ള് വിതരണം ചെയ്യാൻ കഴിയുന്ന അവസ്ഥയിലേക്ക് കൊണ്ടുവരികയെന്നതും ഇതിന്റെ ഭാഗം തന്നെയാണ്. ഇവിടെ പഴയ എക്സൈസ് വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)-യും ശ്രീ. എൻ. ഷംസുദ്ദീനുമെല്ലാം ഇതിനെ എതിർത്തുകൊണ്ട് പറഞ്ഞു. 26 ബാറുകളൊഴികെ ബാക്കി എല്ലാ ബാറുകളും അടച്ചുപൂട്ടിയെന്നാണ് ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞത്. പൂട്ടിയ ബാറുകൾ തുറക്കാനും പൂട്ടാത്ത ബാറുകൾ അടച്ചുപൂട്ടാനും അന്ന് ഉയർത്തിക്കൊണ്ടുവന്ന അഴിമതി ഈ നാട്ടിലെ ജനങ്ങൾക്കെല്ലാമറിയാം. അടച്ചുപൂട്ടിയ ബാർ തുറക്കാൻ കൈക്കൂലി, പൂട്ടാതിരുന്ന ബാറുകൾ അടച്ചുപൂട്ടാൻ പണം വേറെ, അതായിരുന്നല്ലോ നയം. ശ്രീ. എ. കെ. ആന്റണി ഗവൺമെന്റിന്റെ കാലത്ത് ചാരായം നിരോധിച്ചു. അതിലൂടെ ലക്ഷക്കണക്കിന് വരുന്ന തൊഴിലാളികളാണ് പട്ടിണി കിടക്കേണ്ടി വന്നത്. അവരെ

പുനരധിവസിപ്പിക്കാൻ ഏതെങ്കിലും തരത്തിലൊരു നയം അന്നത്തെ ഗവൺമെന്റ് പ്രഖ്യാപിച്ചില്ല. അതുമാത്രമല്ല, ചാരായ നിരോധനത്തിലൂടെ വ്യാപകമായ വിഷമദ്യവും അതിന്റെ ഭാഗമായ വാറ്റ് കേന്ദ്രങ്ങളും ഈ സംസ്ഥാനത്ത് മുഴുവനുണ്ടായിരുന്നു. അത് തടസ്സപ്പെടുത്താനോ തടയാനോ എന്ത് നയമാണ് അവരുണ്ടാക്കിയത്?

ശ്രീ. എം. വിൻസെന്റ്: സർ, വഴങ്ങാമോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം വഴങ്ങുന്നുണ്ടോ?

ശ്രീ. കെ ബാബു (നെന്മാറ): സർ, ഞാനിത് പറഞ്ഞ് കഴിയട്ടെ. വ്യാജ മദ്യ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനല്ല ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. ശ്രീ. ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞതുപോലെ വീര്യം കുറഞ്ഞ മദ്യമാണ് ബിയറും വൈനും. ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനും ത്രീ സ്റ്റാർ ഹോട്ടലുകളിലുൾപ്പെടെ വിനോദസഞ്ചാരികൾക്കാവശ്യമായ രൂപത്തിൽ ബിയറും വൈനും വിതരണം ചെയ്യുന്നതിനുമാണ് ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നത്. ഇവിടെ പറഞ്ഞത് ഇന്ത്യയിൽ ഏറ്റവും കൂടുതൽ, ഏതാണ്ട് 14 ശതമാനത്തോളം, മദ്യം

ഉപയോഗിക്കുന്നവരുടെ നാടായി കേരളം മാറുന്നുവെന്നാണ്. എൽ.ഡി.എഫ്. സർക്കാർ വരുമ്പോഴാണ് കേരളത്തിൽ മദ്യപാനികളുടെ എണ്ണം വർദ്ധിക്കുന്നതെന്നാണ് മുൻ പ്രതിപക്ഷ നേതാവ് പറഞ്ഞത്. മദ്യം കഴിപ്പിക്കുന്നതിനുവേണ്ടി എൽ.ഡി.എഫ്. സർക്കാരോ സർക്കാരിന്റെ വകുപ്പോ അത്തരത്തിലൊരു പ്രചരണം നടത്തുന്നുണ്ടോ? എൽ.ഡി.എഫ് ഗവൺമെന്റ് പ്രത്യേകിച്ച് സി.പി.ഐ. (എം.)-ഉം ഇടതുപക്ഷ പാർട്ടികളും മദ്യ വർജ്ജന നയം തന്നെയാണ് ആവശ്യപ്പെടുന്നത്. ആ മദ്യ വർജ്ജന നയത്തിനെ അടിസ്ഥാനപ്പെടുത്തുന്ന രൂപത്തിലുള്ള ഒരു ഭേദഗതി തന്നെയാണ് യഥാർത്ഥത്തിൽ ഇന്നിവിടെ കൊണ്ടുവന്നിട്ടുള്ളത്. ആ ഭേദഗതിയെ ഞാൻ പിന്താങ്ങുകയാണ്. ആ നിയമത്തിലൂടെ ഇന്നുവരെ ആരെയും ശിക്ഷിച്ചിട്ടില്ലെന്നത് വസ്തുത തന്നെയാണ്. മുൻ എം.എൽ.എ. ആയിരുന്ന ശ്രീമതി പി. അയിഷാ പോറ്റി സഭയിൽ അവതരിപ്പിച്ച റിപ്പോർട്ടിൽ, ടി. വി. സീരിയലുകളിലും സിനിമകളിലും മദ്യപാനം പ്രോത്സാഹിപ്പിക്കുന്ന അപകടകരമായ പരസ്യങ്ങൾ നൽകുന്നത് സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. ഇതിനൊക്കെ കൂടുതൽ പിഴ

ഈടാക്കിക്കൊണ്ട് നിരോധിക്കണമെന്നാണ് എന്റെ അഭിപ്രായം. പുകവലിക്കുന്ന, മയക്കുമരുന്ന് ഉപയോഗിക്കുന്ന അല്ലെങ്കിൽ കളളവും കൊള്ളയും ബലാത്സംഗവും പീഡനവുംപോലുള്ള രംഗങ്ങളിൽ അഭിനയിച്ചുകൊണ്ടിരിക്കുന്ന നടൻമാർ എത്ര നല്ലവരാണെങ്കിലും അവരൊക്കെ വെറുക്കപ്പെടുന്നവരായി സമൂഹത്തിൽ നിന്നുതന്നെ മാറ്റിനിർത്തപ്പെടുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. എന്നാൽ ഇന്നത് മാറി. വില്ലൻ കഥാപാത്രങ്ങളോടാണ് പുതിയ തലമുറയിൽപ്പെട്ട ആളുകൾ വലിയ താല്പര്യം പ്രകടിപ്പിക്കുന്നത്. മഹാനടനായ ശ്രീ. മോഹൻലാൽ അഭിനയിച്ച 'ദൃശ്യം' സിനിമ കണ്ടതാണ്. അത് പ്രായോഗിക തലത്തിൽ സിനിമ എടുക്കുന്നതിനുമുമ്പ് കേരളത്തിൽ പ്രയോഗിച്ചിട്ടുള്ളത്, നിലമ്പൂരിലെ കോൺഗ്രസ് പാർട്ടി ഓഫീസിലാണ്. അടിച്ചുതളിക്കാൻ വന്ന രാധ എന്ന സ്ത്രീയെ തല്ലിക്കൊന്ന് ചാക്കിൽക്കെട്ടി കുളത്തിലാണ് ഇട്ടത്. 'ദൃശ്യം' സിനിമ കണ്ടതോടുകൂടി കേരളത്തിലെ കോൺഗ്രസിൽ ഒരു വലിയ മാറ്റമുണ്ടായി. മലപ്പുറം ജില്ലയിലെ തുവ്വൂരിൽ യുവതിയെ ശ്വാസംമുട്ടിച്ചുകൊന്ന് സ്വന്തം വീട്ടുവളപ്പിൽ കുഴിച്ചിട്ട് അതിന്റെ മുകളിൽ സ്ലാബിട്ട് അതിന്റെ മുകളിൽ

കോഴിക്കോട് പണിത യൂത്ത് കോൺഗ്രസിന്റെ നേതാക്കന്മാരല്ലേ എതിർവശത്തുള്ളത്. ഇന്ന് രാവിലെ അടിയന്തര പ്രമേയത്തിന്മേലുള്ള ചർച്ച നടന്നപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അതുകൂടി സൂചിപ്പിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചതാണ്. വിഷ്ണു എന്ന ക്രിമിനലിന്റെ 20-ഉം 21-ഉം വയസ്സ് പ്രായമുള്ള വിവേക്, വൈശാഖ് എന്ന സഹോദരങ്ങളും പ്രായമായ രക്ഷിതാവുമാണ് അതിന് കൂട്ടുനിന്നത്. കോൺഗ്രസിന്റെ എന്ത് സംസ്കാരമാണിത്. എന്നിട്ട് അതിന്റെ ഭാഗമായി പ്രചാരണത്തിന് മുന്നിലും പോലീസ് സ്റ്റേഷന് മുന്നിലും യൂത്ത് കോൺഗ്രസിന് നേതൃത്വം കൊടുത്ത് മാർച്ച് ചെയ്യുന്നതിന് മുന്നിലും ഈ പറയുന്ന ആളുകളാണുള്ളത്. ഒറ്റ സിനിമകൊണ്ടാണ് തെന്നിന്ത്യയിലെ വില്ലൻ കഥാപാത്രമായി കേരളത്തിന്റെ നടൻ ഇന്ന് മാറിയിരിക്കുന്നത്. സൂപ്പർ സ്റ്റാർ രജനീകാന്തിന്റെ 'ജയിലർ' എന്ന സിനിമയിലെ വിനായകനാണ് വില്ലൻ കഥാപാത്രം. ആ സിനിമയിൽ, ചായ തിളപ്പിക്കാനായി ഉപയോഗിക്കുന്ന വിറക് കൊള്ളിപ്പോലെയുള്ള ചുരുട്ട് വലിച്ച്, മദ്യപിച്ച്, ഉന്മാദ നൃത്തം ചവിട്ടി ആ വില്ലൻ കഥാപാത്രം ഇന്ന് തെന്നിന്ത്യ തന്നെ കീഴ്പെടുത്തിയെന്നാണ്

പറയപ്പെടുന്നത്. മാത്രമല്ല, 'വിക്രം' സിനിമയിൽ സിന്തറ്റിക്ക് ഡ്രഗ്സ് ഉപയോഗിക്കുന്ന ശ്രീ. വിജയ് സേതുപതി എന്ന നടൻ ഇടയ്ക്കിടയ്ക്ക് പല്ലിൽ എന്തോ ഒരു സാധനം തിരുകി കയറ്റുകയാണ്. അതൊക്കെ ഇപ്പോഴത്തെ സിനിമയിൽ കണ്ടുവരുന്ന ഒരു പ്രവണതയാണ്. 'പത്താം വളവ്' എന്ന സിനിമയിൽ pethidine കുത്തിവച്ച് പിഞ്ചുകുഞ്ഞിനെ ക്രൂരമായി ബലാത്സംഗം ചെയ്ത് പീഡിപ്പിച്ച് വലിച്ചെറിയുന്നത് കണ്ടില്ലേ? സിനിമ, ജനങ്ങളെ ആകർഷിക്കുന്ന ഏറ്റവും വലിയ മീഡിയമാണ്. സീരിയലും ഇപ്പോൾ അങ്ങനെതന്നെയാണ്. അത്തരം സിനിമകളിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്ന സമയത്ത് ആകെയുള്ള ആശ്വാസം 'പുകവലി ആരോഗ്യത്തിന് ഹാനികരം, പുകവലി കാൻസറിന് കാരണമാകും' എന്ന് എഴുതിക്കാണിക്കുന്നതാണ്. 'മദ്യപാനം ആരോഗ്യത്തിന് ഹാനികരം' എന്ന ചെറിയൊരു അടിക്കുറിപ്പ് മാത്രമാണുള്ളത്. ആ ചെറിയ അടിക്കുറിപ്പുകൊണ്ടും പരസ്യപ്പെടുത്താത്ത ആളുകളുണ്ട്. അങ്ങനെ അടിക്കുറിപ്പ് പോലുമില്ലാത്ത, വരുംതലമുറയെ വഴിതെറ്റിക്കുന്ന ഓരോ

പരസ്യത്തിനും കൂടുതൽ ഫൈൻ ഈടാക്കണം. അതാണ് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ ഈ ഭേദഗതിയിലൂടെ ഉദ്ദേശിക്കുന്നത്.

ശ്രീമതി യു. പ്രതിഭ: സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് അങ്ങിവിടെ പറഞ്ഞത്. ആധുനിക കാലഘട്ടത്തിലെ നിരവധി സിനിമകളെക്കുറിച്ച് അങ്ങ് ഇവിടെ സൂചിപ്പിച്ചു. അങ്ങ് നേരത്തെ പറഞ്ഞതുപോലെ, ശ്രീ. വിജയ് സേതുപതി അഭിനയിച്ച കഥാപാത്രത്തിലെ ആ മയക്കുമരുന്ന് അന്വേഷിച്ച് കുറേയധികം ചെറുപ്പക്കാർ പോയി എന്നൊരു വാർത്ത കഴിഞ്ഞ ദിവസം ഒരു പോലീസ് ഉദ്യോഗസ്ഥൻ സന്ദർഭവശാൽ എന്നോട് പറഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ വലിയ തരത്തിൽ അനുകരിക്കുന്ന ഒരു പുതിയ തലമുറയുള്ളപ്പോൾ ഇതുപോലെയുള്ള സിനിമകൾക്ക് ശക്തമായ സെൻസറിംഗ് ആവശ്യമാണെന്ന് അങ്ങ് ചൂണ്ടിക്കാണിക്കുന്നുണ്ടോ?

ശ്രീ. കെ. ബാബു (നെന്മാറ): സർ, തീർച്ചയായും, ഇക്കാര്യം എക്സൈസ് വകുപ്പുമന്ത്രി മാത്രം വിചാരിച്ചാൽ പോരാ, അതിൽ സാംസ്കാരിക വകുപ്പും ഇടപെടേണ്ടതായിട്ടുണ്ട്. അതുപോലെ വലിയ വേഗതയിൽ വാഹനമോടിച്ച് ഇടിച്ചുകൊല്ലുന്ന രൂപത്തിലേയ്ക്ക് പോകുമ്പോൾ, മോട്ടോർ വാഹന വകുപ്പും

ക്രിമിനൽ സ്വഭാവത്തിലേയ്ക്ക് പോകുമ്പോൾ ആഭ്യന്തര വകുപ്പും ഇടപെടേണ്ടതായിട്ടുണ്ട്. അത്തരത്തിൽ വകുപ്പുകളുടെ സമന്വയത്തിലൂടെയുള്ള പ്രതിരോധമാണ് നമുക്ക് തീർക്കേണ്ടത്. ക്ഷേത്ര വളപ്പിനകത്ത് മൂത്രമൊഴിച്ചത് ചോദ്യം ചെയ്തതിന്റെ പേരിൽ പത്താം ക്ലാസിൽ പഠിക്കുന്ന ഒരു പിഞ്ചുബാലനെ തൊട്ടടുത്ത അയൽവാസി കാറിടിച്ച് കൊന്ന വാർത്ത പത്രത്തിൽ വന്നതാണ്. അതൊക്കെ ഇവിടത്തെ പോലീസ് അന്വേഷിച്ച് മണിക്കൂറുകൾക്കകം അറസ്റ്റ് ചെയ്ത് അകത്താക്കിയെന്ന് അറിയാത്തവരല്ല ഇവിടെയിരിക്കുന്ന പ്രതിപക്ഷം. പക്ഷേ, നിർഭാഗ്യകരമെന്ന് പറയട്ടെ, ഇന്ന് രാവിലെ ഈ വിഷയങ്ങളുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുമ്പോഴും ആ പോലീസിനെ ഒന്ന് അഭിനന്ദിച്ചില്ലെന്ന് മാത്രമല്ല എല്ലാ തലങ്ങളിലും കുറ്റപ്പെടുത്താനാണ് പ്രതിപക്ഷം ശ്രമിക്കുന്നതെന്നത് വളരെ മോശമാണ്. പ്രതിപക്ഷത്തിരിക്കുന്ന ആളുകൾക്ക് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ തുടർച്ചയിൽ വലിയ പതർച്ചയാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് തുടർച്ചയായി അധികാരത്തിലേയ്ക്ക് വന്നത് ഏതെങ്കിലുമൊരു സഹതാപ തരംഗത്തിന്റെ പേരിലല്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത് 2021-

ലെ നിയമസഭാ തെരഞ്ഞെടുപ്പിലാണ്. എൽ.ഡി.എഫ്. കേരളത്തിലെ ജനങ്ങളോട് രാഷ്ട്രീയം പറഞ്ഞു. കഴിഞ്ഞ 2016 മുതൽ 2021 വരെ കേരളം ഭരിച്ച സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് നടത്തിയ വികസന ക്ഷേമ പ്രവർത്തനങ്ങൾ അക്കമിട്ട് ജനങ്ങളോട് പറഞ്ഞാണ് എൽ.ഡി.എഫ്. ഗവൺമെന്റിനെ ചരിത്രത്തിലാദ്യമായി രണ്ടാമതും അധികാരത്തിലേറ്റിയത്. കഴിഞ്ഞ ഗവൺമെന്റിന് നേതൃത്വം കൊടുത്ത മന്ത്രിമാർ ഏതെങ്കിലും സഹതാപതരംഗത്തിൽ കിട്ടിയ വോട്ടിലല്ല ജയിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിജയിച്ചത് 50234 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ്. ശ്രീമതി ശൈലജ ടീച്ചർ ജയിച്ചത് 61,000-ൽപ്പരം വോട്ടിന്റെ ഭൂരിപക്ഷത്തിലാണ്. തോൽക്കുമെന്ന് സർവ്വേ നടത്തി ഭൂരിപക്ഷത്തിൽ വിജയിച്ച ആളാണ് എന്റെ മുന്നിലിരിക്കുന്ന പ്രിയപ്പെട്ട എം. എം. മണിയാശാൻ. അദ്ദേഹം 40000-ലധികം വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് വിജയിച്ചത്. പുതിയതായി മത്സരിച്ച ഇടതുപക്ഷത്തിലെ യുവതുർക്കികളുടെ ഓരോരുത്തരുടെയും വോട്ട് എത്രയായിരുന്നു? എസ്.എഫ്.ഐ.-യിലും ഡി.വൈ.എഫ്.ഐ.-യിലും പ്രവർത്തനരംഗത്തുള്ള

സർവ്വശ്രീ എം. എസ്. അരുൺ കുമാർ, കെ. എം. സച്ചിൻദേവ്, എം. വിജിൻ, കെ. പ്രേംകുമാർ, പി. പി. സുമോദ്, ലിന്റോ ജോസഫ് എന്നിവർ വിജയിച്ചതും ഈ പറഞ്ഞ മഹാഭൂരിപക്ഷത്തിന്റെ വോട്ടിൽത്തന്നെയാണ്. 25000 മുതൽ 45000-ലധികം വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് ഇവരൊക്കെ വിജയിച്ചത്. 53 വർഷം ഒരേ മണ്ഡലത്തിൽനിന്ന് വിജയിച്ച് കേരളത്തിന്റെ എം.എൽ.എ. ആയിരുന്ന ഉമ്മൻചാണ്ടി പന്ത്രണ്ടാമതും തെരഞ്ഞെടുപ്പിൽ പുതുപ്പള്ളിയിൽനിന്ന് വിജയിച്ചു. ഉമ്മൻചാണ്ടി സാറിന്റെ മരണം വിതച്ച ദുഃഖവും വേർപാടിന്റെ വേദനയും വിലാപയാത്രയിലുണ്ടായ ഓളവും മാറുന്നതിനുമുമ്പ് പുതുപ്പള്ളിയിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ ശ്രീ. ചാണ്ടി ഉമ്മൻ വിജയിച്ചു. അതിനെ എൽ.ഡി.എഫ്. അംഗീകരിച്ചു. എന്നാൽ പ്രതിപക്ഷത്തോട് ചോദിക്കുകയാണ്, മഹാഭൂരിപക്ഷമുള്ള ഉമ്മൻ ചാണ്ടിയെക്കാൾ കൂടുതൽ ഭൂരിപക്ഷത്തിലാണ് ശ്രീ. ചാണ്ടി ഉമ്മൻ വിജയിച്ചത്. ഉമ്മൻ ചാണ്ടിയെക്കാൾ രാഷ്ട്രീയ പ്രവർത്തനത്തിന്റെ മികവുകൊണ്ടാണോ ശ്രീ. ചാണ്ടി ഉമ്മൻ വിജയിച്ചത്? പുതുപ്പള്ളിയിലുണ്ടാക്കിയ സഹതാപതരംഗത്തിന്റെ ഒറ്റകാരണംകൊണ്ടാണ്

ഇത്രയേറെ ഭൂരിപക്ഷത്തിൽ വിജയിച്ചത്. നിങ്ങൾ പലപ്പോഴും അങ്ങനെയാണ് വിജയിക്കാറുള്ളത്. ജോർജ് ഈഡന്റെ മരണശേഷമാണ് ശ്രീ. ഹൈബി ഈഡൻ ഇവിടെ വിജയിച്ചത്. ടി. എം. ജേക്കബ് മരണപ്പെട്ടപ്പോഴാണ് ശ്രീ. അനൂപ് ജേക്കബ് വിജയിച്ചത്. ജി. കാർത്തികേയൻ മരണപ്പെട്ടപ്പോഴാണ് ശ്രീ. കെ. എസ്. ശബരീനാഥൻ നിയമസഭയിലെത്തിയത്. പി. ടി. തോമസ് മരണപ്പെട്ടപ്പോഴാണ് ശ്രീമതി ഉമ തോമസ് നിയമസഭാ സാമാജികയായി എത്തിച്ചേരുന്നത്. ഉമ്മൻ ചാണ്ടി മരണപ്പെട്ടപ്പോഴാണ് ശ്രീ. ചാണ്ടി ഉമ്മനും ഇവിടെ നിയമസഭാംഗമായത്. പക്ഷേ, മൂന്നാം ഊഴത്തിൽ അരുവിക്കരയിൽ കാലിടറി വീണ ശ്രീ. കെ. എസ്. ശബരീനാഥനെക്കുറിച്ച് നിങ്ങൾ ഒന്ന് ഓർക്കുന്നത് നന്നായിരിക്കും. നിങ്ങൾക്ക് എപ്പോഴും സഹതാപം കിട്ടണമെന്നില്ല. ഹിമാചൽ പ്രദേശിലെ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ കേരളത്തിലെ കോൺഗ്രസ്സിന് അഹങ്കാരത്തിന്റെ കാലാണ് മുളച്ചത്. എന്നാൽ പുതുപ്പള്ളിയിലെ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ അവർക്ക് അഹങ്കാരത്തിന്റെ നാവാണ് മുളച്ചത്. എന്തെല്ലാം കാര്യങ്ങളാണ് അവർ പറയുന്നത്; മുഖ്യമന്ത്രിയെയും

അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെയും കുറിച്ച് ഇനി അധിക്ഷേപിക്കാത്ത വാക്കുകളുണ്ടോ; അധിക്ഷേപ സ്വരം കൊണ്ടല്ലേ അവർ ആക്രമിക്കുന്നത്? അഹങ്കാരത്തിന്റെ ആൾരൂപമായി മാറിയ കേരളത്തിലെ കോൺഗ്രസ്സിനെ ഒരുകാര്യം ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഇന്ത്യയിൽ അഹങ്കാരത്തിന് ഒരു രൂപമുണ്ടായിരുന്നു. ഇന്ത്യ എന്നാൽ ഇന്ദിര എന്ന് അഹങ്കരിച്ചിരുന്നവരാണ് നിങ്ങൾ. അടിയന്തരാവസ്ഥ കഴിഞ്ഞതിനുശേഷം നടന്ന തെരഞ്ഞെടുപ്പിൽ ഈ ഇന്ത്യയിൽതന്നെയാണ് ഇന്ദിര വട്ടപൂജ്യത്തിലായെന്നത് ഓർമ്മപ്പെടുത്തുകയാണ്.

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. സി.ബി.ഐ. റിപ്പോർട്ടിലെ പരാമർശമെന്ന നിലയിൽ റൂൾ 50 പ്രകാരമുള്ള പ്രമേയം ഇന്നലെ ചർച്ച ചെയ്യപ്പെട്ടു. മുഖ്യമന്ത്രിയെ പ്രത്യേകിച്ച് സി.പി.ഐ.(എം.)-നെ ആക്രമിക്കാനുള്ള അടിയന്തര പ്രമേയമായാണ് അവർ ഇതുകൊണ്ടുവന്നത്. പക്ഷേ ബൂമറാംഗ് പോലെ തിരിച്ചടിയേറ്റതിന് ഈ സഭ സാക്ഷ്യം വഹിച്ചില്ലേ; 'പവനായി ശവമായി'

എന്നുപറഞ്ഞതുപോലെയല്ലേ അത് പോയത്; അതുമാത്രമല്ല, ആ അടിയന്തരപ്രമേയത്തിന്മേൽ മറുപടി പറയുമ്പോൾ അത് കേൾക്കാനുള്ള മനസ്സെങ്കിലും പ്രമേയാവതാരകൻ കാണിക്കണ്ടേ; എവിടെപ്പോയി; കണ്ടതേയില്ലല്ലോ? ജനങ്ങൾ ബഹുമാനിക്കുന്ന ഉമ്മൻ ചാണ്ടിയുടെ മരണത്തെപ്പോലും ഈ സർക്കാരിനെ അടിക്കാനുള്ള വടിയാക്കി മാറ്റുന്ന ഇത്രയും നാണംകെട്ട അവസ്ഥയിലേയ്ക്ക് യു.ഡി.എഫ്. താഴരുത് എന്നൊരു അഭ്യർത്ഥനയാണുള്ളത്. ആ പ്രമേയത്തിന്മേൽ മറുപടി പറയുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞൊരു വാചകം ഇങ്ങനെയാണ്. “ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും അല്ലെങ്കിൽ സതീശനും വിജയനും തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. അത് മുഖ്യമന്ത്രി ആയപ്പോഴല്ല, മുഖ്യമന്ത്രി ആകുന്നതിനുമുമ്പേ”. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, ഇത് ആൾ വേറെയാണെന്ന് നിങ്ങൾ മനസ്സിലാക്കുന്നത് നല്ലതാണ്. നിങ്ങൾക്ക് അത് ഇപ്പോഴും മനസ്സിലായില്ലെങ്കിൽ ഹാ കഷ്ടം! പക്ഷേ കോൺഗ്രസ്സിന്റെ ഹൈക്കമാൻഡിന് കേരളത്തിന്റെ മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ ആരാണെന്ന് നല്ലതുപോലെ മനസ്സിലായിട്ടുണ്ട്. അതുകൊണ്ടാണ് 01-09-

2023-ന് 'The Power of India' എന്ന പേരിൽ 'The Voice of India is India' എന്ന തലക്കെട്ടോടെ സഖാവ് പിണറായി വിജയൻ ഉൾപ്പെടെ പതിനൊന്ന് മുഖ്യമന്ത്രിമാരുടെ പോസ്റ്റർ പ്രസിദ്ധീകരിച്ചത്. വർഗ്ഗീയതയ്ക്കും കോർപ്പറേറ്റുകൾക്കുമെതിരെ സന്ധിയില്ലാത്ത പോരാട്ടങ്ങൾക്ക് നേതൃത്വം നൽകുന്ന കേരളത്തിന്റെ മുഖ്യമന്ത്രി സഖാവ് പിണറായി വിജയനെ അഴിമതിയുടെ പുകമറ സൃഷ്ടിച്ച് തകർക്കാമെന്ന് ആരും മോഹിക്കേണ്ട. ഈ ഗവൺമെന്റ് തുടർ ഗവൺമെന്റാണ്. അതുകൊണ്ട് ബാലഭാസ്കരന്മാരായ കോൺഗ്രസ്സും യു.ഡി.എഫ്.-ഉം ആ മോഹം അങ്ങ് അടുപ്പിൽ വയ്ക്കുക എന്ന് മാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

തദ്ദേശസ്വയംഭരണം-എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, 2023-ലെ അബ്കാരി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച് വളരെ സമയമെടുത്ത് ഗൗരവമുള്ള ചർച്ചയാണ് ഇവിടെ നടന്നത്. മാത്രമല്ല, ചർച്ചയ്ക്ക് നേതൃത്വം നൽകിയത് ഈ സഭയിലെ ഏറ്റവും മുതിർന്നവരും അതിപ്രഗത്ഭരുമായ അംഗങ്ങളാണ്. മുൻപ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല, മുൻ എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),

പ്രായംകൊണ്ട് അത്ര മുതിർന്നവരല്ലെങ്കിലും പ്രാഗത്ഭ്യംകൊണ്ട് ഒട്ടും മോശക്കാരല്ലാത്ത ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. കെ. ബാബു (നെന്മാറ) എന്നിവരെല്ലാം വളരെ ആഴത്തിൽ ഈ ബില്ലിനെ വിലയിരുത്തുകയുണ്ടായി. അതുകൊണ്ട് അവരെല്ലാം പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ച് അൽപ്പം പറയാൻ എന്നെ അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട ചെയറിനോട് ആദ്യമേ അഭ്യർത്ഥിക്കുകയാണ്. ഈ ബില്ലിനെ സംബന്ധിച്ചും സർക്കാരിന്റെ മദ്യനയത്തെ സംബന്ധിച്ചും ശ്രീ. രമേശ് ചെന്നിത്തല വളരെ കാര്യമായി പറയുകയുണ്ടായി. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് വരാം. അദ്ദേഹം എന്നെപ്പോലെ ഒരു പാവവും നല്ല മനുഷ്യനുമാണ്. ഞങ്ങൾ രണ്ടുപേരും പാവങ്ങളും നല്ല മനുഷ്യരുമാണ്. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)-ഉം ദുഷ്ടനല്ല. അങ്ങും നല്ല മനുഷ്യൻ തന്നെയാണ്. ശ്രീ. രമേശ് ചെന്നിത്തല ഇവിടെ പറഞ്ഞ ഒരു കാര്യം ശരിയാണ്. ഞാൻ ഈ ചുമതല ഏറ്റെടുക്കുന്ന സമയത്ത് ഈ വകുപ്പ് ഏറ്റെടുക്കരുതെന്ന ഒരു ഉപദേശം എനിക്ക് നൽകിയിരുന്നുവെന്നത് ശരിയാണ്. അദ്ദേഹം നല്ല മനുഷ്യനായതുകൊണ്ടും എന്നോടുള്ള സ്നേഹവും കരുതലുംകൊണ്ടുമാണ് ആ ഉപദേശം എനിക്ക്

നൽകിയത്. ഞാൻ ആ സമയത്ത് ഇടതുപക്ഷവും വലതുപക്ഷവും തമ്മിലുള്ള വ്യത്യാസങ്ങളെക്കുറിച്ചാണ് പറഞ്ഞത്. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അങ്ങോട്ട് ആവശ്യപ്പെട്ടിട്ടും ശ്രീ. രമേശ് ചെന്നിത്തലയും ഉമ്മൻ ചാണ്ടിയും അനുവദിച്ചില്ലെന്ന് ശ്രീ. രമേശ് ചെന്നിത്തല തന്നെ പറഞ്ഞു. അതിനെക്കാൾ കരുതൽ അദ്ദേഹം എന്നോട് കാണിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ഈ ചുമതല ഏറ്റെടുക്കരുതെന്ന് അദ്ദേഹം എന്നെ അന്ന് ഉപദേശിച്ചത്. ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. എൻ. ഷംസുദ്ദീനും ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)-ഉം പറഞ്ഞതിന്റെ രത്നചുരുക്കം ഈ ഭേദഗതി അനാവശ്യവും അനുചിതവുമാണെന്നാണ്. മദ്യം, ലഹരി വസ്തുക്കൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിധത്തിലുള്ള പരസ്യങ്ങൾ നൽകുന്നതിനെതിരെ അബ്കാരി ആക്ടിലെ വകുപ്പ് 55 എച്ച് പ്രകാരമുണ്ടായിരുന്ന ശിക്ഷ 6 മാസം തടവും 25,000 രൂപ പിഴയുമാണ്. വകുപ്പ് 55 ഐ, മുന്നറിയിപ്പില്ലാതെ മദ്യ ഉപയോഗത്തിന്റെ പരസ്യം കാണിക്കുന്നതിനുള്ള ശിക്ഷ സംബന്ധിച്ചുള്ളതാണ്. ഒന്നാമത്തേത്, പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പരസ്യം നൽകുന്നതിനും രണ്ടാമത്തേത്,

മുന്നറിയിപ്പില്ലാതെ പരസ്യം നൽകുന്നതിനുമുള്ള ശിക്ഷയാണ്. അതായത്, ആറ് മാസം തടവും 10,000 രൂപ പിഴയും. ഭേദഗതി ബില്ലിലൂടെ പിഴത്തുക ഉയർത്തുകയാണ് യഥാർത്ഥത്തിൽ ഈ സർക്കാർ ചെയ്തിട്ടുള്ളത്. അബ്കാരി നിയമത്തിൽ നിലവിലുള്ള ഏറ്റവും ഉയർന്ന പിഴയുടെ ഇരട്ടി പിഴയായിട്ടാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. അതായത്, 50,000 രൂപയായി പിഴ വർദ്ധിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. അബ്കാരി ആക്ടിലെ വകുപ്പ് 67 എ-ലാണ് കോമ്പൗണ്ടബിൾ ഒഫൻസസിന്റെ ലിസ്റ്റുള്ളത്. നിലവിൽ ഇതുരണ്ടും കോമ്പൗണ്ടബിൾ ഒഫൻസസിന്റെ ലിസ്റ്റിൽ ഇല്ലാത്തതുകൊണ്ട് അത് ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ഈ രണ്ട് വ്യവസ്ഥകളെയും അങ്ങേയറ്റം ദുർബലപ്പെടുത്തുകയാണ് ചെയ്യുന്നതെന്നാണ് ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞത്. സമാനമായ വാദങ്ങളാണ് മറ്റ് രണ്ട് പ്രതിപക്ഷാംഗങ്ങളും ഉയർത്തിയത്. ഒരു വസ്തുത ഈ ബിൽ ചർച്ച ചെയ്യുന്ന സമയത്ത് ഞാൻ ചൂണ്ടിക്കാണിച്ചിരുന്നത് ഇപ്പോൾ ആവർത്തിക്കുകയാണ്. ഈ വ്യവസ്ഥയനുസരിച്ച് ഇന്നുവരെ ഒരാളെപ്പോലും ശിക്ഷിച്ചിട്ടില്ല. ഒരാളെപ്പോലും ഇന്നുവരെ ശിക്ഷിച്ചിട്ടില്ലാത്ത, ഫലത്തിൽ

പ്രവർത്തനക്ഷമമല്ലാത്ത രണ്ട് വ്യവസ്ഥകൾ കോമ്പൗണ്ടബിൾ ഒഫൻസാക്കി മാറ്റുക മാത്രമാണ് സർക്കാർ ചെയ്തിട്ടുള്ളത്. വിമർശനങ്ങൾ കേട്ടാൽ തോന്നുന്നത് നൂറ് കണക്കിനാളുകൾ ശിക്ഷിക്കപ്പെടാൻ ഇടയാക്കിയിട്ടുള്ള രണ്ട് വ്യവസ്ഥകളാണെന്നാണ്. എന്നാൽ അങ്ങനെയല്ല. ഇപ്പോൾ ഒരു വ്യവസ്ഥയിന്മേൽ പിഴ സംഖ്യ ഇരട്ടിയും മറ്റൊന്നിൽ അഞ്ച് ഇരട്ടിയുമാക്കുകയാണ് ചെയ്യുന്നത്. ഡിക്രിമിനലൈസ് ചെയ്യുന്നതിന്റെ പശ്ചാത്തലം Ease of doing business-ന്റെ ഭാഗമായിട്ടാണെന്ന് ബഹുമാന്യനായ രമേശ് ചെന്നിത്തല ചൂണ്ടിക്കാണിച്ചു. അത് മൻമോഹൻ സിംഗ് സർക്കാരിന്റെ കാലത്ത് തുടങ്ങിയതാണെന്ന് അദ്ദേഹത്തിന് നന്നായി അറിയാം. Ease of doing business-ന്റെ ഭാഗമായി പല കുറ്റകൃത്യങ്ങളും ഡിക്രിമിനലൈസ് ചെയ്യുന്നതിനുവേണ്ടിയുള്ള നീക്കങ്ങളാണ് നടത്തുന്നത്. ഗവൺമെന്റ് ഓഫ് ഇന്ത്യ കഴിഞ്ഞ കുറെക്കാലമായി അത് തുടർന്നുവരികയുമാണ്. കേന്ദ്ര കാബിനറ്റ് സെക്രട്ടറി കേരള ചീഫ് സെക്രട്ടറിക്ക് 02-05-2022-ന് അയച്ച കത്തിൽ നിയമങ്ങൾ ഡിക്രിമിനലൈസ് ചെയ്യുന്നതിന്റെ ആവശ്യകതയെക്കുറിച്ച് പറയുന്നുണ്ട്.

കഴിഞ്ഞ ചർച്ചയിൽ ഇത് ചൂണ്ടിക്കാണിച്ചിരുന്നു. ഇന്ത്യയിൽ ഏതാണ്ട് ഇരുപത്തിനാലായിരത്തിലധികം നിയമങ്ങൾ കേന്ദ്ര സർക്കാരും വിവിധ സംസ്ഥാന സർക്കാരുകളും ease of doing business-ന്റെ ഭാഗമായി ഡിക്രിമിനലൈസ് ചെയ്തിട്ടുണ്ട്. കേരളത്തിലെ അബ്കാരി ആക്ടിലെ ഈ രണ്ട് വ്യവസ്ഥകൾ മാത്രമല്ല ഡിക്രിമിനലൈസ് ചെയ്തിട്ടുള്ളത്. അതുപോലെ വ്യവസായ വകുപ്പ് നിയോഗിച്ച ഡോ. സണ്ണി കമ്മിറ്റിയുടെയും ശിപാർശയാണ് ഡിക്രിമിനലൈസേഷനെന്നുള്ളത്. രാജ്യത്താകെ പിന്തുടർന്നുവരുന്ന ഒരുകാര്യം ഇവിടെയും നടപ്പാക്കുന്നുവെന്നുമാത്രമാണ് അതുസംബന്ധിച്ച് പറയാനുള്ളത്. ഇതിന്റെ ഭാഗമായി ഉയർന്നുവന്ന ചർച്ചയിൽ മദ്യത്തിന്റെ ലഭ്യത എല്ലായിടത്തും ഉറപ്പാക്കുന്നുവെന്ന് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)-ഉം 'മദ്യപ്രളയം സൃഷ്ടിക്കുന്നുവെന്ന്' ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. എൻ. ഷംസുദ്ദീനും പറയുകയുണ്ടായി. ഈ വസ്തുതകൾ കഴിഞ്ഞ ചർച്ചയിൽ പറഞ്ഞതാണ്. ആവർത്തിച്ച് സഭയിൽ ഉന്നയിക്കുന്നതുകൊണ്ട് അത് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. എൽ.ഡി.എഫ്. സർക്കാർ വന്നതിനുശേഷം മദ്യപ്രളയം സൃഷ്ടിക്കുന്നു,

മദ്യത്തിന്റെ ലഭ്യത കൂട്ടുന്നു, ഉപഭോഗം കൂടുന്നു എന്നൊക്കെയാണ് പ്രചരണം നടക്കുന്നത്. ഇതെല്ലാം വസ്തുതാവിരുദ്ധമായ കാര്യങ്ങളാണ്. രാഷ്ട്രീയമായി എൽ.ഡി.എഫ്.-നോട് വിരോധവും എതിർപ്പുമുണ്ടാകാം. അതിലൊന്നും തെറ്റില്ല. എന്നാൽ ആ എതിർപ്പിന്റെ പേരിൽ കേരളമാണ് ലഹരിയുടെ കാര്യത്തിൽ ഏറ്റവും മോശം സംസ്ഥാനമെന്ന് സ്ഥാപിക്കാമോ? വസ്തുതാവിരുദ്ധമായ ഒരു കാര്യം ബഹുമാന്യനായ മുൻ പ്രതിപക്ഷ നേതാവിനെപ്പോലുള്ള ആളുകൾ സ്ഥാപിക്കുന്നത് ഉചിതമാണോ; അത് കേരളത്തെയാകെ അടച്ചാക്ഷേപിക്കുന്നതിന് തുല്യമല്ലേ? ഞാൻ കണക്കുകൾ പറയാം. മദ്യ ഉപഭോഗത്തിന്റെ കാര്യത്തിൽ ദേശീയ ശരാശരി 14.6 ശതമാനമാണ്. എന്നാൽ കേരളത്തിൽ അത് 12.4 ശതമാനമാണ്. അതായത് ദേശീയ ശരാശരിയെക്കാൾ കുറവ്. ഏറ്റവും കൂടുതൽ മദ്യ ഉപഭോഗമുള്ള സംസ്ഥാനം അരുണാചൽ പ്രദേശാണെന്ന് നാഷണൽ ഫാമിലി ഹെൽത്ത് സർവ്വേയുടെ ഏറ്റവും പുതിയ കണക്കിൽ സൂചിപ്പിക്കുന്നുണ്ട്. കോൺഗ്രസ് ഭരിക്കുന്ന ഛത്തീസ്ഗഢിൽ മദ്യ ഉപഭോഗം 35.6 ശതമാനമാണ്. അവിടെ മദ്യ പ്രളയം സൃഷ്ടിച്ചതുകൊണ്ടാണോ ഉപഭോഗം 35 ശതമാനത്തിൽ

കൂടുതലായത്. കേരളത്തിന്റെ രണ്ടിരട്ടിയാണ് ഛത്തീസ്ഗഢിലെ മദ്യ ഉപഭോഗം. ത്രിപുരയിൽ 34.7 ശതമാനവും പഞ്ചാബിൽ 28.5 ശതമാനവുമാണ്. മദ്യ ഉപഭോഗത്തിൽ കേരളം ദേശീയ ശരാശരിയിലും താഴെയാണെന്ന വസ്തുത നിലനിൽക്കെ പുറത്ത് അതിന് വിപരീതമായ പ്രചരണങ്ങളാണ് നടക്കുന്നത്. ആ വിപരീത പ്രചരണത്തിന് സഭാതലംകൂടി ദുരുപയോഗിക്കാൻ പാടില്ല. കേരളത്തിലാകെ മദ്യം ഒഴുകിക്കൊണ്ടിരിക്കുകയാണെന്നല്ലേ നിങ്ങൾ പറയുന്നത്? എന്നാൽ അങ്ങനെയല്ല. ഇക്കാര്യങ്ങൾ മാഗ്നിറ്റ്യൂഡ് ഓഫ് സബ്സ്റ്റൻസ് യൂസ് ഇൻ ഇന്ത്യ എന്ന ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ റിപ്പോർട്ടിലാണുള്ളത്. അതുപോലെ മയക്കുമരുന്നിന്റെ കാര്യത്തിലും സമാനമായ സ്ഥിതിവിശേഷമാണുള്ളത്. ഭീതിജനകമായ അന്തരീക്ഷമുണ്ടാക്കരുത്. കേരളത്തിൽ മയക്കുമരുന്നിന്റെ ഉപയോഗം കൂടുന്നുണ്ടെന്നത് നമ്മൾ ഗൗരവത്തോടെ കാണുന്നുണ്ട്. ഇന്ത്യയിൽ മറ്റൊരു സംസ്ഥാന സർക്കാരും ആവിഷ്ക്കരിക്കാത്ത തരത്തിൽ മയക്കുമരുന്നിനെതിരെ വിപുലമായ ജനകീയ പ്രചാരണം ഇവിടെ നടത്തുകയുണ്ടായി. മയക്കുമരുന്ന് ഉപഭോഗത്തിന്റെ

ദേശീയ ശരാശരി 1.2 ശതമാനമാണ്. കേരളത്തിൽ ഇത് 0.1 ശതമാനമാണ്. കഞ്ചാവിന്റെയും സിന്തറ്റിക്ക് ഡ്രഗ്സിന്റെയും ഉപയോഗത്തിന്റെ കാര്യത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ കേരളം അവസാനത്തെ മൂന്നാം സ്ഥാനത്താണ്. തെറ്റായ ചിത്രമുണ്ടാക്കാൻ ശ്രമിക്കുന്നതുകൊണ്ടാണ് ഞാൻ ഇക്കാര്യം പറഞ്ഞത്. മദ്യത്തിന്റെ ലഭ്യത എൽ.ഡി.എഫ്. കൂട്ടുകയല്ല ചെയ്തത്. കണക്കുകൾ നമ്മുടെ മുമ്പിലുണ്ട്. 2012-13-ൽ കേരളത്തിൽ വിറ്റത് 244.33 ലക്ഷം കെയ്സ് വിദേശ മദ്യമാണ്. അന്ന് എക്സൈസ് വകുപ്പുമന്ത്രിയായിരുന്നത് ബഹുമാന്യനായ കെ. ബാബു (തൃപ്പൂണിത്തുറ) ആണ്. മദ്യത്തിന്റെ ലഭ്യത എല്ലായിടത്തും ഉറപ്പുവരുത്തുന്നുവെന്ന് വിമർശിക്കുന്ന ബഹുമാന്യനായ കെ. ബാബു (തൃപ്പൂണിത്തുറ) എക്സൈസ് വകുപ്പുമന്ത്രിയായിരുന്ന യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് 244.33 ലക്ഷം കെയ്സ് വിദേശ മദ്യം വിറ്റിട്ടുള്ളത്. 2022-23-ലെ ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് കേരളത്തിൽ വിറ്റത് 224.34 ലക്ഷം കെയ്സ് വിദേശ മദ്യം മാത്രമാണ്. അതായത് 179.91 ലക്ഷം ലിറ്ററിന്റെ അല്ലെങ്കിൽ 19.99 ലക്ഷം കെയ്സിന്റെ കുറവ് മദ്യമാണ് വിറ്റത്. ഇത് ഔദ്യോഗിക

കണക്കുകളാണ്. ശ്രീ. എം. വിൻസെന്റ് ഈ കണക്ക് നേരത്തെ ഇവിടെ ചോദിച്ചിരുന്നു. 10 വർഷം കൊണ്ട് മദ്യത്തിന്റെ വിൽപനയിൽ കേരളത്തിലുണ്ടായിട്ടുള്ള കുറവ് 8.1 ശതമാനമാണ്. ഈ 10 വർഷത്തിൽ ഏഴ് വർഷവും നിങ്ങൾ ആരോപിക്കുന്ന എൽ.ഡി.എഫ്. സർക്കാരാണ് അധികാരത്തിലിരുന്നത്. മദ്യ ഉപഭോഗമോ മദ്യ ലഭ്യതയോ വർദ്ധിപ്പിക്കുകയല്ല ചെയ്തതെന്നാണ് ഈ കണക്കുകൾ വ്യക്തമാക്കുന്നത്. ഒരു കണക്കുകൂടി പറയാം. 2011-2016 വരെ യു.ഡി.എഫ്. ആണ് കേരളം ഭരിച്ചിരുന്നത്. ആ കാലയളവിലെ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വിൽപന കേരളത്തിൽ 1149 ലക്ഷം കെയ്സാണ്. എന്നാൽ ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ വിൽപ്പന 1036 ലക്ഷം കെയ്സ് മാത്രമാണ്. 112 ലക്ഷം കെയ്സിന്റെ, അതായത് 9.79 ശതമാനത്തിന്റെ കുറവ് വിൽപനയാണ് നടന്നത്. പിന്നെ എങ്ങനെയാണ് മദ്യപ്രളയം സൃഷ്ടിക്കുന്നുവെന്നും മദ്യത്തിന്റെ ലഭ്യത എല്ലായിടത്തുമുണ്ടാക്കുന്നുവെന്നും പറയുന്നത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇന്ത്യയിലെ ജനസംഖ്യയുടെ മൂന്ന് ശതമാനമാണ് കേരളത്തിലുള്ളത്. ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ 14 ശതമാനം കേരളത്തിലാണ് ഉപയോഗിക്കുന്നത്. അങ്ങ് പറഞ്ഞ കണക്കിൽനിന്ന് തികച്ചും വ്യത്യസ്തമാണിത്. അങ്ങേയ്ക്ക് എവിടെനിന്നാണ് ഈ കണക്ക് ലഭിച്ചതെന്ന് എനിക്കറിയില്ല. മദ്യത്തിന്റെ ഉപയോഗം കുറയുന്നുവെന്ന് പറയരുത്.

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ഞാൻ പറഞ്ഞ കണക്കുകളുടെ സ്രോതസ്സ് മാഗ്നിറ്റ്യൂഡ് ഓഫ് സബ്സ്റ്റൻസ് യൂസ് ഇൻ ഇന്ത്യ, ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ റിപ്പോർട്ടാണെന്ന് നേരത്തെ സൂചിപ്പിച്ചതാണ്. അങ്ങയുടെ സ്രോതസ്സ് ഏതാണെന്ന് അല്ലെങ്കിൽ ഏത് രേഖയാണ് ആധാരമാക്കുന്നതെന്ന് പറഞ്ഞാൽ മതി. രണ്ടാമത്തെ കാര്യം, ഇന്ത്യയിൽ ആകെയുള്ള മദ്യത്തിന്റെ 14 ശതമാനം കേരളത്തിൽ ഉപയോഗിക്കുന്നുവെന്നല്ല പറഞ്ഞത്, കേരളത്തിലെ ജനസംഖ്യയിൽ 12.4 ശതമാനം ആളുകളും ഇന്ത്യയിലെ ആകെ ജനസംഖ്യയിൽ 14 ശതമാനത്തിലധികം ആളുകളും മദ്യം ഉപയോഗിക്കുന്നുണ്ട്. ദേശീയ

ശരാശരിയെക്കാൾ കുറവാണ് കേരളത്തിലെ മദ്യ ഉപയോഗമെന്നതാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. ഔട്ട്ലെറ്റുകളുടെയും ബാറുകളുടെയുമൊക്കെ കാര്യമാണ് മറ്റൊരു ആക്ഷേപമായി ഉന്നയിച്ചത്. നമുക്ക് ഔട്ട്ലെറ്റുകളുടെ കാര്യമെടുക്കാം. ബെവ്കോയുടെയും കൺസ്യൂമർ ഫെഡിന്റെയും ഉൾപ്പെടെ 309 ഔട്ട്ലെറ്റുകളാണ് കേരളത്തിലുള്ളത്. തമിഴ്നാട്ടിൽ 5329-ഉം ശ്രീ. രമേശ് ചെന്നിത്തലയുടെ അടുത്ത സുഹൃത്തുക്കളായ ശ്രീ. ഡി. കെ. ശിവകുമാർ, ശ്രീ. സിദ്ധരാമയ്യ എന്നിവർ നേതൃത്വം നൽകുന്ന കോൺഗ്രസ് ഗവൺമെന്റ് ഭരിക്കുന്ന കർണ്ണാടകയിൽ 3980-ഉം ഔട്ട്ലെറ്റുകളാണുള്ളത്. ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞതുപോലെ നമുക്ക് ജനസംഖ്യാനുപാതികമായി പരിശോധിക്കാം. കേരളത്തിൽ ഒരു ലക്ഷം പേർക്ക് ഒരു ഔട്ട്ലെറ്റെന്ന നിലയാണുള്ളത്. തമിഴ്നാട്ടിൽ പതിമൂവായിരം പേർക്ക് ഒരു ഔട്ട്ലെറ്റാണുള്ളത്. കോൺഗ്രസ് ഭരിക്കുന്ന കർണ്ണാടകയിൽ പതിനേഴായിരം പേർക്ക് ഒരു ഔട്ട്ലെറ്റാണുള്ളത്. ബഹുമാന്യനായ മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഇപ്പോൾ പ്രവർത്തക സമിതിയിലെ സ്ഥിരാംഗമെന്ന നിലയിലുള്ള സ്വാധീനംകൂടി ഉപയോഗിച്ച്

കർണ്ണാടകയിൽ നിലവിലുള്ള ഔട്ട്ലെറ്റുകളുടെ എണ്ണം വെട്ടിക്കുറയ്ക്കണമെന്ന് ആവശ്യപ്പെടാൻ തയ്യാറാകുമോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) എക്സൈസ് വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഔട്ട്ലെറ്റുകളുടെ എണ്ണം ഓരോ വർഷവും 20 ശതമാനം വീതം കുറച്ചുകൊണ്ടുവന്നതുകൊണ്ടാണ് ഇവിടെ കുറഞ്ഞിരിക്കുന്നത്. ഞാൻ ആവശ്യപ്പെട്ടതുപ്രകാരം ഗുരുവായൂർ അമ്പലനടയിലെ ഔട്ട്ലെറ്റാണ് ആദ്യമായി പൂട്ടിയത്. ഞങ്ങൾ കുറച്ചുകൊണ്ടുവന്നതിനെ നിങ്ങൾ കൂട്ടാനാണ് ശ്രമിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലല്ലേ 25 ശതമാനം കൂട്ടുമെന്ന് നിങ്ങൾ ഈ മദ്യനയത്തിൽ പറഞ്ഞത്?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. രമേശ് ചെന്നിത്തല സൂചിപ്പിച്ചത് യു.ഡി.എഫ്.-ന്റെ ഭരണ കാലത്ത് ഔട്ട്ലെറ്റുകളുടെ എണ്ണം കുറച്ചുവെന്നാണ്. ഏഴ് വർഷമായി കേരളത്തിൽ എൽ.ഡി.എഫ്. ആണ് ഭരിക്കുന്നത്. ഏഴ് വർഷമായിട്ടും ഔട്ട്ലെറ്റുകളുടെ എണ്ണം 309 എന്നത് പ്രതിപക്ഷത്തിന്റെ വാദങ്ങളെല്ലാം തെറ്റാണെന്ന്

സ്ഥാപിക്കുന്ന കണക്കാണ്. ഞാൻ കണക്ക് മാത്രമേ പറയുന്നുള്ളൂ. മറ്റ് ആരോപണങ്ങളൊന്നുമല്ല ഉന്നയിക്കുന്നത്. കേരളത്തിന്റെ വരുമാനം മുഴുവൻ മദ്യത്തെ ആശ്രയിച്ചാണെന്ന പ്രചരണം നിലനിൽക്കുന്നുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ആവശ്യംകൂടി പരിഗണിച്ച് അക്കാര്യവും ഞാനിവിടെ വ്യക്തമാക്കാം. വരുമാനത്തിന്റെ കാര്യം പരിശോധിച്ചാൽ സംസ്ഥാന ആഭ്യന്തര ഉൽപാദനത്തിന്റെ 0.3 ശതമാനമാണ് എക്സൈസ് വരുമാനം. ബി.ജെ.പി. ഭരിക്കുന്ന ഉത്തർപ്രദേശിൽ 2.4 ശതമാനമാണ്. കോൺഗ്രസ് ഭരിക്കുന്ന കർണ്ണാടകയും ആംആദ്മി ഭരിക്കുന്ന പഞ്ചാബും എക്സൈസ് വരുമാനത്തിൽ കേരളത്തെക്കാൾ മുമ്പിലാണ്. ഇന്ത്യയിൽ, മദ്യത്തിന്റെ എക്സൈസ് നികുതിയുടെ കാര്യം മാത്രം കണക്കാക്കിയാൽ കേരളം 23-ാം സ്ഥാനത്താണ്. അത് PRS (Policy Research Studies)-ന്റെ സ്റ്റേറ്റ് ബഡ്ജറ്റ് ഡോക്യുമെന്റ്സിനെ അടിസ്ഥാനമാക്കിയുള്ള കണക്കാണ്. മദ്യത്തിന് എക്സൈസ് നികുതി മാത്രമല്ല സെയിൽസ് ടാക്സുമുണ്ടെന്ന വാദം ഇതിൽ വരാം. സെയിൽസ് ടാക്സ് കൂടി കണക്കാക്കിയാലും കേരളത്തിന്റെ മൊത്തം റവന്യൂ വരുമാനത്തിന്റെ 13.4 ശതമാനമാണ് മദ്യത്തിൽനിന്നുള്ള

ആകെ വരുമാനം. ഇത് യു.ഡി.എഫ്.-ന്റെ ഭരണകാലത്ത്, അതായത് 2012-13-ൽ മദ്യത്തിൽനിന്നുള്ള റവന്യൂ വരുമാനം 18.21 ശതമാനമായിരുന്നു. അതിൽ നിന്ന് 13.4 ശതമാനമായി കേരളത്തിന്റെ റവന്യൂ വരുമാനത്തിൽ മദ്യത്തിന്റെ പങ്ക് കുറയ്ക്കുകയാണ് എൽ.ഡി.എഫ്.-ന്റെ ഭരണകാലത്ത് ചെയ്തത്. ഈ കണക്കുകളെല്ലാം ഇന്ന് കേരളത്തിൽ, നിയമസഭയ്ക്ക് അകത്തും പുറത്തുമായി നടന്നുകൊണ്ടിരിക്കുന്ന എല്ലാ വസ്തുതാവിരുദ്ധമായ പ്രചരണങ്ങളെയും തുറന്നുകാണിക്കുന്നതാണ്. ബഹുമാന്യരായിട്ടുള്ള അംഗങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ച മറ്റ് ചില കാര്യങ്ങളെക്കുറിച്ച് സൂചിപ്പിക്കാം. മയക്കുമരുന്നിന്റെ വ്യാപനത്തെക്കുറിച്ചുള്ള ആശങ്ക ഇവിടെ ഉന്നയിക്കുകയുണ്ടായി. അതുപോലെതന്നെ എൻഫോഴ്സ്മെന്റിനെക്കുറിച്ചും ചോദിച്ചു. വളരെ വിശദമായി എല്ലാ കാര്യങ്ങളിലേയ്ക്കും പോകുന്നില്ല. ഇക്കഴിഞ്ഞ ഓണക്കാലത്ത് എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ഒരു മാസം നീണ്ടുനിന്ന ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തുകയുണ്ടായി. അതിൽ 10469 കേസുകളാണ് ഒറ്റമാസംകൊണ്ട് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ 833 എണ്ണം എൻ.ഡി.പി.എസ്. കേസുകളും 1851

എണ്ണം അബ്കാരി കേസുകളുമാണ്. മയക്കുമരുന്ന് കേസുകളിൽ 841 പേരെയും അബ്കാരി കേസുകളിൽ 1479 പേരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. 3.25 കോടി രൂപ വില വരുന്ന മയക്കുമരുന്നാണ് ഓണം സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി എക്സൈസ് പിടിച്ചെടുത്തത്. Kerala Excise Mobile Intervention Unit (KEMU)-ന്റെ നേതൃത്വത്തിൽ അതിർത്തികളിലും ഇടറോഡുകളിലും വ്യാപകമായിട്ടുള്ള പരിശോധന നടത്തി സംസ്ഥാന-ജില്ലാ-താലൂക്ക് തലങ്ങളിൽ കൺട്രോൾ റൂമുകൾ പ്രവർത്തിച്ചു. ഓണം സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി 13622 റെയ്ഡുകളാണ് എക്സൈസ് വകുപ്പ് നടത്തിയത്. ഇതിനുപുറമെ, മറ്റ് വകുപ്പുകളുമായി ചേർന്ന് 942 റെയ്ഡുകൾ വേറെയും സംഘടിപ്പിച്ചു. 141976 വാഹനങ്ങൾ പരിശോധിച്ചു. മയക്കുമരുന്ന് കേസുകളിൽ 56 വാഹനങ്ങളും അബ്കാരി കേസുകളിൽ 117 വാഹനങ്ങളും കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്. ഒരു മാസത്തിനിടയിൽ 409 ഗ്രാം എം.ഡി.എം.എ., 77 ഗ്രാമിലധികം ഹെറോയ്ൻ, 9 ഗ്രാം ബ്രൗൺ ഷുഗർ, 32.6 ഗ്രാം ഹാഷിഷ് ഓയിൽ, മെത്താംഫെറ്റാമൈൻ തുടങ്ങിയ സിന്തറ്റിക് ഡ്രഗ്ഗുകൾ വലിയ തോതിൽ പിടിച്ചെടുത്തിട്ടുണ്ട്. കഞ്ചാവിന്റെയും മറ്റ്

ലഹരിവസ്തുക്കളുടെയും കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. വലിയ തോതിലുള്ള ഒരു ഓപ്പറേഷനാണ് ഓണത്തിന്റെ ഭാഗമായി മുൻകൂട്ടി തയ്യാറെടുത്ത് എക്സൈസ് വകുപ്പ് നടത്തിയത്. അതുകൊണ്ടുകൂടിയാണ് ഈ ഓണക്കാലത്ത് കാര്യമായ പ്രശ്നങ്ങളുണ്ടാകാതെ നോക്കാൻ നമുക്ക് കഴിഞ്ഞത്. ലഹരി കടത്തുമായി ബന്ധപ്പെട്ട് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഇവിടെ ഉന്നയിച്ചത്. ഇതിന്റെ വേരുകൾ തേടിപ്പോകാൻ കഴിയുന്നുണ്ടോ എന്നതായിരുന്നു ചോദ്യം. ഇതുവരെ എവിടെയും പറഞ്ഞിട്ടില്ലാത്ത ഒരു കാര്യം ഈ സഭയെ അറിയിക്കാൻ അതിയായ സന്തോഷമുണ്ട്. മഞ്ചേരി എക്സൈസ് റെയ്ഞ്ച് ഓഫീസിലെ എൻ.ഡി.പി.എസ്. ക്രൈമിൽ ക്രൈം നമ്പർ 6/2023-ലെ അന്വേഷണത്തിന്റെ ഭാഗമായി അറസ്റ്റ് ചെയ്ത പ്രതികളെ ചോദ്യം ചെയ്തതിൽനിന്ന് 500 ഗ്രാം മെത്താംഫെറ്റാമൈൻ ആൻഡമാൻ നിക്കോബാർ ദ്വീപിൽനിന്നും കൊണ്ടുവന്നതാണെന്നും കൂടുതൽ മയക്കുമരുന്നുകൾ അവിടെ ഒളിപ്പിച്ചിട്ടുണ്ടെന്നും വിവരം ലഭിച്ചു. കേരള എക്സൈസ് വകുപ്പ് അറസ്റ്റ് ചെയ്ത പ്രതികളെ ചോദ്യം ചെയ്തപ്പോഴാണ് പ്രസ്തുത വിവരം ലഭിച്ചത്. അതിന്റെ

അടിസ്ഥാനത്തിൽ എക്സൈസ് പ്രിവന്റീവ് ഓഫീസർ, എക്സൈസ് ഇൻസ്പെക്ടർ എന്നിവരെ ആൻഡമാനിലേയ്ക്ക് സർക്കാർ അയയ്ക്കുകയുണ്ടായി. കസ്റ്റംസിനെയും വിവരം അറിയിച്ചു. ആൻഡമാനിലെ പോലീസിന്റെയും ഉദ്യോഗസ്ഥരുടെയും സഹായവും ലഭ്യമായിരുന്നു. അതിന്റെ ഫലമായി അവിടെ ഒരു ബങ്കറിൽ ഒളിപ്പിച്ചിരുന്ന 50 കിലോഗ്രാം മെത്താംഫെറ്റാമൈൻ കണ്ടെടുത്തു. അതിന് അന്താരാഷ്ട്ര മാർക്കറ്റിൽ 50 കോടി രൂപയാണ് വില കണക്കാക്കിയിട്ടുള്ളത്. ബങ്കറിനുള്ളിൽ ഒളിപ്പിച്ചത് പുറത്തുകൊണ്ടുവരികയെന്നത് വളരെയധികം പ്രയാസകരമായിരുന്നു. അതുകൊണ്ട് അതിനുള്ളിൽ വച്ചുതന്നെ നശിപ്പിക്കുകയാണുണ്ടായത്. തുടർന്ന് നാം നടത്തിയ ഇടപെടലിന്റെ അടിസ്ഥാനത്തിൽ ഏകദേശം 2.3 കിലോഗ്രാം മെത്താംഫെറ്റാമൈൻ അവിടെ സറണ്ടർ ചെയ്യുകയും ചെയ്തു. അറസ്റ്റ് ചെയ്ത പ്രതികളിൽനിന്ന് കിട്ടിയ വിവരം പിന്തുടർന്നാണ് ആൻഡമാൻ വരെ പോയത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യത്തിൽ സാധ്യമായ ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. കേരള എക്സൈസ് വകുപ്പിന്, കേരളത്തിന്റെ അതിർത്തിക്ക് പുറത്ത്

അന്വേഷിക്കുന്നതിന് പരിമിതിയുണ്ട്. ആ പരിമിതിക്കകത്ത് നിന്നുകൊണ്ട് മറ്റ് അന്വേഷണ ഏജൻസികളെക്കൂടി വിവരം അറിയിച്ച് നമുക്ക് കിട്ടുന്ന വിവരങ്ങൾ കൈമാറിയാണ് ഇത്തരം സംയുക്ത പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്.

സ്കൂൾ പരിസരത്ത് ഇത്തരം പ്രവർത്തനങ്ങൾ വ്യാപിക്കുന്നതിനെക്കുറിച്ച് അംഗങ്ങൾ ആശങ്ക പ്രകടിപ്പിക്കുകയുണ്ടായി. ഇതുസംബന്ധിച്ച് സർക്കാർ വളരെ ജാഗരൂകരാണ്. നിയമസഭയിൽ ചർച്ച ചെയ്തതിന്റെകൂടി അടിസ്ഥാനത്തിൽ നടത്തിയ കാമ്പയിനിന്റെ ഭാഗമായി എല്ലാ സ്കൂൾ തലങ്ങളിലും മയക്കുമരുന്ന് വിരുദ്ധ/ലഹരി വിരുദ്ധ ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. അവ വാർഡുകളിലും തദ്ദേശഭരണസ്ഥാപനങ്ങളിലും ജില്ലകളിലുമുണ്ട്. കൂടാതെ സംസ്ഥാന തലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായ സമിതിയും നിലവിലുണ്ട്. അതിന്റെയൊക്കെ ഭാഗമായി സ്കൂൾ തലത്തിൽ നിരീക്ഷണവും മഫ്തിയിൽ പരിശോധനയുമുണ്ട്. അതുപോലെതന്നെ സ്കൂട്ടറിൽ നിരീക്ഷണം നടത്തുന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെയെല്ലാം ഫലമായി

സ്കൂൾ പരിസരത്തുള്ള കടകളിൽ പരിശോധന നടത്തി 35 എൻ.ഡി.പി.എസ്. കേസുകളും ഒരു അബ്കാരി കേസും 906 കോട്പാ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ശിപാർശ പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾ 17 കടകളുടെ ലൈസൻസ് റദ്ദാക്കിയിട്ടുണ്ട്. എൻ.ഡി.പി.എസ്. കേസിൽ ഉൾപ്പെട്ട 18 വയസ്സിൽ താഴെയുള്ള 42 പേർക്കെതിരായി നടപടി സ്വീകരിച്ചിട്ടുണ്ട്. സ്കൂളുകൾ വളരെ ഗൗരവത്തോടുകൂടി കാണേണ്ട സെൻസിറ്റീവായ ഒരു മേഖലയാണെന്ന് സർക്കാർ മനസ്സിലാക്കുന്നുണ്ട്. അതനുസരിച്ചുള്ള നടപടികൾ എക്സൈസ് വകുപ്പ് സ്വീകരിക്കുന്നുണ്ട്. ഒന്നുരണ്ട് കാര്യങ്ങൾകൂടി എൻഫോഴ്സ്മെന്റുമായി ബന്ധപ്പെട്ട് കൂട്ടിച്ചേർക്കുകയാണ്. സംസ്ഥാനം, ജില്ല, താലൂക്ക് എന്നിങ്ങനെ മൂന്നുതലത്തിലുള്ള കൺട്രോൾ റൂമുകൾ നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. കൺട്രോൾ റൂമിൽനിന്നും ലഭിക്കുന്ന പരാതികൾ ഫീൽഡ് യൂണിറ്റുകൾക്ക് നൽകി താമസംവിനാ നടപടി സ്വീകരിക്കാൻ ഓരോ ജില്ലയെയും മൂന്നും നാലും മേഖലകളായി തിരിച്ച് ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സുകൾ

രൂപീകരിച്ചിട്ടുണ്ട്. കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റിന്റെ (കെമു) കാര്യം ഞാനിവിടെ ചൂണ്ടിക്കാണിച്ചു. ഇന്റലിജൻസ് സംവിധാനത്തെ നമുക്ക് ശക്തിപ്പെടുത്താൻ കഴിഞ്ഞതിനാൽ Excise Intelligence and Investigation Bureau ജീവനക്കാർ രഹസ്യാന്വേഷണം നടത്തി നൽകുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ മറ്റ് വകുപ്പുകളുമായി ചേർന്നും സ്വന്തം നിലയിലുമുള്ള റെയ്ഡുകളും നടത്തുന്നുണ്ട്. അതുപോലെതന്നെ നേരത്തെ ഇവിടെ കുറ്റവാളികളുടെ ഡാറ്റാ ബാങ്കിന്റെ കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. നിലവിൽ എക്സൈസ് വകുപ്പ് 2390 കുറ്റവാളികളുടെ പേരും വിവരങ്ങളും അടങ്ങിയ ഡാറ്റാ ബാങ്ക് തയ്യാറാക്കുകയും ഇവരെ നിരീക്ഷിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ NDPS (Narcotic Drugs and Psychotropic Substances) Act പ്രകാരം കരുതൽ തടങ്കലിൽ വയ്ക്കുന്നതിന് ശിപാർശ നൽകിയിട്ടുണ്ട്. ഇത്തരത്തിൽ 61 പേരുടെ വിവരങ്ങൾ ആഭ്യന്തരവകുപ്പിന് നൽകിയിട്ടുണ്ടെന്ന കാര്യവും ബഹുമാന്യരായ അംഗങ്ങളെ അറിയിക്കുകയാണ്. Commercial quantity ഉൾപ്പെട്ടിട്ടുള്ള എല്ലാ

കേസുകളിലും പ്രതികളുടെ സ്വത്ത് കണ്ടുകെട്ടുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിക്കുന്നുണ്ട്. കേസ്സന്വേഷണത്തിന്റെ ഭാഗമായി സ്വത്തുവകകൾ ഫ്രീസ് ചെയ്യുകയും ശിക്ഷിച്ചതിനുശേഷം അത് സർക്കാരിലേയ്ക്ക് കണ്ടുകെട്ടുകയുമാണ് ഇപ്പോൾ സ്വീകരിക്കുന്ന സമീപനം. അതുപോലെതന്നെ ക്രൈംബ്രാഞ്ചിന്റെ കാര്യം ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഇവിടെ ചൂണ്ടിക്കാണിച്ചു. 2018-ൽ ഒന്നാം പിണറായി സർക്കാരിന്റെ കാലത്താണ് എക്സൈസ് ക്രൈംബ്രാഞ്ച് രൂപീകരിച്ചത്. ഇതിനെ കൂടുതൽ ശക്തിപ്പെടുത്തണമെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ ആവശ്യം ന്യായമായും സർക്കാർ പരിഗണിക്കുന്നതാണ്. ഇതുവരെ 91 കേസുകൾ ക്രൈംബ്രാഞ്ച് അന്വേഷിക്കുകയും 70 കേസുകളിൽ കുറ്റപത്രം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 12 അബ്കാരി കേസുകളും 9 NDPS കേസുകളും ഉൾപ്പെടുന്നു. ക്രൈംബ്രാഞ്ചിന്റെ രൂപീകരണം എക്സൈസിന്റെ പ്രവർത്തനങ്ങളിൽ സുപ്രധാന ചുവടുവയ്പ്പായിരുന്നു. അതുപോലെ ഡീ-അഡിക്ഷൻ കേന്ദ്രങ്ങളുടെ കാര്യവും വളരെ പ്രാധാന്യത്തോടെയാണ് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഉന്നയിച്ചത്. ഇന്ന് നമ്മുടെ സംസ്ഥാനത്ത് എക്സൈസ് വകുപ്പിനുകീഴിൽ 14 ഡീ-

അഡിക്ഷൻ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മദ്യത്തിന് മാത്രമല്ല മയക്കുമരുന്നിനും അടിമകളായിട്ടുള്ള ആളുകൾക്ക് ഈ ഡീ-അഡിക്ഷൻ സെന്ററുകളിൽ കൗൺസിലിംഗ് ഉൾപ്പെടെയുള്ള സേവനങ്ങൾ ലഭ്യമാക്കുന്നുണ്ടെങ്കിലും കൂടുതൽ രോഗികളും വരുന്നത് മദ്യപാനാസക്തി ചികിത്സയ്ക്കാണെന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള ഡീ-അഡിക്ഷൻ സെന്ററുകളിൽ കുട്ടികൾക്കും സ്ത്രീകൾക്കുംവേണ്ടി പ്രത്യേക വാർഡുകൾ പ്രവർത്തിക്കുന്നുണ്ട്. മാത്രമല്ല ബാംഗ്ലൂരിൽ പ്രസിദ്ധമായിട്ടുള്ള NIMHANS-ൽ (National Institute of Mental Health and Neuro Sciences) 38 എക്സൈസ് ഉദ്യോഗസ്ഥരെ പരിശീലനത്തിനായി അയയ്ക്കുകയും ഡീ-അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനത്തിന് അവരുടെ സേവനം ഉപയോഗിക്കുന്നുമുണ്ട്. വളരെ പ്രധാനപ്പെട്ട കേസുകളിൽ കെമിക്കൽ എക്സാമിനേഷൻ റിപ്പോർട്ട് വേഗത്തിൽ ലഭിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹം സൂചിപ്പിച്ചു. അക്കാര്യം പൂർണ്ണമായും ശരിയാണ്. അതിനുള്ള നടപടികൾ ചീഫ് കെമിക്കൽ എക്സാമിനറുമായി ചർച്ച ചെയ്ത് സ്വീകരിക്കാം. പ്രധാനപ്പെട്ട

കേസുകളുടെയെല്ലാം റിപ്പോർട്ടുകൾ എത്രയുംവേഗം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. മദ്യനയത്തെക്കുറിച്ച് ശ്രീ. രമേശ് ചെന്നിത്തല സൂചിപ്പിച്ച കാര്യങ്ങളെല്ലാം ഒരുവിധം പറഞ്ഞുകഴിഞ്ഞിട്ടുണ്ട്. കള്ള് ചെത്ത് വ്യവസായത്തെ തകർക്കുന്നുവെന്ന പരാമർശം ശ്രീ. രമേശ് ചെന്നിത്തല ഉന്നയിക്കുകയുണ്ടായി. അദ്ദേഹം ശ്രദ്ധ മുഴുവൻ കേന്ദ്രീകരിച്ചത് മദ്യനയത്തിലെ പോയിന്റ് 32-ലാണെന്നാണ് എനിക്ക് തോന്നുന്നത്. കള്ള് ചെത്ത് വ്യവസായത്തെ സംബന്ധിച്ച് വിശദമായി പറഞ്ഞ കാര്യങ്ങൾ അദ്ദേഹം നോക്കിയിട്ടില്ലെന്നാണ് മനസ്സിലാകുന്നത്. അതിൽ പ്രധാനപ്പെട്ട ചില കാര്യങ്ങളിലൊന്ന്, 2023-24 സാമ്പത്തിക വർഷം മുതൽ കള്ള് ഷാപ്പുകളുടെ വിൽപ്പന പൂർണ്ണമായും ഓൺലൈൻ ആക്കാൻ മദ്യനയം നിർദ്ദേശിച്ചിട്ടുണ്ട് എന്നതാണ്. ഇത് പൂർണ്ണമായും ഓൺലൈൻ ആക്കുകയെന്ന് പറഞ്ഞാൽ അങ്ങേയറ്റം സുതാര്യമാകുന്നുവെന്നുള്ളതാണ് അർത്ഥം. അതുപോലെ ഒരു ജില്ലയിൽനിന്ന് വേറൊരു ജില്ലയിലേയ്ക്ക് കള്ള് കൊണ്ടുപോകുന്ന അവസരങ്ങളിൽ ക്രമക്കേടുണ്ടാകാനുള്ള സാധ്യതയുണ്ട്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, യഥാർത്ഥത്തിൽ കള്ളുഷാപ്പുകൾ നടത്തുന്നത് തൊഴിലാളികളോ അവരുമായി ബന്ധപ്പെട്ട ആളുകളോ അല്ല. എല്ലാ കള്ളുഷാപ്പുകളും ലേലത്തിൽ പിടിക്കുന്നത് കോൺട്രാക്ടർമാരാണ്. ഇക്കാര്യം അങ്ങ് ശ്രദ്ധിക്കേണ്ടതാണ്, ശ്രദ്ധിക്കുമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, തീർച്ചയായും അങ്ങയുടെ എല്ലാ നിർദ്ദേശങ്ങളെയും വളരെ ശ്രദ്ധയോടുകൂടി കാണുന്ന ആളാണ് ഞാൻ.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി, കള്ള് ഷാപ്പുകളുടെ ഇൻഫ്രാ സ്ട്രക്ച്ചർ മെച്ചപ്പെടുത്തണ്ടേ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, അതിലേയ്ക്കാണ് വരുന്നത്. ബഹുമാന്യനായ സ്പീക്കർ പറഞ്ഞതും വളരെ പ്രാധാന്യമുള്ളതാണ്. ശ്രീ. രമേശ് ചെന്നിത്തല സൂചിപ്പിച്ചത് Track and trace സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ചാണ്. അതുപോലെ GPS സംവിധാനം വാഹനങ്ങളിൽ ഏർപ്പെടുത്തും. ഒരു ജില്ലയിൽനിന്ന് മറ്റൊരു ജില്ലയിലേയ്ക്ക് കള്ള് കൊണ്ടുപോകുന്ന അവസരങ്ങളിൽ ടെക്നോളജി ഉപയോഗിച്ചുകൊണ്ട് Track and trace, GPS സംവിധാനങ്ങൾ ഏർപ്പെടുത്തുമ്പോൾ സുതാര്യത,

മോണിറ്ററിംഗ് എന്നിവ നമുക്ക് ഉറപ്പുവരുത്താൻ കഴിയും. അതുപോലെതന്നെ ബഹുമാന്യനായ ചെയർ പറഞ്ഞതുപോലെ കള്ള് ഷാപ്പുകളുടെ അടിസ്ഥാന സൗകര്യങ്ങളിൽ മാറ്റംവരുത്തി അവയെ വൃത്തിയുള്ളതായി മാറ്റാവുന്നതാണ്. മികച്ച ഗുണനിലവാരമുള്ള കള്ള് കിട്ടുന്നുവെന്ന് ഉറപ്പാക്കണം. ഇന്ന് കള്ള് ഷാപ്പുകളിൽ ആൾക്കാർ പോകുന്നത് കള്ളുകുടിക്കാൻ വേണ്ടി മാത്രമല്ല, നല്ല തനതുഭക്ഷണം കിട്ടുന്ന സ്ഥലമായതുകൊണ്ടും കൂടിയാണ്. ഞാനത് കഴിഞ്ഞ തവണ പറഞ്ഞപ്പോൾ ചിലർ പരിഹസിക്കുകയുണ്ടായി. അത് ശരിക്കും ഒരു വസ്തുതയാണ്, ഇക്കാര്യം ശ്രീ. രമേശ് ചെന്നിത്തല അംഗീകരിക്കുന്നുണ്ട്. ഏറ്റവും നല്ല തനതുഭക്ഷണം കിട്ടുന്നത് ആലപ്പുഴയിലെ കള്ള് ഷാപ്പുകളിലാണ്. കള്ള് ഷാപ്പുകളിൽ മികച്ച മത്സ്യവിഭവങ്ങളും കിട്ടും. കള്ള് ഷാപ്പിൽ കുടുംബസമേതം പോകാൻ ഇപ്പോഴും ഒരു വൈമുഖ്യം ആളുകൾ പ്രകടിപ്പിക്കാറുണ്ട്. അത്തരം തടസ്സങ്ങൾ ഇല്ലാതാവണം. കള്ളുകുടിക്കാൻ വേണ്ടി മാത്രമല്ല, അല്ലാതെയും കള്ള് ഷാപ്പിൽ പോകാൻ കഴിയുന്ന നിലയിൽ കള്ള് ഷാപ്പുകളുടെ മുഖഛായ തന്നെ മാറ്റുന്ന പരിഷ്കാരമാണ് മദ്യനയം വിഭാവന ചെയ്യുന്നതെന്നുകൂടി ഇവിടെ അറിയിക്കുകയാണ്.

ബഹുമാന്യനായ മുൻ പ്രതിപക്ഷ നേതാവ് ചെത്ത് തൊഴിലാളികളെക്കുറിച്ച് സൂചിപ്പിച്ചു. റിസോർട്ടുകളുടെയും ത്രീ സ്റ്റാർ പദവിയുള്ള ഹോട്ടലുകളുടെയും പരിസരത്തുള്ള തെങ്ങുകളിൽനിന്ന് കള്ള് ചെത്തി അതിഥികൾക്ക് കൊടുക്കാൻ ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്. അത് കള്ള് ചെത്ത് തൊഴിലാളികളെ സംരക്ഷിക്കാനുള്ള നടപടിയായിട്ടാണ് സർക്കാർ കാണുന്നത്. അതുപോലെതന്നെ മറ്റ് സ്ഥലങ്ങളിലും ഇപ്പോൾ കള്ള് ചെത്ത് അനുവദിക്കാം. പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കള്ള് ചെത്ത് അനുവദിക്കണമെന്നാണ് നയത്തിൽ നിർദ്ദേശിക്കുന്നത്. കള്ള് ചെത്ത് തൊഴിലാളികളെ സംരക്ഷിക്കാൻ വേണ്ടി Toddy Board രൂപീകരിക്കാൻ തീരുമാനിച്ചു കഴിഞ്ഞു, അത് ഉടൻ തന്നെ നടപ്പിലാക്കും. കള്ള് ചെത്ത് തൊഴിലാളികൾ വലിയ പ്രതിസന്ധിയും വെല്ലുവിളിയും നേരിട്ടുകൊണ്ടിരിക്കുകയാണ്. കള്ള് ചെത്ത് തൊഴിലിനെത്തന്നെ ആധുനികവൽക്കരിക്കാനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ വ്യവസായത്തെ നവീകരിച്ചുകൊണ്ടല്ലാതെ സംരക്ഷിക്കാൻ കഴിയില്ല. പഴയ കള്ള് ഷാപ്പുകളെ ആ നിലയിൽ കൊണ്ടുപോകാൻ സാധിക്കില്ല. അതിനെ

നവീകരിച്ചേ കഴിയൂ, അതിനാണ് സർക്കാർ ശ്രമിക്കുന്നത്. ഒരു കാര്യംകൂടി ശ്രീ. രമേശ് ചെന്നിത്തല ചൂണ്ടിക്കാണിക്കുകയുണ്ടായി. സംസ്ഥാനത്ത് മദ്യത്തിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുമെന്ന മദ്യനയത്തിലെ (പോയിന്റ് 32) ഒരു നിർദ്ദേശത്തെ അല്പമൊന്ന് ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് കേരളത്തിൽ മദ്യപ്രളയം സൃഷ്ടിക്കാനുള്ള ശ്രമമാണെന്നാണ് അദ്ദേഹം പറഞ്ഞത്. എന്നാൽ കയറ്റുമതി ലക്ഷ്യമാക്കിയിട്ടാണെന്ന് നയത്തിൽ കൃത്യമായി പറഞ്ഞിട്ടുണ്ട്. ഒരു വ്യവസായമെന്ന നിലയിൽ ഇതിലൂടെ ഇൻവെസ്റ്റുമെന്റ്, തൊഴിൽ, വരുമാനം എന്നിവ ഉണ്ടാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കേരളത്തിൽ കയറ്റുമതി വരുമാനം ഉണ്ടാക്കാൻ കഴിയുന്ന ഒന്നാണ് മദ്യം. കേരളത്തെക്കാൾ ചെറിയ സംസ്ഥാനങ്ങളും ഇത്രയും അനുകൂലമായ സാഹചര്യമില്ലാത്ത സംസ്ഥാനങ്ങളും മദ്യത്തിൽനിന്ന് വലിയതോതിൽ കയറ്റുമതി വരുമാനം ഉണ്ടാക്കുന്നുണ്ട്. ഇപ്പോൾ എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോൾ ഒരു തുള്ളിപോലും നമ്മൾ ഉൽപ്പാദിപ്പിക്കുന്നില്ല. കഴിഞ്ഞ വർഷം 9 കോടി ലിറ്റർ എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോളാണ് ഇറക്കുമതി ചെയ്തത്. അന്യസംസ്ഥാന ഉൽപ്പാദകരെ സഹായിക്കാനാണ് അതിവിടെ

ഉൽപ്പാദിപ്പിക്കാനുള്ള ശ്രമത്തെ അങ്ങ് എതിർക്കുന്നതെന്നൊന്നും ഞാൻ പറയില്ല, പക്ഷെ ഫലത്തിൽ അതാണുണ്ടാകുന്നത്. അതുകൊണ്ട് സന്തോഷിക്കുന്നത് അവരാണെന്ന കാര്യംകൂടി ഞാൻ വിനീതമായി ഓർമ്മിപ്പിക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, കേരളത്തിൽ സ്വകാര്യമേഖലയിൽ പുതിയതായി ഡിസ്റ്റിലറികളും ബ്രൂവറികളും അനുവദിക്കാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ഇല്ലയോയെന്ന് വ്യക്തമായി പറയണം.

ശ്രീ. എം. ബി. രാജേഷ്: സർ, ഈ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും സർക്കാർ നടപടി സ്വീകരിക്കുക. ഇതാണ് വ്യക്തമായിട്ടുള്ള മറുപടി. മദ്യനയം ഏഴ് മാസം വൈകിയത് സ്ഥാപിത താൽപ്പര്യക്കാരെ സംരക്ഷിക്കാനാണെന്ന് അദ്ദേഹം പറഞ്ഞു. വ്യക്തിപരമായി എന്നെ അദ്ദേഹം കുറ്റവിമുക്തനാക്കിയിട്ടുണ്ടെങ്കിലും സർക്കാരിനെയാണ് കുറ്റപ്പെടുത്തിയത്. ആ സർക്കാരിന്റെ ഭാഗമാണ് ഞാൻ. മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്തമാണ്, മന്ത്രിസഭ അംഗീകരിച്ച മദ്യനയമാണ്. ഇത് കേട്ടാൽ കേരളത്തിൽ ആദ്യമായിട്ടാണ് ഏപ്രിൽ

ഒന്നിനുശേഷം മദ്യനയം കൊണ്ടുവരുന്നതെന്ന് തോന്നും. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത്, 2011-12-ലെ മദ്യനയം 17-08-2011-നാണ് കൊണ്ടുവന്നത്. അന്നത്തെ വകുപ്പുമന്ത്രി ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ആണ്. അപ്പോൾ എത്രമാസം വൈകിയെന്ന് പരിശോധിച്ചാൽ മതി. 2012-13-ലെ മദ്യനയം 19-07-2012-ലാണ് കൊണ്ടുവന്നത്. 2013-14-ൽ മദ്യനയമേ പ്രഖ്യാപിച്ചില്ല. വളയമില്ലാത്ത ചാട്ടമായിരുന്നു. 2014-15-ൽ ഏപ്രിൽ മാസത്തിനുശേഷമാണ് മദ്യനയം പ്രഖ്യാപിച്ചത്. 2015-16-ൽ തെരഞ്ഞെടുപ്പായിരുന്നു. ആദ്യമായിട്ടല്ല മദ്യനയം വൈകിയിട്ടുള്ളതെന്നാണ് ഇതിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്.

ഞാൻ അവസാനിപ്പിക്കുകയാണ്, വളരെ അവധാനതയോടുകൂടി മദ്യനയം ആവിഷ്കരിച്ചതുകൊണ്ടാണ് കാലതാമസമുണ്ടായത്. എല്ലാ സ്റ്റേക്ക് ഹോൾഡേഴ്സുമായും ഐ.എൻ.ടി.യു.സി. ഉൾപ്പെടെയുള്ള എല്ലാ ട്രേഡ് യൂണിയനുകളുമായും ചർച്ച ചെയ്തു. കള്ളിന്റെ അളവിനെക്കുറിച്ച് അങ്ങ് പറഞ്ഞു. നിലവിൽ നാലഞ്ച് ലിറ്റർ കള്ള് ഒരു വൃക്ഷത്തിൽനിന്ന് ചെത്തിയെടുക്കുന്നുണ്ടെങ്കിലും രണ്ടര ലിറ്റർ മാത്രമേ നമ്മൾ

കണക്കാക്കുന്നുള്ളൂ. ഇതുസംബന്ധിച്ച് ശാസ്ത്രീയപഠനം നടത്തി പുനർനിർണ്ണയിക്കണമോയെന്ന് ആലോചിക്കും എന്ന ഒറ്റ കാര്യമേ സർക്കാർ പറഞ്ഞിട്ടുള്ളൂവെന്ന് ബഹുമാനപ്പെട്ട മുൻപ്രതിപക്ഷ നേതാവ് മനസ്സിലാക്കണം. പഠനം നടത്തുന്നതിൽ എന്താണ് തെറ്റ്? അതിന്റെയടിസ്ഥാനത്തിൽ മാത്രമേ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. എല്ലാ സ്റ്റേക്ക്ഹോൾഡേഴ്സുമായും ചർച്ച നടത്തി ഒരു കരട് മദ്യനയം തയ്യാറാക്കി ധനകാര്യവകുപ്പിലേയ്ക്ക് അയച്ചു. ധനകാര്യവകുപ്പ് സൂക്ഷ്മ പരിശോധന നടത്തുന്നതിനാവശ്യമായ സമയം എടുത്തു. അതെല്ലാം കഴിഞ്ഞപ്പോൾ കുറച്ചുസമയം നീണ്ടുപോയി. അല്ലാതെ അങ്ങ് ആരോപിക്കുന്നതുപോലെ മറ്റൊന്നും കാലതാമസത്തിന്റെ കാര്യത്തിലില്ല. ഇത്രയും കാര്യങ്ങളാണ് എനിക്ക് ചർച്ചയുടെ ഭാഗമായി പറയാനുള്ളത്. ഖണ്ഡം 55 (എച്ച്) 55 (ഐ) എന്നിവ ഡി-ക്രിമിനലൈസ് ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് അബ്കാരി ഭേദഗതി നിയമം അവതരിപ്പിച്ചിരിക്കുന്നത്. ചെറിയൊരു ബില്ലാണെങ്കിലും വളരെ വിശദമായിട്ടുള്ള ചർച്ചയാണ് ഇവിടെ നടന്നത്. ഇതിന്റെ ആധികാരികത

ആഴത്തിൽ പഠിച്ച് തങ്ങളുടെ രാഷ്ട്രീയ താൽപ്പര്യത്തിനനുസരിച്ചാണെങ്കിലും നന്നായി പഠിച്ചും ഗൗരവത്തിലും ഇവിടെ ചർച്ചയ്ക്ക് നേതൃത്വം നൽകിയ ബഹുമാന്യരായ മുതിർന്ന അംഗങ്ങളുൾപ്പെടെ എല്ലാവരോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു.

മി.സ്പീക്കർ: ശ്രീ. രമേശ് ചെന്നിത്തല, അങ്ങയുടെ 1 (എ) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി.സ്പീക്കർ: ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 1 (എ) ഭേദഗതിയെ

അനുകൂലിക്കുന്നവർ:..................

പ്രതികൂലിക്കുന്നവർ:.................

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ), അങ്ങയുടെ 2 (ബി) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി.സ്പീക്കർ: ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 2 (ബി) ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2023-ലെ അബ്കാരി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

Shri A. P. Anil Kumar: Sir, I move the following amendment.

112. In section 55H of the principal Act for the words "six months" the words "one year" shall be substituted.

Shri K. Babu (Thripoonithura): Sir, I move the following amendment.

113. In section 55H of the principal Act for the words "six months" the words "two years" shall be substituted.

Shri Thiruvanchoor Radhakrishnan: Sir, I move the following amendment

116. In Clause 2, for the words “fifty thousand” the words “sixty thousand”shall be substituted.

Shri Sunny Joseph: Sir, I move the following amendment

117. In Clause 2, for the words “fifty thousand”the words “seventy thousand” shall be substituted.

Shri M. Vincent: Sir, I move the following amendment

121. In Clause 2, for the words “fifty thousand” the words “ninety thousand”shall be substituted.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികൾ ഒന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. പി. അനിൽകുമാർ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 116-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 121-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ...........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

Shri Saneeshkumar Joseph: Sir, I move the following amendment

127. In Clause 3, for the words "fifty thousand" the words "eighty thousand" shall be substituted.

Shri Thottathil Ravindran: Sir, I move the following amendment

129. In Clause 3, for the words "fifty thousand" the words "one lakh" shall be substituted.

Smt. Uma Thomas: Sir, I move the following amendment

132. In Clause 3 for the words "fifty thousand", the words "two lakh" shall be substituted.

Shri Thiruvanchoor Radhakrishnan: Sir, I move the following amendment

134. In Clause 3 for the words "fifty thousand", the words "two lakh fifty thousand" shall be substituted.

Shri Sunny Joseph: Sir, I move the following amendment

135. In Clause 3 for the words "fifty thousand", the words "three lakh" shall be substituted.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികൾ ഒന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഉമ തോമസ് അവതരിപ്പിച്ച 132-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 134-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 135-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ...........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

Shri K. V. Sumesh: Sir, I move the following amendment

144. In the entry in column (1) proposed to be inserted in Table under section 67 A of the principal Act by Clause 4, for the words “Unlawful advertisement” the words and symbol “Advertisement in contravention of the Act, Rules or any order made under the Act” shall be substituted.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 144-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

**അനുകൂലിക്കുന്നവർ.......**

**പ്രതികൂലിക്കുന്നവർ...........**

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഒന്നാം വകുപ്പും പീഠികയും പേരും**

**(ഭേദഗതിയില്ല)**

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

**അനുകൂലിക്കുന്നവർ..................**

**പ്രതികൂലിക്കുന്നവർ..................**

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, 2023-ലെ അബ്കാരി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ:2023-ലെ അബ്കാരി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(iii) 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള നികുതി ചുമത്തൽ

നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ ]

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ വളരെ ചുരുക്കി പറയാം. സംസ്ഥാനത്ത് ജി.എസ്.ടി. ട്രിബ്യൂണലുകൾ സ്ഥാപിക്കുന്നതിന് പുതുക്കിയ ഭേദഗതിയോടെ ജി.എസ്.ടി. കൗൺസിൽ അംഗീകരിച്ച് കേന്ദ്രം നിയമം പാസ്സാക്കിയിട്ടുണ്ട്. അതനുസരിച്ച് ചില ഭേദഗതികൾ നമ്മുടെ ആക്ടിൽ നടപ്പാക്കണം. അത് നടപ്പിലാക്കാൻ വേണ്ടിയിട്ടുള്ളതാണ് ഈ ഭേദഗതി. ടി ഭേദഗതി സബ്ജക്ട് കമ്മിറ്റി പരിശോധിച്ചതിനുശേഷം സഭയുടെ പരിഗണനയ്ക്കായി കൊണ്ടുവന്നതാണ്. ഇതിൽ ചില കാര്യങ്ങൾ നേരത്തെ ഓർഡിനൻസുവഴി അംഗീകരിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ ക്യാൻസലായാൽ അത് പുനഃസ്ഥാപിക്കാനായി 30 ദിവസമായിരുന്നു നേരത്തെ നൽകിയിരുന്നത്. എന്നാൽ കച്ചവടക്കാരെ സഹായിക്കാനായി രജിസ്ട്രേഷൻ പുനഃസ്ഥാപിക്കാനുള്ള സമയം 90 ദിവസമായി

നീട്ടി നൽകിയിട്ടുണ്ട്. പ്രത്യേക പിഴ ചുമത്തി 180 ദിവസംവരെ അത് നീട്ടി നൽകാം. അതുപോലെ അസസ്സ്മെന്റ് സംബന്ധിച്ച നോട്ടീസ് ലഭിച്ച് 60 ദിവസത്തിനകം വ്യക്തികൾക്ക് റിട്ടേൺ ഫയൽ ചെയ്ത് അസസ്സ്മെന്റ് ഒഴിവാക്കാം. അതുപോലെ റിട്ടേൺ ഫയൽ ചെയ്യുന്നതിന് ഡെയ്‌ലി ഫൈൻ കൊടുത്ത് 60 ദിവസംകൂടി ദീർഘിപ്പിക്കാനുള്ള പ്രൊവിഷൻ ഉൾപ്പെടുത്തി ഓർഡിനൻസ് ഇറക്കിയിരുന്നു. അതും ഈ നിയമത്തിന്റെ ഭാഗമാകണം. ഓർഡിനൻസ് സംബന്ധിച്ച് നേരത്തെ പറഞ്ഞതാണ്. ജി.എസ്.ടി. നിയമം നിലവിൽ വന്ന് അഞ്ച് വർഷം പിന്നിട്ടിട്ടും ഇതുവരെയും നമ്മുടെ സംസ്ഥാനത്ത് അപ്പലേറ്റ് ട്രിബ്യൂണൽ രൂപീകരിച്ചിട്ടില്ല. ഇതുസംബന്ധിച്ച് മറ്റു ചില കാര്യങ്ങൾ ചേർത്തുകൊണ്ടുള്ള ഭേദഗതി അവതരിപ്പിച്ച് പാസ്സാക്കിയാൽ മാത്രമേ നമ്മുടെ സംസ്ഥാനത്ത് അപ്പലേറ്റ് ട്രിബ്യൂണൽ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. അതിനുവേണ്ടിയാണ് ഈ ഭേദഗതികൾ കൊണ്ടുവന്നിരിക്കുന്നത്.

**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):** സർ, ഈ ബില്ലിന്മേലുള്ള വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുകയാണ്. ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനപ്രകാരം തിരുവനന്തപുരത്തും കൊച്ചിയിലും ട്രിബ്യൂണലുകൾ

സ്ഥാപിക്കാൻ തീരുമാനിച്ചു. എന്നാൽ മലബാർ പ്രദേശത്ത് ട്രിബ്യൂണലിന്റെ സേവനം ലഭിക്കുന്നില്ല. കോഴിക്കോട് കേന്ദ്രമായി ഒരു ട്രിബ്യൂണൽകൂടി സ്ഥാപിക്കണമെന്നതാണ് എന്റെ വിയോജനക്കുറിപ്പിലെ പ്രധാനപ്പെട്ട ആവശ്യം. അതിനുകാരണം പണ്ടുമുതലേ കേരളത്തെ മൂന്ന് മേഖലകളായി തിരിച്ചാണ് കാര്യങ്ങൾ ചെയ്യുന്നത്. അങ്ങനെ വരുമ്പോൾ മലബാർ മേഖലയിൽകൂടി അപ്പലേറ്റ് ട്രിബ്യൂണൽ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണമെന്നതാണ് സൂചിപ്പിക്കാനുള്ളത്. ഇക്കാര്യം ജി.എസ്.ടി. കൗൺസിലിലാണ് തീരുമാനിക്കേണ്ടതെങ്കിലും ജി.എസ്.ടി. കൗൺസിലിൽ ഇത് അവതരിപ്പിച്ച് അംഗീകാരം നേടാൻ ബഹുമാനപ്പെട്ട മന്ത്രി പരിശ്രമിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. കേരളത്തിലെ നികുതി വകുപ്പിന്റെ പ്രവർത്തനത്തിൽ കാര്യമായ മാറ്റങ്ങൾ ആവശ്യമാണ്. നികുതി പിരിക്കുന്നതിലുള്ള വീഴ്ച ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. ഇക്കാര്യം ഇതിനുമുമ്പ് ചർച്ച ചെയ്തതാണ്. സ്വർണ്ണത്തിന് ഇ-വേ ബിൽ നടപ്പാക്കാനുള്ള തീരുമാനത്തെക്കുറിച്ച് കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചിരുന്നുവെന്ന് തോന്നുന്നു. ഏറ്റവും കൂടുതൽ സ്വർണ്ണം

വിൽപ്പന നടക്കുന്ന സംസ്ഥാനമാണ് കേരളം. ആ വിൽപ്പനയ്ക്കനുസരിച്ചുള്ള ടാക്സ് കേരളത്തിൽനിന്നും കിട്ടുന്നില്ല. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയും അംഗീകരിച്ചതാണ്. ഫലപ്രദമായി ടാക്സ് പിരിക്കുന്നതിനുള്ള നടപടികൾ ആവശ്യമാണ്. 2017-ലാണ് ജി.എസ്.ടി. ഇന്ത്യയിൽ നടപ്പിലാക്കിയത്. അതിനുശേഷം ജി.എസ്.ടി. വകുപ്പിനുകീഴിലുള്ള പ്രവർത്തനങ്ങൾ പുന:സംഘടിപ്പിച്ചത് 9 മാസങ്ങൾക്ക് മുമ്പാണ്. അത് പുന:സംഘടിപ്പിക്കാൻ അനവധി വർഷങ്ങൾ വേണ്ടിവന്നു. പുന:സംഘടിപ്പിച്ച ജി.എസ്.ടി. വകുപ്പിൽ ഇപ്പോഴും ഓഡിറ്റ് നടക്കുന്നില്ലെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. സംസ്ഥാനത്തുടനീളം അത്തരമൊരു ഓഡിറ്റ് നടക്കാത്തത് നമ്മുടെ വീഴ്ചയാണ്. അതുകൊണ്ട് ഓഡിറ്റ് എത്രയുംവേഗം ആരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്. അതുപോലെതന്നെ എറണാകുളത്തെ കേരള വാറ്റ് ട്രിബ്യൂണലിൽ നിരവധി അപ്പീൽ കേസുകൾ പെൻഡിംഗിലാണ്. കേരള വാറ്റ് ട്രിബ്യൂണലിന്റെ മുമ്പാകെ അപ്പീലുകൾ കുന്നുകൂടികൊണ്ടിരിക്കുകയാണ്. കൂടുതൽ ബഞ്ചുകൾ സ്ഥാപിച്ച് ആ ബഞ്ചുകളിലേയ്ക്ക് ഈ അപ്പീലുകളെ മാറ്റിയാൽ തീർച്ചയായും

വേഗത്തിൽ ഇതിനെല്ലാം തീർപ്പുകൽപ്പിക്കാൻ സാധിക്കും. ഇതിലൂടെ ഗവൺമെന്റിന് കുറേയധികം വരുമാനം ലഭിക്കുമെന്നാണ് കരുതുന്നത്. അപ്പീൽ അധികാരികൾ വളരെ കുറവാണ്. അതുകൊണ്ടുതന്നെ വർദ്ധിച്ചുവരുന്ന അപ്പീലുകളുടെ എണ്ണം കണക്കിലെടുത്ത് കൂടുതൽ അപ്പീൽ അധികാരികളെ നിയമിക്കണം. ഇതെല്ലാം ടാക്സ് കൂടുതൽ പിരിക്കുന്നതിനുള്ള സംവിധാനത്തിന്റെ ഭാഗമാണ്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അനവധി കേസുകൾ കെട്ടിക്കിടക്കുന്നുണ്ട്. ആ കേസ്സുകളൊക്കെ ഡിസ്പോസ് ചെയ്താൽ വലിയ തുക ടാക്സായി ലഭിക്കും. ഇക്കാര്യങ്ങളിൽ ഇതുവരെ നടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല. ടാക്സ് കുടിശ്ശികയുള്ള സ്ഥാപനങ്ങളിൽനിന്ന് കെ വാറ്റ്, ലക്ഷ്വറി ടാക്സ്, സി.എസ്.ടി. ആക്ട് എന്നിവയുടെ കീഴിലുള്ള കുടിശ്ശികകൾ തീർപ്പാക്കുന്നതിനുള്ള പൊതുമാപ്പ് പദ്ധതി പുനരാരംഭിക്കുന്നതിനെപ്പറ്റി ഗവൺമെന്റ് ആലോചിക്കുന്നത് നന്നായിരിക്കുമെന്ന് തോന്നുന്നു. ടാക്സുമായി ബന്ധപ്പെട്ടും ഇതുപോലെ പല പ്രശ്നങ്ങളുമുണ്ട്. മൂല്യനിർണ്ണയ ഉത്തരവുകൾ ചോദ്യം ചെയ്ത് 10 മുതൽ 12 വർഷം വരെ കഴിഞ്ഞ ധാരാളം ഹർജികൾ ഹൈക്കോടതിയിൽ

കെട്ടിക്കിടക്കുകയാണ്. ഇതിലൊന്നും യാതൊരു തീരുമാനവും ഉണ്ടായിട്ടില്ല. അത്തരം കാര്യങ്ങളിൽ അടിയന്തര തീരുമാനമെടുക്കാൻ ഗവൺമെന്റിന് സാധിക്കണം. ഇതിൽ Insolvency, Bankrupt എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൂടിയുണ്ട്. Bankrupt/insolvent ആയ സ്ഥാപനങ്ങൾ ലിക്വിഡേഷനിലേയ്ക്ക് പോകുമ്പോൾ നേരത്തെ ലിക്വിഡേറ്ററാണ് നടപടികൾ സ്വീകരിച്ചിരുന്നത്, ഇപ്പോൾ ലിക്വിഡേറ്ററിനുപകരം Resolution Professional(RP) എന്ന ഉദ്യോഗസ്ഥനാണ് ഈ ചുമതല നിർവ്വഹിക്കുന്നത്. ലിക്വിഡേഷനിലേയ്ക്ക് പോയ കമ്പനി റിവൈവൽ പാക്കേജ് കൊണ്ടുവരും. Hindustan Newsprint Ltd. (HNL) അങ്ങനെ റിവൈവൽ പാക്കേജ് കൊണ്ടുവന്ന സർക്കാർ സ്ഥാപനമാണ്. റിവൈവൽ പാക്കേജ് കൊണ്ടുവന്ന് റിവൈവ് ചെയ്യാനുള്ള നിർദ്ദേശങ്ങൾ വയ്ക്കുന്ന സമയത്ത് RP പത്രമാധ്യമങ്ങളിലൂടെ പരസ്യം ചെയ്യും. ആ പരസ്യത്തിന്റെ അടിസ്ഥാനത്തിൽ ക്ലെയിം ഉള്ളവർക്ക് ക്ലെയിം കൊടുക്കാം. ഇലക്ട്രിസിറ്റി ബോർഡ്, ജി.എസ്.ടി. ഡിപ്പാർട്ടുമെന്റ്, എക്സൈസ് ഡിപ്പാർട്ടുമെന്റ് അങ്ങനെ ഒരോ ഡിപ്പാർട്ടുമെന്റും ക്ലെയിം കൊടുക്കണം. സമയബന്ധിതമായി ക്ലെയിം

കൊടുത്തില്ലെങ്കിൽ നമുക്ക് ആ പണം ലഭിക്കില്ല. സമയബന്ധിതമായി Resolution Professional-ന്റെ മുമ്പിൽ ക്ലെയിം കൊടുക്കുന്ന കാര്യത്തിൽ ജി.എസ്.ടി. ഡിപ്പാർട്ടുമെന്റ് കൃത്യമായി പ്രവർത്തിക്കുന്നില്ലെന്നാണ് എനിക്ക് പറയാനുള്ളത്. കടയിലും സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുമ്പോൾ തന്നെ കുറെ പണം അടപ്പിക്കും. ഈ പണം അടപ്പിച്ചുകഴിഞ്ഞാൽ പിന്നീട് അതിൻമേൽ തുടർനടപടികൾ സ്വീകരിക്കുകയോ ആ ഫയൽ ഡിസ്പോസ് ചെയ്യുകയോ ചെയ്യുന്നില്ല. അതിന്റെ ഫലമായി പെനാൽറ്റിയും ടാക്സും എത്രയെന്നത് കൃത്യതയില്ലാത്തതിനാൽ പെനാൽറ്റിയായി ഈടാക്കിയ പണം തിരിച്ചുകൊടുക്കണമെന്നാവശ്യപ്പെട്ട് സ്ഥാപനയുടമകൾ കോടതിയിൽ പോകുകയും ഇക്കാര്യത്തിൽ തീരുമാനമെടുക്കാത്തതുകൊണ്ട് അടച്ച പണം തിരിച്ച് കൊടുക്കേണ്ട സ്ഥിതിയുമുണ്ടാകുന്നു. ഈ പറഞ്ഞ കാര്യം ഗൗരവപൂർവ്വം പരിശോധിക്കണമെന്നാണ് നിർദ്ദേശിക്കാനുള്ളത്. ജി.എസ്.ടി. ഇന്റലിജൻസോ മറ്റേതെങ്കിലും എജൻസികളോ ഒരു കേസ് കണ്ടെത്തി പണം അടപ്പിച്ചുകഴിഞ്ഞാൽ അവർക്ക് അതിന്റെ ഫോളോഅപ്പുമായി മുന്നോട്ട് പോകാൻ സാധിക്കുന്നില്ല. പ്രൊസീഡിംഗ്സ്

ഇല്ലാത്തതിന്റെ ഫലമായി അടച്ച പണം തിരിച്ചുകൊടുക്കേണ്ട സാഹചര്യമുണ്ട്. ടാക്സുമായി ബന്ധപ്പെട്ട് ഇത്രയുമാണ് പറയാനുള്ളത്.

ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് ഏറ്റവും കൂടുതൽ ടാക്സ് കേരളത്തിലെ ജനങ്ങളുടെ മേൽ അടിച്ചേൽപ്പിച്ച മന്ത്രിയെന്നുള്ള അംഗീകാരം തീർച്ചയായും ഉണ്ടാകും. അങ്ങയുടെ കുറ്റം കൊണ്ടല്ല, അങ്ങയുടെ ഗതികേടാണെന്ന് അറിയാം. അത് അങ്ങയുടെ മുൻഗാമികളുടെ നടപടികൾ തുടരുന്നതിന്റെ ഫലമായി അങ്ങ് അനുഭവിക്കേണ്ടി വരുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേരളത്തിലെ നിലവിലെ സ്ഥിതിയെന്താണ്? സാമ്പത്തിക പ്രശ്നങ്ങളുണ്ട് എന്നാൽ പ്രതിസന്ധിയില്ലെന്നാണ് അങ്ങ് പറയുന്നത്. 10 ലക്ഷം രൂപയിൽ കൂടുതലുള്ള ചെക്ക് ട്രഷറിയിൽനിന്നും മാറിക്കൊടുക്കുമോ? അങ്ങനെ മാറിക്കൊടുത്താൽ കർശന നടപടിയെടുക്കുമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ആ പരിധി 5 ലക്ഷം രൂപയാക്കിയോയെന്ന കാര്യം എനിക്ക് കൃത്യമായി അറിയില്ല. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി എല്ലാ കാര്യങ്ങളും ഭംഗിയായി നടക്കുന്നുവെന്നാണ് എപ്പോഴും പറയാറുള്ളത്. ഞങ്ങൾ ഒരുമിച്ച്

പങ്കെടുത്ത ഒരു പരിപാടിയിൽവച്ച് ഉച്ചക്കഞ്ഞിയുടെ കാര്യങ്ങളെല്ലാം ഭംഗിയായി നടക്കുന്നുവെന്നാണ് പറഞ്ഞത്, എന്നാൽ അതുസംബന്ധിച്ച് നിലവിൽ ഹൈക്കോടതിയിൽ കേസ് വന്നിരിക്കുകയാണ്. ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നതിനാൽ വളരെയേറെ ബുദ്ധിമുട്ട് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ 140 എം.എൽ.എ.-മാരുടെയും ആസ്തി വികസന ഫണ്ടിൽനിന്നും 564 കോടി രൂപ സർക്കാർ പിടിച്ചെടുത്തു. തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ നെട്ടൂരിൽ ഒരു സെന്റർ തുടങ്ങാൻ തീരുമാനിച്ചു. തീരുമാനമെടുത്ത് മാസങ്ങൾക്കുശേഷം ഒന്നുരണ്ട് ഉദ്യോഗസ്ഥർ അവിടെവന്ന് പരിശോധിച്ചുപോയതല്ലാതെ തുടർ നടപടികളൊന്നുമുണ്ടായില്ല. ഇതാണ് എല്ലാ നിയോജകമണ്ഡലങ്ങളുടെയും സ്ഥിതി. 140 എം.എൽ.എ.-മാരിൽനിന്നും പണം പിടിച്ചു. അത് ഗവൺമെന്റിന്റെ ആത്മാർത്ഥതക്കുറവാണെന്നല്ല ഞാൻ പറഞ്ഞത്, സാമ്പത്തിക പ്രതിസന്ധിയുടെ ആഴംകൊണ്ടാണ്. അല്ലെങ്കിൽ 140 എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും 4 കോടി രൂപ വീതം സർക്കാർ

പിടിച്ചെടുത്തശേഷം ഒരു പദ്ധതിപോലും പൂർത്തിയാക്കാൻ സാധിക്കുന്നില്ലല്ലോ? പിടിച്ചെടുത്ത 564 കോടി രൂപയിൽ ചെലവഴിച്ചത് ആകെ 36 കോടി രൂപ മാത്രമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുടെയോ ഗവൺമെന്റിന്റെയോ ആത്മാർത്ഥത കുറവുകൊണ്ടല്ല, ഗതികേടുകൊണ്ടാണെന്ന് ഞാൻ പറയുന്നു. പദ്ധതികൾ നടപ്പിലാക്കുന്നതിലും മറ്റും ഗവൺമെന്റിന്റെ പാപ്പരത്വം ഇല്ലെന്ന് ഭരണപക്ഷം സ്ഥാപിക്കാൻ ശ്രമിക്കുമ്പോൾ എനിക്ക് പറയാനുള്ളത് രണ്ടുതവണ ധനകാര്യവകുപ്പുമന്ത്രിയായിരുന്ന, അങ്ങയുടെ മുൻഗാമി ഡോ. ടി. എം. തോമസ് ഐസക് സ്വീകരിച്ച തെറ്റായ സാമ്പത്തികനയമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെ ഉലച്ചതിന്റെ പ്രധാന കാരണമെന്നാണ്. കേരളത്തിലെ ഭരണസംവിധാനത്തിന് നിരവധി നേട്ടങ്ങളുണ്ടായെന്ന് അവകാശപ്പെടുമ്പോൾതന്നെ, ഡോ. തോമസ് ഐസക് അവതരിപ്പിച്ച 'പഠന കോൺഗ്രസ്സും ഭരണപരിഷ്കാരവും' എന്ന അവലോകനത്തിൽ അനിശ്ചിതമായി നീണ്ടുപോകുന്ന നിരവധി പദ്ധതികൾ, വൻകിട പ്രോജക്ടുകൾ എന്നിവ ഫലപ്രദമായി നടപ്പാക്കുന്നതിന് ഭരണയന്ത്രം

പ്രാപ്തമല്ല എന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. അതുപോലെ സേവന മേഖലയിലെ രണ്ടാം തലമുറ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുന്നില്ല, സേവന നിലവാരത്തെക്കുറിച്ചുള്ള ജനങ്ങളുടെ പരാതികൾ ഏറുന്നു, വ്യവസായ പ്രോത്സാഹന ഏജൻസികളുടെ പ്രവർത്തനം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പിന്നിലാണ്, റെഗുലേറ്ററി വകുപ്പുകൾ പലപ്പോഴും ജനവിരുദ്ധമാകുന്നു എന്നൊക്കെയാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. ഇതിനേക്കാൾ നല്ലൊരു സർട്ടിഫിക്കറ്റ് ഞങ്ങൾ വിചാരിച്ചാൽ തരാൻ സാധിക്കില്ല. കിഫ്ബിയിൽനിന്നും പണമെടുക്കുന്നതിന് ഞങ്ങൾ എതിരല്ല. പക്ഷേ കിഫ്ബിയുടെ ബാധ്യത സർക്കാരിന്റെ ബാധ്യതയല്ലെന്നുള്ള തെറ്റായ നിലപാട് സ്വീകരിച്ചതിന്റെ ഫലം കൂടിയാണിത്. ഇക്കാര്യങ്ങളെല്ലാം പറയുമ്പോഴും നിങ്ങൾ പറയുന്നത് പ്രതിപക്ഷം കേന്ദ്രത്തെക്കുറിച്ച് ഒന്നും പറയുന്നില്ല എന്നാണ്. കേന്ദ്ര ഗവൺമെന്റ് ബി.ജെ.പി. ഇതര ഗവൺമെന്റുകളെ ശ്വാസംമുട്ടിക്കുന്നുണ്ടെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. ഇന്ത്യയിൽ യു.പി.എ. ഗവൺമെന്റിന്റെ ഭരണകാലത്ത്, ഡോ. മൻമോഹൻ സിംഗ് പ്രധാനമന്ത്രിയായിരുന്നപ്പോൾ

കേരളത്തിലെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദൻ എം.എൽ.എ.-മാരെ കൂട്ടിക്കൊണ്ട് ഡൽഹിയിൽ പോയി സമരം ചെയ്തു. ഇപ്പോൾ ബി.ജെ.പി. ഗവൺമെന്റാണല്ലോ? അവർ കേരളത്തെ ശ്വാസംമുട്ടിക്കുന്നുണ്ടെന്നല്ലേ നിങ്ങളുടെ ആക്ഷേപം. അന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ചെയ്തതുപോലെ ഭരണപക്ഷം കേന്ദ്ര ഗവൺമെന്റിനെതിരെ സമരത്തിന് തയ്യാറാണോ? ഞങ്ങൾ തയ്യാറാണ്. ഞങ്ങൾ കേന്ദ്രഗവൺമെന്റിനെക്കുറിച്ച് ഒന്നും പറയുന്നില്ലെന്നും ബി.ജെ.പി.-യും കോൺഗ്രസ്സും തമ്മിൽ ധാരണയാണെന്നുമൊക്കെ നിങ്ങൾ എപ്പോഴും പറയുമല്ലോ; ഞങ്ങൾ തയ്യാറാണ്. കേന്ദ്ര ഗവൺമെന്റിനെതിരായി സമരം ചെയ്യാൻ ഡൽഹിയിൽ പോകണം. കേന്ദ്രഗവൺമെന്റിനെ ഒരു തരത്തിലും പിണക്കാത്ത നിലപാടാണ് നിങ്ങൾ സ്വീകരിക്കുന്നത്. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് വ്യക്തിപരമായി അഭിപ്രായ വ്യത്യാസമൊന്നുമില്ല. ഞാൻ രണ്ടാമത് എം.എൽ.എ. ആയി വന്നിട്ട് രണ്ടര വർഷമാകുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 'നരേന്ദ്ര മോദി' എന്ന വാക്ക് ഉച്ചരിക്കുന്നത് ഞാനിന്നുവരെ കേട്ടിട്ടില്ല. മറ്റെല്ലാവരെയും കുറിച്ച്

പറഞ്ഞിട്ടുണ്ട്. ഏഴ് വർഷമായി പറഞ്ഞിട്ടില്ലെന്നാണ് കഴിഞ്ഞ ടേമിലുണ്ടായിരുന്നവർ പറയുന്നത്. അത് പറയാൻ സാധിക്കില്ല. അവർക്ക് ഒരു ബുദ്ധിമുട്ടുമുണ്ടാക്കരുതെന്നതാണ് നിങ്ങളുടെ നിലപാട്, എന്നിട്ട് കുറ്റം മുഴുവൻ പ്രതിപക്ഷത്തിനാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം കേരളം എത്ര തവണ ഓവർഡ്രാഫ്റ്റിൽ പോയി. കേരളത്തിലെ എല്ലാ സാമ്പത്തിക വിദഗ്ദ്ധരും പറയുന്നത് അതിനുകാരണം സംസ്ഥാന ഗവൺമെന്റിന്റെ തെറ്റായ സാമ്പത്തിക നയമാണെന്നാണ്. അപ്പോൾ നിങ്ങൾ പ്രതിപക്ഷത്തോട് ചോദിക്കും പെൻഷൻ കൊടുക്കുന്നത് കുറ്റമാണോയെന്ന്, പെൻഷൻ കൊടുക്കണം. അത് ഗവൺമെന്റിന്റെ സാമൂഹിക ഉത്തരവാദിത്തമാണ്. പക്ഷേ പെൻഷൻ കൊടുക്കാൻവേണ്ടി കമ്പനി രൂപീകരിച്ച് കടമെടുത്ത പണത്തിന്റെ ബാധ്യത ഗവൺമെന്റിനല്ല, ആ കമ്പനിക്കാണ് എന്നുപറയുന്ന നിലപാടിനോടാണ് വിയോജിപ്പുള്ളത്. നിങ്ങളാണ് പെൻഷൻ കൊടുത്തതെന്ന് നിങ്ങളെപ്പോഴും പറയാറുണ്ടല്ലോ. യു.ഡി.എഫ്. ഗവൺമെന്റ് വരുമ്പോൾ പെൻഷൻ കിട്ടാനുള്ള വരുമാന പരിധി 22,000 രൂപയായിരുന്നു. ഇപ്പോൾ ഒരു ലക്ഷം രൂപയാണ്. 22,000 രൂപയിൽനിന്നും 1,00,000

രൂപയായി ഉയർത്തിയത് ഉമ്മൻ ചാണ്ടി ഗവൺമെന്റാണ്. എൽ.ഡി.എഫ്. ഭരണത്തിൽ വന്നതിനുശേഷം വരുമാന പരിധിയിൽ ഒരു രൂപപോലും വർദ്ധിപ്പിച്ചിട്ടില്ല. യു.ഡി.എഫ്. ഗവൺമെന്റ് വർദ്ധിപ്പിച്ച വരുമാന പരിധിതന്നെയാണ് ഇപ്പോഴും നിലനിൽക്കുന്നത്. പെൻഷൻ ലഭിക്കുന്നതിനുള്ള പ്രായം ഇപ്പോൾ 60 വയസ്സാണ്. യു.ഡി.എഫ്. ഗവൺമെന്റാണ് പ്രായപരിധി 65-ൽ നിന്നും 60 ആക്കി കുറച്ചത്. വേണമെങ്കിൽ പരിശോധിച്ചുനോക്കൂ. ഞാൻ വെല്ലുവിളി സ്വീകരിക്കുന്നു. ശ്രീ. കെ. രാധാകൃഷ്ണൻ അങ്ങനെ വെല്ലുവിളിക്കുന്ന മന്ത്രിയല്ല, എന്നാലും ഞാൻ ആ വെല്ലുവിളി സ്വീകരിക്കുകയാണ്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, കർഷക തൊഴിലാളി പെൻഷൻ സംസ്ഥാനത്ത് നടപ്പിലാക്കിയത് 1980-ലാണ്. അന്നുമുതൽതന്നെ കർഷകത്തൊഴിലാളി പെൻഷൻ ലഭിക്കുന്നതിനുള്ള പ്രായം 60 വയസ്സാണ്. ഞാൻ വെല്ലുവിളിക്കുന്നു. അങ്ങ് ഈ വെല്ലുവിളി സ്വീകരിക്കാൻ തയ്യാറുണ്ടോ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ സാമൂഹിക പെൻഷന്റെ കാര്യമാണ് പറഞ്ഞത്. ഞാൻ കർഷകത്തൊഴിലാളി പെൻഷനെന്ന് പറഞ്ഞില്ലല്ലോ? 18 വയസ് കഴിഞ്ഞ ആൺമക്കളുള്ള അമ്മമാർക്ക് പെൻഷൻ കിട്ടില്ലായിരുന്നു. യു.ഡി.എഫ്. ആണ് അത് മാറ്റിയത്. വേണമെങ്കിൽ പരിശോധിച്ചോളൂ. യു.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ 200 രൂപയായിരുന്ന പെൻഷൻ ഞങ്ങൾ അധികാരത്തിൽനിന്നിറങ്ങുമ്പോൾ 600 രൂപ മുതൽ 1200 രൂപവരെയാക്കി വർദ്ധിപ്പിച്ചു. ഇന്നലെ പത്തനാപുരം എം.എൽ.എ. യു.ഡി.എഫ്.-ലേയ്ക്കില്ലെന്ന് പ്രഖ്യാപിച്ചു. ഞങ്ങൾ സങ്കടപ്പെട്ടിരിക്കുകയാണ്. ആരാണ് അദ്ദേഹത്തെ യു.ഡി.എഫ്.-ലേയ്ക്ക് ക്ഷണിച്ചത്; ആരെങ്കിലും ക്ഷണിച്ചോ? ഞങ്ങളാരും അദ്ദേഹത്തെ ക്ഷണിച്ചിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് ധനകാര്യ ബില്ലിനെക്കുറിച്ചുള്ള ചർച്ചയാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, മുന്നാക്ക ക്ഷേമ കോർപ്പറേഷൻ ചെയർമാൻ സ്ഥാനത്തിലെ അനിശ്ചിതത്വം സംബന്ധിച്ച് പറഞ്ഞാൽ,

മുന്നാക്ക ക്ഷേമ കോർപ്പറേഷൻ ജി.എ.ഡി.-യുടെ കീഴിൽ വരുന്നതാണ്. പത്രത്തിൽ ഇതുവരെ വന്ന വാർത്ത, ബഹുമാന്യനായ മുഖ്യമന്ത്രിയോ സി.പി.ഐ.(എം) പാർട്ടി നേതൃത്വമോ ഇതുസംബന്ധിച്ച് ഒന്നും അറിഞ്ഞില്ലെന്നാണ്. പാർട്ടിയിലെ ഒരു വ്യക്തി ചെയർമാനുമായി. ബഹുമാന്യനായ മുഖ്യമന്ത്രി അറിയാതെ ജി.എ.ഡി.-യിൽനിന്നും അങ്ങനെയൊരു ഉത്തരവിറങ്ങിയെങ്കിൽ അദ്ദേഹം എന്തിനാണ് അവിടെയിരിക്കുന്നത്? ഒന്നുകിൽ ഈ ഉത്തരവ് മുഖ്യമന്ത്രിയുടെ അറിവോടുകൂടി ഇറക്കിയതാണ്. ഇതുസംബന്ധിച്ച് അദ്ദേഹം അറിഞ്ഞിട്ടില്ലെങ്കിൽ ഉത്തരവിറക്കിയ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കണം.

പുതുപ്പള്ളിയുമായി ബന്ധപ്പെട്ട് ധാരാളം പ്രസംഗങ്ങൾ ഇപ്പോൾ ഇവിടെ നടക്കുകയാണ്. ഞാൻ പുതുപ്പള്ളിയിലെ കാര്യങ്ങൾ പറയാൻ ഉദ്ദേശിക്കുന്നില്ല. എന്നാലും ഒരു കാര്യം, നിങ്ങൾ അതിനെ എങ്ങനെയാണ് വിലയിരുത്തുന്നത്? നിങ്ങൾ സഹതാപ തരംഗമായിട്ടാണ് വിലയിരുത്തുന്നത്. തീർച്ചയായും അവിടെ ഒരു സഹതാപ തരംഗമുണ്ട്,

പക്ഷേ നിങ്ങൾ മനസ്സിലാക്കേണ്ട കാര്യം ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയോ പ്രതിപക്ഷനേതാവോ ആയിരിക്കുമ്പോൾ നിങ്ങൾ ഒരു വാക്കുകൊണ്ടുപോലും അദ്ദേഹത്തെ അനുകൂലിച്ചിട്ടുള്ളവരല്ല. അദ്ദേഹത്തെയും അദ്ദേഹത്തിന്റെ കുടുംബത്തെയും പരമാവധി ആക്ഷേപിച്ചിട്ടുണ്ട്. ഇവിടെയുണ്ടായിരുന്ന നമ്മുടെ മുൻ പ്രതിപക്ഷനേതാവിനോട് എനിക്ക് ബഹുമാനമാണ്. അദ്ദേഹം പറഞ്ഞ ഭാഷ അറിയാമല്ലോ; അത് കേട്ടവരായ നിങ്ങൾക്കുപോലും നാണമായിട്ടുണ്ടാകും. അറയ്ക്കുന്ന ഭാഷയിലാണ് വിമർശിച്ചത്. ഇപ്പോൾ നിങ്ങൾ പറയുകയാണ്, പുതുപ്പള്ളിയിൽ സഹതാപ തരംഗമാണെന്ന്. അപ്പോൾ ഒരു കാര്യമുണ്ടല്ലോ, ഉമ്മൻ ചാണ്ടിക്ക് എന്തെങ്കിലും നന്മയുണ്ടാകുമല്ലോ? എന്തെങ്കിലും നന്മയില്ലാത്ത ഒരു ദുഷ്ട കഥാപാത്രമാണെങ്കിൽ സഹതാപം ഉണ്ടാകുമോ? അപ്പോൾ ഉമ്മൻ ചാണ്ടി ഒരു നന്മ മരമായിരുന്നു. അദ്ദേഹത്തെ വിലയിരുത്തുന്നതിൽ നിങ്ങൾക്ക് വലിയ തെറ്റുപറ്റി. അതുകൊണ്ട് ഉമ്മൻ ചാണ്ടിയെ ഇതുപോലെ അനാവശ്യമായി വേട്ടയാടിയതിന് നിങ്ങൾ കേരളത്തിലെ ജനങ്ങളോട് മാപ്പ് പറയണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u> സർ, ഉമ്മൻ ചാണ്ടി സാറിനോട് നമുക്കെല്ലാവർക്കും ആദരവ് ഉണ്ട്. ഞങ്ങൾക്ക് അത് കുറച്ച് കുറവാണെന്ന് നിങ്ങൾ വച്ചോളൂ. അത്രയും നല്ലൊരു വ്യക്തി ജയിച്ചുവന്നിട്ട് എന്തുകൊണ്ടാണ് അദ്ദേഹത്തെ പ്രതിപക്ഷനേതാവ് ആക്കാതിരുന്നത്?

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u> സർ, നല്ല ചോദ്യമാണ്. ബഹുമാനപ്പെട്ട പി. പി. ചിത്തരഞ്ജൻ പത്രം വായിക്കാത്തതുകൊണ്ടാണ്. അദ്ദേഹത്തിന്റെ സർക്കാർ 2016-ൽ പരാജയപ്പെട്ടപ്പോൾ കോൺഗ്രസ് ഹൈക്കമാൻഡ് അദ്ദേഹത്തെ പ്രതിപക്ഷനേതാവായി അംഗീകരിക്കാൻ തയ്യാറായിരുന്നു. പക്ഷേ, അദ്ദേഹം സ്വയം ഒഴിഞ്ഞുമാറുകയായിരുന്നു. പാർട്ടിക്കുള്ളിലുള്ള കാര്യങ്ങളെല്ലാം പരസ്യമായി ചർച്ച ചെയ്യില്ലല്ലോ; ഞാൻ പറയുന്നത് യാഥാർത്ഥ്യമായ കാര്യങ്ങളാണ്. എന്റെ നേതൃത്വത്തിലുള്ള സർക്കാരിന് ഭൂരിപക്ഷത്തോടെ തിരിച്ചുവരാൻ സാധിച്ചില്ല, അതുകൊണ്ട് ഞാൻ ആ സ്ഥാനത്തേയ്ക്കില്ലെന്നുള്ള നിലപാട് അദ്ദേഹം സ്വീകരിച്ചതിന്റെയുംകൂടി ഫലമാണത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ബഹുമാനപ്പെട്ട അംഗം ബില്ലിലേയ്ക്ക് തിരിച്ചുവരൂ.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u> സർ, എല്ലാവരും ബില്ലിനെക്കുറിച്ചാണ് പറഞ്ഞത്. എ.കെ.ജി. സെന്ററിൽനിന്നാണ് ശ്രീ. ഇ. പി. ജയരാജൻ ആദ്യം പ്രതികരിച്ചതെന്ന് തോന്നുന്നു. ബി.ജെ.പി. വോട്ട് എവിടെ പോയെന്ന് അദ്ദേഹം ചോദിച്ചു, ബി.ജെ.പി.-യുടെ വോട്ട് കോൺഗ്രസിന് കിട്ടിയെന്നാണ് പറയുന്നത്. ബി.ജെ.പി.-യുടെ വോട്ട് മാത്രമല്ല, നിങ്ങളുടെ 12000 വോട്ടുകൾ എവിടെ പോയിയെന്ന് ഞാൻ ചോദിക്കുന്നു. ഞാൻ പറയാനുദ്ദേശിച്ചത്, ഇതിൽ സി.പി.ഐ.(എം.)കാരുടെ വോട്ടുണ്ട്, നിങ്ങളുടെ വർഗ്ഗബഹുജന സംഘടനകളിൽപ്പെട്ട എല്ലാവരുടെയും വോട്ട് കിട്ടിയിട്ടുണ്ട്. എന്തുകൊണ്ടാണെന്നറിയാമോ? നിങ്ങളുടെ പാർട്ടിയെ സ്നേഹിക്കുന്ന ആളുകൾ നിങ്ങളുടെ പാർട്ടി ഈ നിലയ്ക്ക് പോയാൽ നശിക്കുമെന്ന് ബോധ്യമുള്ളതുകൊണ്ട് ഇങ്ങോട്ട് വോട്ട് ചെയ്തുവെന്നുള്ളതാണ് യാഥാർത്ഥ്യം. ഭരണവിരുദ്ധ വികാരമില്ലെന്ന് വിലയിരുത്തി നിങ്ങൾ തൽക്കാലം രക്ഷപ്പെട്ടോളൂ, പക്ഷേ അതിൽ ജനങ്ങൾക്ക് ശക്തമായ എതിർപ്പുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കണമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ ബിൽ ജി.എസ്.ടി.-യുടെ ഭാഗമായി നമ്മുടെ സംസ്ഥാനത്തെ നിയമങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾക്ക് വേണ്ടിയുള്ളതാണ്. അതിന്റെ വിശദാംശങ്ങൾ സൂചിപ്പിച്ചുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ബഹുമാനപ്പെട്ട കെ. ബാബു (തൃപ്പൂണിത്തുറ) ചൂണ്ടിക്കാണിച്ചതുപോലെ ട്രിബ്യൂണലിന്റെ ബഞ്ച് സ്ഥാപിക്കുന്ന കാര്യം തീരുമാനിക്കുമ്പോൾ മലബാർ മേഖലയെക്കൂടി പരിഗണിക്കണം. വാണിജ്യ വ്യാപാര രംഗത്ത് മലബാർ മേഖലയാണ് കേരളത്തിൽ മുൻപന്തിയിൽ നിൽക്കുന്നത്. അവിടെ ഒരു ബഞ്ച് സ്ഥാപിക്കുകയെന്നുള്ളത് ന്യായമായ സംഗതിയാണ്. മലബാർ മേഖലയിലുള്ളവർക്ക് അക്കാര്യങ്ങൾക്ക് എറണാകുളത്തും തിരുവനന്തപുരത്തും വരേണ്ടിവരുന്നത് ഒഴിവാക്കിക്കൊടുക്കണമെന്നുകൂടി സൂചിപ്പിക്കുകയാണ്. ജി.എസ്.ടി. കുടിശ്ശിക വാങ്ങിയെടുക്കുന്നതിലും കോമ്പൻസേഷൻ വാങ്ങിയെടുക്കുന്നതിലും നമ്മുടെ സംസ്ഥാന സർക്കാരിന് സംഭവിച്ച വീഴ്ചകൊണ്ടാണ് ഇപ്പോഴും കോടിക്കണക്കിന് രൂപ കിട്ടാനുള്ളത്. സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി അനുദിനം

വഷളായിക്കൊണ്ടിരിക്കുകയാണ്. സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ സംസ്ഥാന സർക്കാർ വരവിനേക്കാൾ 14,957 കോടി രൂപ ചെലവഴിച്ചുവെന്നാണ് റിപ്പോർട്ട്. ഏപ്രിൽ മുതലാണല്ലോ ബജറ്റിന്റെ കാൽക്കുലേഷൻ വരുന്നത്. അന്നുമുതൽ ഏതാനും മാസങ്ങൾ കൊണ്ട് 14,957 കോടി രൂപ ചെലവഴിച്ചു, ഫലത്തിൽ മൂന്ന് മാസംകൊണ്ട് ഇത്രയും കടമുണ്ടായി. കടം എടുക്കുന്നത് പുതിയ കാര്യമല്ലെന്നത് സമ്മതിച്ചു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് സർക്കാരിന്റെ വരുമാനം ബഡ്ജറ്റിൽ ലക്ഷ്യമിട്ടതിന്റെ അടുത്തെങ്ങുമെത്താത്തത് വലിയ അപായ സൂചനയാണ്. വരാൻ പോകുന്ന വലിയ സാമ്പത്തിക പ്രതിസന്ധിയുടെ ഒരു നേർക്കാഴ്ചയാണ് ഈ കണക്ക്. ഏപ്രിൽ-ജൂൺ മാസങ്ങളിലെ കണക്കനുസരിച്ച് ഭൂമി രജിസ്ട്രേഷൻ, വിൽപ്പന നികുതി, എക്സൈസ് ഡ്യൂട്ടി, ലാൻഡ് റവന്യൂ, മറ്റ് നികുതികൾ എന്നിവയിലെ വരുമാനം സർക്കാർ ലക്ഷ്യമിട്ടതിൽനിന്നും വളരെ പിന്നോട്ട് പോയി. കോവിഡ് കാലത്തൊഴികെ ഒരോ വർഷവും ഇത്തരത്തിലുള്ള വരുമാനങ്ങൾ വർദ്ധിക്കുകയാണ് ചെയ്തിട്ടുള്ളത്. അങ്ങനെയാണ് കേരളത്തിന്റെ പതിവ്. എന്നാൽ ഇപ്പോൾ

മറിച്ചാണ് സംഭവിക്കുന്നത്. ഭൂമിയുടെ ന്യായവിലയിൽ ഒറ്റയടിക്ക് ഇരുപത് ശതമാനം വർദ്ധന വരുത്തിയതും ഇന്ധന സെസ് ആയി രണ്ട് രൂപ ഏർപ്പെടുത്തിയതുമൊക്കെ ഈ തിരിച്ചടിക്ക് കാരണമായിട്ടുണ്ടെന്നാണ് നമുക്ക് കണ്ടെത്താൻ സാധിക്കുന്നത്. കടമെടുപ്പ് പരിധി വർദ്ധിപ്പിക്കാൻ സമയത്തിന് കണക്കുപോലും കൊടുക്കുന്നതിൽ കേരള സർക്കാരിന്റെ ഭാഗത്ത് അമാന്തമുണ്ടായിട്ടുണ്ട്. സാമ്പത്തിക രംഗത്തെ നിങ്ങളുടെ മിസ്മാനേജ്മെന്റ് ഇന്ന് നമ്മൾ അനുഭവിക്കുന്ന സാമ്പത്തിക പ്രയാസത്തിന് ഒരു കാരണമായിട്ടുണ്ട്. ഇന്നലെയും ഇവിടെ സാമ്പത്തിക വിഷയങ്ങളുമായി ബന്ധപ്പെട്ട ചർച്ചയിൽ എന്റെ ചില യുവസ്നേഹിതന്മാർ ആഞ്ഞടിക്കുന്നത് കണ്ടു. കേരളത്തിന്റെ 18 എം.പി.-മാർ എവിടെ എന്നൊക്കെ ചോദിച്ചായിരുന്നു ഇവരുടെ സംസാരം. കേരളത്തിലെ 18 എം.പി.-മാരെക്കൊണ്ടാണോ നിങ്ങളുടെ സാമ്പത്തിക സ്ഥിതി ഇങ്ങനെയായത്? നിങ്ങൾ യാതൊരു ദീർഘവീക്ഷണവുമില്ലാതെ നടത്തിയ കടമെടുപ്പും ധൂർത്തുമൊക്കെക്കൊണ്ട് നമ്മൾ കുത്തുപാളയെടുത്തതിന് ഈ പാവം എം.പി.-മാർ എന്ത് പിഴച്ചു. ഇപ്പോൾ മൊത്തം കുഴപ്പം എം.പി.-

മാരുടേതാണെന്നാണ് പറയുന്നത്. ഞാൻ ചോദിക്കട്ടെ; ലോക്സഭയിൽ ഞങ്ങൾക്ക് 18 പേരുണ്ട്, നിങ്ങൾക്ക് 2 പേരുണ്ട്. രാജ്യസഭയിൽ കേരളത്തിൽനിന്നും ആകെ 9 പേരുള്ളതിൽ 7 പേരും അപ്പുറത്താണ്, ഞങ്ങളുടെ ഭാഗത്ത് രണ്ടേയുള്ളൂ. ലോക്സഭയിലും രാജ്യസഭയിലുംകൂടി നിങ്ങൾക്ക് 9 എം.പി.-മാരുണ്ട്. ഞങ്ങളുടെ 18 പേർ ശബ്ദിച്ചില്ലെങ്കിലും നിങ്ങളുടെ 9 പേർ ശബ്ദിക്കേണ്ടതല്ലേ; അപ്പോൾ അവർ ശ്രമിച്ചില്ലേ? ഈ രാജ്യം ഒരു ഫെഡറൽ സ്വഭാവമുള്ളതാണ്. നിങ്ങൾ ഈ സംസ്ഥാനത്തെ വില കുറച്ചുകാണരുത്. 'One Nation, One Election' എന്ന് ശ്രീ. നരേന്ദ്ര മോദി പറയുന്നതുപോലെയാണ് നിങ്ങളും പറയുന്നത്. അവിടെ എം.പി.-മാർ നേരിട്ട് പോയി പറയണമെന്നാണ് നിങ്ങൾ പറയുന്നത്, എന്നാൽ അങ്ങനെയല്ല. നമ്മുടെ രാജ്യത്തിന് ശക്തമായ ഫെഡറൽ സ്വഭാവമുണ്ട്. കേരളത്തിന്റെ മുഖ്യമന്ത്രിയും മന്ത്രിമാരുമാണ് പറയേണ്ടത്, നിങ്ങളാണ് പോയി വാങ്ങേണ്ടത്. ഇടയ്ക്ക് നിങ്ങൾ അങ്ങോട്ട് പോകുന്നുണ്ടല്ലോ; ശ്രീ. നരേന്ദ്ര മോദി ചില കാര്യങ്ങൾക്ക് ഇങ്ങോട്ടും വരുന്നുണ്ടല്ലോ; അപ്പോഴൊക്കെ കാര്യങ്ങൾ ഭദ്രമായി നടക്കുന്നുണ്ടല്ലോ? വന്ദേഭാരത്

ട്രെയിനിന്റെ ഉദ്ഘാടനത്തിനായി ശ്രീ. നരേന്ദ്ര മോദി വന്നപ്പോൾ നിങ്ങൾ എങ്ങനെയാണ് കൊണ്ടുനടന്നത്,അദ്ദേഹം പ്രധാനമന്ത്രിയായതുകൊണ്ടാണ്, അത് സമ്മതിച്ചു. അതേ രൂപത്തിൽത്തന്നെ ഈ സംസ്ഥാനത്തിന് കിട്ടാനുള്ളത് വാങ്ങിയെടുക്കാനും നിങ്ങൾക്ക് സാധിക്കണം. പ്രതിപക്ഷത്തിരിക്കുന്ന ഞങ്ങളുടെ 18 എം.പി.-മാർ പറയാത്തതിനാലാണോ നിങ്ങൾക്ക് കിട്ടാത്തത്. നിങ്ങൾ ആളുകളെ തെറ്റിദ്ധരിപ്പിക്കരുത്. ഈ സംസ്ഥാനത്തിന്റെ അധികാരം നിങ്ങളുടെ കയ്യിലാണ്. ഈ സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയും മന്ത്രിമാരുമാണ് അതിനുവേണ്ടി ശ്രമിക്കേണ്ടത്, ബി.ജെ.പി. ഇപ്പോൾ ആലോചിക്കുന്നത് പാർലമെന്റ് മാത്രം മതിയെന്നാണ്. ബാക്കിയെല്ലാം നിഷ്പ്രഭമാക്കി അതിന്റെ കീഴിൽ എല്ലാത്തിനെയും കൊണ്ടുവരാനാണ് 'One Nation, One Election' എന്ന് അവർ പറഞ്ഞുകൊണ്ടിരിക്കുന്നത്. അതിന് ഉപോത്ബലകമായുള്ള വർത്തമാനം നിങ്ങളും പറയുകയാണോ? ഇവിടെനിന്നും പോകുന്ന എം.പി.-മാരാണോ ഇതിന്റെ സാമ്പത്തിക വശങ്ങൾ തീരുമാനിക്കേണ്ടത്? ഫെഡറൽ സ്വഭാവമനുസരിച്ച് ഈ സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതമുണ്ട്. ആ

വിഹിതം ലഭിക്കും, ലഭിച്ചില്ലെങ്കിൽ ചോദിക്കാനുള്ള വേദികളുണ്ട്. മുഖ്യമന്ത്രിമാരുടെയും ധനകാര്യ മന്ത്രിമാരുടെയും യോഗം ഉണ്ട്, ജി.എസ്.ടി. കൗൺസിലുണ്ട്. ഇതിലൊക്കെ എം.പി.-മാർ എവിടെയാണുള്ളത്? വെറുതെ ആളുകളെ പറ്റിക്കരുത്. അതുകൊണ്ട് ആ വർത്തമാനം നിർത്തണം. ഇതിനുമുമ്പും ഇക്കാര്യം ഉയർന്നുവന്നിട്ടുണ്ട്. സംസ്ഥാനത്തിന്റെ താൽപ്പര്യം പറഞ്ഞുകൊണ്ട് നിങ്ങൾ എം.പി.-മാരുടെ യോഗം വിളിച്ചാൽ ഞങ്ങൾ അതിന്റെ കൂടെ നിന്നിട്ടുണ്ട്. ഇപ്പോൾ എന്താണ് പ്രശ്നം? കണക്ക് കൊടുത്തില്ലെന്നാണ് കേന്ദ്ര ധനകാര്യമന്ത്രി പറയുന്നത്. കണക്ക് കൊടുത്താലല്ലേ കടമെടുപ്പ് പരിധി വർദ്ധിപ്പിക്കാൻ കഴിയൂ. സമയത്തിന് കണക്ക് കൊടുക്കാത്തതിന് എം.പി.-മാരാണോ ഉത്തരവാദി? അങ്ങനെയുള്ള സ്ഥിതികളൊക്കെ ഉണ്ടാക്കുന്നത് നിങ്ങളുടെ മിസ്മാനേജ്മെന്റാണ്. ഇപ്പോൾ എന്താണ് സ്ഥിതി, ട്രഷറി പൂട്ടിയെന്ന് പറഞ്ഞിട്ടില്ലെന്ന് മാത്രമെയുള്ളൂ. അപ്പുറത്ത് സ്നേഹിതന്മാരായ ഇടതുപക്ഷ എം.എൽ.എ.-മാർ ഇരിക്കുന്നുണ്ട്. നമ്മുടെ പഞ്ചായത്തുകളോടൊക്കെ ഒന്നുചോദിച്ചുനോക്കൂ. അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള ബില്ലുകൾ

മാറരുതെന്ന് ഓണക്കാലം മുതൽ നിങ്ങളുടെ ഡയറക്ഷൻ ഉണ്ട്. ഇപ്പോൾ അഞ്ച് ലക്ഷം രൂപ പോയിട്ട് ഒരുലക്ഷം രൂപപോലും ട്രഷറിയിൽ മാറില്ല. നാളെ വരൂ, മറ്റന്നാൾ വരൂ എന്നുപറഞ്ഞ് വേറൊരു ഡേറ്റ് കൊടുത്ത് പറഞ്ഞയയ്ക്കുകയാണ്. സത്യത്തിൽ കേരളത്തിന്റെ ട്രഷറി പൂട്ടിയ അവസ്ഥയാണ് ഇന്നുള്ളത്. ഓണക്കാലത്തുപോലും റേഷൻകടയിൽ സാധനങ്ങളുണ്ടായില്ല. നമ്മുടെ ഭക്ഷ്യ വകുപ്പുമന്ത്രി അവിടെ ഇരിക്കുന്നുണ്ട്, ഇക്കാര്യത്തിലും വലിയ തർക്കങ്ങൾ ഉണ്ടായി. ഞങ്ങൾ ഇപ്പോൾ ഇതിലൊന്നും സന്തോഷിച്ചിട്ട് പറയുകയല്ല. നമ്മുടെ സംസ്ഥാനത്തിന്റേത് ദുരവസ്ഥയാണ്. ഓണക്കാലത്ത് മാവേലി സ്റ്റോറുകൾ വേണ്ടവിധം പ്രവർത്തിപ്പിക്കാൻ കഴിഞ്ഞില്ല. കിറ്റ് ആയിരുന്നല്ലോ നിങ്ങളുടെ വലിയൊരു മേന്മയായി പറഞ്ഞിരുന്നത്. ഞങ്ങൾ ആരെയും പട്ടിണിക്കിട്ടില്ല, എല്ലാവർക്കും കിറ്റ് കൊടുത്തുവെന്നാണ് പറഞ്ഞത്. ഇപ്രാവശ്യം എത്ര പേർക്ക് കിറ്റ് കൊടുത്തു, കൊടുത്ത കിറ്റ് എത്ര പേർക്ക് കിട്ടി, കൊടുത്തതിന്റെ അവസ്ഥയെന്താണ്? അന്ന് മുഴുവൻ ചാനലുകളിലും 'ഓണമെത്തി, പക്ഷേ കിറ്റ് എത്തിയില്ല' എന്നൊരു സ്ഥിരമായ

വാർത്തയുണ്ടായിരുന്നു. ഇതായിരുന്നില്ലേ അഞ്ച് ലക്ഷം പേർക്ക് നിങ്ങൾ കൊടുക്കാൻ തീരുമാനിച്ച കിറ്റിന്റെ ഇപ്രാവശ്യത്തെ അവസ്ഥ. കിറ്റിന്റെ കാര്യം മാത്രമാണോ; ഹോസ്പിറ്റലിലെ ബില്ലുകൾ, മരുന്നുകൾ എന്നിവയുടെയൊക്കെ സ്ഥിതിയെന്താണ്; KASP പദ്ധതി പ്രകാരം 300 സ്വകാര്യ ആശുപത്രികൾ ചികിത്സാസഹായം നൽകുന്നില്ല.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (<u>ശ്രീ. ജി. ആർ. അനിൽ</u>): സർ, ബഹുമാനപ്പെട്ട അംഗം സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലാണ് ഇവിടെ ചില കണക്കുകൾ പറയുന്നത്. കിറ്റ് കൊടുത്തതിനെ സംബന്ധിച്ചും ഓണത്തിന് റേഷൻകടയിൽ അരിയില്ലായിരുന്നുവെന്നുമാണ് അദ്ദേഹം ഇവിടെ പറയുന്നത്. അടിസ്ഥാനരഹിതമായ വിഷയമാണ്. വസ്തുതകൾ വിശദീകരിക്കാനുള്ള സമയം നൽകിയാൽ അത് മുഴുവൻ വിശദീകരിക്കുന്നതാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്...എഴുതി നൽകൂ.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, അതൊക്കെ ഈ രാജ്യത്തെല്ലാവരും കണ്ടകാര്യമാണ്. ഇനി നിങ്ങൾക്കത് വിശദീകരിക്കണമെങ്കിൽ നിങ്ങളുടെ

സൈഡിൽനിന്നും അവസരം കിട്ടുമ്പോൾ വിശദീകരിക്കാം. പക്ഷേ അരിയില്ലാത്തതും സാധനങ്ങളില്ലാത്തതുമായ പരാതികൾ വന്നിരുന്നു. അങ്ങയുടെ മണ്ഡലത്തിലുള്ള സൂപ്പർ മാർക്കറ്റിൽ വരെ ചാനലുകാർ പോയി 'മന്ത്രി ഇങ്ങനെ പറഞ്ഞു, ഇതിന്റെ അവസ്ഥ ഇങ്ങനെയാണ്' എന്നുകാണിച്ചത് എല്ലാവരും കണ്ടതാണ്. പാവങ്ങളായ 42 ലക്ഷം പേർക്കുള്ള ചികിത്സാസഹായം ലഭിക്കാൻ നമ്മൾ വിവിധ ഹോസ്പിറ്റലുകളിൽ കൊടുത്തിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ...... ബില്ലിനകത്തുനിന്ന് സംസാരിക്കു..

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇത് ബില്ലാണ്. സാമ്പത്തിക ദുഃസ്ഥിതി കൊണ്ട് രാജ്യത്തെ ജനങ്ങൾ അനുഭവിക്കുന്ന കഷ്ടതകളെക്കുറിച്ചാണ് ഞാൻ പറയുന്നത്. പെരിന്തൽമണ്ണ മണ്ഡലത്തിലെ അംഗം ശ്രീ. നജീബ് കാന്തപുരം ഇവിടെയുണ്ട്. കാരുണ്യ/കാസ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ചികിത്സയ്ക്ക് ഇനി ഇങ്ങോട്ട് വരേണ്ട, ഞങ്ങൾക്ക് സർക്കാർ 14 കോടി രൂപ നൽകാനുണ്ട് എന്ന് കൃത്യമായി അവർ ബോർഡ് വച്ചിട്ടുണ്ട്. ഇത് പെരിന്തൽമണ്ണ

മെഡിക്കൽ കോളേജിന്റെ മാത്രം സ്ഥിതിയല്ല. നിരവധി ഹോസ്പിറ്റലുകളിൽ ഇതുതന്നെയാണ് അവസ്ഥ. 887 കോടി രൂപയാണ് ടി ഇനത്തിൽ കുടിശ്ശികയുള്ളത്. ഉച്ചക്കഞ്ഞിയുടെ കാര്യവും ഒരദ്ധ്യാപകന്റെ കത്തിന്റെ കാര്യവും ഇവിടെ പറഞ്ഞു. ഞാൻ ഒന്നും ആവർത്തിക്കുന്നില്ല. ഇവിടെ ശമ്പളം മുടങ്ങുന്ന സ്ഥിതിവരെ കാര്യങ്ങൾ പോകുകയാണ്.

ശ്രീ. നജീബ് കാന്തപുരം: സർ, ഹെഡ്മാസ്റ്റർമാരുടെ സ്ഥിതിയെക്കുറിച്ചാണ് പറയാനുള്ളത്. അത് ഈ സഭയിൽ ചർച്ച ചെയ്ത കാര്യമാണ്. XXXXX+ കടംവാങ്ങി, കടം വാങ്ങി.....(ബഹളം).....എന്ത് നുണ; നിങ്ങളുടെ മണ്ഡലത്തിലെ എച്ച്.എം.-മാരോട് സംസാരിക്കൂ.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. നജീബ് കാന്തപുരം, അങ്ങ് പറയാൻ ശ്രമിച്ചത് പറഞ്ഞോളൂ. ശ്രീ. എൻ. ഷംസുദ്ദീൻ ആണ് പ്രസംഗിക്കുന്നത്.

ശ്രീ. നജീബ് കാന്തപുരം: സർ, തീർച്ചയായും. ഒരുപാട് ഹെഡ്മാസ്റ്റർമാർ ആത്മഹത്യയുടെ വക്കിലാണ്. മാത്രമല്ല, ഇപ്പോൾ ആർക്കും പ്രൊമോഷൻ വേണ്ടെന്നാണ് പറയുന്നത്. ഡീ-പ്രൊമോട്ട്

+ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ നിർദ്ദേശപ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

ചെയ്യുമോയെന്ന് ചോദിക്കുന്ന ഒരവസ്ഥയാണുള്ളത്. ഈ സാഹചര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ശ്രീ. നജീബ് കാന്തപുരം പറഞ്ഞ കാര്യം തീർച്ചയായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, കേരളത്തിലെ അദ്ധ്യാപകരെയും ഹെഡ്മാസ്റ്റർമാരെയും സംബന്ധിച്ചിടത്തോളം, പൊതുസമൂഹം വലിയ ബഹുമാനമാണ് കൊടുക്കുന്നത്. XXXXX+ ഹെഡ്മാസ്റ്റർമാരെ മുഴുവൻ ആക്ഷേപിച്ചിരിക്കുകയാണ്. അത് പിൻവലിക്കണം. അത് രേഖയിൽ നിന്ന് നീക്കം ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് രേഖയിലുണ്ടാകില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞങ്ങൾ ഒരു ഹെഡ്മാസ്റ്ററെയും മാഷിനെയും ആക്ഷേപിക്കില്ല. മാതാ-പിതാ-ഗുരു-ദൈവം എന്നാണ്. മാതാവിനെയും പിതാവിനെയുംപോലെ ഞങ്ങൾ സ്നേഹിക്കുന്നവരാണ് ഹെഡ്മാസ്റ്റർമാർ. പക്ഷേ ആ മാഷുമാരോടുള്ള സ്നേഹംകൊണ്ടാണ് ഞങ്ങൾ

+ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ നിർദ്ദേശപ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

ഈ വിഷയം ഇവിടെ പറയുന്നത്. അദ്ധ്യാപക ദിനത്തിൽ ഒരദ്ധ്യാപകൻ എഴുതിയ കത്ത് നിങ്ങൾ കണ്ടതല്ലേ; അയാൾ കടം വാങ്ങിയ രണ്ടുലക്ഷം രൂപ കൊടുക്കാനുണ്ട്. എല്ലായിടത്തും അങ്ങനെയല്ല. അതൊരു ഒറ്റപ്പെട്ട വിഷയമാണെന്ന് പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അന്ന് സമ്മതിച്ചു. പക്ഷേ ഞങ്ങൾ പറയുന്നത്, ഇങ്ങനെ ഒരുപാട് ഒറ്റപ്പെട്ട സംഭവങ്ങൾ കൂടുമ്പോഴാണ് പൊതുവിഷയമായി മാറുന്നത്.

ശ്രീ. വി. ശിവൻകുട്ടി: സർ, കഴിഞ്ഞ രണ്ടുമാസത്തെ കുടിശ്ശിക കൊടുക്കാനുണ്ട്. അത് എൽ.ഡി.എഫ്. ഭരിച്ചിരുന്നപ്പോഴും യു.ഡി.എഫ്. ഭരിച്ചിരുന്നപ്പോഴും അങ്ങനെ കുടിശ്ശിക വരാറുണ്ട്. കേരളത്തിലെ ഏതാണ്ട് പതിനാലായിരത്തോളം വരുന്ന ഹെഡ്മാസ്റ്റർമാർ ഉടനെതന്നെ രാജിവച്ച് പോകുമെന്ന് പറയാറില്ല. ഈ പറയുന്ന പ്രത്യേക ഹെഡ്മാസ്റ്റർ ബോധപൂർവ്വം ഒരു കത്തെഴുതി കൊടുത്തിട്ട് ഉച്ചക്കഞ്ഞി നിർത്താൻ പോകുകയാണെന്ന് പറഞ്ഞു. ഉച്ചക്കഞ്ഞി നിർത്താൻ അദ്ദേഹത്തോട് ആരുപറഞ്ഞു? എന്നുമാത്രമല്ല, അത് ഡി.ഇ.ഒ. ആഫീസിൽ കൊടുത്തശേഷം

പത്രക്കാർക്ക് കൊടുക്കുകയാണ് ചെയ്തത്. എല്ലാ ഹെഡ്മാസ്റ്റർമാർക്കും ബാധ്യതയുണ്ട്. അതൊരു സത്യമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്...പ്ലീസ്....ശ്രീ. എൻ. ഷംസുദ്ദീൻ....

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇതാണ് നിങ്ങൾക്കുള്ള ഒരു കുഴപ്പം. നമ്മൾ ഒരു പൊതുവിഷയത്തെക്കുറിച്ച് പറഞ്ഞു. ഒരു കെ.എസ്.റ്റി.എ.-ക്കാരനായ അദ്ധ്യാപകനാണിത് ചെയ്തത്. അപ്പോഴും നിങ്ങൾ ഞങ്ങളുടെ നെഞ്ചത്തേയ്ക്കും മനോരമയുടെ നേർക്കുമാണ് വരുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ....അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ...

ശ്രീ. കെ. ബാബു (നെന്മാറ): സർ, അദ്ധ്യാപകരോടുള്ള ബഹുമാനം കൂടിയിട്ടാണോ അരീക്കോട് ഒരദ്ധ്യാപകനെ പാഠപുസ്തകത്തിന്റെ പേരിൽ ചവിട്ടി കൊന്നത്; അതൊന്ന് വ്യക്തമാക്കാമോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അതൊക്കെ ഈ സമയത്ത് പറയാൻ കഴിയുമോ; എങ്ങനെയാണ് സംഭവിച്ചത്? അവിടെയുണ്ടായ സംഘർഷം, സമരം എന്നിവയാണ് അതിന്റെ കാരണങ്ങൾ. അതിലേയ്ക്കൊന്നും ഞാൻ

കടക്കുന്നില്ല. നിങ്ങൾ നമ്മളെയൊക്കെ പറ്റിച്ച ഒരു കേസ്സുണ്ട്. 2021-ൽ നമ്മളെല്ലാവരും ഇവിടെ വീണ്ടും തെരഞ്ഞെടുക്കപ്പെട്ടുവന്നു. നിങ്ങളിൽ പലരും പുതുതായി തെരഞ്ഞെടുക്കപ്പെട്ടുവന്നു. 5 കോടി രൂപയ്ക്ക് മണ്ഡലത്തിൽ വികസന പ്രവർത്തനങ്ങൾ നടത്താമെന്ന് നമുക്കൊക്കെ പ്രതീക്ഷയുണ്ടായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസംഗിക്കുമ്പോൾ പറഞ്ഞു, ഇത് കോവിഡിന്റെ സമയമാണ്, കോവിഡ് പ്രതിരോധത്തിനുവേണ്ടി ഞങ്ങൾ നിങ്ങളുടെ 4 കോടി രൂപ എടുത്തു. ഒരു കോടി രൂപ മാത്രമെ നിങ്ങൾക്ക് ഇത്തവണ ഉണ്ടാകുവെന്നുപറഞ്ഞു. എല്ലാവരുടെയും മണ്ഡലങ്ങളിൽ ഐസൊലേറ്റഡ് വാർഡ് അനുവദിക്കാമെന്ന് പറഞ്ഞു. ഇനിയും ഇത്തരത്തിലുള്ള പകർച്ചവ്യാധികൾ രാജ്യത്തുണ്ടാകും. അത് വരുമ്പോൾ പെട്ടെന്ന് വാർഡുണ്ടാക്കാൻ പറ്റില്ല. ഒരു ഹോസ്പിറ്റൽ നിങ്ങൾ സജസ്റ്റ് ചെയ്താൽ അവിടെ നമുക്ക് ഐസൊലേറ്റഡ് വാർഡുണ്ടാക്കാമെന്ന് പറഞ്ഞു. അതിന്റെ ഓർഡറിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. നമ്മൾ എല്ലാവരുടെ മണ്ഡലത്തിലും ഓരോ ആശുപത്രി തെരഞ്ഞെടുത്ത് അതിന് കിഫ്ബി മുഖാന്തരം എ.എസ്. കൊടുത്തു. ഈ

നിമിഷംവരെ അതിലൊരു പണിയും നടന്നില്ല. ...(ബഹളം)....നിങ്ങൾ ബഹളം വയ്ക്കല്ലേ.....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്...പ്ലീസ്...ഇരിക്ക്... ശ്രീ. എൻ. ഷംസുദ്ദീൻ...അങ്ങ് ചീഫ് വിപ്പിന് വഴങ്ങുന്നുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ ചീഫ് വിപ്പിന് വഴങ്ങുന്നു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ തെറ്റാണ് പറയുന്നത്. കാഞ്ഞിരപ്പള്ളിയിലെ ആശുപത്രിയിൽ പണിതിട്ടുണ്ട്. മറ്റ് പല എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിലും പണിതുകഴിഞ്ഞു. എല്ലാ സ്ഥലത്തും പണിതിട്ടില്ലെന്ന് ജനറലൈസ് ചെയ്ത് പറയരുത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എന്റെ അറിവിൽ 50-ൽപ്പരം അല്ല, നൂറിൽപ്പരം മണ്ഡലങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് ഒരു പണിയും നടന്നിട്ടില്ല. സ്ഥലമൊക്കെ വളരെ കൃത്യമായിട്ടുണ്ട്. എവിടെയും പണി നടന്നിട്ടില്ല. നിങ്ങൾ ഇങ്ങനെ കളവുപറയരുത്. എന്ത് നടന്നുവെന്നാണ് പറയുന്നത്? 4 കോടി രൂപയുടെ കെട്ടിടം ഓരോ ഹോസ്പിറ്റലിനും നൽകാമെന്നാണ്

പറഞ്ഞത്. നിങ്ങൾ ഗവൺമെന്റിനെ രക്ഷിക്കാൻവേണ്ടി ബഹളം വച്ചിട്ട് കാര്യമില്ല. പരിശോധിച്ചാൽ ചീഫ് വിപ്പ് പറഞ്ഞതുപോലെ ഏതെങ്കിലും ഹോസ്പിറ്റലിലോ ഏതെങ്കിലുമൊരു മണ്ഡലത്തിലോ നടന്നിട്ടുണ്ടാകാം. പക്ഷേ ഞങ്ങളുടെയൊന്നും മണ്ഡലങ്ങളിൽ പണി നടന്നിട്ടില്ല. കെട്ടിടമുണ്ടാക്കുന്നില്ലെങ്കിൽ ആ 4 കോടി രൂപ അതത് മണ്ഡലങ്ങൾക്ക് തിരിച്ചുകൊടുക്കണം. അല്ലെങ്കിൽ ഞങ്ങൾ സജസ്റ്റ് ചെയ്ത സ്ഥലങ്ങളിൽ, ഞാൻ എന്റെ മണ്ഡലത്തിലെ അലനെല്ലൂർ ഹോസ്പിറ്റലും കോട്ടോപ്പാടത്തെ പി.എച്ച്.സി.-യുമാണ് കൊടുത്തത്. ഈ രണ്ട് ആശുപത്രികളിൽ അത് പണിയാനുള്ള തീരുമാനമുണ്ടാക്കണം. ഇതൊരു അവകാശലംഘനത്തിന്റെ പ്രശ്നമാണ്. മുഖ്യമന്ത്രി ഇവിടെനിന്ന് പ്രസംഗിച്ചതാണ്. ബഡ്ജറ്റിലുണ്ടെന്ന് പറഞ്ഞ് ഞങ്ങളോട് സമ്മതിച്ചതാണ്. അങ്ങനെ ഉമ്മൻ ചാണ്ടിയുടെ കാലത്ത് ഞങ്ങൾക്ക് കിട്ടിയ 5 കോടി രൂപയിൽനിന്ന് 4 കോടി രൂപ നിങ്ങൾ തിരിച്ചുപിടിച്ചിരിക്കുകയാണ്. ഇത് മെമ്പർമാരുടെ അവകാശത്തിന്റെ പ്രശ്നമാണ്. അത് അനുവദിച്ചുനൽകിയേ പറ്റൂ. 2021-22-ലെ ഫണ്ടാണ്. ഇപ്പോൾ വർഷം 2023 ആയി എന്നു സൂചിപ്പിക്കുകയാണ്. എല്ലാ നിലയ്ക്കും

നമ്മുടെ നാട്ടിലെ ജനങ്ങൾ ദുരിതക്കയത്തിലാണ്. വൈദ്യുതി, വെള്ളം എന്നിവയുടെ കരം വർദ്ധിപ്പിച്ചു. ഇതിനൊക്കെ പുറമെ ഈ ഓണക്കാലത്ത് ഇമ്മാതിരി പിരിവുകളായിരുന്നു. ഭക്ഷ്യ സുരക്ഷാ  ഉദ്യോഗസ്ഥർ തട്ടുകട നടത്തുന്നവർക്ക് ലൈസൻസുണ്ടോയെന്ന് പരിശോധിച്ച് 1000, 2000 രൂപ വച്ചാണ് പിരിച്ചിരുന്നത്. അങ്ങനെ ട്രഷറിയിൽ പണമുണ്ടാക്കാൻ നിങ്ങൾ നടത്തുന്ന ഈ ശ്രമങ്ങളൊക്കെ ജനങ്ങളെ വല്ലാതെ ദുരിതത്തിലാക്കുകയാണ്. അതിന്റെയൊക്കെ പ്രതിഫലനമാണ് പുതുപ്പള്ളിയിൽ കണ്ട ഈ തെരഞ്ഞെടുപ്പ് ഫലം. നിങ്ങൾ  ഇവിടെ പറഞ്ഞതുപോലെ ഉമ്മൻ ചാണ്ടി സാറിനോട് സഹതാപമുണ്ട്. ഉമ്മൻ ചാണ്ടി സാറിനോടുള്ള ജനങ്ങളുടെ മനസ്സിന്റെ വികാരങ്ങളുടെ പ്രതിഫലനമുണ്ട്. അതിനൊക്കെ അപ്പുറത്ത് പതിമൂവായിരത്തോളം വോട്ട് നിങ്ങൾക്കുപോയില്ലേ; രണ്ടുകൊല്ലം മുമ്പ് നിങ്ങൾക്ക് ലഭിച്ച പന്ത്രണ്ടായിരത്തി ചില്വാനം വോട്ട് എങ്ങോട്ടാണ് പോയത്; അത് ഞങ്ങളുടെ പെട്ടിയിലേയ്ക്കാണ് വന്നത്. അതിൽ നിങ്ങളോടുള്ള പലവിധ അമർഷങ്ങളുമുണ്ട്. അത് മനസ്സിലാക്കിയാൽ നിങ്ങൾക്ക് നന്ന്.  പുതുപ്പള്ളി പോലുള്ള മണ്ഡലത്തിൽ പതിമൂവായിരം പേർ

ഞങ്ങളുടെ കൂടെ വന്നിട്ടുണ്ടെങ്കിൽ കേരളം മുഴുവൻ ഇതൊരു സാമ്പിളാണ്. ചോറ് വെന്തിട്ടുണ്ടോയെന്ന് നോക്കാൻ എല്ലാ വറ്റും എടുത്തുനോക്കേണ്ട. ഒന്നുമതി. അതുകൊണ്ട് പുതുപ്പള്ളിയുടെ പേരിൽ നിങ്ങൾ അങ്ങനെ ആശ്വാസം കൊണ്ടിരിക്കേണ്ട. തീർച്ചയായും പുതുപ്പള്ളി ഉമ്മൻ ചാണ്ടി 53 വർഷം കൈവശം വച്ച മണ്ഡലമാണ്. അദ്ദേഹം വളർത്തിയ മണ്ഡലമാണ്. അദ്ദേഹത്തെ വളർത്തിയ മണ്ഡലമാണ്. അദ്ദേഹത്തിന്റെ പുത്രനെ അവർ കേരളം കണ്ട ഏറ്റവും വലിയ ഭൂരിപക്ഷത്തിൽ തെരഞ്ഞെടുത്തു. അതിൽ നിങ്ങൾക്ക് ശക്തമായ താക്കീതുണ്ടെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. പാഠം-1 പുതുപ്പള്ളിയാണെങ്കിൽ, പാഠം-2 വരാനിരിക്കുന്ന ലോക്സഭയായിരിക്കുമെന്നും പാഠം-3 അതിനടുത്ത നിയമസഭയായിരിക്കുമെന്നും ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. കേരളത്തിലെ യു.ഡി.എഫ്.-ന്റെ അതിശക്തമായ തിരിച്ചുവരവിന്റെ ശുഭസൂചനയാണ് പുതുപ്പള്ളിയിൽ കണ്ടതെന്നുകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. സി.എച്ച്. കുഞ്ഞമ്പു)

<u>ശ്രീ. എം. വിൻസെന്റ്:</u> സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ജി.എസ്.ടി. കൗൺസിലിന്റെ തീരുമാന പ്രകാരം അപ്പലേറ്റ് ട്രൈബ്യൂണൽ രൂപീകരിക്കാനുള്ള ഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നത്. അപ്പലേറ്റ് ട്രൈബ്യൂണൽ വരുന്നതുകൊണ്ട് ജി.എസ്.ടി. പിരിവിൽ കാര്യമായ വർദ്ധനയോ പ്രതീക്ഷയ്ക്ക് വകയോ ഉണ്ടാകുന്നില്ലെന്നുള്ളത് ഒരു വസ്തുതയാണ്. ജി.എസ്.ടി. നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കഴിഞ്ഞ പിണറായി സർക്കാർ കാര്യമായ മുന്നൊരുക്കങ്ങളൊന്നും നടത്തിയിട്ടില്ലെന്നുള്ളത് ഇന്ന് സുവ്യക്തമായിരിക്കുകയാണ്. ഈ പുതിയ സംവിധാനത്തിനനുസരിച്ച് നികുതി വകുപ്പിനെ പുനഃസംവിധാനം ചെയ്യാൻ ഡിപ്പാർട്ടുമെന്റിന് കഴിഞ്ഞിട്ടില്ലെന്നുള്ളതും ഒരു വസ്തുതയാണ്. ജി.എസ്.ടി. വരുമാനത്തിൽ പ്രതീക്ഷിച്ച വർദ്ധനയുണ്ടായില്ല. ഒരു ഉപഭോക്തൃ സംസ്ഥാനമെന്ന നിലയ്ക്ക് സ്വാഭാവികമായും ഉണ്ടാകേണ്ട നികുതി വർദ്ധന സംസ്ഥാനത്തിനുണ്ടായില്ല.

ജി.എസ്.ടി. വരുന്നതോടുകൂടി നമ്മുടെ സംസ്ഥാനം രക്ഷപ്പെടാൻ പോകുകയാണെന്നും ഓരോ വർഷവും 25 ശതമാനം വീതം നികുതി വളർച്ച പ്രാപിക്കാൻ പോകുകയാണെന്നുമാണ് ഒന്നാം പിണറായി സർക്കാരിന്റെ ആദ്യത്തെ ബഡ്ജറ്റിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. അങ്ങനെ 2011-2015 കാലഘട്ടത്തെ അപേക്ഷിച്ച് 2020-2021-ഓടുകൂടി നികുതി ഇരട്ടിയായി വർദ്ധിക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്. നികുതി ഇരട്ടിയായി വർദ്ധിച്ചിട്ടുണ്ടോ; ഫലത്തിൽ 2017-നുശേഷം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിന്റെ വളർച്ച കുറയുകയാണുണ്ടായത്. മാത്രമല്ല, കഴിഞ്ഞ ഗവൺമെന്റിന്റെ അവസാനത്തെ മൂന്ന് വർഷങ്ങളിൽ നെഗറ്റീവ് ഗ്രോത്താണ് കാണിച്ചിട്ടുള്ളത്. ജി.എസ്.ടി. നടപ്പിലാക്കി അഞ്ച് വർഷം പിന്നിടുമ്പോഴും അതിന്റെ പോരായ്മകൾ പരിഹരിക്കാനുള്ള നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ലെന്ന് മാത്രമല്ല വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല. 2011-2012 മുതൽ 2015-2016 വരെയുള്ള 5 വർഷത്തെ നികുതി വരുമാനത്തിന്റെ വളർച്ചാ നിരക്ക് രണ്ട് അക്കമായിരുന്നു. എന്നാൽ 2016-2017 മുതൽ 2021 വരെ രണ്ട് അക്കം കടന്നിട്ടില്ലെന്ന വസ്തുത നമ്മുടെ മുന്നിൽ

നിൽക്കുകയാണ്. ഒന്നാം പിണറായി സർക്കാരിന്റെ അവസാനത്തെ മൂന്ന് വർഷവും സംസ്ഥാനത്തിന്റെ നികുതി വളർച്ചാ നിരക്ക് മൈനസ് ആയിരുന്നുവെന്നുള്ളത് ബഡ്ജറ്റ് രേഖകൾ പരിശോധിച്ചാൽ മനസ്സിലാകുന്നതാണ്. പുതിയ സർക്കാരിനുകീഴിലും തനത് നികുതി വരുമാനം വർദ്ധിക്കുന്നതിന്റെ യാതൊരു ലക്ഷണവും കാണുന്നില്ല. 2021-2022 സാമ്പത്തിക വർഷത്തിൽ മാത്രം നികുതി-നികുതിയേതര വരുമാനത്തിൽ എസ്റ്റിമേറ്റ് ചെയ്തിരുന്നതിൽനിന്നും 17392 കോടി രൂപയുടെ കുറവ് വന്നിട്ടുണ്ടെന്നുള്ളതും ഒരു വസ്തുതയായി നിൽക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനം തീർച്ചയായും നമ്മുടെ സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഗുണകരമായ നിലപാടല്ലെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. നേരത്തെ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, പല കാര്യങ്ങളിലും സംസ്ഥാനം യഥാസമയം കണക്കുകൾ കൊടുക്കാത്തതാണെന്നാണ് കേന്ദ്ര സർക്കാർ കാരണം പറയുന്നത്. കണക്ക് കൊടുക്കാത്തതാണെങ്കിൽ കണക്ക് കൊടുക്കണം. കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനം, സാമ്പത്തിക സഹായം നൽകുന്നതിന്

സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ, ധനകാര്യ കമ്മീഷന്റേതായാലും ആസൂത്രണ പദ്ധതികളുടേതായാലും നമ്മുടെ സംസ്ഥാനത്തിന്റെ നിലവിലുള്ള സാഹചര്യം സാമൂഹിക പുരോഗതിയുടെ വളർച്ചയുടെ അടിസ്ഥാനത്തിൽ പലപ്പോഴും നെഗറ്റീവായി വരുന്നുവെന്നുള്ളത് ഒരു വസ്തുതയാണ്. ആ സാമൂഹിക പുരോഗതിയുടെയും നമ്മുടെ വളർച്ചയുടെയും അടിസ്ഥാനത്തിൽ കേരളം മാത്രമല്ല, ദക്ഷിണേന്ത്യയിലെ പല സംസ്ഥാനങ്ങൾക്കും കേന്ദ്ര ഗവൺമെന്റിന്റെ സഹായം അവരുടെ മാനദണ്ഡ പ്രകാരം കുറയുന്നതായി കാണാൻ സാധിക്കും. ഇതിനെതിരായി യോജിച്ചൊരു നീക്കം നമ്മൾ നടത്തണമെന്ന് പറയുമ്പോൾതന്നെ ഈ നികുതി വരുമാനത്തിലെ കുറവിന് എന്ത് ന്യായീകരണമാണ് നമുക്ക് പറയാൻ സാധിക്കുക; കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലും ധൂർത്തിന് എന്തെങ്കിലും കുറവുണ്ടോ; ഒരു മാസം ഹെലികോപ്ടർ പറക്കുന്നതിന് മാത്രം 80 ലക്ഷം രൂപ ചെലവാണ്. മന്ത്രി മന്ദിരങ്ങളുടെ മോടിപിടിപ്പിക്കലിനെല്ലാമുള്ള ചെലവുകൾ വേറെ കിടക്കുകയാണ്. പുതിയ വാഹനങ്ങൾ വാങ്ങുന്നതടക്കം ധൂർത്തുകൾക്ക് ഒരു കുറവുമില്ല. എന്നാൽ സാധാരണക്കാരായ ജനങ്ങളെ

ബാധിക്കുന്ന പ്രശ്നങ്ങൾക്ക് പണം ചെലവഴിക്കാൻ സർക്കാരിന്റെ കയ്യിലില്ല. KASP-ന് 887 കോടി രൂപ കുടിശ്ശികയുണ്ട്. ഇപ്പോൾ കൊടുത്തത് 338 കോടി രൂപയാണ്. പല ആശുപത്രികളിലും 20 ശതമാനം തുക മാത്രമാണ് KASP-ൽ ഉൾപ്പെടുത്തുന്നത്; ബാക്കി പാവപ്പെട്ട രോഗികൾ കൊടുക്കണമെന്ന സ്ഥിതിയാണ്. ഭക്ഷ്യ വകുപ്പിനുമാത്രം 4416 കോടി രൂപ പല ഇനങ്ങളിലായി കൊടുക്കാനുണ്ട്. 4 തവണ ഇക്കാര്യത്തിനുവേണ്ടി ഭക്ഷ്യ വകുപ്പുമന്ത്രി ധനകാര്യ വകുപ്പുമന്ത്രിയെ കണ്ടുവെന്നാണ് പത്ര വാർത്ത. വിലക്കയറ്റത്തിന് തടയിടാൻ വിപണിയിലിടപെടാൻ കഴിയാത്ത നിസ്സഹായാവസ്ഥയിലാണ് ഭക്ഷ്യ വകുപ്പ്. വിലക്കയറ്റമാണെങ്കിൽ സർവ്വകാല റെക്കോർഡുകളെയും ഭേദിച്ച് മുന്നോട്ടുപോകുന്ന ഒരു സാഹചര്യം നമ്മുടെ നാട്ടിൽ നിലനിൽക്കുന്നു. 87 ലക്ഷം കുടുംബങ്ങൾക്കാണ് കഴിഞ്ഞ ഓണക്കാലത്ത് കിറ്റ് നൽകിയിരുന്നതെങ്കിൽ ഇന്ന് ഏഴ് ലക്ഷം പേർക്കുപോലും തികച്ച് കിറ്റ് നൽകാൻ കഴിയാത്ത സാഹചര്യമാണ്. തുടർച്ചയായി എല്ലാ വർഷവും കിറ്റ് നൽകുമെന്ന് അധികാരത്തിൽ കയറുന്നതിന് തൊട്ടുമുമ്പായി പറഞ്ഞ്, ഗവൺമെന്റ് അധികാരത്തിൽ കയറിയ ഓണക്കാലത്ത് കൊടുത്തതല്ലാതെ

പിന്നെ എവിടെയും കിറ്റ് കൊടുത്തതായി നമുക്ക് കാണാൻ കഴിയില്ല. ക്ഷേമ പെൻഷനുകൾ എല്ലാ മാസവും ഒന്നാം തീയതി കൊടുക്കുമെന്നാണ് പറഞ്ഞത്. ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ ക്ഷേമ പെൻഷനുകൾ ഇപ്പോഴും കുടിശ്ശികയായിരിക്കുകയാണ്. കിഫ്ബി കരാറുകാർക്ക് കുടിശ്ശികയാണ്. കിഫ്ബി ആവിഷ്കരിച്ചപ്പോൾ എന്താണ് പറഞ്ഞത്; ഇപ്പോൾ നടപ്പിലാക്കുന്ന പദ്ധതികൾ പണത്തിന്റെ കുറവുകൊണ്ട് 10 വർഷം കഴിഞ്ഞ് നടപ്പിലാക്കാൻ ശ്രമിച്ചാൽ ഇതിന്റെ ഇരട്ടിയായിരിക്കും എസ്റ്റിമേറ്റ് തുകയെന്നാണ്. ഇപ്പോൾ കുറച്ച് കടമെടുത്തായാലും ഈ പദ്ധതികൾ നടപ്പിലാക്കാമെന്ന് പറഞ്ഞാണ് തുടങ്ങിയത്. 5 വർഷമായിട്ടും അംഗീകാരം നൽകിയ പദ്ധതികൾപോലും തുടങ്ങാൻ കഴിയുന്നില്ല. തുടങ്ങിയ പദ്ധതികളും മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യമാണ്. പൊതുമരാമത്ത് വകുപ്പിലെ കരാറുകാർ ബിൽ കൊടുത്തിട്ട് ഒരു വർഷത്തിലേറെയായി ക്യൂവിൽ നിൽക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 141 കോടി രൂപയുടെ ബില്ലുകൾ മാറാതെ നിൽക്കുന്ന സാഹചര്യമാണ്. കൂടാതെ, കഴിഞ്ഞ സാമ്പത്തിക വർഷം കൊടുക്കേണ്ട പദ്ധതി വിഹിതത്തിന്റെ മൂന്നാം ഗഡുവിനെ മൂന്നായി വിഭജിച്ചതിന്റെ മൂന്നാം

ഗഡു കൊടുത്തത് ഇനിമേൽ ഒരു ബില്ലും അയയ്ക്കരുതെന്ന് ഉത്തരവ് ഇറക്കിയതിനുശേഷമാണ്. കൈയിൽ കിട്ടിയാൽ ചെലവഴിക്കാൻ പറ്റില്ലെന്ന സ്ഥിതിയാണ്. ജല അതോറിറ്റിയിൽ അറ്റകുറ്റപ്പണികളുടെ 14 മാസത്തെ ബില്ലുകളാണ് പെൻഡിംഗായി കിടക്കുന്നത്. കോൺട്രാക്ടർമാർ അറ്റകുറ്റപ്പണികൾ ചെയ്യാത്ത സ്ഥിതിവിശേഷമാണ്. സാമ്പത്തിക വർഷത്തിന്റെ 6 മാസം പിന്നിട്ടിട്ടും 354 കോടി രൂപയുടെ നോൺ പ്ലാൻ ഗ്രാന്റിൽ 45 കോടി രൂപയാണ് ഇതുവരെ കൊടുക്കാൻ കഴിഞ്ഞിട്ടുള്ളത്. സ്റ്റേറ്റ് പ്ലാൻ ഫണ്ടിന്റെ 279 കോടി രൂപയിൽനിന്നും ഇതുവരെ നൽകിയിട്ടുള്ളത് 67 കോടി രൂപ മാത്രമാണ്. എം.എൽ.എ.-മാരുടെ ഫണ്ടായിരുന്നാലും മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതിയായിരുന്നാലും ബില്ലുകൾ മാറാതെ കുടിശ്ശികയായി കിടക്കുകയാണ്. മൂന്നുവർഷമായി സർക്കാർ ജീവനക്കാർക്ക് ഡി.എ. കൊടുക്കുന്നില്ല. ആറ് ഗഡുക്കളായി ആകെ പതിനെട്ട് ശതമാനം ഡി.എ.-യാണ് അദ്ധ്യാപകർക്കും സർക്കാർ ജീവനക്കാർക്കും കുടിശ്ശിക നൽകാനുള്ളത്. 2020 ജൂലൈ മാസത്തിനുശേഷം ലീവ് സറണ്ടർ കൊടുക്കുന്നില്ല. ഇപ്പോൾ ലീവ് സറണ്ടർ അനുവദിച്ചുവെങ്കിലും

അത് നാല് വർഷത്തിനുശേഷം മാത്രമേ അവർക്ക് ലഭിക്കുകയുള്ളൂ. ശ്രീ. നരേന്ദ്ര മോദി ഓരോ പദ്ധതികൾ പ്രഖ്യാപിക്കുന്നതുപോലെ, 2025-നുശേഷം, 2040-നുശേഷം എന്നെല്ലാം പറയുന്നതുപോലെ ഈ സർക്കാരിന്റെ കാലാവധി അവസാനിച്ചതിനുശേഷം മാത്രമേ പണം ലഭിക്കുകയുള്ളൂവെന്ന സ്ഥിതിയാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത്. അതുപോലെ 2019-ലെ ശമ്പള പരിഷ്കരണത്തിലെ കുടിശ്ശിക ഇതുവരെയും നൽകിയിട്ടില്ല. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് പത്താം ശമ്പള കമ്മീഷന്റെ കുടിശ്ശിക നാല് ഗഡുക്കളായി പലിശ സഹിതം തിരികെ നൽകിയെന്ന കാര്യം നിങ്ങൾ ഓർക്കണം. പെൻഷൻകാർക്കും സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും നൽകേണ്ട 23000 കോടി രൂപയാണ് ഇന്ന് സർക്കാർ പിടിച്ചുവച്ചിരിക്കുന്നത്. അദ്ധ്യാപകരുടെ പേപ്പർ വാല്യുവേഷനുള്ള പ്രതിഫലംപോലും കുടിശ്ശികയായിരിക്കുകയാണ്. 2000 അദ്ധ്യാപകരെ ഹെഡ്മാസ്റ്റർമാരായി പ്രൊമോട്ട് ചെയ്തു. എന്നാൽ ഹെഡ്മാസ്റ്റർമാരുടെ ഒരു ആനുകൂല്യവും അവർക്ക് ലഭിക്കുന്നില്ല. മാത്രവുമല്ല ഈ രണ്ടായിരം ഹെഡ്മാസ്റ്റർമാരിൽ ആയിരം പേർക്ക് പ്രൊമോഷന്റെ ഒരു ആനുകൂല്യങ്ങളും

ലഭിക്കാതെ അദ്ധ്യാപകരുടെ ആനുകൂല്യങ്ങൾ മാത്രം വാങ്ങി വിരമിക്കേണ്ടിവന്നു. സ്കൂളിൽ ഉച്ചഭക്ഷണം പാചകം ചെയ്യുന്ന തൊഴിലാളികൾക്ക് മൂന്നുമാസത്തെ ശമ്പളം കുടിശ്ശികയിനത്തിൽ കൊടുക്കാനുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, പാചകത്തൊഴിലാളികളെപ്പറ്റിയുള്ള കാര്യം തെറ്റായി ധരിച്ചിട്ടുള്ളതാണ്. അവർക്ക് മൂന്നുമാസത്തെ കുടിശ്ശിക കൊടുക്കാനുണ്ടായിരുന്നു. പന്ത്രണ്ടായിരം രൂപ മുതൽ പതിനയ്യായിരം രൂപ വരെയായിരുന്നു അവർക്ക് ഓരോരുത്തർക്കുമുള്ള ശമ്പളക്കുടിശ്ശിക. ഓണത്തിനുമുമ്പ് ആ തുക മുഴുവൻ കൊടുത്തുതീർത്തിരുന്നു. ഹെഡ്മാസ്റ്റർമാരുടെ കാര്യം ഇവിടെ സൂചിപ്പിച്ചു. ന്യായമായി പ്രൊമോഷൻ കിട്ടേണ്ട ഏതാണ്ട് രണ്ടായിരത്തോളം ഹെഡ്മാസ്റ്റർമാർ, അവർ തമ്മിലുള്ള തർക്കത്തിന്റെ അടിസ്ഥാനത്തിൽ കോടതിയിൽ കേസ് നിലനിന്നിരുന്നു. യഥാർത്ഥത്തിൽ ഇവരെല്ലാം ഹെഡ്മാസ്റ്റർമാർ ആകേണ്ടവരാണ്. കോടതിയിൽ കേസ് നിലനിന്നിരുന്നതിന്റെ അടിസ്ഥാനത്തിലാണ് അവർക്ക് പ്രൊമോഷൻ

ലഭിക്കാതിരുന്നത്. അങ്ങനെ ഒരു വർഷംവരെ പ്രൊമോഷൻ കിട്ടാതെ വരികയും അതിനുശേഷം കോടതിയിൽ അഫിഡവിറ്റ് ഫയൽ ചെയ്യുകയും ചെയ്തു. പ്രിൻസിപ്പൽ സെക്രട്ടറി റിസ്റ്റെക്ടുത്തുകൊണ്ടാണ് അവരെയെല്ലാം ഹെഡ്മാസ്റ്റർമാരായി നിയമിച്ചത്. അത്തരമൊരു സാങ്കേതിക പ്രശ്നം മാത്രമാണുണ്ടായിരുന്നത്. അതല്ലാതെ ധനകാര്യവകുപ്പുമായി ഇതിന് യാതൊരു ബന്ധവുമില്ല.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യംതന്നെയാണ് എനിക്കും പറയാനുള്ളത്. പെരുമ്പാവൂർ താലൂക്ക് വികസന സമിതിയുടെ കഴിഞ്ഞ മീറ്റിംഗിൽ, മിക്ക സ്കൂളുകളിലും ഉച്ചക്കഞ്ഞി വിതരണം ചെയ്യുന്നതിനുള്ള സാഹചര്യമില്ലെന്നാണ് എ.ഇ.ഒ. പറഞ്ഞത്. കാരണം അവിടെയെല്ലാം പി.ടി.എ. പ്രസിഡന്റും ഹെഡ്മാസ്റ്റർമാരുമെല്ലാം കടം വാങ്ങിയും കൈയിൽനിന്നും ചെലവാക്കിയുമാണ് കുട്ടികൾക്ക് ഉച്ചഭക്ഷണം വിതരണം ചെയ്തിരുന്നത്. അങ്ങനെ വലിയൊരു ദുരിതം പെരുമ്പാവൂർ മണ്ഡലത്തിലെ മിക്ക സ്കൂളുകളും നേരിടുകയാണ്. അക്കാര്യം അങ്ങ് പരിശോധിക്കണം. അരി മാത്രമാണ്

കിട്ടുന്നത്, സർക്കാർ പണം കൊടുക്കാത്തതുകൊണ്ട് മറ്റൊരു സാധനവും കിട്ടുന്നില്ല. ഇതൊരു വലിയ പ്രശ്നമാണ്. ഇതുകാരണം പല സ്കൂളുകളിലെയും ഹെഡ്മാസ്റ്റർമാർ അവധിയെടുത്ത് പോകാൻ ശ്രമിക്കുകയാണ്. ഇതുപോലുള്ള കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. വിൻസെന്റ്: സർ, തീർച്ചയായും. ഇത്തരം കാര്യങ്ങളാണ് ഞാൻ ഉന്നയിച്ചത്. ഹെഡ്മാസ്റ്റർമാരുടെ പ്രൊമോഷനുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് നിലനിൽക്കുന്നുവെന്ന് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സൂചിപ്പിച്ചു. ആ കേസ് സർക്കാർ മനഃപൂർവ്വം നീട്ടിക്കൊണ്ടുപോകുകയാണ്. അങ്ങ് അക്കാര്യം ശ്രദ്ധിക്കണം. ഞാൻ പറഞ്ഞുവരുന്നത്, മാതാപിതാക്കൾ മരണപ്പെട്ട പാവപ്പെട്ട കുട്ടികൾക്ക് സഹായം നൽകുന്ന 'സ്നേഹപൂർവ്വം' പദ്ധതിയും കുടിശ്ശികയായി കിടക്കുകയാണ്. ആ ചെറിയ തുകപോലും കുടിശ്ശിക വരുത്തിയിരിക്കുന്നു. കിടപ്പുരോഗികളെ പരിചരിക്കുന്നവർക്ക് ധനസഹായം നൽകുന്ന 'ആശ്വാസ കിരണം' പദ്ധതി മാസങ്ങളായി മുടങ്ങിക്കിടക്കുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ രോഗികൾക്ക് നൽകിയിരുന്ന ബ്രെഡ്ഡിന്റെ

വിതരണം നിർത്തലാക്കിയിരിക്കുന്നു, ഇത് ഇന്നലെ പത്രമാധ്യമങ്ങളിൽ വന്ന വാർത്തയാണ്. ഒരു ദിവസം അഞ്ചു കഷണം ബ്രെഡ്ഡാണ് നൽകുന്നത്. ബ്രെഡ്ഡ് വിതരണം ചെയ്യുന്ന കമ്പനിക്ക് 50 ലക്ഷം രൂപ കുടിശ്ശികയിനത്തിൽ കൊടുക്കാനുള്ളതുകൊണ്ടാണ് ബ്രെഡ്ഡ് വിതരണം നിലച്ചത്. 80 ലക്ഷത്തിന്റെ ഹെലികോപ്റ്റർ വാങ്ങുമ്പോൾ പാവപ്പെട്ട രോഗികൾക്ക് അഞ്ചുകഷണം ബ്രെഡ്ഡ് കൊടുക്കാൻ പണമില്ലെന്ന് പറയുന്നത് ഒരു ജനാധിപത്യ ഗവൺമെന്റിന് ഭൂഷണമാണോ? സ്കൂളുകൾ നടത്തിയിരുന്ന എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പുകൾ മുടങ്ങിക്കിടക്കുകയാണ്. അങ്ങനെ നിരവധി കാര്യങ്ങളുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന (ആദിവാസി വിഭാഗങ്ങളിൽപ്പെടുന്ന) കുട്ടികൾ വീടുകളിൽനിന്നും സ്കൂളുകളിലേയ്ക്ക് നടന്നുപോയാൽ വന്യമൃഗങ്ങൾ ആക്രമിക്കാൻ സാധ്യതയുള്ളതിനാൽ അവരെ സ്കൂളുകളിൽ സുരക്ഷിതമായി എത്തിക്കുന്നതിന് വാഹനങ്ങൾ വാടക വ്യവസ്ഥയിൽ എടുക്കുന്ന 'വിദ്യാവാഹിനി' പദ്ധതി, വാഹനങ്ങൾക്ക് വാടക കൊടുക്കാൻ കഴിയാത്തതിനാൽ പല സ്ഥലങ്ങളിലും മുടങ്ങിയിരിക്കുകയാണ്. അതുമൂലം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് സ്കൂളുകളിൽ

പോകാൻ കഴിയാത്ത സാഹചര്യം ഇന്ന് നിലവിലുണ്ടെന്ന കാര്യം അങ്ങ് മനസ്സിലാക്കണം. സർക്കാർ അനുവദിച്ച 203 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കാൻ പണമില്ലാത്തതിനാൽ അവയുടെ അനുമതി റദ്ദാക്കിയെന്ന വാർത്ത പത്രങ്ങളിൽ വന്നിരിക്കുകയാണ്. ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ പറഞ്ഞത് പെട്രോളില്ലാത്തതുകൊണ്ട് പോലീസ് വാഹനങ്ങളൊന്നും ഓടിക്കാൻ കഴിയാത്ത സാഹചര്യമൊന്നുമില്ലെന്നാണ്. എന്നാൽ, കൊല്ലം ജില്ലയിൽ പോലീസ് പട്രോളിംഗ് വാഹനങ്ങൾക്ക് പെട്രോൾ അടിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് ഓടിക്കാൻ കഴിയാതെ കട്ടപ്പുറത്തിരിക്കുന്നുവെന്നുള്ളത് പത്രമാധ്യമങ്ങളിൽ വന്ന വാർത്തയാണ്. ഇന്നലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് കെ.എസ്.ആർ.ടി.സി.-ക്ക് ഒരു സർക്കാരും കൊടുക്കാത്ത സാമ്പത്തിക സഹായമാണ് ഈ സർക്കാർ നൽകിയതെന്നും ഒൻപതിനായിരം കോടി രൂപയുടെ സാമ്പത്തിക സഹായമാണ് നൽകിയതെന്നുമാണ്. ഒൻപതിനായിരം കോടി രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടും ഒരു മാസമെങ്കിലും കൃത്യമായി ശമ്പളം കൊടുക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ?

യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മാസത്തെ അവസാന പ്രവൃത്തി ദിനത്തിൽ എല്ലാ മാസവും കൃത്യമായി ശമ്പളം കൊടുക്കാമെങ്കിൽ ഒൻപതിനായിരം കോടി രൂപ കൊടുത്ത് സഹായിച്ചുവെന്ന് പറയുന്ന നിങ്ങളുടെ എഴുപത്തിയഞ്ച് മാസത്തെ ഭരണക്കാലയളവിൽ ഒരു മാസമെങ്കിലും അവസാനത്തെ പ്രവൃത്തി ദിനത്തിൽ കൃത്യമായി ശമ്പളം കൊടുക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ; സർക്കാർ സഹായിച്ചിട്ടും നേരെചൊവ്വേ ശമ്പളം കൊടുക്കാൻ കഴിയുന്നില്ലെങ്കിൽ എവിടെയാണ് പ്രശ്നമെന്ന് പരിശോധിക്കേണ്ടതല്ലേ? ശമ്പളത്തിന്റെ കാര്യം മാത്രമാണ് പറഞ്ഞത്. മറ്റ് ആനുകൂല്യങ്ങളൊന്നും നൽകാത്തതിനാൽ അതിനെപ്പറ്റി തൊഴിലാളികൾ സംസാരിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. കൃത്യമായി ശമ്പളംപോലും കൊടുക്കാൻ കഴിയാത്ത സാഹചര്യം എന്താണെന്ന് പരിശോധിക്കേണ്ടതല്ലേ? ഇതിനുമുമ്പ് ഒന്നാം പിണറായി സർക്കാർ നിയമിച്ച സി.എം.ഡി. ആയിരുന്ന ശ്രീ. ടോമിൻ ജെ. തച്ചങ്കരി പറയുന്നത് ഇപ്പോൾ നിയമിച്ചിട്ടുള്ള സി.എം.ഡി.-ക്ക് ബിസിനസ്സ് നടത്താൻ അറിയില്ലെന്നാണ്. അങ്ങനെ പറയുമ്പോൾ അക്കാര്യം

പരിശോധിക്കേണ്ടതല്ലേ? ഇവിടെ ഓരോ മാസവും ആവശ്യമില്ലാതെ പന്ത്രണ്ട് കോടി രൂപയ്ക്കും പതിനഞ്ച് കോടി രൂപയ്ക്കും ബൾക്ക് പർച്ചേയ്സുകൾ നടത്തി സ്പെയർപാർട്സുകൾ വാങ്ങിക്കൂട്ടുമ്പോൾ അതിന്റെ വിതരണക്കാർക്ക് കൊടുത്തുതീർക്കാൻ യാതൊരു കുടിശ്ശികയുമില്ല. അവർക്ക് കൃത്യമായി പണം കൊടുക്കാൻ സാധിക്കുന്നു. എന്നാൽ കഴിഞ്ഞ മാസം കെ.എസ്.ആർ.ടി.സി.-ക്ക് 235 കോടി രൂപയുടെ റെക്കോർഡ് വരുമാനം നേടിക്കൊടുത്ത തൊഴിലാളികൾക്ക് ഈ മാസം 76 കോടി രൂപ ശമ്പളം കൊടുക്കാനില്ലെന്ന് പറയുന്നു. സ്പെയർപാർട്സുകൾ വിതരണം ചെയ്യുന്ന വിതരണക്കാരന് കൊടുക്കാൻ മാനേജ്മെന്റിന്റെ കൈയിൽ പണമുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിക്കേണ്ടതല്ലേ? ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഗതാഗത വകുപ്പുമന്ത്രിയുംകൂടി ഓണത്തിനുമുമ്പ് യൂണിയൻ നേതാക്കളെ ചർച്ചയ്ക്ക് വിളിച്ചിരുന്നു, ആ ചർച്ചയുടെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് പണം നൽകി, ഓണത്തിനുമുമ്പ് അവർക്ക് ശമ്പളം ലഭിക്കാനിടയായത്. മാസംതോറും ശമ്പളം കൊടുക്കാൻ സർക്കാർ സഹായിക്കുന്നുണ്ട്, എന്നാൽ

ആ പണം അഞ്ചാം തീയതി തന്നെ അവർക്ക് ലഭിക്കുന്ന വിധത്തിൽ അല്ലെങ്കിൽ ഒന്നാം തീയതിയോ രണ്ടാം തീയതിയോ ആ ധനസഹായം നൽകണമെന്ന് ആ ചർച്ചയിൽ ആവശ്യപ്പെടുകയും അക്കാര്യം ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അംഗീകരിച്ചതുമാണ്. പക്ഷെ ഈ മാസം പന്ത്രണ്ടാം തീയതിയായിട്ടും ഇതുവരെയും കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളം ലഭിച്ചിട്ടില്ല, സർക്കാർ സഹായം അനുവദിച്ചിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്...

ശ്രീ. എം. വിൻസെന്റ്: ഞാൻ പറഞ്ഞുവരുന്നത് കെ.എസ്.ആർ.ടി.സി. എന്ന പൊതുമേഖലാ സ്ഥാപനത്തിലെ ജീവനക്കാർക്ക് ശമ്പളംപോലും കൊടുക്കാൻ കഴിയാത്ത ഒരു സാഹചര്യം ഇന്ന് നിലനിൽക്കുകയാണെന്നാണ്. ഇതുപോലെ നിരവധി കാര്യങ്ങൾ ഇതുമായി ബന്ധപ്പെട്ട് പറയാൻ കഴിയും. സാധാരണക്കാരായ ആളുകളെ സാമ്പത്തികമായി സഹായിക്കാൻ കഴിയാത്ത നിലയിലേയ്ക്ക് ഈ സർക്കാർ ചെന്നെത്തിയിരിക്കുകയാണ്. ഇപ്പോൾ ജനങ്ങളെ പിഴിയുകയാണ്.

നികുതിയിനത്തിൽ നാലായിരം കോടി രൂപയിലധികമാണ് ഈ വരുന്ന ഏപ്രിൽ ഒന്ന് മുതൽ അടുത്ത മാർച്ച് 31 വരെ ജനങ്ങളിൽനിന്നും പിരിച്ചെടുക്കാൻ പോകുന്നത്. ബജറ്റിന് പുറത്താണ് വെള്ളക്കരം കൂട്ടിയിരിക്കുന്നത്. മുന്നൂറ് ശതമാനംവരെ വെള്ളക്കരം വർദ്ധിപ്പിച്ചു. വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാൻ പോകുന്നുവെന്ന് പത്രങ്ങളിൽ വാർത്ത വരുന്നു. അതുപോലെ നേരത്തെ ബസ് ചാർജ്ജ് വർദ്ധിപ്പിച്ചു. ഓരോ മാസവുമുള്ള വൈദ്യുതി ബിൽ പരിശോധിച്ചാൽ, കഴിഞ്ഞ മാസം ഉപയോഗിച്ച അതേ യൂണിറ്റ് വൈദ്യുതി ഉപയോഗിച്ചാലും അതിനേക്കാൾ കൂടുതൽ തുക കൊടുക്കേണ്ടിവരുന്നു. ജനങ്ങളുടെ ജീവിതച്ചെലവ് വർദ്ധിക്കുമ്പോൾ ജനങ്ങളെ സഹായിക്കാനുള്ള ഒരു കാര്യവും സർക്കാർ ചെയ്യുന്നില്ലെന്ന് മാത്രമല്ല, അങ്ങോട്ട് പണം കൊടുക്കേണ്ടിവരുന്ന ഒരു കാര്യങ്ങളിലും അനുകൂല സമീപനം സ്വീകരിക്കാതെ ഇങ്ങോട്ട് എത്രമാത്രം ജനങ്ങളിൽനിന്നും പിഴിഞ്ഞെടുക്കാമെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല.

ഇവിടെ ആര് പ്രസംഗിച്ചാലും സഹതാപ തരംഗംകൊണ്ടാണ് പുതുപ്പള്ളി നിയോജകമണ്ഡലത്തിലെ ഉപതെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. വിജയിച്ചതെന്നാണ് പറയുന്നത്. ഞങ്ങൾ അത് അംഗീകരിക്കുന്നു. ഈ സഹതാപ തരംഗം ഏതെങ്കിലും കടയിൽപ്പോയി വാങ്ങാൻ കിട്ടുന്നതാണോ; അല്ലെങ്കിൽ ഏരിയാ കമ്മിറ്റിയോ ജില്ലാ കമ്മിറ്റിയോ കൂടി നമുക്കൊന്ന് സഹതാപം സംഘടിപ്പിച്ചേക്കാമെന്ന് കരുതിയതാണോ; ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഉമ്മൻ ചാണ്ടി സാർ കഴിഞ്ഞ ആറര പതിറ്റാണ്ടുകാലം കേരളത്തിലെ ജനങ്ങൾക്ക് നൽകിയ സേവനത്തിന് ലഭിച്ച പ്രതിഫലമാണ് നിങ്ങൾ പറഞ്ഞ ആ സഹതാപമെന്ന് പറയുന്നത്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്...

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ രാഷ്ട്രീയമൊന്നും പറയുന്നില്ല. ഒന്നും രണ്ടുമായി സാധാരണക്കാരായ ജനങ്ങളെ സഹായിച്ചും അവരോടൊപ്പം നിന്നും നേടിയെടുത്തതാണ്. വാർദ്ധക്യകാല പെൻഷൻ 60 വയസ്സായി കുറച്ചത് ഉമ്മൻ ചാണ്ടി സാറിന്റെ കാലത്താണ്. ഉമ്മൻ ചാണ്ടി സാർ

മുഖ്യമന്ത്രിയാകുന്ന സമയത്ത് വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിന് രണ്ട് നിബന്ധനകളുണ്ടായിരുന്നു. ഒന്ന്, 65 വയസ്സാകണം. രണ്ട്, ആൺമക്കൾ ഉണ്ടാകാൻ പാടില്ല. ആൺമക്കൾ ഉള്ളവർക്ക് വാർദ്ധക്യകാല പെൻഷൻ ഇല്ല. അദ്ദേഹം ഇതുരണ്ടും മാറ്റി. 60 വയസ്സുകഴിഞ്ഞ എല്ലാവർക്കും വാർദ്ധക്യകാല പെൻഷൻ കൊടുക്കുമെന്ന് തീരുമാനിച്ചത് മഹാനായ ഉമ്മൻ ചാണ്ടി സാറാണെന്ന് ഈ അവസരത്തിൽ ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. അവിടെ ഞങ്ങൾ എല്ലാ രാഷ്ട്രീയ വിഷയങ്ങളും ചർച്ച ചെയ്തു. വികസനം ചർച്ച ചെയ്യുമെന്ന് നിങ്ങൾ പറഞ്ഞപ്പോൾ ഞങ്ങൾ വികസനം ചർച്ച ചെയ്യാൻ വന്നു. ഞങ്ങൾ വികസനം ചർച്ച ചെയ്യാൻ വന്നപ്പോൾ നിങ്ങൾ നേരെ ഉമ്മൻ ചാണ്ടി സാറിന്റെ കുടുംബാംഗങ്ങളെ, രണ്ട് പെൺമക്കളെപ്പോലും വെറുതെ വിടാതെ വേട്ടയാടി. അടിസ്ഥാനരഹിതമായ കാര്യങ്ങൾ പറഞ്ഞുകൊണ്ട് സൈബറിടങ്ങളിൽ ആ രണ്ട് പെൺമക്കളെ കേരളം ഇന്നുവരെ കണ്ടിട്ടില്ലാത്ത വിധത്തിൽ പൈശാചികമായി ആക്രമിച്ചു. അതിന് നേതൃത്വം നൽകിയവരാണ് നിങ്ങൾ. എന്താണ് ഉമ്മൻ ചാണ്ടി സാറിന്റെ പെൺമക്കൾ ചെയ്തിട്ടുള്ളത്; ജോലി ചെയ്ത് ജീവിക്കുന്നതാണോ;

അദ്ദേഹത്തിന്റെ പെൺമക്കളുടെ പേര് കേരളത്തിലെ ഒരു മുതലാളിമാരുടെയും മാസപ്പടി ബുക്കിൽ കാണില്ലെന്ന് അഭിമാനത്തോടുകൂടി പറയാൻ കഴിയും. അദ്ദേഹത്തോടുള്ള കേരളത്തിലെ ജനങ്ങളുടെ ബഹുമാനംകൂടി ഈ തെരഞ്ഞെടുപ്പിൽ പ്രതിഫലിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ കേരളത്തിലെ ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെയുംകൂടി ജനങ്ങൾ വോട്ടുചെയ്തു എന്നുള്ളതാണ് ഈ തെരഞ്ഞെടുപ്പിൽ പുതുപ്പള്ളിയിലെ റെക്കോർഡ് വിജയത്തിലൂടെ നമുക്ക് കാണാൻ സാധിച്ചത്. പുതുപ്പള്ളിയിലെ ജനങ്ങളെക്കൂടി അഭിവാദ്യം ചെയ്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

[ അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. വാഴൂർ സോമൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ജി.എസ്.ടി. സംബന്ധിച്ച് 2023-ലെ രണ്ടാം നമ്പർ ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്ട് കൊണ്ടുവരാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ. സമാനതകളില്ലാത്ത പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ടാണ് നമ്മൾ മുന്നോട്ടുപോകുന്നത്. രണ്ട് പ്രളയവും കോവിഡും അതുപോലെയുള്ള പല സംഭവ വികാസങ്ങളെയും അതിജീവിച്ച് മുന്നോട്ടുപോകുന്ന ഒരു സർക്കാരാണിത്. ഒരു ദിവസംപോലും ട്രഷറി പൂട്ടാതെ ഇതുവരെ വളരെ സമർത്ഥമായി ഈ ധനകാര്യ മാനേജ്മെന്റിനെ മുന്നോട്ടുനയിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയെ മുക്തകണ്ഠം പ്രശംസിക്കാൻ ഈ സന്ദർഭം ഞാൻ വിനിയോഗിക്കുകയാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് എത്രയോ സന്ദർഭങ്ങളിൽ ട്രഷറി പൂട്ടി. ഇവിടെ കേന്ദ്ര സർക്കാരിന്റെ നയങ്ങളെക്കുറിച്ച് പറയുമ്പോൾ ഒരു മൃദു സമീപനമെടുത്തുകൊണ്ടിരുന്ന നിങ്ങൾ ഇപ്പോൾ സമരമാകാം, പ്രക്ഷോഭമാകാം എന്നൊക്കെ പറഞ്ഞുതുടങ്ങിയിട്ടുണ്ട്, അതത്രയും നല്ലത്.

ജി.എസ്.ടി. സംബന്ധിച്ച് കടമെടുക്കാൻ സംസ്ഥാന സർക്കാരിനെ അനുവദിക്കുന്നില്ല. എത്രയോ വകുപ്പുകൾക്ക് കിട്ടേണ്ടതായ പണം കിട്ടുന്നില്ല.

സിവിൽ സപ്ലൈസ് കോർപ്പറേഷനും ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിനും ആവശ്യമായ പണം കിട്ടുന്നില്ല. എന്തിന്, തുച്ഛ ശമ്പളക്കാരായ സ്കീം വർക്കേഴ്സിനുള്ള ശമ്പളംപോലും നൽകാൻ കേന്ദ്ര സർക്കാർ തയ്യാറാകുന്നില്ല. ആ സന്ദർഭത്തിൽ അതെല്ലാം ഒരുവിധം മാനേജ് ചെയ്ത് പാവപ്പെട്ട ജനങ്ങളെ ബുദ്ധിമുട്ടിപ്പിക്കാതെ മുന്നോട്ട് കൊണ്ടുപോകുന്ന ഒരു സർക്കാരാണ് കേരളത്തിലുള്ളതെന്ന് പറയാൻ എനിക്ക് അഭിമാനമുണ്ട്. ഫെഡറൽ സംവിധാനമാണ് നമ്മുടെ രാജ്യത്ത് നിലനിൽക്കുന്നത്. എന്നാൽ ആ ഫെഡറൽ സംവിധാനത്തിന്റെ കടയ്ക്കൽ കത്തിവച്ചുകൊണ്ടാണ് കേന്ദ്ര സർക്കാർ ഇപ്പോൾ ഭരണം നടത്തിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതായ രീതിയിൽ സെസ്സുകളും സർചാർജ്ജുകളും ചുമത്തി പിരിച്ചെടുക്കുന്ന വിഹിതം കഴിഞ്ഞ ദശാബ്ദങ്ങളിൽ മൊത്തം കേന്ദ്ര വിഹിതത്തിന്റെ 10 ശതമാനം മുതൽ 20 ശതമാനം വരെയായി വർദ്ധിച്ചിട്ടുണ്ട്. സെസ്സുകളുടെയും സർചാർജ്ജുകളുടെയും വർദ്ധനകാരണം മൊത്തം കേന്ദ്ര നികുതി വരുമാനവും ഡിവിസിബിൾ പൂളിൽനിന്നും സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ട നികുതിയും

തമ്മിലുള്ള അനുപാതത്തിൽ വളരെയധികം കുറവ് വരുത്തിയിട്ടുണ്ട്. ആയതിനാൽ കേന്ദ്ര സർക്കാർ സെസ്സുകളും സർചാർജ്ജുകളും ചുമത്തുന്നത് ഒഴിവാക്കണമെന്നും അല്ലാത്തപക്ഷം ഇതിൽനിന്നുള്ള വരവ് സംസ്ഥാനങ്ങൾക്കുകൂടി ആനുപാതികമായി ലഭിക്കുന്ന തരത്തിലുള്ള നിയമ പരിരക്ഷാ സംവിധാനം ഉണ്ടാക്കണമെന്നും നമ്മുടെ സർക്കാർ ആവശ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ അതിന് കേന്ദ്ര സർക്കാർ കൂട്ടാക്കുന്നില്ല. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ 'നീതി ആയോഗ്' നടപ്പിലാക്കിയ മാറ്റം സംസ്ഥാനങ്ങൾക്ക് അധിക ബാധ്യതയാണ് ഉണ്ടാക്കിയിരിക്കുന്നത്. കോർ ഓഫ് കോർ എന്നും കോർ എന്നും രണ്ട് ഗണത്തിലാണ് ഇപ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിൽ 90 ശതമാനം കേന്ദ്ര വിഹിതം ലഭിക്കുന്ന ആദ്യത്തേതിൽ പദ്ധതികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞുവരികയാണ്. കോർ എന്ന രണ്ടാമത്തെ ഗണത്തിലാണ് പദ്ധതികളുടെ സിംഹഭാഗവും വരുന്നത്. ഈ പദ്ധതികളുടെ 40 ശതമാനം സംസ്ഥാനം വഹിക്കണമെന്നതിനാൽ വലിയ ബാധ്യതയാണ് സംസ്ഥാനത്തിനുണ്ടാകുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ സ്വന്തമായി

ആസൂത്രണം ചെയ്യാനോ നിബന്ധനകളിൽ മാറ്റം വരുത്താനോ സംസ്ഥാനങ്ങളെ അനുവദിക്കാറില്ല. കോർ എന്ന ഗണത്തിൽ ഇപ്പോഴുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അനുപാതം 60:40-ൽനിന്ന് 70:35 ആക്കണമെന്ന് സംസ്ഥാനം നിരന്തരമായി അഭ്യർത്ഥിക്കാറുണ്ടെങ്കിലും ഇതിൽ അനുകൂലമായ നിലപാട് കേന്ദ്രത്തിൽനിന്നും ഉണ്ടായിട്ടില്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക ബാധ്യതകൾ കുറയ്ക്കുന്ന തരത്തിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഉണ്ടാകേണ്ടത്. അപ്രകാരം അധികമായി കണ്ടെത്തുന്ന തുകകൂടി സംസ്ഥാനത്തിന് വികസന ക്ഷേമ പദ്ധതികൾക്കുവേണ്ടി വിനിയോഗിക്കാൻ കഴിയും. ഈ പ്രതിസന്ധികൾക്കിടയിലും നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും അനാവശ്യ ചെലവുകൾ ചുരുക്കിക്കൊണ്ടും പദ്ധതി നിർവ്വഹണത്തിന് പരമാവധി വിഭവങ്ങൾ സമാഹരിക്കാനുമുള്ള തീവ്ര ശ്രമമാണ് സംസ്ഥാനം നടത്തിക്കൊണ്ടിരിക്കുന്നത്. കേന്ദ്രം സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട വരുമാനത്തിൽ ഗണ്യമായ കുറവ് വരുത്തി, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതത്തിലും കുറവുണ്ടായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ

കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ഗ്രാന്റ് ഇനത്തിൽ ലഭ്യമായത് 5141.92 കോടി രൂപയായിരുന്നുവെങ്കിൽ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷം ഈയിനത്തിൽ 3801 കോടി രൂപ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ഇതുപോലെ ഓരോ കാര്യങ്ങൾ പരിശോധിച്ചാൽ ഏതെല്ലാം രീതിയിൽ സംസ്ഥാന ഗവൺമെന്റിനെ ഞെരുക്കുവാൻ കഴിയുമോ, അത് കേരള ഗവൺമെന്റിനെ മാത്രമല്ല, ഇവിടെ സൂചിപ്പിച്ചതുപോലെ പ്രതിപക്ഷത്തുള്ള എല്ലാ ഗവൺമെന്റുകളോടും, തമിഴ്നാട്, കർണ്ണാടക, രാജസ്ഥാൻ തുടങ്ങിയ ഗവൺമെന്റുകളോടെല്ലാം ഇതേ സമീപനമാണ് ബി.ജെ.പി. സർക്കാർ സ്വീകരിക്കുന്നതെന്ന കാര്യം അവിടെയിരിക്കുന്നവർക്ക് അറിയാത്തതല്ല. എന്നിട്ടും ഈ രീതിയിൽ ഒരു സർക്കാരിനെ അപകീർത്തിപ്പെടുത്താൻവേണ്ടി ശ്രമിക്കുന്നത് ഭൂഷണമല്ലെന്നു മാത്രമാണ് എനിക്ക് പറയാനുള്ളത്.

പുതുപ്പള്ളിയിലെ കാര്യം ഇവിടെ പറഞ്ഞുകേട്ടതുകൊണ്ട് ഒരു ചെറിയ കാര്യം ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഉമ്മൻ ചാണ്ടി സാർ മത്സരിച്ച സന്ദർഭത്തിൽ ബി.ജെ.പി.-ക്ക് കിട്ടിയ 12000 വോട്ട് പുതുപ്പള്ളിയിൽ

ഇപ്പോൾ കാണുന്നില്ല. അന്ന് 19000 വോട്ടാണ് ബി.ജെ.പി.-ക്ക് കിട്ടിയതെങ്കിൽ ഇപ്പോൾ 7000 വോട്ടുകൾ മാത്രമാണ് കിട്ടിയത്. അന്ന് ബി.ജെ.പി.-ക്ക് കിട്ടിയ വോട്ടെല്ലാം എവിടെപ്പോയി; ആർക്ക് കൊടുത്തു? ഏതായാലും ബി.ജെ.പി.-യും കോൺഗ്രസ്സും തമ്മിലുള്ള ഒരു അവിഹിത ഏർപ്പാട് ആ കച്ചവടത്തിൽ നടന്നിട്ടുണ്ടെന്നുള്ളത് വളരെ വ്യക്തമായി ബോധ്യപ്പെടുകയാണ്. അവരാണ് ഇവിടെ എൽ.ഡി.എഫ്-നെ കുറ്റപ്പെടുത്തുന്നത്. ഞങ്ങളുടെ അടിത്തറയ്ക്ക് ഒരു കോട്ടവും സംഭവിച്ചിട്ടില്ല. എൽ.ഡി.എഫ്. പൂർവ്വാധികം ശക്തിയോടെ തിരിച്ചുവരുമെന്ന് ഈ സന്ദർഭത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ബില്ലിലെ ഭേദഗതിയെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ട്രിബ്യൂണൽ സംബന്ധിച്ചുള്ള ഈ ഭേദഗതിയുടെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ പല അംഗങ്ങളും ഇവിടെ പറയുകയുണ്ടായി. എന്നാൽ, ഈ വിഷയത്തിൽനിന്ന് മാറി കുറെയേറെ രാഷ്ട്രീയ കാര്യങ്ങളും ഇവിടെ ചർച്ച ചെയ്തു. ട്രിബ്യൂണലിന്റെ ബെഞ്ചുകൾ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി അംഗം

കൂടിയായ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ചില കാര്യങ്ങൾ പരാമർശിച്ചു. മൂന്ന് ബെഞ്ചുകൾ വേണമെന്നായിരുന്നു കേരളത്തിന്റെ അഭിപ്രായം. നിലവിൽ അത് അംഗീകരിച്ചിട്ടുണ്ട്. ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ ജനസംഖ്യ അനുസരിച്ച് രണ്ട് ബെഞ്ചുകളാണ് അനുവദനീയം എന്നായിരുന്നു ജി.എസ്.ടി. കൗൺസിൽ യോഗത്തിലെ തീരുമാനം. മറ്റ് ചില സംസ്ഥാനങ്ങളും എണ്ണം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കേരളത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് ബെഞ്ചുകളാണ് അനുവദിച്ചിട്ടുള്ളത്. അതിന്റെ ആദ്യഘട്ടമെന്ന നിലയിൽ രണ്ട് ബെഞ്ചുകളാണ് ഇപ്പോൾ പരിചയപ്പെടുത്തുന്നത്. ഓരോ ബെഞ്ചിലും ഒരു ജൂഡീഷ്യൽ അംഗവും ഒരു ടെക്നിക്കൽ അംഗവും എന്ന നിലയിൽ രണ്ട് വീതമുള്ള അംഗങ്ങളാണ് ഉണ്ടാകുന്നത്. ജി.എസ്.ടി. നിയമം നിലവിൽ വന്നിട്ട് അഞ്ച് വർഷം കഴിഞ്ഞു. ഇതുവരെയും അപ്പീൽ പോകാൻ വേണ്ടത്ര സംവിധാനമില്ലായിരുന്നുവെന്ന ജി.എസ്.ടി. സമ്പ്രദായത്തിന്റെ പരിമിതി വലിയ തോതിലുള്ള പരാതിക്ക് ഇടനൽകിയിട്ടുണ്ട്. അത് പരിഹരിച്ചുകൊണ്ട്

ട്രിബ്യൂണലുകൾ നിലവിൽ വരികയാണ്. ഇത് സംബന്ധിച്ച് കേന്ദ്ര നിയമം പാസ്സായിട്ടുണ്ട്. ട്രിബ്യൂണൽ നിലവിൽ വന്നുകഴിഞ്ഞാൽ ഡിപ്പാർട്ടുമെന്റിനകത്തുനിന്ന് വരുന്ന അപ്പീലുകൾക്ക് പോകാൻ പറ്റുന്ന ഒരു സംവിധാനമാകുമെന്നുള്ള ഗുണമുണ്ട്. മലബാറിലെ പ്രധാനപ്പെട്ട കേന്ദ്രം എന്ന നിലയിൽ കോഴിക്കോടാണ് ഞങ്ങൾ പ്രൊപ്പോസ് ചെയ്തിട്ടുള്ള ബെഞ്ച്. ജി.എസ്.ടി. നടപ്പിലാക്കൽ സംബന്ധിച്ച് ധാരാളം കാര്യങ്ങൾ ഇവിടെ പറഞ്ഞു. പലപ്പോഴും ആവർത്തിച്ച് പറയുന്ന കാര്യമായതുകൊണ്ട് ആവർത്തനവിരസത തോന്നാറുണ്ട്. പക്ഷേ, പലരും ഇന്നലെ പറഞ്ഞ കാര്യങ്ങൾ തന്നെ പിന്നെയും ആവർത്തിക്കുന്നതുകൊണ്ട് പറയാതിരിക്കാനും സാധിക്കില്ല.

ജി.എസ്.ടി. പുനഃസംഘടന ഏറ്റവും നന്നായി നടപ്പിലാക്കിയ സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ഇത്രയും കൃത്യമായി മൂന്ന് വിഭാഗങ്ങളായിമാറ്റി പുനഃസംഘടന നടത്തിയത് കേരളത്തിൽ മാത്രമാണ്. ടാക്സ് അഡ്മിനിസ്ട്രേഷനിൽ കേരളത്തെക്കാൾ മെച്ചപ്പെട്ട പല സംസ്ഥാനങ്ങളുമുണ്ട്. മഹാരാഷ്ട്രയും കർണാടകയും കൂടുതൽ ടാക്സ്

വരുമാനമുള്ള സംസ്ഥാനങ്ങളാണ്. കർണാടക സർക്കാരിന്റെ നികുതി വകുപ്പ് ഉദ്യോഗസ്ഥർ അടുത്തിടെ കേരളം സന്ദർശിച്ചിരുന്നു. നമ്മൾ നടപ്പിലാക്കിയ പുനഃസംഘടന ഉൾപ്പെടെയുള്ള പല കാര്യങ്ങളും മറ്റ് സംസ്ഥാനങ്ങൾ പിന്തുടരുകയും നമ്മെ അഭിനന്ദിക്കുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ്, ഇൻവെസ്റ്റിഗേഷൻ, ടോട്ടൽ ടാക്സ് സർവ്വീസസ് എന്നിങ്ങനെ മൂന്ന് വിംഗുകളാണ് ഇതിൽവരുന്നത്. ഇൻവെസ്റ്റിഗേഷൻ വിംഗും ടാക്സ് സർവ്വീസ് വിംഗും ചേർന്നുകൊണ്ട് റിവേഴ്സൽ ടാക്സുൾപ്പെടെയുള്ള പണം ലഭിക്കുന്നതിന് നടത്തിയ ശ്രമങ്ങളുടെ ഫലമായി 1064 കോടി രൂപയാണ് ഈ സാമ്പത്തിക വർഷം വരുമാനമായി ലഭിച്ചത്. സാധാരണയായി 30 മുതൽ 35 കോടി വരെ കിട്ടുന്നിടത്ത്, മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ക്ലെയിം ചെയ്ത് കിട്ടുന്ന റിവേഴ്സൽ ടാക്സടക്കം കിട്ടിയതിന്റെ ഫലമായി ആയിരത്തോളം കോടി രൂപ വരുമാനം ലഭിച്ചത് വലിയ കുതിച്ചുചാട്ടം തന്നെയാണ്.

ജി.എസ്.ടി. വകുപ്പിൽ ഓഡിറ്റ് വിംഗ് ഇനിയും ആരംഭിച്ചിട്ടില്ല. ജി.എസ്.ടി.-യുടെയും ടാക്സ് വകുപ്പിന്റെയും ചരിത്രത്തിൽ ഇതാദ്യമായിട്ടാണ് ഓഡിറ്റ് സംബന്ധിച്ച് ഒരു പ്രത്യേക വിംഗ് രൂപീകരിക്കുന്നത്.

ദേശീയതലത്തിൽ ഇൻകംടാക്സ്/റവന്യൂ വകുപ്പുകളിൽനിന്നും വിരമിച്ച പരിചയസമ്പന്നരായ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കൃത്യമായി ഓഡിറ്റിംഗ് പരിശീലനവും നൽകുന്നുണ്ട്. ഓഡിറ്റ് വകുപ്പുണ്ടാക്കിയാൽ അടുത്ത ദിവസം മുതൽ ഓഡിറ്റ് നടത്താൻ സാധിക്കില്ല. മാസ്റ്റർ ട്രെയിനേഴ്സിനും മറ്റുള്ള ട്രെയിനേഴ്സിനും കൃത്യമായ പരിശീലനം നൽകിയാൽ മാത്രമേ ഓഡിറ്റിംഗ് പ്രാവർത്തികമാക്കാൻ സാധിക്കുകയുള്ളൂ. ഓഡിറ്റിംഗ് ഫലപ്രദമായി നടത്തുന്നതോടുകൂടി ടാക്സ് വരുമാനത്തിലും അസെസ്മെന്റിലുമെല്ലാം നല്ല വ്യത്യാസമുണ്ടാകുമെന്നാണ് കണക്കാക്കുന്നത്. ഘടനാപരമായി വ്യത്യാസമുള്ള ഈ മൂന്ന് കാര്യങ്ങളും നമ്മൾ നടത്തുന്നുണ്ട്. അതിനുശേഷം പരാതികൾ കൊടുക്കാനുള്ള ട്രിബ്യൂണലിന്റെ കാര്യത്തിലും തീരുമാനമായിട്ടുണ്ട്. ഇത്രയും കാര്യങ്ങൾ ചെയ്തുതുടങ്ങിയാൽ ഹർജികൾ തീർപ്പാക്കുന്നതടക്കമുള്ള കാര്യങ്ങളിൽ മാറ്റമുണ്ടാക്കാൻ സാധിക്കുമെന്നാണ് വിശ്വസിക്കുന്നത്.

കഴിഞ്ഞ ബഡ്ജറ്റിലൂടെ ഈ സഭയിൽ അവതരിപ്പിച്ചതും കേരളം നടപ്പിലാക്കിയതുമായ മറ്റൊരു സംവിധാനമാണ് 'ലക്കി ബിൽ ആപ്പ്'.

ജനങ്ങൾക്ക് ബില്ലുകൾ പരമാവധി വാങ്ങാനുള്ള താൽപര്യമുണ്ടാകണമെന്ന ലക്ഷ്യത്തോടെയാണ് ഈ ആപ്പ് ആരംഭിച്ചത്. 'ലക്കി ബിൽ ആപ്പ്' നടത്തിപ്പിന് ദേശീയതലത്തിൽ ഇ-ഗവേർണൻസിന്റെ അവാർഡ് ലഭിച്ചു. കൂടാതെ, കേരളം നടപ്പിലാക്കിയ 'ലക്കി ബിൽ ആപ്പ്' ഇന്ത്യാ ഗവൺമെന്റ് ഏറ്റെടുക്കുകയും വിവിധ സംസ്ഥാനങ്ങളിൽ ജി.എസ്.ടി.-യുടെ ഭാഗമായി നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ടെന്നത് കേരളത്തിന് അഭിമാനകരമായ ഒരു കാര്യമാണ്. Insolvency-യും bankruptcy-യുമടക്കമുള്ള ലിക്വിഡേഷന്റെ റിവൈവൽ പാക്കേജ് സംബന്ധിച്ച കാര്യങ്ങൾ ഉൾപ്പെടുത്തി ഒരു സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീജ്യർ തയ്യാറാക്കിയിട്ടുണ്ട്. ഡയറക്ട് ടാക്സുമായി ബന്ധപ്പെട്ടതല്ലെങ്കിലും പൊതുവായി പറഞ്ഞ കാര്യങ്ങളിലും ചില നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ചരിത്രത്തിൽത്തന്നെ ഏറ്റവും കൂടുതൽ ടാക്സ് ഏർപ്പെടുത്തിയ ഒരു മന്ത്രിയാണെന്ന പരാമർശം വന്നെങ്കിലും ആ നിലയിലല്ല; മറിച്ച്, കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ നികുതി ശേഖരിക്കാൻ സാധിച്ച രണ്ട് വർഷങ്ങളിൽ മന്ത്രിയായിരുന്ന ഒരാളെന്ന നിലയിൽ,

എന്റേതായ ഒരു ചെറിയ സ്ഥാനം കേരളത്തിലെ നികുതി രംഗത്തുണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്. സംസ്ഥാനത്തിനുവേണ്ടി ചെയ്ത ചെറിയ ഒരു കാര്യമാണത്. ആളുകൾ മാറിമാറി വരുമെങ്കിലും ഞാൻ ചെയ്തത് പല ടാക്സ് അവിടെയും ഇവിടെയും ഏർപ്പെടുത്തുകയെന്ന രീതിയല്ല. പെട്രോളിന് കേന്ദ്ര സർക്കാർ വലിയ തോതിൽ ടാക്സ് വാങ്ങുമ്പോൾ നമ്മൾ ചെറിയ ഒരു സെസ് ഏർപ്പെടുത്തുകയാണ് ചെയ്തത്. ലാൻഡ് ടാക്സിന്റെ കാര്യത്തിൽ വലിയ വർദ്ധന വരുത്തിയിട്ടില്ല. കഴിഞ്ഞ ഏപ്രിൽ-മേയ് മാസങ്ങൾ കഴിഞ്ഞാണ് വരുമാനം വന്നുതുടങ്ങിയത്. എസ്റ്റിമേറ്റ് ചെയ്തതനുസരിച്ച് ആയിരം കോടി രൂപയാണ് അതുവഴി വരുന്ന വരുമാനം, അല്ലാതെ നാലായിരം കോടി രൂപയല്ല. പത്തും ഇരുപതും വർഷങ്ങൾക്ക് ശേഷമാണ് എല്ലാ വകുപ്പുകളിലും ചെറിയ ചെറിയ കാര്യങ്ങളിൽ ടാക്സ് ഏർപ്പെടുത്തുന്നത്. ഇന്ത്യയിൽ പ്രോപ്പർട്ടി ടാക്സ്, ബിൽഡിംഗ് ടാക്സ് എന്നിവ ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളം. അത്തരം ടാക്സൊക്കെ തദ്ദേശസ്വയംഭരണ വകുപ്പിനാണ് ലഭിക്കുന്നത്. കേരളത്തിലെ 40 ശതമാനത്തോളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഭരിക്കുന്നത്

പഞ്ചായത്തുകളാണ്. അവിടെ ശമ്പളം കൊടുക്കാനും നിത്യനിദാന ചെലവിനും ആവശ്യമായ പണം ലഭിക്കുന്നതിനും മാലിന്യ നിർമ്മാർജ്ജനമടക്കമുള്ള കാര്യങ്ങൾക്കുമാണ് ടാക്സ് ഏർപ്പെടുത്തുന്നത്. ഈ രീതിയിലുള്ള പല ടാക്സുകളാണ് ഏർപ്പെടുത്തിയത്. ടാക്സിൽനിന്ന് വരുമാനം ഉണ്ടാകുന്നില്ല എന്ന് പ്രതിപക്ഷ അംഗങ്ങൾ ആവർത്തിച്ചുപറഞ്ഞത് ശരിയായ ഒരു കാര്യമല്ല. കേരളത്തിൽ കോവിഡാനന്തര ടാക്സ് വരുമാനം 47,000 കോടി രൂപയാണ്. കോവിഡിന് മുമ്പ് യു.ഡി.എഫ്. സർക്കാരിന്റെ അവസാന സമയത്തെ ആകെ ടാക്സ് വരുമാനം ഏകദേശം 38,000 കോടി ചില്വാനം രൂപയായിരുന്നു. കോവിഡ് സമയത്ത് ഒന്നുരണ്ട് വർഷങ്ങളിൽ അതിന്റെ ഗ്രോത്ത് നെഗറ്റീവായി. അതിനുശേഷം ഒരു വർഷം ശരാശരി എട്ട് ശതമാനം വീതം വർദ്ധനയുണ്ടായിരുന്നു. എന്നാൽ, നമുക്ക് 8000 കോടി രൂപയുടെ വർദ്ധന മാത്രമേ 2021 മാർച്ച് മാസത്തിൽ എത്തിക്കാൻ സാധിച്ചുള്ളൂ. ആ വർദ്ധനയ്ക്കുപകരം രണ്ട് വർഷം കഴിഞ്ഞപ്പോൾ 2023 മാർച്ച് മാസം നമ്മുടെ ബഡ്ജറ്റ് രേഖകളിൽ ഫൈനലൈസ് ചെയ്ത അക്കൗണ്ടിൽ അത് 71,000 കോടി രൂപയോളം ആയിട്ടുണ്ട്. ഇതുകൂടാതെ നോൺ-ടാക്സും മറ്റ്

ചില വരുമാനങ്ങളുമുണ്ട്. 8000 കോടി രൂപയുടെ വരുമാനം 5 വർഷം കൊണ്ടുണ്ടായ സ്ഥാനത്ത് 24,000 കോടിയോളം രൂപയുടെ വർദ്ധന വന്നത് ഒരു റെക്കോർഡ് തന്നെയാണ്. എന്നാൽ അതുകൊണ്ട് മാത്രം ഈ പ്രശ്നങ്ങൾ തീരില്ല. ഇനിയും പലയിടത്തുനിന്നും വരുമാനം വരാനുണ്ട്. ഒരു രൂപപോലും നികുതി വർദ്ധിപ്പിക്കാതെയാണ് 24,000 കോടി രൂപയുടെ വരുമാന വർദ്ധന സംസ്ഥാനത്തിനുണ്ടായത്. 1956 മുതൽ 2021 വരെയുള്ള വർഷങ്ങളിൽ ആകെ വർദ്ധിച്ചുവന്ന നികുതിയുടെ 51 ശതമാനത്തിലധികം രണ്ട് വർഷംകൊണ്ട് വർദ്ധിച്ചതായാണ് കാണുന്നത്. 50-60 വർഷംകൊണ്ട് വർദ്ധിച്ചുവന്ന നികുതിയുടെ 52 മുതൽ 53 ശതമാനത്തോളം രണ്ടുവർഷം കൊണ്ട് വർദ്ധിച്ചിട്ടും കണ്ണിൽചോരയുള്ളവർ ഞങ്ങളോട് പറയുമോ 'നിങ്ങളൊന്നും ചെയ്യുന്നില്ല' എന്ന്; അങ്ങനെ പറയാൻ പാടില്ല. നമുക്കെല്ലാവർക്കും രാഷ്ട്രീയമുണ്ട്; എന്നാൽ സംസ്ഥാനത്തിനുള്ളിൽ നടക്കുന്ന കാര്യങ്ങൾ അംഗീകരിക്കാൻ നിങ്ങൾ തയ്യാറാകണം.

ശ്രീ. എം. വിൻസെന്റും പ്രതിപക്ഷാംഗങ്ങളും പറഞ്ഞ കാര്യങ്ങൾ ഞാൻ ക്ഷമാപൂർവ്വം കേൾക്കുകയായിരുന്നു. കാരണം കേരളത്തിലെ ജനങ്ങൾ

ഇതെല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്നുണ്ട്. എന്തൊക്കെയാണ് രാഷ്ട്രീയ ചർച്ചകളിൽ പറഞ്ഞത്? ഓണക്കാലത്ത് വിലവർദ്ധന കാരണം സംസ്ഥാനത്താർക്കും ജീവിക്കാൻ സാധിക്കുന്നില്ലെന്ന് പ്രതിപക്ഷം പറഞ്ഞാൽ നിങ്ങളെപ്പറ്റി എന്താണ് ഈ നാട്ടിലെ ജനങ്ങൾ വിചാരിക്കുക; നിങ്ങളെ പരിഹസിക്കില്ലേ? വസ്തുതാവിരുദ്ധമായ കാര്യങ്ങൾ പറയുന്ന ആളുകളാണ് യു.ഡി.എഫ്.-കാരെന്ന് ജനങ്ങൾ വിശ്വസിക്കില്ലേ? കേരളത്തിൽ വിലവർദ്ധനയാണെന്ന് വിമർശിക്കുമ്പോൾ ഒന്നു മനസ്സിലാക്കണം, റിസർവ് ബാങ്ക് കണക്കുപ്രകാരം വിലവർദ്ധന ഏറ്റവും കുറഞ്ഞ സംസ്ഥാനം കേരളമാണ്. വിലക്കയറ്റം ഇന്ത്യയിൽ ശരാശരി 8.5 ശതമാനമാണ്; രാജസ്ഥാനിൽ അത് 9.5 ശതമാനമാണ്; അതിന്റെ രേഖകൾ എന്റെ കൈവശമുണ്ട്. എന്നാൽ കേരളത്തിൽ 6.5 ശതമാനം മാത്രമേ വർദ്ധനയുള്ളൂ. അതുമാത്രമല്ല ഓണക്കാലത്ത് വിലക്കയറ്റം കൂടിയിട്ടുണ്ടോയെന്ന് പരിശോധിക്കാനായി എല്ലാ ചാനലുകാരും വിവിധ കമ്പോളങ്ങളിൽ പോയി ജനങ്ങളോട് ചോദിച്ചപ്പോൾ അവരൊക്കെ പറഞ്ഞത് സുലഭമായി സാധനങ്ങൾ ലഭ്യമാകുന്നുവെന്നാണ്. തക്കാളി

ഉൽപ്പാദിപ്പിക്കുന്ന സ്ഥലങ്ങളിൽപ്പോലും 300 രൂപയ്ക്ക് തക്കാളി വിറ്റപ്പോൾ ഇവിടെ അത് 100 രൂപയ്ക്കാണ് ലഭ്യമായത്. ഇപ്പോൾ പച്ചക്കറിക്കും തക്കാളിക്കും മാത്രമല്ല എല്ലാ സാധനങ്ങൾക്കും വിലകുറഞ്ഞു; ഇതൊരു വസ്തുതയല്ലേ; കേരളത്തിന്റെ നേട്ടമല്ലേ? എൽ.ഡി.എഫ്. മാത്രമല്ല യു.ഡി.എഫ്.-ഉം കേരളം ഭരിച്ചിട്ടുണ്ടല്ലോ. പല സ്ഥലങ്ങളിലും യു.ഡി.എഫ്.-ന്റെ സൊസൈറ്റികളും പഞ്ചായത്തുകളും ഉണ്ടല്ലോ; വിലക്കയറ്റം നമുക്ക് നന്നായി നിയന്ത്രിക്കാൻ സാധിച്ചുവെന്ന് ദേശീയ തലത്തിലെ പല ഏജൻസികളും തരുന്ന സ്റ്റാറ്റിസ്റ്റിക്സിനെ അംഗീകരിക്കണ്ടേ. ഭരണത്തിൽ വന്നാൽ ഓണക്കാലം കഴിഞ്ഞും എല്ലാമാസവും സൗജന്യ ഭക്ഷ്യക്കിറ്റ് നൽകുമെന്ന് ഏത് മാനിഫെസ്റ്റോയിലാണ് ഞങ്ങൾ പറഞ്ഞിട്ടുള്ളതെന്ന് എനിക്കറിയില്ല. കോവിഡ് കാലത്ത് സൗജന്യ ഭക്ഷ്യക്കിറ്റ് നൽകിയതിനെയാണ് നിങ്ങൾ കുറ്റം പറഞ്ഞത്. ഞങ്ങൾ കോവിഡ് സമയത്ത് സൗജന്യ ഭക്ഷ്യകിറ്റ് നൽകിയതിനെതിരെ നിങ്ങൾ കേസിന് പോയില്ലേ? ഞങ്ങൾ കോവിഡ് തീരുന്നതുവരെയുള്ള സമയത്ത് സൗജന്യ ഭക്ഷ്യകിറ്റ് നൽകി. അതിൽ ശ്രീ.പിണറായി വിജയന്റെ/എൽ.ഡി.എഫ്.-

ന്റെ സഞ്ചി മാത്രമേയുള്ളൂ, കിറ്റിനകത്തുള്ള മുഴുവൻ സാധനവും നൽകിയത് ബി.ജെ.പി. ആണെന്നും നിങ്ങൾ പറഞ്ഞില്ലേ? ഇപ്പോൾ അത് എവിടെപ്പോയി; സഞ്ചി മാത്രമേയുള്ളോ? ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്ന ആറ് ലക്ഷത്തോളം വരുന്ന ഗുണഭോക്താക്കൾക്കാണ് ഇപ്പോൾ സൗജന്യ ഭക്ഷ്യകിറ്റ് അനുവദിക്കുമെന്ന് ഞങ്ങൾ പറഞ്ഞത്. അത് ഓണത്തിന്റെ തലേദിവസം ആയിപ്പോയി എന്നതാണ് വലിയ കലാപം. ഇപ്പോൾ അത് നൽകിയിട്ടുണ്ട്. ഞങ്ങൾ പറയാത്ത കാര്യങ്ങൾ എന്തിനാണ് നിങ്ങൾ പറയുന്നത്? വിലക്കയറ്റത്തിന്റെ കാര്യം പറഞ്ഞെങ്കിലും അതിനെക്കുറിച്ച് ജനങ്ങൾക്കറിയാം. ഏത് സ്ഥലത്താണ് സാധനങ്ങൾ ഇല്ലാത്തത്; കടകളാകുമ്പോൾ ചില സാധനങ്ങളുടെ ക്ഷാമമുണ്ടാകും. ഓണക്കാലത്ത് സപ്ലൈകോ മാർക്കറ്റ്, കൺസ്യൂമർഫെഡ് മാർക്കറ്റ് എന്നിവ കൂടാതെ പച്ചക്കറികൾ ലഭ്യമാക്കുന്നതിനായി കൃഷി വകുപ്പിന്റെയും ഹോർട്ടികോർപ്പിന്റെയും ഉൾപ്പെടെ രണ്ടായിരത്തോളം മാർക്കറ്റുകളും തുറന്ന് പ്രവർത്തിച്ചു. ഇതിനായി സർക്കാർ പ്രത്യേക ധനസഹായം അനുവദിച്ചുനൽകിയിരുന്നു. ഏറ്റവും സുഭിക്ഷമായി ഇത്തവണത്തെ ഓണം

കൈകാര്യം ചെയ്യാൻ സാധിച്ചുവെന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. നാട്ടിൻപുറങ്ങളിലേയ്ക്ക് ചാനലുകാർ ചെല്ലുമ്പോൾ എല്ലാ സാധനങ്ങളും സർക്കാർ വില കുറച്ച് നൽകുന്നതായാണ് അവർ പറയുന്നത്. കേരളത്തിലെ ജനങ്ങൾ ഇതെല്ലാം കാണുന്നുണ്ട്.

സർക്കാർ ജീവനക്കാർക്ക് ആനുകൂല്യം നൽകിയില്ലെന്ന എത്ര കണക്കാണ് പ്രതിപക്ഷം പറഞ്ഞത്. ശമ്പളപരിഷ്കരണം വന്നപ്പോൾ അന്നത്തെ പ്രതിപക്ഷ നേതാവ് പറഞ്ഞത്; "ഇത് വലിയ ശമ്പളവർദ്ധനയാണെന്നും ഇത്രയും പണം കൊടുക്കരുതെന്നും ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ 25 ശതമാനം കുറയ്ക്കുമെന്നും പറഞ്ഞില്ലേ". ഇക്കാര്യം പരസ്യമായാണ് പറഞ്ഞത്. വേണമെങ്കിൽ സഭാരേഖകൾ പരിശോധിക്കാം. ഈ സർക്കാർ മേയ് മാസം അധികാരത്തിൽ വന്നതിനുശേഷം ജീവനക്കാരുടെ ശമ്പളം കുറച്ചോ; അത് കൊടുക്കുന്നില്ലേ? ശമ്പളപരിഷ്കരണത്തിന്റെ ഭാഗമായി 20,000 കോടി രൂപയുടെ അധികബാധ്യതയുണ്ടെങ്കിലും ഈ സർക്കാർ അതും നൽകുന്നുണ്ട്. ജീവനക്കാരുടെ കുടിശ്ശിക തുക പി.എഫ്.-ൽ ലയിപ്പിക്കുകയാണ്. രണ്ടോ

മൂന്നോ ഡി.എ. കൊടുക്കാനുണ്ട്; അതില്ലെന്ന് പറയുന്നില്ല. കേരളത്തിന്റെ മൂന്നിരട്ടി ജനസംഖ്യയുള്ള ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ കേരളത്തിന്റെ പകുതിപോലും പി.എസ്.സി. വഴി ഉദ്യോഗാർത്ഥികളില്ല. മാത്രമല്ല ബംഗാൾ, ത്രിപുര എന്നീ സംസ്ഥാനങ്ങളുടെ അവസ്ഥ കേരളത്തിന് വരുമെന്ന് ഇന്നലെ നിങ്ങൾ സൂചിപ്പിച്ചല്ലോ; ആ അവസ്ഥ വന്നാൽ നിങ്ങൾ കൈയടിക്കാൻ നിൽക്കുകയാണ്. ബംഗാളിൽ കഴിഞ്ഞ പത്തുവർഷമായി പി.എസ്.സി. വഴി പതിനായിരത്തിൽ താഴെ ആളുകൾക്ക് മാത്രമേ നിയമനം നൽകിയിട്ടുള്ളൂ. ബംഗാളിലെ ആകെയുള്ള 20,000-ലധികം വരുന്ന സ്കൂളുകളിൽ പകുതി സ്കൂളുകൾ കുട്ടികളില്ലാത്തതിനാൽ അടച്ചുപൂട്ടി, ഉള്ള കുട്ടികൾക്ക് പഠിക്കാനും സാധിക്കുന്നില്ല. അദ്ധ്യാപകർക്ക് ശമ്പളവുമില്ല. ഈ സ്ഥിതി കേരളത്തിൽ എത്തിക്കണമെന്നാണോ നിങ്ങൾ ആഗ്രഹിക്കുന്നത്?

കെ.എസ്.ആർ.ടി.സി.-യുടെ കാര്യം പറഞ്ഞാൽ, ഇവിടത്തെ എല്ലാ സർവ്വീസ് സംഘടനകളും അതിനെക്കുറിച്ച് പ്രസംഗങ്ങൾ നടത്തിയല്ലോ, കേരളമല്ലാതെ ഒരുസ്ഥലത്തും ഇങ്ങനെയൊരു പൊതുസർവ്വീസില്ലെന്ന് നിങ്ങൾക്കറിയില്ലേ? കെ.എസ്.ആർ.ടി.സി.-യുടെ യൂണിയൻ നേതാവ്

കൂടിയാണ് ശ്രീ. എം. വിൻസെന്റ്. കെ.എസ്.ആർ.ടി.സി.-യിൽ കഴിഞ്ഞ 5 വർഷമാണ് ഏറ്റവും കൂടുതൽ ശമ്പളം കൊടുത്തത്; അത് നാലായിരത്തി അഞ്ഞൂറോളം കോടി രൂപയാണ്. ഇപ്പോൾ 4500 കോടി രൂപ കൊടുത്തു. അതിനുമുമ്പുള്ള അഞ്ചുവർഷം കൊടുത്തത് 1500 കോടി രൂപയാണ്. എല്ലാ മാസവും ഒന്നാം തീയതിയാണ് ഞങ്ങൾ ശമ്പളം കൊടുത്തുകൊണ്ടിരുന്നത്. വ്യവസായങ്ങളും മറ്റുപൊതുമേഖലാ സ്ഥാപനങ്ങളുമായി എത്രയോ സ്ഥാപനങ്ങൾ നമുക്കുണ്ട്. കെൽട്രോൺപോലെ അഭിമാനകരമായതും കെ.എം.എം.എൽ. പോലെ വലിയ ലാഭമുണ്ടാക്കുന്നതും എന്നാൽ ലാഭമുണ്ടാക്കാത്തതുമുണ്ട്. എല്ലാം പൂർണ്ണമായി ഗവൺമെന്റ് ഏറ്റെടുക്കുക എന്നുപറഞ്ഞാൽ അതൊരു ശാസ്ത്രീയമായ സമീപനമാണെന്നുള്ള അഭിപ്രായം എനിക്കില്ല. പക്ഷേ, കെ.എസ്.ആർ.ടി.സി.ക്ക് ഒരു പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ സഹായം നൽകും. പക്ഷേ അവിടുത്തെ തൊഴിലാളികളെ എന്നും അസംതൃപ്തരാക്കിയിട്ട് കാര്യമില്ല. 235 കോടി ഈ മാസം കളക്ഷൻ വന്നു. എന്നാൽ ഈ പണം അവർക്ക് കൊടുക്കുന്നതിനുമാത്രമല്ല ഉപയോഗിക്കുന്നത്. കഴിഞ്ഞ ദിവസം

കെ.എസ്.ആർ.ടി.സി. 60-70 ഇലക്ട്രിക് ബസ്സുകളാണ് നിരത്തിലിറക്കിയത്. സ്മാർട്ട് സിറ്റി പദ്ധതി വഴിയുള്ള ഒരു കോടി രൂപയുടെ ഇലക്ട്രിക് ബസ്സിന് 50 ശതമാനം മുതൽ 60 ശതമാനം വരെ ധനസഹായം നൽകുന്നത് സംസ്ഥാന സർക്കാരാണ്. അതുമാത്രമല്ല, കിഫ്ബി വഴിയും ധാരാളം ബസ്സുകൾ വാങ്ങുന്നുണ്ട്. 500 ബസ്സുകൾപോലുമില്ലാത്ത ആർ.ടി.സി.-കളാണ് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലുള്ളത്. കർണ്ണാടക, തമിഴ്നാട്, ഹരിയാന, ഡൽഹി അങ്ങനെ കുറച്ചുസ്ഥലങ്ങളിൽ മാത്രമാണ് ആർ.ടി.സി. ഉള്ളത്. മറ്റുസംസ്ഥാനങ്ങളിൽ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾ ഇല്ലാതാക്കുകയാണ്. എന്നാൽ കേരളത്തിൽ ആർ.ടി.സി. നല്ല രീതിയിൽ നടത്തുകയാണ്. വരാൻ പോകുന്ന യു.ഡി.എഫ്. സർക്കാരിനെ തകർക്കാനായാണ് ഇപ്പോഴത്തെ ശമ്പളപരിഷ്കരണമെന്ന് സെക്രട്ടേറിയറ്റ് ജീവനക്കാരുടെ പ്രതിപക്ഷ സർവ്വീസ് സംഘടന നടത്തിയ പ്രസംഗവും അച്ചടിച്ച നോട്ടീസിന്റെ പകർപ്പും നമ്മുടെ കൈയിലുണ്ട്. അതൊക്കെ കേട്ടാൽ ഇവിടെ ഒന്നുംകൊടുക്കുന്നില്ലെന്ന് തോന്നും.

അന്തർദേശീയ ഏജൻസികളും കേരളത്തിലെ സാമ്പത്തിക നിലയെപ്പറ്റി പഠിച്ചവരും കേരളത്തിൽ ഫിനാൻഷ്യൽ കൺസോളിഡേഷൻ ഉണ്ടെന്നാണ് അഭിപ്രായപ്പെടുന്നത്. അഞ്ചോളം സ്റ്റേറ്റുകളിൽ ഫിനാൻഷ്യൽ കാര്യങ്ങളിൽ കൺസോളിഡേഷനുണ്ടെന്ന് റിസർവ് ബാങ്കും യൂണിയൻ ഫിനാൻസ് മിനിസ്റ്ററും ഉൾപ്പെടെ പറയേണ്ടിവരുന്നു. കാരണം, 38 ശതമാനം വരെയായിരുന്ന കേരളത്തിന്റെ ആകെ ജി.ഡി.പി./ജി.എസ്.ഡി.പി.-യുടെ അടിസ്ഥാനത്തിൽ കോവിഡ് വന്ന സമയത്തെ നമ്മുടെ സമ്പദ്‌വ്യവസ്ഥ കുറഞ്ഞതിനാലുണ്ടായ കടബാധ്യത. അത് കുറഞ്ഞ് 34 ശതമാനത്തിലേയ്ക്ക് വന്നിട്ടുണ്ട്. നമുക്ക് ഒരു ശതമാനമെങ്കിലും അഡ്ഹോക് ലോൺ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭ്യമായാൽ അത്യാവശ്യഘട്ടങ്ങളിൽ കടം കുറയ്ക്കാമല്ലോ. കടമെടുക്കുന്നതിന് അനുവദിക്കുന്നില്ലെന്ന് മാത്രമല്ല, റിസർവ് ബാങ്കിൽ ഉൾപ്പെടെ ഇന്നത്തെ കണക്ഷൻ/ലിങ്ക് വച്ചിട്ട് ട്രഷറിയിൽ ഒരു രൂപപോലും ചലിക്കണമെങ്കിൽ അനുവാദം വേണം, അത് കണക്കുഡാണ്. നമ്മുടെ വരുമാനം വർദ്ധിക്കുകയും കടം കുറയുകയും ചെയ്തിട്ടുണ്ട്. ഈ സമയത്ത് കിഫ്ബിയുടെയും പെൻഷൻ

കമ്പനിയുടെയുമൊക്കെ കടത്തെ നമ്മുടെ കടത്തിൽനിന്ന് വെട്ടിക്കുറച്ച് ആ പണംപോലും തരാതിരിക്കുന്ന ഒരു സ്ഥിതിയുണ്ട്. ഉദാഹരണമായി, രണ്ടുപേർക്ക് വരുമാനം കിട്ടിക്കൊണ്ടിരിക്കുന്ന ഒരു വീട്ടിൽ, ഭർത്താവിന് കേന്ദ്രഗവൺമെന്റിന്റെ ജോലിയും ഭാര്യയ്ക്ക് സംസ്ഥാന സർക്കാരിന്റെ ജോലിയുമുണ്ട്. കേന്ദ്രഗവൺമെന്റിന്റെ സ്ഥാപനം അടച്ചുപൂട്ടി; ശമ്പളം ലഭിക്കുന്നില്ല; വീട്ടിൽ ഒരാളുടെ ശമ്പളംകൊണ്ടുമാത്രം കാര്യങ്ങൾ നടത്തേണ്ട സ്ഥിതിയാണുള്ളത്. അതുപോലെയാണ്, കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും വിഹിതം ലഭ്യമാകേണ്ടിടത്ത് കേന്ദ്രത്തിന്റെ ഫണ്ട് ലഭ്യമാകാത്ത സ്ഥിതിയാണിന്നുള്ളത്. കേന്ദ്രം ആർക്കും ഔദാര്യം തരുന്നതല്ല; ഈ സംസ്ഥാനത്തുനിന്ന് പിരിച്ചുകൊണ്ടുപോകുന്ന ഭാഗം നമുക്ക് തരേണ്ടതാണ്. ഇന്ത്യയിലാകെയുണ്ടാകുന്ന നികുതി വരുമാനത്തിന്റെ 64 ശതമാനവും കേന്ദ്രമാണ് പിരിച്ചെടുക്കുന്നത്. ബാക്കിമാത്രമേ സംസ്ഥാനങ്ങൾക്കുള്ളൂ എന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കണക്കാണ്. എന്നാൽ സംസ്ഥാനങ്ങളുടെ/ഇന്ത്യയുടെ ആകെയുള്ള ചെലവിന്റെ 63 ശതമാനത്തിലധികവും ചെലവാക്കേണ്ടി വരുന്നത്

സംസ്ഥാന ഗവൺമെന്റുകളാണ്. ഫെഡറലിസത്തിന്റെ പ്രശ്നമിതാണ്. ഇതൊരു ഫെഡറൽ സംസ്ഥാനമാണെന്നും ഫെഡറൽ സ്വഭാവമാണെന്നും ഇവിടെ ശ്രീ. എൻ. ഷംസുദ്ദീൻ സൂചിപ്പിച്ചല്ലോ. ഫെഡറലിസം എന്നുപറഞ്ഞാൽ സംതൃപ്തമായ സംസ്ഥാനങ്ങളും ശക്തമായ കേന്ദ്രവും എന്നതാണ്. സംതൃപ്തമായ സംസ്ഥാനം വേണം, അല്ലാതെ ഇതുമൊത്തം പിടിച്ചെടുക്കാനല്ല കേന്ദ്ര സർക്കാർ ശ്രമിക്കേണ്ടത്. കേന്ദ്രത്തിനെതിരെ ഒരുമിച്ച് സമരത്തിനുപോകാമെന്ന് നിങ്ങളിവിടെ പ്രസംഗിച്ചല്ലോ. അതിനുമുമ്പ് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), യു.ഡി.എഫ്.-ന്റെ എം.പി.-മാരോട് ആ മെമ്മോറാണ്ടത്തിൽ ഒപ്പിടുവാനും ഇന്ത്യയുടെ പ്രധാനമന്ത്രിയെയും ധനകാര്യമന്ത്രിയുൾപ്പെടെയുള്ളവരെയും പോയി കാണാനും പറയൂ. എൽ.ഡി.എഫ്.-ന്റെ 9 എം.പി.-മാരിൽ 7 എം.പി.-മാരും ലോക്സഭയിലെ എം.പി.-മാരും ഇക്കാര്യത്തിൽ അതിശക്തമായി നിന്നിട്ടുണ്ട്. ഇവിടെ നിങ്ങളെ വിളിച്ച് സംസാരിച്ചിട്ടുണ്ടല്ലോ. ഓൺലൈൻ യോഗത്തിൽ ശ്രീ. ബെന്നി ബെഹനാൻ പറഞ്ഞതിന്റെ റിക്കാർഡ് ഉണ്ടല്ലോ. ആ യോഗത്തിൽ ഞാനും പങ്കെടുത്തിരുന്നു. ഇത് കേരളത്തിന്റെ

പൊതുപ്രശ്നമാണെന്നും ഞങ്ങൾ ഇതിൽ ഒരുമിച്ച് നിൽക്കുമെന്നും എല്ലാ ഡീറ്റെയിൽസും വേണമെന്നും പറഞ്ഞപ്പോൾ എല്ലാ ഡീറ്റെയിൽസും എത്തിച്ചുകൊടുത്തു. നമ്മുടെ വീടും നാടും തകർന്നോട്ടെയെന്ന സമീപനമെടുക്കാൻ പാടില്ല. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരും തമിഴ്നാട് മുഖ്യമന്ത്രിയും കേന്ദ്രത്തിന്റെ ഈ സമീപനത്തിന് കൃത്യമായ കണക്കുകൾ നൽകുന്നുണ്ട്. ഇതുമുഴുവൻ കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റിനെ തകർക്കാനും അപമാനിക്കാനുമുള്ള ശ്രമത്തിന്റെ ഭാഗമാണ്. പക്ഷേ അതൊന്നുമല്ല ഫെഡറലിസത്തിന്റെ പ്രശ്നം. ഓരോ മേഖലയിലും ഫെഡറലിസത്തിന്റെ പ്രശ്നം വരുന്നുണ്ട്. ഇവിടെ "One country, one election" എന്നത് പഞ്ചായത്ത് മുതൽ പാർലമെന്റ് വരെയാക്കണമെന്ന് ആഗ്രഹിച്ചുകൊണ്ടിരിക്കുകയാണ്. അതിനായി മുൻ രാഷ്ട്രപതിയുടെ അദ്ധ്യക്ഷതയിൽ ഒരു സമിതി രൂപീകരിച്ചിരിക്കുകയാണ്. സാധാരണഗതിയിൽ ഇന്ത്യയുടെ ഒരു മുൻപ്രസിഡന്റ് ഇങ്ങനെയൊരു കമ്മീഷനിലോ കമ്മിറ്റിയിലോ അദ്ധ്യക്ഷനായി വരുന്നത് കണ്ടിട്ടില്ല. 8 മെമ്പർമാർ ഉൾപ്പെട്ട കമ്മിറ്റിയിൽ കോൺഗ്രസ് പാർട്ടിയിൽനിന്നും ശ്രീ.

അധിർ രഞ്ജൻ ചൗധരിയെ വച്ചിരുന്നു; അദ്ദേഹം മാറിയതിനുശേഷം, പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ചെയർമാൻ ആയിരുന്ന ശ്രീ. എം. കെ. സിംഗ്, കോൺഗ്രസ്സിന്റെ ഏറ്റവും പ്രമുഖനായിരുന്ന നേതാവ് ശ്രീ. ഗുലാം നബി ആസാദ് എന്നിവരുൾപ്പെട്ട കമ്മിറ്റി വരുമ്പോൾ എന്താണ് സംഭവിക്കുന്നതെന്നറിയില്ല. ഇന്ത്യയ്ക്കകത്ത് ഇന്ത്യൻ പാർലമെന്ററി സിസ്റ്റം ഇങ്ങനെ വേണോയെന്ന സംശയം ഉയർത്തുന്ന രീതിയിലുള്ള ആശങ്ക നിലനിൽക്കുകയാണ്. അങ്ങനെ നിൽക്കുന്നൊരു കേന്ദ്ര ഗവൺമെന്റ് സംസ്ഥാനങ്ങളോട് എന്തെങ്കിലും ഔദാര്യം കാണിക്കുമെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ; ഔദാര്യം അവർ കാണിക്കില്ല.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ജി.എസ്.ടി. വിഹിതം സംസ്ഥാനങ്ങൾക്ക് ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ബി.ജെ.പി.യേതര സംസ്ഥാനങ്ങളിലെ ധനകാര്യ മന്ത്രിമാർ പലതവണ ഈ പ്രശ്നം ഉന്നയിച്ചുവെങ്കിലും കാര്യമായ പുരോഗതിയൊന്നും ഉണ്ടായില്ല. കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കാനുള്ള ഫണ്ട്/ടാക്സുമായി ബന്ധപ്പെട്ട കാര്യത്തിൽ തമിഴ്നാട് ഗവൺമെന്റ് ശ്രീ. അരവിന്ദ് സുബ്രഹ്മണ്യത്തിന്റെ

നേതൃത്വത്തിൽ ഒരു വിദഗ്ദ്ധ സമിതിയെ നിയമിച്ചതായി മനസ്സിലാക്കുന്നു. ഈ തുകകൾ കിട്ടുന്നില്ലെന്ന പരാതി നിലനിൽക്കുമ്പോഴും, തുക ലഭിക്കാനായി സംസ്ഥാന ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇക്കാര്യത്തിൽ, വരുമാനം കിട്ടാനുള്ള പല പ്രവർത്തനങ്ങളുടെയും ഭാഗമാണ് ഇ-വേ ബിൽ നടപ്പാക്കിയത്. സ്വർണ്ണത്തിന്റെ ഇ-വേ ബിൽ നമ്മുടെ മാത്രം ആവശ്യമാണ്. സ്വർണ്ണത്തിന്റെ ഇ-വേ ബില്ലിന്റെ കമ്മിറ്റിയിൽ കേരളം കൺവീനറായിരുന്നു. രണ്ടു ലക്ഷം രൂപയ്ക്ക് മുകളിൽ തുകയുള്ള സ്വർണ്ണം കൊണ്ടുപോകുന്നതിന് (സ്റ്റേറ്റിനുപുറത്തുനിന്നും കൊണ്ടുവരുന്നതിന് ഇല്ല) ഇന്റർസ്റ്റേറ്റ് ഇ-വേ ബിൽ വേണമെന്നത് ഇപ്പോൾ അംഗീകരിച്ചിട്ടുണ്ട്. അതിന്റെ ഓർഡർ ഇറങ്ങുകയും കേന്ദ്രത്തിൽ നിയമമാവുകയും ചെയ്തിട്ടുണ്ട്. ഉടൻതന്നെ കേരളത്തിലെ സ്വർണ്ണ മേഖലകളിൽ ആ കാര്യങ്ങൾ നടപ്പിലാക്കും. ഏത് സംസ്ഥാനത്തുനിന്നും വരുന്നുവെന്ന ഡീറ്റെയിൽസ് കാണിക്കുന്നതിനുള്ള കാര്യങ്ങൾ നേരത്തെ ഇല്ലായിരുന്നു; അതിലൊരു മാറ്റം

വന്നിട്ടുണ്ട്. കൂടുതൽ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതിനുവേണ്ടി ഒരു പ്രത്യേക സമിതിയെ നിയമിച്ചിട്ടില്ലെങ്കിലും ആ രംഗത്തെ വിദഗ്ദ്ധരുടെ അഭിപ്രായം തേടുന്നുണ്ട്. കൂടുതലായി അതിനെക്കുറിച്ച് പഠിക്കുന്നതിന് മുൻകൈയെടുക്കുന്നതാണ്. ഏത് സംസ്ഥാനത്തുനിന്നും കേരളത്തിലേയ്ക്കോ മറ്റു സംസ്ഥാനങ്ങളിലേയ്ക്കോ വിൽക്കുകയാണെങ്കിൽ അതിന്റെ ബില്ലുകളുടെ ഡീറ്റെയിൽസ് നൽകണമെന്ന സമ്പ്രദായം വന്നിട്ടുണ്ട്. ഡിജിറ്റൽ യൂണിവേഴ്സിറ്റിയെയും മറ്റ് ഐ.ടി.സ്ഥാപനങ്ങളെയും ഇടപെടുത്തി ഇതിൽ കുറെയേറെ കാര്യങ്ങൾ ചെയ്യുന്നുണ്ട്; ഇനിയും കൂടുതൽ ചെയ്യേണ്ടതുണ്ട്. കാരണം വളരെ പുതിയൊരു മേഖലയായതുകൊണ്ട് ഇതുസംബന്ധിച്ച് മറ്റ് നിർദ്ദേശങ്ങളൊന്നുമില്ല; പുതിയ കാര്യങ്ങളിൽ ഏത് നിർദ്ദേശവും അംഗീകരിക്കാം. ഇപ്പോൾ ഓരോ ഘട്ടമായി എടുത്തുകൊണ്ടിരിക്കുകയാണ്, അതിന്റേതായ ഇംപ്രൂവ്മെന്റുമുണ്ട്.

റിവേഴ്സൽ എന്നു പറയുന്നത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. കാരണം വി.എസ്.എസ്.സി.യിലും കെ.എസ്.ഇ.ബി.യിലും അവർ ഇംപോർട്ട് ചെയ്ത സാധനങ്ങൾക്ക് ഇവിടെ ടാക്സ് ഇല്ല. പക്ഷേ ഇവിടെ റിട്ടേൺ സമർപ്പിച്ചാൽ

വേറൊരു സ്റ്റേറ്റിൽനിന്നും വാങ്ങുമ്പോൾ അവിടെ നൽകിയ ടാക്സ് നമുക്ക് ലഭിക്കും. അങ്ങനെയാണ് 1064 കോടി രൂപയിൽ നമുക്ക് ഏകദേശം 1000 കോടി രൂപ കിട്ടുന്ന അവസ്ഥയുണ്ടായത്. ആ തരത്തിൽ കാര്യങ്ങൾ നല്ലതുപോലെ ചെയ്തുകൊണ്ടിരിക്കുകയാണ്. അതുപോലെ പ്ലെയ്സ് ഓഫ് സപ്ലൈയുടെ പ്രശ്നം; നേരത്തെ ടൂറിസത്തിൽ ഇവിടെ വരുന്ന ഹോട്ടലുകളിലെ ബില്ലുകളിൽ എവിടെനിന്നാണോ ബുക്ക് ചെയ്യുന്നത് അവിടെ കൊടുക്കണമെന്ന ന്യായമായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ ബിൽ ഇവിടെ വന്നാലെ നമുക്ക് ഗുണമുള്ളൂ. തിരുവനന്തപുരത്തോ, കോഴിക്കോടോ, കോവളത്തോ ഒരു ഹോട്ടലിൽ വന്നാൽ അവിടെ താമസിക്കുന്നയാൾക്ക് അയാൾ എവിടെ ബുക്ക് ചെയ്താലും ഇവിടെ ബിൽ ലഭിക്കണം. അതിനുവേണ്ടി ശക്തമായി ഫൈറ്റ് ചെയ്തിട്ടാണ് നമ്മൾ പറഞ്ഞ വാദം അംഗീകരിച്ചത്. ഇങ്ങനെ സാങ്കേതികമായി വളരെ ചെറുതും വലുതുമായ, പലപ്പോഴും വലിയ തോതിൽ വർക്ക് ചെയ്താൽ മാത്രം മനസ്സിലാകുന്ന ധാരാളം കാര്യങ്ങളുണ്ട്. അതെല്ലാം ഓരോന്നായി പരിഗണിക്കുന്നുണ്ട്.

ഐ.ജി.എസ്.ടി. ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. അതിലുള്ള പ്രശ്നത്തിൽ നമ്മൾ പലപ്പോഴായി പറഞ്ഞതുകൊണ്ട് അൺക്ലെയിംഡായ കോമൺ ഫണ്ട് എന്നതുമാറി ഇവിടേക്ക് ലഭിക്കുന്നുണ്ട്. ടാക്സിന്റെ കാര്യത്തിലുണ്ടായ വരുമാനം, നോൺ ടാക്സ് റവന്യൂവിന്റെ കാര്യത്തിലുണ്ടായ വരുമാനം അതെല്ലാം  റിമാർക്കബിൾ ആയ കാര്യങ്ങളാണ്. 64 ശതമാനം ടാക്സ് പിരിച്ചുകൊണ്ടുപോകുകയും, എന്നാൽ 35 ശതമാനത്തിനടുത്ത് മാത്രം ചെലവാക്കുകയും ചെയ്യുന്ന ഒരു പാർട്നർ ആണ് ഈ ഫെഡറലിസത്തിലെ നമ്മുടെ പാർട്നർ. ഫെഡറലിസമെന്നു പറഞ്ഞാൽ അധമൻമാരും കീഴാളന്മാരൊന്നുമല്ല, equal partnership ആണ് കിട്ടേണ്ടത്. ഇന്ത്യയിലെ ഏറ്റവും വലിയ പ്രശ്നമാണത്; അത് രൂക്ഷമായി വന്നുകൊണ്ടിരിക്കുകയാണ്. അങ്ങനെ വരുമ്പോൾ നമുക്ക് കിട്ടേണ്ട തുക നമുക്ക് കിട്ടിയേ പറ്റുകയുള്ളൂ. 64 മുതൽ 65 ശതമാനം വരെ അവർ കളക്ട് ചെയ്യുന്നതിൽ നമുക്ക് കിട്ടിക്കൊണ്ടിരിക്കുന്നത് ഓരോ സമയത്തും കുറയുകയാണ്. ഇന്നലെ ഞാൻ കുറെയേറെ കണക്കുകൾ സഭയിൽ സൂചിപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ നേരത്തേ പറഞ്ഞ കണക്കുകളിൽ,

എസ്.സി./എസ്.ടി വിഭാഗത്തിലും ഒ.ബി.സി.യിലും നമുക്ക് തരുന്ന 100 ശതമാനവും സർക്കാരിനുള്ള സി.എസ്.എസ്. സ്കീമുകളും മാറ്റി; പലതും വെട്ടിക്കുറച്ച് പല ന്യായങ്ങളൊക്കെ പറഞ്ഞ് അത് തന്നെ തരുന്നില്ല. അതിന്റെ ശതമാനക്കണക്ക് നോക്കുമ്പോൾ കേരളത്തിന് മുൻപ് കിട്ടിക്കൊണ്ടിരുന്നതിനേക്കാൾ വലിയ തോതിൽ കുറഞ്ഞിരിക്കുന്നതായാണ് കാണുന്നത്. അതുപോലെതന്നെയാണ് വിഹിതം പങ്കുവയ്ക്കുന്ന കാര്യത്തിൽ ഓരോ മേഖലയിലും വന്ന കുറവ്. എസ്റ്റിമേറ്റ് സംബന്ധിച്ച് നമ്മൾ വിചാരിച്ചതിനേക്കാളും പതിനയ്യായിരത്തോളം കോടി രൂപ കുറവുണ്ടെന്ന് ഇവിടെ പരാമർശിച്ചു. ആ എസ്റ്റിമേറ്റ് എന്നുപറഞ്ഞാൽ അതിൽ 12000 കോടി രൂപ തൊട്ടുമുമ്പത്തെ ഒരു വർഷം ജി.എസ്.ടി. കോമ്പൻസേഷൻ കിട്ടിയതാണ്. ജി.എസ്.ടി. കോമ്പൻസേഷൻ നിർത്തരുതെന്ന് നമ്മൾ പറഞ്ഞ വാദമനുസരിച്ച് ആ 12000 കോടി രൂപ ഉൾപ്പെടെയുള്ള ജി.എസ്.ടി. കോമ്പൻസേഷൻ അതിൽ കാണിച്ചിട്ടുണ്ട്. അല്ലാതെ, നമ്മൾ പ്രതീക്ഷിച്ചതിനേക്കാളും എല്ലാ മേഖലയിലും ടാക്സ് കളക്ഷനിൽ കഴിഞ്ഞ വർഷം കുറവ് വന്നിട്ടില്ല; പൊതുടാക്സ് കളക്ഷൻ വർദ്ധിച്ചിട്ടേയുള്ളൂ. ടാക്സ്

കളക്ഷനിലല്ല പ്രശ്നമുള്ളത്; നേരത്തെ ഉദാഹരണമായി പറഞ്ഞതുപോലെ, ഒരു കുടുംബത്തിലെ ഭാര്യയ്ക്കും ഭർത്താവിനും ആകെ ലഭിക്കുന്ന വരുമാനത്തിന്റെ 64 ശതമാനം വാങ്ങിക്കൊണ്ടുപോയാൽ/ഒരാൾക്കുമാത്രമേ വരുമാനമുള്ളൂവെന്ന് പറഞ്ഞാൽ എന്തു ചെയ്യും? കേന്ദ്ര ഗവൺമെന്റ് ഉദ്യോഗസ്ഥനായ ഒരാൾക്ക് നേരത്തെ തന്നുകൊണ്ടിരുന്ന ശമ്പളം ലഭിക്കാതായാൽ ഒറ്റശമ്പളത്തിൽ/ഒറ്റവരുമാനത്തിൽ കാര്യങ്ങൾ നടക്കുകയില്ല. കേന്ദ്രത്തിൽനിന്നും കിട്ടേണ്ട പങ്ക് ലഭിക്കുന്നില്ല. കൃത്യമായി പറഞ്ഞാൽ നേരത്തെ നമുക്ക് ആകെ കിട്ടുന്ന 100 രൂപ റവന്യൂ വരുമാനത്തിൽ 55 രൂപ നമ്മുടേതും 45 രൂപ കേന്ദ്രത്തിന്റേതുമായിരുന്നു. ഇപ്പോൾ അത് കുറഞ്ഞുവന്ന് ഈ വർഷം 29 രൂപയേയുള്ളൂ; എന്നുപറഞ്ഞാൽ 29 ശതമാനമായി കുറഞ്ഞു. 100 ശതമാനത്തിനകത്ത് 45 ശതമാനം കേന്ദ്രം തന്നുകൊണ്ടിരുന്നത് 30 ശതമാനത്തിൽ താഴെയാണെന്ന് പറയുമ്പോൾ 25000 കോടി രൂപയാണ് രണ്ടുവർഷമായി കുറവുവന്നത്. ഇതിനെക്കുറിച്ച് പറയുമ്പോൾ നമ്മൾ ചെയ്തത് ശരിയാകുന്നില്ല, ഇവിടുന്നും തരുന്നില്ല, അവിടുന്നും തരുന്നില്ല എന്നൊക്കെ നിങ്ങൾ പറഞ്ഞാൽ എവിടെ ചെന്ന്

അവസാനിക്കും? ഇങ്ങനെ വെട്ടിക്കുറച്ചാൽ കാര്യങ്ങൾ മാനേജ് ചെയ്യാൻ നമുക്ക് ബുദ്ധിമുട്ടാണ്. നമുക്ക് അവകാശപ്പെട്ട വരുമാനം പിടിച്ചെടുത്ത് വെട്ടിക്കുറച്ച് കൊണ്ടുപോയതാണ്; അതിനെതിരായ വികാരം വരണം. അവിടെനിന്നുകൊണ്ട് നമ്മൾ ഈ കാര്യങ്ങളിലൊന്നും കുറവ് വരുത്താതെ കൊണ്ടുപോകാൻ ശ്രമിച്ചിട്ടുണ്ട്; പക്ഷെ, ബുദ്ധിമുട്ടില്ലെന്ന് ഞാൻ ഒരിക്കലും പറഞ്ഞിട്ടില്ല. നമ്മുടെ ഇക്കോണമിയിൽ എങ്ങനെയാണ് നോക്കുന്നത്; നിങ്ങളുടെ വരുമാനം വർദ്ധിപ്പിക്കണം, നിങ്ങളുടെ ചെലവ് നിയന്ത്രിക്കണം, നിങ്ങളുടെ അഡ്മിനിസ്ട്രേഷൻ സിസ്റ്റം കൃത്യമാക്കണം. ഈ കാര്യങ്ങളൊക്കെ സർക്കാർ ചെയ്തിട്ടുണ്ടോയെന്ന് ചോദിച്ചാൽ ഏറെക്കുറെ എല്ലാം ചെയ്യാൻ ശ്രമിച്ചിട്ടുണ്ടെന്ന് പറയാൻ സാധിക്കും. ഓരോ വകുപ്പിലും അതിന്റെ വ്യത്യാസമുണ്ട്. കാരണം, കേരളത്തിലെ ഇൻഫ്രാസ്ട്രക്ചർ മേഖലയിലുണ്ടായ മാറ്റം കാണാതിരിക്കാൻ സാധിക്കുമോ? കോഴിക്കോട് എയർപോർട്ടിന്റെ വികസനത്തിന് പത്തോ നൂറോ കോടി രൂപ കൊടുക്കണമെന്ന് ഇന്ന് സഭയിൽ പറഞ്ഞല്ലോ. അത് കൊടുക്കും; ബുദ്ധിമുട്ടാണെങ്കിലും കോഴിക്കോട് എയർപോർട്ട് വികസിപ്പിക്കുകയെന്നത് നമ്മുടെ ആവശ്യമാണ്. ഓരോ

മേഖലയിലും അതുപോലെതന്നെയാണ്. ഇൻഫ്രാസ്ട്രക്ചറിന്റെ കാര്യത്തിൽ, നാഷണൽ ഹൈവേ, ഹിൽ ഹൈവേ, തീരദേശ റോഡുകൾ അടക്കമുള്ള മറ്റു മേഖലകളുടെ വികസനം എല്ലാം നല്ലതുപോലെ നടക്കുകയല്ലേ. പുതിയ വ്യവസായ സ്ഥാപനങ്ങൾ കൊണ്ടുവരുന്നതുൾപ്പെടെ എല്ലാ വകുപ്പുകളിലും വലിയ മാറ്റങ്ങൾ വരുത്തുന്നതിന് നമ്മൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം ഒന്ന് സ്ട്രീംലൈൻ ചെയ്യേണ്ടതുണ്ട്. ഇതിൽ കേന്ദ്രം തരാനുള്ളതിനുവേണ്ടി നമ്മൾ ഒരുമിച്ച് ഒരു വികാരം കാണിക്കുന്നില്ലെങ്കിൽ അത് ശരിയല്ല. എം.എൽ.എ. ഫണ്ടിൽനിന്ന് കഴിഞ്ഞവർഷം 4 കോടി രൂപ പിടിച്ചു, (കോവിഡ് സമയത്ത് പിടിച്ചതാണ്) ഇത്ര തരാം എന്നതൊരു വാഗ്ദാനമൊന്നുമല്ല; പ്രിവിലേജ് പ്രശ്നമുണ്ടെങ്കിൽ നിങ്ങൾ ഉന്നയിച്ചോളൂ. കോവിഡ് രൂക്ഷമായ സമയത്ത് നമ്മൾ ഒരു കോടിരൂപ നൽകിയിട്ട് ബാക്കി 4 കോടി രൂപ ഈ വർഷം ആ ഫണ്ടിൽനിന്നും കുറച്ചിട്ടാണ് ബാക്കി കാര്യങ്ങൾ ചെയ്യാൻ ശ്രമിച്ചത്. കോവിഡുമായി ബന്ധപ്പെട്ട് എത്രയോ രൂപ നമ്മൾ ചെലവാക്കി. ഇതിലെല്ലാം നിരാശ പടർത്തുന്ന തരത്തിലല്ല നമ്മൾ ഇവിടെ സംസാരിക്കേണ്ടത്. സംസ്ഥാനത്തിന് അർഹമായ തുക

ചോദിച്ചുവാങ്ങാൻ കേരളത്തിലെ ആളുകൾ ഒരുമിച്ച് നിൽക്കുമെന്ന ബോധം കേന്ദ്ര ഗവൺമെന്റിനുണ്ടാകണം. ഇന്നലെ പറഞ്ഞകാര്യമൊക്കെ അവിടെ നിൽക്കട്ടെ. ലോക്സഭ കഴിഞ്ഞില്ലല്ലോ, ഇനിയുമുണ്ടല്ലോ. ലീഗിന്റെ എം.പി.-മാർക്ക് ഇതിൽ ഇടപെടാമായിരുന്നു. പക്ഷെ, നിങ്ങൾ ഇടപെടില്ല. രാവിലെ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ പ്രസംഗവേളയിൽ ഒന്ന് വഴങ്ങാൻ പറഞ്ഞു. ഒരു മന്ത്രിയെ സംബന്ധിച്ചും അദ്ദേഹത്തിന്റെ വകുപ്പിനെ സംബന്ധിച്ചും വാക്കൗട്ട് പ്രസംഗത്തിനിടയിൽ പ്രതിപക്ഷനേതാവ് തെറ്റായൊരു കാര്യം ഇവിടെ പറഞ്ഞു. അത് തെറ്റായ കാര്യമാണെന്ന് ചൂണ്ടിക്കാട്ടി ബന്ധപ്പെട്ട വകുപ്പുമന്ത്രിക്ക് ഒരു വിശദീകരണം നൽകണ്ടേ? ബഹുമാനപ്പെട്ട മന്ത്രി എഴുന്നേറ്റുനിന്നു. അപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ 'ഇരിക്കെടോ' എന്ന വാക്കൊന്നും സാധാരണ പാർലമെന്ററി ഭാഷയല്ല. ....(ബഹളം).... നിങ്ങൾ വെർബാറ്റിം പ്രൊസീഡിംഗ്സ് എടുത്ത് നോക്കിക്കോളൂ. പുതുപ്പള്ളിയിലെ ഇലക്ഷൻ എത്രത്തോളം നിങ്ങൾക്ക് അഹന്തയുണ്ടാക്കുന്നുവെന്ന് ആളുകൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഇത്രത്തോളം അഹന്തയൊന്നും നല്ലതല്ല. ഒരു

മന്ത്രി അവരുടെ വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെയോ ഉദ്യോഗസ്ഥയെയോ കുറിച്ച് പറഞ്ഞു, അതൊരു ആൾമാറാട്ട കേസാണെന്നും കുറേ വർഷങ്ങളായി അങ്ങനെ നടക്കുന്നുവെന്നും ബഹുമാനപ്പെട്ട മന്ത്രി പറയുമ്പോൾ അക്കാര്യം ഈ സഭയിൽ പറയുന്നതിന് എന്താണ് പ്രശ്നം? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വാക്കൗട്ട് പ്രസംഗം നടത്തിയശേഷം സംസാരിക്കാനായി ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് എഴുന്നേറ്റു. സാധാരണഗതിയിൽ വാക്കൗട്ട് നടത്തുന്നവർ സഭയിൽനിന്നും പുറത്തുപോവുകയാണ് പതിവ്. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ദീർഘകാലമായി ഈ സഭയിലെ എം.എൽ.എ.-യും മന്ത്രിയുമൊക്കെ ആയിരുന്ന ആളാണ്. ഇതൊന്നും കേട്ടാൽ അപകടം വരില്ലെന്ന് അദ്ദേഹത്തിന് മനസ്സിലായി. ഉടനെ പോയവരെല്ലാം തിരിച്ചുവന്നു. ആദ്യമായിട്ടായിരിക്കും ഈ ഹൗസിനകത്ത് അങ്ങനെയൊരു കാര്യം കാണുന്നത്. ....(ബഹളം)... ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് എണീറ്റപ്പോൾ പുറത്തേയ്ക്കുപോയ ആളുകളെല്ലാം ഇവിടെ വന്ന് ബഹളമുണ്ടാക്കുകയാണ് ചെയ്തത്. (ബഹളം)...

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> പ്ലീസ്......... ശ്രീ. പി. കെ. ബഷീർ, ഇരിക്കൂ..... ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കട്ടെ.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ:</u> സർ, ഒറ്റക്കാര്യം മാത്രമേ പറയുന്നുള്ളൂ. ഞാൻ ലീഗിന്റെ നേതാവിനെ ബഹുമാനിച്ച് പ്രോത്സാഹിപ്പിച്ചാണ് സംസാരിച്ചത്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെക്കുറിച്ച് ഞാൻ നല്ലത് പറഞ്ഞപ്പോൾ നിങ്ങളെന്തിനാണ് ഇങ്ങനെ ദേഷ്യപ്പെടുന്നത്. ...... (ബഹളം)....... ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെക്കുറിച്ച് ഞാൻ നല്ലകാര്യമാണ് പറഞ്ഞത്. ഏതായാലും അക്കാര്യം രാവിലെ കഴിഞ്ഞു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> പ്ലീസ്..... ഇരിക്കൂ. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സംസാരിക്കുകയാണ്. മറ്റ് അംഗങ്ങളെല്ലാം സീറ്റിലിരിക്കണം. അങ്ങേയ്ക്ക് സംസാരിക്കാൻ എത്ര സമയംകൂടി ആവശ്യമുണ്ട്?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ:</u> സർ, ഞാൻ പറഞ്ഞ് അവസാനിപ്പിക്കുകയാണ്. ഞാൻ പറഞ്ഞത് വളരെ ഗൗരവമുള്ള കാര്യമാണ്, നമ്മൾ പരമാവധി അധ്വാനിച്ച് വരുമാനം വർദ്ധിപ്പിച്ചാലും ആ വർദ്ധനയ്ക്കനുസരിച്ച് കേന്ദ്രത്തിൽനിന്നുള്ള വിഹിതം

വെട്ടിക്കുറച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് പരാതികൾ പറഞ്ഞ് നമുക്ക് കാര്യങ്ങൾ അവസാനിപ്പിക്കാൻ സാധിക്കില്ല. കിട്ടാനുള്ളത് പിടിച്ചുവാങ്ങാനായി നമുക്കെല്ലാവർക്കും ഒരുമിച്ച് മുമ്പോട്ടുപോകാം. വരും ദിവസങ്ങളിലും ലോക്സഭാ സമ്മേളനമുണ്ടല്ലോ, ലീഗിന്റെ എം.പി.-മാർക്ക് മാത്രമായി ഒപ്പിടാൻ കഴിയുമെന്ന് തോന്നുന്നില്ല. എന്നിരുന്നാലും ഇത് കേരളത്തിനുവേണ്ടി ചെയ്യുന്ന സൗമനസ്യമല്ലേ. 18, 19, 20 തീയതികളിലൊക്കെ അവിടെ സമ്മേളനമുണ്ടല്ലോ. അതുകൊണ്ട് കേരളത്തിന്റെ പ്രശ്നം വളരെ ഗൗരവമുള്ളൊരു വിഷയമായിതന്നെ അവിടെ ഉന്നയിക്കണം. എല്ലാ കാര്യങ്ങളും നല്ലതുപോലെ ചെയ്തുകൊണ്ടിരുന്നത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണെന്ന് പറഞ്ഞു. നിങ്ങൾ പ്രായം കുറച്ചു, അല്ലെങ്കിൽ പ്രായം കൂട്ടി, നിങ്ങൾ പെൻഷൻ കൂട്ടി, എന്നാൽ നിങ്ങൾ പെൻഷൻ കൊടുത്തില്ല, 18 മാസക്കാലം ക്ഷേമപെൻഷനുകൾ കുടിശ്ശികയാക്കി. പെൻഷൻ കൊടുക്കാതെ തുക കൂട്ടി എന്നുപറഞ്ഞതുകൊണ്ട് എന്താണ് കാര്യം? ഇതൊക്കെ അസംബ്ലി രേഖയിലില്ലേ, ഞങ്ങൾ ചെയ്യുന്നത് അങ്ങനെയല്ല, ഇവിടെ കാര്യങ്ങൾ നന്നായി ചെയ്യാനാണ്

ഞങ്ങൾ ശ്രമിക്കുന്നത്. യു.ഡി.എഫ്. ഭരണകാലത്ത് സാമൂഹ്യക്ഷേമപെൻഷനുകൾ 18 മാസക്കാലം കൊടുത്തിരുന്നില്ല. ഇതുപോലെ മറ്റ് പല കാര്യങ്ങളും കൊടുക്കാതെ മാറ്റിവച്ചിരുന്നു. കെ.എസ്.ആർ.ടി.സി.-ക്കാർ പെൻഷൻ കിട്ടാതെ ആത്മഹത്യ ചെയ്ത സംഭവമുണ്ടായിരുന്ന ഒരു കാലത്തുനിന്നും വ്യത്യസ്തമായി കാര്യങ്ങൾ ചെയ്യാൻ ഈ സർക്കാർ ശ്രമിക്കുകയാണ്. അതുകൊണ്ട് സംസ്ഥാനത്തിന് ന്യായമായി കിട്ടേണ്ട വിഹിതത്തിന്റെ പകുതിയെങ്കിലും കിട്ടുമെങ്കിൽ വളരെ ആഡംബരത്തോടെ നമുക്ക് കാര്യങ്ങളെല്ലാം കൊണ്ടുപോകാൻ സാധിക്കുമെന്ന് നൂറ് ശതമാനം ഉറപ്പാണ്. അതിനായി ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവർക്കും ഒരുമിച്ച് നിൽക്കണം. ബില്ലിനെ സംബന്ധിച്ച് ചർച്ചയിൽ ഉന്നയിച്ച പ്രധാനപ്പെട്ട ചില സാങ്കേതിക കാര്യങ്ങളിൽ ചിലതിൽ കഴമ്പുണ്ട്, അവയിൽ ഭേദഗതികളുമുണ്ട്. ബഹുമാനപ്പെട്ട ചെയർ ബിൽ പരിഗണിക്കുന്ന വേളയിൽ നമുക്ക് അവ അംഗീകരിക്കാം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. എം. വിൻസെന്റ്, അങ്ങയുടെ 1 (എ) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 1 (എ) ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വാഴൂർ സോമൻ, അങ്ങയുടെ 2 (ബി) ഭേദഗതി ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. വാഴൂർ സോമൻ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. വാഴൂർ സോമൻ അവതരിപ്പിച്ച 2 (ബി) ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>വകുപ്പുതിരിച്ചുള്ള പരിഗണന</u>

<u>രണ്ടാം വകുപ്പ്</u>

<u>Dr. N. Jayaraj</u>: Sir, I move the following amendments.

133. In Clause 2(1) (a), after the words "for the words" the words " and symbol" shall be inserted.

135. In Clause 2(1) (a), after the symbol and words ", the words" the words "and symbols" shall be inserted.

146. In Clause 2(2) after the figures and symbol "62," the words, figure and symbols, "in sub-section (2)," shall be inserted.

147. In Clause 2(2)(a) the words, figure and symbols "in sub-section (2)," shall be deleted.

156. In Clause 2(1)(b) after the word "proviso" the words, figures and symbols, "to sub-section (2)" shall be inserted.

172. In the proviso proposed to be inserted to section 62(2) in the Kerala State Goods and Services Tax Act, 2017 by Clause 2(2) (b), for the word "paymet" the word "payment" shall be substituted.

Shri T. P. Ramakrishnan: Sir, I move the following amendment

158. In the proviso proposed to be inserted to section 62(2) in the Kerala State Goods and Services Tax Act, 2017 by Clause 2(2)(b), for the words "sixty" the words "forty five" shall be substituted wherever it occurs.

Shri A. K. M. Ashraf: Sir, I move the following amendment

180. In the proviso proposed to be inserted to section 62(2) in the Kerala State Goods and Services Tax Act, 2017 by Clause 2(2)(b), for the word "each" the word "every" shall be substituted.

Shri K. Babu (Thripoonithura): Sir, I move the following amendment

185. In the proviso proposed to be inserted to section 62 (2) in the Kerala State Goods and Services Tax Act, 2017 by Clause 2 (2)(b), for the words "he furnishes" the words and symbol "he/she furnishes" shall be substituted.

മി. ഡെപ്യൂട്ടി സ്പീക്കർ: 159-ാം നമ്പർ ഭേദഗതി 158-ാം നമ്പർ ഭേദഗതിക്കും 169, 170, 171 എന്നീ നമ്പർ ഭേദഗതികൾ 172-ാം നമ്പർ ഭേദഗതിക്കും 181, 182, 183 എന്നീ നമ്പർ ഭേദഗതികൾ 180-ാം നമ്പർ ഭേദഗതിക്കും 186, 187 എന്നീ നമ്പർ ഭേദഗതികൾ 185-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ:</u> സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 133, 135, 146, 147, 172 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 158-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 185-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

മി. ഡെപ്യൂട്ടി സ്പീക്കർ: ഇനി പറയുന്ന കാരണങ്ങളാൽ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

194 മുതൽ 291 വരെ ഭേദഗതികൾ വകുപ്പ് നീക്കം ചെയ്യണമെന്നുള്ളതായതിനാൽ ക്രമപ്രകാരമല്ല.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

Shri A. K. M. Ashraf: Sir, I move the following amendment

125. In the Preamble for the words "purposes hereinafter appearing" the words "following purposes" shall be substituted.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ.കെ.എം. അഷ്റഫ് അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ....... ഓർഡർ....... സഭ ഇപ്പോൾ പിരിയുന്നതും 2023 സെപ്റ്റംബർ മാസം 13-ാം തീയതി ബുധനാഴ്ച രാവിലെ 09.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2023 സെപ്റ്റംബർ മാസം 13-ാം തീയതി ബുധനാഴ്ച രാവിലെ 09.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 05.41-ന് പിരിഞ്ഞു).

* * *

**അനുബന്ധം 1**

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

**(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

**ഹോർട്ടികോർപ്പ് മുഖേനയുള്ള പച്ചക്കറി സംഭരണം**

5 (*125) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) കർഷകരിൽനിന്നും കർഷക സംഘങ്ങളിൽനിന്നും പച്ചക്കറി ശേഖരിച്ചശേഷം സംഭരിച്ച പച്ചക്കറിയുടെ വില അവർക്ക് നൽകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

2023 ജൂലൈ 31 വരെയുള്ള കുടിശ്ശികകൾ ഹോർട്ടികോർപ്പ് കർഷകർക്ക് നൽകിക്കഴിഞ്ഞു. 2023 ആഗസ്റ്റ് മാസത്തെ തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഹോർട്ടികോർപ്പ് മുഖേന വിളകൾ സംഭരിക്കുമ്പോൾ കർഷകർക്ക് നേരിട്ട് വില നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഹോർട്ടികോർപ്പ് കർഷകരിൽനിന്നും സംഭരിക്കുന്ന പച്ചക്കറികളുടെ വില സമയബന്ധിതമായി നൽകുന്നതിനുള്ള ഒരു പദ്ധതി ബാങ്കുകളുടെ കൺസോർഷ്യവുമായും ഹോർട്ടികോർപ്പുമായും ചേർന്ന് നടപ്പാക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

(സി) കർഷകർക്ക് നടീൽവസ്തുക്കളും വളവും നൽകി അവരിൽനിന്നും സംഭരിക്കുന്ന വിളകളുടെ തൂക്കം നോക്കി സബ്സിഡി നൽകുകയും അതോടൊപ്പം ബോണസ്സ് നൽകുകയും ചെയ്യുന്ന സമഗ്ര പച്ചക്കറി നയം ആവിഷ്കരിക്കുമോ; വിശദമാക്കാമോ?

ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഡി) പഴം, പച്ചക്കറി എന്നിവയിലെ വിഷാംശം പരിശോധിക്കുന്നതിനുള്ള ലാബുകൾ പ്രധാന ചെക്ക്പോസ്റ്റുകളിലും മറ്റ്

ജില്ലാ ആസ്ഥാനങ്ങളിലും സ്ഥാപിക്കുന്നതിന് കൃഷി വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

നിലവിൽ പഴം, പച്ചക്കറി എന്നിവയിലെ വിഷാംശം പരിശോധിക്കുന്നതിനുള്ള ലാബുകൾ പ്രധാന ചെക്ക്പോസ്റ്റുകളിലും മറ്റ് ജില്ലാ ആസ്ഥാനങ്ങളിലും സ്ഥാപിക്കുന്നത് സാങ്കേതികമായി പ്രായോഗികമല്ല. എന്നാൽ ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പച്ചക്കറികളിലെയും സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികളിലെയും അവശിഷ്ട കീടനാശിനികളുടെ അളവ് പരിശോധിക്കുന്നതിനായി "സേഫ് ടു ഈറ്റ്" എന്ന പദ്ധതി ഘടകം നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതി ഘടകത്തിലൂടെ കേരളത്തിലെ പൊതുവിപണികൾ, കൃഷിയിടങ്ങൾ, ഇക്കോഷോപ്പ്, ജൈവ വിപണി എന്നിവിടങ്ങളിലെ പച്ചക്കറി/പഴവർഗ്ഗങ്ങളിലെ സാമ്പിളുകൾ ശേഖരിച്ച് അവയിൽ അടങ്ങിയിരിക്കുന്ന കീടനാശിനി അവശിഷ്ട പരിശോധന നടത്തുന്നു. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ ഇക്കാര്യത്തിനായി 4 ലബോറട്ടറികൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിൽ അന്താരാഷ്ട്ര അംഗീകാരം

ലഭിച്ച വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബിൽനിന്നും ലഭ്യമാകുന്ന പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലായ www.kerala.gov.in-ലും കേരള കാർഷിക സർവകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റിലും മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. മാരകമായ കീടനാശിനികളുടെ അമിതമായ ഉപയോഗവും അവയുണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളെയും സംബന്ധിച്ച് പൊതുജനങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിനും കീടനാശിനി ഉപയോഗം കുറയ്ക്കുന്നതിന് കർഷകരെ പ്രേരിപ്പിക്കുന്നതിനും സുരക്ഷിത പച്ചക്കറികളുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഒരു പരിധി വരെ ഇത് സഹായകരമാകുന്നു.

**കേരള അഗ്രോ ബിസിനസ് കമ്പനി രൂപീകരണം**

6(*126) <u>ശ്രീ. എച്ച്. സലാം:</u>
<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:</u>
<u>ശ്രീ. എം. രാജഗോപാലൻ:</u>

<u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജിതമായ കാർഷിക വിപണന സംവിധാനം ഒരുക്കുന്നതിനായി കേരള അഗ്രോ ബിസിനസ് കമ്പനി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. 07-08-2023-ലെ സ.ഉ. (കൈ) നം. 71/2023/അഗ്രി ഉത്തരവുപ്രകാരം കേരള അഗ്രോ ബിസിനസ് കമ്പനി രൂപീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കമ്പനിയുടെ രൂപീകരണത്തിലൂടെ കാർഷിക വിപണന രംഗത്ത് എന്തെല്ലാം നേട്ടങ്ങൾ ഉണ്ടാകുമെന്നാണ് പ്രാഥമികമായി വിലയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

1. കേരളത്തിൽ കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കും സംസ്കരണത്തിനും ഊന്നൽ നൽകുന്നതിനായി അഗ്രി പാർക്കുകൾ, ഫ്രൂട്ട് പാർക്കുകൾ എന്നിവ സ്ഥാപിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഒരു അപെക്സ് ബോഡിയായി പ്രവർത്തിക്കും.

2. കാർഷിക ഉൽപ്പന്നങ്ങളുടെ വിപണി അടിസ്ഥാനമാക്കിയ സംവിധാനത്തിന്റെ അഭാവം നികത്തുന്നതിനും കൂടാതെ; ഉൽപ്പാദനത്തിന്റെ കാലിക വിശകലനത്തിനുള്ള ഒരു ഏജൻസിയായും പ്രവർത്തിക്കും.

3. കാർഷിക ഉൽപ്പന്നങ്ങൾക്കായി പൊതുബ്രാൻഡിംഗ് നടപ്പാക്കും.

4. മൂല്യവർദ്ധനയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ഒരു ഏജൻസിയായി പ്രവർത്തിക്കും.

5. കേരള സർക്കാർ നടപ്പാക്കുന്ന മൂല്യവർദ്ധിത കാർഷിക മിഷന്റെ (VAAM) പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ദേശീയ-അന്തർദേശീയ വിപണി കണ്ടെത്തുന്നതിനുള്ള ഏജൻസിയായും പ്രവർത്തിക്കും. ഇതുവഴി ദേശീയ-അന്തർദേശീയ കയറ്റുമതി/വിപണന പ്രവർത്തനങ്ങളിൽ കേരളത്തിലെ കർഷകരെ പ്രാപ്തരാക്കും.

6. കാർഷിക സംസ്കരണത്തിനുതകുന്ന യന്ത്രസാമഗ്രികളുടെ സംഭരണത്തിനും സ്ഥാപനത്തിനുമായി ബന്ധപ്പെട്ട എസ്.പി.വി.-കളുമായി മധ്യസ്ഥത വഹിക്കും.

7. മാർക്കറ്റ് റിസർച്ച് അടിസ്ഥാനമാക്കി മത്സരാധിഷ്ഠിത വിലനിർണ്ണയ തന്ത്രം നടപ്പാക്കുന്നതിനും; കൂടാതെ വിവിധ മാർക്കറ്റിംഗ് പ്ലാറ്റ്ഫോമുകൾ, ഡിജിറ്റൽ മീഡിയ, സോഷ്യൽ മീഡിയ എന്നിവയിലൂടെയും മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ പ്രീ-ലോഞ്ച് ചെയ്യും.

8. മൂല്യവർദ്ധന മേഖല, സംഭരണ മേഖല, ശീതീകരണ മേഖല തുടങ്ങിയവയിൽ മുതൽ മുടക്കി അടിസ്ഥാനസൗകര്യം ഒരുക്കി സംരംഭകരായി എത്തുന്ന കാർഷിക മേഖലയിലെ സംരംഭകരെ പ്രോത്സാഹിപ്പിക്കും.

(സി) കമ്പനി രൂപീകരണത്തിലൂടെ സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങൾ ദേശീയതലത്തിൽ പ്രചാരത്തിലാകുന്ന തരത്തിൽ പൊതുബ്രാൻഡിംഗ് നടത്തുന്നതിന് ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കർഷകർ/കർഷക ഗ്രൂപ്പുകൾ/കൃഷിക്കൂട്ടങ്ങൾ/FPO-കൾ ഉൽപ്പാദിപ്പിക്കുന്ന വിവിധ കാർഷികോൽപ്പന്നങ്ങളുടെ വിപണനം ഊർജ്ജിതമാക്കി കർഷകരുടെ വരുമാന വർദ്ധന ലക്ഷ്യമിട്ട് വിവിധ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി 'Keralagro' എന്ന ഏകീകൃത ബ്രാൻഡിൽ 205 കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഓൺലൈൻ മാർഗ്ഗങ്ങളിലൂടെ നിലവിൽ ലഭ്യമാണ്. കൂടുതൽ കാർഷിക ഉൽപ്പന്നങ്ങൾ ഈ ബ്രാൻഡിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**വയോജന പരിപാലനത്തിനുള്ള ദേശീയ അംഗീകാരം**

7(*127) ശ്രീമതി യു. പ്രതിഭ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റുകളെക്കുറിച്ചുള്ള റിസർവ് ബാങ്ക് റിപ്പോർട്ടിൽ വയോജന പരിപാലനത്തിൽ സംസ്ഥാനത്തെ പ്രശംസിച്ചുകൊണ്ട്

പ്രത്യേക പരാമർശം നടത്തിയിട്ടുണ്ടോ; വയോജനങ്ങൾക്ക് ക്ഷേമപെൻഷൻ നൽകുന്ന സംസ്ഥാന മാതൃകയെ റിസർവ് ബാങ്ക് റിപ്പോർട്ടിൽ പ്രശംസിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. Reserve Bank of India 2023-ൽ പ്രസിദ്ധീകരിച്ച 'State Finance: A Study of Budgets of 2022-23' എന്ന റിപ്പോർട്ടുപ്രകാരം കേരളത്തിലെ വയോജനങ്ങളിൽ 49.84 ലക്ഷം പേർക്ക് (76.13% പേർക്ക്) ഏതെങ്കിലും ഒരു പെൻഷൻ ലഭിച്ചുവരുന്നതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. കേരളത്തിലെ വയോജനങ്ങളുടെ എണ്ണം 65.46 ലക്ഷം ആണെന്നും ഇവരിൽ 29.34 ലക്ഷം പേർക്ക് ഇന്ദിരാഗാന്ധി ദേശീയ വയോജന പെൻഷനും 3.88 ലക്ഷം പേർക്ക് കർഷക തൊഴിലാളി പെൻഷനും 12.08 ലക്ഷം പേർക്ക് ക്ഷേമനിധി ബോർഡ് പെൻഷനും 4.45 ലക്ഷം പേർക്ക് സർവീസ് പെൻഷനും ലഭിച്ചുവരുന്നതായാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ബി) 2022-23-ലെ പ്രസ്തുത റിസർവ് ബാങ്ക് റിപ്പോർട്ടിൽ സംസ്ഥാനത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ച് എന്തൊക്കെ

കാര്യങ്ങളാണ് സൂചിപ്പിച്ചിട്ടുള്ളത്; സംസ്ഥാനത്ത് വിതരണം ചെയ്യുന്ന വയോജന പെൻഷന്റെ വിശദാംശം വ്യക്തമാക്കാമോ?

Reserve Bank of India 2023-ൽ പ്രസിദ്ധീകരിച്ച 'State Finance: A Study of Budgets of 2022-23' എന്ന റിപ്പോർട്ട് ഇപ്രകാരമാണ്: 2011-ലെ സെൻസസ് പ്രകാരം കേരളത്തിലെ വയോജനങ്ങളുടെ എണ്ണം 65.46 ലക്ഷം ആണ്. ഇവരിൽ 29.34 ലക്ഷം പേർക്ക് ഇന്ദിരാഗാന്ധി ദേശീയ വയോജന പെൻഷനും 3.88 ലക്ഷം പേർക്ക് കർഷക തൊഴിലാളി പെൻഷനും 12.08 ലക്ഷം പേർക്ക് ക്ഷേമനിധി ബോർഡ് പെൻഷനും 4.45 ലക്ഷം പേർക്ക് സർവീസ് പെൻഷനും ലഭിച്ചുവരുന്നു. സംസ്ഥാനത്ത് ആകെ 49.84 ലക്ഷം പേർക്ക് (76.13% പേർക്ക്) മേൽപ്പറഞ്ഞതുപ്രകാരം ഏതെങ്കിലും ഒരു പെൻഷൻ ലഭിച്ചുവരുന്നതായാണ് പ്രസ്തുത റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളത്.

സേവന പെൻഷൻ പോർട്ടലിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം സംസ്ഥാനത്ത് നിലവിൽ നൽകിവരുന്ന ഇന്ദിരാഗാന്ധി വയോജന പെൻഷൻ തുക പ്രതിമാസം 1600/- രൂപയാണ്. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതിയിലെ 29,71,263 ഗുണഭോക്താക്കളിൽ 80

വയസ്സിന് താഴെയുള്ള 3,62,145 ഗുണഭോക്താക്കൾക്ക് 1400/- രൂപ സംസ്ഥാന വിഹിതമായും 200/- രൂപ കേന്ദ്ര വിഹിതമായും നൽകുന്നു. 80 വയസ്സും അതിന് മുകളിലുമുള്ള 87,013 വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താക്കൾക്ക് 1100/- രൂപ സംസ്ഥാന വിഹിതമായും 500/- രൂപ കേന്ദ്ര വിഹിതമായും നൽകുന്നു. 2023 ഏപ്രിൽ മാസത്തെ കണക്കുപ്രകാരം 28,53,930 വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താക്കൾക്ക് 426,33,15,800/- രൂപ അനുവദിച്ചിട്ടുമുണ്ട്.

(സി) മുൻസർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും വയോജന പരിപാലനത്തിന് സംസ്ഥാനത്തിന് ദേശീയ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്; വിശദാംശം ലഭ്യമാക്കാമോ?

വയോജന ക്ഷേമ രംഗത്ത് സംസ്ഥാന സർക്കാർ നടപ്പാക്കിയ 'വയോമിത്രം' പദ്ധതി ഉൾപ്പെടെയുള്ള വിവിധങ്ങളായ പദ്ധതികളുടെ മികവ് പരിഗണിച്ച് കേന്ദ്ര സർക്കാരിന്റെ "വയോശ്രേഷ്ഠ സമ്മാൻ" പുരസ്കാരം 2017,

2021 എന്നീ വർഷങ്ങളിൽ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്. വയോസേവന മേഖലയിലെ സംസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് പുറമെ വയോജനങ്ങൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ പരിശോധിച്ച് ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാന വയോജന നയം-2013 പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് ഒരു വയോജന കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി കരട് ബിൽ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. വയോജനങ്ങളുടെ ക്ഷേമം മുൻനിർത്തി സമഗ്രമായ ഒരു വയോജന സർവെ നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കിവരുന്ന വയോമിത്രം പദ്ധതി നിലവിലുള്ള 91 നഗരസഭ പ്രദേശങ്ങൾക്കുപുറമെ ബ്ലോക്ക് പഞ്ചായത്തുകളിൽക്കൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. നിലവിൽ 4 ബ്ലോക്ക് പഞ്ചായത്തുകളിൽ പദ്ധതി നടപ്പാക്കിവരുന്നു. 2022-23 സാമ്പത്തിക വർഷം മുതൽ വയോമിത്രം പദ്ധതിയിലൂടെ വാതിൽപ്പടി

സേവനം എന്ന പദ്ധതി മുഖേന ഡോക്ടർമാർ ഉൾപ്പെടെയുള്ള ടീം കിടപ്പ് രോഗികൾ, ഭിന്നശേഷിക്കാരായിട്ടുള്ള മുതിർന്ന പൗരന്മാർ എന്നിവരുടെ വീടുകളിലെത്തി ചികിത്സ, മരുന്നുകൾ, പാലിയേറ്റീവ് കെയർ തുടങ്ങിയ സേവനങ്ങളും നൽകിവരുന്നു. 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഡിമെൻഷ്യ/അൽഷിമേഴ്സ് മെമ്മറി സ്ക്രീനിംഗ് ക്ലിനിക്ക് എന്ന പുതിയ പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 'ഓർമ്മത്തോണി' എന്ന പേരിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നു. പദ്ധതിയിലൂടെ വയോമിത്രം പദ്ധതി ഗുണഭോക്താക്കളായിട്ടുള്ള വയോജനങ്ങൾക്കിടയിൽനിന്നും ഡിമെൻഷ്യ/ അൽഷിമേഴ്സ് ബാധിതരെ കണ്ടെത്തി ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനും പരിചരണം നൽകുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.

സംസ്ഥാനത്ത് വയോജന ക്ഷേമം മുൻനിർത്തി സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കാബ്കോ രൂപീകരണം**

8(*128) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കാർഷിക മേഖലയ്ക്ക് പുത്തൻ ഊർജ്ജം പകരുന്നതിന് കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ) രൂപീകരിക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ?

കേരളത്തിലെ കാർഷിക മേഖലയ്ക്ക് പുത്തൻ ഊർജ്ജം പകരുന്നതിനായി 07-08-2023-ലെ സ.ഉ. (കൈ) നം. 71/2023/അഗ്രി നമ്പർ പ്രകാരം കേരള അഗ്രോ ബിസിനസ് കമ്പനി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ കാർഷികരംഗത്തെ ഏതെല്ലാം മേഖലകൾക്കാണ് കാബ്കോ മുഖേന പ്രയോജനം ലഭിക്കുന്നത്; വിശദമാക്കുമോ?

1. കേരളത്തിൽ കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കും സംസ്കരണത്തിനും ഊന്നൽ നൽകുന്നതിനായി അഗ്രിപാർക്കുകൾ, ഫ്രൂട്ട് പാർക്കുകൾ എന്നിവ സ്ഥാപിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഒരു അപെക്സ് ബോഡിയായി പ്രവർത്തിക്കുന്നതിന്.
2. കാർഷിക ഉൽപ്പന്നങ്ങളുടെ വിപണി അടിസ്ഥാനമാക്കിയ സംവിധാനത്തിന്റെ അഭാവം നികത്തുന്നതിനും കൂടാതെ ഉൽപ്പാദനത്തിന്റെ കാലിക വിശകലനത്തിനുള്ള ഒരു ഏജൻസിയായും പ്രവർത്തിക്കുന്നതിന്.
3. കാർഷിക ഉൽപ്പന്നങ്ങൾക്കായി പൊതുബ്രാൻഡിംഗ് നടപ്പാക്കുന്നതിന്.

4. മൂല്യവർദ്ധനയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ഒരു ഏജൻസിയായി പ്രവർത്തിക്കുന്നതിന്.

5. കേരള സർക്കാർ നടപ്പാക്കുന്ന മൂല്യവർദ്ധിത കാർഷിക മിഷന്റെ (VAAM) പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ദേശീയ-അന്തർദേശീയ വിപണി കണ്ടെത്തുന്നതിനുള്ള ഏജൻസിയായും പ്രവർത്തിക്കും. ഇതുവഴി ദേശീയ-അന്തർദേശീയ കയറ്റുമതി/വിപണന പ്രവർത്തനങ്ങളിൽ കേരളത്തിലെ കർഷകരെ പ്രാപ്തരാക്കും.

6. കാർഷിക സംസ്കരണത്തിനുതകുന്ന യന്ത്രസാമഗ്രികളുടെ സംഭരണത്തിനും സ്ഥാപനത്തിനുമായി ബന്ധപ്പെട്ട എസ്.പി.വി.-കളുമായി മദ്ധ്യസ്ഥത വഹിക്കുന്നതിന്.

7. മാർക്കറ്റ് റിസർച്ച് അടിസ്ഥാനമാക്കി മത്സരാധിഷ്ഠിത വിലനിർണ്ണയ തന്ത്രം നടപ്പിലാക്കുന്നതിനും; കൂടാതെ വിവിധ മാർക്കറ്റിംഗ് പ്ലാറ്റ്ഫോമുകൾ, ഡിജിറ്റൽ മീഡിയ, സോഷ്യൽ മീഡിയ

എന്നിവയിലൂടെയും മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ പ്രീ-ലോഞ്ച് ചെയ്യുന്നതിന്.

8. മൂല്യവർദ്ധന മേഖല, സംഭരണ മേഖല, ശീതീകരണ മേഖല തുടങ്ങിയവയിൽ മുതൽ മുടക്കി അടിസ്ഥാനസൗകര്യം ഒരുക്കി സംരംഭകരായി എത്തുന്ന കാർഷിക മേഖലയിലെ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്.

(സി) കമ്പനിയുടെ രൂപീകരണം സംബന്ധിച്ച രൂപരേഖ തയ്യാറാക്കുന്നതിന് നിയോഗിച്ച വിദഗ്ദ്ധ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉണ്ട്. കമ്പനിയുടെ രൂപീകരണം സംബന്ധിച്ച രൂപരേഖ തയ്യാറാക്കുന്നതിന് കൃഷി വകുപ്പ് സെക്രട്ടറി ചെയർമാനായും നിയമം, Accountancy, Agri Business എന്നിവയിൽ നിന്നുള്ള വിദഗ്ദ്ധർ അടങ്ങിയ ഒരു കമ്മിറ്റി 05-05-2022-ലെ സ.ഉ. (സാധാ) നം.383/2022/കൃഷി നമ്പർ ഉത്തരവുപ്രകാരം രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി കമ്പനിയുടെ

മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ (MoA), ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ (AoA) തയ്യാറാക്കി സമർപ്പിക്കുകയുണ്ടായി.

**കെ.എസ്.ആർ.ടി.സി.-യിലെ ശമ്പളം, പെൻഷൻ എന്നിവയുടെ വിതരണം**

9(*129) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പ്രതിമാസ ശമ്പളം ഗഡുക്കളായിട്ടാണോ നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ അതത് മാസത്തെ സാമ്പത്തിക സ്ഥിതിയനുസരിച്ചും ഗവൺമെന്റിൽനിന്നുള്ള ധനസഹായ ലഭ്യതയനുസരിച്ചും ഗഡുക്കളായും ഒറ്റ ഗഡുവായും ശമ്പളം വിതരണം ചെയ്യാറുണ്ട്. ജൂലൈ മാസത്തെ ശമ്പളം ഒറ്റ ഗഡുവായി വിതരണം ചെയ്യുകയുണ്ടായി.

(ബി) കെ.എസ്.ആർ.ടി.സി.-യിലെ ശമ്പളം, പെൻഷൻ എന്നിവയുടെ വിതരണത്തിൽ നിലവിൽ പ്രതിസന്ധി നേരിടുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കൺസോർഷ്യം/ഓവർഡ്രാഫ്റ്റ് വായ്പ തിരിച്ചടവ്, ഡീസൽ, സ്പെയർ പാർട്സ് തുടങ്ങിയ അവശ്യ ചെലവുകൾ കഴിഞ്ഞ് പ്രതിമാസം ശരാശരി 20 മുതൽ 30 കോടി രൂപ വരെ മാത്രമാണ് കോർപ്പറേഷന് സ്വന്തം നിലയിൽ കണ്ടെത്താൻ സാധിക്കുന്നത്. ശമ്പള വിതരണത്തിനായി കുറവ് വരുന്ന തുക സർക്കാർ സഹായം നൽകുന്നതനുസരിച്ച് ശമ്പളം വിതരണം ചെയ്യുന്നുണ്ട്. സഹകരണ സംഘങ്ങളുടെ കൺസോർഷ്യം (PACS) മുഖാന്തരമാണ് 2018 മുതൽ പെൻഷൻ വിതരണം ചെയ്തുവന്നിരുന്നത്. പലിശ നിരക്ക് വർദ്ധിപ്പിക്കണമെന്ന സഹകരണ സംഘങ്ങളുടെ കൺസോർഷ്യത്തിന്റെ (PACS) ആവശ്യം സർക്കാർ നിരസിച്ചതിനെത്തുടർന്ന് പെൻഷൻ വിതരണം തടസ്സപ്പെടുകയുണ്ടായി. തുടർന്ന് കാലതാമസം നേരിട്ടെങ്കിലും സർക്കാർ ലഭ്യമാക്കിയ ധനസഹായവും കോർപ്പറേഷന്റെ തനതുഫണ്ടിൽനിന്നുള്ള തുകയും ഉപയോഗിച്ച് 2023 ജൂലൈ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്.

(സി) ശമ്പളം നൽകുന്നതിനായി പണം അനുവദിക്കുന്നതിൽ ധനകാര്യ വകുപ്പിന് വീഴ്ച ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-ക്ക് 2023-24 സാമ്പത്തികവർഷം 7055-00-190-99-PV ശീർഷകത്തിൽ വകയിരുത്തിയ 900 കോടി രൂപയിൽനിന്നും ടി കോർപ്പറേഷൻ ആവശ്യപ്പെടുന്ന ക്രമത്തിൽ സർക്കാരിന്റെ ധനസ്ഥിതികൂടി മുൻനിർത്തി സാമ്പത്തിക സഹായം അനുവദിക്കാറുണ്ട്.

(ഡി) ശമ്പളവും പെൻഷനും കൃത്യമായി വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ടിക്കറ്റ്/ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികൾ കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടെങ്കിലും കൺസോർഷ്യം/ഓവർഡ്രാഫ്റ്റ് വായ്പ തിരിച്ചടവുകൾ, ഡീസൽ, സ്പെയർ പാർട്സ് എന്നിവയുടെ അനിയന്ത്രിത വിലക്കയറ്റം കാരണവും കേന്ദ്ര സർക്കാർ ബൾക്ക് പർച്ചേസ് ആനുകൂല്യം എടുത്തുകളഞ്ഞതുമൂലവും ലഭ്യമാകുന്ന വരുമാന വർദ്ധനയുടെ ഗുണഫലം ഇല്ലാതാകുന്ന അവസ്ഥയാണ്

നിലവിലുള്ളത്. എന്നിരുന്നാലും ഡോക്കിലുള്ള പരമാവധി ബസുകൾകൂടി നിരത്തിലിറക്കിയും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നൂതനപദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയും വരുമാനം ഉയർത്തുന്നതിനോടൊപ്പം ഡീസൽ ചെലവ്, സ്പെയർ പാർട്സ് ഉപഭോഗം എന്നിവ നിയന്ത്രിച്ച് ചെലവ് ചുരുക്കി ലാഭനഷ്ടമില്ലാത്ത സന്തുലിതാവസ്ഥയിലേയ്ക്ക് സ്ഥാപനത്തെ എത്തിക്കുന്നതിനായി പരമാവധി ശ്രമിക്കുന്നുണ്ട്.

**പരാതി പരിഹാര സെല്ലിന്റെ പ്രവർത്തനം**

10(*130) ശ്രീ. ആന്റണി ജോൺ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. എം. വിജിൻ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിലും സർവകലാശാലകളിലും ഇന്റേണൽ മാർക്കിന് മാനദണ്ഡങ്ങൾ ഉറപ്പുവരുത്തുന്നതിനും അതിന്റെ

പേരിൽ കുട്ടികളെ ഭീഷണിപ്പെടുത്തുന്ന സാഹചര്യം ഒഴിവാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

കോളേജുകളിൽ ഇന്റേണൽ അസസ്സ്മെന്റ് സംബന്ധിച്ച് യു.ജി.സി.-യും ഇന്റേണൽ മാർക്കിന്റെ മാനദണ്ഡങ്ങൾ സംബന്ധിച്ച് അതത് യൂണിവേഴ്സിറ്റികളും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ പരാതികൾ പരിഹരിക്കുന്നതിന് യു.ജി.സി.-യുടെ വിദ്യാർത്ഥി പരാതി പരിഹാര സംവിധാന നിയമാവലി 2019 പ്രകാരം രൂപീകൃതമായ വിദ്യാർത്ഥി പരാതി പരിഹാര സമിതികൾ സർവകലാശാലകളിൽ നിലവിലുണ്ട്. കൂടാതെ യു.ജി.സി.-യുടെ 2023-ലെ റഗുലേഷൻസ് പ്രകാരമുള്ള പരാതി പരിഹാര സമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ എല്ലാ സർവകലാശാലകളും സ്വീകരിച്ചിട്ടുണ്ട്.

കേരള സർവകലാശാലയിലെ ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ ഇന്റേണൽ മാർക്ക് നിർണ്ണയത്തിന് വ്യക്തമായ മാനദണ്ഡങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. സർവകലാശാലയിലെ

ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ നിരീക്ഷണത്തിനായി 3 ലെവൽ കമ്മിറ്റികളുണ്ട്.

- Department level Monitoring Committee
- College level Monitoring Committee
- University level Monitoring Committee

Department level Committee CA Evaluation വിലയിരുത്തുന്നു. Department level Committee-യിൽ പരിഹരിക്കപ്പെടാത്ത, മാർക്കിനെക്കുറിച്ചുള്ള വിദ്യാർത്ഥികളുടെ പരാതി College level Committee പരിഗണിക്കുന്നതാണ്. കൂടാതെ പരാതിയുണ്ടെങ്കിൽ അവ പരിശോധിക്കാനുള്ള Appellate Committee ആയി University level Committee വർത്തിക്കുന്നു. എല്ലാ കോളേജുകളിലും 2019-ലെ AICTE Redressal of Grievance പ്രകാരം Students Grievance Redressal Committee രൂപീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ഓൺലൈനായി പരാതികൾ സമർപ്പിക്കാനുള്ള ഓൺലൈൻ പോർട്ടൽ എല്ലാ സ്ഥാപനങ്ങളുടെയും വെബ്സൈറ്റിൽ നിലവിലുണ്ട്.

എ.പി.ജെ. അബ്ദുൽ കലാം ശാസ്ത്രസാങ്കേതിക സർവകലാശാല എല്ലാ അഫിലിയേറ്റഡ് കോളേജുകളിലും ഇന്റേണൽ മാർക്കിന്റെ മാനദണ്ഡങ്ങൾ പരിശോധിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനുംവേണ്ടി എല്ലാ വർഷവും അക്കാദമിക് ആഡിറ്റ് നടത്താറുണ്ട്.

കണ്ണൂർ സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലും പഠനവകുപ്പുകളിലും നടപ്പാക്കിവരുന്ന റെഗുലേഷനുകളിൽ ഇന്റേണൽ മാർക്ക് നൽകുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കിയിട്ടുണ്ട്. ഇന്റേണൽ മാർക്കിന്റെ പേരിൽ വിദ്യാർത്ഥികളെ ഭീഷണിപ്പെടുത്തുന്ന സാഹചര്യമുണ്ടായാൽ ബന്ധപ്പെട്ട വിദ്യാർത്ഥികളിൽനിന്നും ലഭിക്കുന്ന പരാതികൾ സർവകലാശാലാ തലത്തിൽ രൂപീകരിച്ച വിദ്യാർത്ഥി പരാതി പരിഹാര സമിതി (USGRC), ബോർഡ് ഫോർ അഡ്ജൂഡിക്കേഷൻ ഓഫ് സ്റ്റുഡന്റ്സ് ഗ്രീവൻസ്സ് (BASG) എന്നീ സമിതികൾ പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ വിവിധ പ്രോഗ്രാമുകളുടെ റെഗുലേഷനുകളിൽ ഇന്റേണൽ മാർക്ക് നൽകുന്നതിനുള്ള ഹാജർ, അസൈൻമെന്റ്, സെമിനാറുകൾ മുതലായ മാനദണ്ഡങ്ങളും അവയ്ക്ക്

ഓരോന്നിനും നൽകേണ്ട മാർക്കുകളും സംബന്ധിച്ച വിവരങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇങ്ങനെ നൽകുന്ന മാർക്കുകൾ സർവകലാശാല വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന് മുന്നോടിയായി അതത് കോളേജുകളുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും മാർക്കുകൾ സംബന്ധിച്ച ആക്ഷേപമുള്ള പക്ഷം കോളേജ് അധികൃതരുമായി ബന്ധപ്പെട്ട് പരിഹരിക്കുന്നതിനുള്ള സമയം അനുവദിക്കുന്നതിന് കോളേജ് തലത്തിലും സർവകലാശാല തലത്തിലും പരാതി പരിഹാര സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) വിദ്യാർത്ഥികളുടെ പരാതികൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനായി സർവകലാശാല സമിതികൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) കോളേജുകളിലും സർവകലാശാല പഠന വിഭാഗങ്ങളിലും വിദ്യാർത്ഥികൾക്കായി പരാതി പരിഹാര സെല്ലുകൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിദ്യാർത്ഥികൾക്ക് ഏതൊക്കെ

കാര്യങ്ങളുമായി ബന്ധപ്പെട്ട് പരാതികൾ സമർപ്പിക്കാമെന്നുള്ള വിശദാംശം നൽകുമോ?

(ബി&സി) വിദ്യാർത്ഥികളുടെ പരാതികൾ പരിഹിക്കുന്നതിനുള്ള 2019-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ റെഗുലേഷൻസ് പ്രകാരം, വിദ്യാർത്ഥികളുടെ പരാതികൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിനായി കോളേജ് തലത്തിൽ സ്റ്റുഡന്റ് ഗ്രിവൻസ് റിഡ്രെസൽ സെൽ (SGRC), സർവകലാശാല തലത്തിൽ യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് ഗ്രിവൻസ് റിഡ്രെസൽ സെൽ (USGRC) നിലവിലുണ്ട്. 2023-ലെ വിദ്യാർത്ഥികളുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ റെഗുലേഷൻസ് നടപ്പാക്കുന്ന വിഷയം സർവകലാശാലകളുടെ പരിഗണനയിലാണ്. 2019-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ റെഗുലേഷന്റെ 3(h)i മുതൽ 3(h)xvi വരെയുള്ള ഖണ്ഡികകളിലും 2023-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ റെഗുലേഷന്റെ 3(f)i മുതൽ 3(f)xviii വരെയുള്ള ഖണ്ഡികകളിലും വിദ്യാർത്ഥികൾക്ക് എന്തൊക്കെ കാര്യങ്ങളുമായി ബന്ധപ്പെട്ട പരാതികൾ

സമർപ്പിക്കാമെന്നുള്ളത് നിർണ്ണയിച്ചിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികളുടെ പരാതികൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനായി വിവിധ സർവകലാശാലകളിൽ രൂപീകരിച്ചിട്ടുള്ള മറ്റ് സമിതികളുടെ പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ഡി) പ്രസ്തുത പരാതി പരിഹാര സെൽ എടുക്കുന്ന തീരുമാനങ്ങളിൽ ആക്ഷേപങ്ങൾ ഉണ്ടാകുന്നപക്ഷം ആയത് സമർപ്പിക്കുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനമുണ്ടോ; വിശദമാക്കുമോ?

2019-ലെ വിദ്യാർത്ഥികളുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ റെഗുലേഷൻസ് പ്രകാരം കോളേജ് തലത്തിൽ സ്റ്റുഡന്റ്സ് ഗ്രിവൻസ് റിഡ്രെസ്സൽ സെൽ എടുക്കുന്ന തീരുമാനങ്ങളിൽ ആക്ഷേപങ്ങൾ ഉണ്ടാകുന്നപക്ഷം വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് ഗ്രിവൻസ് റിഡ്രെസ്സൽ സെല്ലിനെ (USGRC) സമീപിക്കാവുന്നതാണ്. 2023-ലെ വിദ്യാർത്ഥികളുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ റെഗുലേഷൻസ് പ്രകാരം യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് ഗ്രിവൻസ് റിഡ്രെസ്സൽ സെല്ലിന്റെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തീരുമാനത്തിൽ ആക്ഷേപമുള്ളപക്ഷം ഓംബുഡ്സ് പേഴ്സൺ മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്. യു.ജി.സി. മാർഗ്ഗനിർദ്ദേശപ്രകാരം ഓംബുഡ്സ് പേഴ്സണെ നിയമിക്കുന്നതിനുള്ള നടപടികൾ സർവകലാശാലകളിൽ ആരംഭിച്ചിട്ടുണ്ട്.

**ഭിന്നശേഷിക്കാരായ കുട്ടികളുടെ പരിപാലനം**

11(*131) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) മുഴുവൻ സമയ പരിചരണം ആവശ്യമായ ഭിന്നശേഷിക്കാരായ കുട്ടികളുടെ കുടുംബങ്ങൾക്ക് ഒരുമിച്ച് താമസിക്കാവുന്ന തരത്തിൽ പ്രത്യേക സംവിധാനം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് ഇത്തരം മാതൃകാ സ്ഥാപനങ്ങൾ ആരംഭിക്കാൻ

തീരുമാനിച്ചിട്ടുള്ളത്; എന്തൊക്കെയാണ് ഇതിലൂടെ ലക്ഷ്യംവയ്ക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസത്തിനുവേണ്ടി സംസ്ഥാനത്തിന്റെ മൂന്ന് മേഖലകളിലായി സാമൂഹ്യനീതി വകുപ്പിനുകീഴിൽ അന്താരാഷ്ട്രനിലവാരത്തിലുള്ള മൂന്ന് പുനരധിവാസ വില്ലേജുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതായി 2022-23 വർഷത്തെ നയപ്രഖ്യാപന പ്രസംഗത്തിൽ അറിയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പുനരധിവാസ ഗ്രാമങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ വകുപ്പുതലത്തിൽ ആരംഭിച്ചിട്ടുണ്ട്. പദ്ധതിക്കായി ഭൂമി വിട്ടുനൽകുന്നതിന് സന്നദ്ധത അറിയിച്ച പുനലൂർ, നിലമ്പൂർ, കാഞ്ഞിരപ്പള്ളി, കാട്ടാക്കട, കണ്ണൂർ, ഗുരുവായൂർ എന്നീ മണ്ഡലങ്ങളിലെ എം.എൽ.എ.-മാരുമായി പുനരധിവാസ ഗ്രാമങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനുള്ള പ്രാരംഭ ചർച്ചകൾ ബഹുമാനപ്പെട്ട സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടക്കുകയും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഇതിലേയ്ക്കായി ലഭ്യമാകുന്ന ഭൂമിയുടെ

വിസ്തൃതിക്ക് അനുസൃതമായി മൂന്ന് വ്യത്യസ്ത പുനരധിവാസ സംവിധാനങ്ങൾ വിഭാവനം ചെയ്യുന്നു. പദ്ധതിക്കായി ലഭ്യമാകുന്ന ഭൂമിക്കനുസൃതമായി മൂന്ന് രീതിയിലുള്ള പുനരധിവാസ ഗ്രാമങ്ങളുടെ മാതൃകകൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി 29-05-2023-ന് National Institute of Physical Medicine & Rehabilitation (NIPMR)-ൽ വച്ച് വർക്ക്ഷോപ്പ് സംഘടിപ്പിച്ചിരുന്നു. ഭൂമി കണ്ടെത്തുന്നതിന്റെ ഭാഗമായി ചുവടെ ചേർത്തിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. കൊല്ലം ജില്ലയിലെ പുനലൂർ താലൂക്കിൽ ഭിന്നശേഷിക്കാർക്കുള്ള പുനരധിവാസഗ്രാമം ആരംഭിക്കുന്നതിന് 1.62 ഏക്കർ സ്ഥലം കൈമാറി നൽകുന്നതിന് ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയത് നിലവിൽ ലാൻഡ് റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്.

2. ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള പുനരധിവാസഗ്രാമം ആരംഭിക്കുന്നതിനായി കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലം വിനിയോഗിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനായി ബഹുമാനപ്പെട്ട സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ

അദ്ധ്യക്ഷതയിൽ 10-11-2022-ന് യോഗം ചേർന്നിരുന്നു. സാമൂഹ്യനീതി വകുപ്പിന് ഭൂമി കൈമാറിക്കിട്ടുന്നതിനുള്ള സാധ്യത പരിശോധിക്കാൻ പ്രസ്തുത യോഗത്തിൽ സാമൂഹ്യനീതി ഡയറക്ടറെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി ഡയറക്ടർ ഭൂമി കൈമാറി നൽകണമെന്നഭ്യർത്ഥിച്ച് ഗ്രാമപഞ്ചായത്തിന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത 50 സെന്റ് ഭൂമി വകുപ്പിന് ലഭ്യമാകുന്ന മുറയ്ക്ക് അതിൽ ആരംഭിക്കാവുന്ന പുനരധിവാസ ഗ്രാമത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതും പുനരധിവാസ ഗ്രാമത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

3. കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ വെള്ളാവൂരിൽ ഭിന്നശേഷി പുനരധിവാസഗ്രാമം സ്ഥാപിക്കുന്നതിനായി 348 സെന്റ് ഭൂമി ലഭ്യമാണെന്ന് എം.എൽ.എ. അറിയിച്ചതിനെ തുടർന്ന് പ്രസ്തുത ഭൂമി സാമൂഹ്യനീതി വകുപ്പിന് ലഭ്യമാക്കുന്നതിനായി ജില്ലാ കളക്ടർക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് പരിശോധിച്ചുവരുന്നു.

4. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പുനരധിവാസ കേന്ദ്രം നിർമ്മാണപദ്ധതിയുടെ പ്രാരംഭ നടപടിയായി 31-05-2023-ന് സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. മാനസിക വെല്ലുവിളി നേരിടുന്നവരുടെ പുനരധിവാസത്തിനായി മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 24 സെന്റ് ഭൂമി പദ്ധതിക്ക് ലഭ്യമാകുന്നതിനായി ആലപ്പുഴ ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം നൽകിയിട്ടുണ്ട്.

5. തിരുവനന്തപുരം ജില്ലയിലെ അഴൂർ വില്ലേജിൽനിന്നും 2 ഏക്കർ ഭൂമി ലഭ്യമാകുന്നതിനായി ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം നൽകിയിട്ടുണ്ട്.

6. പുനരധിവാസഗ്രാമം ആരംഭിക്കുന്നതിനായി മലപ്പുറം ജില്ലയിലെ കുറുമ്പത്തൂർ വില്ലേജിലെ 5 ഏക്കർ ഭൂമി അനുവദിച്ച് സംസ്ഥാന ലാൻഡ് ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കുട്ടികൾക്കാവശ്യമായ വൈദ്യസഹായം, ബഡ്സ് സ്കൂൾ, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കാവശ്യമായ പിന്തുണ

എന്നിവ പ്രസ്തുത കേന്ദ്രങ്ങളിൽ ലഭ്യമാണോ; മറ്റെന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് ഇവിടെ ലഭ്യമാക്കുന്നത്; വിശദമാക്കാമോ;

(സി) മുഴുവൻ സമയ പരിചരണം ആവശ്യമാകയാൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കൾക്ക് ജോലി ചെയ്യാൻ സാധിക്കാത്ത സാഹചര്യം, മാതാപിതാക്കളുടെ കാലശേഷം ഇത്തരം കുട്ടികളുടെ പരിപാലനം തുടങ്ങിയ പ്രശ്നങ്ങൾക്ക് പ്രസ്തുത പദ്ധതി വഴി പരിഹാരം സാധ്യമാകുമോ; വിശദമാക്കാമോ?

(എ&ബി) ഭിന്നശേഷിക്കാരുടെ ജീവിതകാലയളവിൽ ആവശ്യമായിവരുന്ന സേവനങ്ങളെല്ലാം പ്രദാനം ചെയ്യുകയെന്നതാണ് ഭിന്നശേഷി പുനരധിവാസഗ്രാമം പദ്ധതികൊണ്ട് ലക്ഷ്യംവയ്ക്കുന്നത്. പദ്ധതിക്ക് ലഭ്യമാവുന്ന ഭൂമിയുടെ വിസ്തൃതികൂടി പരിഗണിച്ച് കുട്ടികൾക്കാവശ്യമായ വൈദ്യസഹായം, ബഡ്സ് സ്കൂൾ, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കാവശ്യമായ പിന്തുണ എന്നിവകൂടി ഉൾപ്പെടുന്ന മോഡൽ പുനരധിവാസ കേന്ദ്രം സജ്ജമാക്കുക എന്നതാണ്

സർക്കാരിന്റെ ലക്ഷ്യം. മാതാപിതാക്കളുടെ കാലശേഷമുള്ള കുട്ടികളുടെ സംരക്ഷണവും പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം പരിഗണനയിലുണ്ട്.

**വ്യാജ സർട്ടിഫിക്കറ്റ് ഹാജരാക്കി പി.ജി. അഡ്മിഷൻ**

12(*132) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) വ്യാജ ബിരുദ സർട്ടിഫിക്കറ്റ് ഹാജരാക്കി പി.ജി. കോഴ്സുകളിലേയ്ക്ക് അഡ്മിഷൻ തരപ്പെടുത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) വ്യാജ സർട്ടിഫിക്കറ്റുകൾ വഴി അഡ്മിഷൻ തരപ്പെടുത്തിയവർക്കെതിരെ എന്തെല്ലാം നടപടികളാണ് ഉന്നതവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചത്?

(എ&ബി) കായംകുളം എം.എസ്.എം. കോളേജിൽ നിഖിൽ എം. തോമസ് എന്ന വിദ്യാർത്ഥി ഛത്തീസ്ഗഡിലെ കലിംഗ

സർവകലാശാലയുടെ ബി.കോം (ബാങ്കിങ് ആൻഡ് ഫിനാൻസ്) ബിരുദത്തിന്റെ വ്യാജരേഖകൾ സമർപ്പിച്ചുകൊണ്ട് എം.കോം. പ്രവേശനം നേടിയതായി ശ്രദ്ധയിൽപ്പെട്ടുകയും തുടർന്ന് ഇത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് സർവകലാശാലയ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. കേരള സർവകലാശാല ഇയാളുടെ എം.കോം പ്രവേശനം റദ്ദാക്കിയിട്ടുണ്ട്. കൂടാതെ ഇയാളെ കേരള സർവകലാശാലയിൽനിന്നും വിലക്കുന്നതിനും പരീക്ഷാഫലങ്ങൾ റദ്ദ് ചെയ്യുന്നതിനും ഭാവിയിൽ ഏതെങ്കിലും കോഴ്സിന് ചേരുന്നത് വിലക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) വ്യാജ സർട്ടിഫിക്കറ്റുകൾ കണ്ടെത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

വ്യാജ സർട്ടിഫിക്കറ്റുകൾ കണ്ടെത്താൻ വിവിധ സർവകലാശാലകളിൽ നിലവിലുള്ള സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു:

**<u>കേരള സർവകലാശാല</u>**

ഉന്നത പഠനത്തിനുള്ള പ്രവേശനത്തിനായി സമർപ്പിക്കുന്ന രേഖകളുടെ ആധികാരികതയും വിശ്വാസ്യതയും പരിശോധിക്കേണ്ട ബാധ്യത അതത്

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ആയത് ഉറപ്പുവരുത്തുന്നതിനായി കേരള സർവകലാശാലയ്ക്കുകീഴിൽ വരുന്ന കോളേജുകളിൽ താഴെപ്പറയുന്ന സംവിധാനങ്ങൾ നിലവിലുണ്ട്:

1. എല്ലാ കോളേജുകളുടെയും ഭരണവിഭാഗത്തിൽനിന്നും ഒരു നോഡൽ ഓഫീസറുടെ (Admission Committee Co-ordinator) നേതൃത്വത്തിൽ പ്രവേശന നടപടികൾ ഏകോപിപ്പിക്കുകയും പ്രസ്തുത നോഡൽ ഓഫീസറുടെ വിശദാംശങ്ങൾ സർവകലാശാലയെ അറിയിക്കുകയും വേണം.
2. ഓരോ വകുപ്പുകളിലെയും കോളേജുകളിലെയും പ്രവേശന നടപടികളുടെ പൂർണ്ണ ഉത്തരവാദിത്വം അതത് വകുപ്പ്/കോളേജ് തലവൻമാർക്കായിരിക്കും. സ്ഥാപന മേധാവി/പ്രിൻസിപ്പൽ പ്രവേശന നടപടികൾക്ക് മേൽനോട്ടം വഹിക്കേണ്ടതുമാണ്.
3. പ്രവേശനവുമായി ബന്ധപ്പെട്ട അസ്സൽ രേഖകൾ അതത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽതന്നെ സൂക്ഷിക്കേണ്ടതും ആയതിന്റെ വിശ്വാസ്യത പ്രവേശന നടപടികൾ പൂർത്തിയാക്കുന്നതിനുമുമ്പുതന്നെ

ഉറപ്പുവരുത്തേണ്ടതുമാണ്. ഇവയുടെ വിശ്വാസ്യതയിൽ ഏതെങ്കിലും വിധത്തിൽ അവ്യക്തത/സംശയം നിലനിൽക്കുന്ന പക്ഷം അത് സർവകലാശാലയെ അറിയിക്കേണ്ടതും ഇത്തരം സന്ദർഭങ്ങളിൽ സർവകലാശാലയുടെ സമ്മതത്തിന് വിധേയമായി മാത്രം പ്രവേശനം നൽകേണ്ടതുമാണ്. ഈയവസരത്തിൽ താൽക്കാലികമായി പ്രവേശനം നൽകുകയാണെങ്കിൽ ആയതിന് അതത് സ്ഥാപനങ്ങൾക്ക് മാത്രമാണ് പൂർണ്ണ ഉത്തരവാദിത്വം.

4. പ്രവേശന നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് നോഡൽ ഓഫീസറും വകുപ്പ് തലവനും സ്ഥാപന മേധാവിയും ഒപ്പുവച്ച നിശ്ചിത സാക്ഷ്യപത്രം, പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിശദ വിവരങ്ങളോടുകൂടി സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്.

5. എല്ലാ കോളേജുകളും മൂന്ന് മാസത്തിനകം നിലവിലുള്ള വിദ്യാർത്ഥികളുടെ പ്രവേശന പ്രക്രിയ പരിശോധിച്ച് യോഗ്യതാ മാനദണ്ഡങ്ങളും സമർപ്പിച്ചിരിക്കുന്ന രേഖകളുടെ വിശ്വാസ്യതയും

തിട്ടപ്പെടുത്തേണ്ടതാണ്. യഥാവിധി പരിശോധന പൂർത്തിയാക്കി രണ്ട് ആഴ്ചക്കകം റിപ്പോർട്ട് സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്.

6. ഇവയിൽ ഏതാനും ചില സർട്ടിഫിക്കറ്റുകൾ സർവകലാശാല cross വെരിഫിക്കേഷൻ നടത്തുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ഇതിനായി, സർവകലാശാലയിൽ Assistant Registrar-ന്റെ നേതൃത്വത്തിൽ genuineness verification cell-ഉം കമ്പ്യൂട്ടർ സെന്ററിന്റെ നേതൃത്വത്തിൽ ഓൺലൈൻ വെരിഫിക്കേഷൻ പോർട്ടലും തയ്യാറായിവരുന്നു.

**<u>മഹാത്മാഗാന്ധി സർവകലാശാല</u>**

കേന്ദ്രീകൃത പ്രവേശനം മുഖേന അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് പരിശോധന ആദ്യഘട്ടം കോളേജ് പ്രിൻസിപ്പൽമാർ മുഖേനയും രണ്ടാം ഘട്ടമായി അതത് പരീക്ഷാവിഭാഗത്തിൽനിന്നും പരിശോധിച്ച ശേഷമാണ് അഡ്മിഷൻ സ്ഥിരപ്പെടുത്തുന്നത്.

**<u>കാലിക്കറ്റ് സർവകലാശാല</u>**

വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിക്കുകയും വ്യാജ സർട്ടിഫിക്കറ്റുകൾ കണ്ടെത്തുന്നപക്ഷം ബന്ധപ്പെട്ട വ്യക്തികൾക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**കണ്ണൂർ സർവകലാശാല**

അഫിലിയേറ്റഡ് കോളേജ് പ്രിൻസിപ്പൽമാരോടും പഠന വകുപ്പ് മേധാവിമാരോടും 2023-24 വർഷത്തെ പ്രവേശനത്തിനായി സംസ്ഥാനത്തിന് പുറത്തുനിന്നുള്ളതും ഹാജരാക്കുന്നതുമായ യോഗ്യത സർട്ടിഫിക്കറ്റുകളുടെ ആധികാരികത ഉറപ്പുവരുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**കൊച്ചിൻ ശാസ്ത്ര-സാങ്കേതിക സർവകലാശാല**

നിലവിൽ സർവകലാശാലയിൽ അഡ്മിഷനെടുക്കുന്ന എല്ലാ വിദ്യാർത്ഥികളുടെയും അസ്സൽ സർട്ടിഫിക്കറ്റുകളും മാർക്ക് ലിസ്റ്റുകളും ബന്ധപ്പെട്ട അധികാരികൾ പരിശോധിച്ച് ആധികാരികത ഉറപ്പുവരുത്താറുണ്ട്. ഇതുകൂടാതെ അന്യസംസ്ഥാനങ്ങളിൽനിന്നും ബിരുദം

കരസ്ഥമാക്കിയ വിദ്യാർത്ഥികളുടെ കയ്യിൽനിന്നും സർവകലാശാലകളിലെ രജിസ്ട്രാർ നൽകുന്ന ഒഫീഷ്യൽ ട്രാൻസ്ക്രിപ്റ്റുകൾ പരിശോധനയ്ക്കായി വാങ്ങാറുണ്ട്. ഇതിനുപുറമെ രേഖകളിൽ സംശയം തോന്നുന്ന വിദ്യാർത്ഥികളുടെ ബിരുദ സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിക്കാൻ നേരിട്ട് സർവകലാശാലകളിലേയ്ക്ക് അയയ്ക്കാറുണ്ട്. ഇതിന് മറുപടി ലഭ്യമായാൽ മാത്രമേ വിദ്യാർത്ഥികളെ തുടർപഠനത്തിന് അനുവദിക്കാറുള്ളൂ. ഈ അധ്യയനവർഷം മുതൽ കേരളത്തിന് പുറത്തുനിന്നും ബിരുദം നേടിയ വിദ്യാർത്ഥികളുടെ ഡിഗ്രി സർട്ടിഫിക്കറ്റുകളുടെ ആധികാരികത പ്രസ്തുത സർവകലാശാലകളിൽനിന്നും നേരിട്ട് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

**<u>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല</u>**

സർട്ടിഫിക്കറ്റുകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി, ആധികാരികത ഉറപ്പാക്കാറുണ്ട്.

**<u>തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല</u>**

സർട്ടിഫിക്കറ്റ് വിശദപരിശോധന നടത്തിയശേഷമാണ് അഡ്മിഷൻ നൽകുന്നത്. സർട്ടിഫിക്കറ്റ് വ്യാജമാണോയെന്ന സംശയമുണ്ടായാൽ ബന്ധപ്പെട്ട സർവകലാശാലകളിൽനിന്നും സർട്ടിഫിക്കറ്റിന്റെ സാധുത പരിശോധിക്കാൻ നടപടി സ്വീകരിക്കാറുണ്ട്.

**എ.പി.ജെ.അബ്ദുൾകലാം ശാസ്ത്രസാങ്കേതിക സർവകലാശാല**

അതത് വർഷത്തെ പ്രോസ്പെക്ടസ് അനുസരിച്ചുള്ള അസ്സൽ സർട്ടിഫിക്കറ്റുകളുടെ സൂക്ഷ്മ പരിശോധന സർവകലാശാല നടത്തുന്നുണ്ട്.

(ഡി) വ്യാജ സർട്ടിഫിക്കറ്റുകൾ ഉണ്ടാക്കുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

വ്യാജ സർട്ടിഫിക്കറ്റുകൾ ഉണ്ടാക്കുന്നത് തടയുന്നതിലേയ്ക്കായി വിവിധ സർവകലാശാലകളിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

**കേരള സർവകലാശാല**

ഡിജിലോക്കർ സംവിധാനംവഴി ഡിഗ്രി സർട്ടിഫിക്കറ്റുകൾ issue ചെയ്യുന്നതിനുള്ള നടപടികൾ സർവകലാശാലയുടെ ആലോചനയിലാണ്.

കൂടാതെ, സർവകലാശാലയിൽ അസിസ്റ്റന്റ് രജിസ്ട്രാറുടെ നേതൃത്വത്തിൽ ഓൺലൈൻ വെരിഫിക്കേഷൻ പോർട്ടലും തയ്യാറായിവരുന്നു.

**മഹാത്മാഗാന്ധി സർവകലാശാല**

180 GSM കട്ടിയുള്ളതും പരുത്തിനാരുകൾ ഉൾപ്പെടുത്തിയിട്ടുള്ളതും 12 x 8.5" വലിപ്പമുള്ളതുമായ Cotopont Parchment പേപ്പറിലാണ് ബിരുദ സർട്ടിഫിക്കറ്റ് തയ്യാറാക്കുന്നത്. ഫോർമാറ്റിന്റെ മുകൾഭാഗത്ത് സർവകലാശാലയുടെ പേരും ഔദ്യോഗിക മുദ്രയും അച്ചടിക്കുകയും സർവകലാശാല നൽകുന്ന മാതൃകപ്രകാരമുള്ള art work-കൾ ഉൾപ്പെടുത്തുകയും ചെയ്യും. സർവകലാശാലയുടെ ലോഗോ Dandy Watermark ആയി embed ചെയ്തും ഒപ്പം പെട്ടെന്ന് ദൃഷ്ടിയിൽപ്പെടാത്ത സെക്യൂരിറ്റി ഫൈബറുകൾ കൂട്ടിച്ചേർത്തും സുരക്ഷിതത്വം കൂടുതൽ ഉറപ്പാക്കുന്നു. ചുവന്ന നക്ഷത്രചിഹ്നത്തിലുള്ള പാച്ചിന് മുകളിൽ സുവർണ്ണനാരിനാൽ വലയം ചെയ്യപ്പെട്ട ഔദ്യോഗിക മുദ്ര, ഫോർമാറ്റിന്റെ കീഴ്ഭാഗത്തും നൽകിയിട്ടുണ്ട്. സൂക്ഷ്മ ലിഖിതങ്ങളും ഫ്ലൂറസെന്റ് മുദ്രകളും സെക്യൂരിറ്റി ഘടകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബാർകോഡിൽ സമന്വയിപ്പിച്ച് ക്രമനമ്പരും print

masking പ്രത്യേകതയും ഫോർമാറ്റ് പ്രിന്റ് ചെയ്യിച്ച work order വിശദാംശങ്ങളും ആകെ പ്രിന്റ് ചെയ്ത എണ്ണവും ഫോർമാറ്റിന്റെ മറുവശത്ത് ഉൾക്കൊള്ളിച്ചിരിക്കുന്നു. കരാർ കാലയളവിൽ പ്രിന്റർ സർവകലാശാലയുടെ പേരും ഔദ്യോഗിക മുദ്രയും പതിപ്പിച്ച ഫോർമാറ്റുകൾ അതീവ ശ്രദ്ധയോടെ കൈകാര്യം ചെയ്യണമെന്നും ഈ ബിരുദ ഫോർമാറ്റുകൾ മൂന്നാമതൊരാൾക്ക് യാതൊരു കാരണവശാലും കൈമാറാൻ പാടില്ലെന്നും സർവകലാശാലയ്ക്ക് നൽകുന്നതിനുമുമ്പ് അവ നഷ്ടപ്പെടുകയോ ദുരുപയോഗം ചെയ്യപ്പെടുകയോ ഉണ്ടായാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം പ്രിന്റർക്കാണെന്നും കരാറിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. കരാർ കാലാവധി അവസാനിച്ചശേഷം ബിരുദ ഫോർമാറ്റുകളൊന്നുംതന്നെ പ്രിന്റർ കൈവശം വയ്ക്കാൻ പാടുള്ളതല്ല. കേടായതും ഉപയോഗക്ഷമമല്ലാത്തതുമായ ഫോർമാറ്റുകൾ സുരക്ഷിതത്വവും രഹസ്യസ്വഭാവും നിലനിർത്തി പ്രിന്റർ നശിപ്പിക്കേണ്ടതാണെന്നും കരാറിൽ വ്യവസ്ഥചെയ്തിട്ടുണ്ട്.

**<u>കാലിക്കറ്റ് സർവകലാശാല</u>**

വ്യാജ സർട്ടിഫിക്കറ്റുകൾ ഉണ്ടാക്കുന്നത് തടയാൻ കാലിക്കറ്റ് സർവകലാശാലയിൽ സോഫ്റ്റ് വെയറിൽ, ചെക്ക് മെഷേർസ് നിലവിലുണ്ട്.

**<u>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല</u>**

ഡിജിലോക്കർ സംവിധാനത്തിൽ സർട്ടിഫിക്കറ്റുകൾ പൂർണ്ണമായും സൂക്ഷിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**<u>തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല</u>**

വ്യാജ സർട്ടിഫിക്കറ്റുകൾ ഉണ്ടാക്കുന്നത് തടയാൻ മലയാള സർവകലാശാല നൽകുന്ന സർട്ടിഫിക്കറ്റുകൾ ഹോളോഗ്രാം മുദ്ര പതിച്ചശേഷമാണ് വിദ്യാർത്ഥികൾക്ക് നൽകുന്നത്. കൂടാതെ സർട്ടിഫിക്കറ്റുകളിൽ ക്യൂ.ആർ. കോഡ് പതിപ്പിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സർട്ടിഫിക്കറ്റ് വ്യാജമാണെന്ന് സംശയമുള്ളപക്ഷം അന്വേഷണം നടത്തുകയും പോലീസിൽ പരാതിപ്പെടുകയും ചെയ്യുന്നതാണ്.

**<u>എ.പി.ജെ.അബ്ദുൾകലാം ശാസ്ത്രസാങ്കേതിക സർവകലാശാല</u>**

സി-ഡിറ്റ് ലഭ്യമാക്കുന്ന ഡിഗ്രി സർട്ടിഫിക്കറ്റ് കാർഡ് സീരിയൽ നമ്പർ ക്രമത്തിൽ പ്രിന്റ് ചെയ്തിട്ടുള്ളതാണ്. പ്രസ്തുത സർട്ടിഫിക്കറ്റ് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ സർവകലാശാലയിൽനിന്നും വിദ്യാർത്ഥികൾക്ക് നൽകുന്ന സർട്ടിഫിക്കറ്റുകളുടെ സീരിയൽ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ KTU e-governance പോർട്ടലിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഏതെങ്കിലും കാരണവശാൽ ക്യാൻസൽ ചെയ്യപ്പെടുന്ന സർട്ടിഫിക്കറ്റുകൾ അതിനായി സൂക്ഷിക്കുന്ന പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സീൽ ചെയ്ത് സൂക്ഷിക്കുന്നു. ഇതുകൂടാതെ ഡിഗ്രി സർട്ടിഫിക്കറ്റുകൾ NAD ഡിജിലോക്കറിൽ ലഭ്യമാക്കുന്നതിനായി സർവകലാശാലയുടെ governance പോർട്ടൽ സംവിധാനം NAD ഡിജിലോക്കറുമായി API - (അപ്ലിക്കേഷൻ പ്രോഗ്രാം ഇന്റർഫേസ്) മുഖാന്തരം ബന്ധിപ്പിച്ചിരിക്കുകയാണ്. ഡിസ്പാച്ച് ചെയ്യപ്പെട്ടിട്ടുള്ള എല്ലാ സർട്ടിഫിക്കറ്റുകളും വിദ്യാർത്ഥിയുടെ NAD ഡിജിലോക്കർ അക്കൗണ്ടിൽ ലഭ്യമാകുന്നു.

**സർവകലാശാലകളും കോളേജുകളും നേടിയ ഉയർന്ന റാങ്കിംഗ്**

13(*133) ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്കിന്റെ (എൻ.ഐ.ആർ.എഫ്.) റാങ്ക് പട്ടികയിലുള്ള രാജ്യത്തെ നൂറ് ഒന്നാം നിര സർവകലാശാലകളിൽ സംസ്ഥാനത്തെ സർവകലാശാലകൾ ഇടം നേടിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സർവകലാശാലകളാണ്; ഇതിനടിസ്ഥാനമായി സർവകലാശാലകളിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഇന്ത്യയിലെ മികച്ച നൂറ് കോളേജുകളുടെ പട്ടികയിൽ സംസ്ഥാനത്തെ കോളേജുകൾ സ്ഥാനം പിടിച്ചിട്ടുണ്ടോ; ആർക്കിടെക്ചർ കോളേജ്, നിയമപഠന സ്ഥാപനം എന്നിവയുടെ പട്ടികയിൽ സംസ്ഥാനത്തെ കോളേജുകൾ ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ

സ്ഥാപനങ്ങളാണെന്ന് വ്യക്തമാക്കാമോ; മികവിന്റെ പട്ടികയിൽ ഉൾപ്പെടുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇവിടങ്ങളിൽ നടത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ?

(എ&ബി) 2023-ലെ NIRF റാങ്കിംഗിൽ (Ranking) സംസ്ഥാനത്തെ നാല് സർവകലാശാലകളും 14 കോളേജുകളും ആദ്യത്തെ 100-ൽ സ്ഥാനം പിടിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

സർവകലാശാലകൾ/കോളേജുകൾ താഴെപ്പറയുന്ന അഞ്ച് മേഖലകളിലെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിലാണ് എൻ.ഐ.ആർ.എഫ്. റാങ്കിംഗ് പട്ടികയിൽ സ്ഥാനം പിടിക്കുന്നത്:

1. Teaching, Learning & Resources
2. Knowledge dissemination & Research Excellence
3. Graduation Outcome
4. Outreach & inclusivity
5. Perception

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോളേജുകളിലെ പഠന/പാഠ്യേതര രംഗങ്ങളിലെ പ്രവർത്തനങ്ങൾ, സ്വീകാര്യതയും നിലവാരവുമുള്ള പ്രസിദ്ധീകരണങ്ങൾ, നിലവാരമുള്ള ഐ.പി.ആർ., വിവിധ പേറ്റന്റുകൾ, അംഗീകാരം അർഹിക്കുന്ന പ്രോജക്ടുകൾ, പ്രൊഫഷണൽ പ്രാക്ടീസ്, ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാമുകൾ, പഠന/പഠനേതര കലാ-കായിക-സാംസ്കാരിക രംഗങ്ങളിൽ വിദ്യാർത്ഥികളുടെ വിജയങ്ങൾ, അധ്യാപകരുടെ സേവനവും പ്രവൃത്തിപരിചയവും, സാമ്പത്തിക സ്രോതസ്സുകളുടെ ശരിയായ വിനിയോഗം, ഗവേഷണം, പ്രൊഫഷണൽ പരിശീലനങ്ങൾ, പഠനത്തോടൊപ്പം ജോലി, കലാസാംസ്കാരിക രംഗങ്ങളിലെ മികവ് തുടങ്ങിയ ഘടകങ്ങൾ മികച്ച റാങ്ക് നേടാൻ സഹായിച്ചു. കൂടാതെ ഓരോ സ്ഥാപനവും പൊതുസമൂഹത്തിലും പാർശ്വവൽക്കരിക്കപ്പെട്ടവർക്കുംവേണ്ടി നടത്തിയ (ഔട്ട് റീച്ച് & ഇൻക്ലൂസിവിറ്റി) പ്രവർത്തനങ്ങൾ, ഭിന്നശേഷി വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കുവേണ്ടി സജ്ജീകരിച്ചിട്ടുള്ള സൗകര്യങ്ങൾ, തൊഴിൽ ദാതാക്കളും പ്രൊഫഷണലുകളും ഓരോ കോളേജിൽനിന്നും പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന മുൻഗണന

തുടങ്ങിയവയും ഈ കോളേജുകളെ മികവിന്റെ പട്ടികയിൽ ഉൾപ്പെടുത്തി. ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തി വേൾഡ് റാങ്കിംഗിൽ ഉന്നതസ്ഥാനം നേടിയെടുക്കുന്നതിനായി കേരള സർവകലാശാല ഇന്ററാക്ഷൻ വിത്ത് എമിനന്റ് സ്കോളേഴ്സ് പ്രോഗ്രാം, ട്രാവൽ ത്രൂ നോബേൽ വിന്നേഴ്സ് പ്രോഗ്രാം, നൂതന അക്കാദമിക് പ്രോഗ്രാം എന്നിവ നടപ്പാക്കിവരുന്നു. കൂടാതെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ഗവേഷണ പ്രവർത്തനങ്ങൾക്ക് ബൗദ്ധിക സ്വത്തവകാശ നയം വഴി പ്രത്യേക പദ്ധതികൾ നടപ്പാക്കിയുംവരുന്നു. പുതിയ ഗവേഷണ നയം രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഗവേഷണം, പാഠ്യക്രമം, വിദഗ്ദ്ധാഭിപ്രായം മുതലായ രംഗങ്ങളിൽ സമഗ്രമായ മാറ്റങ്ങൾ മുന്നിൽ കണ്ടുകൊണ്ട് കേരള സർവകലാശാലയിലെ എല്ലാ പഠന വകുപ്പുകളിലും 2019-20 വർഷം മുതൽ പാഠ്യപദ്ധതി പരിഷ്കരിച്ച് Outcome Based Curriculum Framework-ന്റെ കീഴിലാക്കിയിട്ടുണ്ട്. വിദ്യാർത്ഥികളെ സ്വയംപര്യാപ്തരാക്കാൻ ഉതകുന്ന Start up, Incubation Hubs തുടങ്ങിയ നൂതന സങ്കേതങ്ങൾ പഠനത്തിന്റെ

ഭാഗവും തുടർച്ചയുമാക്കി കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ വിജയകരമായി നടപ്പാക്കിവരുന്നുണ്ട്. ലോകോത്തര വിദ്യാഭ്യാസ ശാസ്ത്രീയ സ്ഥാപനങ്ങളുടെ സഹായത്തോടെ, ഭക്ഷ്യസുരക്ഷ, ജൈവ ഇന്ധനം, കാലാവസ്ഥ വ്യതിയാനം, ഔഷധ നിർമ്മാണം തുടങ്ങിയ മേഖലകളിൽ പാഠ്യപദ്ധതികൾ ആവിഷ്കരിച്ച് ബിരുദാനന്തര, ഡോക്ടറൽ തലങ്ങളിലുള്ള മാനവശേഷി വികസനത്തിനായുള്ള പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബി, റൂസ്സ ഫണ്ടുകൾ പ്രയോജനപ്പെടുത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. വ്യവസായശാലകളുമായി ചേർന്ന് പാഠ്യപദ്ധതികൾ തയ്യാറാക്കുകയും ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തുവരുന്നു. ദേശീയ-അന്തർദ്ദേശീയ തലങ്ങളിലുള്ള പ്രമുഖ സ്ഥാപനങ്ങളുമായി ധാരണാപത്രങ്ങൾ ഒപ്പിടുകയും അതുവഴി ഫാക്കൽറ്റി/സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാമുകളും ഗവേഷണ പ്രവർത്തനങ്ങളും നടത്തിവരുന്നു. വിദേശ സർവകലാശാലകളിലെ പ്രമുഖരായ അധ്യാപകരുടെയും ശാസ്ത്രജ്ഞരുടെയും സേവനം ചാൻസലേഴ്സ്

ചെയർ പ്രോഗ്രാം വഴി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിവരുന്നു. മഹാത്മാഗാന്ധി സർവകലാശാലയിൽ അക്കാദമിക്, ഗവേഷണ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി റഗുലേഷൻസ് 2021 പ്രകാരം Outcome Based Syllabus Revision പഠനവകുപ്പുകളിൽ നടപ്പാക്കിയിട്ടുണ്ട്. ഈ പരിഷ്കരണം കേന്ദ്ര-സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെയും യു.ജി.സി.-യുടെയും മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടാണ് നടപ്പാക്കിയിട്ടുള്ളത്. കൂടാതെ ബെസ്റ്റ് റിസർച്ച് സ്കോളർ, ബെസ്റ്റ് സൂപ്പർവൈസിംഗ് ടീച്ചർ, ബെസ്റ്റ് ലീഡർഷിപ് എന്നീ അവാർഡുകൾ ഗവേഷണ മേഖലയിൽ ഏർപ്പെടുത്തി. സർവകലാശാലയുടെ തനത് LMS (Learning Management System) ആയ വിദ്യാമൃതം നടപ്പാക്കി. പഠനവകുപ്പുകളിൽ Automated Learning And Evaluation Management System നടപ്പാക്കാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. 350 ദശലക്ഷത്തിലധികം രൂപ മൂല്യമുള്ള 90-ൽപ്പരം ഗവേഷണ പ്രോജക്ടുകൾ സർവകലാശാലയിലുണ്ട്. നൂറോളം അന്താരാഷ്ട്ര ഗവേഷണകേന്ദ്രങ്ങളുമായി സർവകലാശാലയ്ക്ക് സഹകരണമുണ്ട്. Directorate For Applied Short Term Programme (DASP)-കളിൽ

Automated Learning And Evaluation Management System ഉപയോഗിച്ചുവരുന്നു. സർവകലാശാലയുടെ പ്രവർത്തനങ്ങൾ ഡിജിറ്റൽ പ്ലാറ്റ്ഫോമിലേയ്ക്ക് മാറുന്നതിന്റെ ഭാഗമായി ERP (Enterprise Resource Planning) തയ്യാറാക്കിവരുന്നു. സർവകലാശാലയുടെ ഗവേഷണ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും സൗജന്യമായി ഓപ്പൺ അക്സസ്സ് സംവിധാനം വഴി ജേർണലുകൾ പ്രസിദ്ധീകരിക്കാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. ആർക്കിടെക്ച്ചർ വിഭാഗത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (NIT) കോഴിക്കോട് രണ്ടാം റാങ്കും കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം പതിനേഴാം റാങ്കും നേടിയിട്ടുണ്ട്. ഇന്ത്യയിലെ മികച്ച 30 ആർക്കിടെക്ച്ചർ കോളേജുകളുടെ പട്ടികയിൽ സംസ്ഥാനത്തെ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ട്രിവാൻഡ്രത്തിന്റെ ആർക്കിടെക്ച്ചർ & പ്ലാനിംഗ് ഡിപ്പാർട്ടുമെന്റ് NIRF റാങ്കിംഗിൽ 17-ാം സ്ഥാനം നേടിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ സെന്റർ ഓഫ് എക്സലൻസ് പദവിയിലേയ്ക്കുള്ള അന്തിമ പട്ടികയിലും ഈ കോളേജ് ഉൾപ്പെട്ടിട്ടുണ്ട്. B.Arch, M.Arch (Urban Design), M.Plan (Housing), M.Arch (Environmental

Design) എന്നീ കോഴ്സുകളാണ് ഇവിടെയുള്ളത്. ദേശീയ-അന്തർദേശീയ തലത്തിലുള്ള നിരവധി പ്രമുഖ ആർകിടെക്ചർ സ്ഥാപനങ്ങളുമായി (SPA Delhi, Vijayawada, University of Buffalo, CEPT Ahammedabad) ആർക്കിടെക്ചർ & പ്ലാനിംഗ് വിഭാഗത്തിന് സഹകരണമുണ്ട്. ഇവിടെയുള്ള അദ്ധ്യാപകർ പി.എച്ച്ഡി. ഉൾപ്പെടെ ഉന്നത ബിരുദങ്ങളുള്ളവരാണ്. ഇവിടെയുള്ള അദ്ധ്യാപകരും വിദ്യാർത്ഥികളും നിരവധി അന്താരാഷ്ട്ര, ദേശീയ ജേർണലുകളിൽ പ്രബന്ധം പ്രസിദ്ധീകരിക്കുകയും കോൺഫറൻസുകളിൽ പ്രബന്ധം അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇവിടെനിന്നും പഠിച്ചിറങ്ങിയ നിരവധി വിദ്യാർത്ഥികൾ പ്രമുഖമായിട്ടുള്ള ദേശീയ-അന്തർദേശീയ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. നഗരാസൂത്രണം, ആർക്കിടെക്ചർ മുതലായ മേഖലകളിൽ വിവിധ ഉപദേശ സമതികളിൽ ഇവിടത്തെ അദ്ധ്യാപകർ പങ്കെടുക്കുന്നുണ്ട്. കേരളത്തിലെയും പുറത്തെയും വിവിധ നഗരങ്ങൾക്കുവേണ്ടിയുള്ള ആസൂത്രണ പദ്ധതികൾ ഇവിടെ തയ്യാറാക്കുന്നുണ്ട്. ഇവിടെയുള്ള റിസർച്ച് വിംഗിന്റെ നേതൃത്വത്തിൽ

ശബരിമല, നിലയ്ക്കൽ, പമ്പ മുതലായ സ്ഥലങ്ങളിലേയ്ക്കുള്ള ലേ ഔട്ട് പ്ലാൻ ബന്ധപ്പെട്ട പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. തടസ്സരഹിത കേരളത്തിലേയ്ക്കുള്ള ട്രെയിനിംഗും കൺസൾട്ടൻസിയും ചെയ്യുന്ന BFCC (Barrier Free Consultancy Cell)-യുടെ സേവനങ്ങളും എടുത്തുപറയേണ്ടതാണ്. രാജ്യത്തെ ഏറ്റവും മികച്ച കോളേജുകളുടെ ലിസ്റ്റിൽ ഉൾപ്പെടുന്നതിനായി സ്ഥാപനങ്ങളിൽ ആകെയുള്ള വിദ്യാർത്ഥികളുടെ പ്രത്യേകിച്ചും പി.എച്ച്ഡി. വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കുക, അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം മെച്ചപ്പെടുത്തുക, ഓരോ വിദ്യാർത്ഥിക്കും വേണ്ടിയുള്ള സ്ഥാപനത്തിന്റെ ശരാശരി വാർഷിക capital/recurring ചെലവുകൾ വർദ്ധിപ്പിക്കുക, ഗുണനിലവാരമുള്ള ജേർണലുകളിലെ പ്രസിദ്ധീകരണങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക, പബ്ലിഷ് ചെയ്യുകയും ഗ്രാൻഡ് ചെയ്യുകയും ചെയ്യുന്ന പേറ്റന്റുകളുടെ എണ്ണം വർദ്ധിപ്പിക്കുക, Funded Research Project-കളും കൺസൾട്ടൻസി വർക്കുകളും ഏറ്റെടുക്കുന്നതിന് അദ്ധ്യാപകരെ പ്രോത്സാഹിപ്പിക്കുക, വിദ്യാർത്ഥികളുടെ പാസ്സ് പെർസന്റേജും പ്ലേസ്മെന്റും വർദ്ധിപ്പിക്കുക,

സമീപപ്രദേശങ്ങളിലെ ഇൻഡസ്ട്രി/റിസെർച്ച് ഇൻസ്റ്റിറ്റ്യൂഷൻ/ എൽ.എസ്.ജി.ഡി.-കളിൽനിന്നും ഐഡന്റിഫൈ ചെയ്യുന്ന എഞ്ചിനീയറിംഗ് സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സഹകരണ ഗവേഷണ സംരംഭങ്ങളെ (Collaborative Research initiatives) പ്രോത്സാഹിപ്പിക്കുക എന്നിങ്ങനെ പല പ്രവർത്തനങ്ങളും വകുപ്പിനുകീഴിലെ കോളേജുകളിൽ നടപ്പാക്കിവരുന്നു.

(സി) സംസ്ഥാനത്തെ സർവകലാശാലകളും കോളേജുകളും നേടിയ ഉയർന്ന റാങ്കിംഗ് കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾക്കിടയാക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ?

ഉയർന്ന റാങ്കിംഗ് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും മികച്ച ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കാനുള്ള സൂചകങ്ങളാണ്. കൂടുതൽ ഉന്നതവിദ്യാഭ്യാസ ഫണ്ടിംഗിന് (Research/Academic) ഈ സ്ഥാപനങ്ങളെ അർഹരാക്കും. ഇത്തരം സ്ഥാപനങ്ങളിൽനിന്ന്

പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ കമ്പോളത്തിൽ മികച്ച പരിഗണന തൊഴിൽ ദാതാക്കൾ നൽകിവരുന്നു. മികച്ച റാങ്കിംഗ്, ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്ഥാപനങ്ങൾക്കിടയിൽ ആരോഗ്യകരമായ കിടമത്സരത്തിനും തുടർന്നുള്ള ഗുണമേന്മ വർദ്ധനയ്ക്കും ഇടയാക്കും. സംസ്ഥാനത്തെ സർവകലാശാലകളും നിരവധി കോളേജുകളും നേടിയ ഉയർന്ന എൻ.ഐ.ആർ.എഫ്. റാങ്കിംഗ് കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയെ മികച്ച നിലവാരത്തിലേയ്ക്ക് എത്തിക്കുമെന്നതിന്റെ ശുഭസൂചനയാണ്. ദേശീയതലത്തിൽ ഉയർന്ന റാങ്കുകളിൽ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തെരഞ്ഞെടുക്കപ്പെടുന്നത് ദേശീയതലത്തിലും അന്തർദേശീയ തലത്തിലും അറിയപ്പെടുന്ന വിദ്യാഭ്യാസ ഹബ്ബായി സംസ്ഥാനത്തെ മാറ്റുന്നതിന് ഉപകരിക്കും. ഉയർന്ന റാങ്കിംഗുള്ള സ്ഥാപനങ്ങളിൽ പഠനം നടത്തുന്നതിന് വിദ്യാർത്ഥികൾ കൂടുതൽ തൽപ്പരരാകുകയും അതോടൊപ്പം വിദ്യാർത്ഥികൾക്ക് ഉയർന്ന നിലവാരമുള്ള പ്ലേസ്മെന്റുകൾ ലഭിക്കുന്നതിനും സാധ്യമാകും. അന്താരാഷ്ട്ര നിലവാരത്തിലുള്ള മികവിന്റെ കേന്ദ്രങ്ങളായി വകുപ്പിനുകീഴിലെ സ്ഥാപനങ്ങൾ മാറും. NBA

അക്രെഡിറ്റഡ് ബ്രാഞ്ചുകളിലെ വിദ്യാർത്ഥികൾക്ക് വ്യവസായ നിലവാരവുമായി പൊരുത്തപ്പെടുന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നു. നൈപുണ്യത്തിന് പ്രാധാന്യം നൽകിയിട്ടുള്ള മൂല്യാധിഷ്ഠിത ഡിപ്ലോമ പാഠ്യപദ്ധതി, പ്രായോഗിക കഴിവുകൾ വർദ്ധിപ്പിക്കുകയും തൊഴിൽ സന്നദ്ധത വളർത്തുകയും ചെയ്യുന്നു. ഇതിലൂടെ പരിചയസമ്പന്നരായ അദ്ധ്യാപകരെയും ആധുനിക സൗകര്യങ്ങളും ലഭിക്കുന്നു. വിദ്യാർത്ഥികളെ വിവിധ സാങ്കേതിക സ്ഥാനങ്ങൾക്ക് സജ്ജരാക്കുന്നതുവഴി വിദ്യാഭ്യാസവും തൊഴിലും തമ്മിലുള്ള വിടവ് നികത്തുന്നു. കൂടാതെ അക്രെഡിറ്റഡ് ഡിപ്ലോമ പ്രോഗ്രാം പഠിക്കുന്നതിലൂടെ പ്രാദേശികമായും ആഗോളമായും ഉന്നത പഠനത്തിലേക്കോ ജോലിയിലേക്കോ തടസ്സങ്ങളില്ലാതെ മുന്നേറാൻ സഹായിക്കുന്നു. അതോടൊപ്പം മികച്ച വിദ്യാഭ്യാസം, നൈപുണ്യ വികസനം, അനുകൂലമായ തൊഴിൽ സാധ്യതകൾ എന്നിവ ഉറപ്പാക്കുന്നു.

**ഭിന്നശേഷിക്കാരായ വ്യക്തികളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ**

14(*134) **ശ്രീ. എൻ. കെ. അക്ബർ:**
**ശ്രീ. സി. കെ. ഹരീന്ദ്രൻ:**
**ശ്രീമതി കാനത്തിൽ ജമീല:**

<u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) കേരള വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന ഭിന്നശേഷിക്കാരായ വ്യക്തികളുടെ ക്ഷേമത്തിനായി നടപ്പാക്കിവരുന്ന സംസ്ഥാനതല പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കാമോ?

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന ഭിന്നശേഷിക്കാരായ വ്യക്തികളുടെ ക്ഷേമത്തിനായി നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ താഴെപ്പറയും പ്രകാരമാണ്. പ്രസ്തുത പദ്ധതികൾ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട് +.

1. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ തുടങ്ങിയ ആധുനിക ഉപകരണങ്ങളുടെയും പ്രത്യേക ആവശ്യങ്ങൾക്കുള്ള മറ്റ് സഹായ ഉപകരണങ്ങളുടെയും സൗജന്യ വിതരണം.

2. ട്രൈസ്കൂട്ടർ വിതരണം

3. മോട്ടോറൈസ്ഡ് മുച്ചക്രവാഹനങ്ങൾക്കുള്ള സബ്സിഡി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

4. സ്വയം തൊഴിൽ പദ്ധതി (ബാങ്ക് വായ്പ സബ്സിഡി)

5. സ്വയംസഹായ സംഘങ്ങളുടെ പരിപോഷണം

6. ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റുമാർക്കുള്ള സാമ്പത്തിക സഹായം

7. സ്വയം തൊഴിലിന് വായ്പ ലഭിക്കുന്നതിന് ഈട് നൽകാൻ കഴിവില്ലാത്തവർക്ക് സ്വയംതൊഴിലിന് സാമ്പത്തിക സഹായം

8. നാഷണൽ ഹാൻഡിക്കാപ്ഡ് ഫിനാൻസ് ആൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (എൻ.എച്ച്.എഫ്.ഡി.സി.) വായ്പ

9. ഭിന്നശേഷിക്കാരായ എസ്.എസ്.എൽ.സി., പ്ലസ് 2 വിദ്യാർത്ഥികൾക്ക് പ്രൊഫിഷ്യൻസി അവാർഡ്

10. ഗുരുതരമായ ഭിന്നശേഷിത്വമുള്ള കുട്ടികൾക്കുവേണ്ടി സ്ഥിര നിക്ഷേപ പദ്ധതി

11. പാറശ്ശാലയിലെ (സാഫല്യം) വയോജന പരിചരണ കേന്ദ്രം

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതികളിലൂടെ എത്ര ഗുണഭോക്താക്കൾക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ട്; വിശദാംശം നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന ഭിന്നശേഷിക്കാരായ വ്യക്തികളുടെ ക്ഷേമത്തിനായി നടപ്പാക്കിവരുന്ന വിവിധ പദ്ധതികളിലൂടെ ഗുണഭോക്താക്കൾക്ക് താഴെപ്പറയുന്നതിൻപ്രകാരം സഹായം ലഭ്യമാക്കിയിട്ടുണ്ട്.

1. ഭിന്നശേഷിക്കാർക്കുള്ള സഹായ ഉപകരണങ്ങൾ സൗജന്യമായി 1855 പേർക്ക് വിതരണം ചെയ്തു. 356.68 ലക്ഷം രൂപ ഇതിനായി ചെലവഴിച്ചു.

2. സ്വന്തമായി സൈഡ് വീൽ സ്കൂട്ടർ വാങ്ങിയ 61 പേർക്ക് സൈഡ് വീൽ ഘടിപ്പിക്കുന്നതിന് 9.07 ലക്ഷം രൂപ സബ്സിഡിയായി വിതരണം ചെയ്തു.

3. ദേശസാത്കൃത ബാങ്കുകളിൽനിന്ന് കോർപ്പറേഷന്റെ ശിപാർശയനുസരിച്ച് വായ്പ അനുവദിക്കുന്ന ഭിന്നശേഷിക്കാർക്ക് പരമാവധി 1,00,000/- രൂപ വരെ ബാക്ക് എൻഡ് സബ്സിഡി നൽകിവരുന്നു. ഈ ഇനത്തിൽ 79 പേർക്ക് ആകെ 19.24 ലക്ഷം രൂപ അനുവദിച്ചുനൽകി.

4. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ചുരുങ്ങിയത് 5 പേരെങ്കിലും ഭിന്നശേഷിക്കാരായവരാൽ പ്രവർത്തിക്കപ്പെടുന്നവരുടെ സ്വയംസഹായ സംഘങ്ങൾക്ക് അനുയോജ്യമായ പദ്ധതികൾ തെരഞ്ഞെടുക്കാനും അത് ആരംഭിക്കുന്നതിനുമുള്ള സഹായമായി 20,000/- രൂപ വീതം 3 സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചു.

5. 40 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിത്വമുള്ള ലോട്ടറി ഏജന്റുമാർക്ക് സാമ്പത്തിക സഹായം 5000/- രൂപ വീതം അർഹരായ 726 പേർക്ക് 36.275 ലക്ഷം രൂപ അനുവദിച്ചു.

6. സെക്യൂരിറ്റി കൊടുത്ത് വായ്പയെടുത്ത് സ്വയംതൊഴിൽ ചെയ്യാൻ സാധിക്കാത്തവർക്ക് സ്വയംതൊഴിലിന് 25,000/- രൂപ സാമ്പത്തിക

സഹായം നൽകുന്ന പദ്ധതി പ്രകാരം 163 പേർക്ക് 40.75 ലക്ഷം രൂപ അനുവദിച്ചുനൽകി.

7. എൻ.എച്ച്.എഫ്.ഡി.സി. വായ്പാപദ്ധതി പ്രകാരം 1759 പേർക്ക് 2658 ലക്ഷം രൂപ സ്വയംതൊഴിൽ, വിദ്യാഭ്യാസ/വാഹന വായ്പ, കുറഞ്ഞ പലിശ നിരക്കിൽ വിതരണം ചെയ്തു. ടി പദ്ധതി പ്രകാരം വായ്പയെടുത്ത ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട 131 പേർക്ക് വായ്പാ സബ്സിഡിയായി 67.55 ലക്ഷം രൂപ അനുവദിച്ചുനൽകി.

8. എസ്.എസ്.എൽ.സി., പ്ലസ്ടുവിന് ബി ഗ്രേഡോ അതിനുമുകളിലോ വിജയം നേടിയ വിദ്യാർത്ഥികൾക്ക് പ്രൊഫിഷ്യൻസി അവാർഡ് 5000/- രൂപ വീതം 1190 പേർക്ക് 59.50 ലക്ഷം രൂപ അനുവദിച്ചു.

9. തീവ്രവും അതിതീവ്രവുമായ ഭിന്നശേഷിക്കാരായ 12 വയസ്സിന് താഴെയുള്ള കുട്ടികളുടെ പേരിൽ 20,000/- രൂപ വീതം 783 പേർക്ക് 156.60 ലക്ഷം രൂപ സ്ഥിരനിക്ഷേപം നടത്തി.

10. പാറശ്ശാലയിൽ പ്രവർത്തിക്കുന്ന ഭിന്നശേഷിക്കാരായ വയോജനങ്ങൾക്കുവേണ്ടിയുള്ള "സാഫല്യം" വൃദ്ധസദന പരിപാലനത്തിന് 24,00,000/- രൂപ നൽകി.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യക്തിഗത സാമ്പത്തിക സഹായം നൽകുന്ന ഓരോ പദ്ധതിയിലൂടെയും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയ തുക സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന ഭിന്നശേഷിക്കാരായ വ്യക്തികളുടെ ക്ഷേമത്തിനായി നടപ്പാക്കിവരുന്ന വിവിധ പദ്ധതികളിലൂടെ ഗുണഭോക്താക്കൾക്ക് താഴെപ്പറയുന്നതിൻ പ്രകാരം സഹായം ലഭ്യമാക്കിയിട്ടുണ്ട്.

1. ഭിന്നശേഷിക്കാർക്കുള്ള സഹായ ഉപകരണങ്ങൾ വിതരണം - 1855 പേർക്ക് 356.68 ലക്ഷം രൂപ ചെലവഴിച്ചു.

2. സ്വന്തമായി സൈഡ് വീൽ സ്കൂട്ടർ വാങ്ങിയ 61 പേർക്ക് സൈഡ് വീൽ ഘടിപ്പിക്കുന്നതിന് 9.07 ലക്ഷം രൂപ സബ്സിഡിയായി വിതരണം ചെയ്തു.

3. ദേശസാത്കൃത ബാങ്കുകളിൽനിന്ന് കോർപ്പറേഷന്റെ ശിപാർശയനുസരിച്ച് വായ്പ അനുവദിക്കുന്ന ഭിന്നശേഷിക്കാർക്ക് പരമാവധി 1,00,000/- രൂപ വരെ ബാക്ക് എൻഡ് സബ്സിഡി നൽകിവരുന്നു. ഈ ഇനത്തിൽ 79 പേർക്ക് ആകെ 19. 24 ലക്ഷം രൂപ അനുവദിച്ചുനൽകി.

4. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ചുരുങ്ങിയത് 5 പേരെങ്കിലും ഭിന്നശേഷിക്കാരായവരാൽ പ്രവർത്തിക്കപ്പെടുന്നവരുടെ സ്വയംസഹായ സംഘങ്ങൾക്ക് അനുയോജ്യമായ പദ്ധതികൾ തെരഞ്ഞെടുക്കാനും അത് ആരംഭിക്കുന്നതിനുമുള്ള സഹായമായി 20,000/- രൂപ വീതം 3 സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചു.

5. 40 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിത്വമുള്ള ലോട്ടറി ഏജന്റുമാർക്ക് സാമ്പത്തിക സഹായം 5000/- രൂപ വീതം അർഹരായ 726 പേർക്ക് 36.275 ലക്ഷം രൂപ അനുവദിച്ചു.

6. സെക്യൂരിറ്റി കൊടുത്ത് വായ്പയെടുത്ത് സ്വയംതൊഴിൽ ചെയ്യാൻ സാധിക്കാത്തവർക്ക് സ്വയംതൊഴിലിന് 25,000/- രൂപ സാമ്പത്തിക സഹായം നൽകുന്ന പദ്ധതി പ്രകാരം 163 പേർക്ക് 40.75 ലക്ഷം രൂപ അനുവദിച്ചുനൽകി.

7. എൻ.എച്ച്.എഫ്.ഡി.സി. വായ്പാപദ്ധതി പ്രകാരം 1759 പേർക്ക് 2658 ലക്ഷം രൂപ സ്വയംതൊഴിൽ, വിദ്യാഭ്യാസ/വാഹന വായ്പ എന്നിവ കുറഞ്ഞ പലിശ നിരക്കിൽ വിതരണം ചെയ്തു. ടി പദ്ധതി പ്രകാരം വായ്പയെടുത്ത ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട 131 പേർക്ക് വായ്പാ സബ്സിഡിയായി 67.55 ലക്ഷം രൂപ അനുവദിച്ചുനൽകി.

8. എസ്.എസ്.എൽ.സി., പ്ലസ്ടുവിന് ബി ഗ്രേഡോ അതിനുമുകളിലോ വിജയം നേടിയ വിദ്യർത്ഥികൾക്ക് പ്രൊഫിഷ്യൻസി അവാർഡ് 5000/- രൂപ വീതം 1190 പേർക്ക് 59.50 ലക്ഷം രൂപ അനുവദിച്ചു.

9. തീവ്രവും അതിതീവ്രവുമായ ഭിന്നശേഷിക്കാരായ 12 വയസ്സിന് താഴെയുള്ള കുട്ടികളുടെ പേരിൽ 20,000/- രൂപ വീതം 783 പേർക്ക് 156.60 ലക്ഷം രൂപ സ്ഥിര നിക്ഷേപം നടത്തി.

10. പാറശ്ശാലയിൽ പ്രവർത്തിക്കുന്ന ഭിന്നശേഷിക്കാരായ വയോജനങ്ങൾക്ക് വേണ്ടിയുള്ള "സാഫല്യം" വൃദ്ധസദന പരിപാലനത്തിന് 24,00,000/- രൂപ നൽകി.

മേൽപ്പറഞ്ഞവ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് നൽകുന്ന ധനസഹായങ്ങൾക്ക് പുറമേ സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖേന ഭിന്നശേഷിക്കാരായ വ്യക്തികൾക്കുവേണ്ടി നടപ്പാക്കുന്ന വ്യക്തിഗത സാമ്പത്തിക സഹായപദ്ധതികളുടെയും ലഭ്യമാക്കിയ സാമ്പത്തിക സഹായങ്ങളുടെയും വിശദാംശം അനുബന്ധം II ആയി+ ചേർത്തിട്ടുണ്ട്.

**പരീക്ഷാ നടത്തിപ്പും സർട്ടിഫിക്കറ്റ് വിതരണവും കുറ്റമറ്റതാക്കാൻ നടപടി**

15 (*135) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. അബ്ദുൽ ഹമീദ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) വിവിധ സർവകലാശാലകളിൽ ബിരുദ സർട്ടിഫിക്കറ്റുകൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിൽ വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

മഹാത്മാഗാന്ധി സർവകലാശാലയിൽ ബിരുദ സർട്ടിഫിക്കറ്റ് ഫോർമാറ്റുകൾ സൂക്ഷിക്കുന്നതിൽ വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ട്. പ്രാഥമിക അന്വേഷണ റിപ്പോർട്ടുപ്രകാരം 54 ഡിഗ്രി സർട്ടിഫിക്കറ്റ് ഫോർമാറ്റുകൾ നഷ്ടപ്പെട്ടിട്ടുണ്ട്. നഷ്ടപ്പെട്ട 54 ഡിഗ്രി സർട്ടിഫിക്കറ്റ് ഫോർമാറ്റുകളുടെയും ക്രമ നമ്പറുകൾ Void ആണെന്ന് സ്ഥിരീകരിച്ചുകൊണ്ട് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയത്തിൽ കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

മഹാത്മാഗാന്ധി സർവകലാശാലയിൽ 54 ഡിഗ്രി സർട്ടിഫിക്കറ്റ് ഫോർമാറ്റുകൾ നഷ്ടപ്പെട്ട സംഭവത്തിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയ 2 ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സർവീസിൽനിന്നും സസ്പെന്റ്

ചെയ്തിരുന്നു. പ്രസ്തുത വിഷയത്തിൽ സർവകലാശാല വകുപ്പുതല അന്വേഷണവും പോലീസ് അന്വേഷണവും നടന്നുവരുന്നു.

(സി) സർവകലാശാലകളുടെ പരീക്ഷാ നടത്തിപ്പും സർട്ടിഫിക്കറ്റ് വിതരണവും കുറ്റമറ്റ രീതിയിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സർവകലാശാലകളുടെ പരീക്ഷാ നടത്തിപ്പും സർട്ടിഫിക്കറ്റ് വിതരണവും കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സർവകലാശാലകളിൽ താഴെപ്പറയും പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു.

**<u>കേരള സർവകലാശാല</u>**

സർവകലാശാലകളുടെ പരീക്ഷ നടത്തിപ്പും സർട്ടിഫിക്കറ്റ് വിതരണവും കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻവേണ്ടി കുട്ടികളുടെ രജിസ്ട്രേഷൻ മുതൽ പ്രൊവിഷണൽ സർട്ടിഫിക്കറ്റ് വിതരണം വരെ ഓൺലൈനിൽ ലഭ്യമാക്കുന്ന രീതിയിൽ Student Life Cycle Management (SLCM) Software develop ചെയ്തുവരികയാണ്.

**മഹാത്മാഗാന്ധി സർവകലാശാല**

സർവകലാശാലയുടെ പരീക്ഷാ കലണ്ടറിലെ സമയക്രമം പാലിച്ചുകൊണ്ടുതന്നെയാണ് പരീക്ഷകൾ നടത്തുന്നതും ഫലം പ്രഖ്യാപിക്കുന്നതും. നൂതന മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ടാണ് പരീക്ഷകൾ നടത്തുന്നത്. ചോദ്യപേപ്പർ പരീക്ഷാ കേന്ദ്രങ്ങളിലെത്തിക്കുന്നതിന് Online Question Paper Streaming നടപ്പാക്കി. പരീക്ഷകൾ പൂർത്തിയാകുന്ന മുറയ്ക്കുതന്നെ ഉത്തരക്കടലാസുകൾ പരീക്ഷാകേന്ദ്രങ്ങളിൽനിന്ന് ശേഖരിച്ച് മൂല്യനിർണ്ണയത്തിനായി തയ്യാറാക്കി Zonal ക്യാമ്പുകൾ വഴി മൂല്യകർത്താക്കൾക്ക് വിതരണം ചെയ്യുന്നതിനും സമയബന്ധിതമായി മൂല്യനിർണ്ണയം പൂർത്തിയാക്കിയ ഉത്തരക്കടലാസുകൾ Zonal Camps വഴി ശേഖരിച്ച് സർവകലാശാലയുടെ Data Centre-ൽ ടാബുലേഷൻ പൂർത്തിയാക്കി സാങ്കേതിക വിഭാഗത്തിന്റെ സഹായത്തോടെ ടാബുലേഷൻ വിഭാഗം പരീക്ഷാഫലം തയ്യാറാക്കുന്നു. ഇത്തരത്തിൽ പരീക്ഷാ നടത്തിപ്പിലും ഫലപ്രഖ്യാപനത്തിലും സമയക്രമം പാലിക്കാൻ കഴിയുന്നു. ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റുകൾ, ട്രാൻസ്ക്രിപ്റ്റുകൾ

എന്നിവയ്ക്ക് അപേക്ഷിക്കുന്നതിന് വിദ്യാർത്ഥികൾ സർവകലാശാലയിൽ നേരിട്ടെത്താതെ ഓൺലൈനായി തന്നെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം 2020 മുതൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി അപേക്ഷകർക്ക്/അപേക്ഷയിൽ പരാമർശിക്കുന്ന വിലാസത്തിലേയ്ക്ക് അയച്ച് നൽകാറുമുണ്ട്. 2017 അഡ്മിഷൻ മുതൽ ബിരുദ സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ സംവിധാനം വഴിയാണ് നൽകുന്നത്. ഫാസ്റ്റ്ട്രാക്ക് ആയി ലഭിക്കുന്ന ഡിഗ്രി സർട്ടിഫിക്കറ്റ് അപേക്ഷകൾ നിശ്ചിത സമയപരിധിയായ 20 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ തന്നെ തയ്യാറാക്കി ലഭ്യമാക്കുന്നതിന് ശ്രമിക്കാറുണ്ട്. കൂടാതെ, അപേക്ഷയിലേയും മറ്റും ന്യൂനതകൾ മൂലം പ്രോസസ്സ് ചെയ്യാൻ സാധിക്കാതിരുന്ന ഡിഗ്രി സർട്ടിഫിക്കറ്റ് അപേക്ഷകൾ തീർപ്പാക്കുന്നതിനായി സ്പെഷ്യൽ ഡ്രൈവുകളും നിലവിൽ സർവകലാശാല നടത്തിയിട്ടുണ്ട്. ന്യൂനതകളില്ലാത്ത അപേക്ഷകൾ പ്രോസസ് ചെയ്ത് ബിരുദ സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് കാലതാമസമുണ്ടാകാറില്ല.

**കാലിക്കറ്റ് സർവകലാശാല**

പരീക്ഷാ രജിസ്ട്രേഷൻ, സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷകൾ എന്നിവ ഓൺലൈൻ മുഖേനയാക്കി മാറ്റുകയും ബാർകോഡ് അധിഷ്ഠിത പരീക്ഷാ സംവിധാനം ഫലപ്രദമായി നടപ്പാക്കിവരികയും ചെയ്യുന്നു.

**കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാല**

കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ അക്കാദമിക് പരീക്ഷാ കലണ്ടർ നിലവിലുണ്ട്. എക്സാം പ്രൊപ്പോസലുകൾ സർവകലാശാലയ്ക്ക് സമർപ്പിക്കാനുള്ള സമയപരിധി, ഇന്റേണലുകൾ, ഹാജർ സ്റ്റേറ്റ്മെന്റ് കൂടാതെ പരീക്ഷകൾ ആരംഭിക്കുന്നതിനെക്കുറിച്ചുള്ള വിശദാംശങ്ങൾ, ഫലം പ്രസിദ്ധീകരിക്കുന്നതിനുള്ള തീയതി മുതലായവ അടങ്ങുന്ന ഈ കലണ്ടർ എല്ലാ വർഷവും പ്രസിദ്ധീകരിക്കാറുണ്ട്. സർവകലാശാല പരീക്ഷകളും തുടർന്നുള്ള മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും പരീക്ഷാ കലണ്ടറിന്റെ അടിസ്ഥാനത്തിൽ നടന്നുവരുന്നു. നിലവിൽ സർവകലാശാലയിൽ മാർക്ക് ലിസ്റ്റ് വിതരണമടക്കമുള്ള എല്ലാ സേവനങ്ങളും കുറ്റമറ്റതും പൂർണ്ണവും സുതാര്യവുമാണ്. സർവകലാശാലയിൽ മാർക്ക് ലിസ്റ്റുകൾ, ഡിഗ്രി സർട്ടിഫിക്കറ്റുകൾ എന്നിവ സമയബന്ധിതമായി

നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റിസൾട്ട് പ്രസിദ്ധീകരിച്ച് രണ്ട് ആഴ്ചക്കുള്ളിൽ മാർക്ക് ലിസ്റ്റുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കണമെന്ന് ബന്ധപ്പെട്ട സെക്ഷനുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ ഡിഗ്രി സർട്ടിഫിക്കറ്റുകൾ റിസൾട്ട് പ്രസിദ്ധീകരിച്ച് പരമാവധി രണ്ട് മാസത്തിനുള്ളിൽ വിദ്യാർത്ഥികൾക്ക് നൽകാറുമുണ്ട്.

**<u>കണ്ണൂർ സർവകലാശാല</u>**

സർവകലാശാല പരീക്ഷാ നടത്തിപ്പ് കുറ്റമറ്റ രീതിയിൽ നടത്തുന്നതിനായി പാസ്‌വേഡ് പരിരക്ഷിത ചോദ്യപേപ്പറുകൾ പരീക്ഷാ ദിവസം പരീക്ഷ ആരംഭിക്കുന്നതിന് 2 മണിക്കൂർ മുമ്പ് കോളേജ് പ്രിൻസിപ്പലിന്റെ/പഠനവകുപ്പ് മേധാവിയുടെ രജിസ്റ്റർ ചെയ്ത ഇ-മെയിൽ ഐഡിയിലേയ്ക്ക് എൻക്രിപ്റ്റഡ് ഫോർമാറ്റിൽ ഇ-മെയിൽ വഴി കൈമാറിയാണ് പരീക്ഷ നടത്തുന്നത്. ഡിഗ്രി സർട്ടിഫിക്കറ്റ് വിതരണം കുറ്റമറ്റതാക്കുന്നതിലേയ്ക്കായി ഹോളോഗ്രാം പതിച്ച സർട്ടിഫിക്കറ്റുകളാണ് നൽകിവരുന്നത്.

**<u>തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല</u>**

ഒറിജിനൽ സർട്ടിഫിക്കറ്റുകൾ ക്യൂ.ആർ. കോഡ് നൽകുന്നതിന് തീരുമാനമെടുക്കുകയും സർട്ടിഫിക്കറ്റ് വിതരണം വേഗത്തിലാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

**എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി**

സി-ഡിറ്റ് ലഭ്യമാക്കുന്ന ഡിഗ്രി സർട്ടിഫിക്കറ്റ് കാർഡ് സീരിയൽ നമ്പർ ക്രമത്തിൽ പ്രിന്റ് ചെയ്തിട്ടുള്ളതാണ്. പ്രസ്തുത സർട്ടിഫിക്കറ്റ് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ സർവകലാശാലയിൽനിന്നും വിദ്യാർത്ഥികൾക്ക് നൽകുന്ന സർട്ടിഫിക്കറ്റുകളുടെ സീരിയൽ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ e-Governance പോർട്ടലിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഏതെങ്കിലും കാരണവശാൽ ക്യാൻസൽ ചെയ്യപ്പെടുന്ന സർട്ടിഫിക്കറ്റുകൾ അതിനായി സൂക്ഷിക്കുന്ന പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സീൽ ചെയ്ത് സൂക്ഷിക്കുന്നു. ഇതുകൂടാതെ ഡിഗ്രി സർട്ടിഫിക്കറ്റുകൾ എൻ.എ.ഡി. ഡിജിലോക്കറിൽ ലഭ്യമാക്കുന്നതിനായി സർവകലാശാലയുടെ e-governance പോർട്ടൽ സംവിധാനം NAD ഡിജിലോക്കറുമായി API-അപ്ലിക്കേഷൻ പ്രോഗ്രാം

ഇന്റർഫേസ് മുഖാന്തരം ബന്ധിപ്പിച്ചിരിക്കുകയാണ്. ഡിസ്പാച്ച് ചെയ്യപ്പെട്ടിട്ടുള്ള എല്ലാ സർട്ടിഫിക്കറ്റുകളും ജീവനക്കാരുടെ ഇടപെടൽ ഇല്ലാതെ തന്നെ വിദ്യാർത്ഥിയുടെ NAD ഡിജിലോക്കർ അക്കൗണ്ടിൽ ഓട്ടോമാറ്റിക്കായി ലഭ്യമാകുന്നു.

**എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ്**

16(*136) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. അൻവർ സാദത്ത്:
ശ്രീമതി കെ. കെ. രമ:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ മോട്ടോർ വാഹന വകുപ്പ് കെൽട്രോണിനെ തെരഞ്ഞെടുക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

മോട്ടോർ വാഹന വകുപ്പിൽ മെക്കാനിക്കൽ/ഓട്ടോമൊബൈൽ എഞ്ചിനീയർമാരാണുള്ളത്. എന്നാൽ സങ്കീർണ്ണമായ ഈ പദ്ധതിയിൽ നിർമ്മിത ബുദ്ധിപോലുള്ള ആധുനിക സങ്കേതങ്ങളാണ് ഉപയോഗിക്കുന്നത്.

ക്യാമറകൾ സ്ഥാപിക്കുന്നതിനൊപ്പം ഈ സംവിധാനമാകെ ഡിസൈൻ ചെയ്യുകയും കരാർ കാലയളവിൽ കൃത്യമായി പരിപാലിക്കുകയും ചെയ്യേണ്ടതുണ്ട്. ഈ സാഹചര്യത്തിലാണ് സർക്കാരിന്റെ കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമായതിനാലും പദ്ധതി നിർവ്വഹണങ്ങൾക്കായി സർക്കാർ അംഗീകരിച്ചിട്ടുള്ള ഏജൻസി ആയതിനാലും ക്യാമറ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിലും പരിപാലിക്കുന്നതിലും വർഷങ്ങളുടെ പരിചയമുള്ളതിനാലും എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാനും പദ്ധതി നടപ്പാക്കാനും കെൽട്രോണിനെ തെരഞ്ഞെടുത്തത്.

(ബി) പ്രസ്തുത പദ്ധതിക്കായി കെൽട്രോൺ തയ്യാറാക്കിയ എസ്റ്റിമേറ്റ് വകുപ്പ് പരിശോധിച്ചിരുന്നോയെന്നും ഇതിനായി വിദഗ്ധ സമിതിയെ നിയോഗിച്ചിരുന്നോയെന്നും അറിയിക്കുമോ; വിശദാംശം നൽകാമോ?

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ അദ്ധ്യക്ഷനായ മോട്ടോർ വാഹന വകുപ്പിന്റെ വകുപ്പുതല ടെക്നിക്കൽ കമ്മിറ്റി 22-10-2019 തീയതി യോഗം ചേർന്ന് പ്രസ്തുത എ.ഐ. ക്യാമറ പദ്ധതിക്കുവേണ്ടി കെൽട്രോൺ സമർപ്പിച്ച പ്രൊപ്പോസൽ വിശകലനം ചെയ്യുകയും പ്രസ്തുത പ്രൊപ്പോസൽ മോട്ടോർ

വാഹന വകുപ്പിന് അനുയോജ്യമാണെന്ന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുകയും ചെയ്തിരുന്നു. പിന്നീട് 28-12-2019-ൽ ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല ടെക്നിക്കൽ കമ്മിറ്റി പ്രസ്തുത പ്രൊപ്പോസൽ വിലയിരുത്തുകയും അംഗീകരിക്കുകയുമുണ്ടായി.

(സി) എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കെൽട്രോണിന് മുൻപരിചയമുണ്ടോയെന്ന് വകുപ്പ് അന്വേഷിച്ചിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ?

04-07-2019-ലെ സർക്കാർ ഉത്തരവ് നമ്പർ G.O(P)No.77/2019/Fin പ്രകാരം കെൽട്രോൺ ഐ.ടി. സംബന്ധമായ സേവനങ്ങൾ നൽകുന്നതിനുള്ള സർക്കാരിന്റെ “accredited” ഏജൻസിയായതിനാലും കെൽട്രോണിന് മോട്ടോർ വാഹന വകുപ്പിലും പോലീസിലും നിരവധി ക്യാമറ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയതിന്റെ മുൻപരിചയമുള്ളതുകൊണ്ടുമാണ് കെൽട്രോൺ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ അംഗീകരിച്ചത്.

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതിന് കെൽട്രോൺ തയ്യാറാക്കിയ എസ്റ്റിമേറ്റ് മാർക്കറ്റ് നിരക്കുമായി താരതമ്യം ചെയ്തിരുന്നോ; വിശദമാക്കാമോ?

എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക വൈദഗ്ധ്യം മോട്ടോർ വാഹന വകുപ്പിന് ഇല്ലാത്തതിനാലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഐ.ടി. സംബന്ധമായ സേവനങ്ങൾ നൽകുന്ന സർക്കാരിന്റെ "accredited agency" ആയ കെൽട്രോണിനെ ഏൽപ്പിച്ചിട്ടുള്ളത്. കെൽട്രോൺ, ദേശീയ-സംസ്ഥാന തലങ്ങളിൽ പത്രങ്ങളിൽ പരസ്യം കൊടുത്ത്, സംസ്ഥാന സർക്കാർ അംഗീകരിച്ച ഇ-ടെണ്ടർ പ്ലാറ്റ്ഫോം മുഖേനയാണ് ടെണ്ടർ വിളിച്ചിട്ടുള്ളത്. തുടർന്ന് പദ്ധതി നടത്തിപ്പിന് വർക്ക് ഓർഡർ കൊടുക്കുമ്പോഴോ 2022 മുതൽ പദ്ധതി നടപ്പാക്കിയപ്പോഴോ റേറ്റ് കൂടുതലാണെന്ന വാദം ആരും ഉയർത്തിയിരുന്നില്ല. കൂടാതെ ഈ പദ്ധതിയിൽ പണം മുൻകൂറായി കെൽട്രോണിന് നൽകിയിട്ടില്ല. ക്യാമറകളും അനുബന്ധ സംവിധാനങ്ങളും സ്ഥാപിക്കൽ, കൺട്രോൾ റൂമുകൾ സ്ഥാപിക്കൽ, ഇവയുടെ പരിപാലനം, വാഹനങ്ങളിൽ ക്യാമറ സ്ഥാപിച്ച്

അവ പ്രവർത്തിപ്പിച്ച് ഡീസൽ ചെലവ് ഉൾപ്പെടെയുള്ള വാഹന പരിപാലന നിർവ്വഹിക്കൽ, പദ്ധതി നടപ്പാക്കാൻ ആവശ്യമായ 146 പേരുടെ സാങ്കേതിക സേവനം, പദ്ധതിയുടെ അഞ്ച് വർഷത്തെ പരിപാലനം, chellan അയയ്ക്കുന്നതിന്റെ ചെലവ്, ഇന്റർനെറ്റ്, വൈദ്യുതി ചാർജ്ജ് തുടങ്ങി നിരവധി ഘടകങ്ങൾ അടങ്ങിയത് പരിഗണിച്ച് ഒരു ടോട്ടൽ പാക്കേജ് ആയാണ് കെൽട്രോണിന് പദ്ധതി നടപ്പാക്കാനും പരിപാലിക്കാനുമുള്ള ചുമതല കൊടുത്തിരിക്കുന്നത്.

**സർക്കാർ കോളേജുകളിലെ പ്രിൻസിപ്പൽ നിയമനം**

17(*137) ശ്രീ. പി. കെ. ബഷീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജുകളിലെ പ്രിൻസിപ്പൽ നിയമനത്തിനായി വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി അംഗീകരിച്ച ലിസ്റ്റിൽനിന്നും നിയമനം നൽകാൻ ഉത്തരവ് നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ?

വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി സമർപ്പിച്ച ലിസ്റ്റിൽ ഉൾപ്പെട്ട 43 പേരിൽ വിരമിച്ച 5 പേരെയും താൽക്കാലികമായി പ്രിൻസിപ്പൽ പ്രൊമോഷനിൽനിന്നും ഒഴിവാക്കണമെന്ന് അപേക്ഷിച്ച 2 പേരെയും ഒഴിവാക്കി 23-8-2023-ലെ സ.ഉ.(സാധാ) നം.1320/2023/ഉ.വി.വ എന്ന ഉത്തരവുപ്രകാരം 36 അധ്യാപകർക്ക് താൽക്കാലിക പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പട്ടികയിൽ ഉൾപ്പെടാത്തവരുടെ പരാതി കേൾക്കുന്നതിന് അപ്പീൽ കമ്മിറ്റി രൂപീകരിക്കാൻ നിർദേശിച്ചത് യു.ജി.സി. വ്യവസ്ഥകൾക്ക് അനുസൃതമായിട്ട് ആയിരുന്നോയെന്ന് അറിയിക്കാമോ?

സർക്കാർ കോളേജുകളിലെ പ്രിൻസിപ്പൽ നിയമനത്തിനായി വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി സമർപ്പിച്ച ലിസ്റ്റിൽ

ഉൾപ്പെടാത്തതിനെക്കുറിച്ച് പരാതികൾ സമർപ്പിക്കപ്പെട്ടിരുന്നില്ല. വകുപ്പുതല പ്രൊമോഷൻ കമ്മിറ്റിക്ക് മുന്നോടിയായി ചേർന്ന സെലക്ഷൻ കമ്മിറ്റി യോഗ്യരെന്ന് കണ്ടെത്തിയ തങ്ങളെ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് അന്യായമായി ഒഴിവാക്കിയെന്ന വിധത്തിൽ നിരവധി അധ്യാപകരിൽനിന്നും പരാതികൾ ലഭ്യമായി. പ്രസ്തുത പരാതികളിൽ കഴമ്പുണ്ടെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടതിനെ തുടർന്ന് പരാതികൾ പരിശോധിക്കുന്നതിന് 27-05-2023-ലെ സ.ഉ (സാധാ)നം.743/2023/ ഉ.വി.വ പ്രകാരം ഒരു സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. യു.ജി.സി. റഗുലേഷൻസിന് അനുസൃതമായ ഘടനയിൽ തന്നെയാണ് പ്രസ്തുത കമ്മിറ്റി രൂപീകരിച്ചത്.

(സി) 2018 മുതൽ മുടങ്ങിക്കിടക്കുന്ന കോളേജ് പ്രിൻസിപ്പൽ നിയമനം പുനരാരംഭിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

23-08-2023-ലെ സ.ഉ.(സാധാ)നം.1320/2023/ഉ.വി.വ എന്ന ഉത്തരവുപ്രകാരം 36 അദ്ധ്യാപകർക്ക് സർക്കാർ ആർട്സ് ആൻഡ് സയൻസ്

കോളേജുകളിലെ പ്രിൻസിപ്പൽ തസ്തികയിലേയ്ക്ക് താൽക്കാലിക പ്രൊമോഷൻ നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതിയ സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് യു.ജി.സി. ചട്ടങ്ങളുടെ അടിസ്ഥാനത്തിലുള്ള പ്രിൻസിപ്പൽ നിയമനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കായിക നയം

18(*138) ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. എം. നൗഷാദ്:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സമഗ്ര കായിക വികസനം സാധ്യമാക്കുന്നതിന്റെ ഭാഗമായി കായിക നയത്തിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ കായിക മേഖലയ്ക്ക് പുതിയ ദിശാബോധം നൽകുന്നതിന് പ്രസ്തുത നയം എത്രത്തോളം സഹായകമാണെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. കേരള കായികനയം 2023 സംസ്ഥാനത്തെ കായികമേഖലയെ സമഗ്രമായി പുനർനിർവചിക്കാനും കേരള സ്പോർട്സിന്റെ അതിവേഗ വളർച്ചയ്ക്കായി രൂപവൽക്കരിച്ച വിഷൻ 2033-ൽ നിർവചിച്ചിരിക്കുന്ന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനുള്ള ഒരു റോഡ് മാപ്പായി പ്രവർത്തിക്കാനും കഴിയുന്ന രീതിയിൽ രൂപാന്തരപ്പെടുത്തിയിട്ടുള്ളതാണ്. കായിക പ്രതിഭകളെ കണ്ടെത്തുന്നതിലും അവരെ പരിപോഷിപ്പിക്കുന്നതിലും ദേശീയ-അന്തർദേശീയതലത്തിൽ കായികമികവ് ഉറപ്പാക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതോടൊപ്പം എല്ലാവർക്കും സ്പോർട്സ് എന്നതിന് ഈ കായികനയത്തിൽ ഊന്നൽ നൽകിയിട്ടുണ്ട്. ഉയർന്നുവരുന്ന പുതിയ സാങ്കേതികവിദ്യകളും ആധുനിക മാനേജ്മെന്റ് രീതികളും ഉപയോഗപ്പെടുത്തുക വഴി സംസ്ഥാനത്തിന് കൈമോശം വന്നുപോയ മികവും നേതൃസ്ഥാനവും തിരിച്ചുപിടിക്കുന്നതിന് ടി നയം മുഖ്യപരിഗണന നൽകുന്നു. കായികപ്രവർത്തനം ഒരു ജനകീയ പ്രവർത്തനമായി പരിഗണിക്കുന്ന സ്ഥിതിവിശേഷം സൃഷ്ടിക്കുക; ആരോഗ്യം, വിദ്യാഭ്യാസം, വിനോദസഞ്ചാരം, സാംസ്കാരികം തുടങ്ങി നിരവധി മേഖലകളെ സ്വാധീനിക്കുന്നതിന്

കഴിയുംവിധം കായികരംഗത്തിന്റെ ബഹുമുഖശേഷി പ്രയോജനപ്പെടുത്തുക; അതുകൂടി ഉപയോഗിച്ചുകൊണ്ട് വലിയ തോതിലുള്ള നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി കായികവ്യവസായത്തിന് ഉറച്ച അടിത്തറ സൃഷ്ടിക്കുക എന്നിവ ടി നയത്തിന്റെ ഭാഗമാണ്. അന്തർദേശീയ തലത്തിലെ കായിക മികവ്, അഴിമതി രഹിതമായ കായിക മേഖല, ശക്തമായ കായിക വിനോദ മേഖല, ഊർജ്ജസ്വലമായ കായികസംസ്കാരം എന്നിവ ലക്ഷ്യംവയ്ക്കുന്ന കായിക നയം സംസ്ഥാനത്തെ കായിക മേഖലയ്ക്ക് പുതിയ ദിശാബോധം നൽകുന്നതാണ്. മാതൃകാപരവും ശക്തവുമായ ഒരു കായിക സംസ്കാരത്തിന്റെ അടിത്തറ പാകുന്നതിനായി അടിസ്ഥാന സൗകര്യ വികസനം, കായിക വിദ്യാഭ്യാസം, ശാസ്ത്രീയ പിന്തുണ, പ്രതിഭകളെ കണ്ടെത്തൽ, തന്ത്രപരമായ ആസൂത്രണം, മികച്ച ഭരണം എന്നീ അടിസ്ഥാന തത്വങ്ങളെ ആധാരമാക്കിയുള്ള കാഴ്ചപ്പാടാണ് നയം മുന്നോട്ടുവയ്ക്കുന്നത്.

(ബി) എല്ലാവർക്കും സ്പോർട്സ്, സ്കൂൾതലം മുതലുള്ള കായിക വികസനം, വിദഗ്ധ പരിശീലനത്തിലൂടെ ഉന്നതനിലവാരമുള്ള കായിക

താരങ്ങളെ വളർത്തിയെടുക്കൽ എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് കായിക നയം വിഭാവന ചെയ്യുന്നുണ്ടോ?

ഉണ്ട്. എല്ലാവർക്കും സ്പോർട്സ്, സ്കൂൾതലം മുതലുള്ള കായിക വികസനം, വിദഗ്ദ്ധ പരിശീലനത്തിലൂടെ ഉന്നതനിലവാരമുള്ള കായിക താരങ്ങളെ വളർത്തിയെടുക്കൽ എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് കായിക നയം വിഭാവന ചെയ്യുന്നുണ്ട്. കായികം എല്ലാവർക്കും, കായികരംഗത്തെ മികവ് എന്നീ അടിസ്ഥാനപ്രമേയങ്ങളിൽ നിന്നുമാണ് കായിക നയം വികസിക്കുന്നത്. അതിന്റെ ചട്ടക്കൂടിൽനിന്നുകൊണ്ട് കൂടുതൽ വിപുലമായ പദ്ധതികളും പരിപാടികളും തയ്യാറാക്കുന്നു. ഈ നയം മുന്നോട്ടുവയ്ക്കുന്ന സവിശേഷമായ നിർദ്ദേശം കായിക ശാരീരിക ക്ഷമതാ പ്രവർത്തനങ്ങൾ ഓരോ പൗരന്റെയും അവകാശമാക്കുക എന്നതാണ്. ഓരോ വ്യക്തിക്കും കായിക സൗകര്യങ്ങൾ ഉറപ്പാക്കാൻ നയം ശ്രമിക്കുന്നു. എല്ലാ പ്രായത്തിലുള്ളവരെയും ശാരീരികക്ഷമത പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പ്രോത്സാഹിപ്പിക്കുന്നതിനായി ആരോഗ്യം, പൊതുവിദ്യാഭ്യാസം, തദ്ദേശം, ഉന്നതവിദ്യാഭ്യാസം, കായികം എന്നീ

വകുപ്പുകളെ ഏകോപിപ്പിച്ച് വിപുലമായ ഫിസിക്കൽ ഫിറ്റ്നസ് ക്യാമ്പ് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ നടപ്പിലാക്കും. സ്പോർട്സിനെ ഒരു പാഠ്യേതര വിഷയമായി ഇനി കണക്കാക്കാനാകില്ല. പാഠ്യപദ്ധതിയിൽ കായികം നിർബന്ധ വിഷയമാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. സ്കൂൾതല സ്പോർട്സിന് പ്രാധാന്യം നൽകുന്നതിനും കേരളത്തിലെ എല്ലാ വിഭാഗം സ്കൂളുകളെയും കായിക വികസന പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുന്നതിനും സ്കൂൾതലം മുതൽ മികച്ച കായിക സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും കായിക നയത്തിൽ ഊന്നൽ നൽകിയിട്ടുണ്ട്.

(സി) സ്പോർട്സ് ഇക്കണോമി മിഷൻ എന്ന കാഴ്ചപ്പാട് കായിക നയത്തിലൂടെ മുന്നോട്ട് വയ്ക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. സംസ്ഥാനത്തെ സമ്പദ് വ്യവസ്ഥയുടെ ഭാഗമായി സ്പോർട്സിനെ അടയാളപ്പെടുത്തുന്നതും സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉൽപ്പാദനത്തിൽ കായിക രംഗത്തിന്റെ പങ്ക് വർദ്ധിപ്പിക്കുന്നതും ലക്ഷ്യമിട്ട് സ്പോർട്സ് ഇക്കണോമി മിഷൻ എന്ന കാഴ്ചപ്പാട് നയത്തിലൂടെ

മുന്നോട്ടുവയ്ക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉൽപ്പാദനത്തിന്റെ ഒരു ശതമാനത്തോളം കായിക മേഖല സംഭാവന ചെയ്യുന്നതായി സെക്കണ്ടറി ഡാറ്റയുടെ അടിസ്ഥാനത്തിൽ കണക്കാക്കിയിട്ടുണ്ട്. നാല് വർഷത്തിനുള്ളിൽ ഇത് ആകെ ഉൽപ്പാദനത്തിന്റെ മൂന്ന്-നാല് ശതമാനത്തിലേയ്ക്ക് വർദ്ധിപ്പിക്കുന്നതിനും സുശക്തമായ ഒരു കായിക സമ്പദ്ഘടന സംസ്ഥാനത്ത് വളർത്തിയെടുക്കുന്നതിനും സ്പോർട്സ് ഇക്കണോമി മിഷൻ ലക്ഷ്യമിടുന്നു.

**സർവകലാശാല യൂണിയൻ തെരഞ്ഞെടുപ്പ്**

19(*139) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും സർവകലാശാല യൂണിയൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ആൾമാറാട്ടം നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് സർവകലാശാല യൂണിയൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ആൾമാറാട്ടം നടത്തിയതായി ഇതുവരെ കണ്ടെത്തിയിട്ടില്ല; എന്നാൽ കേരള സർവകലാശാല യൂണിയൻ തെരഞ്ഞെടുപ്പിന് മുന്നോടിയായി നടന്ന 2022-23-ലെ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കാട്ടാക്കട ക്രിസ്ത്യൻ കോളേജിൽ ആൾമാറാട്ടം നടന്നതായി സർവകലാശാലയ്ക്ക് പരാതി ലഭിച്ചിരുന്നു. തുടർന്ന് നടന്ന അന്വേഷണത്തിൽ, പ്രിൻസിപ്പൽ-ഇൻ-ചാർജ് ആയിരുന്ന Lt. Dr. Shyju G.J. തെരഞ്ഞെടുക്കപ്പെട്ട സർവകലാശാല യൂണിയൻ കൗൺസിലർക്കുപകരം മറ്റൊരാളുടെ പേരുവിവരങ്ങൾ സർവകലാശാലയ്ക്ക് അയച്ചതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) ആൾമാറാട്ടം നടത്തിയവർക്കെതിരെ വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

കാട്ടാക്കട ക്രിസ്ത്യൻ കോളേജിലെ ആൾമാറാട്ടവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു:

i. പ്രിൻസിപ്പൽ ചാർജ്ജിൽ ഇരുന്ന Lt. Dr. Shyju G.J.-യുടെ DDO നിയമനാംഗീകാരം പിൻവലിച്ചു.

ii. ടിയാനെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കണമെന്ന സർവകലാശാലാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോളേജ് മാനേജ്മെന്റ് ഡോ. ഷൈജുവിനെ സർവീസിൽനിന്നും സസ്പെൻഡ് ചെയ്തു.

iii. ഈ വിഷയത്തിൽ അടിയന്തര അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ സംസ്ഥാന പോലീസ് മേധാവിക്ക് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ കേസെടുത്ത് നടപടികൾ സ്വീകരിച്ചുവരുന്നു.

iv. സർവകലാശാല യൂണിയൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സർവകലാശാലയ്ക്കുണ്ടായ നഷ്ടം 1,55,938/- രൂപ കുറ്റക്കാരനിൽനിന്നും ഈടാക്കാൻ തീരുമാനിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

v. സർവകലാശാല അക്കാദമിക സമിതി/സ്ഥാനങ്ങൾ എന്നിവയിൽനിന്നും പരീക്ഷ സംബന്ധിയായ ജോലികളിൽനിന്നും ടിയാനെ അഞ്ച് വർഷത്തേയ്ക്ക് സസ്പെൻഡ് ചെയ്തു.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

എല്ലാ സർവകലാശാലകളിലും സർവകലാശാലാ റഗുലേഷൻസ് പ്രകാരം മതിയായ സൂക്ഷ്മ പരിശോധനകളോടുകൂടിയാണ് തെരഞ്ഞെടുപ്പ് പ്രക്രിയകൾ നടത്തിവരുന്നത്. കേരള സർവകലാശാലയിൽ വിദ്യാർത്ഥികളുടെ വയസ്സും അക്കാദമിക അരിയേഴ്സും ഉൾപ്പെടെയുള്ള എല്ലാ യോഗ്യതകളും അതത് കോളേജ് പ്രിൻസിപ്പൽമാർ നേരിട്ട് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനായി ഒരു സത്യവാങ്മൂലം സർവകലാശാലയിൽ സമർപ്പിക്കുന്നതിന് തീരുമാനിച്ച് നടപ്പാക്കി. കാലിക്കറ്റ് സർവകലാശാലയിൽ ആൾമാറാട്ടം നടത്തുന്നത് തടയുന്നതിനായി സർവകലാശാല യൂണിയൻ കൗൺസിലർമാർക്ക് അതത് കലാലയങ്ങളിലെ പ്രിൻസിപ്പൽ മുഖാന്തരം കാലിക്കറ്റ് സർവകലാശാല വിദ്യാർത്ഥി ക്ഷേമ

വകുപ്പ് സാക്ഷ്യപ്പെടുത്തി മുദ്രവച്ച തിരിച്ചറിയൽ കാർഡുകൾ നൽകുകയും തെരഞ്ഞെടുപ്പ് നിയമാവലി പ്രകാരം സ്ഥാനാർത്ഥികളുടെ സാക്ഷ്യപ്പെടുത്തിയ പ്രതിനിധികൾ തെരഞ്ഞെടുപ്പ് പ്രക്രിയയിൽ ഭാഗഭാക്കാവുകയും ചെയ്തിട്ടുണ്ട്. സർവകലാശാല യൂണിയൻ തെരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച് എ.പി.ജെ. അബ്ദുൾകലാം ശാസ്ത്രസാങ്കേതിക സർവകലാശാല ഇലക്ഷൻ മാന്വൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**മൃഗസംരക്ഷണ മേഖലയിൽ ഡിജിറ്റൽ വിവരശേഖരണം**

20(*140) ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ ഒ. ആർ. കേളു:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യയിലൂടെ കർഷകനേയും ഉരുക്കളേയും കോർത്തിണക്കി ഡിജിറ്റൽ വിവരശേഖരണം നടത്തുന്നതിനായി പ്രത്യേക പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി മൃഗാശുപത്രികളുടെ

സേവനം കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനമുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. സാങ്കേതികവിദ്യയിലൂടെ കർഷകരെയും ഉരുക്കളെയും കോർത്തിണക്കി ഡിജിറ്റൽ വിവരശേഖരണത്തിനായി 'ഇ-സമൃദ്ധ' എന്ന പ്രത്യേക പദ്ധതി നടപ്പാക്കാൻ ലക്ഷ്യമിടുന്നു. മൃഗസംരക്ഷണ മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് ഈ സർക്കാർ ആരംഭിച്ച പദ്ധതിയാണിത്. കേരളത്തിലെ മൃഗസംരക്ഷണ മേഖലയിൽ ഒരു 'ഡിജിറ്റൽ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് & ഇ-ഹെൽത്ത് സംവിധാനം' നടപ്പാക്കുകയെന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി പൂർണതോതിൽ പ്രവർത്തന സജ്ജമാകുന്നതോടുകൂടി മൃഗാശുപത്രികളുടെ സേവനം, ഔട്ട് പേഷ്യന്റ് രജിസ്ട്രേഷൻ, അപ്പോയ്ന്റ്മെന്റ് എടുക്കൽ എന്നിവയും തങ്ങളുടെ മൃഗങ്ങളുടെ ചികിത്സാ വിവരങ്ങളും കർഷകർക്ക് വിരൽത്തുമ്പിൽ ലഭ്യമാകും. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സാങ്കേതിക സഹായത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. കേരളത്തിലെ എല്ലാ മൃഗാശുപത്രികളും

ലബോറട്ടറികളും ഈ സംവിധാനവുമായി ബന്ധിപ്പിക്കുന്നതോടെ കർഷകർക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കാൻ സാധിക്കുന്നതാണ്. കൂടാതെ വെറ്ററിനറി ഡോക്ടർമാർക്ക് ഓരോ മൃഗത്തിന്റേയും പൂർവ്വകാല രോഗവിവരങ്ങളും ലബോറട്ടറി റിപ്പോർട്ടുകളും അവരുടെ വിരൽത്തുമ്പിൽ ലഭ്യമാകുന്നത് കൃത്യമായ രോഗ നിർണ്ണയത്തിനും ചികിത്സ ലഭ്യമാക്കുന്നതിനും സാംക്രമിക രോഗങ്ങളുടെ ഫലപ്രദമായ നിയന്ത്രണത്തിനും ഉതകുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള ആർ.എഫ്.ഐ.ഡി. ഘടിപ്പിക്കൽ, ഡിജിറ്റൽ ഹെൽത്ത് മാനേജ്മെന്റ് സംവിധാനം, കർഷകർക്ക് മൊബൈൽ ആപ്ലിക്കേഷൻ എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ ഭാഗമായി കേരള പുനർനിർമ്മാണ പദ്ധതിയുടെ (RKI) കീഴിൽ പൈലറ്റ് പ്രോജക്ടായി പത്തനംതിട്ട ജില്ലയിലെ എല്ലാ പശുക്കൾക്കും എരുമകൾക്കും RFID മൈക്രോചിപ്പ് ഘടിപ്പിക്കുന്ന നടപടികൾ പൂർത്തിയായിവരികയാണ്. നാളിതുവരെ പശുക്കൾക്കും എരുമകൾക്കുമായി

47,333 എണ്ണം ആർ.എഫ്.ഐ.ഡി മൈക്രോചിപ്പുകൾ ഘടിപ്പിച്ചിട്ടുണ്ട്. 'ഡിജിറ്റൽ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് & ഇ-ഹെൽത്ത് സംവിധാനം' പൂർണതോതിൽ പ്രവർത്തന സജ്ജമാകുന്നതോടുകൂടി ഔട്ട് പേഷ്യന്റ് രജിസ്ട്രേഷൻ, അപ്പോയ്ന്റ്മെന്റ് എടുക്കൽ, മൃഗങ്ങളുടെ ചികിത്സാ വിവരങ്ങൾ, ലാബ് റിപ്പോർട്ട് മുതലായ ആശുപത്രി സേവനങ്ങൾ കർഷകർക്ക് വിരൽത്തുമ്പിൽ ലഭ്യമാകും. ഇതോടനുബന്ധിച്ച് കർഷകർക്കുള്ള മൊബൈൽ അപ്ലിക്കേഷൻ തയ്യാറായിവരുന്നു.

(സി) ഇതിന്റെ ഭാഗമായി മൃഗസംരക്ഷണ മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ?

മൃഗങ്ങൾക്ക് ആർ.എഫ്.ഐ.ഡി. മൈക്രോചിപ്പുകൾ ഘടിപ്പിക്കുന്നതോടുകൂടി അത് മൃഗങ്ങളുടെ സ്ഥിരം തിരിച്ചറിയൽ രേഖയായി മാറുകയും ആയത് ഇൻഷ്വറൻസിനും മറ്റ് രേഖകൾ സൂക്ഷിക്കുന്നതിനും വാക്സിനേഷൻ തുടങ്ങിയ പദ്ധതികൾക്കും ഉപയോഗിക്കാൻ സാധിക്കുകയും ചെയ്യും. 'ഡിജിറ്റൽ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് & ഇ-ഹെൽത്ത് സംവിധാനം' നടപ്പാക്കുമ്പോൾ കേരളത്തിലെ എല്ലാ മൃഗാശുപത്രികളും

ലബോറട്ടറികളും ഈ സംവിധാനവുമായി ബന്ധിപ്പിക്കുന്നതോടെ കർഷകർക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കാൻ സാധിക്കുന്നതാണ്. കൂടാതെ വെറ്ററിനറി ഡോക്ടർമാർക്ക് ഓരോ മൃഗത്തിന്റെയും പൂർവ്വകാല രോഗവിവരങ്ങളും ലബോറട്ടറി റിപ്പോർട്ടുകളും അവരുടെ വിരൽത്തുമ്പിൽ ലഭ്യമാകുന്നത് കൃത്യമായ രോഗനിർണ്ണയത്തിനും ചികിത്സ ലഭ്യമാക്കുന്നതിനും സാംക്രമിക രോഗങ്ങളുടെ ഫലപ്രദമായ നിയന്ത്രണത്തിനും ഉതകുന്നതാണ്.

**എ.ഐ. ക്യാമറകൾ സ്ഥാപിച്ചതിനെ തുടർന്നുള്ള നേട്ടങ്ങൾ**

21(*141) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) ഗതാഗത നിയമലംഘനങ്ങൾ കണ്ടെത്തുന്നതിന് നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശം വ്യക്തമാക്കാമോ?

ഗതാഗത നിയമലംഘനങ്ങൾ കണ്ടെത്തുന്നതിന് മുഖ്യമായി നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു;

1. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങളുടെ പശ്ചാത്തലത്തിൽ ഗതാഗത നിയമലംഘനങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി 2019-ൽ "സേഫ് കേരള പദ്ധതി" മോട്ടോർ വാഹന വകുപ്പ് നടപ്പാക്കി. ഈ പദ്ധതിപ്രകാരം മുഴുവൻ സമയ വാഹന പരിശോധനയ്ക്കായി നിലവിലുണ്ടായിരുന്ന 34 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്ക് പുറമേ 51 പുതിയ സ്ക്വാഡുകൾ അനുവദിച്ചുകൊണ്ട് ആകെ 85 സ്ക്വാഡുകൾ രൂപീകരിക്കുകയും 262 അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. 14 ജില്ലകളിലായി എൻഫോഴ്സ്മെന്റ് ആർ.ടി.ഒ.-മാരുടെ കീഴിൽ പ്രസ്തുത സ്ക്വാഡുകൾ വാഹന പരിശോധന, റോഡ് സുരക്ഷാ ബോധവൽക്കരണം, റോഡപകടങ്ങളുടെ കാരണം വിലയിരുത്തി പരിഹാര നടപടി സ്വീകരിക്കൽ എന്നിവ ചെയ്തുവരുന്നു.

2. ഗതാഗത നിയമലംഘനങ്ങൾ കണ്ടെത്തുന്നതിന് നൂതന സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി സേഫ് കേരള പദ്ധതിക്കുകീഴിൽ ജൂൺ 2023-ന് എ.ഐ. ക്യാമറകൾ സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ചു. ഈ പദ്ധതി പ്രകാരം 675 എ.ഐ. ക്യാമറകൾ, 25 പാർക്കിംഗ് വയലേഷൻ ഡിറ്റക്ഷൻ

ക്യാമറകൾ, 18 റെഡ് ലൈറ്റ് വയലേഷൻ ഡിറ്റക്ഷൻ ക്യാമറകൾ, 4 സ്പീഡ് വയലേഷൻ ഡിറ്റക്ഷൻ ക്യാമറകൾ, 4 മൊബൈൽ സ്പീഡ് വയലേഷൻ ഡിറ്റക്ഷൻ ക്യാമറകൾ ഉൾപ്പെടെ ആകെ 726 ക്യാമറകളാണ് സ്ഥാപിച്ചിട്ടുള്ളത്. ഇപ്രകാരം ക്യാമറകൾ വഴി കണ്ടെത്തുന്ന നിയമലംഘനങ്ങൾ സംസ്ഥാനതലത്തിലുള്ള കൺട്രോൾ റൂമുകൾ മുഖേന അതത് ജില്ലാ കൺട്രോൾ റൂമുകളിൽ ലഭ്യമാക്കുകയും പരിശോധനയ്ക്ക് വിധേയമാക്കി ഇ-ചെലാൻ തയ്യാറാക്കി നിയമലംഘകർക്ക് നോട്ടീസ് അയയ്ക്കുകയും പിഴ ഈടാക്കുകയും ചെയ്തുവരുന്നു.

(ബി) എ.ഐ. ക്യാമറകൾ സ്ഥാപിച്ചതോടുകൂടി ഏതെല്ലാം തരത്തിലുള്ള നിയമലംഘനങ്ങൾ കണ്ടെത്താൻ കഴിയുന്നുണ്ടെന്ന് അറിയിക്കാമോ?

എ.ഐ. ക്യാമറകൾ വഴി സീറ്റ് ബെൽറ്റ് ധരിക്കാതെ വാഹനമോടിക്കുക, ഹെൽമറ്റ് ധരിക്കാതെ ഇരുചക്രവാഹനമോടിക്കുക, മൊബൈൽ ഫോൺ ഉപയോഗിച്ചുകൊണ്ട് വാഹനമോടിക്കുക,

ഇരുചക്രവാഹനങ്ങളിൽ രണ്ടിൽ കൂടുതൽ ആളുകൾ യാത്ര ചെയ്യുക എന്നീ ഗതാഗത നിയമലംഘനങ്ങളാണ് കണ്ടെത്തുന്നത്.

(സി) എ.ഐ. ക്യാമറ സ്ഥാപിക്കുന്ന നടപടികൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിരുന്നത്; വ്യക്തമാക്കാമോ?

എ.ഐ. ക്യാമറ പദ്ധതി സുതാര്യവും കാര്യക്ഷമവുമായി നടപ്പാക്കാനായി സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിനെ ഏൽപ്പിക്കുകയും കെൽട്രോൺ ഇ-ടെൻഡർ നടപടിയിലൂടെ പങ്കെടുത്ത നാല് സ്ഥാപനങ്ങളിൽനിന്നും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ സ്ഥാപനത്തിന് പദ്ധതി നടപ്പാക്കുന്നതിനുള്ള ചുമതല നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത ക്യാമറ സ്ഥാപിച്ചതിനെ തുടർന്ന് ഈ മേഖലയിലുണ്ടായിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങളും അതുമായി ബന്ധപ്പെട്ടുള്ള പരിക്കുകളും മരണങ്ങളും കുറയ്ക്കുന്നതിന് വേണ്ടിയാണ് "Fully Automated Traffic Enforcement System" വിഭാവന ചെയ്ത് നടപ്പാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതി പ്രവർത്തനക്ഷമമായതോടെ കൂടുതൽ വാഹന യാത്രക്കാർ ഗതാഗത നിയമങ്ങൾ അനുസരിച്ച് തുടങ്ങിയതായാണ് ഇതുസംബന്ധിച്ച വിലയിരുത്തലിൽ ബോധ്യമായിട്ടുള്ളത്. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം എ.ഐ. ക്യാമറകൾ പ്രവർത്തിച്ച് തുടങ്ങിയ 2023 ജൂൺ മാസവും 2022 ജൂൺ മാസവുമുണ്ടായ അപകടങ്ങളും മരണങ്ങളും പരിക്കുകളും തമ്മിൽ താരതമ്യം ചെയ്തപ്പോൾ കുറവുണ്ടായിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്.

(ഇ) എ.ഐ. ക്യാമറയുടെ പരിപാലന ചുമതലകൾ നിർവ്വഹിക്കുന്നത് ആരാണെന്ന് അറിയിക്കാമോ?

എ.ഐ. ക്യാമറകളുടെ പരിപാലന ചുമതല നിലവിൽ അഞ്ച് വർഷത്തേയ്ക്ക് മോട്ടോർ വാഹന വകുപ്പിന്റെ മേൽനോട്ടത്തിൽ കെൽട്രോൺ ആണ് നിർവ്വഹിക്കുന്നത്.

(എഫ്) പ്രസ്തുത പദ്ധതി ഫലപ്രദമാണെങ്കിൽ അവ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**പശുക്കുട്ടികളുടെ ശാസ്ത്രീയ പരിചരണം**

22(*142) <u>ശ്രീ. ജി. സ്റ്റീഫൻ</u>:
<u>ശ്രീ. എം. രാജഗോപാലൻ</u>:
<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>:
<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) പശുക്കുട്ടികളുടെ ശാസ്ത്രീയ പരിചരണം ഉറപ്പുവരുത്തുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; മികച്ച ഉൽപ്പാദനശേഷിയുള്ള കന്നുകാലികളുടെ തലമുറയെ രൂപപ്പെടുത്തുന്നതിന് ഈ പദ്ധതി എത്രത്തോളം സഹായകമായിട്ടുണ്ട്; ഈ പദ്ധതി മുഖേന എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കുമോ?

സംസ്ഥാനത്ത് ശാസ്ത്രീയ രീതിയിൽ കന്നുകുട്ടി പരിപാലനം ഉറപ്പുവരുത്തുന്നതിനായി മൃഗസംരക്ഷണ വകുപ്പ് "പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി" നടപ്പാക്കിവരുന്നു. തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് സംയുക്തമായി നടത്തിവരുന്നതുൾപ്പെടെ താഴെപ്പറയുന്ന മൂന്ന് പദ്ധതികളാണ് "പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി" യുടെ കീഴിലുള്ളത്.

1. ഗോവർദ്ധിനി

2. കാഫ് അഡോപ്ഷൻ പ്രോഗ്രാം- CAP

3. ഗ്രാമപഞ്ചായത്ത് പദ്ധതി (GP)

കിടാരികളുടെ ആദ്യ പ്രസവം നേരത്തെയാക്കുക എന്നതാണ് പദ്ധതിയുടെ പ്രധാനലക്ഷ്യം. കിടാരികൾ യഥാസമയം പ്രായപൂർത്തിയാകുക, പരമാവധി 28 മാസത്തിനകം പ്രസവിക്കുക എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കളുടെ 4-6 മാസം പ്രായമുള്ളതും തൃപ്തികരമായി ആരോഗ്യമുള്ളതുമായ പശുക്കുട്ടികളെ പദ്ധതിയിൽ ഉൾപ്പെടുത്തി 50 ശതമാനം സബ്ഡിസി നിരക്കിൽ സമീകൃത തീറ്റയും ഇൻഷ്വറൻസ് പരിരക്ഷയും നൽകുന്നു. കർഷകർക്ക് ശാസ്ത്രീയ

പരിശീലനം, കന്നുകുട്ടികൾക്ക് യഥാസമയം ആരോഗ്യ പരിരക്ഷ, ധാതുലവണ മിശ്രിതം, വിരമരുന്ന്, പ്രതിരോധ കുത്തിവയ്പ്പ് എന്നിവ ഉറപ്പുവരുത്തി അത്യുൽപ്പാദന ശേഷിയുള്ള പശുക്കളാക്കി വളർത്തിയെടുക്കാൻ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. മികച്ച ഉൽപ്പാദനശേഷിയുള്ള കന്നുകാലികളുടെ തലമുറയെ രൂപപ്പെടുത്തുന്നതിന് ഈ പദ്ധതി താഴെപ്പറയുന്ന രീതിയിൽ സഹായകരമായിട്ടുണ്ട്;

1. സംസ്ഥാനത്ത് ശാസ്ത്രീയ രീതിയിൽ കന്നുകുട്ടി പരിപാലനം ഉറപ്പുവരുത്തുന്നു.

2. കർഷകർക്ക് ശാസ്ത്രീയ പരിശീലനം ലഭിക്കുകവഴി മികച്ച കന്നുകാലികളുടെ തലമുറയെ രൂപപ്പെടുത്തുന്നതിന് സഹായിക്കുന്നു.

3. കന്നുകുട്ടികൾക്ക് വിരമരുന്ന്, ധാതുലവണ മിശ്രിതം, കാലാകാലങ്ങളിലുള്ള വാക്സിനേഷൻ എന്നിവ ഉറപ്പാക്കുന്നു.

4. തീറ്റപ്പുൽ കൃഷിക്ക് പ്രോത്സാഹനം നൽകുന്നതിലൂടെ പുല്ല് ഉൽപ്പാദനവും വർദ്ധിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് പശുക്കുട്ടികളെ വളർത്തുന്നതിന് സബ്സിഡി നൽകുന്നുണ്ടോ?

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം കന്നുകുട്ടി ഒന്നിന് നിലവിൽ ആകെ 12,500/-രൂപയാണ് പരമാവധി സബ്സിഡി നൽകുന്നത്. ഗോവർദ്ധിനി പദ്ധതിയിൽ 50 ശതമാനം സംസ്ഥാന വിഹിതമായി സബ്സിഡി നൽകുന്നു. കാഫ് അഡോപ്ഷൻ പ്രോഗ്രാം- CAP വഴി 25% സംസ്ഥാനാവിഷ്കൃത വിഹിതവും 25 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് ആകെ 50 ശതമാനം സബ്സിഡിയായി നൽകുന്നു. ഗ്രാമപഞ്ചായത്ത് പദ്ധതിയിൽ (GP) 50 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതമായി സബ്സിഡി നൽകുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 100 ശതമാനം സബ്സിഡി അനുവദനീയമാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത മേഖലയിൽ എന്തെല്ലാം ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ?

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം 1,17,724 കന്നുകുട്ടികൾക്ക് ആനുകൂല്യങ്ങൾ അനുഭവവേദ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു +.

കറവയുള്ള പശു, എരുമ, ഗർഭിണിക്കിടാരി, കന്നുകുട്ടി, കാളക്കുട്ടി, പോത്തുകുട്ടി, കറവ യന്ത്രം, പശുക്കുട്ടികൾക്ക് കാഫ് സ്റ്റാർട്ടർ, ധാതുലവണങ്ങൾ, വിരമരുന്ന്, തീറ്റപ്പുൽ കൃഷിക്കുള്ള വിത്ത്, നടീൽ വസ്തുക്കൾ, കറവപ്പശുക്കൾക്ക് കാലിത്തീറ്റ എന്നിവയ്ക്ക് സബ്സിഡി നൽകൽ, മിനി ഡയറി ഫാം ആധുനികവൽക്കരണം, ചാണകം ഉണക്കിപ്പൊടിച്ച് ജൈവവളമാക്കുന്ന യൂണിറ്റ്, കാലിത്തൊഴുത്തിന് വളക്കുഴിയും മൂത്രതൊട്ടിയും നിർമ്മാണം, കമ്മ്യൂണിറ്റി കാറ്റിൽ ഷെഡ് എന്റർപ്രൈസസ് കം ഡയറി ഫാം, മിനി എലവേറ്റഡ് കാറ്റിൽ ഷെഡ് നിർമ്മാണം എന്നിവയ്ക്കുള്ള ധനസഹായം, പാൽ സംഭരണവും വിതരണവും വാതിൽപടിക്കൽ നടത്തുന്നതിന് വനിതകൾക്കുള്ള വ്യക്തിഗത സഹായം, കാഫ് സാറ്റലൈറ്റ് പ്രോജക്ട്, ജന്തുജന്യ രോഗങ്ങളും രോഗ വ്യാപനവും തടയാൻ മരുന്നുകൾ വാങ്ങി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നൽകൽ, സമഗ്ര കന്നുകാലി ഇൻഷ്വറൻസ്, പാലിന് സബ്സിഡി എന്നിങ്ങനെ കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സർവകലാശാലകളിൽ ഓൺലൈൻ പരീക്ഷ കേന്ദ്രങ്ങൾ**

23(*143) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സർവകലാശാല പരീക്ഷ നടപടികൾ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായി പ്രത്യേക പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പരീക്ഷാ പരിഷ്കരണം സംബന്ധിച്ച് സർക്കാർ നിയോഗിച്ച ഡോ. സി. റ്റി. അരവിന്ദകുമാർ കമ്മീഷൻ പഠനം നടത്തുകയും താഴെപ്പറയുന്ന പ്രധാന ശിപാർശകൾ നൽകുകയും ചെയ്തിട്ടുണ്ട്.

1. അക്കാദമിക്/എക്സാമിനേഷൻ/അഡ്മിനിസ്ട്രേഷൻ ഉൾപ്പെടുന്ന എല്ലാ പ്രവർത്തനങ്ങൾക്കും ഇ.ആർ.പി. (ERP) അടിസ്ഥാനമാക്കിയുള്ള ഒരു സമ്പൂർണ്ണ യൂണിവേഴ്സിറ്റി റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം (URP) വികസിപ്പിക്കുകയും നടപ്പാക്കുകയും വേണം.

2. എല്ലാ സർവകലാശാലകളും ഡിജിറ്റൽ ചോദ്യബാങ്കും ഓൺലൈൻ ചോദ്യപേപ്പർ കൈമാറ്റവും നടപ്പാക്കേണ്ടതാണ്.

3. സർവകലാശാലകളിലെ പരമ്പരാഗത മൂല്യനിർണ്ണയ സംവിധാനങ്ങൾ പുനഃക്രമീകരിക്കേണ്ടതുണ്ട്. ഉത്തര സ്ക്രിപ്റ്റുകളുടെ ഐഡന്റിറ്റി മറയ്ക്കുന്നതിന് ഫോൾസ് നമ്പറിംഗില്ലാതെ ഉത്തര സ്ക്രിപ്റ്റുകളുടെ കൂടുതൽ കാര്യക്ഷമമായ മാനേജ്മെന്റിനായി ബാർകോഡുകളോ ക്യൂ.ആർ. കോഡുകളോ നടപ്പാക്കാവുന്നതാണ്. മൂല്യനിർണ്ണയം കഴിഞ്ഞ്

മാർക്കുകൾ/ഗ്രേഡുകൾ സർവകലാശാലാ വെബ്പോർട്ടലിലേയ്ക്ക് നേരിട്ട് അപ്‌ലോഡ് ചെയ്യാൻ വ്യവസ്ഥ ചെയ്യാവുന്നതാണ്.

(ബി) ഓൺലൈൻ സംവിധാനത്തിലൂടെ എന്തൊക്കെ മാറ്റങ്ങളാണ് ഉന്നതവിദ്യാഭ്യാസ മേഖലയിൽ പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പരീക്ഷ നടത്തിപ്പിലും മൂല്യനിർണ്ണയത്തിലും ഫലപ്രഖ്യാപനത്തിലും വരുന്ന കാലതാമസം ഓൺലൈൻ സംവിധാനത്തിലൂടെ ഒഴിവാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സംസ്ഥാനത്തെ ഏതെങ്കിലും സർവകലാശാലയിൽ പ്രത്യേക ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ ഭാവി വികസന പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിലുള്ള ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസിൽ (DASP) ഒരേസമയം 100 വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതാവുന്ന രീതിയിൽ ഒരു ഓൺലൈൻ പരീക്ഷാ കേന്ദ്രം സജ്ജീകരിച്ചിട്ടുണ്ട്.

**എ.ഐ. ക്യാമറ സ്ഥാപിച്ചതിനുശേഷമുള്ള ഗതാഗത നിയമ ലംഘനങ്ങൾ**

24(*144) ശ്രീ. എം. നൗഷാദ്:
ഡോ. കെ. ടി. ജലീൽ
ശ്രീ. വി. ജോയി:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത

വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എ.ഐ. ക്യാമറ സ്ഥാപിച്ചതിനുശേഷം ഗതാഗത നിയമലംഘനങ്ങൾക്ക് എടുത്ത കേസുകൾ, ഈടാക്കിയ പിഴ എന്നിവ സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

സംസ്ഥാനത്ത് എ.ഐ. ക്യാമറകൾ സ്ഥാപിച്ചതിനുശേഷം 31-08-2023 വരെ ഗതാഗത നിയമ ലംഘനങ്ങൾക്കെതിരെ 861069 കേസുകൾ തയ്യാറാക്കുകയും 6,95,45,750/- രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) എ.ഐ. ക്യാമറ സ്ഥാപിച്ചതിനുശേഷം വാഹനാപകടങ്ങൾ മുൻകാലത്തെ അപേക്ഷിച്ച് കുറഞ്ഞിട്ടുണ്ടോ; എ.ഐ. ക്യാമറ സ്ഥാപിച്ചതിനുമുമ്പും ശേഷവും അപകടത്തിൽ പരിക്കേറ്റവരുടെ എണ്ണം,

മരണപ്പെട്ടവരുടെ എണ്ണം എന്നിവയിൽവന്ന വ്യത്യാസം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

എ.ഐ. ക്യാമറകൾ സ്ഥാപിച്ചതിനുശേഷം വാഹനാപകടങ്ങളിൽ മുൻകാലത്തെ അപേക്ഷിച്ച് കുറവ് വന്നിട്ടുണ്ട്. 2023 ജൂൺ മാസത്തിലാണ് എ.ഐ. ക്യാമറകൾ പ്രവർത്തനക്ഷമമായിട്ടുള്ളത്. ഇതുപ്രകാരം 2023 ആഗസ്റ്റ് മാസവും 2022 ആഗസ്റ്റ് മാസവും തമ്മിലുള്ള അപകടങ്ങളുടെയും മരണങ്ങളുടെയും പരിക്കുകളുടെയും താരതമ്യം ചുവടെ ചേർക്കുന്നു.

| | അപകടം | മരണം | പരിക്ക് |
|---|---|---|---|
| 2022 ആഗസ്റ്റ് | 3366 | 307 | 4040 |
| 2023 ആഗസ്റ്റ് | 1065 | 58 | 1197 |

(സി) എ.ഐ. ക്യാമറ പരിപാലനവുമായി ബന്ധപ്പെട്ട കരാറിന് അന്തിമ രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വകുപ്പ് കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

എ.ഐ. ക്യാമറ പരിപാലനവുമായി ബന്ധപ്പെട്ട് മോട്ടോർ വാഹന വകുപ്പും കെൽട്രോണും തമ്മിലുള്ള സമഗ്രമായ കരാർ ഒപ്പുവയ്ക്കുന്നത് അന്തിമ

ഘട്ടത്തിലാണ്. ആദ്യ കരാറിൽ നിലവിലുണ്ടായിരുന്ന 5 വർഷ പരിപാലന കാലാവധി 10 വർഷമായി നീട്ടാനും ക്യാമറ സംവിധാനങ്ങൾ പ്രവർത്തിക്കാതിരുന്നാൽ ഈടാക്കുന്ന ഡൗൺ ടൈം പെനാൽറ്റി കൂട്ടാനും സമഗ്രമായ കരാറിന്റെ കരടിൽ ധാരണയായിട്ടുണ്ട്.

(ഡി) എ.ഐ. ക്യാമറ സ്ഥാപിക്കുന്നതിനെതിരെ ചില കേന്ദ്രങ്ങളിൽനിന്നുണ്ടായ വിമർശനങ്ങളും പ്രതിഷേധങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എ.ഐ. ക്യാമറ സ്ഥാപിച്ചതിനുശേഷം ഗതാഗത ലംഘനങ്ങൾ, വാഹനാപകടങ്ങൾ, അതിൽ പരിക്കേറ്റവർ/മരണപ്പെട്ടവർ എന്നിവയുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിൽ ഇത്തരം പ്രതിഷേധങ്ങളെ എങ്ങനെയാണ് നേരിടുന്നതെന്ന് വിശദമാക്കാമോ?

എ.ഐ. ക്യാമറ പദ്ധതി പ്രവർത്തനക്ഷമമായപ്പോൾ ചില വിമർശനങ്ങളും പ്രതിഷേധങ്ങളും ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതോടൊപ്പം തന്നെ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന വാഹന പരിശോധന ഒഴിവാകുന്നതിനാൽ ഈ പദ്ധതിക്ക് ജനങ്ങളിൽനിന്നും അഭിനന്ദനവും ലഭിച്ചിട്ടുണ്ട്. എ.ഐ. ക്യാമറകൾ സ്ഥാപിച്ചതുമൂലം റോഡ് അപകടങ്ങളിലും

മറ്റും ഉണ്ടായിട്ടുള്ള കുറവ്, കണക്കുകളുടെ അടിസ്ഥാനത്തിൽ പൊതുസമൂഹത്തെ ബോധ്യപ്പെടുത്തിവരുന്നു.

**കർഷകർക്കുള്ള നഷ്ടപരിഹാരം**

25(*145) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലവർഷക്കെടുതി മൂലമുണ്ടായ കൃഷി നാശത്തിന്റെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. കൃഷി വകുപ്പിന്റെ എയിംസ് പോർട്ടലിലെ പ്രാഥമിക കണക്കുപ്രകാരം 01-04-2023 മുതൽ 10-09-2023 വരെ സംസ്ഥാനത്തുണ്ടായ ശക്തമായ മഴയിൽ 122322 കർഷകരുടെ 33983.63 ഹെക്ടർ സ്ഥലത്തെ കൃഷി നശിച്ചതായും 30338.16 ലക്ഷം രൂപയുടെ നഷ്ടമുണ്ടായതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

പ്രകൃതിക്ഷോഭംമൂലം കൃഷി നശിക്കുന്ന കർഷകർക്ക് സംസ്ഥാന കൃഷി വകുപ്പ് പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തര പരിപാടി പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിന്റെ സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ (SDRF) നിന്നുള്ള വിഹിതവും സംസ്ഥാന വിഹിതവും നഷ്ടപരിഹാരമായി നൽകുന്നുണ്ട്. കൂടാതെ കൃഷി വകുപ്പ് നടപ്പാക്കുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരവും നൽകിവരുന്നു.

വിതച്ച നെൽ നഷ്ടപ്പെട്ടുപോയ കർഷകർക്ക് വിള വീണ്ടും ഇറക്കുന്നതിനായി പ്രകൃതിദുരന്തങ്ങൾക്കായുള്ള അടിയന്തര പരിപാടി പദ്ധതി പ്രകാരം നെൽവിത്ത് സൗജന്യമായി നൽകുന്നതിനുള്ള ക്രമീകരണം കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി (KSSDA) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കർഷകരുടെ കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടി

കൃഷിയിടം ഒലിച്ചുപോയി ഉണ്ടാകുന്ന നഷ്ടത്തിനും മടകളുടെ പുനർനിർമ്മാണത്തിനുമുള്ള നഷ്ടപരിഹാരം ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേന സംസ്ഥാന ദുരന്തപ്രതികരണനിധിയിൽ (SDRF) നിന്നും ലഭ്യമാക്കുന്നുണ്ട്.

(സി) പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിക്കുന്നവർക്ക് വിതരണം ചെയ്യുന്ന നഷ്ടപരിഹാര തുക കുടിശ്ശികയായിട്ടുണ്ടോ; എങ്കിൽ എന്നത്തേയ്ക്ക് വിതരണം പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉണ്ട്. എയിംസ് പോർട്ടലിലെ അംഗീകരിച്ച ക്ലെയിമുകളുടെ 01-05-2021 മുതൽ 10-09-2023 വരെയുള്ള റിപ്പോർട്ടുപ്രകാരം വിളനാശത്തിനുള്ള നഷ്ടപരിഹാരം സംസ്ഥാന വിഹിതം 4009.46051 ലക്ഷം രൂപയും സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്നുള്ള വിഹിതമായ (SDRF) 1246.57780 ലക്ഷം രൂപയും കുടിശ്ശികയായി നൽകാനുണ്ട്. 2023-24 വർഷത്തിൽ ഇതിനായി 750 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**കന്നുകാലി സമ്പത്ത് വികസിപ്പിക്കുന്നതിനുള്ള സാങ്കേതികവിദ്യ**

26(*146) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ ഉൽപ്പാദനശേഷി കൂടിയ കന്നുകാലി സമ്പത്ത് വികസിപ്പിക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ജനിതക പുരോഗതി ത്വരിതപ്പെടുത്തുന്നതിന് ഭ്രൂണമാറ്റം, ഇൻവിട്രോ ഫെർട്ടിലൈസേഷൻ (IVF) തുടങ്ങിയ നൂതന സാങ്കേതികവിദ്യകൾ പ്രയോഗിച്ച് ഉൽപ്പാദനക്ഷമത കൂടിയ പശുക്കുട്ടികളെ കൂടുതലായി ഉൽപ്പാദിപ്പിക്കാനും കർഷകരുടെ ഇടങ്ങളിലുള്ള ഉൽപ്പാദനശേഷി കൂടിയ പശുക്കളിൽനിന്നും ഭ്രൂണം ശേഖരിക്കാനുമുള്ള പദ്ധതികൾ കെ.എൽ.ഡി ബോർഡ് ആസൂത്രണം ചെയ്തുവരുന്നു. ഇതിനുപുറമേ 90 ശതമാനവും പശുക്കുട്ടികളെ മാത്രം ഉൽപ്പാദിപ്പിക്കുന്ന ലിംഗനിർണ്ണയം നടത്തിയ

ബീജമാത്രകൾ കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് കർഷകർക്ക് ലഭ്യമാക്കിവരുന്നു.

(ബി) കൃത്രിമ ബീജസങ്കലനത്തിലൂടെയും ഭ്രൂണമാറ്റ സാങ്കേതികവിദ്യയിലൂടെയും ലിംഗനിർണ്ണയം നടത്തിയ ബീജമാത്ര വിതരണത്തിലൂടെയും മികച്ച കന്നുകാലി ജനുസുകളെ സൃഷ്ടിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ?

ഭ്രൂണമാറ്റം, ഇൻവിട്രോ ഫെർട്ടിലൈസേഷൻ (IVF) തുടങ്ങിയ നൂതന സാങ്കേതിക വിദ്യകൾ പ്രയോഗിച്ച് ഉൽപ്പാദനക്ഷമത കൂടിയ പശുക്കുട്ടികളെ കൂടുതലായി ഉൽപ്പാദിപ്പിക്കാനും കർഷകരുടെ ഇടങ്ങളിലുള്ള ഉൽപ്പാദനശേഷി കൂടിയ പശുക്കളിൽനിന്നും ഭ്രൂണം ശേഖരിക്കാനുമുള്ള പദ്ധതികൾ കെ.എൽ.ഡി. ബോർഡ് ആസൂത്രണം ചെയ്യുന്നു. പ്രജനന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന വി<u>ത്തു</u>കാളകളെ ജനിതക തെരഞ്ഞെടുപ്പുകളിലൂടെ (ജീനോമിക് സെലക്ഷൻ) തെരഞ്ഞെടുത്ത് ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്താനാവശ്യമായ നടപടികൾ കെ.എൽ.ഡി. ബോർഡ് സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കെ.എൽ.ഡി. ബോർഡിന്റെ 'സന്തതി'

പരിശോധനാ പദ്ധതിയിൽനിന്ന് ഉന്നത ജനിതകമേന്മയുള്ള വിത്തുകാളകളെ ഉൽപ്പാദിപ്പിച്ച് സംസ്ഥാനത്തെ കന്നുകാലി പ്രജനന പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവരുന്നു.

(സി) സാങ്കേതികവിദ്യയുടെ സഹായത്തോടെ സംസ്ഥാനത്തെ മൃഗങ്ങളുടെ ഡാറ്റാബേസ് തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പൈലറ്റ് പ്രോജക്ടായി പത്തനംതിട്ട ജില്ലയിലെ എല്ലാ പശുക്കൾക്കും എരുമകൾക്കും റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ ഡിവൈസ് (RFID) മൈക്രോചിപ്പ് ഘടിപ്പിക്കുന്ന നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. നാളിതുവരെ പശുക്കൾക്കും എരുമകൾക്കുമായി 46,746 എണ്ണം RFID മൈക്രോചിപ്പുകൾ ഘടിപ്പിച്ചിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കാൻ പോകുന്ന 'ഇ-സമൃദ്ധ' പദ്ധതിയുടെ ഭാഗമായി ബ്രീഡിംഗ് മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിലേയ്ക്കായി ഡിജിറ്റൽ ഹെർഡ് രജിസ്റ്റർ മൃഗസംരക്ഷണ വകുപ്പ് തയ്യാറാക്കിവരുന്നു.

(ഡി) സാങ്കേതികവിദ്യയുടെ സഹായത്തോടെ നടത്തുന്ന വിവരശേഖരണം ബ്രീഡിംഗ് മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനും പുതുതായി കണ്ടുവരുന്ന രോഗങ്ങൾ കൈകാര്യം ചെയ്യുന്നതിനും സഹായകമാകുമോ; വിശദമാക്കുമോ?

ഡിജിറ്റൽ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് & ഇ-ഹെൽത്ത് സംവിധാനം (ഇ-സമൃദ്ധ) വകുപ്പിൽ നടപ്പാകുന്നതോടുകൂടി സംസ്ഥാനത്ത് എവിടെയെങ്കിലും പുതുതായി ഒരു അസുഖം റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ വകുപ്പിന്റെ കീഴിലുള്ള ജിയോ സ്പേഷ്യൽ ഇൻഫർമേഷൻ സിസ്റ്റം മുഖാന്തരം ഡിസീസ് മാപ്പിംഗിനും അതുവഴി സമയബന്ധിതമായ വാക്സിനേഷൻ, ചികിത്സ ഉൾപ്പെടെയുള്ള തുടർപ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിനുള്ള സംവിധാനവും ഉണ്ട്.

**സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം**

27(*147) ശ്രീമതി സി. കെ. ആശ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. എസ്. സുപാൽ:

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) നൂതന അറിവുകളുടെ ഉൽപ്പാദകരായി വിദ്യാർത്ഥികളെ വാർത്തെടുക്കുന്നതിന് അടിസ്ഥാന അക്കാദമിക സൗകര്യങ്ങളിൽ മാറ്റംവരുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നവവൈജ്ഞാനിക മികവിലേയ്ക്കുള്ള സംസ്ഥാനത്തിന്റെ പ്രയാണത്തിന് ഉന്നത വിദ്യാഭ്യാസ മേഖലയിൽ സമൂലവും സമഗ്രവുമായ പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് ഡോ. ശ്യാം ബി. മേനോൻ അദ്ധ്യക്ഷനായി ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, ഡോ. എൻ. കെ. ജയകുമാർ അദ്ധ്യക്ഷനായി നിയമപരിഷ്കരണ കമ്മീഷൻ, ഡോ. സി. റ്റി. അരവിന്ദകുമാർ അദ്ധ്യക്ഷനായി പരീക്ഷാപരിഷ്കരണ കമ്മീഷൻ എന്നീ മൂന്ന് കമ്മീഷനുകളുടെ റിപ്പോർട്ടുകൾ

സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷനുകളുടെ റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് 26-07-2022-ലെ സ.ഉ.(സാധാ)നം.1158/2022/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം സംസ്ഥാന ഉന്നതവിദ്യാഭ്യാസ പരിഷ്കരണ നിർവ്വഹണ സെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശിപാർശകളുടെ ഭാഗമായി കരിക്കുലം പരിഷ്കരിക്കുന്നതിനും 4 വർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതുൾപ്പെടെയുള്ള പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുമായി 16-01-2023-ലെ സ.ഉ.(സാധാ) നം.35/2023/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം പ്രൊഫസർ സുരേഷ്ദാസ് അദ്ധ്യക്ഷനായി കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കരിക്കുലം കമ്മിറ്റി (Kerala State Curriculum Committee for Higher Education) രൂപീകരിച്ച് ഉത്തരവായിരുന്നു. കരിക്കുലം കമ്മിറ്റി തയ്യാറാക്കി നൽകിയ കരിക്കുലം ഫ്രെയിംവർക്കിന്മേൽ സർവകലാശാല തലത്തിൽ ചർച്ച നടത്തി.

നാലുവർഷ ബിരുദ പ്രോഗ്രാമുകളുൾപ്പെടെയുള്ള കരിക്കുലം പരിഷ്കരണത്തിനുള്ള നടപടികൾ ഈ വർഷം തന്നെ ആരംഭിക്കാനും 2024-25 അധ്യയന വർഷത്തോടുകൂടി കരിക്കുലം പരിഷ്കരണം പൂർണ്ണതോതിൽ നടപ്പാക്കാനുമാണ് തീരുമാനിച്ചിരിക്കുന്നത്.

2022-23 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് സംസ്ഥാനത്തെ 7 സർവകലാശാലകളിൽ 2022-23 അധ്യയന വർഷം പുതിയ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ ആരംഭിക്കാൻ 22-10-2022-ലെ സ.ഉ.(കൈ) നം. 528/2022/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും 05-12-2022-ലെ സ.ഉ.(കൈ) നം. 596/2022/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും അനുമതി നൽകിയിട്ടുണ്ട്. കൂടാതെ മഹാത്മാഗാന്ധി, കേരള, എ.പി.ജെ.അബ്ദുൽകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, കാലിക്കറ്റ്, കണ്ണൂർ, കുസാറ്റ് എന്നീ സർവകലാശാലകളിൽ ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്ററുകൾ ആരംഭിക്കാനും കാലിക്കറ്റ്, കേരള, കുസാറ്റ്, മഹാത്മാഗാന്ധി, കണ്ണൂർ സർവകലാശാലകളിൽ പുതിയ ഹോസ്റ്റലുകൾ ആരംഭിക്കാനും

അനുമതി നൽകിയിട്ടുണ്ട്. വിവിധ സർവകലാശാലകളിൽ 'സെന്റേഴ്സ് ഓഫ് എക്സലൻസ്' സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

നവവൈജ്ഞാനിക മേഖലയുമായി ബന്ധപ്പെട്ട് A.I., സൈബർ സെക്യൂരിറ്റി, ബിയോസ്റ്റാറ്റിസ്റ്റിക്സ്, ജിയോ ഇൻഫർമാറ്റിക്സ് ഫോർ സ്പെഷ്യൽ പ്ലാനിംഗ് തുടങ്ങിയ പ്രോഗ്രാമുകളും കണ്ണൂർ സർവകലാശാലയിൽ ആരംഭിച്ചിട്ടുണ്ട്.

ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജുകളെ സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്താനും ഐഡിയ ലാബുകൾ സ്ഥാപിക്കാനും പദ്ധതി തയാറാക്കിയിട്ടുണ്ട്. കൂടാതെ വിദേശ സർവകലാശാലകളുമായി ചേർന്ന് Collaborative Programme സംഘടിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിവരുന്നു.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ "സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂറോ ഡീജനറേഷൻ ബ്രെയിൻ ഹെൽത്ത്" എന്ന സെന്റർ തുടങ്ങുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്.

(സി) ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കുന്നതിനും ഇതുസംബന്ധിച്ച് യുവതലമുറയെ ബോധവാന്മാരാക്കുന്നതിനും സംസ്ഥാനത്തെ കോളേജുകളിൽ പ്രചരണ പരിപാടികൾ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഭരണഘടനയെക്കുറിച്ചുള്ള അവബോധം വിദ്യാർത്ഥികളിൽ വളർത്തുന്നതിനും ഭരണഘടനയെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കുന്നതിനുമായി KTU-വിന്റെ സിലബസ് പ്രകാരം, സാങ്കേതിക വിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള കോളേജുകളിലെ B.Tech. രണ്ടാം വർഷം മുതലുള്ള വിദ്യാർഥികളുടെ സിലബസിലും ഡിപ്ലോമ കരിക്കുലം റിവിഷൻ 2021-ന്റെ അടിസ്ഥാനത്തിലും "CONSTITUTION OF INDIA" എന്നത് പൊതുവിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസവകുപ്പിന് കീഴിലെ കോളേജുകളിൽ ദേശീയ-അന്തർദേശീയ തലത്തിലുള്ള സെമിനാറുകൾ സംഘടിപ്പിച്ച് വിദ്യാർത്ഥികൾക്ക് ഭരണഘടന, ശാസ്ത്രം, കല തുടങ്ങിയ വിഷയങ്ങളിൽ അവഗാഹം സൃഷ്ടിക്കാൻ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്.

കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ കീഴിൽ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിൽ പ്രവർത്തിക്കുന്ന കൊച്ചിൻ യൂണിവേഴ്സിറ്റി ഹ്യൂമൻ റൈറ്റ്സ് അസോസിയേഷൻ, കൊച്ചിൻ യൂണിവേഴ്സിറ്റി ലീഗൽ എയ്ഡ് ക്ലിനിക് എന്നിവയുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കും പൊതുസമൂഹത്തിനുമായി ഭരണഘടന ദേശീയ ദിനാചരണത്തിന്റെ ഭാഗമായും അല്ലാതെ മറ്റവസരങ്ങളിലും വിവിധ പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്.

കോൺസ്റ്റിറ്റ്യൂഷൻ ഡേ ആയ നവംബർ 26-ന് ഭരണഘടനയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കുട്ടികൾക്കായുള്ള സംവാദങ്ങളും ഉപന്യാസ രചനകളും മറ്റും നടക്കാറുണ്ട്. ഇതോടൊപ്പം ഭരണഘടനാ ആമുഖം സംബന്ധിച്ച പ്രതിജ്ഞയും ചൊല്ലുന്നു.

(ഡി) സംസ്ഥാനത്തെ കലാലയങ്ങളിലെ വിദ്യാർത്ഥികളുടെ നൂതനാശയങ്ങൾ വികസിപ്പിച്ച് സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രോത്സാഹനം നൽകുന്നുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാർ ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന ട്രാൻസിലേഷൻ റിസർച്ച് എന്നതിന്റെ പ്രാധാന്യം ഉൾക്കൊണ്ടുള്ള നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു. നിലവിൽ സർവകലാശാലാ ആസ്ഥാനങ്ങളിൽ വിവിധ വകുപ്പുകളിലെ കുട്ടികൾക്ക് അക്കാദമികവും ഗവേഷണപരവുമായ ആശയങ്ങൾ ഒരു ഉൽപ്പന്നമാക്കി പരിവർത്തനപ്പെടുത്തുന്നതിന് ഉതകുന്ന ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ നൂതന ആശയങ്ങൾ വികസിപ്പിക്കുന്നതിനും അവയെ സ്റ്റാർട്ടപ്പുകളായി രൂപപ്പെടുത്തുന്നതിനുമൊക്കെയുള്ള അടിസ്ഥാനസൗകര്യങ്ങൾ ഈ ഇൻക്യുബേഷൻ സെന്ററുകളിൽ സജ്ജമാണ്. എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിനുശേഷം സംരംഭകത്വ പ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികൾ നേരിടുകയെന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി പ്രത്യേകമായ നിലയിൽ സജ്ജീകരിച്ച ആവശ്യമായ കമ്പ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇന്റർനെറ്റ്

കണക്ടിവിറ്റിയോടുംകൂടിയ ടെക്നോളജി ഇൻക്യൂബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. തൊഴിൽദാതാക്കളായ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വകുപ്പിനുകീഴിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 03-05-2021-ലെ GO(Ms) No. 257/2021/HEdn പ്രകാരം IOC (ഇൻഡസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതി നടപ്പാക്കിവരുന്നു. 'Earn while you learn' എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് യഥാർത്ഥ വ്യാവസായിക അന്തരീക്ഷത്തിലേയ്ക്ക് സ്ഥാപനത്തെ പരിവർത്തനം ചെയ്യുന്നതിലൂടെ വിദ്യാർഥികളിൽ പ്രായോഗിക പരിശീലനം പ്രോത്സാഹിപ്പിക്കുന്നതിനും സംരംഭകത്വ വികസന കഴിവുകൾ വളർത്തിയെടുക്കുന്നതിനും ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. സംസ്ഥാനത്തെ കോളേജുകളിൽ Mini Industrial Units ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട 2022-23-ലെ ബജറ്റ് പ്രഖ്യാപന പ്രകാരം പെരുമ്പാവൂർ സർക്കാർ പോളിടെക്നിക്ക് കോളേജിൽ ടി കേന്ദ്രം ആരംഭിക്കുന്നതിന് 116.92 ലക്ഷം രൂപയുടെ ഭരണാനുമതി 29-09-2022-ലെ സ.ഉ. (സാധാ) നം. 1437/2022/ഉ.വി.വ. പ്രകാരം സർക്കാർ നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. സിഡ്ബിയുടെ

(SIDBI) സ്വാവലംബൻ ചെയർ പദ്ധതിയുടെ രാജ്യത്തെ ആദ്യ ധനസഹായം, തൃശ്ശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിന് 1.53 കോടി രൂപയാണ് ഫണ്ടായി ലഭ്യമായിട്ടുള്ളത്. മൂന്ന് വർഷത്തിനകം 25 സ്റ്റാർട്ടപ്പുകൾ സാധ്യമാക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയാണ്. ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജും പ്രസ്തുത പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. അതോടൊപ്പം എഞ്ചിനീയറിംഗ്/ഡിപ്ലോമ വിദ്യാർത്ഥികളെ ഇന്നവേഷൻ സമൂഹമായി രൂപപ്പെടുത്തുന്നതിന് പാഠ്യപദ്ധതിയിൽതന്നെ മാറ്റംവരുത്തിയിട്ടുണ്ട്. Entrepreneurship & Startups എന്നത് ഒരു പാഠ്യവിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

**വയോജനങ്ങളുടെ പുനരധിവാസ പദ്ധതി**

28(*148) ശ്രീ. പി. നന്ദകുമാർ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങൾക്ക് ഏത് സാഹചര്യത്തിലും സഹായത്തിനായി ബന്ധപ്പെടാൻ കഴിയുന്ന ടോൾ ഫ്രീ ഹെൽപ്പ് ലൈൻ നമ്പർ നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ ആയതിലൂടെ എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുക; ഇത് വയോജനങ്ങൾക്ക് എത്രത്തോളം സഹായകരമായിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വയോജനങ്ങൾക്ക് ഏത് സാഹചര്യത്തിലും സഹായത്തിനായി ബന്ധപ്പെടാൻ കഴിയുന്ന ടോൾ ഫ്രീ ഹെൽപ്പ് ലൈൻ നമ്പരായ 14567 എന്ന നമ്പറിലൂടെ നൽകുന്ന വിവിധ സേവനങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു +.

(ബി) ആശുപത്രികളിൽ ഉപേക്ഷിക്കപ്പെടുന്ന വയോജനങ്ങളുടെ പുനരധിവാസത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് അനാഥരോ അശരണരോ ആയവരോ ആശുപത്രികളിലടക്കം ഉപേക്ഷിക്കപ്പെടുന്നവരോ ആയ വയോജനങ്ങളുടെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുനരധിവാസവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി ദുർബല ജനവിഭാഗത്തിന് സംരക്ഷണം നൽകുന്ന ഒരു പദ്ധതി സാമൂഹ്യനീതി വകുപ്പ് നടപ്പാക്കിവരുന്നുണ്ട്. ഈ പദ്ധതിപ്രകാരം ഉപേക്ഷിക്കപ്പെടുന്ന വയോജനങ്ങളെ ഏറ്റെടുത്ത് സംരക്ഷിക്കുന്ന സന്നദ്ധ സംഘടനകൾക്ക് പ്രത്യേക ഗ്രാന്റ് അനുവദിച്ചുവരുന്നു. തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ മൂന്ന് വീതം സ്ഥാപനങ്ങൾക്കും കോഴിക്കോട് ജില്ലയിലെ ഒരു സ്ഥാപനത്തിനും നടപ്പുസാമ്പത്തിക വർഷം മുതൽ ഗ്രാന്റ് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ആശുപത്രികളിൽ അനാഥരാക്കപ്പെടുന്നവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിനായി സാമൂഹ്യനീതി, ആരോഗ്യ വകുപ്പ് മന്ത്രിമാരുടെ നേതൃത്വത്തിൽ 20-12-2022-ന് യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ ആശുപത്രികളിൽ അനാഥരാക്കപ്പെടുന്നവരെ മതിയായ സൗകര്യങ്ങളുള്ള സർക്കാർ സ്ഥാപനങ്ങളിലും സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലും ആവശ്യമെങ്കിൽ ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള മറ്റ് സ്ഥാപനങ്ങളിലും ഏറ്റെടുത്ത്

പുനരധിവസിപ്പിക്കുന്നതിന് തീരുമാനിക്കുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽനിന്നും 15 പേരെയും തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്നും 12 പേരെയും തിരുവനന്തപുരം മനോരോഗ ആശുപത്രിയിൽനിന്നും 3 പേരെയും വിവിധ സ്ഥാപനങ്ങളിൽ പുനരധിവസിപ്പിച്ചിട്ടുണ്ട്.

സർക്കാർ ആശുപത്രികളിൽ ഉപേക്ഷിക്കപ്പെടുന്ന വയോജനങ്ങളെ അതത് ജില്ലാ ഓഫീസ് മുഖേന വകുപ്പിനുകീഴിലുള്ള 16 വൃദ്ധസദനങ്ങൾ വഴിയും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ളതും ഗ്രാന്റ് അനുവദിച്ചുവരുന്നതുമായ ക്ഷേമസ്ഥാപനങ്ങൾ വഴിയും പുനരധിവസിപ്പിച്ചുവരുന്നുണ്ട്.

അപ്രകാരം ആരോരുമില്ലാതെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കഴിഞ്ഞിരുന്ന 24 പേരെയും തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ കഴിഞ്ഞിരുന്ന 5 പേരെയും പത്തനംതിട്ട ജില്ലയിൽ 1, പാലക്കാട്-17, തൃശ്ശൂർ-6, കോട്ടയം-1, മലപ്പുറം-1, കണ്ണൂർ-7, വയനാട്-2,

കാസർഗോഡ്-2 എന്നിങ്ങനെ ജില്ലാ സാമൂഹ്യനീതി ഓഫീസ് മുഖേന വിവിധ സ്ഥാപനങ്ങളിൽ പ്രവേശിപ്പിച്ച് പുനരധിവാസം നൽകിയിട്ടുണ്ട്.

**സർക്കാർ കോളേജ് പ്രിൻസിപ്പൽ നിയമനം**

29(*149) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജ് പ്രിൻസിപ്പൽ നിയമന പട്ടിക തയ്യാറാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടിക തയ്യാറാക്കാൻ ചുമതലപ്പെടുത്തിയ കമ്മിറ്റി യു.ജി.സി. ചട്ടപ്രകാരം യോഗ്യരായ നാൽപ്പത്തിമൂന്ന് പേരുടെ പട്ടിക തയ്യാറാക്കി വകുപ്പുതല സ്ഥാനക്കയറ്റ സമിതിയുടെ അംഗീകാരത്തോടെ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിരുന്നോയെന്ന് വിശദമാക്കുമോ?

(എ&ബി) സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പൽ പ്രൊമോഷനായി ലഭ്യമായ ശിപാർശകൾ പരിശോധിക്കുന്നതിനായി 2-3-2022-ലെ സ.ഉ.(സാധാ)നം.350/ 2022/ഉ.വി.വ എന്ന ഉത്തരവുപ്രകാരം സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചു. എന്നാൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ പിന്നീട് രൂപീകരിച്ച ഒരു ടെക്നിക്കൽ കമ്മിറ്റി, സർക്കാർ രൂപീകരിച്ച സെലക്ഷൻ കമ്മിറ്റി യോഗ്യരായി കണ്ടെത്തിയവരിൽ 23 പേരുടെ ശിപാർശകൾ പുന:പരിശോധിച്ച് അവരെ ഒഴിവാക്കി ആകെ 43 പേരുടെ പട്ടിക തയ്യാറാക്കി. തുടർന്ന് വകുപ്പുതല സ്ഥാനക്കയറ്റ സമിതിയുടെ അംഗീകാരത്തോടെയുള്ള കരട് മിനിറ്റ്സിൽ ഉൾപ്പെടുത്തി ടി പട്ടിക സർക്കാർ അംഗീകാരത്തിനുവേണ്ടി ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

(സി) യു.ജി.സി. ചട്ടപ്രകാരമുള്ള യോഗ്യതകൾ ഇല്ലാത്തതിനാൽ പട്ടികയിൽനിന്ന് പുറത്തായ അപേക്ഷകരെക്കൂടി പരിഗണിക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി നിർദ്ദേശം നൽകിയിരുന്നോ?

ഇല്ല.

(ഡി) യു.ജി.സി. അംഗീകൃത ജേർണലുകളിൽ പ്രസിദ്ധീകരണങ്ങൾ ഇല്ലാത്തവരെ ഉൾപ്പെടുത്തുന്നതിനും പതിനഞ്ച് വർഷത്തെ അദ്ധ്യാപന പരിചയം കണക്കാക്കുന്നതിനായി ഡെപ്യൂട്ടേഷനിൽ അനദ്ധ്യാപക പദവിയിൽ തുടർന്ന അദ്ധ്യാപകരുടെ പ്രസ്തുത കാലയളവിലെ സർവീസ് കൂടി അദ്ധ്യാപന പരിചയമായി പരിഗണിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സർക്കാർ കോളേജുകളിലെ അദ്ധ്യാപകരുടെ പ്ലെയ്സ്മെന്റിനും പ്രൊമോഷനും യൂണിവേഴ്സിറ്റികളിലെ ഗവേഷണ വിഭാഗങ്ങളുടെയും സർക്കാർ കോളജുകളിലെ ഗവേഷണ കേന്ദ്രങ്ങളായി പ്രവർത്തിച്ചുവരുന്ന ഡിപ്പാർട്ടുമെന്റുകളുടെയും ഐ.എസ്.എസ്.എൻ. അംഗീകാരമുള്ള 2016 ജൂൺ 13 വരെ പ്രസിദ്ധീകരിച്ച ലേഖനങ്ങളും (articles), 14-06-2019 വരെ ISSN നമ്പർ ഉള്ള peer reviewed ജേർണലുകളിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങളും (articles), തുടർന്നുള്ള വർഷങ്ങളിൽ യു.ജി.സി. കെയർ ലിസ്റ്റഡ് ജേർണലിലെ ലേഖനങ്ങളും (articles) പരിഗണിക്കാവുന്നതാണെന്നും

യൂണിവേഴ്സിറ്റികൾ, കോളേജുകൾ എന്നിവിടങ്ങളിലെ അംഗീകൃത Research സെന്ററുകളിലെ ജേർണലുകളിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങൾ എയ്ഡഡ് കോളേജുകളിലെയും യൂണിവേഴ്സിറ്റികളിലെയും അദ്ധ്യാപകരുടെ പ്ലെയ്സ്മെന്റിനായി നിലവിൽ പരിഗണിക്കുന്നുണ്ടെന്നും സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളും ഉന്നത വിദ്യാഭ്യാസ കൗൺസിലും സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അതിനാൽ യു.ജി.സി. റെഗുലേഷൻസ് ബാധകമായിട്ടുള്ള വിവിധ യൂണിവേഴ്സിറ്റികളിലും ടി യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെട്ട അഫിലിയേറ്റഡ് എയ്ഡഡ് കോളേജുകളിലും പ്ലെയ്സ്മെന്റിനായി അംഗീകരിച്ചുവരുന്ന ജേർണലുകൾ സർക്കാർ കോളേജുകളിലെയും അദ്ധ്യാപകരുടെ പ്ലേസ്മെന്റിനും പ്രൊമോഷനും പരിഗണിക്കാവുന്നതാണെന്ന് 05-01-2023-ലെ സ.ഉ(പി)നം.12/2023/ ഉ.വി.വ ഉത്തരവ്, 24-03-2023-ലെ സ.ഉ(പി)നം.437/2022/ഉ.വി.വ ഉത്തരവ്, 10-06-2023-ലെ എഫ്1/196/2022/ഉ.വി.വ കത്ത് എന്നിവ പ്രകാരം വ്യക്തമാക്കിയിരുന്നു.

സർക്കാർ കോളേജുകളിലെ പ്രിൻസിപ്പൽ നിയമനത്തിന് ഡയറക്റ്റ് റിക്രൂട്ട്മെന്റ് സംവിധാനമല്ല നടപ്പാക്കിയിരിക്കുന്നത്. യു.ജി.സി.-യുടെ മാനദണ്ഡങ്ങൾ അംഗീകരിച്ചുകൊണ്ട്, ഒപ്പം വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂൾ ഉൾപ്പെടെയുള്ള സർക്കാർ ഉത്തരവുകൾകൂടി പരിഗണിച്ചുകൊണ്ടുള്ള നിയമന രീതിയാണ് അവലംബിച്ചിട്ടുള്ളത്. അദ്ധ്യാപകരുടെ ഗ്രേഡിംഗ് അസ്സസ്സ്മെന്റിൽനിന്ന് ഡെപ്യൂട്ടേഷൻ കാലം ഒഴിവാക്കണമെന്നല്ലാതെ അടിസ്ഥാന യോഗ്യതയിൽപ്പെട്ട സർവീസിൽനിന്ന് ഡെപ്യൂട്ടേഷൻ കാലം ഒഴിവാക്കേണ്ടതില്ലെന്നാണ് യു.ജി.സി.-യുടെ നിർദ്ദേശം. ആയതിനാൽ 21-06-2022-ലെ സ.ഉ.(അച്ചടി)നം. 22/2022/ഉ.വി.വ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) വകുപ്പുതല സ്ഥാനക്കയറ്റ സമിതി പരിഗണിച്ച് പി.എസ്.സി. അംഗീകരിച്ച പട്ടികയിൽനിന്നുള്ള പ്രിൻസിപ്പൽ നിയമനങ്ങൾ താൽക്കാലിക നിയമനമായി കണക്കാക്കണമെന്ന നിലപാട് സർക്കാർ കൈക്കൊള്ളാനുള്ള കാരണം വിശദമാക്കാമോ?

വകുപ്പുതല സ്ഥാനക്കയറ്റ സമിതി സമർപ്പിച്ച കരട് പട്ടികയിൽനിന്ന് പ്രിൻസിപ്പൽ നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ തുടർന്നുവരവെ സെലക്ഷൻ കമ്മിറ്റി നടത്തിയ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ ലഭിച്ചു. ടി പരാതികളിൽ കഴമ്പുള്ളതായി പരിശോധനയിൽ ബോധ്യപ്പെട്ടതിനെത്തുടർന്നാണ് അപ്രകാരം അപാകത സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് നീതിയുക്തമായി സെലക്ഷൻ നടത്തുന്നതിനായി കരട് ലിസ്റ്റായി പ്രസിദ്ധീകരിച്ചത്. OA 828/2023-മേലുള്ള 03-08-2023-ലെ ഉത്തരവ്, MA 1611/2023 in OA 828/2023-മേലുള്ള 21-08-2023-ലെ ഉത്തരവ് എന്നിവയുടെ അടിസ്ഥാനത്തിലാണ് 23-06-2022-ൽ യോഗം ചേർന്ന വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി സമർപ്പിച്ച ലിസ്റ്റിൽ ഉൾപ്പെട്ട 43 പേരിൽ വിരമിച്ച 5 പേരേയും താൽക്കാലികമായി പ്രിൻസിപ്പൽ പ്രൊമോഷനിൽനിന്ന് ഒഴിവാക്കണമെന്ന് അപേക്ഷിച്ച 2 പേരേയും ഒഴിവാക്കി 23-8-2023-ലെ സ.ഉ.(സാധാ) നം. 1320/2023/ഉ.വി.വ. എന്ന ഉത്തരവ് പ്രകാരം 36 അദ്ധ്യാപകർക്ക് താൽക്കാലിക പ്രൊമോഷൻ നൽകിയിട്ടുള്ളത്.

**ഓണത്തിന് ഒരു മുറം പച്ചക്കറി**

30(*150) ശ്രീ. എം. എം. മണി:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി ഈ വർഷവും തുടരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിഷരഹിത പച്ചക്കറി വ്യാപകമാക്കുന്നതിനും ഉത്സവ സീസണിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും പദ്ധതി എത്രത്തോളം സഹായകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉണ്ട്. വിഷരഹിത പച്ചക്കറി വ്യാപകമാക്കുന്നതിനും ഉത്സവ സീസണിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി സഹായകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ട്.

ഓണക്കാലത്ത് പച്ചക്കറികൾക്ക് അമിതമായി വില വർദ്ധിക്കുന്നത് തടയുന്നതിനും ഉത്സവ സീസണുകളിൽ പച്ചക്കറിക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിനും ലക്ഷ്യമിട്ട് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. "ഞങ്ങളും കൃഷിയിലേയ്ക്ക്"ക്യാമ്പയിന്റെ ഭാഗമായി രൂപീകൃതമായ കൃഷിക്കൂട്ടങ്ങൾ പച്ചക്കറികൾക്ക് പ്രാധാന്യം നൽകിയുള്ള കൃഷിയിലാണ് ഏർപ്പെട്ടിരിക്കുന്നത്. പച്ചക്കറി കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന പാരമ്പര്യ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ഓണക്കാലയളവിൽ പച്ചക്കറിയിൽ പരമാവധി ഉൽപ്പാദനം ലക്ഷ്യമാക്കിയാണ് "ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി"നടപ്പാക്കിവരുന്നത്.

**<u>ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ:</u>**

സംസ്ഥാനത്ത് സുരക്ഷിത ഭക്ഷ്യോൽപ്പാദനം ലക്ഷ്യമിട്ടുകൊണ്ടും ഉത്സവസമയങ്ങളിൽ പച്ചക്കറിക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായും ഓണക്കാലത്ത്

സുരക്ഷിതമായ ജൈവ പച്ചക്കറികൾ നമ്മുടെ സ്വന്തം വീട്ടുവളപ്പിൽ നിന്നുതന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചുമാണ് “ഞങ്ങളും കൃഷിയിലേയ്ക്ക്” ക്യാമ്പയിന്റെ ഭാഗമായി “ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി” നടപ്പാക്കിവരുന്നത്. 2017-18 സാമ്പത്തിക വർഷം ആരംഭിച്ച ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി ഈ വർഷവും നടപ്പാക്കിയിരുന്നു.

ഇതര സംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികൾ ഒഴിവാക്കി നമ്മുടെ വീട്ടുവളപ്പിൽ നിന്നുതന്നെ പച്ചക്കറി ഉൽപ്പാദിപ്പിക്കാൻവേണ്ട ബോധവൽക്കരണവും ഉൽപ്പാദന ഉപാധികളുടെ ലഭ്യതയും സമഗ്ര പച്ചക്കറി വികസന പദ്ധതിയിലൂടെ സാധ്യമായിട്ടുണ്ട്.

കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീകൾ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കൃഷിക്കൂട്ടങ്ങൾ തുടങ്ങി പൊതുസമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കെടുപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പാക്കുന്നത്.

"ഓണത്തിന് ഒരു മുറം പച്ചക്കറി" പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 1076 കൃഷി ഭവനുകൾ വഴി സൗജന്യമായി അത്യുൽപ്പാദന ശേഷിയുള്ള സങ്കരയിനം പച്ചക്കറി വിത്ത്, തൈകളും കൂടാതെ വിവിധങ്ങളായ പച്ചക്കറി വിത്തുകൾ, തൈകൾ, ദീർഘകാല പച്ചക്കറി തൈകൾ എന്നിവ പൂർണ്ണമായും സൗജന്യമായി നൽകി.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി വിത്തുകൾ, തൈകൾ എന്നിവ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതിയുടെ ഭാഗമായി വിവിധ പച്ചക്കറി വിത്തിനങ്ങൾ അടങ്ങിയ 10/- രൂപ വില വരുന്ന 25 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിദ്യാർത്ഥികൾ, കർഷകർ, സർക്കാരിതരസ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവർ വഴി വിതരണം ചെയ്തു. ആയതിനായി 250 ലക്ഷം രൂപ നടപ്പുസാമ്പത്തിക വർഷം ചെലവഴിച്ചു. കൂടാതെ 2.50 രൂപ വില വരുന്ന പച്ചക്കറി ഇനങ്ങളുടെ 108.6 ലക്ഷം പച്ചക്കറി തൈകൾ ടി പദ്ധതിയിലൂടെ കൃഷിക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 271.5 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. കൂടാതെ 15/-

 രൂപ വില വരുന്ന ദീർഘകാല പച്ചക്കറി വിളകളുടെ (മുരിങ്ങ, കറിവേപ്പ്, അഗത്തിചീര) 10 ലക്ഷം തൈകൾ ഉൽപ്പാദിപ്പിച്ച് 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതിയുടെ ഭാഗമായി വിതരണം നടത്തിയിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷം മുതൽ വിവിധ ഇനങ്ങളടങ്ങിയ അത്യുൽപ്പാദന ശേഷിയുള്ള സങ്കരയിനം വിത്തുകളുടെ 20 ലക്ഷം പായ്ക്കറ്റുകളും 3 രൂപ വിലവരുന്ന അത്യുൽപ്പാദനശേഷിയുള്ള പച്ചക്കറി ഇനങ്ങളുടെ 116.66 ലക്ഷം തൈകളും വിതരണം നടത്തിവരുന്നുണ്ട്. പദ്ധതി നടത്തിപ്പിനായി ജില്ലകൾക്ക് ഭൗതീകലക്ഷ്യവും ഫണ്ടും അനുവദിച്ച് നൽകിയിട്ടുണ്ട്. പദ്ധതി ഘടകം നടത്തിപ്പിനായുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ കൈക്കൊണ്ടുവരുന്നു. പ്രമുഖ മാധ്യമങ്ങളുടെ കാർഷിക-കാർഷികേതര മാസികകളിലൂടെ 4 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും വിതരണം ചെയ്തിട്ടുണ്ട്.

പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി ബാംഗ്ലൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചർ റിസർച്ച് (IIHR), തമിഴ്നാട് കാർഷിക സർവകലാശാല, വാരണാസിയിലെ ഭാരതീയ പച്ചക്കറി ഗവേഷണ സ്ഥാപനം (IVRI),

വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം (വി.എഫ്.പി.സി.കെ.), കേരള കാർഷിക സർവകലാശാല (KAU), കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ, കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ, കൃഷിക്കൂട്ടം, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനുകൾ, കുടുംബശ്രീ, കൃഷി വകുപ്പ് അംഗീകരിച്ച ബ്ലോക്ക്-പഞ്ചായത്ത് തല നഴ്സറികൾ തുടങ്ങിയ സർക്കാർ സ്ഥാപനങ്ങൾ മുഖേനയാണ് പച്ചക്കറി വിത്ത്, തൈകൾ എന്നിവ ഉൽപ്പാദിപ്പിച്ച് വിതരണത്തിന് തയ്യാറാക്കുന്നത്.

(സി) പച്ചക്കറി കർഷകർക്കായി മറ്റെന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് “ഞങ്ങളും കൃഷിയിലേയ്ക്ക്”എന്ന ക്യാമ്പയിന്റെ ഭാഗമായി സമഗ്ര പച്ചക്കറി വികസന പദ്ധതി” ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയം പര്യാപ്തതയിലേയ്ക്ക് എത്തുന്നതിനും

ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര പച്ചക്കറി വികസന പദ്ധതിയിലൂടെ പച്ചക്കറി കൃഷിചെയ്യുന്ന കർഷകർക്ക് നിലവിൽ നൽകിവരുന്ന സഹായങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹനം
- സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി
- വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി
- പച്ചക്കറി കൃഷിക്ക് അടിസ്ഥാന സൗകര്യ വികസനം
- തുറസ്സായ സ്ഥലത്തെ കൃത്യത കൃഷി
- പുതിയതായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പോഷകസമൃദ്ധി മിഷൻ വിഷരഹിത പച്ചക്കറിയുടെ ഉൽപ്പാദനത്തിലും പ്രാമുഖ്യം നൽകുന്ന പദ്ധതിയാണ്. വിവിധ സ്കീമുകൾ സംയോജിപ്പിച്ച് പോഷക പ്രാധാന്യമുള്ള വിളകൾ ഉൽപ്പാദിപ്പിച്ച് കർഷക വരുമാനം വർദ്ധിപ്പിക്കാനും പോഷക സമ്പന്നമായ ഭക്ഷണം ജനങ്ങളിൽ എത്തിക്കാനും ഈ മിഷൻ ലക്ഷ്യമിടുന്നു.

പച്ചക്കറി വികസന പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന അർക്ക വെർട്ടിക്കൽ ഗാർഡൻ നിർമ്മിക്കുന്നതിന് ഒരു യൂണിറ്റിന് 5000/- രൂപ നിരക്കിൽ കർഷകർക്ക് ധനസഹായം നൽകിവരുന്നു. ഇത്തരത്തിൽ 2000 അർക്ക വെർട്ടിക്കൽ ഗാർഡൻ നിർമ്മിക്കുന്നതിന് പദ്ധതി ഘടകത്തിൽ വിഭാവനം ചെയ്തിരിക്കുന്നു.

**വി.എഫ്.പി.സി.കെ. മുഖേനയുള്ള പച്ചക്കറി കൃഷി വികസനം**

വി.എഫ്.പി.സി.കെ. മുഖേന പച്ചക്കറി കൃഷി വികസന പദ്ധതി നടപ്പാക്കുന്നതിനായി 2023-24 സാമ്പത്തിക വർഷത്തിൽ സപ്പോർട്ട് ടു വി.എഫ്.പി.സി.കെ. എന്ന ഘടകത്തിൽ 2300 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

സപ്പോർട്ട് ടു വി.എഫ്.പി.സി.കെ. എന്ന ഘടകത്തിലൂടെ കർഷകർക്ക് 2.50 രൂപ വിലവരുന്ന 15 ലക്ഷം വിവിധ ഇനം പച്ചക്കറി തൈകൾ സൗജന്യമായി വിതരണം നടത്തിവരുന്നു. കൂടാതെ 20/- രൂപ വില വരുന്ന വിവിധ പച്ചക്കറി ഇനങ്ങളുടെ 7.5 ലക്ഷം വിത്ത് പായ്ക്കറ്റുകളും 50/- രൂപ വിലയുള്ള

സങ്കരയിനം അത്യുൽപ്പാദന ശേഷിയുള്ള 40000 പച്ചക്കറി വിത്ത് പായ്ക്കറ്റുകളും കർഷകർക്ക് വിതരണം നടത്തുന്നുണ്ട്.

കേരളത്തിൽ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് മെച്ചപ്പെട്ട വിപണി വില ഉറപ്പാക്കുന്നതിന്റെ ഭാഗമായി 16 ഇനം പച്ചക്കറികൾക്ക് അടിസ്ഥാന വില പദ്ധതി നടപ്പാക്കിവരുന്നുണ്ട്. പൊതുവിപണിയിലെ വില ഈ പദ്ധതിയിലെ അടിസ്ഥാന വിലയേക്കാൾ കുറയുന്ന സാഹചര്യത്തിൽ ടി പദ്ധതിയിൽ ഉൾപ്പെടുത്തി വിപണിയിൽ നിശ്ചയിക്കപ്പെട്ട അടിസ്ഥാനവിലയ്ക്ക് കർഷകരിൽനിന്നും പച്ചക്കറികൾ സംഭരിച്ചുവരുന്നു. ഇനം തിരിച്ചുള്ള അടിസ്ഥാന വില ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | അടിസ്ഥാന വില (കിലോ) |
|---|---|---|
| 1 | മരച്ചീനി | 12.00 |
| 2 | നേന്ത്രൻ | 30.00 |
| | വയനാടൻ നേന്ത്രൻ | 24.00 |
| 3 | കൈതച്ചക്ക | 15.00 |
| 4 | കുമ്പളം | 9.00 |
| 5 | വെള്ളരി | 8.00 |
| 6 | പാവൽ | 30.00 |

| | | |
|---|---|---|
| 7 | പടവലം | 16.00 |
| 8 | പയർ | 34.00 |
| 9 | തക്കാളി | 8.00 |
| 10 | വെണ്ട | 20.00 |
| 11 | കാബേജ് | 11.00 |
| 12 | കാരറ്റ് | 21.00 |
| 13 | ഉരുളക്കിഴങ്ങ് | 20.00 |
| 14 | ബീൻസ് | 28.00 |
| 15 | ബിറ്റ്റൂട്ട് | 21.00 |
| 16 | വെളുത്തുള്ളി | 139.00 |

ഈ ഓണക്കാലത്ത് സംസ്ഥാനത്തൊട്ടാകെ കൃഷി വകുപ്പ് നടപ്പാക്കിയ 2000 ഓണച്ചന്തകളിലൂടെ 1400.22 മെട്രിക് ടൺ പച്ചക്കറി വിപണി വിലയേക്കാൾ 10 ശതമാനം അധികം നൽകി കർഷകരിൽനിന്നും സംഭരിച്ചിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കുന്നത്തുനാട് മണ്ഡലത്തിലെ കൃഷി ഭവനുകളുടെ അടിസ്ഥാന സൗകര്യവികസനം

1(1698) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ കൃഷി ഭവനുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അറിയിക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിലെ കുന്നത്തുനാട് കൃഷി ഭവനെ സ്മാർട്ട് കൃഷി ഭവനായി ഉയർത്തുന്നതിന് നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ 27 പദ്ധതിയിലുൾപ്പെടുത്തി 08-04-2022-ലെ ജി.ഒ. (ആർ.റ്റി) നം. 296/2022 ഉത്തരവുപ്രകാരം 213.70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത കൃഷി ഭവനെ സ്മാർട്ട് കൃഷി ഭവനാക്കി മാറ്റുന്നതിന് എന്തെല്ലാം പ്രവൃത്തികളാണ് വിഭാവന ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

പ്രസ്തുത കൃഷി ഭവനെ സ്മാർട്ട് കൃഷി ഭവനാക്കി മാറ്റുന്നതിന് വിഭാവന ചെയ്തിട്ടുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. കൃഷി ഭവൻ കെട്ടിട നിർമ്മാണം

2. ഡിജിറ്റലൈസേഷനും വിവരശേഖരണവും

3. പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക്, പെസ്റ്റ്-ഡിസീസ് അഡൈ്വസറി സിസ്റ്റം

4. ഐ.റ്റി. ഇൻഫ്രാസ്ട്രക്ചർ

5. കർഷകർക്കുള്ള സ്മാർട്ട് കാർഡ് - AIMS പോർട്ടൽ കാമ്പയിൻ സംവിധാനം

6. ഇൻഫർമേഷൻ & ഫ്രണ്ട് ഓഫീസ് സംവിധാനം

7. നഴ്സറികളുടെ നെറ്റ്‌വർക്കിംഗ് സിസ്റ്റം-ഇ-ബില്ലിംഗ്, ഇൻവോയ്സ്

8. ഓൺലൈൻ ഡിജിറ്റൽ മീഡിയ ലൈബ്രറി

9. ഓൺലൈൻ ആഡിറ്റിംഗ് സിസ്റ്റം

10. ഗ്രീൻഹൗസ് നിർമ്മാണവും ഇറിഗേഷൻ ഫെസിലിറ്റി സംവിധാനവും

11. മാർക്കറ്റിംഗ് സ്ട്രക്ചർ

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും പദ്ധതി എപ്പോൾ പൂർത്തീകരിക്കാനാകുമെന്നും അറിയിക്കാമോ?

പദ്ധതിയുടെ ടെണ്ടറിംഗ് നടപടി പൂർത്തീകരിച്ച് നിർമ്മാണ കരാർ നൽകിയിട്ടുണ്ട്. ഒരു വർഷത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

**സ്മാർട്ട് കൃഷി ഭവനുകളാക്കി മാറ്റുന്ന പദ്ധതി**

2(1699) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ കൃഷി ഭവനുകളും സ്മാർട്ട് കൃഷി ഭവനുകളാക്കി മാറ്റുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) എങ്കിൽ സംസ്ഥാനത്ത് എത്ര കൃഷി ഭവനുകൾ ഇത്തരത്തിൽ ഏറ്റെടുത്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്തെ എല്ലാ കൃഷി ഭവനുകളും സ്മാർട്ട് കൃഷി ഭവനാക്കുകയെന്ന ലക്ഷ്യം മുൻനിർത്തി ആദ്യഘട്ടത്തിൽ നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ ഓരോ കൃഷി ഭവനെ വീതം ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ സ്മാർട്ട് കൃഷി ഭവനുകളാക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വാർഷിക പദ്ധതിയായ 'സ്മാർട്ട് കൃഷി ഭവൻ' പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയതിൻപ്രകാരം സംസ്ഥാനത്ത് തെരഞ്ഞെടുത്ത 28 കൃഷി ഭവനുകളെ ആദ്യഘട്ടത്തിൽ സ്മാർട്ട്

കൃഷി ഭവനാക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. സ്മാർട്ട് കൃഷി ഭവനുകളാക്കുന്നതിനായി തെരഞ്ഞെടുത്ത 28 കൃഷി ഭവനുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം 1ആയി+ ചേർക്കുന്നു. ഇവയിൽ വയനാട് ജില്ലയിൽ മാനന്തവാടി നിയോജകമണ്ഡലത്തിലെ തൊണ്ടർനാട്, പത്തനംതിട്ട ജില്ലയിൽ കോന്നി നിയോജകമണ്ഡലത്തിലെ അരുവാപ്പുലം എന്നീ കൃഷി ഭവനുകൾ സ്മാർട്ട് കൃഷി ഭവനുകളാക്കിയിട്ടുണ്ട്. കൂടാതെ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ 27 സ്മാർട്ട് കൃഷി ഭവൻ പദ്ധതി പ്രകാരം ജില്ലയിൽ ഒരു കൃഷി ഭവൻ എന്ന തോതിൽ സംസ്ഥാനത്തെ 14 കൃഷി ഭവനുകളെ സ്മാർട്ട് കൃഷി ഭവനുകളാക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. ടി പദ്ധതി പ്രകാരം തെരഞ്ഞെടുത്ത 14 കൃഷി ഭവനുകളുടെ ലിസ്റ്റ് അനുബന്ധം 2 ആയി+ ചേർക്കുന്നു.

**പച്ചക്കറി വിലവർദ്ധനവ് നിയന്ത്രിക്കാൻ നടപടി**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3(1700) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പച്ചക്കറിയുടെ വില അനിയന്ത്രിതമായി വർദ്ധിക്കുന്നതുമൂലം ജനങ്ങൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വില വർദ്ധന നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

സംസ്ഥാനത്ത് പച്ചക്കറിയുടെ വില അനിയന്ത്രിതമായി വർദ്ധിക്കുന്ന സമയങ്ങളിൽ ഫലപ്രദമായ സർക്കാർ ഇടപെടലുണ്ടാകുകയും പച്ചക്കറി വില നിയന്ത്രണവിധേയമാക്കാൻ സാധിച്ചിട്ടുമുണ്ട്. വിപണിയിടപെടൽ നടത്തുന്നതിന്റെ ഭാഗമായി ഹോർട്ടികോർപ്പ് 13 ജില്ലാ സംഭരണ കേന്ദ്രങ്ങളുടേയും 6 ഉപസംഭരണ കേന്ദ്രങ്ങളുടേയും കീഴിലുള്ള 90 സ്വന്തം സ്റ്റാളുകൾവഴിയും 185 ലൈസൻസി സ്റ്റാളുകൾവഴിയും പൊതുവിപണിയേക്കാൾ കുറഞ്ഞ വിലയിൽ പച്ചക്കറി വിതരണം നടത്തിവരുന്നു. കൂടാതെ സംസ്ഥാനത്തുടനീളം കുറഞ്ഞ നിരക്കിൽ പച്ചക്കറി ലഭ്യത ഉറപ്പുവരുത്തുന്നതിനായി "പച്ചക്കറി വണ്ടി" എന്ന പേരിൽ

സഞ്ചരിക്കുന്ന 24 വിൽപ്പനശാലകളും ഹോർട്ടികോർപ്പ് ജൂലൈ 4-ന് ആരംഭിച്ചു. പൊതുവിപണിയേക്കാൾ 20-30 ശതമാനം വരെ വില കുറച്ചാണ് വിൽപ്പന നടത്തിവരുന്നത്. "പച്ചക്കറി വണ്ടിയുടെ" സേവനം പഞ്ചായത്ത്/ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ ലഭ്യമാക്കുന്ന നടപടിയും ഹോർട്ടികോർപ്പ് സ്വീകരിച്ചിട്ടുണ്ട്. പൊതുവിപണിയിൽ ഇടപെടുന്നതിന്റെ ഭാഗമായി 889.82 ടൺ പച്ചക്കറി ഹോർട്ടികോർപ്പ് സംഭരിച്ച് വിതരണം നടത്തി. സംസ്ഥാനത്തുടനീളം സഞ്ചരിക്കുന്ന 24 പച്ചക്കറി വണ്ടി വഴി 50.5 ടൺ പച്ചക്കറി വിതരണം നടത്തുന്നതിനുപുറമെ വൻ വില വർദ്ധനയുണ്ടായ 15 ഇനം പച്ചക്കറികൾ ഉൾപ്പെടുത്തി 200/-രൂപ നിരക്കിൽ പച്ചക്കറി കിറ്റുകൾ വിതരണം നടത്തി. 2023 ഓണക്കാലത്ത് വിപണി ഇടപെടൽ പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പ് ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെ.-യുമായി സഹകരിച്ച് 2000 ഓണ വിപണികൾ സംഘടിപ്പിച്ചു. ഓണ വിപണിക്കായി കർഷകരിൽനിന്ന് നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതുവിപണിയിലെ വിലയേക്കാൾ 10% അധികം വില നൽകി സംഭരിക്കുന്നതും ഓണ വിപണികളിലൂടെ

പൊതുവിപണിയിലെ വിൽപ്പന വിലയേക്കാൾ 30 ശതമാനം വരെ കുറഞ്ഞവിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കി.

**വിപണിയിലെ പച്ചക്കറി ലഭ്യത ഉറപ്പാക്കുന്നതിനുള്ള സംവിധാനം**

4(1701) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിപണിയിൽ പച്ചക്കറി ലഭ്യത ഉറപ്പുവരുത്തുന്നതിനും വില നിയന്ത്രണം ഫലപ്രദമാക്കുന്നതിനും കാർഷിക മേഖലയിൽ ഇതിനോടകം നടപ്പാക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

പഴം-പച്ചക്കറികളുടെ സംഭരണ വിതരണ രംഗത്ത് ഉൽപ്പാദകരേയും ഉപഭോക്താക്കളേയും സംരക്ഷിക്കുക എന്ന ദൗത്യവുമായി പ്രവർത്തിക്കുന്ന ഹോർട്ടികോർപ്പിന് സംസ്ഥാനത്ത് 13 ജില്ലാ സംഭരണ കേന്ദ്രങ്ങളും 6 ഉപസംഭരണ കേന്ദ്രങ്ങളും അവയുടെ കീഴിൽ 90 സ്വന്തം സ്റ്റാളുകളും 185 ലൈസൻസി സ്റ്റാളുകളുമുണ്ട്. ഈ സ്റ്റാളുകൾ മുഖേന പൊതുവിപണിയേക്കാൾ 20-30 ശതമാനം വില കുറച്ച് പച്ചക്കറികൾ ഉപഭോക്താക്കൾക്ക് നൽകിവരുന്നു. സംസ്ഥാനത്ത് പച്ചക്കറികളുടെ വില ക്രമാതീതമായി

ഉയരുന്ന അവസരങ്ങളിൽ വിപണിയിടപെടൽ നടത്തുകയും ഓണം, വിഷു, ഈസ്റ്റർ, റംസാൻ മുതലായ ഉത്സവ കാലങ്ങളിൽ ഹോർട്ടികോർപ്പ് ഉപഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ പച്ചക്കറികൾ ലഭ്യമാക്കുകയും ചെയ്യുന്നു. ഇതിലേയ്ക്കായി കേരളത്തിലെ കർഷകർ, കർഷക സംഘങ്ങൾ, സംഘമൈത്രി, കാർഷിക മൊത്ത വ്യാപാര വിപണികൾ, വി.എഫ്.പി.സി.കെ.-യുടെ സ്വാശ്രയ കർഷക വിപണികൾ, കൃഷി വകുപ്പിന്റെ ബ്ലോക്കുതല ഫാർമർ ക്ലസ്റ്ററുകൾ, മറ്റ് കർഷക കൂട്ടായ്മകൾ മുഖേന ഉൽപ്പാദിപ്പിക്കുന്ന സുരക്ഷിതവും നല്ല കൃഷി രീതികൾ (GAP) അനുവർത്തിച്ച് ഉൽപ്പാദിപ്പിക്കുന്നതുമായ പച്ചക്കറികൾ വിപണി വിലയേക്കാൾ അധിക വില നൽകി ഹോർട്ടികോർപ്പ് സംഭരിച്ചുവരുന്നു. 2022-23 സാമ്പത്തിക വർഷം ഹോർട്ടികോർപ്പ് കർഷകരിൽനിന്നും 3489 ടൺ പച്ചക്കറികൾ സംഭരിച്ചു. കേരളത്തിൽ ലഭ്യമല്ലാത്തതും ഗുണഭോക്താക്കൾക്ക് അത്യന്താപേക്ഷിതവുമായ പച്ചക്കറികൾ മറ്റ് സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽനിന്നും തമിഴ്നാട്ടിലെ പ്രമുഖ കാർഷിക മൊത്ത വ്യാപാര വിപണികളിൽനിന്ന് ലേലംവഴിയും സംഭരിക്കുന്നുണ്ട്. ഇത്തരത്തിലുള്ള

സംഭരണം കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി തമിഴ്നാട് കാർഷിക വിപണന വകുപ്പുമായി സഹകരിച്ച് തെങ്കാശി ജില്ലയിലെ ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻവഴി കർഷകരിൽനിന്നും നേരിട്ട് പച്ചക്കറി സംഭരിക്കുന്നതിന് കരാർ ഒപ്പുവച്ച് സംഭരണം നടത്തിവരുന്നു. ഇപ്രകാരം 2021 ഡിസംബർ മുതൽ നാളിതുവരെ 971.86 ടൺ പച്ചക്കറികൾ തെങ്കാശിയിൽനിന്നും സംഭരിക്കുകയുണ്ടായി. പഴം-പച്ചക്കറികളും ഹോർട്ടികോർപ്പുമായി സഹകരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും പൊതുജനങ്ങൾക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി എല്ലാ നിയോജകമണ്ഡലങ്ങളിലും ഗ്രാമശ്രീ ഹോർട്ടിസ്റ്റാളുകളും ഗ്രാമശ്രീ സൂപ്പർ സ്റ്റാളുകളും ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടിയും ഹോർട്ടികോർപ്പ് സ്വീകരിച്ചുവരുന്നു. സംസ്ഥാനമൊട്ടാകെയുള്ള VFPCK, സ്വാശ്രയകർഷക സമിതികൾവഴി കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി നേരിട്ട് ലേലംവഴിയോ വില നിശ്ചയിച്ചോ വിറ്റഴിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം സംസ്ഥാനമൊട്ടാകെയുള്ള 289 സമിതികൾവഴി

291 കോടി രൂപ മൂല്യം വരുന്ന 85,690 മെട്രിക് ടൺ പഴം-പച്ചക്കറികൾ വിറ്റഴിച്ചു. പഴം-പച്ചക്കറികൾക്ക് പൊതുവിപണിയിലുണ്ടാകുന്ന വിലവർദ്ധന ജനങ്ങളെ നേരിട്ട് ബാധിക്കാതിരിക്കുന്നതിനായി ചില്ലറ വിൽപ്പനയ്ക്കായി 63 തളിർ - ഗ്രീൻ ഔട്ട്ലെറ്റുകളും 47 സസ്യ ഔട്ട്ലെറ്റുകളും 2 തളിർ സൂപ്പർ മാർക്കറ്റുകളും VFPCK- യുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു. നിലവിൽ കൃഷി വകുപ്പ് വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള ഇക്കോഷോപ്പുകൾ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ആഴ്ചചന്തകൾ, നഗര വഴിയോര ആഴ്ചചന്തകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, സംസ്ഥാനത്തെ 6 കാർഷിക മൊത്ത വ്യാപാര വിപണികൾ തുടങ്ങിയവ മുഖേന അതത് ഗ്രാമപഞ്ചായത്ത്/ ബ്ലോക്ക് പ്രദേശങ്ങളിൽ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പഴം-പച്ചക്കറികൾ കർഷകരിൽനിന്ന് നേരിട്ട് സംഭരിക്കുന്നതിനും ഉപഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുമുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ വിവിധ മാർക്കറ്റുകൾ ഗ്രേഡ് ചെയ്യുന്ന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 29 ഗ്രേഡ് I മാർക്കറ്റുകളും 660 ഗ്രേഡ് II മാർക്കറ്റുകളും 595 ഗ്രേഡ് III മാർക്കറ്റുകളും നിലവിൽ പ്രവർത്തനക്ഷമമാണ്.

2023 ഓണക്കാലത്ത് വിപണി ഇടപെടൽ പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പ് ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെ.-യുമായി സഹകരിച്ച് 2000 ഓണവിപണികൾ സംഘടിപ്പിക്കുകയും ഓണവിപണിക്കായി കർഷകരിൽനിന്ന് നേരിട്ട് സംഭരിച്ച പച്ചക്കറികൾ പൊതുവിപണിയിലെ വിലയേക്കാൾ 10 ശതമാനം അധികം വില നൽകി സംഭരിച്ച് ഓണവിപണികളിലൂടെ പൊതുവിപണിയിലെ വിൽപ്പന വിലയേക്കാൾ 30 ശതമാനം വരെ കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്തു.

**കൃഷി ഭവനുകളുടെ അടിസ്ഥാന സൗകര്യവികസനം**

5(1702) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി ഭവനുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി ഭവനുകളുടെ അടിസ്ഥാന സൗകര്യവികസനം ലക്ഷ്യമിട്ട് 2022-23 സാമ്പത്തിക വർഷത്തിൽ 'സ്മാർട്ട് കൃഷി ഭവൻ' പദ്ധതി നടപ്പാക്കിവരുന്നു. സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്ന സ്മാർട്ട് കൃഷി ഭവൻ പദ്ധതി പ്രകാരം സംസ്ഥാനത്തെ 28 കൃഷി ഭവനുകൾ സ്മാർട്ട് കൃഷി ഭവനുകളാക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. അതോടൊപ്പം നബാർഡിന്റെ സാമ്പത്തിക സഹായത്തോടെയുള്ള RIDF ട്രാഞ്ചെ 27 സ്മാർട്ട് കൃഷി ഭവൻ പദ്ധതി പ്രകാരം ഒരു ജില്ലയിൽ ഒരു കൃഷി ഭവൻ എന്ന തോതിൽ സംസ്ഥാനത്തെ 14 കൃഷി ഭവനുകളെ സ്മാർട്ട് കൃഷി ഭവനുകളാക്കുന്ന പ്രവർത്തനങ്ങളും പുരോഗമിക്കുന്നുണ്ട്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുന്നതിനാണ് 'സ്മാർട്ട് കൃഷി ഭവൻ' പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. കർഷക സമൂഹത്തിന്റെ എല്ലാ ആവശ്യങ്ങളും ഏകജാലക സംവിധാനത്തിൽ നിറവേറ്റുന്നതിനായി കൃഷി ഭവനെ സ്മാർട്ട് കൃഷി ഭവനാക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

സർവ്വീസ് ഡെലിവറി, അടിസ്ഥാന സൗകര്യങ്ങൾ, ഇൻഫർമേഷൻ സിസ്റ്റം എന്നിങ്ങനെ മൂന്ന് മേഖലകളിൽ കൃഷി ഭവനെ മികച്ചതാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. പഞ്ചായത്ത് തലത്തിൽ കർഷകരുടെ പ്രധാന സമ്പർക്ക കേന്ദ്രമായ കൃഷി ഭവനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, ഐ.ടി അധിഷ്ഠിത അടിസ്ഥാന സൗകര്യങ്ങൾ, ഫ്രണ്ട് ഓഫീസ് സേവന സംവിധാനം എന്നിവ പ്രദാനം ചെയ്തുകൊണ്ട് കൃഷി ഭവനുകളെ കർഷക സൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സ്മാർട്ട് കൃഷി ഭവൻ പദ്ധതി നടപ്പാക്കുന്നതിലൂടെ സാധിക്കുന്നു. കർഷകർക്ക് കൃഷി ഭവനിൽ എത്തിച്ചേരാതെതന്നെ ലഭിക്കുന്ന ആനുകൂല്യങ്ങളുടെ വിവരങ്ങൾ അറിയുന്നതിനും ആനുകൂല്യങ്ങൾ ലഭിക്കുന്നതിനാവശ്യമായ അപേക്ഷകൾ സമർപ്പിക്കുന്നതിനും സാധിക്കുന്നു. ഇത് കർഷകർക്ക് കൂടുതൽ സമയം കൃഷിയിടങ്ങളിൽ ചെലവഴിക്കുന്നതിന് സഹായകമാകുന്നു. സേവനങ്ങൾ ഓൺലൈനായി മാറുന്നതോടെ വേഗത്തിലും സമയബന്ധിതമായും സേവനങ്ങൾ കർഷകർക്ക് ലഭ്യമാകും.

(ബി) ചിറയിൻകീഴ് മണ്ഡലത്തിലെ ഏതെല്ലാം കൃഷിഭവനുകളാണ് സ്മാർട്ട് കൃഷിഭവനുകളായി ഉയർത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2022-23 സംസ്ഥാന വാർഷിക പദ്ധതിയായ 'സ്മാർട്ട് കൃഷി ഭവൻ' പദ്ധതി പ്രകാരം ചിറയിൻകീഴ് മണ്ഡലത്തിലെ മംഗലപുരം കൃഷിഭവനെ സ്മാർട്ട് കൃഷി ഭവനായി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**കൊടകര ബ്ലോക്ക് അഗ്രോ സർവ്വീസ് സെന്റർ**

6(1703) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ പുതുക്കാട് മണ്ഡലത്തിൽ കൊടകര ബ്ലോക്ക് അഗ്രോ സർവ്വീസ് സെന്ററിലെ സേവനദാതാക്കൾക്ക് 2022-23 വർഷത്തിൽ പച്ചക്കറി തൈകൾ ഉൽപ്പാദിപ്പിച്ച് നൽകിയ വകയിൽ ലഭിക്കേണ്ട തുക അനുവദിച്ചുനൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കുടിശ്ശിക തുക ഉടൻ അനുവദിച്ച് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) തൃശ്ശൂർ ജില്ലയിൽ പുതുക്കാട് കൊടകര ബ്ലോക്ക് അഗ്രോസർവ്വീസ് സെന്ററിലെ സേവനദാതാക്കൾക്ക് 2022-23 വർഷത്തെ പച്ചക്കറി തൈകൾ ഉൽപ്പാദിപ്പിച്ച് നൽകിയ വകയിലുണ്ടായ കുടിശ്ശിക തുക

ഈ സാമ്പത്തിക വർഷം അനുവദിച്ചുനൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**കാർഷിക സ്വയംപര്യാപ്തത**

7(1704) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കൃഷിക്കാർക്ക് സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനും കർഷകക്ഷേമം ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് വിളകളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും ആയതിലൂടെ കാർഷിക മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കർഷകരുടെ സാമ്പത്തിക ഭദ്രതയും കർഷകക്ഷേമവും ഉറപ്പാക്കുന്നതിനുമായി വിവിധ പദ്ധതികൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പാക്കിവരുന്നു. ഞങ്ങളും കൃഷിയിലേയ്ക്ക് പദ്ധതിയുടെ ഭാഗമായി ആരംഭിച്ച കൃഷിക്കൂട്ടങ്ങൾ വഴി കാർഷിക മേഖലയിൽ ജനകീയ

പങ്കാളിത്തം ഉറപ്പാക്കാനും പ്രാദേശിക സാമ്പത്തിക വികസനം, ഭക്ഷ്യ സ്വയംപര്യാപ്തത എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാനും സർക്കാർ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. 2026 ലക്ഷ്യമാക്കി ഒരു വിഷൻ തയ്യാറാക്കിയാണ് ലക്ഷ്യപ്രാപ്തിക്കായി സർക്കാർ ശ്രമിക്കുന്നത്. സംസ്ഥാനമൊട്ടാകെ ഉൽപ്പാദനം, വിപണനം, സേവനം എന്നീ മേഖലകൾ കേന്ദ്രീകരിച്ച് 21575 കൃഷിക്കൂട്ടങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തിവരുന്നു. ഇവ അടിസ്ഥാനപ്പെടുത്തിയ കർഷക ഉൽപ്പാദക സംഘങ്ങൾവഴി മൂല്യ വർദ്ധന സാധ്യമാക്കുകയും വിപണനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി 'കാബ്കോ' കമ്പനി രൂപീകരിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളതുമാണ്.

വിള വിസ്തൃതി വർദ്ധനയും ഉൽപ്പാദന വർദ്ധനയും വികസനവും ലക്ഷ്യമിട്ട് നെല്ല്, പച്ചക്കറി, നാളികേരം, സുഗന്ധവ്യഞ്ജനങ്ങൾ, ഫലവർഗ്ഗങ്ങൾ, പുഷ്പകൃഷി, ഔഷധസസ്യങ്ങൾ, ചെറുധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ എന്നിവയ്ക്ക് പ്രോത്സാഹനം നൽകിവരുന്നു. ഈ സാമ്പത്തിക വർഷത്തിൽ ഇതിനായി ആകെ 284.02 കോടി രൂപയുടെ

പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. തെങ്ങിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്രീയ വിളപരിപാലന മാർഗ്ഗങ്ങളും കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങളും നടപ്പാക്കുന്ന കേരഗ്രാമം പദ്ധതി നിലവിൽ നടപ്പാക്കിവരുന്നു.

കൃഷിയിടത്തെ അടിസ്ഥാന യൂണിറ്റായി കണക്കാക്കി ലഭ്യമായ വിഭവശേഷി ശാസ്ത്രീയമായി ഉപയോഗപ്പെടുത്തുകവഴി ഉൽപ്പാദനവും കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനത്തിൽ ഉൾപ്പെട്ട പദ്ധതികൾ നടപ്പാക്കിവരുന്നു.

കൃഷിക്കാരുടെ വരുമാനം, കാർഷികോൽപ്പാദനക്ഷമത, ഉൽപ്പന്ന സംസ്കരണം, ഉൽപ്പന്നങ്ങളുടെ വില, മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽനിന്നും മറ്റ് അനുബന്ധ മേഖലയിൽനിന്നുമുള്ള വരുമാനങ്ങൾ എന്നിവയിൽ വർദ്ധന വരുത്തുന്നതിനായി മൂല്യവർദ്ധിത കാർഷിക മിഷൻ രൂപീകൃതമായിട്ടുണ്ട്.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളേയും കൃഷിയിലേയ്ക്ക് ആകർഷിക്കാനും സ്വന്തമായി കൃഷി

ചെയ്യുന്നതിന് പ്രേരണ നൽകുന്നതിനും അതുവഴി കാർഷിക മേഖലയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുകയും ലക്ഷ്യമിട്ട് "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പാക്കി. ഇതിന്റെ ഭാഗമായി ഉൽപ്പാദനം, സേവനം, മൂല്യവർദ്ധന, വിപണി എന്നീ മേഖലകളിലായി 21,575 കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുകയുണ്ടായി.

വിളകളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് ഗുണമേന്മയുള്ള വിത്തുകളും നടീൽ വസ്തുക്കളും കൃഷി വകുപ്പ് ഫാമുകളിൽ ഉൽപ്പാദിപ്പിച്ച് മിതമായ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുന്നു.

ഉൽപ്പാദനം, വിപണനം, സംസ്കരണം, വായ്പാ പിന്തുണ, ഇൻഷ്വറൻസ് തുടങ്ങി കൃഷിയുടെ എല്ലാ മേഖലകളിലും കർഷകർക്ക് പരമാവധി സേവനം ലഭ്യമാക്കുന്നതിനായി കൃഷി ഭവനുകളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി കൃഷിഭവനുകളെ ‘സ്മാർട്ട് കൃഷി ഭവനുകളായി’ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാർഷിക രംഗത്തെ തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനായി കാർഷിക യന്ത്രവൽക്കരണ മേഖലയിൽ ഏകജാലക സംവിധാനങ്ങളായ 107 എണ്ണം അഗ്രോ സർവ്വീസ് സെന്ററുകളും 20 കൃഷിശ്രീ സെന്ററുകളും പ്രവർത്തിച്ചുവരുന്നു. കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, കാർഷിക മേഖലയ്ക്കാവശ്യമായ സഹായങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് നൽകുക, തൊഴിലാളി കുറവുമൂലം തരിശായികിടക്കുന്ന കൃഷിയിടങ്ങൾ കൃഷി യോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉൽപ്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയവയും ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

കാർഷിക യന്ത്രങ്ങൾ സമയബന്ധിതമായി കർഷകർക്ക് ലഭ്യമാക്കുന്നതിനും ആയതിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുമായി കാർഷിക യന്ത്രവൽക്കരണ മിഷൻ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

കാർബൺ തുലിത സംരംഭങ്ങൾ, കാര്യക്ഷമമായ ജല ഉപയോഗം, കൃത്യതാ കൃഷി, പുനരുപയോഗ ഊർജ്ജസ്രോതസ്സുകളുടെ ഉപയോഗം,

വനവൽക്കരണ സംരംഭങ്ങൾ, ജൈവ-പ്രകൃതി സൗഹൃദ സംരംഭങ്ങൾ, മണ്ണിന്റെ ആരോഗ്യം പുനഃസ്ഥാപിക്കൽ എന്നിവയാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്ന മറ്റ് പ്രധാന മേഖലകൾ.

(ബി) സംസ്ഥാനത്തിനാവശ്യമായ ഏതെല്ലാം ഉൽപ്പന്നങ്ങൾ കൃഷി ചെയ്യുന്നതിൽ സ്വയംപര്യാപ്തത നേടാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

കേരളത്തിന്റെ ഉയർന്ന ജനസാന്ദ്രതയും കുറഞ്ഞ കൃഷിയിട വിസ്തൃതിയുംമൂലം പല വിളകളിലും സ്വയം പര്യാപ്തത നേടാൻ കഴിയാത്ത സാഹചര്യമുണ്ട്. ഈ സാഹചര്യങ്ങളിലും കുരുമുളക്, ഏലം, തേയില, കാപ്പി, കശുവണ്ടി, റബ്ബർ തുടങ്ങിയവ സംസ്ഥാനത്തുനിന്നും കയറ്റുമതി ചെയ്യുന്നുണ്ട്. കേരളത്തിന്റെ നിത്യോപയോഗത്തിനാവശ്യമായ നാളികേരം സംസ്ഥാനത്തുതന്നെ ഉൽപ്പാദിപ്പിക്കുന്നുണ്ട്. പഴം, പച്ചക്കറികൾ എന്നിവയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള വിപുലമായ പ്രവർത്തനങ്ങൾ 'ഞങ്ങളും കൃഷിയിലേയ്ക്ക്' പരിപാടിയുടെ ഭാഗമായും വിവിധ പദ്ധതികളിലൂടെയും നടത്തിവരുന്നു.

**കാർഷിക ഉൽപന്നങ്ങളുടെ മൂല്യവർദ്ധിത ഉൽപാദനവും കയറ്റുമതിയും**

8(1705) <u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരം, പഴവർഗ്ഗങ്ങൾ, റബ്ബർ, നെല്ല് എന്നീ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

"വിളവെടുപ്പാനന്തര പരിപാലനവും മൂല്യവർദ്ധനവും" പദ്ധതിയിലുൾപ്പെടുത്തി നാളികേരം, പഴവർഗ്ഗങ്ങൾ, റബ്ബർ, നെല്ല് തുടങ്ങി വിവിധ വിളകളുടെ സംസ്കരണത്തിനും മൂല്യവർദ്ധനയ്ക്കുമായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റ് അർഹതയുള്ള സൊസൈറ്റികൾക്കും പദ്ധതി അധിഷ്ഠിതമായി ധനസഹായം നൽകുന്നതിന് ഈ സാമ്പത്തിക വർഷം (2023-24) 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ FPO-കൾ മുഖേനയുള്ള ചെറുതും വലുതുമായ കാർഷിക സംസ്കരണ സംരംഭങ്ങൾക്ക് യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുള്ള പിന്തുണയായി 375 ലക്ഷം രൂപയും പ്രസ്തുത പദ്ധതി പ്രകാരം നീക്കിവച്ചിട്ടുണ്ട്. SFAC മുഖേന സർക്കാർ/പൊതുമേഖല/

സഹകരണ കുടുംബശ്രീ യൂണിറ്റ്/FPO തലത്തിൽ വിപണനത്തിനും മൂല്യവർദ്ധിത യൂണിറ്റുകൾക്കുള്ള സഹായമായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ SFAC മുഖേന സൂക്ഷ്മ-ചെറുകിട-ഇടത്തരം കാർഷിക സംസ്കരണ യൂണിറ്റുകൾക്കുള്ള സഹായമായി 400 ലക്ഷം രൂപയും ഈ സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. നാളികേരം, പഴവർഗ്ഗങ്ങൾ, റബ്ബർ, നെല്ല് തുടങ്ങിയ വിവിധ വിളകളുമായി ബന്ധപ്പെട്ട സംരംഭകരുടെ പ്രോത്സാഹനത്തിനായി പ്രസ്തുത പദ്ധതി പ്രകാരം വ്യക്തികൾക്കോ സ്വാശ്രയ സംഘടനകൾക്കോ പാർട്ണർഷിപ്പുകൾക്കോ ആനുകൂല്യം ലഭിക്കും. ഫാക്ടറി യൂണിറ്റ്, യന്ത്ര സാമഗ്രികൾ, സാങ്കേതിക വിദ്യ, പാക്കേജിംഗ് സംവിധാനങ്ങൾ തുടങ്ങിയ എല്ലാ ഘടകങ്ങൾക്കും ആനുകൂല്യം നൽകുന്നു. ഒരു സംരംഭത്തിന് പരമാവധി 50 ലക്ഷം രൂപവരെ സബ്സിഡിയായി നൽകുന്നു. സബ്സിഡി തുക നൽകുന്നത് മൂലധന നിക്ഷേപത്തിന് അനുസൃതമായാണ്. സബ്സിഡിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സംരംഭം | മൂലധന നിക്ഷേപം | സബ്സിഡി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | സൂക്ഷ്മ തല സംരംഭം | 10 ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപ വരെയുള്ള സംരംഭം | 50% പരമാവധി 10 ലക്ഷം രൂപ |
| 2 | ചെറുകിട സംരംഭം | 25 ലക്ഷം രൂപ മുതൽ 1 കോടി രൂപ വരെയുള്ള സംരംഭം | 40% പരമാവധി 25 ലക്ഷം രൂപ |
| 3 | ഇടത്തരം സംരംഭം | 1 കോടി രൂപ മുതൽ 5 കോടി രൂപ വരെ | 30% പരമാവധി 50 ലക്ഷം രൂപ |

(ബി) പ്രസ്തുത കാർഷിക ഉൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം അഥവാ SFAC, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (VFPCK), ഹോർട്ടികോർപ്പ്, കേരഫെഡ്, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC) തുടങ്ങിയ സ്ഥാപനങ്ങൾ കാർഷിക വിളകളുടെ സംസ്കരണം, മൂല്യവർദ്ധന തുടങ്ങിയ പ്രവർത്തനങ്ങളിൽ നേരിട്ടും അല്ലാതെയും ഏർപ്പെട്ടിരിക്കുന്നു. റബ്ബറിന്റെ മൂല്യവർദ്ധനയ്ക്കായി കേരള റബ്ബർ ലിമിറ്റഡ് എന്ന സ്ഥാപനം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഉൽപ്പന്നങ്ങളുടെ കയറ്റുമതിയിലൂടെ എത്ര രൂപയുടെ വരുമാനമാണ് ലഭിക്കുന്നത്; വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കാർഷികോൽപ്പന്നങ്ങളുടെ കയറ്റുമതിയിലൂടെ ലഭിക്കുന്ന വരുമാനം കൃഷി വകുപ്പ് വിലയിരുത്തിയിട്ടില്ല. സ്റ്റേറ്റ് നോഡൽ ഏജൻസി എന്ന നിലയിൽ പഴം-പച്ചക്കറി കയറ്റുമതിക്കായി VFPCK വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. നാളിതുവരെ 23 ലക്ഷം രൂപയുടെ 43 മെട്രിക് ടൺ പഴം-പച്ചക്കറികൾ വി.എഫ്.പി.സി.കെ. മുഖേന വിദേശരാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് നോഡൽ ഏജൻസി എന്ന നിലയിൽ പഴം-പച്ചക്കറി കയറ്റുമതിക്കായി വി.എഫ്.പി.സി.കെ നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

കാർഷിക കയറ്റുമതി നയത്തിന്റെ സ്ഥാപന സംവിധാനത്തിന്റെ ഭാഗമായി അപേഡയിൽനിന്നും ലഭിച്ച നിർദ്ദേശമനുസരിച്ച് തൃശ്ശൂർ, വയനാട്, തിരുവനന്തപുരം ജില്ലകളിൽ ബനാന ക്ലസ്റ്ററുകൾ രൂപീകരിക്കുകയും കർഷകരെ കയറ്റുമതി അധിഷ്ഠിത വാഴകൃഷിക്കുവേണ്ട ഉൽപ്പാദന മുറകൾ

അനുവർത്തിക്കുന്നതിന് പ്രാപ്തരാക്കുകയും അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും പോരായ്മകളും വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു.

കയറ്റുമതിയുമായി ബന്ധപ്പെട്ട് 240 കർഷകർക്കും 270 ഉദ്യോഗസ്ഥർക്കും കയറ്റുമതി സംബന്ധിച്ച പരിശീലനങ്ങളും 60 കർഷകരെ ഉൾപ്പെടുത്തി പഠനയാത്രകളും സംഘടിപ്പിച്ചു. ഇതുകൂടാതെ, കൃഷി വകുപ്പിലേയും വി.എഫ്.പി.സി.കെ.-യിലേയും ഉദ്യോഗസ്ഥർക്ക് കയറ്റുമതി സംബന്ധമായ വിദഗ്ധ പരിശീലനം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റേഷൻ മാനേജ്മെന്റ് ബാംഗ്ലൂരിൽ നടത്തുകയുണ്ടായി.

കയറ്റുമതിക്കാവശ്യമായ ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിൽ മുൻകയ്യെടുത്ത് കേരള കാർഷിക സർവകലാശാലയുടെ വെള്ളായണിയിൽ പ്രവർത്തിക്കുന്ന ലാബിനെ അപേഡയുടെ കീഴിൽ നോട്ടിഫൈ ചെയ്തു.

നേന്ത്രവാഴയുടെ കയറ്റുമതി അധിഷ്ഠിത ഉൽപ്പാദന മുറകൾ നടപ്പാക്കി 50 ഹെക്ടറിൽ ട്രേസബിലിറ്റിയോടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി നടപ്പാക്കിവരുന്നു.

പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട കർഷകരുടെ 50 ഹെക്ടർ സ്ഥലത്ത് കയറ്റുമതി അധിഷ്ഠിത പ്രോട്ടോകോൾ പ്രകാരമുള്ള ഉൽപ്പാദനോപാധികൾ നൽകുകയും അത് 85 ഹെക്ടറിൽ വ്യാപിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

ആഗോളവിപണിയിൽ ഏറെ സ്വീകാര്യതയുള്ള എം.ഡി. 2 ഇനം പൈനാപ്പിളിന്റെ ഉൽപ്പാദനം കേരള കാർഷിക സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന പൈനാപ്പിൾ റിസർച്ച് സ്റ്റേഷനുമായി സഹകരിച്ച് ടിഷ്യൂകൾച്ചർ തൈകൾ ഉൽപ്പാദിപ്പിക്കുകയും അവ കോട്ടയം, എറണാകുളം ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് നൽകുകയും അവയുടെ കൃഷി പുരോഗമിച്ചുവരികയും ചെയ്യുന്നു. കേരളത്തിൽ വ്യാപകമായി കൃഷിചെയ്യുന്ന വാഴക്കുളം പൈനാപ്പിളിന്റെ ആഗോള സാധ്യത

ഉപയോഗപ്പെടുത്തുന്നതിനായി കടൽമാർഗ്ഗം മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലേയ്ക്കുള്ള പ്രോട്ടോകോൾ വികസനവും കേരള കാർഷിക സർവകലാശാലയുമായി സഹകരിച്ച് നടത്തിവരുന്നു.

കൂടാതെ, 2022-23 സാമ്പത്തിക വർഷം തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ എക്സ്പോർട്ടേഴ്സ് മീറ്റ് സംഘടിപ്പിച്ചു. കോഴിക്കോട് ജില്ലയിൽ എക്സ്പോർട്ടേഴ്സ് മീറ്റ് സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി കയറ്റുമതി വ്യാപാരികളും കർഷകരും തമ്മിൽ കയറ്റുമതി സംബന്ധിച്ച് ഒരു ബോധവൽക്കരണത്തിനും അതുവഴി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൾപ്പെടെയുള്ള കയറ്റുമതി സാധ്യമാകുന്നതിനും വേദിയൊരുങ്ങി.

**പാണാവള്ളി കൃഷി ഭവന് അനുവദിച്ച പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി**

9(1706) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ പാണാവള്ളി കൃഷി ഭവന് എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം അനുവദിച്ച പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

അരൂർ മണ്ഡലത്തിൽ പാണാവള്ളി കൃഷി ഭവന് എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം അനുവദിച്ച പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനത്തിനായി നിലവിലുള്ള പഴയ കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം പണിയുന്നതിനുള്ള സ്ഥലം സജ്ജീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചത് എന്നാണെന്ന് വിശദമാക്കാമോ?

പ്രസ്തുത കെട്ടിടനിർമ്മാണത്തിന് 22-02-2023-ലെ ഉത്തരവ് നമ്പർ സ.ഉ(സാധാ) 178/2023/കൃഷി പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) കെട്ടിടനിർമ്മാണത്തിന്റെ ഭരണ നിർവ്വഹണ ഉദ്യോഗസ്ഥൻ ആരാണെന്ന് വിശദമാക്കാമോ?

കെട്ടിടനിർമ്മാണത്തിന്റെ ഭരണ നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷി വകുപ്പ് ഡയറക്ടറാണ്.

**കൃഷി വകുപ്പ് മുഖേന നടത്തുന്ന പദ്ധതികൾ**

10(1707) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ മണ്ഡലത്തിലെ വേങ്ങൂർ പഞ്ചായത്തിലെ പോങ്ങൻചോട് ആദിവാസി കുടിയിൽ കൃഷിവകുപ്പ് മുഖേന നടത്തുന്ന പദ്ധതികളുടെ വിശദവിവരം നൽകാമോ?

2023-24 വർഷം കൃഷി വകുപ്പ് നടപ്പാക്കുന്ന പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി പോങ്ങൻചോട് ആദിവാസി കുടിയിലെ 60 കുടുംബങ്ങൾക്ക് പച്ചക്കറി വിത്തുകൾ വിതരണം ചെയ്തിട്ടുണ്ട്. 2022-23 വർഷം കൃഷി ഭവൻ മുഖേന ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി 1,17,000 രൂപയുടെ (ഒരു ലക്ഷത്തി പതിനേഴായിരം രൂപമാത്രം) തൈകൾ (117 കുറ്റിക്കുരുമുളക് തൈകളും 2340 ഗ്രാഫ്റ്റ് ജാതി തൈകളും) ആദിവാസി കുടിയിൽ വിതരണം ചെയ്യുകയുണ്ടായി.

(ബി) ഓടക്കാലി സുഗന്ധവിള ഗവേഷണ കേന്ദ്രത്തിന്റെ പുനരുദ്ധാരണത്തിന് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഓടക്കാലി സുഗന്ധ വിള ഗവേഷണ കേന്ദ്രത്തിന്റെ വികസനത്തിനായി MLA ഫണ്ടിൽനിന്നും ചെലവഴിക്കുന്നതിനുള്ള 50 ലക്ഷം രൂപയുടെ പദ്ധതി രൂപരേഖ കേരള കർഷിക സർവകലാശാല തയ്യാറാക്കിയിട്ടുണ്ട്.

(സി) പെരുമ്പാവൂരിൽ കാർഷിക വിജ്ഞാനകേന്ദ്രവും വിപണന കേന്ദ്രവും സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്ന പെരുമ്പാവൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് കേന്ദ്രീകരിച്ച് 2021 മുതൽ ബ്ലോക്കുതല കാർഷിക വിജ്ഞാന കേന്ദ്രം പ്രവർത്തിച്ചുവരുന്നു. പെരുമ്പാവൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് സ്ഥിതിചെയ്യുന്ന കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പെരുമ്പാവൂർ ഫാർമർ പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷന്റെ നേതൃത്വത്തിൽ ഒരു കാർഷിക വിപണന കേന്ദ്രം 27-01-2023-ൽ ആരംഭിക്കുകയും എല്ലാ വെള്ളിയാഴ്ചകളിലും പഴം പച്ചക്കറി മാർക്കറ്റ് സജീവമായി പ്രവർത്തിക്കുകയും ചെയ്തുവരുന്നു. മുടക്കുഴ പഞ്ചായത്തിൽ തൃക്കേപ്പടിയിൽ ഹാഡ മാർക്കറ്റ് 2016 മുതൽ സജീവമായി പ്രവർത്തിച്ചുവരുന്നു. കൂടാതെ രായമംഗലം പഞ്ചായത്തിൽ

കീഴില്ലം, കുവപ്പടി പഞ്ചായത്തിൽ മാവേലിപ്പടി എന്നീ സ്ഥലങ്ങളിൽ ഇക്കോഷോപ്പുകളും പെരുമ്പാവൂർ ബ്ലോക്കിലെ 6 പഞ്ചായത്തുകളിലും ആഴ്ച ചന്തകളും പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിൽ പെരുമ്പാവൂർ അർബൻ വീക്കിലി മാർക്കറ്റും സജീവമായി പ്രവർത്തിച്ചുവരുന്നു.

കൂടാതെ, കേരള കാർഷിക സർവകലാശാലയ്ക്കുകീഴിലുള്ള പെരുമ്പാവൂർ അശമന്നൂർ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന AMPRS (Aromatic & Medicinal Plants Research Station), ഓടക്കാലി കേന്ദ്രത്തോടനുബന്ധിച്ച് ഒരു വിജ്ഞാന വിപണന കേന്ദ്രം നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ കേന്ദ്രം വഴി പെരുമ്പാവൂരിലെ കർഷകരിലേയ്ക്ക് ആവശ്യമായ കൃഷി അറിവുകളും കാർഷിക സാങ്കേതികവിദ്യയും വിത്തും നടീൽ വസ്തുക്കളും സർവകലാശാലയുടെ മൂല്യവർദ്ധിത വസ്തുക്കളും എത്തിച്ചുവരുന്നു. ഇതുകൂടാതെ കൃഷി വകുപ്പിനുകീഴിൽ പെരുമ്പാവൂരിൽ പ്രവർത്തിക്കുന്ന AFO ഓഫീസ് മുഖേനയുള്ള കാർഷിക സാങ്കേതികവിദ്യാ പ്രചാരണ പരിപാടികൾ ശക്തിപ്പെടുത്താനായി കാർഷിക സർവകലാശാലയുടെ വിജ്ഞാനവ്യാപന

വിഭാഗത്തിനുകീഴിൽ പ്രവർത്തിക്കുന്ന ബ്ലോക്കുതല കാർഷിക വിജ്ഞാന കേന്ദ്രത്തിന്റെ നോഡൽ ഓഫീസറായി ഒരു ശാസ്ത്രജ്ഞനെ നിയമിച്ചിട്ടുണ്ട്.

**മാവേലിക്കര മണ്ഡലത്തിലെ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി**

11(1708) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ഏതെല്ലാം കൃഷി ഭവനുകൾക്കുകീഴിൽ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ?

മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കര, ചുനക്കര, താമരക്കുളം, തഴക്കര, പാലമേൽ, നൂറനാട് എന്നീ കൃഷി ഭവനുകൾക്കുകീഴിൽ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഈ മണ്ഡലത്തിലെ സബ്സിഡി ലഭിച്ച ഗുണഭോക്താക്കളുടെ വിവരങ്ങളും ലഭിച്ച സബ്സിഡിയുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ?

സബ്സിഡി നൽകിയ ഗുണഭോക്താക്കളുടെ വിവരങ്ങളും ലഭിച്ച സബ്സിഡിയുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | മേൽവിലാസം | സബ്സിഡി (രൂപ) |
|---|---|---|---|
| 1 | വർക്കി ജോൺ | കണ്ടത്തിൽ നോർത്ത്, മാങ്കുഴി, പല്ലാരിമംഗലം പി.ഒ., തെക്കേക്കര. | 14,903/- |
| 2 | രവീന്ദ്രൻപിള്ള | നൂപുരം, പല്ലാരിമംഗലം, തെക്കേക്കര. | 22,511/- |
| 3 | ശിവദാസൻ പിള്ള | അഞ്ജലി, ചെറുപുഷ്പം ജംഗ്ഷനു സമീപം, ചുനക്കര വടക്ക്. | 24,505/- |
| 4 | ബി. മോഹൻ കുമാർ | മോഹൻസ് കോട്ടേജ്, പുള്ളിക്കണക്ക് പി.ഒ., കായംകുളം. | 8,523/- |
| 5 | രാധാകൃഷ്ണൻ പിള്ള | കോയ്ക്കലേത്ത് വീട്, താമരക്കുളം, ആലപ്പുഴ. | 28,330/- |
| 6 | റ്റി. ജോൺമാത്യു | തെങ്ങുംതറയിൽ, മാങ്കാംകുഴി, മാവേലിക്കര പി.ഒ., ആലപ്പുഴ. | 8,254/- |
| 7 | സജി എസ്. | ശ്രീഭവനം,, പനയിൽ പി.ഒ., പോലമേൽ, ആലപ്പുഴ. | 5,861/- |
| 8 | ജയശ്രീ | അരവിന്ദം, വെട്ടിയാർ, | 14,326/- |

| | | | |
|---|---|---|---|
| | | മാവേലിക്കര, ആലപ്പുഴ. | |
| 9 | വീനീത | പുന്നയ്ക്കകുളങ്ങര, പുതിയവീട്, മുതുകാട്ടുകര. | 22,175/- |

"വൈഗ" പദ്ധതിയുടെ പുരോഗതി

12(1709) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

"വൈഗ"പദ്ധതിയുടെ തുടർനടപടികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

സംസ്ഥാനത്തെ കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനം, വിപണനം എന്നീ മേഖലകളിൽ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലഭിക്കുന്നതിനും പുതുസംരംഭകരെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും ലക്ഷ്യമിട്ട് കൃഷി വകുപ്പ് 2016 മുതൽ വൈഗ സംഘടിപ്പിച്ചുവരുന്നു.

2023 ഫെബ്രുവരിയിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച വൈഗയുടെ ഭാഗമായി കാർഷികമേഖലയിലെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ കേന്ദ്രീകരിച്ച് ഇരുന്നൂറ്റി നാൽപ്പത്തി രണ്ട് സ്റ്റാളുകൾ ഒരുക്കിയിരുന്നു. കേരളത്തിലെ കർഷകരുടെ ഉൽപ്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി വിപണിയിൽ നേരിട്ട് എത്തിക്കുന്നതിനും അതിന്റെ പ്രയോജനം കർഷകർക്ക് പൂർണ്ണമായും ലഭിക്കുന്നതിനും വൈഗ വെബ്സൈറ്റ് വഴി രജിസ്ട്രേഷൻ പൂർത്തിയാക്കിയ ഉൽപ്പാദകരെയും സംരംഭകരെയും വ്യാപാരികളെയും വ്യവസായികളെയും ഉൾപ്പെടുത്തി ബിസിനസ്സ് മീറ്റ് (ബി ടു ബി) വൈഗ 2023-ന്റെ ഭാഗമായി സംഘടിപ്പിച്ചിരുന്നു. ഇതിന്റെ വിജയത്തെ തുടർന്ന് എല്ലാ ജില്ലകളിലും ബിസിനസ്സ് മീറ്റ് (ബി ടു ബി) നടത്തുന്നതിന്റെ മുന്നോടിയായി ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് വച്ച് നടന്ന കൃഷി ദർശന്റെ ഭാഗമായും ചേർത്തല വച്ച് നടന്ന കരപ്പുറം കാഴ്ചയുടെ ഭാഗമായും ബിസിനസ്സ് മീറ്റ് (ബി ടു ബി) സംഘടിപ്പിച്ചിരുന്നു. ഹരിപ്പാട് കൃഷി ദർശന്റെ ഭാഗമായി സംഘടിപ്പിച്ച ബി 2 ബി മീറ്റിൽ 323.26250 ലക്ഷം രൂപയുടെ ബിസിനസ്സ് സംരംഭകർക്ക് ഉണ്ടാക്കി നൽകാൻ സാധിച്ചു. കരപ്പുറം കാഴ്ചയുടെ ഭാഗമായി സംഘടിപ്പിച്ച

(ബി 2 ബി) മീറ്റിൽ 114.30380 ലക്ഷം രൂപയുടെ ബിസിനസ്സ് സംരംഭകർക്ക് ഉണ്ടാക്കി നൽകാൻ സാധിച്ചു.

വൈഗയുടെ ഭാഗമായി സംരംഭക മേഖലയുടെ ഉത്തേജനത്തിനായി DPR ക്ലിനിക്കുകൾ ആരംഭിച്ചിരുന്നു. ആലപ്പുഴ ജില്ലയിൽവച്ച് നടത്തിയ കൃഷി ദർശന്റെ ഭാഗമായി സംഘടിപ്പിച്ച DPR ക്ലിനിക്കിൽ 18 പദ്ധതികൾ സമർപ്പിക്കപ്പെട്ടതിൽ 5 എണ്ണം വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി ബാങ്ക് വായ്പയോടെ തുടർപ്രവർത്തനങ്ങൾ നടത്തിവരുന്നു. കരപ്പുറം കാഴ്ചയുടെ ഭാഗമായി സംഘടിപ്പിച്ച DPR ക്ലിനിക്കിൽ തയാറാക്കിയ 21 പദ്ധതികൾ സംരംഭകർക്ക് കൈമാറിയിട്ടുണ്ട്.

സർക്കാർ അർദ്ധ സർക്കാർ, സംരംഭകർ, കാർഷികോൽപ്പാദന സംഘടനകൾ, സഹകരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ മൂല്യവർദ്ധനയിലൂന്നിയുള്ള കാർഷിക നേട്ടങ്ങൾ പ്രതിപാദിക്കുന്ന കാർഷിക പ്രദർശന സ്റ്റാളുകൾ വൈഗ കാർഷിക പ്രദർശനത്തിൽ ഉൾപ്പെടുത്തിയിരുന്നതിൽനിന്നും ഊർജ്ജം ഉൾക്കൊണ്ടുകൊണ്ട് നിരവധി കർഷകർ, ഫാർമേഴ്സ് പ്രൊഡ്യൂസർ

ഓർഗനൈസേഷനുകൾ, കൃഷിക്കൂട്ടങ്ങൾ, കർഷക ഗ്രൂപ്പുകൾ എന്നിവ ഭക്ഷ്യ സംസ്കരണത്തിലും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിലും കൂടുതൽ താൽപ്പര്യം കാണിക്കുകയും ചെയ്തിട്ടുണ്ട്.

വൈഗയുടെ ഭാഗമായി കേരള സർക്കാർ കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗിനുള്ള നടപടികളും കൈക്കൊള്ളുകയുണ്ടായി. കേരളാഗ്രോ ബ്രാൻഡിൽ കൃഷി വകുപ്പിനുകീഴിലുള്ള വിവിധ ഫാമുകളിലെ 205 ഉൽപ്പന്നങ്ങൾ ആമസോൺ വഴിയും 140 ഉൽപ്പന്നങ്ങൾ ഫ്ലിപ്പ്കാർട്ട് വഴിയും നിലവിൽ വിപണനം നടത്തിവരുന്നു. 100 ഉൽപ്പന്നങ്ങൾ ഓൺലൈൻ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളിൽ എത്തിക്കുകയെന്ന ലക്ഷ്യത്തോടെ തുടങ്ങിയ ഉദ്യമം ഇത്രയും വിജയകരമായതിൽ വൈഗ വലിയ പങ്കുവഹിക്കുന്നു.

ബ്രാൻഡിംഗിന്റെ ഭാഗമായി ഉൽപ്പന്നങ്ങളുടെ പാക്കിംഗിൽ പ്രൊഫഷണലിസം കൊണ്ടുവരാനായി സംരംഭകരെ പ്രാപ്തരാക്കുന്ന നടപടികളും പുരോഗമിച്ചുവരുന്നു. മുംബൈ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗിന്റെ (IIP) നേതൃത്വത്തിൽ 2 ദിവസത്തെ പരിശീലന പരിപാടി

സംരംഭകർക്ക് നൽകിക്കഴിഞ്ഞു. കൂൺ കൃഷിയിലും കൂൺ അധിഷ്ഠിത സംരംഭങ്ങളിലും പരിശീലനം ഹിമാചൽപ്രദേശ് സൊളാംഗ് സെന്റർ കേന്ദ്രീകരിച്ച് നടത്തുകയുണ്ടായി.

'ഞങ്ങളും കൃഷിയിലേയ്ക്ക്' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ പ്രാഥമിക രജിസ്ട്രേഷൻ നടത്തിയ 24,701 കൃഷിക്കൂട്ടങ്ങളിൽ 22,273 കൃഷിക്കൂട്ടങ്ങൾ പരിശോധനയ്ക്ക് വിധേയമാവുകയും 21,575 കൃഷിക്കൂട്ടങ്ങൾക്ക് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. അതിൽ ഉൽപ്പാദനമേഖലയിൽ 18,113 കൃഷിക്കൂട്ടങ്ങളും വിപണന, മൂല്യവർദ്ധന, സേവന, സംഭരണ വിതരണ മേഖലകളിലായി 3462 കൃഷിക്കൂട്ടങ്ങളും പ്രവർത്തിക്കുന്നു. വിവിധ വിളകളിൽനിന്നുള്ള വൈവിദ്ധ്യമേറിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ കൃഷിക്കൂട്ടങ്ങൾ ഉൽപ്പാദിപ്പിക്കുകയും വിപണിയിൽ എത്തിക്കുകയും ചെയ്തുവരുന്നു. 'കാർഷിക മേഖലയിൽ മൂല്യവർദ്ധിത ശൃംഖലയുടെ വികസനം' എന്ന ആശയത്തെ മുൻനിർത്തിക്കൊണ്ട് സംഘടിപ്പിച്ചുവരുന്ന വൈഗയിൽനിന്നും ഊർജ്ജം

ഉൾക്കൊണ്ടുകൊണ്ടാണ് ഇത്രയും കൃഷിക്കൂട്ടങ്ങൾ മൂല്യവർദ്ധിത മേഖലയിലൂന്നി പ്രവർത്തിച്ചുവരുന്നത്.

**ക്ലൂൺ ഗ്രാമം പദ്ധതി**

13(1710) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലൂൺ ഗ്രാമം പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്. രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ ക്ലൂൺ ഗ്രാമം പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 100 ക്ലൂൺ ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഓരോ ക്ലൂൺ ഗ്രാമത്തിനും 100 ചെറിയ ക്ലൂൺ ഉൽപ്പാദന യൂണിറ്റുകൾ, ഒരു ക്ലൂൺ

വിത്തുൽപ്പാദന യൂണിറ്റ്, 3 പ്രിസർവേഷൻ യൂണിറ്റുകൾ, 2 പായ്ക്ക് ഹൗസുകൾ, 10 ക്ലുൺ കമ്പോസ്റ്റ് യൂണിറ്റുകൾ എന്നിവ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു.

(സി) പ്രസ്തുത പദ്ധതി പുതുക്കാട് ഗ്രാമപഞ്ചായത്തിലെ മറ്റത്തൂർ, വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

പുതുക്കാട് ഗ്രാമപഞ്ചായത്തിലെ മറ്റത്തൂർ, വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തുകളിൽ ക്ലുൺ ഗ്രാമം പദ്ധതി നടപ്പാക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

**വയനാട് ജില്ലയിലെ ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി**

14(1711) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഈ വർഷം ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാമാണ് പ്രസ്തുത പദ്ധതിയിലൂടെ നടപ്പാക്കിയതെന്നും നടപ്പാക്കിയ രീതി എങ്ങനെയെന്നും വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. "ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി'-യുടെ ഭാഗമായി പത്ത് രൂപ വിലവരുന്ന ഒരു ലക്ഷം പച്ചക്കറി വിത്തുപാക്കറ്റുകൾ വി.എഫ്.പി.സി.കെ. വഴിയും 2.50 രൂപ വിലവരുന്ന മൂന്ന് ലക്ഷം പച്ചക്കറി തൈകൾ അഗ്രോ സർവീസ് സെന്റർ ബ്ലോക്കുതല വി.ഡി.പി. നഴ്സറി/അംഗീകൃത കുടുംബശ്രീ നഴ്സറി എന്നിവ വഴി അതത് കൃഷി ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ഉൽപ്പാദിപ്പിച്ച് കൃഷി ഭവനുകൾ വഴിയും വിതരണം നടത്തി.

(സി) പ്രസ്തുത പദ്ധതിക്കായി വയനാട് ജില്ലയിൽ കൃഷി വകുപ്പ് ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയിൽ വയനാട് ജില്ലയ്ക്ക് 58.15 ലക്ഷം രൂപ ചെലവഴിക്കാനായി അനുവദിച്ചിട്ടുണ്ട്.

**കൃഷിയും പുതുതലമുറയും**

15(1712) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിയിലേയ്ക്കുള്ള പുതുതലമുറയുടെ കടന്നുവരവിന് പ്രോത്സാഹനം നൽകുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് കൃഷി വകുപ്പ് പദ്ധതികൾ നടപ്പാക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ?

(എ&ബി) പുതുതലമുറയെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനായി "സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ", "പ്രോജക്ട് അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി" എന്ന പദ്ധതി ഒരു പ്രധാന ഘടകമായി ഉൾപ്പെടുത്തി നടപ്പാക്കുന്നു. ഇതിനായി 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നാളിതുവരെ 981 സർക്കാർ/സർക്കാരിതര/സ്വകാര്യ സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടപ്പാക്കുകയും ഇതിലേയ്ക്കായി 89.93151 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷത്തിൽ പുതുതലമുറയെ കൃഷിയിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടി സ്ഥാപനങ്ങൾ മുഖേനയുള്ള പച്ചക്കറി കൃഷി വികസനത്തിനായി 200.00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നതിൽ

100 ലക്ഷം രൂപ സ്കൂളുകൾക്കും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമായും 100 ലക്ഷം രൂപ സർക്കാർ സ്ഥാപനങ്ങൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മുതലായവയ്ക്കുമായും വകയിരുത്തിയിരുന്നു. ഇതിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം വിദ്യാർത്ഥികളുടെ ശ്രമഫലമായി സ്ഥാപിക്കുന്നതിലൂടെ പുതുതലമുറയെ ഈ മേഖല പരിചയപ്പെടുത്തുന്നതിനും ഇതിലേയ്ക്ക് ആകർഷിക്കുന്നതിനും കഴിഞ്ഞിരുന്നു. കൂടാതെ എല്ലാ വിദ്യാർത്ഥികൾക്കും വീടുകളിൽ കൃഷി ചെയ്യുന്നതിന് സൗജന്യമായി പച്ചക്കറി വിത്ത് വിതരണം നടത്തിയിരുന്നതും ഈ ലക്ഷ്യത്തിലേയ്ക്കുള്ള ചുവടുവയ്പ്പാണ്.

കാർഷിക രംഗത്തേയ്ക്ക് പുതിയ തലമുറയെ ആകർഷിക്കാൻ നൂതന കൃഷിരീതികൾ, യന്ത്രവൽക്കരണം, വിപണനത്തിനുള്ള ആധുനിക സൗകര്യങ്ങൾ, മികച്ച വരുമാനം എന്നിവ അത്യന്താപേക്ഷിതമായ ഘടകങ്ങളാണ്. ഇവയെ അടിസ്ഥാനമാക്കിയുള്ള പദ്ധതികളാണ് കൃഷി വകുപ്പ് നടപ്പാക്കിവരുന്നത്.

2023-24 സാമ്പത്തിക വർഷം മേൽപ്പറഞ്ഞ ഉദ്ദേശ്യത്തോടെ നടപ്പാക്കുന്ന മറ്റ് പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**കുന്നത്തുനാട് മണ്ഡലത്തിലെ ആർ.ഐ.ഡി.എഫ്. പദ്ധതി**

16(1713) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ചെലവഴിച്ച തുക, അവയുടെ പുരോഗതി എന്നിവ വിശദമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് മണ്ഡലത്തിൽ കുന്നത്തുനാട് കൃഷി ഭവനെ 'സ്മാർട്ട് കൃഷി ഭവൻ' ആയി മാറ്റുന്നതിന് നബാർഡ് ആർ.ഐ.ഡി.എഫ്. XXVII ട്രാഞ്ചെയിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾപ്പെടുത്തി 213.70 ലക്ഷം രൂപയുടെ ഭരണാനുമതി കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് നൽകിയിട്ടുണ്ട്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പാക്കുന്ന പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ചുമതല കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷനാണ്. പ്രസ്തുത പദ്ധതിയുടെ ടെണ്ടറിംഗ് നടപടി പൂർത്തീകരിച്ച് നിർമ്മാണ കരാർ നൽകിയിട്ടുണ്ട്.

(സി) മണ്ഡലത്തിലെ ബ്ലാന്തേവർ പാടശേഖരം മണ്ണ് സംരക്ഷണ പദ്ധതി, 2023-24-ലെ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

നബാർഡ് ആർ.ഐ.ഡി.എഫ് പദ്ധതിയുടെ XXIX -ാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിനായി 1.15 കോടി രൂപ അടങ്കൽ തുകയുള്ള കുന്നത്തുനാട് മണ്ഡലത്തിലെ 'ബ്ലാന്തേവർ പാടശേഖര പദ്ധതി' നബാർഡിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

**കേരഗ്രാമം പദ്ധതി**

17(1714) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരഗ്രാമം പദ്ധതി പ്രകാരം ഏതൊക്കെ കൃഷി ഭവനുകൾക്ക് പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരഗ്രാമം പദ്ധതിയിൽ 182 കൃഷി ഭവനുകളിൽ കേരഗ്രാമം നടപ്പാക്കാൻ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

പദ്ധതി നടപ്പാക്കുന്നത് കൃഷി ഭവനുകളാണ്. സംസ്ഥാന തലത്തിൽ പദ്ധതിയുടെ മേൽനോട്ട ചുമതല കൃഷി അഡീഷണൽ ഡയറക്ടർക്കാണ് (ക്രോപ്പ് പ്രൊഡക്ഷൻ). ജില്ലാതലത്തിൽ കേരഗ്രാമങ്ങളുടെ മേൽനോട്ടം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വഹിക്കുന്നത് ജില്ലാ കൃഷി ഓഫീസറാണ്. ജില്ലയിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർക്കാണ് (വൈ.പി.) കേരഗ്രാമങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന്റെ ചുമതല. ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓരോ കേരഗ്രാമത്തിന്റെയും നടത്തിപ്പ് പുരോഗതി വിലയിരുത്തുന്നു.

(സി) പ്രസ്തുത പദ്ധതി പ്രകാരം കേടായ തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് കർഷകർക്ക് നൽകുന്ന ധനസഹായം കുടിശ്ശികയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്നുമുതലുള്ള തുകയാണ് വിതരണം ചെയ്യാനുള്ളതെന്നും അത് എപ്പോൾ വിതരണം ചെയ്യാൻ കഴിയുമെന്നും അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2022-23 വർഷത്തെ കേരഗ്രാമം പദ്ധതിയിൽ തെങ്ങ് മുറിച്ച് മാറ്റുന്നതിനുള്ള തുക നൽകാനുണ്ട്. നാളികേര വികസന പദ്ധതിക്ക് ലഭ്യമായ ഫണ്ട് കുറവായതിനാൽ തുക നൽകാൻ സാധിച്ചില്ല. ആയത് ഈ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാൻ നടപടികൾ

18(1715) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാൻ ഈ സർക്കാർ നടപ്പാക്കുന്ന പരിഷ്കാരങ്ങളും സേവനങ്ങളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് കാർഷിക മേഖലയിൽ വിളകളുടെ വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിനും ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. ഞങ്ങളും കൃഷിയിലേയ്ക്ക് പദ്ധതിയുടെ ഭാഗമായി ആരംഭിച്ച കൃഷിക്കൂട്ടങ്ങൾവഴി കാർഷിക മേഖലയിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കാനും പ്രാദേശിക സാമ്പത്തിക വികസനം, ഭക്ഷ്യ സ്വയംപര്യാപ്തത എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാനും സർക്കാർ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. 2026 ലക്ഷ്യമാക്കി ഒരു വിഷൻ തയ്യാറാക്കിയാണ് ഈ ലക്ഷ്യപ്രാപ്തിക്കായി സർക്കാർ ശ്രമിക്കുന്നത്.

നെല്ല്, പച്ചക്കറി, സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ എന്നിങ്ങനെ ഓരോ വിളകളുടെയും ഉൽപ്പാദനക്ഷമതയുടെ പരിധികൾ നിശ്ചയിച്ച് വിത്ത്, വളം, വെള്ളം, കാർഷികവൃത്തി എന്നിവയിലെ ശാസ്ത്രീയ ഇടപെടലുകളിലൂടെ ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാൻ ലക്ഷ്യമിടുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വിളയെ അടിസ്ഥാനമാക്കിയുള്ള വികസനത്തിൽനിന്നും കൃഷിയിടം അധിഷ്ഠിതമാക്കിയുള്ള വികസനത്തിലേയ്ക്കുള്ള മാറ്റം ലക്ഷ്യമിട്ടുകൊണ്ട് 2022-23-ൽ തുടക്കമിട്ട കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനം 2023-24-ലും തുടരും. കൂടാതെ ഓരോ തുണ്ട് ഭൂമിയിൽനിന്നും പരമാവധി ഉൽപ്പാദനവും കാര്യക്ഷമതയും കൈവരിച്ച് ഭക്ഷ്യസുരക്ഷ ലക്ഷ്യമിടുന്നു. ഇതിനുവേണ്ടി വിള വൈവിദ്ധ്യവൽക്കരണവും വിള തീവ്രതയും പ്രോത്സാഹിപ്പിക്കും. പയർവർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ, ചെറുധാന്യങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടും.

മണ്ണിന്റെയും വിളകളുടെയും ആരോഗ്യം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ, ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനത്തിനായി

വകുപ്പുതല ഫാമുകളുടെ വികസനം, കാർഷിക സേവന കേന്ദ്രങ്ങൾ വഴി യന്ത്രവൽകൃത പ്രവർത്തനങ്ങളുടെ പ്രോത്സാഹനം, ജൈവകൃഷിയും ഉത്തമ കൃഷി രീതികളും ആധുനിക വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം തുടങ്ങിയ പദ്ധതികളും ഉൾപ്പെടുന്നു.

കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കും വിപണനത്തിനും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനാവശ്യമായ പദ്ധതികളും കൃഷി വകുപ്പ് നടപ്പാക്കുന്നു.

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് എപ്പോൾ ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നത്; വ്യക്തമാക്കുമോ?

ലഭ്യമായ വിഭവ സ്രോതസ്സുകൾ ഉപയോഗിച്ചുകൊണ്ട് വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ച് ഘട്ടംഘട്ടമായി ഭക്ഷ്യ സുരക്ഷ കൈവരിക്കാനും ഇതിനുവേണ്ടി വിളയെ അടിസ്ഥാനമാക്കിയും കൃഷിയിടം അധിഷ്ഠിതമാക്കിയുമുള്ള സമഗ്ര പദ്ധതികൾ വിഷൻ 2026 എന്ന

കാഴ്ചപ്പാടോടെയാണ് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പാക്കിവരുന്നത്.

ഈ കാലയളവിൽ തന്നെ പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**(സി) കാർഷിക രംഗത്തേയ്ക്ക് പുതുതലമുറയെ ആകർഷിക്കുന്നതിന് എന്തൊക്കെ നൂതന പദ്ധതികൾക്ക് തുടക്കം കുറിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യാക്കുമോ?**

കാർഷിക രംഗത്തേയ്ക്ക് പുതിയ തലമുറയെ ആകർഷിക്കാൻ നൂതന കൃഷിരീതികൾ, യന്ത്രവൽക്കരണം, വിപണനത്തിനുള്ള ആധുനിക സൗകര്യങ്ങൾ, മികച്ച വരുമാനം എന്നിവയെ അടിസ്ഥാനമാക്കിയുള്ള പദ്ധതികളാണ് കൃഷി വകുപ്പ് നടപ്പാക്കിവരുന്നത്.

2023-24 സാമ്പത്തിക വർഷം മേൽപ്പറഞ്ഞ ഉദ്ദേശ്യത്തോടെ നടപ്പാക്കുന്ന മറ്റ് പ്രധാന പദ്ധതികൾ താഴെപ്പറയുന്നവയാണ്:

- കൃഷിക്കൂട്ടങ്ങൾ കേന്ദ്രീകരിച്ച് ജനകീയ പങ്കാളിത്തത്തോടെ പച്ചക്കറി കൃഷി വികസന പദ്ധതി
- ഞങ്ങളും കൃഷിയിലേയ്ക്ക്

- കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനം.
- മൂല്യവർദ്ധിത കാർഷിക മിഷൻ

a) കൃഷിയിടാസൂത്രണാധിഷ്ഠിത ഉൽപ്പാദനപരിപാടികൾ - ഉൽപ്പാദന പൂർവ്വ പിന്തുണ ഉൾപ്പെടെ.

b)ഉൽപ്പാദക സംഘടനകളുടെ വികസനത്തിനും സാങ്കേതിക സഹായത്തിനുമുള്ള പദ്ധതി.

c) കൃഷിയിടാസൂത്രണാധിഷ്ഠിത സമീപനവുമായി സംയോജിപ്പിച്ച് വിതരണ ശൃംഖല/ മൂല്യശൃംഖല വികസനത്തിനായുള്ള പദ്ധതി.

- ഫാം യന്ത്രവൽക്കരണം
- ഇന്റേൺഷിപ് പരിപാടി
- ജൈവ നിയന്ത്രണോപാധികളുടെ ഉൽപ്പാദനം
- കൃഷി പാഠശാല
- വിളവെടുപ്പിനുശേഷമുള്ള സംസ്കരണവും മൂല്യവർദ്ധനയും
- പരിശീലന പരിപാടികൾ
- കിസാൻ ക്രെഡിറ്റ് കാർഡ്

**കാർഷികരംഗത്തെ നൂതന പദ്ധതികൾ**

19(1716) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തനത് കാർഷിക വിളകളുടെ വിത്തുകൾ സംരക്ഷിക്കുന്നതിനും അവ കർഷകർക്കിടയിൽ വിതരണം ചെയ്യുന്നതിനും എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്?

അട്ടപ്പാടി മില്ലറ്റ് വില്ലേജ്, റീബിൽഡ് കേരളാ ഇനിഷ്യേറ്റീവ് എന്നീ പദ്ധതികളുടെ ഭാഗമായി അട്ടപ്പാടിയിലെ മൂന്ന് പഞ്ചായത്തുകളിൽനിന്നും 14 ആദിവാസി സെറ്റിൽമെന്റുകളെ വിത്ത് ബാങ്കുകളായി തെരഞ്ഞെടുത്തിട്ടുണ്ട്. പരമ്പരാഗത വിളകളുടെ വിത്തുകളുടെ സംരക്ഷണവും വിതരണവും ഉറപ്പാക്കാൻ വിത്ത് ബാങ്കുകൾ സഹായിക്കുന്നു. നിലവിൽ എല്ലാ ചെറുധാന്യങ്ങളുടെയും പയർവർഗ്ഗങ്ങളുടെയും എണ്ണക്കുരുക്കളുടെയും പരമ്പരാഗത പച്ചക്കറികളുടെയും വിത്തുകൾ ഈ വിത്ത് ബാങ്കുകളിൽ ലഭ്യമാണ്. ആവശ്യപ്പെടുന്നതനുസരിച്ച് കേരളത്തിലുടനീളം ഈ വിത്തുകൾ വിത്തുബാങ്കുകൾ വഴി വിതരണം ചെയ്തുവരുന്നു.

കേരളത്തിൽ വയനാട്ടുള്ള ശ്രീ. ചെറുവയൽ രാമനെപോലുള്ള കർഷകർ തനത് വിളകളുടെ വിത്ത് സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്തുവരുന്നുണ്ട്. ഇവരുടെ പ്രവർത്തനങ്ങൾക്ക് ദേശീയതലത്തിൽ

അംഗീകാരം ലഭിക്കുകയും അവർ സംരക്ഷിച്ചിട്ടുള്ള വിത്തുകൾ ആവശ്യക്കാർക്ക് നേരിട്ട് ലഭ്യമാക്കുകയും ചെയ്തുവരുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ മറ്റുള്ളവരിലേയ്ക്ക് എത്തിക്കുന്നതിനായി മറ്റ് ജില്ലകളിൽനിന്നുമുള്ള കർഷകരെയും പരിശീലന പരിപാടി, പഠന യാത്ര എന്നിവവഴി സജ്ജരാക്കുകയും ചെയ്യുന്നു. കൂടാതെ കേരള കാർഷിക സർവകലാശാല മുഖേനയും പരമ്പരാഗത വിത്തുകൾ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഏകദേശം 478 ഓളം പരമ്പരാഗത നെല്ലിനങ്ങൾ സംരക്ഷിച്ചുവരുന്നു. ഇവ തുടർപഠനങ്ങൾക്കും പുതിയ ഇനങ്ങൾ വികസിപ്പിക്കുന്നതിനുമായി ഉപയോഗിക്കപ്പെടുന്നതോടൊപ്പം തെരഞ്ഞെടുത്ത ഇനങ്ങൾ വിത്തുൽപ്പാദിപ്പിച്ച് കർഷകർക്കിടയിൽ വിതരണം ചെയ്തുവരുന്നു.

(ബി) ആദിവാസികൾ, പട്ടികവിഭാഗക്കാർ എന്നിവർ ഉൾപ്പെടെയുള്ളവർ തുടർന്നുവരുന്ന പാരമ്പര്യ കൃഷി രീതികളും വിളസംഭരണ രീതികളും സംരക്ഷിക്കുന്നതിനും അത് കർഷകർക്ക്

പരിചയപ്പെടുത്തുന്നതിനും എന്തെങ്കിലും സംവിധാനമുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അട്ടപ്പാടി മില്ലറ്റ് വില്ലേജ് പദ്ധതി, റീ ബിൽഡ് കേരള ഇൻഷ്യേറ്റീവിൽ ഉൾപ്പെടുത്തിയ അട്ടപ്പാടി ആദിവാസി സമഗ്ര സുസ്ഥിര കാർഷിക വികസന പദ്ധതി എന്നിവയുടെ ഭാഗമായി വിവിധ പരിശീലന പരിപാടികളിലൂടെ ആദിവാസികളുടെ പാരമ്പര്യ കൃഷി രീതികളും വിളസംഭരണ രീതികളും സംരക്ഷിക്കുന്നതിനും അത് മറ്റ് കർഷകർക്ക് പരിചയപ്പെടുത്തുന്നതിനും സാധിക്കുന്നതാണ്.

(സി) കാർഷിക രംഗത്തുണ്ടായ പുതിയ മാറ്റങ്ങളും കൃഷി ജോലികൾ ആയാസരഹിതമാക്കുന്നതിന് മറ്റ് വിദേശരാജ്യങ്ങളിലടക്കം ഉപയോഗിക്കുന്ന യന്ത്രസാമഗ്രികളും കേരളത്തിലെ കർഷകർക്ക് ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

കാർഷിക മേഖലയിൽ ചെലവുകുറഞ്ഞ രീതിയിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനും കൃഷി ജോലികൾ

ആയാസരഹിതമാക്കുന്നതിനുംവേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ 'സബ്മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ (SMAM)' എന്ന പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതിയിൻകീഴിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര, വിള സംസ്കരണ, മൂല്യവർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകിവരുന്നു. ഇതനുസരിച്ച് വ്യക്തിഗത ഗുണഭോക്താക്കൾക്ക് 40 ശതമാനം മുതൽ 60 ശതമാനം വരെയും കർഷകരുടെ കൂട്ടായ്മകൾ, FPO-കൾ, വ്യക്തികൾ, പഞ്ചായത്തുകൾ തുടങ്ങിയവയ്ക്ക് കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ (കസ്റ്റം ഹയറിംഗ് സെന്ററുകൾ) സ്ഥാപിക്കുന്നതിന് പദ്ധതി തുകയുടെ 40 ശതമാനം സാമ്പത്തിക സഹായം അനുവദിക്കുന്നു. യന്ത്രവൽക്കരണ തോത് കുറവായ പ്രദേശങ്ങളിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് 10 ലക്ഷം രൂപയുടെ പദ്ധതിക്ക് പരമാവധി 80 ശതമാനം എന്ന നിരക്കിൽ 8 ലക്ഷം രൂപ സാമ്പത്തിക സഹായം അനുവദിക്കുന്നു. പൂർണ്ണമായും ഓൺലൈനായി

നടപ്പാക്കുന്ന ഈ പദ്ധതിയിൽ അംഗമാകുന്നതിന് http://agrimachinery.nic.in/index എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

സബ്മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ പദ്ധതി കൂടുതൽ ആകർഷകമാക്കുന്നതിനും പ്രസ്തുത പദ്ധതിയുടെ ഗുണഫലങ്ങൾ കൂടുതൽ കർഷകർക്ക് ലഭിക്കുന്നതിനും സംസ്ഥാനത്ത് രൂപീകരിച്ച 'കൃഷിക്കൂട്ടങ്ങൾ' എന്ന കർഷക താൽപ്പര്യ ഗ്രൂപ്പുകൾക്ക് ടോപ്പ്-അപ്പ് സബ്സിഡി നൽകാൻ സംസ്ഥാനാവിഷ്കൃത പദ്ധതിയായ "ഫാം യന്ത്രവൽക്കരണത്തിനുള്ള സഹായം" എന്നതിലൂടെ ഈ സാമ്പത്തിക വർഷത്തിൽ ഉദ്ദേശിക്കുന്നു. സേവന മേഖലയിലെ എയിംസ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തെരഞ്ഞെടുത്ത കൃഷിക്കൂട്ടങ്ങൾക്കാണ് ഈ സഹായം ലഭിക്കാൻ അർഹതയുള്ളത്. 5 ലക്ഷം രൂപയുടെ യന്ത്രങ്ങൾ SMAM പദ്ധതിയിലൂടെ വാങ്ങുന്ന കൃഷിക്കൂട്ടങ്ങൾക്ക് പരമാവധി 50,000/- രൂപ എന്ന തോതിൽ ആണ് "ഫാം യന്ത്രവത്കരണത്തിനുള്ള സഹായം" എന്ന പദ്ധതിയിലൂടെ ലഭിക്കുക.

**പൂഞ്ഞാർ മണ്ഡലത്തിലെ കാർഷിക വികസന പദ്ധതികൾ**

20(1717) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ കൃഷി വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾവഴിയും പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ കൃഷി വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ വഴിയും പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതി**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

21(1718) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് പച്ചക്കറികൾക്ക് അമിതമായി വില വർദ്ധിക്കുന്നത് തടയുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഓണക്കാലത്ത് പച്ചക്കറികൾക്ക് അമിതമായി വില വർദ്ധിക്കുന്നത് തടയുന്നതിനായും ഉത്സവ സീസണുകളിൽ പച്ചക്കറിക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിനും ലക്ഷ്യമിട്ട് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. "ഞങ്ങളും കൃഷിയിലേയ്ക്ക്" കാമ്പയിന്റെ ഭാഗമായി രൂപീകൃതമായ കൃഷിക്കൂട്ടങ്ങൾ പച്ചക്കറികൾക്ക് പ്രാധാന്യം നൽകി കൃഷിയിൽ ഏർപ്പെട്ടിട്ടുണ്ട്. പച്ചക്കറി കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന പാരമ്പര്യ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ഓണക്കാലയളവിൽ പച്ചക്കറിയിൽ പരമാവധി ഉൽപ്പാദനം ലക്ഷ്യമാക്കി "ഓണത്തിന് ഒരു മുറം പച്ചക്കറി

പദ്ധതി" നടപ്പാക്കിവരുന്നു. 2017-18 വർഷം ആരംഭിച്ച് തുടർന്നും വിജയകരമായി നടപ്പാക്കിവരുന്ന ബൃഹത് പദ്ധതിയാണ് "ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി".

അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികൾ ഒഴിവാക്കി നമ്മുടെ വീട്ടുവളപ്പിൽ നിന്നുതന്നെ പച്ചക്കറി ഉൽപ്പാദിപ്പിക്കാൻവേണ്ട ബോധവൽക്കരണവും ഉൽപ്പാദന ഉപാധികളുടെ ലഭ്യതയും സമഗ്ര പച്ചക്കറി വികസന പദ്ധതിയിലൂടെ സാധ്യമായിട്ടുണ്ട്.

"ഓണത്തിന് ഒരു മുറം പച്ചക്കറി" പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 1076 കൃഷി ഭവനുകൾവഴി സൗജന്യമായി അത്യുൽപ്പാദന ശേഷിയുള്ള സങ്കരയിനം പച്ചക്കറി വിത്ത്, തൈകളും കൂടാതെ വിവിധങ്ങളായ പച്ചക്കറി വിത്തുകൾ, തൈകൾ, ദീർഘകാല പച്ചക്കറി തൈകൾ എന്നിവ പൂർണ്ണമായും സൗജന്യമായി നൽകിവരുന്നു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീകൾ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കൃഷിക്കൂട്ടങ്ങൾ തുടങ്ങി പൊതുസമൂഹത്തിലെ എല്ലാ

വിഭാഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പാക്കുന്നത്. 2022-23 സാമ്പത്തിക വർഷത്തിൽ 1.14 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

ഓണവിപണിയിൽ പച്ചക്കറിയുടെ വില നിയന്ത്രിക്കുന്നതിനായി 2000 ഓണചന്തകൾ കൃഷി ഭവനുകളുടെയും ഹോർട്ടികോർപ്പിന്റെയും വി.എഫ്.പി.സി.കെ.-യുടെയും നിയന്ത്രണത്തിൽ നടപ്പാക്കി. കർഷകരിൽനിന്ന് 10 ശതമാനം അധികവില നൽകി സംഭരിച്ച നാടൻ പച്ചക്കറികൾ വിപണി വിലയേക്കാൾ 30 ശതമാനം കുറച്ചാണ് ഉപഭോക്താക്കൾക്ക് ഓണചന്തയിലൂടെ ലഭ്യമാക്കിയത്. ഉത്തമകൃഷി രീതിയിൽ ഉൽപ്പാദിപ്പിച്ച പച്ചക്കറികൾക്ക് യഥാക്രമം കർഷകർക്ക് 20 ശതമാനം അധിക വില നൽകുകയും വിപണി വിലയേക്കാൾ 10 ശതമാനം കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്കും ലഭ്യമാക്കി.

(ബി) ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ?

'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതിയുടെ ഭാഗമായി വിവിധ പച്ചക്കറി വിത്തിനങ്ങൾ അടങ്ങിയ 10/- രൂപ വില വരുന്ന 50 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിദ്യാർത്ഥികൾ, കർഷകർ, സർക്കാരിതര സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവർ വഴി വിതരണം ചെയ്യുന്നു. ആയതിനായി 500 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്നു. കൂടാതെ 2.50 രൂപ വില വരുന്ന പച്ചക്കറി ഇനങ്ങളുടെ 108.6 ലക്ഷം പച്ചക്കറി തൈകൾ കൃഷിക്കാർക്ക് വിതരണം പൂർത്തീകരിച്ചുവരുന്നു. ഇതിനായി 271.5 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. ഇതുകൂടാതെ 15/-രൂപ വില വരുന്ന ദീർഘകാല പച്ചക്കറി വിളകളുടെ (മുരിങ്ങ, കറിവേപ്പ്, അഗത്തിചീര) 10 ലക്ഷം തൈകൾ ഉൽപ്പാദിപ്പിച്ച് "ഓണത്തിന് ഒരു മുറം പച്ചക്കറി" പദ്ധതിയുടെ ഭാഗമായി വിതരണം നടത്തിവരുന്നു. ആയതിലേയ്ക്കായി 150 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

2023-24 സാമ്പത്തിക വർഷം മുതൽ വിവിധ ഇനങ്ങളടങ്ങിയ അത്യുൽപ്പാദന ശേഷിയുള്ള സങ്കരയിനം വിത്തുകളുടെ 20 ലക്ഷം പായ്ക്കറ്റുകളും 3/- രൂപ വിലവരുന്ന അത്യുൽപ്പാദന ശേഷിയുള്ള പച്ചക്കറി ഇനങ്ങളുടെ

116.66 ലക്ഷം തൈകളും പൂർണ്ണമായും സൗജന്യമായി കർഷകർക്ക് വിതരണം നടത്തിവരുന്നുണ്ട്. വിത്ത് വിതരണത്തിനായി 500 ലക്ഷം രൂപയും തൈകളുടെ വിതരണത്തിനായി 350 ലക്ഷം രൂപയും വകയിരുത്തിയിരിക്കുന്നു. സംസ്ഥാനത്തെ പ്രമുഖ മാധ്യമങ്ങളുടെ കാർഷിക-കാർഷികേതര മാസികകളിലൂടെയും 5 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ ഓണം ലക്ഷ്യമിട്ടുകൊണ്ട് വിതരണം നടത്തിവരുന്നു. ഇതിനായി 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി ബംഗലൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചർ റിസർച്ച് (IIHR), കാർഷിക സർവകലാശാലകൾ, ഭാരതീയ പച്ചക്കറി ഗവേഷണ സ്ഥാപനം (IVRI), വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ), കേരള കാർഷിക സർവകലാശാല (KAU), കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ എന്നിവ മുഖേന വിത്തുകളും വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ), കേരള കാർഷിക സർവകലാശാല (KAU), കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ കാർഷിക കർമ്മസേന, അഗ്രോ

സർവ്വീസ് സെന്റർ, കൃഷിക്കൂട്ടം, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനുകൾ, കുടുംബശ്രീ, കൃഷി വകുപ്പ് അംഗീകരിച്ച ബ്ലോക്ക്-പഞ്ചായത്ത്തല നഴ്സറികൾ തുടങ്ങിയ സർക്കാർ സ്ഥാപനങ്ങൾ മുഖേന തൈകളും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നു.

**കേരഗ്രാമം പദ്ധതി**

22(1719) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരഗ്രാമം പദ്ധതി നടപ്പാക്കുന്നതിലൂടെ ഗുരുവായൂർ മണ്ഡലത്തിൽ എന്തെല്ലാം പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഈ സർക്കാർ വന്നതിനുശേഷം ഗുരുവായൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പുന്നയൂർക്കുളം കേരഗ്രാമം പദ്ധതി 2021-22 വർഷത്തിൽ തുടങ്ങി. പദ്ധതി നടപ്പാക്കിയതിലൂടെ കൈവരിച്ച പുരോഗതി അനുബന്ധമായി ചേർക്കുന്നു +.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതിക്ക് എത്ര തുക അനുവദിച്ചുവെന്നും നാളിതുവരെ എത്ര തുക ചെലവായിട്ടുണ്ടെന്നും അറിയിക്കുമോ?

2021-22 വർഷത്തിൽ പുന്നയൂർക്കുളം ഒന്നാം വർഷം കേരഗ്രാമത്തിന് 50.17 ലക്ഷം രൂപ അനുവദിച്ചുകിട്ടിയതിൽ 39.17 ലക്ഷം രൂപ ചെലവഴിച്ചു. അതിന്റെ രണ്ടാം വർഷം (2022-23) 20.00 ലക്ഷം രൂപ അനുവദിച്ചതിൽ 18.25 ലക്ഷം രൂപ ചെലവഴിച്ചു.

(സി) മണ്ഡലത്തിലെ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാത്തതെന്നും ആയത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ?

കേരഗ്രാമം പദ്ധതി ഇതുവരെ നടപ്പാക്കിയിട്ടില്ലാത്ത പഞ്ചായത്തുകൾ പുന്നയൂർ, വടക്കേക്കാട് പൂക്കോട് എന്നിവയും ഗുരുവായൂർ മുനിസിപ്പാലിറ്റിയുമാണ്. കേരഗ്രാമം പദ്ധതി 100 ഹെക്ടർ തെങ്ങിൻ പ്രദേശമുള്ള പഞ്ചായത്തുകളിലാണ് നടപ്പാക്കുന്നത്. ഇതുവരെ നടപ്പാക്കാത്ത പഞ്ചായത്തുകൾക്കും കീടരോഗാക്രമണം കൂടുതലുള്ള പ്രദേശങ്ങൾക്കും പുതിയ

കേരഗ്രാമം പദ്ധതി അനുവദിക്കുമ്പോൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മുൻഗണന നൽകുന്നതാണ്.

**സുഭിക്ഷ കേരളം പദ്ധതി**

23(1720) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുഭിക്ഷ കേരളം പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് കാർഷിക മേഖലയിൽ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടോ?

ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയ സംയോജിത ഭക്ഷ്യ സുരക്ഷാ പദ്ധതിയാണ് സുഭിക്ഷ കേരളം. കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ്, മത്സ്യബന്ധന വകുപ്പ്, സഹകരണ വകുപ്പ്, ജലസേചന വകുപ്പ് തുടങ്ങിയവ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കിയത്.

കോവിഡ്-19 മഹാമാരി പടർന്നുപിടിക്കുന്നത് തടയാനായി ഏർപ്പെടുത്തിയിരുന്ന ലോക്ക്ഡൗൺ കാലയളവിൽ ഭക്ഷ്യ പ്രതിസന്ധി ഉടലെടുത്താൽ തരണം ചെയ്യുന്നതിനായി സാധ്യമായ കൃഷിഭൂമിയിലെല്ലാം കാർഷികോൽപ്പാദനം നടത്തുക എന്ന ലക്ഷ്യത്തോടെയാണ് കൃഷി വകുപ്പ് ഇത് നടപ്പാക്കിയത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെ.വി.വൈ.(രാഷ്ട്രീയ കൃഷി വികാസ് യോജന)-യുടെ 2020-21 വർഷത്തെ സഹായം തരിശ്ശുഭൂമി കൃഷിയോഗ്യമാക്കുന്നതിന്റെ ധനസഹായമായി നൽകുകയും ചെയ്തിട്ടുണ്ട്. ഈ സമഗ്ര പദ്ധതി ഘടകങ്ങളിൽ തെരഞ്ഞെടുത്തവ ഇപ്പോഴും തുടർപദ്ധതിയായി നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു.

(ബി) പ്രസ്തുത പദ്ധതി കാർഷിക പുരോഗതിക്ക് പ്രയോജനകരമായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

സുഭിക്ഷ കേരളം മുഖേന കാർഷിക മേഖലയിൽ പ്രധാനമായും ലക്ഷ്യമിട്ടത് തരിശ്ശുഭൂമിയിൽ കൃഷി ചെയ്യുക, സംയോജിത കൃഷി സമ്പ്രദായം നടപ്പാക്കുക, ഒരു കോടി ഫലവൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുക, മഴമറയിലെ

കൃഷി പ്രോത്സാഹിപ്പിക്കുക, കാർഷിക വിപണി ശക്തിപ്പെടുത്തുക എന്നിവയാണ്.

സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി 25000 ഹെക്ടർ തരിശുസ്ഥലങ്ങൾ കൃഷി വകുപ്പ് കണ്ടെത്തിയിരുന്നു. ഇതിൽ നെല്ല്, പച്ചക്കറികൾ, വാഴ പോലുള്ള വാർഷിക ഫലവർഗ്ഗ വിളകൾ, കിഴങ്ങുവർഗ്ഗ വിളകൾ, ചെറുധാന്യങ്ങൾ, പയറുവർഗ്ഗ വിളകൾ എന്നിവ കൃഷി ചെയ്യുന്നതിനുള്ള സമഗ്ര പദ്ധതി തയ്യാറാക്കിയാണ് നിർവ്വഹണം നടത്തിയത്.

പദ്ധതി ആരംഭിച്ച 2020-21 കാലയളവ് മുതൽ 2023 മാർച്ച് വരെ 9086.1 ഹെക്ടർ തരിശുനിലത്ത് നെൽകൃഷിയും 1440 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിയും 14463.9 ഹെക്ടർ തരിശുസ്ഥലങ്ങളിൽ വാഴ, കൃഷി വർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗ വിളകൾ, ചെറുധാന്യങ്ങൾ, പയറുവർഗ്ഗ വിളകൾ എന്നിവയും കൃഷി ചെയ്തിട്ടുണ്ട്. 2020-21 കാലയളവ് മുതൽ ആകെ 24,990 ഹെക്ടർ തരിശുനിലത്ത് കൃഷി വ്യാപിച്ചിട്ടുണ്ട്.

മഴമറ നിർമ്മിച്ച് എല്ലാ സീസണുകളിലും പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള പദ്ധതിയും തുള്ളി നന ഉപയോഗിച്ച് ജലസേചന കാര്യക്ഷമത വർദ്ധിപ്പിച്ചും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ സുഭിക്ഷ കേരളം പദ്ധതി വഴിയായി സർക്കാർ നടപ്പാക്കി. 2158 മഴമറകൾ ഇതിനോടകം നിർമ്മിച്ച് കൃഷി ചെയ്തുവരുന്നു. 768 ഹെക്ടർ സ്ഥലം തുള്ളിനന കൃഷി രീതിയിൽ ശാക്തീകരിച്ചു.

2020-21-ൽ 1.36 കോടി ഫലവർഗ്ഗ സസ്യങ്ങളും 2021-22-ൽ 8403 ലക്ഷം ഫലവർഗ്ഗ സസ്യങ്ങളും 2022-23-ൽ 64.63 ലക്ഷം ഫലവർഗ്ഗ സസ്യങ്ങളും വിതരണം നടത്തിയിട്ടുണ്ട്.

സുഭിക്ഷകേരളം പദ്ധതിയുടെ ഒരു പ്രധാന ഘടകമാണ് ജൈവഗൃഹം-സംയോജിത കൃഷി (IFS). കൃഷി വകുപ്പിന്റെ ജൈവഗൃഹം-സംയോജിത കൃഷി പദ്ധതിയിൽ 14.531 സംയോജിത കൃഷി യൂണിറ്റുകൾ സ്ഥാപിച്ചു. റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 50 കോടി രൂപയാണ് രണ്ട് വർഷങ്ങളിലായി പദ്ധതി നടത്തിപ്പിന് അനുവദിച്ചത്. 2020-21-ൽ 35 കോടി

രൂപയും 2021-22-ൽ 15 കോടി രൂപയുമാണ് സംസ്ഥാന സർക്കാർ നൽകിയത്.

പദ്ധതിയുടെ ഭാഗമായി കൂടുതൽ പേർക്ക് തൊഴിൽ ഉറപ്പുവരുത്താൻ സാധിച്ചിട്ടുള്ളതായി സർക്കാർ വിലയിരുത്തിയിട്ടുണ്ട്. തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് കാർഷിക കർമ്മ സേനകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, അസംഘടിത മേഖലയിലുള്ള മറ്റ് വിദഗ്ധർ, അവിദഗ്ധർ കാർഷിക തൊഴിലാളികൾ എന്നിവരെ ഉപയോഗിച്ചിരുന്നു. അത്തരത്തിൽ 26.430 തൊഴിൽദിനങ്ങൾ അധികമായി സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്.

**കൃഷിവകുപ്പിലെ നൂതന പദ്ധതികൾ**

24(1721) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി വകുപ്പിൽ പുതുതായി ആവിഷ്കരിച്ച പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി വകുപ്പിൽ പുതുതായി ആവിഷ്കരിച്ച പദ്ധതികളുടെ വിശദവിവരം അനുബന്ധം 1 ആയി ചേർക്കുന്നു+.

(ബി) കൃഷി വകുപ്പിൽ നിലവിൽ ഉണ്ടായിരുന്നതും നൂതനവുമായ പദ്ധതികളിൽ മാവേലിക്കര മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പദ്ധതികളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

കൃഷി വകുപ്പിൽ നിലവിലുണ്ടായിരുന്നതും നൂതനവുമായ പദ്ധതികളിൽ മാവേലിക്കര മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പദ്ധതികളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു+.

**കേരഗ്രാമം പദ്ധതി**

25(1722) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് കൃഷി വകുപ്പ് നടപ്പാക്കിവരുന്ന കേരഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ?

കേരഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക

2. സമഗ്ര കീടരോഗ നിയന്ത്രണം

3. മണ്ണിലെ മൂലകങ്ങളുടെ സമഗ്രപരിപാലനം

4. ഇടവിള കൃഷി പ്രോത്സാഹനം

5. ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ

6. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കൽ

7. സുഗമമായ വിളവെടുപ്പിന് തെങ്ങുകയറ്റ യന്ത്രങ്ങളുടെ പ്രോത്സാഹനം

8. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക

9. തൊഴിലവസരങ്ങൾ സൃഷ്ടിക്കുക

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് എത്ര പഞ്ചായത്തുകളെ തെരഞ്ഞെടുത്തിട്ടുണ്ട്; വിശദാംശം അറിയിക്കാമോ?

നാളിതുവരെ 433 പഞ്ചായത്തുകളെ കേരഗ്രാമം പദ്ധതിയുടെ നടത്തിപ്പിനായി തെരഞ്ഞെടുത്തിട്ടുണ്ട്. 2023-24 വർഷത്തിൽ 50 പഞ്ചായത്തുകളിൽക്കൂടി കേരഗ്രാമം പദ്ധതി നടപ്പാക്കുന്നതാണ്.

**കുണ്ടറ മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള കാർഷിക പദ്ധതികൾ**

26(1723) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കുണ്ടറ മണ്ഡലത്തിലേയ്ക്കായി അനുവദിച്ചിട്ടുള്ള കാർഷിക പദ്ധതികൾ ഏതൊക്കെയെന്നും ആയതിനായി അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും അറിയിക്കാമോ; പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കുണ്ടറ മണ്ഡലത്തിലേയ്ക്കായി അനുവദിച്ചിട്ടുള്ള കാർഷിക പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കുട്ടനാട്ടിലെ കാർഷിക മേഖലയുടെ സമഗ്ര പുരോഗതിക്കുള്ള നടപടികൾ**

27(1724) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കാർഷികമേഖലയുടെ സമഗ്ര പുരോഗതിക്കായി നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കുട്ടനാട്ടിലെ കാർഷിക മേഖലയുടെ സമഗ്ര പുരോഗതിക്കായി 2023-24 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ 1700 ലക്ഷം രൂപയ്ക്ക് പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനവും 'പെട്ടിയും പറയും' മാറ്റി വി. എ. എഫ്. പമ്പുകൾ സ്ഥാപിക്കുന്നതിനും പി. എം. കുസും പദ്ധതിക്കുവേണ്ടിയുള്ള അധിക സബ്സിഡിയും വാർഷിക പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പ് നടപ്പാക്കാൻ ലക്ഷ്യമിടുന്നു.

(ബി) പ്രകൃതിദുരന്തങ്ങളും മഹാമാരികളും നാശം വിതയ്ക്കുന്ന സാഹചര്യത്തിൽ കർഷകരെ സഹായിക്കാൻ പ്രത്യേക പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷി നാശത്തിന് പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തര പരിപാടി പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിന്റെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നുള്ള വിഹിതവും സംസ്ഥാന വിഹിതവും നഷ്ടപരിഹാരമായി നൽകുന്നുണ്ട്. കൂടാതെ കൃഷി വകുപ്പ് നടപ്പാക്കുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരം നൽകിവരുന്നു.

വിതച്ച നെല്ല് നഷ്ടപ്പെട്ടുപോയ കർഷകർക്ക് വിള വീണ്ടും ഇറക്കുന്നതിനായി പ്രകൃതി ദുരന്തങ്ങൾക്കായുള്ള അടിയന്തര പദ്ധതി പ്രകാരം നെൽവിത്ത് സൗജന്യമായി നൽകുന്നതിനുള്ള ക്രമീകരണം കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി (KSSDA) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കർഷകരുടെ കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടി കൃഷിയിടം ഒലിച്ചുപോയുണ്ടാകുന്ന നഷ്ടത്തിനും മടകളുടെ പുനർനിർമ്മാണത്തിനുമുള്ള നഷ്ടപരിഹാരം

ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേന സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നും ലഭ്യമാക്കിവരുന്നു.

(സി) വിള ഇൻഷ്വറൻസ് ഉൾപ്പെടെ കർഷകർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നടപ്പ് സാമ്പത്തിക വർഷത്തിൽ വിള ഇൻഷ്വറൻസ് പദ്ധതിക്കായി 3000 ലക്ഷം രൂപയും പ്രകൃതിക്ഷോഭം പദ്ധതിക്കായി 750 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകകൾ എയിംസ് പോർട്ടൽ മുഖേന കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കുട്ടനാട്ടിലെ കർഷകരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് വർഷാവർഷം കുട്ടനാട്ടിൽ കാർഷിക സമ്മേളനങ്ങൾ സർക്കാർ തലത്തിൽ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

കേരള സർക്കാരിന്റെ രണ്ടാം നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി കുട്ടനാടിന്റെ സമഗ്ര വികസനത്തിനായുള്ള പദ്ധതികൾ

നടപ്പാക്കുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനത്തിനുമായി കുട്ടനാട് ഏകോപന വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

**കൃഷിക്കൂട്ടം പദ്ധതി**

28(1725) ശ്രീ. മുരളി പെരുനെല്ലി:

ശ്രീ. കെ. ഡി. പ്രസേനൻ:

ശ്രീ. ലിന്റോ ജോസഫ്:

ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനങ്ങൾ പച്ചക്കറി കൃഷിയിൽ വർദ്ധനയുണ്ടാകാൻ സഹായകമായിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ കാർഷിക മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനങ്ങൾ പച്ചക്കറി കൃഷിയിൽ വർദ്ധനയുണ്ടാകാൻ സഹായകരമായിട്ടുണ്ട്.

സംസ്ഥാനത്ത് പച്ചക്കറി കൃഷിയുടെ പുരോഗതി ലക്ഷ്യമിട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന കാമ്പയിന്റെ ഭാഗമായി "സമഗ്ര പച്ചക്കറി വികസന പദ്ധതി" ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഇതരസംസ്ഥാനങ്ങളിൽനിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടുമുറ്റത്തും ഉൽപ്പാദിപ്പിക്കാൻവേണ്ട ബോധവൽക്കരണവും ഉൽപ്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കുന്നതോടൊപ്പം വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് 'സമഗ്ര പച്ചക്കറി വികസന പദ്ധതി' മുഖേന വിവിധ പദ്ധതി ഘടകങ്ങൾ നടപ്പാക്കിവരുന്നു. പദ്ധതിയിലൂടെ കർഷകർക്ക് കൃഷിക്കാവശ്യമായ വിത്ത് മുതൽ വിപണി വരെയുള്ള എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. പ്രസ്തുത പദ്ധതി വിജയകരമായി നടപ്പാക്കിയതിലൂടെ സംസ്ഥാനത്തെ പച്ചക്കറി വിസ്തൃതിയും ഉൽപ്പാദനവും വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന കാമ്പയിന്റെ ഭാഗമായി നടപ്പാക്കിവരുന്ന 'സമഗ്ര പച്ചക്കറി വികസന പദ്ധതിയിലെ' വിവിധ

ഘടകങ്ങൾ നടപ്പാക്കിയതിലൂടെയും കൃഷിക്കൂട്ടങ്ങളുടെ പ്രവർത്തനഫലമായും സംസ്ഥാനത്ത് 2021-22 വർഷത്തിൽ 1.08 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 16.01 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 1.14 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും അതിലൂടെ 17.10 ലക്ഷം മെട്രിക് ടൺ പച്ചക്കറികൾ ഉൽപ്പാദിപ്പിക്കാനും നമുക്ക് സാധിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ പച്ചക്കറി ഉൽപ്പാദനം 1.21 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും പച്ചക്കറി ഉൽപ്പാദനം 17.23 ലക്ഷം മെട്രിക് ടണ്ണിലേയ്ക്ക് എത്തിക്കുന്നതിനും ലക്ഷ്യമിട്ട് പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

(ബി) ഈ മേഖലയിൽ നടത്തിയിട്ടുള്ള എന്തൊക്കെ പ്രവർത്തനങ്ങളാണ് ഈ നേട്ടത്തിന് കാരണമായതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് സമഗ്ര പച്ചക്കറി വികസന

പദ്ധതിയിൻകീഴിൽ വിവിധ പച്ചക്കറി വിത്തിനങ്ങൾ അടങ്ങിയ 10/- രൂപ വില വരുന്ന 50 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകൾ വിദ്യാർത്ഥികൾ, കർഷകർ, സർക്കാരിതര സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവർവഴി വിതരണം ചെയ്യുന്നു. ആയതിനായി 500 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്നു. കൂടാതെ 2.50 രൂപ വില വരുന്ന പച്ചക്കറി ഇനങ്ങളുടെ 108.6 ലക്ഷം പച്ചക്കറി തൈകൾ ടി പദ്ധതിയിലൂടെ കൃഷിക്കാർക്ക് വിതരണം ചെയ്തുവരുന്നു. ഇതിനായി 271.5 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. കൂടാതെ 15/- രൂപ വില വരുന്ന ദീർഘകാല പച്ചക്കറി വിളകളുടെ (മുരിങ്ങ, കറിവേപ്പ്, അഗത്തിചീര) 10 ലക്ഷം തൈകൾ ഉൽപ്പാദിപ്പിച്ച് 'ഓണത്തിന് ഒരു മുറം പച്ചക്കറി'പദ്ധതിയുടെ ഭാഗമായി വിതരണം നടത്തിവരുന്നു. ആയതിലേയ്ക്കായി 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷം മുതൽ വിവിധ ഇനങ്ങളടങ്ങിയ അത്യുൽപ്പാദന ശേഷിയുള്ള സങ്കരയിനം വിത്തുകളുടെ 20 ലക്ഷം പാക്കറ്റുകളും 3 രൂപ വിലവരുന്ന അത്യുൽപ്പാദന ശേഷിയുള്ള പച്ചക്കറി ഇനങ്ങളുടെ 116.66

ലക്ഷം തൈകളും വിതരണം നടത്തിവരുന്നുണ്ട്. വിത്ത് വിതരണത്തിനായി 500 ലക്ഷം രൂപയും തൈകളുടെ വിതരണത്തിനായി 350 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി ജില്ലകൾക്ക് ഭൗതിക ലക്ഷ്യവും ഫണ്ടും അനുവദിച്ചുനൽകിയിട്ടുണ്ട്. പദ്ധതി ഘടകം നടത്തിപ്പിനായുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ കൈക്കൊണ്ടുവരുന്നു. പ്രമുഖ മാധ്യമങ്ങളുടെ കാർഷിക-കാർഷികേതര മാസികകളിലൂടെയും 4 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ ഓണം ലക്ഷ്യമിട്ടുകൊണ്ട് വിതരണത്തിന് തയ്യാറാക്കി നൽകിയിട്ടുണ്ട്. ഇതിനായി 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി ബംഗലൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചർ റിസർച്ച് (IIHR), തമിഴ്നാട് കാർഷിക സർവകലാശാല, വാരണാസിയിലെ ഭാരതീയ പച്ചക്കറി ഗവേഷണ സ്ഥാപനം (IVRI), വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ.), കേരള കാർഷിക സർവകലാശാല (KAU), കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ, കാർഷിക കർമ്മസേന, അഗ്രോ

സർവ്വീസ് സെന്റർ, കൃഷിക്കൂട്ടം, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനുകൾ, കുടുംബശ്രീ, കൃഷി വകുപ്പ് അംഗീകരിച്ച ബ്ലോക്ക്-പഞ്ചായത്ത് തല നഴ്സറികൾ തുടങ്ങിയ സർക്കാർ സ്ഥാപനങ്ങൾ മുഖേനയാണ് പച്ചക്കറി വിത്ത്, തൈകൾ എന്നിവ ഉൽപ്പാദിപ്പിച്ച് വിതരണത്തിന് തയ്യാറാക്കുന്നത്.

സ്ഥലപരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് ചെടിച്ചട്ടികളിലുള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിച്ചുവരുന്നു. ചെടിച്ചട്ടിയിൽ നട്ടുപിടിപ്പിച്ച 25 എണ്ണം വിവിധ ഇനം പച്ചക്കറി തൈകൾ അടങ്ങിയ 5000 രൂപ വിലവരുന്ന ഒരു യൂണിറ്റിന് 75 ശതമാനം സബ്സിഡിയിൽ 1250 രൂപയ്ക്ക് കർഷകർക്ക് വിതരണം ചെയ്യുന്നു.

സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ/ സർക്കാരിത/ സ്വകാര്യസ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷിക്ക് ധനസഹായം നൽകിവരുന്നു.

വ്യാവസായികാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി 10 കർഷകർ അടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് 3

മുതൽ 5 വരെ ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുന്ന ക്ലസ്റ്റർ ഒന്നിന് പരമാവധി 1 – 1.25 ലക്ഷം രൂപ വരെ ധനസഹായം നൽകികൊണ്ടുള്ള പദ്ധതി ഘടകമാണിത്.

ക്ലസ്റ്ററുകളിൽ ഉൾപ്പെടാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിൽ ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പന്തൽ ആവശ്യമുള്ളതിന് 25,000 രൂപയും പന്തൽ ആവശ്യമില്ലാത്തതിന് 20,000 രൂപ വരെ ധനസഹായം നൽകുന്നു.

ശീതകാല പച്ചക്കറി ഇനങ്ങൾ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 30,000 രൂപ ധനസഹായം നൽകുന്നു. പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ പ്രോത്സാഹനത്തിനായി ഹെക്ടറൊന്നിന് 10,000 രൂപ അധിക ധനസഹായം നൽകുന്നതിന് വിഭാവന ചെയ്തിട്ടുണ്ട്. സസ്യസംരക്ഷണ ഉപാധികൾ വാങ്ങുന്നതിന് യൂണിറ്റൊന്നിന് 1500 രൂപ വരെയും സബ്സിഡി നൽകിവരുന്നു.

വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി മഴമറയിലെ കൃഷി കർഷകർക്ക് ഏറെ

സഹായകരമാണ്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറികൃഷി സാധ്യമാക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്ററുള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു.

പമ്പ്സെറ്റും മറ്റ് അനുബന്ധ ഘടകങ്ങളും വാങ്ങുന്നതിന് യൂണിറ്റൊന്നിന് 50 ശതമാനം സബ്സിഡി നിരക്കിൽ 10000 രൂപ വരെ ധനസഹായം നൽകുന്നു.

പന്തൽ ഇനം പച്ചക്കറികൾ കൃഷി ചെയ്യുന്നതിന് സ്ഥായിയായ പന്തൽ നിർമ്മിക്കുന്നതിനായി 25 ശതമാനം സബ്സിഡി നിരക്കിൽ ഹെക്ടറിന് 2 ലക്ഷം രൂപ ധനസഹായം വിഭാവന ചെയ്തിട്ടുണ്ട്.

തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി എന്ന ഘടകത്തിലൂടെ ആവശ്യമായ അനുബന്ധ ഘടകങ്ങൾ കൃത്യമായ അളവിൽ ഉപയോഗിച്ച് പച്ചക്കറി ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും പരമ്പരാഗതമായ കൃഷി രീതികളെ പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നു.

മേൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതി ഘടകങ്ങൾ നടപ്പാക്കിയതിലൂടെ ഒരോ വർഷവും പച്ചക്കറിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സാധ്യമാകുന്നു.

(സി) കൃഷിക്കൂട്ടം പദ്ധതി പ്രവർത്തനം പച്ചക്കറി ഉൽപ്പാദനത്തിൽ ഗുണകരമായോ; വിശദാംശം നൽകുമോ?

ഗുണകരമായിട്ടുണ്ട്. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക, തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയും എല്ലാ കുടുംബങ്ങളെയും കൃഷിയിലേയ്ക്ക് ആകർഷിക്കുകയെന്ന ലക്ഷ്യത്തോടെയും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് "ഞങ്ങളും കൃഷിയിലേയ്ക്ക്". പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 21575 കൃഷിക്കൂട്ടങ്ങൾ (ഒരു പ്രദേശത്തെ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ സന്നദ്ധവും സജ്ജവുമായ 5 മുതൽ 25 പേർ അടങ്ങുന്ന കൂട്ടായ്മയാണ് കൃഷിക്കൂട്ടം) ഉൽപ്പാദന-സേവന-മൂല്യവർദ്ധന-വിപണന മേഖലകൾ കേന്ദ്രീകരിച്ച് രൂപീകരിച്ചിട്ടുണ്ട്. ഉൽപ്പാദന മേഖലകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 18107 കൃഷിക്കൂട്ടങ്ങളിൽ പകുതിയോളം പച്ചക്കറികൃഷി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ ആർ.ഐ.ഡി.എഫ്. പദ്ധതി**

29(1726) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ 2016-21 കാലയളവിൽ ഗ്രാമീണ പശ്ചാത്തല വികസന ഫണ്ട് (ആർ.ഐ.ഡി.എഫ്.) പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം നൽകുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) ചങ്ങനാശ്ശേരി മണ്ഡലത്തിൽ 2016-21 കാലയളവിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് മുഖേന പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

**വൈപ്പിൻ മണ്ഡലത്തിലെ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി**

30(1727) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രിപ്പ് ഇറിഗേഷൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

ജല ഉപയോഗക്ഷമത വർദ്ധിപ്പിക്കുക, കൃത്യതയാർന്ന ജലപരിപാലനത്തിലൂടെ വിളകളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ച് കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുക എന്നിവയാണ് ഡ്രിപ്പ് ഇറിഗേഷൻ പദ്ധതിയുടെ പ്രധാനപ്പെട്ട ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ബി) വൈപ്പിൻ മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രദേശങ്ങളിലാണെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. നായരമ്പലം, എടവനക്കാട് എന്നീ സ്ഥലങ്ങളിൽ ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിൽ സബ്സിഡി ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശം ലഭ്യമാക്കാമോ?

സബ്സിഡി ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | മേൽവിലാസം | സബ്സിഡി |
|---|---|---|---|
| 1 | അനിഫ് ജോസഫ് | അറക്കൽ ഹൗസ്, നായരമ്പലം | വാഴ (1 ഏക്കർ) |
| 2 | ബിജോയി എം.ഡി | മറ്റപ്പിള്ളി ഹൗസ്, നായരമ്പലം. | (25 സെന്റ്) |
| 3 | സജീവ് പി.എ. | കാക്കനാട് ഹൗസ്, ഇല്ലത്തുപടി, എടവനക്കാട്. | (50 സെന്റ്) |

(ഡി) പ്രസ്തുത പദ്ധതിക്കുവേണ്ടി കർഷകർ അപേക്ഷ സമർപ്പിക്കേണ്ടത് എപ്രകാരമാണെന്നത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

PMKSY- PDMC പദ്ധതിയിൽ സമർപ്പിക്കേണ്ട അപേക്ഷ ഫോറം ജില്ലയിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും കൃഷി ഭവൻ മുഖേനയും കർഷകർക്ക് ലഭിക്കും. അപേക്ഷ പൂരിപ്പിച്ച് ആധാർ കാർഡിന്റെ കോപ്പി, തൻവർഷത്തെ കരം തീർത്ത രസീത്, സ്ഥലം പാട്ടത്തിനെടുത്ത് കൃഷിചെയ്യുന്ന കർഷകർ ഏഴ് വർഷത്തെ പാട്ടക്കരാറും ബാങ്ക് പാസ് ബുക്കിന്റെ കോപ്പി, പാസ്പോർട്ട് സൈസ് ഫോട്ടോ, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ആവശ്യമെങ്കിൽ)

എന്നിവ സഹിതം ബന്ധപ്പെട്ട കൃഷി ഭവനിലോ ജില്ലയിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലോ തപാൽ മാർഗ്ഗമോ നേരിട്ടോ സമർപ്പിക്കാവുന്നതാണ്.

**തൃശ്ശൂർ ജില്ലയിലെ പി.എം.കെ.എസ്.വൈ. പദ്ധതി**

31(1728) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (പി.എം.കെ.എസ്.വൈ.) പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഗുരുവായൂർ മണ്ഡലത്തിൽ നടപ്പാക്കുന്നതിന് നിർദ്ദേശിച്ചതും അംഗീകാരം നൽകിയതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന തൃശ്ശൂർ ജില്ലയിൽ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന ഓരോ തുള്ളിയിലും കൂടുതൽ വിള (സൂക്ഷ്മ ജലസേചനം) [PMKSY-PDMC (M)] എന്ന പദ്ധതി

നടപ്പാക്കിയിട്ടുണ്ട്. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിൽ ഗുരുവായൂർ മണ്ഡലത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ മൊത്തം 2,111 ഹെക്ടർ സ്ഥലത്ത് ഡ്രിപ്പ്/സ്പ്രിംഗ്ലർ ഇറിഗേഷൻ നടത്തിയിട്ടുണ്ട്. ഏഴ് ഉപഭോക്താക്കൾക്കാണ് ഈ സഹായം അനുവദിച്ചിട്ടുള്ളത്. 1,19,453/- രൂപ സബ്സിഡി ഇനത്തിൽ അനുവദിച്ചു.

**മൂല്യവർദ്ധിത കൃഷി മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ**

32(1729) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂല്യവർദ്ധിത കൃഷി മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

കാർഷിക ഉൽപ്പന്നങ്ങളെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനും കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കുന്നതിനും കാർഷികോൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന സംഭരണം, ഉൽപ്പന്നങ്ങളുടെ വില, മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം,

മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധന വരുത്തുന്നതിനുമായിട്ടാണ് മൂല്യവർദ്ധിത കാർഷിക മിഷൻ (VAAM) രൂപീകരിച്ചിട്ടുള്ളത്. പ്രാഥമിക കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന/നിർമ്മാണ പ്രക്രിയകൾ, വിപണനം, സേവനങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഉൽപ്പന്നങ്ങളുടെ മൂല്യം വർദ്ധിപ്പിക്കുകയെന്ന ആശയത്തിനാണ് മൂല്യവർദ്ധിത കൃഷി മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഉൽപ്പന്നങ്ങൾക്ക് ഉറപ്പായ വിപണി സൃഷ്ടിക്കുന്നതിനും ബ്രാൻഡ് വികസിപ്പിക്കുന്നതിനും അനുബന്ധ മേഖലകളിലെ വിദഗ്ധരുമായി സെമിനാറുകൾ, പ്രദർശനങ്ങൾ, ബ്രെയിൻ സ്റ്റോമിംഗ് വർക്ക്ഷോപ്പുകൾ എന്നിവ നടത്തി മൂല്യനിർണയത്തെ പിന്തുണക്കുന്നതിനുമായിരിക്കും ഈ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ആഭ്യന്തര, അന്തർദേശീയ വ്യാപാരവും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനും ഈ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കും.

(ബി) മിഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മൂല്യവർദ്ധിത കൃഷി മിഷന്റെ നയങ്ങൾ കൃഷി വകുപ്പ് നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി മൂല്യവർദ്ധിത മേഖലയിൽ 1000 കൃഷിക്കൂട്ടങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. 1200-ൽ അധികം കൃഷിക്കൂട്ടങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനങ്ങൾ നടത്താൻ തയ്യാറായിവരുന്നു. കർഷകർ, എഫ്.പി.ഒ.-കൾ, കൃഷിക്കൂട്ടങ്ങൾ, കർഷക ഗ്രൂപ്പുകൾ തുടങ്ങിയവർ ഉൽപ്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ "കേരളാഗ്രോ" ബ്രാൻഡിൽ വിപണനത്തിനായി എത്തിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ 07-08-2023-ലെ സ.ഉ.(കൈ) നമ്പർ 71/2023/AGRI പ്രകാരം കേരളാ അഗ്രോ ബിസിനസ് കമ്പനി (KABCO) രൂപീകരിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ "വിളവെടുപ്പാനന്തര പരിപാലനവും മൂല്യവർദ്ധനവും" എന്ന പദ്ധതിയിലുൾപ്പെടുത്തി പ്രോജക്ട് അടിസ്ഥാനത്തിൽ എഫ്.പി.ഒ.-കൾക്ക്/എഫ്.ഐ.ജി.-കൾക്ക് അഗ്രോ പ്രോസ്സസിംഗിനുള്ള യന്ത്രങ്ങൾ SMAM പദ്ധതിയിലൂടെ നൽകുന്നതിന് 350 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) വൈപ്പിൻ മണ്ഡലത്തിലെ കാർഷിക വിഭവമായ പൊക്കാളി നെല്ലിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ കൃഷി മിഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പരിശോധിക്കുന്നതാണ്.

## ഒറ്റപ്പാലം മണ്ഡലത്തിലെ കൃഷിഭവനകളുടെ അടിസ്ഥാന സൗകര്യവികസനം

33(1730) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ ഒറ്റപ്പാലം മണ്ഡലത്തിലെ കൃഷി ഭവനുകളുടെ അടിസ്ഥാന സൗകര്യവികസനത്തിന് ഫണ്ടുകൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഫണ്ടുകളാണ് അനുവദിച്ചിട്ടുള്ളതെന്നും എത്ര തുക വീതമാണെന്നും വിശദമാക്കാമോ?

ഒറ്റപ്പാലം മണ്ഡലത്തിലെ കൃഷി ഭവനുകളുടെ അടിസ്ഥാന സൗകര്യവികസനത്തിന് 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ ഫണ്ടുകൾ അനുവദിച്ചിട്ടില്ല.

**നബാർഡ് ഫണ്ട് ലഭിക്കുന്നതിനുള്ള മാനദണ്ഡം**

34(1731) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കാർഷിക മേഖലയെ സംരക്ഷിക്കുന്നതിനായി നബാർഡ് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

നബാർഡ് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് 23-02-2018 ലെ സ.ഉ.(പി)നം. 26/2018/ധന, 21-07-2022-ലെ സ.ഉ.(സാധാ)നം.5248/2022/ധന, 31-07-2023 ലെ സ.ഉ.(പി)നം.80/2023/ധന എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഉത്തരവുകൾ അനുബന്ധമായി ചേർക്കുന്നു+.

**ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി**

35(1732) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി, വാഴ എന്നിവയുടെ കൃഷി കാര്യക്ഷമമാക്കുന്നതിനും ജൈവകൃഷി പ്രോത്സാഹിപ്പിച്ച് ജൈവഭക്ഷ്യ സാധനങ്ങൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പഞ്ചായത്തുകൾതോറും വിൽപ്പന നടത്തുന്നതിനും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പച്ചക്കറി കൃഷി കാര്യക്ഷമമാക്കുന്നതിന് ലക്ഷ്യമിട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന കാമ്പയിന്റെ ഭാഗമായി "സമഗ്ര പച്ചക്കറി വികസന പദ്ധതി" ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടുമുറ്റത്തും ഉൽപ്പാദിപ്പിക്കാൻവേണ്ട ബോധവൽക്കരണവും ഉൽപ്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കുന്നതോടൊപ്പം വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകരേയും പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര പച്ചക്കറി വികസന പദ്ധതി മുഖേന വിവിധ പദ്ധതി ഘടകങ്ങൾ നടപ്പാക്കിവരുന്നു. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 'ജൈവകൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതി' കൃഷി വകുപ്പ് നടപ്പാക്കിവരുന്നു. നടപ്പ് സാമ്പത്തിക വർഷം 600 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി വിവിധ പച്ചക്കറി വിത്തിനങ്ങൾ അടങ്ങിയ 10/- രൂപ വില വരുന്ന 50 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിദ്യാർത്ഥികൾ, കർഷകർ, സർക്കാരിതര സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവർവഴി വിതരണം ചെയ്യുന്നു. കൂടാതെ 2.50 രൂപ വില വരുന്ന പച്ചക്കറി ഇനങ്ങളുടെ 108.6 ലക്ഷം പച്ചക്കറി തൈകൾ ടി പദ്ധതിയിലൂടെ കൃഷിക്കാർക്ക് വിതരണം പൂർത്തീകരിച്ചുവരുന്നു. 15/- രൂപ വില വരുന്ന ദീർഘകാല പച്ചക്കറി വിളകളുടെ (മുരിങ്ങ, കറിവേപ്പ്, അഗത്തിചീര) 10 ലക്ഷം തൈകൾ ഉൽപ്പാദിപ്പിച്ച് 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതിയുടെ ഭാഗമായി വിതരണം നടത്തിയിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷം മുതൽ വിവിധ ഇനങ്ങളടങ്ങിയ അത്യുൽപ്പാദന ശേഷിയുള്ള സങ്കരയിനം വിത്തുകളുടെ 20 ലക്ഷം പായ്ക്കറ്റുകളും 3/- രൂപ വിലവരുന്ന അത്യുൽപ്പാദന ശേഷിയുള്ള പച്ചക്കറി ഇനങ്ങളുടെ 116.66 ലക്ഷം തൈകളും വിതരണം നടത്തിവരുന്നുണ്ട്. കൂടാതെ പ്രമുഖ

മാധ്യമങ്ങളുടെ കാർഷിക, കാർഷികേതര മാസികകളിലൂടെയും 4 ലക്ഷം പച്ചക്കറി വിത്ത് പാായ്ക്കറ്റുകൾ ഓണം ലക്ഷ്യമിട്ടുകൊണ്ട് വിതരണംനടത്തി.

അത്യൽപ്പാദന ശേഷിയുള്ള സങ്കരയിനം വിത്ത് ബംഗലരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചർ റിസർച്ച് (IIHR), തമിഴ്നാട് കാർഷിക സർവകലാശാല, വാരണാസിയിലെ ഭാരതീയ പച്ചക്കറി ഗവേഷണ സ്ഥാപനം (IVRI), വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ.), കേരള കാർഷിക സർവകലാശാല (KAU), കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ എന്നിവ മുഖേനയും തൈകൾ മേൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽനിന്നും കൂടാതെ കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ, കൃഷിക്കൂട്ടം, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനുകൾ, കുടുംബശ്രീ, കൃഷി വകുപ്പ് അംഗീകരിച്ച ബ്ലോക്ക് പഞ്ചായത്ത്തല നഴ്സറികൾ തുടങ്ങിയ സ്ഥാപനങ്ങൾ മുഖേനയും വിതരണം നടത്തിവരുന്നു.

സ്ഥലപരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് ചെടിച്ചട്ടികളിലുള്ള കൃഷി പ്രോത്സാഹിപ്പിച്ചുവരുന്നു. ചെടിച്ചട്ടിയിൽ

നട്ടുപിടിപ്പിച്ച 25 എണ്ണം വിവിധ ഇനം പച്ചക്കറി തൈകൾ അടങ്ങിയ 5000 രൂപ വിലവരുന്ന ഒരു യൂണിറ്റിന് 75 ശതമാനം സബ്സിഡിയിൽ 1250/- രൂപയ്ക്ക് കർഷകർക്ക് വിതരണം ചെയ്യുന്നു.

വ്യാവസായികാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി 10 കർഷകർ അടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് 3 മുതൽ 5 വരെ ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുന്ന ക്ലസ്റ്റർ ഒന്നിന് പരമാവധി 1-1.25 ലക്ഷം രൂപ വരെ ധനസഹായം നൽകിക്കൊണ്ടുള്ള പദ്ധതി ഘടകമാണിത്.

ക്ലസ്റ്ററുകളിൽ ഉൾപ്പെടാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിൽ ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പന്തൽ ആവശ്യമുള്ളതിന് 25,000/- രൂപയും പന്തൽ ആവശ്യമില്ലാത്തതിന് 20,000/- രൂപ വരെ ധനസഹായം നൽകുന്നു.

ശീതകാല പച്ചക്കറി ഇനങ്ങൾ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 30,000/- രൂപ ധനസഹായം നൽകുന്നു. പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ പ്രോത്സാഹനത്തിനായി ഹെക്ടറൊന്നിന് 10,000/- രൂപ അധിക

ധനസഹായം നൽകുന്നതിന് വിഭാവന ചെയ്തിട്ടുണ്ട്. സസ്യസംരക്ഷണ ഉപാധികൾ വാങ്ങുന്നതിന് യൂണിറ്റൊന്നിന് 1500/- രൂപ വരെയും സബ്സിഡി നൽകിവരുന്നു. വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷി ചെയ്യുന്നതിനായി മഴമറയിലെ കൃഷി കർഷകർക്ക് ഏറെ സഹായകരമാണ്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്ററുള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു.

പമ്പ്സെറ്റും മറ്റ് അനുബന്ധഘടകങ്ങളും വാങ്ങുന്നതിന് യൂണിറ്റൊന്നിന് 50 ശതമാനം സബ്സിഡി നിരക്കിൽ 10000/- രൂപ വരെ ധനസഹായം നൽകുന്നു. പന്തൽ ഇനം പച്ചക്കറികൾ കൃഷി ചെയ്യുന്നതിന് സ്ഥായിയായ പന്തൽ നിർമ്മിക്കുന്നതിനായി 25 ശതമാനം സബ്സിഡി നിരക്കിൽ ഹെക്ടറിന് 2 ലക്ഷം രൂപ ധനസഹായം നൽകിവരുന്നു. തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി എന്ന ഘടകത്തിലൂടെ ആവശ്യമായ

അനുബന്ധഘടകങ്ങൾ കൃത്യമായ അളവിൽ ഉപയോഗിച്ച് പച്ചക്കറി ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കാനും പരമ്പരാഗത കൃഷി രീതികളെ പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നു.

പച്ചക്കറി, വാഴ എന്നിവയുടെ കൃഷി കാര്യക്ഷമമാക്കുന്നതിനായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ - കേരള മുഖാന്തരം രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെയുള്ള തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി പദ്ധതിയിലൂടെ 1000 ഹെക്ടറിൽ വീതം പച്ചക്കറി, വാഴ എന്നിവയുടെ കൃഷി നടപ്പാക്കിവരുന്നു.

2023-24 സാമ്പത്തിക വർഷം ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 75 ലക്ഷം രൂപയുടെ പദ്ധതികൾ വി.എഫ്.പി.സി.കെ. തയ്യാറാക്കിയിട്ടുണ്ട്. മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനാവശ്യമായ പച്ചിലവള ചെടികൾ, ജീവാണുവളം, ഫോസ്ഫേറ്റ് ജൈവവളം (PROM) എന്നിവയുടെ ഉപയോഗം 100 ഹെക്ടറിൽ പ്രോത്സാഹിപ്പിക്കുന്നതിനും മുരിങ്ങ, അഗത്തിചീര, കറിവേപ്പില, പച്ചക്കറി തൈകൾ, ജീവാണുവളം, കമ്പോസ്റ്റ് അടങ്ങുന്ന 750 കിറ്റുകൾ കർഷകർക്ക്

വിതരണം ചെയ്യാനും പദ്ധതിയുണ്ട്. 40 ഹെക്ടറിൽ പരമ്പരാഗത/നാടൻ പച്ചക്കറി വിത്തിനങ്ങളുടെ ഉൽപ്പാദനത്തിനും വിതരണത്തിനും പദ്ധതി സഹായം ലഭ്യമാക്കിവരുന്നു. ഇതുകൂടാതെ, ജൈവകൃഷി പ്രോത്സാഹനത്തിന് ആവശ്യാനുസരണം ഉൽപ്പാദനോപാധികൾ ലഭ്യമാക്കുന്നതിന് വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ.) ആസ്ഥാനത്ത് ഒരു ജൈവവള ജൈവ കീടനാശിനി ഉൽപ്പാദന യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. ജൈവവളം, ജീവാണുവളം, വളർച്ചാ ത്വരകങ്ങൾ, ജൈവകീടനാശിനികൾ എന്നിവയടങ്ങുന്ന സസ്യസംരക്ഷണ ഉൽപ്പാദനോപാധികൾ ഈ യൂണിറ്റിൽ ലഭ്യമാണ്. പാലക്കാട് ജില്ലയിൽ, അയിലൂരിലുള്ള ബയോകൺട്രോൾ ലാബിൽനിന്നുള്ള ട്രൈകോഡെർമാ, സ്യൂഡോമോണസ് തുടങ്ങിയ ഉൽപ്പന്നങ്ങൾ ജൈവകൃഷിക്ക് പ്രയോജനപ്രദമാകും. കൗൺസിലിന്റെ എറണാകുളം, തിരുവനന്തപുരം, കാസർഗോഡ് എന്നി ജില്ലകളിലെ കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ, വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക സമിതികൾ എന്നിവ വഴി ജൈവ ഉൽപ്പന്നങ്ങൾ ലഭ്യമാക്കിവരുന്നു. കൂടാതെ ഭാരതീയ പ്രകൃതി കൃഷി

പദ്ധതിയുടെ ഭാഗമായി പച്ചക്കറി, വാഴ എന്നിവ ഉൾപ്പെടെയുള്ള വിവിധ വിളകൾ പ്രകൃതി സൗഹൃദ രീതിയിൽ കൃഷി ചെയ്ത് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ച് പഞ്ചായത്തുകൾതോറും വിൽപ്പന നടത്തുന്നതിന് പ്രസ്തുത പദ്ധതിയിൽ ധനസഹായം നൽകുന്നുണ്ട്.

(ബി) ഇതരസംസ്ഥാനങ്ങളിൽനിന്നും വരുന്ന വ്യാപകമായ തോതിൽ കീടനാശിനി പ്രയോഗം നടത്തിയ പഴങ്ങളും പച്ചക്കറികളും പരിശോധിക്കാൻ ചെക്ക്പോസ്റ്റ് തല സംവിധാനം നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത പരിശോധന ശക്തമാക്കുമോ; വിശദമാക്കാമോ?

പഴം-പച്ചക്കറികളിലെ കീടനാശിനികളുടെ അളവ് ചെക്ക്പോസ്റ്റ് സംവിധാനത്തിൽ പരിശോധിച്ച് അനുമതി നൽകുന്നതിനുള്ള സാങ്കേതിക സംവിധാനം നിലവിൽ ലഭ്യമല്ല. എന്നാൽ ഇതരസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പച്ചക്കറികളിലെയും സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികളിലെയും അവശിഷ്ട കീടനാശിനികളുടെ അളവും പരിശോധിക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സഹായത്തോടെ "സേഫ് ടു ഈറ്റ്" എന്ന പദ്ധതി ഘടകം നടപ്പാക്കിവരുന്നു.

പ്രസ്തുത പദ്ധതി ഘടകത്തിലൂടെ കേരളത്തിലെ പൊതുവിപണികൾ, കൃഷിയിടങ്ങൾ, ഇക്കോഷോപ്പ്, ജൈവ വിപണി, പ്രധാന ചെക്ക്പോസ്റ്റുകൾ എന്നിവിടങ്ങളിലെ പച്ചക്കറി പഴവർഗ്ഗങ്ങളിലെ സാമ്പിളുകൾ ശേഖരിച്ച് അവയിൽ അടങ്ങിയിരിക്കുന്ന കീടനാശിനി അവശിഷ്ട പരിശോധന നടത്തുന്നു.

കേരള കാർഷിക സർവകലാശാലയുടെ വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലായ www.kerala.gov.in - ലും കേരള കാർഷിക സർവകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. എല്ലാ പൊതുജനങ്ങൾക്കും വായിച്ച് മനസ്സിലാക്കുന്ന രീതിയിൽ മലയാളത്തിൽ ഈ വിവരങ്ങൾ എല്ലാ മാസവും പ്രസിദ്ധീകരിക്കുന്നതിന് ഈ വർഷം കേരള കാർഷിക സർവകലാശാലയ്ക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. ഇതുവഴി മാരകമായ കീടനാശിനികളുടെ അമിതമായ ഉപയോഗവും അവയുണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളെയും സംബന്ധിച്ച് പൊതുജനങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിനും

കീടനാശിനി ഉപയോഗം കുറയ്ക്കുന്നതിന് കർഷകരെ പ്രേരിപ്പിക്കുന്നതിനും സുരക്ഷിത പച്ചക്കറികളുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സഹായകരമാകുകയും ചെയ്യുന്നു.

**ജൈവകൃഷി വ്യാപനത്തിനായി സ്വീകരിച്ച നടപടികൾ**

36(1733) ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ കൃഷിരീതികൾക്കൊപ്പവും ജൈവകൃഷി രീതികളിലൂടെയും ഭക്ഷ്യയോഗ്യവും സുരക്ഷിതവുമായ ഭക്ഷ്യ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ?

ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ കൃഷി രീതികൾക്കൊപ്പം ഭക്ഷ്യയോഗ്യവും സുരക്ഷിതവും സമീകൃതവുമായ ഭക്ഷ്യ

ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി 'പോഷക സമൃദ്ധി മിഷൻ' പ്രഖ്യാപിച്ചിട്ടുണ്ട്. 3 വർഷം നീളുന്നതും കാമ്പയിൻ രീതിയിലുള്ളതുമായ ഈ മിഷൻ കാർഷിക ആവാസ പ്രദേശങ്ങളിൽ പോഷക പ്രാധാന്യമുള്ള വിളകൾ ഉൽപ്പാദിപ്പിക്കുന്നതിനും ജനങ്ങളുടെ ആരോഗ്യ ക്ഷേമം ഉറപ്പാക്കുന്നതിനും ലക്ഷ്യമിടുന്നു. സംസ്ഥാന സർക്കാർ പദ്ധതിയായ ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിയിൽ ജൈവ കൃഷി ചെയ്യുന്നതിന് ധനസഹായം നൽകുന്നുണ്ട്. അങ്ങനെ ഉൽപ്പാദിപ്പിക്കുന്ന വിഷരഹിത ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നതിന് "സേഫ് റ്റു ഈറ്റ് - കേരള ഓർഗാനിക്" എന്ന ബ്രാൻഡും ലോഗോയും ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ അംഗമാകുന്ന കർഷകരുടെ ജൈവ ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നതിനായി പദ്ധതിയിൻകീഴിൽ 286 ഇക്കോഷോപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ലോഗോയും ബ്രാൻഡും ഉപയോഗിച്ച് ഇക്കോഷോപ്പുകൾ, കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന മറ്റ് വിപണികൾ എന്നിവ വഴി ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തിവരുന്നു.

ജൈവകൃഷി, പ്രകൃതി കൃഷി എന്നിവയുടെ വിപുലീകരണത്തിനായി ജൈവകൃഷി മിഷൻ ഉടൻ പ്രവർത്തനം ആരംഭിക്കും.

ഭാരതീയ പ്രകൃതി കൃഷി പദ്ധതിയിൽ കൃഷി സംബന്ധമായ പരമ്പരാഗത നാട്ടറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതത് പ്രദേശത്തിന് അനുയോജ്യമായ പരമ്പരാഗത വിളകളുടെ വിത്ത് ഉൽപ്പാദിപ്പിച്ച് മറ്റ് കർഷകർക്ക് കൈമാറ്റം ചെയ്യുന്നതിനും പദ്ധതി മാനദണ്ഡങ്ങൾ പാലിച്ച് മാതൃകാ കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുന്നതിനും ധനസഹായം നൽകിവരുന്നു. ജൈവ ഉൽപ്പാദനോപാധികൾ ഉൽപ്പാദിപ്പിച്ച് ക്ലസ്റ്ററിലെ മറ്റ് കർഷകർക്ക് സൗജന്യമായി നൽകുന്നതിന് ഫാർമർ ഇന്ററസ്റ്റ് ഗ്രൂപ്പും (FIG-1) മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിൽപ്പന നടത്തുന്നതിനായി ഫാർമർ ഇന്ററസ്റ്റ് ഗ്രൂപ്പും (FIG-2) പ്രവർത്തിച്ചുവരുന്നു. ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന "ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും " പദ്ധതിയുടെ ഭാഗമായി 2463.2 ഹെക്ടർ സ്ഥലത്ത് 2022-23 വർഷം ജൈവകൃഷി നടപ്പാക്കി. 2023-

24 സാമ്പത്തിക വർഷം 600 ലക്ഷം രൂപ പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

(ബി) ഭാരതീയ പ്രകൃതി കൃഷി പദ്ധതി, പരമ്പരാഗത കൃഷി വികാസ് യോജന, ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി എന്നിവ അനുസരിച്ച് ജൈവകൃഷി വ്യാപനത്തിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വിശദമാക്കാമോ?

ഭാരതീയ പ്രകൃതി കൃഷി പദ്ധതി, പരമ്പരാഗത കൃഷി വികാസ് യോജന, ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി എന്നീ പദ്ധതികൾ വഴി ജൈവ കൃഷി സംസ്ഥാനത്ത് വ്യാപിപ്പിച്ചുവരുന്നു. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു;

2020-21 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതിയായ ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി പ്രകാരം 82000 ഹെക്ടർ വിസ്തൃതിയിൽ പ്രകൃതി സൗഹൃദ കൃഷി നടപ്പാക്കുന്നതിന് കർഷകർക്ക് പ്രോത്സാഹന പരിശീലന പരിപാടികൾ ലക്ഷ്യമിട്ടിരുന്നു. ബ്ലോക്ക് തലത്തിൽ ഒരു ക്ലസ്റ്ററിന് ചുരുങ്ങിയത് 500 ഹെക്ടർ വീതം ആകെ 164 ക്ലസ്റ്ററുകൾ വഴിയാണ് ടി

പരിശീലന പദ്ധതി നടപ്പാക്കുന്നത്. ഇതിനായി ഒരു ക്ലസ്റ്ററിന് ഒന്നാം വർഷം 26.52 ലക്ഷം രൂപയും രണ്ടാം വർഷം 17.85 ലക്ഷം രൂപയും മൂന്നാം വർഷം 17.85 ലക്ഷം രൂപയും വീതം ധനസഹായമായി നൽകുന്നു. അങ്ങനെ ആകെ 62.22 ലക്ഷം രൂപ ടി പദ്ധതി പ്രകാരം ഓരോ ക്ലസ്റ്ററിനും ലഭിക്കുന്നു. ടി പദ്ധതിയിൽ അംഗമാകുന്ന എല്ലാ കർഷകർക്കും ബോധവൽക്കരണ പരിപാടികൾ, ഫീൽഡ് സന്ദർശനം, പരിശീലനം എന്നിവ നൽകുന്നു. ഫാർമർ ഇന്ററസ്റ്റ് ഗ്രൂപ്പുകൾ വഴി ജൈവ ഉൽപ്പാദനോപാധികൾ ഉൽപ്പാദിപ്പിച്ച് ക്ലസ്റ്ററിലെ മറ്റ് കർഷകർക്ക് നൽകുകയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിൽപ്പന നടത്തുകയും ചെയ്യും. ഇതിനായി ഒരു ക്ലസ്റ്ററിൽ 2 ഫാർമർ ഇന്ററസ്റ്റ് ഗ്രൂപ്പുകൾ പ്രവർത്തിക്കും. പരമ്പരാഗത നാട്ടറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതത് പ്രദേശത്തിന് അനുയോജ്യമായ പരമ്പരാഗത വിളകളുടെ തനിമ നഷ്ടപ്പെടാതെ വിത്ത് ഉൽപ്പാദിപ്പിച്ച് മറ്റ് കർഷകർക്ക് വിതരണം ചെയ്യുന്നതിനും പദ്ധതി മാനദണ്ഡങ്ങൾ പാലിച്ച് മാതൃകാ കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുന്നതിനും ധനസഹായം നൽകുന്നു. പദ്ധതി പ്രകാരം 2369 കർഷക പരിശീലനങ്ങളും

93 ഫീൽഡ് സന്ദർശന യാത്രകളും നടത്തുകയും 15523 എണ്ണം മാതൃകാ കർഷക പ്രദർശന തോട്ടങ്ങൾ, 1718 ഫാർമർ ഇന്ററസ്റ്റ് ഗ്രൂപ്പുകൾ എന്നിവ രൂപീകരിച്ച് നടപ്പാക്കുകയും ചെയ്തു. കൂടാതെ ക്ലസ്റ്ററിൽ അംഗമാകുന്ന കർഷകരുടെ ജൈവ ഉൽപ്പന്നങ്ങൾക്ക് ആദ്യ വർഷം (പരിവർത്തന കാലം) പി.ജി.എസ്. ഇന്ത്യ ഗ്രീൻ സർട്ടിഫിക്കറ്റും പദ്ധതി മാനദണ്ഡം പാലിച്ച് മൂന്ന് വർഷം പൂർത്തിയാകുമ്പോൾ പി.ജി.എസ്. ഇന്ത്യ ഓർഗാനിക് സർട്ടിഫിക്കറ്റുമാണ് നൽകുന്നത്.

ജൈവ കൃഷി രീതികൾ പ്രചരിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി 2015-16, സാമ്പത്തിക വർഷം മുതൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതി കേരളത്തിൽ നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിയിലെ ക്ലസ്റ്ററിൽ അംഗമാകുന്ന കർഷകരുടെ ജൈവ ഉൽപ്പന്നങ്ങൾക്ക് ആദ്യ വർഷം (പരിവർത്തന കാലം) പി.ജി.എസ്. ഇന്ത്യ ഗ്രീൻ സർട്ടിഫിക്കറ്റും പദ്ധതി മാനദണ്ഡം പാലിച്ച് മൂന്ന് വർഷം പൂർത്തിയാകുമ്പോൾ പി.ജി.എസ്. ഇന്ത്യ

ഓർഗാനിക് സർട്ടിഫിക്കറ്റുമാണ് നൽകുന്നത്. അപ്രകാരം 5321 പി.ജി.എസ്. ഇന്ത്യ ഗ്രീൻ സർട്ടിഫിക്കറ്റ് കർഷകർക്ക് നൽകിയിട്ടുണ്ട്.

2022-23 വർഷം 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന കാമ്പയിന്റെ ഭാഗമായി ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള 'ജൈവകൃഷിയും ഉത്തമ കൃഷിമുറകളും' എന്ന പദ്ധതി നടപ്പാക്കുകയും 2463.2 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപിപ്പിക്കുകയും ചെയ്തു. പദ്ധതി പ്രകാരം വിവിധ ഘടകങ്ങൾക്കായി 386.97 ലക്ഷം രൂപ ചെലവഴിച്ചു. VFPCK മുഖേന ജൈവ പഴങ്ങളുടേയും പച്ചക്കറികളുടേയും ഉൽപ്പാദനത്തിനും സർട്ടിഫിക്കേഷനുമായി 63.50 ലക്ഷം രൂപ ചെലവഴിച്ചു. നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**പൊന്നാനി കോൾ കൃഷി വികസനം**

37(1734) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനിയിൽ കോൾ കൃഷി വികസനത്തിന് കഴിഞ്ഞ രണ്ട് വർഷമായി അനുവദിച്ച തുക എത്രയാണ്; വർഷം തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

പൊന്നാനിയിൽ കോൾ കൃഷി വികസനത്തിനായി 2021-22 വർഷം 174.0641 ലക്ഷം രൂപയും 2022-23 വർഷം 338.5192 ലക്ഷം രൂപയും ചേർത്ത് ആകെ 512.5833 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) കോൾ കൃഷിയിടങ്ങളിൽ മോട്ടോറുകൾ സ്ഥാപിക്കുന്നതിന് ഈ വർഷം എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത്?

കോൾ കൃഷിയിടങ്ങളിൽ മോട്ടോർ സ്ഥാപിക്കുന്നതിന് ഈ വർഷം 1689.50 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ രണ്ട് വർഷമായി കൃഷി നാശത്തിനുള്ള ധനസഹായം എന്നയിനത്തിൽ കേന്ദ്ര സർക്കാരിൽനിന്ന് കുടിശ്ശികയിനത്തിൽ ഫണ്ട് ലഭിക്കാനുണ്ടോ; ഉണ്ടെങ്കിൽ വർഷം തിരിച്ചുള്ള തുക വിവരം ലഭ്യമാക്കാമോ?

കഴിഞ്ഞ രണ്ട് വർഷമായി കൃഷി നാശത്തിനുള്ള ധനസഹായം എന്നയിനത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം ഉൾപ്പെടുന്ന

സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും നഷ്ടപരിഹാരമായി സംസ്ഥാനമൊട്ടാകെ 11,51,12,383/- രൂപ കുടിശ്ശികയായി നൽകാനുണ്ട്. അതിൽ 2021-22 സാമ്പത്തിക വർഷത്തിലെ 12,92,870/- രൂപയും 2022-23 സാമ്പത്തിക വർഷത്തിലെ 11,38,19,513/- രൂപയും നൽകാനുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ 75 ശതമാനം കേന്ദ്ര വിഹിതമാണ്.

**നെല്ലിന്റെ ഉൽപാദനവും താങ്ങുവിലയും വർദ്ധിപ്പിക്കൽ**

38(1735) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നെല്ലിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഈ സർക്കാർ അധികാരമേറ്റശേഷം നെല്ലിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം അനുബന്ധം-1 ആയി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇക്കാലയളവിൽ നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണെന്നും ഇത് എന്ന് മുതലാണ് വർദ്ധിപ്പിച്ച് നൽകിയതെന്നും വ്യക്തമാക്കുമോ?

ഈ സർക്കാരിന്റെ കാലയളവിൽ കേന്ദ്രം അനുവദിച്ച നെല്ലിന്റെ താങ്ങുവില 2020-21, 2021-22, 2022-23 വർഷങ്ങളിൽ 18.68 രൂപ, 19.4 രൂപ, 20.4 രൂപ എന്നീ ക്രമത്തിലാണ്.

(സി) നെല്ലിന്റെ സംഭരണ വിഹിതമായി കേന്ദ്രസഹായം അനുവദിക്കാറുണ്ടോയെന്നും എങ്കിൽ ഈ ഇനത്തിൽ കേന്ദ്രത്തിൽനിന്നും എത്ര തുക ലഭിക്കാനുണ്ടെന്നും കേന്ദ്രം അനുവദിച്ച താങ്ങുവിലയ്ക്ക് അനുസരിച്ചുള്ള തുക സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

നെല്ല് സംഭരണ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാർ ഓരോ സീസണിലും തുക അനുവദിക്കുന്നുണ്ട്. കേന്ദ്രസർക്കാർ അനുവദിക്കുന്ന താങ്ങുവിലയ്ക്ക് പുറമേ സംസ്ഥാന സർക്കാർ അനുവദിക്കുന്ന ഇൻസെന്റീവ് ബോണസ് കൂടി ചേർത്താണ് നെല്ല് സംഭരിക്കുന്നത്. കേന്ദ്രസർക്കാരിലേയ്ക്ക്

ക്ലെയിം ചെയ്ത തുകകളുടെയും അനുവദിച്ച തുകകളുടെയും അനുവദിക്കാൻ ബാക്കിയുള്ള തുകകളുടെയും വിവരങ്ങൾ അനുബന്ധം-2 ആയി+ ചേർത്തിരിക്കുന്നു. ആയതിൻപ്രകാരം 637.66 കോടി രൂപ കേന്ദ്രത്തിൽനിന്നും ലഭിക്കാനുണ്ട്. നെല്ലിന് അർഹമായ താങ്ങുവില നൽകേണ്ടത് കേന്ദ്രമാണ്. അർഹമായ താങ്ങുവില കേന്ദ്രത്തിൽനിന്നും ലഭിക്കാത്ത സാഹചര്യത്തിലാണ് സംസ്ഥാനം പ്രോത്സാഹന ബോണസ് നൽകുന്നത്.

(ഡി) നെൽകർഷകർക്ക് ഇപ്പോൾ ഹെക്ടറിന് എത്ര രൂപ നിരക്കിലാണ് ഉൽപ്പാദന ബോണസ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

ഹെക്ടറിന് 1000 രൂപ നിരക്കിലാണ് ഉൽപ്പാദന ബോണസ് നൽകുന്നത്.

(ഇ) പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നും നെൽകൃഷിക്ക് പ്രോത്സാഹനം നൽകുന്ന എന്തൊക്കെ പദ്ധതികളാണ് നിലവിൽ നടപ്പാക്കിവരുന്നതെന്നും വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൽപ്പാദന ബോണസ് നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം പരിശോധിക്കാവുന്നതാണ്. സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തരിശ്ശുസ്ഥലം കൃഷി ചെയ്യുന്നതിന് ധനസഹായം, ഒരുപൂ നിലങ്ങൾ ഇരുപൂ കൃഷി ചെയ്യുന്നതിന് ധനസഹായം, നെൽവയൽ ഉടമസ്ഥർക്ക് റോയൽറ്റി, പാടശേഖരത്തിന്റെ പൊതുആവശ്യങ്ങൾക്കും അടിസ്ഥാന സൗകര്യവികസനത്തിനും ധനസഹായം, നെൽകൃഷി വികസന ഏജൻസികൾക്ക് ഓണറേറിയം, പ്രോജക്ട് അധിഷ്ഠിത ധനസഹായം, പ്രത്യേക നെല്ലിനങ്ങളുടെ കൃഷി വികസനത്തിനുള്ള ധനസഹായം, കോൾ മേഖലയുടെ വികസനത്തിന് ഓപ്പറേഷൻ ഡബിൾ കോൾ പദ്ധതി, ഗുണമേന്മയുള്ള വിത്ത് ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിന് രജിസ്റ്റേർഡ് സീഡ് ഗ്രോവേർസ് പ്രോഗ്രാം, പരമ്പരാഗത നെൽകൃഷി മേഖലകളായ കരി, പൊക്കാളി, കൈപ്പാട് എന്നീ മേഖലകളുടെ വികസനത്തിനുള്ള പദ്ധതി, പ്രളയാനന്തരം മണ്ണിനുണ്ടായ മാറ്റങ്ങൾ ക്രമീകരിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി, നെല്ലുൽപ്പാദന ബോണസ്, ജലസേചനത്തിന് സൗജന്യ വൈദ്യുതി പദ്ധതി,

പ്രകൃതിക്ഷോഭംമൂലം നെൽകൃഷി നശിക്കുന്ന സാഹചര്യങ്ങളിൽ സൗജന്യമായി വിത്ത് നൽകുക എന്നീ പദ്ധതികളാണ് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടത്തിവരുന്നത്. ഇതുകൂടാതെ ഉൽപ്പാദിപ്പിക്കുന്ന നെല്ല് സംഭരിക്കുകയും ചെയ്യുന്നു.

**നെല്ല് ഉൽപ്പാദനവും സംഭരണവില ലഭിക്കുന്നതിലുള്ള കാലതാമസവും**

39(1736) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ കഴിഞ്ഞ സീസണിൽ എത്ര ക്വിന്റൽ നെല്ലാണ് ഉൽപ്പാദിപ്പിച്ചതെന്നും എത്ര ഹെക്ടർ വീതമാണ് കൃഷിയിറക്കിയിട്ടുള്ളതെന്നും അറിയിക്കാമോ?

2022-23 സീസണിൽ തൃശ്ശൂർ ജില്ലയിൽനിന്നും 21220.14 ഹെക്ടറിൽ നിന്ന് സപ്ലൈകോ 1120132.73 ക്വിന്റൽ നെല്ല് സംഭരിച്ചിട്ടുണ്ട്.

(ബി) നെൽകൃഷി മേഖലയിലെ കർഷകർക്ക് നെല്ലിന്റെ സംഭരണവില ലഭിക്കുന്നതിൽ വന്നിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഈ വർഷം കൃഷി ഇറക്കേണ്ട സമയമായിട്ടും പല കർഷകർക്കും നെല്ലിന്റെ സംഭരണവില കിട്ടിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സമയബന്ധിതമായി നെല്ലിന്റെ വില നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

(ബി-ഡി) ശ്രദ്ധയിൽപ്പെട്ടിരുന്നു. സിവിൽ സപ്ലൈസ് വകുപ്പിൽനിന്ന് ലഭ്യമായ വിവരങ്ങൾ പ്രകാരം ഈ സീസണിൽ സപ്ലൈകോ 7,31,184 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ആയതിൽ നെല്ലിന്റെ വിലയായുള്ള 28.20 രൂപ കൈകാര്യ ചെലവിനത്തിലുള്ള 12 പൈസ എന്നിവ ഉൾപ്പെടെ ആകെ 2070.71 കോടി രൂപയിൽ 737.83 കോടി രൂപ സപ്ലൈകോ നേരിട്ട് കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നൽകുകയും 200 കോടി രൂപ കേരള ബാങ്ക് വഴിയും 700 കോടി രൂപ SBI, Federal Bank, Canara Bank എന്നിവ ഉൾപ്പെട്ട

കൺസോർഷ്യം വഴിയും PRS ലോണായി നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് നെല്ലിന്റെ വില, കൈകാര്യ ചെലവ് എന്നിവയുടെ ഇനത്തിൽ 433 കോടി രൂപ കൊടുത്ത് തീർക്കാനുണ്ടായിരുന്നു. ടി കുടിശ്ശിക നൽകുന്നതിനായി സർക്കാർ 180 കോടി രൂപ അനുവദിച്ചിരുന്നു. അനുവദിച്ച 180 കോടി രൂപയിൽ 71.29 കോടി രൂപ അമ്പതിനായിരം രൂപയിൽ താഴെ കുടിശ്ശികയുണ്ടായിരുന്ന 26548 കർഷകരുടെ മുഴുവൻ കുടിശ്ശിക തുകയും അവരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് വിതരണം ചെയ്തിട്ടുണ്ട്. അമ്പതിനായിരം രൂപയ്ക്ക് മുകളിൽ കുടിശ്ശിക നൽകാനുണ്ടായിരുന്ന 27791 കർഷകരുടെ കുടിശ്ശിക തുകയിൽ 7.80 രൂപ നിരക്കിൽ സംസ്ഥാന പ്രോത്സാഹന ബോണസ്, 12 പൈസ നിരക്കിൽ കൈകാര്യ ചെലവ് എന്നിവ ഉൾപ്പെടെ കിലോയ്ക്ക് 7.92 രൂപ നിരക്കിലുള്ള തുക കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകിക്കഴിഞ്ഞു. ഇതിനുശേഷം കിലോയ്ക്ക് 20.40 രൂപ നിരക്കിലുള്ള കുടിശ്ശിക തുക വിതരണം ചെയ്യുന്നതിലേയ്ക്ക് കർഷകരുടെ ലിസ്റ്റ് സ്റ്റേറ്റ് ബാങ്ക്, കാനറാ ബാങ്ക് എന്നിവ വഴി PRS ലോണായി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് വകുപ്പിൽനിന്ന് ലഭിച്ചിട്ടുള്ള കണക്ക്

പ്രകാരം 08-09-2023 വരെ 15,361 കർഷകർക്കായി 137.03 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ബാക്കി തുക ബാങ്കുകൾ വിതരണം ചെയ്തുവരുന്നു.

**നെല്ല് ഉൽപ്പാദനത്തിന്റെ തോത്**

40(1737) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018 മുതൽ ഓരോ വർഷവും മൂന്ന് വിളകളിലായി നെല്ല് ഉൽപ്പാദനത്തിന്റെ തോത് എത്രയാണെന്ന വിവരം ലഭ്യമാക്കുമോ?

സാമ്പത്തിക സ്ഥിതിവിവര കണക്കനുസരിച്ച് 2018-19 മുതൽ 2021-22 വരെയുള്ള നെല്ല് ഉൽപ്പാദനത്തിന്റെ തോത് ചുവടെ ചേർക്കുന്നു.

2022-23 ലെ നെല്ല് ഉൽപ്പാദനം സംബന്ധിച്ച അന്തിമ കണക്കുകൾ തയ്യാറാക്കിവരുന്നു.

| വർഷം | നെല്ല് ഉൽപ്പാദനത്തിന്റെ തോത് (ലക്ഷം മെട്രിക് ടണ്ണിൽ) | | |
|---|---|---|---|
| | വിരിപ്പ് | മുണ്ടകൻ | പുഞ്ച |
| 2018-19 | 1.55 | 4.25 | 2.99 |
| 2019-20 | 2.18 | 3.73 | 3.03 |
| 2020-21 | 2.30 | 4.28 | 3.07 |

| | | | |
|---|---|---|---|
| 2021-22 | 1.90 | 4.04 | 2.61 |

(ബി) ഇതേ കാലയളവിൽ ഓരോ വർഷവും നെല്ല് സംഭരിച്ചതിന്റെ കണക്ക് ലഭ്യമാക്കുമോ?

| വർഷം | സപ്ലൈകോ മുഖേന സംഭരിച്ച നെല്ലിന്റെ അളവ് (ലക്ഷം മെട്രിക് ടണ്ണിൽ) |
|---|---|
| 2018-19 | 6.91 |
| 2019-20 | 7.09 |
| 2020-21 | 7.64 |
| 2021-22 | 7.484 |
| 2022-23 | 7.31 |

(സി) കഴിഞ്ഞ 5 വർഷങ്ങളിലായി നെല്ല് സംഭരിച്ചപ്പോൾ ഒരു കിലോയ്ക്ക് നൽകിയിരുന്ന തുക എത്രയായിരുന്നു; അതിൽ കേന്ദ്രവിഹിതമായി എത്ര തുകയാണ് ലഭിച്ചത്; വ്യക്തമാക്കുമോ?

| വർഷം | കേന്ദ്രവിഹിതം (കിലോഗ്രാമിന്) | ആകെ സംഭരണവില (കിലോഗ്രാമിന്) |
|---|---|---|
| 2018-19 | 17.50 | 25.30 |
| 2019-20 | 18.15 | 26.95 |
| 2020-21 | 18.68 | 27.48 |

| | | |
|---|---|---|
| 2021-22 | 19.40 | 28.00 |
| 2022-23 | 20.40 | 28.20 |

**പേരാമ്പ്ര മണ്ഡലത്തിൽ മഴക്കാലത്ത് നെൽകൃഷിയിൽ നാശം**

41(1738) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ, മഴക്കാലത്ത് നെൽകൃഷിയിൽ തുടർച്ചയായി നാശനഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്ന പാടശേഖരങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) തുടർച്ചയായ നഷ്ടം സംഭവിക്കുന്നതിന്റെ കാരണം കണ്ടെത്തി പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കീഴരിയൂർ പഞ്ചായത്തിലെ ചെറുപുഴ പാടശേഖരത്തിൽ 2022-23 വർഷത്തിലെ ജനകീയാസൂത്രണ പദ്ധതിയിൽ കോഴിക്കോട് ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് 'കതിരണി' എന്ന പ്രോജക്ട് തയ്യാറാക്കുകയും 31 ലക്ഷം രൂപ ചെലവഴിച്ച് 30 ഹെക്ടർ സ്ഥലം നെൽകൃഷി ചെയ്യുന്നതിനായി

വെള്ളക്കെട്ട് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. മേപ്പയ്യൂർ പഞ്ചായത്തിലെ കീഴ്പ്പയ്യൂർ പാടശേഖരത്തിൽ ചെറുകിട ജലസേചന വകുപ്പിന്റെ ആഭിമുഖ്യത്തിൽ തോട് അറ്റകുറ്റപ്പണികൾ നടത്തുന്നതിലേയ്ക്കായി 6,11,460/- രൂപ നെൽകൃഷി വികസനം പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്.

**നാളികേര ഉൽപാദനം വർദ്ധിപ്പിക്കാൻ നടപടി**

42(1739) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കഴിഞ്ഞ അഞ്ച് വർഷത്തെ നാളികേര ഉൽപ്പാദനത്തിന്റെ കണക്ക് ലഭ്യമാക്കുമോ?

2017-18 മുതൽ 2021-22 വരെയുള്ള നാളികേര ഉൽപ്പാദനത്തിന്റെ കണക്ക് (സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, കേരള) ചുവടെ ചേർക്കുന്നു. 2022-23 വർഷത്തെ കണക്ക് തയ്യാറായിട്ടില്ല.

| വർഷം | ഉൽപ്പാദനം (എണ്ണം മില്യണിൽ) |
|---|---|
| 2017-18 | 5230 |
| 2018-19 | 5299 |

| | |
|---|---|
| 2019-20 | 4814 |
| 2020-21 | 4788 |
| 2021-22 | 5535 |

(ബി) പ്രസ്തുത കാലയളവിൽ നാളികേരം സംഭരിച്ചതിന്റെ കണക്ക് ലഭ്യമാക്കുമോ?

പ്രസ്തുത കാലയളവിൽ കേരഫെഡ് നേരിട്ടും കേരഫെഡ് സഹകരണ സംഘങ്ങൾ, എഫ്.പി.ഒ.-കൾ മുഖേനയും കേരഫെഡ് വി.എഫ്.പി.സി.കെ., കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ മുഖേനയും നടത്തിയിട്ടുള്ള പച്ചത്തേങ്ങാ സംഭരണത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | പച്ചത്തേങ്ങാ സംഭരണത്തിന്റെ അളവ് (MT) |
|---|---|
| 2017-18 – മുതൽ 2020-21 വരെ | കൃഷി വകുപ്പ് മുഖേന സംഭരിച്ചിട്ടില്ല. |
| 2021-22 | 38 (കേരഫെഡ് നേരിട്ട് സംഭരിച്ചത്) |
| 2022-23 | 12434.02692 |
| 2023-24 (31-08-2023 വരെ) | 12872.5086 |

(സി) സംസ്ഥാനത്ത് നാളികേര ഉൽപ്പാദനത്തിൽ കുറവുണ്ടാകുന്നതിന്റെ കാരണം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദവിവരം ലഭ്യമാക്കുമോ?

കൃഷി വകുപ്പ് സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡ് മുഖേന നടത്തിയ പഠനാടിസ്ഥാനത്തിൽ നാളികേര ഉൽപ്പാദനത്തിൽ കുറവ് വരാനുള്ള കാരണങ്ങൾ കേരളത്തിലെ തെങ്ങ് കൃഷിക്ക് ലഭ്യമായ സ്ഥലപരിമിതി, ഭൂമിയുടെ തുണ്ടുവൽക്കരണം, വർദ്ധിച്ച പരിപാലന കൂലിച്ചെലവ്, വളങ്ങളുടെ അമിതവില, തെങ്ങ് കയറ്റക്കൂലിച്ചെലവ് എന്നിവയാണെന്ന് വിലയിരുത്തിയിട്ടുണ്ട്. അത് പരിഹരിക്കുന്നതിനായി കേരഗ്രാമം പദ്ധതി ആസൂത്രണം ചെയ്ത് 2014-15 വർഷം മുതൽ നടപ്പാക്കിവരുന്നു. കേരഗ്രാമം പദ്ധതിയിൽ സമഗ്രമായി തെങ്ങ് കൃഷിയെ പരിപാലിക്കുന്നതിൽ ഊന്നൽ നൽകുന്നു. 100 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി

സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം, തെങ്ങുകയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവരാസ വളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ചുമാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളക്കൃഷി എന്നിവ നടപ്പാക്കുന്നു. ഇതിനുപുറമെ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു.

കൂടാതെ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ വഴി നാളികേരത്തിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നുണ്ട്. നാളികേര കൃഷിയിലെ കീടരോഗനിയന്ത്രണം, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ

അവലംബിച്ചുകൊണ്ടുള്ള പരിശീലന പരിപാടികൾ എന്നിവയുടെ നടത്തിപ്പിലൂടെ നാളികേര കൃഷിയിലെ ഉൽപ്പാദന വർദ്ധന രേഖപ്പെടുത്തുകയുമുണ്ടായിട്ടുണ്ട്.

സംസ്ഥാനത്തെ കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെ നീളുന്ന 10 വർഷത്തെ വികസന കാഴ്ചപ്പാടോടെ സംസ്ഥാന സർക്കാർ നാളികേര വികസന കൗൺസിൽ രൂപീകരിച്ചു. സംസ്ഥാനത്തെ നാളികേര കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി പ്രയാധിക്യം വന്നതും രോഗം ബാധിച്ചതും ഉൽപ്പാദനക്ഷമത നശിച്ചതുമായ തെങ്ങുകളെ മുറിച്ചുമാറ്റി അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ വച്ചുപിടിപ്പിച്ച് നിലവിലുള്ളവ ശാസ്ത്രീയമായി പരിപാലിച്ച് നാളികേര ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക, നാളികേരത്തിന്റെ മൂല്യവർദ്ധനയും വിപണനവും ശക്തിപ്പെടുത്തുക എന്നിവയാണ് പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

കേരള കാർഷിക സർവകലാശാല (കെ.എ.യു), നാളികേര വികസന ബോർഡ് (സി.ഡി.ബി.), കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം (സി.പി.സി.ആർ.ഐ.), കൃഷി വകുപ്പ് എന്നിവയുടെ തെങ്ങിൻ തൈ ഉൽപ്പാദന കേന്ദ്രങ്ങളിൽ ഉൽപ്പാദിപ്പിച്ച തെങ്ങിൻ തൈകൾ സംസ്ഥാനത്തെ ഓരോ വാർഡിലും 75 വീതമെങ്കിലും 50 ശതമാനം സബ്സിഡി നിരക്കിൽ പുതുതായി ഓരോ വർഷവും വിതരണം ചെയുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്നുവരികയാണ്. പ്രായം ചെന്നതും ഉൽപ്പാദനക്ഷമതയില്ലാത്തതും അസുഖം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി ഉൽപ്പാദനക്ഷമതയുള്ളതും പൊക്കം കുറഞ്ഞ/കുറിയ ഇനം തൈകൾ വച്ചുപിടിപ്പിക്കുക, സംയോജിത പരിപാലന രീതികളിലൂടെ നിലവിലുള്ള തെങ്ങിൻതോപ്പുകൾ പുനരുജ്ജീവിപ്പിക്കുക, നിലവിലുള്ള തോട്ടങ്ങളിൽ മുന്തിയ ഇനം തൈകൾ വച്ചുപിടിപ്പിക്കുക, വിത്തുതേങ്ങകൾ ലഭിക്കുന്നതിനായി തെങ്ങിൻതോപ്പുകൾ വികസിപ്പിക്കുക എന്നിവയാണ് നടപ്പാക്കിവരുന്ന പ്രധാന പ്രവർത്തനങ്ങൾ.

കൂടാതെ ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ഉൽപ്പാദനത്തിനായി നാളികേര വികസന ബോർഡിന്റെ പദ്ധതിയായ "എസ്റ്റാബ്ലിഷ്മെന്റ് ഓഫ്

റീജിയണൽ കോക്കനട്ട് നഴ്സറി" 50 ശതമാനം കേന്ദ്ര വിഹിതവും 50 ശതമാനം സംസ്ഥാന വിഹിതവും ചെലവഴിച്ചുകൊണ്ട് സംസ്ഥാനത്ത് നടപ്പാക്കുന്നത്. പ്രസ്തുത പദ്ധതി പ്രകാരം 4 ലക്ഷം ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിക്കുന്നതിന് കേന്ദ്ര വിഹിതമായി 64 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 64 ലക്ഷം രൂപയുമായി ആകെ 128 ലക്ഷം രൂപ എന്ന തോതിൽ 2021-22 വർഷത്തിലും 2022-23 വർഷത്തിലും ലഭ്യമാക്കുകയും പ്രസ്തുത തുക ചെലവഴിച്ച് ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ കൃഷിവകുപ്പ് ഫാമുകളിൽ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തിവരികയും ചെയ്യുന്നു. കൂടാതെ 2022-23 വർഷം നാളികേര വികസന ബോർഡ് പദ്ധതി പ്രകാരം കൃഷി വകുപ്പ് ഫാമുകളിൽ 80 ഹെക്ടറിൽ മാതൃകാ തെങ്ങിൻ തോട്ടങ്ങൾ സജ്ജീകരിക്കുന്നതിന് ഹെക്ടറൊന്നിന് 17500 രൂപ നിരക്കിൽ ഒന്നാം വർഷ സഹായധനമായി 14 ലക്ഷം രൂപയും 3 കമ്പോസ്റ്റ് യൂണിറ്റുകളും സ്ഥാപിക്കുന്നതിനായി ഒരു യൂണിറ്റിന് 40000/- രൂപ നിരക്കിൽ 1.2 ലക്ഷം രൂപയുമായി ആകെ 15.2 ലക്ഷം രൂപ 100 ശതമാനം കേന്ദ്രവിഹിതമായി ലഭ്യമാക്കിയിട്ടുണ്ട്.

**ഗുരുവായൂർ മണ്ഡലത്തിൽ പച്ചത്തേങ്ങ സംഭരണം**

43(1740) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ നിലവിലുള്ള പച്ചത്തേങ്ങ സംഭരണ കേന്ദ്രങ്ങളുടെയും 2022-23, 2023-24 വർഷങ്ങളിൽ സംഭരിച്ച പച്ചത്തേങ്ങയുടെയും വിശദാംശം ലഭ്യമാക്കാമോ;

(ബി) മണ്ഡലത്തിൽ പച്ചത്തേങ്ങ സംഭരണത്തിന് അപേക്ഷ നൽകിയ പ്രാഥമിക സഹകരണ സംഘങ്ങളുടെ അപേക്ഷയിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) ഗുരുവായൂർ മണ്ഡലത്തിൽ നിലവിൽ കേരഫെഡിനുകീഴിൽ പുന്നയൂർക്കുളം സർവീസ് സഹകരണ ബാങ്ക്, പുന്നയൂർ കൃഷി ഭവൻ (മൊബൈൽ സംഭരണ കേന്ദ്രം) എന്നീ 2 പച്ചത്തേങ്ങ സംഭരണ കേന്ദ്രങ്ങൾ വഴിയാണ് സംഭരണം നടത്തിവരുന്നത്. 2022-23, 2023-24 എന്നീ വർഷങ്ങളിൽ ഈ കേന്ദ്രങ്ങളിൽനിന്നും സംഭരിച്ച പച്ചത്തേങ്ങയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു +.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കേര കർഷകരെ സഹായിക്കുന്നതിന് നടപടി**

44(1741) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലത്തകർച്ചമൂലം നഷ്ടം നേരിടുന്ന കേര കർഷകരെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കുമോ?

നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കാനും സംസ്ഥാനത്തെ നാളികേര ഉൽപ്പാദനം പ്രോത്സാഹിപ്പിക്കാനുമാണ് സംസ്ഥാന സർക്കാർ 14-01-2022-ലെ സ.ഉ. (കൈ) നം. 3/2022/കൃഷി ഉത്തരവ് പ്രകാരം പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്. പച്ചത്തേങ്ങ സംഭരണം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കേരഫെഡ് നേരിട്ടും കേരഫെഡ് വിവിധ സഹകരണ സംഘങ്ങൾ/FPO-കൾ/മറ്റ് ഏജൻസികൾ മുഖേനയും വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (VFPCK) മുഖേനയും കേരള നാളികേര വികസന കോർപ്പറേഷൻ മുഖേനയും പച്ചത്തേങ്ങ സംഭരണം നടത്തിവരുന്നു. സർക്കാരിന്റെ ഈ ഇടപെടൽമൂലം

മാർക്കറ്റിൽ പച്ചത്തേങ്ങയുടെ വില ഉയരുന്ന സാഹചര്യമാണ് കണ്ടുവരുന്നത്. 01-08-2023-ലെ സ.ഉ(സാധാ) നം.744/2023/AGRI ഉത്തരവ് പ്രകാരം, അടിയന്തരമായി പച്ചത്തേങ്ങ/കൊപ്ര സംഭരണം ആരംഭിക്കുന്നതിനും അതുവരെ നിലവിലെ പച്ചത്തേങ്ങ സംഭരണ പദ്ധതിയിൽ തുടരുന്നതിനും അപ്രകാരം ശേഖരിക്കുന്ന പച്ചത്തേങ്ങ കേരഫെഡിന് കൈമാറാനും അനുവാദം നൽകി ഉത്തരവായിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 31-08-2023 വരെ കേരഫെഡ് നേരിട്ടും വിവിധ ഏജൻസികൾ മുഖേനയുമായി കർഷകരിൽനിന്നും 12872.5086 MT പച്ചത്തേങ്ങ സംഭരിച്ചിട്ടുണ്ട്.

പച്ചത്തേങ്ങയുടെ സംഭരണ വില 32/- രൂപയായിരുന്നത് 2023 ഏപ്രിൽ 1 മുതൽക്കാണ് 34/- രൂപയായി ഉയർത്തിയത്. തേങ്ങയുടെ ഉൽപ്പാദന ചെലവും ഉൽപ്പാദനവും കണക്കാക്കിയാണ് സംഭരണ വില/തറവില നിശ്ചയിക്കുന്നത്. കേന്ദ്രസർക്കാർ 2023 സീസണിലെ തേങ്ങയുടെ താങ്ങുവില 29.30 രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള താങ്ങുവിലയേക്കാൾ 04.70 രൂപ അധികം

നൽകിയാണ് സംസ്ഥാന സർക്കാർ നിലവിൽ കർഷകരിൽനിന്നും പച്ചത്തേങ്ങ സംഭരണം നടത്തുന്നത്.

നിലവിൽ ഒരു തെങ്ങിൽനിന്നും സംഭരിക്കാവുന്ന തേങ്ങയുടെ പരമാവധി എണ്ണം 70 ആയി നിശ്ചയിച്ചിട്ടുണ്ട്. ഉൽപ്പാദനക്ഷമത 70-ലധികമുള്ള മേഖലകൾ കണ്ടെത്തുന്നതിന് കാർഷിക ഗവേഷണ സ്ഥാപനങ്ങളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി വിദഗ്ധ സമിതി രൂപീകരിക്കുന്നതിന് ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ PSS -2023 പദ്ധതി പ്രകാരം നാഫെഡ് മുഖേന കൊപ്ര സംഭരിക്കുന്നതിന്റെ ഭാഗമായി പച്ചത്തേങ്ങ VFPCK മുഖേന ശേഖരിച്ച് കൊപ്രയാക്കി നാഫെഡിന് കൈമാറുന്ന പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്.

(ബി) കർഷകരിൽനിന്ന് നാളികേരം സംഭരിക്കുന്നതിന് കൂടുതൽ കേന്ദ്രങ്ങൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം നൽകാമോ?

നിലവിലെ മാർഗ്ഗനിർദ്ദേശ പ്രകാരം ഓരോ ജില്ലയിലും പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് നൽകുന്നതിന് അടിസ്ഥാനസൗകര്യവും താൽപ്പര്യവുമുള്ള സഹകരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദക സംഘങ്ങൾ, മറ്റ് ഏജൻസികൾ, FPO-കൾ എന്നിവയിൽനിന്നും ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, സഹകരണ വകുപ്പ് ഭരണ രജിസ്ട്രാർ, കേരഫെഡ് പ്രതിനിധി എന്നിവർ ഉൾപ്പെട്ട സമിതി തെരഞ്ഞെടുത്ത് ശിപാർശ ചെയ്യുന്ന മുറയ്ക്ക് കൃഷി ഡയറക്ടർ പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുകയും തുടർന്ന് പ്രസ്തുത ഏജൻസികൾ കേരഫെഡുമായി ധാരണാപത്രം ഒപ്പുവച്ചശേഷം പച്ചത്തേങ്ങ സംഭരണത്തിൽ ഏർപ്പെടുകയാണ് ചെയ്തുവരുന്നത്. ഇപ്രകാരം ജില്ലാതല സമിതി ശിപാർശ ചെയ്യുന്ന ഏജൻസികൾക്ക് അനുമതി ലഭിക്കുന്ന മുറയ്ക്ക് സംഭരണം നടത്താവുന്നതാണ്.

നാളികേര കൃഷി കൂടുതലുള്ള മേഖലകളിൽ എം.എൽ.എ.-മാരുമായി കൂടിയാലോചിച്ച് അവരുടെ സഹകരണത്തോടെ പ്രാദേശിക സൗകര്യങ്ങൾ പരിശോധിച്ചും ഉറപ്പാക്കിയും ആവശ്യാനുസരണം കൂടുതൽ സംഭരണ

കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്.

**മാമം നാളികേര കോംപ്ലക്സിൽ വിഭവ സമാഹരണം**
**നടത്തുന്നതിന് പദ്ധതി**

45(1742) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സിൽ നിലവിൽ എന്തെല്ലാം ഉൽപ്പാദിപ്പിക്കുന്നുവെന്ന് അറിയിക്കാമോ; ഇതിനായി പ്രാദേശിക വിഭവ സമാഹരണം നടത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സിൽ "കേരജം" എന്ന ബ്രാൻഡിൽ വെളിച്ചെണ്ണ, വിർജിൻ കോക്കനട്ട് ഓയിൽ എന്നീ നാളികേരാധിഷ്ഠിത ഉൽപ്പന്നങ്ങൾ നിലവിൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. നിലവിൽ പ്രാദേശികമായി വിഭവ സമാഹരണം നടത്തുന്നില്ല.

**കേര ഗ്രാമം പദ്ധതി**

46(1743) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരത്തിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ കേര ഗ്രാമം പദ്ധതി വഴി സംസ്ഥാനത്ത് നാളികേര ഉൽപ്പാദനത്തിൽ എത്ര ശതമാനം വർദ്ധനയാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കേരളത്തിലെ ഡിപ്പാർട്ടുമെന്റ് ഓഫ് എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്കുപ്രകാരം 2021-22 വർഷത്തിൽ നാളികേരത്തിന്റെ ഉൽപ്പാദനം 5535 ദശലക്ഷം നാളികേരമാണ്. കഴിഞ്ഞ വർഷത്തേക്കാൾ വർദ്ധന ഉൽപ്പാദനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് ചുവടെ പട്ടികയിൽ ചേർത്തിട്ടുണ്ട്.

| ക്രമ നം. | വർഷം | ഉൽപ്പാദനം (ദശലക്ഷം നാളികേരം) | വർദ്ധന % |
|---|---|---|---|
| 1 | 2020-2021 | 4788 | |
| 2 | 2021-2022 | 5535 | 15.60 |

(ബി) കർഷകർക്ക് നല്ല നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിനും രോഗം വന്നവ മുറിച്ച് മാറ്റി പുതിയ കൃഷിക്ക് സജ്ജമാക്കുന്നതിനും എന്തെല്ലാം സഹായങ്ങളാണ് കൃഷി വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെ നീളുന്ന 10 വർഷത്തെ വികസന കാഴ്ചപ്പാടോടെ സംസ്ഥാന സർക്കാർ നാളികേര വികസന കൗൺസിൽ രൂപീകരിച്ചു. കേരള കാർഷിക സർവകലാശാല (കെ.എ.യു.), നാളികേര വികസന ബോർഡ് (സി.ഡി.ബി.), കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം (സി.പി.സി.ആർ.ഐ.), കൃഷി വകുപ്പ് ഫാമുകൾ എന്നിവരുടെ തെങ്ങിൻതൈ ഉൽപ്പാദന കേന്ദ്രങ്ങളിൽ ഉൽപ്പാദിപ്പിച്ച തെങ്ങിൻ തൈകൾ 50 ശതമാനം സബ്സിഡി നിരക്കിൽ സംസ്ഥാനത്തെ ഓരോ വാർഡിലും 75 തെങ്ങിൻ തൈകൾ വീതമെങ്കിലും

പുതുതായി ഓരോ വർഷവും വിതരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്നുവരികയാണ്.

സംസ്ഥാനത്ത് തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായംചെന്നതുമായ തെങ്ങുകൾ വെട്ടി മാറ്റി ഉൽപ്പാദനക്ഷമതയുള്ള തൈകൾ നടാനുള്ള പദ്ധതി കേരഗ്രാമം ഘടകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയിൽ, കേടുവന്നതും പ്രായാധിക്യംമൂലം കായ്ഫലം കുറഞ്ഞതുമായ തെങ്ങുകൾ മുറിച്ച് മാറ്റി നല്ലയിനം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കുന്നു. ഇതിനായി തെങ്ങ് മുറിച്ച് മാറ്റുന്നതിന് 1000 രൂപയും പുതിയ തെങ്ങിൻ തൈകൾ നടുന്നതിന് 60 രൂപയും സബ്സിഡിയിനത്തിൽ നൽകുന്നു. കൂടാതെ നാളികേര വികസന ബോർഡിന്റെ പദ്ധതിയായ റീപ്ലാന്റിംഗ് ആൻഡ് റെജൂവിനേഷൻ എന്ന പദ്ധതിയിലും തെങ്ങ് മുറിച്ച് മാറ്റുന്നതിനും പുതിയവ നടുന്നതിനും യഥാക്രമം 1000 രൂപയും 40 രൂപയും വീതം നൽകുന്നു.

**നാളികേര വിലയിടിവ്**

47(1744) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാളികേര വിലയിടിവ് കാരണം കേര കർഷകർ പ്രതിസന്ധിയിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കേര കർഷകർ നേരിടുന്ന ഈ പ്രതിസന്ധി തരണം ചെയ്യുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കാനും സംസ്ഥാനത്തെ നാളികേര ഉൽപ്പാദനം പ്രോൽസാഹിപ്പിക്കുന്നതിനുമാണ് സംസ്ഥാന സർക്കാർ 14-01-2022-ലെ സ.ഉ.(കൈ) നം. 3/2022/കൃഷി ഉത്തരവ് പ്രകാരം പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്. പച്ചത്തേങ്ങ സംഭരണം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കേരഫെഡ് നേരിട്ടും കേരഫെഡ് വിവിധ സഹകരണ സംഘങ്ങൾ/എഫ്.പി.ഒ-കൾ/മറ്റ് ഏജൻസികൾ മുഖേനയും വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (VFPCK) മുഖേനയും കേരള നാളികേര വികസന കോർപ്പറേഷൻ മുഖേനയും പച്ചത്തേങ്ങ സംഭരണം നടത്തിവരുന്നു. സർക്കാരിന്റെ ഈ

ഇടപെടൽമൂലം മാർക്കറ്റിൽ പച്ചത്തേങ്ങയുടെ വില ഉയരുന്ന സാഹചര്യമാണ് കണ്ടുവരുന്നത്. 01-08-2023-ലെ സ.ഉ.(സാധാ)നം. 744/2023/AGRI ഉത്തരവുപ്രകാരം VFPCK കൊപ്രസംഭരണ പദ്ധതിയിൽ അടിയന്തരമായി പച്ചത്തേങ്ങ/കൊപ്രസംഭരണം ആരംഭിക്കുന്നതിനും അതുവരെ നിലവിലെ പച്ചത്തേങ്ങ സംഭരണപദ്ധതിയിൽ തുടരുന്നതിനും അപ്രകാരം ശേഖരിക്കുന്ന പച്ചത്തേങ്ങ കേരഫെഡിന് കൈമാറാനും അനുവാദം നൽകി ഉത്തരവായിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 31-08-2023 വരെ കേരഫെഡ് നേരിട്ടും വിവിധ ഏജൻസികൾ മുഖേനയുമായി കർഷകരിൽനിന്നും 12872.5086 MT പച്ചത്തേങ്ങ സംഭരിച്ചിട്ടുണ്ട്.

പച്ചത്തേങ്ങയുടെ സംഭരണവില 32/- രൂപയായിരുന്നത് 2023 ഏപ്രിൽ 1 മുതൽക്കാണ് 34/- രൂപയായി ഉയർത്തിയത്. തേങ്ങയുടെ ഉൽപ്പാദനചെലവും ഉൽപ്പാദനവും കണക്കാക്കിയാണ് സംഭരണ വില/തറവില നിശ്ചയിക്കുന്നത്. കേന്ദ്രസർക്കാർ 2023 സീസണിലെ തേങ്ങയുടെ താങ്ങുവില 29.30 രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള താങ്ങുവിലയേക്കാൾ 04.70 രൂപ അധികം

നൽകിയാണ് സംസ്ഥാന സർക്കാർ നിലവിൽ കർഷകരിൽനിന്നും പച്ചത്തേങ്ങ സംഭരണം നടത്തുന്നത്.

കൊപ്രയുടെ താങ്ങുവില (പി.എസ്.എസ്.) പദ്ധതി പ്രകാരം കൊപ്ര സംഭരിച്ച് നാഫെഡിന് കൈമാറുന്നതിനായി മാർക്കറ്റ്ഫെഡിനെയും VFPCK-യെയും സ്റ്റേറ്റ് ലെവൽ ഏജൻസികളായി പ്രഖ്യാപിച്ചിട്ടുണ്ട്. മാർക്കറ്റ്ഫെഡ് 2022 സീസണിൽ കർഷകരിൽനിന്നും 913.59271 MT പച്ചത്തേങ്ങ സംഭരിക്കുകയും 255.85 MT കൊപ്ര നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. 2023 സീസണിൽ 31-08-2023 വരെ 617 കർഷകരിൽ നിന്നായി 491.86 MT പച്ചത്തേങ്ങ സംഭരിക്കുകയും 130.4 MT കൊപ്ര നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

**കാർഷിക യന്ത്രവൽക്കരണം**

48(1745) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക യന്ത്രവൽക്കരണത്തിന്റെ ഭാഗമായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

കാർഷിക യന്ത്രങ്ങൾ പ്രചാരത്തിലാക്കുന്നതിനും അവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനുമായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (Sub-Mission on Agricultural Mechanization - SMAM) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതിപ്രകാരം കൃഷിക്കാർക്ക് യന്ത്രങ്ങൾ വാങ്ങുന്നതിന് 40 ശതമാനം മുതൽ 60 ശതമാനം വരെ സബ്സിഡിയും ഗ്രൂപ്പുകൾക്ക് കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിന് 80 ശതമാനം സബ്സിഡിയും അനുവദിച്ചുവരുന്നുണ്ട്.

ഈ പദ്ധതി പ്രകാരം കസ്റ്റം ഹയറിങ് സെന്ററുകൾ (കാർഷിക യന്ത്രോപകരണങ്ങളുടെ വാടക കേന്ദ്രങ്ങൾ), കാർഷിക

യന്ത്രോപകരണങ്ങളുടെ ബാങ്കുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. അതുവഴി തൊഴിലാളി ക്ഷാമം ഒരു പരിധി വരെ കുറയ്ക്കാനും സാധിച്ചിട്ടുണ്ട്.

സംസ്ഥാനത്തുള്ള കാർഷിക സേവന കേന്ദ്രങ്ങളിലെയും കാർഷിക കർമ്മസേനകളിലെയും കാർഷിക യന്ത്രങ്ങൾ പ്രവർത്തനസജ്ജമാക്കി കർഷകർക്ക് കാർഷിക യന്ത്രങ്ങളുടെ സേവനം നൽകുന്നതിനായുള്ള പദ്ധതി കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ വിവിധ പദ്ധതികൾ പ്രകാരം കർഷകർക്ക് നൽകിയിട്ടുള്ള കാർഷിക യന്ത്രങ്ങളുടെ കണക്കെടുപ്പ് നടത്തി ഇവയിൽ അറ്റകുറ്റപ്പണി ചെയ്ത് പ്രവർത്തന യോഗ്യമാക്കാവുന്നവ പ്രവർത്തന സജ്ജമാക്കുന്നതിന് 'കാർഷികയന്ത്രം സർവ്വം ചലിതം' എന്ന പേരിൽ ഒരു പദ്ധതിയും നടപ്പാക്കിവരുന്നു.

കൃഷിക്കൂട്ടങ്ങൾക്ക് കാർഷിക യന്ത്രങ്ങൾ നൽകുന്നതിനും കൃഷിക്കൂട്ടങ്ങളിലെ അംഗങ്ങളെ കാർഷിക യന്ത്രങ്ങൾ ഉപയോഗിക്കുന്നതിന് വേണ്ടുന്ന പരിശീലനം നൽകുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾക്ക് കർഷകർക്കായി സബ്സിഡി ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (Sub-Mission on Agricultural Mechanization-SMAM) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം കൃഷിക്കാർക്ക് യന്ത്രങ്ങൾ വാങ്ങുന്നതിന് 40 ശതമാനം മുതൽ 60 ശതമാനം വരെ സബ്സിഡിയും ഗ്രൂപ്പുകൾക്ക് കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിന് വ്യത്യസ്ത ഘടക പദ്ധതികൾക്ക് 40 ശതമാനവും 80 ശതമാനവും സബ്സിഡി അനുവദിച്ചുവരുന്നുണ്ട്.

**കാർഷിക മേഖലയിലെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കാൻ നടപടി**

49(1746) <u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക മേഖലയിലെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കേരള സംസ്ഥാന ആസൂത്രണ ബോർഡ് പ്രസിദ്ധീകരിച്ച സാമ്പത്തിക അവലോകന റിപ്പോർട്ടുപ്രകാരം 2020-21-ൽ 0.24 ശതമാനമായിരുന്ന കേരളത്തിന്റെ കാർഷിക വളർച്ചാ നിരക്ക് 2021-22 വർഷം ദേശീയ വളർച്ചാ നിരക്കിനേക്കാൾ ഉയർന്ന് 4.64 ശതമാനമായിട്ടുണ്ട്.

ശാസ്ത്രീയ സമീപനത്തിലൂടെ വിളകളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കൂടുതൽ വർദ്ധിപ്പിക്കുന്നതിനും അതിലൂടെ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് വിവിധ വികസന പ്രവർത്തനങ്ങൾ കൃഷി വകുപ്പ് നടപ്പാക്കിവരുന്നു. പ്രധാന വിളകളായ നെല്ല്, പച്ചക്കറി, തെങ്ങ്, പഴവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുടെ വിളവികസന പരിപാടികൾ ഇതിൽ ഉൾപ്പെടുന്നു. കാര്യക്ഷമമായ വിജ്ഞാന വ്യാപന സേവനങ്ങളിലൂടെ നൂതന ശാസ്ത്ര സാങ്കേതികവിദ്യകളുടെ പ്രചരണവും അവ കർഷകർ സ്വീകരിച്ച് നടപ്പാക്കുന്നതും വിവിധ പദ്ധതികളിലൂടെ സാധ്യമാകുന്നു.

**കൃഷി പ്രോത്സാഹിപ്പിക്കാൻ സ്വീകരിച്ച നടപടികൾ**

50(1747) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:</u>

ശ്രീ. കെ. ബി. ഗണേഷ് കുമാർ:

ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി പ്രോത്സാഹിപ്പിക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക, കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യത്തോടെയും എല്ലാ കുടുംബങ്ങളേയും കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് ജനകീയ കാമ്പയിനായ 'ഞങ്ങളും കൃഷിയിലേയ്ക്ക്' പദ്ധതി നടപ്പാക്കിവരുന്നു.

'ഞങ്ങളും കൃഷിയിലേയ്ക്ക്' പദ്ധതിയിലൂടെ സംസ്ഥാനമൊട്ടാകെ ഉൽപ്പാദനം, വിപണനം, സംസ്കരണം, സേവനം എന്നീ മേഖലകൾ കേന്ദ്രീകരിച്ച് രൂപീകരിച്ച 21575 എണ്ണം 'കൃഷി കൂട്ടങ്ങൾ' ഇപ്പോൾ പ്രവർത്തനം നടത്തിവരുന്നു. പച്ചക്കറി, നെല്ല്, വാഴ, കിഴങ്ങുവർഗ്ഗ വിളകൾ, തെങ്ങ്, കവുങ്ങ് എന്നീ കൃഷികൾക്ക് മൂല്യവർദ്ധനയ്ക്കും വിപണനത്തിനുമായി പ്രസ്തുത കൃഷി കൂട്ടങ്ങൾ പ്രവർത്തിച്ചുവരുന്നു.

കൃഷിയിടത്തെ അടിസ്ഥാന യൂണിറ്റായി കണക്കാക്കി ലഭ്യമായ വിഭവശേഷി ശാസ്ത്രീയമായി പരമാവധി പ്രയോജനപ്പെടുത്തുക വഴി ഉൽപ്പാദന വർദ്ധനയും കർഷകന്റെ വരുമാന വർദ്ധനയും ലക്ഷ്യമിട്ടുകൊണ്ടുള്ള കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനത്തിലൂന്നിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കുന്നതിനും കാർഷികോൽപ്പാദനക്ഷമത, ഉൽപ്പന്ന സംഭരണം, ഉൽപ്പന്നങ്ങളുടെ വില, മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽനിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധന വരുത്തുന്നതിനായി മൂല്യവർദ്ധിത കാർഷിക മിഷൻ (VAAM) ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ചെറുകിട ഉൽപ്പാദക സംഘങ്ങളെ കർഷക കമ്പനികളായി ഉയർത്തുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ തനതായ ഉൽപ്പന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണി കണ്ടെത്തുന്നതിന് ഇത് സഹായിക്കുന്നതാണ്.

കർഷകർക്ക് മതിയായ പങ്കാളിത്തം ഉറപ്പാക്കി അവരുടെ ഉൽപ്പന്നങ്ങൾ മെച്ചപ്പെട്ട രീതിയിൽ വിപണനം ചെയ്യുന്നതിനായി

09-08-2023-ലെ സ.ഉ.(കൈ) നമ്പർ 72/2023/കൃഷി ഉത്തരവ് പ്രകാരം കേരള അഗ്രോ ബിസിനസ് കമ്പനി (KABCO) രൂപീകൃതമായിട്ടുണ്ട്.

സംസ്ഥാനത്ത് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിളവ് വർദ്ധിപ്പിക്കുന്നതിനും സാങ്കേതിക വിദ്യാവ്യാപനത്തിനും വില ഉറപ്പാക്കുന്നതിനും നഷ്ടം ലഘൂകരിക്കുന്നതിനുമായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതികളുടെ ലഘുവിവരണം അടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു +. കൂടാതെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും മണ്ണിനേയും പരിസ്ഥിതിയേയും സംരക്ഷിക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ട് 'ജൈവകൃഷി' മിഷനും സുരക്ഷിതവും സമീകൃതവുമായ ഭക്ഷ്യ ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി 'പോഷകസമൃദ്ധി' മിഷനും ഉടൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ബി) കർഷകർക്ക് കൃഷിയെപ്പറ്റി പുതിയ അറിവ് നൽകാൻ കൃഷി ഭവനുകൾ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുതിയ കൃഷിരീതികളെക്കുറിച്ച് കർഷകർക്ക് വിവിധ തരത്തിലുള്ള പരിശീലനങ്ങളും സാങ്കേതിക ഉപദേശവും കൃഷി ഭവൻ മുഖേന നൽകിവരുന്നുണ്ട്. കൂടാതെ ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിലൂടെ കൂടുതൽ വിളവ് കരസ്ഥമാക്കാൻ കർഷകരെ പ്രാപ്തരാക്കുന്നതിന് വിവിധ തരത്തിലുള്ള ആനുകൂല്യങ്ങളും നൽകിവരുന്നു. അത്യുൽപ്പാദനശേഷിയുള്ള വിത്തുകളും നടീൽ വസ്തുക്കളും ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികളിലൂടെ ഇവ കൃഷി ഭവൻ മുഖേന വിതരണം ചെയ്തുവരുന്നു. അത്തരത്തിൽ പുതിയ ഇനങ്ങളുടെ പ്രവർത്തന മികവ് നേരിൽ കണ്ട് മനസ്സിലാക്കുന്നതിനും സാധിക്കുന്നു. രോഗകീടാക്രമണങ്ങളെ കുറിച്ച് കൃഷിഭവൻ തലത്തിൽ കർഷകർക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും അതിനൂതന സംയോജിത പരിപാലന മുറകളെ അവർക്ക് പരിചയപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

കൃഷി വകുപ്പിന്റെ വിവിധ പ്രസിദ്ധീകരണങ്ങൾ വഴി നൂതന കൃഷി സമ്പ്രദായങ്ങളെക്കുറിച്ച് കർഷകർക്ക് അറിവ് നൽകുന്നതിനും കൃഷി

ഭവനകൾ മുഖ്യ പങ്ക് വഹിക്കുന്നു. കൃഷി വകുപ്പിന്റെ വിവിധ പരിശീലന കേന്ദ്രങ്ങളിൽ കർഷകരെ അയച്ച് പുതിയ കൃഷിരീതികൾ പ്രായോഗികമാക്കുന്നതിനും കൃഷി ഭവനകൾ കർഷകരെ പ്രാപ്തരാക്കുന്നുണ്ട്.

വിവിധ മുന്നറിയിപ്പ് സംവിധാനങ്ങളിലൂടെ കീടരോഗാക്രമണങ്ങളെ പ്രതിരോധിക്കുന്നതിനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങളും കർഷകർക്ക് കൃഷി ഭവൻ തലത്തിൽ നൽകുന്നുണ്ട്. കൂടാതെ മണ്ണ് പരിശോധന നടത്തി കൃത്യമായി വളം ചെയ്യേണ്ടതിന്റെ ആവശ്യകത, പുതിയതരം വളങ്ങൾ പുതിയ രീതികളിലൂടെ ഉപയോഗിക്കുന്നതിന്റെ മേന്മ, ശാസ്ത്രീയമായ സസ്യപോഷണത്തിലൂടെ കൃഷിച്ചെലവ് കുറയ്ക്കുന്നതിനുള്ള സാങ്കേതികവിദ്യ എന്നിവയും കൃഷി ഭവൻ തലത്തിൽ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

നൂതന കൃഷിരീതികൾ കർഷകരിൽ എത്തിക്കാനുള്ള വിവിധ പദ്ധതികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാർഷിക പദ്ധതികളും നിർവ്വഹിച്ച് പുതിയ കൃഷിരീതികൾ കർഷകർക്ക് അനുഭവവേദ്യമാക്കുന്നത് കൃഷി ഭവനിലൂടെയാണ്.

വിവിധ സമൂഹമാധ്യമങ്ങളിലൂടെ സാങ്കേതികവിദ്യ ഉപയോഗിച്ച് വിജയം നേടിയ കർഷകരുടെ വിജയഗാഥകൾ കൃഷി ഭവനുകൾ പ്രചരിപ്പിക്കുന്നുണ്ട്. ഇതിനുപുറമേ കർഷകദിനംപോലുള്ള പരിപാടികളിൽ വിവിധ കാർഷിക മേഖലകളിൽ പുത്തൻ അറിവുകളുപയോഗിച്ച് വ്യക്തിമുദ്ര പതിപ്പിച്ച കർഷകരെ ആദരിക്കുന്നുണ്ട്. ഇത് സഹകർഷകർക്ക് ഇവർ നേടിയ പുത്തൻ അറിവുകൾ പ്രചോദനമാകുന്നുണ്ട്.

കൃഷിയിട സന്ദർശനങ്ങളിലൂടെ ലീഡ്സ് (LEADS) പദ്ധതിയിലൂടെയും പ്രതിമാസ സാങ്കേതിക ഉപദേശക സംവിധാനത്തിലൂടെയും (Monthly Technology Advisory) കർഷകന്റെ കൃഷിയിടത്തിൽ കൃഷി പാഠശാലകൾ (Farm School) നടപ്പാക്കിയും കാർഷിക വിജ്ഞാന വ്യാപന പരിപാടികൾ ഫീൽഡ് തലത്തിൽ പ്രചരിപ്പിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും സാധിക്കുന്നു.

കൃഷി ഉദ്യോഗസ്ഥർ തങ്ങളുടെ ഫീൽഡ് സന്ദർശനത്തിന്റെ ഭാഗമായി കർഷകർക്ക് പുതിയ സാങ്കേതികവിദ്യകളെക്കുറിച്ചുള്ള അറിവുകൾ സമയോചിതമായി നൽകിവരുന്നു.

കർഷകർക്ക് പ്രത്യേക പരിശീലനങ്ങൾ നൽകാൻവേണ്ടി സംസ്ഥാനത്ത് 'സ്റ്റേറ്റ് അഗ്രികൾച്ചർ മാനേജ്മെന്റ് ആൻഡ് എക്സ്റ്റൻഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടും (SAMETI) മേഖല അടിസ്ഥാനത്തിൽ 'റീജിയണൽ അഗ്രികൾച്ചറൽ ടെക്നിക്കൽ ട്രെയിനിംഗ് സെന്ററുകളും' പ്രവർത്തിച്ചുവരുന്നു.

(സി) കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഫീൽഡ് പ്രവർത്തനം കൂടുതൽ ഊർജ്ജിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

സാങ്കേതികവിദ്യ കൈമാറ്റം സുഗമമാക്കുന്നതിനും പ്രാദേശിക തലത്തിൽ ഫീൽഡ് പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനുമായി വാർഡ് തലത്തിലുള്ള ഗ്രൂപ്പ് കർഷക സമ്പർക്ക സംവിധാനം നടപ്പാക്കുന്നതിനായി അഗ്രോ ക്ലിനിക്കുകൾ ആരംഭിക്കുന്നതാണ്. സംസ്ഥാനത്തെ എല്ലാ കൃഷി ഭവനുകളും സ്മാർട്ടാക്കുന്നതിന്റെ ഭാഗമായി കൃഷി ഭവനിൽ e-governance സംവിധാനം ഏർപ്പെടുത്തുകയും കർഷകർക്കുള്ള മറ്റ് സേവനങ്ങൾ കാലതാമസം കൂടാതെ നൽകുന്നതിനും കൃഷി ഭവനുകളെ പ്രാപ്തമാക്കുക വഴി കൃഷി ഉദ്യോഗസ്ഥരുടെ കൃഷിയിട സന്ദർശനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്താൻ സാധിക്കുന്നു. 2022-23 സാമ്പത്തിക വർഷം

ആരംഭിച്ച ഫാം പ്ലാൻ പദ്ധതിയിലും കൃഷിയിട സന്ദർശനങ്ങൾക്ക് പ്രാധാന്യം നൽകിയിട്ടുണ്ട്.

(ഡി) വിലത്തകർച്ച, ഉൽപ്പാദന ചെലവ്, രോഗം വന്ന് തെങ്ങുകൾ നശിക്കൽ തുടങ്ങി നാളികേര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കുന്നതിനായി കർഷകരിൽനിന്നും കിലോഗ്രാമിന് 34 രൂപാ നിരക്കിൽ പച്ചത്തേങ്ങ സംഭരിച്ചുവരുന്നു. കേന്ദ്രം നൽകുന്ന താങ്ങുവിലയ്ക്ക് പുറമേ (29.30 രൂപ) സംസ്ഥാനം പച്ചത്തേങ്ങയ്ക്ക് കിലോഗ്രാമിന് 4.70 രൂപ നിരക്കിൽ അധികം നൽകി 34 രൂപ അടിസ്ഥാന വില കർഷകന് കൊപ്ര സംഭരണത്തിലും ഉറപ്പാക്കുന്നുണ്ട്.

നാളികേര കൃഷി വികസനത്തിനായി 6892 ലക്ഷം രൂപ 2023-24 വർഷം വകയിരുത്തി സമഗ്രമായ നാളികേര പുനരുജ്ജീവന പ്രവർത്തനങ്ങൾ നടത്തിവരുന്നു. നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക, രോഗം ബാധിച്ചതും പ്രായംചെന്നതുമായ തെങ്ങുകൾ

വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീടരോഗ നിയന്ത്രണവും സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കൽ ഇവ ലക്ഷ്യമിട്ടുകൊണ്ട് കേരഗ്രാമം പദ്ധതിയും നടപ്പാക്കിവരുന്നു. ഇതുവരെ 433 കേരഗ്രാമങ്ങൾ നടപ്പാക്കിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം 50 കേരഗ്രാമങ്ങൾ കൂടി നടപ്പാക്കുന്നതാണ്.

**കാർഷിക ചൂഷണം**

51(1748) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കാർഷിക ഉൽപ്പന്നങ്ങൾക്ക് യഥാർത്ഥവില ലഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉൽപ്പന്നങ്ങൾക്ക് വിപണി വില ലഭിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

വിപണിയിൽ കാർഷികോൽപ്പന്നങ്ങളുടെ വിലയിടിയുന്ന സമയങ്ങളിൽ വിലസ്ഥിരത ഉറപ്പാക്കി കർഷകരെ സംരക്ഷിക്കുന്നതിനും സംസ്ഥാനത്ത് കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനുമായി കേരള ഫാം ഫ്രഷ്, പഴം, പച്ചക്കറി അടിസ്ഥാന വില പദ്ധതി, 2020 നവംബർ ഒന്ന് മുതൽ നടപ്പാക്കിവരുന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ മരിച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, കാബേജ്, ക്യാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി തുടങ്ങി കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചിരുന്നത്. കൂടാതെ ചേന, മത്തൻ, ചുരയ്ക്ക, കോവൽ, വഴുതന, കത്തിരി എന്നിവയ്ക്കും അടിസ്ഥാന വില പ്രഖ്യാപിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാനവില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ

ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശപ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാനവില പ്രഖ്യാപിക്കുകയും അതിൻപ്രകാരം ഉൽപ്പന്നങ്ങൾ നിലവിലെ അടിസ്ഥാന വിലയ്ക്ക് നോട്ടിഫൈ ചെയ്ത മാർക്കറ്റുകൾ വഴി സംഭരിക്കുകയും ചെയ്യുന്നു. പദ്ധതി പ്രകാരം പഴം, പച്ചക്കറികൾ സംഭരിക്കുമ്പോഴുണ്ടാകുന്ന അടിസ്ഥാന വിലയിൽനിന്നുള്ള വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേയ്ക്ക് DBT(Direct Benefit Transfer) ആയി നൽകുന്നു. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ പ്രവർത്തിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉൽപ്പന്നങ്ങൾ ലഭ്യമാക്കാനും വഴിയൊരുക്കുന്നു. കൂടാതെ ഉൽപ്പന്നങ്ങൾക്ക് വിലയിടിയുന്ന സന്ദർഭങ്ങളിൽ പച്ചത്തേങ്ങ, നെല്ല് എന്നിവ സംഭരണ വില നിശ്ചയിച്ച് കർഷകരിൽനിന്നും സംഭരിച്ചുവരുന്നു. നിലവിൽ കിലോയ്ക്ക് 34 രൂപ എന്ന കണക്കിൽ പച്ചത്തേങ്ങയും കിലോയ്ക്ക് 28.20 രൂപ എന്ന കണക്കിൽ നെല്ലും സംഭരിച്ചുവരുന്നു. പച്ചത്തേങ്ങയുടെ സംഭരണ വില 32/- രൂപയായിരുന്നത്

2023 ഏപ്രിൽ 1 മുതൽക്കാണ് 34/- രൂപയായി ഉയർത്തിയത്. തേങ്ങയുടെ ഉൽപ്പാദന ചെലവും ഉൽപ്പാദനവും കണക്കാക്കിയാണ് സംഭരണ വില/തറവില നിശ്ചയിക്കുന്നത്. കേന്ദ്രസർക്കാർ 2023 സീസണിലെ തേങ്ങയുടെ താങ്ങുവില 29.30 രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള താങ്ങുവിലയേക്കാൾ 04.70 രൂപ അധികം നൽകിയാണ് സംസ്ഥാന സർക്കാർ നിലവിൽ കർഷകരിൽനിന്നും പച്ചത്തേങ്ങ സംഭരണം നടത്തുന്നത്.

സംസ്ഥാനത്ത് സുസ്ഥിരമായ നെൽകൃഷി ഉറപ്പ് വരുത്തുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിക്കുന്ന നെല്ലിന് കേന്ദ്ര സർക്കാർ വിഹിതവും സംസ്ഥാന പ്രോത്സാഹന ബോണസ് വിഹിതവും ചേർത്ത് 2022-23 സീസൺ മുതൽ നെല്ലിന്റെ സംഭരണ വില കിലോഗ്രാമിന് 28.20 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ കൊപ്രയുടെ വില താഴ്ന്ന അവസരത്തിൽ കൊപ്രയുടെ താങ്ങുവില (പി.എസ്.എസ്.) പദ്ധതി പ്രകാരം സഹകരണ സംഘങ്ങൾ/സ്വാശ്രയ കർഷക സംഘങ്ങൾ മുഖേന കൊപ്ര സംഭരിച്ച്

നാഫെഡിന് കൈമാറുന്നതിനായി മാർക്കറ്റ്ഫെഡിനെയും VFPCK-യെയും സ്റ്റേറ്റ് ലെവൽ ഏജൻസികളായി പ്രഖ്യാപിച്ചിട്ടുണ്ട്.

റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനും റബ്ബറിന് ന്യായവില ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പാക്കിവരുന്നു. സംസ്ഥാന സർക്കാരും റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് അതത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ അർഹമായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. 2021 ഏപ്രിൽ ഒന്ന് മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് കിലോഗ്രാമിന് 150 എന്നത് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്.

കൃഷി വകുപ്പിന്റെ വിവിധ ഫാമുകളിലെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ കേരളാഗ്രോ ബ്രാൻഡിൽ ആമസോൺ, ഫ്ലിപ്കാർട്ട് തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കർഷകർ, കർഷക ഗ്രൂപ്പുകൾ, കൃഷിക്കൂട്ടങ്ങൾ തുടങ്ങിയവർ ഉൽപ്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ കേരളാഗ്രോ ബ്രാൻഡിൽ ആമസോൺ, ഫ്ലിപ്കാർട്ട് തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ വിൽപ്പന നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായിവരുന്നു. ഇവയൊക്കെ കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കുന്നു. കൂടാതെ കാർഷിക ഉൽപ്പന്നങ്ങളെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനും കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കുന്നതിനും കാർഷികോൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന സംഭരണം, ഉൽപ്പന്നങ്ങളുടെ വില, മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധന വരുത്തുന്നതിനുമായിട്ടാണ് മൂല്യവർദ്ധിത കാർഷിക മിഷൻ (VAAM) രൂപീകരിച്ചിട്ടുള്ളത്.

കാർഷികോൽപ്പന്നങ്ങളുടെ വിപണനത്തെ ശക്തിപ്പെടുത്തുന്നതിനായി 07-08-2023-ലെ സ.ഉ.(കൈ)നം.71/2023/കൃഷി സർക്കാർ ഉത്തരവുപ്രകാരം കേരള അഗ്രോ ബിസിനസ്സ് കമ്പനി (KABCO) രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇവയെല്ലാം തന്നെ കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കാനുള്ള സർക്കാർ ശ്രമത്തിന്റെ ഭാഗമാണ്.

**കർഷക പെൻഷൻ**

52(1749) ശ്രീ. പ്രമോദ് നാരായൺ:

ഡോ. എൻ. ജയരാജ്:

ശ്രീ. ജോബ് മൈക്കിൾ:

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ഓഗസ്റ്റ് 1-നുശേഷം പുതുതായി ആർക്കും കർഷക പെൻഷൻ അനുവദിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കർഷക പെൻഷൻ അനുവദിക്കുന്നതിന് ലഭിച്ചിട്ടുള്ളതും തീർപ്പാക്കാതെ കിടക്കുന്നതുമായ അപേക്ഷകൾ സംബന്ധിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

(എ&ബി) ഉണ്ട്. ചെറുകിട നാമമാത്രമായ കർഷക പെൻഷൻ പദ്ധതിയിൽ പുതുതായി ചേർക്കേണ്ട 6765 പെൻഷൻ ഗുണഭോക്താക്കളുടെ ജില്ലാടിസ്ഥാനത്തിൽ സാക്ഷ്യപ്പെടുത്തിയ പട്ടിക 26-10-2021-ന് സർക്കാരിന്റെ പരിഗണനയ്ക്കായി ലഭ്യമായിരുന്നു. പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കി പുതുക്കിയ പട്ടിക സമർപ്പിക്കാൻ നിർദ്ദേശം നൽകുകയും അതിന്റെയടിസ്ഥാനത്തിൽ ലഭിച്ച 6201 പുതിയ ഗുണഭോക്താക്കളുടെ പട്ടിക പരിശോധിച്ചുവരുന്നു.

(സി) അപേക്ഷ നൽകിയശേഷം പെൻഷൻ അനുവദിച്ച് ലഭിക്കുന്നതിനുമുമ്പ് മരണപ്പെട്ടവരുടെ കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ?

പരിശോധിക്കുന്നതാണ്.

(ഡി) പ്രസ്തുത പെൻഷനുവേണ്ടിയുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് പ്രത്യേക അദാലത്തുകളോ മേളകളോ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഫീൽഡുതല പരിശോധനകൾ കഴിഞ്ഞതിനാൽ ബാധകമല്ല.

**പ്രകൃതിക്ഷോഭംമൂലം കാർഷിക മേഖലയ്ക്കുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കാൻ നടപടി**

53(1750) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ മഴക്കെടുതിയും മറ്റ് പ്രകൃതിക്ഷോഭങ്ങളുംമൂലം കാർഷിക മേഖലയ്ക്കുണ്ടായ നാശനഷ്ടങ്ങളും കർഷകർക്കുണ്ടായ ദുരിതവും സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

എയിംസ് പോർട്ടലിലെ റിപ്പോർട്ട് പ്രകാരം മഴക്കെടുതിയും മറ്റ് പ്രകൃതിക്ഷോഭങ്ങളുംമൂലം 2021 ജൂൺ മാസം മുതൽ 2023 ഓഗസ്റ്റ് മാസം വരെ ആകെ 15385.2022 ഹെക്ടർ സ്ഥലത്ത് കൃഷിനാശമുണ്ടായതായി തിട്ടപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത കർഷകരെ സഹായിക്കാനും കാർഷിക മേഖലയ്ക്കുണ്ടായ നഷ്ടം പരിഹരിക്കാനുമായി സ്വീകരിച്ച നടപടികളുടെ വിശദാംശവും

അതിനായി കേന്ദ്ര സഹായം ലഭ്യമായോ എന്നതുസംബന്ധിച്ച വിശദാംശവും വ്യക്തമാക്കുമോ?

പ്രകൃതിക്ഷോഭംമൂലം കൃഷി നശിക്കുന്ന കർഷകർക്ക് പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തര പരിപാടി പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിന്റെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നുള്ള വിഹിതവും സംസ്ഥാന വിഹിതവും നഷ്ടപരിഹാരമായി നൽകുന്നുണ്ട്. കൂടാതെ കൃഷി വകുപ്പ് നടപ്പാക്കുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരവും നൽകുന്നുണ്ട്.

വിതച്ച നെല്ല് നഷ്ടപ്പെട്ടുപോയ കർഷകർക്ക് വിള വീണ്ടും ഇറക്കുന്നതിനായി പ്രകൃതി ദുരന്തങ്ങൾക്കായുള്ള അടിയന്തര പരിപാടി പദ്ധതി പ്രകാരം നെൽ വിത്ത് സൗജന്യമായി നൽകുന്നതിനുള്ള ക്രമീകരണം കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി (KSSDA) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കർഷകരുടെ കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടി

കൃഷിയിടം ഒലിച്ചുപോയുണ്ടാകുന്ന നഷ്ടത്തിനും മടകളുടെ പുനർനിർമ്മാണത്തിനുമുള്ള നഷ്ടപരിഹാരം ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേന സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നും ലഭ്യമാക്കിവരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത ഇൻഷ്വറൻസ് പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവയിൽ ഇൻഷ്വർ ചെയ്ത കർഷകർക്ക് വിള നഷ്ടത്തിനും കാലാവസ്ഥയിലുണ്ടാകുന്ന വ്യത്യാസങ്ങൾക്കും വിജ്ഞാപനം ചെയ്ത ഇൻഷ്വറൻസ് കമ്പനി നഷ്ടപരിഹാരം നൽകുന്നുണ്ട്. ഇതിനായി പ്രീമിയം തുകയിൽ കർഷകൻ അടയ്ക്കുന്ന തുകയുടെ മിച്ചമുള്ള തുക കേന്ദ്ര സംസ്ഥാന സർക്കാരുകൾ സബ്സിഡിയായി നൽകുന്നുമുണ്ട്.

**പേരാമ്പ്ര മണ്ഡലത്തിൽ പ്രളയത്തിൽ കൃഷിനാശം നേരിട്ടവർക്ക് സഹായം**

54(1751) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ കൃഷി നാശം നേരിട്ടവർക്ക് സഹായം ലഭ്യമാകുന്നതിന് പേരാമ്പ്ര മണ്ഡലത്തിൽനിന്നും നാളിതുവരെ എത്ര

അപേക്ഷകൾ ലഭിച്ചു; ഇതിൽ എത്ര പേർക്ക് സഹായം ലഭ്യമാക്കി; തീർപ്പാക്കുന്നതിന് ഇനി എത്ര അപേക്ഷകൾ ഉണ്ട്; വ്യക്തമാക്കാമോ;

(ബി) ഇനിയും തീർപ്പാക്കാനുള്ള അപേക്ഷകളിൽ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടി എപ്പോൾ പൂർത്തിയാക്കുമെന്ന് അറിയിക്കാമോ?

(എ&ബി) 2018-ലെ പ്രളയത്തിലെ കൃഷിനാശവുമായി ബന്ധപ്പെട്ട് പേരാമ്പ്ര മണ്ഡലത്തിനുകീഴിൽ ആകെ 1738 അപേക്ഷകൾ ലഭിച്ചു. മുഴുവൻ അപേക്ഷകൾക്കും പ്രകൃതിക്ഷോഭ ദുരിതാശ്വാസ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

**അങ്കമാലി മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം**

55(1752) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിൽ കൃഷി നാശം സംഭവിച്ച കർഷകർക്ക് നൽകാനുള്ള നഷ്ടപരിഹാരം സംബന്ധിച്ച് നാളിതുവരെ ലഭ്യമായ അപേക്ഷകരുടെ കണക്ക് ലഭ്യമാക്കുമോ?

എയിംസ് പോർട്ടൽ നിലവിൽ വന്ന 01-04-2019 മുതൽ 10-08-2023 വരെയുള്ള കാലയളവിൽ അങ്കമാലി മണ്ഡലത്തിൽ കൃഷിനാശവുമായി ബന്ധപ്പെട്ട് 4042 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) അങ്കമാലിയിലെ പാറക്കടവ്, അയ്യമ്പുഴ, കറുകുറ്റി, കാലടി, തുറവൂർ, മലയാറ്റൂർ, മൂക്കന്നൂർ, മഞ്ഞപ്ര എന്നീ കൃഷിഭവനുകളിൽ കർഷകരിൽനിന്നും നാളിതുവരെ ലഭിച്ച വിവിധ നഷ്ടപരിഹാര അപേക്ഷകളിൽ നഷ്ടപരിഹാരം നൽകി തീർപ്പാക്കാനുള്ളത് എത്രയെന്നും കുടിശ്ശികയുണ്ടെങ്കിൽ ആയത് എത്രയെന്നും കൃഷി ഭവൻ തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

കൃഷി ഭവൻ തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു [+].

**പാലക്കാട് ജില്ലയിൽ കൃഷി നാശത്തിനുള്ള ധനസഹായം**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

56(1753) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ പ്രകൃതിക്ഷോഭത്താലുണ്ടായ കൃഷി നാശവുമായി ബന്ധപ്പെട്ട് ധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ പ്രകൃതിക്ഷോഭത്താലുണ്ടായ കൃഷിനാശവുമായി ബന്ധപ്പെട്ട് 16-08-2023 വരെ 6852 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) അപ്രകാരം ലഭിച്ച അപേക്ഷകളിൽ എത്ര എണ്ണത്തിന് ധനസഹായം അനുവദിച്ചുവെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

പ്രകൃതിക്ഷോഭത്തിലുണ്ടായ കൃഷിനാശവുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകളിൽ 5256 കർഷകർക്ക് 2,73,62,310/- രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

(സി) എത്ര അപേക്ഷകളിൽ ധനസഹായം അനുവദിക്കാനുണ്ട്; എങ്കിൽ ധനസഹായം അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

16-08-2023 വരെയുള്ള അപേക്ഷകളിൽ 1596 എണ്ണത്തിന് ധനസഹായം അനുവദിക്കാനുണ്ട്. നടപ്പുസാമ്പത്തിക വർഷത്തിൽ പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തര പരിപാടി പദ്ധതി പ്രകാരം 750 ലക്ഷം രൂപ സംസ്ഥാനാടിസ്ഥാനത്തിൽ അനുവദിച്ചിട്ടുണ്ട്.

**കവളപ്പാറയിലെ കർഷകരുടെ കൃഷി വായ്പകൾ എഴുതിത്തള്ളാൻ നടപടി**

57(1754) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ പോത്തുകൽ കവളപ്പാറയിൽ 2019 ആഗസ്റ്റ് 8-നുണ്ടായ ഉരുൾപൊട്ടലിൽ ആകെ എത്ര ഏക്കർ കൃഷി ഭൂമി നഷ്ടപ്പെട്ടതായാണ് കണ്ടെത്തിയതെന്ന് വിശദമാക്കാമോ?

കൃഷി ഭവനിൽ ലഭിച്ച അപേക്ഷകൾ പ്രകാരം നിലമ്പൂർ മണ്ഡലത്തിലെ പോത്തുകൽ കവളപ്പാറയിൽ 2019 ആഗസ്റ്റ് 8-നുണ്ടായ ഉരുൾപൊട്ടലിൽ ആകെ 38.61 ഏക്കർ കൃഷി ഭൂമിയാണ് നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുള്ളത്.

(ബി) കവളപ്പാറ ദുരന്തസ്ഥലത്ത് എത്ര കൈവശക്കാർക്കാണ് കൃഷിഭൂമിയുണ്ടായിരുന്നത്; ഇവരുടെ പേരും മേൽവിലാസവും ഓരോരുത്തർക്കുമുണ്ടായിരുന്ന കൈവശഭൂമിയുടെ അളവും ലഭ്യമാക്കുമോ?

കൃഷിഭവനിൽ ലഭിച്ച അപേക്ഷകൾ പ്രകാരമുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു +.

(സി) പ്രസ്തുത ദുരന്തത്തെ തുടർന്ന് കവളപ്പാറ മുത്തപ്പൻകുന്നിന്റെ താഴ്വാര പ്രദേശത്ത് മണ്ണുവന്നടിഞ്ഞ സ്ഥലത്ത് ഉടമകൾക്ക് കൃഷി ചെയ്യുന്നതിന് അനുമതി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ടി പ്രദേശത്ത് നിലവിൽ കൃഷി ചെയ്യുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടില്ല. കവളപ്പാറയിലെ മുത്തപ്പൻകുന്ന് എന്നറിയപ്പെടുന്ന കുന്നിന്റെ വടക്കേ ചരിവിലാണ് ഉരുൾപൊട്ടൽ സംഭവിച്ചത്. 11 പേരുടെ മൃതദേഹങ്ങൾ ഇനിയും ലഭിച്ചിട്ടില്ല. പ്രസ്തുത സ്ഥലത്ത് മണ്ണ് നിരപ്പാക്കുന്നതിന് കുറച്ച് ആളുകൾ ശ്രമിച്ചപ്പോൾ അയൽവാസികൾ ആയത് തടഞ്ഞതായി തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മണ്ണിടിച്ചിൽ നടന്ന കുന്നിന്റെ ചരിവിൽ നിലവിലുള്ള ഭൂപ്രകൃതിക്ക് മാറ്റംവരുത്തുന്നതും കൃഷി ചെയ്യുന്നതും ഭാവിയിൽ മണ്ണിടിച്ചിലിന് കാരണമാകുമെന്നതിനാൽ ഈ സ്ഥലത്ത് യാതൊരുവിധ പ്രവർത്തനങ്ങളും അനുവദിക്കാൻ പാടില്ലെന്ന് അവിടെ പരിശോധന നടത്തിയ വിദഗ്ധ സംഘം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കവളപ്പാറ ദുരന്തഭൂമി കൃഷിയോഗ്യമാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ഭൂവുടമകൾ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിലെ ഇടക്കാല വിധിപ്രകാരം ഭൂവുടമകളെയും ദുരന്തഭൂമിയിൽനിന്നും മൃതദേഹം കണ്ടെത്താൻ സാധിക്കാത്തവരുടെ ബന്ധുക്കളെയും പങ്കെടുപ്പിച്ച് 14-10-2022-ൽ നടത്തിയ യോഗത്തിൽ

പങ്കെടുത്ത ഭൂരിഭാഗം ഭൂവുടമകളും ദുരന്ത ഭൂമിയിൽ നിരപ്പാക്കാൻ സാധിക്കുന്ന സ്ഥലം നിരപ്പാക്കി ഭൂവുടമകൾക്ക് ഒരു നിശ്ചിത അനുപാതത്തിൽ നൽകുന്നതിന് താൽപ്പര്യമില്ലെന്ന് അറിയിച്ചതായി മലപ്പുറം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഭൂമിക്കടിയിൽ ഇനിയും കണ്ടുകിട്ടാത്ത പതിനൊന്ന് മൃതശരീരങ്ങളുള്ളതിനാൽ ടി ഭൂമിയുടെ പുനരുജ്ജീവനത്തിനായി പദ്ധതികൾ നടപ്പാക്കുന്നതിന് അകപ്പെട്ടുപോയ മൃതശരീരങ്ങളുടെ ബന്ധുക്കൾക്ക് എതിർപ്പില്ലെന്ന് കാണിക്കുന്ന രേഖകൾ പഞ്ചായത്തിൽ ശേഖരിച്ച് പ്രമാണീകരണം ചെയ്യേണ്ടതാണെന്നും മേൽപ്പറഞ്ഞ കാര്യങ്ങൾ പഞ്ചായത്ത്തലത്തിൽ ചർച്ച ചെയ്ത് വ്യക്തത വരുത്താൻ കഴിഞ്ഞാൽ കവളപ്പാറയുടെ പുനരുജ്ജീവനത്തിന് യോജിച്ച ഒരു സമഗ്ര പദ്ധതിക്ക് രൂപം നൽകാൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് സാധിക്കുമെന്ന് KSDMA മെമ്പർ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ മെമ്പർ സെക്രട്ടറിയുടെ റിപ്പോർട്ടിലെ വിഷയങ്ങളിൽ സമയബന്ധിതമായി തീരുമാനം കൈക്കൊണ്ട് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി

പോത്തുകല്ല് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് വയനാട് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(ഡി) ഉരുൾപൊട്ടലിനെയും പ്രളയത്തെയും തുടർന്ന് പോത്തുകൽ ഗ്രാമപഞ്ചായത്തിലെ കൃഷിയോഗ്യമല്ലാതായിത്തീർന്ന കവളപ്പാറയിലേയും മറ്റ് പ്രദേശങ്ങളിലെയും കർഷകരുടെ കൃഷി വായ്പകൾ എഴുതി തള്ളാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ബന്ധപ്പെട്ട ശിപാർശകൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**പ്രകൃതിക്ഷോഭത്തിൽ കൃഷി നശിച്ച കർഷകർക്കുള്ള നഷ്ടപരിഹാരം**

58(1755) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പ്രകൃതിക്ഷോഭത്തിൽ കൃഷി നശിച്ച കർഷകർക്ക് നഷ്ടപരിഹാരമായി 2016-21 സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ പ്രകൃതിക്ഷോഭത്തിൽ കൃഷി നശിച്ച കർഷകർക്ക് നഷ്ടപരിഹാരമായി 2016-21 സർക്കാരിന്റെ കാലം മുതൽ നാളിതുവരെ 29,69,32,981/- രൂപ (ഇരുപത്തിയൊമ്പത് കോടി അറുപത്തിയൊമ്പത് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി തൊള്ളായിരത്തി എൺപത്തിയൊന്ന് രൂപ) അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ ജില്ലയിലെ ഓരോ കൃഷി ഭവന്റെ കീഴിലും എത്ര രൂപ വീതം നഷ്ടപരിഹാരം അനുവദിച്ചുവെന്ന് വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു +.

(സി) പ്രസ്തുത കാലയളവിൽ വിള ഇൻഷ്വർ ചെയ്ത എത്ര കർഷകർക്ക് നഷ്ടപരിഹാരം അനുവദിച്ചുവെന്നും ഇൻഷ്വർ ചെയ്യാത്ത എത്ര കർഷകർക്ക് നഷ്ടപരിഹാരം അനുവദിച്ചുവെന്നും വിശദമാക്കുമോ?

വിള ഇൻഷ്വർ ചെയ്ത 7606 കർഷകർക്കും വിള ഇൻഷ്വർ ചെയ്യാത്ത 46865 കർഷകർക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്.

**കാർഷിക മേഖലയിലെ വളർച്ച**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

59(1756) ശ്രീ. തോമസ് കെ. തോമസ്:

ശ്രീ. കെ. ബി. ഗണേഷ് കുമാർ:

ശ്രീ. കോവൂർ കുഞ്ഞുമോൻ:

ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയുടെ വളർച്ചയ്ക്ക് നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉൽപ്പാദനം, വിപണനം, സംസ്കരണം, സേവനം എന്നീ മേഖലകൾ കേന്ദ്രീകരിച്ച് വിവിധ 'കൃഷി കൂട്ടങ്ങൾ' രൂപീകരിച്ച് സംസ്ഥാനമൊട്ടാകെ ഇപ്പോൾ പ്രവർത്തനം നടത്തിവരുന്നു. മൂല്യവർദ്ധിത കാർഷിക മിഷൻ നടപ്പാക്കി കർഷകരുടെ വരുമാന വർദ്ധനയ്ക്കുതകുന്ന പ്രവർത്തനങ്ങൾക്കാണ് സർക്കാർ മുൻതൂക്കം നൽകിവരുന്നത്. ചെറുകിട ഉൽപ്പാദക സംഘങ്ങളെ കർഷക കമ്പനികളായി ഉയർത്തുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ തനതായ ഉൽപ്പന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണി കണ്ടെത്തുന്നതിന് ഇത് സഹായിക്കുന്നതാണ്. കൂടാതെ സംസ്കരണ വിപണന മേഖലകൾ ശക്തിപ്പെടുത്തുന്നതിന് കേരളാ അഗ്രോ ബിസിനസ്സ് കമ്പനി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കർഷകരുടെ പ്രശ്നങ്ങൾ

മനസിലാക്കി കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കാനും സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടിയും ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം നേടുന്നതിനായി വിപണി വിപുലീകരണത്തിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വ്യാപനത്തിനും ന്യായവില ലഭ്യമാക്കുന്നതിനും വിവിധ ക്രമീകരണങ്ങളാണ് സംസ്ഥാന കൃഷി വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നത്. കാർഷികവൃത്തി ആകർഷകമായ വരുമാന മാർഗ്ഗമാക്കി മാറ്റി നമ്മുടെ സമ്പദ് വ്യവസ്ഥയുടെയും ഭക്ഷ്യസുരക്ഷയുടെയും മുഖ്യഘടകമാക്കി മാറ്റുന്നതിന് ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന നടപ്പാക്കിവരുന്നു. ഇവ കൂടാതെ പല നൂതന പദ്ധതികളും കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കാനും ഉദ്ദേശിക്കുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളെയും കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും സ്വന്തമായി കൃഷി ചെയ്യുന്നതിന് പ്രേരണ നൽകുന്നതിനും അതുവഴി കാർഷിക മേഖലയിൽ ജനകീയ മുന്നേറ്റം

സൃഷ്ടിക്കുന്നതിനുമായി 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പാക്കി. ഇതിന്റെ ഭാഗമായി ഉൽപ്പാദനം, സേവനം, മൂല്യവർദ്ധന എന്നീ മേഖലകളിലായി 21,575 കൃഷി കൂട്ടങ്ങൾ രൂപീകരിച്ചു. ജൈവകൃഷി, പ്രകൃതികൃഷി എന്നിവയുടെ വിപുലീകരണത്തിനായി ജൈവകൃഷി മിഷനും സുരക്ഷിതവും സമീകൃതവുമായ ആഹാരം ലക്ഷ്യമിട്ടുകൊണ്ട് പോഷക സമൃദ്ധി മിഷനും ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. ഭക്ഷ്യവിളയായ നെല്ല്, പച്ചക്കറി, സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ മുതലായവയുടെ കൃഷി നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിനും ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പാക്കിവരുന്നു. തെങ്ങിൻ തോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിള കൃഷി, സമ്മിശ്രകൃഷി എന്നിവ നടത്തി യൂണിറ്റ് വിസ്തീർണ്ണത്തിൽ പരമാവധി ആദായം വർദ്ധിപ്പിക്കുന്നതിന് സമഗ്ര നാളികേരവികസന പദ്ധതി ഘടകങ്ങളായ കേരഗ്രാമം, കാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങിൻ തോട്ടങ്ങളിൽ സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത

പരിപാലന മുറകൾ, പച്ചില വളപ്രയോഗം, ഇടവിള കൃഷി (കേര രക്ഷാ വാരം) എന്നിവ ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിളകേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനാപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽനിന്നും 'കൃഷിയിടാധിഷ്ഠിത വികസന സമീപനം' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഓരോ ഫാമിനും യോജിച്ച കാർഷികോൽപ്പാദന പദ്ധതി (ഫാം പ്ലാൻ) തയ്യാറാക്കി അത് പിന്തുടർന്നുകൊണ്ട് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സംയോജിത കൃഷി മുറകളിലൂടെ കർഷകരുടെ ഫാമുകളിൽ മാതൃകാ പ്ലോട്ടുകൾ വികസിപ്പിക്കുകയാണ് കൃഷി വകുപ്പ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം ദീർഘകാലാടിസ്ഥാനത്തിൽ വാർഷിക വരുമാനം പരമാവധിയാക്കുകയും

നിലനിർത്തുകയും ചെയ്യുകയെന്നതാണ്. 2022-23 സാമ്പത്തിക വർഷത്തിൽ 10,760 ഇത്തരം യൂണിറ്റുകൾ പദ്ധതിക്കുകീഴിൽ വികസിപ്പിക്കുന്നതിന് ഉദ്ദേശിച്ചിരുന്നു. തുടർവർഷങ്ങളിൽ ഈ പദ്ധതി ഘട്ടംഘട്ടമായി വ്യാപിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഈ പരിപാടിയുടെ ഭാഗമായി ഉൽപ്പാദനം, പ്രാഥമിക സംസ്കരണം, വിപണന പിന്തുണ എന്നിവ കാര്യക്ഷമമാക്കുന്നതിന് ഫ്.പി.ഒ.-കൾ/കമ്പനികൾ രൂപീകരിക്കുന്നതിനായി കർഷക കൂട്ടായ്മകളെയും ഗ്രൂപ്പുകളെയും കണ്ടെത്തും.

കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നത് സാദ്ധ്യമാക്കുന്നതിന് ഫാം യന്ത്രവൽക്കരണത്തിനുള്ള സഹായ പദ്ധതി കൃഷി വകുപ്പ് നടപ്പാക്കുന്നു. കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കും വിപണനത്തിനും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനാവശ്യമായ പദ്ധതികളും കൃഷി വകുപ്പ് നടപ്പാക്കുന്നു.

സൂക്ഷ്മമായ ആസൂത്രണത്തിലൂടെയും ചിട്ടയായ പ്രവർത്തനത്തിലൂടെയും അടുത്ത അഞ്ചുവർഷംകൊണ്ട് കർഷകരുടെ വരുമാനം 50 ശതമാനം

വർദ്ധിപ്പിക്കാൻ കൃഷിയിടാസൂത്രണ വികസന സമീപനത്തിലൂടെ കൃഷി വകുപ്പ് ലക്ഷ്യമിടുന്നു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനം

2. വിള വിസ്തൃതി വർദ്ധനയും വികസന സമീപനവും

- നെൽകൃഷി വികസന പദ്ധതി:
- പച്ചക്കറി വികസനം
- നാളികേര വികസനം
- ജൈവ കൃഷിയും ഉത്തമ കൃഷി രീതികളും
- കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി

3. കാർഷിക വിപണനവും വിളവെടുപ്പിനുശേഷമുള്ള പരിപാലവും

4. വരുമാനം ഉറപ്പാക്കലും നഷ്ട സാദ്ധ്യതാ ലഘൂകരണവും

5. മറ്റ് പദ്ധതികൾ

- ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും
- മണ്ണിന്റെയും വിളകളുടെയും ആരോഗ്യപരിപാലനവും ഉൽപ്പാദനക്ഷമത ഉയർത്തലും വിള ആരോഗ്യപരിപാലനം
- ലബോറട്ടറികളുടെ ആധുനീകരണം

- ഫാം യന്ത്രവൽക്കരണത്തിനുള്ള സഹായം

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ:

- മിഷൻ ഓൺ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ-എം.ഐ.ഡി.എച്ച്.
- രാഷ്ട്രീയ കൃഷി വികാസ് യോജന
- സബ് മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ
- ദേശീയ ഭക്ഷ്യസുരക്ഷാമിഷൻ- എൻ.എഫ്.എസ്.എം.
- കാർഷിക വിജ്ഞാന വ്യാപനത്തിനുള്ള ദേശീയ പദ്ധതി
- നാളികേര വികസന ബോർഡ് പദ്ധതികൾ
- പ്രധാൻ മന്ത്രി കൃഷി സീഞ്ചായ് യോജന (പി.എം.കെ.എസ്.വൈ)
- റെയിൽ ഫെഡ് ഏരിയ ഡെവലപ്മെന്റ് പദ്ധതി
- സോയിൽ ഹെൽത്ത് കാർഡ്
- നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽ സീഡ്സ്

(ബി) നെല്ല്, പച്ചക്കറി തുടങ്ങിയവയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

നെല്ല്, പച്ചക്കറി കർഷകർക്ക് പിന്തുണ നൽകിക്കൊണ്ട് വിവിധ വിളകളുടെ വിസ്തൃതി വ്യാപനം, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത വർദ്ധനയും സുസ്ഥിരവികസനവും, ഭക്ഷ്യ സ്വയംപര്യാപ്തത എന്നിവ ലക്ഷ്യമിട്ടുകൊണ്ടുള്ള

പദ്ധതികളാണ് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് 2023-24-ൽ നടപ്പാക്കുന്നത്.

**നെൽകൃഷി വികസനം:**

നെൽകൃഷിയുടെ വിസ്തൃതി വിപുലീകരണ പ്രവർത്തനങ്ങൾ, സുസ്ഥിര നെൽകൃഷി വികസനം ലക്ഷ്യമിട്ട് ഉൽപ്പാദനോപാധികൾക്കുള്ള സഹായം, കൂട്ടുകൃഷി പ്രവർത്തനങ്ങൾക്കുള്ള പിന്തുണ, നെൽവയൽ ഉടമകൾക്ക് റോയൽറ്റി എന്നിവയിലൂടെ സംസ്ഥാനത്ത് നെൽകൃഷി വികസനം ലക്ഷ്യമിടുന്നു. നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നെല്ല് ഉൽപ്പാദിപ്പിക്കുന്ന ഏഴ് കാർഷിക ആവാസ യൂണിറ്റുകൾക്ക് ഊന്നൽ നൽകുന്നതാണ്. 2023-24 വർഷത്തിൽ നെൽകൃഷി വികസനത്തിനായി 9510.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1 | സുസ്ഥിര നെൽകൃഷി വികസനത്തിനുള്ള സഹായവും നെൽവയൽ ഉടമകൾക്ക് റോയൽറ്റിയും |
| 2 | നെൽകൃഷിയിൽ കുമ്മായ പ്രയോഗത്തിലൂടെ മണ്ണിന്റെയും വേരിന്റെയും ആരോഗ്യപരിപാലനത്തിനും ഉൽപ്പാദന ക്ഷമത |

| | |
|---|---|
| | മെച്ചപ്പെടുത്തുന്നതിനുമുള്ള പിന്തുണ |
| 3 | നെൽകൃഷി വിസ്തൃതി വർദ്ധന പരിപാടികളുടെ പ്രോത്സാഹനം - സവിശേഷ നെല്ലിനങ്ങൾ ഉൾപ്പെടെ തരിശുനില കൃഷി, ഒരുപൂ കൃഷിയിൽനിന്ന് ഇരുപ്പൂ കൃഷി എന്നിവയ്ക്ക് |
| 4 | രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാം /സീഡ് വില്ലേജ് പ്രോഗ്രാം |
| 5 | ഓപ്പറേഷൻ ഡബിൾ കോൾ |
| 6 | പാടശേഖര സമിതികൾക്കും നെൽവികസന ഏജൻസികൾക്കുമുള്ള സഹായം |
| 7 | പ്രോജക്ട് അടിസ്ഥാനത്തിൽ ബ്ലോക്കുതല സംയോജനത്തോടെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, അരിമില്ലുകളുടെ സ്ഥാപനം, തദ്ദേശ ബ്രാൻഡുകളുടെ പ്രോത്സാഹനം |
| 8 | നെൽകൃഷിയിൽ സൂക്ഷ്മ മൂലകങ്ങളുടെ പത്രപോഷണം (പുതിയത്) |

ഉൽപ്പാദനോപാധികൾക്കുള്ള സഹായം ഹെക്ടറിന് 5500 രൂപ നിരക്കിൽ നൽകുന്നതിനും നെൽവയൽ ഉടമസ്ഥർക്ക് നെൽവയൽ സംരക്ഷണത്തിന് ഹെക്ടറിന് 3000 രൂപ നിരക്കിൽ റോയൽറ്റി നൽകുന്നതിനുമായി വകയിരുത്തിയിരിക്കുന്നു. ഗുണമേന്മയുള്ള വിത്തുകൾ, ജൈവ ഉൽപ്പാദനോപാധികൾ (കാർഷിക ആവാസ മേഖലാ ശിപാർശ പ്രകാരം), ജൈവനിയന്ത്രണാധികാരികൾ എന്നിവയ്ക്കുള്ള സഹായം ഇതിൽ ഉൾപ്പെടുന്നു. നെൽകൃഷിയിൽ കുമ്മായ പ്രയോഗത്തിലൂടെ മണ്ണിന്റെയും

വേരിന്റെയും ആരോഗ്യപരിപാലനത്തിനും ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനുമുള്ള ഘടകം നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

തരിശുനിലകൃഷി, ഒരുപ്പൂ കൃഷി ഇരുപ്പൂകൃഷിയിലേയ്ക്ക് മാറ്റുക, സവിശേഷ നെല്ലിനങ്ങളുടെ പ്രോത്സാഹനം എന്നീ പരിപാടികളിലൂടെ കാർഷിക സർവകലാശാലയുടെ ശിപാർശ അടിസ്ഥാനമാക്കി നെൽകൃഷി വിസ്തൃതി വികസനം നടപ്പാക്കും. 2023-24 വർഷത്തിൽ വിസ്തൃതി വികസന പരിപാടികൾക്കായി 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാം (ആർ.എസ്.ജി.പി.)/സീഡ് വില്ലേജ് പ്രോഗ്രാം തുടരുന്നതിനായി 150 ലക്ഷം രൂപ സർട്ടിഫൈഡ് വിത്ത് ഉൽപ്പാദനത്തിന് ആർ.എസ്.ജി.പി. കർഷകർക്കും കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിക്കുള്ള ധനസഹായത്തിനുമായി നീക്കിവച്ചിരിക്കുന്നു. ഈ ധനസഹായം വിത്ത് വികസന അതോറിറ്റി ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് തീരുമാനിക്കും. പറിച്ചുനട്ട വിളയ്ക്ക് മാത്രമായിരിക്കും പിന്തുണ ലഭിക്കുക.

2023-24 കാലയളവിൽ കോൾ നിലങ്ങളിൽ ഇരുപ്പൂ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഓപ്പറേഷൻ ഡബിൾ കോൾ എന്ന ഘടകത്തിൽ 50 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

പാടശേഖര സമിതികളുടെ കൂട്ടുകൃഷി സമ്പ്രദായത്തിലുള്ള നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 240 ലക്ഷം രൂപയും നെൽകൃഷി വികസന ഏജൻസികൾക്കുള്ള സഹായമായി 30 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. പ്രോജക്ട് അടിസ്ഥാനത്തിലായിരിക്കും സഹായം നൽകുക. പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം ബ്ലോക്ക്തല സംയോജനത്തോടെ പ്രോജക്ട് അടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് പിന്തുണ നൽകും. പ്രോജക്ട് തെരഞ്ഞെടുക്കുന്നതും അനുമതി നൽകുന്നതും കൃഷി ഡയറക്ടർ ആയിരിക്കും. അടിസ്ഥാനസൗകര്യ വികസനം നടപ്പാക്കുന്നതിൽ ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്., മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ എന്നിവയുടെ സംയോജനം ഉറപ്പാക്കുന്നുണ്ട്. നല്ല രീതിയിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുമായി

സംയോജിതമായി പദ്ധതി നടപ്പാക്കും. കൃഷി ഓഫീസറുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ആവശ്യകതയനുസരിച്ച് അരിമില്ലുകൾ, പാർബോയിലിംഗ് യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിനായും സഹായം നൽകും.

2023-24 വർഷത്തിൽ നെൽകൃഷിയിൽ സൂക്ഷ്മ മൂലകങ്ങൾ പത്രപോഷണത്തിലൂടെ നൽകുന്നതിന് സഹായമായി 195 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നെൽവികസന പരിപാടികളിൽ തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, കർഷക ഉൽപ്പാദക സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തം ഉറപ്പുവരുത്തും.

**പച്ചക്കറി വികസനം**

പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, സുരക്ഷിത പച്ചക്കറി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് സംസ്ഥാനത്ത് പച്ചക്കറി വികസന പരിപാടി നടപ്പാക്കുന്നത്. കൃഷി വകുപ്പ്, വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ്, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ,

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരള കാർഷിക സർവകലാശാല, കർഷക ഉൽപ്പാദക സംഘടനകൾ (എഫ്.പി.ഒ.) തുടങ്ങിയ ഏജൻസികളെ ഉൾപ്പെടുത്തി മിഷൻ അടിസ്ഥാനത്തിലായിരിക്കും പച്ചക്കറി വികസന പദ്ധതി നടപ്പാക്കുക.

2023-24 വർഷത്തിൽ പച്ചക്കറി വികസന പരിപാടികൾക്കായി 9345 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ വി.എഫ്.പി.സി.കെ. മുഖേന പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 2300 ലക്ഷം രൂപയും ഉൾപ്പെടുന്നു. കർഷക താൽപ്പര്യ കൂട്ടായ്മകൾ, കർഷക ഉൽപ്പാദക സംഘടനകൾ (എഫ്.പി.ഒ.), ജി.എ.പി./പി.ജി.എസ്. സംവിധാനത്തിനുകീഴിലുള്ള ക്ലസ്റ്ററുകൾ മുഖേനയുള്ള പച്ചക്കറി കൃഷി, കർഷക ഉൽപ്പാദക സംഘടനകൾക്കുള്ള അടിസ്ഥാനസൗകര്യങ്ങൾ, സംസ്കരണം, മൂല്യവർദ്ധന പ്രവർത്തനങ്ങൾ, കയറ്റുമതി പ്രോത്സാഹനം, എഫ്.പി.ഒ.-കൾക്കുള്ള പിന്തുണ എന്നീ ഘടകങ്ങൾക്കായി വി.എഫ്.പി.സി.കെ. തുക വിനിയോഗിക്കുന്നതാണ്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ എ.ഐ.എം.എസ്. പോർട്ടൽ മുഖേന രജിസ്റ്റർ

ചെയ്ത് കർഷകർക്ക് വിള ഇൻഷ്വറൻസും പ്രകൃതി ദുരന്ത നഷ്ടപരിഹാരവും തീർപ്പാക്കാനും കഴിയുന്നതാണ്.

**പട്ടാമ്പി സെന്റർ ഓർച്ചാട് നവീകരണ പദ്ധതികൾ**

60(1757) **ശ്രീ. മുഹമ്മദ് മുഹസിൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ ഉടമസ്ഥതയിൽ പട്ടാമ്പി ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന സെന്റർ ഓർച്ചാട് പൊതുജനങ്ങളെ ആകർഷിക്കുന്ന തരത്തിൽ നവീകരിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ കർഷകർക്ക് പ്രയോജനം ലഭിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

(എ&ബി) ഉണ്ട്. കൃഷി വകുപ്പിന്റെ ഉടമസ്ഥതയിൽ പട്ടാമ്പി ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന സെന്റർ ഓർച്ചാട് പൊതുജനങ്ങളെ ആകർഷിക്കുന്ന തരത്തിൽ നവീകരിക്കുന്നതിന് പദ്ധതികൾ

തയ്യാറാക്കിയിട്ടുണ്ട്. ഫാമിന്റെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിലേയ്ക്കായി മത്സ്യകൃഷി, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സംയോജിത കാർഷിക സംവിധാനങ്ങളുടെ ഉപയോഗം, തേനീച്ച കൃഷി, വിദേശ ചെടികളുടെയും മൈനർ ഫ്രൂട്ട്സിന്റെയും ഒരു പ്രോജനി ഓർച്ചാട് ഉണ്ടാക്കുക, പുതിയ ഇനം കുരുമുളക് വള്ളികളുടെ ഒരു മാതൃ തോട്ടം ഉണ്ടാക്കുക, ഫാമിന്റെ വരുമാനം ഇരട്ടിയാക്കുന്നതിനായി വിദഗ്ധ തൊഴിലാളികളുടെ എണ്ണം വർദ്ധിപ്പിക്കുക, നടീൽ വസ്തുക്കളുടെ പ്രത്യേകിച്ച് ബഡ്, ഗ്രാഫ്റ്റ് ലെയറിംഗ് എന്നിവകളുടെ എണ്ണം ഇരട്ടിയാക്കുക, അലങ്കാര ചെടികളുടെ ഉൽപ്പാദനത്തിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കുക, മത്സ്യ കൃഷി, മൃഗസംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിലൂടെ കർഷകർക്ക് ഫാം സന്ദർശിക്കുന്നതിനും നൂതന കൃഷി രീതികൾ പരിചയപ്പെടുന്നതിനും സാധിക്കുന്നതാണ്. കൂടാതെ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനും പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്.

**വിളകൾക്കുള്ള ഇൻഷ്വറൻസ് തുക**

61(1758) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ കനത്ത മഴമൂലം നാശം സംഭവിച്ച വിളകൾക്കുള്ള ഇൻഷ്വറൻസ് തുക കർഷകർക്ക് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കർഷകർക്ക് പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ & ബി) മലപ്പുറം ജില്ലയിൽ കനത്ത മഴമൂലം നാശം സംഭവിച്ച വിളകൾക്ക് ഇൻഷ്വറൻസ് തുക 31-03-2022 വരെ നൽകിയിട്ടുണ്ട്. ബാക്കി തുക ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 3000 ലക്ഷം രൂപയിൽനിന്നും നൽകുന്നതായിരിക്കും.

**പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലബോറട്ടറി**

62(1759) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലബോറട്ടറിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ കാർഷിക കോളേജ് തിരുവനന്തപുരം, പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം കുമരകം, കാർഷിക കോളേജ് തൃശ്ശൂർ, കാർഷിക കോളേജ് പടന്നക്കാട് എന്നിവിടങ്ങളിൽ കീടനാശിനി അവശിഷ്ട വിഷവീര്യ പരിശോധനാശാലകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിലെല്ലാംകൂടി ഒരു വർഷം ശരാശരി 3500 സാമ്പിളുകൾ പരിശോധിക്കുന്നുണ്ട്.

(ബി) പച്ചക്കറികളിലെ മായം ശാസ്ത്രീയമായി നിരീക്ഷിക്കാൻ സാധിച്ചിട്ടുണ്ടോ; പ്രസ്തുത ലബോറട്ടറിയുടെ പ്രവർത്തനം വിജയകരമാണോ; വിശദമാക്കാമോ?

പച്ചക്കറികളിലെ അവശിഷ്ട വിഷവീര്യം അംഗീകൃത മാർഗ്ഗങ്ങളിലൂടെ ശാസ്ത്രീയമായാണ് വിശകലനം ചെയ്തുവരുന്നത്. മാത്രമല്ല, ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പച്ചക്കറികളുടേയും സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികളുടേയും ഗുണനിലവാരവും അവയിലെ

അവശിഷ്ട കീടനാശിനികളുടെ അളവും പരിശോധിക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമവകുപ്പിന്റെ സഹായത്തോടെ 'പച്ചക്കറി വികസന പദ്ധതി 2023-24'-നുകീഴിൽ കേരള കാർഷിക സർവകലാശാലയുടെ വെള്ളായണി ലാബിൽ 'പെസ്റ്റിസൈഡ് റെസിഡ്യൂ അനാലിസിസ് ഇൻ വെജിറ്റബിൾസ്' എന്ന പദ്ധതി ഘടകം നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതി ഘടകത്തിലൂടെ കേരളത്തിലെ പൊതു വിപണികൾ, കൃഷിയിടങ്ങൾ, ഇക്കോഷോപ്പ്, ജൈവവിപണി എന്നിവിടങ്ങളിലെ പച്ചക്കറി/പഴവർഗ്ഗ സാമ്പിളുകൾ ശേഖരിച്ച് അവയിൽ അടങ്ങിയിരിക്കുന്ന കീടനാശിനി അവശിഷ്ട പരിശോധന നടത്തുന്നു.

കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലായ www.kerala.gov.in-ലും കേരള കാർഷിക സർവകലാശാല, കൃഷി വകുപ്പ് എന്നിവയുടെ വെബ്സൈറ്റിലുമെല്ലാം പൊതുജനങ്ങൾക്ക് വായിച്ച് മനസ്സിലാക്കാൻ പറ്റുന്ന രീതിയിൽ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതുവഴി മാരകമായ കീടനാശിനികളേയും അവയുണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളേയും

സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും കീടനാശിനി ഉപയോഗം കുറയ്ക്കുന്നതിന് കർഷകരെ പ്രേരിപ്പിക്കുന്നതിനും ഒരു പരിധിവരെ സഹായകരമാകുന്നു. ഇത് സുരക്ഷിത പച്ചക്കറിയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും അന്യസംസ്ഥാനത്തുനിന്നും എത്തുന്ന പച്ചക്കറിയുടെ ഉപയോഗം ഒരു പരിധിവരെ കുറയ്ക്കുന്നതിനും സഹായിക്കുന്നു.

അന്യസംസ്ഥാനങ്ങളിൽനിന്നും എത്തുന്ന പച്ചക്കറികളിൽ കീടനാശിനി അവശിഷ്ടം കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ സുരക്ഷിത ഭക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് നാം നമ്മുടെ വീട്ടുവളപ്പിൽതന്നെ പച്ചക്കറിത്തോട്ടം നിർമ്മിക്കേണ്ടതിന്റെ ആവശ്യകതയും അതുവഴി വിഷരഹിത പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നതിനും ആരോഗ്യം സംരക്ഷിക്കുന്നതിനും സാധ്യമാകും എന്ന അവബോധം നൽകുന്നതിനും സാധ്യമാകുന്നു.

## മിശ്രിത രാസവള യൂണിറ്റുകൾ

63(1760) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര രാസവള മന്ത്രാലയം നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര മിശ്രിത രാസവള യൂണിറ്റുകളുടെ ലൈസൻസ് റദ്ദാക്കിയിട്ടുണ്ടെന്നും എന്ത് കാരണത്താലാണ് ലൈസൻസ് റദ്ദാക്കപ്പെട്ടതെന്നും വിശദമാക്കാമോ?

കേന്ദ്ര രാസവള മന്ത്രാലയം നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ 25 മിശ്രിത രാസവള യൂണിറ്റുകളുടെ ലൈസൻസ് ചുവടെ ചേർത്തിരിക്കുന്ന വിവിധ കാരണങ്ങളാൽ റദ്ദാക്കിയിട്ടുണ്ട്.

- കേന്ദ്ര രാസവള മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡിപ്പാർട്ട്മെന്റ് ഓഫ് ഫെർട്ടിലൈസേഴ്സിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്തതിനാൽ. അതായത് ഒരു മാസം അനുവദനീയമായ

സബ്സിഡൈസ്ഡ് വളത്തിന്റെ തോതായ 25 ശതമാനത്തിൽ കൂടുതൽ ഉപയോഗിച്ചതിന്, ഒരു ദിവസം 500-ൽ കൂടുതൽ ബാഗ് വളം ഉപയോഗിച്ചത്.

- ചില്ലറ, മൊത്ത വിൽപ്പന, വളം മിക്സിങ് യൂണിറ്റ് എന്നിവയുടെ വളത്തിന്റെ സ്റ്റോക്ക് വേർതിരിച്ച് വയ്ക്കാത്തത്.
- ചില്ലറ, മൊത്ത വിൽപ്പന, വളം മിക്സിംഗ് യൂണിറ്റ് എന്നിവയുടെ വളത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പ്രത്യേകം സൂക്ഷിക്കാത്തത്.
- ലൈസൻസിൽ അനുവദിച്ചിട്ടില്ലാത്ത വളങ്ങൾ സ്റ്റോക്ക് ചെയ്തത്.
- യൂറിയ പോലുള്ള സബ്സിഡൈസ്ഡ് വളങ്ങൾ വലിയ തോതിൽ മിക്സിംഗിന് സ്റ്റോക്ക് ചെയ്തത്.
- ജോയിന്റ് ഇൻസ്പെക്ഷൻ ടീം ആവശ്യപ്പെട്ട വിവരങ്ങൾ നൽകാത്തത്.
- POS മെഷീൻ, സ്റ്റോക്ക് രജിസ്റ്റർ, ഫിസിക്കൽ സ്റ്റോക്ക് എന്നിവ തമ്മിലെ പൊരുത്തക്കേട്.
- ആവശ്യാനുസരണം അല്ലാതെ റീട്ടെയിൽ POS മെഷീനിൽനിന്ന് സബ്സിഡൈസ്ഡ് വളം മിക്സിംഗ് യൂണിറ്റിലേയ്ക്ക് മാറ്റിയത്.

- സമയബന്ധിതമായി 'ഒ' ഫോമുകൾ പുതുക്കാത്തത്.
- ലൈസൻസില്ലാതെ വളം വിൽപ്പന നടത്തിയത്.
- ഗുണനിലവാരമില്ലാത്ത വളം വിൽപ്പന നടത്തിയതിന്.
- സബ്സിഡൈസ്ഡ് വളം റെസീപ്റ്റ് ഹാജരാക്കാത്തത്.
- ബിൽഡിംഗ് നമ്പർ, ഡിസ്പ്ലേ ബോർഡ്, അസ്സൽ ലൈസൻസ് തുടങ്ങിയവ പ്രദർശിപ്പിക്കാത്തത് തുടങ്ങിയ ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985-ന്റെ വിവിധ ലംഘനങ്ങളുടെ കാരണത്താൽ.

പ്രസ്തുത വിഷയം സംബന്ധിച്ച് കേന്ദ്ര രാസവള മന്ത്രാലയത്തിന്റെ DBT ഡയറക്ടർ, ജോയിന്റ് സെക്രട്ടറി മുൻപാകെ അപേക്ഷ സമർപ്പിക്കുകയും പാർലമെന്റ് അംഗങ്ങളുടെ കോൺഫറൻസിൽ അജണ്ടയിൽ ഉൾപ്പെടുത്തുകയും കേന്ദ്ര സർക്കാരിന്റെ കെമിക്കൽസ് ആൻഡ് ഫെർട്ടിലൈസേഴ്സിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി മുൻപാകെ അവതരിപ്പിക്കുകയുമുണ്ടായി. നിലവിൽ കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് മാർക്കറ്റിംഗ് ഫെഡറേഷൻ

ഒഴികെ മറ്റുള്ള മിശ്രിത രാസവള യൂണിറ്റുകളുടെ രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കമ്പനികൾ നിലവിൽ തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ലൈസൻസ് റദ്ദ് ചെയ്ത 25 മിക്സിംഗ് യൂണിറ്റുകളിൽ 21 മിക്സിംഗ് യൂണിറ്റുകൾ  കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുറന്നുപ്രവർത്തിക്കുന്നു.

(സി) ഇന്റഗ്രേറ്റഡ് ഫെർട്ടിലൈസർ മാനേജ്മെന്റ് സിസ്റ്റം ഇല്ലാത്തതിനാൽ സംസ്ഥാനത്ത് മിശ്രിത രാസവള യൂണിറ്റുകൾക്ക് പ്രവർത്തിക്കാൻ സാധിക്കാത്ത സാഹചര്യം ഒഴിവാക്കുന്നതിന് സംസ്ഥാന സർക്കാർ നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

iFMS-ൽ ഉൾപ്പെട്ട മിക്സ്ചർ മാനുഫാക്ചറേഴ്സ് രജിസ്ട്രേഷൻ മൊഡ്യൂൾ 01-02-2023-ൽ കേന്ദ്ര സർക്കാർ തുടങ്ങുകയും 28-02-2023 വരെ രജിസ്റ്റർ ചെയ്യാനായി സമയം നൽകുകയും ചെയ്തു. എന്നാൽ ഈ കാലയളവിൽ എല്ലാ

മിക്സ്ചർ മാനുഫാക്ചറേഴ്സും പൂർണ്ണമായും രജിസ്റ്റർ ചെയ്തിരുന്നില്ല. കൂടാതെ ലൈസൻസ് റദ്ദാക്കിയ മിക്സ്ചർ മാനുഫാക്ചറേഴ്സിന് മൊഡ്യൂളിൽ രജിസ്റ്റർ ചെയ്യാൻ സാധിച്ചില്ല. ഇന്റഗ്രേറ്റഡ് ഫെർട്ടിലൈസർ മാനേജ്മെന്റ് സിസ്റ്റത്തിൽ മിശ്രിത രാസവള യൂണിറ്റുകളുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കാനായി സംസ്ഥാന സർക്കാർ കേന്ദ്ര രാസവള മന്ത്രാലയത്തിന്റെ DBT ഡയറക്ടർ, ജോയിന്റ് സെക്രട്ടറി മുൻപാകെ അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ പാർലമെന്റ് അംഗങ്ങളുടെ കോൺഫറൻസിൽ അജണ്ടയിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. കേന്ദ്ര സർക്കാരിന്റെ കെമിക്കൽസ് ആൻഡ് ഫെർട്ടിലൈസേഴ്സിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി മുൻപാകെ ഈ വിഷയം അവതരിപ്പിക്കുകയുമുണ്ടായി. സംസ്ഥാനത്ത് 55 എണ്ണം മിക്സിംഗ് യൂണിറ്റുകൾ iFMS രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) മിശ്രിത രാസവളങ്ങളുടെ ക്ഷാമം സംസ്ഥാനത്തെ കാർഷിക മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കാതിരിക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

മിശ്രിത രാസവളങ്ങളുടെ ക്ഷാമം സംസ്ഥാനത്തെ കാർഷിക മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കാതിരിക്കാൻ സമയബന്ധിതമായി സബ്സിഡൈസ്ഡ് വളങ്ങളുടെ അനുമതി പത്രം മിശ്രിത രാസവള യൂണിറ്റുകൾക്ക് നൽകിവരുന്നു. കൂടാതെ ക്ഷാമം വരുന്ന വളങ്ങളുടെ വിവരം ആഴ്ചതോറുമുള്ള കേന്ദ്ര രാസവള മന്ത്രാലയത്തിന്റെ വീഡിയോ കോൺഫറൻസിൽ അവതരിപ്പിച്ച് സമയബന്ധിതമായി വളങ്ങൾ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**കാർഷിക ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തൽ**

64(1761) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

നിലവിൽ കൃഷി വകുപ്പ്, വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള ഇക്കോഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ആഴ്ച ചന്തകൾ, നഗര വഴിയോര ആഴ്ച ചന്തകൾ തുടങ്ങിയവ

മുഖേന അതത് ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പ്രദേശങ്ങളിൽ കർഷകർ നേരിട്ട് ഉപഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട സംസ്ഥാനത്തെ വിവിധ മാർക്കറ്റുകൾ ഗ്രേഡ് ചെയ്യുന്ന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 29 ഗ്രേഡ് -1 മാർക്കറ്റുകളും 660 ഗ്രേഡ് II മാർക്കറ്റുകളും 595 ഗ്രേഡ് -III മാർക്കറ്റുകളും നിലവിൽ പ്രവർത്തനക്ഷമമാണ്. സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ ശക്തിപ്പെടുത്തി കർഷകർക്ക് കൂടുതൽ സൗകര്യപ്രദമാക്കുന്നതിനും കർഷകർക്കുള്ള ട്രാൻസ്പോർട്ടേഷൻ സബ്സിഡി ഉൾപ്പെടെ 2022-23 വർഷം 90.52 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്ത്/ബ്ലോക്ക്/ജില്ലാതലങ്ങളിൽ കർഷകർ നേരിട്ട് നടത്തുന്ന വിപണന കേന്ദ്രങ്ങളായ ഗ്രേഡഡ് ആഴ്ച ചന്തകൾക്ക് 18.9 ലക്ഷം രൂപയും ഗ്രാമ ചന്തകൾക്ക് 29.25 ലക്ഷം രൂപയും ഇക്കോഷോപ്പുകൾക്ക് 24.00 ലക്ഷം രൂപയും നഗര തെരുവ് ആഴ്ച ചന്തകൾക്ക് 9.3 ലക്ഷം രൂപയും കൂടാതെ കേരളത്തിലെ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കാനും ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് പഴം-പച്ചക്കറികൾ ലഭ്യമാക്കുന്നതിനും

വിപണി ഇടപെടൽ പദ്ധതി പ്രകാരം 2022-23 വർഷത്തിൽ 2614.95 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും വിറ്റഴിക്കുന്നതിനും ഹോർട്ടികോർപ്പിന് 13 ജില്ലാ സംഭരണ കേന്ദ്രങ്ങളും 6 ഉപസംഭരണ കേന്ദ്രങ്ങളും അവയുടെ കീഴിൽ 90 സ്വന്തം സ്റ്റാളുകളും 185 ലൈസൻസി സ്റ്റാളുകളുമുണ്ട്. കൂടാതെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന ജൈവ പച്ചക്കറി ഉൽപ്പന്നങ്ങൾ 'സേഫ് ടു ഈറ്റ്' എന്ന ലേബലിൽ പ്രധാന ഔട്ട്‌ലെറ്റുകൾ മുഖേന വിപണനം നടത്തിവരുന്നു. തിരുവനന്തപുരം ജില്ലയിലെ പാളയം സസ്യ സൂപ്പർ മാർക്കറ്റിൽ ജൈവ പച്ചക്കറികൾ മാത്രം വിപണനം ചെയ്യുന്നതിനായി 'ഹെൽത്തി ഫാം ഹെൽത്തി പ്ലേറ്റ്' എന്ന പദ്ധതി പ്രകാരം ഒരു ഓർഗാനിക് കൗണ്ടറും കോഴിക്കോട് ജില്ലയിലെ വേങ്ങേരി മാർക്കറ്റിൽ ഒരു പ്രീമിയം ഔട്ട്‌ലെറ്റും തൃശ്ശൂർ ജില്ലയിലെ മൈലിപാടത്ത് നാടൻ പച്ചക്കറികളുടെ ഒരു പ്രീമിയം ഔട്ട്‌ലെറ്റും പ്രവർത്തിക്കുന്നുണ്ട്. ആലപ്പുഴ ഒരു ഹൈടെക് ഓർഗാനിക് സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു.

കർഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 289 സ്വാശ്രയ കർഷക സമിതികളാണ് വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിനുകീഴിൽ പ്രവർത്തിച്ചുവരുന്നത്. ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും കർഷകരെ സംരക്ഷിക്കുന്നതിനും ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും ഇവ സഹായിക്കുന്നു. പ്രതിവർഷം 1 ലക്ഷം മെട്രിക് ടൺ പഴം പച്ചക്കറികളുടെ വിപണനം നടത്തിവരുന്നു. കാർഷികോൽപ്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം - പച്ചക്കറി അടിസ്ഥാന വില പദ്ധതി 2020 നവംബർ 1 മുതൽ നടപ്പാക്കിവരുന്നു. റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി പഴം-പച്ചക്കറി വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിനും ബ്രാൻഡ് ചെയ്ത് പഴം-പച്ചക്കറികൾ വിപണിയിൽ എത്തിക്കുന്നതിനുള്ള പദ്ധതി VFPCK നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി കാക്കനാട് കേന്ദ്രമാക്കി വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രോസസ്സിംഗ് ആൻഡ് മാർക്കറ്റിംഗ് സെന്റർ (VFPMC), 7 ജില്ലകളിൽ പഴം-പച്ചക്കറികളുടെ പ്രാഥമിക സംസ്കരണ കേന്ദ്രങ്ങൾ,

വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക സമിതികൾ നടത്തുന്ന 63 തളിർ ഔട്ട്‌ലെറ്റുകൾ എന്നിവ ആരംഭിച്ചു.

കർഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി FPO-കൾ രൂപീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും നടപടികൾ തുടങ്ങിക്കഴിഞ്ഞു. RKV പദ്ധതി പ്രകാരം എസ്.എഫ്.എ.സി. മുഖേന 50 FPO-കൾ പുതുതായി രൂപീകരിക്കാൻ ലക്ഷ്യമിട്ടതിൽ 41 FPO-കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്.

വി.എഫ്.പി.സി.കെ മുഖേന 41 FPO-കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ "10000 FPO-കൾ" പദ്ധതി പ്രകാരം 2020-21 വർഷത്തിൽ 44 FPO-കളും 2021-22 വർഷത്തിൽ 38 FPO-കളും 2022-23 വർഷത്തിൽ 18 FPO-കളും സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തുകഴിഞ്ഞിട്ടുണ്ട്. കാർഷിക ഉൽപ്പന്നങ്ങളുടെ വിപണി ഉറപ്പാക്കാനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനും ഉതകുമാറ് മൂല്യവർദ്ധിത കാർഷിക മിഷൻ (VAAM) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിലവിൽവന്നുകഴിഞ്ഞു. കാർഷിക ഉൽപ്പന്നങ്ങൾ മൂല്യവർദ്ധിത

ഉൽപ്പന്നങ്ങളാക്കുന്നതോടെ കാർഷിക ഉൽപ്പന്നങ്ങളുടെ ആവശ്യകതയും വിപണിയും വർദ്ധിക്കും.

**ഇക്കോഷോപ്പ് പദ്ധതി**

65(1762) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കോഷോപ്പുകളുടെ ഉദ്ദേശലക്ഷ്യം എന്തെന്ന് വിശദമാക്കാമോ?

പ്രാദേശികമായി ഉൽപ്പാദിപ്പിക്കപ്പെടുന്ന പഴം, പച്ചക്കറി ഇനങ്ങൾ കർഷകർക്ക് ന്യായവില നൽകി സംഭരിച്ച് മിതമായ നിരക്കിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഇക്കോഷോപ്പുകൾ പ്രവർത്തിച്ചുവരുന്നത്.

(ബി) വൈപ്പിൻ മണ്ഡലത്തിൽ എത്ര ഇക്കോഷോപ്പുകളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിൽ എളംകുന്നപ്പുഴ, മുളവുകാട്, കടമക്കുടി, പള്ളിപ്പുറം എന്നീ പഞ്ചായത്തുകളിലായി നാല് ഇക്കോഷോപ്പുകളാണ് പ്രവർത്തിക്കുന്നത്.

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ ഇക്കോഷോപ്പിലും എത്ര രൂപയുടെ പ്രാദേശിക ഉൽപ്പന്നങ്ങളാണ് സംഭരിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഈ സർക്കാർ നിലവിൽ വന്നതിനുശേഷം വൈപ്പിൻ മണ്ഡലത്തിലെ ഇക്കോഷോപ്പുകളിൽ പ്രാദേശിക ഉൽപ്പന്നങ്ങളുടെ സംഭരണം നടത്തുന്നതിനായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പഞ്ചായത്ത് | തുക(Rs) |
|---|---|---|
| 1 | പള്ളിപ്പുറം | 18,23,636 |
| 2 | എളംകുന്നപ്പുഴ | 2,16,084 |
| 3 | മുളവുകാട് | 82,000 |
| 4 | കടമക്കുടി | 11,312 |
| | **ആകെ** | **21,33,032** |

**കാബ്കോ തുടങ്ങാൻ നടപടി**

66(1763) <u>ശ്രീ. കെ. ബാബു (നെന്മാറ):</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വികസനം ലഭ്യമാക്കിയിട്ടുള്ള കേരള അഗ്രോ ബിസിനസ് കമ്പനി അഥവാ കാബ്കോ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

കേരള അഗ്രോ ബിസിനസ് കമ്പനി രൂപീകരിച്ചുകൊണ്ട് 07-08-2023-ലെ സ.ഉ. (കൈ) നം. 71/2023/അഗ്രി നമ്പറായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കാബ്കോയിലൂടെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താനാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

1. കേരളത്തിൽ കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കും സംസ്കരണത്തിനും ഊന്നൽ നൽകുന്നതിനായി അഗ്രി പാർക്കുകൾ, ഫ്രൂട്ട് പാർക്കുകൾ എന്നിവ സ്ഥാപിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഒരു അപ്പെക്സ് ബോഡിയായി പ്രവർത്തിക്കും.
2. കാർഷിക ഉൽപ്പന്നങ്ങളുടെ വിപണി അടിസ്ഥാനമാക്കിയ സംവിധാനത്തിന്റെ അഭാവം നികത്തുന്നതിനും കൂടാതെ

ഉൽപ്പാദനത്തിന്റെ കാലിക വിശകലനത്തിനുള്ള ഒരു ഏജൻസിയായും പ്രവർത്തിക്കും.

3. കാർഷിക ഉൽപ്പന്നങ്ങൾക്കായി പൊതു ബ്രാൻഡിംഗ് നടപ്പാക്കും.
4. മൂല്യവർദ്ധനയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ഒരു ഏജൻസിയായി പ്രവർത്തിക്കും.
5. ദേശീയ-അന്തർദേശീയ കയറ്റുമതി/വിപണന പ്രവർത്തനങ്ങളിൽ കേരളത്തിലെ കർഷകരെ പ്രാപ്തരാക്കും.
6. കാർഷിക സംസ്കരണത്തിനുതകുന്ന യന്ത്രസാമഗ്രികളുടെ സംഭരണത്തിനും സ്ഥാപനത്തിനുമായി ബന്ധപ്പെട്ട എസ്.പി.വി.കളുമായി മദ്ധ്യസ്ഥത വഹിക്കും.
7. മാർക്കറ്റ് റിസർച്ച് അടിസ്ഥാനമാക്കി മത്സരാധിഷ്ഠിത വിലനിർണ്ണയ തന്ത്രം നടപ്പാക്കുന്നതിനും കൂടാതെ വിവിധ മാർക്കറ്റിംഗ് പ്ലാറ്റ്ഫോമുകൾ, ഡിജിറ്റൽ മീഡിയ, സോഷ്യൽ മീഡിയ എന്നിവയിലൂടെയും മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ പ്രീ-ലോഞ്ച് ചെയ്യും.

8. മൂല്യവർദ്ധന മേഖല, സംഭരണ മേഖല, ശീതീകരണ മേഖല തുടങ്ങിയവയിൽ മുതൽമുടക്കി അടിസ്ഥാന സൗകര്യമൊരുക്കി സംരംഭകരായി എത്തുന്ന കാർഷിക മേഖലയിലെ സംരംഭകരെ പ്രോത്സാഹിപ്പിക്കും.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം**

67(1764) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, അത്താണിയിൽ പ്രവർത്തിക്കുന്ന കാംകോ എന്നീ സ്ഥാപനങ്ങൾ 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിൽ എത്ര കോടി രൂപയുടെ വിറ്റുവരവാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ 2021-2022 വർഷത്തിൽ 87,14,66,116/- രൂപയുടേയും 2022-23 വർഷത്തിൽ 1,07,03,96,000/- രൂപയുടേയും വിറ്റുവരവ് നടത്തിയിട്ടുണ്ട്.

കേരള അഗ്രോ മെഷിനറി കോർപ്പറേഷനിൽ 2021-22 സാമ്പത്തിക വർഷത്തിൽ 217.92 കോടി രൂപയുടെയും 2022-23 സാമ്പത്തിക വർഷത്തിൽ 106.25 കോടി രൂപയുടെയും വിറ്റുവരവാണ് നടത്തിയിട്ടുള്ളത്.

(ബി) 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത സ്ഥാപനങ്ങൾ ലാഭത്തിലാണോ പ്രവർത്തിച്ചിരുന്നത്; എങ്കിൽ എത്ര കോടി രൂപ ലാഭത്തിലാണ് പ്രവർത്തിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ?

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ 2021-2022 വർഷത്തിൽ നഷ്ടത്തിലും 2022-2023 വർഷത്തിൽ ലാഭത്തിലുമാണ് പ്രവർത്തിച്ചുവരുന്നത്. 2021-2022 വർഷത്തിലെ പ്രവർത്തന നഷ്ടം (Operative Loss) 1,17,80,987/- രൂപയും 2022-2023 വർഷത്തിലെ പ്രവർത്തന ലാഭം (Operative Profit) 17,67,453/- രൂപയുമാണ്. ആഡിറ്റ് അന്തിമമായി പൂർത്തീകരിച്ചിട്ടില്ല.

കേരള അഗ്രോ മെഷിനറി കോർപ്പറേഷനിൽ 2021-22 വർഷത്തിൽ 73 ലക്ഷം രൂപയുടെ ലാഭം നേടി. 2022-23 വർഷത്തിൽ 27 കോടി രൂപയുടെ

നഷ്ടം വന്നിട്ടുണ്ട്. 2021-22, 2022-23 വർഷങ്ങളിലെ ആഡിറ്റ് പൂർത്തീകരിച്ചിട്ടില്ല.

**അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ**

68(1765) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ അരിമ്പൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ കൊയ്ത്ത് മെതി യന്ത്രം, നടീൽ യന്ത്രം എന്നിവ എത്രയെണ്ണമുണ്ടെന്ന് അറിയിക്കാമോ?

കൊയ്ത്ത് മെതിയന്ത്രം - 63 എണ്ണം

നടീൽ യന്ത്രം - 7 എണ്ണം

(ബി) ആയതിൽ പ്രവർത്തനക്ഷമമല്ലാത്തവ എത്രയെണ്ണമാണുള്ളത്; ഇവയുടെ കേടുപാടുകൾ തീർക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

(1) പ്രവർത്തനക്ഷമമല്ലാത്ത കൊയ്ത്ത് മെതിയന്ത്രം - 37 എണ്ണം.

(2) പ്രവർത്തനക്ഷമമല്ലാത്ത നടീൽ യന്ത്രം - 4 എണ്ണം

റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കാൻ കഴിയുന്നവയിൽ അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത സ്ഥാപനത്തെ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ജൈവകീടനാശിനി, ജൈവവളം, സൂക്ഷ്മ മൂലകങ്ങൾ എന്നിവ തയ്യാറാക്കി കർഷകർക്ക് വിതരണം നടത്തുന്നതിനാവശ്യമായ പദ്ധതി 2022-23 സാമ്പത്തിക വർഷം കെയ്കോയ്ക്ക് അനുവദിക്കുകയും പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള തുടർനടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ഡി) പ്രസ്തുത സ്ഥാപനത്തിലെ കരാർ നടപടികൾ സുതാര്യമല്ലെന്നും വർഷങ്ങളായി ഒരു കരാറുകാരന് മാത്രമാണ് കരാർ ലഭിക്കുന്നതെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കരാർ നടപടികൾ സുതാര്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിർമ്മാണ പ്രവർത്തികൾക്ക് കരാറുകാരെ തെരഞ്ഞെടുക്കുന്നത് ടെണ്ടർ നടപടികളിലൂടെയാണ്.

**അഗ്രോ സർവീസ് സെന്ററുകൾ**

69(1766) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തിൽ ഏതൊക്കെ ജില്ലകളിലാണ് അഗ്രോ സർവീസ് സെന്ററുകൾ ആരംഭിച്ചതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് 2022-23 വർഷത്തിൽ വയനാട് ജില്ല ഒഴികെ മറ്റ് എല്ലാ ജില്ലകളിലുമായി 20 കൃഷിശ്രീ-സെന്ററുകൾ/അഗ്രോ-സർവീസ് സെന്ററുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം I ആയി ചേർക്കുന്നു.+

(ബി) അഗ്രോ സർവീസ് സെന്ററുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് ഓരോ ജില്ലയിലെയും ബ്ലോക്കുകൾക്ക് എത്ര തുകയാണ് നൽകിയതെന്ന് വിശദമാക്കാമോ?

ജില്ല/ബ്ലോക്ക് തിരിച്ചുള്ള വിവരം അനുബന്ധം II ആയി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) 2023-24 വർഷത്തിൽ സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിലാണ് അഗ്രോ സർവീസ് സെന്ററുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

2023-24 സാമ്പത്തിക വർഷം അഗ്രോ സർവീസ് സെന്ററുകൾ അനുവദിക്കുന്നത് സംബന്ധിച്ച് വകുപ്പുതല പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**അഗ്രോ ബിസിനസ് കമ്പനി രൂപീകരണം**

70(1767) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രാദേശിക ഉൽപ്പന്നങ്ങൾ ശേഖരിച്ച് ബ്രാൻഡ് ചെയ്ത് വിപണനം നടത്തുന്നതിനുള്ള കേരള അഗ്രോ ബിസിനസ് കമ്പനിയുടെ രൂപീകരണ നടപടികൾ വിശദമാക്കാമോ?

കാർഷിക മേഖലയിലെ മൂല്യവർദ്ധനയും ഗുണമേന്മയുള്ള ഉൽപ്പന്നങ്ങളുടെ വിപണനം ലക്ഷ്യമാക്കി സംസ്ഥാനത്ത് ഊർജ്ജിതമായ കാർഷിക, വിപണന സംവിധാനം സ്ഥാപിക്കുന്നതിനായി CIAL മോഡലിൽ

07-08-2023-ലെ സ.ഉ (കൈ) നം. 71/2023/അഗ്രി ഉത്തരവ് പ്രകാരം കേരള അഗ്രോ ബിസിനസ് (KABCO) കമ്പനി രൂപീകരിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ 33 ശതമാനം ഓഹരിയും 24 ശതമാനത്തിൽ അധികരിക്കാതെ കർഷക ഓഹരിയും 25 ശതമാനത്തിൽ അധികരിക്കാതെ കർഷക കൂട്ടായ്മകളുടെ ഓഹരിയും 13 ശതമാനത്തിൽ അധികരിക്കാതെ പൊതു ഓഹരിയും പ്രാഥമിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളുടെ 5 ശതമാനത്തിൽ അധികരിക്കാത്ത ഓഹരിയും വഴി 10 കോടി രൂപ മൂലധനമായി സമാഹരിച്ചാണ് കമ്പനി പ്രവർത്തിക്കുക.

**തിരുവനന്തപുരം ജില്ലയിലെ ഹോർട്ടികോർപ് സ്ഥാപനങ്ങൾ**

71(1768) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന ഹോർട്ടികോർപ്പ് സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

തിരുവനന്തപുരം ജില്ലയിലെ പൂജപ്പുര ഉദയഗിരിയിൽ ഹോർട്ടികോർപ്പിന്റെ ഹെഡ് ഓഫീസും കാർഷിക വികസന കർഷകക്ഷേമ

വകുപ്പിന്റെ കീഴിലുള്ള ആനയറ മൊത്തവ്യാപാര വിപണിയിൽ തിരുവനന്തപുരം ജില്ല സംഭരണ വിതരണ കേന്ദ്രവും പ്രവർത്തിച്ചുവരുന്നുണ്ട്. കർഷകർ ഉൽപ്പാദിപ്പിക്കുന്ന പഴം-പച്ചക്കറികളുടെ സംസ്കരണത്തിനായി ഒരു പ്രൈമറി പ്രോസസ്സിംഗ് യൂണിറ്റും ജില്ലാ സംഭരണ കേന്ദ്രത്തിൽ പ്രവർത്തിക്കുന്നു. ഇതുകൂടാതെ, തിരുവനന്തപുരം ജില്ലയിൽ ഹോർട്ടികോർപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 19 സ്വന്തം സ്റ്റാളുകളും ഫ്രാഞ്ചൈസി വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന 67 ലൈസൻസി സ്റ്റാളുകളും നിലവിലുണ്ട്. ഹോർട്ടികോർപ്പിന്റെ നേരിട്ട് നിയന്ത്രണത്തിലുള്ള പാളയം സസ്യ സൂപ്പർ മാർക്കറ്റിൽ പ്രീമിയം സ്റ്റാളും പ്രവർത്തിച്ചുവരുന്നു.

(ബി) 2022-23 വർഷം ഹോർട്ടികോർപ്പ് വഴി തിരുവനന്തപുരം ജില്ലയിൽ സംഭരിച്ച കാർഷിക ഉൽപ്പന്നങ്ങളുടെ വിവരം നൽകാമോ?

2022-23 വർഷം കർഷകർ, കർഷക കൂട്ടായ്മകൾ, ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികൾ എന്നിവിടങ്ങളിൽനിന്നും 1156 ടൺ പച്ചക്കറികൾ സംഭരിച്ച് തിരുവനന്തപുരം ജില്ലാ സംഭരണ കേന്ദ്രം മുഖേന വിപണനം നടത്തിയിട്ടുണ്ട്. വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കടാശ്വാസ തുക വിതരണം ചെയ്യാൻ നടപടി**

72(1769) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷന്റെ ഉത്തരവുപ്രകാരം കടാശ്വാസ തുക വിതരണം ചെയ്യുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര കോടി രൂപ കടാശ്വാസമായി വിതരണം ചെയ്തിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

കടാശ്വാസ തുക വിതരണം ചെയ്യുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷം 4353 അവാർഡുകൾക്കായി 34.90 കോടി രൂപ അനുവദിക്കുകയും ആയത് ബന്ധപ്പെട്ട സംഘങ്ങൾക്ക്/ബാങ്കുകൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) കർഷക കടാശ്വാസ കമ്മീഷൻ ഉത്തരവുകളിന്മേൽ തുടർനടപടി സ്വീകരിച്ച് ധനസഹായം ലഭ്യമാക്കുന്നതിൽ സഹകരണ വകുപ്പിനുണ്ടാകുന്ന

കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം ഒഴിവാക്കുന്നതിനായി വെരിഫിക്കേഷൻ പൂർത്തിയാകാത്ത കേസുകളിൽ വെരിഫിക്കേഷന് മുൻപായി കടാശ്വാസ തുക വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കമ്മീഷൻ ഉത്തരവുകൾ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് വെരിഫിക്കേഷൻ നടപടികൾ പൂർത്തിയാകുന്നതിന് മുൻപുതന്നെ കടാശ്വാസ തുക വിതരണം ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (02-05-2023-ലെ സ.ഉ.(സാധാ)നം. 413/2023/AGRI ).+

**ചാലക്കുടിയിലെ പറയൻതോട് സംരക്ഷണ പദ്ധതി**

73(1770) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിലെ പ്രധാന ജലസ്രോതസ്സായ പറയൻതോട് സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനായി കെ.എൽ.ഡി.സി. പദ്ധതി സമർപ്പിച്ചിട്ടുണ്ടോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

(എ-സി) ചാലക്കുടി നിയോജകമണ്ഡലത്തിലെ പറയൻതോട് സംരക്ഷണത്തിനായി കെ.എൽ.ഡി.സി. 10.94 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ പരിമിതി കാരണം ആർ.ഐ.ഡി.എഫ് ട്രാഞ്ചെ XXIX-ൽ മേൽ പദ്ധതി ഉൾപ്പെടുത്തിയിട്ടില്ല.

**പാറശ്ശാല മണ്ഡലത്തിൽ കാർഷികോൽപന്നങ്ങളുടെ മൂല്യവർദ്ധനവിന് നടപ്പാക്കുന്ന പദ്ധതികൾ**

74(1771) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാറശ്ശാല മണ്ഡലത്തിൽ കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം (എസ്.എഫ്.എ.സി.) വഴി എന്തെങ്കിലും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാന കൃഷി വകുപ്പിനുകീഴിലുള്ള ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം (എസ്.എഫ്.എ.സി) വഴി പാറശ്ശാല മണ്ഡലത്തിൽ ആർ.കെ.വി.വൈ പദ്ധതി പ്രകാരം 2 കർഷക ഉൽപ്പാദക സംഘടനകളാണ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നത്. അവയുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1. പാറശ്ശാല ബനാന എക്സ്പോർട്ട് എഫ്.പി.സി
2. ദീനദയാൽ എഫ്.പി.സി

കമ്പനി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഈ എഫ്.പി.ഒ പാറശ്ശാല ബ്ലോക്കിലെ കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി SFAC-യുടെ നേതൃത്വത്തിൽ നിർവ്വഹണ ഏജൻസിയായി പ്രവർത്തിച്ചുവരുന്നു. പ്രസ്തുത ഫാർമർ പ്രൊഡ്യൂസർ കമ്പനി വഴി നേന്ത്രൻ ഇനങ്ങളിൽനിന്നും ബനാന ചിപ്സ്, ഹെൽത്ത് മിക്സ്, ബനാന ഫിഗ് എന്നിവയും സൗന്ദര്യ വർദ്ധക ഉൽപ്പന്നങ്ങളായ ബനാന സോപ്പ്,

ഷാംപൂ, ലിപ് ബാം, കണ്ടീഷണർ തുടങ്ങിയവും ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതും ആയതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ദീനദയാൽ എഫ്.പി.സി. നാളികേരത്തിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കിവരുന്നു.

പാറശാല ബനാന എക്സ്പോർട്ട് എഫ്.പി.സി, ദീനദയാൽ എഫ്.പി.സി. എന്നിവയ്ക്ക് എസ്.എഫ്.എ.സി. വഴി നൽകിയ ധനസഹായം ചുവടെ കൊടുക്കുന്നു.

**പാറശ്ശാല ബനാന എക്സ്പോർട്ട് എഫ്.പി.സി**

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | രജിസ്ട്രേഷൻ കോസ്റ്റ് | 40,000 |
| 2 | എഫ്.പി.ഒ. ഇക്വിറ്റി സപ്പോർട്ട് | 2,50,000 |
| 3 | സി.ഇ.ഒ. സാലറി | 1,77,000 |
| | **ആകെ** | **4,67,000** |

**ദീനദയാൽ എഫ്.പി.സി**

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | വാടക, ഇലക്ട്രിസിറ്റി, | 40,000 |

| | | |
|---|---|---|
| | കമ്മ്യൂണിക്കേഷൻ | |
| 2 | എഫ്.പി.ഒ. ഇക്യൂറ്റി സപ്പോർട്ട് | 2,50,000 |
| 3 | സി.ഇ.ഒ. സാലറി | 90,000 |
| 4 | മൈനർ എക്യൂപ്മെന്റ്സ്, ഓഫീസ് ഫർണിച്ചർ | 1,00,000 |
| | **ആകെ** | **4,80,000** |

(ബി) പ്രസ്തുത മണ്ഡലത്തിൽ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എൽ.ഡി.സി.) മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

പാറശ്ശാല മണ്ഡലത്തിൽ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എൽ.ഡി.സി) മുഖേന RIDF XXVI പദ്ധതിയിൽ ഉൾപ്പെടുത്തി 31,70,118/- രൂപ അടങ്കൽ തുകയിൽ കൊല്ലയിൽ പഞ്ചായത്തിലെ ആയിരവല്ലി കുളത്തിന്റെ നവീകരണ പ്രവൃത്തികൾ നടന്നുവരുന്നു. ആയത് പൂർത്തീകരണാവസ്ഥയിലാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന ഏതൊക്കെ പദ്ധതികൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്; പദ്ധതികളുടെ പേര്, തുക, എത്ര പേർക്ക് ഇത്

പ്രയോജനം ചെയ്തു എന്നുള്ള വിവരങ്ങൾ കൃഷി ഭവൻ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**പുതുക്കാട് മണ്ഡലത്തിലെ സ്മാർട്ട് കൃഷി ഭവനുകൾ**

75(1772) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ കൃഷി ഭവനുകൾ സ്മാർട്ട് കൃഷി ഭവനുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം കൃഷി ഭവനുകളാണ് സ്മാർട്ട് കൃഷി ഭവനുകളാക്കി നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

(എ&ബി) സംസ്ഥാനത്തെ എല്ലാ കൃഷി ഭവനുകളെയും സ്മാർട്ട് കൃഷി ഭവനാക്കുക എന്ന ലക്ഷ്യം മുൻനിർത്തി ആദ്യ ഘട്ടത്തിൽ നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ ഓരോ കൃഷി ഭവനെ വീതം ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ സ്മാർട്ട് കൃഷി ഭവനുകളാക്കാൻ തീരുമാനിച്ചിട്ടുണ്ട്. തൃശ്ശൂർ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രിൻസിപ്പൽ കൃഷി ഓഫീസർ ലഭ്യമാക്കിയിട്ടുള്ള പട്ടികയിൽ പുതുക്കാട് നിയോജക മണ്ഡലത്തിൽനിന്നും മറ്റത്തൂർ കൃഷിഭവനെയാണ് സ്മാർട്ട് കൃഷി ഭവനാക്കുന്നതിനായി ശിപാർശ ചെയ്തിട്ടുള്ളത്.

**വടക്കാഞ്ചേരി മണ്ഡലത്തിലെ വിവിധ കൃഷി ഭവനകളുടെ അടിസ്ഥാന സൗകര്യ വികസനം**

76(1773) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി മണ്ഡലത്തിൽ 2023-24 കാലയളവിൽ വിവിധ കൃഷി ഭവനകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പാക്കുന്ന പദ്ധതികളും അവയ്ക്കായി വകയിരുത്തിയ പദ്ധതി വിഹിതവും പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കാമോ?

വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ സ്മാർട്ട് കൃഷി ഭവൻ സ്ഥാപിക്കുന്നതിന് വടക്കാഞ്ചേരി കൃഷിഭവൻ തെരഞ്ഞെടുത്ത് 2022-2023

സാമ്പത്തിക വർഷത്തിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ 27 പദ്ധതിയിൽ 08-04-2022-ലെ സ.ഉ(സാധാ)296/2022 നമ്പർ ഉത്തരവുപ്രകാരം 213.70 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവ്വഹണ ചുമതല കെ.എൽ.ഡി.സി-ക്കാണ്. ഈ പദ്ധതിയുടെ കെട്ടിട നിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും കരാറുകാരൻ 13-04-2023-ൽ എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. കൃഷി ഭവന്റെ പ്രവർത്തനം മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റിക്കൊണ്ട് നിലവിലെ കൃഷി ഭവൻ പൊളിച്ചുനീക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ കൃഷി ഭവൻ മാറ്റുന്നതുമായി ബന്ധപ്പെട്ട് വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയുടെ തീരുമാനം ലഭിക്കേണ്ടതുണ്ട്.

**കൃഷി വകുപ്പിലെ ഒഴിവുകൾ**

77(1774) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ കൃഷി ഓഫീസർ ഉൾപ്പെടെയുള്ള തസ്തികകളിലേയ്ക്കായി അഡ്വൈസ് മെമ്മോ ലഭിച്ചിട്ടും ജോലി ലഭിക്കാത്ത ഉദ്യോഗാർത്ഥികളുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ എത്ര പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ടെന്നും എപ്പോഴാണ് ശിപാർശ നൽകിയതെന്നും ഇതിൽ എത്ര പേർക്ക് ജോലി കിട്ടിയെന്നും വ്യക്തമാക്കുമോ;

(സി) 2022 മാർച്ച് 26-ന് നടന്ന പി.എസ്.സി. പരീക്ഷയിലെ റാങ്ക് പട്ടികയിൽനിന്ന് എപ്പോഴാണ് നിയമന ശിപാർശ നൽകിയതെന്ന് വ്യക്തമാക്കുമോ?

(എ-സി) 2022 മാർച്ച് 26-ന് നടന്ന പി.എസ്.സി. പരീക്ഷയുടെ അടിസ്ഥാനത്തിൽ 09-02-2023-ൽ നിലവിൽ വന്ന റാങ്ക് പട്ടികയിൽ നിന്നും 10-03-2023 മുതൽ നാളിതുവരെ 253 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി നിയമന ശിപാർശ നൽകിയിരുന്നു. നിയമന ശിപാർശ നൽകിയ ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(ഡി) നിയമന ഉത്തരവ് നൽകിയാൽ എത്ര മാസത്തിനുള്ളിൽ നിയമനം നൽകണമെന്നാണ് പി.എസ്.സി. പറയുന്നതെന്ന് വ്യക്തമാക്കുമോ?

നിയമന ഉത്തരവ് കൈപ്പറ്റിയാലുടൻ ഉദ്യോഗാർത്ഥിക്ക് ജോലിയിൽ പ്രവേശിച്ച് നിയമനം നേടാവുന്നതാണ്.

(ഇ) പഞ്ചായത്ത് തലത്തിലെ കൃഷി ഓഫീസുകളിൽ ഓഫീസർമാരില്ലാത്ത പ്രശ്നം നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; എത്ര കൃഷി ഓഫീസർമാരുടെ ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

പി.എസ്.സി-യിൽനിന്നും നിയമന ശിപാർശ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും കൃഷി ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. സർവീസിൽ പ്രവേശിച്ചതിനുശേഷം വിവിധ ആവശ്യങ്ങൾക്കായി ഉദ്യോഗസ്ഥർ അവധിയിൽ പ്രവേശിച്ചതുമൂലം കൃഷി ഭവനുകളിൽ നിലവിൽ വന്ന ഒഴിവുകൾ അനുബന്ധമായി ചേർക്കുന്നു.+

**കൃഷി ഓഫീസർ തസ്തികയിലെ ഒഴിവുകൾ**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

78(1775) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി ഓഫീസർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ഇതിൽ എത്രയെണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അറിയിക്കാമോ?

പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കൃഷി ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. സർവീസിൽ പ്രവേശിച്ചതിനുശേഷം വിവിധ ആവശ്യങ്ങൾക്കായി ഉദ്യോഗസ്ഥർ അവധിയിൽ പ്രവേശിച്ചതുമൂലം കൃഷിഭവനുകളിൽ നിലവിൽ വന്ന 13 ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) കൃഷി ഓഫീസർ തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഏത് കാലം വരെയുള്ള ഒഴിവുകളാണ് കണക്കാക്കിയിട്ടുള്ളതെന്നും എത്ര ഒഴിവുകളുണ്ടെന്നും വിശദമാക്കാമോ?

ഉണ്ട്. കൃഷി ഓഫീസർ തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ 2026 വരെ കണക്കാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2023 ൽ - 65 ഒഴിവുകൾ

2024 ൽ - 83 ഒഴിവുകൾ

2025 ൽ - 105 ഒഴിവുകൾ

2026 ൽ - 86 ഒഴിവുകൾ

ആകെ - 339

2023-ൽ ആകെ 65 ഒഴിവുകൾ പ്രതീക്ഷിത ഒഴിവുകളായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൃഷി ഓഫീസറിൽനിന്നും കൃഷി അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷൻമൂലം ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**കൃഷി അസിസ്റ്റന്റിന്റെ യോഗ്യതകളിൽ മാറ്റം വരുത്താൻ സ്പെഷ്യൽ റൂൾ**

79(1776) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിലെ ജീവനക്കാരുടെ യോഗ്യതകൾ നിർണ്ണയിച്ചുകൊണ്ടുള്ള സ്പെഷ്യൽ റൂൾ നിലവിലുണ്ടോ; വിശദമാക്കാമോ?

കൃഷി വകുപ്പിലെ സ്റ്റേറ്റ് സർവീസ് ജീവനക്കാരുടെ യോഗ്യതകൾ നിർണ്ണയിച്ചുകൊണ്ടുള്ള സ്പെഷ്യൽ റൂൾ 12-02-2021-ലെ സ.ഉ(കൈ)നം.3/2021/കൃഷി പ്രകാരം നിലവിലുണ്ട്. എന്നാൽ കൃഷി വകുപ്പിലെ നോൺ ഗസറ്റഡ് (സബോർഡിനേറ്റ് സർവീസ്) ജീവനക്കാരുടെ യോഗ്യതകൾ നിർണ്ണയിച്ചുകൊണ്ടുള്ള സ്പെഷ്യൽ റൂൾ പരിശോധന ഘട്ടത്തിലാണ്.

(ബി) കൃഷി അസിസ്റ്റന്റിന്റെ നിലവിലുള്ള യോഗ്യതകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കൃഷി അസിസ്റ്റന്റിന്റെ നിലവിലെ യോഗ്യതകൾ 12-07-2019-ലെ സ.ഉ(കൈ)നം.93/2019/കൃഷി പ്രകാരം ചുവടെ കാണുന്നവയാണ്.

(എ) (i) കേരള കാർഷിക സർവകലാശാലയിൽനിന്നും നൽകപ്പെടുന്ന ഡിപ്ലോമ ഇൻ അഗ്രികൾച്ചർ/ഡിപ്ലോമ ഇൻ ഓർഗാനിക് അഗ്രികൾച്ചർ, ആയതിന്റെ അഭാവത്തിൽ,

(ii) അഗ്രികൾച്ചറിലുള്ള വൊക്കേഷണൽ ഹയർ സെക്കൻഡറി സർട്ടിഫിക്കറ്റ്

(ബി) നല്ല കായിക ശേഷി

(സി) സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്തുകൊണ്ട് കൃഷി അസിസ്റ്റന്റിന്റെ യോഗ്യതകളിൽ മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

കരട് സ്പെഷ്യൽ റൂൾ പരിശോധന ഘട്ടത്തിലാണ്.

**കൃഷി വകുപ്പിൽ ലേബർ ഓഫീസർ നിയമനം**

80(1777) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷി വകുപ്പ് ഡയറക്ടറേറ്റിൽ ലേബർ ഓഫീസർ തസ്തികയിൽ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതിയെന്താണെന്നും നിയമനത്തിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ?

കൃഷി വകുപ്പ് ഡയറക്ടറേറ്റിൽ ലേബർ ഓഫീസർ എന്ന തസ്തിക നിലവിലില്ല. എന്നാൽ ലേബർ വെൽഫെയർ ഓഫീസർ തസ്തിക നിലവിലുണ്ട്. ടി തസ്തികയിലേയ്ക്ക് ഡെപ്യൂട്ടേഷനിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കാൻ കൃഷി ഡയറക്ടർക്ക് നിർദ്ദേശം

നൽകിയിട്ടുണ്ട്. 12-02-2021-ലെ സ.ഉ (അച്ചടി) നമ്പർ.3/2021/കൃഷി പ്രകാരം രൂപീകരിച്ച സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിച്ചിട്ടുള്ള ലേബർ വെൽഫെയർ ഓഫീസർ തസ്തികയിലെ നിയമനത്തിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1) നിശ്ചിത യോഗ്യതയുള്ള വകുപ്പിലെ താഴ്ന്ന ശമ്പള സ്കെയിലുള്ള എല്ലാ കാറ്റഗറികളിലെയും ജീവനക്കാരിൽനിന്നും ബൈട്രാൻസ്ഫർ മുഖേന

2) വകുപ്പിൽ നിശ്ചിത യോഗ്യതയുള്ള ജീവനക്കാർ ഇല്ലെങ്കിൽ നേരിട്ടുള്ള നിയമനം മുഖേന

3) മേൽ ചേർത്തിട്ടുള്ള 1 & 2-ന്റെ അഭാവത്തിൽ ഡെപ്യൂട്ടേഷൻ മുഖേന

നിലവിലെ സ്പെഷ്യൽ റൂൾ പ്രകാരം ലേബർ വെൽഫെയർ ഓഫീസറുടെ തസ്തികമാറ്റ നിയമനത്തിന് ലാസ്റ്റ് ഗ്രേഡ് ഉൾപ്പെടെയുള്ള വിവിധ Non-Gazetted തസ്തികകളിലെ യോഗ്യതയുള്ള ജീവനക്കാർ ഉൾപ്പെടുമെന്നതിനാൽ ഒരു പൊതുമാനദണ്ഡം അടിസ്ഥാനമാക്കി ടി അപേക്ഷകരുടെ സീനിയോറിറ്റി നിശ്ചയിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നും വകുപ്പിലെ ഒന്നാം ഗസറ്റഡ് തസ്തികയ്ക്ക് മുകളിൽ ശമ്പള

സ്കെയിലുള്ള ഒരു പ്രധാന തസ്തികയിലേയ്ക്കുള്ള നിയമനം എന്ന നിലയിൽ പി.എസ്.സി. മുഖേന ഒരു സ്യൂട്ടബിലിറ്റി ടെസ്റ്റ് നടത്തി റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച് നിയമനം നടത്തുന്നത് കൂടുതൽ സുതാര്യവും കുറ്റമറ്റതുമാകുമെന്നുള്ള കൃഷി ഡയറക്ടറുടെ അഭിപ്രായം കണക്കിലെടുത്ത്, സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുന്നതിനാവശ്യമായ പ്രൊപ്പോസൽ ലഭ്യമാക്കാൻ കൃഷി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുന്നതിന് കാലതാമസം ഉണ്ടാകുമെന്നതിനാലും ഫാമുകളിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കേണ്ടത് അനിവാര്യമായതിനാലും അടുത്ത ഒരു വർഷത്തേയ്ക്ക് നിലവിലെ സ്പെഷ്യൽ റൂളിലെ വ്യവസ്ഥകൾ പ്രകാരം, അന്യത്ര സേവന വ്യവസ്ഥയിൽ ലേബർ വെൽഫെയർ ഓഫീസറുടെ സേവനം ഉറപ്പാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**കൃഷി വകുപ്പിലെ ദിവസവേതനത്തിലും കരാറടിസ്ഥാനത്തിലുമുള്ള ജീവനക്കാർ**

81(1778) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷിവകുപ്പ് ഡയറക്ടറേറ്റ്, ജില്ലാ കൃഷി ഓഫീസുകൾ, ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകൾ എന്നിവിടങ്ങളിൽ അഗ്രിക്കൾച്ചർ ടെക്നോളജി മാനേജ്മെന്റ് ഏജൻസി (ആത്മ), സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ (എസ്.എച്ച്.എം), വെജിറ്റബിൾ ഡെവലപ്മെന്റ് പ്രോഗ്രാം (വി.ഡി.പി.), മൊബൈൽ അഗ്രോ ക്ലിനിക്, നാഷണൽ ഇ-ഗവേണൻസ് പ്ലാൻ ഇൻ അഗ്രിക്കൾച്ചർ (എൻ.ഇ.ജി.പി.എ.) എന്നീ പദ്ധതികളിലായി ദിവസ വേതനാടിസ്ഥാനത്തിലും കരാറടിസ്ഥാനത്തിലും എത്ര ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കുമോ?

(1) സമഗ്ര പച്ചക്കറി വികസന പദ്ധതിയിൻ (വി.ഡി.പി.) കീഴിൽ കൃഷി ഡയറക്ടറേറ്റിൽ നാല് പേരും 14 ജില്ലാ കൃഷി ഓഫീസുകളിലും ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളിലുമായി 79 പേരും (ആകെ 83 പേർ) കരാറടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിലവിൽ ജോലി ചെയ്തുവരുന്നു.

(2) അഗ്രിക്കൾച്ചർ ടെക്നോളജി മാനേജ്മെന്റ് ഏജൻസി (ആത്മ) പദ്ധതിയിൽ വിവിധ ഓഫീസുകളിൽ നിലവിൽ ജോലി ചെയ്തുവരുന്ന കരാർ ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ആത്മ പദ്ധതിയിലെ കരാർ ജീവനക്കാരുടെ എണ്ണം

| ഓഫീസ് | സ്റ്റേറ്റ് കോ-ഓർഡിനേറ്റർ | കമ്പ്യൂട്ടർ പ്രോഗ്രാമർ | ബ്ലോക്ക് ടെക്നോളജി മാനേജർ | അസിസ്റ്റന്റ് ടെക്നോളജി മാനേജർ | ആകെ |
|---|---|---|---|---|---|
| കൃഷി ഡയറക്ടറേറ്റ് | 1 | 0 | 0 | 0 | 1 |
| ജില്ലാ കൃഷി ഓഫീസ് | 0 | 14 | 0 | 0 | 14 |
| ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ് | 0 | 0 | 136 | 149 | 285 |
| **ആകെ** | **1** | **14** | **136** | **149** | **300** |

(3) കൃഷി ഡയറക്ടറേറ്റിൽ അഗ്രോ സർവീസ് സെന്റേഴ്സ് & സർവീസ് ഡെലിവറി പദ്ധതിയിൻകീഴിൽ കരാർ അടിസ്ഥാനത്തിൽ നിലവിൽ 6 പേർ ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റായി ജോലി നോക്കുന്നു.

(4) കൃഷി വകപ്പ് ഡയറക്ടറേറ്റ്, ജില്ലാ കൃഷി ഓഫീസുകൾ, ബ്ലോക്ക് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകൾ എന്നിവിടങ്ങളിലായി നാഷണൽ ഇ-ഗവേണൻസ് പദ്ധതി പ്രകാരം നിയമിതരായ 162 കരാർ ജീവനക്കാർ ജോലി ചെയ്തുവരുന്നു.

(5) മൊബൈൽ അഗ്രോ ക്ലിനിക്ക് പദ്ധതിയിൽ ദിവസവേതന/കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കരാർ അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ഡ്രൈവർമാരുടെ എണ്ണം -53

ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ഡ്രൈവർമാരുടെ എണ്ണം -1

(6) സംസ്ഥാന ഹോർട്ടികൾച്ചർ മിഷനിൽ നിലവിൽ 14 ജില്ലകളിലും ഹെഡ്ക്വാർട്ടേഴ്സിലുമായി 135 ജീവനക്കാർ വിവിധ തസ്തികകളിൽ കരാറടിസ്ഥാനത്തിൽ ചുവടെ ചേർക്കുംപ്രകാരം ജോലി ചെയ്തുവരുന്നു.

| ക്രമ നം. | കരാർ ജീവനക്കാർ | എണ്ണം |
|---|---|---|
| 1 | ഫീൽഡ് കൺസൾട്ടന്റ് | 14 |
| 2 | ഫീൽഡ് അസിസ്റ്റന്റ് | 95 |
| 3 | ഡ്രൈവർ | 17 |

| | | |
|---|---|---|
| 4 | അക്കൗണ്ട്സ് ഓഫീസർ | 1 |
| 5 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് കം ഫ്രണ്ട് ഓഫീസ് മാനേജർ | 1 |
| 6 | കമ്പ്യൂട്ടർ ഓപ്പറേറ്റർ | 1 |
| 7 | ക്ലർക്ക് | 1 |
| 8 | അറ്റൻഡേഴ്സ് | 5 |
| ആകെ | | 135 |

**ചാത്തന്നൂർ മണ്ഡലത്തിലെ കൃഷിഭവനുകൾ**

82(1779) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ കൃഷി ഭവൻ സ്മാർട്ട് കൃഷിഭവനായി ഉയർത്തുന്നതിനുള്ള നടപടികളുടെ നിലവിലെ പുരോഗതി അറിയിക്കാമോ?

സംസ്ഥാന വാർഷിക പദ്ധതിയിലുൾപ്പെടുത്തി ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പരവൂർ കൃഷി ഭവൻ സ്മാർട്ട് കൃഷിഭവനായി ഉയർത്തുന്നതിലേയ്ക്കായി പരവൂർ കൃഷി ഭവൻ പ്രവർത്തിച്ചുവന്നിരുന്ന പഴയ കെട്ടിടം പൂർണ്ണമായും പൊളിച്ചുനീക്കുകയും പുതിയ കെട്ടിടത്തിന്റെ

നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഒരു വർഷത്തിനുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി) പ്രസ്തുത മണ്ഡലത്തിലെ മുഴുവൻ കൃഷി ഭവനുകളും അക്രെഡിറ്റേഷൻ നിലവാരത്തിലേയ്ക്കുയർത്തുന്നതിനുള്ള ഭരണാനുമതിക്കായി കൊല്ലം പ്രിൻസിപ്പൽ കൃഷി ഓഫീസർ തയാറാക്കി സമർപ്പിച്ച പദ്ധതിയും എസ്റ്റിമേറ്റും (ഫയൽ നം. റ്റി.എ-1-6372/21) സംബന്ധിച്ച തുടർ നടപടികളിലെ പുരോഗതി വ്യക്തമാക്കുമോ?

പ്രസ്തുത മണ്ഡലത്തിലെ മുഴുവൻ കൃഷി ഭവനുകളും അക്രെഡിറ്റേഷൻ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള ഭരണാനുമതിക്കായി കൊല്ലം പ്രിൻസിപ്പൽ കൃഷി ഓഫീസർ 21-08-2023-ൽ പൊതുമരാമത്ത് വകുപ്പിൽ നിന്നുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

**ഹരിതം ഹരിപ്പാട് പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ**

83(1780) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതം ഹരിപ്പാട് പദ്ധതിയുടെ രണ്ടാം ഘട്ടത്തിനുള്ള പ്രത്യേക പ്രോജക്ട് ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഹരിതം ഹരിപ്പാടിന്റെ രണ്ടാം ഘട്ട പ്രോജക്ടിന്റെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; ആദ്യഘട്ടത്തിന് സമാനമായ രീതിയിൽ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കും പ്രത്യേക നോഡൽ ഓഫീസറെ നിയോഗിക്കുമോ എന്ന കാര്യം വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. ഹരിതം ഹരിപ്പാട് രണ്ടാം ഘട്ട പ്രവൃത്തികൾക്കായി ആർ.കെ.വി.വൈ 2022-23 സ്കീമിൽ ഉൾപ്പെടുത്തി ഹരിപ്പാട് മുനിസിപ്പാലിറ്റിയിലെ വഴുതാനം പടിഞ്ഞാറ്-തെക്ക് പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾക്കായി കെ.എൽ.ഡി.സി. തയ്യാറാക്കിയ 152.68 ലക്ഷം രൂപയുടെ ഡി.പി.ആർ. പരിശോധിച്ചുവരുന്നു. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തേണ്ട പ്രവൃത്തികൾ സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് പദ്ധതി

തയ്യാറാക്കുന്നതാണ്. രണ്ടാം ഘട്ടത്തിൽ പദ്ധതിക്കായി നോഡൽ ഓഫീസറെ നിയോഗിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**വൈറ്റില കൃഷിഭവനിലെ എൽ.എൽ.എം.സി., കാർഷിക വികസന സമിതി എന്നിവയുടെ രൂപീകരണം**

84(1781) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മണ്ഡലത്തിലെ വൈറ്റില കൃഷിഭവനിൽ ലോക്കൽ ലെവൽ മോണിറ്ററിംഗ് കമ്മിറ്റി (എൽ.എൽ.എം.സി), കാർഷിക വികസന സമിതി എന്നിവ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് രൂപീകരിച്ചതെന്നും ആരെല്ലാമാണ് ഈ സമിതികളിലെ അംഗങ്ങളെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

തൃക്കാക്കര മണ്ഡലത്തിലെ വൈറ്റില കൃഷിഭവനിൽ ലോക്കൽ ലെവൽ മോണിറ്ററിംഗ് കമ്മിറ്റി (LLMC) 04/2018-ൽ രൂപീകരിച്ചിട്ടുള്ളതാണ്. സമിതിയിലെ അംഗങ്ങൾ

(1) ഒ.ഡി. ആൽബർട്ട്, ഊട്ടുപുരയ്ക്കൽ ഹൗസ്, തേവര, കൊച്ചി -3

(2) ജോർജ് കെ. എ., 43/4031, കളത്തിപ്പറമ്പിൽ, അപ്പോളോ റോഡ്, പാലാരിവട്ടം, തമ്മനം. പി.ഒ.

(3) എം. കെ. പ്രസാദ്, മുട്ടത്തിൽ ഹൗസ്, ലിസ്സി ഹോസ്പിറ്റൽ റോഡ്, കൊച്ചി -18 എന്നിവരാണ്.

വൈറ്റില കൃഷിഭവനിൽ കാർഷിക വികസന സമിതി (ADC) 28-06-2018-ൽ രൂപീകരിച്ചിട്ടുള്ളതാണ്. ആയതിന്റെ കാലാവധി കഴിഞ്ഞമുറയ്ക്ക് 18-08-2023-ന് പുനഃസംഘടിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഈ സമിതിയിലെ അംഗങ്ങളുടെ ലിസ്റ്റ്:

1. കോർപ്പറേഷൻ മേയർ - അഡ്വ. എം. അനിൽകുമാർ

2. സ്ഥലം എം.എൽ.എ.- ശ്രീ. ടി. ജെ. വിനോദ്, ശ്രീമതി ഉമാ തോമസ്, ശ്രീ. കെ. ജെ. മാക്സി

3. ഡെപ്യൂട്ടി മേയർ - ശ്രീമതി കെ. എ. അൻസിയ

4. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ – ശ്രീ. പി. ആർ. റെനീഷ്

5. പ്രിൻസിപ്പൽ കൃഷി ഓഫീസർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വനിതാ കർഷക - ശ്രീമതി സുനിത ജോയ്

6. പ്രിൻസിപ്പൽ കൃഷി ഓഫീസർ നാമനിർദ്ദേശം ചെയ്യുന്ന പട്ടികജാതി/ പട്ടികവർഗ്ഗ കർഷകൻ/കർഷക -ശ്രീമതി ഷിഞ്ചു

7. അംഗീകൃത കർഷക തൊഴിലാളി സംഘടന പ്രതിനിധികൾ

a. KSKTU - ശ്രീ. സി. ടി. വർഗീസ്

b. CPI - ശ്രീ. നൗഷാദ് എ. എച്ച്.

c. INTUC - ശ്രീ. ഷൈജു കേളന്തറ

d. മുസ്ലിം ലീഗ് - ശ്രീ. കെ. എ. പരീത്

e. RSP - ശ്രീ. നാസർ

8. കർഷക പ്രതിനിധികൾ

a. കിസാൻ സഭ – സി. സി. സിദ്ധാർഥൻ

b. കർഷക സംഘം (CPM) - ശ്രീ. ഷാഹുൽ ഹമീദ്

c. കർഷക കോൺഗ്രസ് - ശ്രീ. ആൽബർട്ട് അമ്പലത്തിങ്കൽ

9. പ്രിൻസിപ്പൽ കൃഷി ഓഫീസർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് കർഷക പ്രതിനിധികൾ

ശ്രീ. ജെയിംസ് വി. എ.,

ശ്രീ. അനിജോ പോൾ,

ശ്രീ. ജോസഫ് എഡ്വിൻ

10. കേരള നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ ഓരോ പ്രതിനിധികൾ

CPI (M ) - ശ്രീ. അജേഷ് കെ. അശോകൻ

CPI – ശ്രീ. സി. എ. ഷക്കീർ, ചെട്ടിപ്പറമ്പിൽ ഹൗസ്, ദേശാഭിമാനി റോഡ്, കലൂർ

ഇന്ത്യൻ നാഷണൽ കോൺഗ്രസ് - ശ്രീ. ഡേവിഡ് പറമ്പിത്തറ

ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് - ശ്രീ. മുഹമ്മദ് കമറാൻ

കേരള കോൺഗ്രസ് (എം) - ശ്രീ. ജോൺസൺ ലോപ്പസ്, തുണ്ടിപ്പറമ്പിൽ വീട്, പീപ്പിൾസ് റോഡ്, വടുതല

കോൺഗ്രസ് (ജോസഫ്) - ശ്രീ. ജോബ് പുത്തരിക്കൽ

ആർ.എസ്.പി. - അഡ്വ. ജെ. കൃഷ്ണകുമാർ, ആർ.എസ്.പി. മണ്ഡലം സെക്രട്ടറി, ആസാദ് റോഡ്, കലൂർ

ജനതാദൾ (S) – ശ്രീ. ഷാജൻ ആന്റണി, ചിറ്റേഴത്ത് വീട്, കതൃക്കടവ്

11. പ്രാഥമിക സഹകരണ ബാങ്ക്/വാണിജ്യ ബാങ്ക്/കാർഷിക വികസന ബാങ്ക് പ്രതിനിധി

12. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, KSEB, കൊച്ചിൻ കോർപ്പറേഷൻ

13. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ, കൊച്ചിൻ കോർപ്പറേഷൻ

14. കോർപ്പറേഷൻ വെറ്ററിനറി സർജൻ

15. മണ്ണ് സംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥൻ, കൊച്ചിൻ കോർപ്പറേഷൻ

16. പ്രാദേശിക ക്ഷീര വികസന ഉദ്യോഗസ്ഥൻ

17. കൃഷി ഡെപ്യൂട്ടി ഡയറക്ടർ/കാർഷിക പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ

18. കേര കർഷക സംഘം പ്രതിനിധി (പ്രവർത്തനമുള്ള സ്ഥലങ്ങളിൽ നിന്ന്)

19. കൃഷി ഫീൽഡ് ഓഫീസർ (കൺവീനർ)

20. കൃഷി അസിസ്റ്റന്റ് ഡയറക്ടർ, വൈറ്റില- ശ്രീമതി സിന്ധു പി. ജോസഫ്

21. CDS ചെയർപേഴ്സൺ-ശ്രീമതി ലത ബാബു, ശ്രീമതി നബീസ ലത്തീഫ്, ശ്രീമതി മിനി

22. VFPCK, ഹോർട്ടികോർപ് എന്നിവയുടെ ഓരോ പ്രതിനിധി - (പ്രവർത്തനമുള്ള സ്ഥലങ്ങളിൽ മാത്രം)

(ബി) പ്രസ്തുത സമിതികളുടെ കഴിഞ്ഞ ആറുമാസങ്ങളിലെ മീറ്റിംഗുകളുടെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പകർപ്പ് അനുബന്ധം (A) ആയി ഉള്ളടക്കം ചെയ്യുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത സമിതികൾ രൂപീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്തെന്ന് വിശദമാക്കാമോ; പ്രസ്തുത സമിതികൾ അടിയന്തരമായി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ചോദ്യം ഉദിക്കുന്നില്ല.

**ഞങ്ങളും കൃഷിയിലേയ്ക്ക് പദ്ധതി**

85(1782) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതി പ്രകാരം കുറ്റ്യാടി മണ്ഡലത്തിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന കാമ്പയിന്റെ ഭാഗമായാണ് 'പച്ചക്കറി വികസന പദ്ധതി 2023-24'-ന്റെ എല്ലാ ഘടകങ്ങളും നിലവിൽ നടപ്പാക്കിവരുന്നത്. ആയതനുസരിച്ച് കുറ്റ്യാടി നിയോജക മണ്ഡലത്തിൽ ഈ സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ താഴെകൊടുക്കുന്നു.

1. <u>ഓണത്തിന് ഒരു മുറം പച്ചക്കറി</u>

'ഓണത്തിന് ഒരു മുറം പച്ചക്കറി'-യുടെ ഭാഗമായി മണ്ഡലത്തിലെ എല്ലാ കൃഷി ഭവനുകൾ മുഖാന്തരവും 10 രൂപ വില വരുന്ന 2450 എണ്ണം വീതം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 2.50 രൂപ വിലവരുന്ന 8650 വീതം പച്ചക്കറി തൈകളും 15 രൂപ വിലവരുന്ന 170 എണ്ണം വീതം ദീർഘകാല പച്ചക്കറി തൈകളും സൗജന്യമായി വിതരണം ചെയ്തുവരുന്നു.

2. <u>സങ്കരയിനം പച്ചക്കറി വിത്ത് പായ്ക്കറ്റുകളുടെ വിതരണം</u>

മണ്ഡലത്തിലെ കൃഷി ഭവനുകളിലൂടെ 25 രൂപ വില വരുന്ന സങ്കരയിനം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ ആവശ്യക്കാരായ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്യുന്നു. ഓരോ കൃഷി ഭവനുകളിലും 1850 എണ്ണം പച്ചക്കറി വിത്ത് പായ്ക്കറ്റുകളാണ് വിതരണം ചെയ്യുന്നത്.

3. <u>അത്യുല്പാദനശേഷിയുള്ള പച്ചക്കറി തൈകളുടെ വിതരണം</u>

മണ്ഡലത്തിലെ എല്ലാ കൃഷിഭവനുകൾ വഴിയും 3 രൂപ വില വരുന്ന അത്യുല്പാദനശേഷിയുള്ള പച്ചക്കറി തൈകൾ ആവശ്യക്കാർക്ക് സൗജന്യമായി വിതരണം ചെയ്യുന്നു. ഓരോ കൃഷി ഭവനുകളിലും

അത്യുല്പാദനശേഷിയുള്ള 12300 എണ്ണം പച്ചക്കറി തൈകളാണ് വിതരണം ചെയ്യുന്നത്.

**വൈപ്പിൻ മണ്ഡലത്തിൽ ജൈവ വൈപ്പിൻ പദ്ധതി**

86(1783) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈപ്പിൻ മണ്ഡലത്തിൽ നബാർഡ് ധനസഹായത്തോടെ മുപ്പത്തിനാല് കോടി രൂപ അനുവദിച്ചിരുന്ന ജൈവ വൈപ്പിൻ പദ്ധതി മഹാപ്രളയം, കോവിഡ്, സി.ആർ.ഇസഡ്.-ന് ക്ലിയറൻസ് ലഭിക്കുന്നതിൽ നേരിട്ട കാലതാമസം എന്നിവ കാരണം ലാപ്സായതിനാൽ പദ്ധതിയുടെ ആവശ്യകതയും പ്രാധാന്യവും കണക്കിലെടുത്ത് നബാർഡിന്റെ അടുത്ത പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ജൈവ വൈപ്പിൻ പദ്ധതിയിൽ ഉൾപ്പെട്ടതും പൂർത്തീകരിക്കാനുള്ളതുമായ "Deepening and Desilting in Jaiva Vypin Area"എന്ന പദ്ധതി നബാർഡിന്റെ അടുത്ത ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിന് പ്രാരംഭ ചർച്ചകൾ നടത്തിയെങ്കിലും പ്രസ്തുത പദ്ധതി നിലവിലെ രൂപത്തിൽ

ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്താൻ നിർവ്വാഹമില്ലെന്ന് നബാർഡ് അറിയിച്ചിട്ടുണ്ട്. അതിനാൽ പദ്ധതിയുമായി ബന്ധപ്പെട്ട തടസ്സങ്ങൾ നീക്കി ലഭ്യമാകുന്ന ഇതര ഫണ്ട് സ്രോതസ്സ് ഏതെന്ന് പരിശോധിക്കാൻ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കുട്ടനാട്ടിലെ പാടശേഖരങ്ങളിലെ മടവീഴ്ച തടയൽ**

87(1784) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ മടവീഴ്ച തടയാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

മടവീഴ്ച തടയാൻ പുറം ബണ്ടുകൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ ആർ.ഐ.ഡി.എഫ് പദ്ധതിയിൽ കാവാലം കൃഷി ഭവൻ പരിധിയിൽവരുന്ന രാജരാമപുരം കായൽ പാടശേഖരം, കൈനകരി കൃഷിഭവൻ പരിധിയിലെ ഉമ്പുക്കാട്ടുശ്ശേരി, തകഴി കൃഷിഭവൻ പരിധിയിലെ തെക്കേ മുന്നൂറ്, തലവടി കൃഷിഭവൻ പരിധിയിലെ മകരച്ചാലിൽ എന്നിവിടങ്ങളിൽ പ്രവൃത്തി നടന്നുവരുന്നു. ദുർബലമായ പുറം

ബണ്ടുകളുള്ളവയും വർഷകാല കൃഷി നടത്തുന്നവയും കായലിൽനിന്നുള്ള വേലിയേറ്റ ഇറക്കങ്ങൾ നേരിട്ട് ബാധിക്കുന്നവയുമായ പാടശേഖരങ്ങൾക്കായി പുറം ബണ്ട് നിർമ്മിക്കുന്നതിലൂടെ ഒരു പരിധിവരെ മടവീഴ്ച തടയാൻ സാധിക്കുന്നതാണ്.

(ബി) മടവീഴ്ച സംഭവിച്ച പാടശേഖരങ്ങളിൽ വീണ്ടും കൃഷി ഇറക്കുന്നതിനായി മടകുത്തുന്നതിന് പാടശേഖര സമിതികൾ ചെലവാക്കുന്ന തുക തിരികെ നൽകുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പാടശേഖര സമിതികൾ മട കുത്തിയതിന്റെ വാല്യുവേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) തയ്യാറാക്കുകയും ആയത് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് സമർപ്പിക്കുകയും എസ്.ഡി.ആർ.എഫ്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പാടശേഖര സമിതികൾക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ മുഖേന തുക അനുവദിച്ചുനൽകുകയുമാണ് ചെയ്തുവരുന്നത്.

(സി) പമ്പിംഗ് സബ്സിഡി, നെല്ല് ഉൽപ്പാദനത്തിന് പ്രോത്സാഹനമായ മറ്റ് സഹായങ്ങൾ എന്നിവ യഥാസമയം നൽകുന്നതിനും

നെൽകൃഷി സംരക്ഷിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

പമ്പിംഗ് സബ്സിഡി, ഉൽപ്പാദന ബോണസ്, നെൽകൃഷി വികസനത്തിനുള്ള പദ്ധതികൾ എന്നിവ ഓരോ കൃഷി സീസണിലെയും ആകെ കൃഷി ചെയ്ത വിസ്തൃതിയുടെ അടിസ്ഥാനത്തിൽ യഥാക്രമം പുഞ്ച സ്പെഷ്യൽ ഓഫീസ്, കൃഷി ഭവനുകൾ എന്നിവ മുഖേന കർഷകർക്ക് നൽകുന്നു. സുസ്ഥിര നെൽകൃഷി പദ്ധതി, മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലന പദ്ധതി, പ്രത്യേക നെൽകൃഷി ഇനങ്ങളുടെ കൃഷി വർദ്ധിപ്പിക്കൽ, തരിശുനില നെൽകൃഷി, ഗ്രൂപ്പ് ഫാമിംഗ് സമിതി മുഖേനയുള്ള പ്രവർത്തനങ്ങൾ, നെൽകൃഷി ഉൽപ്പാദന ബോണസ് തുടങ്ങിയ നെൽകൃഷി പ്രോത്സാഹനത്തിനുള്ള സഹായങ്ങൾ യഥാസമയം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നെൽകൃഷി സംരക്ഷിക്കുന്നതിനും നെൽവയലുകൾ തരം മാറ്റുന്നത് നിരുത്സാഹപ്പെടുത്തുന്നത് തടയുന്നതിനുമായി ഹെക്ടറിന് 3000 രൂപ നിരക്കിൽ നെൽവയൽ ഉടമകൾക്ക് റോയൽറ്റിയും നൽകുന്നുണ്ട്.

**ആലത്തൂർ കൃഷി ഭവന്റെ നവീകരണം**

88(1785) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ ആലത്തൂർ കൃഷി ഭവന്റെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത കൃഷി ഭവൻ സ്മാർട്ടാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നീണ്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ-സി) നബാർഡിന്റെ സാമ്പത്തിക സഹായത്തോടുകൂടി നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXIX പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് കൃഷിഭവൻ നിർമ്മിക്കുന്നതിനായി പ്രൊപ്പോസൽ നബാർഡിന് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## ആനയറയിലെ അഗ്രികൾച്ചറൽ അർബൻ ഹോൾസെയിൽ മാർക്കറ്റിന്റെ പ്രവർത്തനം

89(1786) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനയറ വേൾഡ് മാർക്കറ്റിൽ പ്രവർത്തിക്കുന്ന അഗ്രികൾച്ചറൽ അർബൻ ഹോൾസെയിൽ മാർക്കറ്റിൽ 2021-2023 കാലഘട്ടത്തിൽ നിയമിതരായിട്ടുള്ള ജീവനക്കാരുടെ വിശദാംശം, ഇവരുടെ നിയമന രീതി, സംവരണ മാനദണ്ഡങ്ങൾ എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ?

2021-2023 കാലഘട്ടത്തിൽ ചുവടെപ്പറയുന്ന ഉദ്യോഗസ്ഥർ ആനയറ കാർഷിക നഗര മൊത്ത വ്യാപാര വിപണിലേയ്ക്ക് സ്ഥലം മാറ്റം ലഭിച്ച് സേവനത്തിൽ പ്രവേശിച്ചിട്ടുണ്ട്.

1. ശ്രീമതി റോസലിൻഡ് ആർ.എസ്., സെക്രട്ടറി
2. ശ്രീമതി മായാ ബിജു, ജൂനിയർ സൂപ്രണ്ട് /അക്കൗണ്ടന്റ്

മേൽപരാമർശിത ഉദ്യോഗസ്ഥർ കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ ജീവനക്കാരും ആനയറ മൊത്ത വ്യാപാര വിപണിയിലേയ്ക്ക് സ്ഥലം മാറ്റം ലഭിച്ച് വന്നവരുമാണ്.

(ബി) പ്രസ്തുത ജീവനക്കാരുടെ നിയമനത്തിനായി പത്ര പരസ്യമോ നോട്ടിഫിക്കേഷനോ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ?

ബാധകമല്ല

(സി) അർബൻ ഹോൾസെയിൽ മാർക്കറ്റിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളുടെ വിശദാംശങ്ങൾ നൽകാമോ; 2021-2023 കാലഘട്ടത്തിൽ പ്രസ്തുത അക്കൗണ്ടിൽനിന്നും ചെലവഴിച്ചിട്ടുള്ള തുകയുടെ വിവരങ്ങൾ നൽകാമോ?

ആനയറ അർബൻ ഹോൾസെയിൽ മാർക്കറ്റിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് നമ്പർ | ബാങ്കിന്റെ പേര് | അക്കൗണ്ടിന്റെ ഉദ്ദേശം |
|---|---|---|
| 38042472292 | എസ്.ബി.ഐ., ആനയറ | ഓൺലൈൻ ഇടപാടുകൾക്കായി |
| 023607000050843 | സൗത്ത് ഇന്ത്യൻ ബാങ്ക്, ചാക്ക | ക്രോപ്പ് ബസാർ ഇടപാട് |
| 2769101000093 | കാനറാ ബാങ്ക് | കർഷകർക്കുള്ള പേയ്മെന്റുകൾ |
| 0745104000112431 | ഐ.ഡി.ബി.ഐ. ബാങ്ക്, ഉള്ളൂർ | ഹോർട്ടിക്കോർപ്പ് എക്സ്പോ/ ഫെസ്റ്റ് |

2021-2023 കാലഘട്ടത്തിൽ പ്രസ്തുത ബാങ്ക് അക്കൗണ്ടുകളിൽനിന്നും ചെലവഴിച്ചിട്ടുള്ള തുകയുടെ വിവരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.+

(ഡി) മാർക്കറ്റിന്റെ 2021-2023 കാലഘട്ടത്തിലെ വരവ് ചെലവ് കണക്കുകളുടെ വിശദാംശങ്ങൾ, ഓഡിറ്റ് സ്റ്റേറ്റ്മെന്റ് സഹിതം ലഭ്യമാക്കാമോ?

ആനയറ മാർക്കറ്റിന്റെ 2021-2023 കാലഘട്ടത്തിലെ വരവ് ചെലവ് കണക്കുകളുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.+ പ്രസ്തുത മാർക്കറ്റിൽ 2021-23 കാലഘട്ടത്തിലെ ഓഡിറ്റ് നടപടികൾ പൂർത്തീകരിച്ചിട്ടില്ല.

(ഇ) പ്രസ്തുത മാർക്കറ്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ കൃഷിവകുപ്പ് ഡയറക്ടറേറ്റിലോ സർക്കാരിനോ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതികളിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. ആനയറ മാർക്കറ്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള പരാതികൾ തുടരന്വേഷണത്തിനായി കൃഷി വകുപ്പ് ഡയറക്ടറേറ്റിലെ സ്പെഷ്യൽ വിജിലൻസ് സെല്ലിന് കൈമാറിയിരിക്കുയാണ്.

**തിരുവനന്തപുരം ജില്ലയിലെ സ്മാർട്ട് കൃഷി ഭവൻ പദ്ധതി**

90(1787) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സാമ്പത്തിക വർഷം സ്മാർട്ട് കൃഷി ഭവൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തിരുവനന്തപുരം ജില്ലയിൽനിന്നും സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തിട്ടുള്ള കൃഷി ഭവനുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

ആദ്യഘട്ടത്തിൽ നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ ഓരോ കൃഷി ഭവനെ വീതം ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ സ്മാർട്ട് കൃഷി ഭവനാക്കാൻ തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസർ സ്മാർട്ട് കൃഷി ഭവനാക്കുന്നതിനായി ശിപാർശ ചെയ്തിട്ടുള്ള കൃഷി ഭവനുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | കൃഷി ഭവന്റെ പേര് |
|---|---|---|
| 1 | തിരുവനന്തപുരം | ശ്രീകാര്യം |

| | | |
|---|---|---|
| 2 | തിരുവനന്തപുരം | തിരുവനന്തപുരം കോർപ്പറേഷൻ |
| 3 | തിരുവനന്തപുരം | തിരുവല്ലം |
| 4 | തിരുവനന്തപുരം | പൂവാർ |
| 5 | തിരുവനന്തപുരം | കുടപ്പനക്കുന്ന് |
| 6 | തിരുവനന്തപുരം | പൂവച്ചൽ |
| 7 | തിരുവനന്തപുരം | കാട്ടാക്കട |
| 8 | തിരുവനന്തപുരം | കുന്നത്തുകാൽ |
| 9 | തിരുവനന്തപുരം | പുല്ലമ്പാറ |
| 10 | തിരുവനന്തപുരം | ചെമ്മരുതി |
| 11 | തിരുവനന്തപുരം | മംഗലപുരം |
| 12 | തിരുവനന്തപുരം | കരകുളം |
| 13 | തിരുവനന്തപുരം | നഗരൂർ |
| 14 | തിരുവനന്തപുരം | നെയ്യാറ്റിൻകര മുൻസിപ്പാലിറ്റി |

**കണിയൻ ഉപ്പ് വെള്ള പ്രതിരോധ ബണ്ട് നിർമ്മാണം**

91(1788) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിലെ 150 ഏക്കറിലധികം വരുന്ന നെൽകൃഷിക്ക് പ്രയോജനകരമാകുന്ന കണിയൻ ഉപ്പ് വെള്ള പ്രതിരോധ ബണ്ട് നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോ; അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി നബാർഡ് പദ്ധതിയിലുൾപ്പെടുത്തി ഈ സാമ്പത്തിക വർഷംതന്നെ ഭരണാനുമതി നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) പയ്യന്നൂർ മണ്ഡലത്തിലെ കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിലെ 150 ഏക്കറിലധികംവരുന്ന നെൽകൃഷിക്ക് പ്രയോജനകരമാകുന്ന കണിയൻ ഉപ്പ് വെള്ള പ്രതിരോധ ബണ്ട് നിർമ്മാണത്തിനുവേണ്ടി ഏകദേശം 229 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത പരിശോധിക്കുന്നതാണ്.

**മുതലമട മാംഗോ ഹബ്**

92(1789) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ മുതലമട മാംഗോ ഹബ് തുടങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) മാംഗോ ഹബ്ബിന്റെ പ്രവർത്തനങ്ങൾ എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ&ബി) പാലക്കാട് ജില്ലയിലെ സ്റ്റേറ്റ് സീഡ് ഫാം മുതലമടയിൽ മാംഗോ അഗ്രോ പാർക്ക് എന്ന പദ്ധതി നടപ്പാക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി 'INKEL'-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കിഫ്ബിയുടെ മാനദണ്ഡങ്ങൾ പ്രകാരം വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. നിലവിൽ പ്രസ്തുത പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയുടെ പരിഗണനയിലാണ്.

നിലവിൽ മാംഗോ അഗ്രോ പാർക്കിന്റെ ഭരണനിയന്ത്രണം പുതിയതായി രൂപീകരിച്ച കേരള അഗ്രി ബിസിനസ്സ് കമ്പനിയിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

**മന്ത്രിമന്ദിരങ്ങളിൽ കൃഷി**

93(1790) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 വരെയുള്ള കാലയളവിലും നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയും മന്ത്രിമന്ദിരങ്ങളിൽ കൃഷി ചെയ്യാൻ എത്ര രൂപ ചെലവഴിച്ചു; ഓരോ മന്ത്രിമാരും ഓരോ വർഷവും ആയതിലേയ്ക്ക് ചെലവഴിച്ച തുകയുടെ കണക്ക് വ്യക്തമാക്കാമോ?

2016-17 വരെയുള്ള കാലയളവിലും നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയും മന്ത്രിമന്ദിരങ്ങളിൽ കൃഷി ചെയ്യാൻ ഉപയോഗിച്ച തുകയുടെയും കൃഷി ഭവൻ, ബ്ലോക്ക് തിരിച്ചുള്ള വിവരം അനുബന്ധം -1 ആയി ചേർക്കുന്നു.+

(ബി) ഓരോ മന്ത്രിമാരുടെയും വസതിയിലെ പച്ചക്കറി വിളവെടുപ്പിന്റെ കണക്ക് വ്യക്തമാക്കുമോ?

ഓരോ മന്ത്രിമാരുടെയും വസതിയിലെ പച്ചക്കറി വിളവെടുപ്പിന്റെ കണക്ക് വിവരങ്ങൾ അനുബന്ധം- 2 ആയി ചേർക്കുന്നു.+

**കോഴിക്കോട് വിമാനത്താവളം വഴി പഴം-പച്ചക്കറി കയറ്റുമതി**

94(1791) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പഴം-പച്ചക്കറി വസ്തുക്കൾ കയറ്റുമതിചെയ്യുന്ന കോഴിക്കോട് വിമാനത്താവളത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ കാർഷിക മേഖലയുടെ ഉണർവ്വിന് പ്രത്യേക ശ്രദ്ധ കൃഷി വകുപ്പിൽനിന്നുണ്ടാകുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള, NABARD-RIDF Tranche XXVII-ൽ ഉൾപ്പെടുത്തി കാർഷിക കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിൽ 'Centre for Perishable Cargo'സ്ഥാപിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്.

(ബി) നിലവിൽ പഴം-പച്ചക്കറി കയറ്റുമതിക്കാവശ്യമായ സർട്ടിഫിക്കറ്റ് ഓഫ് കൺഫോർമിറ്റി ലഭിക്കാൻ പഴം പച്ചക്കറികളിൽ വിഷാംശം അടങ്ങിയിട്ടില്ലെന്ന ലാബ് റിപ്പോർട്ട് ആവശ്യമാണെന്നിരിക്കെ ആയതിനുള്ള ലാബ് സൗകര്യം കോഴിക്കോട് ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

അവശിഷ്ട വിഷാംശ പരിശോധന ലാബ് കോഴിക്കോട് വിമാനത്താവളത്തിൽ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ്.

(സി) പ്രസ്തുത വിമാനത്താവളത്തിൽനിന്ന് ഇപ്പോൾ കയറ്റുമതി ചെയ്യുന്ന പഴം-പച്ചക്കറികളിൽ അധികവും ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നതാണെന്നിരിക്കെ കയറ്റുമതി സംഘടനകളുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ കർഷകരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുവേണ്ടി കൃഷിവകുപ്പ് മുഖേന പ്രത്യേക നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കോഴിക്കോട് വിമാനത്താവളത്തിലേയ്ക്ക് ഉൽപ്പന്നങ്ങൾ പ്രധാനമായും എത്തുന്നത് കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ നിന്നാണ്. വി.എഫ്.പി.സി.കെ കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ 3 വീതം (ആകെ6) എഫ്.പി.ഒ.-കൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത എഫ്.പി.ഒ.-കളിലൂടെ ഏകദേശം 1800 കർഷകരെ കയറ്റുമതിക്കായി ശാസ്ത്രീയ കൃഷി പരിപാലന മുറകളിലൂടെ ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ നൽകാൻ പ്രാപ്തരാക്കുന്നു. ഈ

ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട കർഷകർക്കായി 12 ഹെക്ടർ സ്ഥലത്ത് നേന്ത്രവാഴയുടെ കയറ്റുമതി അധിഷ്ഠിത പ്രോട്ടോക്കോളിൽ നിഷ്കർഷിച്ചിരിക്കുന്ന ഉൽപ്പാദനോപാധികൾ പച്ചക്കറി വികസന പദ്ധതിയിലുൾപ്പെടുത്തി വിതരണം ചെയ്തു.

കൂടാതെ, കയറ്റുമതി ശൃംഖലയിലുൾപ്പെടുന്ന ഉൽപ്പാദകർ, കയറ്റുമതിക്കാർ, പായ്ക്ക് ഹൗസ് ഓപ്പറേറ്റർമാർ, ഫ്രെയ്റ്റ് ഫോർവേഡേഴ്സ് മുതലായ വിവിധ സ്റ്റേക്ക് ഹോൾഡേഴ്സിനെ ഉൾപ്പെടുത്തി എക്സ്പോർട്ടേഴ്സ് മീറ്റ് സംഘടിപ്പിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്.

**നെല്ല് സംഭരണ തുകയും വായ്പയും**

95(1792) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ല് സംഭരിച്ച വകയിലുള്ള പണം കർഷകർക്ക് വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ;

(ബി) എങ്കിൽ എന്ന് മുതൽക്കുള്ള പണമാണ് ഇപ്രകാരം കർഷകർക്ക് വിതരണം ചെയ്യാതെ കുടിശ്ശികയായുള്ളത്; ആകെ എത്ര രൂപയാണ്

ഇപ്രകാരം സംസ്ഥാനത്തെ കർഷകർക്കെല്ലാംകൂടി കുടിശ്ശികയായി നൽകാനുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

(എ&ബി) സിവിൽ സപ്ലൈസ് വകുപ്പിൽനിന്ന് ലഭിച്ചിട്ടുള്ള കണക്ക് പ്രകാരം 2022-23 സീസണിൽ നെല്ല് സംഭരിച്ച വകയിൽ 54339 കർഷകർക്ക് 433 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നത് നൽകുന്നതിനായി സർക്കാർ 180 കോടി രൂപ അനുവദിച്ചിരുന്നു. അനുവദിച്ച 180 കോടി രൂപയിൽ 71.29 കോടി രൂപ അൻപതിനായിരം രൂപയിൽ താഴെ കുടിശ്ശികയുണ്ടായിരുന്ന 26548 കർഷകരുടെ മുഴുവൻ കുടിശ്ശിക തുകയും അവരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് വിതരണം ചെയ്തിട്ടുണ്ട്. അൻപതിനായിരം രൂപയ്ക്ക് മുകളിൽ കുടിശ്ശിക നൽകാനുണ്ടായിരുന്ന 27791 കർഷകരുടെ കുടിശ്ശിക തുകയിൽ 7.80 രൂപ നിരക്കിൽ സംസ്ഥാന പ്രോത്സാഹന ബോണസ്, 12 പൈസ നിരക്കിൽ കൈകാര്യ ചെലവ് എന്നിവ ഉൾപ്പെടെ കിലോയ്ക്ക് 7.92 രൂപ നിരക്കിലുള്ള തുക കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകിക്കഴിഞ്ഞു. ഇതിനുശേഷം കിലോയ്ക്ക് 20.40 രൂപ നിരക്കിലുള്ള കുടിശ്ശിക തുക സ്റ്റേറ്റ് ബാങ്ക്, കാനറാ ബാങ്ക് എന്നിവ വഴി

PRS ലോണായി നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ബാങ്കുകൾ വഴി തുക നൽകിവരുന്നു. 08-09-2023 വരെ 15361 കർഷകർക്കായി 137.03 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ബാക്കി രൂപ ബാങ്കുകൾ വിതരണം ചെയ്തുവരുന്നു.

(സി) നെല്ല് സംഭരിച്ച വകയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്ര രൂപ വീതമാണ് സപ്ലൈകോയ്ക്ക് നൽകാനുള്ളത്; ഇവ നൽകുന്നതിന് കാലതാമസമുണ്ടായതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കേന്ദ്രസർക്കാരിലേയ്ക്ക് ക്ലെയിം ചെയ്ത തുകകളുടെയും അനുവദിച്ച തുകകളുടെയും അനുവദിക്കാൻ ബാക്കിയുള്ള തുകകളുടെയും വിവരങ്ങളും നെല്ല് സംഭരണം നടത്തിയതുവഴി സപ്ലൈകോയ്ക്ക് സംസ്ഥാന സർക്കാർ അനുവദിക്കാനുള്ള കുടിശ്ശിക തുകയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

സിവിൽ സപ്ലൈസ് വകുപ്പിൽനിന്ന് ലഭിച്ചിട്ടുള്ള കണക്കുകൾ പ്രകാരം 637.66 കോടി രൂപ കേന്ദ്രത്തിൽനിന്നും ലഭിക്കാനുണ്ട്. കുടിശ്ശിക തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) നെല്ല് സംഭരണത്തിനായി കേരള ബാങ്കിൽനിന്നും വായ്പ എടുത്തിട്ടുണ്ടോ; എങ്കിൽ എന്ന് മുതൽക്കാണ് ഇതിനായി വായ്പ എടുത്തുതുടങ്ങിയത്?

ഉണ്ട്; 08-02-2023-ൽ PRS വായ്പ ലഭ്യമാക്കിയിട്ടുണ്ട്.

(ഇ) നെല്ല് സംഭരണ വായ്പ കർഷകരുടെ പേരിലാണോ കേരള ബാങ്കിൽനിന്നും അനുവദിച്ചിരുന്നത്; ഇത് കർഷകരെ കടബാധ്യതയിൽപ്പെടുത്തുന്ന സാഹചര്യം നിലവിലുണ്ടോ?

സംസ്ഥാന സർക്കാരുമായുള്ള ധാരണ പ്രകാരം കേരള ബാങ്കിൽനിന്ന് PRS ലോൺ ആയിട്ടാണ് കർഷകർക്ക് സംഭരണ തുക ലഭ്യമാക്കിയിട്ടുള്ളത്. കർഷകർക്ക് കടബാധ്യത വരുന്ന സാഹചര്യം നിലവിലില്ല.

(എഫ്) നെല്ല് സംഭരണത്തിന് കേരള ബാങ്കിൽനിന്നുള്ള വായ്പ അല്ലാതെ മറ്റേതെങ്കിലും മാർഗ്ഗങ്ങൾ ആലോചിക്കുകയുണ്ടായോ; എങ്കിൽ കേരള ബാങ്കിൽനിന്നും വായ്പ എടുക്കാതെ മറ്റ് മാർഗ്ഗങ്ങൾ അന്വേഷിക്കാനുണ്ടായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

നെല്ല് സംഭരണത്തിനായി 2022-23 സാമ്പത്തിക വർഷത്തിൽ SBI, Canara Bank, Federal Bank എന്നീ കൺസോർഷ്യം ബാങ്കുകളിൽനിന്നും 2500 കോടി രൂപയുടെ വായ്പ ലഭ്യമാക്കിയ കരാർ പ്രകാരം കേരള ബാങ്ക് ഉൾപ്പടെയുള്ള മറ്റ് ബാങ്കുകളിൽനിന്നും വേറെ വായ്പ ലഭ്യമാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ മറ്റ് മാർഗ്ഗങ്ങളൊന്നും ആലോചിക്കുകയുണ്ടായില്ല.

2500 കോടി രൂപയുടെ കൺസോർഷ്യം വായ്പ അനുവദിച്ച് നൽകുമ്പോൾ കരാറനുസരിച്ച് ഒരേ പദ്ധതിക്കായി രണ്ടുതരം വായ്പകൾ നിലനിർത്തുന്നത് അനുവദനീയമല്ലെന്നുള്ളതിനാൽ കൺസോർഷ്യം ബാങ്കുകളിലെ PRS വായ്പകൾ ഉൾപ്പടെയുള്ള മറ്റെല്ലാ വായ്പകളും തിരിച്ചടവാക്കേണ്ടതുള്ളതിനാൽ അവയെല്ലാം മുൻഗണന കൊടുത്ത് അടവാക്കുകയുണ്ടായി. അപ്രകാരം 2500 കോടി രൂപയുടെ ലോൺ വിനിയോഗിച്ച് കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നീ ബാങ്കുകളിൽനിന്നും നേരത്തെ ലഭ്യമാക്കിയിരുന്ന 600 കോടി രൂപയുടെ WCDL ലോണുകളും 1900 കോടി രൂപയുടെ PRS വായ്പകളും അടവാക്കുകയുണ്ടായി. ഇതിൽ ഒരു

വർഷത്തെ കാലാവധി കഴിഞ്ഞ 2020-21 സീസണിലെ 1050 കോടി രൂപയുടെ (പലിശ & പിഴ പലിശ ഉൾപ്പെടെ) PRS വായ്പകൾ അടവാക്കിയതും ഉൾപ്പെടുന്നുണ്ട്.

കൺസോർഷ്യം ബാങ്കിൽനിന്നും 2500 കോടി രൂപയുടെ വായ്പ ലഭ്യമാക്കിയ കരാർ പ്രകാരം കൺസോർഷ്യം ബാങ്കിന്റെ അനുമതി കൂടാതെ മറ്റ് ബാങ്കുകളിൽനിന്നും വായ്പ ലഭ്യമാകുവാനോ, ഈടായി നൽകിയ നെല്ല്, അരി, കുടിശ്ശികകൾ എന്നിവ മറ്റ് വായ്പകൾക്ക് ഈടായി നൽകാനും പാടില്ലെന്ന വ്യവസ്ഥയുള്ളതിനാൽ കേരള ബാങ്കിൽനിന്നും വായ്പ ലഭ്യമാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ കൺസോർഷ്യം ബാങ്കിൽനിന്നും തന്നെയാണ് മുഖ്യമായും PRS വായ്പ ലഭ്യമാക്കിയത്.

കർഷകർക്ക് സമയബന്ധിതമായി സംഭരണ തുക കൊടുത്ത് തീർക്കേണ്ടതിനാൽ സർക്കാരിന്റെ നിർദ്ദേശ പ്രകാരം 08-02-2023-ൽ കേരള ബാങ്കിൽനിന്നും 200 കോടി രൂപയുടെ PRS വായ്പ പദ്ധതി ലഭ്യമാക്കിയിരുന്നു.

**ഇസ്രായേൽ കൃഷി രീതികൾ നടപ്പാക്കുന്നതിന് നടപടി**

96(1793) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക രംഗത്ത് മെച്ചപ്പെട്ട ഫലമുളവാക്കാൻ ഇസ്രായേൽ സന്ദർശനം സഹായിച്ചിട്ടുണ്ടോ; അവിടുത്തെ കൃഷി രീതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ;

(ബി) ഇസ്രായേൽ സന്ദർശനത്തിലൂടെ ലഭ്യമായ കൃഷി വികസനത്തിനുള്ള സാങ്കേതിക പരിജ്ഞാനം ഏതെല്ലാം മേഖലകളിൽ ഉപയോഗപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

(എ&ബി) ഉണ്ട്. ഇസ്രായേലിൽനിന്നും മനസ്സിലാക്കിയ കാർഷിക മേഖലയിലെ നൂതനാശയങ്ങളുടെ അടിസ്ഥാനത്തിൽ ഇസ്രായേൽ സന്ദർശിച്ച കർഷക സംഘം സർക്കാരിന് സമർപ്പിച്ച ശിപാർശകൾ അംഗീകരിച്ചുകൊണ്ട് 26-07-2023-ലെ സ.ഉ(സാധാ)നം.726/2023/കൃഷി നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം,

(i) MASHAV പിന്തുണയ്ക്കുന്ന സെന്റർ ഓഫ് എക്സലൻസ് പ്രോഗ്രാമിൽ പങ്കെടുക്കാനും പ്രത്യേകിച്ച് പഴങ്ങൾക്കും പച്ചക്കറികൾക്കുമുള്ള വിളവെടുപ്പിന് ശേഷമുള്ള സംസ്കരണം, വിത്ത്, ഡ്രിപ്പ് ലേയിംഗ് ടെക്നോളജി എന്നിവയിൽ മുൻനിര ഇസ്രയേലി സാങ്കേതികവിദ്യകളുടെ അനുയോജ്യമായ ഉപയോഗത്തിനായി demonstration-ന് അവസരമൊരുക്കാനും കേരള സർക്കാർ, ഭാരത സർക്കാരിന് കീഴിലുള്ള വിദേശകാര്യ മന്ത്രാലയവുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ii) ഇസ്രായേൽ വൾക്കാനി ഇൻസ്റ്റിറ്റ്യൂട്ട് പോലെയുള്ള അനുയോജ്യമായ ഗവേഷണ സ്ഥാപനങ്ങളിൽ കേരള കാർഷിക സർവകലാശാലയിലെയും ഇതര സർവകലാശാലകളിലെയും വിദ്യാർത്ഥികൾക്ക് കൃത്യതാ കൃഷിയിലും കാർഷിക സാങ്കേതികവിദ്യയിലും ഹ്രസ്വകാല പരിശീലനം നൽകുന്നതിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി, ഇസ്രായേലിലെ പ്രമുഖ കാർഷിക സ്ഥാപനങ്ങൾ/സംരംഭങ്ങൾ ഇവയുമായി ബന്ധപ്പെട്ട് ഒരു സ്റ്റുഡന്റ് എക്സ്ചേഞ്ച് അല്ലെങ്കിൽ ഇന്റേൺഷിപ്പ് പ്രോഗ്രാമിന്റെ സാധ്യതയെക്കുറിച്ച് പരിശോധിച്ചുവരുന്നു.

(iii) ബിസിനസ്സ് ടു ബിസിനസ്സ് സംരംഭങ്ങളിൽ (Business to Business Contacts) നിക്ഷേപിക്കുന്നതിന് കേരളത്തിലെ കർഷക ഉൽപ്പാദക സംഘങ്ങളെയും (FPOs) കർഷകരെയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(iv) കേരളത്തിന്റെ വടക്കൻ പ്രദേശങ്ങളിലെ (പാലക്കാട്) വരണ്ട നിലങ്ങളിൽ നെല്ലും മറ്റ് അനുബന്ധ വിളകളും കുറഞ്ഞ ചെലവിൽ നെറ്റാഫിം കമ്പനി അഥവാ തത്തുല്യ മികവുള്ള സ്ഥാപനങ്ങളുടെ തുള്ളിനന സാങ്കേതികവിദ്യ (Netafin Drip Irrigation Technology) ഉപയോഗിച്ച് നെല്ല് ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ട പരീക്ഷണ പ്രവർത്തനങ്ങൾ (rice seeder unit trial activity) കേരള കാർഷിക സർവകലാശാല മുഖേന തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ തുടർന്നുവരുന്നു.

(v) CIAL മാതൃകയിൽ കേരള സർക്കാർ ആരംഭിക്കുന്ന കേരള അഗ്രി ബിസിനസ്സ് കമ്പനിയിൽ റഗുലേറ്ററി അംഗീകാരത്തിന് വിധേയമായി പ്രധാനപ്പെട്ട ഇസ്രായേലി അഗ്രോ ടെക് കമ്പനികളുടെ ഇന്ത്യൻ

സബ്സിഡിയറികളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കാൻവേണ്ട നടപടികൾ ആരംഭിച്ചുവരുന്നു.

(vi) കാർഷിക സാങ്കേതികവിദ്യയുടെ നവീകരണത്തിലും പ്രാരംഭം കുറിച്ച പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനും ഇക്കാര്യത്തിൽ ഇസ്രായേലി നേതൃത്വവുമായി സംവദിക്കുന്നതിനും കാർഷിക സാങ്കേതികവിദ്യ കേന്ദ്രങ്ങളിലേയ്ക്ക് നേതൃപരമായ ഒരു സന്ദർശനം (leader's visit) നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും അതോടൊപ്പം സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനും നടപ്പാക്കിവരുന്ന പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

പച്ചക്കറി വികസന പദ്ധതിയിൻകീഴിൽ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പാക്കിവരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. Open field precision farming(തുറസ്സായ സ്ഥലത്തുള്ള കൃത്യതാ കൃഷി)

കൃഷിക്കാവശ്യമായ ഉൽപ്പാദനോപാധികൾ കൃത്യമായ അളവിൽ, കൃത്യമായ സമയത്ത്, കൃത്യമായ രീതിയിൽ വിളകൾക്ക് നൽകിക്കൊണ്ടുള്ള കൃഷി രീതിയാണിത്. ഇതിനായി തുള്ളിനന, പുതയിടൽ, അത്യുല്പാദന ശേഷിയുള്ള വിത്തുകൾ, ജലസേചനത്തിന്റെയും വളത്തിന്റെയും അളവ് അറിയുന്നതിനായുള്ള സെൻസറുകൾ എന്നിവ ഉൾപ്പെടെയുള്ള നൂതനമായ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുന്നു.

2. Arka – vertical farming (ഒരു യൂണിറ്റിന് 5000/- രൂപ സബ്സിഡി നിരക്കിൽ) SHM (സംസ്ഥാന ഹോർട്ടിക്കൾച്ചറൽ മിഷൻ) മുഖേന നടപ്പാക്കിവരുന്ന നൂതനമായ മറ്റൊരു പദ്ധതിയാണ് "അർക്ക വെർട്ടിക്കൽ" കൃഷി രീതി. ഈ വരുന്ന 2023-24 സാമ്പത്തിക വർഷത്തിൽ 2000 യൂണിറ്റുകൾ തുടങ്ങാൻ പദ്ധതിയിട്ടിട്ടുണ്ട്.

സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിന് നടപ്പാക്കിവരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. വിപണിയിൽ കാർഷികോൽപ്പന്നങ്ങളുടെ വിലയിടിയുന്ന സാഹചര്യത്തിൽ വിലസ്ഥിരത ഉറപ്പാക്കി കർഷകരെ സംരക്ഷിക്കുന്നതിനും

സംസ്ഥാനത്തെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനുമായി കേരളാ ഫാം ഫ്രഷ്, പഴം, പച്ചക്കറി അടിസ്ഥാനവില പദ്ധതി, 2020 നവംബർ 1 മുതൽ നടപ്പാക്കിവരുന്നു. പദ്ധതി പ്രഖ്യാപനത്തിലൂടെ മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, കാബേജ്, ക്യാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി തുടങ്ങിയ കേരളത്തിലെ 16 ഇനം പഴം, പച്ചക്കറികൾക്കാണ് അടിസ്ഥാനവില പ്രഖ്യാപിച്ചിരിക്കുന്നത്. ചേന, മത്തൻ, ചുരയ്ക്ക, കോവൽ, വഴുതന, കത്തിരി എന്നിവയ്ക്കും അടിസ്ഥാനവില പ്രഖ്യാപിച്ച് തീരുമാനമായി.

2. കൂടാതെ ഉൽപ്പന്നങ്ങൾക്ക് വിലയിടിയുന്ന സന്ദർഭങ്ങളിൽ പച്ചത്തേങ്ങ, നെല്ല് എന്നിവ സംഭരണവില നിശ്ചയിച്ച് കർഷകരിൽനിന്നും സംഭരിച്ചുവരുന്നു. നിലവിൽ കിലോയ്ക്ക് 34/- രൂപ എന്ന കണക്കിൽ പച്ചത്തേങ്ങയും കിലോയ്ക്ക് 28.20/- രൂപ എന്ന കണക്കിൽ നെല്ലും സംഭരിച്ചുവരുന്നു.

3. കൂടാതെ കൊപ്രയുടെ വില താഴുന്ന അവസരത്തിൽ കൊപ്രയുടെ താങ്ങുവില (പി.എസ്.എസ്) പദ്ധതി പ്രകാരം സഹകരണ സംഘങ്ങൾ/സ്വാശ്രയ കർഷക സംഘങ്ങൾ മുഖേന കൊപ്ര സംഭരിച്ച് നാഫെഡിന് കൈമാറുന്നതിനായി മാർക്കറ്റ്ഫെഡിനെയും VFPCK-യെയും സ്റ്റേറ്റ് ലെവൽ ഏജൻസികളായി പ്രഖ്യാപിച്ചിട്ടുണ്ട്.

4. റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനും റബ്ബറിന് ന്യായവില ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പാക്കിവരുന്നു. സംസ്ഥാന സർക്കാരും റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്.

**ആശ്വാസ വാടക വീട് പദ്ധതിക്ക് ഭൂമി കൈമാറുന്നതിന് സ്വീകരിച്ച നടപടി**

97(1794) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ഹൗസിംഗ് ബോർഡ് നിർവ്വഹണ ഏജൻസിയായി നിർമ്മിക്കുന്ന ആശ്വാസ വാടക വീട് പദ്ധതിക്കായി കൃഷിവകുപ്പ് അനുവദിച്ച അൻപത് സെന്റ് ഭൂമി ഹൗസിംഗ്

ബോർഡിന് കൈമാറുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

കൃഷി വകുപ്പിന്റെ കൈവശമുള്ള കോന്നി ഓർഗാനിക് ഫാമിന്റെ ഭാഗമായ സ്ഥലം ഫാമിന്റെ ഭാവിയിലുള്ള പ്രവർത്തനങ്ങൾക്ക് ആവശ്യമാകയാൽ കോന്നി മെഡിക്കൽ കോളേജിന് കെട്ടിട നിർമ്മാണത്തിനായി വിട്ടുനൽകാൻ സാധിക്കില്ല.

**കൃഷി വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗത്തിന്റെ റിപ്പോർട്ടുകൾ**

98(1795) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പിന്റെ ആഭ്യന്തര വിജിലൻസ് വിഭാഗം ആകെ എത്ര റിപ്പോർട്ടുകളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ആകെ 28 റിപ്പോർട്ടുകളാണ് സമർപ്പിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത റിപ്പോർട്ടുകൾ പ്രകാരം സംസ്ഥാനത്ത് ആകെ എത്ര ക്രമക്കേടുകളാണ് വിജിലൻസ് കണ്ടെത്തിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ആഭ്യന്തര വിജിലൻസ് വിഭാഗം ആകെ 12 എണ്ണം ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

| | |
|---|---|
| തിരുവനന്തപുരം | - 2 |
| കൊല്ലം | - 2 |
| പത്തനംതിട്ട | - 1 |
| തൃശ്ശൂർ | - 2 |
| ഇടുക്കി | - 4 |
| വയനാട് | - 1 |
| ആകെ | - 12 |

(സി) ഇവയിൽ ഏതൊക്കെ ക്രമക്കേടുകൾ സംബന്ധിച്ചാണ് വകുപ്പ് തുടരന്വേഷണങ്ങളും ശിക്ഷാനടപടികളും സ്വീകരിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കുമോ; പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

7 ക്രമക്കേടുകൾ സംബന്ധിച്ചാണ് വകുപ്പ് തുടരന്വേഷണങ്ങളും ശിക്ഷാനടപടികളും സ്വീകരിച്ചിട്ടുള്ളത്. വിശദാംശങ്ങൾ അനുബന്ധം 1 ആയും+ അന്വേഷണ റിപ്പോർട്ടുകളുടെ പകർപ്പുകൾ അനുബന്ധം 2 ആയും+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചേർത്തിരിക്കുന്നു. അവശേഷിക്കുന്ന 5 ക്രമക്കേടുകളിൽ ഡയറക്ടർ തലത്തിൽ തീരുമാനമെടുത്തിട്ടുണ്ട്.

**പാലക്കാട് ജില്ലയിൽ കേരള ലാൻഡ് യൂട്ടിലൈസേഷൻ അപേക്ഷകൾ**

99(1796) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ലൈഫ് മിഷനുമായി ബന്ധപ്പെട്ട് കെ.എൽ.യു. അനുമതി ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ കൃഷി വകുപ്പിന് നാളിതുവരെ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിൽ ലൈഫ് മിഷനുമായി ബന്ധപ്പെട്ട് കെ.എൽ.യു. അനുമതി ലഭിക്കുന്നതിനായി അപേക്ഷകൾ ലഭിച്ചിട്ടില്ല. എന്നാൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം ഫോം 1-ലും ഫോം 5-ലുമായി 238 അപേക്ഷകൾ നാളിതുവരെ കൃഷി വകുപ്പിന് ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷകളിൽ ഇനി എത്രയെണ്ണം തീർപ്പാക്കാനുണ്ടെന്ന് വ്യക്തമാക്കാമോ; ആയത് അടിയന്തരമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മേൽ അപേക്ഷകളിൽ ഇനി 35 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. അവ പരിശോധിച്ചുവരുന്നു.

**കുണ്ടറ മണ്ഡലത്തിലെ സ്മാർട്ട് കൃഷി ഭവനുകൾ**

100(1797) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിൽ എത്ര സ്മാർട്ട് കൃഷി ഭവനുകളുണ്ട്; അവ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

കുണ്ടറ മണ്ഡലത്തിൽ നെടുമ്പന കൃഷി ഭവനെ സ്മാർട്ട് കൃഷി ഭവനാക്കുന്ന പദ്ധതി പ്രകാരം RIDF-XXVII-ൽ അംഗീകാരം നൽകി നടപ്പാക്കിവരുന്നു.

(ബി) മണ്ഡലത്തിൽ ഏതൊക്കെ കൃഷി ഭവനുകളെയാണ് സ്മാർട്ട് കൃഷി ഭവനുകളാക്കാനുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ എല്ലാ കൃഷി ഭവനുകളെയും സ്മാർട്ട് കൃഷി ഭവനുകളാക്കി മാറ്റുക എന്ന ലക്ഷ്യം മുൻനിർത്തി ആദ്യ ഘട്ടത്തിൽ നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ ഓരോ കൃഷി ഭവൻ വീതം ഫണ്ടിന്റെ

ലഭ്യതയുടെ അടിസ്ഥാനത്തിൽ സ്മാർട്ട് കൃഷി ഭവനുകളാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**പടന്നക്കാട് കാർഷിക കോളേജ് അധ്യാപക തസ്തികകൾ**

101(1798) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പടന്നക്കാട് കാർഷിക കോളേജിലെ വിവിധ വകുപ്പുകളിൽ അംഗീകരിച്ച അദ്ധ്യാപക തസ്തികകൾ എത്രയാണെന്നും ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര അദ്ധ്യാപക തസ്തികകളിലാണ് സ്ഥിരം അദ്ധ്യാപകർ ഇല്ലാത്തതെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ?

(എ&ബി) പടന്നക്കാട് കാർഷിക കോളേജിലെ വിവിധ വകുപ്പുകളിൽ അംഗീകരിച്ച അദ്ധ്യാപക തസ്തികകൾ 61 എണ്ണവും സ്ഥിരം അദ്ധ്യാപകരില്ലാത്ത തസ്തികകൾ 24 എണ്ണവുമാണ്. ആയതിന്റെ വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കാർഷിക കോളേജ് അധ്യാപക സ്ഥലംമാറ്റത്തിന് മാനദണ്ഡങ്ങളുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ?

സർവകലാശാലയിൽ നിലവിൽ 13-04-1999-ലെ ജിഎ/സി1/1329/99 നമ്പർ ഉത്തരവിലെ മാനദണ്ഡമനുസരിച്ചാണ് അദ്ധ്യാപകരുടെ പൊതു സ്ഥലംമാറ്റം നടത്തുന്നത്. 13-04-1999-ലെ ജിഎ/സി1/1329/99 നമ്പർ ഉത്തരവ് അനുബന്ധം 2 ആയി ചേർക്കുന്നു.+

**നിയമപഠനത്തിന് ബിരുദ ബിരുദാനന്തര കോഴ്സുകൾ**

102(1799) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമപഠനത്തിനുള്ള ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിവിധ കോളേജുകളിൽ പ്രസ്തുത വിഷയത്തിൽ കൂടുതൽ കോഴ്സുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പാലാ നിയോജകമണ്ഡലത്തിലുള്ള വിവിധ കോളേജുകളിൽ അടിസ്ഥാന സൗകര്യമുള്ളതും ഇല്ലെങ്കിൽ ആയവ ലഭ്യമാക്കാൻ സൗകര്യമുള്ളതുമായ സ്ഥലങ്ങളിൽ നിയമപഠനത്തിന് ബിരുദ/ ബിരുദാനന്തര കോഴ്സുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

യു.ജി.സി. റെഗുലേഷൻ, ബാർ കൗൺസിൽ ഓഫ് ഇൻഡ്യയുടെ നിയമാവലി, സർവകലാശാലകളുടെ സ്റ്റാറ്റ്യൂട്ട് എന്നിവ പ്രകാരം പുതിയ സ്വാശ്രയ ലോ കോളേജുകൾ തുടങ്ങുന്നതിനുള്ള അപേക്ഷ പരിഗണിക്കുന്നതാണ്. എന്നാൽ ബാർ കൗൺസിൽ ഓഫ് ഇൻഡ്യയുടെ നിലവിലുള്ള നിയമാവലി പ്രകാരം മറ്റ് വിഷയങ്ങൾ പഠിപ്പിക്കുന്ന കോളേജുകളിൽ നിയമ കോഴ്സുകൾ അനുവദിക്കാൻ സാധിക്കില്ല.

(സി) സംസ്ഥാനത്ത് നിലവിൽ നിയമ വിഷയത്തിൽ പി.എച്ച്.ഡി. എടുക്കാൻ പഠിതാക്കൾക്ക് സംവിധാനമില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ പി.എച്ച്.ഡി. എടുക്കാനുള്ള അവസരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

കേരളത്തിലെ എല്ലാ സർവകലാശാലകളിലും നിയമ വിഷയത്തിൽ പി.എച്ച്.ഡി. എടുക്കാനുള്ള സൗകര്യങ്ങൾ നിലവിലുണ്ട്.

(ഡി) സംസ്ഥാനത്ത് നിലവിൽ നിയമ വിഷയത്തിൽ പി.എച്ച്.ഡി. കോഴ്സുകൾ ലഭ്യമാക്കിയിട്ടുള്ള സർവകലാശാലകൾ ഏതെല്ലാം; വിശദമാക്കാമോ?

സംസ്ഥാനത്ത് കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ്, കുസാറ്റ്, കുഫോസ്, നുവാൽസ്, സെൻട്രൽ യൂണിവേഴ്സിറ്റി കാസർഗോഡ്, അലിഗഡ് മുസ്ലിം യൂണിവേഴ്സിറ്റി സെന്റർ എന്നിവിടങ്ങളിൽ പി.എച്ച്.ഡി. കോഴ്സുകൾ ചെയ്യുന്നതിനുള്ള സൗകര്യങ്ങളുണ്ട്.

**നാലുവർഷ ബിരുദ പ്രോഗ്രാമുകൾ**

103(1800) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിൽ എന്ന് മുതലാണ് നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കേരള സർവകലാശാല പഠനവിഭാഗത്തിൽ 2023-24 അധ്യയന വർഷംതന്നെ നാല് വർഷ ബിരുദ പ്രോഗ്രാം ആരംഭിക്കുന്നതാണ്. മറ്റ് സർവകലാശാലകളിലും അഫിലിയേറ്റഡ് കോളേജുകളിലും ബിരുദ പ്രോഗ്രാമുകളുൾപ്പെടെയുള്ള കരിക്കുലം പരിഷ്കരണത്തിനുള്ള നടപടികൾ ഈ വർഷംതന്നെ ആരംഭിക്കാനും 2024-25 അധ്യയന വർഷത്തോടുകൂടി പൂർണ്ണതോതിൽ നടപ്പാക്കാനുമാണ് തീരുമാനിച്ചിരിക്കുന്നത്.

(ബി) നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതോടുകൂടി നിലവിലുള്ള മൂന്നുവർഷ കോഴ്സുകൾ മുഴുവനും നാലുവർഷം ദൈർഘ്യമുള്ളതായി മാറ്റപ്പെടുമോയെന്ന് വിശദമാക്കാമോ?

നിലവിലുള്ള സി.ബി.സി.എസ്.എസ്. കോഴ്സുകൾ നാലുവർഷ കോഴ്സുകളായി പരിവർത്തിക്കപ്പെടുന്നില്ല. നാലുവർഷ കോഴ്സുകൾ പുതുതായി രൂപകല്പന ചെയ്തിട്ടുള്ള കരിക്കുലം ചട്ടക്കൂടിനെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണ്.

(സി) നാലുവർഷ ബിരുദ പ്രോഗ്രാമുകൾ പ്രചാരത്തിലാകുന്നതോടുകൂടി നിലവിലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ എപ്രകാരം തുടർന്നുകൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതോടുകൂടി ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുമായി ബന്ധപ്പെട്ട് ഉയർന്നുവരാൻ സാധ്യതയുള്ള പ്രശ്നങ്ങൾ എപ്രകാരമാണ് പരിഹരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(സി&ഡി) ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലവും സിലബസ്സും നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ തുടർച്ചയായി പരിഷ്കരിക്കാൻ നടപടികൾ സ്വീകരിക്കും. നാലുവർഷ ബിരുദക്കാർക്ക് പി.ജി. രണ്ടാം വർഷത്തിലേയ്ക്ക് നേരിട്ടുള്ള പ്രവേശനം (ലാറ്ററൽ എൻട്രി) അനുവദിക്കാവുന്നതാണ്.

**2016-ലെ യു.ജി.സി. നിയമ പ്രകാരമുള്ള കോളേജ് അധ്യാപകരുടെ ശമ്പള കുടിശ്ശിക**

104(1801) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ യു.ജി.സി നിയമ പ്രകാരം കോളേജ് അധ്യാപകർക്ക് നൽകേണ്ട പരിഷ്കരിച്ച ശമ്പളം എന്നുമുതലാണ് നൽകി തുടങ്ങിയതെന്ന് വിശദമാക്കാമോ?

2016-ലെ ഏഴാം യു.ജി.സി. ശമ്പളപരിഷ്കരണ പ്രകാരം കോളേജ് അധ്യാപകർക്ക് 01-04-2019 മുതൽ ശമ്പളം നൽകിത്തുടങ്ങിയിട്ടുണ്ട്.

(ബി) നിലവിൽ കോളേജ് അധ്യാപകർക്ക് നൽകേണ്ട കുടിശ്ശിക എത്രയാണെന്ന് അറിയിക്കാമോ?

ഏഴാം യു.ജി.സി. ശമ്പള പരിഷ്കരണ പ്രകാരം കോളേജ് അധ്യാപകർക്ക് നൽകേണ്ടതായ കടിശ്ശിക 1501,86,61,176 (ആയിരത്തി അഞ്ഞൂറ്റിഒന്നുകോടി എൺപത്തിആറ് ലക്ഷത്തി അറുപത്തൊന്നായിരത്തി ഒരുനൂറ്റി എഴുപത്തിയാറു രൂപ മാത്രം) ആണ്.

(സി) 2016 മുതൽ നാളിതുവരെ ഓരോ അക്കാദമിക് വർഷവും യു.ജി.സി-യിൽ നിന്ന് ലഭിച്ച ഗ്രാന്റ് എത്രയെന്ന് അറിയിക്കാമോ?

01-01-2016 മുതൽ നടപ്പാക്കിയിട്ടുള്ള യു.ജി.സി.-യുടെ 7-ാംശമ്പള പരിഷ്കരണ പ്രകാരം യു.ജി.സി-യിൽ നിന്നും ലഭിക്കേണ്ട 50 ശതമാനം

അഡീഷനാലിറ്റി തുക ഇനത്തിൽ സംസ്ഥാന സർക്കാരിന് ഗ്രാന്റ് ലഭിച്ചിട്ടില്ല. എന്നാൽ 01-01-2006 മുതൽ നടപ്പിലാക്കിയ യു.ജി.സി 6-ാം ശമ്പള പരിഷ്കരണ പ്രകാരമുള്ള 80% അഡീഷനാലിറ്റി തുക ഇനത്തിൽ 02-06-2016, 31-03-2017, 01-02-2017 തീയതികളിൽ ആകെ 297,15,06,396/- രൂപ ലഭിച്ചിട്ടുണ്ട്.

(ഡി) 2016-നശേഷം യു.ജി.സി ഗ്രാന്റ് ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

26-07-2018-ലെ കേന്ദ്ര സർക്കാരിന്റെ F1-1/2018 U II നമ്പർ കത്ത് പ്രകാരം യു.ജി.സി-യിൽനിന്നും ധനസഹായം ലഭിക്കുന്നതിനുള്ള ശിപാർശകൾ 21-03-2022-ലെ സി3/212/2017/ ഉ.വി.വ ഭാഗം (2) പ്രകാരം 750,93,36,588/- രൂപയ്ക്കുള്ള ശിപാർശ നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ കേന്ദ്ര സർക്കാർ 27-07-2022-ലെ F.1-1/2018- U II നമ്പർ കത്ത് പ്രകാരം 50 ശതമാനം പ്രതിപൂരണത്തിനുള്ള കേന്ദ്ര വിഹിത പദ്ധതി 01-04-2023 മുതൽ നിർത്തലാക്കിയതായി

കേരളസർക്കാരിനെ മറ്റ് 22 സംസ്ഥാനങ്ങൾക്കൊപ്പം അറിയിച്ചു. സമ്പൂർണ്ണമായ പ്രൊപ്പോസലുകൾ സമർപ്പിക്കാത്തതോ തെറ്റായ പ്രൊപ്പോസലുകൾ സമർപ്പിച്ചതോ ആയ സംസ്ഥാനങ്ങളുടെ പ്രൊപ്പോസലുകളെ കേന്ദ്രസർക്കാർ നിരസിച്ചതായാണ് പരാമർശിച്ചിട്ടുള്ളത്. കേരള സർക്കാർ സമയപരിധിക്കുള്ളിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. പ്രൊപ്പോസലിൽ തെറ്റ് സംഭവിച്ചിട്ടില്ല.

(ഇ) അധ്യാപകരുടെ ശമ്പള വിതരണവുമായി ബന്ധപ്പെട്ട് യു.ജി.സി നൽകിയ ഗ്രാന്റ് ലഭിക്കാൻവേണ്ടി നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

Reimbursement of financial burden due to implementation of revised pay scale on the basis of the 7th Pay Commission recommendations for Teachers and equivalent cadres in Universities and Colleges from 01-01-2016 സ്കീം പ്രകാരമുള്ള ശിപാർശ നിശ്ചിത സമയപരിധിക്കുള്ളിൽ 05-03-2022-നും അന്തിമ ശിപാർശ 21-03-2022-നും കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രവിഹിതം ലഭിക്കുന്നതിന് ഓർമ്മക്കുറിപ്പുകളും

നൽകിയിട്ടുണ്ട്. മേൽ പറഞ്ഞ തീയതിയിലെ കത്തുകൾ അനുബന്ധമായി ചേർക്കുന്നു.+

(എഫ്) നിലവിൽ അധ്യാപകരുടെ ശമ്പള വിതരണവുമായി ബന്ധപ്പെട്ട് യു.ജി.സി നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; അധ്യാപകർക്ക് സമയബന്ധിതമായി കുടിശ്ശിക ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

26-07-2018-ലെ F1-1/2018/U II നമ്പർ കത്ത് പ്രകാരം അധ്യാപകരുടെ ശമ്പള വിതരണവുമായി ബന്ധപ്പെട്ട് യു.ജി.സി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു.+

21-01-2023-ലെ സ.ഉ.(പി) നം. 12/2023/ഫിൻ പ്രകാരം 2023 ജനുവരി മാസം മുതൽ ഗഡുക്കളായി നൽകേണ്ടിയിരുന്ന ഏഴാമത് യു.ജി.സി ശമ്പളപരിഷ്കരണ കുടിശ്ശിക സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ചോ ഇനിയൊരു നിർദ്ദേശം/ഉത്തരവ് സർക്കാർ പുറപ്പെടുവിക്കുന്നതുവരെയോ തടഞ്ഞുവച്ചിരിക്കുന്നുവെന്ന് ഉത്തരവായിട്ടുണ്ട്.

**സംസ്ഥാനത്തെ കോളേജുകളുടെ പ്രവർത്തന സമയം ക്രമീകരിക്കാൻ നടപടി**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

105(1802) <u>ഡോ. കെ. ടി. ജലീൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളുടെ പ്രവർത്തന സമയം രാവിലെ 8 മണി മുതൽ 1.30 വരെയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

സംസ്ഥാനത്തെ കോളേജുകളുടെ നിലവിലെ പ്രവർത്തന സമയത്തിൽ മാറ്റം വരുത്താൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. എന്നാൽ മറ്റ് സമയക്രമങ്ങളോടൊപ്പം 8 മണി മുതൽ 1.30 വരെയുള്ള സമയം അതത് സ്ഥാപനങ്ങൾക്ക് സ്വീകരിക്കാവുന്നതാണ്.

എന്നിരുന്നാലും, സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്തെ സമഗ്ര പരിഷ്കരണം ലക്ഷ്യമാക്കി സർക്കാർ നിയോഗിച്ച ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ കലാലയങ്ങളിൽ Flexible Timings നടപ്പാക്കുന്നത് ശിപാർശ ചെയ്തിട്ടുണ്ട്. ഇത് കരിക്കുലം പരിഷ്കരണത്തിന്റെ ഭാഗമായി പരിശോധിച്ചുവരുന്നു.

(ബി) ഈ രീതിയിൽ സമയം ക്രമപ്പെടുത്തിയാൽ പാർട്ട് ടൈം ജോലി ചെയ്യുന്ന വിദ്യാർത്ഥികൾക്കും ഓൺലൈൻ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ആവശ്യമായ സമയം ലഭിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

നിലവിലെ പ്രവർത്തന സമയത്തിൽ മാറ്റം വരുത്തിയാൽ പാർട്ട് ടൈം ജോലി ചെയ്യുന്ന വിദ്യാർത്ഥികൾക്കും ഓൺലൈൻ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ആവശ്യമായ കൂടുതൽ സമയം ലഭിച്ചേക്കാം എന്നാൽ, ദൂരസ്ഥലങ്ങളിൽനിന്നും എത്തിച്ചേരുന്ന വിദ്യാർത്ഥികളെ സമയമാറ്റം ദോഷകരമായി ബാധിക്കാനും സാധ്യതയുണ്ട്. കൂടാതെ, പല സ്ഥാപനങ്ങളിലും ഇലക്റ്റീവ് ക്ലാസുകളും മറ്റും ഇപ്പോൾ രാവിലെ 8 മണി മുതൽതന്നെ ആരംഭിക്കുന്നുണ്ട്.

**വ്യാജ ഡിഗ്രി നൽകുന്ന സ്ഥാപനങ്ങൾ**

106(1803) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിവത്സര ഡിഗ്രി 6 മാസം മുതൽ 2 വർഷം കൊണ്ട് നൽകാമെന്ന് വാഗ്ദാനം നൽകി ഫാസ്റ്റ് ട്രാക്ക്-ക്രെഡിറ്റ് ട്രാൻസ്ഫർ തുടങ്ങിയ പദങ്ങൾ ദുരുപയോഗം ചെയ്ത് വിദ്യാർത്ഥികളെ വഞ്ചിക്കുന്ന ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയത്തിൽ നടപടി സ്വീകരിക്കാൻ ആഭ്യന്തരവകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ടോ?

വ്യക്തിഗത പരാതി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാൻ ആഭ്യന്തര വകുപ്പിന് കൈമാറാവുന്നതാണ്.

(സി) വ്യാജ ഡിഗ്രി, പി.ജി, പി.എച്ച്.ഡി. തുടങ്ങിയ വിഷയങ്ങളിൽ ഇടപെടാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാം; വിശദമാക്കാമോ?

സർവകലാശാലകളിൽനിന്നും നൽകുന്ന ഡിഗ്രി സർട്ടിഫിക്കറ്റുകളുടെ വ്യാജ പകർപ്പ് നിർമ്മിക്കുന്നത് തടയാൻ ബാർകോഡ്, എംബോസ്ഡ് ഹോളോഗ്രാം, വാട്ടർമാർക്ക്, വിപരീത മൈക്രോ ലൈൻ, ബാർകോഡിംഗ് എന്നിവയുൾപ്പെടെയുള്ള രഹസ്യാത്മക സുരക്ഷാ സവിശേഷതകൾ

ഉൾക്കൊള്ളിക്കുകയും തുടർ പരിശോധനയ്ക്കുവേണ്ടി ഡിജിലോക്കറിൽ ലഭ്യമാക്കുകയും ചെയ്യുന്നു. ഡിഗ്രി, പി.ജി, പിഎച്ച്.ഡി എന്നീ ഡിഗ്രി സർട്ടിഫിക്കറ്റുകൾ പരിശോധനയിൽ വ്യാജമാണെന്ന് കണ്ടെത്തിയാൽ പോലീസ് കേസ് ഫയൽ ചെയ്യുകയും രേഖകൾ വിജിലൻസിലേയ്ക്ക് കൈമാറുകയും ചെയ്യുന്നതിനുള്ള നടപടികൾ സർവകലാശാലകൾ സ്വീകരിക്കാറുണ്ട്. മറ്റ് സർവകലാശാലകളിൽനിന്നും നേടുന്ന ബിരുദ സർട്ടിഫിക്കറ്റുകൾ പരിശോധിക്കുന്നതിനായി Genuineness Verification Cell-ന്റെ രൂപീകരണം സർവകലാശാലകളിൽ നടന്നുവരികയാണ്. സർട്ടിഫിക്കറ്റുകൾ ജനുവിൻനെസ് വെരിഫിക്കേഷന് ലഭ്യമാകുമ്പോൾ അവയുടെ ആധികാരികത പരിശോധിച്ച് വ്യാജമാണെന്ന് കണ്ടെത്തുന്നപക്ഷം നിയമപരമായ തുടർനടപടികൾ സർവകലാശാലകൾ സ്വീകരിക്കാറുണ്ട്. ഫോളിയോ നമ്പറും തീയതിയും രേഖപ്പെടുത്തിയാണ് പി.എച്ച്.ഡി. സർട്ടിഫിക്കറ്റ് നൽകുന്നത്. അവ അവാർഡ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. പ്രസ്തുത രേഖകൾ

പരിശോധിച്ചതിനുശേഷമാണ് സർട്ടിഫിക്കറ്റിന്റെ ആധികാരികത സംബന്ധിച്ച വിവരം ബന്ധപ്പെട്ട അധികാരികളെ അറിയിക്കുന്നത്.

**ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികളുടെ എണ്ണത്തിലുള്ള കുറവ്**

107(1804) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പഠനം നടത്തുന്ന കുട്ടികളുടെ എണ്ണത്തിൽ കുറവുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളസർവകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, മഹാത്മാഗാന്ധി സർവകലാശാല, കണ്ണൂർ സർവകലാശാല, മലയാള സർവകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല എന്നിവയ്ക്ക് കീഴിലുള്ള കോളേജുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്. എന്നാൽ സാങ്കേതിക സർവകലാശാല, കാലിക്കറ്റ് സർവകലാശാല എന്നിവയുടെ കീഴിലുള്ള

കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനയും ഉണ്ടായിട്ടുണ്ട്.

(ബി) ഇത്തരത്തിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്കിനുള്ള കാരണം സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉന്നതവിദ്യാഭ്യാസരംഗത്ത് സ്റ്റുഡന്റ് മൊബിലിറ്റിയിൽ ദൃശ്യമായ മാറ്റങ്ങൾ പഠിക്കുവാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ പ്രൊഫ. ഗോപിനാഥ് രവീന്ദ്രൻ (വൈസ് ചാൻസലർ, കണ്ണൂർ യൂണിവേഴ്സിറ്റി) അദ്ധ്യക്ഷനായ ഒരു സമിതി, 'Committee on Student Mobility and Expectations'രൂപീകരിച്ച് പ്രവർത്തിച്ചുവരികയാണ്.

വിദ്യാർത്ഥി കുടിയേറ്റം ഒരു ആഗോള പ്രതിഭാസമാണ്. തുടർ പഠനത്തിനും തൊഴിലിനുംവേണ്ടി വിദ്യാർത്ഥികൾ ഇന്ത്യയിൽനിന്ന് വിവിധ വിദേശ രാജ്യങ്ങളിലേയ്ക്ക് കുടിയേറുന്നതായി വിവിധ റിപ്പോർട്ടുകൾ പുറത്തുവരുന്നുണ്ട് (eg. India Migration Report). ഇത് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും സ്ഥാപനങ്ങളിലും പ്രകടമാണ്.

(സി) എങ്കിൽ കഴിഞ്ഞ അക്കാദമിക വർഷം എത്ര സീറ്റുകളിലാണ് കുറവ് രേഖപ്പെടുത്തിയതെന്നറിയിക്കാമോ?

2021-22 വർഷത്തെ അപേക്ഷിച്ച് കഴിഞ്ഞ അക്കാദമിക വർഷം കുറവ് രേഖപ്പെടുത്തിയ സീറ്റുകളുടെ സർവകലാശാല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

<u>സർവകലാശാല യു. ജി. പി. ജി.</u>

കേരള സർവകലാശാല 2830

സംസ്കൃത സർവകലാശാല 240 - 453

കണ്ണൂർ സർവകലാശാല - 84 - 480

മഹാത്മാഗാന്ധി സർവകലാശാല - 3190 - 468

മലയാള സർവകലാശാല - 19

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല – 182 - 43

(ഡി) സംസ്ഥാനത്തെ തൊഴിലവസരങ്ങളുടെ കുറവാണോ കൊഴിഞ്ഞുപോക്കിന് കാരണമെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പ്രൊഫ. ഗോപിനാഥ് രവീന്ദ്രന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി പ്രശ്നത്തിന്റെ എല്ലാ വശങ്ങളും പരിശോധിക്കുന്നുണ്ട്.

(ഇ) ഉന്നത വിദ്യാഭ്യാസ മേഖല കൂടുതൽ ആകർഷകമാക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിക്കുന്നത്; വിശദമാക്കാമോ?

ഉന്നത വിദ്യാഭ്യാസമേഖല കൂടുതൽ ആകർഷകമാക്കാൻ താഴെപ്പറയുന്ന വിവിധ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു:

1. നാലുവർഷ ബിരുദ പ്രോഗ്രാമുകൾക്ക് ആവശ്യമായ കരിക്കുലം ചട്ടക്കൂട് തയ്യാറാക്കി സർവകലാശാലകൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ തൊഴിൽ പരിചയം, ഗവേഷണം എന്നിവയ്ക്ക് ഊന്നൽ നൽകിയിട്ടുണ്ട്.

2. സർവകലാശാലകളിൽ സെന്റർ ഓഫ് എക്സലൻസ് (CoE), ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ (TRC), ഇന്നവേഷൻ/ഇൻക്യുബേഷൻ/സ്റ്റാർട്ടപ്പ് കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള നടപടികൾ.

3. ഗവേഷണത്തിന് പ്രോത്സാഹനമായി മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകൾ.

4. സർവകലാശാലകളിലും കോളേജുകളിലും പുത്തൻതലമുറ പ്രോഗ്രാമുകൾ.

5. സർവകലാശാലകളിൽ സാങ്കേതിക വിദ്യാധിഷ്ഠിതമായുള്ള ആധുനികവത്ക്കരണം.

6. കിഫ്ബിയുടെ ധനസഹായത്തോടുകൂടി സർവകലാശാലകളിൽ ലബോറട്ടറികളും മറ്റ് അടിസ്ഥാന വികസന പദ്ധതികളും.

**ഉന്നതവിദ്യാഭ്യാസ മേഖലയിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ വിവരശേഖരണം**

108(1805) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. എ. സി. മൊയ്തീൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ മേഖലയിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ വിവരശേഖരണവും സർവകലാശാലാ പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതികവിദ്യ ഏർപ്പെടുത്തലും ലക്ഷ്യമിട്ട് പ്രത്യേക പദ്ധതി ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത മേഖലയിലെ മുഴുവൻ വിദ്യാർത്ഥികളെയും

വിവരശേഖരണത്തിന്റെ ഭാഗമാക്കുന്നുണ്ടോ; ഇതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ;

(ബി) സംസ്ഥാനത്തെ സർവകലാശാലകളുടെയും കോളേജുകളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് പ്രസ്തുത പദ്ധതി എത്രത്തോളം സഹായകരമാണ്; വിദ്യാർത്ഥി പ്രവേശനം മുതൽ സർട്ടിഫിക്കറ്റ് വിതരണം വരെ പ്രസ്തുത പദ്ധതിവഴി നടത്തുന്നതിന് സംവിധാനമുണ്ടോ; ഇതിനായി പ്രത്യേക സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) രാജ്യത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ചുള്ള വിവരശേഖരണം നടത്തുന്നത് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിനുകീഴിലുള്ള All India Survey of Higher Education (AISHE) എന്ന പോർട്ടൽ/ഓൺലൈൻ സംവിധാനത്തിലൂടെയാണ്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ AISHE പോർട്ടലിൽ രജിസ്റ്റർ ചെയ്ത് വിദ്യാർത്ഥി പ്രവേശനവും മറ്റും സംബന്ധിച്ചുള്ള മുഴുവൻ വിവരങ്ങളും നൽകേണ്ടതാണ്. സംസ്ഥാനതലത്തിൽ ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലാണ്.

കോളേജുകളിൽനിന്നുള്ള വിവര ശേഖരണത്തിന് എല്ലാ സർവകലാശാലകളിലും AISHE നോഡൽ ഓഫീസർമാർ നേതൃത്വം നൽകുന്നു. സംസ്ഥാനത്തെ ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (GER) സംബന്ധിച്ച സുപ്രധാന വിവരങ്ങൾ AISHE ഡേറ്റയുടെ അടിസ്ഥാനത്തിലാണ് തയ്യാറാക്കുന്നത്. ദേശീയ സ്കോളർഷിപ്പ് പദ്ധതിയും (NSP) നാഷണൽ അസസ്സ്മെന്റ് & അക്രെഡിറ്റേഷൻ കൗൺസിൽ (NAAC) എന്നിവയും AISHE ഡേറ്റയുമായി ബന്ധപ്പെടുത്തിയാണ് പ്രവർത്തിക്കുന്നത്.

സർവകലാശാല പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതികവിദ്യ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി K-REAP എന്ന പദ്ധതി ആസൂത്രണം ചെയ്തുവരുന്നു. വിദ്യാർത്ഥി പ്രവേശനം മുതൽ പരീക്ഷാ ഫലപ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവുംവരെയുള്ള മുഴുവൻ വിദ്യാർത്ഥി പഠന പ്രക്രിയകളും K-REAP സംവിധാനത്തിലൂടെ ചിട്ടപ്പെടുത്താൻ കഴിയും. കൂടാതെ സർവകലാശാലകളുടെ ഭരണപരവും അക്കാദമികവുമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വേഗത്തിലാക്കുന്നതിനും K-REAP പ്രയോജനപ്പെടും.

പ്രസ്തുത സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്.

**കേരളത്തിലെ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ സീറ്റ് ഒഴിവ്**

109(1806) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ വ്യാപകമായി സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തെ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ചില പ്രോഗ്രാമുകൾക്ക് സീറ്റുകൾ ഒഴിഞ്ഞുകിടക്കാറുണ്ട് എന്നല്ലാതെ വ്യാപകമായി സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നില്ല.

(ബി) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, സെൽഫ്-ഫിനാൻസിംഗ് കോളേജുകളിലെ കഴിഞ്ഞ പത്ത് വർഷത്തെ അഡ്മിഷൻ ഇൻഡേക്ക് എത്രയാണ്; ഇനം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, സെൽഫ്-ഫിനാൻസിംഗ് കോളേജുകളിൽ എത്ര സീറ്റുകളാണ് കഴിഞ്ഞ പത്ത് വർഷത്തെ അഡ്മിഷൻ ക്ലോസ് ചെയ്തതിനുശേഷവും ആരും അഡ്മിഷൻ എടുക്കാത്തതിനാൽ ഒഴിഞ്ഞുകിടന്നത്; ഇനം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

(ബി&സി) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, സെൽഫ്-ഫിനാൻസിംഗ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ സീറ്റുകൾ, അഡ്മിഷൻ എടുക്കാത്തതിനാൽ ഒഴിഞ്ഞുകിടന്നവ എന്നിവ സംബന്ധിച്ച് സർവകലാശാലകളിൽനിന്നും ലഭ്യമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

മഹാത്മാഗാന്ധി സർവകലാശാല – അനുബന്ധം - 1 ആയി ചേർക്കുന്നു.+

കണ്ണൂർ സർവകലാശാല - അനുബന്ധം - 2 ആയി ചേർക്കുന്നു.+

കാലിക്കറ്റ് സർവകലാശാല - അനുബന്ധം - 3 ആയി ചേർക്കുന്നു.+

കേരള സർവകലാശാല – അനുബന്ധം - 4 ആയി ചേർക്കുന്നു.+

**കാസർകോട് ജില്ലയിലെ കോളേജുകളിൽ ഡിഗ്രി പ്രവേശനം**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

110(1807) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ സർക്കാർ, എയ്ഡഡ് കോളേജുകളിൽ 2023-24 വർഷം ഡിഗ്രി കോഴ്സുകളിലേയ്ക്ക് അപേക്ഷ നൽകിയവരുടെ വിശദ വിവരങ്ങൾ കോളേജ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജില്ലയിലെ സർക്കാർ, എയ്ഡഡ് കോളേജുകളിൽ ഈ വർഷം ഡിഗ്രി പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം വിശദമാക്കുമോ;

(സി) പ്രസ്തുത ജില്ലയിലെ സർക്കാർ, എയ്ഡഡ് കോളേജുകളിൽ നിലവിൽ ഒഴിവുള്ള ഡിഗ്രി സീറ്റുകളുടെ എണ്ണം കോളേജ് തിരിച്ച് വ്യക്തമാക്കുമോ?

(എ-സി) 2023-24 അധ്യയന വർഷം ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശന നടപടികൾ പൂർത്തിയായിട്ടില്ല. കാസർകോട് ജില്ലയിലെ സർക്കാർ, എയ്ഡഡ് കോളേജുകളിൽ 2023-24 വർഷം ഡിഗ്രി കോഴ്സുകളിലേയ്ക്ക് അപേക്ഷ നൽകിയവരുടെ എണ്ണം/ഡിഗ്രി പ്രവേശനം

നേടിയ കുട്ടികളുടെ എണ്ണം/നിലവിൽ ഒഴിവുള്ള ഡിഗ്രി സീറ്റുകളുടെ എണ്ണം എന്നിവ (19-08-2023 തീയതി വരെയുള്ള കണക്കുകളുടെ അടിസ്ഥാനത്തിൽ, കോളേജ് തിരിച്ചുള്ള വിവരം) അനുബന്ധമായി ചേർക്കുന്നു.+

(ഡി) അർഹരായ പരമാവധി വിദ്യാർത്ഥികൾക്ക് ഡിഗ്രി പ്രവേശനം ലഭിക്കുന്നതിന് ഈ വർഷം പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സംസ്ഥാനത്തെ മുഴുവൻ സർക്കാർ/എയ്ഡഡ് കോളേജുകളിലുമുള്ള എയ്ഡഡ് കോഴ്സുകളിൽ സ്റ്റാറ്റ്യൂട്ടറി മാക്സിമം പ്രകാരമുള്ള വിദ്യാർത്ഥി പ്രവേശനം നടത്താനുള്ള നടപടി സ്വീകരിക്കുന്നതിനും ആർട്സ് & സയൻസ് കോളേജുകളിൽ 2023-24 അക്കാദമിക വർഷം ബിരുദ പ്രോഗ്രാമിന് പരമാവധി 70 സീറ്റ് വരെയും ബിരുദാനന്തര ബിരുദ പ്രോഗ്രാമിന് പരമാവധി 30 സീറ്റ് വരെയും മാർജിനൽ ഇൻക്രീസ് അനുവദിച്ച് നൽകുന്നതിന് സർവകലാശാലകൾക്ക് അനുമതി നൽകിയും സർക്കാർ ഉത്തരവായിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടാതെ കണ്ണൂർ സർവകലാശാല സമർപ്പിച്ച ശിപാർശയുടെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ അഞ്ച് അൺ എയ്ഡഡ് കോളേജുകളിലായി അഞ്ച് പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള സർക്കാർ അനുമതിയും നൽകിയിട്ടുണ്ട്.

**എഞ്ചിനീയറിംഗ് പഠന നിലവാരം ഉയർത്താൻ നടപടി**

**111(1808)** **<u>ശ്രീ. പി. കെ. ബഷീർ</u>:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-ലെ നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് മാനദണ്ഡങ്ങൾ പ്രകാരം സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകൾ വളരെ പിന്നാക്കാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റാങ്കിംഗ് പട്ടികയിൽ ആദ്യത്തെ നൂറ് റാങ്കുകളിൽ സംസ്ഥാനത്തെ എത്ര എഞ്ചിനീയറിംഗ് കോളേജുകൾ ഉണ്ടെന്നും അവ

ഏതൊക്കെയാണെന്നും അവ ഓരോന്നിന്റെയും റാങ്ക് എത്രയാണെന്നും വ്യക്തമാക്കുമോ?

2022-ലെ നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് പ്രകാരം ആദ്യത്തെ മൂന്നൂറ് റാങ്കുകളിൽ ഇടം നേടിയ കോളേജുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം - റാങ്ക് 110

2. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ–റാങ്ക് 201- 250

3. രാജഗിരി സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി (ഓട്ടോണമസ്) എറണാകുളം - റാങ്ക് 201 – 250

4. മുത്തൂറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആൻഡ് സയൻസ്, പുത്തൻകുരിശ്, കേരളം - റാങ്ക് 251 – 300

5. ടി.കെ.എം കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൊല്ലം, കേരളം - റാങ്ക് 251 – 300

(സി) സർക്കാർ, എയ്ഡഡ്, സ്വാശ്രയം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകളുടെ എണ്ണം ജില്ല തിരിച്ച് വിശദമാക്കാമോ; പ്രസ്തുത കോളേജുകളിൽ പ്രവർത്തനം നിർത്തിയവയുടെ എണ്ണം അറിയിക്കാമോ?

അനുബന്ധമായി ചേർക്കുന്നു.+

(ഡി) എഞ്ചിനീയറിംഗ് പഠനത്തിലെ നിലവാരത്തകർച്ച ഒഴിവാക്കുന്നതിനും അക്കാദമിക പ്രവർത്തനങ്ങളെ കൃത്യമായി ചിട്ടപ്പെടുത്തുന്നതിനും മികവുറ്റ ഗവേഷണ - പരിശീലന പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

എഞ്ചിനീയറിംഗ് വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന് വിദഗ്ധരുടെ പങ്കാളിത്തത്തോടെ, ഇൻഡസ്ട്രിയിൽ ഇലക്ടീവ്സ്, മൈനർ തുടങ്ങിയ നൂതന ആശയങ്ങൾ പുതിയ കരിക്കുലത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. TCS, GOOGLE, INFOSYS, IBM, NISSAN - DIGITAL മുതലായ വൻകിട ബഹുരാഷ്ട്ര കമ്പനികൾ ഇതുമായി സഹകരിച്ചുവരുന്നു.

സാങ്കേതിക സർവകലാശാലയിൽ School of Mechanical Sciences and Technology, School of Building Sciences and Technology, School of Electrical Sciences and Technology, School of Communication Sciences and Technology, School of Computer Sciences and Technology, School of Inter

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Disciplinary Studies and Research, School of Basic Sciences and Humanities എന്നീ സ്കൂളുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കാലഘട്ടത്തിനനുസൃതമായി കോഴ്സുകളുടെ സിലബസ് പരിഷ്കരണം നടത്തുകയും B.Tech Electrical & Computer Engineering, B.Tech Electronics & Computer Engineering, B.Tech Computer Science & Business Systems, B.Tech Computer Science & Design, B.Tech Artificial Intelligence & Data Science, B.Tech Robotics & Automation, B.Tech Civil & Environmental Engineering, M.Tech Geotechnical & Geo Environmental Engineering, M.Tech Electrical Drives & Control, M.Tech Artificial Intelligence & Data Science, M.Tech Automotive Electronics & Data Science തുടങ്ങിയ നവീന കോഴ്സുകൾ ആരംഭിക്കാൻ സാങ്കേതിക സർവകലാശാല നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്.

കരിക്കുലത്തിന്റെ ഭാഗമായി വൻകിട വ്യവസായ സ്ഥാപനങ്ങളിൽ ബി.ടെക്, എം.ടെക് വിദ്യാർഥികൾക്ക് ഇന്റേൺഷിപ് സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. തൊഴിൽ സംരംഭകത്വം പാഠ്യപദ്ധതിയിൽ

ഉൾപ്പെടുത്തുന്നതിനായി CENTRE OF EXCELLENCE സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം വരുമാനം കണ്ടെത്തുന്നതിനായി ഇത്തരം കേന്ദ്രങ്ങളിൽ Industry-IN-Campus, Technology Business Incubator, Mini Industrial Units തുടങ്ങിയ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. Centralized placement drive എല്ലാ വർഷവും നടത്തിവരുന്നു. സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ ടീച്ചിംഗ് & ലേണിംഗ് methods പരിഷ്കരിക്കുന്നതിനായി Human Resources Development Centre സാങ്കേതിക സർവകലാശാലയിൽ ആരംഭിച്ചിട്ടുണ്ട്.

നൂതന തൊഴിൽ നൈപുണ്യ സാധ്യതകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള Bachelor of Vocational Studies പ്രോഗ്രാം 2023 - 2024 അക്കാദമിക വർഷം ആരംഭിക്കുന്നു. എല്ലാ അഫിലിയേറ്റഡ് കോളേജുകളിലും ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് പഠനതലത്തിൽ ആഗോള വിദഗ്ധരുമായും അക്കാദമിക സമൂഹവുമായും സമ്പർക്കം പുലർത്തുന്നതിന് അവസരമൊരുക്കാൻ ട്വിന്നിംഗ്

ആൻഡ് കൊളാബറേഷൻ, സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാം എന്നിവയ്ക്കുള്ള റെഗുലേഷനുകൾ അന്തിമ ഘട്ടത്തിലാണ്.

മികവുറ്റ ഗവേഷണ പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിനായി ഗവേഷണ റെഗുലേഷനുകൾ 2023-ൽ പരിഷ്കരിക്കുകയും ഗവേഷണ സൂപ്പർവൈസർ പദവി ലഭിക്കുന്നതിനുള്ള അടിസ്ഥാന യോഗ്യത ഉയർത്തിയിട്ടുമുണ്ട്. മികച്ച ഗവേഷണ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനായി മുഴുവൻ സമയ ഗവേഷകർക്ക് നൽകുന്ന ഫെല്ലോഷിപ്പുകളുടെ എണ്ണം 100 ആയി ഉയർത്തിയിട്ടുണ്ട്. ഇതിനു പുറമെ Sustainability & Carbon Neutrality, Emerging materials and infrastructure, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, റോബോട്ടിക്സ്, ഓട്ടോമേഷൻ എന്നീ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ തുടങ്ങാനായി ഭരണാനുമതി നൽകിയിട്ടുണ്ട്, ഇതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**കോളേജ് അധ്യാപകരുടെ വർക്ക്ലോഡ് ഉത്തരവും തസ്തികനഷ്ടവും**

112(1809) ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് അധ്യാപകരുടെ വർക്ക്ലോഡ് സംബന്ധിച്ച ഉത്തരവിനെത്തുടർന്ന് അധ്യാപകരുടെയും ഉദ്യോഗാർത്ഥികളുടെയും അഭിപ്രായങ്ങൾ പഠിക്കാൻ നിയോഗിച്ച സമിതി ആയതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത റിപ്പോർട്ട് ഇതുവരെ സർക്കാർ അംഗീകരിച്ചിട്ടില്ല.

(ബി) 01-04-2020-ലെ ജി.ഒ.(എം.എസ്.) നം.155/2020/ എച്ച്.ഇ.ഡി.എൻ. നമ്പർ ഉത്തരവിനെത്തുടർന്ന് സർക്കാർ കോളേജുകളിൽ തസ്തികനഷ്ടം സംഭവിക്കുന്ന സ്ഥിതി ഉണ്ടായിട്ടുണ്ടോ; എങ്കിൽ തസ്തികനഷ്ടം സംഭവിച്ച വകുപ്പുകളുടെ വിഷയം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

01-04-2020-ലെ ജി.ഒ.(എം.എസ്.)നം. 155/2020/ഉവിവ, 25-05-2020-ലെ സ.ഉ.(കൈ)നം.193/2020/ഉവിവ, 11-09-2020-ലെ സ.ഉ.(കൈ)നം.313/2020/ഉവിവ എന്നീ ഉത്തരവുകൾ പ്രകാരം പി.ജി. കോഴ്സുകൾക്ക് നൽകിയിരുന്ന അധിക വെയ്റ്റേജ് ഒഴിവാക്കി

ഉത്തരവായിരുന്നു. അതിൻപ്രകാരം വകുപ്പിലെ ഫിസിക്സ്, ഇംഗ്ലീഷ്, കണക്ക്, മലയാളം, സ്റ്റാറ്റിസ്റ്റിക്സ്, തമിഴ്, അറബിക്, ഫിലോസഫി, പൊളിറ്റിക്കൽ സയൻസ്, ഹിന്ദി, കെമിസ്ട്രി, ബോട്ടണി, സുവോളജി, സൈക്കോളജി, മ്യൂസിക്, ജിയോളജി, മൈക്രോബയോളജി, ജ്യോഗ്രഫി, കന്നഡ, ഇസ്ലാമിക് ഹിസ്റ്ററി, സോഷ്യോളജി, ബയോടെക്നോളജി, കൊമേഴ്സ്, എക്കണോമിക്സ്, സംസ്കൃത-ജനറൽ, സംസ്കൃത-ന്യായ, സംസ്കൃത-സാഹിത്യ,സംസ്കൃത-വ്യാകരണ, പബ്ലിക് അഡ്മിനിസ്ട്രേഷൻ, മാസ്സ് കമ്മ്യൂണിക്കേഷൻ, ഹിസ്റ്ററി എന്നീ വിഷയങ്ങളിൽ 16 മണിക്കൂർ വർക്ക്ലോഡില്ലാത്ത തസ്തികകളുള്ളതായി വകുപ്പിന്റെ പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. 16 മണിക്കൂർ ജോലിഭാരമില്ലാത്ത ടി അധ്യാപക തസ്തികകൾ സർക്കാർ റദ്ദ് ചെയ്യുകയോ വകുപ്പിൽ തസ്തിക നഷ്ടം സംഭവിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ പുതിയ നിയമനങ്ങൾ നടത്തുന്നതിന് 16 മണിക്കൂർ ജോലിഭാരം ആവശ്യമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

**മലബാർ മേഖലയിലെ ഡിഗ്രി സീറ്റുകളുടെ കുറവ് പരിഹരിക്കാൻ നടപടി**

113(1810) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ ഈ വർഷം ഡിഗ്രി പ്രവേശനത്തിന് ആവശ്യമായ സീറ്റുകൾ ലഭ്യമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ; സീറ്റുകളുടെ കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് ഈ വർഷം ഡിഗ്രി പ്രവേശനത്തിന് ആവശ്യമായ സീറ്റുകൾ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ സർക്കാർ/എയ്ഡഡ് കോളേജുകളിലുമുള്ള എയ്ഡഡ് കോഴ്സുകളിൽ സ്റ്റാറ്റ്യൂട്ടറി മാക്സിമം പ്രകാരമുള്ള വിദ്യാർത്ഥി പ്രവേശനം നടത്താനുള്ള നടപടി സ്വീകരിക്കുന്നതിനും ആർട്സ് & സയൻസ് കോളേജുകളിൽ 2023-24 അക്കാദമിക വർഷം ബിരുദ പ്രോഗ്രാമിന് പരമാവധി 70 സീറ്റ് വരെയും ബിരുദാനന്തര ബിരുദ പ്രോഗ്രാമിന് പരമാവധി 30 സീറ്റ് വരെയും മാർജിനൽ ഇൻക്രീസ്

അനുവദിച്ച് നൽകുന്നതിന് സർവകലാശാലകൾക്ക് അനുമതി നൽകിയും സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) മലബാർ മേഖലയിൽനിന്നും ഉന്നത വിദ്യാഭ്യാസത്തിന് യോഗ്യത നേടിയ കുട്ടികളുടെ തുടർപഠനത്തിനായി സർക്കാർ, എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

മലബാർ മേഖലയിൽനിന്നും ഉന്നത വിദ്യാഭ്യാസത്തിന് യോഗ്യത നേടിയ കുട്ടികൾക്ക് ബിരുദ കോഴ്സുകൾക്ക് ആവശ്യമായ സീറ്റുകൾ നിലവിൽ ലഭ്യമാണ്. സർക്കാർ, എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ഉന്നത വിദ്യാഭ്യാസ മേഖലയിലെ പ്രതിസന്ധി**

114(1811) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന അരക്ഷിതാവസ്ഥമൂലം വിദ്യാർത്ഥികൾ പഠനത്തിനായി വിദേശ

രാജ്യങ്ങളിലേയ്ക്ക് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉന്നത വിദ്യാഭ്യാസ മേഖലയിലെ അരക്ഷിതാവസ്ഥമൂലം വിദ്യാർത്ഥികൾ പഠനത്തിനായി വിദേശ രാജ്യങ്ങളിലേയ്ക്ക് പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, ഇപ്പോൾ വിദ്യാർത്ഥി കുടിയേറ്റം ഒരു ആഗോള പ്രതിഭാസമാണ്. തുടർ പഠനത്തിനും തൊഴിലിനുംവേണ്ടി വിദ്യാർത്ഥികൾ ഇന്ത്യയിൽനിന്നും വിദേശ രാജ്യങ്ങളിലേയ്ക്ക് കുടിയേറുന്നതായി വിവിധ റിപ്പോർട്ടുകൾ പുറത്തുവരുന്നുണ്ട്. ഇത് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും സ്ഥാപനങ്ങളിലും പ്രകടമാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്റ്റുഡന്റ് മൊബിലിറ്റിയിൽ ദൃശ്യമായ മാറ്റങ്ങൾ പഠിക്കാൻ കണ്ണൂർ സർവകലാശാലാ വൈസ് ചാൻസലർ പ്രൊഫ. ഗോപിനാഥ് രവീന്ദ്രൻ അദ്ധ്യക്ഷനായി ഒരു കമ്മിറ്റി (Committee on Student Mobility and Expectations) രൂപീകരിച്ച് പ്രവർത്തിച്ചുവരികയാണ്.

ഉന്നത വിദ്യാഭ്യാസ മേഖല കൂടുതൽ ആകർഷകമാക്കുന്നതിനും മറ്റ് രാജ്യങ്ങളിലേയ്ക്കുള്ള കുട്ടികളുടെ കുടിയേറ്റം തടയുന്നതിനുമായി ചുവടെപ്പറയുന്ന വിവിധ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു:

1. നാലുവർഷ ബിരുദ പ്രോഗ്രാമുകൾക്കാവശ്യമായ കരിക്കുലം ചട്ടക്കൂട് തയ്യാറാക്കി സർവകലാശാലകൾക്ക് നൽകിയിട്ടുണ്ട്.

2. സർവകലാശാലകളിൽ സെന്റർ ഓഫ് എക്സലൻസ് (CoE), ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ (TRC), ഇന്നവേഷൻ/ഇൻക്യുബേഷൻ/സ്റ്റാർട്ടപ്പ് കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

3. ഗവേഷണത്തിന് പ്രോത്സാഹനമായി മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകൾ നൽകുന്നു.

4. സർവകലാശാലകളിലും കോളേജുകളിലും പുതുതലമുറ പ്രോഗ്രാമുകൾ അനുവദിച്ചിട്ടുണ്ട്.

5. സർവകലാശാലകളിൽ സാങ്കേതിക വിദ്യാധിഷ്ഠിതമായുള്ള ആധുനികവത്ക്കരണം നടത്തിയിട്ടുണ്ട്.

6. കിഫ്ബിയുടെ ധനസഹായത്തോടുകൂടി സർവകലാശാലകളിൽ ലബോറട്ടറികളും മറ്റ് അടിസ്ഥാന വികസന പദ്ധതികളും ആരംഭിച്ചിട്ടുണ്ട്.

(ബി) ഡിഗ്രി സർട്ടിഫിക്കറ്റ്, പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് എന്നിവ വ്യാജമായുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന് കാരണക്കാരായവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. ജോലി, അഡ്മിഷൻ മുതലായവയ്ക്കായി വ്യാജ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നവരുടെ പേരിൽ നിലവിലെ നിയമ പ്രകാരമുള്ള കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരക്കാരെ സ്ഥാപനത്തിൽനിന്നും പുറത്താക്കുകയും ഇവരുടെ പേരിൽ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

**വിദ്യാഭ്യാസ കൺസൾട്ടൻസി സ്ഥാപനങ്ങളുടെ ചൂഷണം**

115(1812) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളെ ഉപരിപഠനത്തിനായി വിദേശത്തേയ്ക്കും അന്യസംസ്ഥാനങ്ങളിലേയ്ക്കും നിലവാരമില്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് അയച്ച് ചൂഷണം ചെയ്യുന്ന കൺസൾട്ടൻസി സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കെതിരെ വ്യാപക പരാതികൾ വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇത്തരം കൺസൾട്ടൻസികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും ഇവയ്ക്ക് ലൈസൻസും ഏകീകൃത സേവന നിരക്കും ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്താനുമായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ കൺസൾട്ടൻസികൾ വിദ്യാർത്ഥികളെ ചൂഷണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്യപ്പെട്ട കേസിൽ കേരള ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം സംസ്ഥാനത്തെ വിദ്യാഭ്യാസ കൺസൾട്ടൻസികളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതും പ്രത്യേക നിയമനിർമ്മാണം നടത്തുന്നതുമായുള്ള വിഷയങ്ങൾ പഠിക്കുന്നതിന് കേരള

ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ ഡോ. സജി ഗോപിനാഥ് ചെയർമാനായും ഡോ. ആർ. കെ. സുരേഷ് കുമാർ, സുപ്രീം കോടതി അഭിഭാഷകൻ ശ്രീ. ശ്രീറാം പാറക്കാട്ട് എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തി വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. വിദഗ്ധ സമിതി ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കാൻ കഴിയും.

നിലവിൽ സ്വകാര്യ കൺസൾട്ടൻസികൾക്കെതിരെ ലഭിക്കുന്ന പരാതികൾ പോലീസ് ആസ്ഥാനത്തെ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ പോലീസ് സൂപ്രണ്ട് തലവനായിട്ടുള്ള NRI CELL മുഖേനയാണ് കൈകാര്യം ചെയ്യുന്നത്.

വിദേശ രാജ്യങ്ങളിൽ പഠനത്തിനെത്തുന്ന വിദ്യാർത്ഥികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നോർക്ക റൂട്ട്സിന്റെ ഹെഡ് ഓഫീസിൽ ഒരു സ്റ്റുഡന്റ്സ് മൈഗ്രേഷൻ ഫെസിലിറ്റേഷൻ സെന്റർ രൂപീകരിക്കുന്നതിനും വിദേശ രാജ്യങ്ങളിൽ പഠനാർത്ഥം യാത്ര ചെയ്യുന്ന മലയാളി വിദ്യാർത്ഥികൾക്കായി ആതിഥേയ രാജ്യത്തെ സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും

സംശയ നിവാരണത്തിനും അടിയന്തര സാഹചര്യത്തിൽ അവർക്ക് സർക്കാരുമായി ബന്ധപ്പെടുന്നതിനുമായി സ്റ്റുഡന്റ്സ് മൈഗ്രേഷൻ ഫെസിലിറ്റേഷൻ സെന്റർ സജ്ജീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി രാജ്യം, സ്ഥലം, യൂണിവേഴ്സിറ്റി/കോളേജ്, കോഴ്സ്, കോഴ്സ് ഡ്യൂറേഷൻ, ഫോൺ നമ്പർ, നോർക്ക സ്റ്റുഡന്റ്സ് ഐഡി കാർഡ് എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു വെബ് പോർട്ടൽ രൂപീകരിച്ച് വിദേശ പഠനത്തിന് പോകുന്ന എല്ലാ വിദ്യാർത്ഥികളും സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിദ്യാഭ്യാസ കൺസൽട്ടന്റ് ഏജൻസികളും പ്രസ്തുത പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിലൂടെ വിദ്യാർത്ഥികളുടെ വിവരശേഖരണം നടത്താൻ സാധിക്കും. പ്രസ്തുത സെന്ററിന്റെ പ്രവർത്തനത്തിനായി പ്രത്യേകം ഫോൺ നമ്പർ, ഇ-മെയിൽ ഐഡി, വാട്ട്സ്ആപ്പ് നമ്പർ എന്നീ സംവിധാനങ്ങൾ ഒരുക്കുകയും പ്രവാസി മലയാളി വിദ്യാർത്ഥികൾക്ക് നോർക്ക റൂട്ട്സിന്റെ സ്റ്റുഡന്റ്സ് ഐഡി കാർഡ് പദ്ധതിയിൽ അംഗങ്ങളാവുകയും ചെയ്യാവുന്നതാണ്.

(സി) സംസ്ഥാനത്തെ എത്ര ശതമാനം വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് മറ്റ് സംസ്ഥാനങ്ങളെയും വിദേശ രാജ്യങ്ങളെയും ആശ്രയിച്ചുവരുന്നു എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് മറ്റ് സംസ്ഥാനങ്ങളെയും വിദേശ രാജ്യങ്ങളെയും ആശ്രയിക്കുന്ന വിദ്യാർത്ഥികളുടെ വിവരം ശേഖരിക്കുന്നതിന് നിലവിൽ സംവിധാനമില്ല.

**പരമ്പരാഗത ബിരുദകോഴ്സുകളുടെ സ്വീകാര്യത വർദ്ധിപ്പിക്കാൻ നടപടി**

116(1813) ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ പരമ്പരാഗത ബിരുദ കോഴ്സുകളിലേയ്ക്കുള്ള അഡ്മിഷനുകളുടെ എണ്ണം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആർട്സ് & സയൻസ് കോളേജുകളിലെ ബിരുദ പ്രവേശനം അവസാനിച്ചതിനുശേഷം എഞ്ചിനീയറിംഗ്,

മെഡിക്കൽ/ഫാർമസി കോഴ്സുകളിലും സെൻട്രൽ യൂണിവേഴ്സിറ്റികളിലും പ്രവേശനം നേടുന്നതിനായി വിദ്യാർത്ഥികൾ ടി.സി. വാങ്ങി പോകുന്നത് സംസ്ഥാനത്തെ സർവകലാശാലകളിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിലെ ബിരുദ കോഴ്സുകളിലേയ്ക്കുള്ള അഡ്മിഷനുകളുടെ എണ്ണത്തിൽ കുറവ് വരുന്നതിന് കാരണമായിട്ടുണ്ട്.

(ബി) പ്രസ്തുത കോഴ്സുകളിലേയ്ക്ക് കുട്ടികളെ ആകർഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലം കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും ബിരുദ പ്രോഗ്രാമുകൾ 2024-25 അധ്യയന വർഷം മുതൽ നാല് വർഷ ബിരുദ പ്രോഗ്രാമുകളാക്കി മാറ്റുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. സർവകലാശാലകൾ വിവിധ പ്രോഗ്രാമുകളെ OBE അടിസ്ഥാനപ്പെടുത്തി പരിഷ്കരിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം വിവിധ സേവനങ്ങൾ ഓൺലൈനായി നൽകുന്നതിന് സർവകലാശാലകൾ നടപടി സ്വീകരിച്ചിട്ടുണ്ട്. സേവനങ്ങൾ

വേഗത്തിലും കൃത്യതയോടെയും നൽകുന്നതിന് സർവകലാശാലകളിൽ ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(സി) പരമ്പരാഗത ബിരുദ കോഴ്സുകൾക്കൊപ്പം നൂതന തൊഴിലധിഷ്ഠിത കോഴ്സുകളോ മൊഡ്യൂളുകളോ സമാന്തരമായി പഠിക്കുന്നതിന് അവസരം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നിലവിലെ യു.ജി.സി ചട്ടപ്രകാരം നിബന്ധനകളോടുകൂടി വിദ്യാർത്ഥികൾക്ക് ഒരേ സമയം ഒന്നിൽ കൂടുതൽ റഗുലർ/ഓൺലൈൻ കോഴ്സുകൾ പഠിക്കാൻ അനുമതി നൽകിയിട്ടുണ്ട്. പുതിയ തൊഴിലധിഷ്ഠിത കോഴ്സുകളിൽനിന്നും ഓൺലൈൻ കോഴ്സുകളിൽനിന്നും ക്രെഡിറ്റുകൾ ആർജ്ജിക്കാൻ വിദ്യാർത്ഥികൾക്ക് അയവുള്ള സമീപനമാണ് 4 വർഷ ബിരുദ കരിക്കുലം ചട്ടക്കൂട് മുന്നോട്ടുവയ്ക്കുന്നത്. നാലുവർഷ ബിരുദ കോഴ്സുകളിലെ ഫൗണ്ടേഷൻ കോഴ്സുകളും ഇത്തരമൊരു സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

**സർക്കാർ കോളേജുകളിലെ ജീവനി പദ്ധതി**

117(1814) <u>ശ്രീ. കെ. യു. ജനീഷ് കുമാർ:</u>
<u>ശ്രീമതി ദെലീമ:</u>

ശ്രീ. എം. മുകേഷ്:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ മാനസികാരോഗ്യം സംരക്ഷിക്കാൻ ലക്ഷ്യമിട്ട് ആരംഭിച്ച 'ജീവനി പദ്ധതി' നിലവിൽ ഏതെല്ലാം സർക്കാർ കോളേജുകളിലാണ് നടപ്പാക്കിയിട്ടുള്ളത്; പദ്ധതി പ്രാവർത്തികമാക്കുന്നതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ?

ജീവനി പദ്ധതി നിലവിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള എല്ലാ സർക്കാർ കോളേജുകളിലും നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ സൈക്കോളജി വിദഗ്ധരുടെ സേവനത്തിലൂടെ വിദ്യാർത്ഥികളുടെ മാനസിക പിരിമുറുക്കം ലഘൂകരിക്കുന്നതിനും മാനസിക ആരോഗ്യം മെച്ചപ്പെടുത്തുവാനുമാണ് ലക്ഷ്യമിടുന്നത്.

(ബി) പ്രസ്തുത പദ്ധതി കൂടുതൽ കോളേജുകളിലേയ്ക്കും പോളിടെക്നിക്കുകളിലേയ്ക്കും വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

ജീവനി പദ്ധതി നിലവിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള എല്ലാ എയ്ഡഡ് കോളേജുകളിലേയ്ക്കുകൂടി വ്യാപിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പോളിടെക്നിക് കോളേജുകളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**മാവേലിക്കര രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് പുതിയ മന്ദിരം**

118(1815) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് സ്വന്തമായി ഭൂമി ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മാവേലിക്കര രാജാ രവിവർമ്മ സെന്റർ ഫോർ എക്സലൻസ് ഫോർ വിഷ്വൽ ആർട്സ്-ന്റെ വികസനത്തിനുവേണ്ടി ആലപ്പുഴ ജില്ലയിൽ

മാവേലിക്കര താലൂക്കിൽ മാവേലിക്കര വില്ലേജിൽ ബ്ലോക്ക് നം.83 റീ സർവ്വേ 8/2-ൽപ്പെട്ട പമ്പ ജലസേചന പദ്ധതി വക 66 സെന്റ് ഭൂമി കേരള സർവകലാശാലയുടെ പേരിൽ നിബന്ധനകൾക്ക് വിധേയമായി സൗജന്യനിരക്കായ ഒരു ആറിന് പ്രതിവർഷം 100 രൂപ നിരക്കിൽ 15 വർഷത്തേയ്ക്ക് പാട്ടത്തിനനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥാപനത്തിൽ പുതിയ ബഹുനില മന്ദിരം നിർമ്മിക്കുന്നതിനാവശ്യമായ വിശദമായ പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ടോ; ആവശ്യമായ തുക അനുവദിക്കുന്നത് പരിഗണനയിലുണ്ടോ?

പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്. അതിന്മേൽ സർവകലാശാല തലത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## നാദാപുരം മണ്ഡലത്തിലെ മൊകേരി ഗവൺമെന്റ് കോളേജിലെ നിർമ്മാണ പ്രവൃത്തികൾ

119(1816) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 മുതൽ മൊകേരി ഗവൺമെന്റ് കോളേജിലെ ഏതൊക്കെ നിർമ്മാണ പ്രവൃത്തികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളതെന്ന് പ്രവൃത്തികളുടെ ഭരണാനുമതി തീയതി, അടങ്കൽ തുക, നിർവ്വഹണ ഏജൻസി, പൂർത്തീകരണ കാലാവധി, നിലവിലെ അവസ്ഥ എന്നിവ സഹിതം വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) മൊകേരി കോളേജിലെ അനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികളുടെ നിർവ്വഹണത്തിൽ തടസ്സം നേരിടുന്നുണ്ടോ; വിശദമാക്കാമോ?

ലേഡീസ് ഹോസ്റ്റൽ നിർമ്മാണം ആരംഭിച്ചെങ്കിലും പൈലിങ് നടത്താൻ കഴിയാത്ത അവസ്ഥയായതിനാൽ കിഫ്ബി സ്റ്റോപ്പ് മെമ്മോ നൽകിയിരിക്കുകയാണ്. വുമൺ അമിനിറ്റി സെന്ററിനായി കണ്ടെത്തിയ സ്ഥലം മാസ്റ്റർ പ്ലാനിൽ റോഡിനായി നീക്കിവച്ചിരുന്ന സ്ഥലത്തായതിനാൽ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടില്ല. പുതിയ സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത കോളേജിലെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

നിർമ്മാണ ചുമതലയുള്ള ഏജൻസിയുമായി നിരന്തരം ബന്ധപ്പെട്ട് പ്രവൃത്തികൾ റിവ്യൂ ചെയ്യുന്നുണ്ട്.

(ഡി) പ്രസ്തുത കോളേജിലെ ബി.എ. എക്കണോമെട്രിക്സ് ആൻഡ് ഡാറ്റാ മാനേജ്മെന്റ് കോഴ്സിന്റെ ഭാഗമായുള്ള കമ്പ്യൂട്ടർ ലാബ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ബി.എ എക്കണോമിക്സ് ആൻഡ് ഡാറ്റാ മാനേജ്മെന്റ് കോഴ്സിന്റെ ഭാഗമായുള്ള കമ്പ്യൂട്ടർ ലാബ് നിർമ്മിക്കുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷം 20 കമ്പ്യൂട്ടറുകൾ, പ്രിന്റർ, മറ്റ് അനുബന്ധ സാധനങ്ങൾ, ഈ സാമ്പത്തിക വർഷം 30 കമ്പ്യൂട്ടറുകൾ, പ്രൊജക്ടർ, യു.പി.എസ് എന്നിവ അനുവദിച്ചുനൽകിയിട്ടുണ്ട്.

**കോടഞ്ചേരി ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തി**

120(1817) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ കോടഞ്ചേരി ഗവൺമെന്റ് കോളേജിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് ഇനിയും ധനാനുമതി ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രോജക്ട് നിർദേശത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കുമോ?

(എ&ബി) കോടഞ്ചേരി ആർട്സ് കോളേജ് അക്കാദമിക് ബ്ലോക്കാണ് കിഫ്ബി സഹായത്തോടെ നിർമ്മിക്കുന്നത്. അക്കാദമിക് ബ്ലോക്കിനെക്കുറിച്ചുള്ള സാങ്കേതിക വിലയിരുത്തൽ സംബന്ധിച്ച് റിപ്പോർട്ട് കിഫ്ബി കിറ്റ്കോയ്ക്ക് കൈമാറി. പ്രസ്തുത റിപ്പോർട്ടിൽ നിർദ്ദിഷ്ട സ്ഥലം തിങ്ങിനിൽക്കുന്നത് കാരണം അക്കാദമിക് ബ്ലോക്കിന്റെ സ്ഥലം മാറ്റുന്നത് പുനഃപരിശോധിക്കാൻ കിഫ്ബി അഭിപ്രായപ്പെട്ടിട്ടുണ്ട്. സൈറ്റിന്റെ അവസ്ഥ കാരണം കൂടുതൽ മെച്ചപ്പെട്ട സ്ഥലം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ലഭ്യമായ

സ്ഥലത്തിൽ ഏറ്റവും മികച്ച ഭൂമി കണ്ടെത്തി, മണ്ണ് പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. പുതുക്കിയ DPR 2023 സെപ്റ്റംബറോടെ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണെന്ന് SPV ആയ KITCO അറിയിച്ചിട്ടുണ്ട്.

**സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പൽ നിയമനത്തിനുള്ള കരട് പട്ടിക**

121(1818) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നിലവിൽ പ്രിൻസിപ്പൽമാരുടെ ഒഴിവുണ്ടെന്ന് വ്യക്തമാക്കുമോ?

സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലായി പ്രിൻസിപ്പൽ തസ്തികയിൽ നിലവിലുണ്ടായിരുന്ന 57 ഒഴിവുകളിൽ 36 ഒഴിവുകളിലേയ്ക്ക് 23-08-2023-ലെ സ.ഉ.(സാധാ) നം.1320/2023/ഉ.വി.വ പ്രകാരം താത്കാലിക നിയമനം നൽകിയിട്ടുണ്ട്.

(ബി) അതിൽ എത്ര സ്ഥലങ്ങളിൽ പ്രിൻസിപ്പൽ -ഇൻ-ചാർജ് ചുമതല വഹിക്കുന്നുണ്ടെന്നും പ്രിൻസിപ്പൽ-ഇൻ-ചാർജ് ആയി നിയമിക്കപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള 57 സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും പ്രിൻസിപ്പൽ -ഇൻ- ചാർജ്ജാണ് ഉണ്ടായിരുന്നത്. എന്നാൽ OA 828/2023-ന്മേലുള്ള 03-08-2023-ലെയും, MA 1611/2023 in OA 828/2023-ന്മേലുള്ള 21-08-2023-ലെയും ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 23-08-2023-ലെ സ.ഉ.(സാധാ) നം.1320/2023/ഉ.വി.വ പ്രകാരം 36 അധ്യാപകർക്ക് താത്കാലിക പ്രൊമോഷൻ നൽകിയിട്ടുണ്ട്. ഒരു സ്ഥാപനത്തിൽ പ്രിൻസിപ്പലിന്റെ ചാർജ് വഹിക്കുന്ന അധ്യാപകൻ ശിപാർശ ചെയ്യുന്ന ഏറ്റവും സീനിയറായ അധ്യാപകൻ/അധ്യാപികയ്ക്കാണ് പ്രിൻസിപ്പലിന്റെ ചാർജ് നൽകുന്നത്. സീനിയർ അധ്യാപകൻ അസൗകര്യം അറിയിക്കുന്നപക്ഷം കോളേജ് കൗൺസിലിന്റെ ശിപാർശയിന്മേൽ അടുത്ത അധ്യാപകൻ/അധ്യാപികയ്ക്ക് ചാർജ് നൽകുന്നു.

(സി) സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ പ്രിൻസിപ്പൽ നിയമനത്തിനായി യു.ജി.സി. റെഗുലേഷൻ പ്രകാരം രൂപീകരിച്ച സെലക്ഷൻ കമ്മിറ്റി നാല്പത്തിമൂന്ന് പേരുടെ പട്ടിക തയ്യാറാക്കി വകുപ്പുതല പ്രൊമോഷൻ കമ്മിറ്റിയുടെ (ഡി.പി.സി.) അംഗീകാരത്തോടെ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പട്ടികയുടെ പകർപ്പ് ലഭ്യമാക്കുമോ?

സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പൽ തസ്തികയിൽ പ്രൊമോഷൻ നൽകുന്നതിനായി യു.ജി.സി നിയമങ്ങൾക്കനുസൃതമായി 02-03-2022-ലെ G.O.(Rt)No.350/2022/H.Edn പ്രകാരം സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചു. ആകെയുള്ള 110 അപേക്ഷകളിൽനിന്നും പ്രസ്തുത സെലക്ഷൻ കമ്മിറ്റി 67 അധ്യാപകരെ യോഗ്യരായി കണ്ടെത്തിയിരുന്നതായും എന്നാൽ ഈ അറുപത്തേഴ് പേരിൽനിന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ രൂപീകരിച്ച ഡെപ്യൂട്ടി ഡയറക്ടർ, അഡീഷണൽ ഡയറക്ടർ എന്നിവർ ഉൾപ്പെട്ട ടെക്നിക്കൽ കമ്മിറ്റി 23 അധ്യാപകരെ ഒഴിവാക്കിയതായും പരാതി ഉയർന്നിരുന്നു. സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ

പ്രിൻസിപ്പൽ തസ്തികയിൽ പ്രൊമോഷന് വേണ്ടിയുള്ള സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി 23-06-2022-ൽ ചേരുകയും പ്രസ്തുത യോഗത്തിന്റെ കരട് മിനിട്ട്സ് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ് അനുബന്ധം I ആയി ചേർക്കുന്നു.+

(ഡി) പ്രസ്തുത പട്ടികയിൽനിന്നും പ്രിൻസിപ്പൽ നിയമനം നൽകുന്നതിനുപകരം പ്രസ്തുത പട്ടിക കരടായി പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിന് അപ്പീൽ കമ്മിറ്റി രൂപീകരിക്കാൻ വകുപ്പുമന്ത്രി ഫയലിൽ കുറിപ്പ് എഴുതിയതിന്റെ കാരണം വ്യക്തമാക്കുമോ; ഏത് ചട്ടത്തിന്റെ അടിസ്ഥാനത്തിലാണ് അപ്രകാരം നടപടി സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; അത് സംബന്ധിച്ച ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പൽ തസ്തികയിൽ പ്രൊമോഷൻ നൽകുന്നതിനായി യു.ജി.സി നിയമങ്ങൾക്കനുസൃതമായി 02-03-2022-ലെ G.O.(Rt).No.350/2022/H.Edn

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രകാരം സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചു. ആകെയുള്ള 110 അപേക്ഷകളിൽനിന്നും പ്രസ്തുത സെലക്ഷൻ കമ്മിറ്റി 67 അധ്യാപകരെ യോഗ്യരായി കണ്ടെത്തിയിരുന്നതായും എന്നാൽ ഈ അറുപത്തേഴ് പേരിൽ നിന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ രൂപീകരിച്ച ഡെപ്യൂട്ടി ഡയറക്ടർ, അഡീഷണൽ ഡയറക്ടർ എന്നിവർ ഉൾപ്പെട്ട ടെക്നിക്കൽ കമ്മിറ്റി 23 അധ്യാപകരെ ഒഴിവാക്കിയതായും പരാതി ഉയർന്നിരുന്നു. സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പൽ തസ്തികയിൽ പ്രൊമോഷന് വേണ്ടിയുള്ള സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി 23-06-2022-ൽ ചേരുകയും പ്രസ്തുത യോഗത്തിന്റെ കരട് മിനിട്ട്സ് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ സെലക്ഷൻ പ്രക്രിയ സംബന്ധിച്ച് നിരവധി പരാതികൾ ലഭ്യമാവുകയും പരിശോധനയിൽ ടി പരാതികളിൽ കഴമ്പുണ്ടെന്ന് ബോധ്യമാവുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി സമർപ്പിച്ച ലിസ്റ്റ് ഒരു കരട് ലിസ്റ്റായി പ്രസിദ്ധീകരിച്ച് ആയതിൻമേൽ പരാതികൾ ക്ഷണിച്ചത്. കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ്

റൂൾ 28, സബ് റൂൾ 8 (ബി) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ചാണ് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റിയുടെ കരട് മിനിട്ട്സ് സർക്കാർ അംഗീകരിക്കാതിരുന്നത്. ഇത് സംബന്ധിച്ച എഫ്1/148/2023/ഉ.വി.വ നമ്പർ ഫയലിന്റെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു.+

**കോളേജ് അധ്യാപകരുടെ ജോലി ഭാരം പുനർനിർണ്ണയിച്ചുകൊണ്ടുള്ള ഉത്തരവുകളുടെ പ്രത്യാഘാതങ്ങൾ**

122(1819) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/എയ്ഡഡ് കോളേജുകളിലെ അധ്യാപകരുടെ ജോലിഭാരം പുനർനിർണ്ണയിച്ചുകൊണ്ടുള്ള ഉത്തരവുകളുടെ പ്രത്യാഘാതങ്ങൾ പഠിക്കാൻ ചുമതലപ്പെടുത്തിയ കമ്മിറ്റിയുടെ ശിപാർശകൾ നടപ്പിലാക്കാൻ കൈക്കൊണ്ട തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. എന്നാൽ ടി റിപ്പോർട്ട് ഇതുവരെ സർക്കാർ അംഗീകരിച്ചിട്ടില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത കമ്മിറ്റിയുടെ ശിപാർശകൾമൂലം ഉന്നത വിദ്യാഭ്യാസ രംഗത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**അസിസ്റ്റന്റ് പ്രൊഫസർ തസ്തിക റാങ്ക് ലിസ്റ്റും പ്രതീക്ഷിത ഒഴിവുകളും**

123(1820) ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് ഏതെല്ലാം വിഷയങ്ങളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്; നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും നിയമന ശിപാർശ നൽകിയ ഉദ്യോഗാർത്ഥികളുടെ വിഷയം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

മറുപടി അനുബന്ധം 1 ആയി ചേർക്കുന്നു.+

(ബി) 2022 മുതൽ 2025 വരെയുള്ള കാലയളവിൽ അധ്യാപകരുടെ റിട്ടയർമെന്റ് വഴിയും മറ്റുവിധത്തിലും ഉണ്ടാകാനിടയുള്ള പ്രതീക്ഷിത ഒഴിവുകളുടെ വിഷയം/വർഷം എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിവരം അനുബന്ധം 2 ആയി ചേർക്കുന്നു.+

**കോളേജ് അധ്യാപകരുടെ നിയമനവും ജോലി ഭാരത്തിലെ മാറ്റവും**

124(1821) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളജുകളിൽ 2011 ജൂൺ മുതൽ 2020 മാർച്ച് വരെ പി.എസ്.സി വഴി നിയമിക്കപ്പെട്ട അധ്യാപകരുടെ എണ്ണം വിഷയം, വർഷം അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

മറുപടി അനുബന്ധം 1 ആയി ഉൾപ്പെടുത്തുന്നു.+

(ബി) സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളജുകളിൽ 2020 ഏപ്രിൽ മുതൽ 2023 ജൂലൈ വരെ പി.എസ്.സി വഴി നിയമിക്കപ്പെട്ട അധ്യാപകരുടെ എണ്ണം വിഷയം, വർഷം അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

മറുപടി അനുബന്ധം 2 ആയി ഉൾപ്പെടുത്തുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കോളജ് അധ്യാപകരുടെ ജോലിഭാരത്തിൽ മാറ്റം വരുത്തുകയും പി.ജി അധ്യാപനത്തിനുള്ള വെയ്റ്റേജ് എടുത്തുകളയുകയും ചെയ്ത 2020 ഏപ്രിൽ ഒന്നിലെയും മേയ് 25-ലെയും ഉത്തരവ് പുനഃപരിശോധിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ?

കോളേജ് അധ്യാപകരുടെ ജോലിഭാരത്തിൽ മാറ്റം വരുത്തിയത് സംബന്ധിച്ച വിഷയം പഠിക്കുന്നതിനായി സർക്കാർ രൂപീകരിച്ച സമിതി പഠന റിപ്പോർട്ട് സമർപ്പിച്ചിരുന്നു. റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടില്ല.

(ഡി) കോളേജ് അധ്യാപകരുടെ ജോലിഭാരത്തിൽ മാറ്റം വരുത്തിയത് സംബന്ധിച്ച് പഠിക്കാൻ സർക്കാർ നിയോഗിച്ച സമിതി റിപ്പോർട്ടിൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാം?

കോളേജ് അധ്യാപകരുടെ ജോലിഭാരത്തിൽ മാറ്റം വരുത്തിയത് സംബന്ധിച്ച വിഷയം പഠിക്കുന്നതിനായി സർക്കാർ രൂപീകരിച്ച സമിതി പഠന റിപ്പോർട്ട് സമർപ്പിച്ചിരുന്നു. റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടില്ല.

**സർക്കാർ കോളേജുകളിലെ അധ്യാപക ഒഴിവുകൾ**

125(1822) <u>ശ്രീ. വി. ആർ. സുനിൽ കുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ കോളേജുകളിലെ അധ്യാപക തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വിഷയം തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ എത്രയെണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തെന്നും അവ എന്നാണ് റിപ്പോർട്ട് ചെയ്തതെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണവും അറിയിക്കാമോ;

(സി) പ്രസ്തുത തസ്തികയിലെ മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

(എ-സി) സംസ്ഥാനത്തെ സർക്കാർ കോളേജുകളിലെ അധ്യാപക തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ, പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ, അവ എന്നാണ് റിപ്പോർട്ട് ചെയ്തത് എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിൽ, സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ അധ്യാപക തസ്തികകളിൽ ഒഴിവില്ല. കോഴിക്കോട് ഗവൺമെന്റ് കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷനിലെ 3 ഒഴിവുകൾ (യഥാർത്ഥത്തിൽ 2 ഒഴിവുകൾ) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം പ്രൊവിഷണലായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നിലവിലെ യു.ജി.സി മാനദണ്ഡങ്ങൾ പ്രകാരം സർക്കാർ കോളേജുകളിലെ അധ്യാപക തസ്തികകളിലെ വർക്ക്‌ലോഡ് പുന:നിർണ്ണയിച്ചതിന്റെ ഭാഗമായി നിലവിലുള്ള അധ്യാപകരെ ഉൾക്കൊള്ളാനുള്ള മതിയായ വർക്ക്‌ലോഡ് ഇല്ലാതാകുകയും അധിക തസ്തിക നിലനിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ റിട്ടയർമെന്റ് മൂലമോ അല്ലാതെയോ ഉണ്ടാകുന്ന സ്ഥിര ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കില്ല. 16 മണിക്കൂർ മതിയായ വർക്ക്‌ലോഡ് ഇല്ലാത്ത തസ്തികകൾ പുന:ക്രമീകരിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## കോളേജ് അധ്യാപകരുടെ ജോലിഭാരം സംബന്ധിച്ച സമിതി റിപ്പോർട്ടിൻമേലുള്ള ആശങ്ക

126(1823) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് അധ്യാപകരുടെ ജോലിഭാരം സംബന്ധിച്ച ഉത്തരവിനെക്കുറിച്ച് അധ്യാപക സമൂഹത്തിന്റെയും ഉദ്യോഗാർത്ഥികളുടെയും ആശങ്കകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത വിഷയം പഠിക്കാൻ ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ?

ഉണ്ട്.

(സി) ഉണ്ടെങ്കിൽ സർക്കാരിലേയ്ക്ക് സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ?

റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. എന്നാൽ ടി റിപ്പോർട്ട് ഇതുവരെ സർക്കാർ അംഗീകരിച്ചിട്ടില്ല.

(ഡി) പ്രസ്തുത ഉത്തരവിനെത്തുടർന്ന് സർക്കാർ കോളേജുകളിലെ അധ്യാപകരുടെ ജോലിഭാരം പുന:ക്രമീകരിച്ചപ്പോൾ പഠന വകുപ്പുകളിൽ തസ്തിക നഷ്ടപ്പെടുകയും നിലവിൽ ജോലി ചെയ്യുന്ന അധ്യാപകർ അധികമാവുകയും ചെയ്യുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ ഏതെല്ലാം വകുപ്പുകളിൽ തസ്തിക നഷ്ടം സംഭവിച്ച എന്നതിന്റെ വിഷയം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

01-04-2020-ലെ സ.ഉ.(കൈ)നം.155/2020/ഉവിവ, 25-05-2020-ലെ സ.ഉ.(കൈ)നം.193/2020/ഉവിവ, 11-09-2020-ലെസ.ഉ.(കൈ)നം.313/2020/ ഉവിവ എന്നീ ഉത്തരവുകൾ പ്രകാരം യു.ജി.സി. ചട്ടങ്ങൾക്കനുസൃതമായി പി.ജി. കോഴ്സുകൾക്ക് നൽകിയിരുന്ന അധിക വെയ്റ്റേജ് ഒഴിവാക്കി സർക്കാർ ഉത്തരവായിരുന്നു. അതിൻപ്രകാരം വകുപ്പിലെ ഫിസിക്സ്, ഇംഗ്ലീഷ്, കണക്ക്, മലയാളം, സ്റ്റാറ്റിസ്റ്റിക്സ്, തമിഴ്, അറബിക്, ഫിലോസഫി, പൊളിറ്റിക്കൽ സയൻസ്, ഹിന്ദി, കെമിസ്ട്രി, ബോട്ടണി, സുവോളജി, സൈക്കോളജി, മ്യൂസിക്, ജിയോളജി, മൈക്രോബയോളജി, ജ്യോഗ്രഫി, കന്നഡ, ഇസ്ലാമിക് ഹിസ്റ്ററി, സോഷ്യോളജി, ബയോടെക്നോളജി, കൊമേഴ്സ്,

എക്കണോമിക്സ്, സംസ്കൃത-ജനറൽ, സംസ്കൃത-ന്യായ, സംസ്കൃത-സാഹിത്യ, സംസ്കൃത-വ്യാകരണ, പബ്ലിക് അഡ്മിനിസ്ട്രേഷൻ, മാസ്സ് കമ്മ്യൂണിക്കേഷൻ, ഹിസ്റ്ററി എന്നീ വിഷയങ്ങളിൽ 16 മണിക്കൂർ വർക്ക്ലോഡില്ലാത്ത അധിക തസ്തികകളുള്ളതായി വകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ടി അധ്യാപക തസ്തികകൾ സർക്കാർ റദ്ദ് ചെയ്യുകയോ വകുപ്പിൽ നിലവിലുള്ള അധ്യാപകർക്ക് തസ്തിക നഷ്ടം സംഭവിക്കുകയോ ചെയ്തിട്ടില്ല.

**സർവകലാശാലകളിലെ സൂപ്പർ ന്യൂമററി നിയമനങ്ങൾ**

127(1824) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്താറുണ്ടോ; എങ്കിൽ അത്തരം നിയമനങ്ങൾക്ക് അവലംബിക്കുന്ന സർക്കാർ ഉത്തരവുകളുടെയും ചട്ടങ്ങളുടെയും പകർപ്പുകളുൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ?

പ്രത്യേക ആവശ്യങ്ങൾക്കായി പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അനധ്യാപക തസ്തികകളിലേയ്ക്ക് സർവകലാശാലകളിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്.

07-08-2013-ലെ സ.ഉ.(പി)63/13/സാ.നീതി.വ. പ്രത്യേക സർക്കാർ ഉത്തരവ് പ്രകാരം 16-08-1998-നും 31-12-2003-നും ഇടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച അംഗപരിമിതർക്ക് പുനർ നിയമനം നൽകുന്നതിനായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ടി ജീവനക്കാർ സർവീസിൽനിന്നും പെൻഷനായി പിരിഞ്ഞുപോകുമ്പോൾ ടി സൂപ്പർ ന്യൂമററി തസ്തികകൾ ഇല്ലാതാകുന്ന തരത്തിൽ സർവീസിൽ പുനർ/റഗുലർ നിയമനം നൽകുന്നതിന് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷി വിഭാഗത്തിലുൾപ്പെട്ട അഞ്ച് അസിസ്റ്റന്റുമാരുടെ തസ്തിക സൂപ്പർ ന്യൂമററിയായി കേരള സർവകലാശാലയിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എം.ജി. സർവകലാശാലയുടെ എഞ്ചിനീയറിംഗ് യൂണിറ്റ് ഇലക്ട്രിക്കൽ വിഭാഗത്തിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക 22-07-2003-ലെ സർവകലാശാല ഉത്തരവ് നം. എഡി.എ 1/3/36/2003 പ്രകാരം സൂപ്പർ ന്യൂമററി തസ്തികയായി സൃഷ്ടിച്ചിരുന്നത് ഇപ്പോഴും തുടർന്നുകൊണ്ടുപോകുന്നു. പ്രസ്തുത തസ്തിക സൃഷ്ടിച്ച് നിയമനം നൽകിക്കൊണ്ടുള്ള സർവകലാശാലാ ഉത്തരവിന്റെ പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു.+

കാലിക്കറ്റ് സർവകലാശാലയിൽ സൃഷ്ടിച്ച സൂപ്പർ ന്യൂമററി തസ്തികകളുടെ വിവരവും ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പും അനുബന്ധം 3 ആയി ചേർക്കുന്നു.+

കണ്ണൂർ സർവകലാശാലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 ദിവസം സേവനം പൂർത്തിയാക്കിയ അംഗപരിമിതർക്ക് പുനർ നിയമനം നൽകുന്നതിന് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് നിയമനം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെയും ചട്ടങ്ങളുടെയും പകർപ്പുകൾ അനുബന്ധം 4 ആയി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സർക്കാർ കോളേജുകളിലും സർവകലാശാലകളിലും സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമനം ലഭിക്കുന്ന ജീവനക്കാർക്കും അധ്യാപകർക്കും ലഭിക്കുന്ന അടിസ്ഥാന ശമ്പളം, അവരുടെ ശമ്പള സ്കെയിൽ, മറ്റ് അലവൻസുകൾ എന്നിവ എപ്രകാരമാണ് കണക്കാക്കുന്നതെന്നും അതിനാധാരമായ ചട്ടങ്ങളുടെ പകർപ്പുകളും ലഭ്യമാക്കാമോ?

ഇത്തരത്തിൽ സർവീസിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ സേവന വ്യവസ്ഥകളും ആനുകൂല്യങ്ങളും കാലാകാലങ്ങളിലുള്ള സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നൽകുന്നത്. ബന്ധപ്പെട്ട തസ്തികകളുടെ ശമ്പള പരിഷ്കരണ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള ശമ്പള സ്കെയിലിലെ അടിസ്ഥാന ശമ്പളം അനുവദിച്ചുകൊണ്ടാണ് നിയമനം നൽകുന്നത്.

(സി) സർവകലാശാലകളിൽ സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമനം നൽകിയ ജീവനക്കാരുടെയും അധ്യാപകരുടെയും വിശദാംശം ലഭ്യമാക്കാമോ?

സർവകലാശാല തിരിച്ചുള്ള വിവരം അനുബന്ധം 5 ആയി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പൽ നിയമനം

128(1825) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ പ്രിൻസിപ്പൽ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകൾ നികത്താൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

വിവിധ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലായി പ്രിൻസിപ്പൽ തസ്തികയിൽ നിലവിലുണ്ടായിരുന്ന 57 ഒഴിവുകളിൽ 36 ഒഴിവുകളിലേയ്ക്ക് 23-08-2023-ലെ സ.ഉ.(സാധാ) നം.1320/2023 പ്രകാരം നിയമനം നൽകിയിട്ടുണ്ട്. നിലവിൽ ആകെ 21 ഒഴിവുകളാണുള്ളത്.

(ബി) പ്രസ്തുത ഒഴിവുകളിലേയ്ക്ക് എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ഇതിൽ എത്ര പേരടങ്ങുന്ന പട്ടികയാണ് പി.എസ്.സി. അംഗീകരിച്ച് നിയമനത്തിനായി നൽകിയതെന്നും വ്യക്തമാക്കാമോ?

സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പൽ പ്രൊമോഷൻ നടത്തുന്നതിലേയ്ക്കായി സെലക്ഷൻ കമ്മിറ്റി മുൻപാകെ 110

അപേക്ഷകൾ ലഭിച്ചു. ആയതിൽ സെലക്ഷൻ കമ്മിറ്റി 67 അധ്യാപകരെ യോഗ്യതയുള്ളതായി കണ്ടെത്തിയെങ്കിലും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ രൂപീകരിച്ച ഒരു ടെക്നിക്കൽ കമ്മിറ്റി 23 പേരെ ഒഴിവാക്കിയതായി പരാതി ഉയരുകയുണ്ടായി. അപ്രകാരം തെരഞ്ഞെടുത്ത 44 അധ്യാപകരിൽ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടുന്ന സമയത്ത് സേവനത്തിൽനിന്നും വിരമിച്ച ഒരു അധ്യാപകനെക്കൂടി ഒഴിവാക്കി ആകെ 43 പേരുടെ പട്ടികയാണ് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി (ഹയർ) തയ്യാറാക്കിയത്.

(സി) പ്രിൻസിപ്പൽ നിയമനത്തിനായി സർക്കാർ നിയോഗിച്ച സെലക്ഷൻ കമ്മിറ്റി അംഗീകരിച്ച പട്ടിക വീണ്ടും കരട് പട്ടികയാക്കാൻ വകുപ്പുമന്ത്രി ഉത്തരവിട്ടിരുന്നോ; എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പൽ തസ്തികയിൽ പ്രൊമോഷനായി ആകെയുള്ള 110 അപേക്ഷകളിൽനിന്നും 02-03-2022-ലെ G.O.(Rt)No.350/2022/H.Edn ഉത്തരവ് പ്രകാരം രൂപീകരിച്ച സെലക്ഷൻ കമ്മിറ്റി 67 അധ്യാപകരെ തെരഞ്ഞെടുത്തിരുന്നതായും എന്നാൽ

ഈ അറുപത്തേഴ് പേരിൽനിന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ രൂപീകരിച്ച ഡെപ്യൂട്ടി ഡയറക്ടർ, അഡീഷണൽ ഡയറക്ടർ എന്നിവർ ഉൾപ്പെട്ട ഒരു ടെക്നിക്കൽ കമ്മിറ്റി 23 അധ്യാപകരെ ഒഴിവാക്കിയതായും പരാതി ഉയർന്നിരുന്നു. സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പൽ തസ്തികയിൽ പ്രൊമോഷനുവേണ്ടിയുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി 23-06-2022-ൽ ചേരുകയും പ്രസ്തുത യോഗത്തിന്റെ കരട് മിനിട്ട്സ് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ സെലക്ഷൻ പ്രക്രിയ സംബന്ധിച്ച് സർക്കാരിൽ ലഭിച്ച നിരവധിയായ പരാതികളുടെ അടിസ്ഥാനത്തിലാണ് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി സമർപ്പിച്ച ലിസ്റ്റ് ഒരു കരട് ലിസ്റ്റായി പ്രസിദ്ധീകരിച്ച് ആയതിൻമേൽ പരാതികൾ ക്ഷണിക്കാൻ നിർദ്ദേശിച്ചത്.

(ഡി) നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി നികത്താൻ എന്ത് തുടർനടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

ഡോ. വർഗ്ഗീസ് ജേക്കബും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത OA 828/2023- മേലുള്ള 03-08-2023 - ലെ ഉത്തരവ്, MA 1611/2023 in OA 828/2023-മേലുള്ള 21-08-2023-ലെ ഉത്തരവ് എന്നിവയുടെ അടിസ്ഥാനത്തിൽ 23-08-2023-ലെ സ.ഉ.(സാധാ).നം.1320/2023/ഉ.വി.വ പ്രകാരം 36 അധ്യാപകർക്ക് താൽക്കാലിക പ്രൊമോഷൻ നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പൽ തസ്തികയിലേയ്ക്ക് പുതിയ അപേക്ഷ ക്ഷണിച്ച് പുതുതായി സെലക്ഷൻ നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഗസ്റ്റ് അധ്യാപകരുടെ ശമ്പളം**

129(1826) <u>ശ്രീ. സി. സി. മുകുന്ദൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവകലാശാലകളിലെ ഗസ്റ്റ് അധ്യാപകരുടെ ശമ്പളനിരക്ക് സർവകലാശാല തിരിച്ച് ലഭ്യമാക്കുമോ?

കേരള, കണ്ണൂർ എന്നീ സർവകലാശാലകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

മഹാത്മാഗാന്ധി സർവകലാശാലയിൽ യു.ജി.സി യോഗ്യതയുള്ള ഗസ്റ്റ്/കരാർ അധ്യാപകർക്കുള്ള പ്രതിദിനം 1,750/- രൂപ നിരക്കിൽ മാസം പരമാവധി 43,750/- രൂപ എന്ന വ്യവസ്ഥയിലും യു.ജി.സി. യോഗ്യതയുള്ളവരുടെ അഭാവത്തിൽ യു.ജി.സി. യോഗ്യതയില്ലാത്തവരെ പരിഗണിച്ച് പ്രതിദിനം 1,600/- രൂപ നിരക്കിൽ മാസം പരമാവധി 40,000 /- രൂപ എന്ന വ്യവസ്ഥയിലും വേതനം നൽകിവരുന്നു.

കാലിക്കറ്റ് സർവകലാശാലയിലെ മണിക്കൂർ അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ഗസ്റ്റ് അധ്യാപകരുടെ ശമ്പള നിരക്ക് NET/Phd ഉള്ളവർക്ക് ഒന്നര മണിക്കൂർ സെഷനിൽ 1,700/- രൂപ നിരക്കിൽ ഒരു മാസം പരമാവധി 42000/- രൂപയും NET/Phd ഇല്ലാത്തവർക്ക് ഒന്നര മണിക്കൂർ സെഷനിൽ 850 രൂപ നിരക്കിൽ ഒരു മാസം പരമാവധി 25000/- രൂപയുമാണ്.

കൊച്ചി ശാസ്ത്ര-സാങ്കേതിക സർവകലാശാലയിൽ AICTE/UGC നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയുള്ള ഗസ്റ്റ് അധ്യാപകർക്ക് മണിക്കൂർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അടിസ്ഥാനത്തിൽ തിയറി പേപ്പറിന് 600 രൂപയും പ്രാക്ടിക്കലിന് 400 രൂപയുമാണ് വേതന നിരക്ക്. പ്രസ്തുത യോഗ്യതയില്ലാത്തവർക്ക് തിയറി പേപ്പറിന് മണിക്കൂർ അടിസ്ഥാനത്തിൽ 550 രൂപയും പ്രാക്ടിക്കലിന് 300 രൂപയുമാണ് വേതന നിരക്ക്.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ സേവനമനുഷ്ഠിക്കുന്ന യു.ജി.സി. യോഗ്യതയുള്ള ഗസ്റ്റ് ലക്ചറർമാർക്ക് 35,000/- രൂപയും യു.ജി.സി. യോഗ്യതയില്ലാത്തവർക്കും പക്കമേള ആർട്ടിസ്റ്റുകൾക്കും 25,000/- രൂപയും അനുവദിക്കുന്നു.

നുവാൽസിൽ ഗസ്റ്റ് അധ്യാപകർക്ക് മാസം പരമാവധി 43,000/- രൂപയാണ് വേതനമായി അനുവദിക്കുന്നത്.

മലയാള സർവകലാശാലയിൽ ഗസ്റ്റ് അധ്യാപകർക്ക് വേതനമായി പ്രതിദിനം 1750/- രൂപയാണ് (പ്രതിമാസ വേതനം 43,750/- രൂപയിൽ കവിയാത്ത വിധം) നൽകിവരുന്നത്.

എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവകലാശാലയിൽ പഠന വകുപ്പുകൾ ആരംഭിച്ചിട്ടില്ലാത്തതിനാൽ ഗസ്റ്റ് അധ്യാപക നിയമനം നടത്തിയിട്ടില്ല.

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ ഗസ്റ്റ് അധ്യാപക നിയമനം നിലവിലില്ല. അധ്യാപകർക്ക് (അസിസ്റ്റന്റ് പ്രൊഫസർമാർക്ക്) കോൺട്രാക്ട് വ്യവസ്ഥയിൽ മാസം 37,000/- രൂപ മാത്രമാണ് നൽകുന്നത്.

(ബി) കഴിഞ്ഞ ബജറ്റിലെ നിർദ്ദേശാനുസരണം വിവിധ സർവകലാശാലകളിലെ ഗസ്റ്റ് അധ്യാപകരുടെ ശമ്പളം ഏകീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ?

സർവകലാശാലകളിലെ ഗസ്റ്റ് അധ്യാപകരുടെ ശമ്പളം ഏകീകരിക്കുവാനുള്ള നിർദ്ദേശം സർവകലാശാലകൾക്ക് സർക്കാർ നൽകിയിട്ടില്ല.

**വ്യാജ പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കി നിയമനം നേടിയതായുള്ള പരാതി**

130(1827) **<u>ശ്രീ. പി. കെ. ബഷീർ:</u>**

ഡോ. എം. കെ. മുനീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കി കോളേജുകളിൽ ഗസ്റ്റ് അധ്യാപക നിയമനം തേടുന്നതായ പരാതി ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

വ്യാജ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കി കോളേജുകളിൽ ഗസ്റ്റ് അധ്യാപക നിയമനം തേടുന്നതായി പരാതികൾ ലഭിച്ചിട്ടില്ല. എന്നാൽ അട്ടപ്പാടി സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ്, കിനാനൂർ, കരിന്തളം സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് എന്നിവിടങ്ങളിൽ ഗസ്റ്റ് അധ്യാപക നിയമനത്തിനുള്ള അഭിമുഖത്തിൽ വ്യാജ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത വ്യാജരേഖയുണ്ടാക്കാൻ സഹായിച്ചവരെ കണ്ടെത്തിയിട്ടുണ്ടോ?

ഇത് സംബന്ധിച്ച് പോലീസ് അന്വേഷണം നടന്നുവരുന്നു.

(സി) വ്യാജരേഖ തിരിച്ചറിയുന്നതിൽ കോളേജ് അധികൃതർക്ക് വീഴ്ചയുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം നൽകുമോ?

അട്ടപ്പാടി സർക്കാർ ആർട്സ് & സയൻസ് കോളേജിൽ ഗസ്റ്റ് അധ്യാപക നിയമനത്തിനുള്ള അഭിമുഖത്തിന് ഹാജരാക്കിയ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് വ്യാജമാണെന്ന് പരിശോധനയിൽ കണ്ടെത്തുകയുണ്ടായി. തുടർന്നുള്ള പരിശോധനയിൽ കാസർഗോഡ്, കിനാനൂർ, കരിന്തളം സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിലും ഗസ്റ്റ് അധ്യാപക നിയമനത്തിനുള്ള അഭിമുഖത്തിന് വ്യാജ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കിയിരുന്നതായി കണ്ടെത്തുകയുണ്ടായി. പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റിന്റെ ആധികാരികത പരിശോധിക്കുന്നതിൽ കാസർഗോഡ്, കിനാനൂർ, കരിന്തളം സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് അധികൃതർക്ക് ശ്രദ്ധക്കുറവുണ്ടായിട്ടുണ്ട്. ഈ വിഷയം

സംബന്ധിച്ച് വകുപ്പുതല അന്വേഷണവും പോലീസ് അന്വേഷണവും നടന്നുവരുന്നു.

(ഡി) വ്യാജരേഖ ഹാജരാക്കി അധ്യാപക ജോലി നേടിയവരിൽനിന്നും വേതനം തിരിച്ചുപിടിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഗസ്റ്റ് അധ്യാപക നിയമനത്തിന് വ്യാജ രേഖ ഹാജരാക്കി ജോലി നേടിയ അധ്യാപികയിൽനിന്നും ടിയാരി ഗസ്റ്റ് അധ്യാപികയായി സേവനമനുഷ്ഠിച്ച കാലയളവിൽ കൈപ്പറ്റിയ വേതനം തിരിച്ചുപിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ശിപാർശ ചെയ്തുകൊണ്ട് കോളേജ് വിദ്യാഭ്യസ ഡയറക്ടർ സർക്കാരിലേയ്ക്ക് പ്രാഥമിക അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

**മാനന്തവാടിയിൽ റൂസ മോഡൽ ഡിഗ്രി കോളേജ്**

131(1828) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടിയിൽ അനുവദിച്ച റൂസ മോഡൽ ഡിഗ്രി കോളേജ് ആരംഭിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

റൂസ-2 സ്കീമിൽ ഉൾപ്പെടുത്തി വയനാട് ജില്ല മാനന്തവാടി താലൂക്കിൽ പെരിയ വില്ലേജിൽ ഒരു മോഡൽ ഡിഗ്രി കോളേജ് ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി കേന്ദ്ര-സംസ്ഥാന വിഹിതമായി (60:40) അനുവദിച്ചിട്ടുള്ള 12 കോടി രൂപയിൽ 6 കോടി രൂപ റൂസയ്ക്ക് ലഭ്യമായിട്ടുണ്ട്. കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആവശ്യപ്രകാരം 16-02-2023-ൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) നിലവിൽ ഏതെല്ലാം കോഴ്സുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

റൂസ മോഡൽ ഡിഗ്രി കോളേജിൽ ചുവടെ ചേർത്തിരിക്കുന്ന കോഴ്സുകൾ ആരംഭിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(i) B.Sc Psychology

(ii) B.Sc Geology

(iii) BA Malayalam

(iv) B.Com Co-operation

(v) B.Sc Food Technology

(vi) Bachelor of Travel and Tourism Management (BTTM)

(vii) Bachelor of Business Administration

(viii) MSW

(സി) പ്രസ്തുത കോളേജിന്റെ പ്രവർത്തനം താൽക്കാലികമായി തുടങ്ങാൻ കഴിയുമോ; അതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

**കോങ്ങാട് മണ്ഡലത്തിലെ പത്തിരിപ്പാല ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ വികസനം**

132(1829) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ പത്തിരിപ്പാല ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ ഏതെല്ലാം കോഴ്സുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

പാലക്കാട് കോങ്ങാട് മണ്ഡലത്തിലെ പത്തിരിപ്പാല സർക്കാർ ആർട്സ് & സയൻസ് കോളേജിൽ താഴെപ്പറയുന്ന കോഴ്സുകളാണ് നിലവിലുള്ളത്.

1. B.Com

2. BBA

3. B.A.MALAYALAM

4. B.A.ENGLISH

5. M.Com

(ബി) പ്രസ്തുത കോളേജിൽ പുതിയ ബിരുദാനന്തര ബിരുദ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് സർവകലാശാലയുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

(സി) പ്രസ്തുത കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്ന് വിശദമാക്കാമോ?

കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി താഴെപ്പറയുന്ന വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു.

1. Construction of Classrooms on the second floor

2. Truss work over the second floor

3. Digging bore well and plumbing works

4. Ramp and Grill Work in Main Building

5. Open auditorium and tree side Protection work

6. False ceiling and other related works

7. Staff room flooring work

8. Construction of New Administrative Block

9. IT Equipment purchase

10. Furniture purchase for classrooms, Canteen

11. Renovation of college Canteen and construction of Co-operative Store & Post Office building

12. Renovation of L Shape building and truss work

13. Renovation of Administration Block and truss work in old Academic Block

14. Furniture for classrooms, departments

15. Construction of class room, truss work, digging bore-well, plumbing works, ramp and grill work, open auditorium, false ceiling.

ഇതുകൂടാതെ കിഫ്ബി ഫണ്ടുപയോഗിച്ച് കോളേജിന്റെ സമഗ്രവികസനത്തിനായുള്ള പ്രൊപ്പോസൽ KITCO Ltd. മുഖേന GRIHA (Green Rating for Integrated Habitat Assessment) Revision-ന് നൽകിയിട്ടുണ്ട്. GRIHA Revision ലഭിക്കുന്ന മുറയ്ക്ക് കിഫ്ബി അംഗീകാരത്തോടുകൂടി നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**കുന്ദമംഗലം ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിലേയ്ക്കുള്ള റോഡ് വീതി കൂട്ടുന്നതിന് നടപടി**

133(1830) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നമംഗലം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിലേയ്ക്കുള്ള റോഡ് വീതി കൂട്ടുന്നതിന് സ്ഥലം ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള റിക്വിസിഷൻ കോഴിക്കോട് ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് നൽകുന്നതിന് കാലതാമസം വരുന്നതിനിടയാക്കിയ കാരണങ്ങൾ വിശദമാക്കാമോ?

കുന്ദമംഗലം സർക്കാർ കോളേജിലേയ്ക്കുള്ള റോഡ് വീതി കൂട്ടുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. 12-07-2023-ലെ കത്ത് പ്രകാരം ചാത്തമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി റോഡിന് വീതി കൂട്ടുന്നതിനാവശ്യമായ സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള സ്കെച്ച് തയ്യാറാക്കാൻ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാനും സ്കെച്ചും ലഭിച്ചാലുടൻതന്നെ റിക്വിസിഷൻ ഫോം കോഴിക്കോട് ജില്ലാ കളക്ടർക്ക് നൽകുന്നതാണ്.

(ബി) കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിന് ഫയർ എൻ.ഒ.സി ലഭിക്കാൻ റോഡ് വീതി കൂട്ടേണ്ട സാഹചര്യം നിലനിൽക്കുന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

റോഡിന് 5 മീറ്റർ വീതി സൗകര്യമില്ലാത്തതിനാൽ മുക്കം അഗ്നിരക്ഷാനിലയം ഓഫീസിൽനിന്നും പ്രാഥമിക നിരാക്ഷേപ സാക്ഷ്യപത്രം നൽകിയിട്ടില്ല. റോഡിന് 5 മീറ്റർ വീതി കൂട്ടുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ഉന്നത വിദ്യാഭ്യാസമേഖലയിലെ എയ്ഡഡ് സ്ഥാപനങ്ങളും മാനേജ്മെന്റും**

134(1831) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പ്രവർത്തിച്ചുവരുന്ന ഉന്നത വിദ്യാഭ്യാസ എയ്ഡഡ് സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ ഓരോന്നിന്റെയും മാനേജ്മെന്റിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) വിവിധ സർവകലാശാലകളോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഉന്നത വിദ്യാഭ്യാസ എയ്ഡഡ് സ്ഥാപനങ്ങൾ, അവയുടെ മാനേജ്മെന്റ് എന്നിവയുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു.+

(സി) പ്രസ്തുത മാനേജ്മെന്റ് ഉൾപ്പെടുന്ന ജാതി, മതം, സമുദായം എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോളേജ് മാനേജ്മെന്റുകളുടെ ജാതി/മതം/സമുദായം സംബന്ധിച്ച വിവരം ക്രോഡീകരിച്ച് സൂക്ഷിക്കാറില്ല. സർവകലാശാലകളിൽ കമ്മ്യൂണിറ്റി ക്വാട്ടയ്ക്കുവേണ്ടി മാനേജ്മെന്റുകൾ വ്യക്തമാക്കിയ സമുദായം സംബന്ധിച്ച വിവരങ്ങൾ മഹാത്മാഗാന്ധി, കണ്ണൂർ, എ.പി.ജെ. സാങ്കേതികശാസ്ത്ര സർവകലാശാലകൾ ലഭ്യമാക്കിയത് അനുബന്ധം 2 ആയി ചേർക്കുന്നു.+ കേരള, കാലിക്കറ്റ് സർവകലാശാലകളെ സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

**സ്വാശ്രയ കോളേജുകൾക്ക് സ്ഥിര അംഗീകാരം**

135(1832) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സ്വാശ്രയ കോളേജുകൾക്ക് സർവകലാശാലയുടെ സ്ഥിരം അംഗീകാരം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

UGC [Affiliation of Colleges to Universities] Regulations, 2009, Clause 5 പ്രകാരം സ്ഥിര അഫിലിയേഷനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

5.1. The college shall have completed at least five years of satisfactory performance after getting temporary affiliation and attained the academic and administrative standards as prescribed by the University/ UGC/ Statutory/ Regulatory Body concerned from time to time.

5.2. The college shall have completed construction of buildings and all infrastructure/facilities as stipulated in the Regulations.

5.3. All the teaching and non-teaching staff are appointed on permanent (appointed on regular basis, in case of a Government college) on UGC/ Government scales of pay.

5.4. The college shall have a duly constituted College Council as per the norms.

5.5. The college shall be accredited by NAAC or any statutory accreditation agency by State/Central Government.

(ബി) മികച്ച സേവനം നിർവ്വഹിക്കുന്നതും നിയമാനുസൃതം പ്രവർത്തിക്കുന്നതുമായ സ്വാശ്രയ കോളേജുകൾക്ക് സ്ഥിര അംഗീകാരം നൽകാതിരിക്കുന്ന സർവകലാശാലകളുടെ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ നിർദ്ദേശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അഫിലിയേഷൻ നൽകേണ്ടത് സർവകലാശാലകളാണ്. ഈ വിഷയം സർവകലാശാലകളുടെ പരിഗണനയിലാണ്.

(സി) നാഷണൽ അസെസ്സ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ കൗൺസിൽ (നാക്)-ന്റെ അംഗീകാരമുള്ളതും പത്തുവർഷത്തിലേറെ സേവനം നിർവ്വഹിച്ചതുമായ കോളേജുകൾക്കുപോലും സ്ഥിരം അംഗീകാരം നിഷേധിക്കപ്പെടുന്നുണ്ടോ; എങ്കിൽ അതുവഴി കേന്ദ്ര സർക്കാരിന്റെയും

യു.ജി.സി.യുടെയും സഹായം കോളേജുകൾക്ക് ലഭ്യമാകാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യം ഒഴിവാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

UGC Regulations പ്രകാരം സ്ഥിര അഫിലിയേഷനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ പാലിക്കാൻ കോളേജുകൾതന്നെ നടപടി സ്വീകരിക്കേണ്ടതുണ്ട്.

**പബ്ലിക് അഡ്മിനിസ്ട്രേഷൻ ബിരുദ/ബിരുദാനന്തര കോഴ്സുകൾ**

136(1833) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് അഡ്മിനിസ്ട്രേഷനിൽ ബിരുദ/ബിരുദാനന്തര കോഴ്സുകളുള്ള കോളേജുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സെന്റ് ജോൺസ് കോളേജ്, അഞ്ചൽ - എം.എ. പബ്ലിക് അഡ്മിനിസ്ട്രേഷൻ.

രാജീവ് ഗാന്ധി മെമ്മോറിയൽ ഗവ. ആർട്സ് & സയൻസ് കോളേജ്, അട്ടപ്പാടി - ബി.എ. പബ്ലിക് അഡ്മിനിസ്ട്രേഷൻ, എം.എ. പബ്ലിക് അഡ്മിനിസ്ട്രേഷൻ.

സഫി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, വാഴയൂർ, മലപ്പുറം - ബി.എ. പബ്ലിക് അഡ്മിനിസ്ട്രേഷൻ.

ഗോൾഡൻ ഹിൽസ് ആർട്സ് & സയൻസ് കോളേജ്, കോഴിക്കോട് - ബി.എ. പബ്ലിക് അഡ്മിനിസ്ട്രേഷൻ.

(ബി) കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ പ്രസ്തുത കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭ്യമാക്കിയ കോളേജുകളുടെ വിശദാംശങ്ങൾ നൽകാമോ; പ്രസ്തുത നിർദ്ദേശങ്ങളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

കഴിഞ്ഞ അഞ്ച് വർഷങ്ങൾക്കുള്ളിൽ കാലിക്കറ്റ് സർവകലാശാലയ്ക്ക് കീഴിൽ (i) സഫി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, വാഴയൂർ, മലപ്പുറം, (ii) ഗോൾഡൻ ഹിൽസ് ആർട്സ് & സയൻസ് കോളേജ് കോഴിക്കോട്, (iii) രാജീവ് ഗാന്ധി മെമ്മോറിയൽ ഗവ. ആർട്സ് &

സയൻസ് കോളേജ്, അട്ടപ്പാടി, പാലക്കാട് എന്നീ കോളേജുകളിൽ BA Public Administration പ്രോഗ്രാം ആരംഭിക്കുന്നതിനും രാജീവ് ഗാന്ധി മെമ്മോറിയൽ ഗവ. ആർട്സ് & സയൻസ് കോളേജ്, അട്ടപ്പാടി, പാലക്കാട് MA Public Administration പ്രോഗ്രാം ആരംഭിക്കുന്നതിനും പ്രൊപ്പോസലുകൾ ലഭ്യമായിരുന്നു. പ്രസ്തുത കോഴ്സുകൾ അനുവദിച്ചുനൽകിയിട്ടുണ്ട്.

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിൽ മുരിക്കുംവയൽ ശ്രീശബരീശ കോളേജിൽ 2022-23 അധ്യയന വർഷം എം.എ. പബ്ലിക് അഡ്മിനിസ്ട്രേഷൻ പ്രോഗ്രാം (എയ്ഡഡ്) ആരംഭിക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിരുന്നു. പ്രസ്തുത കോഴ്സ് അനുവദിച്ചിട്ടില്ല.

(സി) പ്രസ്തുത കോഴ്സുകൾ കൂടുതൽ കോളേജുകളിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സർവകലാശാലകളുടെ ശിപാർശ സഹിതം ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്.

**പുതുക്കിയ ദേശീയ വിദ്യാഭ്യാസനയം - ഉന്നതവിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങൾ**

137(1834) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കരട് പ്രഖ്യാപിച്ചപ്പോൾ സർക്കാർ ഏതെങ്കിലും തരത്തിലുള്ള തിരുത്തലോ ബദൽ നിർദ്ദേശങ്ങളോ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സമർപ്പിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതോടുകൂടി ഉന്നത വിദ്യാഭ്യാസ രംഗത്ത് വിശിഷ്യാ സർവകലാശാലകളുടെ നടത്തിപ്പിലും ഘടനയിലും എന്തൊക്കെ മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്നതിനെക്കുറിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ദേശീയ വിദ്യാഭ്യാസ നയം 2020 സംബന്ധിച്ച് വിശദമായ പഠനവും പരിശോധനയും നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.+

**പേരാമ്പ്ര സി.കെ.ജി. മെമ്മോറിയൽ ഗവൺമെന്റ് കോളേജിലെ കോഴ്സുകൾ**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

138(1835) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര സി.കെ.ജി. മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ 2016-നുശേഷം ആരംഭിച്ച കോഴ്സുകളുടെ വിശദവിവരം ലഭ്യമാക്കാമോ?

പേരാമ്പ്ര സി.കെ.ജി. മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ 2016-നുശേഷം താഴെപ്പറയുന്ന കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്.

| Sl. No. | Course | Academic Year |
|---|---|---|
| 1 | BA English Language & Literature | 2018-19 |
| 2 | M.Com Finance | 2018-19 |
| 3 | M.Sc Mathematics | 2018-19 |
| 4 | B.Sc Applied Statistics with Data Science | 2020-21 |

(ബി) പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന വിഷയം പിന്നീട് പരിഗണിക്കുന്നതിനായി മാറ്റിവച്ചിരിക്കുന്നു.

(സി) പ്രസ്തുത കോളേജിന്റെ വികസന കാര്യങ്ങൾക്ക് എന്തെല്ലാം പദ്ധതികളാണ് നിലവിൽ ആവിഷ്കരിച്ചിട്ടുള്ളത്?

പ്രസ്തുത കോളേജിന്റെ വികസന കാര്യങ്ങൾക്കായി താഴെപ്പറയുന്ന വിവിധ പദ്ധതികൾക്ക് വകുപ്പിന്റെ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി തുക അനുവദിച്ചുനൽകിയിട്ടുണ്ട്. ആയത് വിവിധ ഘട്ടങ്ങളായി പുരോഗമിച്ചുവരികയാണ്.

1. Beautification work at the main entrance of the Campus
2. Construction of foot over bridge connecting main Block and PG Block
3. Construction of Compound wall and fencing for college Campus
4. Construction of Retaining wall near Ladies' Hostel
5. Digging of Bore-well
6. Repairing & Renovation of Basket Ball Court
7. Setting Up of Chemistry Lab
8. Painting Work at main Building

9. Construction of compound Wall at ladies hostel

10. Tile work in the main block

11. IT Equipment purchase

12. Furniture for Hostel

13. Furniture for classrooms

14. Purchase of kitchen utensils, water purifier, incinerator

15. Construction of Compound wall for newly constructed Hostel

കിഫ്ബി ധനസഹായത്തോടുകൂടി അക്കാദമിക് ബ്ലോക്ക്, ലൈബ്രറി ബ്ലോക്ക് എന്നിവ പൂർത്തിയായിട്ടുണ്ട്. ഇതുകൂടാതെ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും വിദ്യാർത്ഥി പിന്തുണ ക്ഷേമ പരിപാടികൾക്കും പഠന ബോധന അക്കാദമിക മികവുകൾക്കും ഗവേഷണത്തിനും മറ്റുമായി കോളേജിൽനിന്ന് പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് തുക അനുവദിച്ചുനൽകാറുണ്ട്.

(ഡി) ഈ കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്ക് എന്തെങ്കിലും തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി കോളേജിന്റെ ഏതുഭാഗത്തുള്ള സ്ഥലമാണ് വിട്ടുനൽകേണ്ടതെന്നത് സംബന്ധിച്ച് തീരുമാനമാകാത്തതിനാൽ ചുറ്റുമതിൽ നിർമ്മാണം നിർത്തിവച്ചിരിക്കുകയാണ്.

(ഇ) പ്രസ്തുത കോളേജ് റോഡ്, ഗേറ്റ്, ചുറ്റുമതിൽ എന്നിവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

എം.എൽ.എ ഫണ്ടുപയോഗിച്ച് റോഡ്, ഗേറ്റ് എന്നിവ നിർമ്മിക്കുന്നതിനുള്ള നിർദ്ദിഷ്ട സ്ഥലം പേരാമ്പ്ര ഗ്രാമപഞ്ചായത്ത് എൽ.ഐ.ഡി & ഇ.ഡബ്ല്യൂ. സെക്ഷൻ എഞ്ചിനീയർക്ക് താൽക്കാലികമായി കോളേജ് കൈമാറിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി തുടങ്ങിയിട്ടില്ല.

**വ്യാജ ഡിഗ്രി സർട്ടിഫിക്കറ്റ് സമർപ്പിച്ച് അഡ്മിഷൻ നേടിയതിനെതിരെ നടപടി**

139(1836) <u>ശ്രീ. ഷാഫി പറമ്പിൽ:</u>
<u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം എം.എസ്.എം. കോളേജിൽ വ്യാജ ഡിഗ്രി സർട്ടിഫിക്കറ്റ് സമർപ്പിച്ച് ഒരു വിദ്യാർത്ഥി എം.കോം-ന് അഡ്മിഷൻ നേടിയ

വിഷയത്തിൽ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ്?

കേരള സർവകലാശാല രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, IQAC ഡയറക്ടർ എന്നിവരടങ്ങിയ ഉപസമിതി കോളേജിലെ അധ്യാപക-അനധ്യാപകരെ പങ്കെടുപ്പിച്ചുകൊണ്ട് ഹിയറിംഗ് നടത്തുകയും എം.എസ്.എം. കോളേജ് വീഴ്ച്ച വരുത്തിയതായി കണ്ടെത്തുകയും ചെയ്തു.

ഉപസമിതിയുടെ പ്രധാന കണ്ടെത്തലുകൾ താഴെ നൽകിയിരിക്കുന്നു:

1. കോളേജിന്റെയും കോമേഴ്സ് വകുപ്പിന്റെയും അലംഭാവംമൂലം നിഖിൽ എം. തോമസ് എന്ന വിദ്യാർത്ഥിയുടെ അഡ്മിഷൻ നടപടികളിൽ പാകപ്പിഴകൾ സംഭവിച്ചതായി കണ്ടെത്തി.
2. ക്ലാസ് ട്യൂട്ടേഴ്സ്, അധ്യാപക രക്ഷാകർത്താ യോഗങ്ങൾ, പരീക്ഷ ഫല അവലോകനങ്ങൾ എന്നിവയ്ക്ക് വളരെ പ്രാധാന്യം നൽകുന്ന സി.ബി.സി.എസ്. റെഗുലേഷൻസ് 2013-ൽ നിഷ്കർഷിക്കുന്ന രീതി പാലിക്കുന്നതിൽ കോമേഴ്സ് വകുപ്പ് അധികൃതർക്ക് വീഴ്ച പറ്റിയിട്ടുണ്ട്.

3. സർവകലാശാലയുടെ ഓൺലൈൻ അഡ്മിഷൻ ഗൈഡ്‌ലൈൻസ് പൂർണ്ണമായും പാലിക്കുന്നതിലും കോളേജിന് വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിരിക്കുന്നു.

4. നിഖിൽ എം. തോമസ് എന്ന വിദ്യാർത്ഥിയുടെ ബിരുദ സർട്ടിഫിക്കറ്റുകളുടെ വിശ്വാസ്യത സംബന്ധിച്ച വിവരാവകാശ അപേക്ഷകൾ ലഭിച്ച സന്ദർഭത്തിൽപോലും കോളേജ് അധികൃതർ നിഖിൽ എം. തോമസിന്റെ സർട്ടിഫിക്കറ്റുകൾ പരിശോധിക്കുന്നതിനും വ്യക്തത വരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല.

5. ഉന്നത വിദ്യാഭ്യാസ മേഖലയുടെയും അധ്യാപനത്തിന്റെയും ഗുണനിലവാരം ഉറപ്പുവരുത്തേണ്ട കടമ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. 2017-2020 അധ്യയന വർഷത്തിൽ ബി.കോം. ബിരുദ കോഴ്സ് MSM കോളേജിൽ പഠിച്ച് പരാജയപ്പെടുകയും അതേ കാലയളവിൽ കലിംഗ സർവകലാശാലയുടെ ബിരുദ സർട്ടിഫിക്കറ്റ് ഹാജരാക്കി നിഖിൽ എം. തോമസ് എന്ന വിദ്യാർത്ഥി M.Com.-ന് 2021-22-ൽ അഡ്മിഷൻ നേടുകയും ചെയ്തിട്ട് കോമേഴ്സ്

വിഭാഗം അധ്യാപകർക്ക് തിരിച്ചറിയാൻ കഴിയാതെ പോയത് ടി വിഭാഗത്തിന്റെ അലംഭാവമായി കാണാവുന്നതാണ്.

(ബി) പ്രസ്തുത വിഷയത്തിൽ കോളേജ് അധികൃതർ ഉൾപ്പെടെ ആർക്കൊക്കെ വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സർവകലാശാല നിയോഗിച്ച ഉപസമിതിയുടെ റിപ്പോർട്ട് 14-08-2023-ലെ സിൻഡിക്കേറ്റ് യോഗത്തിൽ സമർപ്പിക്കുകയും യോഗം റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത സിൻഡിക്കേറ്റ് യോഗത്തിന്റെ തീരുമാന പ്രകാരം, തുടർ നടപടികൾ സ്വീകരിക്കുന്നതിൽനിന്നും ഒഴിവാക്കുന്നതിനായി വസ്തുതകൾ എന്തെങ്കിലുമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിനായി കാരണം കാണിക്കൽ നോട്ടീസ് എം.എസ്.എം. കോളേജിലെ പ്രിൻസിപ്പൽ, പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, കോമേഴ്സ് വകുപ്പ് മേധാവി, കോമേഴ്സ് വകുപ്പിലെ അധ്യാപകർ എന്നിവർക്ക് നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത വിഷയത്തിൽ കേരള സർവകലാശാല വൈസ് ചാൻസലർ കോളേജ് അധികൃതരിൽനിന്നും വിശദീകരണം തേടിയിട്ടുണ്ടോ; എങ്കിൽ കോളേജ് അധികൃതർ നൽകിയ വിശദീകരണത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. വിശദീകരണത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+ പ്രസ്തുത വിശദീകരണങ്ങൾ തൃപ്തികരമല്ലാത്തതിനാൽ 14-07-2023, 15-07-2023, 21-07-2023 തീയതികളിൽ ഹിയറിംഗ് നടത്തുകയും ചെയ്തു.

(ഡി) ബിരുദത്തിന് പരാജയപ്പെട്ട വിദ്യാർത്ഥി അതേ കോളേജിൽ തന്നെ വ്യാജ സർട്ടിഫിക്കറ്റ് ഹാജരാക്കി ബിരുദാനന്തര ബിരുദത്തിന് അഡ്മിഷൻ നേടുകയും നാല് സെമസ്റ്റർ പഠനം നടത്തുകയും ചെയ്തിട്ടും അധികൃതർക്ക് തട്ടിപ്പ് മനസ്സിലാക്കാൻ സാധിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് കോളേജ് അധികൃതർ വ്യക്തമാക്കിയിട്ടുണ്ടോ?

കോളേജ് അധികൃതർ കേരള സർവകലാശാലയ്ക്ക് നൽകിയ വിശദീകരണത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) സർവകലാശാലയുമായി ബന്ധപ്പെട്ട ഉന്നതന്റെ സമ്മർദ്ദംമൂലമാണ് അഡ്മിഷൻ നൽകിയതെന്ന കോളേജ് അധികൃതരുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

കോളേജ് അധികൃതർ ഇപ്രകാരമുള്ള പരാതി നൽകിയിട്ടില്ല.

**തിരുവനന്തപുരം ജില്ലയിലെ ബിരുദ, ബിരുദാനന്തര സീറ്റുകൾ**

140(1837) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ സർക്കാർ, എയ്ഡഡ് മേഖലയിൽ ആകെയുള്ള ബിരുദ, ബിരുദാനന്തര സീറ്റുകളുടെ എണ്ണം സ്ഥാപനം, കോഴ്സുകൾ എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

വിവരം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.+

(ബി) 2022 വർഷത്തെ അഡ്മിഷൻ നടപടികൾ പൂർത്തിയാക്കിയശേഷം ബിരുദ, ബിരുദാനന്തര കോഴ്സുകളിൽ സീറ്റുകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒഴിഞ്ഞുകിടന്നിരുന്നോയെന്നും എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ എത്ര വീതമെന്നും അവ ഏതെല്ലാം കോഴ്സുകളിലെന്നും വിശദമാക്കാമോ?

വിവരം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.+

**നെയ്യാറ്റിൻകര മണ്ഡലത്തിലെ കുളത്തൂർ ഗവൺമെന്റ് ആർട്സ് കോളേജ് നിർമ്മാണം**

141(1838) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ കുളത്തൂർ ഗവൺമെന്റ് ആർട്സ് കോളേജിന് സ്ഥലം ഏറ്റെടുക്കുന്നതിന് വകുപ്പ് എടുത്ത നടപടികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) 2023-24 വർഷത്തിൽ സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തിയാകുമോ എന്ന് വ്യക്തമാക്കാമോ?

(എ&ബി) 2014-15 അധ്യയന വർഷം മുതൽ കുളത്തൂർ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് പ്രവർത്തിക്കുന്നത് കുളത്തൂർ ടെക്നിക്കൽ സ്കൂളിന്റെ കോമ്പൗണ്ടിലാണ്. കോളേജ് നിലവിൽ സ്ഥിതി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്യുന്ന സ്ഥലവും ടി സ്ഥലത്തിന് എതിർവശമുള്ള (റോഡിനപ്പുറം) സ്ഥലവും കുളത്തൂർ ടെക്നിക്കൽ ഹൈസ്കൂളിന്റെ ഗ്രൗണ്ടിന്റെ സ്ഥലവും ലഭിച്ചാൽ മാത്രമേ കോളേജിന്റെ അക്രെഡിറ്റേഷൻ ആവശ്യമായ 5 ഏക്കർ ഭൂമി ലഭിക്കുകയുള്ളൂ. ആയതിനാൽ കണ്ടെത്തിയിരിക്കുന്ന ടി ഭൂമി കോളേജ് വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിന് ജില്ലാ കളക്ടർ മുഖേന ലാൻഡ് റവന്യൂ കമ്മീഷണർക്ക് കത്ത് നൽകിയിരുന്നു. 07-07-2023-ന് സ്ഥലമേറ്റെടുപ്പ് സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ-യുടെ ആവശ്യപ്രകാരം ബന്ധപ്പെട്ടവരുമായി നടത്തിയ ചർച്ചയിൽ വ്യവസായ വകുപ്പിന്റെ കീഴിൽ കുളത്തൂരുള്ള ഇന്റഗ്രേറ്റഡ് പവർ ലൂം സൊസൈറ്റിയുടെ സ്ഥലം ഏറ്റെടുക്കാനുള്ള സാധ്യത പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം ലഭ്യമാക്കുന്നതിനായി കൈത്തറി വകുപ്പ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

സ്ഥലം ലഭ്യമായാൽ ഏറ്റെടുക്കൽ നടപടികൾ ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

**സർക്കാർ – എയ്ഡഡ് കോളേജുകളിലെ ബിരുദ കോഴ്സുകളിൽ ലഭ്യമായ സീറ്റുകളുടെ എണ്ണം**

142(1839) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/എയ്ഡഡ് കോളേജുകളിലെ വിവിധ ബിരുദ കോഴ്സുകളിൽ ലഭ്യമായ സീറ്റുകളുടെ എണ്ണം കോളേജ്, ജില്ല, സർവകലാശാല എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

കേരള സർവകലാശാല - അനുബന്ധം I

മഹാത്മാഗാന്ധി സർവകലാശാല – അനുബന്ധം II

കാലിക്കറ്റ് സർവകലാശാല – അനുബന്ധം III

കണ്ണൂർ സർവകലാശാല – അനുബന്ധം IV

(ബി) പ്രസ്തുത കോളേജുകളിൽ 2022-23, 2023-24 എന്നീ അധ്യയന വർഷങ്ങളിൽ വിവിധ ബിരുദ കോഴ്സുകളിൽ ആകെ എത്ര സീറ്റുകളിലേയ്ക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവേശനം നൽകിയെന്നും എത്ര സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുവെന്നും കോഴ്സ്, കോളേജ്, സർവകലാശാല എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+ (2023-24 അധ്യയന വർഷത്തിലെ പ്രവേശന നടപടികൾ പൂർത്തിയായിട്ടില്ല.)

കേരള സർവകലാശാല - അനുബന്ധം V

മഹാത്മാഗാന്ധി സർവകലാശാല – അനുബന്ധം VI

കാലിക്കറ്റ് സർവകലാശാല – അനുബന്ധം VII

കണ്ണൂർ സർവകലാശാല – അനുബന്ധം VIII

**കോളേജുകളിൽ ബിരുദ പ്രവേശനത്തിന് നേരിടുന്ന ബുദ്ധിമുട്ട്**

143(1840) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം ബിരുദ കോഴ്സുകൾക്ക് അപേക്ഷിച്ചിട്ടും റഗുലർ കോളേജുകളിൽ പ്രവേശനം ലഭിക്കാത്ത എത്ര വിദ്യാർത്ഥികളുണ്ടെന്ന് സർവകലാശാല തിരിച്ച് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സർവകലാശാലകളിൽ 2023-24 അധ്യയന വർഷത്തിലെ അഡ്മിഷൻ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) ബിരുദ പ്രവേശനത്തിന് ഓൺലൈനായി എത്ര വിദ്യാർത്ഥികളാണ് അപേക്ഷിച്ചിട്ടുള്ളതെന്ന് സർവകലാശാല തിരിച്ച് വ്യക്തമാക്കാമോ?

ബിരുദ പ്രവേശനത്തിന് 2023-24 അധ്യയന വർഷം ഓൺലൈനായി അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ വിവരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.+

(സി) സർക്കാർ - എയ്ഡഡ് കോളേജുകളിൽ ബിരുദത്തിന് എത്ര സീറ്റുകളാണുള്ളതെന്ന് സർവകലാശാല തിരിച്ച് വ്യക്തമാക്കാമോ?

സർക്കാർ - എയ്ഡഡ് കോളേജുകളിലെ ബിരുദത്തിനുള്ള സീറ്റുകളുടെ വിവരങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.+

(ഡി) യോഗ്യതാ പരീക്ഷകളിൽ 90 ശതമാനം മാർക്ക് നേടിയവർക്കുപോലും സർക്കാർ-എയ്ഡഡ് കോളേജുകളിൽ പ്രവേശനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2023-24 അധ്യയന വർഷത്തിലെ അഡ്മിഷൻ നടപടികൾ പുരോഗമിച്ചുവരികയാണ്.

**കാട്ടാക്കടയിൽ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കാൻ നടപടി**

144(1841) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവസ്വം ബോർഡിന്റെ അധീനതയിൽ കാട്ടാക്കടയിൽ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കണമെന്ന ആവശ്യം ഈ അധ്യയന വർഷം പരിഗണിക്കുമോ; പ്രസ്തുത ആവശ്യം യാഥാർത്ഥ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

പുതിയ എയ്ഡഡ് കോളേജ് അനുവദിക്കുന്നതിന് തീരുമാനമുണ്ടാകുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

**കോട്ടയം കുറവിലങ്ങാട് സയൻസ് സിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ**

145(1842) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സയൻസ് സിറ്റി യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഇതിലൂടെ എന്തെല്ലാം പദ്ധതികൾ നടപ്പാക്കാനാണുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) കോട്ടയത്ത് കുറവിലങ്ങാട്ടുള്ള മുപ്പത് ഏക്കർ സ്ഥലത്ത് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് സയൻസ് സിറ്റിക്കുവേണ്ടി നാളിതുവരെ നടപ്പാക്കിയതെന്ന് അറിയിക്കാമോ?

(എ&ബി) 2014-ൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച കേരള സയൻസ് സിറ്റിയുടെ നിർമ്മാണം കോവിഡ് ഉൾപ്പെടെയുള്ള വിവിധ കാരണങ്ങളാൽ മുടങ്ങിക്കിടക്കുകയായിരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാങ്കേതികാനുമതി നൽകുന്നതിനായി പൊതുമരാമത്ത് വകുപ്പിലെയും സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെയും വിദഗ്ദ്ധരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സാങ്കേതിക കമ്മിറ്റിയെ നിയോഗിക്കുകയും തുടർന്ന് മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ

അദ്ധ്യക്ഷതയിൽ വിവിധ യോഗങ്ങൾ ചേർന്ന് സയൻസ് സിറ്റിയുടെ നാളിതുവരെയുള്ള നിർമ്മാണ പുരോഗതി വിലയിരുത്തുകയും നിർമ്മാണ പ്രവർത്തനങ്ങളിലെ കാലതാമസം പരിഹരിക്കുന്നതിനായി തുടർ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. വിവിധ നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിക്കാൻ ചുമതലപ്പെടുത്തിയിരുന്ന അക്രെഡിറ്റഡ് ഏജൻസികളുമായും നിർമ്മാണ പ്രവൃത്തികൾ ഏൽപ്പിച്ചിരുന്ന കരാറുകാരുമായും നിരന്തരം ചർച്ചകൾ നടത്തുകയും മുടങ്ങിക്കിടന്ന പ്രവൃത്തികൾ പുനരാരംഭിക്കുകയും ചെയ്തു. സയൻസ് സിറ്റിയുടെ ഭാഗമായുള്ള സയൻസ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. കൂടാതെ എൻട്രൻസ് പ്ലാസാ കെട്ടിടം, മോഷൻ സിമുലേറ്റർ കെട്ടിടം, ആംഫി തിയേറ്റർ, യു.ജി.സമ്പ്, ഓവർഹെഡ് ടാങ്ക്, ഫുഡ്കോർട്ട് സമുച്ചയം, മുൻവശത്തെ മതിൽ, ആഗമന - നിർഗമന കവാടങ്ങൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തിയായിവരുന്നു. കാമ്പസ് വൈദ്യുതീകരണ പ്രവൃത്തികളും അവസാന ഘട്ടത്തിലാണ്. സാങ്കേതിക തടസ്സംമൂലം നിർമ്മാണം മുടങ്ങിക്കിടന്ന സ്പേസ് സെന്റർ കെട്ടിടത്തിന്റെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് നിർമ്മാണ

പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കാമ്പസ്സിനുള്ളിലെ റോഡുകളുടെ നിർമ്മാണം, ജലവിതരണ സംവിധാനങ്ങൾ എന്നിവ പൂർത്തീകരിക്കുന്ന മുറയ്ക്ക് സയൻസ് സെന്റർ ഉൾപ്പെടുന്ന സയൻസ് സിറ്റിയുടെ ആദ്യഘട്ടം പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കാൻ കഴിയും.

(സി) ഇവിടെ നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദമാക്കാൻ നിർദ്ദേശം നൽകുമോ?

സയൻസ് സിറ്റിയിലെ വികസന പ്രവർത്തനങ്ങൾ പരമാവധി പരിസ്ഥിതി സൗഹൃദമായാണ് നടപ്പിൽവരുത്തുന്നത്.

(ഡി) സയൻസ് സിറ്റിക്കുവേണ്ടി എത്ര രൂപയുടെ മുതൽമുടക്കാണ് കേന്ദ്ര/സംസ്ഥാന സർക്കാരുകൾ വഹിക്കുന്നത്; ഇതിന്റെ വിഹിതം കേന്ദ്രം, സംസ്ഥാനം എന്നിവ തിരിച്ച് ലഭ്യമാക്കുമോ?

സയൻസ് സിറ്റി സ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാർ നാളിതുവരെ ഏകദേശം 30.38 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യ സാമ്പത്തിക പങ്കാളിത്തത്തോടെ

14.5 കോടി രൂപയ്ക്ക് സയൻസ് സെന്ററും സയൻസ് സിറ്റിയിൽ സ്ഥാപിച്ചിട്ടുണ്ട്.

(ഇ) കേരള സയൻസ് സിറ്റിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കാനുള്ളതെന്നും ഇവ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നും അറിയിക്കാമോ?

പിരിവ് എ-യിൽ നൽകിയിരിക്കുന്നു.

(എഫ്) പ്രസ്തുത സയൻസ് സിറ്റിയിൽ ഇപ്പോൾ മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ എന്തെല്ലാമെന്നും ഇവ പുനരാരംഭിക്കാൻ തടസ്സങ്ങൾ വല്ലതുമുണ്ടോയെന്നും അറിയിക്കുമോ; പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ കേന്ദ്ര ഫണ്ട് പൂർണ്ണമായും ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പിരിവ് എ-യിൽ നൽകിയിരിക്കുന്നു. കൂടാതെ സയൻസ് സിറ്റിക്കായി പ്രത്യേക കേന്ദ്ര ഫണ്ട് ലഭ്യമായിട്ടില്ല. എന്നാൽ കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ തുല്യ സാമ്പത്തിക പങ്കാളിത്തത്തോടെ 14.5 കോടി രൂപയുടെ സയൻസ് സെന്റർ സ്ഥാപിക്കുന്ന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

**കിനാനൂർ-കരിന്തളം കോളേജ് കെട്ടിട നിർമ്മാണം**

146(1843) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിനാനൂർ കരിന്തളം ആർട്സ് & സയൻസ് കോളേജിന്റെ കെട്ടിട നിർമാണത്തിനും മറ്റ് അനുബന്ധ വികസനങ്ങൾക്കും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കിഫ്ബി മുഖേന 11.312 കോടി രൂപയും പദ്ധതി വിഹിതം 2021-22-ൽ 12.76 കോടി രൂപയും കിനാനൂർ കരിന്തളം കോളേജിന്റെ കെട്ടിട നിർമ്മാണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി അനുവദിച്ചിട്ടുണ്ട്.

(ബി) കെട്ടിട നിർമ്മാണ നടപടികൾക്ക് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ആയതിന് പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി) KIIFB വർക്കിന്റെ DPR അവസാന ഘട്ടത്തിലാണ്. പദ്ധതി വിഹിതം തുക ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്

പൊതുമരാമത്ത് വകുപ്പാണ്. പ്രസ്തുത പ്രവൃത്തിയുടെ PWD ആർക്കിടെക്ചറൽ ഡ്രോയിംഗ് & ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചു. സ്ട്രക്ച്ചറൽ ഡിസൈൻ ചെയ്യുന്നതിനായി PWD ഡിസൈൻ വിംഗിനെ ഏൽപ്പിച്ചിട്ടുണ്ട്. പ്രവൃത്തികൾ വേഗത്തിലാക്കുന്നതിന് പൊതുമരാമത്ത് വകുപ്പുമായി നിരന്തരം ബന്ധപ്പെട്ടുന്നുണ്ട്.

**ബയോടെക്നോളജി ബിരുദ/ബിരുദാനന്തര കോഴ്സുകൾ**

147(1844) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം കോളേജുകളിലാണ് ബയോടെക്നോളജിയിൽ ബി.എസ്സി., എം.എസ്സി. കോഴ്സുകൾ ഉള്ളതെന്ന് വിശദമാക്കാമോ?

ബയോടെക്നോളജിയിൽ ബി.എസ്സി, എം.എസ്സി കോഴ്സുകളുള്ള കോളേജുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ഏതൊക്കെ ഗവൺമെന്റ്/ എയ്ഡഡ് കോളേജുകളിൽ ബയോടെക്നോളജി ബിരുദ/ബിരുദാനന്തര

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകളാണ് സർക്കാരിൽ ലഭ്യമായിട്ടുള്ളതെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രൊപ്പോസലുകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ ബയോടെക്നോളജി ബിരുദ/ബിരുദാനന്തര കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സർവകലാശാലകളുടെ ശിപാർശയോടെ ലഭിച്ചിട്ടില്ല.

(സി) കൂടുതൽ കോളേജുകളിൽ ബയോടെക്നോളജിയിൽ ബിരുദ/ ബിരുദാനന്തര കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന വിഷയം പിന്നീട് പരിഗണിക്കുന്നതിനായി മാറ്റിവച്ചിരിക്കുന്നു.

**ബിരുദ കോഴ്സുകളിലെ മാനവിക, ഭാഷാ വിഷയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം**

148(1845) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ബിരുദ കോഴ്സുകളിൽ മാനവിക, ഭാഷാ വിഷയങ്ങൾക്ക് വേണ്ടത്ര വിദ്യാർത്ഥികളില്ലാത്ത സാഹചര്യം നിലവിലുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ ബിരുദ കോഴ്സുകളിൽ മാനവിക, ഭാഷാ വിഷയങ്ങൾക്ക് വേണ്ടത്ര വിദ്യാർത്ഥികളില്ലാത്ത സാഹചര്യം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വ്യാജരേഖ ചമച്ച് അധ്യാപക ജോലി നേടാൻ ശ്രമിച്ച വ്യക്തിയുടെ വിദ്യാഭ്യാസ യോഗ്യതകൾ**

149(1846) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മഹാരാജാസ് കോളേജിന്റെ പേരിൽ വ്യാജരേഖ ചമച്ച് അധ്യാപക ജോലി നേടാൻ ശ്രമിച്ച ഗസ്റ്റ് അധ്യാപിക അട്ടപ്പാടി ഗവൺമെന്റ് കോളേജിൽ നൽകിയ അപേക്ഷയുടെയും അപേക്ഷയോടൊപ്പം സമർപ്പിച്ച വിദ്യാഭ്യാസ യോഗ്യത, എക്സ്പീരിയൻസ് എന്നിവ സംബന്ധിച്ച രേഖകളുടെയും ഇന്റർവ്യൂവിൽ ഹാജരാക്കിയ വിദ്യാഭ്യാസ യോഗ്യത,

എക്സ്പീരിയൻസ് എന്നിവ സംബന്ധിച്ച രേഖകളുടെയും പകർപ്പ് ലഭ്യമാക്കുമോ?

രേഖകളുടെ പകർപ്പുകൾ അനുബന്ധം 1 ആയി ഉൾപ്പെടുത്തുന്നു.+

(ബി) പ്രസ്തുത വ്യക്തി ഹാജരാക്കിയ രേഖകളുടെ ആധികാരികത സംബന്ധിച്ച് എറണാകുളം മഹാരാജാസ് കോളേജിനോട് അട്ടപ്പാടി ഗവൺമെന്റ് കോളേജ് അധികൃതർ വ്യക്തത ആവശ്യപ്പെട്ടിരുന്നോ; ഇതിന് പ്രസ്തുത കോളേജിൽനിന്നും ലഭിച്ച മറുപടിയുടെ പകർപ്പ് ലഭ്യമാക്കുമോ?

ആവശ്യപ്പെട്ടിരുന്നു; എറണാകുളം മഹാരാജാസ് കോളേജിൽനിന്നും ലഭിച്ച മറുപടിയുടെ പകർപ്പ് അനുബന്ധം 2 ആയി ഉൾപ്പെടുത്തുന്നു.+

(സി) പ്രസ്തുത വ്യക്തിക്കെതിരെ അട്ടപ്പാടി ഗവൺമെന്റ് കോളേജ് അധികൃതർ പോലീസിൽ പരാതി നൽകിയിരുന്നോ; പ്രസ്തുത പരാതിയുടെ പകർപ്പ് ലഭ്യമാക്കുമോ?

നൽകിയിരുന്നു; പരാതിയുടെ പകർപ്പ് അനുബന്ധം 3 ആയി ഉൾപ്പെടുത്തുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രസ്തുത വ്യക്തി കാസർഗോഡ് കരിന്തളം ഗവൺമെന്റ് കോളേജിൽ ഇന്റർവ്യൂവിൽ പങ്കെടുത്തപ്പോൾ ഹാജരാക്കിയ വിദ്യാഭ്യാസ രേഖകളുടെയും എക്സ്പീരിയൻസ് സംബന്ധിച്ച രേഖകളുടെയും ജോലിക്ക് സമർപ്പിച്ച അപേക്ഷയുടെയും പകർപ്പ് ലഭ്യമാക്കുമോ?

രേഖകളുടെ പകർപ്പുകൾ അനുബന്ധം 4 ആയി ഉൾപ്പെടുത്തുന്നു.+

**സർവകലാശാലകളിലെയും സർക്കാർ കോളേജുകളിലെയും സംവരണനയം**

150(1847) ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവകലാശാലകളിലും സർക്കാർ കോളേജുകളിലും വിദ്യാർത്ഥി പ്രവേശനത്തിനായി ഭരണഘടനയുടെ നൂറ്റിമൂന്നാം ഭേദഗതി പ്രകാരമുള്ള സാമ്പത്തിക പിന്നാക്ക സംവരണം നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. 20-3-2020-ലെ സ.ഉ. (കൈ). 128/2020/ഉ.വി.വ, 07-05-2022 ലെ സ.ഉ. (കൈ). 216/2022/ഉ.വി.വ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള ഉന്നത

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണാനുസൃതം പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലോ മറ്റ് പിന്നോക്ക വിഭാഗങ്ങളിലോ ഉൾപ്പെടാത്തതും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതുമായ വിഭാഗത്തിൽപ്പെട്ട (Economically Weaker Section) വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് 10% സംവരണം ഏർപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

(ബി) 2023-24 അധ്യയന വർഷത്തെ പ്രവേശനത്തിന് എസ്.സി./എസ്.ടി./പിന്നാക്കം/ഇ.ഡബ്ല്യു.എസ്. എന്നീ വിഭാഗങ്ങൾക്കും സംവരണേതര വിഭാഗങ്ങൾക്കും എത്ര സീറ്റുകളാണ് നൽകുന്നതെന്ന് സർവകലാശാലകൾ തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(സി) എസ്.സി./എസ്.ടി./എസ്.ഇ.ബി.സി. വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് അൻപത് ശതമാനത്തിൽ കുറയാതെ സംവരണ സീറ്റുകൾ ലഭിക്കത്തക്കവിധം സംവരണനയം ക്രമീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് എസ്.സി., എസ്.ടി., എസ്.ഇ.ബി.സി. വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നിലവിൽ 40% സംവരണം അനുവദിക്കുന്നുണ്ട്. ടി വിഭാഗങ്ങൾക്ക് 50 ശതമാനത്തിൽ കുറയാതെ സംവരണ സീറ്റുകൾ ലഭിക്കത്തക്കവിധം സംവരണനയം ക്രമീകരിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

എന്നിരുന്നാലും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള പാലക്കാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് എന്ന സ്ഥാപനത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള 100 സീറ്റുകളിൽ 70 സീറ്റുകൾ പട്ടികജാതി വിഭാഗത്തിനും 2 സീറ്റുകൾ പട്ടികവർഗ്ഗ വിഭാഗത്തിനും സംവരണം ചെയ്തിട്ടുണ്ട്.

**കുന്ദമംഗലം ഗവ. ആർട്സ് & സയൻസ് കോളേജിൽ പുതിയ എം.കോം. കോഴ്സ്**

151(1848) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) ആവശ്യമായ ക്ലാസ് റൂമുകളും ഭൗതിക സൗകര്യവുമുള്ള കുന്ദമംഗലം ഗവ. ആർട്സ് & സയൻസ് കോളേജിൽ നിലവിൽ മൂന്ന് യു.ജി. കോഴ്സും ഒരു പി.ജി. കോഴ്സും മാത്രമാണുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവിടെ ഒരു എം.കോം. കോഴ്സ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന വിഷയം പിന്നീട് പരിഗണിക്കുന്നതിനായി മാറ്റിവച്ചിരിക്കുന്നു.

**എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാല ആക്ട് പ്രകാരമുള്ള ബോർഡ് ഓഫ് ഗവർണേഴ്സ് അംഗത്വം**

152(1849) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാല ആക്ടിലെ ഇരുപത്തിമൂന്നാം വകുപ്പിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിൻകീഴിൽ ഏഴ് ഇനങ്ങൾ മാത്രമേ ഇപ്പോൾ നിലനിൽക്കുന്നുള്ളൂ എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ആക്റ്റിലെ മേൽ സൂചിപ്പിച്ച നിർവ്വചനത്തിൽ ഏഴാം ഇനത്തിനുശേഷമുള്ള ഇനങ്ങൾക്ക് നിലവിൽ ഏത് നിയമപ്രകാരമാണ് പ്രാബല്യമുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സാങ്കേതിക ശാസ്ത്ര സർവകലാശാല ആക്റ്റിലെ കാലഹരണപ്പെട്ട ഭേദഗതികൾ മുഖാന്തരം സൃഷ്ടിക്കപ്പെട്ട അംഗത്വങ്ങളിലേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടവർ നിയമവിരുദ്ധമായാണ് സർവകലാശാലയുടെ ബോർഡ് ഓഫ് ഗവർണേഴ്സിൽ തുടരുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ-സി) എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാലയുടെ ബോർഡ് ഓഫ് ഗവർണേഴ്സിലും സിൻഡിക്കേറ്റിലും പുതുതായി അംഗങ്ങളെ ഉൾപ്പെടുത്തുന്ന വ്യവസ്ഥകളും മറ്റ് വ്യവസ്ഥകളും ഉൾപ്പെടുത്തിക്കൊണ്ട് 2021-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാല (ഭേദഗതി) ഓർഡിനൻസ്, 39-ാം നമ്പർ ആയി പുറപ്പെടുവിക്കുകയും ആയത് യഥാക്രമം 50/2021, 94/2021 എന്നീ നമ്പർ ഓർഡിനൻസുകളായി പുനഃവിളംബരം ചെയ്തിട്ടുമുണ്ട്. പ്രസ്തുത 94/2021-ാം നമ്പർ ഓർഡിനൻസിന് പകരമായി 2021-ലെ സർവകലാശാല നിയമങ്ങൾ

(ഭേദഗതി) (2-ാം നമ്പർ) ബിൽ 15-ാം കേരള നിയമസഭയുടെ 3-ാം സമ്മേളനത്തിൽ ബിൽ നമ്പർ 50 ആയി പ്രസിദ്ധീകരിക്കുകയും കേരള നിയമസഭ 2021 ഒക്ടോബർ 28-ാം തീയതി പ്രസ്തുത ബിൽ പാസ്സാക്കിയിട്ടുള്ളതും ആയത് ഗവർണറുടെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ളതുമാണ്. ഓർഡിനൻസുകളുടെ അടിസ്ഥാനത്തിൽ ബോർഡ് ഓഫ് ഗവർണേഴ്സിലേക്ക് നടത്തിയ നാമനിർദ്ദേശം നിയമപ്രകാരം സാധുവായ നടപടിയായതിനാൽ, പ്രസ്തുത അംഗങ്ങളുടെ കാലാവധി അവസാനിക്കുന്നതുവരെ അല്ലെങ്കിൽ ഏതെങ്കിലും നിയമപ്രകാരം ടി വ്യക്തികളെ നീക്കം ചെയ്യുന്നതുവരെ സാധുവായി തുടരുന്നതാണ്.

(ഡി) പ്രസ്തുത ആക്റ്റിൽ സൂചിപ്പിച്ചിരിക്കുന്ന നിർവചനത്തിൽ ഏഴാം ഇനത്തിനുശേഷമുള്ള ഇനങ്ങളിലെ അംഗത്വങ്ങളിലേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടവരുടെ പേരും വിലാസവും അവർ ഏത് മേഖലയെയാണ് സർവകലാശാലയുടെ ബോർഡ് ഓഫ് ഗവർണേഴ്സിൽ പ്രതിനിധീകരിക്കുന്നതെന്നും വ്യക്തമാക്കാമോ?

1. ഡോ. പി. കെ. ബിജു, പറയാമ്പറമ്പിൽ മാഞ്ഞൂർ സൗത്ത് പി.ഒ, കോട്ടയം

2. ഡോ. ബി. എസ്. ജമുന, റിട്ട. പ്രൊഫസർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്, കേരള യൂണിവേഴ്സിറ്റി

3. അഡ്വ. ഐ. സാജു, പി അസിസ് ഹൗസ്, കിള്ളി, കൊല്ലോട് പി.ഒ, കാട്ടാക്കട, തിരുവനന്തപുരം

4. ഡോ. വിനോദ് കുമാർ ജേക്കബ്, പ്രൊഫസർ, എം. എ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കോതമംഗലം

5. എസ്. വിനോദ് മോഹൻ, വിജയ ഭവൻ, കൊല്ലം

6. ഡോ. സഞ്ജീവ് ജി., അസ്സോസിയേറ്റ് പ്രൊഫസർ, എൻ.എസ്.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പാലക്കാട്

ശാസ്ത്രം, വ്യവസായം, ഉന്നത വിദ്യാഭ്യാസം എന്നീ മേഖലകളിൽ നിന്നുമാണ് പ്രസ്തുത അംഗങ്ങളെ സർവകലാശാലയുടെ ബോർഡ് ഓഫ് ഗവർണേഴ്സിലേയ്ക്ക് നാമനിർദ്ദേശം ചെയ്തിരിക്കുന്നത്.

**കുട്ടനാട് കുസാറ്റ് എഞ്ചിനീയറിംഗ് കോളേജിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി**

153(1850) <u>ശ്രീ. തോമസ് കെ. തോമസ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കുസാറ്റിന്റെ എഞ്ചിനീയറിംഗ് കോളേജിൽ കൂടുതൽ കോഴ്സുകളും സൗകര്യങ്ങളും ഏർപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഉന്നത വിദ്യാഭ്യാസ രംഗത്ത് വളരെ പിന്നാക്കം നിൽക്കുന്ന ഒരു പ്രദേശം എന്ന നിലയിൽ കുട്ടനാട് കാമ്പസിന് കൂടുതൽ പ്രാധാന്യം നൽകി സംരക്ഷിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാമ്പസിന് കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ-സി) സർവകലാശാല കരിക്കുലം റീ സ്ട്രക്ച്ചറിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടുന്നതനുസരിച്ച് പുതിയ കോഴ്സുകൾ തുടങ്ങുന്ന കാര്യം സർവകലാശാല പരിശോധിക്കുന്നതാണ്. "പ്ലീസ്" പദ്ധതി പ്രകാരം നാടൻ

മത്സ്യങ്ങൾക്കായി മൾട്ടി സ്പീഷീസ് ഫിഷ് ഹാച്ചറി സ്ഥാപിക്കുന്നതിന്റെ ശിലാസ്ഥാപനം 19-08-2023-ൽ നടന്നു. കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് സർവകലാശാലയുടെ പരിഗണനയിലുണ്ട്.

**പോളിടെക്നിക്/എഞ്ചിനീയറിംഗ് കോളേജുകളിലെ വികസന പ്രവർത്തനങ്ങൾ**

154(1851) **ശ്രീ. പി. പി. ചിത്തരഞ്ജൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പോളിടെക്നിക്/ എഞ്ചിനീയറിംഗ് കോളേജുകളാണ് സർക്കാർ/എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്നതെന്ന് ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ?

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള പോളിടെക്നിക്/ എഞ്ചിനീയറിംഗ് കോളേജുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ഉള്ളടക്കം ചെയ്യുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത സ്ഥാപനങ്ങളിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ വിവരം, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത സ്ഥാപനങ്ങളിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ വിവരങ്ങൾ അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു.+

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ 2019 മുതൽ ഓരോ വർഷവും നടന്ന വിദ്യാർത്ഥികളുടെ പ്രവേശനം സംബന്ധിച്ച വിശദവിവരം സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ?

2019 മുതൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലെ പോളിടെക്നിക്/എഞ്ചിനീയറിംഗ് കോളേജുകളിലും നടന്നിട്ടുള്ള പ്രവേശനം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം III ആയി ഉള്ളടക്കം ചെയ്യുന്നു.+

(ഡി) പബ്ലിക് റിലേഷൻസ് ഓഫീസറുടെ സേവനം സാങ്കേതിക വകുപ്പിൽ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പബ്ലിക് റിലേഷൻസ് ഓഫീസറുടെ തസ്തിക സൃഷ്ടിച്ച് ഉദ്യോഗസ്ഥനെ നിയമിച്ചിട്ടില്ല. ആയതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുമ്പോൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**ചെറുവത്തൂർ ഗവ. ടെക്നിക്കൽ ഹൈസ്കൂളിൽ എഞ്ചിനീയറിംഗ് കോളേജ്**

155(1852) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗവ. ടെക്നിക്കൽ ഹൈസ്കൂളിനോടനുബന്ധിച്ച് സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കാൻ നടപടി ഉണ്ടാകുമോ; ചെറുവത്തൂർ കേന്ദ്രീകരിച്ച് എഞ്ചിനീയറിംഗ് കോളേജ് തുടങ്ങുന്നതിനുള്ള ശിപാർശ സർക്കാരിലേയ്ക്ക് നൽകിയിട്ടുള്ളതിനാൽ ഈ വർഷം തന്നെ കോളേജ് പ്രഖ്യാപിച്ച് ഉത്തരവാകുമോ?

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗവ. ടെക്നിക്കൽ ഹൈസ്കൂളിനോടനുബന്ധിച്ച് സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് സാമ്പത്തിക ബാദ്ധ്യതാ വിവരങ്ങൾ

ഉൾക്കൊള്ളിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

**തിരുവമ്പാടി ഐ.എച്ച്.ആർ.ഡി. കോളേജിൽ പുതുതലമുറ കോഴ്സുകൾ**

156(1853) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി ഐ.എച്ച്.ആർ.ഡി. കോളേജിൽ പുതുതലമുറ കോഴ്സുകൾ ആരംഭിക്കുന്നതിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോളേജിൽ പുതുതലമുറ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ഐ.എച്ച്.ആർ.ഡി. ഡയറക്ടറിൽനിന്നും ഇക്കാര്യത്തിൽ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

**എഞ്ചിനീയറിംഗ് കോളേജുകളിലെ ബി.ടെക് കോഴ്സുകൾ**

157(1854) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.ടെക് കോഴ്സിന് സർക്കാർ/എയ്ഡഡ്/സ്വാശ്രയ മേഖലകളിലായി നിലവിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകളുണ്ടെന്നും അവയിൽ ആകെ എത്ര സീറ്റുകളുണ്ടെന്നും അറിയിക്കാമോ?

ബി.ടെക് കോഴ്സിന് സർക്കാർ/എയ്ഡഡ്/സ്വാശ്രയ മേഖലകളിലായി നിലവിൽ 146 എഞ്ചിനീയറിംഗ് കോളേജുകളും അവയിൽ 51601 സീറ്റുകളുമുണ്ട്.

(ബി) ഈ അധ്യയന വർഷം ബി.ടെക് കോഴ്സിനുള്ള എത്ര സീറ്റുകളിൽ പ്രവേശനം നടന്നുവെന്നും എത്ര സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുവെന്നും അറിയിക്കാമോ?

2023-24 അധ്യയന വർഷത്തെ അലോട്ട്മെന്റ് പ്രോസസ്സ് നടന്നുകൊണ്ടിരിക്കുകയാണ്. പ്രവേശന നടപടികൾ പൂർത്തിയായാൽ മാത്രമേ ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുടെ എണ്ണം കണക്കാക്കാൻ കഴിയുകയുള്ളൂ.

(സി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഓരോ വർഷവും പുതുതായി ബി.ടെകിന് ഓരോ മേഖലയിലും തുടങ്ങിയ

കോളേജുകൾ, കോളേജുകളിൽ ആരംഭിച്ച വിവിധ കോഴ്സുകൾ, അനുവദിച്ച സീറ്റുകൾ എന്നിവ എത്രയെണ്ണം വീതമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; കാലഹരണപ്പെട്ട കോഴ്സുകൾ ഒഴിവാക്കി പകരം പുതിയ കോഴ്സുകൾ അനുവദിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി തുടങ്ങിയ എഞ്ചിനീയറിംഗ് കോളേജുകൾ, കോളേജുകളിൽ ആരംഭിച്ച വിവിധ കോഴ്സുകൾ, അനുവദിച്ച സീറ്റുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

എ.ഐ.സി.റ്റി.ഇ.-യും സാങ്കേതിക ശാസ്ത്ര സർവകലാശാലയും അംഗീകാരം നൽകിയ പുതിയതും ആധുനികവുമായ കോഴ്സുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ഡി) ചില സ്വാശ്രയ കോളേജുകൾ ഒഴിവുകളുടെ യഥാർത്ഥ സ്ഥിതി മറച്ചുവച്ച് പുതിയ കോഴ്സുകൾക്കും സീറ്റുകൾക്കും വീണ്ടും അനുമതി വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിന് എന്ത് നടപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; ബി.ടെക് കോഴ്സുകൾ ആധുനികവൽക്കരിക്കാൻ നടപടി സ്വീകരിക്കുമോ?

ഇല്ല. പൂർണ്ണമായും സാങ്കേതിക ശാസ്ത്രവിദ്യയിലധിഷ്ഠിതമായ സംവിധാനത്തിലാണ് സാങ്കേതിക ശാസ്ത്ര സർവകലാശാല കോളേജുകളുടെയും വിദ്യാർത്ഥികളുടെയും രജിസ്ട്രേഷൻ നടത്തുന്നത്. എ.ഐ.സി.റ്റി.ഇ.-യും സാങ്കേതിക ശാസ്ത്ര സർവകലാശാലയും അംഗീകാരം നൽകിയ പുതിയതും ആധുനികവുമായ കോഴ്സുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ഇ) ഏതെല്ലാം എഞ്ചിനീയറിംഗ് കോളേജുകൾക്ക് സ്വയംഭരണപദവി നൽകാൻ തീരുമാനിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

എം.എ. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കോതമംഗലം, അമൽ ജ്യോതി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കോട്ടയം എന്നീ കോളേജുകൾക്ക് 2023-24 അധ്യയന വർഷം മുതൽ UGC സ്വയംഭരണപദവി നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ സർക്കാർ/സാങ്കേതിക ശാസ്ത്ര സർവകലാശാല നടപടി സ്വീകരിച്ചുവരികയാണ്.

## പോളിടെക്നിക് കോളേജുകളിലെ ഹാൻഡ്‌ലൂം ആൻഡ് ടെക്സ്റ്റൈൽ ടെക്നോളജി അധ്യാപകരുടെ യോഗ്യതകൾ

158(1855) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോളിടെക്നിക് കോളേജുകളിൽ ഹാൻഡ്‌ലൂം ടെക്നോളജി & ടെക്സ്റ്റൈൽ ടെക്നോളജി ഡിപ്ലോമ കോഴ്സുകൾ പഠിപ്പിക്കുന്നതിന് അധ്യാപകർക്ക് നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത യോഗ്യതകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള പോളിടെക്നിക് കോളേജുകളിൽ ഹാൻഡ്‌ലൂം ടെക്നോളജി ഡിപ്ലോമ കോഴ്സായി പഠിപ്പിക്കുന്നില്ല. ഡിപ്ലോമ ഇൻ ടെക്സ്റ്റൈൽ ടെക്നോളജി കോഴ്സ് നിലവിലുണ്ട്, ബന്ധപ്പെട്ട കോഴ്സ് പഠിപ്പിക്കുന്നതിന് അധ്യാപകർക്ക് എ.ഐ.സി.ടി.ഇ. നിഷ്കർഷിച്ചിരിക്കുന്ന യോഗ്യത ബന്ധപ്പെട്ട വിഷയത്തിലുള്ള ഒന്നാം ക്ലാസ്സോടുകൂടിയ ബി.ടെക് ബിരുദമോ ബിരുദാനന്തര ബിരുദമോ ആണ്.

(ബി) ഇതര ബ്രാഞ്ചുകളിൽ/ട്രേഡുകളിൽനിന്നും വ്യത്യസ്തമായി താഴ്ന്ന യോഗ്യതയുള്ള അധ്യാപകരെയാണോ പ്രസ്തുത കോഴ്സുകൾ പഠിപ്പിക്കുന്നതിന് പോളിടെക്‌നിക് കോളേജുകളിൽ നിയമിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഇതര ബ്രാഞ്ചുകളിൽനിന്നും വ്യത്യസ്തമായി താഴ്ന്ന യോഗ്യതയുള്ള അധ്യാപകരെയല്ല ഡിപ്ലോമ ഇൻ ടെക്സ്റ്റൈൽസ് പഠിപ്പിക്കുന്നതിന് പോളിടെക്നിക് കോളേജുകളിൽ നിയമിക്കുന്നത്.

(സി) പ്രസ്തുത കോഴ്സുകൾ പഠിപ്പിക്കുന്നതിന് സമാന ബ്രാഞ്ചുകളിൽ അംഗീകൃത ബിടെക് ബിരുദം/ബിരുദാനന്തര ബിരുദമുള്ളവരെ നിയമിക്കുന്നതിന് വിശേഷാൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം പരിഗണിക്കാമോ?

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള ടെക്സ്റ്റൈൽ ടെക്നോളജി കോഴ്സ് പഠിപ്പിക്കുന്നതിന് യോഗ്യരായ അപേക്ഷകരുടെ അഭാവത്തിൽ സമാന ബ്രാഞ്ചുകളിൽ അംഗീകൃത ബി.ടെക് ബിരുദം/ബിരുദാനന്തര ബിരുദമോ ഉള്ളവരെ നിയമിക്കുന്നതിന് വിശേഷാൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## കാസർഗോഡ് പെരിയ ഗവൺമെന്റ് പോളിടെക്നിക് കാമ്പസ്സിനുള്ളിലെ റോഡ് നവീകരണം

159(1856) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഗവൺമെന്റ് പോളിടെക്നിക് കോളേജ് (പെരിയ) കാമ്പസിനുള്ളിലെ റോഡുകൾ തകർന്ന് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനായുള്ള പ്രൊപ്പോസൽ 2023-24 വർഷത്തെ പ്ലാൻ ഫണ്ടിൽ പരിഗണിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് 2023-24 വർഷത്തെ പ്ലാൻ ഫണ്ടിൽ അനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

(ബി&സി) 2023-2024 സാമ്പത്തിക വർഷത്തിലെ പ്ലാൻ ഫണ്ടിൽ പരിഗണിക്കുന്നതിന് കാസർഗോഡ് ഗവൺമെന്റ് പോളിടെക്നിക് കോളേജ് (പെരിയ) കാമ്പസിനുള്ളിലെ റോഡ് നവീകരണവുമായി ബന്ധപ്പെട്ട

പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല. പ്രസ്തുത പ്രൊപ്പോസൽ അടുത്ത പൂൾഡ് പി.ഡി. കമ്മിറ്റിയിൽ പരിഗണിക്കാൻ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ തീരുമാനിച്ചിട്ടുണ്ട്. ടി പ്രൊപ്പോസൽ അടുത്ത പൂൾഡ് പി.ഡി. കമ്മിറ്റി പരിശോധിക്കുകയും തീരുമാനം കൈക്കൊള്ളുന്നതുമാണ്.

**പോളിടെക്നിക്കുകൾ നവീകരിക്കുന്നതിനുള്ള പദ്ധതി**

160(1857) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നൈപുണ്യമുള്ള അഭ്യസ്തവിദ്യരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്വീകരിച്ചുവരുന്ന നടപടി വിശദമാക്കാമോ?

എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിനുശേഷം സംരംഭകത്വ പ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികൾ നേരിടുന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി പ്രത്യേകമായ നിലയിൽ സജ്ജീകരിച്ച

ആവശ്യമായ കമ്പ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റിയോടുംകൂടി ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

തൊഴിൽ ദാതാക്കളായ സാങ്കേതിക വിദഗ്ദ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വകുപ്പിനുകീഴിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ IOC (ഇൻഡസ്ട്രി ഓൺ കാമ്പസ്) പദ്ധതി നടപ്പാക്കിവരുന്നു. “Earn While You Learn” എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് യഥാർത്ഥ വ്യാവസായിക അന്തരീക്ഷത്തിലേയ്ക്ക് സ്ഥാപനത്തെ പരിവർത്തനം ചെയ്യുന്നതിലൂടെ വിദ്യാർത്ഥികളിൽ പ്രായോഗിക പരിശീലനം പ്രോത്സാഹിപ്പിക്കുന്നതിനും സംരംഭകത്വ വികസന കഴിവുകൾ വളർത്തിയെടുക്കുന്നതിനും ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

സംസ്ഥാനത്തെ കോളേജുകളിൽ Mini Industrial Units ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട 2022-23 ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം പെരുമ്പാവൂർ സർക്കാർ പോളിടെക്നിക് കോളേജിൽ ടി കേന്ദ്രം ആരംഭിക്കുന്നതിന് 116.92 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭ്യമാക്കിയിരുന്നു, ഡയറക്ടർ തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്.

തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിൽ ഉൽപ്പാദന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ LED ബൾബുകളും ട്യൂബുകളും സംയോജിപ്പിച്ച് നിർമ്മിക്കുക, ഇലക്ട്രോണിക്സ് ലബോറട്ടറികളിലേയ്ക്ക് ആവശ്യമുള്ള പരിശീലന കിറ്റുകൾ നിർമ്മിക്കുക എന്നീ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മറ്റ് പോളിടെക്നിക്കുകളിലും അനുയോജ്യമായ നവീന സാങ്കേതികവിദ്യകളിലധിഷ്ഠിതമായ ഉൽപ്പാദന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻസ് ഫ്രെയിംവർക്ക് (NSQF) അടിസ്ഥാനമാക്കി വിവിധ തൊഴിലുകളിൽ നിപുണരായ യുവജനതയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ അഞ്ച് പോളിടെക്നിക് കോളേജുകളിൽ ഡിപ്ലോമ ഇൻ വൊക്കേഷൻ **(DVoc)** കോഴ്സുകൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പും അസാപ്പും സംയുക്തമായി

നടത്തിവരുന്നു. പ്രസ്തുത കോഴ്സിന്റെ ഭാഗമായ തൊഴിൽ പരിശീലനം അസാപ് കേരള ഏറ്റെടുത്തുനടത്തുന്നു.

(ബി) പുതിയ പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; വിദ്യാർത്ഥി പ്രവേശനം കുറഞ്ഞ എഞ്ചിനീയറിംഗ് കോളേജുകളിൽ ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സർക്കാർ മേഖലയിൽ കണ്ണൂർ ജില്ലയിലെ ധർമ്മടം നിയോജകമണ്ഡലത്തിലെ പിണറായി ഗ്രാമപഞ്ചായത്തിൽ സർക്കാർ മേഖലയിൽ പുതിയ പോളിടെക്നിക് കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, കാസർഗോഡ് ജില്ലയിലെ കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല നിയോജകമണ്ഡലത്തിലെ വെള്ളറട എന്നീ സ്ഥലങ്ങളിൽ പോളിടെക്നിക് കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് സാങ്കേതിക

വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

നിലവിൽ IHRD-യ്ക്ക് കീഴിലുള്ള ഒരു എഞ്ചിനീയറിംഗ് കോളേജിലും CAPE-നുകീഴിലുള്ള 4 എഞ്ചിനീയറിംഗ് കോളേജുകളിലും 16 സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലും ഡിപ്ലോമ കോഴ്സുകൾ നടത്തുന്നുണ്ട്. പ്രസ്തുത 16 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ 3 സ്ഥാപനങ്ങൾക്ക് (അടൂർ ശ്രീനാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ചിറയിൻകീഴ് മുസലിയാർ കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, പാരിപ്പള്ളി കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി) 2022-23 അക്കാദമിക വർഷത്തിലും ചേർത്തല KVM കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ഐ.ടി., കോതമംഗലം മാർ ബസേലിയോസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജി എന്നീ 2 സ്ഥാപനങ്ങൾക്ക് 2023-24 അക്കാദമിക വർഷത്തിലും കേരള ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം കേരള സാങ്കേതിക സർവകലാശാലയും സാങ്കേതിക വിദ്യാഭ്യാസ വകുപ്പും പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ

ബന്ധപ്പെട്ട അക്കാദമിക വർഷങ്ങളിൽ ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2023-24 വർഷത്തിൽ പോളിടെക്നിക് ഡിപ്ലോമ കോഴ്സുകൾകൂടി ആരംഭിക്കാൻ അനുമതി തേടിയിട്ടുള്ള തിരുവനന്തപുരം എം.ജി. കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിൽ സാങ്കേതിക സർവകലാശാലയും സാങ്കേതിക വിദ്യാഭ്യാസ വകുപ്പും പരിശോധനകൾ നടത്തി പോളിടെക്നിക് ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങളുണ്ടെന്ന് കണ്ടെത്തുന്ന പക്ഷം ആവശ്യമായ അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നിലവിലുള്ള പോളിടെക്നിക്കുകൾ നവീകരിക്കുന്നതിന് പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സർക്കാർ പോളിടെക്നിക്ക് കോളേജുകളുടെ നവീകരണത്തിനായി 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 4320 ലക്ഷം രൂപ

വകയിരുത്തിയിട്ടുണ്ട്. പശ്ചാത്തല സൗകര്യ വികസന പ്രവർത്തനങ്ങളായ (i) അത്യാധുനിക ക്ലാസ്സ് മുറികൾ നിർമ്മിക്കുക (ii) ഹോസ്റ്റൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക (iii) ലബോറട്ടറികൾക്കായി ആധുനിക ഉപകരണങ്ങൾ വാങ്ങുക (iv) കാമ്പസ് നെറ്റ്‌വർക്ക് സ്ഥാപിക്കുക (v) ഫിറ്റ്നെസ് സെന്റർ (vi) അക്രെഡിറ്റേഷൻ ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക (vii) ഐ.സി.റ്റി. പദ്ധതി, ഇ-ജേണലുകൾ, ഡിജിറ്റൽ/ഇ-ലൈബ്രറികൾ തുടങ്ങിയവ നടത്തിവരുന്നു. സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ നിലവാരം അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്താനായി പോളിടെക്നിക് കോളേജുകൾക്ക് NBA അക്രെഡിറ്റേഷൻ നേടാനാവശ്യമായ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

പൊതുമരാമത്ത് വകുപ്പ് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പലതും പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. വിവിധ സ്ഥാപനങ്ങൾക്കുള്ള സ്ഥലമെടുപ്പ് നടപടികളും പൂർത്തിയായിവരുന്നു. സ്ഥാപനങ്ങളിലെ അറ്റകുറ്റപണികൾ, വർക്ക്ഷോപ്പുകൾക്കും ലബോറട്ടറികൾക്കും പുതിയ കെട്ടിട നിർമ്മാണം, വൈദ്യുതീകരണം,

കായിക പരിശീലന സൗകര്യങ്ങൾ ഒരുക്കൽ എന്നീ പ്രവർത്തനങ്ങളും നടത്തപ്പെട്ടു. കിഫ്ബിയിലുൾപ്പെടുത്തിയ നിർമ്മാണ പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായി ലൈബ്രറി പുസ്തകങ്ങളും നിലവിലുള്ള ലബോറട്ടറികൾക്ക് ആധുനിക ഉപകരണങ്ങളും മെഷിനറികളും ഫർണിച്ചറുകളും വാങ്ങുന്നതിനുള്ള നടപടികളും കാലാനുസൃതമായി ആരംഭിക്കുന്ന നവസാങ്കേതികവിദ്യാ കോഴ്സുകൾക്കാവശ്യമായ പ്രായോഗിക പരിശീലനത്തിനുംവേണ്ട ഏർപ്പാടുകളും സമയബന്ധിതമായി ചെയ്യുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നടപടി സ്വീകരിക്കുന്നതാണ്.

**മുക്കം ഗവൺമെന്റ് പോളിടെക്നിക്കിനായി സ്ഥലമെടുപ്പ്**

161(1858) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുക്കം ഗവൺമെന്റ് പോളിടെക്നിക്കിനായി സ്ഥലമെടുക്കുന്ന നടപടിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിൽ മുക്കം നിയോജകമണ്ഡലത്തിൽ പുതിയ പോളിടെക്നിക്ക് കോളേജ് ആരംഭിക്കുന്നതിനായി 2015-ൽ മുക്കം മുനിസിപ്പാലിറ്റിയിൽ താഴേക്കാട് വില്ലേജ് ചേന്ദമംഗല്ലൂർ ദേശത്ത് മംഗലശ്ശേരി തോട്ടത്തിൽ ഭൂമി അനുവദിച്ചിരുന്നു. പ്രസ്തുത ഭൂമി മുമ്പ് വനം വകുപ്പിന്റെ അധീനതയിലായിരുന്നതിനാൽ അത് തരംമാറ്റി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ സാധിച്ചില്ല. ടി സാഹചര്യത്തിൽ പകരം ഭൂമി കണ്ടെത്തുന്നതിനായുള്ള നടപടികൾ പുരോഗമിക്കുന്നു.

**പയ്യന്നൂർ റസിഡൻഷ്യൽ വനിത പോളിടെക്നിക് കോളേജ് അക്കാദമിക് ബ്ലോക്ക് നിർമ്മാണം**

162(1859) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ റസിഡൻഷ്യൽ വനിത പോളിടെക്നിക് കോളേജ് അക്കാദമിക് ബ്ലോക്ക് നിർമ്മാണം പൂർത്തീകരിക്കാൻ ഫണ്ട്

അനുവദിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി പ്രസ്തുത പ്രവൃത്തിക്ക് ഈ സാമ്പത്തിക വർഷംതന്നെ ഭരണാനുമതി നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ&ബി) പയ്യന്നൂർ റസിഡൻഷ്യൽ വനിതാ പോളിടെക്നിക് കോളേജ് അക്കാദമിക് ബ്ലോക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. ടി പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**ടെക്സ്റ്റൈൽ, ഹാൻഡ്‌ലൂം ടെക്നോളജി കോഴ്സുകൾ**

163(1860) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവകലാശാലയുടെ കീഴിൽ ടെക്സ്റ്റൈൽ ടെക്നോളജി, ഹാൻഡ്‌ലൂം ടെക്നോളജി എന്നിവയിൽ ബി.ടെക്. കോഴ്സ് നിലവിലുണ്ടോ; വിശദമാക്കാമോ?

നിലവിലില്ല.

(ബി) പോളിടെക്‌നിക്കുകളിൽ പ്രസ്തുത കോഴ്‌സുകളുടെ അധ്യാപക തസ്തികയിലേയ്ക്കുള്ള യോഗ്യതകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പോളിടെക്‌നിക്കുകളിൽ പ്രസ്തുത കോഴ്‌സുകളുടെ അധ്യാപകരായി നിയമിക്കപ്പെടാൻ നിലവിലുള്ള ചട്ടപ്രകാരം ബി.ടെക് ബിരുദധാരികൾക്ക് സാധ്യമാണോ; ഇല്ലെങ്കിൽ അപ്രകാരം ചട്ടങ്ങളിൽ മാറ്റം വരുത്താൻ തയ്യാറാകുമോ; വിശദമാക്കാമോ?

(ബി&സി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള പോളിടെക്നിക്ക് കോളേജുകളിൽ ഡിപ്ലോമ ഇൻ ടെക്സ്റ്റൈൽ ടെക്നോളജി കോഴ്സ് മാത്രമാണ് നിലവിലുള്ളത്. ബന്ധപ്പെട്ട കോഴ്സ് പഠിപ്പിക്കുന്നതിന് അധ്യാപകർക്ക് എ.ഐ.സി.റ്റി.ഇ. നിഷ്കർഷിച്ചിരിക്കുന്ന യോഗ്യത

ബന്ധപ്പെട്ട വിഷയത്തിലുള്ള ഒന്നാം ക്ലാസ്സോടുകൂടിയ ബി.ടെക് ബിരുദമോ/ബിരുദാനന്തര ബിരുദമോ ആണ്.

ഈ കാരണത്താൽ നിലവിലുള്ള ചട്ടങ്ങളിൽ മാറ്റം വരുത്തേണ്ട ആവശ്യമില്ല.

**വ്യാജരേഖ ഹാജരാക്കി വകുപ്പുമേധാവി/പ്രിൻസിപ്പൽ തസ്തികകളിൽ നിയമനം**

164(1861) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോളിടെക്നിക് കോളേജുകളിൽ വ്യാജരേഖ ഹാജരാക്കി യോഗ്യതയില്ലാത്തവർ പ്രിൻസിപ്പൽ തസ്തികയിലും വകുപ്പ് മേധാവിയായും നിയമനം നേടിയത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എ.ഐ.സി.ടി.ഇ. അംഗീകാരമില്ലാത്ത സ്ഥാപനങ്ങളുടെയും സർവകലാശാലകളുടെയും കോഴ്സ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയും വ്യാജ തുല്യതാ സർട്ടിഫിക്കറ്റുകൾ നൽകിയും മേൽപ്പറഞ്ഞ രീതിയിൽ നിയമനം നേടിയവരെ കണ്ടെത്തുന്നതിനായി വകുപ്പ് എന്തെങ്കിലും അന്വേഷണം

നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ചട്ടവിരുദ്ധമായി സ്ഥാനക്കയറ്റം നേടിയവർക്കെതിരെയും ബന്ധപ്പെട്ട രേഖകൾ സൂക്ഷ്മ പരിശോധന നടത്താതെ സ്ഥാനക്കയറ്റം നൽകിയവർക്കെതിരെയും കർശന നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

(എ-സി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽവരുന്ന പോളിടെക്നിക്ക് കോളേജുകളിൽ വ്യാജരേഖ ഹാജരാക്കി നിയമവിരുദ്ധമായി ആരുംതന്നെ ഉയർന്ന തസ്തികകളിൽ നിയമനം നേടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രിൻസിപ്പൽ/വകുപ്പ് തലവൻ തസ്തികകളിലേയ്ക്കുള്ള പ്രമോഷൻ, പി.എസ്.സി. തലത്തിൽ ഡിപ്പാർട്ട്മെന്റൽ പ്രമോഷൻ കമ്മിറ്റി (ഹയർ) കൂടിയാണ് യോഗ്യരായവരെ തെരഞ്ഞെടുക്കുന്നത്.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ പരപ്പയിൽ ഗവൺമെന്റ് പോളിടെക്നിക് കോളേജ് അനുവദിക്കുന്നതിന് നടപടി**

165(1862) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ പരപ്പയിൽ ഗവൺമെന്റ് പോളിടെക്നിക് കോളേജ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

(എ&ബി) ഉണ്ട്.

കാസർഗോഡ് ജില്ലയിലെ പരപ്പയിൽ സർക്കാർ മേഖലയിൽ പുതിയ പോളിടെക്നിക് കോളേജ് ആരംഭിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു. കാസർഗോഡ് ജില്ലയിലെ കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന പരപ്പ വില്ലേജിലെ പുളിയംകുളത്ത് പുതിയ പോളിടെക്നിക് കോളേജ് സ്ഥാപിക്കാനനുയോജ്യമായി 69/01 സർവ്വേ നമ്പറിൽ 3¼ ഏക്കർ സർക്കാർ അധീനതയിൽ പൊതുഉപയോഗത്തിന് ആവശ്യമായ ഭൂമിയും കൂടാതെ ഒരു ഏക്കർ മിച്ചഭൂമിയും ലഭ്യമാക്കുന്ന കാര്യത്തിൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം തേടിയിരിക്കുകയാണ്.

ഭൂമി ലഭ്യതയ്ക്കനുസരിച്ച് പ്രൊപ്പോസൽ പരിശോധിച്ച് തുടർ നടപടികൾ പരിഗണിക്കുന്നതാണ്.

**ആലുവ കപ്രശ്ശേരി മോഡൽ ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂൾ ഓഡിറ്റോറിയം നിർമ്മാണം**

166(1863) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി.-ക്ക് കീഴിലുള്ള ആലുവ കപ്രശ്ശേരി മോഡൽ ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളിന് മൾട്ടി പർപ്പസ് ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കണമെന്ന അപേക്ഷയിൽ [ഇ/6353658/2022/എം. (ഉ.വി.&എസ്.ജെ.)] ഐ.എച്ച്.ആർ.ഡി. ഡയറക്ടർ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; ഐ.എച്ച്.ആർ.ഡി. ഡയറക്ടർ അവസാനം നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പ്രസ്തുത പ്രവൃത്തിക്കായി എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയായ 2,68,91,844/- രൂപ (രണ്ട് കോടി അറുപത്തി എട്ട് ലക്ഷത്തി തൊണ്ണൂറ്റി

ഒന്നായിരത്തി എണ്ണൂറ്റി നാൽപ്പത്തി നാല് രൂപ മാത്രം) പ്രത്യേക ഫണ്ടായി അനുവദിക്കണമെന്ന ഐ.എച്ച്.ആർ.ഡി. ഡയറക്ടറുടെ 2022-23 സാമ്പത്തിക വർഷത്തെ അപേക്ഷ സർക്കാർ പരിശോധിക്കുകയും പ്രസ്തുത പ്രൊപ്പോസൽ ഈ സാമ്പത്തിക വർഷം (2023-24) സമർപ്പിക്കാൻ ഐ.എച്ച്.ആർ.ഡി. ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക അധിക ഫണ്ടായി അനുവദിക്കണമെന്ന ഐ.എച്ച്.ആർ.ഡി. ഡയറക്ടറുടെ 03-07-2023-ലെ കത്ത് പ്രകാരമുള്ള അപേക്ഷ (പകർപ്പ് അനുബന്ധമായി ചേർക്കുന്നു+) ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത നിർമ്മാണത്തിനാവശ്യമായ ഫണ്ടനുവദിച്ച് പ്രവൃത്തി പൂർത്തിയാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

(ബി&സി) ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ സർക്കാർ വർഷാവർഷം അനുവദിക്കുന്ന പ്ലാൻ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫണ്ടിൽനിന്നുള്ള തുക ഉപയോഗിച്ചാണ് നടപ്പാക്കിവരുന്നത്. ധനകാര്യ വകുപ്പിൽനിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

**പാലാ ഗവൺമെന്റ് പോളിടെക്നിക്കിലെ ആശ്രിത നിയമനം**

167(1864) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ ഗവൺമെന്റ് പോളിടെക്നിക്കിലെ ട്രേഡ് ഇൻസ്ട്രക്ടറായിരുന്ന അബി കെ. അലിയാരുടെ മരണത്തെത്തുടർന്ന് ആശ്രിത നിയമനത്തിന് ഭാര്യ ജാസ് മോൾ സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 17-12-2022-ലെ ഇ.ബി.2/44213/22 ഡി.റ്റി.ഇ. നമ്പർ കത്തിന്മേൽ ആശ്രിത നിയമനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശവും സെക്രട്ടേറിയറ്റിലെ ഫയൽ നമ്പരും ലഭ്യമാക്കുമോ;

(സി) ജാസ് മോൾ ആശ്രിത നിയമനത്തിനായി സമർപ്പിച്ച അപേക്ഷയിൽ അടിയന്തരമായി നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

(ബി&സി) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 17-12-2022-ലെ EB2/44213/2022/DTE നം. കത്ത് പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പിൽ ലഭ്യമായിട്ടുള്ള ശ്രീമതി ജാസ് മോളുടെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനുള്ള അപേക്ഷ എൽ1/65/2023/ഉ.വി.വ. നം. ഫയലിൽ പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു. ടിയാരിയുടെ അപേക്ഷ 24-05-1999-ലെ സ.ഉ.(പി) 12/99/പി.&എ.ആർ.ഡി. നം. ഉത്തരവിന്റെ വെളിച്ചത്തിൽ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയും ശ്രീമതി ജാസ് മോൾക്ക് ടിയാരി അപേക്ഷിച്ചിരിക്കുന്ന ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അർഹതയുണ്ടെന്ന് 05/2023-ലെ റിപ്പോർട്ട് പ്രകാരം എറണാകുളം ജില്ലാ കളക്ടർ ശിപാർശ ചെയ്തിരുന്നു. നിയമനം ലഭിക്കുന്നതിനായി ശ്രീമതി ജാസ് മോൾ അപേക്ഷിച്ചിരിക്കുന്ന എറണാകുളം

ജില്ലയിൽ, ക്ലാർക്ക് തസ്തികയിലെ ഒഴിവുകൾ സംബന്ധിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി 27-07-2023-ലെ എൽ1/65/2023/ഉ.വി.വ. നം. കത്ത് പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ശ്രീമതി ജാസ് മോളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ആശ്രിത നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കാൻ കഴിയുന്നതാണ്.

**കെ.ജി.റ്റി.ഇ. (കൊമേഴ്സ്) ടൈപ്പ് റൈറ്റിംഗ് ആൻഡ് വേഡ് പ്രോസസ്സിംഗ് പരീക്ഷ**

168(1865) ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ജൂൺ മാസത്തിൽ നടന്ന കെ.ജി.റ്റി.ഇ. (കൊമേഴ്സ്) ടൈപ്പ്റൈറ്റിംഗ് ആൻഡ് വേഡ് പ്രോസസ്സിംഗ് പരീക്ഷയിൽ ഇംഗ്ലീഷ് (ലോവർ), മലയാളം (ലോവർ), ഇംഗ്ലീഷ് (ഹയർ), മലയാളം (ഹയർ), ഷോർട്ട്ഹാൻഡ് ഇംഗ്ലീഷ് ആൻഡ് മലയാളം (ലോവർ ആൻഡ് ഹയർ) എന്നീ വിഭാഗങ്ങളിൽ എത്ര വിദ്യാർത്ഥികൾ പരീക്ഷയിൽ പങ്കെടുത്തെന്നും

അതിൽ എത്ര പേർ ഓരോ പരീക്ഷയിലും വിജയിച്ചെന്നും ഓരോ വിഭാഗത്തിലെയും വിജയ ശതമാനം എത്രയെന്നുമുള്ള വിവരം ലഭ്യമാക്കുമോ?

2022 ജൂൺ മാസത്തിൽ നടന്ന കെ.ജി.റ്റി.ഇ. (കൊമേഴ്സ്) ടൈപ്പ്റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് പരീക്ഷയിൽ വിവിധ വിഷയങ്ങളിലായി രജിസ്റ്റർ ചെയ്ത് പരീക്ഷയിൽ പങ്കെടുത്ത കുട്ടികളുടെ എണ്ണവും വിജയശതമാനവും അനുബന്ധം 1 ആയി ചേർക്കുന്നു.+

(ബി) പ്രസ്തുത പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷനിലെ നാലാമത്തെ കോളത്തിൽ ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പേര് രേഖപ്പെടുത്തിയിട്ടുള്ള എത്ര ഇൻസ്റ്റിറ്റ്യൂട്ടുകളുണ്ടെന്നും അവയുടെ പേര് വിവരങ്ങളും ലഭ്യമാക്കുമോ?

കെ.ജി.റ്റി.ഇ. (കൊമേഴ്സ്) ടൈപ്പ്റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് 2022 ജൂൺ മാസം നടന്ന പരീക്ഷയിൽ ഓൺലൈൻ രജിസ്ട്രേഷനിലെ നാലാമത്തെ കോളത്തിൽ പേര് രേഖപ്പെടുത്തിയ 737 ഇൻസ്റ്റിറ്റ്യൂട്ടുകളുടെ പേര് വിവരം അനുബന്ധം 2 ആയി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) പ്രസ്തുത പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷനിലെ നാലാമത്തെ കോളത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പേര് രേഖപ്പെടുത്താത്ത എത്ര അപേക്ഷകളാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ?

41 അപേക്ഷകൾ

(ഡി) കെ.ജി.റ്റി.ഇ. (കൊമേഴ്സ്) ടൈപ്പ്റൈറ്റിംഗ് ആൻഡ് വേഡ് പ്രോസസ്സിംഗിലെ വിവിധ വിഷയങ്ങളിലെ പരീക്ഷകൾക്ക് സ്വയം പരിശീലനം നടത്തി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത് കെ.ജി.റ്റി.ഇ. സർട്ടിഫിക്കറ്റ് നേടുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കാമോ?

KGTE typewriting course (commerce group)-ന്റെ സിലബസ് പരിഷ്കരണവുമായി ബന്ധപ്പെട്ട് 30-11-2022-ൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ KGTE മാനേജ്മെന്റ് അസോസിയേഷൻ പ്രതിനിധികളുമായി ഒരു യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ ചെയ്ത സ്ഥാപനങ്ങളിൽ പ്രായോഗിക പരിശീലനം ലഭിച്ച വിദ്യാർത്ഥികൾക്ക് മാത്രം പരീക്ഷ

എഴുതാൻ അനുവാദം നൽകുന്നതിന്, രജിസ്ട്രേഷൻ നടപടികളുടെ മാനദണ്ഡങ്ങൾ നിശ്ചയിച്ചുവരുന്നു.

**മണിമലയിൽ എൽ.ബി.എസ്. സെന്റർ അനുവദിക്കുന്നതിന് നടപടി**

169(1866) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിമലയിൽ എൽ.ബി.എസ്. സെന്റർ അനുവദിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) മതിയായ സ്ഥല സൗകര്യവും കെട്ടിടവും വാടകരഹിതമായി ലഭ്യമാക്കിയാൽ പ്രസ്തുത സെന്റർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കങ്ങഴ, വെള്ളാവൂർ, വാഴൂർ, മണിമല, ചിറക്കടവ്, കാഞ്ഞിരപ്പള്ളി, എരുമേലി പഞ്ചായത്തുകളിലെ ഒട്ടനവധി വിദ്യാർത്ഥികൾക്ക് പ്രയോജനകരമാകുന്ന പ്രസ്തുത സ്ഥാപനം അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

(എ-സി) എൽ.ബി.എസ്. സെന്ററിന്റെ കീഴിലുള്ള ഭൂരിഭാഗം സബ് സെന്ററുകളും വളരെ നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. എൽ.ബി.എസ്.-ന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പുതിയ സെന്ററുകൾ തുടങ്ങുന്നത് ഒട്ടും അഭികാമ്യമല്ല. ഈ അവസ്ഥ മുന്നിൽ കണ്ടുകൊണ്ട് എൽ.ബി.എസ്. സെന്റർ ഫ്രാഞ്ചൈസികൾക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. എൽ.ബി.എസ്. സെന്റർ നടത്തുന്ന എല്ലാ കോഴ്സുകളും ഫ്രാഞ്ചൈസിയിൽ അനുവദിച്ചിട്ടുണ്ട്. മണിമല, വാഴൂർ, ചിറക്കടവ്, വെള്ളാവൂർ, കാഞ്ഞിരപ്പള്ളി, എരുമേലി എന്നിവിടങ്ങളിൽ ഫ്രാഞ്ചൈസി തുടങ്ങുന്നതിന് അപേക്ഷ ലഭിച്ചാൽ പരിഗണിക്കാവുന്നതാണ്.

**ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റോറിയത്തിന്റെ നവീകരണം**

170(1867) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റോറിയം കെട്ടിടത്തിന്റെ മകുടത്തിലെ ചോർച്ച പരിഹരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ നിർമ്മാണത്തിലിരുന്ന പ്ലാനറ്റോറിയം കെട്ടിടത്തിലെ മകുടത്തിലെ ചോർച്ച പരിഹരിക്കുന്നതിനുള്ള നടപടികൾ കോൺട്രാക്ടറായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് സ്വീകരിച്ചുവരുന്നു. 2022, നവംബർ മാസം ചോർച്ച സംബന്ധിച്ച നിലവിലെ സാഹചര്യം വിലയിരുത്തുന്നതിലേയ്ക്കായി ടെക്നിക്കൽ കമ്മിറ്റി, ഗവേണിംഗ് ബോഡി പ്രതിനിധികളുടെ സാന്നിധ്യത്തിൽ സ്ഥലം സന്ദർശിക്കുകയും സാങ്കേതിക സമിതിയുടെ നിർദ്ദേശ പ്രകാരം എൽ.ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വിമൺ, പൂജപ്പുര പ്ലാനറ്റോറിയം കെട്ടിടത്തിന്റെ സ്ട്രക്ചറൽ സ്റ്റെബിലിറ്റി പരിശോധന നടത്തുകയും ചെയ്തു. 28-02-2023-ലെ റിപ്പോർട്ട് പ്രകാരം ചീഫ് ടെക്നിക്കൽ എക്സാമിനർ 40 എം.എം. കനത്തിലുള്ള ഫെറോ സിമന്റ് ലൈനിംഗ് നൽകി ചോർച്ച ഒഴിവാക്കാൻ നിർദ്ദേശം നൽകി. ആ സാങ്കേതികവിദ്യയാണ് ചോർച്ച പരിഹരിക്കുന്നതിനായി

പിന്തുടരുന്നത്. ഈ നിർമ്മാണത്തിന്റെ കോൺട്രാക്ടറായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് ലഭ്യമാക്കിയ സമയ പട്ടിക പ്രകാരം 2023, സെപ്റ്റംബർ 18-ഓടെ ചോർച്ച പരിഹരിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുമെന്ന് കണക്കാക്കുന്നു.

(ബി) പ്ലാനറ്റോറിയം കെട്ടിടത്തിന്റെ നിർമ്മാണം സംബന്ധിച്ച് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനാ റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകളും അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികളും വിശദമാക്കാമോ?

ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനാ റിപ്പോർട്ടിലെ കണ്ടെത്തലുകൾ അനുബന്ധം (1) ആയി ചേർക്കുന്നു. ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ പിരിവ് എ-യിൽ നൽകിയിരിക്കുന്നു.+

(സി) പ്രസ്തുത കെട്ടിടത്തിലെ ചോർച്ചയുടെ കാരണങ്ങൾ സാങ്കേതിക സമിതി കണ്ടെത്തിയിട്ടുണ്ടോയെന്നും പരിഹാരമാർഗ്ഗങ്ങൾ നിർദേശിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സാങ്കേതിക സമിതി ചോർച്ചയുടെ കാരണങ്ങളായി ഡിസൈൻ മാറ്റം, നിർമ്മാണത്തിലെ അപാകത, തുടക്കത്തിൽ കണ്ട ചോർച്ച മാറ്റാൻ സ്വീകരിച്ച നടപടിക്രമങ്ങളിലെ പാളിച്ചകൾ ഇവയൊക്കെ ആകാമെന്ന് വിലയിരുത്തി. ചോർച്ചയുടെ കാരണങ്ങൾ വ്യവച്ഛേദിക്കുന്നതിലുപരി പരിഹാര നിർദ്ദേശങ്ങൾക്കാണ് സമിതി പ്രാമുഖ്യം നൽകിയിരിക്കുന്നത്.

2022, നവംബർ മാസം ചോർച്ച സംബന്ധിച്ച നിലവിലെ സാഹചര്യം വിലയിരുത്തുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി ടെക്നിക്കൽ കമ്മിറ്റി, ഗവേണിംഗ് ബോഡി പ്രതിനിധികളുടെ സാന്നിധ്യത്തിൽ സ്ഥലം സന്ദർശിക്കുകയും പ്രസ്തുത പ്ലാനറ്റോറിയം കെട്ടിടത്തിന്റെ സ്ട്രക്ചറൽ സ്റ്റെബിലിറ്റി എൽ.ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വിമണിനെക്കൊണ്ട് പരിശോധിപ്പിച്ച് റിപ്പോർട്ട് ലഭ്യമായതിനുശേഷം ചോർച്ചയുടെ പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുന്നത് ഉചിതമാണെന്ന് നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന് സാങ്കേതിക സമിതിയുടെ നിർദ്ദേശപ്രകാരം സ്ട്രക്ചറൽ സ്റ്റെബിലിറ്റി പരിശോധന നടത്തി റിപ്പോർട്ട് ചീഫ് ടെക്നിക്കൽ എക്സാമിനറിനും സമർപ്പിച്ചു. റിപ്പോർട്ടിന്മേൽ സാങ്കേതിക

സമിതി പരിഹാരമായി "ഇളകി നിൽക്കുന്ന പ്ലാസ്റ്ററിംഗ് മാറ്റി ഉപരിതലം ക്രമപ്പെടുത്തി, അതിനു മുകളിൽ 4 എം.എം. കനമുള്ള എ.പി.പി. മെംബ്രേയ്ൻ തിരശ്ചീന ദിശയിലും ലംബ ദിശയിലും ഓരോ പാളി ഘടിപ്പിച്ച് അതിനുമുകളിൽ ഷിംഗിൾസ് കൊണ്ട് ഉപരിതലം പൂർത്തിയാക്കുക" എന്ന് നിർദ്ദേശം നൽകിയെങ്കിലും 28-02-2023-ലെ റിപ്പോർട്ട് പ്രകാരം ചീഫ് ടെക്നിക്കൽ എക്സാമിനർ 40 എം.എം. കനത്തിലുള്ള ഫെറോ സിമന്റ് ലൈനിംഗ് നൽകി ചോർച്ച ഒഴിവാക്കാൻ നിർദ്ദേശം നൽകിയതിനാൽ ആ സാങ്കേതികവിദ്യയാണ് ചോർച്ച പരിഹരിക്കുന്നതിനായി പിന്തുടർന്നത്.

(ഡി) സാങ്കേതിക സമിതി പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

സാങ്കേതിക സമിതിയുടെ നിർദ്ദേശപ്രകാരം എൽ.ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വിമൺ, പൂജപ്പുര സ്ട്രക്ചറൽ സ്റ്റെബിലിറ്റി പരിശോധന നടത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് അനുബന്ധം (2) ആയി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ഇ) ചോർച്ച പരിഹരിച്ച് വിദേശത്തുനിന്ന് ഇറക്കുമതി ചെയ്ത ഉപകരണങ്ങൾ ഘടിപ്പിച്ച് പ്ലാനറ്റോറിയം എന്നത്തേയ്ക്ക് പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ചോർച്ച പരിഹരിച്ച് ഫയർ ആൻഡ് സേഫ്റ്റിയുടെ ഉൾപ്പെടെ നിരാക്ഷേപപത്രം ലഭ്യമായശേഷമായിരിക്കും ഇറക്കുമതി ചെയ്ത ഉപകരണങ്ങൾ ഘടിപ്പിച്ച് പ്ലാനറ്റോറിയം പൂർണ്ണമായും സജ്ജമാവുക. വിദേശത്തുനിന്നും വിദഗ്ദ്ധർ എത്തി പ്ലാനറ്റോറിയം ഉപകരണങ്ങൾ ക്രമീകരിക്കുന്ന പ്രവൃത്തിക്ക് ഏകദേശം 3 മാസത്തോളം സമയം ആവശ്യമാണെന്ന് കണക്കാക്കുന്നു.

**സർവകലാശാലകളെ മെച്ചപ്പെടുത്തുന്നതിന് നടപടി**

171(1868) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവകലാശാലകളെ ഇന്ത്യയിലെ ഏറ്റവും മികച്ച സർവകലാശാലകളാക്കി മാറ്റുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കേരളത്തിലെ സർവകലാശാലകളെ ഇന്ത്യയിലെ ഏറ്റവും മികച്ച സർവകലാശാലകളാക്കി മാറ്റുന്നതിന് താഴെപ്പറയുന്ന വിവിധ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

1. നാലുവർഷ ബിരുദ പ്രോഗ്രാമുകൾക്കാവശ്യമായ കരിക്കുലം ചട്ടക്കൂട് തയ്യാറാക്കി സർവകലാശാലകൾക്ക് നൽകിയിട്ടുണ്ട്.
2. സർവകലാശാലകളിൽ സെന്റർ ഓഫ് എക്സലൻസ് (COE), ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ (TRC), ഇന്നവേഷൻ ഇൻക്യുബേഷൻ/സ്റ്റാർട്ട് അപ്പ് കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള നടപടികൾ.
3. ഗവേഷണത്തിന് പ്രോത്സാഹനമായി മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകൾ.
4. സർവകലാശാലകളിലും കോളേജുകളിലും പുത്തൻ തലമുറ പ്രോഗ്രാമുകൾ.
5. സർവകലാശാലകളിൽ സാങ്കേതിക വിദ്യാധിഷ്ഠിതമായുള്ള ആധുനികവൽക്കരണം.

6. കിഫ്ബിയുടെ ധനസഹായത്തോടുകൂടി സർവകലാശാലകളിൽ ലബോറട്ടറികളും മറ്റ് അടിസ്ഥാന വികസന പദ്ധതികളും.
7. Industry on Campus-കാമ്പസുകളിൽത്തന്നെ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് നടപടി.

(ബി) സംസ്ഥാനത്തെ സർവകലാശാലകളിൽനിന്നും വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട സർട്ടിഫിക്കറ്റുകളും സേവനങ്ങളും കഴിയുന്നത്ര വേഗത്തിൽ ലഭ്യമാക്കാൻ എന്തൊക്കെ നൂതന നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സർവകലാശാലകളിൽ വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് പരീക്ഷ, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം എന്നിവ വേഗത്തിലാക്കിയിട്ടുണ്ട്. സർവകലാശാലാ പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതികവിദ്യ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി K-REAP എന്ന പദ്ധതി സർക്കാർ ആസൂത്രണം ചെയ്തുവരുന്നു. K-REAP-ന്റെ ഭാഗമായി വിദ്യാർത്ഥി പ്രവേശനം മുതൽ പരീക്ഷാ ഫലപ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും വരെയുള്ള മുഴുവൻ വിദ്യാർത്ഥി പഠന പ്രക്രിയകളും സാങ്കേതികവിദ്യയിലൂടെ

ചിട്ടപ്പെടുത്താൻ കഴിയും. അക്കാദമിക്/എക്സാമിനേഷൻ/അഡ്മിനിസ്ട്രേഷൻ ഉൾപ്പെടുന്ന എല്ലാ പ്രവർത്തനങ്ങളും സാധ്യമാകുന്ന ഒരു സമ്പൂർണ്ണ ഇ.ആർ.പി. (ERP) സോഫ്റ്റ്വെയർ ആണ് K-REAP.

## സർവകലാശാലകളിലെ തുടർപഠനം

172(1869) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു സർവകലാശാലയിൽനിന്നും കോഴ്സ് പൂർത്തീകരിക്കുന്നതിനുമുമ്പ് മറ്റൊരു സർവകലാശാലയിലേയ്ക്ക് മാറേണ്ട സാഹചര്യം വന്നാൽ അതേ കോഴ്സ് തന്നെ തുടർന്ന് പഠിക്കാൻ സാധിക്കുമോ; വ്യക്തമാക്കാമോ?

നിലവിൽ സാധ്യമല്ല.

(ബി) ഇല്ലെങ്കിൽ നിലവിലുള്ള സർവകലാശാലാ നിയമങ്ങൾ ഭേദഗതി ചെയ്ത് ഇത്തരം ഒരു സൗകര്യം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കോഴ്സുകൾ തമ്മിലും സ്ഥാപനങ്ങൾ തമ്മിലും വിദ്യാർത്ഥികളുടെ അക്കാദമിക് മൊബിലിറ്റി സാധ്യമാകുന്ന വകുപ്പുകൾ നാലുവർഷ ബിരുദ

പ്രോഗ്രാമുകളുമായി ബന്ധപ്പെട്ട റെഗുലേഷനിൽ ഉൾപ്പെടുത്തുന്നത് പരിശോധിച്ചുവരുന്നു.

**സർവകലാശാലകളിൽ വാങ്ങിയ വാഹനങ്ങൾ**

173(1870) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ജനുവരി മുതൽ നാളിതുവരെ സംസ്ഥാനത്തെ സർവകലാശാലകളിലേയ്ക്ക് വാഹനങ്ങൾ വാങ്ങിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത വാഹനങ്ങളുടെ പേര്, ബ്രാൻഡ്, മോഡൽ, വില എന്നിവയും ആയതുമായി ബന്ധപ്പെട്ട സർവകലാശാല ഉത്തരവുകളുടെയും ഇൻവോയ്സിന്റെയും പകർപ്പുകളും ലഭ്യമാക്കുമോ?

2019 ജനുവരി മുതൽ നാളിതുവരെ, ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർവകലാശാലകളിലേയ്ക്ക് വാങ്ങിയ വാഹനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**കേരള സർവകലാശാല**

2019 ജനുവരി മുതൽ നാളിതുവരെ കേരള സർവകലാശാലയിൽ വാങ്ങിയ വാഹനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.+

പ്രസ്തുത വാഹനങ്ങൾ വാങ്ങാനുള്ള ഭരണാനുമതി നൽകുന്ന സർവകലാശാല ഉത്തരവുകളുടെയും ഇൻവോയ്സുകളുടെയും പകർപ്പുകൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.+

**മഹാത്മാഗാന്ധി സർവകലാശാല**

16 ഏപ്രിൽ 2021-ൽ KL.05.AX.0528 നം. TATA ACE, Goods Carrier മിനി ട്രക്ക് വാങ്ങിയിട്ടുണ്ട്. ടി വാഹനത്തിന്റെ വില Rs.4,54,475/- ആണ്. ടി വാഹനം വാങ്ങുന്നതുമായി ബന്ധപ്പെട്ട സർവകലാശാല ഉത്തരവുകളുടെയും ഇൻവോയ്സിന്റെയും പകർപ്പുകൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു.+

**കാലിക്കറ്റ് സർവകലാശാല**

Toyota-യുടെ രണ്ട് Innova Crysta G Plus മോഡൽ കാറും (30,34,128 രൂപ), Honda-യുടെ രണ്ട് New Honda Amaze VXMT Petrol BS VI മോഡൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കാറും (13,91,964 രൂപ), Mahindra & Mahindra-യുടെ 8,06,045/- രൂപയുടെ ഒരു Mahindra Bolero B6 BS VI വാഹനവും Yamaha-യുടെ 4,49,910 രൂപയുടെ ഒരു Yamaha Battery Cart 8 Seater മോഡൽ വാഹനവും Skyler by Khivraj-ന്റെ രണ്ട് KM-BS-VI-Force-D-Delivery Van 3050 PS ABS വാഹനവും (25,26,000 രൂപ), Mahindra & Mahindra-യുടെ 8,35,468 രൂപയുടെ ഒരു Mahindra XUV 300 W6 (Diesel) മോഡൽ വാഹനവും BSA-യുടെ BSA ladybird cycle with lock and bell മോഡൽ 30 സൈക്കിളുകളും (1,96,500 രൂപ) വാങ്ങിയിട്ടുണ്ട്.

ടി വാഹനങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെയും ഇൻവോയ്സുകളുടെയും പകർപ്പുകൾ അനുബന്ധം IV ആയി ചേർത്തിരിക്കുന്നു.+

**ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല**

Mahindra Marazzo M8-7 seater വാങ്ങിയിട്ടുണ്ട്. ടി വാഹനത്തിന്റെ വില Rs.13,20,386/- ആണ്. ടി വാഹനം വാങ്ങുന്നതുമായി ബന്ധപ്പെട്ട

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സർവകലാശാല ഉത്തരവുകളുടെയും ഇൻവോയ്സിന്റെയും പകർപ്പുകൾ അനുബന്ധം V ആയി ചേർത്തിരിക്കുന്നു.+

**കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല**

Toyota Yaris Car Petrol Manual Mode-ലും Ashok Leyland 50+D Seater 6 Cylinder Bus-ഉം വാങ്ങിയിട്ടുണ്ട്. Toyota Yaris Car Petrol Manual Mode-ന് 9,45,760/- രൂപയും Ashok Leyland 50+D Seater 6 Cylinder Bus-ന് 33,13,728/- രൂപയുമാണ്. ടി വാഹനങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെയും ഇൻവോയ്സുകളുടെയും പകർപ്പുകൾ അനുബന്ധം VI ആയി ചേർത്തിരിക്കുന്നു.+

**തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല**

2021 ഡിസംബറിൽ ടൊയോട്ടയുടെ ഇന്നോവ ക്രിസ്റ്റ ജി കാർ വാങ്ങിയിട്ടുണ്ട്. പ്രസ്തുത കാറിന്റെ വില 16,07,724/- രൂപയാണ്. ടി വാഹനം വാങ്ങുന്നതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെയും ഇൻവോയ്സുകളുടെയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പകർപ്പുകൾ അനുബന്ധം VII ആയി ചേർത്തിരിക്കുന്നു.+

**നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്**

ടൊയോട്ടയുടെ ഇന്നോവ ക്രിസ്റ്റ വാങ്ങിയിട്ടുണ്ട്. പ്രസ്തുത കാറിന്റെ വില 13,10,588/- രൂപയാണ്. ടി വാഹനം വാങ്ങുന്നതുമായി ബന്ധപ്പെട്ട ഇൻവോയ്സും ഉത്തരവുകളുടെയും പകർപ്പുകൾ അനുബന്ധം VIII ആയി ചേർത്തിരിക്കുന്നു.+

**എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി**

Ashok Leyland-ന്റെ Ashok Leyland LCV bus MiTR with AC 31+D standard seats and 4270 mm wheel based മോഡൽ ബസും Bharat Benz-ന്റെ Bharath benz 1017 STA 5300 BS6 35+1 1N1 MDH FB BB MX മോഡൽ ബസും ടൊയോട്ടയുടെ രണ്ട് ഇന്നോവ ക്രിസ്റ്റ മോഡൽ കാറുകളും വാങ്ങിയിട്ടുണ്ട്. Ashok Leyland-ന്റെ ബസിന് 23,00,000/- രൂപയും Bharat Benz-ന്റെ ബസിന് 35,99,084/- രൂപയും രണ്ട് ഇന്നോവ ക്രിസ്റ്റ കാറുകൾക്ക് 48,11,930/- രൂപയും വിലയായിട്ടുണ്ട്. പ്രസ്തുത വാഹനങ്ങൾ വാങ്ങിയതുമായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ബന്ധപ്പെട്ട ഉത്തരവുകളുടെയും ഇൻവോയ്സുകളുടെയും പകർപ്പുകൾ അനുബന്ധം IX ആയി ചേർത്തിരിക്കുന്നു.+

**ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല**

ടൊയോട്ടയുടെ രണ്ട് ഇന്നോവ ക്രിസ്റ്റ കാർ വാങ്ങിയിട്ടുണ്ട്. പ്രസ്തുത കാറുകൾക്ക് 30,48,752/- രൂപയാണ് വില. ടി വാഹനങ്ങൾ വാങ്ങുന്നതിനുള്ള ബന്ധപ്പെട്ട ഉത്തരവുകളുടെയും ഇൻവോയ്സുകളുടെയും പകർപ്പുകൾ അനുബന്ധം X ആയി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത കാലയളവിൽ പുതുതായി വാഹനങ്ങൾ വാങ്ങേണ്ടിവന്നതിന്റെ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ; പുതിയ വാഹനങ്ങൾ വാങ്ങിയപ്പോൾ 14-03-2013-ലെ ജി.ഒ. (എം.എസ്.) നമ്പർ 72/2013/ജി.എ.ഡി. പ്രകാരമുള്ള എല്ലാ നിബന്ധനകളും സർവകലാശാലകൾ പാലിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; ഇല്ലെങ്കിൽ ആയതിന് ഉത്തരവാദികൾ ആരെല്ലാമാണെന്നും വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കാലാകാലങ്ങളിലുള്ള ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾ പാലിച്ചാണ് സർവകലാശാലകൾ വാഹനങ്ങൾ വാങ്ങിയിട്ടുള്ളത്. കുസാറ്റ് വാങ്ങിയ രണ്ട് വാഹനങ്ങളിൽ ഒന്നിന് വില 10 ലക്ഷം രൂപയിൽ താഴെയുള്ളതും മറ്റൊന്ന് ഡിപ്പാർട്ട്മെന്റ് പി.ടി.എ. ഫണ്ടുപയോഗിച്ച് വാങ്ങിയതുമാണ്. ന്യൂവാൽസിൽ വാഹനങ്ങൾ വാങ്ങിയത് സർവകലാശാലയുടെ സ്വന്തം ഫണ്ടിൽനിന്നുമാണ്.

(സി) 2019 ജനുവരി മുതൽ സർവകലാശാലകൾ എത്ര പഴയ വാഹനങ്ങൾ ഡിസ്പോസ് ചെയ്തിട്ടുണ്ടെന്നും പഴയ വാഹനങ്ങൾ ഡിസ്പോസ് ചെയ്തതിനുശേഷം ആയതിന് ആനുപാതികമായിട്ടാണോ പുതിയ വാഹനങ്ങൾ വാങ്ങിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

കേരള സർവകലാശാലയിൽ 5 വാഹനങ്ങൾ ഡിസ്പോസ് ചെയ്തിട്ടുണ്ട്. 15 വാഹനങ്ങൾ ഡിസ്പോസ് ചെയ്യുന്നതിന്റെ നടപടി അന്തിമഘട്ടത്തിലാണ്. ഈ കാലഘട്ടത്തിൽ 20 ഉപയോഗശൂന്യമായ വാഹനങ്ങൾക്ക് പകരമായി 15 വാഹനങ്ങൾ വാങ്ങിയിട്ടുള്ളതാണ്.

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയും കണ്ണൂർ സർവകലാശാലയും ഒരോ വാഹനവും കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ 4 വാഹനവും കാലിക്കറ്റ് സർവകലാശാലയിൽ 5 വാഹനവും 2019 ജനവരി മുതൽ ഡിസ്പോസ് ചെയ്തിട്ടുണ്ട്.

വാഹനങ്ങൾ ഡിസ്പോസ് ചെയ്തതിന്റെ ആനുപാതികമായിട്ടല്ല പുതിയ വാഹനങ്ങൾ സർവകലാശാലകൾ വാങ്ങിയിട്ടുള്ളത്.

(ഡി) പുതുതായി വാഹനങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് 14-03-2013-ലെ ജി.ഒ. (എം.എസ്.) നമ്പർ. 72/2013/ജി.എ.ഡി.-യിലെ നിബന്ധനകൾ സർവകലാശാലകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 5 (iv) പ്രകാരമുള്ള തുക ഉത്തരവാദികളിൽനിന്ന് ഈടാക്കിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ആയതിന്റെ കാരണവും വിശദമാക്കാമോ?

കാലാകാലങ്ങളിലുള്ള ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾക്ക് അനുസൃതമായിട്ടാണ് വാഹനങ്ങൾ വാങ്ങുന്നത്. ജി.ഒ. (എം.എസ്.) നമ്പർ.

72/2013/ജി.എ.ഡി. ഉത്തരവിലെ ഖണ്ഡിക 5 (iv) പ്രകാരം തുക ഈടാക്കേണ്ടി വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) 05-11-2020-നുശേഷം സർവകലാശാലകളിൽ പുതിയ വാഹനങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ആയതിന് സർക്കാരിൽനിന്നും മുൻകൂർ അനുമതി വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

05-11-2020-നുശേഷം ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർവകലാശാലകൾ വാങ്ങിയിട്ടുള്ള പുതിയ വാഹനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**കേരള സർവകലാശാല**

05-11-2020-നുശേഷം കേരള സർവകലാശാലയിൽ സിൻഡിക്കേറ്റിന്റെ അനുമതിക്ക് വിധേയമായി 14 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്.

**മഹാത്മാഗാന്ധി സർവകലാശാല**

സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് ഏപ്രിൽ 2021-ൽ KL.05.AX.0528 നം. TATA ACE, Goods Carrier മിനി ട്രക്ക് വാങ്ങിയിട്ടുണ്ട്.

**കാലിക്കറ്റ് സർവകലാശാല**

കാലിക്കറ്റ് സർവകലാശാലയിൽ എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് സിൻഡിക്കേറ്റ് തീരുമാനപ്രകാരം TOYOTA Utility Vehicles Diesel 55 litre, Honda Petrol Manual Transmission Cars, Mahindra & Mahindra Utility Vehicles Diesel 60 litre, Yamaha Fully Electric, Battery Operated, Motor Driven, E-tourist Vehicle 8, SKYLER by Khivraj BS-VI Turbo Charged Built Up Trucks, Ladies Cycle എന്നീ വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്.

**കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല**

Toyota Yaris Car Petrol Manual Mode-ലും Ashok Leyland 50+D Seater 6 Cylinder Bus-ഉം വാങ്ങിയിട്ടുണ്ട്. Toyota Yaris Car വാഹനത്തിന്റെ വില 10

ലക്ഷം രൂപയിൽ താഴെയായതും Ashok Leyland Bus ഡിപ്പാർട്ടുമെന്റുകളിലെ

പി.ടി.എ. ഫണ്ടുപയോഗിച്ച് വാങ്ങിയിട്ടുള്ളതുമാണ്.

**തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല**

ടൊയോട്ടയുടെ ഇന്നോവ ക്രിസ്റ്റ ജി കാർ വാങ്ങിയിട്ടുണ്ട്. ഇതിന് 25-11-2021-ലെ സ.ഉ.(കൈ) നം. 560/2021/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്.

**എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി**

Ashok Leyland-ന്റെ Ashok Leyland LCV bus MiTR with AC 31+D standard seats and 4270 mm wheel based മോഡൽ ബസും Bharat Benz-ന്റെ Bharath Benz 1017 STA 5300 BS6 35+1 1N1 MDH FB BB MX മോഡൽ ബസും ടൊയോട്ടയുടെ രണ്ട് ഇന്നോവ ക്രിസ്റ്റ മോഡൽ കാറുകളും വാങ്ങിയിട്ടുണ്ട്. സർവകലാശാലയുടെ തനത് ഫണ്ടിൽനിന്നുമാണ് വാഹനങ്ങൾ വാങ്ങിച്ചിട്ടുള്ളത്.

**ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല**

ടൊയോട്ടയുടെ രണ്ട് ഇന്നോവ ക്രിസ്റ്റ കാർ വാങ്ങിയിട്ടുണ്ട്. ഇതിന് 30-12-2020-ലെ സ.ഉ. (കൈ) നം. 472/2020/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്.

## നാല്/മൂന്ന് വർഷ ബിരുദ സർട്ടിഫിക്കറ്റ്

174(1871) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാലുവർഷ ബിരുദം പൂർത്തിയാക്കുന്നവർക്ക് ഓണേഴ്സ് ബിരുദമാണോ നൽകുകയെന്നും മൂന്ന് വർഷ ബിരുദം പൂർത്തിയാക്കുന്നവർക്ക് ഏത് സർട്ടിഫിക്കറ്റാണ് നൽകുകയെന്നും വ്യക്തമാക്കാമോ?

നാലുവർഷ ബിരുദം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഓണേഴ്സ് ബിരുദമാണ് നൽകുന്നത്. മൂന്ന് വർഷം പൂർത്തിയാക്കുന്നവർക്ക് മൂന്ന് വർഷ ബിരുദ സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

## സർവകലാശാലകളിലെ സ്വാശ്രയ കേന്ദ്രങ്ങളിലെ നിയമനം

175(1872) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവകലാശാലകൾ നേരിട്ട് നടത്തുന്ന ടീച്ചർ എഡ്യൂക്കേഷൻ കേന്ദ്രങ്ങൾ, ബി.സി.എ./എം.സി.എ. മുതലായ കോഴ്സുകൾ നടത്തപ്പെടുന്ന കമ്പ്യൂട്ടർ സെന്ററുകൾ, മാനേജ്മെന്റ് കോഴ്സുകൾ നടത്തപ്പെടുന്ന കേന്ദ്രങ്ങൾ തുടങ്ങി മുഴുവൻ സ്വാശ്രയകേന്ദ്രങ്ങളിലെയും സർവകലാശാലകൾ നേരിട്ട് നടത്തുന്ന മറ്റ് സ്വാശ്രയ സ്ഥാപനങ്ങളിലെയും അധ്യാപക തസ്തികകളിൽ കരാർ/ദിവസ വേതനം/മണിക്കൂർ അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന മുഴുവൻ താൽക്കാലിക അധ്യാപകരുടെയും പേര്, തസ്തിക, വിഷയം, വിദ്യാഭ്യാസ യോഗ്യതകൾ, നെറ്റ്/പിഎച്ച്.ഡി. യോഗ്യത എന്നീ വിശദാംശങ്ങൾ സ്ഥാപനങ്ങൾ തിരിച്ചുലഭ്യമാക്കാമോ?

കേരള സർവകലാശാല നേരിട്ട് നടത്തുന്ന സ്വാശ്രയ സ്ഥാപനങ്ങളായ കെ.യു.സി.റ്റി.ഇ./യു.ഐ.ടി./യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്/യു.ഐ.എം.-കളിൽ അധ്യാപക തസ്തികകളിൽ കരാർ/താൽക്കാലിക അടിസ്ഥാനത്തിൽ നിലവിൽ ജോലി ചെയ്യുന്ന മുഴുവൻ അധ്യാപകരുടേയും പേര്, തസ്തിക, വിഷയം, വിദ്യാഭ്യാസ യോഗ്യതകൾ,

നെറ്റ്/പിഎച്ച്.ഡി. യോഗ്യതകൾ വ്യക്തമാക്കുന്ന പട്ടിക അനുബന്ധം I ആയി ചേർത്തിരിക്കുന്നു.+

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് എഞ്ചിനീയറിംഗ്, കുഞ്ഞാലി മരയ്ക്കാർ സ്കൂൾ ഓഫ് മറൈൻ എഞ്ചിനീയറിംഗ്, കുട്ടനാട് പ്രവർത്തിക്കുന്ന കൊച്ചിൻ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്നീ സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന മുഴുവൻ താൽക്കാലിക അധ്യാപകരുടെയും പേര്, തസ്തിക, വിഷയം, വിദ്യാഭ്യാസ യോഗ്യത എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.+

കാലിക്കറ്റ് സർവകലാശാല നേരിട്ട് നടത്തുന്ന ടീച്ചർ എഡ്യൂക്കേഷൻ കേന്ദ്രങ്ങൾ, ബി.സി.എ./എം.സി.എ. മുതലായ കോഴ്സുകൾ നടത്തപ്പെടുന്ന കമ്പ്യൂട്ടർ സെന്ററുകൾ, മാനേജ്മെന്റ് കോഴ്സുകൾ നടത്തപ്പെടുന്ന കേന്ദ്രങ്ങൾ തുടങ്ങി മുഴുവൻ സ്വാശ്രയകേന്ദ്രങ്ങളിലെയും സർവകലാശാലകൾ നേരിട്ട് നടത്തുന്ന മറ്റ് സ്വാശ്രയ സ്ഥാപനങ്ങളിലെയും അധ്യാപക തസ്തികകളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കരാർ/ദിവസ വേതനം/മണിക്കൂർ അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന മുഴുവൻ താൽക്കാലിക അധ്യാപകരുടെയും പേര്, തസ്തിക, വിഷയം, വിദ്യാഭ്യാസ യോഗ്യതകൾ, നെറ്റ്/പിഎച്ച്.ഡി. യോഗ്യതകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു.+

കണ്ണൂർ സർവകലാശാലയുടെ ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകൾ, ഐ.ടി. സെന്ററുകൾ, എം.ബി.എ. സെന്ററുകൾ എന്നിവയിലെ താൽക്കാലിക അധ്യാപകരുടെ വിശദാംശങ്ങൾ അനുബന്ധം IV ആയി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത വിഷയങ്ങളിൽ സർവകലാശാലകളിലും കോളേജുകളിലും അധ്യാപക തസ്തികകളിൽ ജോലി ചെയ്യുന്നതിന് യു.ജി.സി., സർവകലാശാല, സർക്കാർ എന്നിവർ നിഷ്കർഷിക്കുന്ന യോഗ്യതകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; സർവകലാശാലകളുടെ സ്വാശ്രയ കേന്ദ്രങ്ങളിലെ താൽക്കാലിക അധ്യാപകരിൽ എത്ര പേർ പ്രസ്തുത യോഗ്യതകൾ നേടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**കേരള സർവകലാശാല**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സർവകലാശാലയുടെ കീഴിലുള്ള സ്വാശ്രയ മാനേജ്മെന്റ് സ്ഥാപനങ്ങളായ

i. UIM-കളിൽ എം.ബി.എ. കോഴ്സ് പഠിപ്പിക്കുന്നതിനുള്ള യോഗ്യതകളായി നിഷ്കർഷിച്ചിരിക്കുന്നത് പ്രസ്തുത വിഷയത്തിലുള്ള പി.ജി.-യും നെറ്റ്/പിഎച്ച്.ഡി. യോഗ്യതയും. പ്രസ്തുത യോഗ്യത നേടിയ താൽക്കാലിക അധ്യാപകരുടെ എണ്ണം-16.

ii. യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടത്തിൽ ബി.ടെക് കോഴ്സ് പഠിപ്പിക്കുന്നതിനുള്ള യോഗ്യത ME/M.Tech. പ്രസ്തുത യോഗ്യത നേടിയ താൽക്കാലിക അധ്യാപകരുടെ എണ്ണം-33.

യു.ഐ.ടി.-കളിൽ അധ്യാപകരായി ജോലി ചെയ്യുന്നതിനുള്ള അടിസ്ഥാന യോഗ്യത - അതത് വിഷയങ്ങളിൽ 55% മാർക്കിൽ കുറയാതെയുള്ള പി.ജി.-യും NET/Ph.D ഉള്ളവർക്ക് മുൻഗണനയുമാണ്. കെ.യു.സി.റ്റി.-കളിൽ അധ്യാപകരായി ജോലി ചെയ്യുന്നതിനുള്ള അടിസ്ഥാന യോഗ്യത ചുവടെ ചേർക്കുന്നു. പ്രസ്തുത യോഗ്യത നേടിയ താൽക്കാലിക അധ്യാപകരുടെ എണ്ണം-60.

**അസിസ്റ്റന്റ് പ്രൊഫസർ**

1. അതത് വിഷയങ്ങളിൽ 55% മാർക്കിൽ കുറയാതെയുള്ള പി.ജി.

2. 55% മാർക്കിൽ കുറയാതെയുള്ള M.Ed.

3. എഡ്യൂക്കേഷനിലുള്ള NET/Ph.D.

**അസിസ്റ്റന്റ് പ്രൊഫസർ in Visual and Performing Arts**

അതത് വിഷയങ്ങളിൽ 55% മാർക്കിൽ കുറയാതെയുള്ള പി.ജി. (Fine Arts/Music/Dance/Theatre Arts)

**അസിസ്റ്റന്റ് പ്രൊഫസർ in Physical Education**

Physical Education-ൽ 55% മാർക്കിൽ കുറയാതെയുള്ള പി.ജി.

**കുസാറ്റ്**

എ.ഐ.സി.ടി.ഇ. നിഷ്കർഷിച്ചിട്ടുള്ള യോഗ്യതാ മാനദണ്ഡങ്ങൾ അനുസരിച്ചാണ് അധ്യാപകർക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം

നൽകുന്നത്. ഇതുസംബന്ധിച്ച് 2019-ലെ എ.ഐ.സി.ടി.ഇ. റെഗുലേഷന്റെ പകർപ്പ് അനുബന്ധം V-യായി ചേർത്തിരിക്കുന്നു.+

**കണ്ണൂർ സർവകലാശാല**

ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകളിൽ NCTE മാനദണ്ഡപ്രകാരമുള്ള യോഗ്യതകൾ നേടിയതും മറ്റ് സെന്ററുകളിൽ UGC മാനദണ്ഡപ്രകാരമുള്ള യോഗ്യതകൾ നേടിയതുമായ അധ്യാപകരെയാണ് നിയമിക്കുന്നത്.

**കാലിക്കറ്റ് സർവകലാശാല**

55% ശതമാനത്തിൽ കുറയാത്ത മാർക്കോടെ ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദമുണ്ടായിരിക്കണം, കൂടാതെ നെറ്റ്/പിഎച്ച്.ഡി. യോഗ്യതയുണ്ടായിരിക്കണം. സർവകലാശാല അതത് സമയങ്ങളിൽ ഇറക്കുന്ന വിജ്ഞാപനങ്ങളിൽ പറഞ്ഞിരിക്കുന്ന യോഗ്യത പ്രകാരം അപേക്ഷിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കൂടിക്കാഴ്ചയ്ക്കുശേഷം യോഗ്യരായ അധ്യാപകരെ തെരഞ്ഞെടുക്കുകയും സ്വാശ്രയ കേന്ദ്രങ്ങളിൽ താൽക്കാലികമായി കരാറടിസ്ഥാനത്തിൽ നിയമിക്കുകയുമാണ് ചെയ്യുന്നത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അടിയന്തര ഘട്ടങ്ങളിൽ നെറ്റ്/പിഎച്ച്.ഡി. യോഗ്യതയുള്ളവരുടെ അഭാവത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികളെ നിയമിക്കാറുണ്ട്.+

(സി) പ്രസ്തുത താൽക്കാലിക അധ്യാപകർ മേൽ തസ്തികകളിൽ ആദ്യമായി ജോലിയിൽ പ്രവേശിച്ച തീയതി, നാളിതുവരെ സർവകലാശാലയിൽ ജോലിചെയ്ത കാലയളവിന്റെ വിശദാംശങ്ങൾ, കരാർ പുതുക്കി നൽകിയതിന്റെ വിശദാംശങ്ങൾ, നിയമനം നൽകിയതുമായി ബന്ധപ്പെട്ട് സർവകലാശാലകൾ പുറപ്പെടുവിച്ച വിജ്ഞാപനങ്ങളുടെ പകർപ്പുകൾ എന്നിവ ലഭ്യമാക്കാമോ?

കേരള, കുസാറ്റ്, കാലിക്കറ്റ്, കണ്ണൂർ എന്നീ സർവകലാശാലകളിൽ താൽക്കാലിക അധ്യാപകർ ആദ്യമായി ജോലിയിൽ പ്രവേശിച്ച തീയതി, നാളിതുവരെ സർവകലാശാലയിൽ ജോലിചെയ്ത കാലയളവിന്റെ വിശദാംശങ്ങൾ, കരാർ പുതുക്കി നൽകിയതിന്റെ വിശദാംശങ്ങൾ, നിയമനം നൽകിയതുമായി ബന്ധപ്പെട്ട് സർവകലാശാലകൾ പുറപ്പെടുവിച്ച വിജ്ഞാപനങ്ങളുടെ പകർപ്പുകൾ എന്നിവ അനുബന്ധം VI, VII, VIII, IX ആയി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ഡി) പ്രസ്തുത സ്വാശ്രയകേന്ദ്രങ്ങളിലെ വിവിധ പ്രോഗ്രാമുകളിൽ ലഭ്യമായ സീറ്റുകളുടെ എണ്ണം, 2022-23 അധ്യയന വർഷം വിദ്യാർത്ഥികൾ പ്രവേശനം നേടിയ സീറ്റുകളുടെ എണ്ണം, ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; യോഗ്യരായ അധ്യാപകരുടെ അഭാവം സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതിന് കാരണമാകുന്നതായി വിലയിരുത്തിയിട്ടുണ്ടോ?

കേരള സർവകലാശാലയുടെ കീഴിലുള്ള യു.ഐ.എം, യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം, ടീച്ചർ എഡ്യൂക്കേഷൻ കേന്ദ്രങ്ങൾ, സർവകലാശാല നേരിട്ട് നടത്തുന്ന മറ്റ് സ്വാശ്രയ സ്ഥാപനങ്ങളിൽ ലഭ്യമായ സീറ്റുകളുടെ എണ്ണവും 2022-23 അധ്യയന വർഷം വിദ്യാർത്ഥികൾ പ്രവേശനം നേടിയ സീറ്റുകളുടെ എണ്ണവും ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുടെ എണ്ണവും അനുബന്ധം X ആയി ചേർത്തിരിക്കുന്നു.+

കുസാറ്റിനുകീഴിലുള്ള സ്കൂൾ ഓഫ് എഞ്ചിനീയറിംഗ്, കുഞ്ഞാലി മരയ്ക്കാർ സ്കൂൾ ഓഫ് മറൈൻ എഞ്ചിനീയറിംഗ്, കൊച്ചിൻ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്നിവയിൽ 2022-23 അധ്യയനവർഷം പ്രവേശനം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നേടിയ വിദ്യാർത്ഥികളുടെ എണ്ണം, സീറ്റൊഴിവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം XI ആയി ചേർത്തിരിക്കുന്നു.+

കാലിക്കറ്റ് സർവകലാശാലയിലെ സ്വാശ്രയ സെന്ററുകളിൽ 2022-23 അധ്യയന വർഷം ബിരുദ കോഴ്സുകൾക്ക് 340 സീറ്റുകൾ ഉണ്ട്. ഇതിൽ 258 വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിച്ചിട്ടുണ്ട്. 82 സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നു. ബിരുദ ബിരുദാനന്തര കോഴ്സുകളിൽ ആകെ 284 സീറ്റുകൾ ഉണ്ട്. അതിൽ 163 സീറ്റുകളിൽ അഡ്മിഷൻ നൽകി, ബാക്കി 121 സീറ്റ് ഒഴിഞ്ഞുകിടക്കുന്നു. പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ പ്രവേശനം നൽകുന്ന പി.ജി. പ്രോഗ്രാമുകൾക്ക് ആകെ 831 സീറ്റുകളാണുള്ളത്. അതിൽ 550 സീറ്റിൽ അഡ്മിഷൻ നൽകി. 281 സീറ്റ് ഒഴിഞ്ഞുകിടക്കുന്നു. ബി.എഡ്. പ്രോഗ്രാമുകൾക്കുള്ള ആകെ സീറ്റ് 605 ആണ്. ഇതിൽ ഒരു സീറ്റ് ഒഴിഞ്ഞുകിടക്കുന്നു.

കണ്ണൂർ സർവകലാശാലയുടെ കീഴിലുള്ള ടീച്ചർ എഡ്യുക്കേഷൻ കേന്ദ്രത്തിലെയും എം.ബി.എ. സെന്ററുകളിലെയും ലഭ്യമായ സീറ്റുകളുടെ എണ്ണവും 2022-23 അധ്യയന വർഷം വിദ്യാർത്ഥികൾ പ്രവേശനം നേടിയ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സീറ്റുകളുടെ എണ്ണവും ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുടെ എണ്ണവും അനുബന്ധം XII ആയി ചേർത്തിരിക്കുന്നു.+

യോഗ്യരായ അധ്യാപകരുടെ അഭാവം സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതിന് കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) താൽക്കാലികാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന അധ്യാപകർക്ക് വർഷങ്ങളോളം പ്രസ്തുത തസ്തികകളിൽ തുടരാനനുവദിക്കുന്ന തരത്തിൽ പുനർനിയമനം (റീഎൻഗേജ്മെന്റ്) അനുവദിക്കുന്നത് നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമല്ലേയെന്ന് വ്യക്തമാക്കാമോ?

കരാർ കാലാവധി കഴിഞ്ഞ് നിർബന്ധിത ഇടവേള നൽകിയതിനുശേഷം സർവകലാശാല സിൻഡിക്കേറ്റ് തീരുമാനപ്രകാരമാണ് പുനർ നിയമന/പുതിയ കരാറിൽ സർവകലാശാലകൾ ഏർപ്പെടാറുള്ളത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## സർവകലാശാലകളിലെ ഡിഗ്രി, പി.ജി. കോഴ്സ് പ്രവേശനം

176(1873) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തിൽ കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ, മലയാളം, സംസ്കൃത, കുസാറ്റ് സർവകലാശാലകൾ ഉൾപ്പെടെയുള്ള വിവിധ സർവകലാശാലകളിൽ ഡിഗ്രി, പി.ജി. കോഴ്സുകളിൽ പ്രവേശനം നേടിയതും ഒന്നാമത്തെ സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ വിദ്യാർത്ഥികളുടെ എണ്ണവും പ്രസ്തുത കോഴ്സുകൾക്കുള്ള ആകെ സീറ്റുകളുടെ എണ്ണവും സർവകലാശാല തിരിച്ച് ലഭ്യമാക്കാമോ?

2022-23 അധ്യയന വർഷത്തിലെ വിവിധ സർവകലാശാലകളിലെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

**കേരള സർവകലാശാല**

ആകെ ഡിഗ്രി സീറ്റുകളുടെ എണ്ണം - 46,926

അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ എണ്ണം - 30,207

ഒന്നാമത്തെ സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ എണ്ണം - 29,436

ആകെ പി.ജി. സീറ്റുകളുടെ എണ്ണം - 6,636

അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ എണ്ണം - 4,461

ഒന്നാമത്തെ സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ എണ്ണം - 4,560

(സപ്ലിമെന്ററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തവർ ഉൾപ്പെടെ)

**എം.ജി. സർവകലാശാല**

ആകെ ഡിഗ്രി സീറ്റുകളുടെ എണ്ണം - 63,046

അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ എണ്ണം - 36,247

ഒന്നാമത്തെ സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ എണ്ണം - 36,245

ആകെ പി.ജി. സീറ്റുകളുടെ എണ്ണം - 14,652

അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ എണ്ണം - 8,153

ഒന്നാമത്തെ സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ എണ്ണം - 8,152

**കാലിക്കറ്റ് സർവകലാശാല**

| | | |
|---|---|---|
| ആകെ ഡിഗ്രി സീറ്റുകളുടെ എണ്ണം | - | 1,02,006 |
| അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ എണ്ണം | – | 75,991 |
| ഒന്നാമത്തെ സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ എണ്ണം | - | 68,215 |
| ആകെ പി.ജി. സീറ്റുകളുടെ എണ്ണം | - | 14,374 |
| പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം | - | 10,572 |
| പ്രവേശന പരീക്ഷ മുഖേന പ്രവേശനം നടത്തുന്ന പി.ജി. സീറ്റുകളുടെ എണ്ണം | - | 3,635 |
| പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം | - | 2,933 |
| ഒന്നാമത്തെ സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ എണ്ണം | - | 11,695 |

**കണ്ണൂർ സർവകലാശാല**

| | | |
|---|---|---|
| ആകെ ഡിഗ്രി സീറ്റുകളുടെ എണ്ണം | - | 21,374 |

| | |
|---|---|
| അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ എണ്ണം – | 16,543 |
| ഒന്നാമത്തെ സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ എണ്ണം - | 16,252 |
| ആകെ പി.ജി. സീറ്റുകളുടെ എണ്ണം - | 4,702 |
| അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ എണ്ണം – | 3,100 |
| ഒന്നാമത്തെ സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ എണ്ണം - | 3,012 |

**ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല**

| | |
|---|---|
| ആകെ ഡിഗ്രി സീറ്റുകളുടെ എണ്ണം - | 659 |
| അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ എണ്ണം – | 349 |
| ഒന്നാമത്തെ സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ എണ്ണം - | 324 |
| ആകെ പി.ജി. സീറ്റുകളുടെ എണ്ണം - | 1,193 |
| അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ എണ്ണം – | 704 |

| | | |
|---|---|---|
| ഒന്നാമത്തെ സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ എണ്ണം | - | 657 |

**കുസാറ്റ്**

| | | |
|---|---|---|
| ആകെ ബിരുദ സീറ്റുകളുടെ എണ്ണം | - | 2,112 |
| അഡ്മിഷൻ | – | 1,211 |
| ആകെ പി.ജി. സീറ്റുകളുടെ എണ്ണം | - | 1,595 |
| അഡ്മിഷൻ | – | 1,080 |

**മലയാള സർവകലാശാല**

ബിരുദ കോഴ്സുകൾ നടത്തുന്നില്ല

| | | |
|---|---|---|
| ആകെ പി.ജി. സീറ്റുകളുടെ എണ്ണം | - | 220 |
| ഒന്നാമത്തെ സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ എണ്ണം | - | 170 |

**നുവാൽസ്**

ആകെ ഡിഗ്രി സീറ്റുകളുടെ എണ്ണം - 66

അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ എണ്ണം - 66

ഒന്നാമത്തെ സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത
വിദ്യാർത്ഥികളുടെ എണ്ണം - 66

ആകെ പി.ജി. സീറ്റുകളുടെ എണ്ണം - 66

അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ എണ്ണം - 58

ഒന്നാമത്തെ സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത
വിദ്യാർത്ഥികളുടെ എണ്ണം - 58

**(ബി) ഡിഗ്രി കോഴ്സിന് പ്രവേശനം ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിനുവേണ്ടി എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?**

സംസ്ഥാനത്തെ മുഴുവൻ സർക്കാർ/എയ്ഡഡ് കോളേജുകളിലുമുള്ള എയ്ഡഡ് കോഴ്സുകളിൽ സ്റ്റാറ്റ്യൂട്ടറി മാക്സിമം പ്രകാരമുള്ള വിദ്യാർത്ഥി പ്രവേശനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സർവകലാശാലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2023-24 അധ്യയന

വർഷത്തിൽ കോളേജുകളുടെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ, ബിരുദ പ്രോഗ്രാമിന് പരമാവധി 70 സീറ്റ്, ബിരുദാനന്തര ബിരുദ പ്രോഗ്രാമിന് പരമാവധി 30 സീറ്റെന്ന കണക്കിൽ മാർജിനൽ സീറ്റ് വർദ്ധന അനുവദിക്കുന്നതിന് സർവകലാശാലകൾക്ക് അനുമതി നൽകിയിട്ടുണ്ട്. വിവിധ പ്രോഗ്രാമുകളിലേയ്ക്കുള്ള അലോട്ട്മെന്റിനുശേഷമുള്ള ഒഴിവുകളിൽ അഡ്മിഷൻ തീയതി അവസാനിക്കുന്ന തീയതിവരെ, സപ്ലിമെന്ററി അലോട്ട്മെന്റ്, സ്പോട്ട് അഡ്മിഷൻ മുഖേന വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നു.

**തുല്യതാ സർട്ടിഫിക്കറ്റ്**

177(1874) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വിവിധ സർവകലാശാലകൾ കോഴ്സുകൾ പരസ്പരം അംഗീകരിക്കാത്ത സാഹചര്യത്തിൽ തുല്യതാ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിക്കൊണ്ടുള്ള വ്യവസ്ഥ ഇപ്പോഴും നിലനിൽക്കുന്നുണ്ടോ; എങ്കിൽ അത് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉണ്ട്. കോഴ്സുകളുടെ തുല്യതയും അംഗീകാരവും സംബന്ധിച്ച് യു.ജി.സി.-യുടെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ട്. ഇത് സംബന്ധിച്ച് വിദ്യാർത്ഥികൾക്കുണ്ടാകുന്ന പ്രശ്നപരിഹാരത്തിന് സംസ്ഥാനതലത്തിൽ എല്ലാ വൈസ് ചാൻസലർമാരും ഉൾപ്പെടുന്ന സ്റ്റേറ്റ് ലെവൽ അക്കാദമിക് കമ്മിറ്റി (SLAC) ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ പ്രവർത്തിച്ചുവരുന്നു. ബിരുദങ്ങളുടെ തുല്യതയും അംഗീകാരവും സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഹാൻഡ്ബുക്കും സംസ്ഥാന സർക്കാർ 13-11-2018-ലെ സ.ഉ. (സാധാ) നം. 272/2018/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശവും പുറപ്പെടുവിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസരംഗം പരിഷ്കരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ നിയമിച്ച കമ്മീഷനുകൾ തുല്യത സംബന്ധിച്ച് മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു.

**സംസ്ഥാനത്തെ എയ്ഡഡ് കോളേജുകൾ**

178(1875) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന എയ്ഡഡ് സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ ഓരോന്നിന്റെയും മാനേജ്മെന്റിന്റെ പേരും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് വിവിധ സർവകലാശാലകൾക്കുകീഴിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന എയ്ഡഡ് സ്ഥാപനങ്ങളുടെയും പ്രസ്തുത സ്ഥാപനങ്ങളുടെ മാനേജ്മെന്റിന്റെയും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.+

(സി) ഓരോ കോളേജിലും ഏതെല്ലാം എയ്ഡഡ് ബിരുദ-ബിരുദാനന്തര കോഴ്സുകളാണ് പഠിപ്പിച്ചുകൊണ്ടിരിക്കുന്നതെന്നും ഓരോ കോഴ്സിലും എത്ര വിദ്യാർഥികൾക്കാണ് അഡ്മിഷൻ നൽകുന്നതെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

ഓരോ കോളേജിലും പഠിപ്പിച്ചുകൊണ്ടിരിക്കുന്ന എയ്ഡഡ് ബിരുദ-ബിരുദാനന്തര കോഴ്സുകളും ഓരോ കോഴ്സിലും എത്ര വിദ്യാർഥികൾക്കാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അഡ്മിഷൻ നൽകുന്നതെന്നും സംബന്ധിച്ച വിശദാംശം സർവകലാശാല തിരിച്ച് അനുബന്ധം 2 ആയി ചേർക്കുന്നു.+

(ഡി) ഓരോ കോളേജിലും എത്ര സ്ഥിര അധ്യാപക-അനധ്യാപക ജീവനക്കാർ ജോലി ചെയ്യുന്നുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുനൽകുന്നതാണ്.

**നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കാൻ നടപടി**

179(1876) ഡോ. കെ. ടി. ജലീൽ:
ശ്രീമതി ദെലീമ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവകലാശാലകളിൽ നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; അതിന്റെ ഭാഗമായി പുതിയ സിലബസ് തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സംസ്ഥാനത്തെ സർവകലാശാലകളിൽ നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രൊഫ. സുരേഷ് ദാസ് ചെയർമാനായ കരിക്കുലം കമ്മിറ്റി നാലുവർഷ ബിരുദ പ്രോഗ്രാമുകൾക്കാവശ്യമായ കരിക്കുലം ചട്ടക്കൂട് തയ്യാറാക്കി സർവകലാശാലകൾക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതുപ്രകാരം കേരള സർവകലാശാല പഠനവിഭാഗത്തിൽ 2023-24 അധ്യയന വർഷത്തിലും മറ്റ് സർവകലാശാലകളിലും സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും 2024-25 അധ്യയന വർഷം മുതലും മൂന്നുവർഷം കഴിയുമ്പോൾ ബിരുദം നേടി എക്സിറ്റ് ചെയ്യാനും താൽപര്യമുള്ളവർക്ക് നാലാം വർഷം ഓണേഴ്സ് ബിരുദം നേടാനും കഴിയുന്ന തരത്തിലുള്ള ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതാണ്. ഇതിനാവശ്യമായ മോഡൽ റെഗുലേഷൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കി സർവകലാശാലകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

പുതിയ കരിക്കുലം ചട്ടക്കൂടിനനുസരിച്ചുള്ള പ്രോഗ്രാമുകൾക്കുള്ള സിലബസുകൾ രൂപീകരിക്കാനുള്ള നടപടികൾ എല്ലാ സർവകലാശാലകളിലും ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ പുതിയ കരിക്കുലം

ഫ്രെയിംവർക്കിന്റെ ഭാഗമായി എല്ലാ സർവകലാശാലകൾക്കും ഉപയോഗിക്കാവുന്ന തരത്തിൽ ആവശ്യത്തിന് ഫൗണ്ടേഷൻ കോഴ്സുകൾ രൂപകൽപ്പന ചെയ്യാൻ ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രോജക്ടുകളും തൊഴിൽ പരിശീലനവും പ്രസ്തുത കോഴ്സുകളുടെ ഭാഗമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇന്റേണൽ മാർക്ക്, മൂല്യനിർണ്ണയരീതി എന്നിവയിൽ എന്തെല്ലാം മാറ്റങ്ങളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ?

ഇന്റേൺഷിപ്പ്, തൊഴിൽപരിശീലനം എന്നിവ പുതിയ കരിക്കുലത്തിന്റെ ഭാഗമാണ്. മൂല്യനിർണ്ണയ രീതികളിൽ വലിയ മാറ്റങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഓരോ കോഴ്സുകൾക്കും വ്യക്തവും അളക്കാവുന്നതുമായ പഠന ഫലങ്ങൾ എന്തെല്ലാമെന്ന് വ്യക്തമായി മുൻകൂട്ടി നിർവ്വചിക്കണം. ഈ പഠന ഫലങ്ങൾ നോക്കിയാണ് വിദ്യാർത്ഥികൾ ഓരോ കോഴ്സിന്റെയോ പ്രോഗ്രാമിന്റെയോ അവസാനത്തോടെ എന്തെല്ലാം അറിവുകളും ശേഷികളും ലഭിക്കുമെന്ന് മനസ്സിലാക്കുന്നത്. പഠിതാവ് ആർജ്ജിക്കേണ്ട

ശേഷികൾ/പഠനഫലങ്ങൾ അവർക്ക് ലഭിച്ചിട്ടുണ്ടോ എന്നത് പരിശോധിക്കുന്നതിന് ഉചിതമായ രീതിയിലുള്ള വിലയിരുത്തലുകളാണ് രൂപകൽപ്പന ചെയ്യുക. ഒരൊറ്റ അന്തിമ പരീക്ഷയെ മാത്രം ആശ്രയിക്കുന്നതിനുപകരം, പഠന പ്രക്രിയയിലുടനീളം നിരന്തര മൂല്യനിർണ്ണയത്തിനാണ് ഊന്നൽ നൽകുക. ഇത് തുടർച്ചയായ ഫീഡ്ബാക്കിനും ക്രമീകരണത്തിനും അനുവദിക്കുന്നു. വിദ്യാർത്ഥികൾക്ക് അവരുടെ പുരോഗതി ട്രാക്ക് ചെയ്യാനും ആവശ്യാനുസരണം മെച്ചപ്പെടുത്തലുകൾ വരുത്താനും പ്രാപ്തമാക്കുന്നു. നിരന്തര വിലയിരുത്തലുകളോടൊപ്പംതന്നെ വിദ്യാർത്ഥികൾക്ക് അവരുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിനും ആവശ്യമുള്ള പഠന ഫലങ്ങൾ കൈവരിക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശ സംവിധാനങ്ങളും ഉണ്ടാവും.

(സി) നാലുവർഷ ബിരുദ കോഴ്സുകളിൽ അവസാന വർഷം ഗവേഷണാധിഷ്ഠിത പ്രവർത്തനങ്ങൾക്ക് അവസരം ഒരുക്കുന്നുണ്ടോ; അവസാന വർഷം വിദ്യാർത്ഥികൾക്ക് എക്സിറ്റ് ഓപ്ഷൻ നൽകുന്നുണ്ടോ; വിശദാംശം നൽകാമോ?

മൂന്ന് വർഷം കഴിഞ്ഞ് ബിരുദം നേടി എക്സിറ്റ് ചെയ്യുന്നതിനും ഓണേഴ്സ് നേടുന്നതിനായി നാലാം വർഷത്തിലേയ്ക്ക് പ്രവേശിക്കുന്നതിനും വിദ്യാർത്ഥികൾക്ക് അവസരമുണ്ട്. ഓണേഴ്സ് ബിരുദം നേടുന്നതിന്റെ ഭാഗമായി നിലവിലെ കരിക്കുലമനുസരിച്ച് 12 ക്രെഡിറ്റുള്ള ഒരു ഗവേഷണാധിഷ്ഠിതമായ പ്രോജക്ട് ചെയ്യേണ്ടതായിട്ടുണ്ട്. അതോടൊപ്പം ഗവേഷണ ബിരുദം നേടാൻ ലക്ഷ്യമിടുന്ന വിദ്യാർത്ഥികൾക്ക് അതിന് സഹായകരമായ ഒരു ഓണേഴ്സ് വിത്ത് റിസർച്ചും പുതിയ കരിക്കുലം ഫ്രെയിംവർക്ക് മുന്നോട്ടുവയ്ക്കുന്നുണ്ട്. സർവകലാശാല വകുപ്പുകൾ ഗവേഷണ കേന്ദ്രങ്ങൾ/ഗൈഡുകൾ ഉള്ള കോളേജുകൾ എന്നിവിടങ്ങളിലാണ് ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദ കോഴ്സുകൾ ഉണ്ടാവുക.

**(ഡി) നാലുവർഷ ബിരുദ കോഴ്സുകൾ നടപ്പാക്കുന്നതിലൂടെ ഉന്നത വിദ്യാഭ്യാസ രംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകാമോ?**

സാമൂഹ്യനീതിയിലും മതനിരപേക്ഷതയിലും ജനാധിപത്യത്തിലും അധിഷ്ഠിതമായ എല്ലാ വിഭാഗങ്ങൾക്കും പ്രാപ്യമായ തുല്യത ഉറപ്പാക്കുന്ന,

മികവിലും ഗുണനിലവാരത്തിലും മുൻപന്തിയിൽ നിൽക്കുന്ന ഉന്നത വിദ്യാഭ്യാസമെന്നതാണ് ഈ സർക്കാരിന്റെ കാഴ്ചപ്പാട്. പുതിയ അറിവ് ഉൽപ്പാദിപ്പിക്കുന്നതിനും പ്രായോഗികമായ അറിവുകൾ ആർജ്ജിക്കാനും സംരംഭകത്വ താൽപര്യങ്ങൾ ഉളവാക്കാനും അതുവഴി തൊഴിൽ അന്വേഷകർ എന്നതിൽനിന്ന് തൊഴിൽ ദാതാക്കൾ എന്ന നിലയിൽ ഉയരാനും നമ്മുടെ വിദ്യാർത്ഥികളെ പ്രാപ്തരാക്കാൻ പുതിയ കരിക്കുലം പരിഷ്കാരങ്ങൾവഴി സാധിക്കും. സാംസ്കാരിക വൈവിധ്യത്തിലും വൈജാത്യങ്ങളിലും ഭരണഘടനാ മൂല്യങ്ങളിലും ഊന്നിക്കൊണ്ട്, ഡിജിറ്റൽ സാക്ഷരത, സംരംഭകത്വം, സുസ്ഥിരത, ജനാധിപത്യം, പൗരബോധം, ജെൻഡർ അവബോധം, സമഭാവന, മത നിരപേക്ഷത, ശാസ്ത്രബോധം എന്നിവയുള്ള ഒരു പുതുതലമുറയെ രൂപപ്പെടുത്തുന്നതിനും അതുവഴി കേരളം ഊന്നൽ നൽകുന്ന ഒരു ജനപക്ഷ നവ വൈജ്ഞാനിക സമൂഹത്തെ രൂപീകരിക്കുന്നതിനും നിലവിലെ പരിഷ്കാരങ്ങൾ സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**സർവകലാശാലകൾക്ക് ഏജൻസികൾ മുഖേനയുള്ള ധനസഹായം**

180(1877) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതത് വർഷത്തെ ബജറ്റിൽ പ്ലാൻ, നോൺ പ്ലാൻ ഗ്രാന്റിനത്തിൽ വകയിരുത്തുന്ന തുകയ്ക്ക് പുറമെ മറ്റേതെങ്കിലും തരത്തിലുള്ള ധനസഹായം സർവകലാശാലകൾക്ക് നൽകാറുണ്ടോയെന്ന് വിശദമാക്കാമോ?

അതത് വർഷത്തെ ബജറ്റിൽ പ്ലാൻ, നോൺ പ്ലാൻ ഗ്രാന്റിനത്തിൽ വകയിരുത്തുന്ന തുകയ്ക്കുപുറമെ സർവകലാശാലകളുടെ വിവിധ പ്രോജക്ടുകൾക്ക് സംസ്ഥാന സർക്കാരിൽനിന്നും യു.ജി.സി.-യിൽനിന്നും കേന്ദ്ര സർക്കാരിൽനിന്നും കൂടാതെ കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും വിവിധ ഏജൻസികളിൽനിന്നും ധനസഹായം ലഭിക്കാറുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷം മുതൽ പ്ലാൻ, നോൺ പ്ലാൻ ഗ്രാന്റിനുപുറമെ വിവിധ സർവകലാശാലകൾക്ക് സർക്കാരിൽനിന്നും

അനുവദിച്ച ധനസഹായത്തിന്റെ വിശദാംശം സർവകലാശാല തിരിച്ച് ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.+

(സി) സർവകലാശാലകളുടെ വിവിധ പ്രോജക്ടുകൾക്ക് ബജറ്റ് വിഹിതത്തിനുപുറമെ സർക്കാർ ഏജൻസികളിൽനിന്നോ മറ്റ് ഏജൻസികളിൽനിന്നോ ധനസഹായം ലഭ്യമാക്കാറുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ;

(ഡി) പ്രസ്തുതയിനത്തിൽ 2014-15 സാമ്പത്തിക വർഷം മുതൽ വിവിധ സർവകലാശാലകൾക്ക് ലഭ്യമായ ധനസഹായത്തിന്റെ വിശദാംശം സാമ്പത്തിക വർഷം, സർവകലാശാല എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

(സി&ഡി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## സർവകലാശാലകളിൽ മികവിന്റെ കേന്ദ്രങ്ങൾ

181(1878) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവകലാശാലകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

20-04-2023-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 576/2023/ഉ.വി.വ., 23-08-2023-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1318/2023/ഉ.വി.വ. പ്രകാരവും KIIFB ഫണ്ടിന്റെ പിന്തുണയോടെ ചുവടെ പറയുന്ന മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

1. Thanu Padmanabhan Centre of Excellence in Astronomy and Astrophysics to be established in the Campus of the University of Kerala.

2. Centre of Excellence in Neurodegeneration and Brain Health to be established in the campus of Cochin University of Science and Technology.

3. Centre of Excellence in Nanoscience & Nanotechnology to be established in the Campus of Mahatma Gandhi University.

ഇവ കൂടാതെ, നുവാൽസിൽ 'എം. കെ. ദാമോദരൻ അന്താരാഷ്ട്ര നിയമപഠന മികവ് കേന്ദ്രം' സ്ഥാപിച്ചു.

കൂടാതെ, കേരള സർവകലാശാലയിൽ താഴെ പറയുന്ന സെന്ററുകളെ Centres of Excellence ആക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു:

1. Inter University Centre for Genomics and Gene Technology.

2. Inter University Centre for Biodiversity Conservation & Bioresources Technology.

3. Centre for Agroecology and Public Health.

എ. പി. ജെ. അബ്ദുൽ കലാം സാങ്കേതിക സർവകലാശാലയിൽ താഴെ പറയുന്ന സെന്ററുകളെ Centre of Excellences ആക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു:

1. Government Engineering College Kannur - Sustainability Engineering and Carbon Neutrality
2. Rajiv Gandhi Institute of Technology, Kottayam - Emerging Materials and Infrastructure
3. Model Engineering College, Ernakulam - Artificial Intelligence, Machine Learning, Robotics and Automation.

(ബി) സർവകലാശാല വകുപ്പുകളെ വൈജ്ഞാനിക-ഗവേഷണ പ്രവർത്തനങ്ങൾക്കായുള്ള ശ്രേഷ്ഠ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

സർവകലാശാലകളിലെ പഠനവകുപ്പുകളിൽ നൂതന അക്കാദമിക് പ്രോഗ്രാമുകൾ, പ്രോജക്ട് മോഡ് കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പഠനവകുപ്പുകളിൽ Outcome Based Education നടപ്പാക്കി.

ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സർവകലാശാലകൾ നടപടി സ്വീകരിച്ചിട്ടുണ്ട്. വൈജ്ഞാനിക മേഖലയിലെ നൂതന ആശയങ്ങൾ പങ്കുവയ്ക്കുന്നതിനായി വിദേശ സർവകലാശാലകളുൾപ്പെടെയുള്ള മറ്റ് സർവകലാശാലകളിലെ പ്രമുഖ അധ്യാപകരുടെയും ശാസ്ത്രജ്ഞരുടെയും സേവനം വിവിധ പദ്ധതികളുടെ ഭാഗമായി സംസ്ഥാനത്തെ സർവകലാശാലകൾ ലഭ്യമാക്കുന്നു. വ്യവസായ സ്ഥാപനങ്ങളുമായും വിദേശ സർവകലാശാലകളുമായും ചേർന്ന് അക്കാദമിക് പ്രോഗ്രാമുകളും Multidisciplinary ഗവേഷണ പ്രവർത്തനങ്ങളും സംസ്ഥാനത്തെ സർവകലാശാലകൾ നടത്തിവരുന്നു. ഗവേഷണ ഫലങ്ങൾ പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഗവേഷകർക്ക് യൂണിവേഴ്സിറ്റി ഫെല്ലോഷിപ്പ് നൽകിവരുന്നതിനുപുറമെ മറ്റ് ഫണ്ടിംഗ് ഏജൻസികൾ അനുവദിക്കുന്ന ഫെലോഷിപ്പുകൾ ലഭ്യമാക്കുന്നു. അധ്യാപകരുടെ റിസർച്ച് പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ്, സീഡ് മണി എന്നിവ ലഭ്യമാക്കുന്നു.

സർവകലാശാലകൾ മറ്റ് ഗവേഷണ സാധ്യതകളുള്ള സ്ഥാപനങ്ങളുമായി ധാരണാപത്രം മുഖേന ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട്. സർവകലാശാലകൾ ഇന്റർ ഡിസിപ്ലിനറി റിസർച്ച് പ്രോത്സാഹിപ്പിക്കുകയും ജോയിന്റ് റിസർച്ച് ഗൈഡൻസ് അനുവദിക്കുകയും ചെയ്യുന്നു. ഗവേഷണ വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര കോൺഫറൻസുകളിൽ പങ്കെടുക്കുന്നതിന് അംബേദ്കർ ഫെല്ലോഷിപ്പ് പോലുള്ള ധനസഹായം ലഭ്യമാക്കുന്നു.

**വ്യാജരേഖകൾ ഹാജരാക്കി കോളേജിൽ പ്രവേശനം നേടിയ സംഭവം**

182(1879) ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം എം.എസ്.എം. കോളേജിൽ വ്യാജരേഖകൾ ഹാജരാക്കി ഒരു വിദ്യാർത്ഥി എം.കോമിന് പ്രവേശനം നേടിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കായംകുളം എം.എസ്.എം. കോളേജിൽ നിഖിൽ എം. തോമസ് എന്ന വിദ്യാർത്ഥി ഛത്തീസ്ഗഢിലെ കലിംഗ സർവകലാശാലയുടെ ബി.കോം (ബാങ്കിംഗ് ആൻഡ് ഫിനാൻസ്) ബിരുദത്തിന്റെ വ്യാജരേഖകൾ സമർപ്പിച്ചുകൊണ്ട് എം.കോം പ്രവേശനം നേടിയതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അന്വേഷണം നടത്തുന്നതിനായി കേരള സർവകലാശാല രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, IQAC ഡയറക്ടർ എന്നിവരടങ്ങിയ ഉപസമിതി കോളേജിലെ അധ്യാപക-അനധ്യാപകരെ പങ്കെടുപ്പിച്ചുകൊണ്ട് ഹിയറിംഗ് നടത്തുകയും എം.എസ്.എം. കോളേജ് വീഴ്ച വരുത്തിയതായി കണ്ടെത്തുകയും തുടർനടപടി സ്വീകരിക്കുകയും ചെയ്തു. കൂടാതെ ടി വിദ്യാർത്ഥിക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനായി കേരള പോലീസിൽ സർവകലാശാല പരാതിയും നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത കോളേജിലെ ബി.കോം പഠനം പൂർത്തിയാക്കാത്ത വിദ്യാർത്ഥി, അതേ കാലയളവിൽതന്നെ കലിംഗ സർവകലാശാലയിൽ പഠിച്ച് ബിരുദം നേടിയ സർട്ടിഫിക്കറ്റ് പി.ജി. പ്രവേശനത്തിന്

ഹാജരാക്കിയത് പരിശോധിക്കാതിരുന്ന കോളേജിന്റെയും സർവകലാശാലയുടെയും നടപടി ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ?

സ്ഥാപനത്തിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ച ഗൗരവമായി കാണുന്നു.

ഉന്നത പഠനത്തിനുള്ള പ്രവേശനത്തിനായി സമർപ്പിക്കുന്ന രേഖകളുടെ ആധികാരികതയും വിശ്വാസ്യതയും പരിശോധിക്കേണ്ട ബാധ്യത അതത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്.

(സി) മേൽ സൂചിപ്പിച്ച വിദ്യാർത്ഥിയുടെ കലിംഗ സർവകലാശാലയിൽ പഠിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കറ്റ് വ്യാജമെന്ന് കലിംഗ സർവകലാശാല രജിസ്ട്രാർ റിപ്പോർട്ട് നൽകിയ സാഹചര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കലിംഗ സർവകലാശാല രജിസ്ട്രാറുടെ റിപ്പോർട്ട് ലഭിച്ചതിനെ തുടർന്ന് ടി വിദ്യാർത്ഥിയുടെ ബിരുദത്തിന് അംഗീകാരം നൽകിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് കേരള സർവകലാശാല റദ്ദാക്കുകയും പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ നൽകിയ എലിജിബിലിറ്റി സർട്ടിഫിക്കറ്റ്

അസാധുവായി പ്രഖ്യാപിക്കുകയും ചെയ്തു. കൂടാതെ ടി വിദ്യാർത്ഥിയുടെ എം.കോം പ്രവേശനം റദ്ദാക്കുകയും ചെയ്തു.

27-06-2023-ലെ സിൻഡിക്കേറ്റ് യോഗം ടി വിദ്യാർത്ഥിയെ കേരള സർവകലാശാലയിൽനിന്നും വിലക്കുന്നതിനും പരീക്ഷാഫലങ്ങൾ റദ്ദുചെയ്യുന്നതിനും ഭാവിയിൽ യാതൊരുവിധ കോഴ്സിനും ചേരുന്നത് വിലക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

പുറമെ, ടി വിദ്യാർത്ഥിക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിനായി കേരള പോലീസിൽ സർവകലാശാല പരാതി നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത സംഭവത്തിൽ സർവകലാശാല തലത്തിൽ അട്ടിമറി നടന്നിട്ടുണ്ടോയെന്ന് അന്വേഷിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

സർവകലാശാല തലത്തിൽ അട്ടിമറി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ

183(1880) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് നടക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചതെന്നും എന്ന് പൂർത്തീകരിക്കുമെന്നും ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുകയെത്രയെന്നും കരാർ ഏറ്റെടുത്തിരിക്കുന്നത് ആരെല്ലാമെന്നും വ്യക്തമാക്കാമോ?

(എ&ബി) കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയെ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്നതിനായുള്ള കിഫ്ബി പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അഞ്ച് പാക്കേജുകളിലായിട്ടാണ് വിഭാവന ചെയ്തിരിക്കുന്നത്. ഇതിലെ നിർമ്മാണ പ്രവൃത്തികൾക്ക് എസ്.പി.വി. ആയി ആർ.ബി.ഡി.സി.കെ.-യെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

**പാക്കേജ് 1**

തൃക്കാക്കര മെയിൻ കാമ്പസിലുള്ള അക്കാദമിക് കെട്ടിടം (13286 Sqm), ഇന്റർനാഷണൽ ഗസ്റ്റ് ഹൗസ് (1337 Sqm), എഞ്ചിനീയറിംഗ് വിഭാഗ കെട്ടിടം (1198 Sqm), സ്വിമ്മിങ് പൂൾ, ഫെസിലിറ്റേഷൻ സെന്റർ (173 Sqm) എന്നിവ ഉൾപ്പെടുന്ന പാക്കേജിന്റെ കിഫ്ബി ഫണ്ട് 63.75 കോടി രൂപയാണ്. കൂടാതെ കാമ്പസ് ഡെവലപ്മെന്റിനുവേണ്ടിയുള്ള വേസ്റ്റ് മാനേജ്മെന്റ്, ഡ്രെയിനേജ് വർക്സ്, വാട്ടർ സപ്ലൈ വർക്സ് എന്നിവയും ഇതിലുൾപ്പെടുന്നു. നിർമ്മാണ പ്രവൃത്തികളുടെ 18 ശതമാനം പൂർത്തീകരിച്ചു. ഇതുവരെ 3.16 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് ആർ.ബി.ഡി.സി.കെ. അറിയിച്ചിട്ടുണ്ട്. ചില സാങ്കേതിക കാരണങ്ങളാൽ നിലവിലുള്ള കരാറുകാരനായ മേരിമാതാ പ്രൈവറ്റ് ലിമിറ്റഡിനെ ഒഴിവാക്കി ആർ.ബി.ഡി.സി.കെ. പുതിയ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

പ്രവൃത്തി തുടങ്ങിയ തീയതി: 28-09-2019

പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള കാലയളവ്: 24 മാസം

**പാക്കേജ് 2**

മറൈൻ സയൻസ് കാമ്പസിൽ സ്ഥിതിചെയ്യുന്ന അക്കാദമിക് ബ്ലോക്ക് കെട്ടിടം 12.87 കോടി ചെലവിൽ ഏഴുനിലകളിലായി 2021-ൽ പൂർത്തീകരിച്ച് കഴിഞ്ഞിട്ടുള്ളതാണ്. അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വെസ്റ്റ് കൺസ്ട്രക്റ്റാണ് ഇതിന്റെ കോൺട്രാക്ടർ.

പ്രവൃത്തി തുടങ്ങിയ തീയതി: 01-10-2018

പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള കാലയളവ്: 18 മാസം

ഇതിന്റെ 100% പ്രവൃത്തികളും തീർന്നു.

**പാക്കേജ് 3**

അപ്ഗ്രഡേഷൻ ഓഫ് ഇലക്ട്രിക്കൽ സിസ്റ്റം 110 കെ.വി. - ഇതിന് കിഫ്ബി അനുവദിച്ചിരിക്കുന്ന തുക 21.14 കോടി രൂപയാണ്. ഇതിനെ രണ്ട് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

ഒരു വിഭാഗം കളമശ്ശേരിയിൽനിന്നും 110 കെ.വി. ലൈൻ കുസാറ്റിലേയ്ക്ക് ലേ ചെയ്യുന്നതാണ്. ഇത് കെ.എസ്.ഇ.ബി. ഡെപ്പോസിറ്റ് വർക്കായിട്ടാണ് ചെയ്യേണ്ടത്. ഇതിനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് കെ.എസ്.ഇ.ബി. തയ്യാറാക്കിവരികയാണെന്ന് അറിയിച്ചിട്ടുണ്ട്. രണ്ടാമത്തെ പാർട്ടായ 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. സീമൻസ് ലിമിറ്റഡാണ് ഇതിന്റെ കോൺട്രാക്ടർ.

പ്രവൃത്തി തുടങ്ങിയ തീയതി: 03-01-2022

പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള കാലയളവ്: 15 മാസം

പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള പുതുക്കിയ തീയതി: 15-09-2023

**പാക്കേജ് 4**

സോളാർ റൂഫ് ടോപ്പ് എനർജി ഹാർവെസ്റ്റിങ് - 4.07 കോടിയുടെ കിഫ്ബി ഫണ്ട്. പാക്കേജ് 1-ലെ പ്രവൃത്തികൾ പൂർത്തിയാക്കിയശേഷമേ ഇത് ആരംഭിക്കുകയുള്ളൂ എന്ന് ആർ.ബി.ഡി.സി.കെ. അറിയിച്ചിട്ടുണ്ട്.

പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള കാലയളവ്: 6 മാസം

**പാക്കേജ് 5**

സ്വിമ്മിംഗ് പൂൾ - 2.55 കോടിയുടെ കിഫ്ബി ഫണ്ടുപയോഗിച്ചാണ് നിർമ്മിക്കുന്നത്. ചില സാങ്കേതിക കാരണങ്ങളാൽ ഇതിന്റെ ആദ്യത്തെ കരാറുകാരനായ എറ്റേണിറ്റി പൂൾസ് ആൻഡ് ഗാർഡൻസ് പ്രൈവറ്റ് ലിമിറ്റഡ് (നാലാഞ്ചിറ, തിരുവനന്തപുരം)-നെ ഒഴിവാക്കുകയും റീ ടെണ്ടർ 15-06-2023-ൽ ചെയ്യുകയും തുടർനടപടികൾ പുരോഗമിക്കുകയും ചെയ്യുന്നുണ്ടെന്ന് ആർ.ബി.ഡി.സി.കെ. അറിയിച്ചിട്ടുണ്ട്.

പ്രവൃത്തി തുടങ്ങിയ തീയതി: 19-10-2020

പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള കാലയളവ്: 12 മാസം

**പുതിയതായി അനുമതി ലഭിച്ച പ്രവൃത്തികൾ**

ഇന്റർനാഷണൽ ഹോസ്റ്റൽ & ലേഡീസ് ഹോസ്റ്റൽ.

ഭരണാനുമതിയും സാമ്പത്തിക അനുമതിയും ലഭിച്ച തുക-30 കോടി.

സാങ്കേതിക അനുമതിക്കായുള്ള തുടർ നടപടികൾ പുരോഗമിക്കുന്നു.

ട്രാൻസ്ലേഷൻ റിസർച്ച് സെന്റർ

ഭരണാനുമതി ലഭിച്ച തുക-25 കോടി

സാമ്പത്തിക അനുമതിക്കായുള്ള തുടർ നടപടികൾ പുരോഗമിക്കുന്നു.

**വ്യാജ സർട്ടിഫിക്കറ്റ് ഹാജരാക്കി പിഎച്ച്.ഡി. പ്രവേശനം**

184(1881) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാരാജാസ് കോളേജിൽ ഗസ്റ്റ് അധ്യാപികയായിരുന്നതായി വ്യാജ സർട്ടിഫിക്കറ്റ് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ കോളേജുകളിൽ ജോലിചെയ്ത ഗസ്റ്റ് അധ്യാപികക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

മഹാരാജാസ് കോളേജിൽ ഗസ്റ്റ് അധ്യാപികയായിരുന്നതായി വ്യാജ സർട്ടിഫിക്കറ്റ് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ കോളേജുകളിൽ ജോലിചെയ്ത ഗസ്റ്റ് അധ്യാപികക്കെതിരെ വകുപ്പുതല പ്രാഥമിക അന്വേഷണം നടത്തി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് വിവിധ പോലീസ് സ്റ്റേഷനുകളിലും അന്വേഷണം നടന്നുവരികയാണ്.

(ബി) സംസ്കൃത സർവകലാശാലയിൽ പട്ടികജാതിവിഭാഗത്തെ ഒഴിവാക്കി പ്രസ്തുത അധ്യാപികയ്ക്ക് പിഎച്ച്.ഡി. പ്രവേശനം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്കൃത സർവകലാശാലയിലെ 2019-ലെ പിഎച്ച്.ഡി. പ്രവേശന നടപടികൾ പിഎച്ച്.ഡി. റെഗുലേഷൻ 2017 പൂർണ്ണമായി പാലിച്ചാണ് നടത്തിയിട്ടുള്ളത്. സർവകലാശാലയുടെ 19-11-2015-ലെ സർക്കുലർ പ്രകാരം പിഎച്ച്.ഡി. പ്രവേശനത്തിന് 20 ശതമാനം സംവരണം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് അനുവദിക്കുന്നുണ്ട്. മലയാള വിഭാഗത്തിലെ റിസർച്ച് കമ്മിറ്റി, 16-12-2019-ൽ കൂടുകയും

അപേക്ഷകരിൽനിന്നും 2 പട്ടികജാതി വിദ്യാർത്ഥികൾ ഉൾപ്പെടെ യോഗ്യരായ 15 വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുകയും അപ്രകാരം തെരഞ്ഞെടുത്ത എല്ലാവർക്കും പ്രവേശനം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) എങ്കിൽ യൂണിവേഴ്സിറ്റി റെഗുലേഷനിലെ പിഎച്ച്.ഡി. പ്രവേശനം സംബന്ധിച്ച സെലക്ഷൻ കമ്മിറ്റിയിൽ അതത് വിഷയങ്ങളുടെ ഗൈഡുകളെ കൂടാതെ മറ്റ് വിഷയങ്ങളിൽനിന്നുള്ള രണ്ടുപേർകൂടി അംഗങ്ങളായി നിർബന്ധമായും ഉണ്ടാകണമെന്ന വ്യവസ്ഥയ്ക്ക് വിരുദ്ധമായി പുറമെനിന്നുള്ള ഗൈഡുകളെ ഒഴിവാക്കി സെലക്ഷൻ കമ്മിറ്റി ചേർന്നാണ് പ്രസ്തുത അധ്യാപികയ്ക്ക് പിഎച്ച്.ഡി. പ്രവേശനം നൽകിയത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

2019-ലെ പിഎച്ച്.ഡി. പ്രവേശനത്തിന് ബാധകമായ പിഎച്ച്.ഡി. റെഗുലേഷൻ 2017-ലെ Clause 13 (i) പ്രകാരമാണ് റിസർച്ച് കമ്മിറ്റി രൂപീകരിക്കുന്നത്. പിഎച്ച്.ഡി. പ്രോഗ്രാമുള്ള പഠന വകുപ്പിലെ എല്ലാ ഗവേഷണ മാർഗ്ഗദർശികളും ഇതര പഠന വകുപ്പുകളിൽനിന്നും രണ്ട് മാർഗ്ഗദർശികളും ഉൾപ്പെടുന്നതാണ് റിസർച്ച് കമ്മിറ്റി. റിസർച്ച് കമ്മിറ്റിയിൽ

ചുരുങ്ങിയത് 5 അംഗങ്ങളാണ് ഉണ്ടാകേണ്ടത്. കമ്മിറ്റിയുടെ ക്വാറം മൂന്നിൽ ഒന്നാണ്. ഇതിൽ പുറമേനിന്നുള്ള വകുപ്പിലെ ഒരംഗം ഉണ്ടായിരിക്കേണ്ടതാണ്. 16-12-2019-ലെ റിസർച്ച് കമ്മിറ്റിയിൽ പുറമേനിന്നുമുള്ള വകുപ്പിലെ രണ്ട് അംഗങ്ങളും പങ്കെടുത്തിരുന്നില്ല.

**എറണാകുളം മഹാരാജാസ് കോളേജിൽ പരീക്ഷയെഴുതാതെ പാസായ സംഭവം**

185(1882) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മഹാരാജാസ് കോളേജിൽ പരീക്ഷയെഴുതാത്ത വിദ്യാർത്ഥി സംഘടനാ നേതാവ് പരീക്ഷ പാസായതായി കോളേജിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച വിഷയത്തിൽ വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ?

വകുപ്പുതല അന്വേഷണത്തിന് എറണാകുളം ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) കോളേജിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച മാർക്ക് ലിസ്റ്റിൽ മാർക്കുകളുടെ സ്ഥാനത്ത് പൂജ്യം എന്ന് രേഖപ്പെടുത്തിയിട്ടും സെമസ്റ്റർ റിസൾട്ട് കോളത്തിൽ ജയിച്ചു എന്ന് രേഖപ്പെടുത്തിയതിന്റെ കാരണം വിശദമാക്കാമോ?

മാർക്ക് ലിസ്റ്റിൽ അല്ല, Password protection ഉള്ള semester wise മാർക്ക് സ്റ്റേറ്റ്മെന്റിലാണ് പൂജ്യം എന്നും ജയിച്ചു എന്നും തെറ്റായി രേഖപ്പെടുത്തിവന്നിട്ടുള്ളത്. എൻ.ഐ.സി. സോഫ്റ്റ്‌വെയറിലെ പിഴവുമൂലമാണ് ഇത്തരത്തിൽ സംഭവിച്ചിട്ടുള്ളത് എന്ന് മഹാരാജാസ് കോളേജ് പ്രിൻസിപ്പൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) റിസൾട്ട് പ്രസിദ്ധീകരിച്ച വെബ്സൈറ്റ് ഏത് സോഫ്റ്റ്‌വെയർ പ്രകാരമാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

എൻ.ഐ.സി. തയ്യാറാക്കിയ MH Suite Software പ്രകാരമാണ് പ്രവർത്തിക്കുന്നത്.

(ഡി) കോളേജ് വെബ്സൈറ്റിൽ റിസൾട്ട് പ്രസിദ്ധീകരിക്കുന്നതിനുമുമ്പ് കോളേജ് അധികാരികൾ റിസൾട്ട് പരിശോധിച്ച് ഉറപ്പുവരുത്തണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പരീക്ഷാ കൺട്രോളർ ഓഫീസിലെ ഉദ്യോഗസ്ഥർ പരിശോധിച്ച് പരീക്ഷാ കൺട്രോളറുടെ ഒപ്പോടുകൂടിയാണ് റിസൾട്ട് പ്രസിദ്ധീകരിക്കുന്നത്.

**മഹാരാജാസ് കോളേജിലെ പരീക്ഷാഫലം സംബന്ധിച്ച പരാതി**

186(1883) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജുകളിലെ പരീക്ഷാഫലം നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി.) തയ്യാറാക്കിയ സോഫ്റ്റ്വെയർ ഉപയോഗിച്ച് തയ്യാറാക്കിയാണോ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ വിവിധ സർവകലാശാലകൾക്ക് കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിലെ പരീക്ഷകൾ നടത്തുന്നതും പരീക്ഷാഫലം

പ്രസിദ്ധീകരിക്കുന്നതും അതത് സർവകലാശാലകളാണ്. എന്നാൽ സംസ്ഥാനത്തെ ഓട്ടോണമസ് കോളേജുകളിൽ അതത് കോളേജുകൾ തന്നെയാണ് പരീക്ഷകൾ നടത്തുന്നതും പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതും. സംസ്ഥാനത്ത് 18 ഓട്ടോണമസ് കോളേജുകളുള്ളതിൽ എറണാകുളം മഹാരാജാസ് കോളേജിൽ മാത്രമാണ് നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി.) സോഫ്റ്റ്‌വെയർ ഉപയോഗിച്ച് പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നത്.

(ബി) പ്രസ്തുത സോഫ്റ്റ്‌വെയറിനെക്കുറിച്ച് ഏതെങ്കിലും കോളേജ് പരാതി ഉന്നയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പരാതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി.) സോഫ്റ്റ്‌വെയർ ഉപയോഗിച്ച് പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്ന മഹാരാജാസ് കോളേജ് പരാതി ഉന്നയിച്ചിട്ടുണ്ട്. പരീക്ഷാഫലവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികൾ മഹാരാജാസ് കോളേജിൽനിന്നും എൻ.ഐ.സി.-ക്ക് ഇ-മെയിൽ മുഖേന

അയച്ചിട്ടുണ്ട്. പരാതികളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) മഹാരാജാസ് കോളേജിൽ പരീക്ഷ എഴുതാതെ ജയിച്ചതായി സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയത് സംബന്ധിച്ച് എത്ര പരാതികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പരീക്ഷ എഴുതാതെ ജയിച്ചതായി സോഫ്റ്റ്‌വെയർ രേഖപ്പെടുത്തിയത് സംബന്ധിച്ച് എറണാകുളം മഹാരാജാസ് കോളേജിലെ പരീക്ഷാ കൺട്രോളർ ഓഫീസിലോ വകുപ്പിലോ മറ്റ് പരാതികൾ ലഭിച്ചിട്ടില്ല.

**മലയാള സർവകലാശാലയിലെ യോഗങ്ങൾ**

187(1884) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയിലെ പൊതുസഭ, നിർവ്വാഹകസമിതി, പണ്ഡിതസഭ, ഗവേഷണസഭ യോഗങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അവസാനമായി ചേർന്നത് എന്നാണെന്ന് അറിയിക്കുമോ; അവയുടെ നടപടിക്കുറിപ്പിന്റെ പകർപ്പ് നൽകുമോ?

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയിൽ ഇരുപത്തിയൊമ്പതാമത് പൊതുസഭ 20-05-2023-നും ഇരുപത്തിയാറാമത് പണ്ഡിതസഭ 28-02-2023-നും പതിനാറാമത് ഗവേഷണസഭ 04-03-2023-നും അറുപത്തിരണ്ടാമത് നിർവ്വാഹക സമിതി 06-07-2023-നും നടന്നു. ടി യോഗങ്ങളുടെ നടപടിക്കുറിപ്പിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത യോഗങ്ങൾ സമയബന്ധിതമായി ചേരാത്തതുമൂലം അക്കാദമിക് പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ യോഗങ്ങൾ അടിയന്തരമായി ചേരുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

സർവകലാശാലയിലെ അക്കാദമിക് പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## തിരൂർ തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവകലാശാലയുടെ അടിസ്ഥാന വികസനം

188(1885) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവകലാശാലയ്ക്ക് പദ്ധതി വിഹിതമായും പദ്ധതിയേതര വിഹിതമായും നടപ്പ് സാമ്പത്തികവർഷം എത്ര തുകയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ?

അടിസ്ഥാന സൗകര്യവികസനത്തിന് പുതിയതായി ഏറ്റെടുത്ത ഭൂമിയിൽ കെട്ടിടസമുച്ചയങ്ങൾ പണിയുന്നതിന് നടപടികൾ തുടങ്ങിയിട്ടുണ്ട്. ആയതിലേയ്ക്ക് സർക്കാർ 20 കോടി രൂപ അനുവദിക്കുകയുണ്ടായി. കൂടാതെ കാമ്പസിൽ മികവുകേന്ദ്രത്തിന് ക്ലാസ് മുറികൾക്കുള്ള കെട്ടിടനിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുന്നു. കാമ്പസ് കെട്ടിടനിർമ്മാണം, പഠനോപകരണങ്ങളും ഫർണിച്ചറുകളും വാങ്ങൽ എന്നിവയും നടന്നുവരുന്നു.

(ബി) പ്രസ്തുത മലയാള സർവകലാശാലയുടെ അടിസ്ഥാന വികസനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയ്ക്ക് 2023-24 സാമ്പത്തിക വർഷം പദ്ധതിവിഹിതമായി 1035 ലക്ഷം രൂപയും പദ്ധതിയേതര വിഹിതമായി 533.50 ലക്ഷം രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്.

**കേരള സർവകലാശാല-യൂണിവേഴ്സിറ്റി രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ തുടങ്ങിയവരുടെ നിയമനം**

189(1886) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവകലാശാല സ്റ്റാറ്റ്യൂട്ട് പ്രകാരം യൂണിവേഴ്സിറ്റി രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ തുടങ്ങിയവരുടെ നിയമനം ഡെപ്യൂട്ടേഷൻ വ്യവസ്ഥ പ്രകാരം സർക്കാർ സർവ്വീസിലുള്ള ഉദ്യോഗസ്ഥരിൽനിന്ന് മാത്രമേ നടത്താൻ പാടുള്ളൂ എന്ന നിയമം കേരള സർവകലാശാല പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

1977-ലെ കേരള സർവകലാശാല 1st സ്റ്റാറ്റ്യൂട്ട് പ്രകാരം, സർവകലാശാല രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ് തുടങ്ങിയവരുടെ നിയമനം ഡെപ്യൂട്ടേഷൻ വ്യവസ്ഥപ്രകാരം സർക്കാർ സർവ്വീസിലുള്ള ഉദ്യോഗസ്ഥരിൽനിന്ന് മാത്രമേ നിയമിക്കാവൂ എന്ന് നിഷ്കർഷിക്കുന്നില്ല.

കേരള സർവകലാശാല രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ് എന്നിവരെ സർവകലാശാല ചട്ടങ്ങളും സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകളും പാലിച്ചുകൊണ്ട് സെലക്ഷൻ കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിൽ സിൻഡിക്കേറ്റാണ് നിയമിക്കുന്നത്.

(ബി) സമാന രീതിയിൽ കാലിക്കറ്റ് സർവകലാശാലയിൽ നടത്തിയ രജിസ്ട്രാർ നിയമനം കോടതി ഇടപെടലിനെ തുടർന്ന് അവസാനിപ്പിച്ചുവോ; വ്യക്തമാക്കാമോ?

കാലിക്കറ്റ് സർവകലാശാലയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിതനായ രജിസ്ട്രാറുടെ നിയമനം, കോടതി ഇടപെടലുകളെ തുടർന്ന് സർവകലാശാല അവസാനിപ്പിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

18-12-2020-ലെ ബഹുമാനപ്പെട്ട ഹൈക്കോടതി വിധിപ്രകാരം, കാലിക്കറ്റ് സർവകലാശാലയിൽ രജിസ്ട്രാർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിതനായിരുന്ന അധ്യാപകന് പ്രസ്തുത തസ്തികയിൽ 14-02-2021 വരെയോ സ്ഥിരനിയമനം നടത്തുന്നതുവരെയോ (ഏതാണോ ആദ്യം) തുടരുന്നതിന് അനുമതി നൽകിയിരുന്നു.

കാലിക്കറ്റ് സർവകലാശാലയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിതനായിരുന്ന രജിസ്ട്രാർ, സ്വമേധയാ 09-02-2021-ന് വിടുതൽ വാങ്ങി പോവുകയായിരുന്നു.

(സി) കേരള യൂണിവേഴ്സിറ്റി രജിസ്ട്രാർ നിയമനം സംബന്ധിച്ച പരാതിയിൽ ഗവർണർ വിശദീകരണം തേടിയിട്ടുണ്ടോ; യൂണിവേഴ്സിറ്റി ഗവർണർക്ക് മറുപടി നൽകിയോ?

ഉണ്ട്. മറുപടി നൽകിയിട്ടുണ്ട്.

(ഡി) സർവകലാശാല ചട്ടത്തിന് വിരുദ്ധമായി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ കോളേജ് അധ്യാപകന് ഡെപ്യൂട്ടേഷൻ നിയമനം നൽകിയത് സ്റ്റാറ്റ്യൂട്ടിനെതിരാണെന്നത് സർവകലാശാലയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള സർവകലാശാല രജിസ്ട്രാർ നിയമനം സർവകലാശാല ചട്ടങ്ങളും സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകളും പാലിച്ചുമാത്രമാണ് സർവകലാശാലാ സിൻഡിക്കേറ്റ് നടത്തിയിട്ടുള്ളത്. സർവകലാശാല ചട്ടത്തിന് വിരുദ്ധമായി

സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ കോളേജ് അധ്യാപകന് സർവകലാശാലയിൽ നിയമനം നൽകിയിട്ടില്ല.

(ഇ) ഇതിൽ സർവകലാശാല എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ബാധകമല്ല.

**കോളേജ് പ്രിൻസിപ്പൽ നിയമന പട്ടിക**

190(1887) ശ്രീമതി ഉമ തോമസ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.-യും കോളേജ് വിദ്യാഭ്യാസ ഡയറക്ടറും അംഗീകരിച്ച കോളേജ് പ്രിൻസിപ്പൽ നിയമന പട്ടിക സർക്കാരിന് നൽകിയിരുന്നോ;

(ബി) പ്രസ്തുത പട്ടിക വകുപ്പുമന്ത്രി ഇടപെട്ട് കരട് പട്ടികയാക്കി മാറ്റിയിരുന്നോ എന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ വകുപ്പുമന്ത്രിയുടെ പ്രസ്തുത നടപടി നിയമപരമാണോയെന്ന് വിശദമാക്കാമോ;

(ഡി) വകുപ്പുതല പ്രൊമോഷൻ കമ്മിറ്റികൂടി പി.എസ്.സി. അംഗീകരിച്ച കോളേജ് പ്രിൻസിപ്പൽ നിയമന പട്ടിക കരട് ലിസ്റ്റായി കണക്കാക്കണമെന്ന നിലപാട് കൈക്കൊള്ളാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

(എ-ഡി) സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പൽ തസ്തികയിൽ പ്രൊമോഷൻ നൽകുന്നതിനായി യു.ജി.സി. നിയമങ്ങൾക്കനുസൃതമായി 02-03-2022-ലെ G.O.(Rt) No.350/2022/H.Edn ഉത്തരവുപ്രകാരം സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചു. ആകെയുള്ള 110 അപേക്ഷകളിൽനിന്നും പ്രസ്തുത സെലക്ഷൻ കമ്മിറ്റി 67 അധ്യാപകരെ യോഗ്യരായി കണ്ടെത്തിയിരുന്നതായും എന്നാൽ ഈ അറുപത്തേഴ് പേരിൽനിന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ രൂപീകരിച്ച ഡെപ്യൂട്ടി ഡയറക്ടർ, അഡീഷണൽ ഡയറക്ടർ എന്നിവർ ഉൾപ്പെട്ട ടെക്നിക്കൽ കമ്മിറ്റി 23 അധ്യാപകരെ ഒഴിവാക്കിയതായും പരാതി ഉയർന്നിരുന്നു. സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ

പ്രിൻസിപ്പൽ തസ്തികയിൽ പ്രൊമോഷനുവേണ്ടിയുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി 23-06-2022-ൽ ചേരുകയും പ്രസ്തുത യോഗത്തിന്റെ മിനിട്ട്സ് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ സെലക്ഷൻ പ്രക്രിയ സംബന്ധിച്ച് സർക്കാരിൽ ലഭിച്ച നിരവധി പരാതികളിൽ കഴമ്പുണ്ടെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടതിനെ തുടർന്ന് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി സമർപ്പിച്ച ലിസ്റ്റ് ഒരു കരട് ലിസ്റ്റായി പ്രസിദ്ധീകരിച്ച് ആയതിന്മേലുള്ള പരാതികൾകൂടി പരിശോധിക്കാൻ തീരുമാനിച്ചു. തുടർന്ന് ലഭ്യമായ പരാതികളുടെ അടിസ്ഥാനത്തിൽ 27-05-2023-ലെ സ.ഉ.(സാധാ)നം.743/2023/ഉ.വി.വ. പ്രകാരം സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചു. യു.ജി.സി. റെഗുലേഷൻസിന് അനുസൃതമായാണ് പ്രസ്തുത സെലക്ഷൻ കമ്മിറ്റിയും രൂപീകരിച്ചത്. കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾ 28, സബ് റൂൾ 8 (ബി) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ചാണ് വകുപ്പുതല പ്രമോഷൻ കമ്മിറ്റിയുടെ കരട് മിനിട്ട്സ് സർക്കാർ അംഗീകരിക്കാതിരുന്നത്.

## സർക്കാർ കോളേജ് പ്രിൻസിപ്പൽ നിയമനത്തിലെ ഇടപെടൽ

191(1888) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജ് പ്രിൻസിപ്പൽ നിയമനത്തിനായി പി.എസ്.സി.-യും വകുപ്പുതല സ്ഥാനക്കയറ്റ സമിതിയും അംഗീകരിച്ച പട്ടിക വകുപ്പുമന്ത്രി ഇടപെട്ട് കരട് പട്ടികയാക്കി മാറ്റാൻ നിർദ്ദേശിച്ചിരുന്നോ;

(ബി) പി.എസ്.സി.-യും കൂടി അംഗീകരിച്ച പ്രസ്തുത പട്ടികയിൽ മാറ്റം വരുത്തിയതിന്റെ അടിസ്ഥാനം വെളിപ്പെടുത്താമോ;

(സി) സർക്കാർ കോളേജ് പ്രിൻസിപ്പൽ നിയമനത്തിനായി പി.എസ്.സി.-യും വകുപ്പുതല സ്ഥാനക്കയറ്റ സമിതിയും അംഗീകരിച്ച പട്ടിക വകുപ്പുമന്ത്രി ഇടപെട്ട് കരട് പട്ടികയാക്കി മാറ്റിയ നടപടി നിയമാനുസൃതമാണോയെന്ന് വ്യക്തമാക്കാമോ?

(എ-സി) സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പൽ തസ്തികയിൽ പ്രൊമോഷൻ നൽകുന്നതിനായി യു.ജി.സി. നിയമങ്ങൾക്കനുസൃതമായി 02-03-2022-ലെ G.O.(Rt) No.350/2022/H.Edn ഉത്തരവുപ്രകാരം സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചു. ആകെയുള്ള 110 അപേക്ഷകളിൽനിന്നും പ്രസ്തുത സെലക്ഷൻ കമ്മിറ്റി 67 അധ്യാപകരെ യോഗ്യരായി കണ്ടെത്തിയിരുന്നതായും എന്നാൽ ഈ അറുപത്തേഴ് പേരിൽനിന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർതലത്തിൽ രൂപീകരിച്ച ഡെപ്യൂട്ടി ഡയറക്ടർ, അഡീഷണൽ ഡയറക്ടർ എന്നിവർ ഉൾപ്പെട്ട ടെക്നിക്കൽ കമ്മിറ്റി 23 അധ്യാപകരെ ഒഴിവാക്കിയതായും പരാതി ഉയർന്നിരുന്നു. സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പൽ തസ്തികയിൽ പ്രമോഷനുവേണ്ടിയുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള വകുപ്പുതല പ്രമോഷൻ കമ്മിറ്റി 23-06-2022-ൽ ചേരുകയും പ്രസ്തുത യോഗത്തിന്റെ മിനിട്ട്സ് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ സെലക്ഷൻ പ്രക്രിയ സംബന്ധിച്ച് ലഭിച്ച നിരവധി പരാതികൾ പരിശോധിച്ചതിൽ ടി പരാതികളിൽ കഴമ്പുണ്ടെന്ന്

ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വകുപ്പുതല പ്രമോഷൻ കമ്മിറ്റി സമർപ്പിച്ച ലിസ്റ്റ് ഒരു കരട് ലിസ്റ്റായി പ്രസിദ്ധീകരിച്ച് ആയതിന്മേൽ പരാതികൾ ക്ഷണിച്ചിരുന്നു. തുടർന്ന് ലഭ്യമായ പരാതികൾ പരിശോധിക്കുന്നതിനായി സ.ഉ.(സാധാ) നം.743/2023/ഉ.വി.വ. തീയതി 27-05-2023 ഉത്തരവുപ്രകാരം സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചു. യു.ജി.സി. റെഗുലേഷൻസിനനുസൃതമായാണ് പ്രസ്തുത സെലക്ഷൻ കമ്മിറ്റിയും രൂപീകരിച്ചത്. കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾ 28, സബ് റൂൾ 8 (ബി) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ചാണ് വകുപ്പുതല പ്രമോഷൻ കമ്മിറ്റിയുടെ കരട് മിനിട്ട്സ് സർക്കാർ അംഗീകരിക്കാതിരുന്നത്.

**സർവകലാശാലകളിലെ ഭിന്നശേഷി നിയമനങ്ങളിലെ സംവരണം**

192(1889) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാല നിയമനങ്ങളിൽ ഭിന്നശേഷി വിഭാഗങ്ങൾക്ക് എത്ര ശതമാനം സംവരണം അനുവദിക്കുന്നുണ്ടെന്നും ആയത് എപ്രകാരമാണ് നടപ്പിലാക്കുന്നതെന്നും വിശദമാക്കാമോ?

Rights of Persons with Disabilities Act, 2016-ന്റെ അടിസ്ഥാനത്തിൽ 31-12-2019-ലെ GO(P)No.12/2019/SJD പ്രകാരം നിയമനങ്ങളിൽ 4% ഭിന്നശേഷി സംവരണം അനുവദിച്ചിട്ടുണ്ട്.

(ബി) നിയമനങ്ങളിലെ ഭിന്നശേഷി സംവരണം ഹൊറിസോണ്ടൽ രീതിയിലാണ് നടപ്പാക്കേണ്ടതെന്ന ഇന്ദ്ര സാഹ്നിയും യൂണിയൻ ഓഫ് ഇന്ത്യയും തമ്മിലുള്ള കേസിലെ സുപ്രീംകോടതി വിധിക്കനുസൃതമായാണോ സർവകലാശാല നിയമനങ്ങളിൽ ഭിന്നശേഷി വിഭാഗങ്ങൾക്ക് സംവരണം അനുവദിക്കുന്നതെന്ന് വിശദമാക്കാമോ?

സർവകലാശാലാ നിയമനങ്ങളിൽ ഭിന്നശേഷി വിഭാഗങ്ങൾക്ക് സംവരണം അനുവദിക്കുന്നത് നിലവിലുള്ള നിയമങ്ങൾക്കും കോടതി വിധികൾക്കും അനുസൃതമായി ക്രമപ്രകാരമാണ്.

(സി) 01-01-2008 മുതൽ സംസ്ഥാനത്തെ സർവകലാശാലകളിൽ വിവിധ അധ്യാപക അനധ്യാപക തസ്തികകളിൽ നടത്തിയ സ്ഥിരനിയമനങ്ങളിൽ ഭിന്നശേഷി വിഭാഗങ്ങളിലും മറ്റ് സംവരണ വിഭാഗങ്ങളിലും സംവരണം അനുവദിച്ചതിന്റെ വിശദാംശങ്ങൾ ഉൾകൊള്ളുന്ന വിവിധ തസ്തികകളിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

**കേരള സർവകലാശാല**

രജിസ്റ്ററുടെ പകർപ്പുകൾ അനുബന്ധം 1 ആയി ചേർക്കുന്നു.+

**മഹാത്മാഗാന്ധി സർവകലാശാല**

01-01-2008 മുതൽ മഹാത്മാഗാന്ധി സർവകലാശാലയിലെ ഓഫീസ് അറ്റൻഡന്റ് നിയമനങ്ങളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്ററിന്റെ പകർപ്പുകൾ അനുബന്ധം 2 ആയി ചേർക്കുന്നു.+ 2010-ന് ശേഷം ടി വിഭാഗത്തിൽ ആശ്രിത നിയമനങ്ങളല്ലാതെ മറ്റ് നിയമനങ്ങളൊന്നുംതന്നെ നടത്തിയിട്ടില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

എഞ്ചിനീയറിംഗ്, ട്രാൻസ്പോർട്ട് വിഭാഗങ്ങളിൽ നേരിട്ടുള്ള നിയമനങ്ങൾ നടന്നിട്ടില്ല. ഫെയർ കോപ്പി വിഭാഗത്തിലേയും സെക്യൂരിറ്റി വിഭാഗത്തിലേയും നേരിട്ടുള്ള നിയമനങ്ങളുടെ റൊട്ടേഷൻ ചാർട്ടിന്റെ പകർപ്പ് അനുബന്ധം 3 ആയി ചേർക്കുന്നു.+

അസിസ്റ്റന്റ് നിയമനങ്ങളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്ററുകളുടെ മുഴുവൻ പകർപ്പുകളും അനുബന്ധം 4 ആയി ചേർക്കുന്നു.+ 2009 വർഷത്തിൽ അസിസ്റ്റന്റ് തസ്തികയിൽ സർവകലാശാല നേരിട്ട് നിയമനം നടത്തിയതിന്റെ റൊട്ടേഷൻ ചാർട്ടിന്റെ പകർപ്പ് അനുബന്ധം 5 ആയി ചേർക്കുന്നു.+

അധ്യാപക തസ്തികകളിൽ നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്ററുകളുടെ പകർപ്പ് അനുബന്ധം 6 ആയി ചേർക്കുന്നു.+

**കാലിക്കറ്റ് സർവകലാശാല**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

01-08-2008 മുതൽ കാലിക്കറ്റ് സർവകലാശാലയിൽ, സർവകലാശാല നേരിട്ട് വിവിധ അധ്യാപക-അനധ്യാപക തസ്തികകളിൽ നടത്തിയ സ്ഥിരനിയമനങ്ങളുടെ സംവരണ വിശദാംശങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന വിവിധ റൊട്ടേഷൻ രജിസ്റ്റർ/ചാർട്ടുകളുടെ ബന്ധപ്പെട്ട പേജുകളുടെ പകർപ്പുകൾ അനുബന്ധം 7 ആയി ചേർക്കുന്നു.+

**കണ്ണൂർ സർവകലാശാല**

01-01-2008 മുതൽ കണ്ണൂർ സർവകലാശാലയിലെ അധ്യാപക-അനധ്യാപക തസ്തികകളിൽ നടത്തിയ സ്ഥിര നിയമനങ്ങളിൽ ഭിന്നശേഷി വിഭാഗങ്ങളിലും മറ്റ് സംവരണ വിഭാഗങ്ങളിലും സംവരണം അനുവദിച്ചതിന്റെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന വിവിധ തസ്തികകളിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററുകളുടെ പകർപ്പ് അനുബന്ധം 8 ആയി ചേർക്കുന്നു.+ 2016 മുതൽ കണ്ണൂർ സർവകലാശാലയിലെ അനധ്യാപക തസ്തികകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തിയ നിയമനങ്ങളിലെ സംവരണ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററുകളുടെ പകർപ്പ് അനുബന്ധം 9 ആയി ചേർക്കുന്നു.+ അധ്യാപക നിയമനങ്ങളിൽ PWD-യിലെ a, b, c & d എന്നീ കാറ്റഗറികൾക്ക് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ മൂന്ന് ഒഴിവുകളും 5 കാറ്റഗറിക്ക് അസ്സോസിയേറ്റ് പ്രൊഫസർ തസ്തികയിൽ ഒരു ഒഴിവും പ്രസ്തുത സംവരണ വിഭാഗങ്ങളിൽനിന്നും നിയമനം നടത്തുന്നതിലേയ്ക്ക് യഥാക്രമം 27-04-2022, 15-06-2022 തീയതികളിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

**കൊച്ചി ശാസ്ത്ര-സാങ്കേതിക സർവകലാശാല**

01-01-2008 മുതൽ കൊച്ചി ശാസ്ത്ര-സാങ്കേതിക സർവകലാശാലയിലെ അധ്യാപക തസ്തികകളിൽ നടത്തിയ സ്ഥിര നിയമനങ്ങളുടെ റോസ്റ്ററുകൾ അനുബന്ധം 10 ആയും+ അനധ്യാപക തസ്തികകളിൽ നടത്തിയ സ്ഥിര നിയമനങ്ങളുടെ റോസ്റ്ററുകൾ അനുബന്ധം 11 ആയും ചേർക്കുന്നു.+

**ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സർവകലാശാല അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ റോസ്റ്റർ രജിസ്റ്ററിന്റെ പകർപ്പ് അനുബന്ധം 12 ആയി ചേർക്കുന്നു.+

**എ.പി.ജെ.അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവകലാശാല**

എ.പി.ജെ.അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവകലാശാലയിൽ പഠന വകുപ്പുകൾ ആരംഭിച്ചിട്ടില്ലാത്തതിനാൽ അധ്യാപക നിയമനം നടത്തിയിട്ടില്ല. കൂടാതെ സർവകലാശാലയിലെ അനധ്യാപക നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ് നടത്തുന്നത്.

**ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി**

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ സ്ഥിരനിയമനങ്ങൾ നടത്തിയിട്ടില്ല.

(ഡി) നോട്ടിഫിക്കേഷൻ നമ്പർ ജിഎ-ഐ.ഐ.സി.1/156687/2019/ എ.ഡി.എം.എൻ. തീയതി 31-12-2019 പ്രകാരമുള്ള അധ്യാപക നിയമനങ്ങളിൽ കാലിക്കറ്റ് സർവകലാശാല ഔട്ട് ഓഫ് ടേൺ ആയി നാല്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ശതമാനം ഭിന്നശേഷി സംവരണം അനുവദിച്ചത് ഇന്ദ്ര സാഹ്നിയും യൂണിയൻ ഓഫ് ഇന്ത്യയും തമ്മിലുള്ള കേസിലെ സുപ്രീംകോടതിയുടെ വിധിക്കെതിരാണെന്നും ആയതിനാൽ റൊട്ടേഷൻ ചാർട്ട് പുതുക്കി നിയമനങ്ങൾ പുനഃക്രമീകരിക്കണമെന്നുമുള്ള ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ 2021-ലെ ഡബ്ല്യൂ.എ. നം. 1527 കേസിലെ ഉത്തരവിനും ആയത് ശരിവച്ച സുപ്രീംകോടതിയുടെ സ്പെഷ്യൽ ലീവ് അപ്പീൽ (സി) നം.10045/2023 കേസിലെ ഉത്തരവിനും അനുസൃതമായി നിയമനങ്ങൾ പുനഃക്രമീകരിക്കുന്നതിന് നാളിതുവരെ സർവകലാശാല സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ WA.No.1527/2021 in WP(C)No.16456/2021 നമ്പർ കേസിലെ ഉത്തരവിനും സ്പെഷ്യൽ ലീവ് അപ്പീൽ (സി) നം.10045/2023 കേസിലെ ഉത്തരവിനും അനുസരിച്ച് അധ്യാപക നിയമന രീതി സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശം അവലംബിച്ച് സർവകലാശാല തുടർനടപടി സ്വീകരിച്ചുവരുന്നു.

**സർവകലാശാലകളിൽ പിഎച്ച്.ഡി.-ക്ക് പട്ടികജാതി പട്ടികവർഗ്ഗ സംവരണം**

193(1890) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പിഎച്ച്.ഡി.-ക്ക് സീറ്റ് സംവരണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ സർവകലാശാലയും പ്രസ്തുത സംവരണത്തിനായി നീക്കിവച്ചിരിക്കുന്ന സീറ്റുകൾ എത്രയെന്ന് വിശദമാക്കാമോ?

കേരള സർവകലാശാലയിൽ പിഎച്ച്.ഡി. അപേക്ഷ സമർപ്പിക്കുന്നതിലേയ്ക്കായി അടിസ്ഥാന യോഗ്യതയായ ബിരുദാനന്തര ബിരുദ പരീക്ഷയ്ക്ക് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 5 ശതമാനം മാർക്ക് ഇളവ് അനുവദിച്ചിട്ടുണ്ട്. നിലവിൽ പി.ജി. വിദ്യാർത്ഥികളുടെ അഡ്മിഷനിൽ സ്വീകരിച്ചുവരുന്ന സംവരണതത്വം, പിഎച്ച്.ഡി. അഡ്മിഷന് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം കേരള സർവകലാശാല സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്.

മഹാത്മാഗാന്ധി സർവകലാശാലയിൽ ഓരോ ഗവേഷണമാർഗ്ഗദർശിയുടെ കീഴിലും ഒരു സീറ്റ് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട ഗവേഷണ വിദ്യാർഥികൾക്ക് സംവരണം ചെയ്തിട്ടുണ്ട്.

കാലിക്കറ്റ് സർവകലാശാലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പിഎച്ച്.ഡി.-ക്ക് 22.5 ശതമാനം സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്.

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഓരോ ഗവേഷണ വകുപ്പിലും അതത് വർഷം നിലവിൽ വരുന്ന ഒഴിവുകളിൽ 20 ശതമാനം സീറ്റ് സംവരണം ചെയ്തിട്ടുണ്ട്.

കണ്ണൂർ സർവകലാശാലയിൽ 2020-21 അക്കാദമിക വർഷം മുതൽ പ്രാബല്യത്തിൽവന്ന റിസർവേഷൻ പോളിസി പ്രകാരം ആകെ പിഎച്ച്.ഡി. സീറ്റുകളിൽ 20 ശതമാനം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഗവേഷണ പ്രവർത്തനത്തിൽ സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. ഒരു റിസർച്ച് ഗൈഡിന്റെ കീഴിൽ ഏതുസമയത്തും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽനിന്ന് ഒരു റിസർച്ച് സ്കോളറെങ്കിലും ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അവരുടെ അഭാവത്തിൽ മാത്രം മറ്റ് സംവരണ വിഭാഗത്തിൽനിന്നും ഒരു ഗവേഷണ വിദ്യാർത്ഥിക്ക് അവസരം നൽകും.

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയിൽ ഗവേഷക സീറ്റുകൾ ഒഴിവുവരുന്ന മുറയ്ക്കാണ് വിദ്യാർത്ഥി പ്രവേശനം നടത്തിവരുന്നത്. പ്രസ്തുത സീറ്റുകളിലേയ്ക്ക് സംസ്ഥാന സർക്കാരിന്റെ സംവരണക്രമം പാലിച്ചാണ് പ്രവേശനം നൽകുന്നത്.

ന്യൂവാൽസിലെ പിഎച്ച്.ഡി. റെഗുലേഷൻ പ്രകാരം സംസ്ഥാന സർക്കാരിന്റെ സംവരണനയമനുസരിച്ച് നിലവിലെ റിസർച്ച് ഗൈഡിന് കീഴിലുള്ള ഒഴിവുകൾ ഗൈഡ് സ്കോളർ റേഷ്യോ, ലൈബ്രറി, മറ്റ് അക്കാദമിക സൗകര്യങ്ങൾ എന്നിവ പരിഗണിച്ചുകൊണ്ട് സംവരണം നൽകിവരുന്നു.

എ.പി.ജെ. അബ്ദുൽകലാം സാങ്കേതിക ശാസ്ത്ര സർവകലാശാലയിൽ സർവകലാശാല നടത്തുന്ന പിഎച്ച്.ഡി. പ്രവേശന പരീക്ഷയിൽ നിശ്ചിത യോഗ്യത നേടുന്നവർക്കെല്ലാം സർവകലാശാല അംഗീകരിച്ച റിസർച്ച് ഗൈഡുകളുടെ ലഭ്യതയ്ക്കനുസരിച്ച് പിഎച്ച്.ഡി. ചെയ്യുന്നതിനുള്ള അവസരം ലഭിക്കുന്നതാണ്. നിശ്ചിത എണ്ണം സീറ്റുകളിലേയ്ക്കല്ല പിഎച്ച്.ഡി. പ്രവേശനം നടത്തുന്നത് എന്നതുകൊണ്ടുതന്നെ സംവരണ വിഭാഗങ്ങൾക്ക് നിശ്ചിത എണ്ണം സീറ്റുകൾ മാറ്റി വച്ചിട്ടില്ല. പകരം സർവകലാശാലയുടെ ഗവേഷണ റെഗുലേഷനുകൾ പ്രകാരം സംവരണ വിഭാഗങ്ങൾക്ക് പിഎച്ച്.ഡി. പ്രവേശനത്തിലെ യോഗ്യത മാനദണ്ഡങ്ങളിൽ നിശ്ചിത ശതമാനം ഇളവ് നൽകുന്നുണ്ട്. എന്നാൽ കേരളത്തിൽ AICTE ഡോക്ടറൽ ഫെലോഷിപ്പിനുവേണ്ടിയുള്ള പ്രവേശനം ഈ സർവകലാശാല നേരിട്ടാണ് നടത്തുന്നത്. ഓരോ വർഷവും 10 സീറ്റുകളാണ് ഇതിനായി AICTE സംസ്ഥാനത്തിന് അനുവദിച്ചുതരുന്നത്. ഇതിൽ OBC-3, SC-1, ST-1, EWS-1 സീറ്റുകൾ എന്ന ക്രമത്തിൽ സംവരണം നടപ്പാക്കുന്നുണ്ട്.

(ബി) റിസർച്ച് ഗൈഡായി പത്തുവർഷത്തോളം പ്രവർത്തന പരിചയമുണ്ടായിട്ടും പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഗൈഡ് ചെയ്തിട്ടില്ലാത്ത റിസർച്ച് ഗൈഡുമാരുടെ പേരുവിവരങ്ങൾ വിശദമാക്കാമോ?

റിസർച്ച് ഗൈഡായി പത്തുവർഷത്തോളം പ്രവർത്തന പരിചയമുണ്ടായിട്ടും പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഗൈഡ് ചെയ്തിട്ടില്ലാത്ത റിസർച്ച് ഗൈഡുമാരുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**മഹാത്മാഗാന്ധി സർവകലാശാലയിൽനിന്നും സാങ്കേതിക സർവകലാശാലയിൽ നിയമിതരായ ജീവനക്കാർ**

194(1891) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി സർവകലാശാലയിൽനിന്നും ഓപ്ഷൻ മുഖേന സാങ്കേതിക സർവകലാശാലയിൽ നിയമിതരായ ജീവനക്കാരുടെ നിയമന മാനദണ്ഡങ്ങളും സീനിയോറിറ്റിയും നിശ്ചയിക്കുന്നത് സംബന്ധിച്ച്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഹൈക്കോടതി 10-05-2022-ന് പുറപ്പെടുവിച്ച ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഉത്തരവിനെതിരെ അപ്പീൽ നൽകിയിട്ടും സ്റ്റേ ലഭിച്ചിട്ടില്ലെന്ന കാരണം ചൂണ്ടിക്കാട്ടി ഹൈക്കോടതിതന്നെ 22-07-2022-ന് ഈ വിധിതന്നെ സമാനമായ മറ്റൊരു ഹർജിയിലും പുറപ്പെടുവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ കോടതിവിധികൾക്കനുസൃതമായാണോ സാങ്കേതിക സർവകലാശാലയിൽ നിയമിതരായ മഹാത്മാഗാന്ധി സർവകലാശാലയിലെ ജീവനക്കാരുടെ ഓപ്ഷൻ സ്വീകരിച്ചതെന്നും നിയമനം നൽകിയതെന്നും സീനിയോറിറ്റി നിശ്ചയിച്ച് പ്രമോഷൻ നൽകിയതെന്നും വ്യക്തമാക്കാമോ?

2015-ലെ എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ സർവകലാശാലയുടെ ആക്ടിലെ വ്യവസ്ഥകൾ നൽകിയ അധികാരങ്ങൾ വിനിയോഗിച്ച് സർക്കാർ പുറപ്പെടുവിച്ച 2020-ലെ ആദ്യ സ്റ്റാറ്റ്യൂട്ടിൽ അനുശാസിക്കുന്നതിൻപ്രകാരം 04-02-2022-ൽ കേരള ഗസറ്റിൽ

പ്രസിദ്ധീകരിച്ച 408 നമ്പർ ഓർഡിനൻസിലെ വ്യവസ്ഥകൾ പ്രകാരമാണ് മഹാത്മാഗാന്ധി സർവകലാശാലയിൽനിന്നുൾപ്പെടെ ഓപ്ഷൻ വഴി നിയമനം നടത്തുകയും ജീവനക്കാരുടെ സീനിയോറിറ്റി നിശ്ചയിച്ച് പ്രൊമോഷൻ നൽകുകയും ചെയ്തിട്ടുള്ളത്.

(സി) ഇല്ലെങ്കിൽ മേൽ സൂചിപ്പിച്ച ഹൈക്കോടതി ഉത്തരവുകൾ നടപ്പാക്കുന്നത് സ്റ്റേ ചെയ്തുകൊണ്ടുള്ള മേൽ കോടതി ഉത്തരവിന്റെയും സാങ്കേതിക സർവകലാശാല ആക്ടിലെ 7(5), 7(3) വകുപ്പുകൾ പ്രകാരം നിയമിതരായ ജീവനക്കാരുടെ പ്രത്യേക സീനിയോറിറ്റി ലിസ്റ്റുകളുടെയും പകർപ്പ് ലഭ്യമാക്കാമോ?

ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 10/2022, WP(C) No.30702/2021 നമ്പർ കേസുകളിലെ വിധികൾക്കെതിരെ അപ്പീൽ നൽകിയിട്ടുള്ളതും ആയത് WA No.103/2023 നമ്പരായി ഹൈക്കോടതി ഫയലിൽ സ്വീകരിച്ച് എതിർ കക്ഷികൾക്ക് നോട്ടീസ് അയയ്ക്കുകയും ചെയ്തിട്ടുള്ളതാകുന്നു. അപ്പീൽ ഫയൽ ചെയ്ത സാഹചര്യത്തിലും ആയത് ഫയലിൽ സ്വീകരിച്ചിട്ടുള്ളതിനാലും സിംഗിൾ ബഞ്ച് വിധിയുടെ

അടിസ്ഥാനത്തിൽ രണ്ടുതരത്തിലുള്ള സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. റിട്ട് അപ്പീലിലെ അന്തിമ വിധിക്ക് വിധേയമായി നടപടി കൈക്കൊള്ളുന്നതായിരിക്കും.

(ഡി) മേൽ സൂചിപ്പിച്ച ഹൈക്കോടതി ഉത്തരവുകളുമായി ബന്ധപ്പെട്ട് നിയമ വകുപ്പിൽനിന്നും സ്റ്റാൻഡിംഗ് കൗൺസിലിൽനിന്നും സാങ്കേതിക സർവകലാശാലയ്ക്കും സർക്കാരിനും ലഭിച്ച നിയമോപദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ?

നിയമോപദേശങ്ങളുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.+

**പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണം**

195(1892) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പെരിങ്ങോം കോളേജിന്റെ കെട്ടിട നിർമ്മാണത്തിനായി DPR ഉണ്ടാക്കുന്നതിന്റെ ഭാഗമായി KITCO ടോപോഗ്രാഫിക് സർവെയും മണ്ണ് സർവെയും നടത്തുകയും PRICE DSR 2016-ന്റെ അടിസ്ഥാനത്തിൽ 9.72 കോടിയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത പ്രൊപ്പോസലിന് കിഫ്ബി സാമ്പത്തിക അനുമതിയും സാങ്കേതികാനുമതിയും നൽകുകയും ടെണ്ടർ നടത്തുകയും ചെയ്തു. ടി ടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനാൽ നാളിതുവരെ കോൺട്രാക്ട് നൽകാൻ കഴിഞ്ഞിട്ടില്ല. DSR 2018 നിലവിൽ വന്നതിനാൽ 11.99 കോടിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയാറാക്കുകയും പ്രസ്തുത പ്രൊപ്പോസലിന് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. KITCO റീ ടെൻഡർ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിൽ കാലതാമസം നേരിടുന്ന ഘട്ടത്തിൽ ഈ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നിട്ടുണ്ടോ; എങ്കിൽ പ്രസ്തുത യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

(ബി&സി) പദ്ധതി നിർവ്വഹണത്തിലെ കാലതാമസം ചർച്ച ചെയ്യുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആവശ്യപ്രകാരം 02-03-2023-ൽ യോഗം ചേരുകയും ധനകാര്യ അനുമതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ KITCO-യെ ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് KIIFB-യിൽനിന്ന് അനുമതി ലഭ്യമായി. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ നിർമ്മാണ പ്രവർത്തനങ്ങളുടെ അവലോകന യോഗം 05-07-2023-ന് ചേരുകയും പദ്ധതി നിർവ്വഹണ ഏജൻസികളായ KITE, KITCO, KSITL എന്നീ SPV-കളുടെ പ്രതിനിധികളുമായി കിഫ്ബി വർക്കുകളുടെ അവലോകനം നടത്തുകയും ചെയ്തു. പ്രസ്തുത അവലോകന യോഗത്തിൽ റീടെൻഡർ നടപടികൾ ഉടൻ ആരംഭിക്കുമെന്ന് KITCO പ്രതിനിധി അറിയിച്ചിട്ടുണ്ട്.

**ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയ്ക്ക് ആസ്ഥാന മന്ദിരം**

196(1893) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയ്ക്ക് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് ഭൂമി കണ്ടെത്തുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദവിവരം ലഭ്യമാക്കുമോ?

ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയ്ക്ക് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് ഭൂമി കണ്ടെത്തുന്നതിനായി പത്രമാധ്യമങ്ങളിലൂടെ താൽപര്യപത്രം ക്ഷണിച്ചതിനെ തുടർന്ന്, കൊല്ലം ജില്ലയിൽ മുണ്ടയ്ക്കൽ വില്ലേജിൽ 3 ഹെക്ടർ 29 ആർ 20 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലം യൂണിവേഴ്സിറ്റിക്ക് വിലയ്ക്ക് നൽകാമെന്ന് അറിയിച്ച് വസ്തു ഉടമ താൽപര്യപത്രം സമർപ്പിച്ചിരുന്നു.

ഇതിനോടനുബന്ധിച്ച്, പ്രസ്തുത ഭൂമിയുടെ മണ്ണ് പരിശോധനാ റിപ്പോർട്ട്, ഭൂമി തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽ വരുന്നതാണോ എന്ന

സർട്ടിഫിക്കറ്റ്, കുടിവെള്ളത്തിന്റെ ലഭ്യതാ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കാൻ വസ്തുഉടമയോട് യൂണിവേഴ്സിറ്റി നിർദ്ദേശിച്ചിരുന്നു.

ഇതനുസരിച്ച് മണ്ണ് പരിശോധനാ റിപ്പോർട്ടും കുടിവെള്ളത്തിന്റെ ലഭ്യതാ സർട്ടിഫിക്കറ്റും വസ്തുഉടമ ഹാജരാക്കി. എന്നാൽ ഭൂമി, തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽ വരുന്നതാണോ എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

13-06-2023-ൽ വസ്തുഉടമ മരണപ്പെട്ടതിനാൽ പ്രസ്തുത ഭൂമിയുടെ ഇനിയുള്ള അവകാശികൾ ആരെന്ന് തെളിയിക്കുന്ന Legal Heir Certificate/Succession Certificate ഹാജരാക്കണമെന്ന് 15-07-2023-ൽ സർവകലാശാലയിൽനിന്നും വസ്തു ഉടമയുടെ ഭാര്യയോട് കത്ത് മുഖേന ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) ഏതെങ്കിലും സർക്കാർ വകുപ്പുകളുടെ അധീനതയിലുള്ള ഭൂമി ഇതിനായി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

## സർവകലാശാലകളിലെ താൽക്കാലിക അധ്യാപക നിയമനം

197(1894) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം സർവകലാശാലകളാണ് തങ്ങളുടെ പഠനവകുപ്പുകളിൽ കരാർ, ദിവസ വേതനം, സമയദൈർഘ്യത്തിന് വേതനം നൽകുന്ന മണിക്കൂറടിസ്ഥാനത്തിൽ എന്നീ രീതികളിൽ താൽക്കാലിക അധ്യാപക നിയമനം നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; ഇപ്രകാരം നിയമനം നടത്തിയ തസ്തികകളുടെ വിശദാംശങ്ങൾ സർവകലാശാല തിരിച്ച് ലഭ്യമാക്കാമോ; ഇത്തരം മുഴുവൻ താൽക്കാലിക നിയമനങ്ങളിലും കെ.എസ്.&എസ്.എസ്.ആർ.-ലെ സംവരണ തത്വങ്ങൾ പാലിക്കേണ്ടതുണ്ടോയെന്ന് വിശദമാക്കാമോ?

ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിൽവരുന്ന കേരള സർവകലാശാല, മഹാത്മാഗാന്ധി സർവകലാശാല, കാലിക്കറ്റ് സർവകലാശാല, കണ്ണൂർ സർവകലാശാല, കുസാറ്റ്, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, നുവാൽസ്, ശ്രീനാരായണഗുരു

ഓപ്പൺ സർവകലാശാല എന്നീ സർവകലാശാലകൾ തങ്ങളുടെ പഠനവകുപ്പുകളിൽ/പഠന സ്കൂളുകളിൽ കരാർ, ദിവസ വേതനം, സമയദൈർഘ്യത്തിന് വേതനം എന്നീ രീതികളിൽ അധ്യാപക നിയമനം നടത്തിയിട്ടുണ്ട്. പ്രസ്തുത നിയമനങ്ങൾ അതത് സർവകലാശാലകളുടെ ആക്ടുകളുടെയും സ്റ്റാറ്റ്യൂട്ടുകളുടെയും അടിസ്ഥാനത്തിലാണ് നടത്തിയിട്ടുള്ളത്.

(ബി) കെ.എസ്. & എസ്.എസ്.ആർ. പാർട്ട് II, ജനറൽ റൂൾസിലെ റൂൾ (1) സംസ്ഥാനത്തെ സർവകലാശാല നിയമനങ്ങൾക്കും ബാധകമാണെന്നിരിക്കെ ചില സർവകലാശാലകൾ താൽക്കാലികമായി മണിക്കൂറടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുമ്പോൾ സംവരണതത്വം പാലിക്കാത്തത് നിയമ വിരുദ്ധമല്ലേയെന്നും സർവകലാശാല ചട്ടങ്ങൾക്ക് തന്നെ നിരക്കാത്തതല്ലേയെന്നും പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സർവകലാശാലകളുടെ ആക്ടുകളുടെയും സ്റ്റാറ്റ്യൂട്ടുകളുടെയും അടിസ്ഥാനത്തിലാണ് താൽക്കാലികമായി അധ്യാപക നിയമനം നടത്തുന്നത്.

(സി) കേരളത്തിലെ ഏതെങ്കിലും സർവകലാശാലകൾ ഇത്തരത്തിൽ നിയമവിരുദ്ധമായി അധ്യാപക തസ്തികകളിൽ കരാർ, ദിവസ വേതനം, മണിക്കൂറടിസ്ഥാനത്തിൽ എന്നിങ്ങനെ താൽക്കാലിക നിയമനം നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരുത്താനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

സർവകലാശാലകൾ നിയമവിരുദ്ധമായി അധ്യാപക തസ്തികകളിൽ കരാർ, ദിവസവേതനം, മണിക്കൂറടിസ്ഥാനത്തിൽ എന്നിങ്ങനെ താൽക്കാലിക നിയമനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കൊച്ചി സർവകലാശാല സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് ഓഫീസിലെ ആക്രമണം**

198(1895) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സർവകലാശാല സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് ഓഫീസിൽ 2023 ജൂൺ 20-ന് നടന്ന ആക്രമണത്തിൽ വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും പരിക്ക് പറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് നാളിതുവരെ സർവകലാശാല യാതൊരു പരാതിയും പോലീസിൽ നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

2023 ജൂൺ 20-ന് തന്നെ പോലീസിൽ പരാതി നൽകിയിട്ടുണ്ട്.

(സി) പോലീസിന് പരാതി സമർപ്പിക്കുന്നതിൽ കാലതാമസമുണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

കാലതാമസം ഉണ്ടായിട്ടില്ല.

(ഡി) ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ പരിക്കേറ്റ സർവകലാശാല ജീവനക്കാർക്ക് ചികിത്സ ചെലവ് ഉൾപ്പെടെ എന്തൊക്കെ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടെന്ന് വ്യക്തമാക്കുമോ?

മെഡിക്കൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പരിക്കേറ്റ ജീവനക്കാർക്ക് ഡിസെബിലിറ്റി ലീവ് അനുവദിച്ചിട്ടുണ്ട്.

(ഇ) കാമ്പസിൽ സമാധാന അന്തരീക്ഷം നിലനിർത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പ്രിൻസിപ്പലിന്റെയും SOE സ്കൂൾ കൗൺസിലിന്റെയും റിപ്പോർട്ട് പ്രകാരം കൊച്ചി സർവകലാശാല സ്റ്റുഡന്റ് കോഡ്-2005 അനുശാസിക്കുന്ന ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പോലീസിന്റെയും യൂണിവേഴ്സിറ്റി സെക്യൂരിറ്റിയുടെയും അധിക നിരീക്ഷണം കാമ്പസിൽ ഏർപ്പെടുത്തിയിട്ടുണ്ട്. തുടർ അനിഷ്ട സംഭവങ്ങൾ ഒന്നുംതന്നെ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല.

**പ്ലേസ്മെന്റ് സെല്ലുകൾ മുഖേന തൊഴിൽ ലഭിച്ച വിദ്യാർഥികൾ**

199(1896) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020, 2021, 2022 വർഷങ്ങളിൽ സംസ്ഥാനത്തെ സർവകലാശാലകളിലെയും കോളേജുകളിലെയും പ്ലേസ്മെന്റ് സെല്ലുകൾ മുഖേന വിവിധ തൊഴിലുകളിലേയ്ക്ക് നേരിട്ട് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം സർവകലാശാലകൾ തിരിച്ച് നൽകാമോ; ആയതിൽ സ്ത്രീകൾ, പുരുഷൻമാർ എത്ര വീതമുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**സാങ്കേതിക സർവകലാശാലയിലെ സിൻഡിക്കേറ്റ് അംഗങ്ങളുടെ ടി.എ., സിറ്റിംഗ് ഫീസ്**

200(1897) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാങ്കേതിക സർവകലാശാലയിൽ എത്ര സിൻഡിക്കേറ്റ് അംഗങ്ങളുണ്ട്; അംഗങ്ങൾ ഓരോരുത്തരും 2021 മുതൽ നാളിതുവരെ എത്ര രൂപ ടി.എ., സിറ്റിംഗ് ഫീസ് എന്നീ ഇനത്തിൽ കൈപ്പറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

17 സിൻഡിക്കേറ്റ് അംഗങ്ങൾ 2021 മുതൽ നാളിതുവരെ ടി.എ., സിറ്റിംഗ് ഫീസ് ഇനങ്ങളിൽ കൈപ്പറ്റിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**സർവകലാശാലകൾക്ക് ചാൻസലേഴ്സ് അവാർഡ് പദ്ധതിയിൽനിന്നും ഫണ്ട്**

201(1898) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) സംസ്ഥാനത്തെ ഏതെല്ലാം സർവകലാശാലകൾക്ക് ചാൻസലേഴ്സ് അവാർഡ് പദ്ധതിയിൽനിന്നും ഫണ്ട് ലഭ്യമായിട്ടുണ്ട്?

കേരള, മഹാത്മാഗാന്ധി, കുസാറ്റ് സർവകലാശാലകൾക്ക് ചാൻസലേഴ്സ് അവാർഡ് പദ്ധതിയിൽനിന്നും ഫണ്ട് ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഫണ്ട് ഉപയോഗപ്പെടുത്തി സർവകലാശാലകളിൽ വാങ്ങിയിട്ടുള്ള ഉപകരണങ്ങൾ സർവകലാശാലകളിലെ ഗവേഷക വിദ്യാർത്ഥികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കേരള സർവകലാശാലയിൽ പ്രസ്തുത ഫണ്ട് വിനിയോഗിച്ച് സർവകലാശാലയിലെ വിവിധ പഠനവിഭാഗങ്ങളിലായി 32 മൾട്ടിമീഡിയ പഠനമുറികളും 10 മൾട്ടിമീഡിയ തിയേറ്റർ പഠനമുറികളും സജ്ജീകരിച്ചിട്ടുണ്ട്. ആയത് ഗവേഷക വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള വിദ്യാർത്ഥികൾ ഉപയോഗപ്പെടുത്തുന്നുണ്ട്.

എം.ജി. സർവകലാശാല ചാൻസലേഴ്സ് അവാർഡ് പദ്ധതിയിൽനിന്നും ലഭിച്ച തുക കൺവേർജൻസ് അക്കാഡമിയ കോംപ്ലക്സിൽ പ്രവർത്തിക്കുന്ന

സെന്ററുകളിലേയ്ക്ക് ലാബ്/ഗവേഷണ സംബന്ധമായ ഉപകരണങ്ങൾ വാങ്ങുന്നതിനും ഗവേഷക വിദ്യാർത്ഥികൾക്ക് ഫെല്ലോഷിപ്പ് നൽകുന്നതിനും സർവകലാശാലയുടെ മറ്റ് വികസന പ്രവർത്തനങ്ങൾക്കുമായി വിനിയോഗിച്ചിട്ടുണ്ട്. പ്രസ്തുത ലാബ് ഉപകരണങ്ങൾ ഗവേഷണ വിദ്യാർത്ഥികൾ പ്രയോജനപ്പെടുത്തുന്നുണ്ട്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല ചാൻസലേഴ്സ് അവാർഡ് പദ്ധതിയിൽനിന്നും ലഭിച്ച ഫണ്ട് സർവകലാശാലയിലെ ഗവേഷക വിദ്യാർത്ഥികൾക്ക് ഫെല്ലോഷിപ്പ് നൽകുന്നതിനും ഗവേഷണ പ്രോജക്ടുകളിൽ ഉപകരണങ്ങൾ വാങ്ങുന്നതിനും പ്രയോജനപ്പെടുത്തി.

**സർവകലാശാലകളുടെ സെനറ്റിലേയ്ക്കും സിൻഡിക്കേറ്റിലേയ്ക്കും നേരിട്ട് നിയമിച്ചവർ**

202(1899) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രാവീണ്യമുള്ള ആറുപേരെ വീതം കേരള, കാലിക്കറ്റ് സർവകലാശാലകളുടെ സെനറ്റിലേയ്ക്കും സിൻഡിക്കേറ്റിലേയ്ക്കും സർക്കാർ നേരിട്ട് നിയമിച്ചുവോ?

കേരള, കാലിക്കറ്റ് എന്നീ സർവകലാശാലകളിലെ സെനറ്റിലേയ്ക്കും സിൻഡിക്കേറ്റിലേയ്ക്കുമായി ഉന്നതവിദ്യാഭ്യാസ മേഖലയിൽ പ്രാവീണ്യമുള്ള 6 പേരെ വീതം സർക്കാർ നേരിട്ട് നാമനിർദ്ദേശം ചെയ്തിട്ടുണ്ട്.

(ബി) അവരുടെ പേരും ഉന്നത വിദ്യാഭ്യാസ മേഖലയിൽ അവർക്ക് എത്ര വർഷത്തെ പ്രാവീണ്യമുണ്ടെന്നും വ്യക്തമാക്കാമോ?

കേരള സർവകലാശാല സെനറ്റിലേയ്ക്കും സിൻഡിക്കേറ്റിലേയ്ക്കുമായി സർക്കാർ നാമനിർദ്ദേശം ചെയ്തവരുടെ വിവരം ചുവടെ ചേർക്കുന്നു:

1. അഡ്വ. മുരളീധരൻ പിള്ള ജി.
2. ഡോ. ഷിജുഖാൻ ജെ. എസ്.
3. ഡോ. പി. എം. രാധാമണി
4. ഡോ. എസ്. ജയൻ

5. ശ്രീ. ആർ. രാജേഷ്

6. ഡോ. കെ. ജി. ഗോപചന്ദ്രൻ

ഇവരിൽ അഡ്വ. മുരളീധരൻ പിള്ള ജി., ഡോ. ഷിജൂഖാൻ ജെ. എസ്., ഡോ. പി. എം. രാധാമണി, ശ്രീ. ആർ. രാജേഷ്, ഡോ. കെ. ജി. ഗോപചന്ദ്രൻ എന്നീ അംഗങ്ങൾ കേരള സർവകലാശാല മുൻ സിൻഡിക്കേറ്റ് അംഗങ്ങളായി പ്രവർത്തിച്ചിട്ടുണ്ട്. ഡോ. എസ്. ജയൻ, കൊല്ലം ശ്രീനാരായണ കോളേജിൽ മലയാളവിഭാഗം അസിസ്റ്റന്റ് പ്രൊഫസറായി പ്രവർത്തിക്കുന്നു.

കാലിക്കറ്റ് സർവകലാശാല സെനറ്റിലേയ്ക്കും സിൻഡിക്കേറ്റിലേയ്ക്കുമായി സർക്കാർ നാമനിർദ്ദേശം ചെയ്തവരുടെ വിവരം ചുവടെ ചേർക്കുന്നു:

1. അഡ്വ. പി. കെ. ഖലീമുദ്ദീൻ

2. അഡ്വ. എൽ. ജി. ലിജീഷ്

3. ഡോ. കാവുമ്പായി ബാലകൃഷ്ണൻ

4. ഡോ. വസുമതി ടി.

5. ഡോ. പ്രദ്യുപ്നൻ പി. പി.

6. ഡോ. റിച്ചാർഡ് സക്കറിയ

ഇവരിൽ ഡോ. കാവുമ്പായി ബാലകൃഷ്ണൻ 27 വർഷം കോളേജ് അധ്യാപകനായിരുന്നു. ഡോ. പ്രദ്യുപ്നൻ പി. പി. കഴിഞ്ഞ 27 വർഷമായി സർവകലാശാല ഫിസിക്സ് പഠന വകുപ്പിലും ഡോ. വസുമതി ടി., 14.5 വർഷത്തോളമായി എഡ്യുക്കേഷൻ പഠന വകുപ്പിലും ഡോ. റിച്ചാർഡ് സക്കറിയ പാലക്കാട് ചിറ്റൂർ ഗവൺമെന്റ് കോളേജിൽ ജ്യോഗ്രഫി വകുപ്പിലും അധ്യാപകരായി സേവനമനുഷ്ഠിച്ചുവരുന്നവരാണ്.

**കാലിക്കറ്റ് സർവകലാശാലയിൽ ഡിജിറ്റൽ ക്ലാസ് റൂമിനായി വാങ്ങിയ ഉപകരണങ്ങൾ**

203(1900) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷം കാലിക്കറ്റ് സർവകലാശാലയിലെ വിവിധ പഠന വകുപ്പുകളിൽ ഡിജിറ്റൽ ക്ലാസ് റൂം സ്ഥാപിക്കുന്നതിനായി വാങ്ങിയ

ഉപകരണങ്ങളുടെ പേര്, എണ്ണം, സ്പെസിഫിക്കേഷൻ, മാനുഫാക്ചറർ, ബ്രാൻഡ്, മോഡൽ, വില എന്നീ വിശദാംശം ലഭ്യമാക്കാമോ?

2022-23 വർഷം വിവിധ പഠന വകുപ്പുകളിൽ ഡിജിറ്റൽ ക്ലാസ് റൂം സ്ഥാപിക്കുന്നതിന് വാങ്ങിയ ഉപകരണങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത ഡിജിറ്റൽ ക്ലാസ് റൂം ഉപകരണങ്ങൾ വാങ്ങിയ ബില്ലുകളിൽ ഉപകരണങ്ങൾ സ്പെസിഫിക്കേഷൻ പ്രകാരമാണെന്നും പ്രവൃത്തിക്കുന്നുണ്ടെന്നും സാക്ഷ്യപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക പദവി, യോഗ്യത, വിദ്യാഭ്യാസ യോഗ്യത എന്നിവ വിശദമാക്കാമോ; ഇലക്ട്രോണിക് ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത സാക്ഷ്യപ്പെടുത്തുന്നതിനാവശ്യമായ യോഗ്യത, സാങ്കേതിക വിദ്യാഭ്യാസ യോഗ്യത എന്നിവ പ്രസ്തുത ഉദ്യോഗസ്ഥൻ കൈവരിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ?

സപ്ലൈ ചെയ്ത ഉപകരണങ്ങൾ സ്പെസിഫിക്കേഷൻ പ്രകാരമാണെന്ന് സാക്ഷ്യപ്പെടുത്തിയത് ടെക്നിക്കൽ കമ്മിറ്റിയാണ്. ടെക്നിക്കൽ കമ്മിറ്റിയിലെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അംഗങ്ങളായിരുന്ന ഉദ്യോഗസ്ഥരുടെ പേര്, ഔദ്യോഗിക പദവി എന്നിവ താഴെ കൊടുക്കുന്നു:

ഡോ. രവികുമാർ സി. ഡി., ഫിസിക്സ് പഠന വകുപ്പ് മേധാവി

ശ്രീ. ശിവദാസൻ കെ., ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയർ

ശ്രീ. രജീഷ് കെ. പി., സിസ്റ്റം അഡ്മിനിസ്ട്രേറ്റർ ഇൻ ചാർജ് ഓഫ് ഡയറക്ടർ, സി.യു.സി.സി.

യൂണിവേഴ്സിറ്റിയിൽ ഇവർ വഹിച്ചിരുന്ന പദവി പരിഗണിച്ചുകൊണ്ടാണ് ഇവരെ ടെക്നിക്കൽ കമ്മിറ്റിയിൽ ഉൾപ്പെടുത്തിയത്. ഉപകരണങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ പേര്, ഔദ്യോഗിക പദവി, യോഗ്യത എന്നിവ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.+

(സി) പ്രസ്തുത ഡിജിറ്റൽ ക്ലാസ് റൂം ഉപകരണങ്ങൾ വാങ്ങാനായി സ്പെസിഫിക്കേഷൻ നൽകിയ ഉദ്യോഗസ്ഥരുടെ പേര്, ഔദ്യോഗിക സ്ഥാനപ്പേര്, യോഗ്യത, സാങ്കേതിക യോഗ്യത എന്നിവ വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറുടെ ചുമതല വഹിച്ചിരുന്ന യൂണിവേഴ്സിറ്റി എഞ്ചിനീയർ, ഡിജിറ്റൽ ക്ലാസ് റൂം ഉപകരണങ്ങൾ വാങ്ങുന്നതിന് സ്പെസിഫിക്കേഷൻ നൽകുകയും താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെട്ട ടെക്നിക്കൽ കമ്മിറ്റി സ്പെസിഫിക്കേഷൻ അംഗീകരിക്കുകയും ചെയ്തു.

ടെക്നിക്കൽ കമ്മിറ്റിയിലെ ഉദ്യോഗസ്ഥരുടെ പേര്, ഔദ്യോഗിക പദവി എന്നിവ താഴെ നൽകുന്നു:

ഡോ. രവികുമാർ സി. ഡി., ഫിസിക്സ് പഠന വകുപ്പ് മേധാവി

അനിൽ കുമാർ വി. ആർ., ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയർ

ഡോ. ലജീഷ് വി. എൽ., ഡയറക്ടർ സി.യു.സി.സി.

(ഡി) പ്രസ്തുത ഡിജിറ്റൽ ക്ലാസ് റൂം ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ടെക്നിക്കൽ, ഫിനാൻഷ്യൽ ബിഡിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ; മേൽ സ്ഥാപനങ്ങളിൽ ഒരു സ്ഥാപനത്തിന്റെ ബിഡ് മാത്രം തുറക്കാൻ തീരുമാനിച്ചതിന്റെ കാരണവും മറ്റ് സ്ഥാപനങ്ങൾക്ക് സ്റ്റോഴ്സ് പർച്ചേയ്സ് മാന്വൽ പ്രകാരം നൽകേണ്ട പരിഗണനകൾ നൽകിയിട്ടുണ്ടോയെന്നും വിശദമാക്കാമോ?

ജെം (GeM) മുഖേന ക്ഷണിച്ച BOQ ബിഡിൽ ആർ.ജെ. എന്റർപ്രൈസസ്, കോട്ടയം, ഐ.ടി.ഐ. ലിമിറ്റഡ് പാലക്കാട് എന്നീ സ്ഥാപനങ്ങൾ പങ്കെടുക്കുകയുണ്ടായി. 31-05-2022 തീയതിയിൽ ചേർന്ന ടെക്നിക്കൽ കമ്മിറ്റി യോഗം ബിഡുകളുടെ സാങ്കേതിക പരിശോധന നടത്തുകയും ആർ.ജെ. എന്റർപ്രൈസസ്, കോട്ടയം സമർപ്പിച്ച ബിഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ലെന്ന് കണ്ടെത്തുകയും പ്രസ്തുത സ്ഥാപനത്തിന്റെ ബിഡ് നിരസിക്കാൻ ശിപാർശ ചെയ്യുകയുമുണ്ടായി. ആയതിനാൽ, സ്റ്റോർ പർച്ചേസ് മാന്വൽ clause 9.7 (vi) പ്രകാരം ആർ.ജെ. എന്റർപ്രൈസസ്, കോട്ടയം സമർപ്പിച്ച ബിഡ് നിരസിക്കുകയുണ്ടായി. ടെക്നിക്കൽ യോഗ്യതയില്ലാത്ത ടെണ്ടറുകൾക്ക് പരിഗണന നൽകാൻ സ്റ്റോർ പർച്ചേസ് മാന്വലിൽ നിഷ്കർഷിക്കുന്നില്ല.

(ഇ) പ്രസ്തുത സ്മാർട്ട് ക്ലാസ് റൂം ഉപകരണങ്ങൾ വിതരണം ചെയ്ത സ്ഥാപനം 2019-20 മുതൽ നാളിതുവരെ കാലിക്കറ്റ് സർവകലാശാലയിൽ സപ്ലൈ ചെയ്ത കമ്പ്യൂട്ടറുകൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവയുടെ

പേര്, എണ്ണം, സ്പെസിഫിക്കേഷൻ, വില, ആകെ ബിൽ തുക എന്നീ വിശദാംശം ലഭ്യമാക്കാമോ?

ഐ.ടി.ഐ. ലിമിറ്റഡ് പാലക്കാട് എന്ന സ്ഥാപനം 2019-20 മുതൽ സപ്ലൈ ചെയ്ത കമ്പ്യൂട്ടർ, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു.+

**ദേശീയപാത വികസനത്തിന്റെ ഭാഗമായി കാലിക്കറ്റ് സർവകലാശാലയ്ക്ക് അനുവദിച്ച നഷ്ടപരിഹാര തുക**

204(1901) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനത്തിന്റെ ഭാഗമായി കാലിക്കറ്റ് സർവകലാശാലയുടെ കൈവശമുള്ള ഭൂമിയും അതിലെ കെട്ടിടങ്ങളും ഏറ്റെടുത്തതിന് അനുവദിച്ച നഷ്ടപരിഹാരതുക സർക്കാരിന്റെ പേരിലുള്ള ട്രഷറി നിക്ഷേപമായി തന്നെയാണോ നിലനിൽക്കുന്നത്; വിശദമാക്കാമോ?

ദേശീയ പാത വികസനത്തിനുവേണ്ടി ഏറ്റെടുത്ത ചേലേമ്പ്ര, പള്ളിക്കൽ, തേഞ്ഞിപ്പലം, മുന്നിയൂർ എന്നീ വില്ലേജുകളിലെ സർവകലാശാല

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഭൂമിയുടെയും കുഴിക്കൂർ ചമയങ്ങളുടെയും നഷ്ടപരിഹാര തുകയായി വിലയിരുത്തപ്പെട്ട ₹95,30,48,050/- രൂപയിൽനിന്നും നിക്ഷേപിക്കപ്പെട്ട ₹94,40,86,946/- രൂപ, (തർക്കം നിലനിൽക്കുന്നതിനാൽ ശേഷിക്കുന്ന തുക കോടതിയുടെ മേൽനോട്ടത്തിൽ നിക്ഷേപിച്ചിട്ടുണ്ട്) സർക്കാർ നിർദ്ദേശപ്രകാരം ട്രഷറിയിൽ നിക്ഷേപിച്ചതായി കോംപീറ്റന്റ് അതോറിറ്റി & ഡെപ്യൂട്ടി കളക്ടർ ലാൻഡ് അക്വിസിഷൻ (NH) മലപ്പുറം D142/2022/KDY/1 dated 03-02-2022, D409/2022/TGI/1648 dated: 03-03-2021, D4464/2021/TGI/556 dated: 28-02-2022 & D410/2021/KDY/10 dated: 03-03-2022 എന്നീ നടപടിക്രമങ്ങൾ പ്രകാരം അറിയിച്ചിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത നഷ്ടപരിഹാരതുക ലഭിക്കുന്നതിന് കാലിക്കറ്റ് സർവകലാശാല നാളിതുവരെ സ്വീകരിച്ച നടപടികളുടെയും കത്തിടപാടുകളുടെയും വിശദാംശം, രേഖകളുടെ പകർപ്പുകൾ സഹിതം ലഭ്യമാക്കാമോ?

സർവകലാശാല ഭൂമിയും കുഴികൂർ ചമയങ്ങളും ഏറ്റെടുത്തതിന്റെ നഷ്ടപരിഹാര തുക എത്രയും പെട്ടെന്ന് സർവകലാശാലയ്ക്ക് നേരിട്ട്

കൈമാറുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സർവകലാശാല താഴെ കൊടുത്തിരിക്കുന്ന വിവിധ കത്തുകളിലൂടെ അറിയിച്ചിട്ടുണ്ട്:

1. 16-10-2021-ലെ 17657/PLD-B-ASST-1/2019/Admn. നമ്പർ കത്ത് 2. 20-01-2022- ലെ 17657/PLD-B-ASST-1/2019/Admn. നമ്പർ കത്ത്

3. 22-03-2022-ലെ 55771/PLD-B-ASST-1/2022/Admn. നമ്പർ കത്ത്

4. 22-03-2022-ലെ 55771/PLD-B-ASST-1/2022/Admn. നമ്പർ കത്ത്

5. 30-12-2022-ലെ 301389/PLD-B-SO/2022/Admn. നമ്പർ കത്ത്

6. 10-03-2023-ലെ 301389/PLD-B-SO/2022/Admn. നമ്പർ കത്ത്

7. 24-04-2023-ലെ 301389/PLD-B-SO/2022/Admn. നമ്പർ കത്ത്

8. 01-08-2023-ലെ 301389/PLD-B-SO/2022/Admn. നമ്പർ കത്ത്

9. 07-08-2023-ലെ 301389/PLD-B-SO/2022/Admn. നമ്പർ കത്ത്

കൂടാതെ, 17-03-2022, 01-04-2022, 16-04-2022, 24-05-2022, 25-08-2022 & 08-06-2022 തീയതികളിലെ 67261/PLD-B-ASST-1/2018/Admn.,

കത്തുകൾ പ്രകാരം ദേശീയപാതയുടെ വീതികൂട്ടൽമൂലം തകരുന്ന സർവകലാശാലയുടെ ജലവിതരണ സംവിധാനം പുനഃസ്ഥാപിക്കുന്ന പ്രവൃത്തിക്കുവേണ്ടി തുക അനുവദിക്കുന്നതിന് അഭ്യർത്ഥിക്കുകയും പ്രസ്തുത പ്രവൃത്തിക്കുവേണ്ടി 8.06 കോടി രൂപ 18-05-2022-ലെ GO(Rt)No.722/2022/HEdn., 22-06-2022-ലെ GO(Rt) No.945/2022/HEdn., & 10-07-2022-ലെ GO(Rt) No.1043/2022/HEdn., സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിക്കുകയും പ്രസ്തുത തുക സർക്കാർ നിർദ്ദേശപ്രകാരം NHAI-യുടെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട് (മേൽ രേഖകളുടെ പകർപ്പുകൾ അനുബന്ധം 1 ആയി ചേർക്കുന്നു).+

(സി) സ്വന്തം ഫണ്ടുപയോഗിച്ചാണ് ഭൂമി വാങ്ങിയതെന്ന രേഖകൾ സമർപ്പിക്കാൻ കാലിക്കറ്റ് സർവകലാശാലയ്ക്ക് നിർദേശം നൽകിയിട്ടുണ്ടോയെന്നും അപ്രകാരം രേഖകൾ സമർപ്പിക്കുന്ന പക്ഷം നഷ്ടപരിഹാരത്തുക നൽകുമെന്ന് തീരുമാനമെടുത്തിട്ടുണ്ടോയെന്നും വിശദമാക്കാമോ; പ്രസ്തുത രേഖകൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സ്വന്തം ഫണ്ടുപയോഗിച്ചാണ് ഭൂമി വാങ്ങിയതെന്ന വിവരം ലഭ്യമാക്കാൻ കാലിക്കറ്റ് സർവകലാശാലയോട് 21-03-2023-ലെ B1/284/2022/HEdn., നമ്പർ കത്തുപ്രകാരം ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത കത്തിന് മറുപടിയായി 24-04-2023-ലെ 301389/PLD-B-SO/2022/Admn., നമ്പർ കത്തുപ്രകാരം സർവകലാശാല അതിന്റെ കൈവശമുള്ള മുഴുവൻ ഭൂമിക്കും കൃത്യമായി ഭൂനികുതി അടച്ചുവരുന്നതും ഭൂമി സംബന്ധമായ എല്ലാ രേഖകളും (നികുതി രസീതുകളും ബാധ്യത രഹിത കൈവശ സർട്ടിഫിക്കറ്റും BTR രജിസ്റ്റർ പകർപ്പും നഷ്ടപരിഹാരത്തുക ലഭ്യമാക്കേണ്ട ബാങ്ക് അക്കൗണ്ട് നമ്പറും മറ്റ് വിവരങ്ങളും) ബന്ധപ്പെട്ട ഹിയറിംഗുകളിൽ സമർപ്പിച്ചിട്ടുള്ളതുമാണെന്നും ആയതിനാൽ സർവകലാശാല ഭൂമിയും കുഴികൂർ ചമയങ്ങളും ഏറ്റെടുത്തതിന്റെ നഷ്ടപരിഹാരത്തുക എത്രയും പെട്ടന്ന് സർവകലാശാലയ്ക്കുതന്നെ നേരിട്ട് കൈമാറുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചിരുന്നു (രേഖകളുടെ പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു).+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ഡി) സർവകലാശാല പ്രോജക്ടുകൾ സമർപ്പിക്കുന്നപക്ഷം നഷ്ടപരിഹാരത്തുക നൽകുമെന്ന് തീരുമാനിച്ചിരുന്നോ; അപ്രകാരം സർവകലാശാല സമർപ്പിച്ച പ്രോജക്ടുകൾ, അനുവദിച്ച തുക എന്നിവയുടെ വിശദാംശം രേഖകളുടെ പകർപ്പ് സഹിതം ലഭ്യമാക്കാമോ?

ദേശീയപാത വികസനത്തിനുവേണ്ടി ഏറ്റെടുത്ത ചേലേമ്പ്ര, പള്ളിക്കൽ, തേഞ്ഞിപ്പാലം, മൂന്നിയൂർ എന്നീ വില്ലേജുകളിലെ സർവകലാശാല ഭൂമിയുടെയും കുഴിക്കൂർ ചമയങ്ങളുടെയും നഷ്ടപരിഹാരത്തുകയായി വിലയിരുത്തപ്പെട്ട ₹95,30,48,050/- രൂപയിൽനിന്നും നിക്ഷേപിക്കപ്പെട്ട ₹94,40,86,946/- രൂപ, സർക്കാർ നിർദ്ദേശ പ്രകാരം ട്രഷറിയിൽ നിക്ഷേപിച്ചതായി കോംപീറ്റന്റ് അതോറിറ്റി & ഡെപ്യൂട്ടി കളക്ടർ ലാൻഡ് അക്വിസിഷൻ (NH) മലപ്പുറം അറിയിച്ചിരുന്നു. ദേശീയപാതയുടെ വീതികൂട്ടൽമൂലം തകരുന്ന സർവകലാശാലയുടെ ജലവിതരണ സംവിധാനം പുനഃസ്ഥാപിക്കുന്ന പ്രവൃത്തിക്കുവേണ്ടി 8.06 കോടി രൂപ 10-07-2022-ലെ GO(Rt)No.1043/2022/HEdn പ്രകാരം അനുവദിക്കുകയും പ്രസ്തുത തുക NHAI-യുടെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ്

ചെയ്യുകയും ചെയ്തിട്ടുണ്ട്. സർവകലാശാലയെ ദേശീയ പ്രശസ്തിയിലേയ്ക്ക് മാറ്റാൻ സഹായിക്കുന്ന, സർവകലാശാലയുടെ വികസനത്തിന് അത്യന്താപേക്ഷിതമായ 86.40 കോടി രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ (ജലവിതരണ സംവിധാനം പുനഃസ്ഥാപിക്കുന്നതിന് അനുവദിച്ച തുക കുറച്ചതിനുശേഷം ശേഷിക്കുന്ന തുക) സർവകലാശാല 04-06-2022-ലെ VC/2022/LR/81 നമ്പർ കത്തുപ്രകാരം സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, 01-08-2023 &07-08-2023 തീയതികളിലെ 301389/PLD-B-SO/2022/Admn നമ്പർ കത്തുകൾ പ്രകാരം വിശദമായ പദ്ധതി നിർദ്ദേശങ്ങൾ സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട് (മേൽ രേഖകളുടെ പകർപ്പുകൾ അനുബന്ധം 3 ആയി ചേർക്കുന്നു).+

(ഇ) ദേശീയപാത വികസനത്തിന്റെ ഭാഗമായി ലഭിക്കേണ്ട നഷ്ടപരിഹാരത്തുക നേടിയെടുക്കുന്നതിൽ കാലിക്കറ്റ് സർവകലാശാലയുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചതായി കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ദേശീയപാത വികസനത്തിന്റെ ഭാഗമായി ലഭിക്കേണ്ട നഷ്ടപരിഹാരത്തുകയുമായി ബന്ധപ്പെട്ട് കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ 2020-2021 വർഷത്തെ ഓഡിറ്റ് പരാമർശം Part II B Part I നിലനിൽക്കുന്നുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം 4 ആയി ചേർക്കുന്നു.+

**കാലിക്കറ്റ് സർവകലാശാലയിലെ റേഡിയോ സി.യു.-വിന്റെ പ്രവർത്തനം**

205(1902) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാലയിൽ റേഡിയോ സി.യു. എന്ന പേരിൽ ഒരു കമ്മ്യൂണിറ്റി/ഇന്റർനെറ്റ് റേഡിയോ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

സർവകലാശാലയിൽ ഉൽപ്പാദിപ്പിക്കുന്ന അക്കാദമികവും സർഗ്ഗാത്മകവുമായ ഉള്ളടക്കങ്ങളെ പുറംലോകത്തെത്തിക്കുകയെന്ന ആവശ്യാർത്ഥം കാലിക്കറ്റ് സർവകലാശാല 'റേഡിയോ സി.യു.' എന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പേരിൽ ഒരു കമ്മ്യൂണിറ്റി ഇന്റർനെറ്റ് റേഡിയോ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തനങ്ങൾക്കായി നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കാമോ?

കാലിക്കറ്റ് സർവകലാശാലയിലെ റേഡിയോ സി.യു.-വിന്റെ പ്രവർത്തനങ്ങൾക്കായി നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം ഇനം തിരിച്ച് താഴെച്ചേർക്കുന്നു:

| | |
|---|---|
| • ഓഫീസ് | Rs. 78,225/- |
| • ടെക്നിക്കൽ/ലാൻ | Rs.2,12,760/- |
| • പർച്ചേസും ഇൻസ്റ്റലേഷനും | Rs.9,89,717/- |
| • തീം സോങ് | Rs.27,000/- |
| • ശമ്പളം | Rs.6,20,662/- |
| **ആകെ** | **Rs.19,28,364/-** |

(സി) റേഡിയോ സി.യു.-വിന്റെ ഭാഗമായി നടത്തിയ നിയമനങ്ങളുടെയും ജീവനക്കാർക്ക് നാളിതുവരെ ശമ്പളം, വേതനം എന്നീ ഇനത്തിൽ അനുവദിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കാമോ?

റേഡിയോ സി.യു.-വിലെ പ്രോഗ്രാം എക്സിക്യൂട്ടീവ്, സൗണ്ട് റെക്കോർഡിസ്റ്റ് എന്നീ തസ്തികകളിലേയ്ക്ക് 02-07-2022-ന് പ്രസിദ്ധീകരിച്ച വിജ്ഞാപനപ്രകാരം, 13-07-2022-ന് നിലവിൽവന്ന റാങ്ക് പട്ടികകളിൽനിന്നും പ്രോഗ്രാം എക്സിക്യൂട്ടീവ് തസ്തികയിൽ 30,000/- രൂപ (മുപ്പതിനായിരം രൂപ മാത്രം) ഏകീകൃത പ്രതിമാസ വേതനത്തിൽ 21-07-2022 പൂർവ്വാഹ്നം പ്രാബല്യത്തിൽ ഒരു ജീവനക്കാരനും സൗണ്ട് റെക്കോർഡിസ്റ്റ് തസ്തികയിൽ 25,000/- രൂപ (ഇരുപത്തി അയ്യായിരം രൂപ മാത്രം) ഏകീകൃത പ്രതിമാസ വേതനത്തിൽ 25-07-2022 പൂർവ്വാഹ്നം പ്രാബല്യത്തിൽ ഒരു ജീവനക്കാരനും കരാർ അടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്.

കാലിക്കറ്റ് സർവകലാശാലയിലെ റേഡിയോ സി.യു.-വിന്റെ പ്രവർത്തനങ്ങൾക്കായി ശമ്പളം/വേതനം എന്നീ ഇനത്തിൽ നാളിതുവരെ ചിലവഴിച്ച തുക ₹ 6,20,662/- ആണ്.

(ഡി) റേഡിയോ സി.യു.-വിന്റെ ഡയറക്ടർ, എക്സിക്യൂട്ടീവ് ഡയറക്ടർ എന്നീ ചുമതലകൾ വഹിക്കുന്ന ഉദ്യോഗസ്ഥരുടെ വിശദാംശവും റേഡിയോ പ്രക്ഷേപണ രംഗത്തെ അവരുടെ പരിചയവും സംഭാവനകളും വിശദമാക്കാമോ?

ഈ തസ്തികകളിൽ പ്രത്യേക നിയമനങ്ങൾ നടത്തിയിട്ടില്ല. റേഡിയോ സി. യു. ഇംപ്ലിമെന്റേഷൻ കമ്മിറ്റിയിലെ അംഗമായ അധ്യാപികയ്ക്ക് അധിക ചുമതല നൽകിയിരിക്കുകയാണ്.

(ഇ) പ്രക്ഷേപണം ആരംഭിച്ചതുമുതൽ ഇതുവരെയുള്ള റേഡിയോ സി.യു.-വിന്റെ പ്രേക്ഷകരുടെ എണ്ണം അറിയിക്കാമോ?

2022 ആഗസ്റ്റ് 15-ന് 4,314 ശ്രോതാക്കൾ, 2023 ആഗസ്റ്റ് 9 വരെ 1,17,783 ശ്രോതാക്കൾ.

**കാലിക്കറ്റ് സർവകലാശാലയിലെ പാഠപുസ്തക വിതരണംനടത്തുന്ന സഹകരണ സംഘങ്ങൾ**

206(1903) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാല കാമ്പസിൽ സ്ഥിതിചെയ്യുന്ന ഏതെല്ലാം സഹകരണ സംഘങ്ങളാണ് നിലവിൽ സർവകലാശാല നടത്തുന്ന കോഴ്സുകളുടെ പാഠപുസ്തകങ്ങളുടെയും പഠനസഹായികളുടെയും അച്ചടിയും വിതരണവും നടത്തുന്നതെന്ന് വിശദമാക്കാമോ; പ്രസ്തുത സഹകരണ സംഘങ്ങളിൽ ഏതിനെങ്കിലും സർവകലാശാല നടത്തുന്ന വിദൂര വിദ്യാഭ്യാസ കോഴ്സുകളുടെ പഠന സാമഗ്രികൾ അച്ചടിക്കുന്നതിനുള്ള കരാർ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ബിരുദ കോഴ്സുകളുടെ ഇംഗ്ലീഷ്, മലയാളം കോമൺ കോഴ്സുകളുടെ പാഠപുസ്തകങ്ങളുടെ അച്ചടി സർവകലാശാല നിർവ്വഹിച്ച്, കാലിക്കറ്റ് സർവകലാശാലാ സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സ് ലിമിറ്റഡ് നമ്പർ 4347 ആണ് വിതരണം നിർവ്വഹിക്കുന്നത്.

29-12-2022-ലെ സർവകലാശാല ഉത്തരവ് നം.24272/2022/Admn, പ്രകാരം 2021 അധ്യയന വർഷത്തിൽ വിദൂര വിദ്യാഭ്യാസം മുഖേന പ്രവേശനം നേടിയ ബിരുദ വിദ്യാർത്ഥികളുടെ നാല്, അഞ്ച്, ആറ് സെമസ്റ്റർ പഠനസാമഗ്രികളും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ മൂന്ന്, നാല് സെമസ്റ്റർ എന്നിവയിലെ പഠനസാമഗ്രികളും അച്ചടിച്ച് വിദൂരവിദ്യാഭ്യാസ കേന്ദ്രത്തിൽ എത്തിച്ചുനൽകുന്നതിന് കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സ് ലിമിറ്റഡ് നം.4347 എന്ന സ്ഥാപനവുമായി കാലിക്കറ്റ് സർവകലാശാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇത് കൂടാതെ 16-12-2022-ലെ സർവകലാശാല ഉത്തരവ് നം. 23592/2022/Admn പ്രകാരം 2022 അധ്യയന വർഷത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്കുള്ള (ബിരുദ വിദ്യാർത്ഥികളുടെ ഒന്ന് മുതൽ മൂന്ന് വരെ സെമസ്റ്ററുകളിലെയും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ ഒന്നും രണ്ടും സെമസ്റ്ററുകളിലെയും) പഠനസാമഗ്രികളും 15-07-2023 തീയതിയിലെ സർവകലാശാല ഉത്തരവ് നം. 11278/2023/Admn., പ്രകാരം 2022 അധ്യയന വർഷത്തിൽ പ്രവേശനം നേടിയ ബിരുദ വിദ്യാർത്ഥികളുടെ നാല് മുതൽ ആറ് വരെ സെമസ്റ്ററുകളിലെ

പഠനസാമഗ്രികളും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ മൂന്നും നാലും സെമസ്റ്ററുകളിലെ പഠനസാമഗ്രികളും 2023 അധ്യയന വർഷത്തിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ പഠനസാമഗ്രികളും അച്ചടിച്ച് വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ എത്തിച്ചുനൽകുന്നതിന് കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സ് ലിമിറ്റഡ് നം.4347-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) കാലിക്കറ്റ് സർവകലാശാല സെൻട്രൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ ആർക്കെല്ലാമാണ് അംഗത്വം ലഭിക്കാൻ അർഹതയുള്ളതെന്നും നിലവിൽ പ്രസ്തുത സൊസൈറ്റിയിൽ എത്ര അംഗങ്ങളുണ്ടെന്നും എത്ര വർഷം കൂടുമ്പോഴാണ് ഡയറക്ടർ ബോർഡ് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതെന്നും നിലവിലുള്ള ഭരണ സമിതിയുടെയും അവർ ചുമതലയേറ്റെടുത്ത തീയതിയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് കീഴിലുള്ള കോളേജ് സഹകരണ സംഘങ്ങൾക്കും കാലിക്കറ്റ് യൂണിവേഴ്സിറ്റിക്കുമാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റി

സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോറിൽ അംഗത്വം ലഭിക്കാൻ അർഹതയുള്ളത്. 31-08-2023-വരെ സംഘത്തിൽ 39 അംഗങ്ങളാണുള്ളത്. 5 വർഷം കൂടുമ്പോഴാണ് ഭരണ സമിതി തെരഞ്ഞെടുപ്പ് നടക്കുന്നത്.

നിലവിലുള്ള ഭരണ സമിതിയുടെ തെരഞ്ഞെടുപ്പ് നടന്നത് 06-06-2023-നാണ്. നിലവിലുള്ള ഭരണ സമിതി ചാർജ്ജെടുത്തത് 06-06-2023-നാണ്. സംഘത്തിന്റെ നിലവിലുള്ള ഭരണ സമിതി അംഗങ്ങൾ താഴെ പറയുന്നവരാണ്:

1. ഡോ. ജോജോമോൻ എൻ. എ.
2. ഡോ. പി. സി. റോയ്
3. ഡോ. ഷീബ പി. എസ്.
4. ശ്രീ. വി. കെ. മുരളീധരൻ
5. ശ്രീ. സുശാന്ത് പി.
6. ശ്രീമതി ദീപ എ. കെ.
7. ഡോ. രമണി കെ. കെ.

8. ശ്രീമതി ശ്രീലത സി.

9. ഡോ. ടി. എ. ആനന്ദ്

(സി) കാലിക്കറ്റ് സർവകലാശാല സെൻട്രൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ബൈലോയുടെ പകർപ്പ് ലഭ്യമാക്കാമോ?

കാലിക്കറ്റ് സർവകലാശാല സെൻട്രൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ബൈലോയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

**കാലിക്കറ്റ് യൂണിവേഴ്സിറ്റി**

207(1904) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിൽ എത്ര സബ് സെന്റർ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

സർവകലാശാല നേരിട്ട് നടത്തുന്ന 41 സ്വാശ്രയ സ്ഥാപനങ്ങളാണ് നിലവിലുള്ളത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പേരാമ്പ്ര മണ്ഡലത്തിലെ ചാലിക്കര സബ് സെന്ററിൽ എത്ര കോഴ്സുകളിൽ പഠനം തുടരുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

അഞ്ച് പ്രോഗ്രാമുകൾ.

1. ബി.എസ്‌സി. കമ്പ്യൂട്ടർ സയൻസ്
2. ബാച്ചിലർ ഓഫ് കമ്പ്യൂട്ടർ സയൻസ്
3. ബാച്ചിലർ ഓഫ് സോഷ്യൽ വർക്ക്
4. എം.എസ്‌സി. കമ്പ്യൂട്ടർ സയൻസ്
5. മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ

(സി) ചാലിക്കര സബ് സെന്ററിന്റെ വികസനത്തിന് സ്ഥലനിവാസികളിൽനിന്നും എത്ര ഏക്കർ സ്ഥലം ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിലെ നൊച്ചാട് ഗ്രാമപഞ്ചായത്തിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി റീജിയണൽ സെന്റർ, പേരാമ്പ്ര സ്ഥാപിക്കുന്നതിനായി 5

ഏക്കർ ഭൂമി നാഷണൽ എഡ്യൂക്കേഷണൽ ട്രസ്റ്റ്, പേരാമ്പ്ര, കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കൈമാറിയിട്ടുണ്ട്.

(ഡി) ചാലിക്കര സെന്ററിന്റെ വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കാലിക്കറ്റ് യൂണിവേഴ്സിറ്റി റീജിയണൽ സെന്റർ പേരാമ്പ്രയുടെ പ്രവർത്തനത്തിനായി സർവകലാശാലയ്ക്ക് നൊച്ചാട് ഗ്രാമപഞ്ചായത്ത് കൈമാറിയ 5 ഏക്കർ ഭൂമിയിൽ നടത്തേണ്ട നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി സ്ഥാപനത്തിനായി ക്ലാസ്റൂമുകൾ, ഓഫീസ്, ലാബ്, ലൈബ്രറി ഹാൾ, മറ്റനുബന്ധ സൗകര്യങ്ങൾ എന്നിവ നിർമ്മിക്കാനാണ് സർവകലാശാല തീരുമാനിച്ചിട്ടുള്ളത്.

## കാലിക്കറ്റ് സർവകലാശാലയുടെ ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന് പാട്ടത്തിന് ഭൂമി

208(1905) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാലയുടെ ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന് ചാലക്കുടി താലൂക്കിലെ പേരാമ്പ്ര വില്ലേജിൽ സർവെ നം. 83-ൽപ്പെട്ട തരിശ് പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ള 0.4148 ഹെക്ടർ ഭൂമി പാട്ട വ്യവസ്ഥയിൽ അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

തൃശ്ശൂർ ജില്ലയിൽ ചാലക്കുടി താലൂക്ക് പേരാമ്പ്ര വില്ലേജ് സർവെ നം. 83-ൽപ്പെട്ടതും ബി.ടി.ആർ. പ്രകാരം 'തരിശ് പുറമ്പോക്ക്' എന്ന് രേഖപ്പെടുത്തിയതുമായ 0.4148 ഹെക്ടർ ഭൂമി കാലിക്കറ്റ് യൂണിവേഴ്സിറ്റി ആവശ്യപ്പെട്ടതുപോലെ യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന് അഞ്ച് വർഷത്തിൽ ഒരുതവണ പാട്ടത്തുക അടവാക്കുന്ന രീതിയിൽ 99 വർഷം പാട്ടത്തിന് അനുവദിക്കുന്നത് നിലവിൽ സാധ്യമല്ലെന്നും

നിബന്ധനകൾക്ക് വിധേയമായി 30 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകാവുന്നതാണെന്നും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു. മേൽ സാഹചര്യത്തിൽ, പ്രസ്തുത ഭൂമി കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന് പാട്ടത്തുകയുടെ 2 ശതമാനം നിരക്കിൽ 30 വർഷത്തേയ്ക്ക് ഓരോ മൂന്ന് വർഷം കൂടുമ്പോഴും പാട്ടം പുതുക്കേണ്ടതാണെന്ന വ്യവസ്ഥയിൽ നിബന്ധനകൾക്കനുസൃതമായി പാട്ടത്തിന് അനുവദിക്കുന്ന വിഷയത്തിൽ സർവകലാശാലയുടെ അഭിപ്രായം തേടി 12-07-2023-ന് കത്ത് നൽകി. തുടർന്ന്, പ്രസ്തുത വിഷയം സർവകലാശാല സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഭൂമി പാട്ടത്തിന് അനുവദിക്കുന്നതിനുള്ള വ്യവസ്ഥകളും നിബന്ധനകളും വിശദീകരിക്കുമോ?

പ്രസ്തുത ഭൂമി കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന് 2 ശതമാനം നിരക്കിൽ 30 വർഷത്തേയ്ക്ക് ഓരോ മൂന്ന് വർഷം കൂടുമ്പോഴും പാട്ടം പുതുക്കേണ്ടതാണെന്ന വ്യവസ്ഥയിൽ താഴെ പറയുന്ന

നിബന്ധനകൾക്കനുസൃതമായി പാട്ടത്തിന് അനുവദിക്കുന്ന വിഷയമാണ് പരിഗണനയിലുള്ളത്:

1. ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ.

2. ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല.

3. ഭൂമി ഉപപാട്ടത്തിന് തറവാടകയ്ക്ക് നൽകുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല.

4. ഭൂമി എല്ലാത്തരത്തിലുമുള്ള കയ്യേറ്റങ്ങളിൽനിന്നും കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യുക്കേഷൻ സെന്റർതന്നെ സംരക്ഷിച്ചുനിർത്തേണ്ടതാണ്.

5. ഭൂമിയിലെ മരങ്ങൾ മുറിക്കാൻ പാടുള്ളതല്ല. അഥവാ മുറിക്കേണ്ടിവന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങിയശേഷമേ മുറിക്കാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ മൂന്നിരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്.

6. ഓരോ മൂന്ന് വർഷംതോറും പാട്ടം പുതുക്കേണ്ടതാണ്.

7. പാട്ടത്തുക എല്ലാ സാമ്പത്തിക വർഷത്തിന്റെയും ആദ്യ മൂന്ന് മാസത്തിനുള്ളിൽ ഒടുക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം നിശ്ചയിച്ച പാട്ടത്തുകയുടെ 2 ശതമാനമോ അതിനുമുകളിലോ പിഴ പലിശ ഈടാക്കുന്നതുമാണ്.

8. പാട്ടവസ്തുവിൽനിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായിവരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ്.

9. മേൽ പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

(സി) പ്രസ്തുത വ്യവസ്ഥകളും നിബന്ധനകളും കാലിക്കറ്റ് സർവകലാശാല അംഗീകരിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ അഭിപ്രായം അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പ്രസ്തുത വ്യവസ്ഥകളും നിബന്ധനകളും അംഗീകരിക്കുന്ന വിഷയം സർവകലാശാല സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഭൂമി പാട്ടത്തിന് എടുക്കുന്നതിനുള്ള നടപടികളിൽ കാലതാമസം ഉണ്ടാകുന്നപക്ഷം പ്രസ്തുത സ്ഥാപനത്തിന്റെ അംഗീകാരം ഉൾപ്പെടെ എൻ.സി.ടി.ഇ. റദ്ദാക്കാൻ സാഹചര്യമുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(ഡി&ഇ) ഭൂമി ഏറ്റെടുക്കുന്ന വിഷയം നിലവിൽ സർവകലാശാല സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്. വിഷയത്തിൽ അനുകൂല തീരുമാനമെടുക്കുന്ന മുറയ്ക്ക് ഭൂമി കൈമാറ്റത്തിനുള്ള നടപടികൾ സർവകലാശാല ത്വരിതഗതിയിൽ പൂർത്തിയാക്കി പ്രസ്തുത ഭൂമിയിൽ എൻ.സി.ടി.ഇ. നിഷ്കർഷിക്കുന്ന സൗകര്യങ്ങൾ പ്രകാരമുള്ള കെട്ടിടം പണിയുന്നതിനുള്ള നടപടികൾ കൈക്കൊള്ളാവുന്നതാണ്.

**കാലിക്കറ്റ് സർവകലാശാലയിലെ വിവിധ പദ്ധതികൾ**

209(1906) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 മാർച്ച് നാലിന് കാലിക്കറ്റ് സർവകലാശാലയിൽ ഉദ്ഘാടനം നിർവ്വഹിച്ച വിവിധ പദ്ധതികളുടെ വിശദാംശവും പ്രസ്തുത പദ്ധതികൾക്ക് ഏത് ഫണ്ടിൽനിന്നാണ് (പ്ലാൻ/നോൺ പ്ലാൻ/തനത്/മറ്റുള്ളവ) തുക വകയിരുത്തിയത്/വിനിയോഗിച്ചത് എന്നതിന്റെ വിശദാംശവും പദ്ധതി തിരിച്ച് ലഭ്യമാക്കാമോ?

2023 മാർച്ച് നാലിന് കാലിക്കറ്റ് സർവകലാശാലയിൽ ഉദ്ഘാടനം നിർവ്വഹിച്ചതും പ്ലാൻ ഫണ്ടിൽനിന്നും/സർവകലാശാല തനത് ഫണ്ടിൽനിന്നും തുക വകയിരുത്തിയിട്ടുള്ളതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. Building for Centre for Examination Automation & Management (CEAM)

2. Building for Golden Jubilee Block of Academic Evaluation

3. Building for Department of Physical Education

4. First and Second floor of Men's Hostel-Annexe II

5. Mahatma Ayyankali Chair

6. Dr. Bhimrao Ramji Ambedkar Chair

7. Centre for Malabar Studies

ഉന്നതവിദ്യാഭ്യാസ രംഗം ലോകോത്തര നിലവാരത്തിലേയ്ക്കുയർത്തുന്നതിനായി നടപ്പാക്കുന്ന പരിപാടികളുടെ ഭാഗമായി കാലിക്കറ്റ് സർവകലാശാലയിലെ പശ്ചാത്തല/അടിസ്ഥാന സൗകര്യ/അക്കാദമിക വികസനം മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടുകൂടി സെന്റർ ഫോർ എക്സാമിനേഷൻ ഓട്ടോമേഷൻ ആൻഡ് മാനേജ്മെന്റ് (CEAM), സുവർണ്ണ ജൂബിലി അക്കാദമിക് ഇവാലുവേഷൻ ബ്ലോക്കിനുള്ള കെട്ടിടം എന്നിവ നടപ്പ് സാമ്പത്തിക വർഷം ഉദ്ഘാടനം ചെയ്യുകയുണ്ടായി. പരീക്ഷ ഭവനിലെ സേവനങ്ങൾ ഡിജിറ്റൈസ് ചെയ്യുകയെന്ന ലക്ഷ്യമാണ് CEAM മുന്നോട്ടുവയ്ക്കുന്നത്. ഉത്തരക്കടലാസുകൾ സൂക്ഷിക്കാനും

പുനർമൂല്യനിർണ്ണയം, സൂക്ഷ്മ പരിശോധന എന്നിവയ്ക്കായി എളുപ്പത്തിലും വേഗത്തിലും തിരിച്ചെടുക്കാനും സഹായിക്കുന്ന ഡിജിറ്റൽ സ്റ്റോറേജ് സംവിധാനവും ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയത്തിനുള്ള സൗകര്യവും CEAM വിഭാവന ചെയ്യുന്നു. 2224 Sq.M. വിസ്തൃതിയുള്ള കെട്ടിടമാണ് ഇതിനായി നിർമ്മിച്ചിട്ടുള്ളത്.

സുവർണ്ണ ജൂബിലി അക്കാദമിക് ഇവാല്യുവേഷനുള്ള കെട്ടിടത്തിൽ അധ്യാപകർക്ക് ഉത്തരക്കടലാസ് മൂല്യനിർണ്ണയത്തിനുള്ള എല്ലാവിധ സംവിധാനങ്ങളും യോഗങ്ങൾ ചേരുന്നതിനുമുള്ള സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. കൂടാതെ, സർവകലാശാലയുടെ കമ്പ്യൂട്ടർ സെന്റർ ഓഫീസും സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ്, നെറ്റ് വർക്കിംഗ് സെർവർ റൂം എന്നിവയ്ക്കുള്ള സൗകര്യങ്ങളും ഈ കെട്ടിടത്തിൽ സജ്ജമാക്കിയിട്ടുണ്ട്. കെട്ടിടത്തിന് ആകെ 660 Sq.M. വിസ്തൃതിയാണുള്ളത്. കൂടാതെ, കായിക രംഗത്ത് പ്രതിഭകളെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ വിദ്യാർത്ഥികൾക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനായി 535 Sq.M. വിസ്തൃതിയിൽ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിന് പുതിയ കെട്ടിടവും നിർമ്മാണം

പൂർത്തിയാക്കി 2023 മാർച്ച് നാലിന് ഉദ്ഘാടനം ചെയ്യപ്പെട്ടു. സർവകലാശാലയിലെ പഠന വകുപ്പിലെ പുരുഷ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ കെട്ടിടവും കഴിഞ്ഞ വർഷം നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു. കെട്ടിടത്തിന് 2000 Sq.M. വിസ്തൃതിയാണുള്ളത്.

പ്രസ്തുത പദ്ധതികൾക്ക് പ്ലാൻ ഫണ്ടിൽനിന്നും തനത് ഫണ്ടിൽനിന്നും വകയിരുത്തിയതും/വിനിയോഗിച്ചതുമായ തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത ദിനം ഉദ്ഘാടനം ചെയ്ത സെന്റർ ഫോർ എക്സാമിനേഷൻ ഓട്ടോമേഷൻ ആൻഡ് മാനേജ്മെന്റിന്റെ (സി.ഇ.എ.എം.) കെട്ടിടം, മെഷിനറികൾ, മറ്റ് സൗകര്യങ്ങൾ എന്നിവയ്ക്ക് നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കാമോ?

സെന്റർ ഫോർ എക്സാമിനേഷൻ ഓട്ടോമേഷൻ ആൻഡ് മാനേജ്മെന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് തനത് ഫണ്ട് ഇനത്തിൽ ആകെ ചിലവായ തുക 9,96,87,262/- രൂപയാണ്. സെന്റർ ഫോർ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

എക്സാമിനേഷൻ ഓട്ടോമേഷൻ ആൻഡ് മാനേജ്മെന്റിന്റെ (സി.ഇ.എ.എം.) കെട്ടിടം, മെഷിനറികൾ, മറ്റ് സൗകര്യങ്ങൾ എന്നിവയ്ക്ക് നാളിതുവരെ തനത് ഫണ്ട് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം താഴെ പറയും പ്രകാരമാണ്:

| | |
|---|---|
| കെട്ടിടം | 6,53,66,286/- |
| മെഷിനറികൾ | 3,38,99,996/- |
| മറ്റ് സൗകര്യങ്ങൾ | 4,20,980/- |

(സി) സി.ഇ.എ.എം. മുഖേന വിഭാവന ചെയ്ത പ്രവർത്തനങ്ങളും അവയിൽ ഇതുവരെ ആരംഭിച്ച പ്രവർത്തനങ്ങളും വിശദമാക്കാമോ?

മൂല്യനിർണ്ണയത്തിനുശേഷമുള്ള ഉത്തരക്കടലാസുകൾ സൂക്ഷിക്കുകയും പുനർമൂല്യനിർണ്ണയത്തിന് ലഭ്യമാക്കുകയും പുനർമൂല്യനിർണ്ണയം കഴിഞ്ഞ് അവ ഡിസ്പോസ് ചെയ്യുന്നതിനുമുള്ള ഒരു സംവിധാനം എന്നതാണ് വിഭാവന ചെയ്തിട്ടുള്ളത്. പ്രസ്തുത സി.ഇ.എ.എം.-ൽ നെറ്റ്‌വർക്ക് സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നതിനാൽ പ്രസ്തുത

സംവിധാനത്തിലൂടെ വിഭാവനം ചെയ്ത രീതിയിലുള്ള പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ഡി) സി.ഇ.എ.എം. സംവിധാനം നിലവിൽ വന്നതിനുശേഷം പരീക്ഷ പുനർമൂല്യനിർണ്ണയത്തിൽ ഏതെങ്കിലും തരത്തിലുള്ള പുരോഗതി നേടാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

സി.ഇ.എ.എം.-ൽ നെറ്റ്‌വർക്ക് സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നതിനാൽ പ്രസ്തുത സംവിധാനത്തിലൂടെ വിഭാവനം ചെയ്ത പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ഇ) സി.ഇ.എ.എം.-ന്റെ ഭാഗമായി എത്ര എ.എസ്.ആർ.എസ്. യൂണിറ്റുകൾ (ഓട്ടോമേറ്റഡ് സ്റ്റോറേജ് ആൻഡ് റിട്രീവൽ സിസ്റ്റംസ്) ഇതുവരെ വാങ്ങിയിട്ടുണ്ടെന്നും ആയതിന് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

സി.ഇ.എ.എം.-ന്റെ ഭാഗമായി 3,38,99,996/- (മൂന്ന് കോടി മുപ്പത്തെട്ട് ലക്ഷത്തി തൊണ്ണൂറ്റിഒമ്പതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയാറുരൂപ) ചെലവിൽ 17 ASRS യൂണിറ്റുകൾ വാങ്ങിയിട്ടുണ്ട്.

(എഫ്) സി.ഇ.എ.എം.-ന്റെ കെട്ടിടം, ഉത്തര പേപ്പറുകൾ കൂട്ടിയിടാനുള്ള ഗോഡൗൺ മാത്രമായി നിലനിൽക്കുന്നതും എ.എസ്.ആർ.എസ്. യൂണിറ്റുകൾ നാളിതുവരെയായിട്ടും പ്രവർത്തനക്ഷമമായിട്ടില്ലെന്നുമുള്ള വസ്തുത വിലയിരുത്തിയിട്ടുണ്ടോ?

എ.എസ്.ആർ.എസ്.-ൽ ഉദ്ദേശിച്ച രീതിയിൽ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നെറ്റ്‌വർക്കിംഗ് ജോലികൾ പൂർത്തീകരിച്ച് താമസിയാതെതന്നെ വിഭാവന ചെയ്ത രീതിയിലുള്ള പ്രവർത്തനം ആരംഭിക്കാൻ സാധിക്കുന്നതാണ്.

**കാലിക്കറ്റ് സർവകലാശാലയിലെ താൽക്കാലിക അധ്യാപക,**

**അനധ്യാപക നിയമനം**

210(1907) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാലയിലെ വിവിധ ബ്രാഞ്ചുകളിലും പഠന വകുപ്പുകളിലും സ്വാശ്രയ പഠനവകുപ്പുകളിലും വിവിധ കേന്ദ്രങ്ങളിലും സർവകലാശാല നേരിട്ട് നടത്തുന്ന വിവിധ സ്വാശ്രയകേന്ദ്രങ്ങളിലുമായി

അധ്യാപക, അനധ്യാപക തസ്തികകളിൽ കരാർ/ദിവസ വേതനം/മണിക്കൂർ അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന താൽക്കാലിക ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിശദാംശം അവർ പ്രസ്തുത തസ്തികയിൽ ജോലിചെയ്ത കാലയളവ് ഉൾപ്പെടെ ലഭ്യമാക്കാമോ?

വിവരം അനുബന്ധം 1 ആയി ചേർക്കുന്നു.+

(ബി) പ്രസ്തുത തസ്തികകളിൽ കരാർ/ദിവസ വേതനം/മണിക്കൂർ അടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപക, അനധ്യാപക ജീവനക്കാരെ നിയമിക്കുന്നത് എപ്രകാരമാണെന്ന് വിശദമാക്കാമോ?

കാലാകാലങ്ങളിൽ നിലവിൽവരുന്ന ഒഴിവുകളിലേയ്ക്ക് സർവകലാശാല വിജ്ഞാപനം പുറപ്പെടുവിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ അപേക്ഷകൾ ബന്ധപ്പെട്ട അതത് സെലക്ഷൻ കമ്മിറ്റികൾ പരിശോധിച്ച് അഭിമുഖം/പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ്/പാനൽ തയ്യാറാക്കി സംവരണതത്വം പാലിച്ചാണ് പ്രസ്തുത നിയമനങ്ങൾ നടത്തിവരുന്നത്. ചില തസ്തികകളിൽ പാനലിലെ മുഴുവൻ ആളുകൾക്കും നിയമനം ലഭിക്കുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

രീതിയിൽ റൊട്ടേഷൻ അടിസ്ഥാനത്തിൽ നിയമനങ്ങൾ (ദിവസ വേതനാടിസ്ഥാനത്തിലുള്ളത്) നൽകാറുണ്ട്.

എക്സ് സർവ്വീസ് മെൻ സെക്യൂരിറ്റി ഗാർഡ് നിയമനം Amendment to the Schedule of Non-Teaching Service in Ordinance 3 under Chapter XV of Calicut University First Ordinances 1978-വ്യവസ്ഥകൾ പ്രകാരം, മലപ്പുറം, കോഴിക്കോട് 'ZILA ZAINIK WELFARE BOARD-ൽനിന്നും ലഭ്യമാകുന്ന വിമുക്തഭടൻമാരുടെ ലിസ്റ്റിൽനിന്നും നിയമാനുസൃതം രൂപീകരിച്ച സെലക്ഷൻ കമ്മിറ്റി അഭിമുഖം/പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ്/പാനൽ തയ്യാറാക്കി സംവരണതത്വം പാലിച്ച് നിയമനം നടത്തിവരുന്നു. സ്വീപ്പർ നിയമനത്തിനും വിജ്ഞാപനം പുറപ്പെടുവിച്ച് അതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സെലക്ഷൻ കമ്മിറ്റി പരിശോധിച്ച് അഭിമുഖം/പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ്/പാനൽ തയ്യാറാക്കി സംവരണതത്വം പാലിച്ച് നിയമനം നടത്തിവരുന്നു.

സർവകലാശാല നേരിട്ട് നടത്തുന്ന വിവിധ സ്വാശ്രയകേന്ദ്രങ്ങളിൽ അധ്യാപക, അനധ്യാപക തസ്തികകളിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്ന രീതി

**കരാർ നിയമനം**

കാലിക്കറ്റ് സർവകലാശാലയിലെ സ്വാശ്രയ സ്ഥാപനങ്ങളിൽ കരാർ ജീവനക്കാരെ സർവകലാശാല നോട്ടിഫിക്കേഷൻ പ്രകാരം അപേക്ഷ ക്ഷണിക്കുകയും അപേക്ഷകരുമായി കൂടിക്കാഴ്ച നടത്തുകയും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും തുടർന്ന് മുൻഗണന പട്ടിക പ്രകാരം നിയമന ഉത്തരവ് നൽകുകയുമാണ് ചെയ്യുന്നത്.

**ദിവസവേതനം**

ദിവസ വേതനക്കാരെ അടിയന്തര ഘട്ടങ്ങളിൽ അതത് സ്ഥാപനങ്ങൾ ലോക്കൽ നോട്ടിഫിക്കേഷൻ ഇറക്കുകയും അപ്രകാരം അപേക്ഷിക്കുകയും ചെയ്യുന്ന ഉദ്യോഗാർത്ഥികളെ കൂടിക്കാഴ്ചയ്ക്കുശേഷം സ്ഥാപന മേധാവി പാനൽ തയ്യാറാക്കുകയും പ്രസ്തുത പാനൽ വൈസ് ചാൻസലറുടെ അംഗീകാരത്തിനുശേഷം ഉദ്യോഗാർത്ഥികളെ നിയമിക്കുകയുമാണ് ചെയ്യുന്നത്.

പ്യൂൺ കം സ്വീപ്പർ/ലാബ് ക്ലീനർ കം സ്വീപ്പർ എന്നീ തസ്ഥികകളിലെ ദിവസ വേതനക്കാരെ ഓരോ സാമ്പത്തിക വർഷത്തേയ്ക്ക് അതത്

സ്ഥാപനങ്ങൾ ലോക്കൽ നോട്ടിഫിക്കേഷൻ ഇറക്കുകയും അപ്രകാരം അപേക്ഷിക്കുകയും ചെയ്യുന്ന ഉദ്യോഗാർത്ഥികളെ കൂടിക്കാഴ്ചയ്ക്കുശേഷം പാനൽ തയ്യാറാക്കുകയും പ്രസ്തുത പാനൽ വൈസ് ചാൻസലറുടെ അംഗീകാരത്തിനുശേഷം ഉദ്യോഗാർത്ഥികളെ ഓരോ മാസത്തേയ്ക്ക് റൊട്ടേഷൻ അടിസ്ഥാനത്തിൽ നിയമിക്കുകയുമാണ് ചെയ്യുന്നത്.

**മണിക്കൂർ അടിസ്ഥാനം**

മണിക്കൂർ അടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപകരെ അതത് സ്ഥാപനങ്ങൾ ലോക്കൽ നോട്ടിഫിക്കേഷൻ പ്രകാരം അപേക്ഷിക്കുകയും കൂടിക്കാഴ്ചയ്ക്കുശേഷം പാനൽ തയ്യാറാക്കുകയും പ്രസ്തുത പാനൽ വൈസ് ചാൻസലറുടെ അംഗീകാരത്തിനുശേഷം ഉദ്യോഗാർത്ഥികളെ അധ്യയന വർഷത്തേയ്ക്ക് അല്ലെങ്കിൽ നിശ്ചിത സെമസ്റ്ററിലേയ്ക്ക് മാത്രമായി നിയമിക്കുകയുമാണ് ചെയ്യുന്നത്.

(സി) താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തണമെന്ന നിർദ്ദേശം ഉൾക്കൊള്ളുന്ന 05-02-2014-ലെ 25941/ജി2/2013/എൽ.ബി.ആർ. നമ്പർ സർക്കുലർ, 26-12-2016-ലെ

1046913/ജി2/2016/ലേബർ നമ്പർ കത്ത് എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

രേഖകളുടെ പകർപ്പുകൾ അനുബന്ധം 2 ആയി ചേർക്കുന്നു.+

(ഡി) പ്രസ്തുത സർക്കുലർ, കത്ത് എന്നിവയിലെ നിർദ്ദേശങ്ങൾ നടപ്പാക്കാതിരുന്നിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്, 1977, അദ്ധ്യായം IV, പാർട്ട് II, സ്റ്റാറ്റ്യൂട്ട് (II) പ്രകാരം സ്ഥിര നിയമനം നടക്കാൻ വൈകുന്ന സാഹചര്യത്തിൽ നിയമനാധികാരിക്ക് താൽക്കാലിക നിയമനം നടത്താവുന്നതാണ്. ഇത്തരം നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ ആശ്രയിക്കുന്നത് നിയമനങ്ങൾക്ക് കാലതാമസമുണ്ടാകാൻ കാരണമാകുമെന്നതിനാലാണ് സർവകലാശാല നേരിട്ട് വിജ്ഞാപനം പുറപ്പെടുവിച്ച് നിയമനം നടത്തുന്നത്.

(ഇ) കരാർ/ദിവസ വേതനം/മണിക്കൂർ അടിസ്ഥാനത്തിൽ താൽക്കാലിക ജീവനക്കാർ ജോലിചെയ്തുവരുന്ന ഏതെല്ലാം തസ്തികകൾ കാലിക്കറ്റ് സർവകലാശാല സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഉൾപ്പെടുന്നവയും സർക്കാർ അംഗീകൃത തസ്തികകളുമാണെന്നും ഏതെല്ലാം അങ്ങനെ അല്ലാത്തവയാണെന്നും അംഗീകൃത തസ്തികകളുടെ അംഗബലത്തിൽ കവിഞ്ഞും നിയമനം നൽകിയവയുമാണെന്നും വിശദമാക്കാമോ?

വിവരം അനുബന്ധം 3 ആയി ചേർക്കുന്നു.+

(എഫ്) താൽക്കാലികാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് വർഷങ്ങളോളം പ്രസ്തുത തസ്തികകളിൽ തുടരാനനുവദിക്കുന്ന തരത്തിൽ പുനർനിയമനം അനുവദിക്കുന്നത് നിലവിലുള്ള ഉത്തരവുകൾക്ക് വിരുദ്ധമാണോയെന്ന് വ്യക്തമാക്കാമോ?

സർവകലാശാലയിലെ അവശ്യ സേവന വിഭാഗങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് ജോലിയിൽ പരിചയ സമ്പന്നരായ ജീവനക്കാരുടെ സേവനം നിലനിർത്തേണ്ടത് അത്യന്താപേക്ഷിതമായതിനാലാണ് താൽക്കാലികാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് മേലധികാരികളുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനർനിയമനം നൽകിവരുന്നത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

<u>സർവകലാശാല നേരിട്ട് നടത്തുന്ന വിവിധ സ്വാശ്രയകേന്ദ്രങ്ങളിലെ താൽക്കാലിക തസ്തികകളിലെ നിയമനങ്ങൾ</u>

സർവകലാശാല സ്വാശ്രയ സ്ഥാപനങ്ങളുടെ മേധാവികൾ ശിപാർശ ചെയ്ത് സമർപ്പിക്കുന്ന അധ്യാപകരുടെ അപ്രൈസൽ റിപ്പോർട്ട് പ്രകാരവും സ്വാശ്രയ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന നിലവിലുള്ള എല്ലാ അധ്യാപകർക്കും അനധ്യാപകർക്കും തുടർന്നുവരുന്ന കീഴ്വഴക്കമനുസരിച്ച് കരാർ പുതുക്കി നൽകാനുള്ള സിൻഡിക്കേറ്റ് തീരുമാനപ്രകാരവുമാണ് അവരെ പ്രസ്തുത തസ്തികകളിൽ പുനർനിയമിക്കുന്നത്.

(ജി) കാലിക്കറ്റ് സർവകലാശാല സ്റ്റാറ്റ്യൂട്ട് അദ്ധ്യായം 4, 11 (1)-ലെ വ്യവസ്ഥകൾ പ്രകാരം താൽക്കാലിക നിയമനം നൂറ്റിഎൺപത് ദിവസത്തേയ്ക്ക് പരിമിതപ്പെടുത്തിയിരിക്കെ താൽക്കാലിക ജീവനക്കാരെ വിവിധ തസ്തികകളിൽ നിയമിക്കുകയും പുനർനിയമനം മുഖേന പ്രസ്തുത തസ്തികകളിൽ വർഷങ്ങളോളം തുടരാൻ അനുവദിക്കുകയും ചെയ്യുന്നത് പ്രസ്തുത ചട്ടത്തിന്റെ ലംഘനമാണോ; അത്തരത്തിൽ ചട്ട ലംഘനം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിൽ എന്ത് തുടർ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

കാലിക്കറ്റ് സർവകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്, 1977-ലെ ചാപ്റ്റർ 4-ലെ 11 (1)-ലെ വ്യവസ്ഥപ്രകാരം, അടിയന്തര സാഹചര്യത്തിൽ ആവശ്യകതയുടെ അടിസ്ഥാനത്തിൽ തുടർച്ചയായി 180 ദിവസത്തിൽ കൂടാത്ത കാലയളവിലേയ്ക്ക് സർവകലാശാലയിൽ താൽക്കാലിക നിയമനം നടത്താമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. കരാർ അടിസ്ഥാനത്തിലുള്ള നിയമനം ഒരു വർഷത്തേക്കുമാത്രം പരിമിതപ്പെടുത്താവുന്നതും വകുപ്പുമേധാവിക്ക് ബോധ്യപ്പെടുന്ന പക്ഷം ഒരു വർഷത്തേയ്ക്കുകൂടി സേവനം ദീർഘിപ്പിച്ചു നൽകാവുന്നതും രണ്ടുവർഷം കാലാവധിക്കുശേഷം ആവശ്യകതയുടെ അടിസ്ഥാനത്തിൽ, സർക്കാർ അനുമതിയോടെ മാത്രമേ കരാർ പുതുക്കാവൂ എന്നും 13-07-2017-ലെ 8690/2017/Admn നമ്പർ ഉത്തരവുപ്രകാരം സർവകലാശാലയിൽ നടപ്പാക്കിയ, 28-04-2017-ലെ 56/2017/ധന. നമ്പർ സർക്കാർ ഉത്തരവുപ്രകാരം തീരുമാനിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകളും കാലിക്കറ്റ് സർവകലാശാല സ്റ്റാറ്റ്യൂട്ട് അദ്ധ്യായം 4, 11 (1)-ലെ വ്യവസ്ഥകളും പ്രകാരം കരാർ കാലയളവുകൾക്കിടയിൽ മൂന്ന് പ്രവൃത്തി ദിവസത്തെ നിർബന്ധിത ഇടവേള നൽകിക്കൊണ്ടാണ് കരാർ നിയമനങ്ങൾ

നൽകിവരുന്നത്. സർവകലാശാലയിലെ അവശ്യസേവന വിഭാഗങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് പ്രസ്തുത വിഭാഗങ്ങളിലെ ജോലിയിൽ പരിചയസമ്പന്നരായ ജീവനക്കാരുടെ സേവനം നിലനിർത്തേണ്ടത് അത്യന്താപേക്ഷിതമായതിനാലാണ് താൽക്കാലിക ജീവനക്കാർക്ക് മേലധികാരികളുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനർനിയമനം നൽകിവരുന്നത്.

സർവകലാശാല നേരിട്ട് നടത്തുന്ന വിവിധ സ്വാശ്രയകേന്ദ്രങ്ങളിലെ താൽക്കാലിക തസ്തികകളിലെ നിയമനങ്ങൾ

സ്വാശ്രയ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന നിലവിലുള്ള എല്ലാ അധ്യാപകർക്കും അനധ്യാപകർക്കും തുടർന്നുവരുന്ന കീഴ്വഴക്കമനുസരിച്ച് കരാർ പുതുക്കി നൽകാനുള്ള സിൻഡിക്കേറ്റ് തീരുമാനപ്രകാരമാണ് അവരെ പ്രസ്തുത തസ്തികകളിൽ പുനർനിയമിക്കുന്നത്.

**കുന്ദമംഗലത്ത് അസാപ് കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ**

211(1908) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് അസാപ് (അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം) കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കുന്ദമംഗലത്തെ 1.5 ഏക്കർ ഭൂമി ഉൾപ്പെടെ കോഴിക്കോട് ജില്ലയിലെ വിവിധ സ്ഥലങ്ങൾ ഡിസ്ട്രിക്ട് സ്കിൽപാർക്ക് സ്ഥാപിക്കുന്നതിനായി പരിഗണിക്കുകയും ഇപ്പോൾ കോഴിക്കോട് ജില്ലയിലെ ചാലിയത്ത് സ്കിൽ പാർക്കിന് അനുയോജ്യമായ സ്ഥലം ലഭിക്കുകയുമുണ്ടായി. പ്രസ്തുത സ്ഥലത്ത് സ്കിൽ പാർക്ക് നിർമ്മിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്ന് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടില്ല.

**ആലപ്പുഴ മണ്ഡലത്തിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്ക്**

212(1909) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ അസാപിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

അസാപ് കേരള കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ എല്ലാംതന്നെ സമൂഹത്തിൽ വിവിധ മേഖലകളിലെ തൊഴിൽ നൈപുണി വികസിപ്പിക്കുകയെന്ന ലക്ഷ്യംവച്ചുള്ളതാണ്. ആലപ്പുഴ മണ്ഡലത്തിൽ നടന്ന പ്രധാന പ്രവർത്തനങ്ങൾ താഴെ ചേർത്തിരിക്കുന്നവയാണ്.

1. 2023 ജൂൺ മാസം വനിതാ ശിശുക്ഷേമ വകുപ്പിന്റെ "ബേടി ബച്ചാവോ ബേടി പഠാവോ" പദ്ധതിയിലൂടെ അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ നിർദ്ധനരായ കുടുംബത്തിലെ 21 വയസ്സിന് താഴെയുള്ള 48

പെൺകുട്ടികൾക്ക് ഫിറ്റ്നസ് ട്രെയിനർ, ബ്യൂട്ടി തെറാപ്പിസ്റ്റ് എന്നീ കോഴ്സുകളിൽ സൗജന്യ പരിശീലനം കൊടുക്കുകയും കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, വർക്ക് റെഡിനെസ്സ് പ്രോഗ്രാം തുടങ്ങിയ അധിക പരിശീലനങ്ങൾകൂടി അവർക്കായി നൽകിക്കൊണ്ട് അവരെ സ്വന്തം കാലിൽ നിലയുറപ്പിക്കാൻ പ്രാപ്തരാക്കുന്നതിൽ അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് വിജയിച്ചു.

2. 2023 ജൂൺ മാസം മുതൽ തൊഴിൽ പരിശീലന പദ്ധതിയായ പി.എം.കെ.വി.വൈ. അസാപ് കേരള കമ്മ്യൂണിറ്റി സ്കിൽ പാർക്ക് വഴി നടപ്പാക്കി. 120-ൽപ്പരം യുവതീ യുവാക്കൾക്ക് തികച്ചും സൗജന്യമായി ഫിറ്റ്നസ് ട്രെയിനർ, അസിസ്റ്റന്റ് യോഗ ഇൻസ്ട്രക്ടർ, ഹെയർ ഡ്രെസ്സിംഗ് ട്രെയിനി എന്നീ കോഴ്സുകളിൽ പരിശീലനം നൽകിവരുന്നു.

3. 2023 ഏപ്രിൽ മാസം മുതൽ ജൂലൈ മാസം വരെ അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് 77 ബാച്ചുകളിലായി ആലപ്പുഴ ജില്ലയിലെ വിവിധ പഞ്ചായത്ത് സി.ഡി.എസ്.-കളിലെ 2310-ഓളം ഉദ്യോഗാർത്ഥികൾക്കും കോളേജ് വിദ്യാർത്ഥികൾക്കും വർക്ക്

റെഡിനെസ്സ് പ്രോഗ്രാമുകൾ തികച്ചും സൗജന്യമായി കൊടുത്തുകൊണ്ട് സ്വന്തമായി ഒരു ജോലി എന്ന സ്വപ്നത്തിന് അവരെ പ്രാപ്തരാക്കാൻ സഹായിച്ചു.

4. 2023 ഏപ്രിൽ മാസം വ്യവസായ വകുപ്പിന്റെ കീഴിൽ 41 സംരംഭകർക്ക് ആർട്ടിസണൽ ബേക്കറി, ബ്യൂട്ടി ആൻഡ് വെൽനെസ്സ് എന്നീ തൊഴിലുകളിൽ അധിക നൈപുണ്യ വികസന പരിശീലനം നൽകി സ്വയം സംരംഭം എന്ന സ്വപ്നം എത്തിപ്പിടിക്കുവാൻ അവരെ പ്രാപ്തരാക്കുവാൻ സാധിച്ചു.

5. കുടുംബശ്രീയുടെ നേതൃത്വത്തിൽ ജില്ലാ പഞ്ചായത്ത് സ്വയം തൊഴിൽ പദ്ധതിയിലൂടെ 55 വനിതകൾക്കായി ഫിറ്റ്നെസ് ട്രെയിനർ, ക്രാഫ്റ്റ് ബേക്കിംഗ് എന്നീ മേഖലകളിൽ നൈപുണ്യ വികസന പരിശീലനം നൽകാൻ സാധിച്ചു.

6. കൊച്ചിൻ ഷിപ്പിയാർഡുമായി ചേർന്നുകൊണ്ട് തുടങ്ങാനിരിക്കുന്ന സൗജന്യ ഫിറ്റ്നസ് ട്രെയിനർ കോഴ്സിൽ പരിഗണിച്ചിട്ടുള്ളത് എസ്.സി./എസ്.ടി, മത്സ്യത്തൊഴിലാളി വിഭാഗത്തിലുള്ള യുവതി

യുവാക്കളെയാണ്. ആഗസ്റ്റ് മാസം തുടങ്ങാനിരിക്കുന്ന കോഴ്സിന്റെ ആകെ സീറ്റ് 30 ആണ്.

മേൽ പറഞ്ഞ കോഴ്സുകൾക്കുപുറമേ വിവിധ ഏകദിന വർക്ക്ഷോപ്പുകളും പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

(ബി) തദ്ദേശീയരായ മത്സ്യത്തൊഴിലാളികൾ, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർ എന്നിവരെ പ്രത്യേകം ഫോക്കസ് ഗ്രൂപ്പുകളായി കണ്ട് പ്രസ്തുത കമ്മ്യൂണിറ്റി സ്കിൽ പാർക്ക് മുഖേന നൈപുണ്യ വികസന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മത്സ്യത്തൊഴിലാളികൾക്കും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും വേണ്ടിയുള്ള കൊച്ചിൻ ഷിപ്പ്‌യാർഡിന്റെ സി.എസ്.ആർ. ഫണ്ട് പ്രോജക്ടിന്റെ സമാഹരണം ഇപ്പോൾ പുരോഗമിക്കുകയാണ്. ജില്ലകളിലെ എൽ.എസ്.ജി.-കളുടെ പിന്തുണയോടെയും വിവിധ വകുപ്പുകളുടെയും Kerala Knowledge Economy Mission-ന്റെയും പിന്തുണയോടെയും ഇത്തരം കൂടുതൽ പരിപാടികൾ നടത്തും.

(സി) പ്രസ്തുത സ്ഥാപനത്തിൽ ഓൺലൈൻ ട്രേഡിംഗ്, അന്യഭാഷാ പഠനം എന്നിവ പരിശീലിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ബഹുമാനപ്പെട്ട ആലപ്പുഴ നിയോജകമണ്ഡലം എം.എൽ.എ. ശ്രീ. പി. പി. ചിത്തരഞ്ജൻ അവർകളുടെ ആസ്തിവികസന ഫണ്ടിൽനിന്നും പാസായിട്ടുള്ള ഒരു കോടി പത്തുലക്ഷം രൂപ ചെലവഴിച്ച് ചെറിയ കലവൂരിൽ ഇ-ലേണിംഗ് ലാബ് നിർമ്മാണം അവസാനഘട്ടത്തിലാണ്. സൗകര്യം തയ്യാറായിക്കഴിഞ്ഞാൽ, IT/ITES, BFSI എന്നിവയിലെ അഡ്വാൻസ്ഡ് കോഴ്സുകളിൽ ഹൈബ്രിഡ് മോഡോടുകൂടിയ ഓൺലൈൻ കോഴ്സുകൾ അസാപ് കേരള വാഗ്ദാനം ചെയ്യും. അതോടൊപ്പംതന്നെ അസാപ് Communicative English Trainer, OET, IELTS, ജർമ്മൻ ഭാഷ എന്നിവയിൽ പ്രോഗ്രാമുകളുണ്ട്. IT ലാബ് നിർമ്മാണം പൂർത്തിയാകുന്ന ഉടനെ ഈ കോഴ്സുകൾ കൂടി CSP ചെറിയ കലവൂരിൽ ആരംഭിക്കുന്നതാണ്.

(ഡി) പ്രസ്തുത സ്ഥാപനത്തിൽ കൗശൽ കേന്ദ്രം സ്ഥാപിക്കുന്നതിനായുള്ള അപേക്ഷയിൽ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ?

നിബന്ധനകൾക്ക് അന്തിമരൂപം നൽകുന്നതിനായി Kerala Academy of Skill Excellence-മായുള്ള ചർച്ചകൾ നടന്നുവരുന്നു.

**സാമൂഹ്യ സുരക്ഷാമിഷൻ നടത്തിവരുന്ന വിവിധ പദ്ധതികൾ**

213(1910) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നടത്തിവരുന്ന വിവിധ പദ്ധതികൾ പ്രകാരമുള്ള ധനസഹായത്തിന് അപേക്ഷിച്ചിട്ടുള്ളവരിൽ അർഹരായവർക്ക് നൽകാനുള്ള കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ പദ്ധതികളുടെ ഇനംതിരിച്ച് ലഭ്യമാക്കാമോ?

സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടത്തിവരുന്ന വിവിധ പദ്ധതികൾ പ്രകാരമുള്ള ധനസഹായത്തിന് അപേക്ഷിച്ചിട്ടുള്ളവരിൽ അർഹരായവർക്കുള്ള ധനസഹായം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## സാമൂഹ്യ സുരക്ഷ പദ്ധതികൾ നടപ്പാക്കുന്നതിലെ പ്രതിസന്ധികൾ

214(1911) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീമതി കെ. കെ. രമ:
ശ്രീമതി ഉമ തോമസ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിൽനിന്നും പണം ലഭിക്കാത്തതുകാരണം നിരവധി സാമൂഹ്യ സുരക്ഷ പദ്ധതികൾ പ്രതിസന്ധിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സാമൂഹ്യ സുരക്ഷ മിഷന്റെ കീഴിലുള്ള ആശ്വാസ കിരണം, ശ്രുതി തരംഗം, ക്യാൻസർ സുരക്ഷാ ഫണ്ട്, സമാശ്വാസം പദ്ധതി, ഓർമ പരിശോധനാ ക്ലിനിക്, താലോലം, സ്നേഹപൂർവ്വം, വീ കെയർ എന്നീ പദ്ധതികൾ മുടങ്ങിയത് പുനഃസ്ഥാപിക്കുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത പദ്ധതികൾ പുനരാരംഭിക്കാനും കുടിശ്ശിക സമയബന്ധിതമായി കൊടുത്തുതീർക്കാനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ-സി) സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പാക്കുന്ന സാമൂഹ്യ സുരക്ഷാ പദ്ധതികൾ മുടങ്ങിയിട്ടില്ല.

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖാന്തരം നടപ്പാക്കിവന്നിരുന്ന ശ്രുതി തരംഗം, ക്യാൻസർ സുരക്ഷാ, താലോലം എന്നീ പദ്ധതികൾ ഈ സാമ്പത്തിക വർഷം മുതൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേനയാണ് നടപ്പാക്കുന്നത്. ശ്രുതിതരംഗം പദ്ധതി സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന നടപ്പാക്കാൻ ഉത്തരവാകുകയും ലഭിച്ച അപേക്ഷകൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ഡിമെൻഷ്യ രോഗികൾക്കായുള്ള പദ്ധതി ഈ സാമ്പത്തിക വർഷത്തെ പദ്ധതിയിൽ പുതിയതായി ഉൾപ്പെടുത്തിയിട്ടുണ്ട്. അത് ഓർമ്മത്തോണി എന്ന പേരിൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നടപ്പ് സാമ്പത്തിക വർഷം ആശ്വാസകിരണം

പദ്ധതിക്കായി 54 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയിൽനിന്നും 15 കോടി രൂപ അനുവദിച്ചിട്ടുള്ളതും ഈ തുക ഉപയോഗിച്ച് ആവശ്യമായ രേഖകൾ ഹാജരാക്കിയ വിവിധ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 13 മാസത്തെ ധനസഹായം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. സ്നേഹസ്പർശം പദ്ധതിയിൽ 552 ഗുണഭോക്താക്കൾക്കായി 53 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സമാശ്വാസം പദ്ധതിയിൽ 30 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി. വി കെയർ പദ്ധതിയിൽ 2021 മുതൽ ലഭ്യമായ 1479 അപേക്ഷകളിൽ അർഹരായവർക്ക് 10,42,53,226/- രൂപ ചികിത്സാ സഹായമായി നൽകിയിട്ടുണ്ട്.

**വയോജനങ്ങൾക്കായി നടപ്പാക്കിയിട്ടുള്ള ക്ഷേമ പദ്ധതികൾ**

215(1912) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ വയോജനങ്ങൾക്കായി നടപ്പാക്കിയിട്ടുള്ള ക്ഷേമ പദ്ധതികളുടെ വിശദാംശം അറിയിക്കാമോ?

വയോജനങ്ങളുടെ ക്ഷേമത്തിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ?

സാമൂഹ്യനീതി വകുപ്പിന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഓഫീസുകൾ പ്രവർത്തിക്കുന്നില്ല.

(സി) പ്രസ്തുത പദ്ധതികളിലൂടെ എത്ര ഗുണഭോക്താക്കൾക്ക് നാളിതുവരെ പ്രയോജനം ലഭിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

വയോജനങ്ങളുടെ ക്ഷേമത്തിനായി സർക്കാർ നടപ്പാക്കുന്ന വിവിധ പദ്ധതികൾ മുഖേന ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. വയോപോഷണം-5019 ( 2021-22-ൽ 2447, 2022-23-ൽ 2572)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

2. വയോ-അമൃതം പദ്ധതി-726 (സർക്കാർ വൃദ്ധമന്ദിരങ്ങളിലെ താമസക്കാർ)

3. സെക്കൻഡ് ഇന്നിംഗ്സ് ഹോം, കണ്ണൂർ-6, മലപ്പുറം-56, കൊല്ലം-81 (വൃദ്ധമന്ദിരങ്ങളിലെ താമസക്കാർ)

4. ഡിമെൻഷ്യ സെന്ററുകളുടെ പ്രവർത്തനം:

എറണാകുളം, എടവനക്കാട് - പദ്ധതി തുടങ്ങിയ നാൾ മുതൽ 82 പേർക്ക് സേവനം നൽകിയിട്ടുണ്ട്. നിലവിൽ സ്ഥാപനത്തിലുള്ള 15 പേർക്ക് സേവനം നൽകിവരുന്നു.

തൃശ്ശൂർ, കുന്ദംകുളം-പദ്ധതി തുടങ്ങിയ നാൾ മുതൽ 71 പേർക്ക് സേവനം നൽകിയിട്ടുണ്ട്. നിലവിൽ സ്ഥാപനത്തിലുള്ള 25 പേർക്കും പുറത്തുള്ള 2 പേർക്കും ഉൾപ്പടെ 27 പേർക്ക് സേവനം നൽകിവരുന്നു.

5. വയോ മധുരം പദ്ധതി

2018-19 – 1,40,000,

2019-20 – 10,340,

2021-22 –1,400,

2022-23 - 865

ആകെ 29,655 ഗുണഭോക്താക്കൾ

6. വയോജന കാൾ സെന്റർ - 69,712 കാളുകൾ ലഭിച്ചു.

7. വയോരക്ഷ പദ്ധതി - ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 196 ഗുണഭോക്താക്കൾക്ക് സംസ്ഥാനത്ത് പദ്ധതിയുടെ പ്രയോജനം ലഭ്യമായിട്ടുണ്ട്.

വയോമിത്രം പദ്ധതിയിലൂടെ നാളിതുവരെ 2,89,030 വയോജനങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമായിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി മോണിറ്ററിംഗ് സോഫ്റ്റ്‌വെയറായ സുലേഖയിൽനിന്നും ശേഖരിച്ചതിൻപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന 2023-24 വർഷം നടപ്പാക്കിയ വയോജനങ്ങൾക്കുള്ള വിവിധ പദ്ധതികളിൽ 57,119 പേരെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിരിക്കുന്നു.

പകൽ വീടുകൾ, വയോജന പരിപാലന കേന്ദ്രങ്ങൾ എന്നിവയുടെയും പാലിയേറ്റീവ് സേവനം ഉപയോഗപ്പെടുത്തുന്ന വയോജനങ്ങളുടെയും എണ്ണത്തിന് പുറമേയാണിത്. കൂടാതെ 2023 ജൂൺ മാസത്തിലെ കണക്കനുസരിച്ച് 28,77,260 ഗുണഭോക്താക്കൾക്ക് വാർദ്ധക്യകാല പെൻഷനും അനുവദിച്ചിട്ടുണ്ട്.

**ആശ്വാസ കിരണം പദ്ധതി**

216(1913) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആശ്വാസ കിരണം പദ്ധതി പ്രകാരം നൽകിവരുന്ന ധനസഹായം എത്രയാണെന്നും എന്നുമുതലുള്ള ധനസഹായമാണ് കുടിശ്ശികയായിട്ടുള്ളതെന്നും കുടിശ്ശിക തുക എന്ന് കൊടുത്തുതീർക്കുമെന്നും വിശദമാക്കാമോ?

ആശ്വാസ കിരണം പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് 600/- രൂപ പ്രതിമാസ ധനസഹായം നൽകിവരുന്നു. 2022-2023 സാമ്പത്തിക വർഷത്തിൽ ആശ്വാസ കിരണം പദ്ധതിക്കായി അനുവദിച്ച 25 കോടി

രൂപയിൽ 24,21,09,045/- രൂപ ചെലവഴിച്ച് ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലഭ്യമാക്കിയ 38104 ഗുണഭോക്താക്കൾക്ക് അവരുടെ ബാങ്ക് അക്കൗണ്ട് വഴി ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കൊല്ലം ജില്ല ഒഴികെയുള്ള ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 11 മാസത്തേയും കൊല്ലം ജില്ലയിലെ ഗുണഭോക്താക്കൾക്ക് 10 മാസത്തേയും ധനസഹായമാണ് ഇത്തരത്തിൽ വിതരണം ചെയ്തത്. നടപ്പ് സാമ്പത്തിക വർഷം ബജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ള 54 കോടി രൂപയിൽനിന്നും ലഭ്യമായ 15 കോടി രൂപ ഉപയോഗിച്ച് വിവിധ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 13 മാസത്തെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

**ആശ്വാസ കിരണം പദ്ധതി**

217(1914) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസ കിരണം പദ്ധതിയുടെ വിശദാംശം അറിയിക്കാമോ?

ആശ്വാസ കിരണം പദ്ധതിയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പദ്ധതിയിലൂടെ എത്രപേർക്കാണ് ധനസഹായം നൽകിവരുന്നത്; അപേക്ഷ സമർപ്പിച്ച എത്ര പേർക്ക് ഇനിയും ധനസഹായം നൽകാനുണ്ട്; വിശദമാക്കാമോ?

ആശ്വാസ കിരണം പദ്ധതി പ്രകാരം ആനുകൂല്യം അനുവദിക്കുന്നതിന് ഗുണഭോക്താക്കൾ അവരുടെ ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ ഇത്തരത്തിൽ വിശദാംശങ്ങൾ ലഭ്യമാക്കിയ 38104 പേർക്ക് പദ്ധതിയുടെ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

11-10-2012-ലെ സ.ഉ.(എം.എസ്.)നം.60/2012/ സാ.ക്ഷേ.വ. പ്രകാരം ആശ്വാസ കിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ എന്നിവർക്കുപുറമെ 100 ശതമാനം അന്ധത ബാധിച്ചവരേയും പ്രായാധിക്യംകൊണ്ടും ക്യാൻസർ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിട്ടുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബജറ്റ് വിഹിതത്തെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായിവരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു. അതുകൊണ്ടുതന്നെ 2018 മാർച്ച് 31-വരെ ലഭിച്ച അപേക്ഷകൾക്ക് മാത്രമേ ഇതുവരെ ധനസഹായം അനുവദിക്കാൻ കഴിഞ്ഞിട്ടുള്ളൂ.

(സി) പദ്ധതിയിലേയ്ക്കുള്ള അപേക്ഷ ഓൺലൈൻ വഴി സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

പദ്ധതിയിലേയ്ക്കുള്ള അപേക്ഷ ഓൺലൈനിലൂടെ സ്വീകരിക്കുന്നതിനുള്ള നടപടികൾ ഇൻഫർമേഷൻ കേരള മിഷന്റെ സാങ്കേതിക സഹായത്തോടെ സ്വീകരിച്ചുവരുന്നു.

## സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയുള്ള ധനസഹായം

218(1915) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയുള്ള വിവിധ സഹായങ്ങൾക്കായി എത്ര അപേക്ഷകളാണ് ലഭിച്ചതെന്നും പ്രസ്തുത ഇനത്തിൽ എത്ര തുകയാണ് സഹായമായി നൽകിയതെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചുവടെ പറയും പ്രകാരം വിവിധ പദ്ധതികൾ മുഖേന ധനസഹായം അനുവദിച്ചിട്ടുണ്ട്.

ആശ്വാസ കിരണം:

96086 അപേക്ഷകർക്ക് 7900 ലക്ഷം രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

സ്നേഹസാന്ത്വനം:

6864 അപേക്ഷകർക്ക് 2547.65 ലക്ഷം രൂപ സഹായമായി നൽകിയിട്ടുണ്ട്.

സമാശ്വാസം:

നിലവിലെ 5596 ഗുണഭോക്താക്കൾക്കായി 917 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

സ്നേഹപൂർവ്വം:

49872 അപേക്ഷകർക്ക് 5615 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

സ്നേഹസ്പർശം:

2573 ഗുണഭോക്താക്കൾക്കായി 463 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

വി-കെയർ:

പദ്ധതിയിലേയ്ക്ക് ലഭ്യമായ 1479 അപേക്ഷകളിൽ പദ്ധതി മാനദണ്ഡമനുസരിച്ച് അർഹരായവർക്ക് 1043 ലക്ഷം രൂപ ചികിത്സാ സഹായമായി അനുവദിച്ചിട്ടുണ്ട്.

(ബി) സാമൂഹ്യ സുരക്ഷാ മിഷനിലേയ്ക്ക് ചികിത്സാ സഹായത്തിന് എത്തുന്ന അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് കഴിയാതെവരുന്ന സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കാമോ?

ചികിത്സാ സഹായത്തിനായി ലഭിക്കുന്ന അപേക്ഷകളിൽ മാനദണ്ഡപ്രകാരം ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കാൻ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണിക്കുമോ?

അപേക്ഷകൾ ഓൺലൈൻ മുഖേന സ്വീകരിക്കുന്നതിനുള്ള നടപടികൾ ഇൻഫർമേഷൻ കേരള മിഷന്റെ സഹായത്തോടുകൂടി തയ്യാറാക്കിവരുന്നു.

(ഡി) അവയവമാറ്റം പോലുള്ള ചികിത്സകൾക്ക് ധനസഹായം ലഭിക്കുന്നതിനുവേണ്ടി നൽകുന്ന അപേക്ഷകളിൽ സാങ്കേതിക കാരണങ്ങളാലുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ നിബന്ധനകളിൽ ആവശ്യമായ മാറ്റം വരുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

വി-കെയർ പദ്ധതിയിൽ ലഭിക്കുന്ന അവയവമാറ്റം ഉൾപ്പെടെയുള്ള അപേക്ഷകളിൽ മെഡിക്കൽ കമ്മിറ്റി ശിപാർശ ഉൾപ്പെടെ വിവിധ കമ്മിറ്റികളുടെ അംഗീകാരം ആവശ്യമാണ്. എന്നാൽ അടിയന്തര സാഹചര്യങ്ങളിൽ അപേക്ഷയുടെ സ്വഭാവമനുസരിച്ച് ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തിന് വിധേയമായി എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർപേഴ്സന്റെയും ഗവേണിംഗ് ബോഡി ചെയർപേഴ്സന്റെയും അംഗീകാരത്തോടുകൂടി ചികിത്സാ സഹായം അനുവദിക്കാറുണ്ട്.

**മാതൃജ്യോതി പദ്ധതി**

219(1916) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം സാമൂഹ്യനീതി വകുപ്പുവഴി നടപ്പാക്കുന്ന പുതിയ പദ്ധതികൾ ഏതെല്ലാം; എത്രപേർ ഇതിന്റെ ഗുണഭോക്താക്കളായി എന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യനീതി വകുപ്പുവഴി നടപ്പാക്കുന്ന പുതിയ പദ്ധതികളും എത്ര പേർ ഇതിന്റെ

ഗുണഭോക്താക്കളായി എന്നത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) സംസ്ഥാനത്ത് മാതൃജ്യോതി പദ്ധതി പ്രകാരം എത്ര പേർക്ക് ധനസഹായം നൽകിയെന്നും ആയതിനായി ചെലവഴിച്ച തുക സംബന്ധിച്ച വിവരവും ലഭ്യമാക്കുമോ?

2021-22 സാമ്പത്തിക വർഷത്തിൽ മാതൃജ്യോതി പദ്ധതിയുടെ ഭാഗമായി 76 ഗുണഭോക്താക്കൾക്കായി 10,92.162/- രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ 80 ഗുണഭോക്താക്കൾക്കായി 21,85,031/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

## പ്രിന്റ് ഫാക്ടറി എന്ന സ്ഥാപനത്തിൽനിന്നും സാമൂഹ്യ സുരക്ഷാ മിഷൻ വാങ്ങിയ സാമഗ്രികൾ

220(1917) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രിന്റ് ഫാക്ടറി എന്ന സ്ഥാപനത്തിൽനിന്നും 2020 ജനുവരി 1-നുശേഷം നാളിതുവരെ സാമൂഹ്യ സുരക്ഷാ മിഷൻ എന്തൊക്കെ സാമഗ്രികൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വാങ്ങിയെന്ന് ഇനംതിരിച്ച് വ്യക്തമാക്കുമോ; സാമഗ്രികൾ വാങ്ങിയ തീയതി, ഓരോ സാധനത്തിന്റെയും തുക, മൊത്തം തുക എന്നീ വിവരങ്ങൾ നൽകുമോ; ടെണ്ടർ നടപടികളിലൂടെയാണോ ഈ പ്രവൃത്തികൾ നൽകിയതെന്ന് വിശദമാക്കാമോ?

M/s. പ്രിന്റ് ഫാക്ടറി എന്ന സ്ഥാപനത്തിൽനിന്നും 2020 ജനുവരി 1-നുശേഷം ചില സാമഗ്രികൾ ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചും 2020 മാർച്ച് മാസത്തിനുശേഷം കോവിഡ് കാലഘട്ടത്തിൽ, പർച്ചേസുമായി ബന്ധപ്പെട്ട് റിലാക്സേഷൻ അനുവദിച്ചിരുന്ന സാഹചര്യത്തിൽ മറ്റ് ചില സാമഗ്രികൾ ടെണ്ടർ നടപടികളിലൂടെ അല്ലാതെയും വാങ്ങിയിട്ടുണ്ട്. പ്രിന്റ് ഫാക്ടറി എന്ന സ്ഥാപനത്തിൽനിന്നും 2020 ജനുവരി 1-നുശേഷം 73,18,333/- രൂപയുടെ സാമഗ്രികൾ വാങ്ങിയിട്ടുണ്ട്. വാങ്ങിയ സാധനങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**ആശ്വാസ കിരണം പദ്ധതിയിലൂടെ ആനുകൂല്യം ലഭിക്കുന്നവർ**

221(1918) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസ കിരണം പദ്ധതി മുഖേന ഏതൊക്കെ വിഭാഗത്തിൽപ്പെട്ടവർക്കാണ് ആനുകൂല്യം ലഭ്യമാക്കുന്നതെന്നും എത്ര രൂപയുടെ ആനുകൂല്യമാണ് നൽകുന്നതെന്നും വിശദമാക്കാമോ?

തീവ്രമായ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരെയും 100 ശതമാനം അന്ധത ബാധിച്ചവരെയും ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യംകൊണ്ടും ക്യാൻസർ മുതലായ പലവിധ രോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള രോഗികളെ പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസ കിരണം.

ശയ്യാവലംബരായ ഒരു വ്യക്തി കുടുംബത്തിലുള്ള സാഹചര്യത്തിൽ അവരെ പരിചരിക്കുന്നതിനായി ഒരാൾ മുഴുവൻ സമയവും വീട്ടിൽ

നിൽക്കേണ്ടതായി വരുന്നതിനാൽ ഇവർക്ക് പുറത്തുപോയി വരുമാനദായക ജോലികളിൽ ഏർപ്പെടാൻ സാധിക്കാതെവരുന്നു. ഇങ്ങനെയുള്ള കുടുംബങ്ങളെ സഹായിക്കാനാണ് ടി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്.

(ബി) ഏത് തീയതിവരെ അപേക്ഷ സമർപ്പിച്ചവർക്കാണ് ഇപ്പോൾ ആനുകൂല്യം നൽകുന്നതെന്ന് വിശദമാക്കാമോ?

ആശ്വാസ കിരണം പദ്ധതി പ്രകാരം 2018 മാർച്ച് 31-വരെ ലഭിച്ച അപേക്ഷകർക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്.

**മിഠായി പദ്ധതി**

222(1919) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൈപ്പ് വൺ പ്രമേഹരോഗമുള്ള കുട്ടികൾക്ക് നൽകിവരുന്ന ചികിത്സാ സഹായം (മിഠായി പദ്ധതി) മുടങ്ങിയിട്ട് എത്രമാസമായെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഇനത്തിൽ എത്ര തുകയാണ് കുടിശ്ശികയുള്ളതെന്ന് അറിയിക്കാമോ?

(എ&ബി) മിഠായി പദ്ധതി മുഖേനയുള്ള ചികിത്സാ സഹായം തുടർന്നുവരുന്നു. മിഠായി പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് നേരിട്ട് ധനസഹായം അനുവദിക്കുന്നില്ല. മറിച്ച് സൗജന്യ ചികിത്സയും മരുന്നും മറ്റ് ചികിത്സാ ഉപകരണങ്ങളും അനുവദിക്കുകയാണ് ചെയ്യുന്നത്. ഈ പദ്ധതി പ്രകാരം, 2021-22 സാമ്പത്തിക വർഷത്തിൽ 2.05 കോടി രൂപ ചെലവഴിച്ച് 1233 ഗുണഭോക്താക്കൾക്കും 2022-23 വർഷത്തിൽ 3.78 കോടി ചെലവഴിച്ച് 1469 പേർക്കും പദ്ധതിയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ മിഠായി പദ്ധതിക്കായി വകയിരുത്തിയ 3.8 കോടി രൂപയിൽനിന്നും 76 ലക്ഷം രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

**സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേനയുള്ള പദ്ധതികൾ**

223(1920) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വികലാംഗക്ഷേമ കോർപ്പറേഷൻ വഴി എന്തെല്ലാം പദ്ധതികൾ നടപ്പാക്കിവരുന്നു എന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ വഴി നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) പാലക്കാട് ജില്ലയിൽ കാഴ്ച പദ്ധതി പ്രകാരം എത്ര കാഴ്ച പരിമിതർക്ക് വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ്വെയറുള്ള സ്മാർട്ട് ഫോൺ നൽകാൻ കഴിഞ്ഞെന്ന് വിശദമാക്കാമോ?

കാഴ്ച പരിമിതരായ ഭിന്നശേഷിക്കാർക്ക് "കാഴ്ച പദ്ധതി " പ്രകാരം പാലക്കാട് ജില്ലയിൽ വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ്വെയറുള്ള സ്മാർട്ട് ഫോൺ വിതരണം ചെയ്തിട്ടില്ല.

(സി) പ്രസ്തുത ജില്ലയിൽ ശ്രുവൺ പദ്ധതി പ്രകാരം എത്ര പേർക്ക് ഉപകരണങ്ങൾ വിതരണം ചെയ്തുവെന്ന് വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ശ്രവൺ പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ 64 ഭിന്നശേഷിക്കാർക്കായി 124 ശ്രവണ സഹായികൾ വിതരണം ചെയ്തിട്ടുണ്ട്.

(ഡി) ഭിന്നശേഷിക്കാർക്കുള്ള മെറി ഹോം പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ എത്ര പേർക്ക് വീട് നിർമ്മിച്ചുനൽകാൻ കഴിഞ്ഞുവെന്ന് വിശദമാക്കാമോ?

ഭിന്നശേഷിക്കാർക്കായുള്ള ഭവന വായ്പ പദ്ധതിയായ മെറി ഹോം പദ്ധതി പ്രകാരം ഭവന വായ്പ അനുവദിക്കണമെന്ന് അപേക്ഷിച്ച് പാലക്കാട് ജില്ലയിൽനിന്നും ആരും തന്നെ അപേക്ഷ സമർപ്പിച്ചിട്ടില്ല.

**സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിലുള്ള പദ്ധതികൾ**

224(1921) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിൽ നടപ്പാക്കിവരുന്ന സാമൂഹ്യ സുരക്ഷാ പദ്ധതികൾ എന്തെല്ലാമാണെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ പദ്ധതിക്കും എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും

ഓരോ പദ്ധതിയുടേയും പ്രയോജനം എത്ര പേർക്ക് ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**സമാശ്വാസം പദ്ധതി**

225(1922) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സമാശ്വാസം പദ്ധതി മുഖേന നൽകിവരുന്ന ചികിത്സാ സഹായം മുടങ്ങിയിട്ട് എത്രമാസമായെന്നും പ്രസ്തുത ഇനത്തിൽ നൽകാനുള്ള കുടിശ്ശിക തുക എത്രയാണെന്നും അറിയിക്കാമോ?

സമാശ്വാസം പദ്ധതി ധനസഹായം വിതരണം മുടങ്ങിയിട്ടില്ല. കഴിഞ്ഞ സാമ്പത്തിക വർഷം സമാശ്വാസം പദ്ധതി ചികിത്സാ ധനസഹായം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അർഹരായ ഗുണഭോക്താക്കൾക്ക് താഴെ പരാമർശിക്കുന്ന വിധം തുക വിതരണം ചെയ്തിട്ടുണ്ട്.

| പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| സമാശ്വാസം-1 (ഡയാലിസിസ്) | 3,550 | 3,89,99,250/- |
| സമാശ്വാസം-2 (കിഡ്നി/ലിവർ ട്രാൻസ്പ്ലാന്റേഷൻ) | 350 | |
| സമാശ്വാസം-3 (ഹീമോഫീലിയ) | 1,483 | |
| സമാശ്വാസം-4 (സിക്കിൾസെൽ അനീമിയ) | 213 | |
| **ആകെ** | **5,596** | **3,89,99,250/-** |

ഈ സാമ്പത്തിക വർഷം സമാശ്വാസം പദ്ധതിക്കായി 6 കോടി രൂപയുടെ ഭരണാനുമതിയായിട്ടുണ്ട്. പ്രസ്തുത തുകയിൽനിന്നും ആദ്യ ഗഡുവായി ലഭിച്ച 30 ലക്ഷം രൂപ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്.

**പൂഞ്ഞാർ മണ്ഡലത്തിലെ സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതികൾ**

226(1923) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ പൂഞ്ഞാർ മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പുവഴി നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

കേരള സംസ്ഥാന സാമൂഹ്യനീതി വകുപ്പ്, ഭിന്നശേഷിക്കാർ, വയോജനങ്ങൾ, ട്രാൻസ്ജെൻഡർ വ്യക്തികൾ, പ്രൊബേഷൻ ആൻഡ് ആഫ്റ്റർ കെയർ മേഖല, മറ്റ് ദുർബല ജനവിഭാഗങ്ങൾ എന്നിവയുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന നോഡൽ വകുപ്പാണ്. ഈ ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി നിരവധി ക്ഷേമ പദ്ധതികളും പ്രവർത്തനങ്ങളും സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖേന ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. പൂഞ്ഞാർ മണ്ഡലത്തിൽ മാത്രമായല്ല മറിച്ച് സംസ്ഥാന വ്യാപകമായാണ് സാമൂഹ്യനീതി വകുപ്പ് പദ്ധതികൾ നടപ്പാക്കിവരുന്നത്.

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മേൽപ്പറഞ്ഞ വിഭാഗത്തിൽ ഉൾപ്പെടുന്ന അർഹരായ വ്യക്തികൾക്ക് വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതി പ്രവർത്തനങ്ങളുടെ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകിവരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ക്ഷേമ പദ്ധതികൾക്കായി സാമൂഹ്യനീതി ഡയറക്ടറേറ്റ് പൂഞ്ഞാർ നിയോജകമണ്ഡലം ഉൾപ്പെടുന്ന കോട്ടയം ജില്ലയ്ക്ക് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **പദ്ധതിയുടെ പേര്** | **2021-22 അനുവദിച്ച തുക** | **2022-23 അനുവദിച്ച തുക** | **2023-24 (നാളിതുവരെ) അനുവദിച്ച തുക** |
|---|---|---|---|
| വിദ്യാകിരണം | 10,50,000 | 16,00,000 | 10,00,000 |
| വിദ്യാജ്യോതി | 1,33,430 | 1,78,000 | 1,00,000 |
| പരിണയം | 10,50,000 | 14,40,000 | 3,00,000 |
| സ്വാശ്രയ | 1,75,000 | 3,43,000 | 1,05,000 |
| പരിരക്ഷ | 1,00,000 | - | 1,60,000 |
| ഇംപ്രസ്റ്റ് മണി | 10,000 | - | 25,000 |

| | | | |
|---|---|---|---|
| വിജയാമൃതം | 43,335 | 80,000 | - |
| മാതൃജ്യോതി | 31,677 | 2,16,000 | 1,20,000 |
| ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ ഫീസ് | - | 1,20,000 | - |
| ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | | 60,000 | |
| ഡിസ്റ്റൻസ് എഡ്യൂക്കേഷൻ | 25,000 | 10,000 | - |
| ശ്രേഷ്ഠം | | 80,000 | |
| വയോപോഷണം | 2,41,016 | 2,56,704 | |
| വയോമധുരം | 2,10,949 | 19,784 | |
| വയോ അമൃതം | 4,41,464 | 6,28,158 | |
| വയോരക്ഷ | 1,50,000 | 1,50,000 | |

ഈ സാമ്പത്തിക വർഷം കേരള സാമൂഹ്യ സുരക്ഷാമിഷൻ പദ്ധതികൾക്കുവേണ്ടി അനുവദിച്ച ബജറ്റ് വിഹിതത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ആശ്വാസ കിരണം - 54 കോടി രൂപ

2. സ്നേഹസ്പർശം - 2 കോടി രൂപ

3. വയോമിത്രം - 27.50 കോടി രൂപ

4. സ്നേഹപൂർവ്വം - 17 കോടി രൂപ

5. സമാശ്വാസം - 6 കോടി രൂപ

6. മിഠായി - 3.80 കോടി രൂപ

കേരള സാമൂഹ്യ സുരക്ഷാ മിഷൻ - സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് മുഖേന പൂഞ്ഞാർ മണ്ഡലമുൾപ്പെടുന്ന കോട്ടയം ജില്ലയിൽ നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**വെള്ളാവൂരിൽ ഭിന്നശേഷി ഗ്രാമം**

227(1924) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ വെള്ളാവൂരിൽ ഭിന്നശേഷി ഗ്രാമം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ വെള്ളാവൂരിൽ ഭിന്നശേഷിഗ്രാമം സ്ഥാപിക്കുന്നതിനായി 348 സെന്റ് ഭൂമി ലഭ്യമാണെന്ന് കാഞ്ഞിരപ്പള്ളി എം.എൽ.എ. അറിയിച്ചതിനെ തുടർന്ന് പ്രസ്തുത ഭൂമി സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ കോട്ടയം ജില്ലാകളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. അതിൻമേലുള്ള തുടർനടപടികളുടെ ഭാഗമായി സംസ്ഥാന ലാൻഡ് റവന്യൂ കമ്മീഷണർക്ക് ജില്ലാ കളക്ടർ കത്തുനൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമിയെ സംബന്ധിച്ച് കോട്ടയം ജില്ലാ സാമൂഹ്യനീതി ഓഫീസിൽനിന്നും ആവശ്യപ്പെടുകയും അതിൻപ്രകാരം ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭൂമിയിൽ പുനരധിവാസഗ്രാമം സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) പ്രസ്തുത പദ്ധതിക്ക് സൗജന്യമായി ലഭിക്കുന്നതിന് വെള്ളാവൂരിൽ കണ്ടെത്തിയ റവന്യൂ പുറമ്പോക്ക് ഭൂമി സാമൂഹ്യനീതി വകുപ്പിന്റെ കീഴിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

പ്രസ്തുത ഭൂമി സാമൂഹ്യനീതി വകുപ്പിന് ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കോട്ടയം ജില്ലാ കളക്ടർക്ക് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിൻമേലുള്ള തുടർനടപടികളുടെ ഭാഗമായി സംസ്ഥാന ലാൻഡ് റവന്യൂ കമ്മീഷണർക്ക് ജില്ലാ കളക്ടർ കത്തുനൽകിയിട്ടുണ്ട്.

(സി) അർത്ഥനാധികാരിയായ സാമൂഹ്യനീതി വകുപ്പ് ഉചിതമാർഗ്ഗേണ അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണറുടെ കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഭൂമി കൈമാറി ലഭിക്കുന്നതിന് അർത്ഥനാപത്രം തയ്യാറാക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി പ്രസ്തുത ഭൂമിയിൽ പുനരധിവാസഗ്രാമം ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനായി കോട്ടയം ജില്ലാ സാമൂഹ്യനീതി ഓഫീസർ, ബാരിയർ ഫ്രീ കൺസൾട്ടൻസി സെൽ

പ്രതിനിധികൾ എന്നിവരുൾപ്പെടുന്ന ഒരു മീറ്റിംഗ് ചേർന്ന് തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) എത്രയും വേഗം നടപടികൾ പൂർത്തിയാക്കി വെള്ളാവൂരിൽ ഭിന്നശേഷി ഗ്രാമം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താമോ?

പദ്ധതിക്കായി കണ്ടെത്തിയ സ്ഥലത്ത് പുനരധിവാസഗ്രാമം സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

**വയോമിത്രം പദ്ധതിക്കായി ചെലവഴിച്ച തുക**

228(1925) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിൽ സാമൂഹ്യ സുരക്ഷ മിഷൻ മുഖേന നടപ്പാക്കുന്ന വയോമിത്രം പദ്ധതി ആരംഭിക്കുന്നതിന് അനുമതി നൽകിയെങ്കിലും നാളിതുവരെ സാമൂഹ്യ സുരക്ഷ മിഷന്റെ ഫണ്ട് അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

വയോമിത്രം പദ്ധതിയിൽ സംസ്ഥാനതലത്തിലാണ് ബജറ്റിൽ തുക വകയിരുത്തി അനുവദിക്കുന്നത്. ബ്ലോക്ക് തലത്തിൽ പദ്ധതി നടപ്പാക്കുന്നതിന് പ്രത്യേകമായി ഫണ്ട് അനുവദിച്ചിട്ടില്ല.

(ബി) ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം മാറ്റിവയ്ക്കാൻ തയ്യാറാണെന്ന് അറിയിച്ചിട്ടും മിഷന്റെ വിഹിതം അനുവദിക്കുകയോ പ്രസ്തുത വിഷയത്തിൻമേൽ ബ്ലോക്ക് പഞ്ചായത്ത് മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയ കത്തിന് മറുപടി നൽകുകയോ ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

കൊണ്ടോട്ടി ഉൾപ്പെടെ കൂടുതൽ ബ്ലോക്ക് പഞ്ചായത്തുകളിൽ വയോമിത്രം പദ്ധതി നടപ്പാക്കുന്നത് പരിശോധിക്കാവുന്നതാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയോമിത്രം പദ്ധതിക്കായി മിഷന്റെ വിഹിതമായി എത്ര രൂപ ചെലവഴിച്ചു; ആയതിന്റെ വിശദാംശം, മിഷൻ വിഹിതം, ജില്ല, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്, അനുവദിച്ച തീയതി എന്നിങ്ങനെ തരംതിരിച്ച് ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയോമിത്രം പദ്ധതിക്കായി 7622.17 ലക്ഷം രൂപ ചെലവഴിച്ചു. വയോമിത്രം പദ്ധതിക്കായി സംസ്ഥാനാടിസ്ഥാനത്തിലാണ് തുക ചെലവഴിച്ചുവരുന്നത്. തദ്ദേശ സ്ഥാപനം തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

(ഡി) കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ വയോമിത്രം പദ്ധതിക്ക് മിഷൻ വിഹിതം അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

കൊണ്ടോട്ടി ഉൾപ്പെടെ കൂടുതൽ ബ്ലോക്ക് പഞ്ചായത്തുകളിൽ വയോമിത്രം പദ്ധതി നടപ്പാക്കുന്നത് പരിശോധിക്കാവുന്നതാണ്.

(ഇ) വയോമിത്രം പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി മിഷനിൽ എത്ര ജീവനക്കാർ ഉണ്ട്; പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഔദ്യോഗിക വാഹനങ്ങളുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ജില്ല അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

കോ-ഓർഡിനേറ്റർ, മെഡിക്കൽ ഓഫീസർ, നഴ്സ്, ജെ.പി.എച്ച്.എൻ. എന്നിവരുൾപ്പെടെ 95 യൂണിറ്റുകളിലായി വയോമിത്രം പദ്ധതിയിൽ 395

ജീവനക്കാർ പ്രവർത്തിക്കുന്നുണ്ട്. പദ്ധതിയുടെ ബജറ്റ് വിഹിതം വിനിയോഗിച്ച് ടെണ്ടർ നടപടികളിലൂടെ വാഹനങ്ങൾ വാടകയ്ക്ക് ലഭ്യമാക്കി പദ്ധതി പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവരുന്നു. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**കൊല്ലം ജില്ലയിലെ ആശ്വാസകിരണം പദ്ധതിയുടെ ഗുണഭോക്താക്കൾ**

229(1926) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസ കിരണം പദ്ധതി പ്രകാരം കൊല്ലം ജില്ലയിലെ ഗുണഭോക്താക്കൾക്ക് ഏത് വർഷം വരെയുള്ള ധനസഹായമാണ് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) നിരാലംബരായ രോഗികൾക്ക് കുടിശ്ശിക തുക വിതരണം ചെയ്യാൻ അടിയന്തരമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) നടപ്പ് സാമ്പത്തിക വർഷം ആശ്വാസ കിരണം പദ്ധതിക്ക് ബജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ള 54 കോടി രൂപയിൽനിന്നും 15

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കോടി രൂപ ചെലവഴിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുകയിൽനിന്നും കൊല്ലം ജില്ലയിലെ ഗുണഭോക്താക്കൾക്ക് 13 മാസത്തെ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) ആശ്വാസ കിരണം പദ്ധതി പ്രകാരമുള്ള പുതിയ അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

11-10-2012-ലെ (എം.എസ്.)60/2012 നമ്പർ ഉത്തരവുപ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ 100 ശതമാനം അന്ധത എന്നിവയ്ക്ക് പുറമെ പ്രായാധിക്യംകൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം പ്രസ്തുത പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി

വർദ്ധിക്കുകയും ബജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാവുകയും ചെയ്തു.

അതുകൊണ്ടുതന്നെ 2018 മാർച്ച് 31-വരെ ലഭിച്ച അപേക്ഷകർക്കാണ് ഇതുവരെ ധനസഹായം അനുവദിച്ചിട്ടുള്ളത്. ഫണ്ട് ലഭ്യതയ്ക്കനുസൃതമായി പുതിയ അപേക്ഷകളിലെ അർഹരായവർക്ക് ആനുകൂല്യം അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**ആശ്വാസ കിരണം പദ്ധതി**

230(1927) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആശ്വാസ കിരണം പദ്ധതി മുഖേനയുള്ള ധനസഹായം മുടങ്ങിയിട്ട് എത്രമാസമായെന്നും പ്രസ്തുത ഇനത്തിൽ നൽകാനുള്ള കുടിശ്ശിക തുക എത്രയാണെന്നും അറിയിക്കാമോ?

ആശ്വാസ കിരണം പദ്ധതി മുഖേനയുള്ള ധനസഹായം മുടങ്ങിയിട്ടില്ല.

2022-2023 സാമ്പത്തിക വർഷത്തിൽ ആശ്വാസ കിരണം പദ്ധതിക്കായി അനുവദിച്ച 25 കോടി രൂപയിൽ 24,21,09,045/- രൂപ ചെലവഴിച്ച് ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലഭ്യമാക്കിയ 38104 ഗുണഭോക്താക്കൾക്ക് അവരുടെ ബാങ്ക് അക്കൗണ്ട് വഴി ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കൊല്ലം ഒഴികെയുള്ള ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 11 മാസത്തെയും കൊല്ലം ജില്ലയിലെ ഗുണഭോക്താക്കൾക്ക് 10 മാസത്തേയും ധനസഹായമാണ് ഇത്തരത്തിൽ അനുവദിച്ചത്.

നടപ്പ് സാമ്പത്തിക വർഷം ബജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ള 54 കോടി രൂപയിൽനിന്നും ലഭ്യമായ 15 കോടി രൂപ ഉപയോഗിച്ച് വിവിധ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 13 മാസത്തെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

**സാമൂഹ്യ സുരക്ഷാ മിഷൻ വാങ്ങിയ സാമഗ്രികൾ**

231(1928) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റിവൈൻ റിസോഴ്സ്സ് എന്ന സ്ഥാപനത്തിൽനിന്നും 2020 ജനുവരി 1-നുശേഷം നാളിതുവരെ സാമൂഹ്യ സുരക്ഷാ മിഷൻ എന്തൊക്കെ സാമഗ്രികൾ വാങ്ങിയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത സാമഗ്രികൾ വാങ്ങിയ തീയതി, ഓരോ സാധനത്തിന്റെയും തുക, മൊത്തം തുക എന്നീ വിവരങ്ങൾ നൽകുമോ; ടെണ്ടർ നടപടികളിലൂടെയാണോ ഈ പ്രവൃത്തികൾ നൽകിയതെന്ന് വിശദമാക്കാമോ?

M/s. റിവൈൻ റിസോഴ്സ് എന്ന സ്ഥാപനത്തിൽനിന്നും 2020 ജനുവരി 1-നുശേഷം ചില സാമഗ്രികൾ ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചും 2020 മാർച്ച് മാസത്തിനുശേഷം കോവിഡ് കാലഘട്ടത്തിൽ പർച്ചേസുമായി ബന്ധപ്പെട്ട് ഇളവുകൾ അനുവദിച്ചിരുന്ന സാഹചര്യത്തിൽ മറ്റ് ചില സാമഗ്രികൾ ടെണ്ടർ നടപടികളിലൂടെ അല്ലാതെയും വാങ്ങിയിട്ടുണ്ട്. റിവൈൻ റിസോഴ്സ് എന്ന സ്ഥാപനത്തിൽനിന്നും 2020 ജനുവരി 1-നുശേഷം 10,230,557/-രൂപയുടെ സാമഗ്രികൾ വാങ്ങിയിട്ടുണ്ട്. വാങ്ങിയ സാധനങ്ങളുടെ തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## മിഠായി പദ്ധതി

232(1929) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഠായി പദ്ധതി പ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങളും അവ ലഭിക്കാനുള്ള മാനദണ്ഡങ്ങളും വ്യക്തമാക്കാമോ?

ടൈപ്പ് 1 പ്രമേഹം ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും പരിചരണം നൽകുന്നതിന് ആരംഭിച്ച സമഗ്ര സാമൂഹികാധിഷ്ഠിത പദ്ധതിയാണ് മിഠായി. പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് സൗജന്യ ചികിത്സയും മരുന്നും (ഇൻസുലിൻ) മറ്റ് ചികിത്സ ഉപകരണങ്ങളും (ഇൻസുലിൻ പേന, നീഡിൽ, ഗ്ലൂക്കോ മീറ്റർ, സ്ട്രിപ്പ്, ലാൻസെറ്റ്, കണ്ടിന്യൂസ് ഗ്ലൂക്കോസ് മോണിറ്ററിംഗ് സെൻസർ, ബ്രിട്ടിൽ ഡയബെറ്റിസ് ബാധിതർക്ക് ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ഇൻസുലിൻ പമ്പ്) എന്നിവ മിഠായി ക്ലിനിക്കുകൾ മുഖേന നൽകിവരുന്നു.

**പദ്ധതി മാനദണ്ഡം**

- ഗുണഭോക്താവ് 18 വയസ്സിന് താഴെയുള്ളവരായിരിക്കണം.

- അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ താഴെയായിരിക്കണം.

- അപേക്ഷകൻ/രക്ഷിതാവ് കേരളത്തിൽ സ്ഥിര താമസക്കാരനായിരിക്കണം.

- ടൈപ്പ് 1 പ്രമേഹം രോഗ നിർണ്ണയവും പ്രോജക്ടിനുകീഴിൽ ശിപാർശ ചെയ്യപ്പെട്ട തെറാപ്പി ഷെഡ്യൂളും സംബന്ധിച്ച് ഒരു എംപാനൽഡ് ഡോക്ടർ സാക്ഷ്യപ്പെടുത്തിയിരിക്കണം.

- തെറാപ്പി ആരംഭിക്കുന്നതിനുമുമ്പ് കുട്ടിയുടെ മാതാപിതാക്കളുടെ അറിവോടെയുള്ള സമ്മതപത്രത്തിൽ ഒപ്പിടാൻ തയ്യാറായിരിക്കണം.

- റസിഡൻഷ്യൽ പ്രമേഹ ക്യാമ്പുകൾ ഉൾപ്പെടെയുള്ള നിർബന്ധിത പരിശീലനത്തിന് കുട്ടിയുടെ മാതാപിതാക്കൾ തയ്യാറാകണം.

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള സേവനം പാലക്കാട് ജില്ലയിലെ ഏതെങ്കിലും ആശുപത്രിയിൽ ലഭ്യമാണോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

പാലക്കാട് ജില്ലയിൽ "വുമൺ ആൻഡ് ചൈൽഡ്" ആശുപത്രിയിലാണ് മിഠായി പദ്ധതിയുടെ സാറ്റലൈറ്റ് സെന്റർ പ്രവർത്തിച്ചുവരുന്നത്.

**സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള ക്ഷേമ പദ്ധതികൾ**

233(1930) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വിഭാഗങ്ങളിൽപ്പെട്ട ജനങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിനുകീഴിൽ നടപ്പാക്കുന്ന സ്കീമുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ സ്കീമിന്റെയും മാനദണ്ഡങ്ങളും സ്കീം മുഖേന വിതരണം ചെയ്യുന്ന ആനുകൂല്യങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

(എ&ബി) സംസ്ഥാനത്തെ വിവിധ വിഭാഗങ്ങളിൽപ്പെട്ട ജനങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിനുകീഴിൽ നടപ്പാക്കുന്ന സ്കീമുകൾ, ഓരോ സ്കീമിന്റെയും മാനദണ്ഡങ്ങളും സ്കീം മുഖേന

വിതരണം ചെയ്യുന്ന ആനുകൂല്യങ്ങളും സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.+

(സി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ഓരോ സ്കീമിലും ആനുകൂല്യം കൈപ്പറ്റിയിരുന്ന ഗുണഭോക്താക്കളുടെ എണ്ണം എത്രയെന്നും മുൻ സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ ചെലവാക്കിയിരുന്ന ആകെ തുക എത്രയെന്നും ജില്ല, പദ്ധതി എന്നിവ വേർതിരിച്ച് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സ്കീമിലും ആനുകൂല്യം കൈപ്പറ്റിയിരിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം, തുക എന്നിവ സംബന്ധിച്ച് ജില്ല, പദ്ധതി എന്നിവ വേർതിരിച്ച് വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.+

കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു. എന്നാൽ ജില്ല തിരിച്ചുള്ള കണക്ക് കോർപ്പറേഷനിൽ ലഭ്യമല്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

എൻ.എച്ച്.എഫ്.ഡി.സി. വായ്പ പദ്ധതി പ്രകാരം 1759 പേർക്ക് 2658 ലക്ഷം രൂപ കുറഞ്ഞ പലിശ നിരക്കിൽ സ്വയം തൊഴിൽ/വിദ്യാഭ്യാസ/വാഹന/ഭവന വായ്പ തുച്ഛമായ പലിശ നിരക്കിൽ വിതരണം ചെയ്തു. വായ്പയെടുത്ത ബി.പി.എൽ. വിഭാഗത്തിന് വായ്പാ സബ്സിഡിയായി 131 പേർക്ക് 64.55 ലക്ഷം രൂപ അനുവദിച്ചുനൽകി.

ഭിന്നശേഷിക്കാർക്കുള്ള സഹായ ഉപകരണങ്ങൾ സൗജന്യമായി 1855 പേർക്ക് വിതരണം ചെയ്തു. 356.68 ലക്ഷം രൂപ ഇതിനായി ചെലവഴിച്ചു.

സ്വന്തമായി സൈഡ് വീൽ സ്കൂട്ടർ വാങ്ങിയ 61 പേർക്ക് സൈഡ് വീൽ ഘടിപ്പിക്കുന്നതിന് 9.07 ലക്ഷം രൂപ സബ്സിഡിയായി വിതരണം ചെയ്തു.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭിന്നശേഷിക്കാരാൽ പ്രവർത്തിക്കപ്പെടുന്ന മൈക്രോ പ്രോജക്ടുകൾക്കായി അവരുടെ സ്വയം സഹായ സംഘങ്ങൾക്ക് അനുയോജ്യമായ പദ്ധതികൾ തെരഞ്ഞെടുക്കാനും അത് ആരംഭിക്കാനുമുള്ള സഹായമായി 20,000/- രൂപ വീതം 3 സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചു.

ലോട്ടറി ടിക്കറ്റുകളുടെ വിൽപ്പനയ്ക്കുവേണ്ടി ഏജൻസികൾ സ്ഥാപിക്കാൻ സംസ്ഥാനത്തുടനീളം 40 ശതമാനം അല്ലെങ്കിൽ അതിൽ കൂടുതലോ ഭിന്നശേഷിയുള്ളവർക്ക് സാമ്പത്തിക സഹായമായി 726 പേർക്ക് 36.275 ലക്ഷം രൂപ അനുവദിച്ചു.

എസ്.എസ്.എൽ.സി., പ്ലസ് ടു വിജയികളാകുന്ന ബി ഗ്രേഡോ അതിനുമുകളിലോ വിജയം നേടിയ വിദ്യാർത്ഥികൾക്ക് പ്രൊഫിഷ്യൻസി അവാർഡ് 5000 രൂപ വീതം 1190 പേർക്ക് 59.50 ലക്ഷം രൂപ അനുവദിച്ചു.

തീവ്രവും അതിതീവ്രവും ഭിന്നശേഷിക്കാരായ 12 വയസ്സിന് താഴെയുള്ള കുട്ടികളുടെ പേരിൽ 20,000 രൂപ വീതം 783 പേർക്ക് 156.60 ലക്ഷം രൂപ സ്ഥിര നിക്ഷേപം അനുവദിച്ചു.

ദേശസാൽകൃത ബാങ്കുകളിൽനിന്ന് കോർപ്പറേഷന്റെ ശിപാർശയനുസരിച്ച് വായ്പ അനുവദിക്കുന്ന ഭിന്നശേഷിക്കാർക്ക് കോർപ്പറേഷൻ പരമാവധി ഒരു ലക്ഷം രൂപവരെ back end സബ്സിഡി നൽകിവരുന്നു. ഈ ഇനത്തിൽ 19.24 ലക്ഷം രൂപ 79 പേർക്ക് അനുവദിച്ചുനൽകി.

പാറശ്ശാലയിൽ പ്രവർത്തിക്കുന്ന ഭിന്നശേഷിക്കാരായ വയോജനങ്ങൾക്കുവേണ്ടിയുള്ള സാഫല്യം വൃദ്ധസദന പരിപാലനത്തിന് 24 ലക്ഷം രൂപ നൽകി.

സെക്യൂരിറ്റി കൊടുത്ത് വായ്പയെടുത്ത് സ്വയംതൊഴിൽ ചെയ്യാൻ സാധിക്കാത്തവർക്ക് സ്വയംതൊഴിലിന് 25,000/- രൂപ സാമ്പത്തിക സഹായം 163 പേർക്ക് 40.75 ലക്ഷം രൂപ അനുവദിച്ചുനൽകി. (വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു).+

(ഡി) വിവിധ സ്കീമുകളിലായി നിലവിൽ ആനുകൂല്യങ്ങൾ ലഭിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം എത്രയെന്ന വിവരം സ്കീമും ജില്ലയും തിരിച്ച് ലഭ്യമാക്കുമോ; ഈ ഇനത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ച ആകെ തുക എത്ര; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

<u>2022-23 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികളിലേയ്ക്കായി ചെലവഴിച്ച തുക, എണ്ണം എന്നിവ സംബന്ധിച്ച കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.</u>

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

എൻ.എച്ച്.എഫ്.ഡി.സി. വായ്പ പദ്ധതി പ്രകാരം 300 പേർക്ക് 938.23 ലക്ഷം രൂപ സ്വയംതൊഴിൽ/വിദ്യാഭ്യാസ/വാഹന/ഭവന വായ്പ തുച്ഛമായ പലിശ നിരക്കിൽ വിതരണം ചെയ്തു. വായ്പയെടുത്ത ബി.പി.എൽ. വിഭാഗത്തിന് വായ്പാ സബ്സിഡിയായി 35 പേർക്ക് 20.90 ലക്ഷം രൂപ അനുവദിച്ചുനൽകി.

ഭിന്നശേഷിക്കാർക്കുള്ള സഹായ ഉപകരണങ്ങൾ സൗജന്യമായി 1075 പേർക്ക് വിതരണം ചെയ്തു. 101.10 ലക്ഷം രൂപ ഇതിനായി ചെലവഴിച്ചു.

സ്വന്തമായി സൈഡ് വീൽ സ്കൂട്ടർ വാങ്ങിയ 13 പേർക്ക് സൈഡ് വീൽ ഘടിപ്പിക്കുന്നതിന് 1.93 ലക്ഷം രൂപ സബ്സിഡിയായി വിതരണം ചെയ്തു.

ലോട്ടറി ടിക്കറ്റുകളുടെ വിൽപ്പനയ്ക്കുവേണ്ടി സംസ്ഥാനത്തുടനീളം 40 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിയുള്ളവർക്ക് ഏജൻസികൾ സ്ഥാപിക്കാൻ സാമ്പത്തിക സഹായമായി 89 പേർക്ക് 5000 രൂപ വീതം 4.45 ലക്ഷം രൂപ അനുവദിച്ചു.

എസ്.എസ്.എൽ.സി., പ്ലസ് ടു വിജയികളാകുന്ന ബി ഗ്രേഡോ അതിനുമുകളിലോ വിജയം നേടിയ വിദ്യാർത്ഥികൾക്ക് പ്രൊഫിഷ്യൻസി അവാർഡ് 5000 രൂപ വീതം 497 പേർക്ക് 24.85 ലക്ഷം രൂപ അനുവദിച്ചു.

തീവ്രവും അതിതീവ്രവും ഭിന്നശേഷിക്കാരായ 12 വയസ്സിന് താഴെയുള്ള കുട്ടികളുടെ പേരിൽ 20,000 രൂപ വീതം 236 പേർക്ക് 47.20 ലക്ഷം രൂപ സ്ഥിര നിക്ഷേപം അനുവദിച്ചു.

ദേശസാൽകൃത ബാങ്കുകളിൽനിന്ന് കോർപ്പറേഷന്റെ ശിപാർശയനുസരിച്ച് വായ്പ അനുവദിക്കുന്ന ഭിന്നശേഷിക്കാർക്ക് കോർപ്പറേഷൻ പരമാവധി ഒരു ലക്ഷം രൂപവരെ back end സബ്സിഡി നൽകിവരുന്നു. ഈ ഇനത്തിൽ 1.46 ലക്ഷം രൂപ 10 പേർക്ക് അനുവദിച്ചുനൽകി.

പാറശ്ശാലയിൽ പ്രവർത്തിക്കുന്ന ഭിന്നശേഷിക്കാരായ വയോജനങ്ങൾക്കുവേണ്ടിയുള്ള സാഫല്യം വൃദ്ധസദന പരിപാലനത്തിന് 6 ലക്ഷം രൂപ നൽകി.

സെക്യൂരിറ്റി കൊടുത്ത് വായ്പയെടുത്ത് സ്വയംതൊഴിൽ ചെയ്യാൻ സാധിക്കാത്തവർക്ക് സ്വയംതൊഴിലിന് സാമ്പത്തിക സഹായമായി 18.75 ലക്ഷം രൂപ അനുവദിച്ചുനൽകി.

സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിലെയും കേരള സാമൂഹ്യ സുരക്ഷാമിഷനിലെയും വിവരങ്ങൾ അനുബന്ധം 3 ആയി ചേർക്കുന്നു.+

(ഇ) സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള വിവിധ സ്കീമുകളിലായി ആകെ എത്ര രൂപയുടെ ആനുകൂല്യങ്ങളാണ് നാളിതുവരെ കുടിശ്ശികയാക്കിയിട്ടുള്ളത്; ജില്ലയും സ്കീമും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള വിവിധ സ്കീമുകളിലായി നാളിതുവരെ നൽകേണ്ടതായ തുകയുടെ വിവരങ്ങൾ ജില്ലയും സ്കീമും തിരിച്ചുള്ള കണക്ക് അനുബന്ധം 4 ആയി ചേർക്കുന്നു.+

## സംയോജിത പുനരധിവാസ ഗ്രാമം

234(1931) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കാട്ടാക്കടയിൽ ഭിന്നശേഷിക്കാർക്കുവേണ്ടി സംയോജിത പുനരധിവാസ ഗ്രാമം ആരംഭിക്കുന്നതിനുള്ള നടപടികളുടെ പൂർണ്ണ വിവരം ലഭ്യമാക്കാമോ; ആയതിന്റെ തുടർനടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള പുനരധിവാസഗ്രാമം ആരംഭിക്കുന്നതിനായി കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലം വിനിയോഗിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനായി ബഹുമാനപ്പെട്ട സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 10-11-2022-ന് യോഗം ചേർന്നിരുന്നു. സാമൂഹ്യനീതി വകുപ്പിന് ഭൂമി കൈമാറിക്കിട്ടുന്നതിനുള്ള സാധ്യത പരിശോധിക്കാൻ പ്രസ്തുത യോഗത്തിൽ സാമൂഹ്യനീതി ഡയറക്ടറെ ചുമതലപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി ഡയറക്ടർ ഭൂമി കൈമാറി നൽകണമെന്ന് അഭ്യർത്ഥിച്ച് ഗ്രാമപഞ്ചായത്തിന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത 50 സെന്റ് ഭൂമി വകുപ്പിന് ലഭ്യമാകുന്ന മുറയ്ക്ക് അതിൽ ആരംഭിക്കാവുന്ന പുനരധിവാസ ഗ്രാമത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതും

പുനരധിവാസ ഗ്രാമത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

**ഭിന്നശേഷിക്കാർക്കുള്ള സംവരണം**

235(1932) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ അധ്യാപക അനധ്യാപക നിയമനങ്ങളിൽ ഭിന്നശേഷിക്കാർക്ക് സംവരണം നൽകുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ?

2016-ലെ ഭിന്നശേഷി അവകാശ നിയമം 34 (1) വകുപ്പ് പ്രകാരം എല്ലാ സർക്കാർ എസ്റ്റാബ്ലിഷ്മെന്റുകളിലെയും ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തികകളിൽ നാല് ശതമാനത്തിൽ കുറയാത്ത സംവരണം ഉറപ്പുവരുത്തുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ അധ്യാപക അനധ്യാപക തസ്തികകൾ ഭിന്നശേഷിക്കാർക്ക് അനുയോജ്യമാണോയെന്ന് പരിശോധിക്കുകയും ടി തസ്തികകൾക്ക് സംവരണം അനുവദിച്ചുകൊണ്ട്

25-08-2020-ലെ G.O.(P) No. 19/2020/SJD, 28-10-2022-ലെ G.O.(P) No. 7/2022/SJD എന്നീ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിലെ അധ്യാപക തസ്തികകൾക്ക് പ്രത്യേകം നിയമന നടപടികൾ സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ അധ്യാപക തസ്തികകൾ പ്രത്യേകമായി പരിശോധിക്കുകയും മേൽ പരാമർശിച്ച ഉത്തരവുകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് 16-03-2023-ൽ ചേർന്ന എക്സ്പെർട്ട് കമ്മിറ്റി യോഗത്തിൽ തീരുമാനിക്കുകയും സർക്കാരിനോട് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയം പരിശോധിച്ചുവരുന്നു. കൂടാതെ മേൽ പരാമർശിച്ച ഉത്തരവുകളിൽ ഉൾപ്പെടാത്ത പൊതുവിദ്യാഭ്യാസ വകുപ്പിലെ 30 അധ്യാപക തസ്തികകളുടെ ഫംഗ്ഷണാലിറ്റി അസസ്സ്മെന്റ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) റൊട്ടേഷൻ വ്യവസ്ഥയിൽ പാലിക്കുന്ന അശാസ്ത്രീയത കാരണം ഭിന്നശേഷി സംവരണം നടപ്പിലാക്കുമ്പോൾ ഒരു വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രം മുൻഗണന ലഭിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഭിന്നശേഷി സംവരണം നടപ്പിലാക്കുമ്പോൾ ഒരു വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രം മുൻഗണന ലഭിക്കുന്നുവെന്ന തരത്തിൽ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ RPwD Act 2016, വകുപ്പ് 34(1)-ൽ പരാമർശിച്ചിട്ടുള്ള ഭിന്നശേഷി വിഭാഗങ്ങൾക്ക് അതിൽ നിശ്ചയിച്ചിട്ടുള്ള മുൻഗണന പ്രകാരമാണ് സംവരണം അനുവദിക്കുന്നത്. RPwD Act 2016 ഒരു കേന്ദ്ര നിയമമായതിനാൽതന്നെ പ്രസ്തുത മുൻഗണന ക്രമത്തിൽ മാറ്റം വരുത്തുന്നതിന് സംസ്ഥാനത്തിന് നിർവ്വാഹമില്ല.

(സി) സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിലുള്ള പ്രസ്തുത റൊട്ടേഷൻ വ്യവസ്ഥ ജില്ലാടിസ്ഥാനത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

എയ്ഡഡ് സ്കൂളുകൾ വ്യക്തിഗത/കോർപ്പറേറ്റ് മാനേജ്മെന്റുകളുടെ കീഴിലുള്ളവയാണ്. അവ ജില്ലാടിസ്ഥാനത്തിലുള്ളവയല്ല. വിവിധ ജില്ലകളിൽ സ്കൂളുകളുള്ള കോർപ്പറേറ്റ് മാനേജ്മെന്റിനെയും ഒറ്റ യൂണിറ്റായാണ് കേരള വിദ്യാഭ്യാസ ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരം പരിഗണിച്ചിട്ടുള്ളത്. വ്യത്യസ്ത മാനേജ്മെന്റുകളിലായിരിക്കുന്ന എയ്ഡഡ് സ്കൂളുകളെ

ജില്ലാടിസ്ഥാനത്തിൽ പരിഗണിച്ച് ഭിന്നശേഷി നിയമനത്തിന് റൊട്ടേഷൻ നടപ്പിലാക്കാൻ നിലവിൽ കഴിയുകയില്ല.

(ഡി) ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള 25-08-2020-ലെ G.O.(P) No. 19/2020/SJD, 28-10-2022-ലെ G.O.(P) No. 7/2022/SJD എന്നീ ഉത്തരവുകളുടെയും സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണ നിയമനം, അധ്യാപക അനധ്യാപക നിയമന അംഗീകാരങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പുറപ്പെടുവിച്ചുകൊണ്ടുള്ള 24-03-2023-ലെ സ.ഉ.(കൈ) നം. 29/2023/പൊ.വി.വ. ഉത്തരവും 17-06-2023-ലെ എച്ച്2/295299/2021/ഡി.ജി.ഇ. സർക്കുലറും അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**ഭിന്നശേഷിക്കാർക്കായുള്ള സ്പെഷ്യൽ സ്കൂൾ**

236(1933) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഭിന്നശേഷിക്കാർക്കായി എത്ര സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര സ്ഥാപനങ്ങൾ എയ്ഡഡ് ആക്കി മാറ്റിയിട്ടുണ്ടെന്നും ഈ സ്ഥാപനങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് സൗജന്യമായി ഏർപ്പെടുത്തിയിട്ടുള്ളതെന്നും അറിയിക്കാമോ?

കാഴ്ച-ശ്രവണ-മൂക വിഭാഗത്തിൽ ഉൾപ്പെട്ട ഭിന്നശേഷിക്കാരായ കുട്ടികൾക്കായി സർക്കാർ മേഖലയിൽ 4 കാഴ്ച പരിമിതി വിദ്യാലയങ്ങളും 3 ശ്രവണ പരിമിതി വിദ്യാലയങ്ങളും എയ്ഡഡ് മേഖലയിൽ 36 സ്കൂളുകളും അൺ എയ്ഡഡ് മേഖലയിൽ 2 സ്കൂളുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. മേൽ പരാമർശിക്കുന്ന സർക്കാർ സ്പെഷ്യൽ സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി പ്ലാൻ ഫണ്ടിൽനിന്നും ഓരോ വർഷവും തുക അനുവദിക്കുന്നുണ്ട്. കൂടാതെ കാഴ്ച-ശ്രവണ-മൂക

വിദ്യാലയങ്ങളിലെ ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്കായി ബോർഡിംഗ് ഗ്രാന്റ് അനുവദിക്കുന്നുണ്ട്.

ഭിന്നശേഷിക്കാരായ (ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന) കുട്ടികൾക്കായി എൻ.ജി.ഒ.-കൾ, പഞ്ചായത്ത് എന്നിവ നടത്തുന്ന ഏകദേശം 300 സ്പെഷ്യൽ സ്കൂളുകൾക്ക് പ്ലാൻ ഫണ്ടിൽനിന്നും സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്. ഇത്തരം സ്കൂളുകൾക്ക് പ്രത്യേക സാമ്പത്തിക സഹായം അനുവദിക്കുന്നതിനായി 2019 മുതൽ സ്പെഷ്യൽ സ്കൂൾ പാക്കേജ് നടപ്പാക്കുകയും സർക്കാർ ഉത്തരവുകളിലെ മാനദണ്ഡങ്ങൾ പ്രകാരം സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, കുട്ടികളുടെ എണ്ണം, നിശ്ചിത യോഗ്യതയുള്ള ജീവനക്കാർ, സ്കൂളുകൾ നൽകുന്ന സേവനങ്ങൾ എന്നിവ പരിഗണിച്ച് സ്കൂളുകളെ എ, ബി, സി, ഡി ഗ്രേഡുകൾ തിരിച്ച് സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്തുവരുന്നു. ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്കുള്ള ഓണറേറിയം, കുട്ടികൾക്കുള്ള കണ്ടിജൻസി, യൂണിഫോം അലവൻസ്, മെഡിക്കൽ ചെക്കപ്പ് എന്നിവയും

തെറാപ്പി ഉപകരണങ്ങൾ, കളിപ്പാട്ടങ്ങൾ എന്നിവ വാങ്ങുന്നതിനും തുക അനുവദിക്കുന്നു.

**വികലാംഗ കോർപ്പറേഷൻ വഴി ഭിന്നശേഷിക്കാർക്ക് സഹായം**

237(1934) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗ കോർപ്പറേഷൻവഴി പാവപ്പെട്ട ഭിന്നശേഷിക്കാർക്ക് നിലവിൽ നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി ഭിന്നശേഷിക്കാർക്കായി നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം നൽകുന്ന സ്കീം ഇപ്പോൾ നിലവിലുണ്ടോ; എം.എൽ.എ. ഫണ്ടുപയോഗിച്ച് മുച്ചക്ര വാഹനം വിതരണം ചെയ്യാൻ സാധിക്കുമോയെന്ന് അറിയിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന ഭിന്നശേഷിക്കാർക്ക് സൗജന്യമായി മുച്ചക്ര വാഹനം നൽകുന്ന പദ്ധതി നിലവിലുണ്ട്.

എം.എൽ.എ. ആസ്തി വികസന പദ്ധതി/പ്രത്യേക വികസന നിധി എന്നീ പദ്ധതികളുടെ മാർഗ്ഗരേഖകൾ പ്രകാരം ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം വിതരണം ചെയ്യുന്നത് അനുവദനീയമായ പ്രവർത്തിയല്ല.

**അംഗപരിമിതർക്കുള്ള ആനുകൂല്യങ്ങളും പദ്ധതികളും**

238(1935) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗപരിമിതർക്ക് സാമൂഹ്യനീതി വകുപ്പ് മുഖേന മുച്ചക്ര വാഹനം, ശ്രുവണ സഹായി എന്നിവ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ ആയതിനുള്ള മാനദണ്ഡങ്ങളും മുൻഗണനാക്രമവും വിശദമാക്കുമോ?

സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം, ശ്രുവണ സഹായി എന്നിവ സൗജന്യമായി വിതരണം ചെയ്തുവരുന്നുണ്ട്.

പ്രസ്തുത കോർപ്പറേഷൻവഴി ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം, ശ്രവണ സഹായി എന്നിവ സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതികളുടെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

**മുച്ചക്ര വാഹന വിതരണം – മാനദണ്ഡങ്ങൾ**

നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷകന് 18 വയസ്സിന് മുകളിൽ പ്രായം ഉണ്ടായിരിക്കണം.

40-ഉം അതിന് മുകളിൽ ശതമാനമുള്ള ചലന പരിമിതി, ഒരു ലക്ഷത്തിൽ കുറഞ്ഞ വാർഷിക വരുമാനം, സർക്കാർ ഉദ്യോഗം ഇല്ലാതിരിക്കുക എന്നിവയാണ് അടിസ്ഥാന യോഗ്യതകളായി (eligibility criteria) കണക്കാക്കപ്പെട്ടിട്ടുള്ളത്.

ലോക്കോമോട്ടോർ ഡിസെബിലിറ്റി വിഭാഗത്തിൽ ചലന പരിമിതി നേരിടുന്നവരുടെ ചലന സ്വാതന്ത്ര്യം ഉറപ്പുവരുത്താൻ മാത്രമാണ് ഈ പദ്ധതി. മറ്റ് ഒരു ഭിന്നശേഷിക്കാരെയും ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല.

Eligibility Criteria Meet ചെയ്യുന്ന വനിതകൾക്കും എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്കുമാണ് പ്രഥമ പരിഗണന.

**ശ്രവണ സഹായി വിതരണം**

ഈ പദ്ധതിയനുസരിച്ച് 1,00,000/- രൂപയിൽ താഴെ പ്രതിവർഷ വരുമാനമുള്ള ഭിന്നശേഷിക്കാർക്ക് ശ്രവണ സഹായി സൗജന്യമായി അനുവദിക്കുന്നു. മൂന്ന് വർഷത്തിലൊരിക്കലാണ് ശ്രവണ സഹായി നൽകിവരുന്നത്. ഗവൺമെന്റ് ഡോക്ടർമാരുടെ ശിപാർശയോടുകൂടിയ നിശ്ചിത അപേക്ഷാ ഫോറത്തോടൊപ്പം രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ, റേഷൻ കാർഡ്, ഭിന്നശേഷിത്വം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.

കൂടാതെ സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് (നിഷ്) എന്ന സ്ഥാപനം മുഖാന്തരവും കേൾവി

പരിമിതർക്ക് ശ്രുവണ സഹായികൾ അനുവദിച്ചുവരുന്നുണ്ട്. സ്ഥാപനത്തിലെ വിദഗ്ദ്ധ പരിശോധനകൾക്കുശേഷം ഓഡിയോളജിസ്റ്റ് നിർദ്ദേശിക്കുന്ന പ്രകാരമുള്ള ശ്രുവണസഹായികളാണ് നിഷ് മുഖേന വിതരണം ചെയ്യുന്നത്.

(ബി) അംഗപരിമിതർക്കായി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പാക്കിവരുന്നതും അനുവദിച്ചുവരുന്നതുമായ ആനുകൂല്യങ്ങളും പദ്ധതികളും വിശദമാക്കുമോ?

സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻവഴി അംഗപരിമിതർക്കായി നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധം 1 ആയും സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ് മുഖേന നേരിട്ട് നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയും ചേർത്തിട്ടുണ്ട്.+

**സാമൂഹ്യ സുരക്ഷാ മിഷൻ നൽകിവരുന്ന ചികിത്സാ ധനസഹായം**

239(1936) **ശ്രീ. ജി. എസ്. ജയലാൽ:**
**ശ്രീ. വി. ആർ. സുനിൽ കുമാർ:**
**ശ്രീ. ഇ. കെ. വിജയൻ:**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത മിഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ നടപ്പാക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. മിഷന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗവേണിംഗ് ബോഡി, വകുപ്പ് തലങ്ങളിൽ വിലയിരുത്തുകയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നു.

മിഷൻ പ്രവർത്തനങ്ങൾ കൂടുതൽ ജനവിഭാഗങ്ങളിലേയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി മുതിർന്ന പൗരന്മാർക്ക് ഡിമെൻഷ്യ-അൽഷിമേഴ്സ് മെമ്മറി ക്ലിനിക് ഈ സാമ്പത്തിക വർഷം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത മിഷൻ മുഖേന ഏതൊക്കെ രോഗങ്ങളുടെ ചികിത്സകൾക്കും ശസ്ത്രക്രിയകൾക്കുമാണ് നിലവിൽ ധനസഹായം നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ?

സാമൂഹ്യ സുരക്ഷാ മിഷൻ വി കെയർ പദ്ധതിയനുസരിച്ചുള്ള ധനസഹായം ജീവൻ രക്ഷാ ചികിത്സകൾക്കും ജീവൻ രക്ഷാ ശസ്ത്രക്രിയകൾക്കും അതിനോടനുബന്ധിച്ചുള്ള ആശുപത്രിയിലെ കിടത്തി ചികിത്സകൾക്കുമാണ് നൽകിവരുന്നത്.

(സി) അപൂർവ്വ രോഗങ്ങൾ ബാധിച്ച കുട്ടികളുടെ ചികിത്സയ്ക്കും വിലയേറിയ മരുന്നുകൾ വർഷങ്ങളായി കഴിക്കേണ്ടിവരുന്ന അസുഖങ്ങൾ ബാധിച്ചവർക്കും തടസ്സരഹിതമായി മരുന്നുകൾ വാങ്ങുന്നതിന് ധനസഹായം ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

അപൂർവ്വ രോഗങ്ങൾ ബാധിച്ച കുട്ടികളുടെ ചികിത്സയ്ക്കും വിലയേറിയ മരുന്നുകൾ വർഷങ്ങളായി കഴിക്കേണ്ടിവരുന്ന അസുഖങ്ങൾ ബാധിച്ചവർക്കും എൻ.എച്ച്.എം. മുഖാന്തരം നിലവിൽ ധനസഹായം നൽകുന്നില്ല. എസ്.എം.എ. ബാധിതരായ കുട്ടികൾക്ക് രോഗ തീവ്രതയനുസരിച്ച്

നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡ പ്രകാരം തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രി, കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി എന്നിവ മുഖാന്തരം സൗജന്യമായി മരുന്നുകൾ നൽകിവരുന്നു. ഇതുകൂടാതെ എസ്.എ.റ്റി. ആശുപത്രിയിലെ സെന്റർ ഓഫ് എക്സലൻസ് (Center of Excellence) പദ്ധതി പ്രകാരം അപൂർവ്വ രോഗബാധിതരായ ആളുകൾക്ക് ചികിത്സയും നൽകിവരുന്നുണ്ട്.

(ഡി) സംസ്ഥാനത്തെ നിർദ്ധനരായ രോഗികൾക്കുള്ള ജീവൻരക്ഷാ ശസ്ത്രക്രിയകൾക്ക് ധനസഹായം അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

വി-കെയർ പദ്ധതിയിൽ ലഭിക്കുന്ന ജീവൻ രക്ഷാ ചികിത്സകൾക്കും ജീവൻ രക്ഷാ ശസ്ത്രക്രിയകൾക്കും സഹായം ആവശ്യപ്പെട്ടുള്ള അപേക്ഷകളിൽ രണ്ട് ലക്ഷം രൂപയ്ക്കുപുറത്ത് ചികിത്സാ ചെലവ് വരുന്നവ മെഡിക്കൽ കമ്മിറ്റിയുടെ ശിപാർശയോടുകൂടിയും മറ്റ് അപേക്ഷകൾ

മെഡിക്കൽ കമ്മിറ്റിയുടെ ശിപാർശയില്ലാതെയും; വി-കെയർ പദ്ധതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും ഗവേണിംഗ് ബോഡിയുടെയും തീരുമാനത്തിന് വിധേയമായാണ് ചികിത്സാ ധനസഹായം അനുവദിക്കുന്നത്. എന്നാൽ അടിയന്തര സാഹചര്യങ്ങളിൽ അപേക്ഷയുടെ സ്വഭാവമനുസരിച്ച് ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തിന് വിധേയമായി എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർപേഴ്സന്റെയും ഗവേണിംഗ് ബോഡി ചെയർപേഴ്സന്റെയും അംഗീകാരത്തോടുകൂടി ചികിത്സാ സഹായം അനുവദിക്കാറുണ്ട്.

**ഒക്യുപേഷണൽ തെറാപ്പിസ്റ്റുകളെ ഉയർന്ന കാറ്റഗറിയിലേയ്ക്ക് മാറ്റാൻ നടപടി**

240(1937) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യനീതി വകുപ്പിനുകീഴിൽ കരാറടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്ന ഒക്യുപേഷണൽ തെറാപ്പിസ്റ്റുകളെ കാറ്റഗറി എട്ടിൽനിന്നും ഉയർത്തി തത്തുല്യയോഗ്യതയുള്ള ഫിസിയോതെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് എന്നീ മറ്റ് ഹെൽത്ത് പ്രൊഫഷണലുകൾക്കൊപ്പം കാറ്റഗറി പത്തിൽ ഉൾപ്പെടുത്താൻവേണ്ട നടപടികൾ സ്വീകരിക്കണമെന്ന്

ആവശ്യപ്പെട്ടുകൊണ്ട് നൽകിയിരുന്ന നിവേദനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

സാമൂഹ്യ നീതി വകുപ്പിനുകീഴിൽ NIPMR-ൽ കരാറടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്ന ഒക്ക്യുപേഷണൽ തെറാപ്പിസ്റ്റുകളെ കാറ്റഗറി എട്ടിൽനിന്നും ഉയർത്തി തത്തുല്യ യോഗ്യതയുള്ള ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് എന്നീ മറ്റ് ഹെൽത്ത് പ്രൊഫഷണലുകൾക്കൊപ്പം കാറ്റഗറി പത്തിൽ ഉൾപ്പെടുത്താൻവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയിരുന്ന നിവേദനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിച്ചുവരികയാണ്.

**ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള വൃദ്ധസദനങ്ങൾ**

241(1938) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ളതും സർക്കാർ ഗ്രാന്റ് ഇൻ എയ്ഡിന് അർഹതയുള്ളതുമായ എത്ര വൃദ്ധസദനങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

തിരുവനന്തപുരം ജില്ലയിൽ ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ളതും സർക്കാർ ഗ്രാന്റ് ഇൻ എയ്ഡിന് അർഹതയുള്ളതുമായ 7 വൃദ്ധസദനങ്ങളാണ് പ്രവർത്തിക്കുന്നത്.

(ബി) 2021-22, 2022-23 വർഷങ്ങളിൽ ഏതെല്ലാം വൃദ്ധ സദനങ്ങളാണ് ഗ്രാന്റ് ഇൻ എയ്ഡിന് അർഹത നേടിയതെന്നും ഓരോ സ്ഥാപനങ്ങൾക്കും എത്ര വീതം അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

2021-22, 2022-23 വർഷങ്ങളിൽ തിരുവനന്തപുരം ജില്ലയിൽ ഗ്രാന്റ് ഇൻ എയ്ഡിന് അർഹത നേടിയ വൃദ്ധസദനങ്ങളുടെ പേര് വിവരങ്ങളും പ്രസ്തുത സ്ഥാപനങ്ങൾക്കനുവദിച്ച ഗ്രാന്റ് ഇൻ എയ്ഡിന്റെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

**മട്ടന്നൂർ മണ്ഡലത്തിലെ എം.സി.ആർ.സി. കെട്ടിട നിർമ്മാണം**

242(1939) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) മട്ടന്നൂർ മണ്ഡലത്തിലെ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ (എം.സി.ആർ.സി.) കെട്ടിട നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത സ്ഥാപനത്തിലേയ്ക്കുള്ള തസ്തിക സൃഷ്ടിക്കൽ നടപടികൾ വകുപ്പ് ആരംഭിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ;

(ബി) തസ്തിക സൃഷ്ടിക്കൽ നടപടികൾ ആരംഭിച്ചില്ലെങ്കിൽ അവ വേഗത്തിലാക്കാൻ നടപടികൾ സ്വീകരിക്കുമോ; ആയതിന്റെ പുരോഗതി വ്യക്തമാക്കാമോ?

(എ&ബി) മട്ടന്നൂർ മണ്ഡലത്തിലെ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ (എം.സി.ആർ.സി.) കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിലേയ്ക്കുള്ള തസ്തിക സൃഷ്ടിക്കൽ ഉൾപ്പെടെയുള്ള ആവശ്യങ്ങൾ പരിശോധിച്ചുവരുന്നു.

**അഴിക്കോട് മണ്ഡലത്തിലെ സെക്കൻഡ് ഇന്നിംഗ്സ് ഹോം പദ്ധതി**

243(1940) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിക്കോട് മണ്ഡലത്തിലെ സെക്കൻഡ് ഇന്നിംഗ്സ് ഹോം പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്കുള്ള പ്രൊപ്പോസലുകളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ&ബി) കണ്ണൂർ ജില്ലയിലെ അഴീക്കോട് മണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്ന സർക്കാർ വൃദ്ധ മന്ദിരത്തിലെ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തി ദേശീയ നിലവാരത്തിലേയ്ക്കുയർത്തുന്നതിനായി "സെക്കൻഡ് ഇന്നിംഗ്സ് ഹോം " എന്ന പദ്ധതി ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രൊമോഷൻ ട്രസ്റ്റ് (HLFPPT) എന്ന സ്ഥാപനത്തിന്റെ സഹകരണത്തോടെ നടപ്പാക്കുന്നതിന് അംഗീകാരം നൽകിയതിനെ തുടർന്ന് 2018-ൽ ആരംഭിച്ച പദ്ധതി HLFPPT-യുമായി ഒപ്പുവച്ച കരാർ പ്രകാരം മൂന്ന് വർഷത്തെ പ്രവർത്തനങ്ങൾ 30-04-2022-ൽ പൂർത്തീകരിച്ചു. തുടർന്ന് 01-05-2022 മുതൽ ഈ പ്രവർത്തനം HLFPPT-യുടെ സാങ്കേതിക സഹായം മാത്രം സ്വീകരിച്ചുകൊണ്ട് സാമൂഹ്യ നീതി വകുപ്പ് നേരിട്ട് നടത്തുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(സി) ഈ പദ്ധതിക്ക് അംഗീകാരം നൽകുന്നതിന് തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ?

HLFPPT വഴി നടപ്പാക്കിയ മൂന്ന് വർഷത്തെ പ്രവർത്തനങ്ങൾ പൂർണ്ണമായും പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ വിജയത്തെ തുടർന്ന് നാലാം വർഷത്തെ പ്രവർത്തനം സാമൂഹ്യ നീതി വകുപ്പ് നേരിട്ട് നടപ്പാക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**സർക്കാർ മേഖലയിൽ കൂടുതൽ വയോജന സംരക്ഷണ കേന്ദ്രങ്ങൾ അനുവദിക്കാൻ നടപടി**

244(1941) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

വയോജനങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി സാമൂഹ്യനീതി വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

വയോജനങ്ങളുടെ സംരക്ഷണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന വാർദ്ധക്യകാല പെൻഷൻ അനുവദിച്ചുവരുന്നു.

(ബി) സംസ്ഥാന സർക്കാർ വയോജന നയം രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാന വയോജന നയം 2006 പരിഷ്കരിക്കുകയും മുതിർന്ന പൗരൻമാരുടെ ക്ഷേമത്തിനുവേണ്ടി സംസ്ഥാന നയം 2013 അംഗീകരിച്ച് 06-05-2013-ലെ സ.ഉ. (എം.എസ്) 37/2013/സാ.നീ.വ. പ്രകാരം ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ മാറിയ സാഹചര്യത്തിൽ വയോജനങ്ങൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ പരിഹരിക്കുന്നത് ലക്ഷ്യമാക്കി നിലവിലുള്ള നയം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) വയോജനങ്ങളുടെ ചികിത്സയും സംരക്ഷണവും പരിപാലനവും സ്റ്റേറ്റിന്റെകൂടി ഉത്തരവാദിത്വം എന്ന നിലയിൽ ഇവരുടെ ചികിത്സയ്ക്കും മറ്റുമായി പ്രത്യേക പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സംരക്ഷിക്കാൻ ആരുമില്ലാത്തതും തെരുവിൽ കഴിയുന്നവരുമായ വയോജനങ്ങൾക്ക് അടിയന്തര സാഹചര്യങ്ങളിൽ ചികിത്സ, പുനരധിവാസം എന്നിവ നൽകുന്നതിനായി വയോരക്ഷ എന്ന പദ്ധതി സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്നുണ്ട്.

സംസ്ഥാനത്തെ നഗരപ്രദേശത്ത് വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരൻമാർക്ക് ആരോഗ്യപരിരക്ഷയും മാനസിക ഉല്ലാസവും അവരുടെ സ്ഥലങ്ങളിൽതന്നെ ഒരുക്കുകയെന്ന ലക്ഷ്യത്തോടുകൂടി 2011 മുതൽ "വയോമിത്രം" പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ സംസ്ഥാനത്ത് നടപ്പാക്കിവരുന്നു. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന 65 വയസ്സ് കഴിഞ്ഞവർക്ക് അവരുടെ വരുമാന പരിധി ബാധകമാക്കാതെ സൗജന്യമായി ജീവിതശൈലീ രോഗ നിയന്ത്രണ മരുന്നുകൾ, പാലിയേറ്റീവ് സേവനം,

ഹെൽപ്പ് ഡെസ്കിന്റെ സേവനം, കൗൺസിലിംഗ് സേവനം, വാതിൽപ്പടി സേവനം എന്നിവ നൽകുന്നുണ്ട്. വയോമിത്രം ഹെൽപ്പ് ഡെസ്കിലൂടെ പുനരധിവാസം, നിയമസഹായം, ആംബുലൻസ് സേവനം, കിടപ്പിലായ വയോജനങ്ങൾക്കാവശ്യമായ സേവനങ്ങൾ എന്നിവയ്ക്കായി വയോജനങ്ങൾ ബന്ധപ്പെടുമ്പോൾ ബന്ധപ്പെട്ട വയോമിത്രം യൂണിറ്റ് നേരിട്ട് ഇടപെട്ട് ചെയ്യാൻ സാധിക്കുന്നവ നേരിട്ടും അല്ലാത്തവ ബന്ധപ്പെട്ട കേന്ദ്രങ്ങളിലേയ്ക്ക് റഫർ ചെയ്തും ഇവർക്കാവശ്യമായ സേവനം നൽകിവരുന്നു. കൂടാതെ വയോമിത്രം ഗുണഭോക്താക്കളിൽതന്നെ ഒറ്റപ്പെടൽ അനുഭവിക്കുന്നവരും മാനസിക സംഘർഷം അനുഭവിക്കുന്നവരുമായ വയോജനങ്ങൾക്കാവശ്യമായ കൗൺസലിംഗ് കോർഡിനേറ്റർമാർ ഡോക്ടർമാരുമായി ചേർന്ന് നൽകിവരുന്നു. ആദ്യഘട്ടമായി കൊല്ലം, തിരുവനന്തപുരം കോർപ്പറേഷനുകളിൽ ആരംഭിച്ച വയോമിത്രം പദ്ധതി ഇപ്പോൾ സംസ്ഥാനത്തെ 91 നഗരസഭ പ്രദേശത്തും 4 ബ്ലോക്ക് പഞ്ചായത്തുകളിലും വളരെ വിജയകരമായി നടപ്പാക്കിവരുന്നു. കൂടാതെ വയോജനങ്ങളുടെ മാനസികോല്ലാസത്തിനായി പരിപാടികൾ,

വിനോദയാത്രകൾ, വിവിധ ദിനാചരണങ്ങൾ, സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവയും വയോമിത്രം പദ്ധതി വഴി നടപ്പാക്കുന്നു. ജനകീയ പങ്കാളിത്തത്തോടുകൂടി വയോമിത്രത്തെ നഗരപ്രദേശങ്ങളിലെ മുതിർന്ന പൗരൻമാരുടെ കൂട്ടായ്മയായി വളർത്താനുള്ള ശ്രമങ്ങൾ മിഷൻ നടത്തിവരുന്നു. വയോജനക്ഷേമ രംഗത്ത് സംസ്ഥാന സർക്കാർ നടപ്പാക്കിയ വയോമിത്രം പദ്ധതി ഉൾപ്പെടെയുള്ള പദ്ധതികളുടെ മികവ് പരിഗണിച്ച് കേന്ദ്ര സർക്കാരിന്റെ "വയോശ്രേഷ്ഠ സമ്മാൻ" പുരസ്കാരം 2017, 2021 വർഷങ്ങളിൽ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷം മുതൽ വയോമിത്രം പദ്ധതിയിലൂടെ "വാതിൽപ്പടി സേവനം" എന്ന പദ്ധതിയിലൂടെ ഡോക്ടർമാർ ഉൾപ്പെടെയുള്ള ടീം കിടപ്പ് രോഗികൾ, ഭിന്നശേഷിക്കാരായിട്ടുള്ള മുതിർന്ന പൗരൻമാർ എന്നിവരുടെ വീടുകളിൽ എത്തി ചികിത്സ, മരുന്നുകൾ, പാലിയേറ്റീവ് കെയർ തുടങ്ങിയ സേവനങ്ങളും നൽകിവരുന്നു. കൂടാതെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന വയോമിത്രം പദ്ധതിയുടെ ഭാഗമായി മലബാർ ഗ്രൂപ്പിന്റെ സഹകരണത്തോടെ

ജീവിതശൈലീ രോഗ നിർണ്ണയ മെഡിക്കൽ ക്യാമ്പുകൾ തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ 2015 മുതൽ നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിയിലൂടെ ബി.പി., കൊളസ്ട്രോൾ, ഷുഗർ എന്നിവയുടെ മെഷീൻ ടെസ്റ്റുകളും യൂറിൻ (ഷുഗർ, ആൽബുമിൻ) ഇ.എസ്.ആർ. ഒഴികെയുള്ള ബ്ലഡ് കൗണ്ട് ടെസ്റ്റുകളും കിഡ്നി ഫംഗ്ഷൻ ടെസ്റ്റുകളും ഇ.സി.ജി. എന്നിവയും ബിലിറൂബിൻ ഹെപ്പറ്റൈറ്റിസ് ബി എന്നീ ടെസ്റ്റുകളും സൗജന്യമായി നടപ്പാക്കിവരുന്നു. രണ്ട് ജില്ലകളിലായി ഏകദേശം 2000-ത്തിനുമേൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ഒന്നര ലക്ഷത്തിനുമേൽ ഗുണഭോക്താക്കൾക്ക് പരിശോധനകളും നടത്തിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഡിമൻഷ്യ/അൽഷിമേഴ്സ് മെമ്മറി സ്ക്രീനിംഗ് ക്ലിനിക്ക് എന്ന ഒരു പുതിയ പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്നതിന് ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ വയോമിത്രം പദ്ധതി ഗുണഭോക്താക്കളായിട്ടുള്ള വയോജനങ്ങൾക്കിടയിൽനിന്നും ഡിമൻഷ്യ/അൽഷിമേഴ്സ് ബാധിതരെ

കണ്ടെത്തി ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനും പരിചരണം നൽകുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.

സംസ്ഥാന ആരോഗ്യ വകുപ്പിനുകീഴിലുള്ള വയോജന ആരോഗ്യ പദ്ധതിയിലൂടെയും ദേശീയ ആരോഗ്യ മിഷന്റെ കീഴിലുള്ള നാഷണൽ പ്രോഗ്രാം ഫോർ ഹെൽത്ത് കെയർ ഓഫ് എൽഡേർലി എന്ന പദ്ധതിയിലൂടെയും വയോജനങ്ങൾക്കായി നിരവധി ആരോഗ്യ പദ്ധതികൾ നടപ്പാക്കിവരുന്നു. ജില്ലയിലെ പ്രധാന ആശുപത്രികളിൽ ജെറിയാട്രിക് വാർഡ്, ജെറിയാട്രിക് ക്ലിനിക്കുകൾ എന്നിവ സജ്ജീകരിക്കുന്നതിനും അതിന് അനുബന്ധമായിട്ടുള്ള ഡോക്ടർമാർ, നഴ്സുമാർ, ഫിസിയോതെറാപ്പിസ്റ്റുകൾ എന്നിവരെ ദേശീയ ആരോഗ്യ ദൗത്യം വഴി കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രധാന ആശുപത്രികളിലെല്ലാം തന്നെ വയോജനങ്ങൾക്കായി നോ ക്യൂ സംവിധാനം, ഇരിപ്പിടങ്ങൾ, കുടിവെള്ളം, വയോജന സൗഹൃദ ശൗചാലയങ്ങൾ, റാമ്പുകൾ, റെയിലിംഗുകൾ എന്നിവ സജ്ജീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സൗജന്യ മരുന്നുകൾ, സൗജന്യ പരിശോധനകൾ

എന്നിവയും വയോജന നയത്തിന്റെ ഭാഗമായി സർക്കാർ ആശുപത്രികളിൽ നടപ്പാക്കിവരുന്നു.

(ഡി) സർക്കാർ മേഖലയിൽ കൂടുതൽ വയോജന സംരക്ഷണ കേന്ദ്രങ്ങൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സർക്കാർ മേഖലയിൽ 14 ജില്ലകളിലായി നിലവിൽ 16 വൃദ്ധ മന്ദിരങ്ങൾ/വൃദ്ധ വികലാംഗ മന്ദിരങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യമില്ലാത്ത കിടപ്പ് രോഗികളായ വയോജനങ്ങളെ എൻ.ജി.ഒ.-യുടെ സഹകരണത്തോടെ സംരക്ഷിക്കുന്ന ഒരു പദ്ധതി വയോസാന്ത്വനം എന്ന പേരിൽ നടപ്പ് വർഷം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കാസർഗോഡ് സർവീസുകൾ പുനഃസ്ഥാപിക്കാൻ നടപടി**

245(1942) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്തിനുമുമ്പ് കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ ആലപ്പുഴ-കണ്ണൂർ എക്സ്പ്രസ്സ്, തിരുവനന്തപുരം-കണ്ണൂർ ജനശതാബ്ദി

എക്സ്പ്രസ്സ് എന്നിവ എത്തിച്ചേർന്നാലുടൻ കാസർഗോഡ് ഭാഗത്തേയ്ക്ക് സർവ്വീസ് നടത്തിയിരുന്ന നാല് കെ.എസ്.ആർ.ടി.സി. ബസുകൾ കോവിഡിനുശേഷം പുനഃസ്ഥാപിച്ചിട്ടില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ബസുകൾ അടിയന്തരമായി പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) കണ്ണൂർ യൂണിറ്റിൽനിന്നും കാസർഗോഡ് ഭാഗത്തേയ്ക്ക് ജനശതാബ്ദി എക്സ്പ്രസ്സിന് കണക്ഷനായി 01-08-2023-നും എക്സിക്യൂട്ടീവ് എക്സ്പ്രസിന് കണക്ഷനായി 30-07-2023-നും മലയോര മേഖലയായ ആലക്കോട്-അരിവിളഞ്ഞപൊയിൽ ഭാഗത്തേയ്ക്ക് 07-08-2023-നും സർവ്വീസുകൾ പുനരാരംഭിച്ചിട്ടുണ്ട്.

**വിദ്യാർത്ഥികളിൽനിന്നും അമിതമായി കൺസഷൻ തുക ഈടാക്കൽ**

246(1943) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ്സുകളിൽ യാത്ര ചെയ്യുന്ന വിദ്യാർത്ഥികളോട് ബസ് ജീവനക്കാർ കൺസഷൻ തുകയെക്കാൾ കൂടുതൽ തുക ആവശ്യപ്പെടുകയും

മാനസികമായി പീഡിപ്പിക്കുകയും പരുഷമായി പെരുമാറുകയും ചെയ്യുന്നതുമൂലം കുട്ടികൾക്ക് മാനസിക വിഷമം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബസ് ജീവനക്കാർക്ക് കൃത്യമായ നിർദ്ദേശങ്ങൾ നൽകി ഇതിന് പരിഹാരം കാണാൻ ശ്രമിക്കുമോ; ഇതിനാവശ്യമായ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

(എ&ബി) ഉണ്ട്.

ബസ് ജീവനക്കാരുടെ മോശമായ പെരുമാറ്റം സംബന്ധിച്ച് പത്ര-ദൃശ്യ മാധ്യമങ്ങൾ/സാമൂഹ്യ മാധ്യമങ്ങൾ/അധ്യാപകർ/രക്ഷിതാക്കൾ മുഖേന ലഭ്യമാകുന്ന പരാതികളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സംഭവങ്ങളിൽ കുറ്റാരോപിതരായ ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും ലൈസൻസ് അയോഗ്യത കൽപ്പിക്കുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുകയും പത്ര-ദൃശ്യ മാധ്യമങ്ങളിൽ ഇവ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. ബസ് ജീവനക്കാരിൽനിന്നുമുണ്ടാകുന്ന മോശമായ പെരുമാറ്റം അധികാരികളെ അറിയിക്കാൻ സ്കൂളുകളിലും കോളേജുകളിലും

സംഘടിപ്പിക്കുന്ന റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസുകളിൽ കുട്ടികൾക്ക് നിർദ്ദേശം നൽകുന്നുണ്ട്. കൂടാതെ ഇത്തരത്തിലുള്ള പരാതികൾ ഉദ്യോഗസ്ഥരെ അറിയിക്കുന്നതിന് ബന്ധപ്പെട്ട ഫോൺ നമ്പറുകൾ സ്കൂൾ നോട്ടീസ് ബോർഡുകളിലും ബസുകളിലും പ്രദർശിപ്പിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

30-04-2022-ലെ G.O.(P).No.17/2022/Trans പ്രകാരമുള്ള നിരക്കാണ് വിദ്യാർത്ഥികളിൽനിന്നും യാത്രാക്കൂലിയായി ഈടാക്കുന്നത്.

വിദ്യാർത്ഥികളുടെ താമസസ്ഥലത്തുനിന്നും അവർ പഠിക്കുന്ന സ്ഥാപനത്തിലേയ്ക്ക് പരമാവധി 40 കി.മീ. ദൂരത്തിൽ യാത്ര ചെയ്യുന്നതിന് ഈടാക്കേണ്ട യാത്രാക്കൂലി സംബന്ധിച്ച വിശദാംശങ്ങൾ മോട്ടോർ വാഹന വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും അമിത ചാർജ്ജ് ഈടാക്കുന്ന വാഹന ഉടമകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കാനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

**എ.ഐ. ക്യാമറ സ്ഥാപിക്കാൻ കെൽട്രോണിനെ ചുമതലപ്പെടുത്തിയ നടപടി**

247(1944) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് (പി.എം.സി.) ആയി കെൽട്രോണിനെ മോട്ടോർ വാഹന വകുപ്പ് തെരഞ്ഞെടുത്തിരുന്നോ?

തെരഞ്ഞെടുത്തിരുന്നു.

(ബി) ട്രാഫിക് സിഗ്നലിംഗ് ഉൾപ്പെടെയുള്ള ഐ.ടി. അനുബന്ധ പദ്ധതികളിൽ കെൽട്രോണിനെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റാക്കാൻ പാടില്ലെന്ന ധനവകുപ്പിന്റെ 04-07-2019-ലെ 77-ാം നമ്പർ ഉത്തരവ് ലംഘിച്ചുകൊണ്ട് പ്രസ്തുത സ്ഥാപനത്തിനെ തെരഞ്ഞെടുത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) പി.എം.സി. ആയി തെരഞ്ഞെടുത്ത കെൽട്രോണിനെ എസ്റ്റിമേറ്റ് തയ്യാറാക്കാനും ടെൻഡർ ക്ഷണിക്കാനും മോട്ടോർ വാഹന വകുപ്പ് ചുമതലപ്പെടുത്തിയതിന്റെ കാരണം വിശദമാക്കാമോ?

(ഡി) എ.ഐ. ക്യാമറ സംബന്ധിച്ച പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കെൽട്രോണിന്റെ മുൻപരിചയം വകുപ്പ് പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

(ബി-ഡി) എ.ഐ. ക്യാമറ സംവിധാനം ഇന്ത്യയിൽതന്നെ ആദ്യമായി നടപ്പാക്കിയത് കേരളത്തിലാണ്. മോട്ടോർ വാഹന വകുപ്പിൽ മെക്കാനിക്കൽ/ഓട്ടോമൊബൈൽ എഞ്ചിനീയർമാരാണുള്ളത്. എന്നാൽ സങ്കീർണ്ണമായ ഈ പദ്ധതിയിൽ നിർമ്മിത ബുദ്ധിപോലുള്ള ആധുനിക സങ്കേതങ്ങളാണ് ഉപയോഗിക്കുന്നത്. ക്യാമറകൾ സ്ഥാപിക്കുന്നതിനൊപ്പം ഈ സംവിധാനമാകെ ഡിസൈൻ ചെയ്യുകയും കരാർ കാലയളവിൽ കൃത്യമായി പരിപാലിക്കുകയും ചെയ്യേണ്ടതുണ്ട്. ഈ സാഹചര്യത്തിലാണ്, സർക്കാരിന്റെ കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമായതിനാലും പദ്ധതി നിർവ്വഹണങ്ങൾക്കായി സർക്കാർ അംഗീകരിച്ചിട്ടുള്ള ഏജൻസി

ആയതിനാലും ക്യാമറ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിലും പരിപാലിക്കുന്നതിലും വർഷങ്ങളുടെ പരിചയമുള്ളതിനാലും എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാനും പദ്ധതി നടപ്പാക്കാനും കെൽട്രോണിനെ തെരഞ്ഞെടുത്തത്. പദ്ധതിയുടെ പ്രത്യേകതകൾ പരിഗണിച്ച് കെൽട്രോണിനെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റാക്കാൻ 18-03-2020-ൽ ധനകാര്യവകുപ്പ് ശിപാർശ ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ 27-04-2020-ൽ GO(Rt)134/2020/TRANS പ്രകാരം സർക്കാർ അനുമതി ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്.

**ഇലക്ട്രിക് വാഹനങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപടി**

248(1945) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത രംഗത്ത് ഗുണപരമായ മാറ്റങ്ങൾ വരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

വാഹനങ്ങളിൽ പരിസ്ഥിതി സൗഹൃദ ഇന്ധനങ്ങൾ (Electricity, CNG, LPG തുടങ്ങിയവ) ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 15 വർഷം പൂർത്തിയായ ഡീസൽ ഓട്ടോറിക്ഷകൾ മേൽപ്പറഞ്ഞ ഹരിത ഇന്ധനങ്ങളിലേയ്ക്ക് 01-01-2024 മുതൽ മാറ്റേണ്ടതാണ്. ഇലക്ട്രിക് ഓട്ടോറിക്ഷകൾ വാങ്ങുന്നവർക്ക് 30,000/- രൂപ വീതം സബ്സിഡി നൽകിവരുന്നു. വാഹനങ്ങളിൽനിന്നുള്ള അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിന് 2022-ൽ കെ.എസ്.ആർ.ടി.സി. പരിസ്ഥിതി സൗഹൃദ വൈദ്യുത ബസ്സുകൾ 50 എണ്ണം കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിൽ രജിസ്റ്റർ ചെയ്ത് തിരുവനന്തപുരം സിറ്റി സർക്കുലറിന് ഉപയോഗിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ ഗ്രാമവണ്ടി, ബൈപ്പാസ് റൈഡർ, സിറ്റി സർക്കുലർ, സിറ്റി റേഡിയൽ, സിറ്റി ഷട്ടിൽ, സമുദ്ര, ഫീഡർ എന്നീ വൈവിദ്ധ്യങ്ങളായ നൂതന സർവ്വീസുകൾ പൊതുജനങ്ങളെ പൊതുഗതാഗതത്തിലേയ്ക്ക് ആകർഷിക്കുന്നതിനും പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനും സഹായകരമായിട്ടുണ്ട്. Fully Automated Traffic Enforcement System നടപ്പാക്കുന്നതിന്റെ ഭാഗമായി പ്രധാന

റോഡുകളിൽ എ.ഐ. ക്യാമറകൾ, ഗതാഗത നിയമം ലംഘിക്കുന്നവരെ കണ്ടെത്താനും നടപടികൾ സ്വീകരിക്കാനുമായി സ്ഥാപിച്ചിട്ടുണ്ട്. ഇതുമൂലം റോഡപകടങ്ങളും ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

(ബി) ഇലക്ട്രിക് വാഹനങ്ങളെ പ്രോത്സാഹിപ്പിക്കാൻ കൂടുതൽ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ഇലക്ട്രിക് വാഹനങ്ങൾക്ക് നിലവിൽ വാഹന വിലയുടെ 5 ശതമാനം മാത്രമാണ് റോഡ് ടാക്സ് ഇനത്തിൽ ഈടാക്കുന്നത്.
2. പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്ന ഇ-ഓട്ടോറിക്ഷകൾക്ക് ആദ്യത്തെ അഞ്ച് വർഷത്തെ റോഡ് ടാക്സ് ഒഴിവാക്കിനൽകിയിട്ടുണ്ട്.
3. ഇലക്ട്രിക് മോട്ടോർ സൈക്കിൾ, ഇലക്ട്രിക് കാർ, സ്വന്തം ആവശ്യത്തിനുള്ള പ്രൈവറ്റ് സർവ്വീസ് വാഹനങ്ങൾ എന്നിവയ്ക്ക് ആദ്യത്തെ അഞ്ച് വർഷത്തെ ടാക്സിന്റെ 50 ശതമാനം ഒഴിവാക്കി നൽകിയിട്ടുണ്ട്.

4. പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്ന ഇലക്ട്രിക് ഓട്ടോറിക്ഷകളുടെ ഉടമകൾക്ക് 30,000/- രൂപവരെ സബ്സിഡി അനുവദിച്ച് നൽകിവരുന്നു.

5. അനെർട്ട്, കെ.എസ്.ഇ.ബി. തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് ഗതാഗത വകുപ്പ് പൊതുജനങ്ങളുടെ ഉപഭോഗത്തിന് ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചുവരുന്നു.

6. ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രൈവറ്റ് സ്ഥാപനങ്ങൾക്ക് അനെർട്ട് മുഖേന സബ്സിഡി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

7. കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് 110 ഇലക്ട്രിക് വാഹനങ്ങൾ നിരത്തിലിറക്കിയിട്ടുണ്ട്. കൂടാതെ 53 ഇ-ബസ്സുകൾകൂടി തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി നിരത്തിലിറക്കുന്നതിന് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

## എ.ഐ. ക്യാമറകൾ സ്ഥാപിക്കാനായി എസ്റ്റിമേറ്റ്

249(1946) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കാനായി എസ്റ്റിമേറ്റ് തയ്യാറാക്കാൻ മോട്ടോർ വാഹന വകുപ്പ് കെൽട്രോണിനെ ചുമതലപ്പെടുത്തുന്നതിനുമുമ്പ് സമാനമായ പദ്ധതികൾക്കായി ക്യാമറകൾ നൽകിയതിന്റെ ഇൻവോയ്സുകൾ, സപ്ലൈ ഓർഡർ എന്നിവ കെൽട്രോൺ വകുപ്പിന് സമർപ്പിച്ചിരുന്നോ; എങ്കിൽ ഈ രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

സേഫ് കേരള പദ്ധതിക്ക് സമാനമായ പദ്ധതികൾക്കായി ക്യാമറകൾ നൽകിയതിന്റെ ഇൻവോയ്സുകൾ, സപ്ലൈ ഓർഡർ എന്നിവ കെൽട്രോൺ മോട്ടോർ വാഹന വകുപ്പിന് സമർപ്പിച്ചിട്ടില്ല.

## റോഡ് സേഫ്റ്റി ഫണ്ട്

250(1947) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം മണ്ഡലത്തിൽ റോഡ് സേഫ്റ്റി ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ചും അവ ഓരോന്നിനും ചെലവാക്കുന്ന തുക എത്രയാണെന്നും അറിയിക്കാമോ?

റോഡ് സുരക്ഷാ അതോറിറ്റിയുടെ വിവിധ സ്റ്റേക് ഹോൾഡിംഗ് വകുപ്പുകളായ പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് വകുപ്പ് (ദേശീയ പാത), പൊതുമരാമത്ത് വകുപ്പ് (റോഡ്സ്), ആരോഗ്യം, വിദ്യാഭ്യാസം, നാറ്റ്പാക്, 14 ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ എന്നിവ മുഖേനയാണ് റോഡ് സുരക്ഷാ അതോറിറ്റി റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. നിയോജകമണ്ഡലാടിസ്ഥാനത്തിൽ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്കുള്ള തുക അനുവദിക്കുന്നില്ല.

**റോഡ് സേഫ്റ്റി ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ പ്രവൃത്തികൾ**

251(1948) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡിന് മുകളിൽ താഴ്ന്നുകിടക്കുന്ന കേബിളുകൾ, റോഡുകളുടെ വശങ്ങളിലുള്ള സ്ലാബില്ലാത്ത ഓടകൾ, ജല അതോറിറ്റിയുടെ പൈപ്പുകൾ

സ്ഥാപിക്കുന്നതിനെടുക്കുന്ന കുഴികൾ എന്നിവ മൂലമുള്ള റോഡപകടങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ഗതാഗത വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

റോഡിന് മുകളിൽ താഴ്ന്നുകിടക്കുന്ന കേബിളുകൾ, റോഡുകളുടെ വശങ്ങളിലുള്ള സ്ലാബില്ലാത്ത ഓടകൾ, ജല അതോറിറ്റിയുടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനെടുക്കുന്ന കുഴികൾ എന്നിവ മൂലമുള്ള റോഡപകടങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന്റെ ഭാഗമായി, അപകടകരമായ അത്തരം സാധ്യതകൾ നീക്കംചെയ്യുന്നതിന് റോഡ് സുരക്ഷാ കമ്മീഷണർ ഒരു പൊതു ഉത്തരവ് അതത് ഘടക സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഉത്തരവ് പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കെ.ആർ.എസ്.എ. ആക്റ്റ് പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാറശ്ശാല മണ്ഡലത്തിൽ റോഡ് സേഫ്റ്റി ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയിട്ടുള്ള പ്രവൃത്തികൾ, നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ എന്നിവ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഓരോന്നിനും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) അനുവദിച്ച പ്രവൃത്തികളിൽ പൂർത്തായാക്കാനുള്ളവ ഏതെല്ലാമെന്ന് വിശദമാക്കാമോ?

(ബി-ഡി) റോഡ് സുരക്ഷാ അതോറിറ്റിയുടെ വിവിധ സ്റ്റേക് ഹോൾഡിംഗ് വകുപ്പുകളായ പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് വകുപ്പ് (ദേശീയ പാത), പൊതുമരാമത്ത് വകുപ്പ് (റോഡ്സ്), ആരോഗ്യം, വിദ്യാഭ്യാസം, നാറ്റ്പാക്, 14 ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ എന്നിവ മുഖേനയാണ് റോഡ് സുരക്ഷാ അതോറിറ്റി റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. നിയോജക മണ്ഡലാടിസ്ഥാനത്തിൽ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്കുള്ള തുക അനുവദിക്കുന്നില്ല.

**സംസ്ഥാനത്തെ കഴിഞ്ഞ വർഷത്തെ റോഡപകടങ്ങൾ**

252(1949) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2022 ജനുവരി 1 മുതൽ ഡിസംബർ 31 വരെ റിപ്പോർട്ട് ചെയ്തിട്ടുള്ള റോഡപകടങ്ങൾ എത്രയാണെന്ന് വ്യക്തമാക്കാമോ?

സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം സംസ്ഥാനത്ത് 2022 ജനുവരി 1 മുതൽ ഡിസംബർ 31 വരെ ആകെ 43910 റോഡപകടങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) 2022 വർഷത്തിൽ വാഹനാപകടങ്ങളിൽ മരണപ്പെട്ടിട്ടുള്ള ആളുകളുടെ എണ്ണം എത്ര; അതിൽ ഇരുചക്ര വാഹനാപകട മരണങ്ങൾ എത്ര; വിശദമാക്കാമോ?

2022 വർഷത്തിൽ വാഹനാപകടങ്ങളിൽ ആകെ 4317 പേർ മരണപ്പെട്ടിട്ടുണ്ട്. ഇതിൽ ഇരുചക്ര വാഹനാപകടത്തിൽ 1669 പേർ മരണപ്പെട്ടിട്ടുണ്ട്.

(സി) വാഹനാപകടങ്ങളിൽ പരിക്ക് പറ്റിയ ആളുകളുടെ എണ്ണം വ്യക്തമാക്കാമോ?

2022 വർഷത്തിൽ വാഹനാപകടങ്ങളിൽ 49307 പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്.

**ദീർഘദൂര ടാക്സി ഡ്രൈവർമാർക്ക് വിശ്രമ സൗകര്യം**

253(1950) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദിവസങ്ങൾ നീണ്ട യാത്രകളിൽ ഏർപ്പെടുന്ന ടാക്സി ഡ്രൈവർമാർക്ക് ശരിയായ വിശ്രമ സൗകര്യങ്ങൾ സംസ്ഥാനത്ത് ലഭ്യമല്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മതിയായ വിശ്രമമില്ലാതെ ഡ്രൈവ് ചെയ്യേണ്ടിവരുന്നതിനാൽ ഡ്രൈവർമാർക്ക് ആരോഗ്യപ്രശ്നങ്ങളും വാഹനങ്ങൾക്ക് അപകടങ്ങളും ഉണ്ടാകാൻ സാധ്യതയുള്ളതായി കരുതുന്നുണ്ടോ; വ്യക്തമാക്കാമോ?

സാധ്യതയുണ്ട്. വിശ്രമമില്ലാതെ ദീർഘദൂരം ഡ്രൈവ് ചെയ്യേണ്ടിവരുന്ന ഡ്രൈവർമാർക്ക് മതിയായ വിശ്രമം ലഭ്യമാകേണ്ടതുണ്ട്.

(സി) ടൂറിസ്റ്റ് കേന്ദ്രങ്ങളിലും മറ്റ് പ്രധാന കേന്ദ്രങ്ങളിലും ദീർഘദൂര ടാക്സി ഡ്രൈവർമാർക്കായി കുടിവെള്ളം, ശുചിമുറി, വിശ്രമസൗകര്യം എന്നിവ ഒരുക്കുന്നതിന് ഗതാഗത വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട് ഇത്തരം നടപടികൾ സ്വീകരിക്കുന്നതിനെപ്പറ്റി നിലവിൽ ആലോചിച്ചിട്ടില്ല.

**കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ**

254(1951) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ഡിസംബർ മാസത്തിൽ കെ.എസ്.ആർ.ടി.സി. എത്ര കിലോമീറ്റർ ആകെ ഓപ്പറേറ്റ് ചെയ്തുന്ന് വ്യക്തമാക്കാമോ; പ്രസ്തുത മാസത്തെ കെ.എം.പി.എൽ. എത്രയെന്ന് വ്യക്തമാക്കാമോ?

2022 ഡിസംബറിൽ കെ.എസ്.ആർ.ടി.സി. ആകെ 41461372 കിലോമീറ്റർ ഓപ്പറേറ്റ് ചെയ്തു. കെ.എസ്.ആർ.ടി.സി. വാഹനങ്ങളുടെ ശരാശരി കെ.എം.പി.എൽ. - 4.01 ആണ്.

(ബി) ജനുവരി 2023-ൽ എൻ.പി.എസ്., എൻ.ഡി.ആർ., ലൈഫ് ഇൻഷ്വറൻസ് എന്നീ ഇനങ്ങളിൽ എത്രയൊക്കെ തുകയാണ് കെ.എസ്.ആർ.ടി.സി. ഒടുക്കിയിട്ടുള്ളതെന്ന വിശദാംശം നൽകുമോ?

എൻ.പി.എസ്. 2023 ജനുവരിയിൽ:

| | |
|---|---|
| ജീവനക്കാരുടെ വിഹിതം | : Rs.5,08,077/- |
| കെ.എസ്.ആർ.ടി.സി വിഹിതം | : Rs.5,08,077/- |
| ആകെ | : Rs.10,16,154/-. |

2023 ജനുവരി മാസത്തിൽ എൻ.ഡി.ആർ. ഇനത്തിൽ 10.02 കോടി രൂപയും എൽ.ഐ.സി. ഇനത്തിൽ 7.15 കോടി രൂപയും ഒടുക്കിയിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണം എൻ.പി.എസ്. തുകയൊന്നുംതന്നെ ഒടുക്കുവാൻ സാധിച്ചിട്ടില്ല.

(സി) 2023 ജനുവരി മാസം ജീവനക്കാർക്ക് പി.എഫ്. ഇനത്തിൽ എത്ര തുക കെ.എസ്.ആർ.ടി.സി. അനുവദിച്ച് നൽകിയിട്ടുണ്ടെന്നുള്ള വിശദാംശം നൽകാമോ?

2023 ജനുവരി മാസം 1,64,71,356/- രൂപ ജീവനക്കാർക്ക് പി.എഫ്. ഇനത്തിൽ അനുവദിച്ചു.

## കെ.എസ്.ആർ.ടി.സി. മരാമത്ത് പ്രവൃത്തികൾ

255(1952) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ മരാമത്ത് പ്രവൃത്തികൾക്ക് കെ.എസ്.ആർ.ടി.സി. എത്ര രൂപ വീതം ഓരോ മാസവും വിനിയോഗിച്ചിട്ടുണ്ട്?

2021 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ മരാമത്ത് പ്രവൃത്തികൾക്കായി കെ.എസ്.ആർ.ടി.സി. വിനിയോഗിച്ച തുക ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2021 ഏപ്രിൽ | ഇല്ല |
| 2021 മേയ് | ഇല്ല |
| 2021 ജൂൺ | ഇല്ല |
| 2021 ജൂലൈ | 4,75,195/- |
| 2021 ആഗസ്റ്റ് | 2,37,20,109/- |
| 2021 സെപ്റ്റംബർ | 86,88,910/- |
| 2021 ഒക്ടോബർ | 1,96,63,230/- |

| | |
|---|---|
| 2021 നവംബർ | ഇല്ല |
| 2021 ഡിസംബർ | 15,94,850/- |
| 2022 ജനുവരി | 51,89,287/- |
| 2022 ഫെബ്രുവരി | 84,76,036/- |
| 2022 മാർച്ച് | 1,94,39,861/- |
| 2022 ഏപ്രിൽ | 3,13,69,230/- |
| 2022 മേയ് | 53,86,076/- |
| 2022 ജൂൺ | 13,81,000/- |
| 2022 ജൂലൈ | 46,26,927/- |
| 2022 ആഗസ്റ്റ് | 35,63,306/- |
| 2022 സെപ്റ്റംബർ | ഇല്ല |
| 2022 ഒക്ടോബർ | 23,56,854/- |
| 2022 നവംബർ | 1,44,32,903/- |
| 2022 ഡിസംബർ | 29,82,179/- |
| 2023 ജനുവരി | 2,50,200/- |
| 2023 ഫെബ്രുവരി | 22,99,582/- |
| 2023 മാർച്ച് | 97,54,891/- |

(ബി) പ്രസ്തുത കാലയളവിൽ മരാമത്ത് പ്രവൃത്തികൾക്ക് ഓരോ മാസവും എച്ച്.എൽ.എൽ.-ന് എത്ര രൂപയുടെ ബില്ലുകൾ പാസാക്കി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

| | |
|---|---|
| 04/2022 | 6,52,625/- |
| 05/2022 | 4,38,284/- |
| 09/2022 | 6,89,239/- |
| 10/2022 | 1,83,544/- |
| 11/2022 | 11,46,361/- |
| 12/2022 | 22,59,440/- |
| 02/2023 | 1,49,616/- |

**(സി) പ്രസ്തുത കാലയളവിൽ ഏതൊക്കെ മരാമത്ത് പ്രവൃത്തികൾ നടത്താനാണ് എച്ച്.എൽ.എൽ.-ന് ടെണ്ടർ/ക്വട്ടേഷൻ അനുവദിച്ച് നൽകിയിട്ടുള്ളതെന്നും ആയതിന്റെ തുകയുൾപ്പെടെയുള്ള വിശദാംശങ്ങൾ വ്യക്തമാക്കാമോ?**

പ്രസ്തുത കാലയളവിൽ എച്ച്.എൽ.എൽ.-ന് ടെണ്ടർ/ക്വട്ടേഷൻ അനുവദിച്ചുനൽകിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ആനയറ ഓഫീസിൽ ഓഫീസ് നിർമ്മാണ പ്രവൃത്തി - 108.6 ലക്ഷം രൂപ.

2) ആനയറ ഓഫീസിൽ യാർഡിന്റെയും ഓടയുടെയും നിർമ്മാണം - 159.18/- ലക്ഷം രൂപ.

3) പാപ്പനംകോട് സെൻട്രൽ വർക്ക്ഷോപ്പിലെ ഒന്നാം ഘട്ട സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ - 454.19/- ലക്ഷം രൂപ.

4) മാവേലിക്കര റീജിയണൽ വർക്ക്ഷോപ്പ് നവീകരണ പ്രവൃത്തി - 370.74/- ലക്ഷം രൂപ.

5.1) ചടയമംഗലം ജില്ലാ വർക്ക്ഷോപ്പിന്റെ പ്രീ ഫാബ് മോഡൽ നിർമ്മാണം - 171.60/- ലക്ഷം രൂപ.

5.2) ചടയമംഗലം ജില്ലാ വർക്ക്ഷോപ്പിൽ സിവിൽ, ഇലക്ട്രിക് പ്രവൃത്തികൾ - 305.45/- ലക്ഷം രൂപ.

6) ആലുവ റീജിയണൽ വർക്ക്ഷോപ്പിലെ സിവിൽ, ഇലക്ട്രിക് പ്രവൃത്തികൾ - 287.26/- ലക്ഷം രൂപ.

7) എടപ്പാൾ റീജിയണൽ വർക്ക്ഷോപ്പിലെ സിവിൽ, ഇലക്ട്രിക് പ്രവൃത്തികൾ - 447/- ലക്ഷം രൂപ.

8.1) എടപ്പാൾ റീജിയണൽ വർക്ക്ഷോപ്പിലെ സിവിൽ, ഇലക്ട്രിക് പ്രവൃത്തികൾ (റീ കണ്ടിഷനിംഗ് യൂണിറ്റ് വർക്ക്) – 115.06/- ലക്ഷം രൂപ.

8.2) റീജിയണൽ വർക്ക്ഷോപ്പ് എടപ്പാൾ ഇലക്ട്രിക്കൽ ഓവർ ഹെഡ് ട്രാവലിംഗ് ക്രെയിനും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കൽ - 98.47/- ലക്ഷം രൂപ.

9) കോഴിക്കോട് റീജിയണൽ വർക്ക്ഷോപ്പ് നവീകരണ പ്രവൃത്തി - 246.24/- ലക്ഷം രൂപ.

10) കോന്നി ബസ് സ്റ്റേഷനിലെ യാർഡ് നിർമ്മാണ പ്രവൃത്തി - 124.45/- ലക്ഷം രൂപ.

11) കോന്നി ബസ് സ്റ്റേഷനിലെ ബാലൻസ് നിർമ്മാണ പ്രവൃത്തിയും ഗ്യാരേജ് നിർമ്മാണവും - 48.46/- ലക്ഷം രൂപ.

12) ചാലക്കുടി ജില്ലാ വർക്ക്ഷോപ്പ് നിർമ്മാണം - 297.94/- ലക്ഷം രൂപ.

13) സുൽത്താൻ ബത്തേരി ജില്ലാ വർക്ക്ഷോപ്പ് നവീകരണം സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തി - 305.4/- ലക്ഷം രൂപ.

14) കാഞ്ഞങ്ങാട് ജില്ലാ വർക്ക്ഷോപ്പ് നവീകരണം - 81.73/- ലക്ഷം രൂപ.

15) പാവങ്ങാട് യാർഡ് നവീകരണം - 154.44/- ലക്ഷം രൂപ.

16.1) പാപ്പനംകോട് ഡിപ്പോയിലെ (10 എണ്ണം) ഇ.വി. ചാർജിംഗ് സ്റ്റേഷനിലെ സിവിൽ പ്രവൃത്തികൾ - 84.15/- ലക്ഷം രൂപ.

16.2) പാപ്പനംകോട് ഡിപ്പോയിലെ (10 എണ്ണം) ഇ.വി. ചാർജിംഗ് സ്റ്റേഷനിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾ - 96.43/- ലക്ഷം രൂപ.

17.1) ഹരിപ്പാട് ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ ബാലൻസ് സിവിൽ പ്രവൃത്തികൾ - 48.93/- ലക്ഷം രൂപ.

17.2) ഇലക്ട്രിക് പ്രവൃത്തികൾ - 45.12/- ലക്ഷം രൂപ.

17.3) അഗ്നി സുരക്ഷാ പ്രവൃത്തി - 16.61/- ലക്ഷം രൂപ.

17.4) സൈനേജ് പ്രവൃത്തി - 3.35/- ലക്ഷം രൂപ.

17.5) ലിഫ്റ്റ് (2 എണ്ണം) സ്ഥാപിക്കൽ - 26.49/- ലക്ഷം രൂപ.

18) ഹരിപ്പാട് ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിലെ ബെയ്സ്മെന്റ് ഫ്ലോറിലെ വാട്ടർ പ്രൂഫിംഗ് ചെയ്യുന്ന പ്രവൃത്തി ലിഫ്റ്റ് പിറ്റ് - 11.15/- ലക്ഷം രൂപ.

19) ഹരിപ്പാട് ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിലെ സംപ് വർക്ക് - 7.36/- ലക്ഷം രൂപ.

20) പെയിന്റിംഗ് പ്രവൃത്തി - 15.29/- ലക്ഷം രൂപ.

21) മലപ്പുറം ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലസിലെ രണ്ടാം ഘട്ട സിവിൽ പ്രവൃത്തികളും യാർഡ് നിർമ്മാണവും - 89/- ലക്ഷം രൂപ.

22) പത്തനംതിട്ട ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ ഫ്രന്റ് യാർഡ്, ഓട, പാർക്കിംഗ് ഏരിയ എന്നീ പ്രവൃത്തികൾ - 323/- ലക്ഷം രൂപ.

23.1)പത്തനംതിട്ട ബസ് ടെർമിനലിൽ ഹൈ മാസ്റ്റ് ലൈറ്റ്-18/-ലക്ഷം രൂപ.

23.2.) പത്തനംതിട്ട ബസ് ടെർമിനലിന്റെ ബാലൻസ് പ്രവൃത്തി, ലിഫ്റ്റ്

സ്ഥാപിക്കൽ - 14/- ലക്ഷം രൂപ.

24) പത്തനംതിട്ട ബസ് ടെർമിനലിന്റെ റൂഫ് സ്ലാബ്, ബീം എന്നിവയുടെ എക്സ്പാൻഷൻ ജോയിന്റ് ട്രീറ്റ്മെന്റ് എന്ന പ്രവൃത്തി-17.06/-ലക്ഷംരൂപ.

25.1) തൊടുപുഴ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ സിവിൽ പ്രവൃത്തികൾ - 239/- ലക്ഷം രൂപ.

25.2) തൊടുപുഴ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ

ഇലക്ട്രിക്കൽ പ്രവൃത്തികൾ - 69/- ലക്ഷം രൂപ.

25.3) അഗ്നി സുരക്ഷ പ്രവൃത്തി - 63/- ലക്ഷം രൂപ.

25.4) ലിഫ്റ്റ് സ്ഥാപിക്കൽ - 20/- ലക്ഷം രൂപ.

25.5) എക്സ്പാൻഷൻ ജോയിന്റ് ട്രീറ്റ്മെന്റ് പ്രവൃത്തി - 11/- ലക്ഷം രൂപ.

25.6) സൈനേജ് പ്രവൃത്തി - 9/- ലക്ഷം രൂപ.

26)വാട്ടർ പ്രൂഫിംഗ് പ്രവൃത്തി (ടെറസ് ഏരിയ, തൊടുപുഴ)–34.87/-ലക്ഷം രൂപ.

27.1) മുവാറ്റുപുഴ ബസ് ടെർമിനലിന്റെ ബാലൻസ് സിവിൽ പ്രവൃത്തി (ഒന്നാം ഘട്ടം) - 50.05/- ലക്ഷം രൂപ.

27.2) മുവാറ്റുപുഴ ബസ് ടെർമിനലിന്റെ ബാലൻസ് ഇലക്ട്രിക്കൽ പ്രവൃത്തി (ഒന്നാം ഘട്ടം) - 107.94/- ലക്ഷം രൂപ.

27.3) അഗ്നി സുരക്ഷ പ്രവൃത്തി (മുവാറ്റുപുഴ) – 44.05/- ലക്ഷം രൂപ.

28) പാറശ്ശാല യൂണിറ്റിലെ ബസ് സ്ക്രാപ്പ് യാർഡ് അനുബന്ധ പ്രവൃത്തികൾ - 414.10/- ലക്ഷം രൂപ.

29.1) കൊമേഴ്സ്യൽ ഇലക്ട്രിക് ഫ്ലീറ്റ് ചാർജിംഗ് ഇൻഫ്രാസ്ട്രക്ച്ചർ - ഈഞ്ചയ്ക്കൽ സിവിൽ വർക്ക് - 79.39/- ലക്ഷം രൂപ.

29.2) ഇലക്ട്രിക്കൽ വർക്ക് – ഈഞ്ചയ്ക്കൽ - 79.39/- ലക്ഷം രൂപ.

(ഡി) പ്രസ്തുത കാലയളവിൽ കെ.എസ്.ആർ.ടി.സി.-യിലെ സിവിൽ വിഭാഗത്തിൽ ചീഫ് എഞ്ചിനീയർ തസ്തികയിലിരുന്നവർ ആരൊക്കെയെന്നും അവരുടെ വിദ്യാഭ്യാസ യോഗ്യത എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യിലെ സിവിൽ വിഭാഗത്തിൽ ചീഫ് എഞ്ചിനീയർ തസ്തികയിലുണ്ടായിരുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു.

1. ശ്രീ. എം. എൻ. ജീവരാജ്

08-03-2021 മുതൽ കൺസൽട്ടന്റ് (സിവിൽ) തസ്തികയിൽ നിയമിതനാകുകയും 02-09-2021 മുതൽ 20-07-2022 വരെ ചീഫ് എഞ്ചിനീയർ (പ്രോജക്ട് & സിവിൽ വർക്സ്) തസ്തികയുടെ അധിക ചുമതല വഹിക്കുകയും ചെയ്തിരുന്നു.

യോഗ്യത: ബി.ടെക് (സിവിൽ)

2. ശ്രീ. എസ്. മനോമോഹൻ

കാലാവധി : 24-08-2022 മുതൽ 28-01-2023 വരെ.

യോഗ്യത: ബി.ടെക് (സിവിൽ)

**കെ.എസ്.ആർ.ടി.സി.-യെ കാര്യക്ഷമമാക്കാൻ നടപടി**

256(1953) ശ്രീ. വി. ശശി:

ശ്രീ. ഇ. ചന്ദ്രശേഖരൻ:

ശ്രീ. മുഹമ്മദ് മുഹസിൻ:

<u>ശ്രീ. സി. സി. മുകുന്ദൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസനവും ജനക്ഷേമവും ഉറപ്പുവരുത്തുന്നതിന് കാര്യക്ഷമമായ പൊതുഗതാഗത സംവിധാനം ഉണ്ടാകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ വികസനവും ജനക്ഷേമവും ഉറപ്പുവരുത്തുന്നതിനായി ആദ്യപടിയെന്ന നിലയിൽ തിരുവനന്തപുരം നഗരത്തിലെ സമഗ്രമായ നഗര ഗതാഗതത്തിന് നഗരപരിധിയിൽ വിവിധ പ്രദേശങ്ങളെയും സ്ഥാപനങ്ങളേയും ബന്ധിപ്പിച്ച് നഗരത്തിലേയ്ക്ക് വിവിധ ആവശ്യങ്ങൾക്കായി എത്തിച്ചേരുന്ന പൊതുജനങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ സിറ്റി സർക്കുലർ (ഹോപ്പ് ഓൺ ഹോപ്പ് ഓഫ്) സർവീസ് ആരംഭിച്ചു.

സിറ്റിക്കുള്ളിലെ പ്രധാന ഓഫീസുകളെയും ഡെസ്റ്റിനേഷനുകളെയും ബന്ധിപ്പിച്ച് സിറ്റി ഷട്ടിൽ സർവീസുകൾ ആരംഭിച്ചു. അനാവശ്യമായി യാത്രക്കാരില്ലാതെ റിട്ടേൺ ഡെഡ് ട്രിപ്പുകൾ കുറയ്ക്കുന്നതിനും യാത്രക്കാരുടെ

സൗകര്യത്തിനുമായി പരീക്ഷണാർത്ഥം സിറ്റി റേഡിയൽ സർവീസ് ആരംഭിച്ചു.

കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ് ബസ്സുകൾ ഉപയോഗിച്ച് തിരുവനന്തപുരത്തിനും കോഴിക്കോടിനും ഇടയിലുള്ള നഗരങ്ങളിലെ ഗതാഗതകുരുക്കിൽനിന്നും ഒഴിവാക്കി യാത്രക്കാരെ നിശ്ചിത സ്ഥലത്ത് കുറഞ്ഞ സമയത്തിൽ എത്തിക്കുന്നതിനായാണ് കെ.എസ്.ആർ.ടി.സി. "ബൈപ്പാസ് റൈഡർ" എന്ന പേരിൽ സർവീസുകൾ ആരംഭിച്ചത്. ബൈപ്പാസുകളിലെ നിർദ്ദിഷ്ട സ്ഥലങ്ങളിൽ യാത്രക്കാർക്ക് സൗകര്യപ്രദമായി വിശ്രമിക്കുന്നതിനും ബസ് കാത്തിരിക്കുന്നതിനും"ഫീഡർ സ്റ്റേഷനുകൾ "പഴയ ലോ ഫ്ലോർ ബസ്സുകളിൽ ക്രമീകരിച്ചിട്ടുണ്ട്. ഇത്തരം ഫീഡർ സ്റ്റേഷനുകളിലേയ്ക്ക് ബന്ധപ്പെട്ട യൂണിറ്റുകളിൽനിന്നും പ്രത്യേക നിറത്തിലുള്ള "ഫീഡർ സർവീസുകൾ" യാത്രക്കാർക്കായി നടത്തുന്നുമുണ്ട്. ഗ്രാമപ്രദേശങ്ങളിലെ ജനങ്ങളുടെ യാത്രാ സൗകര്യത്തിനായി തദ്ദേശ സ്വയംഭരണവകുപ്പിന്റെ സഹകരണത്തോടെ ഗ്രാമവണ്ടിയെന്ന പേരിൽ പ്രത്യേക ബസ് സർവീസ് ആരംഭിച്ചിട്ടുണ്ട്. നിലവിൽ 11 ജില്ലകളിലായി 15

ഗ്രാമവണ്ടി സർവീസുകൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു.+ മത്സ്യവിപണനത്തിനായി തീരദേശത്തുനിന്നും വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്ര ചെയ്യുന്ന ദരിദ്രരായ വനിതാ മത്സ്യത്തൊഴിലാളികളെ വിവിധ സ്ഥലങ്ങളിൽ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടുകൂടിയ പ്രത്യേക നിറത്തിലുള്ള 3 സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി.-ക്ക് വാർഷിക ഗ്രാന്റ് ലഭ്യമാകുന്ന രീതിയിൽ സമുദ്ര സർവീസ് ഫിഷറീസ് വകുപ്പിന് കരാർ വ്യവസ്ഥയിൽ നൽകി ഓപ്പറേറ്റ് ചെയ്യുന്നു.

ഫസ്റ്റ് മൈൽ, ലാസ്റ്റ് മൈൽ കണക്ടിവിറ്റി ഉറപ്പാക്കുന്നതിന്റെ ഭാഗമായി പൈലറ്റ് പദ്ധതിയായി മണ്ണന്തല - തിരുമല റൂട്ടിൽ രണ്ട് ഫീഡർ ബസ്സുകൾ ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി 16-01-2023 തീയതിയിൽ ഫ്ലാഗ് ഓഫ് ചെയ്യുകയുണ്ടായി. ഇത് തിരുവനന്തപുരം ജില്ലയിൽ പൂർണ്ണമായും നടപ്പാക്കുന്നതിനുള്ള പൈലറ്റ് പദ്ധതി അംഗീകാരത്തിനായി സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) കെ.എസ്.ആർ.ടി.സി.-യെ കാര്യക്ഷമമാക്കാനും ആവശ്യമായ സാമ്പത്തിക പാക്കേജുകൾ പ്രഖ്യാപിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ ലൈസൻസ് ഫീ അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുന്നതിലൂടെ ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ സർവീസ് ഓപ്പറേഷൻ ഉപയോഗയോഗ്യമല്ലാത്ത ബസുകളെ സ്റ്റാളുകളാക്കി (Shop on Wheels) മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും ആയത് പ്രാവർത്തികമാക്കിയതിലൂടെ വരുമാനം ലഭിച്ചുവരികയും ചെയ്യുന്നു. കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി നിർമ്മിച്ചിട്ടുള്ള വാണിജ്യ സമുച്ചയങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ പാട്ടക്കരാർ വ്യവസ്ഥയിൽ അനുവദിച്ച്

നൽകുന്നതിലൂടെയും പ്രതിമാസ ലൈസൻസ് ഫീ അടിസ്ഥാനത്തിൽ നൽകുന്നതിലൂടെയും ടിക്കറ്റിതര വരുമാനത്തിൽ വർദ്ധന വരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ പണി പൂർത്തികരിച്ച വാണിജ്യ സമുച്ചയങ്ങളിൽ, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകാമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹരിപ്പാട് ബസ് സ്റ്റേഷൻ വാണിജ്യ സമുച്ചയത്തിൽ കനറാ ബാങ്കിന് സ്ഥലം അനുവദിച്ചുനൽകിയിട്ടുണ്ട്. കൂടാതെ നിലമ്പൂർ യൂണിറ്റ് വാണിജ്യ സമുച്ചയം ഒറ്റ യൂണിറ്റായി പരിഗണിച്ച് ടെണ്ടർ നടത്തി 30 വർഷത്തേയ്ക്ക് നൽകിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി എല്ലാ ബസ് സ്റ്റേഷനുകളിലും ലൈസൻസി മുഖേന പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, പബ്ലിക് അനൗൺസ്മെന്റ് സിസ്റ്റം, എ.ടി.എം. എന്നിവ സ്ഥാപിക്കുന്നതിനോടൊപ്പം ഹോർഡിംഗ്സ് സ്ഥാപിച്ച് പരസ്യം നൽകിയ ഇനത്തിലും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കൊറിയർ സർവ്വീസ് കെ.എസ്.ആർ.ടി.സി. നേരിട്ട് നടത്തുന്നതിന് നടപടി പുതുതായി രൂപീകരിച്ച വിഭാഗം മുഖേന

സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിൽ വരുന്നതും National Highway-യോട് ചേർന്നുള്ളതും കൂടാതെ വളരെ ജനത്തിരക്കേറിയ പട്ടണങ്ങളിൽ സ്ഥിതി ചെയ്യുന്നതുമായ കെ.എസ്.ആർ.ടി.സി. യൂണിറ്റുകളിലെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുകയും അവ ആവശ്യക്കാർക്ക് വിവിധ കച്ചവട ആവശ്യങ്ങൾക്ക് അനുവദിച്ച് നൽകിയും വാണിജ്യ സമുച്ചയങ്ങളിൽ സൂപ്പർ മാർക്കറ്റ്, ആധുനിക സൗകര്യത്തോടുകൂടിയ റസ്റ്റോറന്റുകൾ, സിനിമാശാലകൾ, ജിംനേഷ്യം, മറ്റ് അവശ്യ സാധനങ്ങൾ വിൽക്കുന്ന കച്ചവട സ്ഥാപനങ്ങൾ കൂടാതെ പൊതുജനങ്ങൾ നിത്യേന നിരവധി ആവശ്യങ്ങൾക്കായി ആശ്രയിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ എന്നിവ പ്രസ്തുത കോംപ്ലക്സുകളിൽ സജ്ജീകരിച്ചാൽ ധാരാളം ആൾക്കാർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ എത്തിച്ചേരുകയും അതുവഴി യാത്രാ കൂലിയിനത്തിലും ടിക്കറ്റിതര വരുമാനമായും കോർപ്പറേഷന് നല്ല വരുമാനം ലഭിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.-യെ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിലേയ്ക്ക് പുതുതായി കൊമേഴ്സ്യൽ വിഭാഗം

രൂപീകരിക്കുകയും ടി വിഭാഗത്തിലൂടെ ബസുകളിൽ പരസ്യം പതിപ്പിക്കൽ, ബസുകൾ വാടകയ്ക്ക് നൽകൽ, കേരളത്തിലെ മറ്റ് പൊതുമേഖല സ്ഥാപനങ്ങളുടെ ആവശ്യത്തിനായി ബസുകൾ അനുവദിച്ചുനൽകൽ, യൂണിറ്റുകളിൽ ജനശ്രദ്ധ ആകർഷിക്കുന്ന സ്ഥലങ്ങളിൽ ഹോർഡിംഗ്സ്, കോഫി വെൻഡിംഗ് (LR Stall) സ്ഥാപിക്കുന്നതിലേയ്ക്കായി സ്ഥലം വാടകയ്ക്ക് അനുവദിക്കൽ, LED display കൂടാതെ കൊറിയർ & പാഴ്സൽ സർവീസ് സംവിധാനം നടപ്പാക്കിയും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. കെ.എസ്.ആർ.ടി.സി.-യെ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധം (II) ആയി ചേർക്കുന്നു.+

(സി) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെയും പെൻഷൻകാരുടെയും ശമ്പളവും പെൻഷനും മറ്റാനുകൂല്യങ്ങളും മുടക്കം കൂടാതെ നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ടിക്കറ്റ്/ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ച് പ്രതിമാസ വരുമാനം ശരാശരി 220 കോടി രൂപ വരെ സ്വരൂപിക്കുന്നുണ്ടെങ്കിലും

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കൺസോർഷ്യം/ഓവർഡ്രാഫ്റ്റ് വായ്പ തിരിച്ചടവ്, ഡീസൽ, സ്പെയർ പാർട്സ് എന്നീ അവശ്യ ചെലവുകൾക്കായി മാത്രം ശരാശരി 170 കോടി രൂപയോളം ചെലവഴിക്കേണ്ടിവരുന്നുണ്ട്. ടി അവശ്യ ചെലവുകൾ നിർവ്വഹിച്ചശേഷം ജീവനക്കാരുടെ ശമ്പള വിതരണത്തിനായി പ്രതിമാസം 20 കോടി രൂപ മുതൽ 30 കോടി രൂപവരെ മാത്രമാണ് കോർപ്പറേഷന് സ്വന്തം നിലയ്ക്ക് കണ്ടെത്താൻ സാധിക്കുന്നത്. ഇത്തരത്തിൽ മിച്ചം പിടിക്കുന്ന തുകയ്ക്കുപുറമെ സർക്കാർ ധനസഹായം, ഓവർഡ്രാഫ്റ്റ് വായ്പ എന്നിവകൂടി ലഭ്യമാക്കി ജീവനക്കാരുടെ ശമ്പളം അൽപ്പം കാലതാമസത്തോടെയാണെങ്കിലും മുടക്കം കൂടാതെ വിതരണം ചെയ്യുന്നുണ്ട്. സാമ്പത്തിക പരാധീനത നിമിത്തം പെൻഷൻ വിതരണം മുടങ്ങുന്ന സാഹചര്യം സംജാതമായതോടെ 2018-ൽ സർക്കാർ മുൻകയ്യെടുത്ത് രൂപീകരിച്ച പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം മുഖാന്തരമാണ് പെൻഷൻ വിതരണം ചെയ്തുവന്നിരുന്നത്. എന്നാൽ നിലവിലെ പലിശ നിരക്ക് 8%-ൽനിന്നും 9.25 ശതമാനമായി വർദ്ധിപ്പിക്കണമെന്ന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ

കൺസോർഷ്യം (PACS) ആവശ്യപ്പെടുകയും ടി ആവശ്യം സർക്കാർ നിരസിക്കുകയും ചെയ്തതോടെ 2023 മാർച്ച് മാസം മുതൽ സഹകരണ സംഘങ്ങൾ വഴിയുള്ള പെൻഷൻ വിതരണം തടസ്സപ്പെടുകയുണ്ടായി. തുടർന്ന് വിരമിച്ച ജീവനക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും ഹൈക്കോടതിയുടെ നിർദ്ദേശം പാലിക്കുന്നതിന്റെ ഭാഗമായി 2023 മാർച്ച് മാസം മുതൽ ജൂൺ മാസം വരെയുള്ള പെൻഷൻ വിതരണത്തിനായി 281 കോടിയോളം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ടി തുകയും കോർപ്പറേഷൻ തനത് ഫണ്ടിൽനിന്നും കണ്ടെത്തിയ വിഹിതവും ഉപയോഗിച്ച് 2023 ജൂൺ മാസംവരെയുള്ള പെൻഷൻ കെ.എസ്.ആർ.ടി.സി. നേരിട്ട് വിതരണം ചെയ്തിട്ടുണ്ട്. ജൂലൈ മാസത്തെ പെൻഷൻ വിതരണത്തിനുള്ള തുക അനുവദിക്കുന്ന മുറയ്ക്ക് ടി മാസത്തെ പെൻഷനും വിതരണം ചെയ്യുന്നതാണ്.

(ഡി) ധനകാര്യ മാനേജ്മെന്റുൾപ്പെടെ കെ.എസ്.ആർ.ടി.സി.-യുടെ ഭരണപരമായ പ്രവർത്തനങ്ങളിൽ സുതാര്യതയും പ്രൊഫഷണലിസവും കൊണ്ടുവരാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ മാനേജ്മെന്റ്, പ്രവർത്തന രീതി എന്നിവ പുന:ക്രമീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യിലെ വിവിധ വിഭാഗത്തിലേയ്ക്ക് അതത് മേഖലകളിൽ യോഗ്യതയും പരിചയവുമുള്ള ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുന്നതിനായി ഓരോ വിഭാഗത്തിലും വൈദഗ്ദ്ധ്യമുള്ളവരെ മതിയായ നിയമന നടപടിക്രമങ്ങൾ പാലിച്ച് കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷനിലെ ടോപ്പ് ലെവൽ മാനേജ്മെന്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി General Manager (Finance), Deputy General Manager (Marketing & Logistics), General Manager (Technical), Deputy General Manager (IT), Deputy General Manager (Operations), Chartered Accountant, Cost Accountant എന്നീ തസ്തികകൾ താൽക്കാലികമായി സർക്കാർ സൃഷ്ടിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മാനവ വിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെ

ഭാഗമായി കോർപ്പറേഷനെ കൊമേഴ്സ്യലൈസ് ചെയ്യുന്നതിന്റെ ഭാഗമായും പ്രാവീണ്യം തെളിയിക്കുന്നവരെ ഓപ്പൺ മാർക്കറ്റിൽനിന്നും കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. കോർപ്പറേഷനെ 3 സ്വയംപര്യാപ്ത ലാഭ കേന്ദ്രങ്ങളാക്കുകയെന്ന ലക്ഷ്യത്തോടെ സൗത്ത്, സെൻട്രൽ, നോർത്ത് സോണുകൾ രൂപീകരിച്ച് തരംതിരിച്ചിട്ടുണ്ട്. ഭരണപരമായും അക്കൗണ്ട്സ് സംബന്ധവുമായ നടപടികൾ ജില്ലാ അടിസ്ഥാനത്തിൽ സ്വീകരിക്കുന്നതിന് 15 ജില്ലാ ഓഫീസുകൾക്ക് രൂപം നൽകി ജീവനക്കാരുടെ സഹായത്തോടെ ആയത് നടപ്പാക്കിയിട്ടുണ്ട്.

അക്കൗണ്ട് വിഭാഗം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി B.Com/M.Com യോഗ്യതയുള്ള ജീവനക്കാരെ തെരഞ്ഞെടുത്ത് അപേക്ഷയുടെയും സമ്മതപത്രത്തിന്റെയും അടിസ്ഥാനത്തിൽ അക്കൗണ്ട്സ് വിഭാഗം രൂപീകരിച്ച് ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. ദീർഘദൂര അന്തർസംസ്ഥാന സർവീസുകളിൽ യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന്റെയും അപകടങ്ങൾ കുറയ്ക്കുന്നതിന്റെയും ഭാഗമായി ഡ്രൈവർ കം കണ്ടക്ടർ തസ്തിക രൂപീകരിച്ച് യോഗ്യത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി നിലവിലെ സ്ഥിര

ജീവനക്കാരിൽനിന്നും അപേക്ഷയും സമ്മതപത്രവും ക്ഷണിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**പെരിന്തൽമണ്ണ – വളാഞ്ചേരി റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ് സർവീസുകൾ പുനരാരംഭിക്കാൻ നടപടി**

257(1954) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ - വളാഞ്ചേരി റൂട്ടിൽ ലോക്ഡൗൺ കാലത്ത് നിർത്തിവച്ച കെ.എസ്.ആർ.ടി.സി. ബസ് സർവീസുകൾ നാളിതുവരെയായിട്ടും പുനരാരംഭിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുകാരണം ഈ പ്രദേശത്തെ യാത്രക്കാരായ പൊതുജനങ്ങളും വിദ്യാർത്ഥികളും രോഗികളും വളരെയധികം പ്രയാസമനുഭിക്കുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(ബി) പ്രസ്തുത റൂട്ടിലെ നിർത്തിവച്ച കെ.എസ്.ആർ.ടി.സി. ബസ് സർവീസുകൾ പുനരാരംഭിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് കാലത്തിനുമുമ്പ് 2016-18 കാലയളവിൽ പ്രതിദിനം അഞ്ച് സർവീസുകളാണ് പെരിന്തൽമണ്ണ - വളാഞ്ചേരി റൂട്ടിൽ നടത്തിയിരുന്നത്. എന്നാൽ മിക്ക സർവീസുകൾക്കും യാത്രക്കാരുടെ കുറവുമൂലം പ്രവർത്തന ചെലവ് ലഭിക്കാത്ത സാഹചര്യത്തിൽ ടി സർവീസുകൾ മറ്റ് റൂട്ടുകളിലേയ്ക്ക് പുനഃക്രമീകരിച്ചിട്ടുള്ളതാണ്. നിലവിൽ ടി റൂട്ടിലൂടെ പെരിന്തൽമണ്ണ-വളാഞ്ചേരി-കോഴിക്കോട് സർവീസ് പുനരാരംഭിച്ചിട്ടുണ്ട്.

കൂടാതെ വളരെയധികം സ്വകാര്യ സർവീസുകൾ ഈ റൂട്ടിൽ ഓപ്പറേറ്റ് ചെയ്യുന്നതിനാലും യാത്രാക്ലേശം അനുഭവപ്പെടാത്ത രീതിയിൽ യാത്രക്കാർക്കാവശ്യമായ പൊതുഗതാഗത സംവിധാനം ലഭ്യമാകുന്നുണ്ട്. ടി സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. സർവീസുകൾ കൂടുതൽ ഓപ്പറേറ്റ് ചെയ്യുന്നത് കോർപ്പറേഷന് അധിക ബാധ്യതയുണ്ടാക്കുമെന്ന് കരുതുന്നു. കൂടുതൽ സർവീസുകൾ ടി റൂട്ടിൽ പുനരാരംഭിക്കുന്ന കാര്യം സാധ്യതാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കുന്നതാണ്. കൂടാതെ ഡീസൽ ചെലവുമാത്രം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽനിന്ന്

ലഭ്യമാക്കി ഗ്രാമവണ്ടി പദ്ധതിയിലുൾപ്പെടുത്തി പുതിയ സർവീസുകൾ ജനോപകാരപ്രദമായ രീതിയിൽ ക്രമീകരിക്കുന്നതിനുള്ള സാധ്യതയും പരിശോധിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി.-യിലെ ചെലവുകളുടെ ഇനം തിരിച്ച കണക്കുകൾ**

258(1955) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ഡിസംബർ മാസത്തിലെ വരവ് - ചെലവ് റിപ്പോർട്ടിൽ മറ്റ് ചെലവുകൾ എന്ന ഇനത്തിൽ കെ.എസ്.ആർ.ടി.സി. പറഞ്ഞിരിക്കുന്ന 60.06 കോടി രൂപ ഏതൊക്കെ ഇനത്തിലേയ്ക്കാണ് ചെലവഴിച്ചതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

2022 ഡിസംബർ മാസത്തിലെ കോർപ്പറേഷന്റെ വരവ് - ചെലവ് റിപ്പോർട്ടിൽ മറ്റ് ചെലവുകൾ എന്ന ഇനത്തിൽ 60.60 കോടി രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇവയുടെ തരംതിരിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | (തുക കോടി രൂപയിൽ) |
|---|---|
| മെഡിക്കൽ അലവൻസ് | 0.33 |
| പെൻഷൻ ആനുകൂല്യങ്ങൾ | 3.36 |
| എം.എ.സി.ടി. | 2.10 |
| ഇലക്ട്രിസിറ്റി, വാട്ടർ, ടെലഫോൺ ചാർജസ് | 0.07 |
| ജി.എസ്.ടി./ടി.ഡി.എസ്. | 1.57 |
| പ്രോവിഡന്റ് ഫണ്ട് ട്രസ്റ്റ് | 3.10 |
| ഫാസ്ടാഗ് | 1.24 |
| ഇൻഷ്വറൻസ് | 4.13 |
| എസ്.എൽ.ഐ., ജി.ഐ.എസ് | 14.47 |
| Advt. Charge | 0.08 |
| യൂണിറ്റ് ഫണ്ട് | 2.92 |
| പേമെന്റ് ടു സ്വിഫ്റ്റ് | 5.00 |
| ഓൺലൈൻ സർവീസ് ചാർജ്ജ് | 0.60 |
| ഡ്രൈവർമാരുടെ ബാറ്റ | 3.91 |
| അഡ്വക്കേറ്റ് ഫീ | 0.18 |
| പമ്പ സർവീസ് ചെലവുകൾ | 1.16 |
| ഐ.ഒ.സി. (ഡ്യൂ പേമെന്റ്) | 1.00 |
| ജി.പി.എ.ഐ. | 1.72 |
| യാത്രാ ഫ്യൂവൽസ് | 13.63 |
| മറ്റ് ചെലവുകൾ | 0.03 |
| ആകെ | 60.60 |

(ബി) 2023 ജനവരി മാസത്തിലെ വരവ്-ചെലവ് റിപ്പോർട്ടിൽ മറ്റ് ചെലവുകൾ എന്ന ഇനത്തിൽ കെ.എസ്.ആർ.ടി.സി. പറഞ്ഞിരിക്കുന്ന 58.04 കോടി രൂപ ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

2023 ജനവരി മാസത്തിലെ കോർപ്പറേഷന്റെ വരവ് - ചെലവ് റിപ്പോർട്ടിൽ മറ്റ് ചെലവുകൾ (58.04 കോടി രൂപ) എന്ന ഇനത്തിന്റെ തരംതിരിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | (തുക കോടി രൂപയിൽ) |
|---|---|
| മെഡിക്കൽ അലവൻസ് | 0.48 |
| പെൻഷൻ ആനുകൂല്യങ്ങൾ | 1.34 |
| എം.എ.സി.ടി. | 2.03 |
| ഇലക്ട്രിസിറ്റി, വാട്ടർ, ടെലഫോൺ ചാർജസ് | 0.08 |
| ജി.എസ്.ടി./ടി.ഡി.എസ് | 2.03 |
| പ്രോവിഡന്റ് ഫണ്ട് ട്രസ്റ്റ് | 3.10 |
| ഫാസ്ടാഗ് | 1.30 |
| ഇൻഷ്വറൻസ് | 0.07 |

| | |
|---|---|
| എസ്.എൽ.ഐ., ജി.ഐ.എസ് | 8.44 |
| Advt. Charge | 0.11 |
| യൂണിറ്റ് ഫണ്ട് | 3.17 |
| പേമെന്റ് ടു സ്വിഫ്റ്റ് | 8.00 |
| ഓൺലൈൻ സർവീസ് ചാർജ്ജ് | 0.15 |
| അഡ്വക്കേറ്റ് ഫീ | 0.27 |
| പമ്പ സർവീസ് ചെലവുകൾ | 0.60 |
| ഐ.ഒ.സി. (ഡ്യൂ പേമെന്റ്) | 0.30 |
| എൽ.ഐ.സി. | 7.15 |
| കെ.എൽ.ഡബ്ല്യൂ.എഫ് | 0.22 |
| എൻ.ഡി.ആർ (കെ.എസ്.ടി.റ്റി.133) | 1.36 |
| ബദലി ജീവനക്കാരുടെ ശമ്പളം | 2.76 |
| യാത്രാ ഫ്യൂവൽസ് | 15.05 |
| മറ്റ് ചെലവുകൾ | 0.03 |
| ആകെ | 58.04 |

(സി) 2022 ഡിസംബർ മാസത്തിൽ കെ.എസ്.ആർ.ടി.സി. മരാമത്ത് പണികൾക്ക് എത്ര തുക, ഏതൊക്കെ പ്രവൃത്തികൾക്കുവേണ്ടി വിനിയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

1. PWD Sewage Treatment Plant-ന വേണ്ടി Ex.Eng: PWD Building Division പത്തനംതിട്ടയ്ക്ക് 3,58,000/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

2. കോട്ടയം ബസ് ടെർമിനൽ & ടോയ്‌ലറ്റ് നിർമ്മാണത്തിന് ARANCO-യ്ക്ക് MLA Fund-ൽ നിന്നും 25,47,396/- രൂപ അനുവദിച്ചിരുന്നു.

(ഡി) 2022 നവംബർ മാസത്തിൽ കെ.എസ്.ആർ.ടി.സി. മരാമത്ത് പണികൾക്കായി എത്ര തുക, ഏതൊക്കെ പ്രവൃത്തികൾക്കുവേണ്ടി വിനിയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

1. ഹരിപ്പാട് Construction & Passengers Waiting Area നിർമ്മാണത്തിന് ശ്രീ. പി. ഐ. മുഹമ്മദ് ഷമീറിന് 4,30,618/- രൂപ അനുവദിച്ചിരുന്നു.

2. Civil & Electrical Work of R/W MVKA പ്രവർത്തനത്തിന് Pan Pacific Engineers-ന് 36,41,209/- രൂപ അനുവദിച്ചിരുന്നു.

3. ശ്രീ. ആർ. ബിനോയ്-ക്ക് സെൻട്രൽ വർക്ക്സിലെ സിവിൽ & ഇലക്ട്രിക്കൽ വർക്ക്സിന് 32,25,283/- രൂപ അനുവദിച്ചിരുന്നു.

4. ശ്രീ. റ്റി. അബ്ദുൾസമദിന് R/W എടപ്പാളിലെ Modernization Work-ന് 45,27,247/- രൂപ അനുവദിച്ചിരുന്നു.

**ഓൺലൈൻ റിസർവേഷൻ ക്യാൻസൽ ചെയ്യുന്നവർക്ക് തുക തിരികെ ലഭിക്കാൻ നടപടി**

259(1956) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഓൺലൈൻ റിസർവേഷൻവഴി ടിക്കറ്റ് ബുക്ക് ചെയ്യുന്ന യാത്രക്കാർ പ്രസ്തുത റിസർവേഷൻ ക്യാൻസൽ ചെയ്യുന്നപക്ഷം ടിക്കറ്റ് നിരക്കിന്റെ എത്ര ശതമാനം തുകയാണ് തിരികെ നൽകുന്നത്; പ്രസ്തുത തുക തിരികെ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽ ഓൺലൈൻ റിസർവേഷൻവഴി ടിക്കറ്റ് ബുക്ക് ചെയ്യുന്ന യാത്രക്കാർ റിസർവേഷൻ ക്യാൻസൽ ചെയ്യുന്നപക്ഷം ലഭിക്കുന്ന ടിക്കറ്റ് നിരക്ക് ചുവടെ ചേർക്കുന്നു.

| Cancellation Fee | Duration |
|---|---|
| No Cancellation Fee | Before 72 Hrs. |
| Fee at 10% of the basic fare | Between 72 hours and 48 hours before the departure time. |
| Fee at 25% of the basic fare | Between 48 hours and 24 hours before the departure time. |
| Fee at 40% of the basic | Between 24 hours and 12 hour |

| | |
|---|---|
| fare | before the departure time. |
| Fee at 50% of the basic fare | Between 12 hours and 2 hours before the departure time. |
| No refund | Less than two hours before the departure time and at/after the departure time. |

ഓൺലൈൻ റിസർവേഷൻ വഴി ടിക്കറ്റ് ബുക്ക് ചെയ്ത യാത്രക്കാർക്ക് ഓൺലൈൻ സംവിധാനത്തിലൂടെ ഇതിനായി PNR number ഉപയോഗിച്ച് സൈറ്റിൽ "CANCEL TICKETS" എന്ന ഓപ്ഷൻ വഴി ക്യാൻസൽ ചെയ്യാവുന്നതാണ്. കെ.എസ്.ആർ.ടി.സി.-യുടെ കൗണ്ടറുകളിൽനിന്നും ബുക്ക് ചെയ്ത ടിക്കറ്റുകൾ പ്രസ്തുത കൗണ്ടറിൽ നൽകി ക്യാൻസൽ ചെയ്യാൻ സാധിക്കുന്നതാണ്. ടിക്കറ്റുകൾ ക്യാൻസൽ ചെയ്തുകഴിഞ്ഞാൽ 7 ബാങ്കിംഗ് ദിവസങ്ങൾക്കകം പ്രസ്തുത തുക യാത്രക്കാരന്റെ അക്കൗണ്ടിൽ ലഭ്യമാകുന്നതാണ്.

(ബി) ഇപ്രകാരം ടിക്കറ്റുകൾ ക്യാൻസൽ ചെയ്യുന്ന സന്ദർഭത്തിൽ യാത്രക്കാർക്ക് തുക തിരികെ ലഭിക്കുന്നതിനുള്ള കാലപരിധി എത്രയാണ്;

യാത്രക്കാർക്ക് തുക തിരികെ ലഭിക്കുന്നു എന്ന് ഉറപ്പാക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്?

24 മണിക്കൂർ മുതൽ പരമാവധി ഏഴ് ദിവസം വരെ. പേമെന്റ് ഗേറ്റ് വേ-യിലൂടെ യാത്രക്കാർക്ക് റീഫണ്ട് ഇനിഷ്യേറ്റ് ചെയ്ത വിവരങ്ങൾ ലഭ്യമാക്കുന്നതാണ് (ARN No:, REF No:). ടി നമ്പറുകൾ ഉപയോഗിച്ച് യാത്രക്കാരന് ബാങ്ക് അക്കൗണ്ടിൽ തുക ലഭ്യമായിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

(സി) ടിക്കറ്റ് ക്യാൻസൽ ചെയ്യുമ്പോൾ യാത്രക്കാർക്ക് തുക തിരികെ ലഭിക്കുന്നില്ലെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; ഇത് സംബന്ധിച്ച് നാളിതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്?

നടപ്പു സാമ്പത്തിക വർഷം നാളിതുവരെ 585 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പരാതികളിൻമേൽ എന്തൊക്കെ തുടർനടപടി സ്വീകരിച്ചിട്ടുണ്ട്; എത്രപേർക്ക് പരാതിയുടെ അടിസ്ഥാനത്തിൽ തുക ലഭ്യമാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ; ഇക്കാര്യത്തിൽ വീഴ്ചകൾ

ആവർത്തിക്കാതിരിക്കാൻ കർശന നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പരാതികൾ ലഭിക്കുന്നമുറയ്ക്ക് ആയത് പരിശോധിച്ച് അന്നുതന്നെ അർഹതയുള്ളവർക്ക് തുക റീഫണ്ട് ചെയ്ത് നൽകുന്നുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ യാത്രക്കാർ സ്വമേധയാ ക്യാൻസൽ ചെയ്ത ടിക്കറ്റുകളുൾപ്പെടെ 345454 യാത്രക്കാർക്കായി 13,76,74,018/- രൂപ റീഫണ്ട് ചെയ്ത് നൽകിയിട്ടുണ്ട്. ഭാവിയിൽ വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ എല്ലാ കരുതൽ നടപടികളും കെ.എസ്.ആർ.ടി.സി. സ്വീകരിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. വർക്കിംഗ് ക്യാപിറ്റൽ ലോൺ**

260(1957) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ഡിസംബർ, 2023 ജനുവരി, ഫെബ്രുവരി എന്നീ മാസങ്ങളിൽ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റ് ചെയ്ത ആകെ കിലോമീറ്ററും കെ.എം.പി.എൽ.-ഉം വ്യക്തമാക്കാമോ?

2022 ഡിസംബർ, 2023 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ സർവീസ് ഓപ്പറേറ്റഡ് കിലോമീറ്റർ ചുവടെ ചേർക്കുന്നു.

2022 ഡിസംബർ - 4,14,61,372 കി.മീ.

2023 ജനുവരി - 4,28,40,488 കി.മീ.

2023 ഫെബ്രുവരി - 3,84,91,864 കി.മീ.

<u>ശരാശരി കെ.എം.പി.എൽ.</u>

2022 ഡിസംബർ : 4.01

2023 ജനുവരി : 4.11

2023 ഫെബ്രുവരി : 4.15

(ബി) കെ.എസ്.ആർ.ടി.സി. 2022 നവംബർ മുതൽ 2023 ഫെബ്രുവരി വരെയുള്ള മാസങ്ങളിൽ എടുത്തിട്ടുള്ള വർക്കിംഗ് ക്യാപിറ്റൽ ലോണിന്റെ മാസം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി. 2022 നവംബർ മുതൽ 2023 ഫെബ്രുവരി വരെയുള്ള മാസങ്ങളിൽ എടുത്തിട്ടുള്ള വർക്കിംഗ് ക്യാപ്പിറ്റൽ ലോണിന്റെ മാസം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | (തുക കോടി രൂപയിൽ) |
|---|---|
| 11/2022 | 30.00 |
| 12/2022 | 50.00 |
| 01/2023 | 50.00 |
| 02/2023 | 50.00 |

(സി) 2022 നവംബർ മാസത്തിൽ മറ്റ് ചെലവുകൾക്കായി കെ.എസ്.ആർ.ടി.സി. ഏതൊക്കെ ഇനത്തിൽ എത്ര രൂപ വീതം ചെലവാക്കിയെന്ന് വ്യക്തമാക്കാമോ?

2022 നവംബർ മാസത്തിലെ കോർപ്പറേഷന്റെ വരവ് - ചെലവ് റിപ്പോർട്ടിൽ മറ്റ് ചെലവുകൾ എന്ന ഇനത്തിൽ ചെലവാക്കിയ തുകയുടെ തരംതിരിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | (തുക കോടി രൂപയിൽ) |
|---|---|
| മെഡിക്കൽ അലവൻസ് | 0.32 |
| പെൻഷൻ ആനുകൂല്യങ്ങൾ | 1.62 |
| എം.എ.സി.ടി. | 0.40 |
| ജി.എസ്.ടി./ടി.ഡി.എസ് | 1.38 |
| പ്രോവിഡന്റ് ഫണ്ട് ട്രസ്റ്റ് | 3.00 |
| ഫാസ്ടാഗ് | 1.16 |
| ഇൻഷ്വറൻസ് | 0.25 |
| എസ്.എൽ.ഐ., ജി.ഐ.എസ് | 2.11 |
| Advt. charge | 0.25 |
| യൂണിറ്റ് ഫണ്ട് | 2.97 |
| പേമെന്റ് ടു സ്വിഫ്റ്റ് | 4.04 |
| ഓൺലൈൻ സർവീസ് ചാർജ്ജ് | 0.10 |
| ഡ്രൈവർമാരുടെ ബാറ്റ | 0.74 |
| അഡ്വക്കേറ്റ് ഫീ | 0.06 |
| പമ്പ സർവീസ് ചെലവുകൾ | 0.80 |
| ഐ.ഒ.സി. (ഡ്യൂ പേമെന്റ്) | 0.50 |
| യാത്രാ ഫ്യൂവൽസ് | 10.56 |
| മറ്റ് ചെലവുകൾ | 0.03 |

| | |
|---|---|
| ആകെ | 30.29 |

## സ്വിഫ്റ്റ് ബസുകളുടെ പരിപാലനത്തിന് ചെലവ്

261(1958) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന് നാളിതുവരെ വാടകയിനത്തിൽ കെ.എസ്.ആർ.ടി.സി. എത്ര രൂപ നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

2022 ഏപ്രിൽ മുതൽ 2023 ജൂൺ 30 വരെ കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് ബസുകൾ സർവീസ് നടത്തിയ വകയിൽ വാടകയിനത്തിൽ കെ.എസ്.ആർ.ടി.സി.-യിൽനിന്നും നൽകേണ്ട തുക 55.62 കോടി രൂപയും നൽകിയ തുക 32.85 കോടി രൂപയുമാണ്.

(ബി) കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് ബസുകൾക്ക് ഡീസൽ ഇനത്തിൽ നാളിതുവരെ എത്ര രൂപ ചെലവായി; വ്യക്തമാക്കാമോ?

2022 ഏപ്രിൽ മുതൽ 2023 ജൂൺ 30 വരെയുള്ള കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് ബസുകൾക്ക് ഡീസൽ ഇനത്തിൽ ചെലവായ ആകെ തുക 64.35 കോടി രൂപയാണ്.

(സി) കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് നാളിതുവരെ എത്ര രൂപ ചെലവായി?

2022 ഏപ്രിൽ മുതൽ 2023 ജൂൺ 30 വരെ സർവീസ് നടത്തിയ വകയിൽ ജീവനക്കാർക്ക് വേതനം നൽകിയ വകയിൽ 15.67 കോടി രൂപ ചെലവായി.

(ഡി) സ്വിഫ്റ്റ് ബസുകൾ മെയിന്റനൻസ് നടത്തിയ ഇനത്തിൽ സ്വിഫ്റ്റ് കമ്പനിക്ക് നാളിതുവരെ എത്ര രൂപ ചെലവായി; വിശദമാക്കാമോ?

2022 ഏപ്രിൽ മുതൽ 2023 ജൂൺ 30 വരെ മെയിന്റനൻസ്, ആക്സിഡന്റ് എന്നിവയുടെ റിപ്പയറിംഗിനായി സ്വിഫ്റ്റിൽനിന്നും നേരിട്ട് ചെലവായ ആകെ തുക 56 ലക്ഷം രൂപയാണ്.

**2022 ഡിസംബറിൽ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റ് ചെയ്ത കിലോമീറ്റർ**

262(1959) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022 ഡിസംബറിൽ കെ.എസ്.ആർ.ടി.സി. ആകെ ഓപ്പറേറ്റ് ചെയ്ത കിലോമീറ്റർ എത്രയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത മാസത്തെ കെ.എസ്.ആർ.ടി.സി.-യുടെ കെ.എം.പി.എൽ. (കിലോമീറ്റർ പെർ ലിറ്റർ) എത്രയെന്നും വ്യക്തമാക്കാമോ?

2022 ഡിസംബറിൽ കെ.എസ്.ആർ.ടി.സി. ആകെ 4,14,61,372 കിലോമീറ്റർ ഓപ്പറേറ്റ് ചെയ്തു. കെ.എസ്.ആർ.ടി.സി. വാഹനങ്ങളുടെ ശരാശരി കെ.എം.പി.എൽ. - 4.01.

**കെ.എസ്.ആർ.ടി.സി. മരാമത്ത് പ്രവൃത്തികൾ**

263(1960) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരാമത്ത് പ്രവൃത്തികൾക്കായി 2021 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ ഓരോ മാസവും എത്ര രൂപ വീതം കെ.എസ്.ആർ.ടി.സി. വിനിയോഗിച്ചിട്ടുണ്ട്?

2021 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ മരാമത്ത് പ്രവൃത്തികൾക്കായി

കെ.എസ്.ആർ.ടി.സി. വിനിയോഗിച്ച തുക ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2021 ഏപ്രിൽ | ഇല്ല |
| 2021 മേയ് | ഇല്ല |
| 2021 ജൂൺ | ഇല്ല |
| 2021 ജൂലൈ | 4,75,195/- |
| 2021 ആഗസ്റ്റ് | 2,37,20,109/- |
| 2021 സെപ്റ്റംബർ | 86,88,910/- |
| 2021 ഒക്ടോബർ | 1,96,63,230/- |
| 2021 നവംബർ | ഇല്ല |
| 2021 ഡിസംബർ | 15,94,850/- |
| 2022 ജനുവരി | 51,89,287/- |
| 2022 ഫെബ്രുവരി | 84,76,036/- |
| 2022 മാർച്ച് | 1,94,39,861/- |
| 2022 ഏപ്രിൽ | 3,13,69,230/- |
| 2022 മേയ് | 53,86,076/- |
| 2022 ജൂൺ | 13,81,000/- |
| 2022 ജൂലൈ | 46,26,927/- |
| 2022 ആഗസ്റ്റ് | 35,63,306/- |
| 2022 സെപ്റ്റംബർ | ഇല്ല |
| 2022 ഒക്ടോബർ | 23,56,854/- |
| 2022 നവംബർ | 1,44,32,903/- |
| 2022 ഡിസംബർ | 29,82,179/- |
| 2023 ജനുവരി | 2,50,200/- |
| 2023 ഫെബ്രുവരി | 22,99,582/- |
| 2023 മാർച്ച് | 97,54,891/- |

(ബി) മരാമത്ത് പ്രവൃത്തികൾക്കായി പ്രസ്തുത കാലയളവിൽ എച്ച്.എൽ.എൽ. (ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ്)-ന് ഓരോ മാസവും എത്ര രൂപയുടെ ബില്ലുകൾ പാസാക്കി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 04/2022 | 6,52,625/- |
| 05/2022 | 4,38,284/- |
| 09/2022 | 6,89,239/- |
| 10/2022 | 1,83,544/- |
| 11/2022 | 11,46,361/- |
| 12/2022 | 22,59,440/- |
| 02/2023 | 1,49,616/- |

(സി) പ്രസ്തുത കാലയളവിൽ കെ.എസ്.ആർ.ടി.സി.-യിലെ ഏതൊക്കെ മരാമത്ത് പ്രവൃത്തികൾ നടത്താനാണ് എച്ച്.എൽ.എൽ.-ന് ടെണ്ടർ/ക്വട്ടേഷൻ അനുവദിച്ചുനൽകിയിട്ടുള്ളതെന്നും ആയതിന്റെ തുകയുടെ വിശദാംശങ്ങൾ ഉൾപ്പെടെ വ്യക്തമാക്കാമോ?

പ്രസ്തുത കാലയളവിൽ എച്ച്.എൽ.എൽ.-ന് ടെണ്ടർ/ക്വട്ടേഷൻ അനുവദിച്ചുനൽകിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ആനയറ ഓഫീസിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് നിർമ്മാണ പ്രവൃത്തി - 108.6 ലക്ഷം രൂപ.

2) ആനയറ ഓഫീസിൽ യാർഡിന്റെയും ഓടയുടെയും നിർമ്മാണം - 159.18 ലക്ഷം രൂപ.

3) പാപ്പനംകോട് സെൻട്രൽ വർക്ക്ഷോപ്പിലെ ഒന്നാം ഘട്ട സിവിൽ - ഇലക്ട്രിക്കൽ പ്രവൃത്തികൾ - 454.19 ലക്ഷം രൂപ.

4) മാവേലിക്കര റീജിയണൽ വർക്ക്ഷോപ്പ് നവീകരണ പ്രവൃത്തി - 370.74 ലക്ഷം രൂപ.

5.1) ചടയമംഗലം ജില്ലാ വർക്ക്ഷോപ്പിന്റെ പ്രീ ഫാബ് മോഡൽ നിർമ്മാണം - 171.60 ലക്ഷം രൂപ.

5.2) ചടയമംഗലം ജില്ലാ വർക്ക്ഷോപ്പിൽ സിവിൽ - ഇലക്ട്രിക് പ്രവൃത്തികൾ - 305.45 ലക്ഷം രൂപ.

6) ആലുവ റീജിയണൽ വർക്ക്ഷോപ്പിലെ സിവിൽ - ഇലക്ട്രിക് പ്രവൃത്തികൾ - 287.26 ലക്ഷം രൂപ.

7) എടപ്പാൾ റീജിയണൽ വർക്ക്ഷോപ്പിലെ സിവിൽ - ഇലക്ട്രിക് പ്രവൃത്തികൾ - 447 ലക്ഷം രൂപ.

8.1) എടപ്പാൾ റീജിയണൽ വർക്ക്ഷോപ്പിലെ സിവിൽ - ഇലക്ട്രിക് പ്രവൃത്തികൾ (റീ കണ്ടിഷനിംഗ് യൂണിറ്റ് വർക്ക്) – 115.06 ലക്ഷം രൂപ.

8.2) റീജിയണൽ വർക്ക്ഷോപ്പ് എടപ്പാൾ ഇലക്ട്രിക്കൽ ഓവർ ഹെഡ് ട്രാവലിംഗ് ക്രെയിനും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കൽ - 98.47 ലക്ഷം രൂപ.

9) കോഴിക്കോട് റീജിയണൽ വർക്ക്ഷോപ്പ് നവീകരണ പ്രവൃത്തി - 246.24 ലക്ഷം രൂപ.

10) കോന്നി ബസ് സ്റ്റേഷനിലെ യാർഡ് നിർമ്മാണ പ്രവൃത്തി - 124.45 ലക്ഷം രൂപ.

11) കോന്നി ബസ് സ്റ്റേഷനിലെ ബാലൻസ് നിർമ്മാണ പ്രവൃത്തിയും ഗ്യാരേജ് നിർമ്മാണവും - 48.46 ലക്ഷം രൂപ.

12) ചാലക്കുടി ജില്ലാ വർക്ക്ഷോപ്പ് നിർമ്മാണം - 297.94 ലക്ഷം രൂപ.

13) സുൽത്താൻ ബത്തേരി ജില്ലാ വർക്ക്ഷോപ്പ് നവീകരണം സിവിൽ - ഇലക്ട്രിക്കൽ പ്രവൃത്തി - 305.4 ലക്ഷം രൂപ.

14) കാഞ്ഞങ്ങാട് ജില്ലാ വർക്ക്ഷോപ്പ് നവീകരണം - 81.73 ലക്ഷം രൂപ.

15) പാവങ്ങാട് യാർഡ് നവീകരണം - 154.44 ലക്ഷം രൂപ.

16.1) പാപ്പനംകോട് ഡിപ്പോയിലെ (10 എണ്ണം) ഇ.വി. ചാർജിംഗ് സ്റ്റേഷനിലെ സിവിൽ പ്രവൃത്തികൾ - 84.15 ലക്ഷം രൂപ.

16.2) പാപ്പനംകോട് ഡിപ്പോയിലെ (10 എണ്ണം) ഇ.വി. ചാർജിംഗ് സ്റ്റേഷനിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾ - 96.43 ലക്ഷം രൂപ.

17.1) ഹരിപ്പാട് ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ ബാലൻസ് സിവിൽ പ്രവൃത്തികൾ - 48.93 ലക്ഷം രൂപ.

17.2) ഇലക്ട്രിക് പ്രവൃത്തികൾ - 45.12 ലക്ഷം രൂപ.

17.3) അഗ്നി സുരക്ഷാ പ്രവൃത്തി - 16.61 ലക്ഷം രൂപ.

17.4) സൈനേജ് പ്രവൃത്തി - 3.35 ലക്ഷം രൂപ.

17.5) ലിഫ്റ്റ് (2 എണ്ണം) സ്ഥാപിക്കൽ - 26.49 ലക്ഷം രൂപ.

18) ഹരിപ്പാട് ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിലെ ബെയ്സ്മെന്റ് ഫ്ലോറിലെ വാട്ടർ പ്രൂഫിംഗ് ചെയ്യുന്ന പ്രവൃത്തി ലിഫ്റ്റ് പിറ്റ് - 11.15 ലക്ഷം രൂപ.

19) ഹരിപ്പാട് ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിലെ സംപ് വർക്ക് - 7.36 ലക്ഷം രൂപ.

20) പെയിന്റിംഗ് പ്രവൃത്തി - 15.29 ലക്ഷം രൂപ.

21) മലപ്പുറം ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലസിലെ രണ്ടാം ഘട്ട സിവിൽ പ്രവൃത്തികളും യാർഡ് നിർമ്മാണവും - 89 ലക്ഷം രൂപ.

22) പത്തനംതിട്ട ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ ഫ്രണ്ട് യാർഡ്, ഓട, പാർക്കിംഗ് ഏരിയ എന്നീ പ്രവൃത്തികൾ - 323 ലക്ഷം രൂപ.

23.1) പത്തനംതിട്ട ബസ് ടെർമിനലിൽ ഹൈ മാസ്റ്റ് ലൈറ്റ് - 18 ലക്ഷം രൂപ.

23.2.) പത്തനംതിട്ട ബസ് ടെർമിനലിന്റെ ബാലൻസ് പ്രവൃത്തി – ലിഫ്റ്റ് സ്ഥാപിക്കൽ - 14 ലക്ഷം രൂപ.

24) പത്തനംതിട്ട ബസ് ടെർമിനലിന്റെ റൂഫ് സ്ലാബ്, ബീം എന്നിവയുടെ എക്സ്പാൻഷൻ ജോയിന്റ് ട്രീറ്റ്മെന്റ് എന്ന പ്രവൃത്തി - 17.06 ലക്ഷം രൂപ.

25.1) തൊടുപുഴ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ സിവിൽ പ്രവൃത്തികൾ - 239 ലക്ഷം രൂപ.

25.2) തൊടുപുഴ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ ഇലക്ട്രിക്കൽ പ്രവൃത്തികൾ - 69 ലക്ഷം രൂപ.

25.3) അഗ്നി സുരക്ഷ പ്രവൃത്തി - 63 ലക്ഷം രൂപ.

25.4) ലിഫ്റ്റ് സ്ഥാപിക്കൽ - 20 ലക്ഷം രൂപ.

25.5) എക്സ്പാൻഷൻ ജോയിന്റ് ട്രീറ്റ്മെന്റ് പ്രവൃത്തി - 11 ലക്ഷം രൂപ.

25.6) സൈനേജ് പ്രവൃത്തി - 9 ലക്ഷം രൂപ.

26) വാട്ടർ പ്രൂഫിംഗ് പ്രവൃത്തി (ടെറസ് ഏരിയ, തൊടുപുഴ) - 34.87 ലക്ഷം രൂപ.

27.1) മുവാറ്റുപുഴ ബസ് ടെർമിനലിന്റെ ബാലൻസ് സിവിൽ പ്രവൃത്തി (ഒന്നാം ഘട്ടം) - 50.05 ലക്ഷം രൂപ.

27.2) മുവാറ്റുപുഴ ബസ് ടെർമിനലിന്റെ ബാലൻസ് ഇലക്ട്രിക്കൽ പ്രവൃത്തി (ഒന്നാം ഘട്ടം) - 107.94 ലക്ഷം രൂപ.

27.3) അഗ്നി സുരക്ഷ പ്രവൃത്തി (മുവാറ്റുപുഴ) - 44.05 ലക്ഷം രൂപ.

28) പാറശ്ശാല യൂണിറ്റിലെ ബസ് സ്ക്രാപ്പ് യാർഡ് അനുബന്ധ പ്രവൃത്തികൾ - 414.10 ലക്ഷം രൂപ.

29.1) കൊമേഴ്സ്യൽ ഇലക്ട്രിക് ഫ്ലീറ്റ് ചാർജിംഗ് ഇൻഫ്രാസ്ട്രക്ച്ചർ -

ഈഞ്ചയ്ക്കൽ സിവിൽ വർക്ക് - 79.39 ലക്ഷം രൂപ.

29.2) ഇലക്ട്രിക്കൽ വർക്ക് – ഈഞ്ചയ്ക്കൽ - 79.39 ലക്ഷം രൂപ.

(ഡി) പ്രസ്തുത കാലയളവിൽ കെ.എസ്.ആർ.ടി.സി.-യിലെ ചീഫ് എൻജിനീയർ (സിവിൽ വിഭാഗം) തസ്തികയിൽ ജോലി ചെയ്തവരുടെ പേര്, വിദ്യാഭ്യാസ യോഗ്യത എന്നിവ വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യിലെ സിവിൽ വിഭാഗത്തിൽ ചീഫ് എഞ്ചിനീയർ തസ്തികയിൽ ഉണ്ടായിരുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു.

1. <u>ശ്രീ. എം. എൻ. ജീവരാജ്</u>

08-03-2021 മുതൽ കൺസൽട്ടന്റ് (സിവിൽ) തസ്തികയിൽ നിയമിതനാകുകയും 02-09-2021 മുതൽ 20-07-2022 വരെ ചീഫ് എഞ്ചിനീയർ (പ്രോജക്ട് & സിവിൽ വർക്സ്) തസ്തികയുടെ അധിക ചുമതല വഹിക്കുകയും ചെയ്തിരുന്നു.

യോഗ്യത: ബി.ടെക് (സിവിൽ)

2. <u>ശ്രീ. എസ്. മനോമോഹൻ</u>

കാലാവധി : 24-08-2022 മുതൽ 28-01-2023 വരെ.

യോഗ്യത: ബി.ടെക് (സിവിൽ)

## കാസർകോട്-മംഗലാപുരം റൂട്ടിൽ കെ.എസ്.ആർ.ടി.സി.-യിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ

264(1961) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട്- മംഗലാപുരം റൂട്ടിൽ കെ.എസ്.ആർ.ടി.സി.- യിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

കാസർഗോഡ് - മംഗലാപുരം റൂട്ടിൽ വിദ്യാർത്ഥികൾക്ക് യാത്രാ ഇളവ് അനുവദിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി. 26-04-2023-ലെ T.R.2/000053/2023 നമ്പർ പ്രകാരം മെമ്മോറാണ്ടം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും സാങ്കേതിക തടസ്സം നിലവിലുണ്ടോ?

RFID ഇലക്ട്രോണിക് കാർഡിന്റെ സാങ്കേതിക പ്രശ്നം കാരണം നിലവിൽ മാന്വലായി കാർഡ് വിതരണം ചെയ്യുന്നുണ്ട്.

(സി) പ്രസ്തുത റൂട്ടിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ എപ്പോൾ നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത റൂട്ടിൽ വിദ്യാർത്ഥികൾക്ക് യാത്രാ ഇളവ് അനുവദിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി. മെമ്മോറാണ്ടം പുറപ്പെടുവിച്ചിട്ടുണ്ട്.

**തിരൂരങ്ങാടി കക്കാട് ടൗണിൽ കെ.എസ്.ആർ.ടി.സി. സ്റ്റോപ്പ് പുനഃസ്ഥാപിക്കാൻ നടപടി**

265(1962) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കക്കാട് ടൗണിൽ കെ.എസ്.ആർ.ടി.സി.-യുടെ സ്വിഫ്റ്റ്, ലോഫ്ലോർ അടക്കമുള്ള ബസുകളുടെ സ്റ്റോപ്പുകൾ പുനഃസ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സ്റ്റോപ്പ് നിർത്തലാക്കിയതിന്റെ കാരണം വിശദമാക്കാമോ?

(എ&ബി) തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ കക്കാട് ടൗണിൽ സൂപ്പർ എക്സ്പ്രസ് വരെയുള്ള സർവീസുകൾക്ക് ബസ് സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ആ ശ്രേണിവരെയുള്ള സ്വിഫ്റ്റ് സർവീസുകൾക്കും പ്രസ്തുത സ്റ്റോപ്പുകൾ ബാധകമാണ്. എന്നാൽ ലോ ഫ്ലോർ/ബൈപ്പാസ് റൈഡർ സർവീസുകൾ ചുരുങ്ങിയ സമയത്തിനുള്ളിൽ കൂടുതൽ ദൂരം യാത്ര ചെയ്യുന്ന ആവശ്യത്തിനായി വിഭാവന ചെയ്ത് സ്റ്റോപ്പുകൾ പരിമിതപ്പെടുത്തിയിട്ടുള്ളതിനാൽ ടി ബസുകൾക്ക് നിലവിൽ ബസ് സ്റ്റോപ്പ് അനുവദിച്ചിട്ടില്ല.

(സി) പ്രസ്തുത വിഷയത്തിൽ മലപ്പുറം കെ.എസ്.ആർ.ടി.സി. മാനേജർ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പും പ്രസ്തുത റിപ്പോർട്ട് പ്രകാരം സ്വീകരിച്ച തുടർനടപടികളും വിശദമാക്കാമോ;

(ഡി) പ്രസ്തുത സ്റ്റോപ്പ് എന്നത്തേയ്ക്ക് പുനഃസ്ഥാപിക്കുമെന്ന് അറിയിക്കാമോ?

(സി&ഡി) കക്കാട് ടൗണിലെ ബസ് സ്റ്റോപ്പ് സംബന്ധിച്ച വിഷയത്തിൽ മലപ്പുറം കെ.എസ്.ആർ.ടി.സി. ജില്ലാ ഓഫീസിൽനിന്നും ലഭിച്ച ഫീസിബിലിറ്റി റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+ ടി റിപ്പോർട്ടിൻമേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി പ്രതീക്ഷിക്കുന്ന വരുമാനം, യാത്രക്കാരുടെ സൗകര്യം, മറ്റ് സ്റ്റോപ്പുകളിൽ നിന്നുള്ള അകലം തുടങ്ങിയ വസ്തുതകളും വിശദാംശങ്ങളും ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് നൽകുന്നതിനായി മലപ്പുറം ജില്ലാ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

**യാത്രാപാസിലെ നിയന്ത്രണങ്ങളിൽ ഇളവ്**

266(1963) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ - അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് യാത്രാ പാസിനുള്ള നിയന്ത്രണം ഏർപ്പെടുത്തിയതിൽ മാറ്റം വരുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ നിലവിലെ സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് നൽകിവന്നിരുന്ന യാത്രാ പാസ് സൗജന്യങ്ങൾ അർഹരായ വിദ്യാർത്ഥികൾക്ക് മാത്രമായി നിജപ്പെടുത്തുന്ന വിഷയം നിലവിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ അന്തിമ തീരുമാനം സ്വീകരിച്ചിട്ടില്ല.

**(ബി) മലയോര - പിന്നാക്ക പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രസ്തുത നിയന്ത്രണങ്ങളിൽ ഇളവുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?**

മലയോര - പിന്നാക്ക പ്രദേശങ്ങളിലുൾപ്പെടെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള യാത്രാ സൗജന്യത്തിൽ മാറ്റം വരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച വിഷയങ്ങൾ നിലവിൽ ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലാണ്.

**ലോക്ക്ഡൗൺ കാലത്ത് നിർത്തിയ ബസ് സർവീസുകളുടെ പുനരാരംഭം**

267(1964) <u>ശ്രീമതി ഒ. എസ്. അംബിക:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ലോക്ക്ഡൗൺ കാലത്ത് സർവീസ് നിർത്തിവച്ചതും മികച്ച റണ്ണിംഗ് കണ്ടീഷനിലുള്ളതുമായ എല്ലാ വാഹനങ്ങളും നിരത്തിലിറക്കാൻ സാധിച്ചിട്ടുണ്ടോ?

കോവിഡ് കാലയളവിൽ നിർത്തിയിട്ടിരുന്നതിൽ മികച്ച റണ്ണിംഗ് കണ്ടീഷനിലുണ്ടായിരുന്ന എല്ലാ ബസുകളും നിരത്തിലിറക്കിയിട്ടുണ്ട്.

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടി വിശദമാക്കുമോ?

റണ്ണിംഗ് കണ്ടീഷനിലുള്ള 1216 ബസുകളായിരുന്നു 28-07-2021-ലെ കണക്കുപ്രകാരം, കോവിഡാനന്തരം, വിവിധ അറ്റകുറ്റപ്പണികൾക്കായി വർക്ക്ഷോപ്പുകളിൽ സൂക്ഷിച്ചിരുന്നത്. ആയതിനാവശ്യമായ സ്പെയർ പാർട്സ് വാങ്ങി കെ.എസ്.ആർ.ടി.സി.-യുടെ വർക്ക്ഷോപ്പുകളിൽ റീ കണ്ടീഷൻ നടത്തി ബസുകളിൽ ഘടിപ്പിച്ച് സർവീസിന് സജ്ജമാക്കിയിട്ടുണ്ട്. 07-08-2023-ലെ കണക്കുപ്രകാരം 574 ബസുകളാണ് അറ്റകുറ്റപ്പണികൾക്കായി നിലവിൽ ഡോക്കിലുള്ളത്.

**കെ.എസ്.ആർ.ടി.സി.-യിലെ അഴിമതി ആരോപണങ്ങളിൽ അന്വേഷണം**

268(1965) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈക്കൂലി കേസിൽ പിടിയിലായ കെ.എസ്.ആർ.ടി.സി. ഡെപ്യൂട്ടി ജനറൽ മാനേജർ (അഡ്വെർടൈസ്മെന്റ് ആന്റ് ലോജിസ്റ്റിക്)-ന്റെ കഴിഞ്ഞ കാലങ്ങളിലെ എല്ലാ പ്രവർത്തനങ്ങളിലും സംസ്ഥാന വിജിലൻസ് അന്വേഷണം നടത്തുമോ?

കൈക്കൂലി കേസിൽ പിടിയിലായ കെ.എസ്.ആർ.ടി.സി. ഡെപ്യൂട്ടി ജനറൽ മാനേജർ (Advertisement & logistics) ശ്രീ. ഉദയകുമാറിനെതിരെ അഴിമതി നിരോധന നിയമത്തിന്റെ ഏഴാം വകുപ്പ് പ്രകാരം 15-07-2023-ൽ വി.സി.03/2023/SRT നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. കൂടാതെ ശ്രീ. ഉദയകുമാറിനെതിരെ അനധികൃത സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട് ഒരു പ്രാഥമികാന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്.

(ബി) പ്രസ്തുത വ്യക്തിയുടെ മുൻ കാലങ്ങളിലെ ഔദ്യോഗിക തീരുമാനങ്ങൾ സംബന്ധിച്ച് കെ.എസ്.ആർ.ടി.സി.-യിൽ ആഭ്യന്തര അന്വേഷണം തുടങ്ങിയിട്ടുണ്ടോ; വിശദമാക്കാമോ?

വകുപ്പുതല അച്ചടക്ക നടപടികളുടെ ഭാഗമായി 15-07-2023 മുതൽ പ്രാബല്യത്തിൽ കോർപ്പറേഷന്റെ സേവനങ്ങളിൽനിന്നും സസ്പെന്റ് ചെയ്യുകയും ടിയാനെതിരെ 1960-ലെ കേരള സിവിൽ സർവീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ചുവരികയുമാണ്. കൈക്കൂലി കേസുമായി ബന്ധപ്പെട്ട് ടിയാനെതിരെയുള്ള അന്വേഷണം സംസ്ഥാന വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പരിധിയിൽ നടക്കുന്നതിനാൽ പ്രസ്തുത ജീവനക്കാരന്റെ മുൻകാലത്തിലെ പ്രവർത്തനങ്ങൾ സംബന്ധിച്ച് കെ.എസ്.ആർ.ടി.സി.-യിൽ ആഭ്യന്തര അന്വേഷണം ആരംഭിച്ചിട്ടില്ല.

(സി) കെ.എസ്.ആർ.ടി.സി.-യിൽ 400 കോടി രൂപയുടെ അഴിമതി നടന്നതായുള്ള ആരോപണത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വിജിലൻസ് അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽ 400 കോടി രൂപയുടെ അഴിമതി നടന്നതായി ആരോപിച്ച് 25-08-2023-ൽ ഇ-മെയിൽ പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിൻമേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ SIU-I മുഖേന പരാതി പരിശോധന നടന്നുവരുന്നു.

**കെ.എസ്.ആർ.ടി.സി.-യിലെ ടിക്കറ്റ് ഇതര വരുമാനം**

269(1966) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കാൻ കെ.എസ്.ആർ.ടി.സി. എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ ലൈസൻസ് ഫീ അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുന്നതിലൂടെ ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ സർവീസ് ഓപ്പറേഷന്

ഉപയോഗയോഗ്യമല്ലാത്ത ബസുകളെ സ്റ്റാളുകളാക്കി (shop on wheels) മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും ആയത് പ്രാവർത്തികമാക്കിയതിലൂടെ വരുമാനം ലഭിച്ചുവരികയും ചെയ്യുന്നു. കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി നിർമ്മിച്ചിട്ടുള്ള വാണിജ്യ സമുച്ചയങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ പാട്ടക്കരാർ വ്യവസ്ഥയിലും പ്രതിമാസ ലൈസൻസ് ഫീ അടിസ്ഥാനത്തിൽ നൽകുന്നതിലൂടെയും ടിക്കറ്റിതര വരുമാനത്തിൽ വർദ്ധന വരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങളിൽ, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകാമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹരിപ്പാട് ബസ് സ്റ്റേഷൻ വാണിജ്യ സമുച്ചയത്തിൽ കാനറാ ബാങ്കിന് സ്ഥലം അനുവദിച്ചുനൽകിയിട്ടുണ്ട്. കൂടാതെ നിലമ്പൂർ യൂണിറ്റ് വാണിജ്യ സമുച്ചയം ഒറ്റ യൂണിറ്റായി പരിഗണിച്ച് ടെണ്ടർ നടത്തി 30 വർഷത്തേയ്ക്ക് നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. എല്ലാ ബസ് സ്റ്റേഷനുകളിലും ലൈസൻസി മുഖേന പാസഞ്ചർ ഇൻഫർമേഷൻ

സിസ്റ്റം, പബ്ലിക് അനൗൺസ്മെന്റ് സിസ്റ്റം, എ.ടി.എം. എന്നിവ സ്ഥാപിക്കുന്നതിനോടൊപ്പം ഹോർഡിംഗ്സ് സ്ഥാപിച്ച് പരസ്യം നൽകിയ ഇനത്തിലും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതുതായി നടത്താനുദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിൽ വരുന്നതും National Highway-യോട് ചേർന്നുള്ളതും കൂടാതെ വളരെ ജനത്തിരക്കേറിയ പട്ടണങ്ങളിൽ സ്ഥിതി ചെയ്യുന്നതുമായ കെ.എസ്.ആർ.ടി.സി. യൂണിറ്റുകളിലെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുകയും അവ ആവശ്യക്കാർക്ക് വിവിധ കച്ചവട ആവശ്യങ്ങൾക്ക് അനുവദിച്ച് നൽകിയും വാണിജ്യ സമുച്ചയങ്ങളിൽ സൂപ്പർ മാർക്കറ്റ്, ആധുനിക സൗകര്യത്തോടുകൂടിയ റസ്റ്റോറന്റുകൾ, സിനിമാശാലകൾ, ജിംനേഷ്യം, മറ്റ് അവശ്യസാധനങ്ങൾ വിൽക്കുന്ന കച്ചവട സ്ഥാപനങ്ങൾ കൂടാതെ പൊതുജനങ്ങൾ നിത്യേന നിരവധി ആവശ്യങ്ങൾക്കായി

ആശ്രയിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ എന്നിവ പ്രസ്തുത കോംപ്ലക്സുകളിൽ സജ്ജീകരിച്ചാൽ ധാരാളം ആൾക്കാർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ എത്തിച്ചേരുകയും അതുവഴി യാത്രാക്കൂലിയിനത്തിലും ടിക്കറ്റിതര വരുമാനമായും കോർപ്പറേഷന് നല്ല വരുമാനം ലഭിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.-യെ സംരംക്ഷിക്കുന്നതിന്റെ ഭാഗമായി ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിലേയ്ക്ക് പുതുതായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിക്കുകയും ടി വിഭാഗത്തിലൂടെ ബസുകളിൽ പരസ്യം പതിപ്പിക്കൽ, ബസുകൾ വാടകയ്ക്ക് നൽകൽ, കേരളത്തിലെ മറ്റ് പൊതുമേഖല സ്ഥാപനങ്ങളുടെ ആവശ്യത്തിനായി ബസുകൾ അനുവദിച്ച് നൽകൽ, യൂണിറ്റുകളിൽ ജനശ്രദ്ധ ആകർഷിക്കുന്ന സ്ഥലങ്ങൾ ഹോർഡിംഗ്സ്, കോഫി വെൻഡിംഗ് (LR Stall) സ്ഥാപിക്കുന്നതിലേയ്ക്കായി സ്ഥലം വാടകയ്ക്ക് അനുവദിക്കൽ, LED Display കൂടാതെ കൊറിയർ & പാഴ്സൽ സർവീസ് സംവിധാനം നടപ്പാക്കിയും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ചെയ്തുവരുന്നു.

ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യുടെ മാത്രം ഉപയോഗത്തിനായി സ്ഥാപിച്ചിട്ടുള്ള കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ യാത്രാ ഫ്യൂവൽ റീട്ടെയിൽ ഔട്ട്ലെറ്റുകളും കൂടാതെ, ലൂബ് ഷോപ്പുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും തയ്യാറാക്കുകയും ഇതിനകം 14 യാത്രാ ഫ്യൂവൽ റീട്ടെയിൽ ഔട്ട്ലെറ്റുകളും രണ്ട് ലൂബ് ഷോപ്പുകളും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി 2021 നവംബർ 1 മുതൽ ബജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും ടൂറിസം പദ്ധതികൾ നടപ്പാക്കിവരികയും ചെയ്യുന്നു. കുറഞ്ഞ ചെലവിൽ വിനോദ സഞ്ചാരം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി ബജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തിവരികയാണ്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കിവരുന്നത്. നിലവിൽ വനം വികസന കോർപ്പറേഷൻ, ഡി.ടി.പി.സി., മറ്റ് സർക്കാർ ഏജൻസികൾ എന്നിവയുമായി

സഹകരിച്ച് കേരളത്തിലെ ഭൂരിഭാഗം വിനോദസഞ്ചാര മേഖലകളിലേയ്ക്കും ബി.ടി.സി. ടൂറിസം ട്രിപ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. കേരള സ്റ്റേറ്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷന്റെ കൊച്ചിയിലെ സാഗര റാണി, ആഡംബര ക്രൂയിസായ നെഫെർറ്റിറ്റി എന്നിവയിലേയ്ക്ക് ഏറ്റവും കൂടുതൽ വിനോദ സഞ്ചാരികളെ എത്തിച്ച രണ്ടാമത്തെ സെയിൽസ് ഏജന്റ് എന്ന അവാർഡും കെ.എസ്.ആർ.ടി.സി. ബജറ്റ് ടൂറിസം സെല്ലിന് ലഭിച്ചു.

കേരളത്തിലാദ്യമായി ഓപ്പൺ ഡെക്ക് ഡബിൾ ഡെക്കർ ബസിൽ സൈറ്റ് സീയിംഗും തിരുവനന്തപുരം നഗരത്തിൽ നടത്തിവരുന്നു. വിനോദ സഞ്ചാരികളുടെ ആവശ്യപ്രകാരം വയനാട് കേന്ദ്രീകരിച്ച് സൈറ്റ് സീയിംഗ് യാത്രകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് വൈവിധ്യമാർന്ന പദ്ധതികളാണ് ബജറ്റ് ടൂറിസം സെൽ നടപ്പാക്കിവരുന്നത്. 2021 നവംബർ മുതൽ നാളിതുവരെയുള്ള പ്രവർത്തനത്തിലൂടെ 25 കോടി രൂപ സമാഹരിക്കാൻ സാധിച്ചു.

ബജറ്റ് ടൂറിസം സെല്ലിന്റെ ഭാഗമായി തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേയ്ക്കും, പിൽഗ്രിം ടൂറിസം

കേന്ദ്രങ്ങളിലേയ്ക്കുമുള്ള യാത്രകൾ സംഘടിപ്പിക്കുന്നതിനുള്ള വകുപ്പുതല ചർച്ചകൾ പുരോഗമിച്ചുവരുന്നു. കാലതാമസം കൂടാതെ തന്നെ കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലേയ്ക്കുള്ള യാത്രകൾ ആരംഭിക്കാൻ സാധിക്കും. കൂടാതെ, IRCTC-യുമായി സഹകരിച്ച് ഓൾ ഇന്ത്യ ടൂർ പാക്കേജുകൾ ചെയ്യുന്നതിനായുള്ള കരാറിന്റെ നടപടികൾ അവസാന ഘട്ടത്തിലാണ്. വിനോദ സഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസം നൽകുകയെന്ന ലക്ഷ്യത്തോടെ മൂന്നാർ, സുൽത്താൻ ബത്തേരി ഡിപ്പോകളുടെ മാതൃകയിൽ എ.സി. സ്ലീപ്പർ ബസുകളും എ.സി. ഡോർമിറ്ററികളും വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പതിനായിരത്തിലധികം പേർക്ക് ഒരു ദിവസം കുറഞ്ഞ ചെലവിൽ താമസ സൗകര്യം കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. ഡിപ്പോകളുമായി ബന്ധപ്പെട്ട് വിനോദ സഞ്ചാരികളുടെയും മറ്റ് യാത്രക്കാരുടെയും സൗകര്യാർത്ഥം സ്ഥാപിക്കുകയെന്നതാണ് ലക്ഷ്യം. "കെ.എസ്.ആർ.ടി.സി. ബജറ്റ് സ്റ്റേ" എന്ന പേരിൽ കുറഞ്ഞ ചെലവിൽ താമസ സൗകര്യം ഒരുക്കുന്ന

സ്വകാര്യ സംരംഭകരുടെ ലോഡ്ജ്/ഹോം സ്റ്റേ/ഡോർമിറ്ററികളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന പദ്ധതിക്കും അന്തിമ രൂപം നൽകിവരുന്നു.

"കെ.എസ്.ആർ.ടി.സി. റിഫ്രഷ്" എന്ന പേരിൽ കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. അംഗീകൃത ഹോട്ടൽ/റെസ്റ്റോറന്റ് ശൃംഖലകൾ വിനോദ സഞ്ചാരികൾക്കും യാത്രക്കാർക്കുമായി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാനത്തുടനീളം വിനോദ യാത്രകൾക്കിടയിലും സാധാരണ യാത്രയ്ക്കിടയിലും ഗുണമേൻമയുള്ള ഭക്ഷണം ലഭ്യമാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഭക്ഷണം മുൻകൂട്ടി ബുക്ക് ചെയ്യുന്നതിനുള്ള ഓൺലൈൻ സംവിധാനവും നടപ്പിൽ വരുത്തുന്നതാണ്.

## 2022 നവംബർ, ഡിസംബർ മാസത്തെ കെ.എസ്.ആർ.ടി.സി മരാമത്ത് ചെലവുകൾ

270(1967) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ഡിസംബർ മാസത്തിൽ കെ.എസ്.ആർ.ടി.സി. മരാമത്ത് പണികൾക്ക് എത്ര രൂപ ഏതൊക്കെ പ്രവൃത്തികൾക്കുവേണ്ടി വിനിയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

1. PWD Sewage treatment plant-നു വേണ്ടി Ex.Eng: PWD Building Division പത്തനംതിട്ടയ്ക്ക് 3,58,000/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

2. കോട്ടയം ബസ് ടെർമിനൽ & ടോയ്‌ലറ്റ് നിർമ്മാണത്തിന് ARANCO-ക്ക് MLA Fund-ൽ നിന്നും 25,47,396/- രൂപ അനുവദിച്ചിരുന്നു.

(ബി) 2022 നവംബർ മാസത്തിൽ കെ.എസ്.ആർ.ടി.സി. മരാമത്ത് പണികൾക്കായി എത്ര രൂപ ഏതൊക്കെ പ്രവൃത്തികൾക്കുവേണ്ടി വിനിയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

1. ഹരിപ്പാട് Construction & Passengers waiting area നിർമ്മാണത്തിന് ശ്രീ. പി. ഐ. മുഹമ്മദ് ഷമീറിന് 4,30,618/- രൂപ അനുവദിച്ചിരുന്നു.

2. Civil & Electrical Work of R/W MVKA പ്രവർത്തനത്തിന് Pan pacific Engineer-ന് 36,41,209/- രൂപ അനുവദിച്ചിരുന്നു.

3. ശ്രീ. ആർ. ബിനോയ്-ക്ക് സെൻട്രൽ വർക്ക്സിലെ സിവിൽ & ഇലക്ട്രിക്കൽ വർക്ക്സിന് 32,25,283/- രൂപ അനുവദിച്ചിരുന്നു.

4. ശ്രീ. റ്റി. അബ്ദുൾസമദിന് R/W എടപ്പാളിലെ Modernization work-ന് 45,27,247/- രൂപ അനുവദിച്ചിരുന്നു.

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം**

271(1968) ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഓരോ മാസവും അഞ്ചാം തീയതിക്കുമുൻപ് മുഴുവൻ ശമ്പളവും നൽകാൻ നടപടികൾ സ്വീകരിക്കുമോ?

കോർപ്പറേഷൻ സമാഹരിക്കുന്ന തുകയും സർക്കാർ ധനസഹായവും ഉപയോഗപ്പെടുത്തിയാണ് ശമ്പള വിതരണം നടത്തുന്നത്. എന്നാൽ എല്ലാ മാസവും അനുവദിക്കുന്ന സർക്കാർ ധനസഹായം സ്വാഭാവിക നടപടിക്രമങ്ങൾ പൂർത്തിയാക്കി കോർപ്പറേഷന്റെ അക്കൗണ്ടിൽ

എത്താനുള്ള കാലതാമസവും അധിക പലിശ ഒഴിവാക്കാനായി ടി തുക അക്കൗണ്ടിലെത്തിയശേഷം മാത്രം കോർപ്പറേഷൻ ഓവർഡ്രാഫ്റ്റ് വായ്പ ലഭ്യമാക്കുന്ന രീതിയും നിമിത്തം ജീവനക്കാരുടെ ശമ്പള വിതരണം താമസിക്കുന്ന സ്ഥിതിവിശേഷം ജീവനക്കാർക്കിടയിൽ അതൃപ്തിയുളവാക്കുന്നതിന് ഇടയാക്കുകയുണ്ടായി. കെ.എസ്.ആർ.ടി.സി.-യുടെ അതത് മാസത്തെ സാമ്പത്തിക സ്ഥിതിയനുസരിച്ചും ഗവൺമെന്റിൽനിന്നുള്ള ധനസഹായ ലഭ്യതയനുസരിച്ചും ഗഡുക്കളായും ഒറ്റ ഗഡുവായും ശമ്പളം വിതരണം ചെയ്യാറുണ്ട്. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് യഥാസമയം മുഴുവൻ ശമ്പളവും വിതരണം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) എല്ലാ മാസവും ശമ്പള വിതരണത്തിനായി സർക്കാരിൽനിന്നും പ്രത്യേക സഹായം ലഭ്യമാക്കുമെന്ന് കെ.എസ്.ആർ.ടി.സി.-ക്ക് ഉറപ്പ് ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

എല്ലാ മാസവും ശമ്പള വിതരണത്തിനായി സർക്കാരിൽനിന്നും പ്രത്യേക സഹായം ലഭ്യമാക്കുമെന്ന് കെ.എസ്.ആർ.ടി.സി.-ക്ക് ഉറപ്പൊന്നും

ലഭിച്ചിട്ടില്ല. എന്നാൽ കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണ നടപടികളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി 05-09-2022-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജീവനക്കാരുടെ ശമ്പള വിതരണത്തിനായി പ്രതിമാസം 50 കോടി രൂപ ധനസഹായമായി കോർപ്പറേഷന് അനുവദിക്കുമെന്ന് തീരുമാനിച്ചിരുന്നു.

(സി) സർക്കാരിൽ നിന്നുള്ള സഹായം ലഭിച്ചില്ലെങ്കിൽ ജീവനക്കാർക്ക് പകുതി ശമ്പളം മാത്രം നൽകിയാൽ മതിയെന്ന് മാനേജ്മെന്റ് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇല്ല

(ഡി) ഉണ്ടെങ്കിൽ ഇപ്രകാരം പകുതി ശമ്പളം തടഞ്ഞുവയ്ക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

ബാധകമല്ല.

(ഇ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽനിന്നും വിരമിച്ച ജീവനക്കാരിൽനിന്നും പെൻഷൻ വിതരണ നടപടികൾ പൂർത്തീകരിച്ച ജീവനക്കാരുടെ പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യ വിതരണത്തിനായി ഏകദേശം 107 കോടി രൂപയോളം വേണ്ടിവരും. കോർപ്പറേഷന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഇത്രയും തുക ഒറ്റത്തവണയായി വിതരണം ചെയ്യുന്നതിന് കഴിയാത്തതിനാൽ പെൻഷൻ ആനുകൂല്യങ്ങൾ ഗഡുക്കളായി വിതരണം ചെയ്യാൻ അനുവദിക്കണം എന്നുകാട്ടി കോർപ്പറേഷൻ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയ്ക്കായി ഹർജി സമർപ്പിക്കുകയുണ്ടായി. ടി ഹർജിയിൻമേൽ വിരമിച്ച ജീവനക്കാർക്ക് ഒരു ലക്ഷം രൂപ വീതം ആദ്യ ഘട്ടത്തിൽ അനുവദിക്കാൻ ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹൈക്കോടതിയുടെ ഉത്തരവനുസരിച്ച് 31-12-2022 വരെ കോർപ്പറേഷന്റെ സർവീസിൽനിന്നും വിരമിച്ച ജീവനക്കാർക്ക് ഒരു ലക്ഷം രൂപ വീതം പെൻഷൻ ആനുകൂല്യമിനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ടി ആനുകൂല്യങ്ങൾ പൂർണ്ണമായും വിതരണം ചെയ്യുന്നതാണ്.

**കെ.എസ്.ആർ.ടി.സി.-യിലെ ധനവിനിയോഗം**

272(1969) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ജനുവരിയിൽ എൻ.പി.എസ്. (നാഷണൽ പെൻഷൻ സ്കീം), എൻ.ഡി.ആർ. (നോൺ ഡെലിവറി റിപ്പോർട്ട്), ലൈഫ് ഇൻഷ്വറൻസ് എന്നീ ഇനങ്ങളിൽ എത്രയൊക്കെ തുകയാണ് കെ.എസ്.ആർ.ടി.സി. വിവിധ സ്ഥാപനങ്ങളിൽ ഒടുക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ?

കോർപ്പറേഷന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധി നിമിത്തം 2022 ജനുവരി മാസത്തിൽ ജീവനക്കാരുടെ ശമ്പളത്തിൽനിന്ന് ഈടാക്കിയ എൻ.പി.എസ്. (ദേശീയ പെൻഷൻ പദ്ധതി), എൻ.ഡി.ആർ. (നോൺ ഡിപ്പാർട്ട്മെന്റൽ റിക്കവറി), ലൈഫ് ഇൻഷ്വറൻസ് തുകകളൊന്നുംതന്നെ ബന്ധപ്പെട്ട അക്കൗണ്ടുകളിൽ ഒടുക്കാൻ സാധിച്ചിട്ടില്ല.

(ബി) 2022 ജനുവരി മാസം ജീവനക്കാർക്ക് പി.എഫ്. ഇനത്തിൽ കെ.എസ്.ആർ.ടി.സി. എത്ര തുക അനുവദിച്ചുനൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ?

2022 ജനുവരി മാസം ജീവനക്കാർക്ക് പി.എഫ്. ഇനത്തിൽ 1,88,14,062/- രൂപ അനുവദിച്ചിട്ടുണ്ട്.

(സി) 2022 ഡിസംബർ, 2023 ജനുവരി, ഫെബ്രുവരി എന്നീ മാസങ്ങളിൽ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റ് ചെയ്ത ആകെ കിലോമീറ്ററും കിലോമീറ്റർ പെർ ലിറ്ററും വ്യക്തമാക്കാമോ?

ഓപ്പറേറ്റ് ചെയ്ത കിലോമീറ്റർ:

2022 ഡിസംബർ : 4,14,61,372 കിലോമീറ്റർ

2023 ജനുവരി : 4,28,40,488 കിലോമീറ്റർ

2023 ഫെബ്രുവരി : 3,84,91,864 കിലോമീറ്റർ.

ശരാശരി കെ.എം.പി.എൽ:

2022 ഡിസംബർ : 4.01

2023 ജനുവരി : 4.11

2023 ഫെബ്രുവരി : 4.15

(ഡി) 2022 നവംബർ - ഡിസംബർ, 2023 ജനുവരി - ഫെബ്രുവരി മാസങ്ങളിൽ കെ.എസ്.ആർ.ടി.സി. എത്ര രൂപ വീതം വർക്കിംഗ് ക്യാപിറ്റൽ ലോൺ എടുത്തിട്ടുണ്ട്; വ്യക്തമാക്കാമോ?

2022 നവംബർ, ഡിസംബർ, 2023 ജനുവരി, ഫെബ്രുവരി എന്നീ മാസങ്ങളിൽ കെ.എസ്.ആർ.ടി.സി. ലഭ്യമാക്കിയ വർക്കിംഗ് ക്യാപിറ്റൽ വായ്പയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | (തുക കോടി രൂപയിൽ) |
|---|---|
| 11/2022 | 30.00 |
| 12/2022 | 50.00 |
| 01/2023 | 50.00 |
| 02/2023 | 50.00 |

(ഇ) 2022 നവംബർ മാസത്തിൽ മറ്റ് ചെലവുകൾക്ക് എത്ര രൂപ, ഏതൊക്കെ ഇനത്തിൽ കെ.എസ്.ആർ.ടി.സി. ചെലവാക്കിയെന്ന് വ്യക്തമാക്കാമോ?

2022 നവംബർ മാസത്തിലെ കോർപ്പറേഷന്റെ വരവ്-ചെലവ് റിപ്പോർട്ടിൽ മറ്റ് ചെലവുകൾ എന്ന ഇനത്തിൽ 30.29 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. ടി തുകയുടെ തരംതിരിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | (തുക കോടി രൂപയിൽ) |
|---|---|
| മെഡിക്കൽ അലവൻസ് | 0.32 |
| പെൻഷൻ ആനുകൂല്യങ്ങൾ | 1.62 |
| എം.എ.സി.ടി. | 0.40 |
| ജി.എസ്.ടി. / ടി.ഡി.എസ് | 1.38 |
| പ്രോവിഡന്റ് ഫണ്ട് ട്രസ്റ്റ് | 3.00 |
| ഫാസ്ടാഗ് | 1.16 |
| ഇൻഷ്വറൻസ് | 0.25 |
| എസ്.എൽ.ഐ., ജി.ഐ.എസ് | 2.11 |
| Advt. Charge | 0.25 |
| യൂണിറ്റ് ഫണ്ട് | 2.97 |
| പേമെന്റ് ടു സ്വിഫ്റ്റ് | 4.04 |
| ഓൺലൈൻ സർവീസ് ചാർജ്ജ് | 0.10 |
| ഡ്രൈവർമാരുടെ ബാറ്റ | 0.74 |
| അഡ്വക്കേറ്റ് ഫീ | 0.06 |
| പമ്പ സർവീസ് ചെലവുകൾ | 0.80 |
| ഐ.ഒ.സി. (ഡ്യൂ പേമെന്റ്) | 0.50 |
| യാത്രാ ഫ്യൂവൽസ് | 10.56 |
| മറ്റ് ചെലവുകൾ | 0.03 |
| ആകെ | 30.29 |

(എഫ്) 2022 ഡിസംബർ മാസത്തിൽ മറ്റ് ചെലവുകൾ എന്ന ഇനത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ ഔദ്യോഗിക ഫേസ്ബുക്ക് പേജിൽ പറഞ്ഞിരിക്കുന്ന 60.06 കോടി രൂപ ഏതൊക്കെ ഇനത്തിലേയ്ക്കാണ് ചെലവഴിച്ചതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

2022 ഡിസംബർ മാസത്തിലെ കെ.എസ്.ആർ.ടി.സി.-യുടെ ഔദ്യോഗിക ഫേസ്ബുക്ക് പേജിൽ മറ്റ് ചെലവുകൾ എന്ന ഇനത്തിൽ 60.60 കോടി രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഇവയുടെ തരംതിരിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | (തുക കോടി രൂപയിൽ) |
|---|---|
| മെഡിക്കൽ അലവൻസ് | 0.33 |
| പെൻഷൻ ആനുകൂല്യങ്ങൾ | 3.36 |
| എം.എ.സി.ടി. | 2.10 |
| ഇലക്ട്രിസിറ്റി, വാട്ടർ, ടെലഫോൺ ചാർജ്ജുകൾ | 0.07 |
| ജി.എസ്.ടി./ടി.ഡി.എസ് | 1.57 |
| പ്രോവിഡന്റ് ഫണ്ട് ട്രസ്റ്റ് | 3.10 |
| ഫാസ്ടാഗ് | 1.24 |
| ഇൻഷ്വറൻസ് | 4.13 |
| എസ്.എൽ.ഐ., ജി.ഐ.എസ് | 14.47 |
| Advt. Charge | 0.08 |

| | |
|---|---|
| യൂണിറ്റ് ഫണ്ട് | 2.92 |
| പേമെന്റ് ടു സ്വിഫ്റ്റ് | 5.00 |
| ഓൺലൈൻ സർവീസ് ചാർജ്ജ് | 0.60 |
| ഡ്രൈവർമാരുടെ ബാറ്റ | 3.91 |
| അഡ്വക്കേറ്റ് ഫീ | 0.18 |
| പമ്പ സർവീസ് ചെലവുകൾ | 1.16 |
| ഐ.ഒ.സി. (ഡ്യൂ പേമെന്റ്) | 1.00 |
| ജി.പി.എ.ഐ. | 1.72 |
| യാത്രാ ഫ്യൂവൽസ് | 13.63 |
| മറ്റ് ചെലവുകൾ | 0.03 |
| ആകെ | 60.60 |

(ജി) 2023 ജനുവരി മാസത്തിൽ മറ്റ് ചെലവുകൾ എന്ന ഇനത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ ഔദ്യോഗിക ഫേസ്ബുക്ക് പേജിൽ പറഞ്ഞിരിക്കുന്ന 58.04 കോടി രൂപ ഏതൊക്കെ ഇനത്തിലേയ്ക്കാണ് ചെലവഴിച്ചതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

2023 ജനുവരി മാസത്തിലെ കെ.എസ്.ആർ.ടി.സി.-യുടെ ഔദ്യോഗിക ഫേസ്ബുക്ക് പേജിൽ മറ്റ് ചെലവുകൾ എന്ന ഇനത്തിൽ പറഞ്ഞിരിക്കുന്ന 58.04 കോടി രൂപയുടെ തരംതിരിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | (തുക കോടി രൂപയിൽ) |
|---|---|
| മെഡിക്കൽ അലവൻസ് | 0.48 |
| പെൻഷൻ ആനുകൂല്യങ്ങൾ | 1.34 |
| എം.എ.സി.ടി. | 2.03 |
| ഇലക്ട്രിസിറ്റി, വാട്ടർ, ടെലഫോൺ ചാർജ്ജുകൾ | 0.08 |
| ജി.എസ്.ടി. / ടി.ഡി.എസ് | 2.03 |
| പ്രോവിഡന്റ് ഫണ്ട് ട്രസ്റ്റ് | 3.10 |
| ഫാസ്ടാഗ് | 1.30 |
| ഇൻഷ്വറൻസ് | 0.07 |
| എസ്.എൽ.ഐ., ജി.ഐ.എസ് | 8.44 |
| Advt. Charge | 0.11 |
| യൂണിറ്റ് ഫണ്ട് | 3.17 |
| പേമെന്റ് ടു സ്വിഫ്റ്റ് | 8.00 |
| ഓൺലൈൻ സർവീസ് ചാർജ്ജ് | 0.15 |
| അഡ്വക്കേറ്റ് ഫീ | 0.27 |
| പമ്പ സർവീസ് ചെലവുകൾ | 0.60 |
| ഐ.ഒ.സി. (ഡ്യൂ പേമെന്റ്) | 0.30 |
| എൽ.ഐ.സി. | 7.15 |
| കെ.എൽ.ഡബ്ല്യൂ.എഫ് | 0.22 |
| എൻ.ഡി.ആർ (കെ.എസ്.ടി.റ്റി.133) | 1.36 |

| | |
|---|---|
| ബദലി ജീവനക്കാരുടെ ശമ്പളം | 2.76 |
| യാത്രാ ഫ്യൂവൽസ് | 15.05 |
| മറ്റ് ചെലവുകൾ | 0.03 |
| ആകെ | 58.04 |

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ഇൻഷ്വറൻസ് പ്രീമിയം തുക**

273(1970) <u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ കണ്ടക്ടർ/ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് അധികരിച്ച സുരക്ഷ നൽകുന്നതിന്റെ ഭാഗമായി എസ്.ബി.ഐ.-യുടെ പ്രൈവറ്റ് സബ്സിഡിയറി കമ്പനിയുമായി എന്തെങ്കിലും ഇടപാട് കെ.എസ്.ആർ.ടി.സി. ഈ വർഷം നടത്തിയിരുന്നോ?

കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിന്റെ ഭാഗമായി SBI ജനറൽ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗത്വം എടുത്തിട്ടുണ്ട്.

(ബി) എങ്കിൽ അത് പ്രകാരം ആരംഭിച്ച ഇൻഷ്വറൻസിന്റെ പ്രീമിയം തുകയായി 500 രൂപ തൊഴിലാളികളുടെ അനുമതി വാങ്ങാതെ സാലറി

അക്കൗണ്ടുകളിൽനിന്നും പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടി നീതിക്ക് നിരക്കുന്നതായി കരുതുന്നുണ്ടോ?

SBI ജനറൽ ഇൻഷ്വറൻസ് പദ്ധതിയിൽ മുൻവർഷങ്ങളിൽ ഒഴിവായ ജീവനക്കാർക്ക് പ്രസ്തുത സ്കീമിൽ ചേരാൻ അവസരം നൽകിയും, കൂടാതെ ടി സ്കീമിൽ തുടരാൻ താൽപര്യമില്ലെങ്കിൽ ടി ജീവനക്കാരുടെയും അപേക്ഷ പ്രകാരവുമുള്ള ലിസ്റ്റ് തയ്യാറാക്കി SBI-യ്ക്ക് അയച്ച ശേഷമാണ് ഇൻഷ്വറൻസ് തുകയായ 500/- രൂപ ഈടാക്കിയത്.

(സി) തങ്ങളുടെ അനുമതിയില്ലാതെ സാലറി അക്കൗണ്ടുകളിൽനിന്നും പിൻവലിച്ച ഇൻഷ്വറൻസ് പ്രീമിയം തുക തിരികെ ആവശ്യപ്പെടുന്നവർക്ക് മടക്കി നൽകാൻ നിർദ്ദേശം നൽകുമോ; എങ്കിൽ അതിനുള്ള നടപടിക്രമം വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ?

SBI ജനറൽ ഇൻഷ്വറൻസ് പദ്ധതിയിൽ തുടരാൻ താൽപര്യമില്ലാത്ത ജീവനക്കാരുടെ വിവരം കെ.എസ്.ആർ.ടി.സി.-യുടെ അതത് യൂണിറ്റ്/ജില്ലാ ഓഫീസിൽനിന്നും ശേഖരിച്ച് ലിസ്റ്റ് തയ്യാറാക്കിയശേഷം മാത്രമാണ് പ്രീമിയം തുക 500/- ഈടാക്കുന്നതിന് SBI-യ്ക്ക് നിർദ്ദേശം നൽകിയത്. ടി

ലിസ്റ്റിൽ ഉൾപ്പെട്ട അംഗത്വമെടുക്കാത്ത ജീവനക്കാരിൽനിന്നും പ്രീമിയം തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ടി വിവരം SBI-യിൽ അറിയിച്ച് തുക ഈടാക്കിയത് ഒഴിവാക്കി തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ പുനരുദ്ധാരണ പ്രവൃത്തികൾ**

274(1971) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോചനീയാവസ്ഥ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും നാളിതുവരെ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

അങ്കമാലി നിയോജകമണ്ഡലത്തിലെ അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 16-02-2023 തീയതിയായി 4,34,32,197/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ദർഘാസ് 10-03-2023 തീയതിയായി പ്രസിദ്ധീകരിച്ച് ടെണ്ടർ നടപടി പൂർത്തീകരിച്ച് L1 അനുമതി നൽകിയിട്ടുണ്ട്.

(ബി) നിലവിലെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് കെ.എസ്.ആർ.ടി.സി. എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയത്; എന്നാണ് നൽകിയത്; പ്രവൃത്തി ടെണ്ടർ നടപടി പൂർത്തിയായിട്ടുണ്ടോ; കരാർ എടുത്തത് ആരാണ്; പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം എന്നിവ വ്യക്തമാക്കാമോ?

16-02-2023-ൽ 4,34,32,197/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിരുന്നു. M/s. ശാന്തി കൺസ്ട്രക്ഷൻസ് 10-07-2023-ന് ലെറ്റർ ഓഫ് അവാർഡ് (LOA) നൽകിയതിനുശേഷം 21 ദിവസത്തിനകം Performance ഗ്യാരന്റി നൽകി കരാറിൽ ഏർപ്പെട്ട് പ്രവൃത്തി തുടങ്ങേണ്ടതായിരുന്നു. എന്നാൽ കോൺട്രാക്ടർ പ്രവൃത്തി തുടങ്ങുന്നതിന് വിസമ്മതിച്ചതിനാൽ കോൺട്രാക്ടർക്ക് 03-08-2023-ന് ടെർമിനേഷൻ നോട്ടീസ് നൽകിയിരിക്കുകയാണ്.

(സി) പ്രസ്തുത ഡിപ്പോയുടെ പുനരുദ്ധാരണ പ്രവൃത്തികൾ എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

വീണ്ടും ദർഘാസ് ക്ഷണിച്ച് നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**സ്വിഫ്റ്റ് സൂപ്പർ ഫാസ്റ്റ് ബസ്സുകൾ**

275(1972) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ്-ൽ ആകെ എത്ര ബസുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ 359 ബസുകളാണ് അനുവദിച്ചിട്ടുള്ളത്.

(ബി) സ്വിഫ്റ്റ് ബസുകളിൽ എത്രയെണ്ണമാണ് സൂപ്പർ ഫാസ്റ്റ് ബസ്സുകളായി അനുവദിച്ചതെന്നും അവ വിവിധ സ്റ്റേഷനുകളിലേയ്ക്ക്

അനുവദിച്ചുനൽകുന്നതിനായി സ്വീകരിച്ച മാനദണ്ഡം എന്താണെന്നും വിശദമാക്കുമോ?

131 കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് ബസുകൾ സൂപ്പർ ഫാസ്റ്റ് ബസുകളായി കെ.എസ്.ആർ.ടി.സി.-യുടെ വിവിധ സ്റ്റേഷനുകളിലേയ്ക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള സൂപ്പർ ഫാസ്റ്റ് ബസുകളിൽ പ്രാഥമികമായി ഏറ്റവും കൂടുതൽ ദൂരം സഞ്ചരിക്കുന്ന ബസുകൾക്ക് പകരമായാണ് ടി ബസുകൾ അനുവദിച്ചിട്ടുള്ളത്.

(സി) പ്രസ്തുത മാനദണ്ഡങ്ങൾക്കനുസൃതമായി സ്വിഫ്റ്റ് സൂപ്പർ ഫാസ്റ്റ് ബസുകൾ ഏതൊക്കെ ഡിപ്പോകളിലേയ്ക്കാണ് അനുവദിച്ചുനൽകിയതെന്നും ഓരോ ഡിപ്പോയ്ക്കും എത്ര ബസുകൾ വീതമാണ് നൽകിയതെന്നും വ്യക്തമാക്കുമോ?

ഓരോ ഡിപ്പോയ്ക്കും അനുവദിച്ചുനൽകിയ ബസുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. അടൂർ - 2

2. ആലപ്പുഴ - 2

3. ആലുവ   - 2

4. അങ്കമാലി - 1

5. ചെങ്ങന്നൂർ - 2

6. ചങ്ങനാശ്ശേരി - 2

7. ചേർത്തല - 3

8. ചിറ്റൂർ - 3

9. എറണാകുളം - 3

10. ഗുരുവായൂർ - 5

11. ഹരിപ്പാട്  - 1

12. ഇരിങ്ങാലക്കുട - 2

13. കൽപ്പറ്റ - 2

14. കൊടുങ്ങല്ലൂർ - 1

15. കാസർഗോഡ് - 2

16. കോഴിക്കോട് - 2

17. കൊല്ലം  - 1

18. കോതമംഗലം - 1

19. കുമിളി - 2

20. കണ്ണൂർ - 2

21. കാട്ടാക്കട - 1

22. കോട്ടയം - 2

23. കൊട്ടാരക്കര - 5

24. കായംകുളം - 1

25. മാള - 2

26. മലപ്പുറം - 5

27. മല്ലപ്പള്ളി - 1

28. മൂന്നാർ - 4

29. മാവേലിക്കര - 1

30. നെടുമങ്ങാട് - 3

31. നോർത്ത് പരവൂർ - 1

32. നെയ്യാറ്റിൻകര - 5

33. പെരുമ്പാവൂർ - 1

34. പാലക്കാട് - 5

35. പുനലൂർ - 2

36. പെരിന്തൽമണ്ണ - 3

37. പൊന്നാനി - 4

38. പൊൻകുന്നം - 2

39. പാറശ്ശാല - 5

40. പത്തനംതിട്ട - 2

41. പൂവാർ - 1

42. സുൽത്താൻ ബത്തേരി - 3

43. തിരുവമ്പാടി - 1

44. തൊടുപുഴ - 1

45. തലശ്ശേരി - 2

46. തൊട്ടിൽപ്പാലം - 1

47. തൃശ്ശൂർ - 6

48. തിരുവല്ല - 1

49. തിരുവനന്തപുരം സെൻട്രൽ - 17

50. വെള്ളനാട് - 1

51. വിഴിഞ്ഞം - 1

**കെ.എസ്.ആർ.ടി.സി.-യുടെ മാവേലിക്കര ഡിപ്പോയിൽ പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടി**

276(1973) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.-യുടെ മാവേലിക്കര ഡിപ്പോയിൽ പുതിയ കെട്ടിടം നിർമ്മിക്കാൻ എം.എൽ.എ.-യുടെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി 2015-16 നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പുതിയ കെട്ടിടം എന്ന പ്രവൃത്തിക്കായി 100 ലക്ഷം രൂപയുടെ ഭരണാനുമതി 16-02-2016-ലെ G.O.(RT)No. 74/2016/Trans ഉത്തരവുപ്രകാരം പുറപ്പെടുവിച്ചെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ മുനിസിപ്പാലിറ്റിയുടെ സ്റ്റോപ്പ് മെമ്മോ പ്രകാരം പ്രവൃത്തി നിർത്തിവയ്ക്കുകയുണ്ടായി. തുടർന്ന് 12-10-2022-ൽ എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിൽ പ്രസ്തുത പ്രവൃത്തിക്ക് ചെലവായ തുക കഴിച്ച് ബാക്കി തുക ഉപയോഗിച്ച് ബസ് കാത്തിരിപ്പ് കേന്ദ്രത്തിനോടൊപ്പം കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്കായുള്ള നടപടി

സ്വീകരിക്കണമെന്നുമുള്ള നിർദ്ദേശാനുസരണം ടി പ്രവൃത്തിക്കായി 92,59,322/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾക്കായി തുടർനടപടി സ്വീകരിച്ചിരുന്നു. എന്നാൽ 09-09-2021-ലെ സ.ഉ.(അച്ചടി) നം. 124/2021/ധന നമ്പർ ഉത്തരവുപ്രകാരം ടി പ്രവൃത്തിയുടെ ഭരണാനുമതി മൂന്ന് വർഷമാണെന്നിരിക്കെ കാലാവധി അധികരിച്ചിട്ടുള്ളതിനാൽ പുതുക്കിയ ഭരണാനുമതിക്കായി മാവേലിക്കര എം.എൽ.എ.-യുടെ ശിപാർശ കത്തും ടി പ്രവർത്തിക്ക് മുനിസിപ്പാലിറ്റിയുടെ സ്റ്റോപ്പ് മെമ്മോ പിൻവലിച്ച് പ്രവൃത്തി തുടരുന്നതിനുള്ള നിരാക്ഷേപപത്രവും (NOC) ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച് കെ.എസ്.ആർ.ടി.സി. 07-09-2023-ന് കത്ത് ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി. റദ്ദാക്കിയ സർവീസുകൾ

277(1974) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 ജൂൺ മുതൽ നാളിതുവരെയുള്ള കാലയളവിൽ കെ.എസ്.ആർ.ടി.സി. എത്ര സർവീസുകൾ റദ്ദാക്കിയിട്ടുണ്ട്; ഏതൊക്കെ റൂട്ടുകളിലേയ്ക്കുള്ള സർവീസുകളാണ് റദ്ദാക്കിയത്; സർവീസ് റദ്ദാക്കാനുള്ള കാരണം ഉൾപ്പെടെയുള്ള വിശദാംശം ജില്ലതിരിച്ച് ലഭ്യമാക്കാമോ?

റദ്ദാക്കിയ സർവീസുകൾ സംബന്ധിച്ച് യൂണിറ്റ്/ജില്ലാതലത്തിൽ പരിശോധിച്ച് വിവരങ്ങൾ ക്രോഡീകരിച്ച് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

**കോന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നുള്ള സർവീസുകൾ**

278(1975) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും നിലവിൽ സർവീസ് നടത്തുന്ന ദീർഘദൂര ബസുകൾ ഉൾപ്പെടെയുള്ള സർവീസുകളുടെ വിശദവിവരം ലഭ്യമാക്കാമോ?

കോന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും നിലവിൽ ഒരു ഫാസ്റ്റ് പാസഞ്ചറും എട്ട് ഓർഡിനറി സർവീസുകളും ഉൾപ്പെടെ ഒമ്പത് സർവീസുകൾ നടത്തിവരുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

ഫാസ്റ്റ് പാസഞ്ചർ

1. 04.30 അമൃത ഹോസ്പിറ്റൽ.

ഓർഡിനറി

1. 06.20 കൊട്ടാംപാറ

2. 06.50 മാങ്കോട്/പത്തനാപുരം

3. 07.00 പത്തനംതിട്ട/മെഡിക്കൽ കോളേജ്

4. 07.15 കൊല്ലം

5. 07.30 കുളത്തുമൺ

6. 07.30 മെഡിക്കൽ കോളേജ്

7. 08.00 തിരുവല്ല

8. 08.10 മാങ്കോട്/പുനലൂർ

(ബി) 2018 മുതൽ 2023 വരെയുള്ള വർഷങ്ങളിൽ കോന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും സർവീസ് നടത്തിയിരുന്ന ദീർഘദൂര ബസുകൾ ഉൾപ്പെടെയുള്ള സർവീസുകളുടെ എണ്ണം വർഷം തിരിച്ച് വിശദമാക്കാമോ?

2018 മുതൽ 2019 വരെ 17 സർവീസും 2019 മുതൽ 2023 വരെ 9 സർവീസും കോന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും നടത്തിയിരുന്നു.

കോന്നി ഓപ്പറേറ്റിംഗ് സെന്ററിൽ നിന്നും 2019-ൽ 17 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു. നിലവിൽ പഴയ 6 ഷെഡ്യൂളുകളും പുന:ക്രമീകരിച്ച് ആരംഭിച്ച 3 ഷെഡ്യൂളുകളും ഉൾപ്പെടെ 9 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. നിന്നുപോയ 8 സർവീസുകളുടെ ലാഭകരമായതും ജനങ്ങൾക്ക് ഉപകാരപ്രദമായ ട്രിപ്പുകൾ പുന:ക്രമീകരിച്ച് ടി സർവീസുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**നെയ്യാറ്റിൻകര-പയ്യാമ്പലം ബസ് സർവീസ് പുനരാരംഭിക്കാൻ നടപടി**

279(1976) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും കണ്ണൂർ പയ്യാമ്പലത്തേയ്ക്ക് സർവീസ് നടത്തിയിരുന്ന നെയ്യാറ്റിൻകര-പയ്യാമ്പലം ബസ് സർവീസ് നിർത്തിയതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ;

(ബി) നെയ്യാറ്റിൻകര-പയ്യാമ്പലം ബസ് സർവീസ് പുനരാരംഭിക്കാൻ ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) 2023-ലെ ഓണക്കാലത്ത് ഈ ബസ് സർവീസ് പുനരാരംഭിക്കാൻ കഴിയുമോയെന്ന് വിശദമാക്കാമോ?

(എ-സി) നെയ്യാറ്റിൻകര ഡിപ്പോയിൽനിന്നും കണ്ണൂർ പയ്യാമ്പലത്തേയ്ക്ക് ഒരു സർവ്വീസ് 1997-2000 കാലഘട്ടത്തിൽ നടത്തിയിരുന്നുവെങ്കിലും പിന്നീട് കോഴിക്കോട് മുതൽ കണ്ണൂർ വരെ കെ.എസ്.ആർ.ടി.സി.-യുടെ മറ്റ് ചെയിൻ സർവീസുകൾ നടത്തിവന്നതിന്റെ

ഭാഗമായും ഇത്തരം പുന:ക്രമീകരണ പ്രവർത്തനങ്ങളുടെ ഭാഗമായും വർഷങ്ങൾക്കുമുമ്പ് ടി സർവീസ് നിന്നുപോയതാണ്. നിലവിൽ ധാരാളം സർവീസുകൾ നാഷണൽ ഹൈവേയിലൂടെയും എം.സി റോഡിലൂടെയും ഓപ്പറേറ്റ് ചെയ്യുന്നതിനാൽ കാലഹരണപ്പെട്ട ടി സർവീസ് പുന:രാരംഭിക്കുന്നത് പ്രായോഗികമല്ല.

**ചിറ്റൂർ കെ.എസ്.ആർ.ടി.സി. യാർഡ് നിർമ്മാണം**

280(1977) <u>ശ്രീ മാത്യു ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22-ലെ ബജറ്റിൽ ഇരുപത് ശതമാനം ഫണ്ട് അനുവദിച്ചിട്ടുള്ള ചിറ്റൂർ കെ.എസ്.ആർ.ടി.സി. യാർഡിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തര പ്രാധാന്യത്തോടെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കേരള ബജറ്റ് 2021-22 വാല്യം II, അനുബന്ധം II-ൽ ചിറ്റൂർ കെ.എസ്.ആർ.ടി.സി. കെട്ടിടവും യാർഡ് നിർമ്മാണവും എന്ന പ്രവൃത്തി ഉൾപ്പെട്ടിട്ടുള്ളതാണ്. (പേജ് നമ്പർ 78, ക്രമനമ്പർ 1310, അടങ്കൽ തുക 200 ലക്ഷം, 20% വകയിരുത്തിയിരിക്കുന്ന തുക 40 ലക്ഷം) KSRTC-യുടെ Functional Requirements ഉൾപ്പെടുത്തി അംഗീകൃത PMC ആയ Kerala Rail Development Corporation Limited മുഖേന പ്രസ്തുത പദ്ധതിക്കായി പ്ലാൻ തയ്യാറാക്കി തുടർനടപടി സ്വീകരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന് നൽകിയിരുന്നു. പൊതുമരാമത്ത് വകുപ്പ് ചില മാറ്റങ്ങൾ വരുത്തി പ്ലാൻ തയ്യാറാക്കി ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**അരുവിപ്പുറം - ശിവഗിരി ബസ് സർവീസ്**

281(1978) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും സർവീസ് നടത്തിയിരുന്ന അരുവിപ്പുറം-ശിവഗിരി ബസ് സർവീസ്

നിർത്തലാക്കിയതിന്റെ കാരണം വിശദമാക്കാമോ; ആരുടെ നിർദ്ദേശാനുസരണമാണ് ഈ സർവീസ് നിർത്തലാക്കിയതെന്ന് വ്യക്തമാക്കാമോ?

അരുവിപ്പുറം-ശിവഗിരി ബസ് സർവീസിന് യാത്രക്കാർ ലഭ്യമല്ലാതെവരികയും വരുമാനം തീരെ കുറവായതിനാലും 2017-നുമുൻപുതന്നെ സർവീസ് നിന്നുപോയിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്നതിനാൽ വരുമാനം തീരെ കുറവുള്ള സർവീസുകളും ട്രിപ്പുകളും പൊതുജനങ്ങൾക്കും കെ.എസ്.ആർ.ടി.സി.-ക്കും ഗുണകരമാകുന്ന രീതിയിൽ പുനഃക്രമീകരിക്കുന്നതിനും പ്രവർത്തന ചെലവുപോലും ലഭിക്കാത്ത സർവീസുകൾ നിർത്തലാക്കി വരുമാന ലഭ്യത ലഭിക്കുന്ന ട്രിപ്പുകളായി ക്രമീകരിക്കുന്നതിനും സി.എം.ഡി. തല യോഗത്തിൽ തീരുമാനിച്ചിട്ടുള്ളതാണ്. ടി തീരുമാനപ്രകാരം വരുമാനക്കുറവുള്ള സർവീസുകൾ/ട്രിപ്പുകൾ പുനഃക്രമീകരിച്ചതിനെ തുടർന്നാണ് പ്രസ്തുത സർവീസ് യൂണിറ്റ് തലത്തിൽ നിർത്തലാക്കിയിട്ടുള്ളത്.

(ബി) അരുവിപ്പുറം - ശിവഗിരി ബസ് സർവീസ് 2023 സെപ്റ്റംബർ മാസം മുതൽ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

സാധ്യതാപഠനം നടത്തി സാധ്യത പരിശോധിച്ച് സർവീസ് പുനരാരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**പാലക്കുഴി-എരുമേലി കെ.എസ്.ആർ.ടി.സി. ഫാസ്റ്റ് പാസഞ്ചർ സർവീസ്**

282(1979) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ പാലക്കുഴിയിൽനിന്നും എരുമേലിയിലേയ്ക്ക് കെ.എസ്.ആർ.ടി.സി. ഫാസ്റ്റ് പാസഞ്ചർ സർവീസ് തുടങ്ങണമെന്നാവശ്യപ്പെട്ട് 18-06-2023-ന് നൽകിയ അപേക്ഷയിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ആലത്തൂർ മണ്ഡലത്തിലെ പാലക്കുഴിയിൽനിന്നും എരുമേലിയിലേയ്ക്ക് കെ.എസ്.ആർ.ടി.സി. ഫാസ്റ്റ് പാസഞ്ചർ സർവീസ് തുടങ്ങണമെന്നാവശ്യപ്പെട്ട് ലഭ്യമായ അപേക്ഷയിൻമേൽ സാധ്യതാപഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) വിനോദ സഞ്ചാര കേന്ദ്രമായ പാലക്കുഴിയിലേയ്ക്ക് പ്രസ്തുത ബസ് സർവീസ് വേണമെന്ന പൊതുജനങ്ങളുടെ ആവശ്യം പരിഗണിച്ച് പാലക്കുഴി-എരുമേലി ഫാസ്റ്റ് പാസഞ്ചർ സർവീസ് ഉടൻ ആരംഭിക്കുമോ; വിശദമാക്കാമോ?

സാധ്യതാപഠന റിപ്പോർട്ട് പ്രകാരം കോർപ്പറേഷന് ഗുണകരവും ജനോപകാരപ്രദവുമാകുമെങ്കിൽ പാലക്കുഴി - എരുമേലി ഫാസ്റ്റ് പാസഞ്ചർ സർവീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**മട്ടന്നൂർ കാര-പെരിഞ്ചേരി-വേങ്ങലോട് കെ.എസ്.ആർ.ടി.സി. ബസ് റൂട്ട്**

283(1980) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ കാര-പെരിഞ്ചേരി-വേങ്ങലോട് പ്രദേശങ്ങളിൽ കെ.എസ്.ആർ.ടി.സി. ബസ് റൂട്ട് അനുവദിക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ പ്രസ്തുത അപേക്ഷ പരിഗണിച്ച് ബസ് റൂട്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത റൂട്ടിൽ സർവീസ് നടത്തുന്നതിന്റെ സാധ്യത പരിശോധിച്ചതിൽ പ്രവർത്തന ചെലവിനുപോലും വരുമാനം ലഭ്യമാകാത്ത സാഹചര്യമാണ് നിലവിലുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ലഭിച്ചാൽ ടി റൂട്ടിൽ ഗ്രാമവണ്ടി പദ്ധതി പ്രകാരം സർവീസ് ആരംഭിക്കാവുന്നതാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിന് മട്ടന്നൂർ മണ്ഡലത്തിലൂടെ പുതിയ കെ.എസ്.ആർ.ടി.സി. റൂട്ടുകൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ആറളം ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് ഗ്രാമവണ്ടി പദ്ധതി പ്രകാരം സർവീസ് ആരംഭിച്ചിട്ടുണ്ട്.

**മലയോര കുടിയേറ്റ മേഖലകളിലേയ്ക്കുള്ള കെ.എസ്.ആർ.ടി.സി. സർവീസ്**

284(1981) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും കണ്ണൂർ-കാസർഗോഡ് ജില്ലകളിലെ മലയോര കുടിയേറ്റ മേഖലകളിലേയ്ക്കുള്ള 'കായംകുളം-വെള്ളരിക്കുണ്ട്-കൊന്നക്കാട് സർവീസ്' കെ.എസ്.ആർ.ടി.സി.-യുടെ ടേക്ക് ഓവർ ഗണത്തിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

16-07-2013-ലെ ജി.ഒ.(പി).72/2013/Trans. നമ്പർ ഉത്തരവുപ്രകാരമാണ് ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള ഉയർന്ന ശ്രേണിയിലുള്ള എല്ലാത്തരം ബസുകളുടെയും സർവീസ് നടത്തിപ്പ് പൂർണ്ണമായും കെ.എസ്.ആർ.ടി.സി.-യിൽ നിക്ഷിപ്തമായത്. ഇതിനെ തുടർന്ന് ഇത്തരത്തിൽ സർവീസ് നടത്തിയിരുന്ന സ്വകാര്യ ബസുകൾ ലിമിറ്റഡ് സ്റ്റോപ്പ് സർവീസുകളായി ഓപ്പറേറ്റ് ചെയ്തുവരികയും 03-05-2023-ലെ ജി.ഒ.(പി)നം.13/2023/TRANS, നോട്ടിഫിക്കേഷൻ പ്രകാരം ഇവ 140

കിലോമീറ്ററിൽ അധികരിക്കാത്ത ഓർഡിനറി സർവീസുകളായി ഓപ്പറേറ്റ് ചെയ്യുന്നതിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം ഇത്തരത്തിൽ പുന:ക്രമീകരിക്കുമ്പോഴുണ്ടാകുന്ന പൊതുജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി ദീർഘദൂര സ്വകാര്യ ബസ് സർവീസുകൾക്ക് പകരം ആവശ്യമായ സർവീസുകൾ നടത്തിവരുന്നുണ്ട്. എന്നാൽ കായംകുളം-വെള്ളരിക്കുണ്ട്-കൊന്നക്കാട് റൂട്ടിൽ ഇത്തരത്തിൽ സ്വകാര്യ ബസുകളൊന്നുംതന്നെ സമീപ കാലങ്ങളിൽ സർവീസ് നടത്തിയിരുന്നില്ല. ആയതിനാൽ ടി റൂട്ടിൽ ടേക്ക് ഓവർ ഗണത്തിലുൾപ്പെടുത്തി സർവീസ് ആരംഭിക്കാൻ നിർവ്വാഹമില്ല.

**പുതിയ ബസ് സർവീസുകൾ**

285(1982) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിക്കുശേഷം സംസ്ഥാനത്ത് എത്ര പുതിയ ബസ് സർവീസുകൾ ആരംഭിച്ചു?

കോവിഡ് മഹാമാരിക്കുശേഷം സംസ്ഥാനത്ത് ആരംഭിച്ച പുതിയ ബസ് സർവീസുകൾ

| | |
|---|---|
| വടക്കൻ മേഖല | 71 |
| മദ്ധ്യ മേഖല | 108 |
| ദക്ഷിണ മേഖല | 145 |
| ആകെ | 324 |

(ബി) ആയതിൽ അരുവിക്കര മണ്ഡലത്തിൽ എത്ര സർവീസുകളാണ് പുതിയതായി അനുവദിച്ചത്; ഏതെല്ലാം; വിശദമാക്കാമോ?

അരുവിക്കര മണ്ഡലത്തിൽ 13 സർവീസുകളാണ് പുതിയതായി ആരംഭിച്ചത്. ഇവയിൽ 5 എണ്ണം നിലവിൽ പരീക്ഷണാടിസ്ഥാനത്തിലാണ് സർവീസ് നടത്തുന്നത്.

സ്ഥിരം സർവീസുകൾ

1. 04.00 തിരുവനന്തപുരം-മാനന്തവാടി (നെടുമങ്ങാട് വഴി)

2. 07.30 വെള്ളനാട്-അരുവിക്കര-വട്ടിയൂർക്കാവ്-കിഴക്കേകോട്ട

3. 07.00 വെള്ളനാട്-ചെറിയകൊണ്ണി-വട്ടിയൂർക്കാവ്-മെഡിക്കൽ കോളേജ്

4. 07.40 വെള്ളനാട്-ജി.വി.രാജ-മണ്ണയം-പുളിയറക്കോണം-കിഴക്കേകോട്ട

5. 06.45 വെള്ളനാട്-കലമാനൂർ-ജി.വി.രാജ-വട്ടിയൂർക്കാവ്-കിഴക്കേകോട്ട

6. 06.20 വെള്ളനാട്-മുണ്ടേല-എസ്.എൻ.എച്ച്.എസ് – അഴീക്കോട്-പേരൂർക്കട-കിഴക്കേകോട്ട

7. 06.35 കല്ലാർ-വിതുര-ആര്യനാട്-കാട്ടാക്കട-തിരുവനന്തപുരം

8. 06.05 വിതുര-ജേഴ്സി ഫാം-വിതുര-തിരുവനന്തപുരം-കിഴക്കേകോട്ട

പരീക്ഷണാടിസ്ഥാനത്തിൽ നടത്തുന്ന സർവീസുകൾ

1. 06.30 തിരുവനന്തപുരം – കട്ടപ്പന (നെടുമങ്ങാട് വഴി)

2. 06.00 പാറശ്ശാല – കളിയിക്കാവിള – ഈരാറ്റുപേട്ട

3. 05.00 പാറശ്ശാല – കളിയിക്കാവിള – ഈരാറ്റുപേട്ട

4. 06.40 പാറശ്ശാല – കളിയിക്കാവിള – ഈരാറ്റുപേട്ട – തൃശ്ശൂർ

5. 07.15 വിതുര - നെടുമങ്ങാട് – വെഞ്ഞാറമൂട് – ആറ്റിങ്ങൽ - കൊല്ലം –കരുനാഗപ്പള്ളി

**കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ സമഗ്ര വികസനം**

286(1983) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോ പി.പി.പി. മോഡലിൽ വികസിപ്പിക്കുന്നതിനായുള്ള സാധ്യതാ പഠന നടപടികളുടെ പുരോഗതി എപ്രകാരമാണ്; വിശദമാക്കുമോ;

(ബി) കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ സമഗ്ര വികസനത്തിനായി കിഫ്ബി ധനസഹായത്തോടെ പ്രഖ്യാപിക്കപ്പെട്ട പദ്ധതി അനിശ്ചിതമായി നീളുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഡിപ്പോ കെട്ടിടത്തിന്റെ അപകടാവസ്ഥ കണക്കിലെടുത്ത് പ്രസ്തുത പദ്ധതി ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോ നിൽക്കുന്ന സ്ഥലം വാണിജ്യ പ്രാധാന്യമുള്ളതാകയാൽ ബസ് സ്റ്റേഷൻ വികസനത്തോടൊപ്പം വാണിജ്യപരമായ സാധ്യതകളും പ്രയോജനപ്പെടുത്തേണ്ടതുണ്ട്. 05-08-2022-ലെ G.O (Rt) 328/2022/Trans നമ്പർ ഉത്തരവുപ്രകാരം KSRTC-

യുടെ ബസ് സ്റ്റേഷനുകൾ PPP മോഡലിൽ വികസിപ്പിക്കുന്നതിനായി സാധ്യതാപഠനം നടത്തുന്നതിനും ഇതുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങൾക്കുമായി KIIFB യുടെ Consultancy wing ആയ KIIFCON Pvt. Ltd.-നെ Transaction Advisor ആയി നിയമിച്ചുകൊണ്ട് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ M/s. KIIFCON Pvt. Ltd-മായി കരാറിൽ ഏർപ്പെടുകയും വാണിജ്യ പ്രാധാന്യമുള്ള സ്ഥലങ്ങളായതിനാൽ കൊല്ലം ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ EOI ക്ഷണിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി. ബസുകളുടെ റൂട്ടും സമയക്രമവും**

287(1984) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി വഴി ഷൊർണ്ണൂർ, പട്ടാമ്പി, പെരിന്തൽമണ്ണ, മഞ്ചേരി, വഴിക്കടവ്, തിരുവില്വാമല, നിലമ്പൂർ, വയനാട് റൂട്ടുകളിൽ 2019-ന് മുൻപ് സർവീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസുകളുടെയും നിലവിൽ സർവീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസുകളുടെയും റൂട്ട്, സമയക്രമം എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി വഴി ഷൊർണ്ണൂർ, പട്ടാമ്പി, പെരിന്തൽമണ്ണ, മഞ്ചേരി, വഴിക്കടവ്, തിരുവില്വാമല, നിലമ്പൂർ, വയനാട് റൂട്ടുകളിൽ 2019-ന് മുൻപ് സർവീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസുകളുടെയും നിലവിൽ സർവീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസുകളുടെയും റൂട്ട്, സമയക്രമം എന്നിവ അനുബന്ധമായി ചേർക്കുന്നു.+

**കോട്ടയം ജില്ലയിലെ ബോണ്ട് (ബസ് ഓൺ ഡിമാൻഡ് ) സർവീസുകൾ**

288(1985) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ സർക്കാർ ജീവനക്കാർക്കുവേണ്ടി കെ.എസ്.ആർ.ടി.സി. എത്ര ബസ് ഓൺ ഡിമാൻഡ് (ബോണ്ട്) സർവീസുകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ബസ് ഓൺ ഡിമാൻഡ് (ബോണ്ട്) സർവീസ് ആവശ്യപ്പെട്ട് ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണവും ഏതെല്ലാം അപേക്ഷകളിൽ ബസ് അനുവദിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ള വിവരവും വ്യക്തമാക്കുമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) കോവിഡ് മഹാമാരിമൂലം യാത്രാ നിയന്ത്രണങ്ങൾ ഉണ്ടായിരുന്ന സാഹചര്യത്തിൽ സർക്കാർ ജീവനക്കാർക്കും അവശ്യ സർവീസുകൾക്കായി പ്രവർത്തിക്കുന്ന ജീവനക്കാർക്കും മറ്റ് സ്ഥിരയാത്രക്കാരെയും പൊതുഗതാഗത സംവിധാനത്തിലേയ്ക്ക് കൊണ്ടുവരുന്നതിനായി ബസ് ഓൺ ഡിമാൻഡ് (ബോണ്ട്) എന്ന പേരിൽ പ്രത്യേക സർവീസുകൾ പരിമിതമായ യാത്രക്കാർക്കുവേണ്ടി പ്രത്യേക നിരക്കിൽ നടത്തിയിരുന്നു. കോട്ടയം ജില്ലയിലെ വൈക്കം യൂണിറ്റിൽ നിന്നും വൈക്കം - കാക്കനാട് റൂട്ടിൽ യാത്രക്കാരുടെ ആവശ്യപ്രകാരം ഒരു ബോണ്ട് സർവീസ് നടത്തിവന്നിരുന്നു. എന്നാൽ പിന്നീട് 2022-ൽ പൊതുഗതാഗത സംവിധാനം സാധാരണ നിലയിലേയ്ക്ക് എത്തിയതിനെ തുടർന്ന് ഇത്തരം സർവീസുകൾ/ട്രിപ്പുകൾ പുനഃക്രമീകരിക്കുകയും പ്രത്യേക നിരക്കിലുള്ള സർവീസുകൾ നിർത്തലാക്കി പകരം യാത്രക്കാർക്കായി സാധാരണ നിരക്കിൽ സർവീസുകൾ പുനഃക്രമീകരിച്ചിട്ടുള്ളതുമാണ്. നിലവിൽ പ്രത്യേക നിരക്കിലുള്ള ബോണ്ട് സർവീസുകൾ

ആവശ്യപ്പെട്ടുകൊണ്ട് നിവേദനം കോട്ടയം ജില്ലയിൽ ലഭിച്ചിട്ടില്ല. ഇപ്പോൾ ബോണ്ട് സർവീസുകൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല.

**പുതുക്കാട് കെ.എസ്.ആർ.ടി.സി. മൊബിലിറ്റി ഹബ്ബ്**

289(1986) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് കെ.എസ്.ആർ.ടി.സി. മൊബിലിറ്റി ഹബ്ബ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ദേശീയ പാതയിൽ പുതുക്കാട് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിനോടുചേർന്ന വാണിജ്യ പ്രാധാന്യമുള്ള സ്ഥലത്ത് മൊബിലിറ്റി ഹബ്ബും പെട്രോൾ പമ്പും ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

(എ&ബി) 2021-22 സാമ്പത്തിക വർഷത്തെ Revised Budget Speech-ൽ പുതുക്കാട് കെ.എസ്.ആർ.ടി.സി. മൊബിലിറ്റി ഹബ് (Hub and Spoke Model)-നായി കിഫ്ബിയുമായി ചേർന്ന് പദ്ധതി രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ ബജറ്റിൽ ഇതിനായി പ്രത്യേക തുക

വകയിരുത്തിയിരുന്നില്ല. തുടർന്ന് 05-08-2022-ലെ G.O (Rt) 328/2022/Trans നമ്പർ ഉത്തരവുപ്രകാരം KSRTC-യുടെ ബസ് സ്റ്റേഷനുകൾ PPP മോഡലിൽ വികസിപ്പിക്കുന്നതിനായി സാധ്യതാപഠനം നടത്തുന്നതിനും ഇതുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങൾക്കുമായി KIIFB-യുടെ Consultancy wing ആയ KIIFCON Pvt. Ltd.-നെ Transaction Advisor ആയി നിയമിച്ചുകൊണ്ട് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി, KIIFCON-മായി കരാറിൽ ഏർപ്പെടുകയും പുതുക്കാട് ഉൾപ്പെടെയുള്ള 7 (ഏഴ്) സ്ഥലങ്ങളിൽ EOI ക്ഷണിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. പുതുക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ യാത്രാ ഫ്യൂവൽ റീട്ടെയിൽ ഔട്ട്‌ലെറ്റ് (പെട്രോൾ പമ്പ്) ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഭാരത് പെട്രോളിയം കമ്പനിയുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. യാത്രാ ഫ്യൂവൽ ഔട്ട്‌ലെറ്റ് സംബന്ധിച്ച് പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

**കുണ്ടറ മണ്ഡലത്തിലെ കോവിഡ് കാലത്ത് നിർത്തലാക്കിയ**
**കെ.എസ്.ആർ.ടി.സി. സർവീസുകൾ**

290(1987) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ നിയോജകമണ്ഡലത്തിൽ കോവിഡ് കാലത്ത് നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. സർവീസുകൾ പുനരാരംഭിച്ചിരുന്നോ; എങ്കിൽ നിർത്തലാക്കിയത് ഏതൊക്കെയാണെന്നും പുനരാരംഭിച്ചവ ഏതൊക്കെയാണെന്നും തരം തിരിച്ച് വിശദമാക്കാമോ?

കുണ്ടറ നിയോജകമണ്ഡലത്തിൽ കോവിഡ്കാല യാത്രാനിയന്ത്രണങ്ങൾമൂലം നിർത്തലാക്കിയ സർവീസുകൾ ചുവടെ ചേർക്കുന്നു.

1. 06.15 കൊല്ലം - പടപ്പക്കര

2. 05.40 കൊല്ലം - പടപ്പക്കര

3. 06.00 കൊല്ലം - പേഴുംതുരുത്ത്

4. 06.10 കൊല്ലം - ഇടയ്ക്കോട്

5. 06.40 കൊല്ലം - കൈതാകോടി

6. 06.50 കൊല്ലം - വെളിയം

7. 07.20 കൊല്ലം - ശിങ്കാരപള്ളി

8. 07.30 കൊല്ലം - കരീപ്ര

9. 07.30 കൊല്ലം - കുമ്പളം

10. 12.10 കൊല്ലം - കുമ്പളം

11. 11.25 കൊല്ലം - കുമ്പളം

12. 07.20 കൊല്ലം - വെള്ളിമൺ

13. 04.50 കുളത്തൂപ്പുഴ - കൊല്ലം

14. 05.40 കുളത്തൂപ്പുഴ - കൊല്ലം

15. 06.20 കൊട്ടാരക്കര - മുട്ടം

16. 06.40 കൊട്ടാരക്കര - പട്ടംതുരുത്ത്

17. 05.30 കൊട്ടാരക്കര - കുണ്ടറ - പരവൂർ - വർക്കല (ചെയിൻ)

18. 06.00 കൊട്ടാരക്കര - കുണ്ടറ - പരവൂർ - വർക്കല (ചെയിൻ)

19. 06.30 കൊട്ടാരക്കര - കുണ്ടറ - പരവൂർ - വർക്കല (ചെയിൻ)

20. 07.00 കൊട്ടാരക്കര - നല്ലില - കോഷ്ണക്കാവ്

21. 05.15 കരുനാഗപ്പള്ളി - ശിങ്കാരപ്പള്ളി

22. 05.50 കരുനാഗപ്പള്ളി - ഇടക്കോട്

23. 05.40 ചാത്തന്നൂർ - കൊട്ടാരക്കര - വർക്കല - പരവൂർ - കൊട്ടാരക്കര

24. 06.10 ചാത്തന്നൂർ - വർക്കല - പരവൂർ - കുണ്ടറ

25. 06.20 ചാത്തന്നൂർ - പരവൂർ - കുണ്ടറ

26. 06.35 ചാത്തന്നൂർ - പരവൂർ - കുണ്ടറ

27. 06.45 ചാത്തന്നൂർ - പരവൂർ - കുണ്ടറ

ഇതിൽ 6 സർവീസുകൾ ജനോപകാരപ്രദമായ രീതിയിൽ പ്രധാന ട്രിപ്പുകൾ ഉൾപ്പെടുത്തി പുനഃക്രമീകരിച്ച് നടത്തിവരുന്നു.

<u>പുനരാരംഭിച്ചവ</u>

1. 06.15 കൊല്ലം - പടപ്പക്കര

2. 07.20 കൊല്ലം - വെള്ളിമൺ

3. 05.40 കൊല്ലം - പടപ്പക്കര

4. 06.20 കൊട്ടാരക്കര - മുട്ടം

5. 06.40 കൊട്ടാരക്കര - പട്ടംതുരുത്ത്

6. 05.50 കരുനാഗപ്പള്ളി - ഇടക്കുളങ്ങര

**കോഴിക്കോട് കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടക**

291(1988) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സ് ഏത് കമ്പനിക്കാണ് വാടക/ലീസ് ഇനത്തിൽ നൽകിയിരിക്കുന്നത്; പ്രതിമാസം എത്ര രൂപയ്ക്ക് എത്ര കാലത്തേയ്ക്കെന്നും വ്യക്തമാക്കാമോ?

കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ് M/s. ആലിഫ് ബിൽഡേഴ്സിനാണ് 30 വർഷത്തേയ്ക്ക് ലീസ് ഇനത്തിൽ

നൽകിയിരിക്കുന്നത്. പ്രതിമാസം ചതുരശ്ര അടിക്ക് 30 രൂപ നിരക്കിൽ ഒരു മാസത്തേയ്ക്ക് 43,20,000/- രൂപയാണ് അംഗീകരിച്ച വാടക.

(ബി) പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സിന് ഒരു സ്ക്വയർ ഫീറ്റിന് എത്ര രൂപ വാടകയാണ് പ്രതിമാസം ഈടാക്കുന്നത്?

ഒരു ചതുരശ്ര അടിക്ക് പ്രതിമാസം 30 രൂപ നിരക്കിൽ ഒരു മാസത്തേയ്ക്ക് 43,20,000/- രൂപയാണ് അംഗീകരിച്ച വാടക.

(സി) പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക്/ ലീസിന് നൽകിയത് ടെണ്ടർ ക്ഷണിച്ചാണോ; എങ്കിൽ ടെണ്ടറിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സ് കെട്ടിടം കെ.റ്റി.ഡി.എഫ്.സി. 2015 മുതൽ നാല് പ്രാവശ്യം ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 25-03-2015-ൽ ഒന്നാം ടെണ്ടറിൽ ഓഫർ തുക എഴുതാത്ത ടെണ്ടറാണ് ലഭിച്ചത്. ആയതിനാൽ രണ്ടാം ടെണ്ടർ 03-07-2015-ൽ വിളിച്ചു. രണ്ടാം ടെണ്ടറിലും ഓഫർ തുക എഴുതാത്ത ടെണ്ടറാണ് ലഭിച്ചത്. മൂന്നാം പ്രാവശ്യം 18-09-2015-ൽ ടെണ്ടർ വിളിച്ചു. പക്ഷേ മൂന്നാം ടെണ്ടറിൽ

തിരിച്ചടയ്ക്കേണ്ടാത്ത 50 കോടി രൂപയും മാസവാടകയായ 50 ലക്ഷം രൂപയും ക്വാട്ട് ചെയ്തു. പക്ഷേ ടെണ്ടർ അന്തിമമാകുന്നതിനുമുൻപ് നിയമ തടസ്സങ്ങളുണ്ടായി. നിയമതടസം നീങ്ങാൻ കാലതാമസമുണ്ടായപ്പോൾ ഏറ്റവുമധികം ക്വാട്ട് ചെയ്ത കരാറുകാരൻ പിൻമാറുകയായിരുന്നു. നാലാം ടെണ്ടറിന്റെ ഇ-ടെണ്ടർ വിജ്ഞാപനം 2018 സെപ്റ്റംബർ 19-ൽ വിജ്ഞാപനം ചെയ്തതാണ്. ഈ ടെണ്ടറിൽ ഏറ്റവും ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത M/s. ആലിഫ് ബിൽഡേഴ്സിന് തിരിച്ചുനൽകേണ്ടാത്ത 17 കോടി രൂപ upfront amount-ലും 43,20,000/- രൂപ പ്രതിമാസ വാടകയിലുമാണ് കോംപ്ലക്സ് ലീസിന് നൽകിയത്.

(ഡി) ഏതൊക്കെ ഉദ്യോഗസ്ഥരാണ് കോഴിക്കോട് കെഎസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക്/ലീസിന് നൽകിയ കരാറിൽ ഉൾപ്പെട്ടിരിക്കുന്നത്; വിശദമാക്കാമോ?

ഡോ. ബി. അശോക്, ഐ.എ.എസ്, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.റ്റി.ഡി.എഫ്.സി, കെ.റ്റി.ഡി.എഫ്.സി.-യെ പ്രതിനിധീകരിച്ചും ശ്രീ. ബിജു പ്രഭാകർ, ഐ.എ.എസ്. ചെയർമാൻ &

മാനേജിംഗ് ഡയറക്ടർ കെ.എസ്.ആർ.ടി.സി, കെ.എസ്.ആർ.ടി.സി.യെ പ്രതിനിധീകരിച്ചും M/s. ആലിഫ് ബിൽഡേഴ്സ്-ന്റെ മാനേജിംഗ് പാർട്ണർ ശ്രീ. അബ്ദുൽ കലാം കെ. എന്നിവരാണ് വാടക കരാർ ഒപ്പിട്ടിരിക്കുന്നത്.

**വയനാട് ജില്ലയിലെ കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ**

292(1989) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽനിന്നും നിലവിൽ ഓപ്പറേറ്റ് ചെയ്യുന്ന കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽനിന്നും നിലവിൽ 189 ഷെഡ്യൂളുകളും മറ്റ് ഡിപ്പോകളിൽനിന്നുള്ള 100 ഷെഡ്യൂളുകളുമുൾപ്പെടെ ആകെ 289 ഷെഡ്യൂളുകൾ വയനാട് ജില്ലയിൽനിന്നും നിലവിൽ ഓപ്പറേറ്റ് ചെയ്തുവരുന്നു.

(ബി) പ്രസ്തുത ജില്ലയിലെ കെ.എസ്.ആർ.ടി.സി.-യുടെ ദൈനംദിന ശരാശരി വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ?

വയനാട് ജില്ലയിലെ കെ.എസ്.ആർ.ടി.സി.-യുടെ ദൈനംദിന ശരാശരി വരുമാനം 28,21,392/- രൂപയാണ്. 2023 ജൂൺ മാസത്തെ ശരാശരി ദൈനംദിന വരുമാനം 32.44 ലക്ഷം രൂപയാണ്.

(സി) വയനാട് ജില്ലയിൽ കെ.എസ്.ആർ.ടി.സി.-യിലെ സ്ഥിരം ജീവനക്കാരുടെയും താൽക്കാലിക ജീവനക്കാരുടെയും നിലവിലെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

സ്ഥിരം ജീവനക്കാർ

| | |
|---|---|
| Superintendent | 5 |
| Inspector | 32 |
| Station Master | 11 |
| Vehicle Supervisor | 6 |
| Asst. Depot Engineer | 3 |
| Assistant | 26 |
| Typist | 1 |
| Conductor | 384 |
| Driver | 422 |
| Chargeman (Auto) | 8 |
| Mechanic | 133 |
| Black Smith | 34 |
| Pump Operator | 4 |

| | |
|---|---|
| Peon | 8 |
| Asst. Store Keeper | 1 |
| Store Issuer | 4 |
| Garage Mazdoor | 1 |
| Sweeper | 1 |
| Tyre Inspector | 4 |
| Asst Sergeant | 1 |
| Guard | 5 |

താൽക്കാലിക ജീവനക്കാർ

| | |
|---|---|
| Badali + CLR | 142 |

ആകെ ജീവനക്കാർ - 1236

**പയ്യന്നൂർ സബ് ആർ.ടി. ഓഫീസ്**

293(1990) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭയിലെ വെള്ളൂരിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ സബ് ആർ.ടി. ഓഫീസ് പയ്യന്നൂർ

കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ഓഫീസ് മാറ്റുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. പ്രസ്തുത വിഷയം പരിശോധിക്കുന്നതിനായി കണ്ണൂർ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആർ.ടി.ഒ അധികാരികളും കെ.എസ്.ആർ.ടി.സി-യുമായി 11-07-2023-ന് ഓൺലൈനായി യോഗം ചേരുകയും ടി കെട്ടിടത്തിന്റെ ഫീസിബിലിറ്റി സംബന്ധിച്ച് ഒരു സംയുക്ത പരിശോധന നടത്താനും തീരുമാനിച്ചിട്ടുണ്ട്.

**സേഫ് കേരള പദ്ധതി**

294(1991) ഡോ. എം. കെ. മുനീർ:

ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. പി. ഉബൈദുള്ള:

ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിയിലുൾപ്പെടുത്തി എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതിന് ഗതാഗത വകുപ്പ് കെൽട്രോണിനെ ചുമതലപ്പെടുത്തിയിരുന്നോ; അറിയിക്കാമോ?

ചുമതലപ്പെടുത്തിയിരുന്നു.

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം സഹായങ്ങളാണ് ഗതാഗത വകുപ്പ് നൽകിയതെന്ന് അറിയിക്കുമോ?

പദ്ധതി തുക മൂന്ന് മാസത്തിൽ ഒരിക്കലുള്ള 20 തുല്യ ഗഡുക്കളായാണ് കെൽട്രോണിന് കേരള റോഡ് സേഫ്റ്റി അതോറിറ്റി ഫണ്ടിൽനിന്നും അനുവദിക്കേണ്ടത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് നിയമപരമായ നടപടികളാണ് ഗതാഗത വകുപ്പ് കൈക്കൊണ്ടിട്ടുള്ളത്.

(സി) ക്യാമറകൾ സ്ഥാപിച്ചശേഷം റോഡ് അപകടങ്ങൾ എത്രത്തോളം കുറയ്ക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ?

ക്യാമറകൾ സ്ഥാപിച്ചശേഷമുള്ള കാലയളവിൽ അപകടങ്ങളുടെ എണ്ണത്തിൽ ചില മാസങ്ങളിൽ നേരിയ തോതിൽ വർദ്ധനയുണ്ടായിട്ടുണ്ടെങ്കിലും മരണ നിരക്കിലും പരിക്കുകളുടെ എണ്ണത്തിലും

കുറവ് വന്നിട്ടുണ്ട്. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്ക് പ്രകാരം 2022 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെയും 2023 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെയും അപകടങ്ങളുടെ എണ്ണം, മരണ നിരക്ക്, പരിക്കുകളുടെ എണ്ണം എന്നിവയുടെ വിശദാംശം അനുബന്ധമായി കൊടുത്തിരിക്കുന്നു.+

(ഡി) ക്യാമറകൾ സ്ഥാപിച്ചതിലൂടെ സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ക്യാമറകൾ സ്ഥാപിച്ചതിലൂടെ സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ എന്ന വസ്തുത വിലയിരുത്തിയിട്ടില്ല.

**പത്തിരിപ്പാല ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ സ്ഥാപിക്കാൻ നടപടി**

295(1992) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിലെ മണ്ണൂർ ഗ്രാമപഞ്ചായത്തിലുൾപ്പെട്ടിട്ടുള്ളതും തിരക്കേറിയതും രണ്ട് റോഡുകൾ കൂടിച്ചേരുന്നതുമായ പത്തിരിപ്പാല

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

റോഡ് സുരക്ഷാ അതോറിറ്റിയുടെ വിവിധ സ്റ്റേക് ഹോൾഡിംഗ് വകുപ്പുകളായ പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് വകുപ്പ് (ദേശീയ പാത), പൊതുമരാമത്ത് വകുപ്പ് (റോഡ്സ്), ആരോഗ്യം, വിദ്യാഭ്യാസം, നാറ്റ്പാക്ക്, 14 ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ എന്നിവ മുഖേനയാണ് റോഡ് സുരക്ഷാ അതോറിറ്റി റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. കോങ്ങാട് മണ്ഡലത്തിലെ മണ്ണൂർ ഗ്രാമപഞ്ചായത്തിലെ പത്തിരിപ്പാല ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ സ്ഥാപിക്കുന്നതിനായി ശിപാർശകളൊന്നും നിലവിൽ ലഭിച്ചിട്ടില്ല.

**എ.ഐ. ക്യാമറകൾ സ്ഥാപിച്ചതിനുള്ള ചെലവ്**

296(1993) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര എ.ഐ ക്യാമറകൾ സ്ഥാപിക്കുന്നതിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ടെന്നും ആയതിന് എത്ര രൂപ ചെലവാകുമെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് 726 എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. മേൽ പ്രകാരമുള്ള ക്യാമറകൾ സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനും മറ്റുമായി 232,25,50,286/- രൂപ ചെലവ് വരുന്നതാണ്.

(ബി) എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്ന വകയിൽ ഇതുവരെ എത്ര തുക വിവിധ ഏജൻസികൾക്ക് നൽകിയെന്ന് വിശദമാക്കാമോ?

നാളിതുവരെ നൽകിയിട്ടില്ല.

(സി) സംസ്ഥാനത്ത് എത്ര എ.ഐ ക്യാമറകൾ ഇതുവരെ സ്ഥാപിച്ചിട്ടുണ്ട്; ഇവ സ്ഥാപിച്ചതിലൂടെ എത്ര നിയമലംഘനങ്ങൾ 2023 ജൂലൈ 31 വരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇതുവഴി എത്ര തുക പിഴയായി ഈടാക്കായിട്ടുണ്ടെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് 726 എ.ഐ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. 2023 ജൂലൈ 31 വരെ നിയമലംഘനങ്ങൾക്ക് 3,23,604 ചെലാൻ തയ്യാറാക്കുകയും 3,37,19,000/- രൂപ പിഴയായി ഈടാക്കിയിട്ടുമുണ്ട്.

(ഡി) എ.ഐ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ വേഗപരിധി സൂചിപ്പിക്കുന്ന ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടോ; വേഗപരിധി ബോദ്ധ്യപ്പെടുന്നതിന് മറ്റെന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; വിവരങ്ങൾ ലഭ്യമാക്കാമോ?

റോഡിൽ സ്ഥാപിച്ചിട്ടുള്ള എ.ഐ. ക്യാമറകൾ വേഗപരിധി ലംഘിക്കുന്ന കുറ്റകൃത്യം കണ്ടെത്തുന്നില്ല. ആയതിനാൽ ഇത്തരം ക്യാമറകൾ ഉള്ളയിടത്ത് പ്രത്യേക വേഗപരിധി സൂചിപ്പിക്കുന്ന ബോർഡുകൾ നിലവിൽ സ്ഥാപിച്ചിട്ടില്ല.

(ഇ) വാഹനങ്ങളുടെ വേഗപരിധി നിശ്ചയിച്ചിട്ടുള്ളത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ?

റോഡുകളുടെ വികസനവും ട്രാഫിക് നിയന്ത്രണങ്ങളുടെ ആധുനികവൽക്കരണവും കണക്കിലെടുത്താണ് 23-06-2023-ലെ G.O.(P)No.15/2023/Trans പ്രകാരം വേഗപരിധി പുനർനിശ്ചയിച്ചത്.

**ഫെസിലിറ്റി മാനേജ്മെന്റ് സർവീസ്**

297(1994) **ശ്രീ. ഐ. സി. ബാലകൃഷ്ണൻ:**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):**
**ശ്രീ. സി. ആർ. മഹേഷ്:**
**ശ്രീ. റോജി എം. ജോൺ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കാനായി നടപ്പാക്കിയ പദ്ധതിയുടെ ഫെസിലിറ്റി മാനേജ്മെന്റ് സർവീസിന്റെ ഭാഗമായുള്ള പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

കൺട്രോൾ റൂമുകളുടെ വൈദ്യുതി ചാർജ്ജ്, കൺട്രോൾ റൂമുകളുടെ ഇന്റർനെറ്റ് ചാർജ്ജ്, നിയമലംഘനങ്ങൾക്കുള്ള ചെലാനുകൾ തയ്യാറാക്കുന്നതിനുവേണ്ടിയുള്ള സ്റ്റേഷനറി സാധനങ്ങൾ വിതരണം ചെയ്ത്

പ്രിന്റ് എടുത്ത് ഡെസ്പാച്ച് ചെയ്യുന്നത്, കൺട്രോൾ റൂമുകൾ പരിപാലിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ സേവനം ലഭ്യമാക്കുക എന്നിവയാണ് പ്രധാനമായും ഫെസിലിറ്റി മാനേജ്മെന്റ് സർവീസിന്റെ ഭാഗമായിട്ടുള്ള പ്രവൃത്തികൾ.

(ബി) പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയതെന്ന് അറിയിക്കുമോ?

പ്രസ്തുത പ്രവൃത്തികൾ നിർവ്വഹിക്കാൻ കെൽട്രോണിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) ഫെസിലിറ്റി മാനേജ്മെന്റ് സർവീസിന്റെ ഭാഗമായുള്ള പ്രവൃത്തികൾ നടത്തുന്നതിനായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ: പ്രവൃത്തികൾ നിർവ്വഹിക്കാനുള്ള സ്ഥാപനത്തെ ടെണ്ടറിലൂടെയാണോ തെരഞ്ഞെടുത്തതെന്ന് വിശദമാക്കുമോ ?

ഫെസിലിറ്റി മാനേജ്മെന്റ് സർവീസിന്റെ ഭാഗമായുള്ള പ്രവൃത്തികൾ നടത്തുന്നതിനായി ടെണ്ടർ ക്ഷണിച്ചിട്ടില്ല. സർക്കാരിന്റെ അക്രെഡിറ്റഡ്

ഏജൻസിയും സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനവുമായ കെൽട്രോണിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

**എ.ഐ. ക്യാമറ നിയമലംഘനങ്ങൾക്കുള്ള നോട്ടീസ്**

298(1995) ശ്രീ. സജീവ് ജോസഫ്:

ശ്രീ. സനീഷ്കുമാർ ജോസഫ്:

ശ്രീ. സണ്ണി ജോസഫ്:

ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഐ. ക്യാമറകൾ കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് അയയ്ക്കുന്നതാരാണെന്ന് അറിയിക്കുമോ?

എ.ഐ. ക്യാമറകൾ കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്ക് നോട്ടീസ് അയയ്ക്കുന്നത് കെൽട്രോൺ നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥരാണ്.

(ബി) പ്രസ്തുത നിയമലംഘനങ്ങൾക്ക് നോട്ടീസ് അയയ്ക്കുന്നത് സംബന്ധിച്ച പ്രവൃത്തികൾ കെൽട്രോണിനെ ഏൽപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കെൽട്രോണിനെ ഏൽപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത നിയമലംഘനങ്ങൾക്ക് നോട്ടീസ് അയയ്ക്കുന്നതിനുള്ള തുക കണ്ടെത്തുന്നത് മോട്ടോർ വാഹന വകുപ്പാണോ കെൽട്രോൺ ആണോ എന്ന് വ്യക്തമാക്കാമോ?

പ്രസ്തുത നിയമലംഘനങ്ങൾക്ക് നോട്ടീസ് അയയ്ക്കുന്നതിനുള്ള തുക, പിഴ തുകയിൽ നിന്ന് മോട്ടോർ വാഹന വകുപ്പ് കെൽട്രോണിന് നൽകുന്നതാണ്.

(ഡി) ഇപ്രകാരം നോട്ടീസ് അയയ്ക്കുന്നതിനുള്ള തുക സംബന്ധിച്ച് കെൽട്രോൺ മോട്ടോർ വാഹന വകുപ്പിന് നൽകിയ എസ്റ്റിമേറ്റിൽ പ്രതിപാദിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

കെൽട്രോൺ മോട്ടോർ വാഹന വകുപ്പിന് നൽകിയ എസ്റ്റിമേറ്റ് പ്രകാരം കെൽട്രോൺ അയയ്ക്കുന്ന ഓരോ നോട്ടീസിനും 20 രൂപയും അതിന് പുറമെ ജി.എസ്.ടി.-യും നൽകേണ്ടതാണ്.

**ക്യാമറകൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി**

299(1996) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ എത്ര ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകളും എത്ര സ്പീഡ് ക്യാമറകളുമാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കോട്ടയം ജില്ലയിൽ മോട്ടോർ വാഹന വകുപ്പിനുകീഴിൽ 44 ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഇവയിൽ എത്ര ക്യാമറകൾ പ്രവർത്തിക്കുന്നുണ്ടെന്നും പ്രവർത്തനരഹിതമായവ പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകളിൽ 43 എണ്ണം പ്രവർത്തനക്ഷമമാണ്. ബാക്കിയുള്ള ഒരു ക്യാമറ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത ക്യാമറകൾ മുഖേന നാളിതുവരെ എത്ര നിയമലംഘനങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്നും എത്ര തുക പിഴയായി ഈടാക്കിയെന്നും വ്യക്തമാക്കുമോ?

പ്രസ്തുത ക്യാമറകൾ വഴി 50522 നിയമലംഘനങ്ങൾക്ക് ചെലാൻ തയ്യാറാക്കുകയും 50,62,000/- രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്.

**പാലക്കാട് ജില്ലയിലെ ആർ. ടി. ഒ. ചെക്ക്പോസ്റ്റുകളിലെ ക്രമക്കേടുകൾ**

300(1997) **ശ്രീ. കെ. ബാബു (നെന്മാറ):** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിലെ ആർ. ടി. ഒ. ചെക്ക്പോസ്റ്റുകളിൽ എത്ര ക്രമക്കേടുകളാണ് വിജിലൻസ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

പാലക്കാട് ജില്ലയിലെ ആർ.ടി.ഒ. ചെക്ക്പോസ്റ്റുകളിൽ 28 മിന്നൽ പരിശോധനകളിലായി 84 ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

(ബി) ഓരോ ചെക്ക്പോസ്റ്റിൽനിന്നും അനധികൃതമായി സൂക്ഷിച്ച എത്ര പണമാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

വിശദാംശം ചുവടെ ചേർക്കുന്നു.

| ചെക്ക്പോസ്റ്റ് | തുക (രൂപയിൽ) |
|---|---|
| മോട്ടോർ വാഹന ചെക്ക്പോസ്റ്റ്, | 2,91,851/- |

| | |
|---|---|
| വാളയാർ ഇൻ | |
| മോട്ടോർ വാഹന ചെക്ക്പോസ്റ്റ്, വാളയാർ ഔട്ട് | 5,590/- |
| മോട്ടോർ വാഹന ചെക്ക്പോസ്റ്റ്, ഗോപാലപുരം | 4,300/- |
| മോട്ടോർ വാഹന ചെക്ക്പോസ്റ്റ്, വേലന്താവളം | 35,800/- |
| ആകെ | 3,37,541/- |

(സി) ഇതുമായി ബന്ധപ്പെട്ട് എത്ര ജീവനക്കാർക്കെതിരെയാണ് വകുപ്പുതല നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

വിജിലൻസ് ശിപാർശ ചെയ്ത 41 ഉദ്യോഗസ്ഥർക്കെതിരെ വിവിധ തലങ്ങളിൽ വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുന്നു.

**കാസർഗോഡ് മോട്ടോർ വാഹനവകുപ്പിൽ ഒഴിവുകൾ നികത്താൻ നടപടി**

301(1998) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥിരം മേധാവിയില്ലാത്തതിനാൽ കാസർഗോഡ് ജില്ലയിലെ മോട്ടോർ വാഹനവകുപ്പിന്റെ പ്രവർത്തനം പ്രയാസത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല

(ബി) ആർ.ടി.ഒ.-യുടെയും എൻഫോഴ്സ്മെന്റ് ആർ.ടി.ഒ.-യുടെയും തസ്തികകൾ എത്ര കാലമായാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ആർ.ടി.ഒ.-മാരില്ലാത്തതിനാൽ ഭരണപരമായ തീരുമാനങ്ങളെടുക്കാൻ അസൗകര്യങ്ങൾ നേരിടുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

(ബി&സി) കാസർഗോഡ് ആർ.ടി.ഒ. ആയിരുന്ന ശ്രീ. എ. കെ. രാധാകൃഷ്ണൻ 30-04-2023-ൽ സർവീസിൽനിന്നും വിരമിച്ചതിനെത്തുടർന്ന് ടി ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിനായി കാസർഗോഡ് ആർ.ടി.ഒ-യുടെ പൂർണ്ണ അധിക ചുമതല കാസർഗോഡ് എൻഫോഴ്സ്മെന്റ് ആർ.ടി.ഒ. ആയിരുന്ന ശ്രീ. ഡേവിസ് എം.റ്റി.-ക്ക് നൽകിയും, കാസർഗോഡ് എൻഫോഴ്സ്മെന്റ് ആർ.ടി.ഒ. ആയിരുന്ന ശ്രീ. ഡേവിസ് എം. റ്റി, 30-06-2023-ൽ സർവീസിൽനിന്നും വിരമിച്ചതിനെ തുടർന്ന് കാസർഗോഡ് എൻഫോഴ്സ്മെന്റ് ആർ.ടി.ഒ.-യുടെ പൂർണ്ണ അധികച്ചുമതല കണ്ണൂർ എൻഫോഴ്സ്മെന്റ് ആർ.ടി.ഒ. ആയ ശ്രീമതി എ. സി. ഷീബയ്ക്കും കാസർഗോഡ്

ആർ.ടി.ഒ.-യുടെ പൂർണ്ണ അധികച്ചുമതല ടി ഓഫീസിലെ ജോയിന്റ് ആർ.ടി.ഒ. ആയ ശ്രീ. ജോസ് അലക്സിനും നൽകിയിട്ടുള്ളതാണ്. ആയതിനാൽ ആർ.ടി.ഒ.-മാരില്ലാത്തതിനാൽ ഭരണപരമായ തീരുമാനങ്ങളെടുക്കാൻ അസൗകര്യങ്ങൾ നേരിടുന്ന സാഹചര്യം നിലവിലില്ല.

(ഡി) ആർ.ടി.ഒ.-മാരെ കൂടാതെ കാസർകോട് ജില്ലയിൽ മോട്ടോർ വാഹനവകുപ്പിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്നും എത്രകാലമായി ഒഴിവ് തുടരുന്നുവെന്നും ഒഴിവുകൾ നികത്താൻ എപ്പോൾ നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

വിവരം അനുബന്ധമായി ചേർക്കുന്നു.+

**മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന് പുതിയ കെട്ടിടനിർമ്മാണം**

302(1999) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സ്ഥലം ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങളെന്താണെന്നും തടസ്സങ്ങളുണ്ടെങ്കിൽ നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റി പുതിയത് നിർമ്മിക്കാൻ സാധിക്കുമോയെന്നും കെട്ടിട നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കുമെന്നും വിശദമാക്കാമോ;

(സി) ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയിട്ടും കെട്ടിട നിർമ്മാണ നടപടികൾ അനന്തമായി നീണ്ടുപോകുന്ന സാഹചര്യം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങളുണ്ടോയെന്നും എങ്കിൽ അവ പരിഹരിക്കാൻ വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശവും നൽകുമോ?

(എ-സി) മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിലെ മലപ്പുറം വില്ലേജിലെ റീ.സ.നം.430/1A3 A1-ൽ ഉൾപ്പെടുന്ന 50 സെന്റ് സ്ഥലം മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി മോട്ടോർ വാഹന വകുപ്പിന് ഉപയോഗ അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ റവന്യൂ

വകുപ്പുമായി ചേർന്ന് സ്വീകരിച്ചുവരികയാണ്. പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുന്നതാണ്.

**എ. ഐ. ക്യാമറകൾ സ്ഥാപിച്ചതിന്റെ പി.എം.സി.-യും കരാർ കമ്പനിയും**

303(2000) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ. ഐ. ക്യാമറകൾ സ്ഥാപിക്കാനായി പി.എം.സി. (പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റ്) ആയി തെരഞ്ഞെടുക്കപ്പെട്ട കെൽട്രോണിന് കരാർ കമ്പനികളുമായി നേരിട്ട് കരാറിലേർപ്പെടാൻ മോട്ടോർ വാഹന വകുപ്പ് അനുവാദം നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ?

സുതാര്യമായ ടെണ്ടർ നടപടികളിലൂടെ കമ്പനിയെ തെരഞ്ഞെടുക്കാൻ കെൽട്രോണിന് മോട്ടോർ വാഹന വകുപ്പ് അനുവാദം നൽകിയിട്ടുണ്ട്.

(ബി) പി.എം.സി.-കൾക്ക് കരാർ കമ്പനികളുമായി ഒറ്റയ്ക്ക് കരാറിലേർപ്പെടാൻ സാധിക്കില്ലെന്ന ധനവകുപ്പിന്റെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിപരീതമായി കെൽട്രോണിന് എസ്.ആർ.ഐ.ടി. എന്ന സ്ഥാപനവുമായി കരാറിലേർപ്പെടാൻ മോട്ടോർ വാഹന വകുപ്പ് അനുവാദം നൽകിയിരുന്നോ; എങ്കിൽ എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) കരാർ കമ്പനികളെ തെരഞ്ഞെടുക്കാൻ പി.എം.സി.-കളെ ഏൽപ്പിക്കുന്ന സാഹചര്യത്തിൽ മാതൃ വകുപ്പും പി.എം.സി.-യും കരാർ കമ്പനിയും ചേർന്നുള്ള ത്രികക്ഷി കരാറിൽ മാത്രമേ ഏർപ്പെടാൻ പാടുള്ളൂ എന്ന ധനവകുപ്പിന്റെ നിബന്ധന മോട്ടോർ വാഹന വകുപ്പ് ലംഘിച്ചിട്ടുണ്ടോ; എങ്കിൽ സാഹചര്യം വിശദമാക്കാമോ?

(ബി&സി) കെൽട്രോണിനെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് (പി.എം.സി.) ആക്കാനും വെണ്ടറെ സുതാര്യമായ പ്രക്രിയയിലൂടെ തെരഞ്ഞെടുക്കാനും 18-03-2020-ൽ ധനകാര്യവകുപ്പ് ശിപാർശ ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ 27-04-2020-ലെ G.O(Rt)134/2020/TRANS പ്രകാരം സർക്കാർ അനുമതി ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ

അടിസ്ഥാനത്തിലുള്ള തുടർനടപടികളാണ് മോട്ടോർ വാഹനവകുപ്പും കെൽട്രോണും സ്വീകരിച്ചിട്ടുള്ളത്.

## എ.ഐ. ക്യാമറകളുടെ സ്പെസിഫിക്കേഷൻ

304(2001) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എ.ഐ. ക്യാമറ പദ്ധതി പ്രകാരമുള്ള ക്യാമറയുടെ സ്പെസിഫിക്കേഷൻ എന്താണ്; എത്ര രൂപയാണ് പദ്ധതിക്കുവേണ്ടി ചെലവായത്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

എ.ഐ. ക്യാമറ പദ്ധതി പ്രകാരമുള്ള ക്യാമറകളുടെ സ്പെസിഫിക്കേഷൻ അനുബന്ധമായി ചേർക്കുന്നു.+ ടി പദ്ധതിയുടെ തുകയായ 2,32,25,50,286/- രൂപ 20 തുല്യ ത്രൈമാസ ഗഡുക്കളായി കെൽട്രോണിന് 5 വർഷംകൊണ്ടാണ് സർക്കാർ നൽകേണ്ടത്. നാളിതുവരെ ടി പദ്ധതിക്കുവേണ്ടി സർക്കാർ തുക ചെലവഴിച്ചിട്ടില്ല.

## എ.ഐ. ക്യാമറ – കോസ്റ്റ് മോഡലിംഗ്

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

305(2002) ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. അൻവർ സാദത്ത്:

ഡോ. മാത്യൂ കുഴൽനാടൻ:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് കെൽട്രോൺ സമർപ്പിച്ച കോസ്റ്റ് മോഡലിംഗ് മോട്ടോർ വാഹന വകുപ്പ് പരിശോധിച്ചിരുന്നോ?

പരിശോധിച്ചിരുന്നു.

(ബി) പ്രസ്തുത സ്ഥാപനം സമർപ്പിച്ച കോസ്റ്റ് മോഡലിംഗിന്റെ അടിസ്ഥാനത്തിലാണോ ബി.ഒ.ഒ.ടി. (ബിൽഡ് ഓൺ ഓപ്പറേറ്റ് ട്രാൻസ്ഫർ) അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ?

Annuity with assured payment എന്നാണ് കെൽട്രോൺ സമർപ്പിച്ച പ്രൊപ്പോസലിന്റെ (പദ്ധതിയുടെ) ശരിയായ പേര്. 'BOOT' എന്നുള്ളത്

തെറ്റായി കൊടുത്തിട്ടുള്ള ഒരു പേരാണ്. ടി പദ്ധതിക്ക് സമഗ്ര ഭരണാനുമതി നൽകിക്കൊണ്ടുള്ള 18-04-2023-ലെ സ.ഉ(കൈ)നമ്പർ.26/2023/TRANS പ്രകാരമുള്ള അന്തിമ ഉത്തരവിൽ ഇക്കാര്യം വിശദമാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥാപനം സമർപ്പിച്ച കോസ്റ്റ് മോഡലിംഗിന്റെ പ്രായോഗികത സംബന്ധിച്ച് മോട്ടോർ വാഹന വകുപ്പ് വിശദമായ പരിശോധന നടത്തിയിരുന്നോയെന്നും പരിശോധനയുടെ ഭാഗമായി എന്തൊക്കെ നിർദ്ദേശങ്ങളാണ് വകുപ്പ് മുന്നോട്ടുവച്ചതെന്നും വ്യക്തമാക്കാമോ?

22-10-2019-ന് മോട്ടോർ വാഹന വകുപ്പിലെ ടെക്നിക്കൽ കമ്മിറ്റി പ്രസ്തുത പ്രോജക്ട് പ്രൊപ്പോസൽ വിലയിരുത്തുകയുണ്ടായി. ടി പദ്ധതിക്കായി 5 വർഷം കൊണ്ട് 20 തുല്യ ത്രൈമാസ ഗഡുക്കളായി പണം നൽകിയാൽ മതിയെന്നും സർക്കാരിന് മുൻകൂർ പണം മുടക്കേണ്ടതില്ലാത്തതിനാൽ, ടെക്നിക്കൽ കമ്മിറ്റി, പ്രസ്തുത പ്രോജക്ട് പ്രൊപ്പോസൽ സർക്കാരിന് അനുയോജ്യമാണെന്ന് വിലയിരുത്തി സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുകയുണ്ടായി.

(ഡി) പ്രസ്തുത സ്ഥാപനം നൽകിയ കോസ്റ്റ് മോഡലിംഗ് സംബന്ധിച്ച് ധനകാര്യ വകുപ്പ് രേഖപ്പെടുത്തിയിരുന്ന വിയോജിപ്പിന് മോട്ടോർ വാഹന വകുപ്പ് നൽകിയ മറുപടി വിശദമാക്കാമോ?

കോസ്റ്റ് മോഡലിംഗിനെ സംബന്ധിച്ച് ധനകാര്യ വകുപ്പ് വിയോജനകുറിപ്പ് രേഖപ്പെടുത്തിയിട്ടില്ല. പകരം കൂടുതൽ വിശദാംശം ആവശ്യപ്പെടുകയാണുണ്ടായത്.

**സ്കൂൾ ബസുകളുടെ ഫിറ്റ്നസ് പരിശോധനയും നടപടിയും**

306(2003) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധ്യയനവർഷത്തിന് മുന്നോടിയായി മോട്ടോർ വാഹന വകുപ്പ് നടത്തിയ പരിശോധനയിൽ ഫിറ്റ്നസ് ഇല്ലാത്ത എത്ര സ്കൂൾ ബസുകൾ കണ്ടെത്തിയിട്ടുണ്ടെന്നും പ്രസ്തുത ബസുകൾക്ക് വീണ്ടും ഫിറ്റ്നസ് ടെസ്റ്റ് നടത്തണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എത്ര ബസുകൾ ഫിറ്റ്നസ് ടെസ്റ്റ് നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഈ അധ്യയന വർഷത്തിന് മുന്നോടിയായി നടത്തിയ പരിശോധനയിൽ ഫിറ്റ്നസ് ഇല്ലാത്ത 1229 സ്കൂൾ ബസുകൾ കണ്ടെത്തിയിരുന്നു. പ്രസ്തുത ബസുകൾക്ക് വീണ്ടും ഫിറ്റ്നസ് ടെസ്റ്റ് നടത്തണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 1221 ബസുകൾക്ക് ഫിറ്റ്നസ് ടെസ്റ്റ് നടത്തിയിട്ടുണ്ട്.

(ബി) ഫിറ്റ്നസ് ഇല്ലാത്തതും പരിശോധനയ്ക്ക് വിധേയമാകാത്തതുമായ സ്കൂൾ ബസുകൾ നിലവിൽ സംസ്ഥാനത്ത് സർവീസ് നടത്തുന്നുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം സർവീസ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സ്കൂൾ ബസുകളുടെ ഫിറ്റ്നസ് ഉറപ്പാക്കുന്നതിന് പ്രത്യേക കർമ്മ പദ്ധതി ആവിഷ്കരിക്കുമോ; വിശദാംശം നൽകാമോ?

എല്ലാ അധ്യയന വർഷത്തിനും മുൻപായി സ്കൂൾ വിദ്യാർത്ഥികളെ കൊണ്ടുപോകുന്ന വാഹനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി വിദ്യാവാഹൻ ആപ്ലിക്കേഷന്റെ ഉപയോഗമുൾപ്പെടെ എല്ലാ സുരക്ഷാ

സംവിധാനങ്ങളും പരിശോധിച്ച് വാഹനങ്ങളുടെ ഫിറ്റ്നസ് സംബന്ധിച്ച് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തുകയും വാഹനങ്ങളുടെ ഫിറ്റ്നസ് ഉറപ്പുവരുത്തുകയും ചെയ്തുവരികയാണ്.

**വാഹനങ്ങളുടെ പുതുക്കിയ വേഗപരിധി**

307(2004) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എ.ഐ. ക്യാമറകൾ സ്ഥാപിച്ചതിനുശേഷം വാഹനാപകടങ്ങൾക്ക് കുറവുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

എ.ഐ. ക്യാമറകൾ സ്ഥാപിച്ചതിനുശേഷം വാഹനാപകടങ്ങളിൽ മുൻകാലത്തെ അപേക്ഷിച്ച് കുറവ് വന്നിട്ടുണ്ട്. 2023 ജൂൺ മാസത്തിലാണ് എ.ഐ. ക്യാമറകൾ പ്രവർത്തനക്ഷമമായത്. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം 2022 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെയും 2023 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെയും

അപകടങ്ങളുടെ എണ്ണം, മരണ നിരക്ക്, പരിക്കുകളുടെ എണ്ണം എന്നിവയുടെ വിശദാംശം അനുബന്ധമായി കൊടുത്തിരിക്കുന്നു.+

(ബി) പ്രസ്തുത ക്യാമറകൾ സ്ഥാപിച്ചതിനുശേഷം നാളിതുവരെ കണ്ടെത്തിയ ഗതാഗത നിയമ ലംഘനങ്ങൾ എത്രയാണെന്നും ഇതുവഴി എത്ര തുക പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ?

പ്രസ്തുത ക്യാമറകൾ സ്ഥാപിച്ചതിനുശേഷം 31-08-2023 വരെ 861069 നിയമലംഘനങ്ങൾക്ക് ചെലാൻ തയ്യാറാക്കിയിട്ടുണ്ട്. 55,20,50,750 രൂപ പിഴ ചുമത്തുകയും 6,95,45,750 രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(സി) എ.ഐ. ക്യാമറകൾ മുഖേന ഈടാക്കുന്ന പിഴ ഒടുക്കാനും ഇതുമായി ബന്ധപ്പെട്ട പരാതികൾ നൽകാനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

എ.ഐ. ക്യാമറകൾ വഴിയുള്ള പിഴത്തുക ഓൺലൈൻ സംവിധാനം വഴി ഒടുക്കാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട പരാതികൾ അതത് ജില്ലാ കൺട്രോൾ റൂമുകളിൽ നേരിട്ട് നൽകുകയോ ഇതിനുവേണ്ടി

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ സംവിധാനം വഴിയോ പരിഹരിക്കാവുന്നതാണ്.

(ഡി) ഹൈവേകളിൽ നിശ്ചയിച്ചിട്ടുള്ള വാഹനങ്ങളുടെ പുതുക്കിയ വേഗപരിധി പൊതുജനങ്ങളെ അറിയിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഹൈവേകളിൽ നിശ്ചയിച്ചിട്ടുള്ള വാഹനങ്ങളുടെ വേഗപരിധി സംബന്ധിച്ച് ആവശ്യമായ സൂചക ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ടവർ സ്വീകരിച്ചുവരുന്നു.

**എ.ഐ.ക്യാമറകൾ സ്ഥാപിച്ചതിനുശേഷമുള്ള മാറ്റങ്ങൾ**

308(2005) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എ.ഐ. ക്യാമറകൾ സ്ഥാപിച്ചതിനുശേഷം വാഹനാപകടങ്ങളും നിയമലംഘനങ്ങളും കുറഞ്ഞിട്ടുണ്ടോ; മുൻ വർഷങ്ങളെ അപേക്ഷിച്ച് ഇവ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് വിശദമാക്കാമോ?

എ.ഐ. ക്യാമറകൾ സ്ഥാപിച്ചതിനുശേഷം വാഹനാപകടങ്ങളിൽ മുൻകാലത്തെ അപേക്ഷിച്ച് കുറവ് വന്നിട്ടുണ്ട്. 2023 ജൂൺ മാസത്തിലാണ് എ.ഐ ക്യാമറകൾ പ്രവർത്തനക്ഷമമായത്. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്ക് പ്രകാരം 2022 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെയും 2023 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെയും അപകടങ്ങളുടെ എണ്ണം, മരണ നിരക്ക്, പരിക്കുകളുടെ എണ്ണം എന്നിവയുടെ വിശദാംശം അനുബന്ധമായി കൊടുത്തിരിക്കുന്നു.+

ടി ക്യാമറകൾ പ്രവർത്തനക്ഷമമായത് 2023 ജൂൺ മാസം മുതലായതിനാൽ ആയതുവഴി കണ്ടെത്തുന്ന നിയമ ലംഘനങ്ങളുടെ മുൻവർഷത്തെ കണക്കുമായുള്ള താരതമ്യം നിലവിൽ സാധ്യമല്ല.

**തളിപ്പറമ്പ് മണ്ഡലത്തിൽ സ്ഥാപിച്ചിട്ടുള്ള എ.ഐ. ക്യാമറകൾ**

309(2006) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തരൂർ നിയോജകമണ്ഡലത്തിൽ എത്ര എ.ഐ. ക്യാമറകളാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തരൂർ മണ്ഡലത്തിൽ ആകെ 6 എ.ഐ. ക്യാമറകളാണ് സ്ഥാപിച്ചിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1 | 426 - വടക്കാഞ്ചേരി |
| 2 | 428 - വാളിയോട് |
| 3 | 429 - മംഗലംപാലം |
| 4 | 432 - ആയക്കാട് |
| 5 | 446 - കൊട്ടായി |
| 6 | 456 - നെല്ല് കുത്താംകുളം |

**എ.ഐ. ക്യാമറകളുടെ പ്രവർത്തനം**

310(2007) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗതാഗത നിയമലംഘനങ്ങൾ കണ്ടെത്തുന്ന എ.ഐ. ക്യാമറകൾ പ്രവർത്തിച്ചുതുടങ്ങിയതോടെ സംസ്ഥാനത്ത് വാഹനാപകടങ്ങളുടെയും തുടർന്നുള്ള മരണനിരക്കിലും പരിക്കേൽക്കുന്നവരുടെ എണ്ണത്തിലും കുറവുണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

എ.ഐ. ക്യാമറകൾ സ്ഥാപിച്ചതിനുശേഷം വാഹനാപകടങ്ങളിൽ മുൻകാലത്തെ അപേക്ഷിച്ച് കുറവ് വന്നിട്ടുണ്ട്. 2023 ജൂൺ മാസത്തിലാണ് എ.ഐ. ക്യാമറകൾ പ്രവർത്തനക്ഷമമായത്. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ്

ബ്യൂറോയുടെ കണക്കുപ്രകാരം 2022 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെയും 2023 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെയും അപകടങ്ങളുടെ എണ്ണം, മരണ നിരക്ക്, പരിക്കുകളുടെ എണ്ണം എന്നിവയുടെ വിശദാംശം അനുബന്ധമായി കൊടുത്തിരിക്കുന്നു.+

**എ.ഐ. ക്യാമറകൾ സ്ഥാപിച്ചതിനുശേഷം അപകടങ്ങളിൽ ഉണ്ടായിട്ടുള്ള കുറവ്**

311(2008) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എ.ഐ. ക്യാമറകൾ സ്ഥാപിച്ചതിനുശേഷം റോഡ് അപകടങ്ങളിലും നിയമ ലംഘനത്തിലും കുറവ് വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ തൊട്ടുമുമ്പത്തെ വർഷത്തെ റോഡ് അപകടങ്ങളുടെയും നിയമലംഘനങ്ങളുടെയും കണക്കും ഈ വർഷത്തെ ഇതുവരെയുള്ള കണക്കും ലഭ്യമാക്കാമോ?

എ.ഐ. ക്യാമറകൾ സ്ഥാപിച്ചതിനുശേഷം വാഹനാപകടങ്ങളിൽ മുൻകാലത്തെ അപേക്ഷിച്ച് കുറവ് വന്നിട്ടുണ്ട്. 2023 ജൂൺ മാസത്തിലാണ് എ.ഐ. ക്യാമറകൾ പ്രവർത്തനക്ഷമമായത്. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബ്യൂറോയുടെ കണക്കുപ്രകാരം 2022 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെയും 2023 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെയും അപകടങ്ങളുടെ എണ്ണം, മരണ നിരക്ക്, പരിക്കുകളുടെ എണ്ണം എന്നിവയുടെ വിശദാംശം അനുബന്ധമായി കൊടുത്തിരിക്കുന്നു.+

ടി ക്യാമറകൾ പ്രവർത്തനക്ഷമമായത് 2023 ജൂൺ മാസം മുതലായതിനാൽ ആയതുവഴി കണ്ടെത്തുന്ന നിയമ ലംഘനങ്ങളുടെ മുൻവർഷത്തെ കണക്കുമായുള്ള താരതമ്യം നിലവിൽ സാധ്യമല്ല .

(ബി) കൂടുതൽ സ്ഥലങ്ങളിൽ എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

നിലവിൽ പരിഗണനയിലില്ല.

(സി) മോട്ടോർ വാഹന വകുപ്പിന് നികുതിയിനത്തിൽ എത്ര കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്; ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മോട്ടോർ വാഹന വകുപ്പിന്റെ ആകെ നികുതി കുടിശ്ശിക 2868.46 കോടി രൂപയാണ്. നികുതി കുടിശ്ശിക വരുത്തുന്ന വാഹന ഉടമകൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾവഴി കുടിശ്ശിക പിരിച്ചെടുക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. അതുപോലെതന്നെ നികുതി അടയ്ക്കാതെ നിരത്തിലോടുന്ന വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനും ഇത്തരം വാഹനങ്ങളിൽനിന്ന് നികുതി പിരിച്ചെടുക്കുന്നതിന് വാഹനങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിന് നടപടികൾ സ്വീകരിക്കുവാനും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മാത്രമല്ല വകുപ്പിൽ പിരിഞ്ഞുകിട്ടാൻ സാധ്യതയില്ലാത്ത നികുതി കുടിശ്ശികയിൽ ഒരു ഭാഗമെങ്കിലും ലഭ്യമാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിവരുന്നുണ്ട്. നികുതി കുടിശ്ശിക വരുത്തിയ ഒരു വാഹനവും നിരത്തിലോടുന്നില്ലെന്ന് ഉറപ്പുവരുത്താൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**സേഫ് കേരള പദ്ധതി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി**

312(2009) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിയുടെ ഭാഗമായി റോഡപകടങ്ങളും അതുവഴിയുള്ള ജീവഹാനിയും പരമാവധി കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കാമോ; ഇതിന്റെ ഭാഗമായി കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് അപകടങ്ങളിൽ കുറവ് വന്നിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

സേഫ് കേരള പദ്ധതി പ്രകാരം 2018 വർഷത്തിൽ 51 പുതിയ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ അനുവദിക്കുകയും നിലവിലുണ്ടായിരുന്ന 34 സ്ക്വാഡുകൾ ചേർത്ത് ആകെ 85 സ്ക്വാഡുകൾ 24 മണിക്കൂറും വാഹന പരിശോധന നടത്തിവരുന്നു. പ്രസ്തുത സ്ക്വാഡുകൾ വാഹന പരിശോധനയ്ക്കുപുറമേ റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക, റോഡ് അപകടങ്ങൾക്ക് കാരണമാകുന്ന വിഷയങ്ങൾ കണ്ടെത്തി ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ മുഖേന പരിഹാരം കാണൽ എന്നീ ചുമതലകൾകൂടി നിറവേറ്റുന്നു. പ്രസ്തുത വാഹന

പരിശോധനകൾക്കുപുറമെ 2020 വർഷത്തിൽ 726 എ.ഐ. ക്യാമറ സംവിധാനങ്ങൾ സ്ഥാപിക്കുകയും ആയത് 2023 ജൂൺ മാസം മുതൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. പ്രസ്തുത ക്യാമറകൾ മുഖേന കൂടുതലായി നിയമലംഘനങ്ങൾ കണ്ടെത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം 2022 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെയും 2023 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെയും അപകടങ്ങളുടെ എണ്ണം, മരണ നിരക്ക്, പരിക്കുകളുടെ എണ്ണം എന്നിവയുടെ വിശദാംശം അനുബന്ധമായി കൊടുത്തിരിക്കുന്നു.+

(ബി) ശാസ്ത്രീയവും ഫലപ്രദവുമായി നടപ്പാക്കുന്ന പരിഷ്കാരങ്ങൾ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദവിവരം നൽകാമോ?

നിലവിൽ പരിഗണനയിലില്ല.

**എ.ഐ. ക്യാമറകൾ സ്ഥാപിച്ചതിനുശേഷമുള്ള അപകടമരണങ്ങൾ**

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

313(2010) <u>ശ്രീ. കെ. ബാബു (നെന്മാറ):</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എ.ഐ. ക്യാമറകൾ സ്ഥാപിച്ചതിനുശേഷം അപകടമരണങ്ങൾ കുറഞ്ഞിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം നൽകുമോ?

എ.ഐ. ക്യാമറകൾ സ്ഥാപിച്ചതിനുശേഷം വാഹനാപകടങ്ങളിൽ മുൻകാലത്തെ അപേക്ഷിച്ച് കുറവുവന്നിട്ടുണ്ട്. 2023 ജൂൺ മാസത്തിലാണ് എ.ഐ ക്യാമറകൾ പ്രവർത്തനക്ഷമമായത്. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം 2022 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെയും 2023 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെയും അപകടങ്ങളുടെ എണ്ണം, മരണ നിരക്ക്, പരിക്കുകളുടെ എണ്ണം എന്നിവയുടെ വിശദാംശം അനുബന്ധമായി കൊടുത്തിരിക്കുന്നു.+

(ബി) സംസ്ഥാനത്ത് എത്ര എ.ഐ. ക്യാമറകളാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് 675 എ.ഐ. ക്യാമറകൾ, 25 പാർക്കിംഗ് വയലേഷൻ ഡിറ്റക്ഷൻ ക്യാമറകൾ, 18 റെഡ് ലൈറ്റ് വയലേഷൻ ഡിറ്റക്ഷൻ ക്യാമറകൾ, 4 സ്പീഡ് വയലേഷൻ ഡിറ്റക്ഷൻ ക്യാമറകൾ, 4 മൊബൈൽ സ്പീഡ് വയലേഷൻ ഡിറ്റക്ഷൻ ക്യാമറകൾ ഉൾപ്പെടെ ആകെ 726 ക്യാമറകളാണ് സേഫ് കേരള പദ്ധതിക്കുകീഴിൽ സ്ഥാപിച്ചിട്ടുള്ളത്.

**എ.ഐ. ക്യാമറകളിൽ പതിഞ്ഞ നിയമലംഘനങ്ങൾക്കുള്ള പിഴ**

314(2011) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എ.ഐ. ക്യാമറകൾ സ്ഥാപിച്ചതിനുശേഷം എത്ര നിയമ ലംഘനങ്ങളാണ് കണ്ടെത്തിയതെന്ന് വിശദമാക്കാമോ?

2023 ആഗസ്റ്റ് 31-വരെ ജനറേറ്റ് ചെയ്ത ചെലാൻ പ്രകാരം 861069 നിയമലംഘനങ്ങൾ കണ്ടത്തിയിട്ടുണ്ട്.

(ബി) നിയമ ലംഘനങ്ങളുടെ പിഴയിനത്തിൽ എത്ര തുകയാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

2023 അഗസ്റ്റ് 31 വരെ നിയമലംഘനങ്ങൾക്ക് 6,95,45,750/- രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്.

**വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി**

315(2012) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ റോഡുകളിൽ വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന്റെ/ഇല്ലാതാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

സംസ്ഥാനത്ത് വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു.+

**കേരള ഇൻലാൻഡ് വെസ്സൽസ് റൂൾസ്**

316(2013) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 2010- ലെ കേരള ഇൻലാൻഡ് വെസ്സൽസ് റൂൾസ് പ്രകാരം പ്രവർത്തിച്ചുവരുന്ന ജലഗതാഗത വകുപ്പ്, കേന്ദ്ര ഗവൺമെന്റ് ഇൻലാൻഡ് വെസ്സൽസ് ആക്ട് പാസാക്കിയ സാഹചര്യത്തിൽ ഏത് നിയമം അനുസരിച്ചാണ് നിലവിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന ജലഗതാഗത വകുപ്പ് 2010-ലെ കേരള ഇൻലാൻഡ് വെസ്സൽ റൂൾസ് പ്രകാരമാണ് പ്രവർത്തിച്ചുവരുന്നത്.

(ബി) കേന്ദ്ര ഇൻലാൻഡ് വെസ്സൽസ് ആക്ടിനെ പിന്തുടർന്ന് സർക്കാരിന് പ്രത്യേക വെസ്സൽസ് ആക്ട് ഉണ്ടാക്കാൻ തടസ്സമുണ്ടോയെന്ന് വിശദമാക്കുമോ?

1917-ലെ Inland Vessel Act, repeal ചെയ്തുകൊണ്ട് കേന്ദ്ര സർക്കാർ 2021-ലെ Inland Vessel Act പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത നിയമപ്രകാരം ഉൾനാടൻ ജലയാനങ്ങളുടെ രജിസ്ട്രേഷനും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും നടന്നുവരുന്നതുമാണ്. ടി ആക്ടിലെ വ്യവസ്ഥകൾക്ക് അനുസൃതമായി റൂൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടി തുറമുഖ വകുപ്പ് സ്വീകരിച്ചുവരുന്നു.

**ജലഗതാഗത സർവീസുകൾ**

317(2014) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഷ്ടമുടി കായലിൽ ജലഗതാഗത വകുപ്പ് നടത്തിവരുന്ന വിവിധ യാത്ര - ഫെറി സർവീസുകൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാന ജലഗതാഗത വകുപ്പ് കൊല്ലം മേഖലയിൽ 3 പാസഞ്ചർ ബോട്ടുകൾ, ഒരു ടൂറിസം ബോട്ട് എന്നിവ സർവീസ് നടത്തിവരുന്നു. കൊല്ലം-പ്ലാവറ, കൊല്ലം-കാവനാട്-കുരീപ്പുഴ-സാംബ്രാണിക്കോടി ഫെറി സർവീസ്, കൊല്ലം-പേഴംതുരുത്ത്, കൊല്ലം-സീ, അഷ്ടമുടി ടൂറിസ്റ്റ് സർവീസ് എന്നിങ്ങനെയാണ് പ്രസ്തുത 4 സർവീസുകൾ. രാവിലെ 05.30-ന് കൊല്ലത്തുനിന്നും ആരംഭിച്ച് വൈകുന്നേരം 08.30-ന് കൊല്ലത്ത് അവസാനിക്കുന്ന രീതിയിലാണ് കൊല്ലം-പ്ലാവറ സർവീസ് ക്രമീകരിച്ചിരിക്കുന്നത്. കൊല്ലം-പ്ലാവറ റൂട്ടിൽ ദിനംപ്രതി 18 ട്രിപ്പുകൾ നടത്തുന്നുണ്ട്. രാവിലെ 05.30-ന് കൊല്ലത്തുനിന്നും ആരംഭിച്ച് വൈകുന്നേരം 7.40-ന് കൊല്ലത്ത് അവസാനിക്കുന്ന രീതിയിലാണ് കൊല്ലം-കാവനാട്-

കുരീപ്പുഴ-സാംബ്രാണിക്കോടി ഫെറി സർവീസ് ക്രമീകരിച്ചിരിക്കുന്നത്. കൊല്ലം-കാവനാട്-കുരീപ്പുഴ-സാംബ്രാണിക്കോടി ഫെറി സർവീസിൽ ദിനംപ്രതി 20 ട്രിപ്പുകൾ നടത്തുന്നുണ്ട്. കൊല്ലം സ്റ്റേഷനിൽനിന്നും രാവിലെ 5 മണിക്ക് ആരംഭിച്ച് സാംബ്രാണിക്കോടി, അഷ്ടമുടി, പെരിങ്ങാലം, കോയിവിള, പെരുമൺ എന്നീ സ്ഥലങ്ങളിൽകൂടി 16 ട്രിപ്പുകൾ ചെയ്ത് തിരികെ 7.30-ന് കൊല്ലം സ്റ്റേഷനിൽ എത്തിച്ചേരുന്നു. കൊല്ലം സ്റ്റേഷനിൽനിന്നും രാവിലെ 11.00 മണിക്ക് പുറപ്പെടുന്ന ടൂറിസം സർവീസാണ് സീ അഷ്ടമുടി സർവീസ്. ടി ബോട്ടിന്റെ അപ്പർ ഡെക്കിൽ 30 പേർക്കും ലോവർ ഡെക്കിൽ 60 പേർക്കും ഒരേ സമയം യാത്രചെയ്യാൻ സാധിക്കും. അഷ്ടമുടിക്കായലിന്റെയും കണ്ടൽക്കാടുകൾ നിറഞ്ഞ മണൽത്തിട്ടകളുടെയും സൗന്ദര്യം വളരെ കുറഞ്ഞ ചെലവിൽ ആസ്വദിക്കുവാൻ ഈ സർവീസുമൂലം സാധിക്കുന്നു.

(ബി) സർവീസ് ബോട്ടുകൾ അറ്റകുറ്റ പണികൾക്കായി കൊണ്ടുപോകുമ്പോൾ പകരം സംവിധാനം ഏർപ്പെടുത്താത്തതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന യാത്രാ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

സർവീസ് ബോട്ടുകൾക്കുണ്ടാകുന്ന മൈനർ വർക്കുകൾ പരിഹരിക്കുന്നതിനായി മെക്കാനിക്കിന്റെ ചാർജ് നൽകി ഒരു ഉദ്യോഗസ്ഥനെ കൊല്ലം സ്റ്റേഷനിൽ നിയോഗിച്ചിട്ടുണ്ട്. മേജർ വർക്കുകൾക്കായി സർവീസ് ബോട്ടുകൾ കൊണ്ടുപോകുന്ന സമയങ്ങളിൽ പകരം ബോട്ട് ഏർപ്പെടുത്താത്തപക്ഷം നിലവിലുള്ള ബോട്ടുകൾ ഷെഡ്യൂൾ സമയക്രമം പുനഃക്രമീകരിച്ച് പരമാവധി സർവീസ് മുടക്കം ഒഴിവാക്കി പൊതുജനങ്ങൾക്കുണ്ടാകുന്ന യാത്രാ ബുദ്ധിമുട്ട് ഒഴിവാക്കുന്നുണ്ട്.

**ജലഗതാഗത വകുപ്പ് ജീവനക്കാരുടെ സ്പെഷ്യൽ റൂൾ പരിഷ്കരണം**

318(2015) <u>ശ്രീമതി സി. കെ. ആശ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിലെ സ്പെഷ്യൽ റൂൾ പരിഷ്കരണം സംബന്ധിച്ച നടപടിക്രമങ്ങൾ കഴിഞ്ഞ പത്ത് വർഷം കഴിഞ്ഞിട്ടും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്പെഷ്യൽ റൂൾ പരിഷ്കരണം ഏത് ഘട്ടം വരെയായി എന്നും അത് എന്നത്തേയ്ക്ക് നടപ്പാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

(എ&ബി) സ്പെഷ്യൽ റൂൾ സംബന്ധിച്ച കരട് വിജ്ഞാപനം ഭേദഗതികളോടെ കേരള പബ്ലിക് സർവീസ് കമ്മീഷൻ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ കേരള ഇൻലാൻഡ് വെസ്സൽ റൂൾ 2010 നിഷ്കർഷിക്കുന്ന ബോട്ട് മാസ്റ്റേഴ്സ് ലൈസൻസ് കേരള മാരിടൈം ബോർഡ് നിലവിൽ അനുവദിക്കാത്തതിനാൽ ടി ലൈസൻസ് യോഗ്യതയായി ഉൾപ്പെടുത്തിയിട്ടുള്ള തസ്തികകളിൽനിന്നും ആയത് ഒഴിവാക്കുന്നത് സംബന്ധിച്ച് കേരള പബ്ലിക് സർവീസ് കമ്മീഷന്റെ അഭിപ്രായം സർക്കാർ തേടിയിരിക്കുകയാണ്. ടി അഭിപ്രായം ലഭ്യമായശേഷം കേരള പബ്ലിക് സർവീസ് കമ്മീഷൻ അംഗീകരിച്ച ഭേദഗതികൾ ഉൾപ്പെടുത്തിയുള്ള വിജ്ഞാപനത്തിന്റെ കരട് ബന്ധപ്പെട്ട നിയമസഭാ സബ്ജക്ട് കമ്മിറ്റിക്ക് സമർപ്പിക്കുന്നതാണ്. നിയമസഭാ സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലായിരിക്കും പ്രസ്തുത സ്പെഷ്യൽ റൂളിന് അന്തിമ രൂപം നൽകുന്നത്.

**എ.ബി.സി. ചട്ട ഭേദഗതി**

319(2016) ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്:

ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പുറപ്പെടുവിച്ച അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി.) ചട്ട ഭേദഗതി സംസ്ഥാനത്ത് പുതിയ തെരുവുനായ വന്ധ്യംകരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. 2023-ൽ ഭേദഗതി ചെയ്ത എ.ബി.സി. റൂൾ പ്രകാരം ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ അധികമായി ഓരോ എ.ബി.സി. കേന്ദ്രങ്ങളും പാലിക്കേണ്ടതുണ്ട്.

1. ഓരോ എ.ബി.സി. കേന്ദ്രവും പ്രവർത്തിക്കുന്നതിനാവശ്യമായ Project Recognition അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇൻഡ്യയിൽനിന്ന് നേടേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന എ.ബി.സി. പദ്ധതികൾ, പുതുക്കിയ എ.ബി.സി. റൂൾ പ്രകാരം

അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇൻഡ്യയുടെ കീഴിലുള്ള Project Recognition Committee-യുടെ അംഗീകാരത്തോടുകൂടി മാത്രമേ നടപ്പിലാക്കാൻ കഴിയൂ. Project Recognition Committee-യുടെ അംഗീകാരമില്ലാതെ ഒരു തദ്ദേശ സ്വയംഭരണസ്ഥാപനവും എ.ബി.സി. പദ്ധതി ഏറ്റെടുക്കാൻ പാടുള്ളതല്ലെന്ന് പുതുക്കിയ എ.ബി.സി. റൂളിൽ നിഷ്കർഷിച്ചിട്ടുണ്ട്. നിലവിലുള്ള എ.ബി.സി. സെന്ററുകളിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി അനിമൽ വെൽഫെയർ ബോർഡിന്റെ Project Recognition Certificate ലഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

2. ഒരു എ.ബി.സി. കേന്ദ്രത്തിൽ എ.ബി.സി. ചെയ്യുന്നതിനായി നിയോഗിക്കപ്പെടുന്ന ഡോക്ടർമാരിൽ ഒരാൾ 2000 എ.ബി.സി. സർജറികൾ ചെയ്തിട്ടുണ്ടായിരിക്കണം.

3. സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും പദ്ധതി മോണിറ്റർ ചെയ്യുന്നതിന് പുതിയ കമ്മിറ്റികൾ ചട്ട പ്രകാരം രൂപീകരിക്കണം.

4. സി.സി.ടി.വി., ഇൻസിനറേറ്റർ എന്നിവ അടക്കമുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും എ.ബി.സി. സെന്ററിൽ ക്രമീകരിക്കണം.

ഭേദഗതി ചെയ്ത എ.ബി.സി. റൂളിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ചട്ടപ്രകാരം നിശ്ചിത എണ്ണം വന്ധ്യംകരണ ശസ്ത്രക്രിയ നടത്തിയ ഡോക്ടർമാരെ മാത്രമേ വന്ധ്യംകരണ കേന്ദ്രങ്ങളിൽ നിയമിക്കാവൂ എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. 2023-ലെ ഭേദഗതി ചെയ്ത എ.ബി.സി. റൂൾ പ്രകാരം ഒരു എ.ബി.സി. കേന്ദ്രത്തിൽ എ.ബി.സി. ചെയ്യുന്നതിനായി നിയോഗിക്കപ്പെടുന്ന ഡോക്ടർമാരിൽ ഒരാൾ 2000 എ.ബി.സി. സർജറികൾ ചെയ്തിട്ടുണ്ടായിരിക്കണം.

(സി) പുതിയ എ.ബി.സി. സെന്ററുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ഓരോ ജില്ലയിലും എ.ബി.സി. പദ്ധതി ആരംഭിക്കുന്നതിനുള്ള കേന്ദ്രങ്ങൾ ജില്ലകളിൽ കണ്ടെത്തുന്നതിന് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത കേന്ദ്രങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയാണെന്നും ആയതിന് ആവശ്യമായ തുക ജില്ലാ

പഞ്ചായത്തിന്റെ വിഹിതത്തിലുൾപ്പെടുത്താൻവേണ്ട നടപടികൾ കൈക്കൊള്ളാനും ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നിർദ്ദേശം നൽകി. ഈ വിഷയത്തിൽ പുരോഗതി വിലയിരുത്തി തുടർനടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണം, ആരോഗ്യം, മൃഗസംരക്ഷണം എന്നീ വകുപ്പ് മന്ത്രിമാരുടേയും ഉന്നത ഉദ്യോഗസ്ഥരുടേയും യോഗം കൂടുകയും തുടർനടപടികൾ സമയബന്ധിതമായി കൈക്കൊള്ളുന്നതിന് തീരുമാനിക്കുകയും ചെയ്തു. സംസ്ഥാനത്ത് 45 എ.ബി.സി. സെന്ററുകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**പാറശ്ശാല ആട്ടുവളർത്തൽ കേന്ദ്രത്തിന്റെ ഉന്നമനത്തിനായുള്ള നടപടികൾ**

320(2017) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല ആട്ടുവളർത്തൽ കേന്ദ്രം സെന്റർ ഓഫ് എക്സലൻസായി ഉയർത്തുന്ന നടപടികളുടെ പുരോഗതി അറിയിക്കാമോ?

പാറശ്ശാല സർക്കാർ ആട്ടുവളർത്തൽ കേന്ദ്രം Centre of Excellence ആയി ഉയർത്തുന്ന നടപടികളുടെ ഭാഗമായി ഒന്നാം ഘട്ട പ്രവർത്തനമായി

700 ആടുകളെ പരിപാലിക്കാവുന്ന ഷെഡ്ഡിന്റെ സിവിൽ വർക്ക് പൂർത്തീകരിച്ചുകഴിഞ്ഞിട്ടുണ്ട്. നിലവിൽ ലഭ്യമായ സ്ഥലങ്ങളിൽ തീറ്റപ്പുൽ കൃഷിക്കാവശ്യമായ നിലമൊരുക്കി ജലസേചന സൗകര്യങ്ങളും ചെയ്തിട്ടുണ്ട്. Centre of Excellence ആക്കുന്നതിന്റെ ഭാഗമായി ഒരു വെറ്ററിനറി സർജൻ, ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, ഒരു ടൈപ്പിസ്റ്റ്, ഏഴ് സ്ഥിരം തൊഴിലാളികളുടെ തസ്തിക എന്നിവ അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള ആട്ടിൻ കൂടുകളും ആഫീസ് മന്ദിരവും നവീകരിച്ചിട്ടുണ്ട്. പുതുതായി വാങ്ങുന്ന ആടുകൾക്കായി ഒരു ക്വാറന്റീൻ ഷെഡ് നിർമ്മിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയിട്ടുള്ള പ്രവൃത്തികൾ, നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ എന്നിവ ഏതൊക്കെയാണ്; എത്ര തുക ആയതിലേയ്ക്കായി അനുവദിച്ചിട്ടുണ്ടെന്നുള്ള വിവരം വിശദമാക്കാമോ?

1. കെട്ടിടനിർമ്മാണത്തിനായി 1,61,27,144/- രൂപ ചെലവഴിച്ചിട്ടുണ്ട്. തീറ്റപ്പുൽ കൃഷിക്കായി 7,55,736/- രൂപ NLM ഫണ്ടുവഴി ചെലവഴിച്ചിട്ടുണ്ട്. നിലവിലെ ഫ്ലോർ സ്പെയ്സ് നിറയ്ക്കുന്നതിനായി 192 ആടുകളെക്കൂടി വാങ്ങുന്നതിനുവേണ്ടി സംസ്ഥാന പ്ലാൻ ഫണ്ടിൽനിന്നും 20 ലക്ഷം രൂപ

അനുവദിച്ചിട്ടുണ്ട്. 37,80,000/- രൂപയുടെ റീടെയ്നിംഗ് വാളും, ഡ്രെയിനേജും പണിയാനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ശാസ്ത്രീയമായ രീതിയിൽ ഡംഗ് പിറ്റിന്റേയും സ്ലറി ടാങ്കിന്റേയും നിർമ്മാണത്തിനായി 22,60,000/- രൂപയുടെ പണി പുരോഗമിച്ചുവരികയാണ്. തീറ്റപ്പുൽ കൃഷിക്കായി 105 സെന്റ് ഭൂമി റവന്യൂ വകുപ്പിൽനിന്നും മൃഗസംരക്ഷണ വകുപ്പിലേയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

2. രണ്ടാം ഘട്ട പ്രവൃത്തികളായി ആടുകൾക്കായുള്ള ഷെഡ്ഡിന്റെ സ്ലേറ്റഡ് ഫ്ലോറിംഗ്, ഇലക്ട്രിഫിക്കേഷൻ, പെയിന്റിംഗ്, പ്ലമ്പിംഗ്, മറ്റ് അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ പൂർത്തീകരിക്കേണ്ടതുണ്ട്.

3. കെട്ടിടം പണിയുന്നതിനായി 2.25 കോടി രൂപയും തീറ്റപ്പുൽ കൃഷിക്കായി 10 ലക്ഷം രൂപയും IT ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിനുവേണ്ടി 15 ലക്ഷം രൂപയും കെട്ടിടം പണി പൂർത്തിയാകുന്നമുറയ്ക്ക് ആടുകളെ വാങ്ങുന്നതിനുവേണ്ടി 70 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പുതലത്തിൽ പുരോഗമിക്കുകയാണ്.

**മാതൃകാ മൃഗസംരക്ഷണ ഗ്രാമം പദ്ധതി**

321(2018) <u>ശ്രീമതി ശാന്തകുമാരി കെ.:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃകാ മൃഗസംരക്ഷണ ഗ്രാമം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

ഓരോ ജില്ലയിലെയും ഒരു ഗ്രാമപഞ്ചായത്തിനെ മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ മാതൃകാ പഞ്ചായത്തായി തെരഞ്ഞെടുക്കുകയും ഇപ്രകാരം തെരഞ്ഞെടുത്ത ഓരോ പഞ്ചായത്തിലും പ്രാദേശിക ആവശ്യങ്ങളും പ്രദേശത്തിന്റെ സാധ്യതകളും അടിസ്ഥാനമാക്കി

മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾ ആവിഷ്കരിച്ചുവരികയും ചെയ്യുന്നു. ഇപ്രകാരം സംസ്ഥാനത്തൊട്ടാകെ 14 പഞ്ചായത്തുകൾ തെരഞ്ഞെടുത്ത് ഗ്രാമം ഒന്നിന് 5 ലക്ഷം രൂപ അനുവദിച്ച് പദ്ധതി നടപ്പാക്കിവരുന്നു. ജില്ലാ മൃഗസംരക്ഷണ ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ (എ.എച്ച്), ചീഫ് വെറ്ററിനറി ഓഫീസർ എന്നിവരടങ്ങുന്ന സമിതി ജില്ലാതലത്തിൽ പദ്ധതിക്ക് അംഗീകാരം നൽകുന്നു. മൃഗസംരക്ഷണ മേഖലയുടെ സമഗ്രമായ വികസനവും കർഷകരുടെ വരുമാന വർദ്ധനയും ലക്ഷ്യമാക്കിയാണ് പദ്ധതി നടപ്പാക്കുന്നത്.

(ബി) എത്ര ഗ്രാമപഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി നാളിതുവരെ നടപ്പാക്കിയിട്ടുണ്ട്; ഇതിനായി എത്ര തുക വിനിയോഗിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 28 ഗ്രാമപഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി നാളിതുവരെ നടപ്പാക്കിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി 138.724 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പദ്ധതി കൂടുതൽ കേന്ദ്രങ്ങളിൽ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

2023-24 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി തുക വകയിരുത്തിയിട്ടില്ല. പ്രസ്തുത പദ്ധതി കൂടുതൽ കേന്ദ്രങ്ങളിൽ നടപ്പാക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

**കേരള ഫീഡ്സ് ലിമിറ്റഡിനെ ലാഭകരമാക്കാൻ നടപടി**

322(2019) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിലെ കേരള ഫീഡ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ അസംസ്കൃത സാധനങ്ങൾ വിലകുറച്ച് വാങ്ങുന്നതിനും പർച്ചേസിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനുമായി സമഗ്രവും ശാസ്ത്രീയവുമായ പർച്ചേസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

കേരള ഫീഡ്സ് ലിമിറ്റഡ്, കാലിത്തീറ്റ നിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ 95 ശതമാനവും

കേരളത്തിന് പുറത്തുനിന്നാണ് ലഭിക്കുന്നത്. ഈ അസംസ്കൃത വസ്തുക്കൾ എല്ലാംതന്നെ കാർഷിക ഉൽപ്പന്നങ്ങളോ ഉപോൽപ്പന്നങ്ങളോ ആണ്. ആയതുകൊണ്ട് കാലാനുസൃതമായും കാലാവസ്ഥ വ്യതിയാനങ്ങൾക്കനുസരിച്ചും ഇറക്കുമതി, കയറ്റുമതി നയം, സർക്കാർ നിയന്ത്രണങ്ങൾ മുതലായവയെ ആശ്രയിച്ചാണ് അസംസ്കൃത വസ്തുക്കളുടെ വില നിർണ്ണയിക്കപ്പെടുന്നത്. മാനേജിംഗ് ഡയറക്ടർ ചെയർമാനായും പർച്ചേസ്, ഫിനാൻസ്, ക്വാളിറ്റി കൺട്രോൾ, പ്രൊഡക്ഷൻ, മെറ്റീരിയൽസ്, മാർക്കറ്റിംഗ്, ഇ.ഡി.പി, കമ്പനി അഫയേഴ്സ് യൂണിറ്റ് തലവന്മാരും വകുപ്പുമേധാവികളും ഉൾപ്പെട്ട ഒരു പർച്ചേസ് കമ്മിറ്റി കമ്പനിയിൽ രൂപീകരിച്ചിട്ടുണ്ട്. കമ്പനി അസംസ്കൃത വസ്തുക്കൾ ശേഖരിക്കുന്നതിനായി കേരള ഗവൺമെന്റിന്റെ ഇ-ടെണ്ടർ പോർട്ടൽ വഴിയാണ് ഇ-ടെണ്ടർ കം ഇ-ഓക്ഷൻ പ്രസിദ്ധീകരിക്കുന്നത്. ഇതുകൂടാതെ NCDFI (നാഷണൽ കോ ഓപ്പറേറ്റീവ് ഡയറി ഫെഡറേഷൻ ഓഫ് ഇന്ത്യ) വഴിയും E-Auction നടത്തുന്നു. ഇ-ടെണ്ടർ കഴിഞ്ഞതിനുശേഷം E-Auction (ഇ-ലേലം) ആരംഭിക്കുന്നു. കേരള ടെണ്ടറിന്റെയും NCDFI-യുടെയും ഇ-ടെണ്ടർ നിരക്കുകൾ

താരതമ്യം ചെയ്ത് ഒരു പട്ടിക തയ്യാറാക്കുന്നു. വിശദമായ ചർച്ചകൾ പർച്ചേസ് കമ്മിറ്റി നടത്തിയതിനുശേഷം കുറഞ്ഞ നിരക്ക് നൽകിയ വിതരണക്കാർക്ക് പർച്ചേസ് ഉത്തരവ് നൽകുന്നു. അസംസ്കൃത വസ്തുക്കളുടെ വില കമ്പനിയുടെ ലാഭക്ഷമതയിൽ ഒരു പ്രധാന പങ്കുവഹിക്കുന്നു. അതിനാൽ ശരിയായ സമയത്ത് ഏറ്റവും മികച്ചതും ഗുണനിലവാരമുള്ളതുമായ ഉൽപ്പന്നങ്ങൾ വാങ്ങുകയെന്നതാണ് കമ്പനിയുടെ സുപ്രധാന ലക്ഷ്യം.

(ബി) സ്ഥാപനത്തിലെ ട്രാൻസ്പോർട്ടിംഗ് ടെണ്ടർ അടിസ്ഥാനത്തിൽ നൽകിയും വെയ്സ്റ്റേജ് പരമാവധി ഒഴിവാക്കിയും റിട്ടയർ ചെയ്ത ഒഴിവുകളിലേയ്ക്ക് നിയമനങ്ങൾ നടത്തിയും പ്രസ്തുത സ്ഥാപനത്തെ ലാഭകരമാക്കിക്കൊണ്ട് സ്വകാര്യ കാലിത്തീറ്റ സ്ഥാപനങ്ങളേക്കാൾ വിലകുറഞ്ഞതും ഗുണമേന്മ ഉറപ്പുവരുത്തിയതുമായ കാലിത്തീറ്റ നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

കേരള സർക്കാരിന്റെ ഇ-ടെണ്ടർ പോർട്ടൽ മുഖേന ടെണ്ടർ ക്ഷണിച്ചുകൊണ്ടാണ് കാലിത്തീറ്റ വിതരണത്തിനുള്ള ഏജൻസിയെ കമ്പനി നിശ്ചയിക്കുന്നത്. തികച്ചും സുതാര്യമായ പ്രസ്തുത ടെണ്ടർ നടപടിവഴി

പരമാവധി കുറഞ്ഞ നിരക്കിനാണ് ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ട് നൽകിയിട്ടുള്ളത്. കമ്പനിയുടെ സൊസൈറ്റി ഡീലേഴ്സിനും സ്വകാര്യ ഡീലർമാർക്കും വിവിധ ഗവൺമെന്റ് ഏജൻസികൾക്കും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിനും സമയാനുസൃതം കാലിത്തീറ്റ എത്തിച്ചുനൽകാൻ പ്രസ്തുത ട്രാൻസ്പോർട്ട് കോൺട്രാക്ട് മുഖേന കമ്പനിക്ക് സാധിക്കുന്നു. കമ്പനിയുടെ സ്ഥിരം തസ്തികകളിൽ ഒഴിവുള്ളവ നികത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ഏറ്റവും നൂതനമായ സാങ്കേതികവിദ്യ പിന്തുടരുക വഴി ഉൽപ്പാദന നഷ്ടം (Production Loss) പരമാവധി കുറയ്ക്കുന്നതിനുള്ള സാധ്യമായ എല്ലാ ശ്രമങ്ങളും കമ്പനി കൈക്കൊള്ളുന്നുണ്ട്.

അസംസ്കൃത പദാർത്ഥങ്ങളുടെ അനിയന്ത്രിതമായ വിലവർദ്ധനയ്ക്കിടയിലും ഗുണമേന്മയുള്ള കാലിത്തീറ്റ പരമാവധി വില കുറച്ച് ക്ഷീരകർഷകർക്ക് ലഭ്യമാക്കണമെന്ന സർക്കാർ നയത്തിനനുസൃതമായി പ്രവർത്തിക്കുന്നതിനാലാണ് നഷ്ടം സഹിച്ചും പരമാവധി കുറഞ്ഞ വിലയ്ക്ക് ക്ഷീരകർഷകർക്ക് കാലിത്തീറ്റ ലഭ്യമാക്കുന്നത്.

**നാടൻ ഇനം പശുക്കളെ സംരക്ഷിക്കുന്നതിന് പ്രത്യേക പാക്കേജ്**

323(2020) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാടൻ പശു ഇനങ്ങളെ വളർത്തുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2019-20 വർഷത്തെ അപേക്ഷിച്ച് 2020-21-ൽ കേരളത്തിലെ നാടൻ പശുക്കളുടെ എണ്ണത്തിൽ നേരിയ കുറവ് മാത്രമാണുണ്ടായിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ രാഷ്ട്രീയ ഗോകുൽ മിഷൻ പദ്ധതിയിൽ വെച്ചൂർ, സഹിവാൾ എന്നീ ജനുസ്സുകളിലെ കന്നുകാലികളുടെ വംശവർദ്ധനയ്ക്കായി ഭ്രൂണമാറ്റ സാങ്കേതികവിദ്യ ഉപയോഗിച്ചുവരുന്നുണ്ട്. അതിൻപ്രകാരം ഇതുവരെ 32 സഹിവാൾ കിടാങ്ങളെയും 9 വെച്ചൂർ കിടാങ്ങളെയും കെ.എൽ.ഡി ബോർഡിന്റെ മാട്ടുപ്പെട്ടി ഫാമിൽ ഉൽപ്പാദിപ്പിച്ചു. ഇതിനുപുറമെ IVF സാങ്കേതികവിദ്യ ഉപയോഗിച്ച്

ലോകത്തിലാദ്യമായി ഗാഢശീതീകരിച്ച വെച്ചൂർ ഭ്രൂണത്തിൽനിന്ന് അഭിമന്യൂ എന്ന കാളക്കിടാവിനെ മാട്ടുപ്പെട്ടി ഫാമിൽ സൃഷ്ടിച്ചെടുക്കുകയും ചെയ്തു.

(ബി) നാടൻ ഇനം പശുക്കളെ സംരക്ഷിക്കുന്നതിന് പ്രത്യേക പാക്കേജ് ആവിഷ്കരിക്കുമോ; വിശദമാക്കുമോ?

കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാലയുടെ കീഴിൽ മണ്ണുത്തിയിലുള്ള വെച്ചൂർ ഫാമിൽ 200 വെച്ചൂർ പശുക്കളേയും 25 കാസർഗോഡ് കുള്ളൻ പശുക്കളേയും സംരക്ഷിക്കുന്നുണ്ട്. സർവകലാശാലയുടെ കീഴിൽ പൂക്കോട് (വയനാട്), തിരുവിഴാംകുന്ന് (പാലക്കാട്), തുമ്പൂർമുഴി (തൃശ്ശൂർ) എന്നീ കേന്ദ്രങ്ങളിലും വെച്ചൂർ പശുക്കളെ സംരക്ഷിച്ചുവരുന്നുണ്ട്. ഈ കേന്ദ്രങ്ങളിൽനിന്നെല്ലാം കർഷകർക്ക് പശുക്കളെ നൽകിവരുന്നു. കൂടാതെ നാഷണൽ ഗോകുൽ മിഷൻ പദ്ധതിയിലുൾപ്പെടുത്തി കേരളത്തിലെ വെച്ചൂർ, കാസർഗോഡ് കുള്ളൻ എന്നീ ജനുസ്സുകളുടെ ജനിതക മേൻമ വർദ്ധിപ്പിക്കുന്നതിനുള്ള ഒരു കോടി രൂപയുടെ പദ്ധതിക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ഗുണമേന്മയുള്ള ബീജം കർഷകർ വളർത്തുന്ന വെച്ചൂർ, കാസർഗോഡ് കുള്ളൻ പശുക്കളുടെ

ബീജാധാനത്തിന് ലഭ്യമാക്കുന്നതും ഉൽപ്പാദനക്ഷമത കൂടിയ പശുക്കളെ ജനിതക സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് വർഗ്ഗോദ്ധാരണം നടത്തി പശുക്കിടാങ്ങളെ കർഷകർക്ക് ലഭ്യമാക്കുന്നതായിരിക്കും.

(സി) വെച്ചൂർ, കാസർഗോഡ് കുള്ളൻ തുടങ്ങിയ ഇനങ്ങളെ ആവശ്യാനുസരണം കർഷകർക്ക് ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

വെച്ചൂർ, കാസർഗോഡ് കുള്ളൻ എന്നിവയുടെ ഗാഢശീതീകരിച്ച ബീജമാത്രകൾ അതത് ഇനത്തിലെ പശുക്കളെ കൃത്രിമ ബീജധാനം നടത്താൻ കെ.എൽ.ഡി. ബോർഡ് ലഭ്യമാക്കിയിട്ടുണ്ട്.

**വളർത്തുമൃഗങ്ങളുടെ ഗുണനിലവാരം**

324(2021) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിവിധ പദ്ധതികൾ ഉപയോഗിച്ച് അന്യസംസ്ഥാനത്തുനിന്നും വാങ്ങുന്ന കിടാരികളുടെയും കറവപ്പശുക്കളുടേയും ആരോഗ്യ നിലവാരം ഉറപ്പാക്കുന്നതിന് നിലവിൽ സംവിധാനം ഇല്ലാത്തതിനാൽ ഇപ്രകാരം വാങ്ങുന്ന കിടാരികളും കറവപ്പശുക്കളും കുറച്ചുദിവസം കഴിയുമ്പോൾ അസുഖം പിടിപെട്ട് ക്ഷീരകർഷകർക്ക് വലിയ നഷ്ടങ്ങളുണ്ടാവുന്നത് പരിഹരിക്കുന്നതിന് സർക്കാർതലത്തിൽ നല്ല കിടാരികളെയും കറവപ്പശുക്കളെയും വാങ്ങിക്കൊടുക്കുന്നതിനുള്ള വിദഗ്ദ്ധ സമിതി രൂപീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കാമോ?

സർക്കാരിന്റെ വിവിധ പദ്ധതികൾ ഉപയോഗിച്ച് അന്യസംസ്ഥാനത്തുനിന്നും വാങ്ങുന്ന കിടാരികളുടെയും കറവപ്പശുക്കളുടെയും ആരോഗ്യ നിലവാരം ഉറപ്പാക്കുന്നതിന് നിലവിൽ സംസ്ഥാന അതിർത്തികളിലുള്ള തെരഞ്ഞെടുക്കപ്പെട്ട ക്ഷീര സംഘങ്ങൾ മുഖേന ക്വാറന്റൈൻ സെന്റേഴ്സ് സർക്കാരിന്റെ ധനസഹായത്തോടെ ആരംഭിച്ചിട്ടുണ്ട്. അന്യസംസ്ഥാനത്തുനിന്ന് കൊണ്ടുവരുന്ന ഉരുക്കളെ ക്വാറന്റൈൻ സെന്ററുകളിൽ നിശ്ചിതകാലം പാർപ്പിച്ച് ആരോഗ്യപ്രശ്നങ്ങൾ ഒന്നുമില്ലെന്ന്

ഉറപ്പുവരുത്തിയതിനുശേഷം മാത്രമാണ് കേരളത്തിലുള്ള ഫാമുകളിലേയ്ക്ക് നൽകുന്നത്. കൂടാതെ പശുക്കളേയും കിടാരികളേയും വാങ്ങുന്നതിന് ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഉൾപ്പെടുന്ന വിദഗ്ധ സമിതി ബ്ലോക്കുതലത്തിൽ രൂപീകരിച്ചിട്ടുണ്ട്.

(ബി) കാലിത്തീറ്റയുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് പ്രാദേശിക ക്ഷീര സംഘങ്ങളിലെ അംഗങ്ങൾക്ക് ഗുണനിലവാരമുള്ളതും ചെലവുകുറഞ്ഞതുമായ കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്നതിനും പാൽ ഉപയോഗിച്ചുകൊണ്ടുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണരീതിയും പരിശീലിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ക്ഷീരവികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന 6 ക്ഷീരപരിശീലന കേന്ദ്രങ്ങൾ മുഖേന ഗുണനിലവാരമുള്ളതും ചെലവുകുറഞ്ഞതുമായ കാലിത്തീറ്റ ഉൽപ്പാദനവും പാൽ ഉപയോഗിച്ചുകൊണ്ടുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണരീതിയും പരിശീലിപ്പിച്ചുവരുന്നു.

**കുളമ്പുരോഗവും പ്രതിരോധ നടപടികളും**

325(2022) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർക്ക് ഭീഷണിയാകുന്ന കുളമ്പുരോഗ വൈറസിന്റെ സാന്നിധ്യം കണ്ണൂർ ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

കണ്ണൂർ ജില്ലയിൽ പഞ്ചായത്തുകളിൽ/മുനിസിപ്പാലിറ്റികളിൽ 2023-ൽ 09-08-2023 വരെ 34 പഞ്ചായത്തുകളിലാണ് കുളമ്പരോഗ സമാന ലക്ഷണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ചെങ്ങളായ്, ചെറുതാഴം, ശ്രീകണ്ഠപുരം, പയ്യന്നൂർ, മാടായി, ചിറയ്ക്കൽ, കണ്ണൂർ, ചെറുപുഴ, മാട്ടൂൽ, കരിവെള്ളൂർ, പെരളം, പിണറായി, പള്ളിക്കുന്ന്, കുഞ്ഞിമംഗലം, തൃപ്പങ്ങോട്ടൂർ, കടന്നപ്പള്ളി, പാണപ്പുഴ, ചൊക്ലി, നാറാത്ത്, തളിപ്പറമ്പ്, അഴീക്കോട്, പായം, പടിയൂർ, കീഴൂർ, ചാവശ്ശേരി, പൂഴാതി, കാങ്കോൽ, അലപടമ്പാ, പരിയാരം, പെരിങ്ങളം, കേളകം, എളയാവൂർ, മുഴപ്പിലങ്ങാട്, മുഴക്കുന്ന്, കണ്ണപുരം, അയ്യങ്കുന്ന്, ഏഴോം, നടുവിൽ പഞ്ചായത്തുകളിലാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ബി) ഇത് കാര്യക്ഷമമായി നേരിടുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

രോഗം റിപ്പോർട്ട് ചെയ്യപ്പെട്ട സ്ഥലങ്ങളിൽ ഒരു കിലോമീറ്റർ ചുറ്റളവിനുപുറത്ത് 5 KM ചുറ്റളവിനകത്ത് കേന്ദ്ര നിർദ്ദേശപ്രകാരം റിംഗ് വാക്സിനേഷൻ നടത്തുന്നുണ്ട്. കണ്ണൂർ ജില്ലയിൽ 09-08-2023 വരെ 2559 വാക്സിനേഷൻ നൽകിയിട്ടുണ്ട്.

**കുട്ടനാട്ടിലെ താറാവ് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

326(2023) ശ്രീ തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിക്കടിയുണ്ടാകുന്ന പക്ഷിപ്പനിമൂലം കുട്ടനാട്ടിലെ താറാവ് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

പക്ഷിപ്പനിയുമായി ബന്ധപ്പെട്ട വിഷയത്തിൽ താറാവ് കർഷകർക്കാവശ്യമായ ബോധവൽക്കരണം മൃഗസംരക്ഷണ വകുപ്പ്

നൽകിവരുന്നു. പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് മരണപ്പെട്ടവയ്ക്കും 'കൾ' ചെയ്ത താറാവ്/കോഴി എന്നിവയ്ക്കും നശിപ്പിച്ച മുട്ടയ്ക്കും നഷ്ടപരിഹാരം നൽകിവരുന്നു. പക്ഷിപ്പനി തടയുന്നതിന് കേന്ദ്രസർക്കാർ പുറപ്പെടുവിക്കുന്ന ആക്ഷൻ പ്ലാൻ പ്രകാരം എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) പക്ഷിപ്പനിമൂലം കർഷകർക്കുണ്ടാകുന്ന നഷ്ടം നികത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

പക്ഷിപ്പനിമൂലം കർഷകർക്കുണ്ടാകുന്ന നഷ്ടം നികത്തുന്നതിന് സംസ്ഥാന സർക്കാർ നഷ്ടപരിഹാരം നൽകിവരുന്നു. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽനിന്നും ഉയർന്ന നിരക്കിലാണ് സംസ്ഥാന സർക്കാർ നഷ്ടപരിഹാരം നൽകിവരുന്നത്. സംസ്ഥാനത്ത് പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് മരണപ്പെട്ടവയ്ക്കും 'കൾ' ചെയ്ത താറാവ്/കോഴി എന്നിവയ്ക്കും നശിപ്പിച്ച മുട്ടയ്ക്കും നഷ്ടപരിഹാരം നൽകിവരുന്നു. കേന്ദ്ര ഗവൺമെന്റ് വിഹിതം കാത്തുനിൽക്കാതെ മൃഗസംരക്ഷണ വകുപ്പിനുകീഴിലുള്ള ജന്തു രോഗ നിയന്ത്രണ പദ്ധതിയുടെ കോർപ്പസ്

ഫണ്ടിൽനിന്നുമാണ് സംസ്ഥാന സർക്കാർ നാളിതുവരെ നഷ്ടപരിഹാരം നൽകിവരുന്നത്.

(സി) നഷ്ടപരിഹാരം ലഭിക്കാനുള്ള മുഴുവൻ താറാവ് കർഷകർക്കും സമയബന്ധിതമായി ആയത് നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

അർഹതപ്പെട്ട മുഴുവൻ താറാവ് കർഷകർക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നഷ്ടപരിഹാരം നൽകുന്നതിനുള്ള കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാർ നിഷ്കർഷിച്ച പ്രകാരമുള്ള രേഖകൾ സമർപ്പിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**കണ്ണൂർ മണ്ഡലത്തിലെ മൃഗസംരക്ഷണ – ക്ഷീരവികസന വകുപ്പ് പദ്ധതികൾ**

327(2024) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ മണ്ഡലത്തിൽ മൃഗസംരക്ഷണ മേഖലയിൽ നാളിതുവരെ നടപ്പാക്കിയ പദ്ധതികൾ വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1) ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്

2) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI)- കിടാരി വളർത്തൽ

3) മിൽക്കിംഗ് മിഷ്യൻ

4) ബയോവേയ്സ്റ്റ്

5) താറാവ് വളർത്തൽ

6) സ്കൂൾ കുട്ടികൾക്ക് കോഴിവിതരണം

7) നഗരപ്രദേശങ്ങളിൽ കോഴിയും കൂടും നിർമ്മാണം.

കണ്ണൂർ മണ്ഡലത്തിൽ മൃഗസംരക്ഷണ മേഖലയിൽ ക്ഷീരവികസന വകുപ്പ് നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

പുൽകൃഷി വികസന പദ്ധതി, എം.എസ്.ഡി.പി, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, കാലിത്തീറ്റ സബ്സിഡി, പാലിന് സബ്സിഡി, കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, എൽ.എസ്.ജി.ഡി പദ്ധതികൾ.

(ബി) ഇതിനായി ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

മൃഗസംരക്ഷണ വകുപ്പ് 8,88,450/- രൂപ പ്രസ്തുത പദ്ധതികൾക്കായി വിനിയോഗിച്ചിട്ടുണ്ട്. ക്ഷീരവികസന വകുപ്പ് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | തുക |
|---|---|---|
| 1 | പുൽകൃഷി | 81,550 |
| 2 | എം.എസ്.ഡി.പി | 15,76,000 |
| 3 | ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായം | 6,28,590 |
| 4 | കാലിത്തീറ്റ സബ്സിഡി | 1,19,300 |
| 5 | പാലിന് സബ്സിഡി | 3,15,256 |
| 6 | കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ | 8,000 |
| 7 | എൽ.എസ്.ജി.ഡി | 15,37,000 |

**കൊല്ലം കുരീപ്പുഴ ടർക്കി ഫാമിന്റെ പ്രവർത്തനം**

328(2025) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം മണ്ഡലത്തിലെ കുരീപ്പുഴ ടർക്കി ഫാമിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. കൊല്ലം മണ്ഡലത്തിലെ കുരീപ്പുഴ ടർക്കി ഫാമിൽ മുട്ട, ടർക്കിക്കുഞ്ഞുങ്ങൾ, ടർക്കി വളം, തീറ്റപ്പുൽ ഉൽപ്പാദനം എന്നിവയുടെ പ്രതിമാസ ഉൽപ്പാദനം, വിപണനം എന്നിവ സംബന്ധിച്ച കൃത്യമായ റിപ്പോർട്ട് ഫാമിൽനിന്നും ലഭ്യമാക്കി ഫാമിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.

(ബി) ടർക്കി ഫാമിന്റെ അധീനതയിൽ എത്ര ഭൂമിയാണുള്ളത്?

ഫാമിന്റെ അധീനതയിൽ 3.6 ഏക്കർ ഭൂമിയാണുള്ളത്.

(സി) ഫാമിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**താറാവ് കൃഷി സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടികൾ**

329(2026) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പക്ഷിപ്പനിമൂലം താറാവ് കൃഷിക്കാരുടെ എത്ര പക്ഷികളെയാണ് കൊന്നൊടുക്കേണ്ടിവന്നതെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് പക്ഷിപ്പനിമൂലം താറാവ് കൃഷിക്കാരുടെ 71957 പക്ഷികളെയാണ് കൊന്നൊടുക്കേണ്ടിവന്നത്. അതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 1003 |
| ആലപ്പുഴ | 55242 |
| കോട്ടയം | 15672 |

| | |
|---|---|
| എറണാകുളം | 26 |
| കോഴിക്കോട് | 14 |
| ആകെ | 71957 |

(ബി) ഇവർക്ക് നഷ്ടപരിഹാരമായി എത്ര തുകയ്ക്കാണ് അർഹതയുള്ളത്; ഇത് വിതരണം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

1,18,49,900/- രൂപ നഷ്ടപരിഹാരം നൽകുന്നതിന് കേന്ദ്ര സർക്കാരിൽനിന്നുള്ള വിഹിതം ലഭിക്കേണ്ടതുണ്ട്. ആയതിനാൽ തുക വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. തുടർനടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

(സി) ഇതര സംസ്ഥാനങ്ങളിൽനിന്നും എത്തുന്ന പക്ഷികൾ മൂലമാണോ ഈ രോഗം സംസ്ഥാനത്ത് എത്തിയിട്ടുള്ളത്; ഇത്തരം പക്ഷികളുടെ രോഗാവസ്ഥ പരിശോധിക്കാൻ അതിർത്തി ചെക്ക്പോസ്റ്റുകളിൽ എന്തൊക്കെ സംവിധാനങ്ങളാണുള്ളത്?

നിലവിൽ സംസ്ഥാനത്തിനുള്ളിലേയ്ക്ക് വരുന്ന പക്ഷികളെ മൃഗസംരക്ഷണ വകുപ്പിന്റെ ചെക്ക്പോസ്റ്റിൽ പരിശോധനയ്ക്ക് വിധേയമാക്കി ആരോഗ്യനില ഉറപ്പുവരുത്തുന്നുണ്ട്. വകുപ്പിൽ നിലവിൽ 19

ചെക്ക്പോസ്റ്റുകളാണുള്ളത്. പക്ഷികളുടെ രോഗാവസ്ഥ പരിശോധിക്കാൻ വാഹനങ്ങളിൽ വരുന്ന കോഴികളെ ചെക്ക്പോസ്റ്റിൽതന്നെ പരിശോധനയ്ക്ക് വിധേയമാക്കി രോഗമില്ലെന്ന് ഉറപ്പുവരുത്തുന്നുണ്ട്. സംസ്ഥാനത്ത് പക്ഷിപ്പനിയുണ്ടായത് ദേശാടന പക്ഷികളിൽനിന്നുമാണെന്നാണ് സംശയിക്കുന്നത്.

(ഡി) താറാവ് കൃഷിക്കാരെ സംരക്ഷിക്കുന്നതിനും താറാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

താറാവ് കുഞ്ഞുങ്ങളെ പത്തനംതിട്ട തിരുവല്ലയിൽ പ്രവർത്തിക്കുന്ന നിരണം താറാവ് ഫാം വഴി നൽകിവരുന്നു. കൂടാതെ പരിശീലനം നൽകുന്നതിന് മഞ്ഞാടിയിൽ പ്രവർത്തിക്കുന്ന ഡക്ക് ഹാച്ചറി ആൻഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (DHAT) വഴിയും സേവനം നൽകിവരുന്നു. താറാവ് ഉൾപ്പെടെയുള്ള പക്ഷികളുടെ രോഗനിർണ്ണയത്തിനായി തിരുവല്ലയിൽ NABL അക്രെഡിറ്റേഷനോടുകൂടിയ രോഗനിർണ്ണയ ലാബായ എവിയൻ ഡിസീസ് ഡയഗ്നോസ്റ്റിക് ലാബ് (ADDL) വഴിയും സേവനം നൽകിവരുന്നു.

**വളർത്തുമൃഗങ്ങൾക്കുള്ള ഇൻഷ്വറൻസ്**

330(2027) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളർത്തുമൃഗങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി ഉടമസ്ഥൻ മാറിക്കഴിയുമ്പോൾ റദ്ദായിപ്പോകുന്നത് കർഷകർക്ക് വലിയ നഷ്ടങ്ങളുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പാക്കുന്ന കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിൽ ഉടമസ്ഥാവകാശം മാറ്റാൻ സാധിക്കുന്നതിനാൽ ഈ വിധത്തിൽ കർഷകർക്ക് നഷ്ടങ്ങൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയുടെ ഉടമസ്ഥാവകാശം കാലാവധി തീരുന്നതിനുമുമ്പ് കൈമാറ്റം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

മൃഗസംരക്ഷണ വകുപ്പ് നിലവിൽ നടപ്പാക്കിവരുന്ന കന്നുകാലി ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വറൻസ് കാലാവധി

തീരുന്നതിനുമുൻപ് ഉടമസ്ഥാവകാശം മാറ്റണമെങ്കിൽ അതിനുള്ള അപേക്ഷ സമർപ്പിച്ചാൽ ഉടമസ്ഥാവകാശം മാറ്റാൻ സാധിക്കുന്നതാണ്. ഉടമസ്ഥാവകാശം മാറ്റുന്നതിനായി അപേക്ഷയോടൊപ്പം ഇരുന്നൂറ് രൂപയുടെ മുദ്രപത്രത്തിൽ നിലവിലെ ഉടമസ്ഥന്റെ സാക്ഷ്യപത്രവും പശുവിന്റെ 2 ഫോട്ടോകളും ബന്ധപ്പെട്ട വെറ്ററിനറി ഓഫീസർ സാക്ഷ്യപ്പെടുത്തി ഇൻഷ്വറൻസ് ഓഫീസിൽ സമർപ്പിച്ചാൽ പുതിയ ഉടമസ്ഥന്റെ പേരിലേയ്ക്ക് ഇൻഷ്വറൻസ് പോളിസി മാറ്റി നൽകുന്നതാണ്. മൃഗസംരക്ഷണ വകുപ്പ് നിലവിൽ നടപ്പാക്കിവരുന്ന കന്നുകാലി ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വറൻസ് കാലാവധി തീരുന്നതിനുമുൻപ് ഉടമസ്ഥാവകാശം മാറ്റണമെങ്കിൽ അതിനുള്ള അപേക്ഷ സമർപ്പിച്ചാൽ ഉടമസ്ഥാവകാശം മാറ്റാൻ സാധിക്കുന്നതാണ്. ഉടമസ്ഥാവകാശം മാറ്റുന്നതിനായി അപേക്ഷയോടൊപ്പം ഇരുന്നൂറ് രൂപയുടെ മുദ്രപത്രത്തിൽ നിലവിലെ ഉടമസ്ഥന്റെ സാക്ഷ്യപത്രവും പശുവിന്റെ 2 ഫോട്ടോകളും ബന്ധപ്പെട്ട വെറ്ററിനറി ഓഫീസർ സാക്ഷ്യപ്പെടുത്തി ഇൻഷ്വറൻസ് ഓഫീസിൽ

സമർപ്പിച്ചാൽ പുതിയ ഉടമസ്ഥന്റെ പേരിലേയ്ക്ക് ഇൻഷ്വറൻസ് പോളിസി മാറ്റി നൽകുന്നതാണ്.

**വെറ്ററിനറി ആശുപത്രികൾക്ക് പുതിയ കെട്ടിടം**

331(2028) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ നെടുംകുന്നം, കറുകച്ചാൽ പഞ്ചായത്തുകളിൽ നിലവിലുള്ള വെറ്ററിനറി ആശുപത്രികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്ന നടപടികളുടെ പുരോഗതി അറിയിക്കാമോ?

കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ നെടുംകുന്നം മൃഗാശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള 99,90,000/- രൂപയുടെ പ്രൊപ്പോസൽ നബാർഡിന്റെ സഹായത്തോടെ RIDF പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിച്ചുവരുന്നു. കറുകച്ചാൽ പഞ്ചായത്തിലെ ചമ്പക്കര മൃഗാശുപത്രി നിർമ്മാണത്തിന് സ്ഥലം ലഭ്യമാകുന്ന നടപടികൾ പൂർത്തിയായിട്ടില്ല.

(ബി) പുതിയ കെട്ടിടത്തിനുള്ള സ്ഥലം അതത് തദ്ദേശസ്ഥാപനങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

നെടുംകുന്നം ഗ്രാമപഞ്ചായത്തിൽനിന്നും മൃഗാശുപത്രി കെട്ടിടനിർമ്മാണത്തിന് സ്ഥലം അനുവദിച്ചുകൊണ്ട് പഞ്ചായത്ത് തീരുമാനം ലഭ്യമായിട്ടുണ്ട്. കറുകച്ചാൽ പഞ്ചായത്തിലെ ചമ്പക്കര മൃഗാശുപത്രി നിർമ്മാണത്തിന് കറുകച്ചാൽ പഞ്ചായത്തിലെ കറുകച്ചാൽ വില്ലേജിൽപ്പെട്ട പുറമ്പോക്ക് സ്ഥലം ഏറ്റെടുക്കുന്നതിന് കോട്ടയം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത വെറ്ററിനറി ആശുപത്രികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പ്രസ്തുത വെറ്ററിനറി ആശുപത്രികൾക്ക് കെട്ടിടനിർമ്മാണത്തിന് സ്ഥലം ലഭ്യമാകുന്ന മുറയ്ക്കും ഫണ്ട് ലഭ്യതയ്ക്കുമനുസരിച്ച് ഈ വിഷയം പരിശോധിക്കുന്നതാണ്.

**കൊഴിഞ്ഞാമ്പാറ മൃഗാശുപത്രിയിലെ ഹൈടെക് ലൈവ് സ്റ്റോക്ക് പ്രൊഡക്ഷൻ ഫെസിലിറ്റേഷൻ സെന്റർ**

332(2029) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊഴിഞ്ഞാമ്പാറ മൃഗാശുപത്രിയിൽ ഹൈടെക് ലൈവ് സ്റ്റോക്ക് പ്രൊഡക്ഷൻ ഫെസിലിറ്റേഷൻ സെന്റർ കെട്ടിടത്തിനും സജ്ജീകരണങ്ങൾക്കുമായി 2022-23 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യം II, ക്രമനമ്പർ 133 ആയി അടങ്കൽ തുകയുടെ ഇരുപത് ശതമാനം ഫണ്ട് അനുവദിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായിട്ടുണ്ടെന്ന് വിശദമാക്കാമോ?

ആവശ്യമായ നടപടികൾ സ്വീകരിക്കാൻ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി അടിയന്തര പ്രാധാന്യത്തോടെ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**വെറ്ററിനറി ക്ലിനിക്കൽ ലബോറട്ടറി, വന്ധ്യത ക്ലിനിക്കുകളുടെ ഭരണാനുമതി**

333(2030) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 ബജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതും വൈപ്പിൻ ബ്ലോക്കിനുകീഴിൽ വരുന്നതുമായ വെറ്ററിനറി ക്ലിനിക്കൽ ലബോറട്ടറി, വന്ധ്യതാ ക്ലിനിക്ക് തുടങ്ങിയ പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുന്നതിനായി 07-12-2022-ന് എറണാകുളം ജില്ലാ മൃഗസംരക്ഷണ ഓഫീസിൽനിന്നും സമർപ്പിച്ച പ്രൊപ്പോസലിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

എറണാകുളം ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ 07-12-2022-ലെ പ്രൊപ്പോസൽ പൂർണ്ണമല്ലാത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നടപടി സ്വീകരിച്ച് എസ്റ്റിമേറ്റ് സഹിതം

സമർപ്പിക്കാൻ ജില്ലാ മൃഗസംരക്ഷണ ഓഫീസറോട് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രൊപ്പോസലിന് ഭരണാനുമതി ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ; എന്നത്തേയ്ക്ക് ഭരണാനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

എസ്റ്റിമേറ്റ് സഹിതമുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**മൊബൈൽ വെറ്ററിനറി യൂണിറ്റ്**

334(2031) <u>ശ്രീ. കെ. ബാബു (നെന്മാറ):</u>

<u>ശ്രീ. കെ. ആൻസലൻ:</u>

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u>

<u>ശ്രീ. പി. വി. അൻവർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ ഏർപ്പെടുത്തി കർഷകരുടെ വീട്ടുപടിക്കൽ അടിയന്തര സേവനം ലഭ്യമാക്കാൻ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിലൂടെ എന്തൊക്കെ സേവനങ്ങളാണ്

ലഭ്യമാകുന്നത്; ഇത്തരം യൂണിറ്റുകൾ വ്യാപകമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി കേരളത്തിലെ 29 ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഈ വർഷം ബാക്കിയുള്ള 127 ബ്ലോക്കുകളിൽകൂടി സംസ്ഥാന സർക്കാർ RKI ഫണ്ട് ഉപയോഗിച്ച് വാഹനങ്ങൾ വാങ്ങി മൊബൈൽ വെറ്ററിനറി സേവനങ്ങൾ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കർഷകരുടെ വീട്ടുപടിക്കലെത്തി വളർത്തുമൃഗങ്ങളുടെയും ഓമനമൃഗങ്ങളുടെയും ചികിത്സയാണ് മൊബൈൽ വെറ്ററിനറി യൂണിറ്റുകൊണ്ട് പ്രധാനമായും ലക്ഷ്യമിടുന്നത്. ഇതുകൂടാതെ കർഷകർ ആവശ്യപ്പെടുന്നപക്ഷം അവരുടെ ഉരുക്കളുടെ പ്രതിരോധ കുത്തിവയ്പ്പ്, പശുക്കളുടെയും ആടുകളുടെയും കൃത്രിമ ബീജസങ്കലനം, ഓമനമൃഗങ്ങളുടെ വന്ധ്യംകരണം, വിവിധ ഫാമുകൾക്കുള്ള കൺസൾട്ടൻസി സർവീസുകൾ എന്നിവയും നടത്തിക്കൊടുക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കേന്ദ്രീകൃത കാൾ സെന്റർ സംവിധാനം ഒരുക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസ് കോമ്പൗണ്ടിൽ 24 മണിക്കൂറും സേവനം നൽകുന്ന ഒരു കേന്ദ്രീകൃത കാൾ സെന്റർ പ്രവർത്തിച്ചുവരുന്നു. 1962 എന്ന ടോൾ ഫ്രീ നമ്പറിലാണ് പ്രസ്തുത കാൾ സെന്റർ പ്രവർത്തിക്കുന്നത്. നിലവിൽ കാൾ സെന്ററിൽ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ഒരു വെറ്ററിനറി ഡോക്ടറുടെയും കുടുംബശ്രീയിൽനിന്നും കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള 3 കാൾ എക്സിക്യൂട്ടീവുകളുടെയും അദർ ഡ്യൂട്ടിയിൽ നിയമിച്ചിട്ടുള്ള 4 ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെയും ഒരു ഓഫീസ് അറ്റൻഡന്റിന്റേയും സേവനം ലഭ്യമാണ്.

(സി) മൃഗാശുപത്രികളുടെ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കാൻ പ്രത്യേക മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ടോ; ഇതുവഴി എന്തെല്ലാം സേവനങ്ങളാണ് കർഷകർക്ക് ലഭിക്കുന്നതെന്ന് വിശദമാക്കുമോ?

കേരളത്തിലെ മൃഗസംരക്ഷണ മേഖലയിൽ "ഇ-സമൃദ്ധ" എന്ന ഒരു “ഡിജിറ്റൽ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് & ഇ-ഹെൽത്ത് സംവിധാനം” നടപ്പാക്കാൻ ലക്ഷ്യമിടുന്നു. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സാങ്കേതിക സഹായത്തോടുകൂടിയാണ് ഈ പദ്ധതി തയ്യാറായിവരുന്നത്. പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുന്നതോടുകൂടി മൃഗാശുപത്രികളുടെ സേവനം, ഔട്ട് പേഷ്യന്റ് രജിസ്ട്രേഷൻ, അപ്പോയിന്റ്മെന്റ് എടുക്കൽ, തങ്ങളുടെ മൃഗങ്ങളുടെ ചികിത്സ വിവരങ്ങൾ മുതലായവ കർഷകർക്ക് വിരൽത്തുമ്പിൽ ലഭ്യമാകും. കേരളത്തിലെ എല്ലാ മൃഗാശുപത്രികളും ലബോറട്ടറികളും ഈ സംവിധാനവുമായി ബന്ധിപ്പിക്കുന്നതോടെ കർഷകർക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കാൻ സാധിക്കുന്നതാണ്. കൂടാതെ വെറ്ററിനറി ഡോക്ടർമാർക്ക് ഓരോ മൃഗത്തിന്റേയും പൂർവ്വകാല രോഗവിവരങ്ങളും ലബോറട്ടറി റിപ്പോർട്ടുകളും അവരുടെ വിരൽത്തുമ്പിൽ ലഭ്യമാകുന്നത് കൃത്യമായ രോഗനിർണ്ണയത്തിനും ചികിത്സ ലഭ്യമാക്കുന്നതിനും സാംക്രമിക രോഗങ്ങളുടെ ഫലപ്രദമായ നിയന്ത്രണത്തിനും ഉതകുന്നതാണ്.

**മാതൃകാ മൃഗാശുപത്രികൾ**

335(2032) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി മണ്ഡലത്തിൽ മാതൃകാ മൃഗാശുപത്രികൾ നിലവിലുണ്ടോ; അവ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

തൃശ്ശൂർ ജില്ലയിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ ഒരു വെറ്ററിനറി പോളിക്ലിനിക്കും രണ്ട് വെറ്ററിനറി ഹോസ്പിറ്റലുകളും ഏഴ് വെറ്ററിനറി ഡിസ്പെൻസറികളും എട്ട് വെറ്ററിനറി ഉപകേന്ദ്രങ്ങളുമുണ്ട്. 'മാതൃകാ മൃഗാശുപത്രി' എന്നൊരു വർഗ്ഗീകരണം വകുപ്പിൽ നിലവിലില്ല.

**മൊബൈൽ വെറ്ററിനറി യൂണിറ്റ്**

336(2033) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ ഒറ്റപ്പാലം, ശ്രീകൃഷ്ണപുരം എന്നീ ബ്ലോക്കുകളിൽ നിലവിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം ലഭ്യമാണോ?

ഒറ്റപ്പാലം മണ്ഡലത്തിലെ ഒറ്റപ്പാലം, ശ്രീകൃഷ്ണപുരം എന്നീ ബ്ലോക്കുകളിൽ നിലവിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം ലഭ്യമല്ല.

(ബി) ഇല്ലെങ്കിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലേയ്ക്കും മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം**

337(2034) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം, ആലത്തൂർ, നെന്മാറ ബ്ലോക്കുകളിൽ നിലവിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം ലഭ്യമാണോ; വിശദമാക്കുമോ?

ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം, ആലത്തൂർ, നെന്മാറ ബ്ലോക്കുകളിൽ നിലവിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം ലഭ്യമല്ല.

(ബി) ഇല്ലെങ്കിൽ ആയത് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തിരൂരങ്ങാടി പോളി ക്ലിനിക്**

338(2035) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെറ്ററിനറി പോളിക്ലിനിക്കുകൾ നിലവിലില്ലാത്ത എത്ര താലൂക്കുകൾ സംസ്ഥാനത്തുണ്ടെന്ന് ജില്ല തിരിച്ച് താലൂക്കിന്റെ പേരുകൾ സഹിതം വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) നിർമ്മാണത്തിലിരിക്കുന്ന തിരൂരങ്ങാടി പോളി ക്ലിനിക്കിന്റെ ഇതുവരെ പൂർത്തീകരിച്ച നടപടികളും ഇനി പൂർത്തീകരിക്കാനുള്ള നടപടികളും വിശദമാക്കാമോ;

(സി) പ്രസ്തുത ക്ലിനിക് എപ്പോൾ പ്രവർത്തനം ആരംഭിക്കുമെന്നും ആയത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്താണെന്നും വിശദമാക്കാമോ?

(ബി&സി) തിരൂരങ്ങാടി വെറ്ററിനറി ഡിസ്പെൻസറിയെ വെറ്ററിനറി പോളി ക്ലിനിക്കായി ഉയർത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ

339(2036) <u>ശ്രീ. വി. ആർ. സുനിൽ കുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ടെന്നും അവ എവിടെയൊക്കെയാണെന്നും അറിയിക്കാമോ?

29 എണ്ണം. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത യൂണിറ്റുകളിൽനിന്നും ഏതൊക്കെ വിഭാഗം ജീവനക്കാരുടെ സേവനങ്ങളാണ് കർഷകർക്ക് ലഭിക്കുന്നതെന്ന് അറിയിക്കാമോ?

വെറ്ററിനറി സർജൻ, പാരാ വെറ്ററിനറിയൻ, ഡ്രൈവർ-കം- അറ്റൻഡന്റ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**തിരുവനന്തപുരം ജില്ലയിലെ മൊബൈൽ വെറ്ററിനറി യൂണിറ്റ്**

340(2037) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഏതൊക്കെ ബ്ലോക്ക് പഞ്ചായത്തുകളിലാണ് മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ അനുവദിച്ചിട്ടുള്ളത്?

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട്, പാറശ്ശാല ബ്ലോക്ക് പഞ്ചായത്തുകളിലാണ് മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ അനുവദിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത സേവനം ലഭ്യമായിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം ലഭ്യമാക്കുമോ?

പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിൽ 203 കർഷകർക്കും നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിൽ 147 കർഷകർക്കും പ്രസ്തുത സേവനം ലഭ്യമായിട്ടുണ്ട്.

## വയനാട് ജില്ലയിലെ മൃഗാശുപത്രികൾ

341(2038) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ വളർത്തുമൃഗങ്ങളുടെ കണക്കുകൾ ലഭ്യമാണോ; എങ്കിൽ ഇനം തിരിച്ചുള്ള വിശദമായ കണക്ക് ലഭ്യമാക്കാമോ?

2019-ൽ നടന്ന ഇരുപതാം കന്നുകാലി സെൻസസ് പ്രകാരമുള്ള വളർത്തുമൃഗങ്ങളുടെ തരംതിരിച്ചുള്ള കണക്ക് അനുബന്ധം I-ൽ ചേർക്കുന്നു.+

(ബി) ജില്ലയിലെ മൃഗാശുപത്രികളിൽ ആവശ്യത്തിന് ഉദ്യോഗസ്ഥർ ഇല്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

വയനാട് ജില്ലയിൽ നിലവിലുള്ള ഒഴിവുകളുടെ വിവരങ്ങൾ, ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടി എന്നിവ അനുബന്ധം II ൽ ചേർക്കുന്നു.+

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) വയനാട്ടിൽ എല്ലാ പഞ്ചായത്തുകളിലും മൃഗാശുപത്രി ഉണ്ടോ; ഇല്ലാത്ത പഞ്ചായത്തുകളിൽ മൃഗാശുപത്രി തുടങ്ങാൻ സർക്കാർ ആലോചിക്കുന്നുണ്ടോ?

വയനാട് ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും നിലവിൽ മൃഗാശുപത്രികളുണ്ട്.

**എം.പി.ഐ.-യിലെ പ്രതിസന്ധി**

342(2039) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ (എം.പി.ഐ.) എന്ന പൊതുമേഖലാ സ്ഥാപനത്തിലെ പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ സ്ഥാപിതമായ 1973 മുതൽ നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. പ്രവർത്തനമൂലധനത്തിന്റെ കുറവുമൂലം സ്ഥാപിച്ച പ്ലാന്റുകളുടെ ഉൽപ്പാദനശേഷി പരമാവധി ഉപയോഗിക്കാൻ കഴിയാത്തതിനാൽ ഉൽപ്പാദനവും വിപണനവും കുറഞ്ഞതാണ്

സ്ഥാപനത്തിലെ പ്രധാന പ്രതിസന്ധി. കോവിഡ് മഹാമാരി, ആഫ്രിക്കൻ പന്നിപ്പനി ഇവയും കാരണങ്ങളാണ്. പ്രധാനമായും ശീതീകരിച്ച ഇറച്ചി ഉൽപ്പന്നങ്ങളാണ് എം.പി.ഐ. ഉൽപ്പന്നങ്ങൾ. ജനങ്ങൾ കൂടുതലായി ഇഷ്ടപ്പെടുന്നത് ഫ്രഷ് ഇറച്ചിയാണ്. എങ്കിലും എം.പി.ഐ. ബ്രാൻഡ് സംസ്കരിച്ച ഇറച്ചിക്ക് ജനങ്ങൾക്കിടയിൽ പ്രിയം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. കമ്പനിയുടെ നിലവിലെ പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത സ്ഥാപനത്തെ പ്രതിസന്ധിയിലാക്കിയ കാര്യത്തിൽ മാനേജിംഗ് ഡയറക്ടറുടെ നടപടികൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രതിസന്ധിയിലാക്കിയവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

സ്ഥാപനത്തെ പ്രതിസന്ധിയിലാക്കിയ കാര്യത്തിൽ മുൻ മാനേജിംഗ് ഡയറക്ടറുടെ നടപടികൾ സർക്കാർ പരിശോധിക്കുകയും കമ്പനിയുടെ പ്രതിസന്ധി ഒഴിവാക്കുന്നതിന് യഥാസമയം ഉചിതമായി അദ്ദേഹം പ്രവർത്തിക്കാതിരുന്ന സാഹചര്യത്തിൽ അദ്ദേഹത്തെ മാറ്റി പുതിയ

മാനേജിംഗ് ഡയറക്ടറെ സർക്കാർ നിയമിക്കുകയും ടിയാൻ 07-08-2023 മുതൽ ചാർജ്ജെടുക്കുകയും ചെയ്തിട്ടുണ്ട്.

(സി) സ്ഥാപനത്തിലെ കെടുകാര്യസ്ഥത അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

സ്ഥാപനത്തിൽ കെടുകാര്യസ്ഥതയുണ്ടെന്ന നിഗമനം ശരിയല്ല.

(ഡി) പ്രതിസന്ധിയിലായ പ്രസ്തുത സ്ഥാപനത്തെ പുരോഗതിയിലേയ്ക്ക് നയിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനായി തൊഴിലാളി സംഘടനകളുടെ പങ്കാളിത്തം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

എം.പി.ഐ.-യുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി കമ്പനിയെ പുരോഗതിയിലേയ്ക്ക് നയിക്കാൻ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

1. ബൈബാക്ക് സമ്പ്രദായത്തിൽ പോത്തിൻകുട്ടി/ആട് എന്നിവയെ 2023-24-ൽ 500 കർഷകർക്ക് വളർത്താൻ കൊടുക്കും. ഇതിനായി

ബജറ്റിൽ 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനുള്ള അപേക്ഷകൾ ക്ഷണിച്ച് നടപടി സ്വീകരിച്ചുവരുന്നു.

2. എം.പി.ഐ.-യുടെ 1000 സെയിൽസ് ഔട്ട്‌ലെറ്റുകൾ സംരംഭകസഹായ പദ്ധതിയുടെ ഭാഗമായി 2023-24-ൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി 2023-24 സാമ്പത്തിക വർഷം ബജറ്റിൽ 250 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഓരോ സംരംഭകർക്കും ഫ്രീസർ സംവിധാനം സൗജന്യമായി നൽകും. ഈ സ്കീം നടപ്പാക്കാൻ അപേക്ഷകൾ ക്ഷണിച്ച് നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

3. എം.പി.ഐ.-യ്ക്ക് ചാലക്കുടിയിൽ സ്വന്തമായുള്ള 16 ഏക്കർ സ്ഥലത്ത് ഒരു കാള/പോത്ത് കിടാരി വളർത്തൽ കേന്ദ്രം സ്ഥാപിക്കാൻ 23 കോടി രൂപ ചെലവുള്ളതും ഒരു ബാച്ചിൽ 10,000 കിടാരികളെ വളർത്തിയെടുക്കുന്നതിനുമുള്ള പദ്ധതിക്ക് 2023-24 സാമ്പത്തിക വർഷം ആദ്യഗഡുവായി 3 കോടി രൂപ ബജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഇത് നബാർഡിന്റെ ആർ.ഐ.ഡി.എഫ്. അധിഷ്ഠിത

പദ്ധതിയായതിനാൽ നബാർഡിലേയ്ക്ക് ശിപാർശ ചെയ്യാനുള്ള നടപടി പരിശോധിച്ചുവരുന്നു.

4. ഓമനമൃഗ ഭക്ഷ്യോൽപ്പന്ന സംസ്കരണ ഫാക്ടറികൾ

കൊല്ലം ജില്ലയിൽ പുനലൂരിലും കാസർഗോഡ് ജില്ലയിൽ മടിക്കൈയിലും ഓരോ ഓമനമൃഗ ഭക്ഷ്യോൽപ്പന്ന സംസ്കരണ ഫാക്ടറികൾ സ്ഥാപിക്കാൻ 2023-24 ബജറ്റിൽ ആദ്യ ഗഡുവായി 4 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഈ രണ്ട് ഫാക്ടറികൾക്കുകൂടി ആകെ ചെലവ് 25 കോടി രൂപയാണ്. ഈ പദ്ധതികളും നബാർഡ് അധിഷ്ഠിതമായതിനാൽ നബാർഡിന് ശിപാർശ ചെയ്യാനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

5. ഇറച്ചിയും ഇറച്ചിയുൽപ്പന്നങ്ങളും റീജിയൻ അടിസ്ഥാനത്തിൽ സ്റ്റോക്ക് ചെയ്ത് വിപണനം നടത്താൻ കോൾഡ് സ്റ്റോറേജ് ഹബ് തുടങ്ങാനായി 2023-24 ബജറ്റിൽ 2 കോടി രൂപ ആദ്യഗഡുവായി അനുവദിച്ചിട്ടുണ്ട്. ആദ്യപടിയായി ചാലക്കുടിയിലും ഇടയാറിലും ഇവ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ നബാർഡ്

അധിഷ്ഠിത പദ്ധതികൾ നടപ്പാക്കാനുള്ള ഒരു ടെക്നിക്കൽ കമ്മിറ്റി സർക്കാർ രൂപീകരിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

6. കേരള ചിക്കൻ പദ്ധതി

കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി എം.പി.ഐ. ആസ്ഥാനത്ത് 527 ലക്ഷം രൂപ ചെലവിൽ ഒരു ചിക്കൻ പ്രോസസ്സിംഗ് പ്ലാന്റും 415 ലക്ഷം രൂപ ചെലവിൽ ഒരു ഡ്രൈ റെന്ററിംഗ് പ്ലാന്റും (കോഴി മാലിന്യ സംസ്കരണം) സ്ഥാപിക്കാനുള്ള ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പാക്കാനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കമ്പനിയുടെ പ്രസ്തുത വികസന പ്രവർത്തനങ്ങൾക്ക് തൊഴിലാളി സംഘടനകളുടെ പങ്കാളിത്തവും കമ്പനി തേടുന്നുണ്ട്.

**ജൈവമാലിന്യ നിർമ്മാർജ്ജനത്തിൽ എം.പി.ഐ.-യുടെ പങ്ക്**

343(2040) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ശശി:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ മാലിന്യത്തിൽനിന്നും പെറ്റ് ഫുഡ്, വളം എന്നിവ നിർമ്മിക്കുന്നതിനുള്ള സാങ്കേതികവിദ്യ മീറ്റ് പ്രോഡക്റ്റ് ഓഫ് ഇന്ത്യ (എം.പി.ഐ.)-യ്ക്ക് സ്വായത്തമായിട്ടുണ്ടോ; വിശദമാക്കുമോ?

ജൈവമാലിന്യത്തിൽനിന്ന് പെറ്റ് ഫുഡ്, വളം എന്നിവ നിർമ്മിക്കുന്നതിനുള്ള സാങ്കേതികവിദ്യ എം.പി.ഐ. രൂപകൽപന ചെയ്തിട്ടുണ്ട്. പ്രധാനമായും അറവുമാലിന്യങ്ങളും മറ്റ് ദ്രവ്യങ്ങളും അസംസ്കൃത വസ്തുവാക്കി ആധുനിക ടെക്നോളജി ഉപയോഗിച്ചാണ് പെറ്റ് ഫുഡ്, വളം എന്നിവ സംസ്കരിക്കുന്നത്. 2023-24 സാമ്പത്തിക വർഷത്തേയ്ക്ക് രണ്ട് പെറ്റ് ഫുഡ് ഫാക്ടറികൾ കാസർഗോഡും കൊല്ലത്തെ പുനലൂരും സ്ഥാപിക്കാൻ ആദ്യ ഗഡുവായി 4 കോടി രൂപ ബജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഇത് നടപ്പാക്കാനുള്ള പ്രോജക്ട് റിപ്പോർട്ട്, പ്രൈസ് സോഫ്റ്റ്‌വെയറിലുള്ള എസ്റ്റിമേറ്റ്, എഞ്ചിനീയറിംഗ്, ഡ്രോയിംഗ് എന്നിവ സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ജൈവമാലിന്യ പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കുന്നതിന് ഈ സാങ്കേതികവിദ്യ സഹായകമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

എം.പി.ഐ.-യുടെ ഇത്തരം ഫാക്ടറികൾ എല്ലാ ജില്ലകളിലും സ്ഥാപിക്കുന്ന സാഹചര്യത്തിൽ അറവുമാലിന്യങ്ങൾ പരമാവധി സംസ്കരിച്ച് ഉപഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കാൻ ഒരളവുവരെ സാധിക്കും.

(സി) സംസ്ഥാനത്തെ ജൈവമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് നിലവിൽ എം.പി.ഐ.-യ്ക്കുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

എം.പി.ഐ. ആസ്ഥാനത്തുള്ള നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ച ആധുനിക അബറ്റയറിന്റെ ഭാഗമായി ഇറ്റാലിയൻ ടെക്നോളജിയധിഷ്ഠിതമായ ഒരു അറവുമാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തിക്കുന്നു. ഒരു ഷിഫ്റ്റിൽ 12 മെട്രിക് ടൺ മൃഗങ്ങളുടെ അറവുമാലിന്യങ്ങൾ സംസ്കരിച്ച് ഏതാണ്ട് 6 മെട്രിക് ടൺ ബോൺ മീൽ (എല്ലുപൊടി), ബ്ലഡ് മീൽ, ടാലോ എന്നിവ ഉൽപ്പാദിപ്പിക്കാൻ കഴിയും.

ഇപ്പോൾ "സമൃദ്ധി" എന്ന പേരിൽ എം.പി.ഐ. എല്ലുപൊടി വിപണനം നടത്തുന്നുണ്ട്.

(ഡി) എം.പി.ഐ.-യുടെ ഫാക്ടറികൾ ആധുനികവൽക്കരിച്ച് പ്രവർത്തനശേഷി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

എം.പി.ഐ.-യുടെ നിലവിലെ ഫാക്ടറികൾ ആധുനികവൽക്കരിച്ചവയാണ്. ഇവയുടെ പ്രവർത്തനശേഷി വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിൽ ഓവർസിയർ ഗ്രേഡ് 1 (സിവിൽ ) തസ്തിക**

344(2041) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിൽ ഓവർസീയർ ഗ്രേഡ് 1 (സിവിൽ) എത്ര തസ്തികകളുണ്ട്; അറിയിക്കുമോ?

കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിൽ നാല് ജൂനിയർ ഓവർസീയർ (സിവിൽ) തസ്തികകളാണുള്ളത്.

(ബി) നിലവിൽ പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളുണ്ട്?

4 (നാല്)

(സി) പ്രസ്തുത ഒഴിവുകളിൽ എത്രയെണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യപ്പെടേണ്ടതായിട്ടുണ്ട്; എത്ര ഒഴിവുകൾ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദമാക്കുമോ?

കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിലെ നാല് ജൂനിയർ ഓവർസിയർ (സിവിൽ) തസ്തികയും 21-11-2016, 15-2-2017, 04-01-2018 എന്നീ തീയതികൾ പ്രകാരം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**പൂഞ്ഞാർ മണ്ഡലത്തിലെ മൃഗസംരക്ഷണ-ക്ഷീരവികസന പദ്ധതികൾ**

345(2042) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ മൃഗസംരക്ഷണ വകുപ്പുവഴി പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

കോട്ടയം ജില്ലയിലെ പൂഞ്ഞാർ മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പുമുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

**2021-22 സാമ്പത്തിക വർഷം**

1. രാത്രികാല മൃഗ ചികിത്സാ സേവനം

2. വന്ധ്യതാ നിവാരണം

3. ആട് വളർത്തൽ (ഗോട്ട് സാറ്റലൈറ്റ്)

4. ആട് വളർത്തൽ (കൊമേഷ്യൽ ഗോട്ടറി)

5. പോത്ത് കുട്ടി വിതരണം (മെയിൽ കാഫ്)

6. ആശുപത്രി വികസന സമിതി യോഗം

7. ഡിസിൻഫെക്ഷൻ & സാനിറ്റേഷൻ

8. ചാണകക്കുഴി നിർമ്മാണം

9. ഇന്ററസ്റ്റ് സബ്‌വെൻഷൻ

10. കാലിത്തീറ്റ.

**2022- 23 സാമ്പത്തിക വർഷം**

1. രാത്രികാല മൃഗ ചികിത്സാ സേവനം

2. വന്ധ്യതാ നിവാരണം

3. ആട് വളർത്തൽ (ഗോട്ട് സാറ്റലൈറ്റ്)

4. ആശുപത്രി വികസന സമിതി

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**2021-22 സാമ്പത്തിക വർഷം**

| **ക്രമ നമ്പർ** | **പദ്ധതി** | **ചെലവഴിച്ച തുക (രൂപ)** |
|---|---|---|
| 1 | രാത്രികാല മൃഗ ചികിത്സാ സേവനം | 3,73,675/- |
| 2 | വന്ധ്യതാ നിവാരണം | 10,000/- |
| 3 | ആട് വളർത്തൽ (ഗോട്ട് | 2,00,000/- |

| | | |
|---|---|---|
| | സാറ്റലൈറ്റ്) | |
| 4 | ആട് വളർത്തൽ (കൊമേർഷ്യൽ ഗോട്ടറി) | 3,00,000/ |
| 5 | പോത്ത് കുട്ടി വിതരണം (മെയിൽ കാഫ്) | 5,60,000/- |
| 6 | ആശുപത്രി വികസന സമിതി യോഗം | 15,000/- |
| 7 | ഡിസിൻഫെക്ഷൻ & സാനിറ്റേഷൻ | 25,500/- |
| 8 | ചാണകക്കുഴി നിർമ്മാണം | 25,000/- |
| 9 | ഇന്ററസ്റ്റ് സബ്‌വെൻഷൻ | 1,12,927/- |
| 10 | കാലിത്തീറ്റ | 2,69,000/- |

**2022-23 സാമ്പത്തിക വർഷം**

| **ക്രമ നമ്പർ** | **പദ്ധതി** | **ചെലവഴിച്ച തുക (രൂപ)** |
|---|---|---|
| 1 | രാത്രികാല മൃഗ ചികിത്സാ സേവനം | 6,06,204/- |
| 2 | വന്ധ്യതാ നിവാരണം | 10,000/- |
| 3 | ആട് വളർത്തൽ (ഗോട്ട് സാറ്റലൈറ്റ്) | 1,50,000/- |
| 4 | ആശുപത്രി വികസന സമിതി | 15,000/- |

| | | |
|---|---|---|
| | യോഗം | |

പ്രസ്തുത പദ്ധതികളെല്ലാം നടപ്പാക്കിയിട്ടുണ്ട്.

**മാംസ സംസ്കരണ പദ്ധതി ആരംഭിക്കാൻ നടപടി**

346(2043) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മടിക്കൈയിൽ മാംസ സംസ്കരണ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ?

കാസർഗോഡ് വികസന പാക്കേജിന്റെ ഭാഗമായി കാഞ്ഞങ്ങാട് മടിക്കൈ പഞ്ചായത്തിൽ ഒരു മാംസ സംസ്കരണ പ്ലാന്റ് 10 കോടി രൂപ ചെലവിൽ സ്ഥാപിക്കുന്നതിനുവേണ്ട ഡി.പി.ആർ. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ (എം.പി.ഐ) സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ജില്ലാ കളക്ടർ, എം.പി.ഐ. എന്നിവർ വിശദമായ ചർച്ച നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി സ്ഥലം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്; പ്രസ്തുത പദ്ധതിക്കായി കാസർഗോഡ് ജില്ലാകളക്ടർ മൃഗസംരക്ഷണ വകുപ്പിന് 50 സെന്റ് സ്ഥലം മടിക്കൈയിൽ അനുവദിച്ചിട്ടുണ്ട്.

(സി) പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ?

നബാർഡിന്റെ ധനസഹായം, വെള്ളം, വൈദ്യുതി ഇവയുടെ ലഭ്യത, പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും ഫയർ & സേഫ്റ്റി വകുപ്പിന്റെയും മറ്റ് ലൈസൻസുകളും ലഭ്യമാക്കാനുള്ള നടപടികൾ പൂർത്തിയായാൽ മാത്രമെ പദ്ധതി പ്രവർത്തനം ആരംഭിക്കാനാകൂ. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**ഗോട്ട് സാറ്റലൈറ്റ് പദ്ധതി വഴി ധനസഹായം**

347(2044) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം എത്ര പേർക്ക് സംസ്ഥാനത്താകെ ഗോട്ട് സാറ്റലൈറ്റ് പദ്ധതിവഴി ആട് വളർത്തൽ ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1699 പേർക്ക് സംസ്ഥാനത്താകെ ഗോട്ട് സാറ്റലൈറ്റ് പദ്ധതി വഴി ആട് വളർത്തൽ ധന സഹായം നൽകിയിട്ടുണ്ട്.

(ബി) എത്ര തുക ഇതുവരെ ഈ പദ്ധതിക്കായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഇതുവരെ ഈ പദ്ധതിക്കായി 4,56,42,400/- രൂപ അനുവദിച്ചിട്ടുണ്ട്.

**ഇടുക്കി ജില്ലയിലെ ക്ഷീരഗ്രാമം പദ്ധതി**

348(2045) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്; മണ്ഡലം തിരിച്ച് വിശദാംശം നൽകാമോ?

2023-2024 സാമ്പത്തിക വർഷം ഇടുക്കി ജില്ലയിൽ നിലവിൽ ക്ഷീരഗ്രാമം പദ്ധതിയിലേയ്ക്ക് പഞ്ചായത്തുകളെ തെരഞ്ഞെടുത്തിട്ടില്ല.

(ബി) ക്ഷീരഗ്രാമം പദ്ധതിയിൽ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

ക്ഷീരവികസന വകുപ്പ് വാർഷിക പദ്ധതി 2023-2024-ൽ ഉൾപ്പെട്ട ക്ഷീരഗ്രാമം പദ്ധതി സംയുക്തമായി നടപ്പാക്കാൻ താൽപ്പര്യമുള്ള പഞ്ചായത്തുകളുടെ വിവരങ്ങൾ ശേഖരിക്കുന്നു. കുറഞ്ഞത് 10 ലക്ഷം രൂപയെങ്കിലും ടി പദ്ധതിക്കായി ചെലവഴിക്കാൻ താൽപ്പര്യമുള്ള ഗ്രാമ പഞ്ചായത്തുകളെയാണ് പരിഗണിക്കുന്നത്. ടി പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നത് 2023-2024-ലെ ക്ഷീരവികസന വകുപ്പിന്റെ അംഗീകരിച്ച മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം (MSDP) DPR മാനദണ്ഡപ്രകാരം മുൻഗണനയും യോഗ്യതയും പരിഗണിച്ചാണ്.

ക്ഷീരവികസന വകുപ്പ് ഗവൺമെന്റിലേയ്ക്ക് സമർപ്പിക്കുന്ന ശിപാർശ പ്രകാരം ഗുണഭോക്താക്കളായ ഗ്രാമപഞ്ചായത്തുകളെ സർക്കാർ തെരഞ്ഞെടുത്ത് അറിയിക്കുന്നു.

(സി) ഇടുക്കി ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെ ക്ഷീര കർഷകരുടെ എണ്ണവും പ്രതിമാസ പാൽ ഉൽപ്പാദനവും പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.+

(ഡി) കരുണാപുരം, ഇരട്ടയാർ എന്നീ ഗ്രാമപഞ്ചായത്തുകളെ ക്ഷീരഗ്രാമം പദ്ധതിയിലുൾപ്പെടുത്തുന്നതിന് പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ; നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ?

കരുണാപുരം, ഇരട്ടയാർ പഞ്ചായത്തുകൾ ഫണ്ട് വിഹിതം ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**മൃഗസംരക്ഷണ വകുപ്പ് പദ്ധതികൾ**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

349(2046) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷം മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

2023-24 വർഷം മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം I ആയി +ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത പദ്ധതികൾക്കായി ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; നാളിതുവരെ എത്ര തുക വിനിയോഗിച്ചുവെന്ന് വിശദമാക്കുമോ?

പ്രസ്തുത പദ്ധതികൾക്കായി ബജറ്റിൽ ആകെ 177.96 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നാളിതുവരെ 30.9647 കോടി രൂപ പ്രസ്തുത പദ്ധതികൾക്കായി വിനിയോഗിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം II ആയി+ ചേർത്തിരിക്കുന്നു.

## മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം

350(2047) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകർക്ക് ഗുണമേന്മയുള്ള പശുക്കളെ നൽകി ഡയറി യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നിലവിൽ നടപ്പാക്കിവരുന്നുണ്ടോ; വ്യക്തമാക്കാമോ?

നടപ്പാക്കിവരുന്നുണ്ട്. ക്ഷീരകർഷകർക്ക് ഗുണമേന്മയുള്ള പശുക്കളെ ഇതര സംസ്ഥാനങ്ങളിൽനിന്നും കിടാരി പാർക്കുകൾ/സർക്കാർ ഫാമുകൾ എന്നിവിടങ്ങളിൽനിന്നും ലഭ്യമാക്കി ക്ഷീരവികസന വകുപ്പിന്റെ ധനസഹായത്തോടുകൂടി ഡയറി യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം (MSDP) പദ്ധതി നിലവിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പാക്കിവരുന്നു. ഈ പദ്ധതി പ്രകാരം കർഷകരുടെ അപേക്ഷ പരിശോധിച്ച് രണ്ട് പശു, അഞ്ച് പശു യൂണിറ്റ് പദ്ധതികളും കറവയന്ത്രം, ശാസ്ത്രീയ കാലിത്തൊഴുത്ത്, ക്ഷീര കർഷകർക്ക് അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി എന്നിവയും പദ്ധതിയിലുണ്ട്.

(ബി) മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം (എം.എസ്.ഡി.പി.) പ്രകാരം ചാത്തന്നൂർ മണ്ഡലത്തിൽ 2021 മുതൽ നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കൊട്ടാരക്കര ക്ഷീരവികസന യൂണിറ്റിന്റെ പരിധിയിലുൾപ്പെട്ട പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽ ക്ഷീരവികസന വകുപ്പിന്റെ വിവിധ പദ്ധതികളായ 5 പശു യൂണിറ്റ്, കോമ്പോസിറ്റ് (3+2 & 1+1)പശു യൂണിറ്റ്, 2 പശു യൂണിറ്റ് കറവയന്ത്രം, കാലിത്തൊഴുത്ത് നിർമ്മാണം, അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി, അന്തരീക്ഷ വ്യതിയാനംമൂലമുണ്ടാകുന്ന സമ്മർദ്ദം കുറയ്ക്കുന്നതിനുള്ള ഘടകങ്ങൾ ഒരുക്കുന്നതിനുള്ള ധനസഹായം എന്നിവയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട 103

ക്ഷീര കർഷകർക്കായി ആകെ 52,38,300/- രൂപ ധനസഹായമായി ക്ഷീരവികസന വകുപ്പ് കൊട്ടാരക്കര യൂണിറ്റിൽനിന്നും വിതരണം ചെയ്തിട്ടുള്ളതാണ്. 2020-21 മുതൽ നാളിതുവരെ ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ചാത്തന്നൂർ ക്ഷീരവികസന യൂണിറ്റിന്റെ പരിധിയിൽ MSDP (കൺവെൻഷണൽ), MSDP ക്ഷീരഗ്രാമം എന്നീ പദ്ധതികളിലായി 115 കർഷകർക്ക് 59,68,210/- രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുള്ളതാണ്. അങ്ങനെ ആകെ 2021 മുതൽ ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ 218 കർഷകർക്കായി 1,12,06,510 (ഒരു കോടി പന്ത്രണ്ട് ലക്ഷത്തി ആറായിരത്തി അഞ്ഞൂറ്റി പത്ത് രൂപ മാത്രം) രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി പ്രവർത്തനം തുടർന്നുവരുന്നു.

<u>2021 മുതൽ ചാത്തന്നൂർ ബ്ലോക്കിൽ MSDP പദ്ധതിപ്രകാരം നടപ്പാക്കിയവ</u>

2020-21 വർഷം MSDP പദ്ധതിയിലുൾപ്പെടുത്തി 15 ക്ഷീരകർഷകർക്കായി 12,56,500/ രൂപയുടെ ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്.

1 പശു യൂണിറ്റ് (2 Nos @ 35000) = 70,000

നാടൻ പശു യൂണിറ്റ് (1 Nos @ 36500) = 36,500

2 പശു യൂണിറ്റ് (2 Nos @ 69000) = 1,38,000

(1+1 കോമ്പോസിറ്റ് യൂണിറ്റ് (1 Nos) = 53,000

(3+2 കോമ്പോസിറ്റ് യൂണിറ്റ് (1 Nos) = 1,50,000

(6+4 കോമ്പോസിറ്റ് യൂണിറ്റ് (2 Nos) = 5,84,000

കറവയന്ത്രം (3 Nos @ 25,000) = 75,000

അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി

(2 Nos @ 50,000) = 1,00,000

കാലിത്തൊഴുത്ത് നിർമ്മാണം (1 Nos) = 50,000

2021-22 വർഷം MSDP പദ്ധതിയിലുൾപ്പെടുത്തി 45 ക്ഷീര കർഷകർക്കായി 19,78,500/- രൂപയുടെ ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്.

1 പശു യൂണിറ്റ് ( 15 Nos) = 525000

നാടൻ പശു യൂണിറ്റ് (1 Nos) = 36500

2 പശു യൂണിറ്റ് ( 9 Nos) = 621000

(1+1 കോമ്പോസിറ്റ് യൂണിറ്റ് (2 Nos) = 106000

(3+2 കോമ്പോസിറ്റ് യൂണിറ്റ് ( 1 Nos ) = 150000

കറവയന്ത്രം (3 Nos) = 90000

അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി

(10 Nos) = 250000

കാലിത്തൊഴുത്ത് നിർമ്മാണം (4 Nos) = 200000

2022-23 വർഷം MSDP, ക്ഷീരഗ്രാമം പദ്ധതിയിലുൾപ്പെടുത്തി ആകെ 55 പേർക്ക് 27,33,210/- രൂപയുടെ ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്.

MSDP (കൺവെൻഷണൽ)

2 പശു യൂണിറ്റ് ( 4 Nos) = 1,86,000

5 പശു യൂണിറ്റ് ( 2 Nos) = 2,64,000

കറവയന്ത്രം (3 Nos) = 90000

Mechanisation & modernization (4 Nos) = 200000

കാലിത്തൊഴുത്ത് നിർമ്മാണം (3 Nos) = 150000

സ്പെഷ്യൽ ബൂസ്റ്റർ പ്രോഗ്രാം = 130210

MSDP (ക്ഷീരഗ്രാമം )

2 പശു യൂണിറ്റ് ( 16 Nos) = 7,44,000

5 പശു യൂണിറ്റ് ( 2 Nos) = 2,64,000

കറവയന്ത്രം (4 Nos) = 1,20,000

Assistance for progressive dairy farmers (17 Nos) = 5,85,000

**ക്ഷീരഗ്രാമം പദ്ധതി**

351(2048) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി മണ്ഡലത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കിയിട്ടില്ല.

(ബി) പ്രസ്തുത മണ്ഡലത്തിലെ കുറിച്ചി ഗ്രാമപഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

പഞ്ചായത്ത് വിഹിതം വകയിരുത്തുന്നപക്ഷം പദ്ധതി നടപ്പാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**മട്ടന്നൂർ മണ്ഡലത്തിലെ ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ**

352(2049) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ ക്ഷീരവികസന വകുപ്പ് മുഖേന നടപ്പാക്കിയതും പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നതുമായ പദ്ധതികളുടെ വിശദാംശം നൽകുമോ?

പുൽകൃഷി വികസനം, എം.എസ്.ഡി.പി, ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായം, കാലിത്തീറ്റ സബ്സിഡി, കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ എന്നിവയാണ് മട്ടന്നൂർ നിയോജകമണ്ഡലത്തിൽ

ക്ഷീരവികസന വകുപ്പുമുഖേന നടപ്പാക്കിയതും പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നതുമായ പദ്ധതികൾ.

(ബി) പ്രസ്തുത പദ്ധതിക്കായി വകുപ്പ് എത്ര കോടി രൂപ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

| ക്രമ നമ്പർ | പദ്ധതി | തുക |
|---|---|---|
| 1 | പുൽകൃഷി | 5,56,135 |
| 2 | എം.എസ്.ഡി.പി | 76,00,300 |
| 3 | ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായം | 14,98,670 |
| 4 | കാലിത്തീറ്റ സബ്സിഡി | 39,30,356 |
| 5 | കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ | 1,15,000 |

**ക്ഷീരഗ്രാമം പദ്ധതി**

353(2050) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരഗ്രാമം പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ?

ക്ഷീരവികസന വകുപ്പിന്റെ പ്രധാന പദ്ധതികളിലൊന്നായ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിലുൾപ്പെട്ടതാണ് ക്ഷീരഗ്രാമം പദ്ധതി. ക്ഷീരവികസനം സാധ്യമാക്കാൻ കഴിയുന്ന ശേഷിയുള്ള ഗ്രാമ പഞ്ചായത്തുകളെ തെരഞ്ഞെടുത്താണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. ഒരു പശു യൂണിറ്റ്, രണ്ട് പശു യൂണിറ്റ്, 5 പശു യൂണിറ്റ്, കർഷക സമ്പർക്ക പരിപാടി, കറവയന്ത്രം, ചാണകക്കുഴി/മൂത്രച്ചാൽ നിർമ്മാണം, കറവ പശുക്കൾക്കുള്ള പ്രത്യേക ഫീഡിംഗ് പാക്കേജ്, ഗർഭിണികളായ കിടാരികൾക്കുള്ള പ്രത്യേക സംരക്ഷണം, ഫാം ആധുനികവൽക്കരണം, പുൽകൃഷിത്തോട്ട നിർമ്മാണം എന്നിങ്ങനെയുള്ള വിവിധ ഘടക പദ്ധതികൾ ഉൾപ്പെട്ടതാണ് ക്ഷീരഗ്രാമം പദ്ധതി. 50 ലക്ഷം രൂപയുടെ ഘടകങ്ങളടങ്ങിയ ഈ പദ്ധതിയുടെ 25% തുക ക്ഷീരവികസന വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും ശേഷിച്ച 25% തുക പദ്ധതി നടപ്പാക്കുന്ന പഞ്ചായത്തിന്റെ വികസന ഫണ്ടിൽനിന്നുമാണ് വകയിരുത്തുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഗ്രാമപഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ട്; വിശദമാക്കാമോ?

30 ഗ്രാമ പഞ്ചായത്തുകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 2021 മുതൽ 2023 വരെ ക്ഷീര ഗ്രാമം പദ്ധതി നടപ്പാക്കിയ പഞ്ചായത്തുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

<table>
<tr><th>ക്രമ നം.</th><th>വർഷം</th><th>ജില്ല</th><th>പഞ്ചായത്ത്</th></tr>
<tr><td>1</td><td rowspan="10">2021-22</td><td>തിരുവനന്തപുരം</td><td>പോത്തൻകോട്</td></tr>
<tr><td>2</td><td rowspan="2">കൊല്ലം</td><td>ഇട്ടിവ</td></tr>
<tr><td>3</td><td>കരീപ്ര</td></tr>
<tr><td>4</td><td>ആലപ്പുഴ</td><td>തണ്ണീർമുക്കം</td></tr>
<tr><td>5</td><td>കോട്ടയം</td><td>കറുകച്ചാൽ</td></tr>
<tr><td>6</td><td>എറണാകുളം</td><td>കോട്ടുവള്ളി</td></tr>
<tr><td>7</td><td rowspan="2">കോഴിക്കോട്</td><td>വേളം</td></tr>
<tr><td>8</td><td>കടലുണ്ടി</td></tr>
<tr><td>9</td><td rowspan="2">കണ്ണൂർ</td><td>മങ്ങാട്ടിടം</td></tr>
<tr><td>10</td><td>പിറശ്ശേരി</td></tr>
<tr><td>11</td><td>2022-23</td><td>തിരുവനന്തപുരം</td><td>പുല്ലമ്പാറ</td></tr>
</table>

| | | | |
|---|---|---|---|
| | | | |
| 12 | | കൊല്ലം | അഞ്ചൽ |
| 13 | | | ചിതറ |
| 14 | | | കല്ലുവാതുക്കൽ |
| 15 | | പത്തനംതിട്ട | കടമ്പനാട് |
| 16 | | ആലപ്പുഴ | ഭരണിക്കാവ് |
| 17 | | കോട്ടയം | മരങ്ങാട്ടുപള്ളി |
| 18 | | | വാഴൂർ |
| 19 | | ഇടുക്കി | വണ്ടിപ്പെരിയാർ |
| 20 | | എറണാകുളം | ആലങ്ങാട് |
| 21 | | | അറക്കുഴ |
| 22 | | തൃശ്ശൂർ | മാടക്കത്തറ |
| 23 | | | തണ്ണിയം |
| 24 | | പാലക്കാട് | നാഗലശ്ശേരി |
| 25 | | | ഷോളയാർ |
| 26 | | മലപ്പുറം | കറുലായി |
| 27 | | കോഴിക്കോട് | നരിപ്പെട്ട |
| 28 | | വയനാട് | മീനങ്ങാടി |
| 29 | | കണ്ണൂർ | പരിയാരം |
| 30 | | കാസർഗോഡ് | ചെമ്മനാട് |

(സി) കായണ്ണ ഗ്രാമപഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി ആരംഭിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് നിവേദനം സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത പഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കായണ്ണ ഗ്രാമപഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി ആരംഭിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് നിവേദനം സമർപ്പിച്ചിട്ടില്ല. 2023-24 സാമ്പത്തികവർഷം ടി പദ്ധതിക്കായി വകുപ്പിനനുവദിച്ച പദ്ധതിതുക കൂടാതെ പദ്ധതി നടപ്പാക്കുന്ന പഞ്ചായത്തിന്റെ വികസന ഫണ്ടിൽനിന്നുമുള്ള തുകകൂടി ഉൾപ്പെടുത്തിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. ആയതിനാൽ കായണ്ണ ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടിൽനിന്നും തുക അനുവദിക്കുന്നമുറയ്ക്ക് ക്ഷീരഗ്രാമം പദ്ധതി പ്രസ്തുത ഗ്രാമപഞ്ചായത്തിൽ നടപ്പാക്കാൻ സാധിക്കും.

## ക്ഷീരകർഷകരുടെ മെഡി ക്ലെയിം ഇൻഷ്വറൻസ്

354(2051) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകരുടെ നിലവിലെ മെഡിക്ലെയിം ഇൻഷ്വറൻസിനെക്കുറിച്ച് വിശദമാക്കാമോ; ക്ഷീര കർഷകരുടെ മുമ്പുണ്ടായിരുന്ന ആനുകൂല്യം നിലവിൽ വെട്ടിക്കുറച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

തൻവർഷം ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ ക്ഷീര കർഷക ക്ഷേമനിധി ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ക്ഷീര കർഷക ക്ഷേമനിധിയിൽ അംഗമായ ക്ഷീര കർഷകർക്ക് മാത്രമെ സർക്കാർ ധനസഹായം ലഭിക്കുകയുള്ളൂ എന്നിരുന്നാലും മുഴുവൻ പ്രീമിയം തുകയും അടച്ച് ക്ഷീര കർഷകരുടെ കുടുംബാംഗങ്ങൾക്കും ക്ഷീര സംഘം ജീവനക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും പദ്ധതിയിൽ ചേരാവുന്നതാണ്. ക്ഷീര സാന്ത്വനം ഇൻഷ്വറൻസ് പദ്ധതിക്കായി ഈ സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ക്ഷീര കർഷകരുടെ മുമ്പുണ്ടായിരുന്ന ആനുകൂല്യം നിലവിൽ വെട്ടിക്കുറച്ചിട്ടില്ല.

(ബി) ക്ഷേമനിധി ബോർഡ് അംഗമായിരുന്ന ക്ഷീര കർഷകർക്കും അവരുടെ കുടുംബാംഗങ്ങൾക്കും നൽകിവന്നിരുന്ന മെഡിക്ലെയിം ആനുകൂല്യം നിഷേധിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ക്ഷേമനിധി ബോർഡ് അംഗമായിരുന്ന ക്ഷീരകർഷകർക്കും അവരുടെ കുടുംബാംഗങ്ങൾക്കും നൽകിവന്നിരുന്ന മെഡിക്ലെയിം ആനുകൂല്യം നിഷേധിച്ചിട്ടില്ല.

(സി) നിലവിലെ മെഡിക്ലെയിമിൽ കുടുംബാംഗങ്ങളെക്കൂടി ഉൾപ്പെടുത്തി പ്രീമിയം അടയ്ക്കുന്നതിന് സബ്സിഡി അനുവദിച്ചിരുന്ന മുൻകാലങ്ങളിലെ രീതി പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിലെ മെഡിക്ലെയിമിൽ കുടുംബാംഗങ്ങളെക്കൂടി ഉൾപ്പെടുത്തി പ്രീമിയം അടയ്ക്കുന്നതിന് സാധിക്കുന്നതാണ്. എന്നിരുന്നാലും കുടുംബാംഗങ്ങൾക്ക് തൻവർഷം സബ്സിഡി അനുവദിക്കുന്നില്ല.

(ഡി) ക്ഷീര കർഷക ക്ഷേമനിധി ബോർഡ് അംഗമായിരുന്നവർക്ക് സൊസൈറ്റികൾതന്നെ മെഡിക്ലെയിം ഇൻഷ്വറൻസ് പോളിസി അടയ്ക്കുന്ന സംവിധാനം നിലവിലുണ്ടോ; വിശദമാക്കാമോ?

ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ അംഗത്വം എടുത്തവർക്ക് സൊസൈറ്റികൾതന്നെ മെഡിക്ലെയിം ഇൻഷ്വറൻസ് പോളിസിയുടെ ഒരു ഭാഗം അടയ്ക്കുന്ന സംവിധാനം അതത് സൊസൈറ്റികളുടെ സാമ്പത്തികസ്ഥിതിയനുസരിച്ച് ബൈലാ പ്രകാരം അതത് സഹകരണ സംഘം ഭരണസമിതി തീരുമാനപ്രകാരമായിരിക്കും അടയ്ക്കുന്നത്.

**ക്ഷീരോൽപാദനം വർദ്ധിപ്പിക്കുന്നതിന് നടപടി**

355(2052) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പാദിപ്പിക്കുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പാദിപ്പിക്കുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുംവേണ്ടി ക്ഷീരകർഷകർക്കായും ക്ഷീരസഹകരണ സംഘങ്ങൾക്കായും പലവിധ പദ്ധതികൾ ക്ഷീരവികസന വകുപ്പിന്റെ ധനസഹായത്തോടെ

നടപ്പാക്കിവരുന്നു. ഉരുക്കളെ വാങ്ങുന്നതിനും കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും തീറ്റപ്പുൽ കൃഷിചെയ്യുന്നതിനും തീറ്റപ്പുൽ കൃഷിത്തോട്ടം ആധുനികവൽക്കരിക്കുന്നതിനും കാലിത്തൊഴുത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനും പശുക്കളുടെ ആരോഗ്യ സംരക്ഷണത്തിനും പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമാവശ്യമായ ധനസഹായ പദ്ധതികൾ ക്ഷീര കർഷകർക്കായി ക്ഷീര വികസന വകുപ്പ് നടപ്പാക്കിവരുന്നു.

ക്ഷീരസഹകരണ സംഘങ്ങൾക്ക് സ്ഥലം വാങ്ങുന്നതിനും കെട്ടിടം പണിയുന്നതിനും പാൽ പരിശോധന ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും പാൽ പരിശോധന ഉപകരണങ്ങൾ കൃത്യതയാർന്നതാക്കുന്നതിനും ക്ഷീരസംഘത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നിലവിൽ വകുപ്പ് ധനസഹായം നൽകിവരുന്നു. ഇതുകൂടാതെ കാലാവസ്ഥാ വ്യതിയാനങ്ങൾക്കനുസൃതമായും കാലഘട്ടത്തിന്റെ ആവശ്യകതയ്ക്കനുസരിച്ചും ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും പാലിന്റെ ഗുണനിലവാരം

മെച്ചപ്പെടുത്തുന്നതിനുമുള്ള നിരവധി പദ്ധതികൾ ക്ഷീരവികസന വകുപ്പ് നടപ്പാക്കുന്നുണ്ട്.

സംസ്ഥാനത്തെ ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായുള്ള സർക്കാരിന്റെ വിവിധ പ്രവർത്തനങ്ങളിൽ മിൽമയും പങ്കാളിയാവുന്നുണ്ട്. സബ്സിഡി നിരക്കിൽ പച്ചപ്പുല്ല്, പച്ച ചോളത്തണ്ട് എന്നിവ ആവശ്യമുള്ള കർഷകർക്ക് എത്തിച്ചുനൽകിക്കൊണ്ടും ചെലവ് കുറഞ്ഞ പാലുൽപ്പാദനത്തിന് കറവമാടുകൾക്ക് പോഷകസമൃദ്ധമായ കാലിത്തീറ്റയും ബദൽ തീറ്റവസ്തുക്കളും ആവശ്യാനുസരണം മിതമായ വിലയ്ക്ക് വിപണിയിൽ എത്തിച്ചുകൊണ്ടും മിൽമയുടെ മേഖലാ യൂണിയനുകൾ ക്ഷീര കർഷകന്റെ വർദ്ധിച്ചുവരുന്ന ഉൽപ്പാദനച്ചെലവ് നിയന്ത്രിച്ചുകൊണ്ട് കൂടുതൽ പേരെ ക്ഷീര മേഖലയിലേയ്ക്ക് എത്തിക്കാനും അതുവഴി ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) ക്ഷീര കർഷകർക്ക് പരമാവധി വില ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

പാലിലെ മൊത്തം ഖര പദാർത്ഥങ്ങളെ അടിസ്ഥാനമാക്കിയാണ് ഇപ്പോൾ ക്ഷീരകർഷകർക്ക് പാലിന്റെ വില നൽകിവരുന്നത്. പാലിൽ അടങ്ങിയിരിക്കുന്ന കൊഴുപ്പും കൊഴുപ്പിതര പദാർത്ഥങ്ങളും മാനദണ്ഡപ്പെടുത്തി ഗുണനിലവാരം പരിശോധിക്കുന്നതിനും കൃത്യതയോടെ മനസ്സിലാക്കുന്നതിനുമാവശ്യമായ ഉപകരണങ്ങൾ സംസ്ഥാനത്തുടനീളമുള്ള എല്ലാ ക്ഷീരസംഘങ്ങളിലും ക്രമീകരിച്ചിട്ടുണ്ട്. ജില്ലാ ആസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ യൂണിറ്റിന്റെ നേതൃത്വത്തിൽ അതത് ജില്ലകളിലുള്ള ക്ഷീരസംഘങ്ങളിലെ പാൽ പരിശോധനാ സംവിധാനങ്ങൾ പ്രവർത്തനക്ഷമമാണോയെന്ന് സമയാസമയങ്ങളിൽ പരിശോധന നടത്തിവരുന്നു. മിൽമ നിശ്ചയിച്ചിരിക്കുന്ന പാൽ വില ചാർട്ടനുസരിച്ചുള്ള പാൽ വില ക്ഷീര കർഷകർക്ക് ലഭിക്കുന്നുണ്ടോയെന്ന് ബ്ലോക്കുതല ക്ഷീര വികസന ഉദ്യോഗസ്ഥർ ഉറപ്പുവരുത്തുന്നു. ഇത്തരത്തിൽ ക്ഷീര സംഘത്തിൽ പാലളക്കുന്ന ഓരോ കർഷകർക്കും തങ്ങളുടെ പാലിന്റെ ഗുണനിലവാരമനുസരിച്ചുള്ള വില ലഭിക്കുന്നതിന് ക്ഷീര വികസന വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഗുണനിലവാരത്തിനനുസരിച്ച് അധികവില ലഭിക്കുന്ന രീതിയിലുള്ള ചാർട്ടാണ് മൊത്ത ഖരപദാർത്ഥങ്ങളുടെ അളവിനനുസരിച്ച് മിൽമ തയ്യാറാക്കിയിരിക്കുന്നത്. 3.0/8.5 ഗുണനിലവാരമുള്ള പാലിനാണ് ലിറ്ററിന് 5.03 രൂപ കർഷകന് വില വർദ്ധന ലഭിക്കുന്നത്. സംസ്ഥാന ശരാശരിയായ 4.1/8.3 ഗുണനിലവാരമുള്ള പാലിന് മേഖലാ യൂണിയനുകൾ ലിറ്ററിന് 6.07 രൂപ വില വർദ്ധനവ് സംഘങ്ങൾക്ക് നൽകുമ്പോൾ സംഘങ്ങളിൽനിന്നും കർഷകർക്ക് ലഭിക്കുന്ന വർദ്ധനവ് 5.68 രൂപയാണ്. കർഷകർക്ക് പരമാവധി സഹായം നൽകുകയെന്ന രീതിയിൽ ഗുണനിലവാരത്തിനനുസരിച്ച് ക്രമാനുഗതമായ ചാർട്ട് ശാസ്ത്രീയമായാണ് തയ്യാറാക്കിയിരിക്കുന്നത്. ഗുണനിലവാരം കൂടുതലുള്ള പാൽ നൽകുന്ന സംഘങ്ങൾക്കും ഈ രീതിയിൽ ക്രമാനുഗതമായ വർദ്ധന ലഭിക്കുന്നതാണ്. മേഖലാ യൂണിയനുകളിൽനിന്നും ക്ഷീര സഹകരണ സംഘങ്ങളിലേയ്ക്കും ക്ഷീര സംഘങ്ങളിൽനിന്ന് കർഷകർക്കുംവേണ്ടിയുള്ള പ്രത്യേകം ചാർട്ടുകൾ തയ്യാറാക്കി സംഘങ്ങളിലും മേഖലാ യൂണിയനുകളിലും എത്തിച്ചിട്ടുണ്ട്. കൃത്യമായി പത്ത്

ദിവസത്തിലൊരിക്കൽ പാൽ വില നൽകുന്ന രീതിയാണ് മിൽമ അവലംബിക്കുന്നത്.

**പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത**

356(2053) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദൈനംദിനം ആവശ്യമായ പാലിന്റെ അളവ് എത്രയാണ്; ഇതിൽ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന പാലിന്റെ അളവും മറ്റ് സംസ്ഥാനങ്ങളിൽനിന്നുമെത്തുന്ന പാലിന്റെ അളവും എത്രയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ദൈനംദിനം ആവശ്യമായ പാലിന്റെ അളവ് 31.85 ലക്ഷം മെട്രിക് ടൺ ആണ്. നിലവിൽ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന പാലിന്റെ അളവ് 25.32 ലക്ഷം മെട്രിക് ടൺ ആണ്. സഹകരണ മേഖലയിലൂടെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും എത്തുന്ന പാലിന്റെ അളവ് 1.5 ലക്ഷം ലിറ്ററും ചാരിറ്റബിൾ സൊസൈറ്റികൾ, പ്രൈവറ്റ്

ഡയറികൾ എന്നിവയിലൂടെ 3 അതിർത്തി ചെക്ക്പോസ്റ്റുകൾവഴി കേരളത്തിലെത്തുന്ന പാൽ ഏകദേശം 5 ലക്ഷം ലിറ്ററുമാണ്.

(ബി) സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ പാലുൽപ്പാദനം വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം വർദ്ധിച്ചുവെന്ന് വ്യക്തമാക്കുമോ?

2004-05 വർഷം സംസ്ഥാനത്തെ പാലുൽപ്പാദനം 20.25 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2014-15 ആയപ്പോൾ 27.11 ലക്ഷം മെട്രിക് ടൺ ആയി ഉയർന്നു. എന്നാൽ തുടർന്നുണ്ടായ പ്രളയം, കോവിഡ് എന്നിവ കാരണം പാലുൽപ്പാദനത്തിൽ കുറച്ച് കുറവുണ്ടായി. എന്നാൽ ക്ഷീര സംഘങ്ങൾവഴിയുള്ള സംഭരണം 2014-15-ൽ 5.57 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2022-23-ൽ 7.39 ലക്ഷം മെട്രിക് ടൺ ആയി ഉയർന്നിട്ടുണ്ട്.

(സി) ആഭ്യന്തര ഉപയോഗത്തിനാവശ്യമായ പാലുൽപ്പാദിപ്പിക്കുന്ന നിലയിലേയ്ക്ക് സംസ്ഥാനത്തെ എത്തിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും ആയത് എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്തിന്റെ ആഭ്യന്തര ഉപയോഗത്തിനാവശ്യമായ പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നിരവധി പദ്ധതികൾ ക്ഷീര വികസന വകുപ്പ് നടപ്പാക്കിവരുന്നു. ക്ഷീരകർഷകർക്ക് കന്നുകാലികളെ വാങ്ങൽ, കാലിത്തൊഴുത്ത് നിർമ്മാണം/അറ്റകുറ്റപ്പണികൾ, കാലിത്തൊഴുത്ത് ആധുനികവൽക്കരണം/ഭൗതിക സാഹചര്യമൊരുക്കൽ, സബ്സിഡി നിരക്കിൽ കാലിത്തീറ്റ/പോഷകാഹാര മിശ്രിതങ്ങൾ, പുൽകൃഷി തോട്ടം നടപ്പാക്കൽ മുതലായവയെല്ലാം വകുപ്പിന്റെ ധനസഹായത്തോടെ നൽകുന്നു. ഇവ കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽനിന്നും സംഘത്തിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് ഒരു ലിറ്റർ പാലിന് 3/- രൂപ നിരക്കിൽ സാമ്പത്തികവർഷം മുഴുവനും ഇൻസെന്റീവ് നൽകുന്നു. പുതിയ ക്ഷീര കർഷകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള പദ്ധതികൾ, ബാങ്ക് വായ്പ ലിങ്ക് ചെയ്തുള്ള പദ്ധതികൾ, ഓരോ പ്രദേശത്തിന് അനുയോജ്യമായ പദ്ധതികൾ, കാലാവസ്ഥാ വ്യതിയാനങ്ങൾക്കനുസൃതമായ പദ്ധതികൾ, അടിയന്തര സാഹചര്യങ്ങൾ നേരിടാനുള്ള പദ്ധതികൾ എന്നിങ്ങനെ

വൈവിദ്ധ്യമാർന്ന പദ്ധതികളുൾപ്പെടുത്തി സംസ്ഥാനത്തെ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീര വികസന വകുപ്പ് ശ്രമിക്കുന്നു.

വിപണി വിലയുടെ 83 ശതമാനവും ക്ഷീരകർഷകർക്ക് പാൽ വിലയായും മറ്റാനുകൂല്യങ്ങളായും നൽകുന്നതിനുപുറമേ വിവിധ സബ്സിഡികളായും അധിക പാൽവിലയായും വിവിധ ക്ഷേമ പ്രവർത്തനങ്ങളായും കർഷകക്ഷേമ പദ്ധതികളായും കഴിഞ്ഞ സാമ്പത്തികവർഷം 70 കോടിയോളം രൂപ ക്ഷീര സംഘങ്ങളിലൂടെ ക്ഷീര കർഷകർക്ക് കൈമാറാൻ മിൽമയ്ക്ക് സാധിച്ചിട്ടുണ്ട്. സർക്കാരിന്റെ ഭാഗികമായ ധനസഹായത്തോടുകൂടിയും മേഖലാ യൂണിയനുകളുടെ സ്വന്തം ഫണ്ടുപയോഗിച്ചും സംസ്ഥാനത്തെ ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായുള്ള സർക്കാരിന്റെ വിവിധ പ്രവർത്തനങ്ങളിൽ മിൽമയും പങ്കാളിയാവുന്നുണ്ട്. സബ്സിഡി നിരക്കിൽ പച്ചപ്പുല്ല്, പച്ച ചോളത്തണ്ട് എന്നിവ ആവശ്യമുള്ള കർഷകർക്ക് എത്തിച്ചുനൽകിക്കൊണ്ടും ചെലവ് കുറഞ്ഞ പാലുൽപ്പാദനത്തിന് കറവമാടുകൾക്ക് പോഷകസമൃദ്ധമായ കാലിത്തീറ്റയും ബദൽ തീറ്റവസ്തുക്കളും ആവശ്യാനുസരണം മിതമായ വിലയ്ക്ക്

വിപണിയിൽ എത്തിച്ചുകൊണ്ടും മിൽമയുടെ മേഖലാ യൂണിയനുകൾ ക്ഷീര കർഷകരുടെ വർദ്ധിച്ചുവരുന്ന ഉൽപ്പാദനചെലവ് നിയന്ത്രിച്ചുകൊണ്ട് കൂടുതൽ പേരെ ക്ഷീര മേഖലയിലേയ്ക്ക് എത്തിക്കാനും അതുവഴി ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഈ കൂട്ടായ പ്രവർത്തനങ്ങളുടെ ഫലമായി പാലുൽപ്പാദനത്തിൽ വർദ്ധനയുണ്ടായിട്ടുണ്ട്. മലബാർ മേഖലയിൽ ആവശ്യമായ പാൽ മലബാർ മേഖലയിൽത്തന്നെ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നുണ്ടെങ്കിലും മറ്റ് രണ്ട് യൂണിയനുകളും സ്വയംപര്യാപ്തതയിലെത്തിയിട്ടില്ല. എറണാകുളം മേഖലയിൽ യൂണിയന് ആവശ്യമുള്ള പാലിന്റെ 85 ശതമാനത്തോളം ആഭ്യന്തരമായി സംഭരിക്കുന്നുണ്ട്. മലബാറിൽ ഉപഭോഗം കഴിഞ്ഞ് മിച്ചം വരുന്ന പാൽ മറ്റ് മേഖലാ യൂണിയനുകൾക്ക് നൽകിവരുന്നുണ്ട്.

**ശുദ്ധമായ പാലിന്റെ വിതരണം**

357(2054) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

**(എ) ഇതര സംസ്ഥാനങ്ങളിൽ ഉൽപ്പാദിപ്പിച്ച് കേരളത്തിൽ വിൽക്കുന്ന പായ്ക്കറ്റ് ചെയ്ത പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?**

ഇതര സംസ്ഥാനങ്ങളിൽ ഉൽപ്പാദിപ്പിച്ച് കേരളത്തിൽ വിൽക്കുന്ന പായ്ക്കറ്റ് ചെയ്ത പാലിന്റെ രാസ/അണു ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ ജില്ലാ ആസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ലാബുകളിലും 3 റീജിയണൽ ലാബുകളിലും തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡയറി ലാബിലുമുണ്ട്. ചില പാലുൽപ്പന്നങ്ങൾ മാത്രം പരിശോധിക്കുന്നതിനുള്ള സംവിധാനം കോട്ടയം, ആലത്തൂർ, കാസർഗോഡ് എന്നീ റീജിയണൽ ഡയറി ലാബുകളിലും ലഭ്യമാണ്. പാലുൽപ്പന്നങ്ങൾ പരിശോധിക്കുന്നതിനുള്ള സംവിധാനം സ്റ്റേറ്റ് ഡയറി ലാബിലുണ്ട്.

ഇതര സംസ്ഥാനങ്ങളിൽനിന്നും ചെക്ക്പോസ്റ്റുകൾവഴി കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന പാൽ, പാലുൽപ്പന്നങ്ങൾ എന്നിവയുടെ

ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഭക്ഷ്യ സുരക്ഷാവകുപ്പ് അപ്രതീക്ഷിത പരിശോധനകൾ നടത്തുകയും ഉത്സവ/ആഘോഷ അവസരങ്ങളിൽ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറികളുടെ സഹായത്തോടെ (FSW-Food Safety on Wheels) പ്രത്യേക പരിശോധനകളും നടത്തിവരുന്നു.

ഉത്സവ കാലങ്ങളിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെയും ക്ഷീരവികസന വകുപ്പിന്റെയും സംയുക്ത പരിശോധന നടത്തിവരുന്നു. ഇത്തരത്തിൽ നടത്തുന്ന പ്രാഥമിക പരിശോധനകളിൽ പ്രശ്നങ്ങൾ കണ്ടെത്തുന്നപക്ഷം പ്രസ്തുത പാലിന്റെ/പാലുൽപ്പന്നങ്ങളുടെ കൂടുതൽ സാമ്പിളുകൾ ശേഖരിച്ച് Food Safety & Standards (Regulations) 2011-ൽ നിഷ്കർഷിച്ചിരിക്കുന്ന മനുഷ്യശരീരത്തെ ദോഷകരമായി ബാധിക്കുന്ന ഘടകങ്ങളുടെ പരിശോധനയും ഗുണമേന്മ പരിശോധനയും ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ലബോറട്ടറികളിൽ നടന്നുവരുന്നു. ഈ പരിശോധനകൾക്ക് FSSAI-യുടെ അംഗീകൃത “Method of Analysis” ലഭ്യമാണ്.

(ബി) സംസ്ഥാനത്ത് പാലുൽപ്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നിരവധി പദ്ധതികൾ ക്ഷീരവികസന വകുപ്പ് നടപ്പാക്കുന്നു. ക്ഷീരകർഷകർക്ക് കന്നുകാലികളെ വാങ്ങൽ, കാലിത്തൊഴുത്ത് നിർമ്മാണം/അറ്റകുറ്റപ്പണികൾ, കാലിത്തൊഴുത്ത് ആധുനികവൽക്കരണം/ഭൗതിക സാഹചര്യമൊരുക്കൽ, സബ്സിഡി നിരക്കിൽ കാലിത്തീറ്റ/പോഷകാഹാര മിശ്രിതങ്ങൾ, പുൽകൃഷി തോട്ടം നടപ്പാക്കൽ മുതലായവയെല്ലാം വകുപ്പിന്റെ ധനസഹായത്തോടെ നൽകുന്നു. ഇവ കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽനിന്നും സംഘത്തിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് ഒരു ലിറ്റർ പാലിന് 3/- രൂപ നിരക്കിൽ സാമ്പത്തിക വർഷം മുഴുവനും ഇൻസെന്റീവ് നൽകിവരുന്നു. പുതിയ ക്ഷീരകർഷകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള പദ്ധതികൾ, ബാങ്ക് വായ്പ ലിങ്ക് ചെയ്തുകൊണ്ടുള്ള പദ്ധതികൾ, ഓരോ പ്രദേശത്തിന് അനുയോജ്യമായ പദ്ധതികൾ, കാലാവസ്ഥാ വ്യതിയാനങ്ങൾക്കനുസൃതമായ പദ്ധതികൾ,

അടിയന്തര സാഹചര്യങ്ങൾ നേരിടാനുള്ള പദ്ധതികൾ എന്നിങ്ങനെ വൈവിദ്ധ്യമാർന്ന പദ്ധതികൾ ഉൾപ്പെടുത്തി സംസ്ഥാനത്തെ പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് ശ്രമിക്കുന്നു.

(സി) സംസ്ഥാനത്ത് പാലുൽപ്പാദക സഹകരണ സംഘങ്ങൾ വഴി ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന പാലിന്റെ അളവിൽ വർദ്ധനയുണ്ടായതായി നിരീക്ഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് പാലുൽപ്പാദക സഹകരണ സംഘങ്ങൾ വഴി ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന പാലിന്റെ അളവ് 2002-03-ൽ 3.41 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2022-23-ൽ 7.39 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചിട്ടുണ്ട്.

**അരക്കുപറമ്പ് ക്ഷീരോൽപാദക സഹകരണ സംഘത്തിൽനിന്നും ദിവസേന പാൽ സംഭരിക്കാൻ നടപടി**

358(2055) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ അരക്കുപറമ്പ് ഇബ്രാഹിംപടി ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ പാൽ സംഭരണം നടത്തി സൂക്ഷിക്കാനുള്ള സൗകര്യമില്ല, ദിവസേന പാൽ സംഭരിക്കാൻ മിൽമ തയ്യാറാകുന്നില്ല എന്നീ വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിലവിൽ അരക്കുപറമ്പ് ഇബ്രാഹിംപടി ക്ഷീരോൽപ്പാദക സഹകരണ സംഘത്തിന് മിൽമ മിൽക്ക് റൂട്ട് അനുവദിച്ചിട്ടില്ല. പ്രതിദിനം 100 ലിറ്ററോളം പാലാണ് സംഘം സംഭരിച്ചുവരുന്നത്. സംഘത്തിൽ മിൽമ ഒരു കോൾഡ് സ്റ്റോറേജ് സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. അഞ്ചോ, ആറോ നേരത്തെ പാൽ (ശരാശരി 3 ദിവസത്തെ പാൽ) കോൾഡ് സ്റ്റോറേജിൽ സംഭരിച്ചശേഷം വാഹനത്തിൽ മിൽക്ക് റൂട്ടിലേയ്ക്ക് എത്തിക്കുകയാണ് ചെയ്തുവരുന്നത്. സംഘവും ബി.എം.സി-യും തമ്മിൽ 20 കിലോമീറ്ററോളം ദൂരത്തിലാണ്. കോൾഡ് സ്റ്റോറേജിൽ സംഭരിച്ച പാൽ സാധാരണ താപത്തിൽ ബി.എം.സി.-യിൽ എത്തുമ്പോഴേയ്ക്കും കേടാകാനുള്ള സാധ്യത കൂടുതലാണ്.

(ബി) പാൽ സംഭരണത്തിനെത്തുന്ന വാഹനത്തിന്റെ വാടക സംഘത്തിൽനിന്ന് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. മേഖലാ യൂണിയന്റെ പാൽ സംഭരണ റൂട്ടിൽനിന്നും 13 കിലോമീറ്റർ ദൂരെയാണ് ഈ സംഘം സ്ഥിതി ചെയ്യുന്നത്. ഒരു നേരം 26 കിലോമീറ്റർ വാഹനം അധിക ദൂരം ഓടിയാൽ മാത്രമെ സംഘത്തിൽനിന്നും പാൽ സംഭരണം നടത്താൻ കഴിയുകയുള്ളൂ. പ്രസ്തുത സംഘം മേഖലാ യൂണിയന് പ്രതിദിനം ശരാശരി 68 ലിറ്റർ പാൽ മാത്രമാണ് നൽകിവരുന്നത്. ഇത്രയും ദൂരം വാഹനം അധികമായി ഓടിച്ച് പാൽ സംഭരണം നടത്തുന്നത് മേഖലാ യൂണിയന് അധിക ബാധ്യത വരുത്തുന്നതാണ്.

പാൽ മിൽക്ക് റൂട്ടിലേയ്ക്കെത്തിക്കുന്നതിന് ഒരു ദിവസം (5-6 നേരത്തെ പാൽ കോൾഡ് സ്റ്റോറേജിൽ സംഭരിച്ചത്) 550/- രൂപ ചെലവ് വരുന്നുണ്ട്. മാസത്തിൽ 8,500/- രൂപയോളം ഈ ഇനത്തിൽ സംഘത്തിന് ചെലവ് വരുന്നു.

(സി) പ്രസ്തുത സംഘത്തിൽനിന്ന് വാഹന വാടക ഈടാക്കാതെ ദിവസേന പാൽ സംഭരിക്കാൻ നടപടി സ്വീകരിക്കുമോ?

ഒരു പരിധിവരെ ഈ നഷ്ടം നികത്തുന്നതിലേയ്ക്കായി ക്ഷീരവികസന വകുപ്പിന്റെ അസിസ്റ്റൻസ് ടു ഡി.സി.എസ് എന്ന പദ്ധതിയിലെ ഘടക പദ്ധതിയായ ട്രാൻസ്പോർട്ടേഷൻ അസിസ്റ്റൻസ് ടു മിൽക്ക് റൂട്ട് എന്ന പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ സംഘത്തിന് 24,500/- രൂപ അനുവദിച്ചിട്ടുണ്ട്. 04-09-2022-നാണ് ടി സംഘം പ്രവർത്തനം ആരംഭിച്ചത്. ഒരു മാസം ടി പദ്ധതി പ്രകാരം അനുവദിക്കാവുന്ന പരമാവധി തുകയായ 3,500/- രൂപ പ്രവർത്തനമാരംഭിച്ചശേഷം 7 മാസവും നൽകിയിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷത്തിലും ടി പദ്ധതി പ്രകാരം സബ്സിഡിക്കായി സംഘം ക്ഷീരവികസന ഓഫീസർ മുഖാന്തരം ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ പരമാവധി സബ്സിഡി തുകയായ 35,000/- രൂപ ഈ സാമ്പത്തിക വർഷത്തിലും അനുവദിക്കാവുന്നതാണ്.

പാൽ സംഭരണം വർദ്ധിക്കുന്നമുറയ്ക്ക് മിൽമയുടെ പാൽ സംഭരണ വാഹനം സംഘത്തിലെത്തി പാൽ സംഭരിക്കുന്നതാണ്.

**മിൽമയുടെ പാൽ ശേഖരണവും സംഭരണവും**

359(2056) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമയുടെ ഒരു ദിവസത്തെ ശരാശരി പാൽ ശേഖരണം, സംഭരണം എന്നിവ എത്രയാണ്; ഇത് സംസ്ഥാനത്തിന്റെ ആവശ്യങ്ങൾക്ക് പര്യാപ്തമാണോയെന്ന് അറിയിക്കാമോ?

നിലവിൽ പ്രതിദിനം ശരാശരി 14.50 ലക്ഷം ലിറ്റർ പാലാണ് മിൽമ സംഭരിക്കുന്നത്. പ്രതിദിന വിൽപ്പന ശരാശരി 17 ലക്ഷം ലിറ്റർ വരെയാണ്. വിൽപ്പനയും സംഭരണവും തമ്മിൽ ഏകദേശം 2.50 ലക്ഷം ലിറ്റർ പാലിന്റെ കുറവുണ്ട്. ഇത്തരത്തിൽ വിപണി നിലനിർത്തുന്നതിനാവശ്യമായ പാൽ തികയാതെവരുന്ന സാഹചര്യങ്ങളിൽ അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കാറുണ്ട്. ഓണം, വിഷു തുടങ്ങിയ ഉത്സവ സീസണുകളിലാണ് കൂടുതലും അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നത്.

(ബി) സംസ്ഥാനത്തിനാവശ്യമായ പാൽ ലഭ്യമാക്കാൻ ഏതെല്ലാം സംസ്ഥാനങ്ങളുമായാണ് കരാറിലേർപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നേരത്തേ കർണാടകയിൽനിന്ന് പാൽ വാങ്ങിയിരുന്നെങ്കിലും ക്ഷാമമുണ്ടെന്ന് ചൂണ്ടിക്കാട്ടി പാൽ നൽകുന്നത് കർണാടക ഈയിടെ അവസാനിപ്പിച്ചിരുന്നു. ഇപ്പോൾ ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്.

(സി) ഇതരസംസ്ഥാനങ്ങളിൽനിന്നും എത്തിക്കുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

സംസ്ഥാന അതിർത്തിയിലുള്ള 3 ചെക്ക്പോസ്റ്റുകളായ മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല എന്നിവയിലൂടെ ഇതര സംസ്ഥാനത്തുനിന്നും വരുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ക്ഷീരവികസന വകുപ്പ് നടപ്പാക്കിവരുന്നു. ഈ മൂന്ന് സ്ഥിരം ചെക്ക്പോസ്റ്റുകളിൽ ഏർപ്പെടുത്തിയിരിക്കുന്ന പാൽ പരിശോധനാ സംവിധാനം 3 ഷിഫ്റ്റുകളിലായി മുഴുവൻ സമയവും പ്രവർത്തിക്കുന്ന തരത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. കൂടാതെ ജില്ലാ ആസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ലാബുകളിലും സംസ്ഥാനതലത്തിൽ

പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡയറി ലാബിലും ഇതര സംസ്ഥാനത്തിൽനിന്നും സംസ്ഥാനത്തിനുള്ളിൽ എത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കാൻ നിലവിൽ സംവിധാനങ്ങളുണ്ട്.

ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെ മാർക്കറ്റുകളിൽ എത്തിച്ച് വിൽപ്പന നടത്തുന്നതുൾപ്പെടെ സംസ്ഥാനത്ത് ലഭ്യമാകുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഭക്ഷ്യ സുരക്ഷാവകുപ്പ് നിരന്തരമായ പരിശോധനകൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി ശേഖരിക്കുന്ന പാൽ സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാവകുപ്പിന്റെ നിയന്ത്രണത്തിലുള്ള ലാബുകളിലെത്തിച്ച് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു.

ഇതര സംസ്ഥാനങ്ങളിൽനിന്നും ചെക്ക്പോസ്റ്റുകൾ വഴി കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന പാൽ, പാലുൽപ്പന്നങ്ങൾ എന്നിവയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് അപ്രതീക്ഷിത പരിശോധനകൾ നടത്തുകയും, ഉത്സവ/ആഘോഷ അവസരങ്ങളിൽ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറികളുടെ

സഹായത്തോടെ (FSW- Food Safety on Wheels) പ്രത്യേക പരിശോധനകളും നടത്തിവരുന്നു.

ഉത്സവ കാലങ്ങളിൽ ഭക്ഷ്യ സുരക്ഷാവകുപ്പുമായി ചേർന്ന് ക്ഷീരവികസന വകുപ്പ് പ്രത്യേക പരിശോധനകളും നടത്തിവരുന്നു.

(ഡി) ഓണത്തിനോടനുബന്ധിച്ച് മായം കലർന്ന പാലിന്റെ ലഭ്യത തടയുന്നതിനായി എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ?

സംസ്ഥാനത്തിനുള്ളിൽ മായം കലർന്ന പാലിന്റെ ലഭ്യത തടയുന്നതിനായി കർശനമായ മുൻകരുതലുകൾ ക്ഷീരവികസന വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. ഓണത്തിനോടനുബന്ധിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പുമായി ചേർന്നുകൊണ്ട് ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥർ സംസ്ഥാന അതിർത്തിയിലുള്ള മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല എന്നീ സ്ഥിരം പാൽ പരിശോധന ചെക്ക്പോസ്റ്റുകളിലൂടെ അന്യസംസ്ഥാനത്തുനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങളുണ്ട്. മൂന്ന് ഷിഫ്റ്റുകളിലായി മുഴുവൻ സമയവും പ്രവർത്തിക്കുന്ന

ഈ സ്ഥിരം ചെക്ക്പോസ്റ്റുകളിൽ പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനാവശ്യമായ എല്ലാ സജ്ജീകരണങ്ങളും ക്രമീകരിച്ചിരിക്കുന്നു. സംസ്ഥാന അതിർത്തി കടന്നുവരുന്ന പാലിൽ ഏതെങ്കിലും തരത്തിലുള്ള മായം കണ്ടെത്തുന്നപക്ഷം നിയമപരമായ തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഭക്ഷ്യ സുരക്ഷാവകുപ്പിനെ അറിയിക്കുകയും ചെയ്യുന്നു. ആയതിനാൽ പ്രൈവറ്റ് ഡയറികളിലും സഹകരണ മേഖലയിലെ ഡയറികളിലും സംസ്ഥാനത്തിന് പുറത്തുനിന്നും കൊണ്ടുവരുന്ന പാൽ കർശനമായ ഗുണമേന്മ പരിശോധന നടത്തിയതിനുശേഷം മാത്രമെ സംസ്ഥാനത്തിനുള്ളിൽ വിപണനം നടത്താൻ സാധിക്കുകയുള്ളൂ.

**വൃക്കരോഗം ബാധിച്ച ക്ഷീരകർഷകയ്ക്കുള്ള പെൻഷൻ**

360(2057) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്കരോഗം ബാധിച്ച് ചികിൽസയിൽ കഴിയുന്ന ശ്രീമതി ഗീതാകുമാരി, ഗീതാഭവനം, വട്ടുകുളം പി.ഒ, കടപ്പൂർ, കോട്ടയം എന്നയാൾ

തനിക്ക് ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽനിന്നും ലഭിച്ചുകൊണ്ടിരുന്ന പെൻഷൻ ലഭിക്കുന്നില്ലെന്ന് കാണിച്ച് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

കോട്ടയം മാഞ്ഞൂർ കടപ്പൂർ ക്ഷീരസംഘത്തിലെ ശ്രീമതി ഗീതകുമാരി എം. സി. (0509080005)-ക്ക് 2023 ജൂൺ മാസം വരെയുള്ള പെൻഷൻ ടിയാന്റെ അക്കൗണ്ടിലേയ്ക്ക് (A/C No. 67241487739) ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽനിന്നും അനുവദിച്ചിട്ടുണ്ട്

(ബി) പ്രസ്തുത അപേക്ഷകയ്ക്ക് ചികിൽസാ ആനുകൂല്യം ലഭിക്കുന്നതിനും പെൻഷൻ ലഭിക്കുന്നതിനും മാനുഷികമായ പരിഗണന നൽകുമോ; വിശദമാക്കാമോ?

ശ്രീമതി ഗീതകുമാരിയുടെ ചികിത്സാ ധനസഹായ അപേക്ഷ (ടോക്കൺ നമ്പർ KSS-14/2022-2023/299) 21-01-2023 തീയതിയിൽ ക്ഷീരകർഷക ക്ഷേമനിധി ഓഫീസിൽ ലഭ്യമായിട്ടുള്ളതാണ്. ക്ഷീരസുരക്ഷാ പദ്ധതിക്ക് അനുവദിച്ച 25 ലക്ഷം രൂപ വിനിയോഗിച്ചതിനുശേഷം ലഭ്യമായിട്ടുള്ള അപേക്ഷകർക്ക് ക്ഷേമനിധിയുടെ തനതുഫണ്ടിൽനിന്നും തുക

ചെലവഴിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു.

**ക്ഷീരവികസന വകുപ്പിന്റെ ഉത്തരവ് റദ്ദ് ചെയ്യുന്നതിന് നടപടി**

361(2058) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസന പ്രിൻസിപ്പൽ സെക്രട്ടറിയുടെ 01-09-2022-ലെ സ.ഉ (സാ.ധാ)116/2022/ഡിഡി നമ്പർ ഉത്തരവ് സഹകരണ നിയമത്തിന് വിരുദ്ധമാണോ; സഹകരണ വകുപ്പിന്റെ അനുമതിയില്ലാതെ പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കാൻ ക്ഷീരവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് അധികാരമുണ്ടോ; വ്യക്തമാക്കാമോ?

സ.ഉ.(സാധാ)നം.116/2022/ഡിഡി നമ്പർ ഉത്തരവുപ്രകാരം കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിനും അംഗ സംഘങ്ങളായ മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയനുകൾക്കും സുഗമമായ പ്രവർത്തനങ്ങൾക്ക് അധികാര പരിധി നിശ്ചയിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ക്ഷീരവികസന വകുപ്പ് ഡയറക്ടറെ ക്ഷീരസംഘങ്ങളുടെ ഫങ്ഷണൽ രജിസ്ട്രാറായി നോട്ടിഫൈ ചെയ്തിട്ടുണ്ട്. സംഘങ്ങളുടെ ഓഡിറ്റ് ഒഴികെയുള്ള കാര്യങ്ങൾ ക്ഷീരവികസന വകുപ്പ് ഡയറക്ടറിലും ഫങ്ഷണൽ രജിസ്ട്രാറിലും ടി വകുപ്പിലും നിക്ഷിപ്തമാണ്.

(ബി) പ്രസ്തുത ഉത്തരവിലെ ഏതൊക്കെ ഖണ്ഡികകളാണ് സഹകരണ നിയമത്തിന് വിരുദ്ധമായിട്ടുള്ളത്; ഈ ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ബാധകമല്ല.

**കോതമംഗലം മണ്ഡലത്തിലെ ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ**

362(2059) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ക്ഷീരവികസന യൂണിറ്റിനുകീഴിൽ എത്ര ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുവെന്നും പ്രസ്തുത സംഘങ്ങൾവഴി പ്രതിദിനം എത്ര ലിറ്റർ പാലുൽപ്പാദനം നടത്തുന്നുണ്ടെന്നും വ്യക്തമാക്കാമോ?

കോതമംഗലം ക്ഷീരവികസന യൂണിറ്റിന്റെ പരിധിയിൽ നിലവിൽ 47 ക്ഷീരസംഘങ്ങൾ പ്രവർത്തിക്കുന്നു. പ്രസ്തുത ക്ഷീരസംഘങ്ങൾ വഴി പ്രതിദിനം 18500 ലിറ്ററിലധികം പാൽ സംഭരണം നടത്തുന്നുണ്ട്.

(ബി) പദ്ധതിപ്രദേശത്തെ വിപുലമായ ഏരിയായും ക്ഷീര സഹകരണ സംഘങ്ങളുടെ ബാഹുല്യവും നിലവിലെ യൂണിറ്റിൽ ആവശ്യത്തിനുള്ള ഉദ്യോഗസ്ഥരുടെ അപര്യാപ്തതയും പദ്ധതി നിർവ്വഹണത്തിൽ തടസ്സം സൃഷ്ടിക്കുന്നത് കണക്കിലെടുത്ത് കുട്ടമ്പുഴ, കീരമ്പാറ പഞ്ചായത്തുകളെ ഉൾപ്പെടുത്തി പുതിയ ക്ഷീരവികസന സർവീസ് യൂണിറ്റ് ആരംഭിക്കുന്നതിനാവശ്യമായ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

കോതമംഗലം ബ്ലോക്കിനെ വിഭജിച്ച് പുതിയ ക്ഷീരവികസന യൂണിറ്റ് തുടങ്ങുന്നതിന്റെ സാധ്യത പരിശോധിച്ചതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**മിൽമയ്ക്ക് അമിത സാമ്പത്തിക അധികാരം നൽകുന്ന ഉത്തരവ് പിൻവലിക്കാൻ നടപടി**

363(2060) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നിയമത്തിനുവിരുദ്ധമായി മിൽമയ്ക്ക് അമിത സാമ്പത്തികാധികാരം നൽകുന്ന ക്ഷീരവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 01-09-2022-ലെ സ.ഉ (സാധാ) 116/2022/ഡി.ഡി. നമ്പർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഉത്തരവ് സംബന്ധിച്ച ഫയൽ ക്ഷീരവികസന വകുപ്പുമന്ത്രിയുടെ ഓഫീസ് പരിശോധിച്ചിട്ടുണ്ടോ?

സ.ഉ.(സാധാ)നം.116/2022/ഡിഡി നമ്പർ ഉത്തരവുപ്രകാരം കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിനും അംഗ സംഘങ്ങളായ മേഖലാ യൂണിയനുകൾക്കും സുഗമമായ പ്രവർത്തനങ്ങൾക്ക് അധികാര പരിധി നിശ്ചയിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത ഉത്തരവ് സംബന്ധിച്ച ഫയൽ ക്ഷീരവികസന വകുപ്പ് മന്ത്രിയുടെ ഓഫീസ് പരിശോധിച്ചിട്ടുണ്ട്.

(ബി) സഹകരണ നിയമത്തിന് വിരുദ്ധവും സാമ്പത്തിക ദുർവിനിയോഗത്തിന് ഇടവരുന്നതുമായ പ്രസ്തുത ഉത്തരവ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

ടി ഉത്തരവിനെതിരെ ലഭിച്ച പരാതികൾ പരിശോധിച്ചുവരുന്നു.

(സി) കരുവന്നൂർ സർവീസ് സഹകരണ ബാങ്ക് തട്ടിപ്പിന്റെ ഭാഗമായി സഹകരണ മേഖലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പരിഷ്കരണങ്ങൾ ക്ഷീരസഹകരണ മേഖലയിലും നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

സഹകരണ നിയമത്തിൽ സർക്കാർ കൊണ്ടുവരുന്ന ഭേദഗതികൾ ക്ഷീര സഹകരണ സംഘങ്ങൾക്കും ബാധകമാണ്.

**പരമ്പരാഗത ക്ഷീരസംഘങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപടി**

364(2061) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത ക്ഷീരസംഘങ്ങളുടെ സഹകരണ നിയമപ്രകാരമുള്ള അവകാശങ്ങൾ ഹനിക്കുന്ന ക്ഷീരവികസന വകുപ്പ് പ്രിൻസിപ്പൽ

സെക്രട്ടറിയുടെ 01-09-2022-ലെ സ.ഉ. (സാധാ) 116/2022/ഡി.ഡി. നമ്പർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സ.ഉ.(സാധാ)നം.116/2022/ഡിഡി നമ്പർ ഉത്തരവുപ്രകാരം കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിനും അംഗ സംഘങ്ങളായ മേഖലാ സഹകരണ ക്ഷീര ഉൽപ്പാദക യൂണിയനുകൾക്കും സുഗമമായ പ്രവർത്തനങ്ങൾക്ക് അധികാരപരിധി നിശ്ചയിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഉത്തരവ് സംബന്ധിച്ച ഫയൽ ക്ഷീരവികസന വകുപ്പ് മന്ത്രിയുടെ ഓഫീസ് പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്.

(സി) സഹകരണ നിയമത്തിന് വിരുദ്ധമായ പ്രസ്തുത ഉത്തരവ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

ടി ഉത്തരവിനെതിരെ ലഭിച്ച പരാതികൾ പരിശോധിച്ചുവരുന്നു.

(ഡി) ക്ഷീരമേഖലയിൽ പ്രവർത്തിക്കുന്ന പരമ്പരാഗത ക്ഷീരസംഘങ്ങളെ പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

'അപ്കോസ്' സംഘങ്ങൾക്ക് നൽകുന്ന എല്ലാ ധനസഹായ പദ്ധതികളും ക്ഷീരമേഖലയിൽ പ്രവർത്തിക്കുന്ന പരമ്പരാഗത ക്ഷീരസംഘങ്ങൾക്കും ലഭിക്കുന്നതാണ്. ക്ഷീര സംഘങ്ങൾക്ക് സ്ഥലം വാങ്ങൽ, കെട്ടിട നിർമ്മാണം, ഭൗതിക സാഹചര്യമൊരുക്കൽ, പാൽ പരിശോധന ഉപകരണങ്ങൾ സ്ഥാപിക്കൽ എന്നിങ്ങനെയുള്ള എല്ലാ ധനസഹായ പദ്ധതികളും പരമ്പരാഗത ക്ഷീരസംഘങ്ങൾക്കും അർഹതപ്പെട്ടതാണ്.

**മാനന്തവാടി വെറ്ററിനറി പോളിക്ലിനിക്കിൽ വിതരണം ചെയ്ത മരുന്നുകളുടെ കണക്ക്**

365(2062) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി വെറ്ററിനറി പോളിക്ലിനിക്കിൽ കഴിഞ്ഞ സാമ്പത്തിക വർഷം ആകെ എത്ര രൂപയുടെ വെറ്ററിനറി മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

മാനന്തവാടി വെറ്ററിനറി പോളി ക്ലിനിക്കിൽ 2022-23 സാമ്പത്തിക വർഷത്തിൽ 44,60,000/- (നാൽപ്പത്തി നാല് ലക്ഷത്തി അറുപതിനായിരം) രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുണ്ട്. വിതരണം നടന്നുകൊണ്ടിരിക്കുന്നു.

(ബി) പ്രസ്തുത ആശുപത്രിയിൽ ഒ.പി. വിഭാഗത്തിൽ ദൈനംദിനം എത്ര കേസുകൾ ശരാശരി എത്തുന്നുണ്ടെന്നറിയിക്കാമോ?

2022-23 സാമ്പത്തിക വർഷത്തിൽ ശരാശരി ഒരു ദിവസം 250 കേസുകളും പ്രതിമാസം ശരാശരി 7400 കേസുകളും റിപ്പോർട്ട് ചെയ്യുന്നുണ്ട്.

(സി) വെറ്ററിനറി മരുന്ന് ഏറ്റവും കൂടുതൽ ആവശ്യമായി വരുന്നത് ഏത് വിഭാഗത്തിൽപ്പെട്ട മൃഗങ്ങൾക്കാണെന്ന് വ്യക്തമാക്കാമോ?

എല്ലാ വളർത്തുമൃഗങ്ങൾക്കും വെറ്ററിനറി മരുന്നുകൾ ആവശ്യമായി വരുന്നുണ്ട്.

**ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് നടപടി**

366(2063) <u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

സംസ്ഥാനത്തെ ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത നടപടികൾമൂലമുണ്ടായ പുരോഗതിയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പഠനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത നടപടികൾമൂലം ന്യൂനപക്ഷങ്ങൾക്കുണ്ടാകുന്ന പുരോഗതി വിലയിരുത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**പൂഞ്ഞാർ മണ്ഡലത്തിലെ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ**

367(2064) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ന്യൂനപക്ഷ ക്ഷേമ വകുപ്പ് നേരിട്ടും കേന്ദ്രാവിഷ്കൃത പദ്ധതികൾ വഴിയും പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) ന്യൂനപക്ഷ ക്ഷേമ വകുപ്പുമുഖേന നടപ്പാക്കിവരുന്ന സംസ്ഥാന പദ്ധതികളിൽപ്പെട്ട സ്കോളർഷിപ്പ് പദ്ധതികൾ, ഭവന പുനരുദ്ധാരണ പദ്ധതി, കരിയർ ഗൈഡൻസ് പദ്ധതികൾ, പാത്ത് വേ സോഷ്യൽ പ്രോഗ്രാമുകൾ, സി.സി.എം.വൈ. പരിശീലന കേന്ദ്രങ്ങളിലെ പരിശീലനങ്ങൾ എന്നിങ്ങനെ വിവിധ പദ്ധതികളുടെ പ്രയോജനം പൂഞ്ഞാർ മണ്ഡലത്തിനും ലഭിക്കുന്നുണ്ട്. എന്നാൽ ഈ പദ്ധതികളൊന്നുംതന്നെ മണ്ഡലാടിസ്ഥാനത്തിലല്ല നടപ്പാക്കുന്നത്. ആയതിനാൽ അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ മണ്ഡലാടിസ്ഥാനത്തിൽ ലഭ്യമല്ല. കൂടാതെ വകുപ്പുമുഖാന്തരം നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.ജെ.വി.കെ. പദ്ധതിയിൽ പൂഞ്ഞാർ മണ്ഡലത്തിൽ നിലവിൽ പദ്ധതികൾ ലഭിച്ചിട്ടില്ല.

**പൊന്നാനി മണ്ഡലത്തിലെ പി.എം.ജെ.വി.കെ പ്രവൃത്തികൾ**

368(2065) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പി.എം.ജെ.വി.കെ. (പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം)-യുടെ കീഴിൽ പൊന്നാനി മണ്ഡലത്തിൽ നിലവിൽ നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

വകുപ്പുമുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.ജെ.വി.കെ. പദ്ധതിയിൻകീഴിൽ പൊന്നാനി മണ്ഡലത്തിൽ 1828.5 ലക്ഷം രൂപയുടെ 7 പ്രോജക്ടുകളുടെ നിർവ്വഹണം നടന്നുവരുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**കേരള മദ്രസ അധ്യാപക ക്ഷേമനിധി പെൻഷൻ**

369(2066) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കേരള മദ്രസ്സാധ്യാപക ക്ഷേമനിധിയിൽ നിലവിലുള്ള അംഗങ്ങളുടെയും അവരിൽനിന്നും ഇതുവരെ ഈടാക്കിയ ആകെ അംശദായ തുകയുടെയും (മദ്രസ കമ്മിറ്റികളുടെ വിഹിതമുൾപ്പെടെ) വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരള മദ്രസ അധ്യാപക ക്ഷേമനിധി ബോർഡിൽ 2023 ജൂലൈ മാസം വരെ 27017 പേർ ക്ഷേമനിധി അംഗങ്ങളായിട്ടുണ്ട്. ക്ഷേമനിധി അംഗങ്ങളിൽനിന്നും ഇതുവരെയായി 14,40,22,069/- (പതിനാല് കോടി നാൽപ്പതുലക്ഷത്തി ഇരുപത്തിരണ്ടായിരത്തി അറുപത്തിയൊമ്പത് രൂപ) രൂപ അംശദായമായി ലഭ്യമായിട്ടുണ്ട്.

(ബി) കേരള മദ്രസ അധ്യാപക ക്ഷേമനിധി ബോർഡിൽനിന്നും നിലവിൽ എത്ര പേർക്ക് പെൻഷൻ അനുവദിക്കുന്നുണ്ടെന്നും ആയതിന് പ്രതിമാസം ആകെ എത്ര രൂപ ചെലവഴിക്കുന്നുണ്ടെന്നും വിശദമാക്കാമോ?

കേരള മദ്രസ അധ്യാപക ക്ഷേമനിധി ബോർഡിൽനിന്നും 2023 ജൂലൈ മാസത്തിൽ 1503 പേർക്ക് 27,51,900/- (ഇരുപത്തിയേഴ് ലക്ഷത്തി

അമ്പത്തൊന്നായിരത്തി തൊള്ളായിരം രൂപ) രൂപ പെൻഷൻ നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത ക്ഷേമനിധി ബോർഡിൽനിന്നും 2023 മാർച്ച് മാസം എത്ര പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടെന്നും ഓരോരുത്തർക്കും എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

കേരള മദ്രസ്സാധ്യാപക ക്ഷേമനിധി ബോർഡിൽനിന്നും 2023 മാർച്ച് മാസത്തിൽ 1364 പേർക്ക് 24,87,750/-(ഇരുപത്തിനാല് ലക്ഷത്തി എൺപത്തിയേഴായിരത്തി എഴുന്നൂറ്റിയമ്പത് രൂപ) രൂപ പെൻഷൻ നൽകിയിട്ടുണ്ട്. പ്രസ്തുത വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ഡി) നാമമാത്രമായ പെൻഷൻ ലഭിക്കുന്ന പ്രസ്തുത ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കർഹതയില്ലെന്ന സർക്കാർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. 22-09-2022-ലെ സ.ഉ.(എം.എസ്)നം.162/2022/ധന നമ്പർ ഉത്തരവ്പ്രകാരം, സർക്കാർ ധനസഹായം ലഭിക്കുന്ന തനത് ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന വിവിധ ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ സ്കീം പ്രകാരം പെൻഷൻ ലഭിക്കുന്ന ബോർഡ് പെൻഷൻ ഗുണഭോക്താക്കൾ എന്നിവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്ക് അർഹതയില്ല.

(ഇ) പ്രസ്തുത ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻകൂടി ലഭ്യമാകുന്ന തരത്തിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുമോയെന്ന് വിശദമാക്കാമോ?

ഈ വിഷയം നിലവിൽ പരിഗണനയിലില്ല.

**സഞ്ചരിക്കുന്ന ഫിറ്റ്നസ് ലാബ്**

370(2067) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പിന്റെ കീഴിൽ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ ഫിറ്റ്നസ് പരിശോധിക്കുന്നതിന് സഞ്ചരിക്കുന്ന ഫിറ്റ്നസ് ലാബ് എന്ന സംവിധാനം നിലവിലുണ്ടോയെന്നും ആയത് നിലവിൽ ഏത് ജില്ലയിലാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കുമോ?

വിദ്യാർത്ഥികളുടെ ആരോഗ്യ, കായികക്ഷമത പരിശോധിക്കുക, ലഹരിവിരുദ്ധ ബോധവൽക്കരണ പ്രചരണ പരിപാടി നടത്തുക എന്ന ലക്ഷ്യത്തോടുകൂടി കേരള സർക്കാർ കായിക യുവജന കാര്യാലയത്തിന്റെ കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ വഴി നടപ്പാക്കിയ പദ്ധതിയാണ് ഫിറ്റ്നസ് ടെസ്റ്റ് ആൻഡ് ആന്റി ഡ്രഗ് അവയർനസ് ക്യാമ്പയിൻ, സ്കൂളുകളിലെത്തി വിദ്യാർത്ഥികളുടെ കായികക്ഷമത പരിശോധിക്കുന്നതിനായി മൊബൈൽ പരിശോധന യൂണിറ്റുകൾ ഇതിന്റെ ഭാഗമായി നടപ്പാക്കിയിരുന്നു. നിലവിൽ ഈ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സംവിധാനം ഉപയോഗിച്ച് എത്ര സ്കൂളുകളിൽ എത്ര കുട്ടികളുടെ ഫിറ്റ്നസ് പരിശോധിച്ചുവെന്നതിന്റെ വിശദമായ കണക്ക് ലഭ്യമാക്കാമോ?

ട്രാൻസ് സ്റ്റേഡിയ ഹോൾഡിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പ്രൈവറ്റ് കമ്പനിയാണ് ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുക്കപ്പെട്ടത്. നിലവിൽ പദ്ധതിയുടെ പൂർത്തീകരണ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. 64 സ്കൂളുകളിലെ 8119 കുട്ടികളുടെ ഫിറ്റ്നസ് ഈ പദ്ധതി പ്രകാരം പരിശോധിച്ചിട്ടുണ്ട്.

(സി) അവസാനമായി പ്രസ്തുത ലാബ് ഏത് സ്കൂളിലാണ് പരിശോധന നടത്തിയിട്ടുള്ളതെന്നും ഏത് തീയതികളിലാണെന്നുമുള്ള വിവരം ലഭ്യമാകുമോ?

ഗവൺമെന്റ് യു.പി.സ്കൂൾ അഴീക്കോട്, തിരുവനന്തപുരം സ്കൂളിൽ 10-03-2023-ലാണ് അവസാനമായി ടെസ്റ്റ് നടന്നത്.

(ഡി) പ്രസ്തുത സംവിധാനത്തിനുവേണ്ടി സർക്കാർ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഹെൽത്ത് ആൻഡ് ഫിറ്റ്നസ് അസസ്സ്മെന്റ് ക്യാമ്പയിൻ പദ്ധതിക്കായി 86,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## കായിക മേഖലയിലെ പദ്ധതികൾ

371(2068) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക മേഖലയിൽ നടത്തിവരുന്നതും പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാം; വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന കായിക മേഖലയിൽ നടത്തിവരുന്നതും പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്നതുമായ പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നു. കൂടാതെ കായിക യുവജനകാര്യ ഡയറക്ടറേറ്റ് മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി+ ചേർക്കുന്നു.

**1. കായികക്ഷമതാ മിഷൻ**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനുവേണ്ടി കേരള സാക്ഷരത മിഷൻ ആരംഭിച്ച അതേ മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് കായികക്ഷമതാ മിഷൻ.

**2. എലൈറ്റ് സ്കീം**

പ്രത്യേക മികവ് പ്രദർശിപ്പിക്കുന്ന കായിക താരങ്ങൾക്ക് വിദഗ്ധ പരിശീലനത്തിന് സൗകര്യമൊരുക്കുന്ന പദ്ധതിയാണ് എലൈറ്റ് സ്കീം. കൗൺസിലിന്റെ കീഴിൽ അത്‌ലറ്റിക്സ്, വോളീബോൾ, ബാസ്കറ്റ്ബോൾ, ഫുട്ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. കായികതാരങ്ങളെ ഏഷ്യൻ, കോമൺവെൽത്ത്, ഒളിമ്പിക്സ് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വളർത്തിയെടുക്കുകയെന്നതാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

**3. ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ, കോളേജ് സ്പോർട്സ് അക്കാഡമികൾ**

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ മികച്ച കായികതാരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ വിവിധ ജില്ലകളിൽ, വിവിധ കായിക ഇനങ്ങളിലായി 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ എന്നിവ പ്രവർത്തിച്ചുവരുന്നു. കൗൺസിലിലെ പരിശീലകരുടെകീഴിൽ പ്രസ്തുത പദ്ധതികളിലെ കായിക താരങ്ങൾക്ക് വിദഗ്ധ പരിശീലനം നൽകിവരുന്നു. പ്രസ്തുത അക്കാഡമികളിലെ കായിക താരങ്ങളിൽ ദേശീയ, അന്തർദ്ദേശീയ നിലവാരത്തിലുള്ള പ്രകടനം കാഴ്ചവച്ചവരും ഉൾപ്പെടുന്നു.

**4. അണ്ടർ -14 വനിതാ ഫുട്ബോൾ അക്കാഡമി**

ഫുട്ബോൾ കായിക രംഗത്തെ പെൺകുട്ടികളുടെ ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ട് എറണാകുളം ജില്ലയിൽ അണ്ടർ-14 വിഭാഗത്തിൽ

ഉൾപ്പെടുന്ന 15 വനിതാ കായിക താരങ്ങളെ തെരഞ്ഞെടുത്ത് പരിശീലനം നൽകിവരുന്നു.

ദേശീയ, അന്തർദ്ദേശീയ തലങ്ങളിൽ മികവ് പുലർത്തിയ കായിക താരങ്ങൾക്ക് മാനദണ്ഡങ്ങൾ പാലിച്ച് ക്യാഷ് അവാർഡും എ.പി.ജെ അബ്ദുൾകലാം സ്കോളർഷിപ്പ് പദ്ധതിയിലുൾപ്പെടുത്തി സ്കോളർഷിപ്പും സർക്കാർ ഉത്തരവുകൾക്ക് വിധേയമായി അനുവദിച്ചുവരുന്നു.

(ബി) ഈ കാലയളവിൽ അരുവിക്കര മണ്ഡലത്തിലെ ജി.വി. രാജ സ്പോർട്സ് സ്കൂളിനായി നടപ്പാക്കിയതും നടപ്പാക്കാനുദ്ദേശിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കുമോ?

വിശദാംശം അനുബന്ധം 2 ആയി+ ചേർക്കുന്നു.

**ഒരു പഞ്ചായത്തിൽ ഒരു കളിക്കളം**

372(2069) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി 113 സ്ഥലങ്ങളിൽ നടപ്പാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനായി പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ (SOP) പുറപ്പെടുവിക്കുന്നത് ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു.

നിലവിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിക്കുന്ന വിവിധയിടങ്ങളിൽനിന്നുള്ള തുകകൾ നിക്ഷേപിക്കുന്നതിന് മാത്രമായി കായിക യുവജനകാര്യ ഡയറക്ടറുടെ പേരിൽ ഒരു പലിശരഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

(ബി) പട്ടാമ്പി മണ്ഡലത്തിലെ ഏത് പഞ്ചായത്തിലാണ് പ്രസ്തുത പദ്ധതി അനുവദിച്ചതെന്നും അത് നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ

സ്വീകരിച്ചുവെന്നും പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശവും നൽകാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ പട്ടാമ്പി മണ്ഡലത്തിലെ വിളയൂർ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണം ഉൾപ്പെടുന്നുണ്ട്. ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട എം.എൽ.എ.-യിൽനിന്നോ ജില്ലാകളക്ടറിൽനിന്നോ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്കാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. ഈ പദ്ധതിയിൽ ഉൾപ്പെട്ട പട്ടാമ്പി മണ്ഡലത്തിലെ വിളയൂർ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ട് അനുവദിച്ചതായി നിലവിൽ വിവരം ലഭിച്ചിട്ടില്ല. അതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

**ചാത്തന്നൂർ മണ്ഡലത്തിലെ കളിസ്ഥലങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം**

373(2070) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരം ചാത്തന്നൂർ മണ്ഡലത്തിൽ തെരഞ്ഞെടുത്തിട്ടുള്ള ചിറക്കര ഗവ. ഹൈസ്കൂൾ കളിസ്ഥലത്തിന്റെ നവീകരണ പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി അറിയിക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലുൾപ്പെടുന്ന ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ചിറക്കര ജി.എച്ച്.എസ്.എസ്.-ലെ കളിസ്ഥലം നിർമ്മാണത്തിനായി 50 ലക്ഷം രൂപ എം.എൽ.എ. ഫണ്ടും 2022-23 സാമ്പത്തിക വർഷത്തിലെ ബജറ്റിൽനിന്നും 50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നൽകി ടി പ്രവൃത്തിക്കായി ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരൻ കരാറിൽ ഏർപ്പെടുകയും ചെയ്തു.

പ്ലാൻ ഫണ്ടിലുൾപ്പെടുത്തിയ പ്രവൃത്തികൾ 6 ശതമാനവും എം.എൽ.എ. ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ 35 ശതമാനവും

പൂർത്തീകരിച്ചു. പ്രസ്തുത പ്രവൃത്തി 30-10-2023-ഓടെ പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത്.

(ബി) ചാത്തന്നൂർ മണ്ഡലത്തിലെ കളിസ്ഥലങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ അഞ്ച് കോടി രൂപ വകയിരുത്തിയതുപ്രകാരം പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുത്ത കളിസ്ഥലങ്ങളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ വകയിരുത്തിയതുപ്രകാരം ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ 5 കളിസ്ഥലങ്ങളുടെ എസ്റ്റിമേറ്റ് 02-08-2023-ന് കൂടിയ എ.എസ്. കമ്മിറ്റി അംഗീകരിക്കുകയും 26-08-2023-ലെ ജി.ഒ.(ആർ.ടി) നം.251/2023/കാ.യു.വ. പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 5 കളിസ്ഥലങ്ങളുടെ വിവരം അനുബന്ധമായി+ ചേർക്കുന്നു. ടി പ്രവൃത്തികൾക്കായുള്ള സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി ഉടൻ ദർഘാസ് ക്ഷണിക്കുന്നതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കേരള കായിക ക്ഷമതാ മിഷൻ

374(2071) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കായികക്ഷമതാ മിഷൻ വഴി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന എല്ലാ പഞ്ചായത്തുകളിലും പരിപാടികൾ നടപ്പാക്കാൻ രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

(എ&ബി) ദൈനംദിന വ്യായാമമില്ലായ്മ കാരണം കുട്ടികളിലും വിദ്യാർത്ഥികളിലും യുവതീയുവാക്കളിലും മുതിർന്ന പൗരൻമാരിലുമുൾപ്പെടെ കായികക്ഷമതയുടെ കുറവ് അനുഭവപ്പെടുന്നുവെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിച്ച അതേ മാതൃകയിൽ സംസ്ഥാനത്തെ വിദ്യാർത്ഥികളുടേയും പൊതുജനങ്ങളുടേയും ശാരീരിക ക്ഷമതയെക്കുറിച്ച് അവബോധം സൃഷ്ടിച്ച് അവരെ കായികക്ഷമതയുള്ളവരായി മാറ്റുന്നതിന് വിഭാവന ചെയ്യുന്ന ഒരു

പദ്ധതിയാണ് കായികക്ഷമതാ മിഷൻ. പ്രസ്തുത പദ്ധതിക്ക് 2022-23 സാമ്പത്തികവർഷത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട തുടർനടപടികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും തദ്ദേശ സ്പോർട്സ് കൗൺസിൽ രൂപീകരണം പൂർത്തിയായിവരികയും ബന്ധപ്പെട്ട ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ നേതൃത്വത്തിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**പാറശ്ശാല മണ്ഡലത്തിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

375(2072) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക താരങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത പദ്ധതിയുടെ ഭാഗമായി

പാറശ്ശാല മണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ടെന്നും രണ്ടാം ഘട്ടത്തിൽ ഏതൊക്കെ പ്രവൃത്തികൾ ചെയ്യാനുദ്ദേശിക്കുന്നുവെന്നും വിശദമാക്കാമോ?

'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിക്കായി ജനപ്രതിനിധികളുടെ ശിപാർശപ്രകാരം തയ്യാറാക്കിയ കളിസ്ഥലങ്ങളുടെ പ്രാഥമിക ലിസ്റ്റിന് 30-09-2022-ലെ ജി.ഒ.(ആർ.റ്റി) നം. 239/2022/കാ.യു.വ. പ്രകാരം അംഗീകാരം നൽകിയിരുന്നു. എന്നാൽ 31-01-2023-ലെ സ.ഉ.(സാധാ) നം. 42/2023/കാ.യു.വ. ഉത്തരവുപ്രകാരം ടി ലിസ്റ്റ് ഭേദഗതി വരുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. ഓരോ കളിക്കളത്തിനും 1.00 കോടി രൂപ അടങ്കൽ പ്രതീക്ഷിക്കുന്ന ടി പദ്ധതിയിൽ 50 ശതമാനം (പരമാവധി 50 ലക്ഷം രൂപ) കായിക വകുപ്പിന്റെ പദ്ധതിവിഹിതമായും ബാക്കിവരുന്ന 50 ശതമാനം തുക ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയിൽനിന്നും കണ്ടെത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

നിലവിൽ 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി'-ക്കായി പ്ലാൻ ഫണ്ടിലും എം.എൽ.എ. ആസ്തി വികസന ഫണ്ടിലും പ്രത്യേകം പ്രത്യേകം എസ്റ്റിമേറ്റുകൾ തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കുകയാണ് ചെയ്തുവരുന്നത്. കൂടാതെ പ്ലാൻ/എം.എൽ.എ. ഫണ്ടിൽ ഉൾപ്പെടുന്ന പ്രവൃത്തികൾക്ക് പ്രത്യേകം പ്രത്യേകം ടെണ്ടറുകൾ ക്ഷണിച്ചാണ് പദ്ധതി നടപ്പാക്കിവരുന്നത്. ഇപ്രകാരം രണ്ട് കരാറുകാർ മുഖേന പദ്ധതി നടപ്പാക്കുകവഴി സമയബന്ധിതമായ പൂർത്തീകരണം നടക്കാതെ വരുന്നതിനും മറ്റ് സാങ്കേതികമായ ബുദ്ധിമുട്ടുകളുണ്ടാകാനും സാധ്യതയുള്ളതിനാൽ ടി പദ്ധതിക്കുവേണ്ടിയുള്ള ഫണ്ടുകൾ ഒരുമിച്ചുചേർത്ത് ഒരു ഭരണാനുമതി നൽകി ഒരു പ്രവൃത്തിയായി ദർഘാസ് ക്ഷണിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതുൾപ്പെടെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ SOP (Standard Operating Procedure) തയ്യാറാക്കി അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 09-08-2023-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 5904/2023/ധന. പ്രകാരം ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിക്കുന്ന

വിവിധയിടങ്ങളിൽനിന്നുള്ള തുകകൾ നിക്ഷേപിക്കുന്നതിനുമാത്രമായി കായിക യുവജനകാര്യ ഡയറക്ടറുടെ പേരിൽ ഒരു പലിശരഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

സർക്കാർ അംഗീകരിച്ച ആദ്യഘട്ട ലിസ്റ്റിൽ ക്രമ നം. 4 ആയി ഉൾപ്പെട്ടിട്ടുള്ള പാറശ്ശാല നിയോജകമണ്ഡലത്തിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തിക്ക് കരാറിൽ ഏർപ്പെട്ട് പ്രവൃത്തി പുരോഗമിച്ചുവരികയാണ്. പാറശ്ശാല മണ്ഡലത്തിലെ മറ്റ് പദ്ധതികളൊന്നും നിലവിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല.

(ബി) പാറശ്ശാല മണ്ഡലത്തിൽ 2017 മുതൽ 2023 വരെയുള്ള വർഷങ്ങളിൽ പ്രഖ്യാപിച്ചതും കായിക വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടപ്പാക്കുന്നതുമായ പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽ ആനാവൂർ സർക്കാർ ഹയർ സെക്കൻഡറി സ്കൂൾ സ്റ്റേഡിയം നവീകരണ പ്രവൃത്തിയാണ് കായിക വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടപ്പാക്കിയ പദ്ധതി. ടി പ്രവൃത്തി 14-03-2023-ന് പൂർത്തീകരിച്ചിട്ടുണ്ട്.

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

376(2073) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഒരു പഞ്ചായത്തിന് ഒരു കളിസ്ഥലം' പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് ഇതുവരെ എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ?

'ഒരു പഞ്ചായത്തിന് ഒരു കളിസ്ഥലം' എന്ന പദ്ധതി പ്രകാരം ഓരോ പഞ്ചായത്തിലും മറ്റ് ഗ്രാമപ്രദേശങ്ങളിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. എല്ലാവർക്കും 'ആരോഗ്യം, ശാരീരികക്ഷമത, സന്തോഷം' എന്ന പ്രാഥമിക ലക്ഷ്യത്തോടെയാണ് പ്രസ്തുത

പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. ടി പദ്ധതി 113 സ്ഥലങ്ങളിൽ നടപ്പാക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്. സംസ്ഥാന പ്ലാൻ ഫണ്ടിനൊപ്പം എം.എൽ.എ./മറ്റ് സ്രോതസ്സുകളിൽനിന്നുമുള്ള ഫണ്ട് എന്നിവ സമാഹരിച്ചാണ് പദ്ധതിക്ക് തുക കണ്ടെത്തുന്നത്. 11 പ്രവൃത്തികൾക്ക് എം.എൽ.എ. ഫണ്ട് അനുവദിച്ചുകൊണ്ട് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ 10 പ്രവൃത്തികൾക്ക് പ്ലാൻ ഫണ്ടും അനുവദിച്ചു.

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ കായണ്ണ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ബാലുശ്ശേരി മണ്ഡലത്തിലെ കായണ്ണ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം ഒരു പഞ്ചായത്ത് ഒരു കളിസ്ഥലം പദ്ധതിയിൽ ഉൾപ്പെടുന്നുണ്ട്.

(സി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി കായണ്ണ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നവീകരിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ബാലുശ്ശേരി മണ്ഡലത്തിലെ കായണ്ണ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണപദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി

നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിച്ചുവരികയാണ്.

**ഒരു പഞ്ചായത്ത് ഒരു കളിക്കളം**

377(2074) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിലുൾപ്പെടുത്തി കുറ്റ്യാടി മണ്ഡലത്തിലെ മണിയൂർ ഗ്രാമപഞ്ചായത്തിൽ അനുവദിച്ച പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

സംസ്ഥാന പ്ലാൻ ഫണ്ടിനൊപ്പം എം.എൽ.എ./മറ്റ് സ്രോതസ്സുകളിൽനിന്നുമുള്ള ഫണ്ട് എന്നിവ സമാഹരിച്ചാണ് ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികൾക്കാവശ്യമായ തുക കണ്ടെത്തുന്നത്. നിലവിൽ ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി എം.എൽ.എ ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട

എം.എൽ.എ.-യിൽനിന്നോ ജില്ലാ കളക്ടറിൽനിന്നോ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്കാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. ഈ പദ്ധതിയിലുൾപ്പെട്ട കുറ്റ്യാടി മണ്ഡലത്തിലെ മണിയൂർ ഗ്രാമപഞ്ചായത്തിലെ കളിസ്ഥല നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ട് അനുവദിച്ചതായി നിലവിൽ വിവരം ലഭിച്ചിട്ടില്ല, അതിനാൽ പദ്ധതി ആരംഭിച്ചിട്ടില്ല.

**കിക്കോഫ് പദ്ധതി**

378(2075) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫുട്ബോൾ രംഗത്ത് സമർത്ഥരായവരെ കണ്ടെത്തി പരിശീലിപ്പിക്കുന്ന കിക്കോഫ് പദ്ധതി ഏതൊക്കെ ജില്ലയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

ഫുട്ബോൾ രംഗത്ത് സമർത്ഥരായവരെ കണ്ടെത്തി പരിശീലനം നൽകുന്ന കിക്കോഫ് പദ്ധതി സംസ്ഥാനത്തെ പതിനാല് ജില്ലകളിലും

നടപ്പാക്കിയിരുന്നു. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത പദ്ധതി നിർത്തിവയ്ക്കുകയുണ്ടായി. ഫുട്ബോൾ പരിശീലനം നൽകുന്നതിന് 'ഗോൾ' എന്ന പുതിയ പദ്ധതി ആവിഷ്കരിക്കുകയും പ്രസ്തുത പദ്ധതി സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സ്പോർട്സ് ഹോസ്റ്റലുകളിലെ പ്രവേശനം സുതാര്യവും കാര്യക്ഷമവുമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സ്പോർട്സ് ഹോസ്റ്റലുകളിലെ പ്രവേശനം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായി ഓരോ കായികയിനത്തിന്റെയും വിദഗ്ധർ തയ്യാറാക്കിയ മാനദണ്ഡങ്ങൾ പ്രകാരം കായിക താരങ്ങൾക്ക് ആദ്യം ജില്ലാടിസ്ഥാനത്തിൽ സെലക്ഷൻ ട്രയൽസ് നടത്തുകയും അതിൽ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് സോണൽ തലത്തിൽ അന്തിമ സെലക്ഷൻ നടത്തി കഴിവുള്ള കുട്ടികളെ കണ്ടെത്തി കേരള സ്റ്റേറ്റ് സ്പോർട്സ്

കൗൺസിലിന്റെ കീഴിലുള്ള ഹോസ്റ്റലുകളിലേയ്ക്ക് പ്രവേശനം നൽകിവരികയുംചെയ്യുന്നു.

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

379(2076) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തികവർഷം എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി എത്ര മണ്ഡലങ്ങളിൽ നടപ്പാക്കുന്നതിനാണ് ശിപാർശകൾ ലഭിച്ചിരുന്നതെന്ന് വിശദമാക്കാമോ?

2022-23 സാമ്പത്തികവർഷം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി 113 സ്ഥലങ്ങളിൽ നടപ്പാക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്. സംസ്ഥാന പ്ലാൻ ഫണ്ടിനൊപ്പം എം.എൽ.എ. ഫണ്ട്/മറ്റ് സ്രോതസ്സുകളിൽ നിന്നുമുള്ള ഫണ്ട് എന്നിവ സമാഹരിച്ചാണ് പദ്ധതിക്ക് തുക കണ്ടെത്തുന്നത്.

(ബി) പ്രസ്തുത വർഷം സർക്കാർ വിഹിതം അനുവദിച്ച് ഉത്തരവായത് ഏതൊക്കെ മണ്ഡലങ്ങളിലാണെന്നും ഇതനുസരിച്ച് പ്രസ്തുത മണ്ഡലങ്ങളിൽ കളിക്കളം നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ കാലതാമസംവരാനുണ്ടായ കാരണങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

2022-23 സാമ്പത്തികവർഷത്തിൽ 8 പദ്ധതികൾക്കാണ് കായിക വകുപ്പിന്റെ പദ്ധതി വിഹിതത്തിൽനിന്നും തുക അനുവദിച്ചിട്ടുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി നൽകുന്നതിനാവശ്യമായ പുതുക്കിയ മാർഗ്ഗനിർദ്ദേശം (SOP) പുറപ്പെടുവിക്കുന്നത് പരിശോധിച്ചുവരുന്നു.

(സി) 2022-23 വർഷം വാമനപുരം മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടുപയോഗിച്ച് ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിലുൾപ്പെടുത്തി ശിപാർശ ചെയ്ത കല്ലറ പഞ്ചായത്തിലെ തണ്ണിയം സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതിയും പ്രസ്തുത പദ്ധതിക്കായി സർക്കാർ വിഹിതം അനുവദിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒരു കോടി രൂപ എസ്റ്റിമേറ്റ് കണക്കാക്കുന്ന കല്ലറ പഞ്ചായത്തിലെ തണ്ണിയം സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എം.എൽ.എ. ഫണ്ടിലുൾപ്പെടുത്തി 50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗനിർദ്ദേശം (SOP) പുറപ്പെടുവിക്കുന്നത് പരിശോധിച്ചുവരുന്നു. ആയത് പുറപ്പെടുവിക്കുന്ന മുറയ്ക്ക് പ്ലാൻ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**മാവേലിക്കര മണ്ഡലത്തിലെ സ്പോർട്സ് വകുപ്പിന്റെ പദ്ധതികൾ**

380(2077) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സ്പോർട്സ് വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയും പദ്ധതികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

(എ&ബി) വിശദാംശം അനുബന്ധം - 1 ആയി+ ചേർക്കുന്നു.

**കായികതാരങ്ങൾക്ക് പരിശീലനത്തിനുള്ള സാമ്പത്തിക സഹായം**

381(2078) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 വർഷത്തെ ഒളിമ്പിക്സ് മെഡൽ ലക്ഷ്യമാക്കി സംസ്ഥാനത്തിന് പുറത്ത് മികച്ച നിലവാരത്തിലുള്ള പരിശീലനങ്ങൾക്കായി കായികതാരങ്ങൾക്ക് കായിക വികസനനിധിയിൽനിന്ന് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ഏതൊക്കെ കായിക താരങ്ങൾക്ക് എത്ര തുക വീതം അനുവദിച്ചുവെന്ന് വിശദമാക്കുമോ?

(എ&ബി) സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. 2024-ലെ ഒളിമ്പിക്സ് മെഡൽ ലക്ഷ്യമാക്കി സംസ്ഥാനത്തിന് പുറത്ത് മികച്ച

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവാരത്തിലുള്ള നാഷണൽ ലെവൽ ഹൈ പെർഫോമൻസ് ഷൂട്ടിംഗ് പരിശീലനങ്ങൾക്കായി ശ്രീമതി കീർത്തി കെ. സുശീലന് 5,00,000/- രൂപയും അന്തർ ദേശീയ നീന്തൽ താരവും ഒളിമ്പ്യനുമായ ശ്രീ. സജൻ പ്രകാശിന് നാളിതുവരെ നാടിന് അഭിമാനമാകുന്ന തരത്തിലുള്ള നേട്ടങ്ങൾക്ക് പ്രോത്സാഹനമെന്ന നിലയിലും 2024 ഒളിമ്പിക്സ് മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് മുന്നോടിയായുള്ള പരിശീലനങ്ങൾക്കായി 10,00,000/- രൂപയും അനുവദിച്ചുനൽകിയിട്ടുണ്ട്.

(സി) കായികതാരങ്ങൾക്ക് തുക അനുവദിക്കുന്നതിനുള്ള പൊതു മാനദണ്ഡം എന്താണെന്ന് അറിയിക്കുമോ;

(ഡി) നിലവിൽ തുക അനുവദിച്ചിട്ടുള്ളവർക്ക് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത തുക അനുവദിച്ചതെന്ന് വ്യക്തമാക്കുമോ?

(സി&ഡി) അന്താരാഷ്ട്ര നിലവാരത്തിലുള്ള കായിക താരങ്ങൾക്ക് കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും ആധുനിക കായിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും കായിക വികസനനിധിയിൽനിന്ന് സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ

അംഗീകരിച്ചിട്ടുണ്ട് (ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). കൂടാതെ, ടി കായിക താരങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തുക റിലീസ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

**ഹെൽത്തി കിഡ്സ് പദ്ധതി**

382(2079) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവും കായികക്ഷമതയുമുള്ള ഒരു സമൂഹത്തെ കെട്ടിപ്പടുക്കുന്നതിന് സംസ്ഥാനത്തെ പ്രൈമറി ക്ലാസ്സുകൾ കേന്ദ്രീകരിച്ച് ഏതെങ്കിലും പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ പ്രൈമറി സ്കൂൾ വിദ്യാർത്ഥികളുടെ കായികവും ബൗദ്ധികവുമായ കഴിവ് വികസിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ കായിക യുവജനകാര്യാലയം വിദ്യാഭ്യാസ വകുപ്പിന്റെയും എസ്.സി.ഇ.ആർ.ടി.-യുടെയും സഹകരണത്തോടെ 55 സ്കൂളുകളിലായി ഹെൽത്തി കിഡ്സ്

പദ്ധതിയും ഗ്രാസ്റൂട്ട് ബോക്സിംഗ് പരിശീലനത്തിനായി പഞ്ച് പദ്ധതിയും ഗ്രാസ്റൂട്ട് ജൂഡോ പരിശീലനത്തിനായി ജൂഡോക്കോ പദ്ധതിയും പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽ അടിസ്ഥാന മോട്ടോർ ഗുണങ്ങൾ വികസിപ്പിക്കുന്നതിനായി ബാസ്കറ്റ്ബോൾ പ്രോജക്റ്റായ ഹൂപ്പ്സ്, അത്‌ലറ്റിക്സിനായി സ്പ്രിന്റ് എന്നീ പദ്ധതികളുമാണ് സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ളത്.

(ബി) ഹെൽത്തി കിഡ്സ് പദ്ധതിക്കായി കായിക-യുവജനകാര്യ വകുപ്പ് എന്തെല്ലാം സംവിധാനങ്ങളാണ് സ്കൂളുകൾക്ക് നൽകിയിരിക്കുന്നതെന്ന് വിശദമാക്കുമോ?

പ്രൈമറി ക്ലാസുകളിലെ പി.ടി. പീരീഡ് ഉപയോഗയോഗ്യമാക്കാനുള്ള ഇൻഡോർ, ഔട്ട്ഡോർ എക്യുപ്മെന്റുകളാണ് നൽകിയിരിക്കുന്നത്. ഔട്ട്ഡോറിൽ സ്പൈറൽ ബംബി സ്ലൈഡർ, ആർ ആൻഡ് പി പാർക്ക് മുതലായവ നൽകിയിട്ടുണ്ട്. ഇൻഡോറിൽ ബാലൻസിംഗ് വാക്ക്, ബാസ്കറ്റ്ബോൾ അറ്റംറ്റർ, ഫുട്ബോൾ ട്രെയിനർ, ബോൾ ബാസ്കറ്റ് എന്നിവയാണ് നൽകിയിരിക്കുന്നത്. കൂടാതെ എല്ലാ ദിവസവും

പദ്ധതിനടത്തിപ്പ് വിലയിരുത്തുന്നതിനും ടീച്ചർമാർക്ക് ട്രെയിനിംഗ് കൊടുക്കുന്നതിനും കുട്ടികളുടെ കായികക്ഷമത റിപ്പോർട്ട് ഫീഡ്ബാക്കായി നൽകുന്നതിനുമുതകുന്ന രീതിയിലുള്ള ഓൺലൈൻ വെബ് മൊബൈൽ ആപ്ലിക്കേഷൻ നൽകിയിട്ടുണ്ട്.

വിനോദങ്ങളിലൂടെ കുട്ടികളുടെ കായികക്ഷമത, മാനസിക ഉന്നമനം, സാമൂഹിക ജീവിതശൈലി മാനദണ്ഡങ്ങൾ, കായിക വിനോദങ്ങളിലേയ്ക്കുള്ള അടിസ്ഥാന നൈപുണ്യങ്ങൾ സ്വാംശീകരിക്കുക എന്നതിനും അടിസ്ഥാന വിദ്യാഭ്യാസത്തിന് ഒരു പ്രചോദനമായി തീരുന്നതിനുമാണ് ഈ പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്.

(സി) പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ?

സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നടപ്പാക്കുന്ന ഈ പദ്ധതിക്കുവേണ്ട കായികക്ഷമത ഡ്രിൽസ് എസ്.സി.ഇ.ആർ.ടി. കരിക്കുലം അനുസരിച്ചാണ് വിഭാവന ചെയ്തിരിക്കുന്നത്. മുൻപ് നൽകിയിരുന്ന 25 സെന്ററുകൾക്കുപുറമേ കായിക വകുപ്പും പൊതു വിദ്യാഭ്യാസ വകുപ്പും

സംയുക്തമായി ഈ അധ്യയന വർഷം 30 സ്കൂളുകളിൽ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. ഇൻസ്റ്റലേഷൻ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ഡി) സംസ്ഥാനത്തെ കായിക വളർച്ചയ്ക്ക് ക്യൂബ ഏതെങ്കിലും തരത്തിലുള്ള സഹായങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ?

വിവിധ മേഖലകളിലെ സഹകരണത്തിനായി ജൂൺ മാസത്തിൽ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ക്യൂബ സന്ദർശിച്ചിരുന്നു. ക്യൂബയുമായുള്ള സഹകരണം രണ്ട് ഘട്ടങ്ങളിലായാണ് തീരുമാനിച്ചിരിക്കുന്നത്. ആദ്യ ഘട്ടത്തിൽ, ക്യൂബയിൽനിന്നുള്ള പരിശീലകരുടെ ഒരു പ്രതിനിധി സംഘം കേരളം സന്ദർശിക്കും. തുടർന്ന് കേരളത്തിൽനിന്നുള്ള പരിശീലകർ ക്യൂബ സന്ദർശിക്കും. ഇതുമായി ബന്ധപ്പെട്ട്, 10 ദിവസത്തേയ്ക്ക് ക്യൂബയിൽനിന്ന് കേരളത്തിലേയ്ക്കുള്ള പരിശീലകരുടെ ഒരു പ്രതിനിധി സംഘത്തെ ഹോസ്റ്റ് ചെയ്യുന്നതിന് ക്യൂബയുടെ എംബസിയും കായിക യുവജന കാര്യാലയം ഡയറക്ടറും തമ്മിൽ കത്തിടപാടുകൾ നടത്തിവരുന്നു.

**കായിക വകുപ്പിലെ പ്രവൃത്തികൾ**

383(2080) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പിലെ പ്രവൃത്തികൾ ചെയ്യുന്നതിന് എസ്.പി.വി. ആയി നിയോഗിക്കപ്പെട്ടിട്ടുള്ള ഏജൻസികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

കായിക വകുപ്പിലെ പ്രവൃത്തികൾ നടപ്പാക്കുന്നതിന് എസ്.പി.വി ആയി നിയോഗിച്ചിട്ടുള്ള ഏക ഏജൻസി സ്പോർട്സ് കേരള ഫൗണ്ടേഷനാണ്.

(ബി) കിഫ്ബിയുടെ എസ്.പി.വി. ആയി നിയോഗിക്കപ്പെട്ടിട്ടുള്ള സ്പോർട്സ് കേരള ഫൗണ്ടേഷന് എഞ്ചിനീയറിംഗ് വിഭാഗമുണ്ടായിരിക്കെ കായിക വകുപ്പിലെ പ്രവൃത്തികൾ മറ്റ് ഏജൻസികളെക്കൊണ്ട് ചെയ്യിക്കുന്നതിന്റെ കാരണമെന്തെന്ന് വിശദമാക്കുമോ?

കായിക വകുപ്പിലെ പ്രവൃത്തികൾ ചെയ്യുന്നതിന് ആദ്യ ഘട്ടത്തിൽ കിറ്റ്കോയെ ആയിരുന്നു എസ്.പി.വി. ആയി നിയോഗിച്ചിരുന്നത്. എന്നാൽ കായിക വകുപ്പിനുകീഴിൽ 01-10-2021-ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ

നിലവിൽവരികയും 11-05-2022-ലെ ജി.ഒ (ആർടി) നം. 118/2022/കാ.യു.വ. പ്രകാരം കായിക വകുപ്പിനുകീഴിലുള്ള കായിക അടിസ്ഥാന വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന്റെ എസ്.പി.വി. ആയി സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ പുരോഗതി**

384(2081) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികച്ച കായിക സംസ്കാരം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി 113 സ്ഥലങ്ങളിൽ നടപ്പാക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്. സംസ്ഥാന പ്ലാൻ ഫണ്ടിനൊപ്പം എം.എൽ.എ.ഫണ്ട്/മറ്റ് സ്രോതസ്സുകളിൽനിന്നുമുള്ള ഫണ്ട് എന്നിവ സമാഹരിച്ചാണ് പദ്ധതിക്ക് തുക കണ്ടെത്തുന്നത്. 2022-23 സാമ്പത്തിക

വർഷത്തിൽ 8 പദ്ധതികൾക്കും നടപ്പുസാമ്പത്തിക വർഷത്തിൽ 2 പദ്ധതികൾക്കുമാണ് കായികവകുപ്പിന്റെ പദ്ധതി വിഹിതത്തിൽനിന്നും തുക അനുവദിച്ചിട്ടുള്ളത്. 11 പദ്ധതികൾക്ക് എം.എൽ.എ. ഫണ്ടും അനുവദിച്ചിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽനിന്നും ലഭിക്കുന്ന ഫണ്ടിന് പ്രത്യേകം ഭരണാനുമതി പുറപ്പെടുവിക്കുന്നതിനാൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗനിർദ്ദേശം (SOP) പുറപ്പെടുവിക്കുന്നത് പരിശോധിച്ചുവരുന്നു. ആയത് പുറപ്പെടുവിക്കുന്ന മുറയ്ക്ക് പദ്ധതി സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. നിലവിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിക്കുന്ന വിവിധയിടങ്ങളിൽനിന്നുള്ള തുക നിക്ഷേപിക്കുന്നതിന് മാത്രമായി കായിക യുവജനകാര്യ ഡയറക്ടറുടെ പേരിൽ ഒരു പലിശരഹിത സെപ്ഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതിയും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ കൊയിലാണ്ടി മണ്ഡലത്തിലെ വൻമുഖം ഗവൺമെന്റ് ഹൈസ്കൂൾ ഗ്രൗണ്ട് ഉൾപ്പെട്ടിട്ടുണ്ടോയെന്നും

ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ നിർമ്മാണ നടപടികൾ എപ്പോൾ ആരംഭിക്കുമെന്നും വ്യക്തമാക്കുമോ?

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ മൂടാടി ഗ്രാമപഞ്ചായത്ത് വൻമുഖം എച്ച്.എസ്.എസ്. ഗ്രൗണ്ട് പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന പ്ലാൻ ഫണ്ടിനൊപ്പം എം.എൽ.എ/മറ്റ് സ്രോതസ്സുകളിൽനിന്നുമുള്ള ഫണ്ട് എന്നിവ സമാഹരിച്ചാണ് ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികൾക്കാവശ്യമായ തുക കണ്ടെത്തുന്നത്. നിലവിൽ ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട എം.എൽ.എ.-യിൽനിന്നോ ജില്ലാകളക്ടറിൽനിന്നോ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്കാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. ഈ പദ്ധതിക്കായി എം.എൽ.എ. ഫണ്ട് അനുവദിച്ചതായി നിലവിൽ വിവരം ലഭിച്ചിട്ടില്ല. അതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

## വിദ്യാർത്ഥികൾക്കായി കായിക പരിശീലന പദ്ധതികൾ

385(2082) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:

ശ്രീ. കെ. വി. സുമേഷ്:

ശ്രീ. എച്ച്. സലാം:

ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്കായി പ്രത്യേക ഫുട്ബോൾ പരിശീലന പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് പരിശീലനം നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും എന്തൊക്കെ കാര്യങ്ങളാണ് പദ്ധതി ലക്ഷ്യമിടുന്നതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

വിദ്യാർത്ഥികൾക്കായി അടിസ്ഥാന ഫുട്ബോൾ വികസന പരിപാടിയായ ഗോൾ പദ്ധതിയുടെ പുതിയ സെന്ററുകൾ 140 നിയമസഭാ മണ്ഡലങ്ങളിലും ആരംഭിക്കുന്നതിനും ഓരോ സെന്ററിലും തെരഞ്ഞെടുക്കപ്പെടുന്ന 25 കുട്ടികൾക്ക് ദീർഘകാലാടിസ്ഥാനത്തിൽ ഫുട്ബോൾ പരിശീലനം നൽകുന്നതിനുംവേണ്ടിയുള്ള പ്രാരംഭഘട്ട

പ്രവർത്തനങ്ങൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെയും കായിക യുവജനകാര്യാലയത്തിന്റെയും സംയുക്ത നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി 4200 കുട്ടികളെയാണ് ഈ ഘട്ടത്തിൽ പരിശീലിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. അഞ്ചുലക്ഷം കുട്ടികളെ ഈ പദ്ധതിയുടെ ഭാഗമായി പരിശീലിപ്പിച്ച് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കുട്ടികൾക്ക് കൂടുതൽ അവസരം നൽകി ദേശീയ അന്തർദേശീയ താരങ്ങളായി വാർത്തെടുക്കുകയെന്നതാണ് മുഖ്യലക്ഷ്യം.

(ബി) പരിശീലനം ലഭിക്കുന്നവരിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്നവരെ ഫുട്ബോൾ താരങ്ങളാക്കി വാർത്തെടുക്കുന്നത് ലക്ഷ്യമിട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; മികച്ച ഫുട്ബോൾ താരങ്ങളെ ഇതിനായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

പരിശീലനം ലഭിക്കുന്നവരിൽനിന്ന് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവരെ കണ്ടെത്തി കായിക വിദ്യാലയങ്ങളിലൂടെയും എലൈറ്റ് അക്കാദമികളിലൂടെയും മികച്ച കളിക്കാരായി മാറ്റാനാണ് ലക്ഷ്യമിടുന്നത്.

ഇതിനായി മുൻകാല സന്തോഷ് ട്രോഫി/അന്തർദേശീയ, ദേശീയ താരങ്ങളുടെ സേവനം ഉപയോഗപ്പെടുത്തുന്നു.

(സി) ജൂഡോ, ബോക്സിംഗ് എന്നിവയുടെ പരിശീലനത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; സ്കൂൾതലത്തിൽ മറ്റെന്തെല്ലാം കായിക പരിശീലന പദ്ധതികളാണ് നടന്നുവരുന്നത്; വ്യക്തമാക്കുമോ?

ജൂഡോ, ബോക്സിംഗ് എന്നിവയുടെ പരിശീലനത്തിന് ജൂഡോക്ക, പഞ്ച് എന്നീ പദ്ധതികളും ബാസ്കറ്റ്ബോൾ, അത്‌ലറ്റിക്സ് എന്നിവയുടെ പരിശീലനത്തിന് ഹൂപ്സ്, സ്പ്രിന്റ് എന്നീ പദ്ധതികളും നടപ്പാക്കിവരുന്നുണ്ട്. ആയവയുടെ വിശദവിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ ജില്ലാ സ്പോർട്സ് അക്കാദമി ആറ്റിങ്ങൽ, ജില്ലാ സ്പോർട്സ് അക്കാദമി കൊല്ലം എന്നിവിടങ്ങളിൽ ബോക്സിംഗ് കായികയിനത്തിലും ജൂഡോയ്ക്ക് എറണാകുളം, തൃശ്ശൂർ ജില്ലകളിൽ സ്കൂൾ, കോളേജ് സ്പോർട്സ് അക്കാദമികളും ഇടുക്കിയിൽ ജില്ലാ സ്പോർട്സ് അക്കാദമിയും മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രസ്തുത പദ്ധതികൾ സംസ്ഥാനത്തിന്റെ കായികമേഖലയിൽ എന്തെല്ലാം മാറ്റങ്ങൾക്കിടയാക്കിയെന്ന് വിശദമാക്കാമോ?

ഗ്രാസ്റൂട്ട് ലെവൽ പ്രോജക്ടുകൾ വളരെ ചെറുപ്പം മുതലേ കുട്ടികളിൽ അടിസ്ഥാന മോട്ടോർ ഗുണങ്ങൾ വികസിപ്പിക്കുന്നതിനും വിവിധ കായികയിനങ്ങളിൽ മികവ് പുലർത്തുന്നതിനും സഹായിക്കുന്നു. കുട്ടികൾക്ക് വിവിധ കായിക മത്സരങ്ങളിൽ പങ്കെടുക്കാനും അതുവഴി സംസ്ഥാനത്തെ കായിക സംസ്കാരം വികസിപ്പിക്കാനും സംസ്ഥാനത്തെ അടിസ്ഥാന കായിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഇത് വഴിയൊരുക്കും.

പ്രതിഭയുള്ള കുട്ടികളെ ചെറുപ്രായത്തിൽതന്നെ കണ്ടെത്തി ശാസ്ത്രീയ പരിശീലനം നൽകുന്നതിനും ഇവർക്ക് കൂടുതൽ മത്സര പരിചയം നൽകുന്നതിനും അതിലൂടെ മികച്ച കായിക താരങ്ങളായി വളർത്തിയെടുക്കുന്നതിനും ഉതകുന്ന രീതിയിലാണ് പ്രസ്തുത ഗ്രാസ്റൂട്ട് പരിശീലന പദ്ധതികൾക്ക് രൂപം നൽകിയിട്ടുള്ളത്.

പ്രസ്തുത പദ്ധതി നടപ്പാക്കുന്നതുവഴി സബ് ജൂനിയർ, ജൂനിയർ തലത്തിൽ മികച്ച കായിക താരങ്ങളെ സംഭാവന ചെയ്യാൻ സാധിക്കും.

അതിലൂടെ ദേശീയ ചാമ്പ്യൻഷിപ്പുകളിൽ കേരളം മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതിന് സാധിക്കും. മാത്രമല്ല വരുംവർഷങ്ങളിൽ ജൂനിയർ, സീനിയർ തലത്തിലും വളർന്നുവരുന്ന ഈ താരങ്ങളുടെ പ്രകടനം കേരളത്തിന് മുതൽക്കൂട്ടാകും.

**ഹെൽത്തി കിഡ്സ് പദ്ധതി**

386(2083) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക വകുപ്പ് നടപ്പാക്കുന്ന ഹെൽത്തി കിഡ്സ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളുടെ കായികവും ബൗദ്ധികവുമായ കഴിവ് വികസിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ കായിക യുവജന കാര്യാലയം വിദ്യാഭ്യാസ വകുപ്പിന്റെയും എസ്.സി.ഇ.ആർ.ടി.-യുടെയും സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് ഹെൽത്തി കിഡ്സ്. 25 സ്കൂളുകളിലായി കായിക യുവജനകാര്യാലയം നടപ്പാക്കിയിരുന്ന പ്ലേ ഫോർ

ഹെൽത്ത് എന്ന പദ്ധതി 30 സ്കൂളുകളിലേയ്ക്കുകൂടി വ്യാപിപ്പിച്ച് പ്രാഥമികമായി 55 സ്കൂളുകളിലാണ് ഹെൽത്തി കിഡ്സ് എന്ന പേരിൽ നടപ്പാക്കുന്നത്.

(ബി) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം വിദ്യാലയങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ നേമം നിയോജകമണ്ഡലത്തിലെ ജി.എൽ.പി.എസ്, പൂങ്കുളം, തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ ജി.യു.പി.എസ് ബീമാപ്പള്ളി, നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ജി.എൽ.പി.എസ്. നെടുമങ്ങാട് എന്നീ വിദ്യാലയങ്ങളിലാണ് പദ്ധതി നടപ്പാക്കുന്നത്.

**ചായ്യോത്ത് സ്പോർട്സ് അക്കാദമി**

387(2084) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചായ്യോത്ത് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ സ്പോർട്സ് അക്കാദമി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് കായിക വകുപ്പ് വിദഗ്ധ സംഘം സ്കൂളും അനുബന്ധ സൗകര്യങ്ങളും പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) ഇതുസംബന്ധിച്ച് വിദഗ്ധ സംഘം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(ഡി) സ്പോർട്സ് അക്കാദമി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

(എ-ഡി) കാസർഗോഡ് ജില്ലയിലെ ചായ്യോത്ത് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ സ്പോർട്സ് അക്കാദമി അരംഭിക്കുന്നത് സംബന്ധിച്ച് 09-02-2023-ലെ യോഗ തീരുമാനപ്രകാരം കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ വിദഗ്ധ സംഘം സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കായിക യുവജനകാര്യ ഡയറക്ടർ പ്രൊപ്പോസൽ തയ്യാറാക്കിവരികയാണ്.

**ഒറ്റപ്പാലം മണ്ഡലത്തിലെ കായിക ഫണ്ട്**

388(2085) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾ ആരംഭിക്കുന്നതിനാണ് 2023-24 സാമ്പത്തികവർഷത്തിൽ കായിക വകുപ്പ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്നും ആയത് ഓരോ പ്രവൃത്തിക്കും എത്ര രൂപ വീതമാണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ 2023-24 വർഷത്തിൽ പുതിയ പ്രവൃത്തികളാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

(എ&ബി) 2023-24 സാമ്പത്തിക വർഷത്തിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ലക്കിടി, തച്ചനാട്ടുകര, അമ്പലപ്പാറ എന്നീ

പഞ്ചായത്തുകളിലെ കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി ഒരു കോടി രൂപ വീതമാണ് കായിക വകുപ്പിനുകീഴിൽ അനുവദിച്ചിട്ടുള്ളത്. 02-08-2023 ൽ കൂടിയ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കമ്മിറ്റി ടി പദ്ധതികൾ അംഗീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

കൂടാതെ 2021-22 സാമ്പത്തിക വർഷത്തെ വിശദമായ ബജറ്റ് എസ്റ്റിമേറ്റ് അനുബന്ധം II-ലെ ക്രമ നം. 1362 ആയി ഉൾപ്പെട്ടിട്ടുള്ള ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി 10 കോടി രൂപയും തനത് സാമ്പത്തിക വർഷത്തിൽ 2 കോടി രൂപയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ശീർഷകത്തിൽ വകയിരുത്തിയിരുന്നു. തുടർന്ന് 06-03-2023-ലെ സ.ഉ(സാധാ) നം. 1633/2023/ഫിൻ. ഉത്തരവുപ്രകാരം പ്രസ്തുത പദ്ധതി തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും കായിക വകുപ്പിലേയ്ക്ക് മാറ്റി ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിനായുള്ള ഭരണാനുമതി എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിവരുന്നു.

**കായിക മേഖലയിലെ അടിസ്ഥാനസൗകര്യ വികസനം**

389(2086) <u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>:

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>:

<u>ശ്രീ. പി. നന്ദകുമാർ</u>:

<u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക മേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിനും കളിക്കളങ്ങളുടെയും സ്റ്റേഡിയങ്ങളുടെയും പരിപാലനത്തിനുമായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

"ഒരു പഞ്ചായത്തിന് ഒരു കളിസ്ഥലം" എന്ന പദ്ധതി പ്രകാരം ഓരോ പഞ്ചായത്തിലും മറ്റ് ഗ്രാമപ്രദേശങ്ങളിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി ആദ്യഘട്ടത്തിൽ 113 സ്ഥലങ്ങളിൽ നടപ്പാക്കുന്നതിനായി 31-01-2023-ലെ സ.ഉ(സാധാ) നമ്പർ.42/2023/കാ.യു.വ. പ്രകാരം സർക്കാർ

ഉത്തരവായിട്ടുണ്ട്. 12-07-2022-ലെ സ.ഉ(അച്ചടി) നം.1/2022 കാ.യു.വ. പ്രകാരം പദ്ധതിക്ക് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന പ്ലാൻ ഫണ്ടിനൊപ്പം എം.എൽ.എ ഫണ്ട്/മറ്റ് സ്രോതസ്സുകളിൽനിന്നുമുള്ള ഫണ്ട് എന്നിവ സമാഹരിച്ചാണ് പദ്ധതിക്ക് തുക കണ്ടെത്തുന്നത്. വിവിധ സ്രോതസ്സുകളിൽനിന്നും ലഭിക്കുന്ന ഫണ്ടിന് പ്രത്യേകം ഭരണാനുമതി പുറപ്പെടുവിക്കുന്നതിനാൽ വിവിധ ഫണ്ടുകൾ ഉൾപ്പെടുത്തി ഒരുമിച്ചുള്ള ഭരണാനുമതി നൽകി പ്രവൃത്തി നടപ്പാക്കുന്ന രീതിയിൽ പദ്ധതിയുടെ SOP (Standard Operation Procedure) സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) കായിക മേഖലയുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബി മുഖേന നടന്നുവരുന്ന പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ?

കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന 58 പദ്ധതികളിൽ 20 പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ ഇതിനോടകം പൂർത്തിയായിട്ടുണ്ട്. 15 പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരികയാണ്. ബാക്കിയുള്ള 23

പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ ആകെയുള്ള 58 പദ്ധതികളിൽ 35 പദ്ധതികൾ കിറ്റ്കോ മുഖാന്തരവും 23 പദ്ധതികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖാന്തരവുമാണ് നടപ്പാക്കുന്നത്. ഇതുസംബന്ധിച്ച വിശദാംശം അനുബന്ധം - 1 ആയി+ ചേർക്കുന്നു.

(സി) കായിക വകുപ്പുമായി ബന്ധപ്പെട്ട മുഴുവൻ ഓഫീസുകളും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിലേയ്ക്കായി ഓഫീസ് കെട്ടിട നിർമ്മാണം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

കായിക വകുപ്പുമായി ബന്ധപ്പെട്ട ഓഫീസുകൾക്കായി കായികഭവൻ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി 2-07-2019-ലെ സ.ഉ(കൈ)നം.213/19/റവ. ഉത്തരവുപ്രകാരം തിരുവനന്തപുരം ജില്ലയിൽ വഞ്ചിയൂർ താലൂക്കിലെ 29.55 സെന്റ് പുറമ്പോക്ക് ഭൂമിയുടെ കൈവശാവകാശം കായികവകുപ്പിന് നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. കായികഭവന്റെ ആദ്യഘട്ടം നിർമ്മിക്കുന്നതിനായി 16-02-2023-ലെ സ.ഉ(ആർ.ടി)നം.59/2023/ കാ.യു.വ. ഉത്തരവുപ്രകാരം 8.5 കോടി രൂപ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ഹാൻഡ്ബോൾ സംഘടനകൾ

390(2087) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാൻഡ്ബോൾ കായികയിനത്തിൽ കേരള സ്പോർട്സ് കൗൺസിൽ അംഗീകരിച്ച ദേശീയ തലത്തിലുള്ള സംഘടന ഏതാണെന്ന് വ്യക്തമാക്കാമോ?

2008-ലെ കേരള സ്പോർട്സ് ചട്ടങ്ങളിലെ ചട്ടം 56(1)(ഐ) പ്രകാരം 'സംസ്ഥാന സ്പോർട്സ് കൗൺസിൽ രജിസ്ട്രേഷൻ ആവശ്യപ്പെടുന്നതിനുമുൻപായി ബന്ധപ്പെട്ട സ്പോർട്സ് ശാഖയിലെ അഖിലേന്ത്യ ഫെഡറേഷനിലോ അസ്സോസിയേഷനിലോ ബോർഡിലോ സംഘടന സ്വയം അഫിലിയേറ്റ് ചെയ്തിരിക്കണം' എന്ന് വ്യവസ്ഥ

ചെയ്തിട്ടുണ്ട്. ഹാൻഡ്ബോൾ കായികയിനത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കേരളത്തിലെ സംസ്ഥാനതല കായിക സംഘടനയാണ് 'കേരള ഹാൻഡ്ബോൾ അസോസിയേഷൻ'. പ്രസ്തുത കായിക സംഘടന ഹാൻഡ്ബോൾ ഫെഡറേഷൻ ഓഫ് ഇന്ത്യ (HFI)-യുമായി അഫിലിയേറ്റ് ചെയ്തിരുന്നു.

എന്നാൽ കേന്ദ്ര സർക്കാരിന്റെ സ്പോർട്സ് വകുപ്പിൽനിന്നുള്ള 25-07-2023-ലെ F.No 31-14/2009-SP-I (Vol. IV) നമ്പർ അറിയിപ്പുപ്രകാരം ഹാൻഡ്ബോൾ ഫെഡറേഷൻ ഓഫ് ഇന്ത്യ (HFI)-യുടെ അംഗീകാരം പിൻവലിച്ച് പകരം ഹാൻഡ്ബോൾ അസോസിയേഷൻ ഓഫ് ഇന്ത്യ (HAI)-യെ ഹാൻഡ്ബോൾ കായികയിനത്തിന്റെ ദേശീയ സംഘടനയായി അംഗീകരിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ കായികവകുപ്പ് അംഗീകരിച്ച സംഘടനയെയാണ് ചട്ടം 56(1)(ഐ) പ്രകാരം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലും അംഗീകരിക്കുന്നത്.

(ബി) സംസ്ഥാനത്ത് കേരള സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള ഹാൻഡ്ബോൾ സംഘടന ഏതാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനതലത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ രജിസ്ട്രേഷൻ/അംഗീകാരം നിലവിലുള്ളത് കേരള ഹാൻഡ്ബോൾ അസോസിയേഷനാണ്.

(സി) കേരള സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള ഹാൻഡ്ബോൾ അസോസിയേഷന്റെ നിലവിലെ ഭാരവാഹികളുടെ വിശദാംശം ലഭ്യമാക്കാമോ?

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നിലവിൽ അംഗീകരിച്ച ഹാൻഡ്ബോൾ അസോസിയേഷൻ നിലവിലെ ഭാരവാഹികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

പ്രസിഡന്റ് - ശ്രീ. എം. കെ. നാസർ

സെക്രട്ടറി - ശ്രീ. എസ്. എസ്. സുധീർ

ട്രഷറർ - ശ്രീ. പി. ദാമോദരൻ

**സ്പോർട്സ് അക്കാദമി ഫുട്ബോൾ ഗ്രൗണ്ട് പരിപാലിക്കുന്നതിന് ഇ-ടെണ്ടർ**

391(2088) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള പനമ്പിള്ളി നഗർ സ്പോർട്സ് അക്കാദമി ഫുട്ബോൾ ഗ്രൗണ്ട് പരിപാലിക്കുന്നതിനും ഉപയോഗിക്കുന്നതിനുംവേണ്ടി ഇ-ടെണ്ടർ ക്ഷണിച്ചിരുന്നോ?

ഇ-ടെണ്ടർ ക്ഷണിച്ചിരുന്നു.

(ബി) ഇ-ടെണ്ടർ ക്ഷണിച്ചുകൊണ്ടുള്ള നോട്ടീസ് പുറപ്പെടുവിച്ചത് എന്നാണെന്ന് അറിയിക്കാമോ; നോട്ടീസിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പനമ്പള്ളി നഗറിലെ ഫുട്ബോൾ ഗ്രൗണ്ട് പരിശീലനത്തിന് അനുവദിക്കുന്നതിലേയ്ക്കായി താൽപര്യമുള്ള സ്ഥാപനങ്ങളിൽനിന്നും

അവസാന തീയതി 17-05-2023 ആയി നിശ്ചയിച്ച് 03-05-2023-ന് ഇ-ടെണ്ടർ ക്ഷണിച്ചിരുന്നു. ഇ-ടെണ്ടർ നോട്ടീസിന്റെ പകർപ്പ് അനുബന്ധം 1-ൽ ചേർക്കുന്നു.+

(സി) പ്രസ്തുത ഇ-ടെണ്ടറിൽ എത്ര കമ്പനികൾ പങ്കെടുത്തുവെന്ന് അറിയിക്കാമോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

18-05-2023-ന് ഇ-ടെണ്ടർ ഓപ്പൺ ചെയ്തപ്പോൾ ആരുംതന്നെ ടെണ്ടർ സമർപ്പിച്ചിരുന്നില്ല.

(ഡി) മേൽപ്പറഞ്ഞ ഗ്രൗണ്ട് പരിപാലിക്കുന്നതിന് നിലവിൽ ഏതെങ്കിലും കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്. കരാറിന്റെ പകർപ്പ് അനുബന്ധം 2 ആയി+ ചേർക്കുന്നു.

(ഇ) പ്രസ്തുത കരാറിൽ ഏർപ്പെട്ടത് സ്പോർട്സ് സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനപ്രകാരം അംഗീകാരം ലഭിച്ചതിനുശേഷമാണോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

22-06-2022-ലെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി കേരള ബ്ലാസ്റ്റേഴ്സുമായി കരാർ പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ തീരുമാനിച്ചിരുന്നു. തീരുമാനത്തിന്റെ പകർപ്പ് അനുബന്ധം 3 ആയി+ ചേർക്കുന്നു.

**രാജ്യത്തിനുവേണ്ടി കളിച്ച താരങ്ങൾക്ക് സർക്കാർ ജോലി**

392(2089) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യക്കുവേണ്ടി കളിച്ച അനസ് എടത്തൊടിക, റിനോ ആന്റോ എന്നീ ഫുട്ബോൾ താരങ്ങൾക്ക് സർക്കാർ ജോലി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇവർക്ക് ജോലി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) കായിക താരങ്ങൾക്ക് സർക്കാർ ജോലി നൽകുന്ന വിഷയത്തിലെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) 22-08-1985-ലെ GO(P)No.361/85/GAD എന്ന ഉത്തരവ് പരിഷ്കരിച്ച് 23-07-2014-ലെ GO(P)No.206/2014/GAD എന്ന് പുറപ്പെടുവിച്ച ഉത്തരവിന്റെയും തുടർന്നുണ്ടായ ഭേദഗതികളുടെയും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളിൽ പരാമർശിക്കുന്ന മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ അപേക്ഷകൾ ക്ഷണിച്ച് സെലക്ട് ലിസ്റ്റ് തയ്യാറാക്കിയാണ് കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നത്.

18-02-2021-ലെ എസ്.ഡി.1/100/2018/പൊ.ഭ.വ. സർക്കാർ വിജ്ഞാപനമാണ് നിലവിൽ കായിക താരങ്ങൾക്ക് ജോലി നൽകുന്നതുസംബന്ധിച്ച മാനദണ്ഡമായി കണക്കാക്കുന്നത്. ശ്രീ. അനസ് എടത്തൊടിക, ശ്രീ. റിനോ ആന്റോ എന്നീ ഫുട്ബോൾ താരങ്ങൾക്ക് ജോലി നൽകുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

(സി) പ്രസ്തുത മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിന് കായിക താരങ്ങൾ സർക്കാരിനോ സ്പോട്സ് കൗൺസിലിനോ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്ത് തീരുമാനമെടുത്തുവെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. 2015 മുതൽ 2019 വരെയുള്ള വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി പുറപ്പെടുവിച്ച മാനദണ്ഡങ്ങൾ ഭേദഗതി ചെയ്ത് നിയമനം നൽകണമെന്നാവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. എന്നാൽ 18-02-2021-ൽ പുറപ്പെടുവിച്ച വിജ്ഞാപനം ഇനി ഭേദഗതി ചെയ്യുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുകളുണ്ട്. ആയതിനാൽ ഭാവിയിലെ നിയമനങ്ങൾക്ക് നിലവിലെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിനായി ശിപാർശ നൽകാൻ സംസ്ഥാന സ്പോർട്സ് കൗൺസിലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് കായിക താരങ്ങൾക്ക് ജോലി നൽകുന്നതിനുവേണ്ടി ഏതെങ്കിലും ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റിന്റെ പകർപ്പും ആയതിൽനിന്ന് ഏതെല്ലാം കായിക താരങ്ങൾക്ക് എവിടെയെല്ലാം ജോലി നൽകിയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

കായികതാരങ്ങൾക്ക് പബ്ലിക് സർവീസിൽ നിയമനം നൽകുന്ന പദ്ധതിയുടെ അടിസ്ഥാനത്തിൽ നിലവിൽ സെലക്ട് ലിസ്റ്റ് നിലവിലില്ലാത്തതാണ്. 2010 മുതൽ 2014 വരെയുള്ള വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനവുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന സെലക്ട്

ലിസ്റ്റിലെ 41 കായികതാരങ്ങളെ പ്രസ്തുത വർഷങ്ങളിലെ പൊതുവിഭാഗത്തിൽ ശേഷിക്കുന്ന 41 ഒഴിവുകളിലേയ്ക്ക് നിയമിക്കുന്നതിന് 23-08-2023-ലെ മന്ത്രിസഭായോഗം അനുമതി നൽകിയിട്ടുണ്ട്.

**മരുതറോഡ് ടെക്നിക്കൽ ഹൈസ്കൂൾ ഗ്രൗണ്ട് നവീകരണം**

393(2090) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ സംസ്ഥാന ബജറ്റിൽ 3 കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ മരുതറോഡ് ടെക്നിക്കൽ ഹൈസ്കൂൾ ഗ്രൗണ്ട് നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ ഉൾപ്പെട്ടിട്ടുള്ള പ്രസ്തുത പദ്ധതിക്കായി 04-01-2023-ലെ ജി.ഒ(ആർ.ടി) നം. 3/2023/കാ.യു.വ. സർക്കാർ ഉത്തരവുപ്രകാരം 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതിക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ്

എഞ്ചിനീയർ 2,79,18,000/- രൂപയുടെ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനായി കായിക വകുപ്പും സാങ്കേതിക വിദ്യാഭ്യാസ വകുപ്പും തമ്മിൽ കരാറിലേർപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനായി കായിക വകുപ്പും സാങ്കേതിക വിദ്യാഭ്യാസ വകുപ്പും തമ്മിൽ ഒരു ധാരണാപത്രത്തിൽ ഏർപ്പെടേണ്ടതായുണ്ട്. ആയതിലേയ്ക്കായി 30-01-2023-ൽ ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടിന് സ്പോർട്സ് കേരള ഫൗണ്ടേഷനിൽനിന്നും ധാരണാപത്രത്തിന്റെ കരട് അംഗീകാരത്തിനായി അയച്ചുനൽകിയിരുന്നു. എന്നാൽ സ്കൂളിൽനിന്നും നാളിതുവരെ ഒപ്പിട്ട ധാരണാപത്രം ലഭ്യമായിട്ടില്ല.

(സി) പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ടെണ്ടർ ചെയ്യുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയാക്കാനുണ്ടെന്ന് അറിയിക്കാമോ?

06-05-2023-ലെ ടെണ്ടർ നം. 22/SKF/CE/2023-24 പ്രകാരം ടെണ്ടർ ക്ഷണിച്ചിരുന്നു. പ്രസ്തുത ടെണ്ടറിൽ രണ്ട് കരാറുകാർ പങ്കെടുത്തെങ്കിലും അതിൽ qualified ആയ ഒരു കരാറുകാരൻ മാത്രമെ ഉണ്ടായിരുന്നുള്ളൂ. ആയതിനാൽ 08-06-2023-ൽ ടി പ്രവൃത്തിക്ക് റീ-ടെണ്ടർ ക്ഷണിക്കുകയും ഇതിൽ രണ്ട് കരാറുകാർ പങ്കെടുക്കുകയും അതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. സിനോയ് പി. കെ. (3.73%) യുടെ ടെണ്ടർ 24-08-2023-ൽ കൂടിയ ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയുടെ വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**സ്വകാര്യസ്ഥലങ്ങൾ താൽക്കാലിക കളിസ്ഥലങ്ങളാക്കി മാറ്റുന്നതിന് നടപടി**

394(2091) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കളിസ്ഥലങ്ങളുടെ അഭാവം പരിഹരിക്കുന്നതിന് ഒഴിഞ്ഞുകിടക്കുന്ന സ്വകാര്യസ്ഥലങ്ങൾ ഉടമസ്ഥരുടെ സമ്മതത്തോടെ

താൽക്കാലിക കളിസ്ഥലങ്ങളാക്കി മാറ്റുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) മേൽപ്പറഞ്ഞ രീതിയിൽ കളിസ്ഥലങ്ങൾ തയ്യാറാക്കുമ്പോൾ വനിതകൾക്കുകൂടി പ്രാപ്യമായ രീതിയിൽ കളിസ്ഥലങ്ങൾ ക്രമീകരിക്കാൻ മുൻകയ്യെടുക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) സ്വകാര്യ സ്ഥലങ്ങൾ താൽക്കാലിക കളിസ്ഥലങ്ങളാക്കി മാറ്റുന്നതിന് കായിക യുവജനകാര്യ വകുപ്പിൽ നിലവിൽ നടപടി സ്വീകരിച്ചിട്ടില്ല.

**വാഴക്കുളം ഗ്രാമപഞ്ചായത്തിൽ നീന്തൽ പരിശീലന കുളം**

395(2092) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ വാഴക്കുളം ഗ്രാമപഞ്ചായത്ത് വാർഡ് 12-ൽ എലവുംകുടിത്താഴം നീന്തൽ പരിശീലനക്കുളം സ്ഥാപിക്കുന്നതിന്

കായിക-യുവജനകാര്യ വകുപ്പിൽനിന്ന് ഫണ്ട് അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പദ്ധതി 2022-23 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന കായിക യുവജനവകുപ്പ് ഡയറക്ടറുടെ ജി.7-6407/22/ഡി.എസ്.വൈ.എ. നമ്പർ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. ടി പ്രവൃത്തിക്ക് ബജറ്റിൽ തുക വകയിരുത്തുന്നതുസംബന്ധിച്ച് വാഴക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ നിവേദനത്തിനൊപ്പം ടി കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിരുന്നു.

(സി) പ്രസ്തുത നീന്തൽ പരിശീലനക്കുളം നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് 2023-24 വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കുമോ; വിശദമാക്കുമോ?

2023-24 വർഷത്തെ പ്ലാൻ ഫണ്ട് സംബന്ധിച്ച നടപടികൾ പൂർത്തിയായിട്ടുള്ളതിനാൽ നിലവിൽ പരിഗണിക്കാനാവില്ല.

**അമ്പലപ്പുഴ മണ്ഡലത്തിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

396(2093) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായ കളിക്കളങ്ങൾ ഏതൊക്കെ പഞ്ചായത്തുകളിലാണ് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽനിന്നും അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് മോഡൽ ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടാണ് പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) കളിക്കളം വികസനത്തിന് എം.എൽ.എ. ആസ്തിവികസന ഫണ്ട് ലഭ്യമാക്കുന്നതിനുള്ള അറിയിപ്പ് നൽകിയിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച നടപടികൾ നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആയതുസംബന്ധിച്ച് എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇതുവരെ കായികവകുപ്പ് സ്വീകരിച്ചിട്ടുള്ളത്; എന്നത്തേയ്ക്ക് നിർമ്മാണം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്?

(ബി&സി) പ്ലാൻ ഫണ്ടിലും എം.എൽ.എ. ഫണ്ടിലും 50 ലക്ഷം വീതം ഭരണാനുമതി നൽകിയ പ്രസ്തുത പ്രവൃത്തി 10-04-2023-ൽ രണ്ട് പ്രവൃത്തികളായി ടെണ്ടറുകൾ ക്ഷണിച്ചിരുന്നു. എന്നാൽ പ്രസ്തുത രണ്ട് ടെണ്ടറുകളിലും ആരും പങ്കെടുത്തിരുന്നില്ല. ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിക്കുവേണ്ടിയുള്ള ഫണ്ടുകൾ ഒരുമിച്ചുചേർത്ത് ഒരു ഭരണാനുമതി നൽകി ഒരു പ്രവൃത്തിയായി ദർഘാസ് ക്ഷണിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള അംഗീകാരം നൽകുന്നതുൾപ്പെടെയുള്ള വിഷയങ്ങളുൾപ്പെടുത്തി ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗനിർദ്ദേശം (SOP) പുറപ്പെടുവിക്കുന്നത് പരിശോധിച്ചുവരുന്നു. ആയത് പുറപ്പെടുവിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കുന്നുമ്മൽ വോളിബോൾ അക്കാദമി**

397(2094) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നമ്മൽ വോളിബോൾ അക്കാദമിയുടെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

കുറ്റ്യാടി മണ്ഡലത്തിലെ കുന്നമ്മൽ വോളിബോൾ അക്കാദമി നിർമ്മാണത്തിനായി 1 കോടി രൂപയുടെ ഭരണാനുമതി 30-11-2022-ന് നൽകുകയുണ്ടായി. തുടർന്ന് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരൻ കരാറിൽ ഏർപ്പെടുന്നതിനുവേണ്ടി നോട്ടീസ് നൽകിയിരിക്കുകയാണ്. കരാറിലേർപ്പെടാൻ ഇനിയും കാലവിളംബമുണ്ടായാൽ ടിയാന്റെ നഷ്ടോത്തരവാദിത്തത്തിൽ പുനർ ദർഘാസ് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കരാർ പ്രകാരം പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കേണ്ടത് എന്നാണെന്ന് അറിയിക്കാമോ; സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സമയക്രമം നിശ്ചയിട്ടുണ്ടോ; വിശദമാക്കാമോ?

കരാറുകാരൻ കരാറിൽ ഏർപ്പെട്ടതിനുശേഷം 6 മാസ കാലാവധിയാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി നൽകിയിട്ടുള്ളത്.

**കോളൂർ സ്റ്റേഡിയം നിർമ്മാണം**

398(2095) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിലുൾപ്പെടുത്തിയ ചിറയിൻകീഴ് മണ്ഡലത്തിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിലെ കോളൂർ സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി ഒരു കളിസ്ഥലം നിർമ്മിക്കുന്നതിനാവശ്യമായ ഒരു കോടി രൂപയിൽ 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കി തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, വിവിധ സ്ഥാപനങ്ങളുടെ

സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയിൽനിന്നും കണ്ടെത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിലുൾപ്പെടുത്തി ചിറയിൻകീഴ് അസംബ്ലി നിയോജക മണ്ഡലത്തിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിലെ കോളൂർ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി എം.എൽ.എ. ഫണ്ടിൽനിന്നും 50 ലക്ഷം രൂപ അനുവദിച്ചതായി തിരുവനന്തപുരം ജില്ലാ കളക്ടർ 28-04-2023-ലെ കത്ത് മുഖാന്തരം അറിയിച്ചിട്ടുണ്ട്. ഇതിൻപ്രകാരം മുദാക്കൽ ഗ്രാമപഞ്ചായത്തിലെ കോളൂർ സ്റ്റേഡിയം നിർമ്മിക്കുന്നതിനായുള്ള വിശദമായ മാസ്റ്റർ പ്ലാനും 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന തയ്യാറാക്കിവരുന്നു.

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

399(2096) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

സംസ്ഥാന പ്ലാൻ ഫണ്ടിനൊപ്പം എം.എൽ.എ./മറ്റ് സ്രോതസ്സുകളിൽനിന്നുമുള്ള ഫണ്ട് എന്നിവ സമാഹരിച്ചാണ് ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികൾക്കാവശ്യമായ തുക കണ്ടെത്തുന്നത്. നിലവിൽ ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട എം.എൽഎ.-യിൽനിന്നോ ജില്ലാകളക്ടറിൽനിന്നോ അറിയിപ്പ് ലഭിക്കുന്നമുറയ്ക്കാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. ഗുരുവായൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ പുന്നയൂർ ഗ്രാമപഞ്ചായത്ത് പ്ലേ ഗ്രൗണ്ട് പദ്ധതിക്കായി 50 ലക്ഷം രൂപ എം.എൽ.എ. ഫണ്ടായി അനുവദിച്ചിട്ടുള്ളതായി തൃശ്ശൂർ ജില്ലാ കളക്ടറുടെ കത്ത് ലഭിച്ചിട്ടുണ്ട്. പ്രസ്തുത

പദ്ധതിക്കായുള്ള ഭരണാനുമതി എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ പരിശോധിച്ചുവരുന്നു.

**ആലപ്പുഴ മണ്ഡലത്തിലെ സ്റ്റേഡിയങ്ങൾ**

400(2097) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ മണ്ഡലത്തിൽ കായിക വകുപ്പുമുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികൾ, ആയതിന് അനുവദിച്ച തുക, ഭരണാനുമതിയുടെ പകർപ്പ്, നിലവിലെ സ്ഥിതിവിവരം എന്നിവ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധം 1 ആയി+ ചേർക്കുന്നു.

(ബി) കണിച്ചുകുളങ്ങര, ആര്യാട് സ്റ്റേഡിയങ്ങളുടെ നിർമ്മാണം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണിച്ചുകുളങ്ങര, ആര്യാട് സ്റ്റേഡിയങ്ങളുടെ നിർമ്മാണം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശം അനുബന്ധം (2)-ൽ ചേർക്കുന്നു.+

(സി) 2021-22 ബജറ്റിലെ മറുപടി പ്രസംഗത്തിൽ പ്രതിപാദിച്ച ദേശീയ റോവിംഗ് അക്കാദമിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ?

റോവിംഗ് അക്കാദമി സ്ഥാപിക്കുന്നതിലേയ്ക്കായി 13-02-2017-ൽ സർക്കാർ 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കായി കിഫ്ബിയിൽനിന്നും 8 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭ്യമായിരുന്നു. ലാൻഡ് അക്വിസിഷൻ നടപടികൾ, റവന്യൂ വകുപ്പ് മുഖാന്തരം ചെയ്തുവരികയാണ്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**മട്ടന്നൂർ മണ്ഡലത്തിലെ കളിസ്ഥലങ്ങൾ**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

401(2098) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ മാലൂർ പഞ്ചായത്ത്, മാലൂർ ജി.എച്ച്.എസ്.എസ്., കീഴല്ലൂർ ഗ്രാമപഞ്ചായത്ത്, ചിറ്റാരിപ്പറമ്പ് ജി.എച്ച്.എസ്.എസ്., പടിയൂർ ജി.എച്ച്.എസ്.എസ്. എന്നിവിടങ്ങളിലെ കളിസ്ഥലങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; അനുവദിച്ച ഫണ്ടുകൾ വകുപ്പ് കൈമാറിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

(എ&ബി) വിവിധ വിദ്യാലയങ്ങളുടെയും പഞ്ചായത്തുകളുടെയും 19 കളിസ്ഥലങ്ങളുടെ നവീകരണത്തിനായി 18-01-2022-ലെ സ.ഉ (സാധാ) നം. 7/2022/കാ.യു.വ പ്രകാരം പുതുക്കിയ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ഭരണാനുമതിയിൽ മാലൂർ ജി.എച്ച്.എസ്.എസ്., ചിറ്റാരിപറമ്പ് ജി.എച്ച്.എസ്.എസ്., പടിയൂർ ജി.എച്ച്.എസ്.എസ്. എന്നീ സ്കൂൾ

ഗ്രൗണ്ടുകളുടെയും കീഴല്ലൂർ, മാലൂർ എന്നീ പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെയും നവീകരണം ഉൾപ്പെട്ടിട്ടുണ്ട്. പടിയൂർ ജി.എച്ച്.എസ്.എസ്-ലെ കളിസ്ഥല നവീകരണത്തിനായി കായിക വികസന നിധി ശീർഷകത്തിൽനിന്നും 15 ലക്ഷം രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. ടി തുക കൈമാറിയതിന്റെ അടിസ്ഥാനത്തിൽ ഫണ്ട് ചെലവഴിക്കുകയും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, കംപ്ലീഷൻ സർട്ടിഫിക്കറ്റ്, വൗച്ചറുകൾ എന്നിവ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്.

**ഒരു പഞ്ചായത്ത് ഒരു കളിക്കളം**

402(2099) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 12-07-2022-ലെ സ.ഉ.(അച്ചടി) നം. 01/2022/കായുവ

ഉത്തരവുപ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ് (അനുബന്ധമായി+ ചേർക്കുന്നു). സ്ഥലം തെരഞ്ഞെടുക്കൽ, സാമ്പത്തികസ്രോതസ്സുകളുടെ സമാഹരണം, പദ്ധതികളുടെ മുൻഗണന, പദ്ധതി നടപ്പാക്കൽ, നിർവ്വഹണവും പരിപാലനവും എന്നിവ സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങളാണ് ഉത്തരവിലുള്ളത്. ഈ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മൾട്ടി ഗെയിമുകൾക്കായുള്ള പ്ലേ കോർട്ടുകൾ, ഇൻഡോർ കോർട്ടുകൾ, ഓപ്പൺ ജിം മുതലായവ പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

പദ്ധതി പ്രധാനമായും ഗ്രാമതല സ്പോർട്സ് ഫിറ്റ്നസ് പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. വോളിബോൾ കളിക്കാനുള്ള കോർട്ടുകൾ, ബാസ്കറ്റ്ബോൾ, ഓപ്പൺ ജിംനേഷ്യം, നടപ്പാത, ടോയ്‌ലറ്റുകൾ, വസ്ത്രം മാറുന്ന മുറികൾ, കോഫിഷോപ്പ്, ഇൻഡോർ കോർട്ടുകൾ എന്നീ ഘടകങ്ങളും പ്രാദേശിക ഡിമാൻഡ്/ആവശ്യകത, ഫണ്ട് ലഭ്യത എന്നിവ അനുസരിച്ച് ഫുട്ബോൾ ടർഫുകളും സിന്തറ്റിക് കോർട്ടുകളും മൾട്ടി സ്പോർട്സ് അരീനകളും ഫിറ്റ്നെസ് പവലിയനുകളും സ്വിമ്മിംഗ് പൂൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾപ്പെടെയുള്ള വൈവിധ്യമാർന്ന ആസ്തികളും പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

(ബി) ഈ പദ്ധതിപ്രകാരം കൂത്തുപറമ്പ് മണ്ഡലത്തിൽ നിർമ്മിക്കുന്ന കളിക്കളങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

ഈ പദ്ധതിയിൽ കൂത്തുപറമ്പ് മണ്ഡലത്തിലെ കളിസ്ഥലങ്ങൾ നിലവിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) പ്രസ്തുത പദ്ധതിപ്രകാരം ഒരു കളിക്കളം നിർമ്മിക്കുന്നതിന് അനുവദിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം നിർമ്മിക്കുന്നതിനായി ഓരോ കളിക്കളത്തിനും 1 കോടി രൂപ അടങ്കൽ പ്രതീക്ഷിക്കുന്ന ടി പദ്ധതിയിൽ 50 ശതമാനം (പരമാവധി 50 ലക്ഷം രൂപ) കായിക വകുപ്പിന്റെ പദ്ധതിവിഹിതമായും ബാക്കിവരുന്ന 50 ശതമാനം തുക ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയിൽനിന്നും കണ്ടെത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**നഗരൂർ സ്റ്റേഡിയം നിർമ്മാണം**

403(2100) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലത്തിലെ നഗരൂരിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ആറ്റിങ്ങൽ മണ്ഡലത്തിലെ നഗരൂരിൽ സ്റ്റേഡിയം നിർമ്മിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

**പെരികുന്നം ജി.എൽ.പി.എസ്. കളി സ്ഥലത്തിന്റെ നിർമ്മാണം**

404(2101) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്ന കുഴൽമന്ദം ഗ്രാമപഞ്ചായത്തിലെ പെരികുന്നം ജി.എൽ.പി.എസ്. കളിസ്ഥലത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്നും എപ്പോൾ പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ?

(എ&ബി) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിലുൾപ്പെട്ട പെരികുന്നം ജി.എൽ.പി.എസ്-ലെ കളിസ്ഥലം നിർമ്മിക്കുന്നതിന്റെ എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷനാണ് തയ്യാറാക്കുന്നത്. എസ്റ്റിമേറ്റ് ലഭിക്കുന്നമുറയ്ക്ക് പദ്ധതിയുടെ ഭരണാനുമതി പുറപ്പെടുവിക്കുന്നതിനും പ്രവൃത്തി ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ആലപ്പുഴ ഗവൺമെന്റ് കോളേജിലെ കിഫ്ബി ധനസഹായത്തോടെയുള്ള സ്റ്റേഡിയം നിർമ്മാണ പദ്ധതി**

405(2102) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ഗവൺമെന്റ് കോളേജിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കാനുദ്ദേശിച്ചിരുന്ന സ്റ്റേഡിയം സ്ഥല ദൗർലഭ്യംമൂലം റ്റി.ഡി. മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റുന്നതിന് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രോജക്ടിന്റെ പേരും സ്ഥലവും മാറ്റുന്നത് സംബന്ധിച്ച് കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുണ്ടോയെന്നും ഇതുസംബന്ധിച്ച് പുതുക്കിയ ഉത്തരവ് കായിക വകുപ്പ് ഇറക്കിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ഇത് വൈകുന്നതിന്റെ കാരണവും വ്യക്തമാക്കാമോ;

(സി) ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും ഇതിനായി ഏജൻസി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും പ്രസ്തുത ഡി.പി.ആർ. കിഫ്ബിക്ക് എന്നത്തേയ്ക്ക് സമർപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

(എ-സി) ആലപ്പുഴ ഗവൺമെന്റ് കോളേജിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കാനുദ്ദേശിച്ചിരുന്ന സ്റ്റേഡിയം സ്ഥല ദൗർലഭ്യം കാരണം ടി.ഡി മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് മെഡിക്കൽ കോളേജ് അധികൃതരിൽനിന്നും NOC ലഭ്യമാക്കിയിട്ടുണ്ട്. തുടർന്ന് ഈ പ്രവൃത്തിക്കായി DPR തയ്യാറാക്കി സമർപ്പിക്കാൻ നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് ഒരു മൾട്ടിസ്പോർട്സ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് 8,30,00,000/- രൂപയുള്ള റഫ് കോസ്റ്റ് എസ്റ്റിമേറ്റ് സഹിതം അമ്പലപ്പുഴ ഗവൺമെന്റ് കോളേജിൽനിന്ന് ടി.ഡി. മെഡിക്കൽ കോളേജിലേയ്ക്ക് സ്റ്റേഡിയത്തിന്റെ സ്ഥലം മാറ്റുന്നതിനുള്ള അനുമതിക്കായി കായിക യുവജനകാര്യ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു. ടി അനുമതി ലഭിച്ചതിനുശേഷം സ്പോർട്സ് കേരള ഫൗണ്ടേഷൻ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും അത് സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്യുന്നതാണ്.

**കുവളശ്ശേരി സ്റ്റേഡിയം നിർമ്മാണം**

406(2103) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിലുൾപ്പെടുത്തി അനുമതി ലഭ്യമായ മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ കുവളശ്ശേരി സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) ആയതിലേയ്ക്ക് എം.എൽ.എ. ഫണ്ടിൽനിന്നും അൻപതുലക്ഷം രൂപകൂടി ലഭ്യമാക്കിയിട്ടുണ്ടോ; ഇതിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; സ്റ്റേഡിയം നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ&ബി) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലുൾപ്പെട്ട കാട്ടാക്കട മണ്ഡലത്തിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ കുവളശ്ശേരി സ്റ്റേഡിയം നിർമ്മിക്കുന്ന പദ്ധതിയുടെ എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേനയാണ് തയ്യാറാക്കുന്നത്.

മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ പ്രസ്തുത സ്റ്റേഡിയം നിർമ്മിക്കുന്നതിനായി എം.എൽ.എ. ഫണ്ടിൽനിന്നും 50 ലക്ഷം രൂപ അനുവദിച്ചതായി തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചതിൻപ്രകാരം കൂവളശ്ശേരി സ്റ്റേഡിയം നിർമ്മിക്കുന്നതിനായുള്ള വിശദമായ മാസ്റ്റർപ്ലാനും 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിവരുന്നു. ആയത് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണം**

407(2104) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ ഒന്നരക്കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയാക്കാനുണ്ടെന്നും ആയത് എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

(എ&ബി) സംസ്ഥാന ബജറ്റിൽ ഒന്നരക്കോടി രൂപ അനുവദിച്ച മലമ്പുഴ നിയോജകമണ്ഡലത്തിലെ കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണത്തിനായി 23-02-2023-ലെ സർക്കാർ ഉത്തരവ് നം. ജി.ഒ.(ആർ.ടി)62/2023/കാ.യു.വ. പ്രകാരം 1.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതിക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 1,39,12,000/- രൂപയുടെ സാങ്കേതികാനുമതി നൽകി 24-08-2023 അവസാന തീയതിയായി ആദ്യ ദർഘാസ് ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത ടെണ്ടറിൽ ഒരാൾ മാത്രമെ പങ്കെടുത്തിരുന്നുള്ളൂവെന്ന കാരണത്താൽ ടി പ്രവൃത്തി റീ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നടപടികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

**നന്നമ്പ്ര പഞ്ചായത്ത് സ്റ്റേഡിയത്തിന്റെ നവീകരണം**

408(2105) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്ത് സ്റ്റേഡിയത്തിന് വകയിരുത്തിയ അൻപതുലക്ഷം രൂപ സർക്കാർ പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ കാരണം സഹിതം വിശദമാക്കാമോ;

(ബി) ഈ തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; പ്രസ്തുത തുക എന്നത്തേയ്ക്ക് തിരികെ ലഭ്യമാക്കുമെന്ന് വിശദമാക്കാമോ?

(എ&ബി) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലുൾപ്പെടുന്ന തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്ത് സ്റ്റേഡിയത്തിന് ഫണ്ട് അനുവദിച്ചിട്ടില്ല. ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട എം.എൽ.എ.-യിൽനിന്നോ ജില്ലാകളക്ടറിൽനിന്നോ അറിയിപ്പ് ലഭിക്കുന്നമുറയ്ക്കാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. നന്നമ്പ്ര പഞ്ചായത്ത് സ്റ്റേഡിയം

നിർമ്മിക്കുന്ന പ്രവൃത്തിക്കായി എം.എൽ.എ. ഫണ്ട് അനുവദിച്ചതായി നിലവിൽ വിവരം ലഭിച്ചിട്ടില്ല.

(സി) സംസ്ഥാനത്തെ ഏതെല്ലാം സ്റ്റേഡിയങ്ങളുടെ തുകയാണ് ഇത്തരത്തിൽ പിൻവലിച്ചിട്ടുള്ളത്; ഒരു ഗ്രാമപഞ്ചായത്തിന് ഒരു കളിക്കളം പദ്ധതിപ്രകാരം നവീകരിച്ച സ്റ്റേഡിയങ്ങളുടെ ലിസ്റ്റ് ഇനം തിരിച്ച് നൽകാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലുൾപ്പെടുന്ന ഒരു പ്രവൃത്തിക്കും അനുവദിച്ച തുക പിൻവലിച്ചിട്ടില്ല. ഈ പദ്ധതിപ്രകാരം തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ നവീകരണ/നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

**മരുതറോഡ് പഞ്ചായത്ത് സ്റ്റേഡിയം നവീകരണം**

409(2106) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള മലമ്പുഴ മണ്ഡലത്തിലെ മരുതറോഡ് പഞ്ചായത്ത് സ്റ്റേഡിയം നവീകരണം പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലുൾപ്പെട്ട മലമ്പുഴ മണ്ഡലത്തിലെ മരുതറോഡ് ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നവീകരണം പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേനയാണ്.

പ്രസ്തുത പദ്ധതിക്കായി 50 ലക്ഷം രൂപയുടെ എം.എൽ.എ. ഫണ്ട് അനുവദിച്ചതായി പാലക്കാട് ജില്ലാ കളക്ടർ അറിയിച്ചതിൻപ്രകാരം ആയതിനുള്ള ഭരണാനുമതി എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ പരിശോധിച്ചുവരുന്നു.

**ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ ഉടസ്ഥാവകാശവും ലീസ് കുടിശ്ശികയും**

410(2107) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാര്യവട്ടം കേരള യൂണിവേഴ്സിറ്റി കാമ്പസിൽ സ്ഥിതിചെയ്യുന്ന ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ ഉടമസ്ഥാവകാശം ആരിൽ നിക്ഷിപ്തമാണെന്നും സ്റ്റേഡിയത്തിൽ കേരള സർവകലാശാലയ്ക്കുള്ള പങ്ക് എന്തെന്നും വിശദമാക്കാമോ?

കേരളത്തിൽ നടന്ന 35-ാമത് ദേശീയ ഗെയിംസിന്റെ ഭാഗമായി സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള സർവകലാശാലയുടെ കൈവശമുണ്ടായിരുന്ന സ്ഥലം പാട്ട വ്യവസ്ഥയിൽ ഏറ്റെടുത്താണ് ഗ്രീൻഫീൽഡ് സ്റ്റേഡിയം നിർമ്മിച്ചത്. DBOT വ്യവസ്ഥയിൽ സ്വകാര്യ ഏജൻസി നിർമ്മിച്ച സ്റ്റേഡിയം കരാർ കാലാവധി പൂർത്തിയാകുന്നതോടെ കായിക വകുപ്പിന്റെ പൂർണ്ണ ഉടമസ്ഥതയിലാകും.

(ബി) സർവകലാശാലയ്ക്ക് നൽകേണ്ട ലീസ് കുടിശ്ശിക എത്രയെന്നും പ്രസ്തുത തുക നൽകാൻ ആരാണ് ബാധ്യതപ്പെട്ടിരിക്കുന്നതെന്നും വ്യക്തമാക്കാമോ?

കേരള സർവകലാശാല രജിസ്ട്രാറുടെ 24-07-2023-ലെ കത്തുപ്രകാരം ലീസ് കുടിശ്ശിക 2022 ഡിസംബർ വരെ 70,53,40,161/- രൂപയാണ്. കേരളസർവകലാശാലയും ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റുമായുള്ള പാട്ടക്കരാർപ്രകാരം ലീസ് തുക നൽകേണ്ടത് ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റാണ്. ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ് ഡിസോൾവ് ചെയ്ത സാഹചര്യത്തിൽ ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റുമായി ബന്ധപ്പെട്ട ചുമതല കായികയുവജനകാര്യ ഡയറക്ടറേറ്റിന് നൽകിയിട്ടുണ്ട്.

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

411(2108) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു പഞ്ചായത്ത് ഒരു കളിക്കളം എന്ന പദ്ധതിയിലുൾപ്പെടുത്തി മണലൂർ മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിൽ കളിക്കളം അനുവദിച്ചിട്ടുണ്ട്; പ്രസ്തുത കളിക്കളങ്ങളുടെ നിർമ്മാണപ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് ഉൾപ്പെടുന്നുണ്ട്. ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട എം.എൽ.എ.-യിൽനിന്നോ ജില്ലാ കളക്ടറിൽനിന്നോ അറിയിപ്പ് ലഭിക്കുന്നമുറയ്ക്കാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. ഈ പദ്ധതിയിലുൾപ്പെട്ട മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ട് അനുവദിച്ചതായി നിലവിൽ വിവരം ലഭിച്ചിട്ടില്ല. അതിനാൽ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

**അഴീക്കോട് മണ്ഡലത്തിലെ ഗ്രൗണ്ട് നിർമ്മാണം**

412(2109) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പിന്റെ ഫണ്ടും എം.എൽ.എ. ഫണ്ടും ഉപയോഗിച്ച് അഴിക്കോട് മണ്ഡലത്തിൽ നിർമ്മിക്കുന്ന ഗ്രൗണ്ടിന്റെ പ്രവൃത്തിയുടെ അന്തിമരൂപമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലുൾപ്പെട്ട അഴിക്കോട് മണ്ഡലത്തിലെ പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണ പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിച്ചുവരുന്നു.

(ബി) ഫണ്ടുകൾ ഏകോപിപ്പിച്ച് പ്രവൃത്തി നടപ്പാക്കുമ്പോൾ ഒറ്റ ഭരണാനുമതി ലഭിക്കാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ?

വിവിധ സ്രോതസ്സുകളിൽനിന്നും ഫണ്ട് സമാഹരിച്ച് ചെയ്യുന്ന പ്രവൃത്തി നടപ്പാക്കുമ്പോൾ സാങ്കേതിക തടസ്സങ്ങളുണ്ടാകാൻ സാധ്യതയുള്ളതിനാൽ

ഒറ്റ ഭരണാനുമതി നൽകി പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

**വടക്കാഞ്ചേരി ഗവൺമെന്റ് ബോയ്സ് സ്കൂൾ ഗ്രൗണ്ട് നിർമ്മാണം**

413(2110) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു പഞ്ചായത്ത് ഒരു കളിക്കളം എന്ന പദ്ധതിയിലുൾപ്പെടുത്തിയ വടക്കാഞ്ചേരി ഗവൺമെന്റ് ബോയ്സ് സ്കൂൾ ഗ്രൗണ്ടിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലുൾപ്പെട്ട വടക്കാഞ്ചേരി ഗവൺമെന്റ് ബോയ്സ് സ്കൂൾ ഗ്രൗണ്ട് നിർമ്മിക്കുന്ന പദ്ധതിക്ക് പ്ലാൻ ഫണ്ടിൽനിന്നും എം.എൽ.എ. ഫണ്ടിൽനിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിക്കുന്ന വിവിധയിടങ്ങളിൽനിന്നുള്ള തുകകൾ നിക്ഷേപിക്കുന്നതിന് മാത്രമായി കായിക യുവജനകാര്യ ഡയറക്ടറുടെ പേരിൽ ഒരു പലിശരഹിത

സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതിയും ലഭ്യമാക്കിയിട്ടുണ്ട്.

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനായി പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ (SOP) പുറപ്പെടുവിക്കുന്നത് ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു. ആയത് പുറപ്പെടുവിക്കുന്നമുറയ്ക്ക് പ്രസ്തുത പ്രവൃത്തിക്കായി സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**വിളവൂർക്കൽ പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണം**

414(2111) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിലെ വിളവൂർക്കൽ പഞ്ചായത്ത് സ്റ്റേഡിയത്തിന് ഇരുപത് ശതമാനം തുക വകയിരുത്തി 150 ലക്ഷം രൂപയുടെ ബജറ്റ് അനുമതി ലഭ്യമായതിന്റെ തുടർനടപടികൾ വിശദമാക്കാമോ;

ഇതുസംബന്ധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കാട്ടാക്കട മണ്ഡലത്തിലെ വിളവൂർക്കൽ പഞ്ചായത്ത് സ്റ്റേഡിയത്തിന് ഇരുപത് ശതമാനം തുക വകയിരുത്തി 150 ലക്ഷം രൂപ അനുവദിക്കുകയും കായിക യുവജനകാര്യ വകുപ്പിനെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളതുമാണ്. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന തയ്യാറാക്കിവരികയാണ്.

**കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം സ്റ്റേഡിയം നിർമ്മാണം**

415(2112) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം സ്റ്റേഡിയത്തിന്റെ പ്രവൃത്തി നിലവിൽ 80 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ?

കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് ഗ്രൗണ്ട് ഡെവലപ്മെന്റ്, ഗ്യാലറി, ടോയ്‌ലറ്റ് ബ്ലോക്ക്, റീടെയ്നിംഗ് വാൾ, ഫെൻസിംഗ്, ഫ്ലെഡ് ലൈറ്റ് അനുബന്ധ സിവിൽ & ഇലക്ട്രിഫിക്കേഷൻ എന്നീ ഘടകങ്ങളാണ് നിർമ്മിക്കുന്നത്.

(സി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും അറിയിക്കാമോ?

ഗ്യാലറി, ടോയ്‌ലറ്റ് ബ്ലോക്ക്, റീടെയ്നിംഗ് വാൾ എന്നീ ഘടകങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത്. ബാക്കിയുള്ള പ്രവൃത്തികൾ 2023 സെപ്റ്റംബർ മാസം അവസാനത്തോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(ഡി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനാവശ്യമായ കരിങ്കല്ലിന്റെ ദൗർലഭ്യവും കരാറുകാരന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയുമാണ് പ്രസ്തുത പ്രവൃത്തി വൈകുന്നതിന് കാരണമായത്.

(ഇ) പ്രസ്തുത സ്റ്റേഡിയം നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണപ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2023 സെപ്റ്റംബർ മാസം അവസാനത്തോടുകൂടി ടി പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം**

416(2113) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിലുൾപ്പെട്ട മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം പ്രവൃത്തി തുടങ്ങാൻ വൈകുന്നതിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത സ്റ്റേഡിയത്തിന്റെ പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ പ്രവൃത്തി തുടങ്ങുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് വിശദമാക്കുമോ?

(എ-സി) സംസ്ഥാന പ്ലാൻ ഫണ്ടിനൊപ്പം എം.എൽ.എ/മറ്റ് സ്രോതസ്സുകളിൽനിന്നുള്ള ഫണ്ട് എന്നിവ സമാഹരിച്ചാണ് ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികൾക്കാവശ്യമായ തുക കണ്ടെത്തുന്നത്. നിലവിൽ ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട എം.എൽ.എ.-യിൽനിന്നോ ജില്ലാകളക്ടറിൽനിന്നോ അറിയിപ്പ് ലഭിക്കുന്നമുറയ്ക്കാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി

പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. ഈ പദ്ധതിയിലുൾപ്പെട്ട മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിലെ സ്റ്റേഡിയം നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ട് അനുവദിച്ചതായി നിലവിൽ വിവരം ലഭിച്ചിട്ടില്ല. അതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

**കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം സ്റ്റേഡിയം നിർമ്മാണം**

417(2114) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം സ്റ്റേഡിയത്തിന്റെ നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും ആയത് സംബന്ധിച്ച് വകുപ്പുതലത്തിൽ സ്വീകരിച്ച നടപടികളും വിശദമാക്കുമോ;

(സി) നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ പൂർത്തീകരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയെന്നും വിശദമാക്കുമോ?

(എ-സി) സംസ്ഥാന പ്ലാൻ ഫണ്ടിനൊപ്പം എം.എൽ.എ/മറ്റ് സ്രോതസ്സുകളിൽനിന്നുള്ള ഫണ്ട് എന്നിവ സമാഹരിച്ചാണ് ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികൾക്കാവശ്യമായ തുക കണ്ടെത്തുന്നത്. നിലവിൽ ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട എം.എൽ.എ.-യിൽനിന്നോ ജില്ലാകളക്ടറിൽനിന്നോ അറിയിപ്പ് ലഭിക്കുന്നമുറയ്ക്കാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. ഈ പദ്ധതിയിലുൾപ്പെട്ട കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം സ്റ്റേഡിയം നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ട് അനുവദിച്ചതായി നിലവിൽ വിവരം ലഭിച്ചിട്ടില്ല. അതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

**പൊന്നാനി മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി**

418(2115) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ മാറഞ്ചേരി സ്റ്റേഡിയത്തിന്റെ പ്രവൃത്തി എത്രത്തോളമായെന്നും മഡ്ഡ് സ്റ്റേഡിയം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ?

2021-22-ലെ ബജറ്റിൽ ഉൾപ്പെടുത്തിയിരുന്ന മലപ്പുറം ജില്ലയിലെ മാറഞ്ചേരി മിനി സ്റ്റേഡിയം നവീകരണത്തിന് 2.5 കോടി രൂപയുടെ ഭരണാനുമതി നൽകുകയും അതിന്റെയടിസ്ഥാനത്തിൽ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ച് കൺവേർജ് സ്പോർട്സ് ഇൻഫ്രാ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി 1.38 കോടി രൂപയ്ക്ക് 02-09-2022-ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു.

പ്രസ്തുത പ്രവൃത്തിയുടെ കരാർ നടപ്പാക്കിയശേഷം നാട്ടുകാരുടെയും പഞ്ചായത്തിന്റെയും അപേക്ഷ പരിഗണിച്ച് സിന്തറ്റിക് ഫുട്ബോൾ ടർഫ്

ഒഴിവാക്കി മഡ്സ്റ്റ് ഫുട്ബോൾ കോർട്ട് നിർമ്മിക്കുന്നതിനായുള്ള നിർദ്ദേശം ലഭിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സിന്തറ്റിക് ഫുട്ബോൾ ടർഫ് ഒഴിവാക്കി മഡ്സ്റ്റ് ഫുഡ്ബോൾ കോർട്ട് നിർമ്മിക്കാൻ തീരുമാനിച്ച കാര്യം കരാറുകാരനെ അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ പ്രധാന ഘടകം തന്നെ മാറിയതിനാൽ പ്രവൃത്തി നടപ്പാക്കാൻ താൽപര്യമില്ലെന്ന് 01-09-2023-ന് കരാറുകാരൻ അറിയിച്ചിട്ടുണ്ട്. എന്നിരുന്നാലും ഷെഡ്യൂൾ പ്രകാരമുള്ള ഓപ്പൺ ജിം ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെന്നും ആയത് സ്ഥാപിക്കുന്നതുസംബന്ധിച്ച പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള അനുമതി നൽകണമെന്നും കരാറുകാരൻ അപേക്ഷിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച തുടർ നടപടികൾ നടന്നുവരികയാണ്.

(ബി) പൊന്നാനി മണ്ഡലത്തിൽ അക്വാട്ടിക് സ്റ്റേഡിയം പണിയുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിക്ക് ഇനിയും കിഫ്ബിയുടെ റിവൈസ്ഡ് ഫിനാൻഷ്യൽ സാങ്ഷൻ ലഭിക്കേണ്ടതുണ്ടോയെന്നും വിശദീകരിക്കുമോ?

പൊന്നാനി നിളാതീരം അക്വാട്ടിക് സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 12.77 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായിരുന്ന കിറ്റ്കോ പദ്ധതിക്കായി ഡി.പി.ആർ. തയ്യാറാക്കി കിഫ്ബി അനുമതിക്കായി സമർപ്പിച്ചിരുന്നു. ഡി.പി.ആർ. പ്രകാരം ഇൻഡോർ സ്റ്റേഡിയം, സ്വിമ്മിംഗ് പൂൾ, കിഡ്സ് പൂൾ എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. ഈ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചപ്പോൾ പദ്ധതിയുടെ ഭരണാനുമതിയിൽ സ്വിമ്മിംഗ് പൂൾ എന്ന് മാത്രമാണ് പ്രതിപാദിച്ചിട്ടുള്ളതെന്നും ഇൻഡോർ അടക്കമുള്ള സൗകര്യങ്ങൾ ഉൾക്കൊള്ളിച്ച് കോംപ്ലക്സ് വികസിപ്പിക്കുന്നതിന് പുതുക്കിയ ഭരണാനുമതി അല്ലെങ്കിൽ ഭരണാനുമതിയിൽ തിരുത്ത് ആവശ്യമാണെന്നും കിഫ്ബിയിൽനിന്നും ആവശ്യപ്പെട്ടു. തുടർന്ന് പദ്ധതിയുടെ പേര് 'പൊന്നാനി നിളതീരം ഇൻഡോർ ആൻഡ് അക്വാട്ടിക് സ്പോർട്സ് കോംപ്ലക്സ് എന്നാക്കിക്കൊണ്ടുള്ള പുതുക്കിയ ഉത്തരവ് നൽകിയിരുന്നു.

പദ്ധതിപ്രദേശം CRZ ക്ലിയറൻസ് പരിധിക്കുകീഴിൽ വരുന്നതായി കണ്ടെത്തിയതിനാൽ ആയതിന്റെ ക്ലിയറൻസിനുവേണ്ട നടപടികൾ

കൈക്കൊണ്ടശേഷംമാത്രമെ പ്രവൃത്തിയുമായി മുന്നോട്ടുപോകാൻ സാധിക്കുമായിരുന്നുള്ളൂ. ഇതിന്റെയടിസ്ഥാനത്തിൽ കിഫ്ബിയിൽനിന്നും ഫണ്ട് ലഭ്യമാക്കി കിറ്റ്കോ മുഖേന CRZ ക്ലിയറൻസിനായി KCZMA-യെ സമീപിക്കുകയും പദ്ധതിപ്രദേശത്ത് ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കേണ്ടതാണെന്ന വ്യവസ്ഥയ്ക്കുവിധേയമായി ക്ലിയറൻസ് ലഭ്യമായിട്ടുള്ളതുമാണ്. തുടർന്ന് 22-02-2021-ന് കിഫ്ബിയിൽനിന്നും 14.094 കോടി രൂപയുടെ സാമ്പത്തികാനുമതി പദ്ധതിക്ക് ലഭ്യമായിരുന്നു. ഇതുപ്രകാരം പദ്ധതിക്ക് സാങ്കേതികാനുമതി നൽകി. 14.02 കോടി രൂപയ്ക്കുള്ള ഈ സാങ്കേതികാനുമതി ഡി.എസ്.ആർ. 2016 പ്രകാരമുള്ളതായിരുന്നു. 17-ാമത് സാങ്കേതികാനുമതി കമ്മിറ്റി ആയത് ഡി.എസ്.ആർ. 2018 പ്രകാരം 16.90 കോടി രൂപയ്ക്ക് പുതുക്കിയ സാങ്കേതികാനുമതി നൽകുകയും പദ്ധതി സ്പോർട്സ് കേരള ഫൗണ്ടേഷന് കൈമാറുകയുമുണ്ടായി. പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി കിറ്റ്കോ തയ്യാറാക്കിയ ഇൻഡോർ സ്റ്റേഡിയത്തിന്റെ പ്ലാൻ പ്രകാരം പ്ലേ ഏരിയയ്ക്ക് പുറത്ത് ആവശ്യമുള്ള ഫ്രീ സ്പേയ്സ് ഇല്ലാതിരുന്നതിനാൽ ചെറിയ മാറ്റങ്ങൾ വരുത്തി പ്ലാൻ നവീകരിച്ച്

കൂടുതൽ കുറ്റമറ്റതാക്കിയിട്ടുണ്ട്. ഇതുപ്രകാരം പദ്ധതിയുടെ സ്ട്രക്ചറൽ ഡിസൈൻ പ്രവൃത്തികൾ നടന്നുവരുന്നു. കിഫ്ബി അനുവദിച്ച പദ്ധതി തുകയ്ക്കുള്ളിൽനിർത്തി പ്രവൃത്തികൾ പൂർത്തിയാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതിനാൽ കിഫ്ബിയുടെ റിവൈസ്ഡ് സാമ്പത്തികാനുമതി ആവശ്യമായിവരില്ല. എന്നാൽ സാമ്പത്തികാനുമതി അനുവദിച്ച് ഒരു വർഷം അധികരിച്ചതിനാൽ ഫിനാൻഷ്യൽ റീവാലിഡേഷൻ ആവശ്യമാണ്. ആയതിനുള്ള നടപടി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നമുറയ്ക്ക് സ്വീകരിക്കുന്നതാണ്.

**തരൂർ മണ്ഡലത്തിലെ ആധുനിക കളിക്കളങ്ങളുടെ പരിപാലനം**

419(2116) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കണ്ണമ്പ്ര, കോട്ടായി എന്നീ പഞ്ചായത്തുകളിലെ ടർഫ് ഉൾപ്പെടുന്ന ആധുനിക കളിക്കളങ്ങളുടെ പരിപാലനം നടത്തേണ്ടത് ബന്ധപ്പെട്ട സ്പോർട്സ് കൗൺസിലാണോയെന്ന് വ്യക്തമാക്കാമോ?

തലശ്ശേരി മണ്ഡലത്തിലെ കണ്ണമ്പ്ര, കോട്ടായി എന്നീ പഞ്ചായത്തുകളിലെ ടർഫ് ഉൾപ്പെടുന്ന ആധുനിക കളിക്കളങ്ങളുടെ പരിപാലനം അതത് കളിസ്ഥലങ്ങളുടെ ഉടമസ്ഥരാണ് നടത്തേണ്ടത്. കണ്ണമ്പ്ര പഞ്ചായത്ത് കളിസ്ഥലത്തിന്റെ പരിപാലനം കണ്ണമ്പ്ര പഞ്ചായത്തും കോട്ടായി സ്കൂൾ കളിസ്ഥലത്തിന്റെ പരിപാലനം കോട്ടായി ഹയർ സെക്കൻഡറി സ്കൂളുമാണ് നടത്തിവരുന്നത്.

(ബി) ഇത്തരം കളിക്കളങ്ങളുടെ പരിപാലനത്തിന് ഫണ്ട് അനുവദിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ ഇത്തരം കളിസ്ഥലങ്ങളുടെ പരിപാലനത്തിനായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അനുവദിക്കാറുണ്ട്.

**പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം**

420(2117) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് സമയബന്ധിതമായി നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം പദ്ധതിയുടെ നടത്തിപ്പിൽ തടസ്സം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പയ്യന്നൂർ സ്റ്റേഡിയത്തിന്റെ ഫ്ളോർ സ്ലാബ് എർത്ത് ഫില്ലിംഗിന് മുകളിൽ പി.സി.സി. ചെയ്യുംവിധമാണ് എസ്.പി.വി.യായ കിറ്റ്കോ വിഭാവന ചെയ്തിരുന്നത്. അപ്രകാരം സ്റ്റേഡിയത്തിന്റെ പ്രാരംഭ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ കിഫ്ബിയിൽനിന്നും മണ്ണ് പരിശോധന നടത്തി സൈറ്റിലുണ്ടാകുന്ന Long term differential settlement-മായി ബന്ധപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കാൻ കിറ്റ്കോയോട് നിർദ്ദേശിച്ചിരുന്നു. തുടർന്ന് കോഴിക്കോട് NIT-യെ പ്രസ്തുത പരിശോധനയ്ക്ക് ചുമതലപ്പെടുത്തി. എന്നാൽ

അവരുടെ പരിശോധന റിപ്പോർട്ട് സമഗ്രമല്ലെന്നാണ് കിഫ്ബി വിലയിരുത്തിയിട്ടുള്ളത്. തുടർന്ന് ആദ്യം നിർദ്ദേശിച്ചിരുന്ന പി.സി.സി. ഫ്ലോറിംഗ് മാറ്റി RCC framed slab സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ കിഫ്ബിയുടെ അംഗീകാരത്തിനായി കിറ്റ്കോ സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ 22 മാസത്തിനകം പദ്ധതി പൂർത്തിയാക്കുമെന്നാണ് കിറ്റ്കോ അറിയിച്ചിട്ടുള്ളത്.

**കായംകുളം മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി**

421(2118) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ 26-02-2021-ലെ ജി.ഒ.(ആർ.ടി) നമ്പർ. 80/2021/എസ്&വൈ.എ. പ്രകാരം ഒരു കോടി രൂപയുടെ ഭരണാനുമതി ലഭിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച ഭരണിക്കാവ് ഗവ.യു.പി.എസ്. സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് 58 ലക്ഷം രൂപ അധികമായി വേണമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ചുറ്റുമതിൽ നിർമ്മാണം, പെയിന്റിംഗ്, ടോയ്‌ലറ്റ് ബ്ലോക്ക്, ചെയ്ഞ്ച് റൂം, ഓഫീസ് സെക്യൂരിറ്റി ക്യാബിൻ, ഇൻഡോർ സ്റ്റേഡിയത്തിന് ലാൻഡ് ഫില്ലിംഗ്, സ്റ്റേഡിയത്തിന് ചുറ്റും ഇന്റർലോക്ക്, സ്ട്രീറ്റ് ലൈറ്റ് എന്നിവ പൂർത്തീകരിക്കുന്നതിനാവശ്യമായ അധിക തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉണ്ട്. അധിക പ്രവൃത്തിയായ ചുറ്റുമതിൽ നിർമ്മാണം, പെയിന്റിംഗ്, ടോയ്‌ലറ്റ് ബ്ലോക്ക്, ചെയ്ഞ്ച് റൂം, ഓഫീസ് സെക്യൂരിറ്റി ക്യാബിൻ, ഇൻഡോർ സ്റ്റേഡിയത്തിന് ചുറ്റും 30 സെ. മീ. നിലം നികത്തൽ, സ്റ്റേഡിയത്തിന് ചുറ്റും ഇന്റർ ലോക്ക്, സ്ട്രീറ്റ് ലൈറ്റ് എന്നിവ പൂർത്തീകരിക്കുന്നതിനാവശ്യമായ അധിക തുക അനുവദിക്കുന്നത് സംബന്ധിച്ച് 58 ലക്ഷം രൂപയുടെള്ള റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ഉത്തരവുപ്രകാരം 80 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിലെ സ്റ്റേഡിയത്തിന്റെ കരാർ നേടിയ കരാറുകാരൻ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല എന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ പ്രസ്തുത വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

കണ്ടല്ലൂർ ഗ്രാമ പഞ്ചായത്ത് സ്റ്റേഡിയത്തിന്റെ നവീകരണത്തിനായി കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്ന് 80 ലക്ഷം രൂപയുടെ അടങ്കൽ വരുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി പ്രീ എഞ്ചിനീയറിംഗ് ഇൻഡോർ മൾട്ടി കോർട്ടും അനുബന്ധ സൗകര്യങ്ങളുമാണ് നടപ്പാക്കുന്നത്. സ്റ്റീൽ ഇൻഡസ്ട്രിയൽ കേരളാ ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് പദ്ധതിയുടെ കരാർ ലഭിച്ചിട്ടുള്ളത്. 4 മാസമാണ് പദ്ധതിയുടെ പൂർത്തീകരണ കാലാവധി. 66,13,033/- രൂപ അടങ്കലിലാണ് കരാറുകാരൻ പദ്ധതി ഏറ്റെടുത്തിട്ടുള്ളത്.

23-05-2022-ന് കരാറുകാരന് സൈറ്റ് ഹാൻഡ് ഓവർ ചെയ്തിരുന്നു. പക്ഷെ പ്രവൃത്തിയുടെ ആരംഭ ഘട്ടത്തിൽത്തന്നെ ബി.ഒ.ക്യൂ.-വിൽ പ്രതിപാദിക്കുന്ന ഫൗണ്ടേഷൻ ചെയ്യുന്ന സമയത്ത് മണ്ണിന്റെ ഘടനയിൽ വ്യത്യാസമുള്ളതിനാലും ഫൗണ്ടേഷൻ ഡിസൈനിൽ മാറ്റം

വന്നിരുന്നതിനാലും അമിതമായ മഴയും വെള്ളക്കെട്ടും കാരണവും സമയത്ത് പ്രവൃത്തി പൂർത്തിയാക്കാൻ കരാറുകാരന് സാധിച്ചിരുന്നില്ല. കരാർ പ്രകാരം പ്രവൃത്തി 22-09-2022-ന് പൂർത്തിയാക്കേണ്ടതായിരുന്നു. പ്രവൃത്തി പൂർത്തിയാകാത്തതിനാൽ 2 തവണ ടൈം ഓഫ് കംപ്ലീഷൻ നീട്ടി നൽകുകയുണ്ടായി.

2023 ജനുവരി 26-ന് പ്ലിന്ത് ബീം പ്രവൃത്തിക്കുശേഷം കരാറുകാരന്റെ ഭാഗത്തുനിന്നും വീണ്ടും കാലതാമസമുണ്ടായതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി തുടങ്ങുന്നതിനുവേണ്ടി കരാറുകാരന് കത്തയയ്ക്കുകയും ചെയ്തു. ഫണ്ട് ക്ഷാമം കാരണം പ്രവൃത്തി ആരംഭിക്കാൻ കഴിയില്ലെന്ന് കരാറുകാരൻ അറിയിച്ചു. ബിൽ പേമെന്റ് ലഭിച്ചതിനുശേഷം 04-08-2023-ന് പ്രവൃത്തി പുനരാരംഭിച്ചു.

**കോഴിക്കോട് ജില്ലയിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

422(2119) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിലുൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ ഏതെല്ലാം കളിസ്ഥലങ്ങളാണ് നവീകരണത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്?

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ കോഴിക്കോട് ജില്ലയിലെ ചുവടെ ചേർത്തിട്ടുള്ള 11 കളിസ്ഥലങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. നൊച്ചാട് ഗ്രാമപഞ്ചായത്ത് (വാർഡ്-1)

2. ഓമശ്ശേരി ഇ. കെ. ഉണ്ണിമൊയ്തീൻ സ്മാരക മിനി സ്റ്റേഡിയം

3. വന്മുഖം ഗവൺമെന്റ് ഹൈസ്കൂൾ മൈതാനം-മൂടാടി ഗ്രാമ പഞ്ചായത്ത്

4. മാവൂത്തംപടി പഞ്ചായത്ത് ഗ്രൗണ്ട് - ഒളവണ്ണ

5. വളയം ഗ്രാമപഞ്ചായത്ത്, കല്ലുനിറ

6. കണ്ണാട്ടികുളം മിനി സ്റ്റേഡിയം

7. ചീക്കിലോട് ഒളിയിമ്മലിൽ മിനിസ്റ്റേഡിയം

8. ആദിയൂർ മിനി സ്റ്റേഡിയം

9. മണിയൂർ ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട്

10. കൊടിയത്തൂർ സ്റ്റേഡിയം/ചെറുവാടി പഞ്ചായത്ത് സ്റ്റേഡിയം

11. കായണ്ണ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം

(ബി) ഇവയിൽ ഏതെല്ലാം കളിസ്ഥലങ്ങൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയത്?

ഇതിൽ ഒരു പദ്ധതിക്കും ഭരണാനുമതി നൽകിയിട്ടില്ല.

(സി) ഒളവണ്ണ മാവൂത്തംപടി ഗ്രൗണ്ട് നവീകരണത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിൽ കാലതാമസമുണ്ടാകുന്നതിന്റെ കാരണം വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന പ്ലാൻ ഫണ്ടിനൊപ്പം എം.എൽഎ./മറ്റ് സ്രോതസ്സുകളിൽനിന്നുമുള്ള ഫണ്ട് എന്നിവ സമാഹരിച്ചാണ് പദ്ധതിക്ക് തുക കണ്ടെത്തുന്നത്. പദ്ധതിക്കായി എം.എൽ.എ. ഫണ്ട് അനുവദിച്ചതായി

ജില്ലാകളക്ടറിൽനിന്നോ ബന്ധപ്പെട്ട എം.എൽ.എ.-യിൽനിന്നോ അറിയിപ്പ് ലഭിച്ചതിനുശേഷമാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. ഒളവണ്ണ മാവൂത്തംപടി ഗ്രൗണ്ട് നവീകരണത്തിന് എം.എൽ.എ. ഫണ്ട് അനുവദിച്ചതായി ജില്ലാകളക്ടറിൽനിന്നോ ബന്ധപ്പെട്ട എം.എൽ.എ-യിൽനിന്നോ അറിയിപ്പ് ലഭിച്ചിട്ടില്ല. ഫണ്ട് അനുവദിച്ച വിവരം ലഭ്യമാകുന്നമുറയ്ക്ക് കാലതാമസമില്ലാതെ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സർക്കാർ ഫണ്ടുപയോഗിച്ച് നിർമ്മിച്ച സ്റ്റേഡിയങ്ങൾ**

423(2120) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഫണ്ടുപയോഗിച്ച് നിർമ്മിച്ച എത്ര സ്റ്റേഡിയങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയങ്ങൾ ഏതെല്ലാമാണന്നും ഏത് വർഷം എത്ര തുക ഉപയോഗിച്ച് നിർമ്മിച്ചതാണെന്നും പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(സി) ഫണ്ടനുവദിച്ചിട്ടുള്ള സ്റ്റേഡിയങ്ങളിൽ നിർമ്മാണം തുടങ്ങാൻ ബാക്കിയുള്ളത് ഏതൊക്കെയാണെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പരിഗണനയിലുള്ള പുതിയ സ്റ്റേഡിയങ്ങൾ ഏതൊക്കെയാണെന്നും ഏത് രീതിയിലുള്ള സ്റ്റേഡിയങ്ങൾ എത്ര ഫണ്ടുപയോഗിച്ച് നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

(എ-ഡി) സംസ്ഥാനത്ത് സർക്കാർ ഫണ്ടുപയോഗിച്ച് കായിക യുവജനകാര്യ വകുപ്പുമുഖേന നിർമ്മിച്ചതും നിർമ്മിക്കാനുദ്ദേശിക്കുന്നതുമായ സ്റ്റേഡിയങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

424(2121) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മാണത്തിന്റെ ഭാഗമായി എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും പരിഷ്കരിച്ച ഡി.എസ്.ആർ. പ്രകാരം എത്ര തുകയുടെ പദ്ധതിയാണ് നടപ്പാക്കുന്നതെന്നും വിശദമാക്കാമോ?

കോതമംഗലം മണ്ഡലത്തിലെ ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം പദ്ധതിയിൽ സൈറ്റ് ഡെവലപ്മെന്റ്, നാച്വറൽ ടർഫിലുള്ള ഫുട്ബോൾ ഗ്രൗണ്ട്, ടോയ്‌ലറ്റ് ബ്ലോക്ക്, സംപ് & പമ്പ് റൂം, സെപ്റ്റിക് ടാങ്ക്, ജലവിതരണം, പോപ്പ് അപ് സ്പ്രിംഗ്ലർ സിസ്റ്റം, 8 ലെയ്ൻ അത്‌ലറ്റിക് ട്രാക്ക്, കിണർ, ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പരിഷ്കരിച്ച ഡി.എസ്.ആർ. പ്രകാരം 17,14,60,757/- രൂപയുടെ പദ്ധതി നടത്തിപ്പിനാണ് സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിലെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കോൺട്രാക്ടറെ തെരഞ്ഞെടുത്തിട്ടുണ്ടെങ്കിലും പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

(ബി&സി) പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടിയുടെ ഭാഗമായി അനുബന്ധ രേഖകൾ ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിക്കുന്നതിലേയ്ക്കായി സ്പോർട്സ് കേരള ഫൗണ്ടേഷനിൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ റവന്യൂ രേഖകളിൽ പദ്ധതി പ്രദേശത്തിന്റെ തരം മാറ്റുന്നതിനായുള്ള നടപടികൾ നടന്നുവരുന്നതായാണ് പഞ്ചായത്ത് അറിയിച്ചിട്ടുള്ളത്. ആയതിനാൽ ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റി ടെണ്ടർ അംഗീകരിച്ചാലും നിലവിലെ സാഹചര്യത്തിൽ സൈറ്റ് കരാറുകാരന് കൈമാറി നൽകാൻ സാധിക്കുകയില്ല. ആയതിനാൽ ഭൂമി തരംമാറ്റൽ

പ്രവൃത്തി പൂർത്തീകരിക്കുന്നമുറയ്ക്ക് മാത്രമെ ടി പ്രവൃത്തിയുടെ ടെണ്ടർ, ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിന് സാധിക്കുകയുള്ളൂ.

(ഡി) നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഭൂമിയുടെ തരംമാറ്റൽ പ്രക്രിയ പൂർത്തീകരിക്കുന്നമുറയ്ക്ക് പദ്ധതിയുടെ നടത്തിപ്പ് ത്വരിതപ്പെടുത്തുന്നതിനുവേണ്ട തുടർ നടപടി സ്വീകരിക്കുന്നതാണ്.

**കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ ഇൻഡോർ സ്റ്റേഡിയം പദ്ധതി**

425(2122) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ പുളിക്കൽകവലയിലെ ഇൻഡോർ സ്റ്റേഡിയം പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ പ്രസ്തുത പദ്ധതിക്ക് എന്നത്തേയ്ക്ക് ഭരണാനുമതി നൽകാൻ സാധിക്കുമെന്ന് അറിയിക്കാമോ?

(എ&ബി) 2023-2024 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ലെ ക്രമ നം. 105 ആയി 300 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കിയും 60 ലക്ഷം രൂപ ബജറ്റ് വിഹിതമായും ഉൾപ്പെടുത്തിയിട്ടുള്ള കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ പുളിക്കൽ കവലയിലെ ഇൻഡോർ സ്റ്റേഡിയത്തിന്റെ സ്ഥല പരിശോധന നടത്തുകയും ലേ-ഔട്ട് തയ്യാറാക്കുകയും ചെയ്തു. എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(സി) 2023-24 സാമ്പത്തികവർഷത്തിൽ ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാൻ കായിക വകുപ്പ് തീരുമാനമെടുത്തെന്ന് അറിയിക്കാമോ?

1. 2023-2024 വർഷത്തിൽ ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കളിസ്ഥലങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

(1) കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ട് - 197 ലക്ഷം രൂപ

(2) എം.സി. പുരം ഗ്രൗണ്ട്, ചിറക്കര ഗ്രാമപഞ്ചായത്ത് - 30.66 ലക്ഷം രൂപ

(3) മീനാട് നേതാജി സ്മാരക നിലയം ഗ്രൗണ്ട് - 40.36 ലക്ഷം രൂപ

(4) ഭൂതക്കുളം ഗ്രാമപഞ്ചാത്ത് മിനി സ്റ്റേഡിയം - 113.80 ലക്ഷം രൂപ

(5) തെക്കുംഭാഗം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ട്, പറവൂർ - 118.18 ലക്ഷം രൂപ

(6) ലക്കിടി പേരൂർ ഗ്രാമ പഞ്ചായത്ത് കളിസ്ഥലം, ഒറ്റപ്പാലം, പാലക്കാട് - 100 ലക്ഷം രൂപ

(7) അമ്പലപ്പാറ ഗ്രാമ പഞ്ചായത്ത് കളിസ്ഥലം, ഒറ്റപ്പാലം, പാലക്കാട് - 100 ലക്ഷം രൂപ

(8) തച്ചനാട്ടുകര ഗ്രാമ പഞ്ചായത്ത് കളിസ്ഥലം, ഒറ്റപ്പാലം, പാലക്കാട് - 100 ലക്ഷം രൂപ

2. 2023-2024 വർഷത്തിൽ ഭരണാനുമതി നൽകാനുള്ള പ്രവൃത്തികൾ

(1) ജി.എച്ച്.എസ്.എസ്. തോലന്നൂർ ഗ്രൗണ്ട്

(2) നെടുവംമ്പ്രം ടെക്നിക്കൽ ഹൈസ്കൂൾ, കല്യാശ്ശേരി, കണ്ണൂർ

(3) പുത്തൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ, ഒല്ലൂർ, തൃശ്ശൂർ

(ഡി) വിവിധ കായിക പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിന് 2023 ഓഗസ്റ്റ് മാസം നടന്ന യോഗത്തിൽ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഉൾപ്പെടാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. എസ്റ്റിമേറ്റ് പൂർത്തിയാകുന്നമുറയ്ക്ക് ഭരണാനുമതി നൽകി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പേരാമ്പ്ര മണ്ഡലത്തിലെ കളിസ്ഥലങ്ങളുടെ നിർമ്മാണം**

426(2123) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിലാണ് കളിസ്ഥലം നിർമ്മിക്കാൻ സർക്കാർ പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്?

ഓരോ പഞ്ചായത്തിലും ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കുന്ന ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ പേരാമ്പ്ര നിയോജകമണ്ഡലത്തിലെ നൊച്ചാട് ഗ്രാമ പഞ്ചായത്തിനെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഏതൊക്ക ഗ്രാമപഞ്ചായത്തുകളിൽനിന്ന് കളിസ്ഥലം നിർമ്മിക്കാനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ലഭ്യമായ പ്രൊപ്പോസലുകളിൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

(ബി&സി) പേരാമ്പ്ര മണ്ഡലത്തിലെ നൊച്ചാട് ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിനുമാത്രമാണ് കളിസ്ഥലം നിർമ്മിക്കാനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുള്ളത്.

സംസ്ഥാന പ്ലാൻ ഫണ്ടിനൊപ്പം എം.എൽ.എ/മറ്റ് സ്രോതസ്സുകളിൽനിന്നുമുള്ള ഫണ്ട് എന്നിവ സമാഹരിച്ചാണ് ഒരു

പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾക്കാവശ്യമായ തുക കണ്ടെത്തുന്നത്. നിലവിൽ ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട എം.എൽ.എ.-യിൽനിന്നോ ജില്ലാ കളക്ടറിൽനിന്നോ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്കാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. ഈ പദ്ധതിയിൽ ഉൾപ്പെട്ട നൊച്ചാട് ഗ്രാമ പഞ്ചായത്തിലെ കളിസ്ഥല നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ട് അനുവദിച്ചതായി നിലവിൽ വിവരം ലഭിച്ചിട്ടില്ല. അതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

427(2124) ശ്രീ. ജോബ് മൈക്കിൾ:

ശ്രീ. പ്രമോദ് നാരായൺ:

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:

ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്ത് ഒരു കളിക്കളം എന്ന പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി 113 സ്ഥലങ്ങളിൽ നടപ്പാക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്. സംസ്ഥാന പ്ലാൻ ഫണ്ടിനൊപ്പം എം.എൽ.എ.ഫണ്ട്/മറ്റ് സ്രോതസ്സുകളിൽനിന്നുമുള്ള ഫണ്ട് എന്നിവ സമാഹരിച്ചാണ് പദ്ധതിക്ക് തുക കണ്ടെത്തുന്നത്.

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനായി പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ (SOP) പുറപ്പെടുവിക്കുന്നത് ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു.

നിലവിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിക്കുന്ന വിവിധയിടങ്ങളിൽനിന്നുള്ള തുക നിക്ഷേപിക്കുന്നതിനുമാത്രമായി കായിക യുവജനകാര്യ ഡയറക്ടറുടെ പേരിൽ ഒരു പലിശരഹിത സ്പെഷ്യൽ

ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതിയും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ എം.എൽ.എ.-മാരുടെ നിയോജകമണ്ഡല ആസ്തിവികസന ഫണ്ട് വിഹിതമായി ഉപയോഗിക്കാമെന്ന ധനകാര്യവകുപ്പിന്റെ ഉത്തരവ് കായിക വകുപ്പിന് ലഭ്യമായിട്ടുണ്ടോ; പദ്ധതിയോടനുബന്ധിച്ച് ഏതൊക്കെ സ്ഥലങ്ങളിൽ കളിക്കളങ്ങളുടെ നിർമ്മാണത്തിനായി ഭരണാനുമതി നൽകാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ എം.എൽ.എ.-മാരുടെ നിയോജകമണ്ഡല ആസ്തിവികസന ഫണ്ട്, വിഹിതമായി ഉപയോഗിക്കാമെന്ന് 13-06-2022-ലെ സ.ഉ.(അച്ചടി) നം.65/2022/ധന. പ്രകാരം ധനകാര്യ വകുപ്പിൽനിന്നും ഉത്തരവായിട്ടുണ്ട്. നിലവിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പദ്ധതി എത്രയുംവേഗം പൂർത്തിയാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ; വിശദമാക്കുമോ?

ഈ പദ്ധതിയിലൂടെ വിവിധ ഘട്ടങ്ങളിലായി എല്ലാ പഞ്ചായത്തുകളിലും കളിക്കളമൊരുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. പദ്ധതിക്കായി തെരഞ്ഞെടുക്കുന്ന സ്ഥലങ്ങളിൽ മറ്റ് തടസ്സങ്ങളൊന്നും ഉണ്ടാകാതിരുന്നാൽ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കുന്നതാണ്.

**വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ ഭൂമിയിലെ നിർമ്മാണം**

428(2125) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രമം (പി.എം.ജെ.വി.കെ) പ്രകാരം വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ ഭൂമിയിൽ വിവിധ പദ്ധതികൾക്കായി നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ?

പി.എം.ജെ.വി.കെ പ്രകാരം വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ ഭൂമിയിൽ വിവിധ പദ്ധതികൾക്കായി വഖഫ് ബോർഡ് മുഖേനയും വഖഫ് ബോർഡ് അനുമതിയോടെ സർക്കാർ തദ്ദേശ സ്ഥാപനങ്ങൾ വഴിയും നിർദ്ദേശങ്ങൾ സമർപ്പിക്കാവുന്നതാണ്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം വഖഫ് ഭൂമിയിൽ നിർമ്മിച്ച സ്ഥാപനങ്ങളുടെ നടത്തിപ്പും പരിപാലന ചെലവുകളും വഹിക്കേണ്ടത് ആരാണെന്ന് നാഷണൽ വഖഫ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ 20-06-2018-ൽ സംസ്ഥാന വഖഫ് ബോർഡ് ചെയർമാന് അയച്ച NAWADCO/PMJVK/7(26)/2018/4002 നമ്പർ കത്തിൽ നിർദ്ദേശിച്ചിരുന്നോ; ഈ നിർദ്ദേശം ഇപ്പോഴും നിലവിലുണ്ടോയെന്ന് അറിയിക്കാമോ?

നാഷണൽ വഖഫ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ 20-06-2018-ൽ സംസ്ഥാന വഖഫ് ബോർഡ് ചെയർമാന് അയച്ച NAWADCO/PMJVK/7(26)/2018/4002 നമ്പർ കത്തിൽ പി.എം.ജെ.വി.കെ. പ്രകാരമുള്ള പദ്ധതി പ്രകാരം നിർമ്മാണ പ്രവൃത്തി

പൂർത്തീകരിച്ച പ്രോജക്ടുകളുടെ നടത്തിപ്പും ആവർത്തന ചെലവുകളും വഖഫ് ബോർഡ് അല്ലെങ്കിൽ സംസ്ഥാന സർക്കാർ നിർവ്വഹിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ വഖഫ് ഭൂമിയിൽ നിർമ്മിച്ച സ്ഥാപനങ്ങളുടെ നടത്തിപ്പും പരിപാലന ചെലവുകളും 2022-23 സാമ്പത്തികവർഷം മുതൽ പ്രാബല്യത്തിൽവന്ന പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായിട്ടായിരിക്കും.

(സി) പി.എം.ജെ.വി.കെ.-യുടെ 2022-23 വർഷത്തെ പുതുക്കിയ ഗൈഡ്ലൈൻ പ്രകാരം അദ്ധ്യായം 2 പ്ലാനിംഗ്, അപ്രൈസൽ ഓഫ് അപ്രൂവൽ- 2.4 ആയി ചേർത്തിട്ടുള്ള ലാൻഡ് ഫോർ കൺസ്ട്രക്ഷൻ ഓഫ് ദി പ്രോജക്ട് എന്ന ശീർഷകത്തിൽ 2.4.1-ൽ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലോ വഖഫ് ഭൂമിയിലോ നിർമ്മാണം അനുവദനീയമാണെന്ന് ചേർത്തിട്ടുണ്ടോ; ഇതേ ശീർഷകത്തിലെ 2.4.4-ൽ ഒഴിഞ്ഞുകിടക്കുന്നതും ബാധ്യതകളിൽനിന്ന് മുക്തവും റവന്യൂ രേഖകളിൽ കൃത്യമായി രേഖപ്പെടുത്തിയതുമായ വഖഫ് ഭൂമികളിൽ മാത്രമെ പദ്ധതിക്ക് അംഗീകാരം ലഭിക്കൂ എന്ന പരാമർശമുണ്ടോ; വിശദമാക്കാമോ?

പി.എം.ജെ.വി.കെ.-യുടെ 2022-23 വർഷത്തെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളിലെ അദ്ധ്യായം 2-ലെ പ്ലാനിംഗ്, അപ്രൈസൽ ഓഫ് അപ്രൂവൽ- 2.4 ആയി ചേർത്തിട്ടുള്ള ലാൻഡ് ഫോർ കൺസ്ട്രക്ഷൻ ഓഫ് ദി പ്രോജക്ട് എന്ന ശീർഷകത്തിൽ 2.4.1-ൽ പഞ്ചായത്ത്/ഗ്രാമസഭാ ഭൂമി/വഖഫ് ഭൂമി തുടങ്ങിയവ ഉൾപ്പെടെ സംസ്ഥാന സർക്കാരുകൾ/യുടി അഡ്മിനിസ്ട്രേഷനുകൾ/കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പ്രോജക്ടുകളുടെ നിർമ്മാണം അനുവദനീയമാണെന്ന് ചേർത്തിട്ടുണ്ട്. കൂടാതെ, ഒഴിഞ്ഞുകിടക്കുന്നതും എല്ലാ ബാധ്യതകളിൽനിന്നും മുക്തവും റവന്യൂ രേഖകളിൽ കൃത്യമായി രേഖപ്പെടുത്തിയതുമായ വഖഫ് ഭൂമിയിലുൾപ്പെട്ട പ്രോജക്ടുകൾക്കുമാത്രമെ അംഗീകാരം നൽകുവെന്ന് പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിലെ 2.4.4-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വഖഫ് ഭൂമിയിൽ പദ്ധതി നടപ്പാക്കുന്നതിന് വഖഫ് ബോർഡ് അനുമതി നിർബന്ധമാണ്. പദ്ധതികൾ സംസ്ഥാനതല സമിതി അംഗീകരിക്കേണ്ടതുമുണ്ട്.

(ഡി) ഇതേ ശീർഷകത്തിലെ 2.4.5-ൽ പദ്ധതിയുടെ ആവർത്തന പരിപാലനച്ചെലവ് സംസ്ഥാന സർക്കാർ വഹിക്കുമെന്ന് ഉറപ്പാക്കണമെന്ന് രേഖപ്പെടുത്തിയിട്ടുണ്ടോ; കൂടാതെ 2.4.6-ൽ പദ്ധതിക്കുള്ള ഭൂമി തങ്ങളുടെ കൈവശമാണെന്ന സ്ഥിരീകരണത്തിനുശേഷമെ കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം ഫണ്ടിന്റെ ആദ്യ ഗഡു അനുവദിക്കുകയുള്ളൂവെന്നും പരാമർശമുണ്ടോ; വിശദമാക്കാമോ?

പി.എം.ജെ.വി.കെ. പദ്ധതിച്ചെലവിന്റെ 60 ശതമാനം കേന്ദ്രവും 40 ശതമാനം സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. പദ്ധതിയുടെ ആവർത്തന പരിപാലനച്ചെലവ് സംസ്ഥാന സർക്കാർ വഹിക്കുമെന്ന് ഉറപ്പാക്കണമെന്ന് പരാമർശിച്ചിട്ടുണ്ട്. കൂടാതെ എല്ലാവിധ കൈയ്യേറ്റ/ബാധ്യതകളിൽനിന്നും മുക്തമായ പദ്ധതിക്കുള്ള ഭൂമി തങ്ങളുടെ കൈവശമാണെന്ന് സ്ഥിരീകരണത്തിനുശേഷമാണ് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം ഫണ്ടിന്റെ ആദ്യഗഡു അനുവദിക്കുന്നത്.

**വഖഫ് ബോർഡിന്റെ സാമൂഹ്യ ക്ഷേമ പദ്ധതികൾ**

429(2126) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന വഖഫ് ബോർഡിന്റെ സാമൂഹ്യക്ഷേമ പദ്ധതികൾക്കും ഭരണ നിർവ്വഹണത്തിനുമായി എത്ര തുക അനുവദിച്ചു; വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വഖഫ് ബോർഡിന്റെ സാമൂഹ്യക്ഷേമ പ്രവർത്തനത്തിനുവേണ്ടിയുള്ള പ്രത്യേക ധനസഹായം, വഖഫ് ബോർഡിനുള്ള അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് എന്നീ ഇനങ്ങളിലായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **സാമ്പത്തിക വർഷം** | **സാമൂഹ്യക്ഷേമ പദ്ധതി** | **അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ്** |
|---|---|---|---|
| 1 | 2021-22 | 1,32,00,000.00 | 1,22,00,000.00 |
| 2 | 2022-23 | 1,00,00,000.00 | 62,00,000.00 |
| 3 | 2023-24 | 26,40,000.00 | 15,84,000.00 |
| | **ആകെ** | **2,58,40,000.00** | **1,99,84,000.00** |

(ബി) ഖതീബുമാർക്കുള്ള പെൻഷൻ, വിവാഹ ധനസഹായം, ചികിത്സാസഹായം എന്നിവ അനുവദിക്കുന്നതിനുള്ള സോഷ്യൽ വെൽഫെയർ കമ്മിറ്റി എന്നാണ് അവസാനമായി യോഗം ചേർന്നത്; വ്യക്തമാക്കാമോ;

(സി) ഇത്തരത്തിലുള്ള ധാരാളം അപേക്ഷകൾ തീർപ്പാകാതെയുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏത് കാലയളവിലെ ആനുകൂല്യങ്ങളാണ് ഇതുവരെ പാസാക്കിയത്; വ്യക്തമാക്കുമോ?

(ബി&സി) വഖഫ് ബോർഡ് സാമൂഹ്യക്ഷേമ (കേരള) പദ്ധതിയുമായി ബന്ധപ്പെട്ട സാങ്ഷൻ കമ്മിറ്റി അവസാനമായി യോഗം ചേർന്നത് 09-09-2023-ലാണ്. പ്രസ്തുത യോഗത്തിൽ ടി പദ്ധതിപ്രകാരം 31-08-2023 വരെ ലഭിച്ച പ്രതിമാസ ധനസഹായം അപേക്ഷകൾ പാസ്സാക്കിയതിൽ 31-12-2022 വരെയുള്ള പ്രതിമാസ ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ 31-08-2023 വരെ ലഭിച്ച ചികിത്സാ ധനസഹായ അപേക്ഷകളും വിവാഹ ധനസഹായ അപേക്ഷകളും സാങ്ഷൻ കമ്മിറ്റി പാസ്സാക്കിയിട്ടുണ്ട്.

സോഷ്യൽ വെൽഫെയർ ഗ്രാന്റ് ഇനത്തിൽ പ്രതിവർഷം ലഭ്യമാകുന്ന തുക വിനിയോഗിച്ച് 24-11-2018 വരെയുള്ള ചികിത്സാ ധനസഹായ അപേക്ഷകൾക്കും 27-11-2017 വരെയുള്ള വിവാഹ ധനസഹായ അപേക്ഷകൾക്കും തുക അനുവദിച്ച് തീർപ്പാക്കിയിട്ടുണ്ട്.

(ഡി) അപേക്ഷകൾ തീർപ്പാക്കി കുടിശ്ശിക എന്നത്തേയ്ക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കുമോ?

ബജറ്റിൽ അധിക തുക അനുവദിക്കുന്നമുറയ്ക്ക് കുടിശ്ശികയായുള്ള അപേക്ഷകൾ തീർപ്പാക്കാൻ കഴിയുന്നതാണ്.

**വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന സ്ഥാപനങ്ങൾ**

430(2127) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്ഥാപനങ്ങളാണ് വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്തിരിക്കുന്നതെന്ന് ജില്ല തിരിച്ച് വിവരങ്ങൾ ലഭ്യമാക്കാമോ?

വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വഖഫുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ലകൾ | വഖഫുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 362 |
| 2 | കൊല്ലം | 323 |
| 3 | പത്തനംതിട്ട | 58 |
| 4 | ആലപ്പുഴ | 229 |
| 5 | കോട്ടയം | 151 |
| 6 | ഇടുക്കി | 123 |
| 7 | എറണാകുളം | 482 |
| 8 | തൃശ്ശൂർ | 695 |
| 9 | പാലക്കാട് | 673 |
| 10 | മലപ്പുറം | 4253 |
| 11 | കോഴിക്കോട് | 2271 |
| 12 | വയനാട് | 290 |
| 13 | കണ്ണൂർ | 1014 |

| | | |
|---|---|---|
| 14 | കാസർഗോഡ് | 723 |

(ബി) സംസ്ഥാനത്ത് വഖഫ് ചെയ്ത എല്ലാ സ്ഥാപനങ്ങളുടെയും റവന്യൂ രേഖകളിൽ വഖഫ് എന്നോ വഖഫ് ഭൂമി എന്നോ രേഖപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; റവന്യൂ രേഖകളിൽ വഖഫ് എന്നോ വഖഫ് ഭൂമി എന്നോ രേഖപ്പെടുത്തിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ വഖഫ് ബോർഡിൽ അതത് സമയത്ത് രേഖാമൂലം അറിയിക്കേണ്ടതുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് വഖഫ് ചെയ്ത എല്ലാ സ്ഥാപനങ്ങളുടെയും റവന്യൂ രേഖകളിൽ വഖഫ് എന്നോ വഖഫ് ഭൂമിയെന്നോ രേഖപ്പെടുത്തിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അന്യാധീനപ്പെട്ട വഖഫ് ഭൂമി വീണ്ടെടുക്കുന്നത് സംബന്ധിച്ച വിഷയങ്ങൾ പരിശോധിക്കുന്നതിനായി രൂപീകരിച്ച റവന്യൂ, സർവെ, വഖഫ് വകുപ്പുകൾ ഉൾപ്പെട്ട മന്ത്രിതല മോണിറ്ററിംഗ് കമ്മിറ്റി ടി വിഷയം പരിശോധിക്കുകയും അപ്രകാരം അതത് വില്ലേജുകളിൽ തണ്ടപ്പേരിലും BTR റിമാർക്സ്

കോളത്തിലും ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന ആപ്ലിക്കേഷനിലെ ബന്ധപ്പെട്ട ഫീൽഡിലും വഖഫ് ഭൂമിയെന്ന് രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ശിപാർശ ചെയ്യുകയും ആയതുപ്രകാരം തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

കേന്ദ്ര വഖഫ് നിയമത്തിലെ വകുപ്പ് 36 പ്രകാരം എല്ലാ വഖഫ് വസ്തുക്കളും വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്തിരിക്കണമെന്നും ടി നിയമത്തിലെ വകുപ്പ് 37 പ്രകാരം പ്രസ്തുത വഖഫ് വസ്തുക്കളുടെ വിശദാംശങ്ങളടങ്ങുന്ന രജിസ്റ്റർ വഖഫ് ബോർഡ് സൂക്ഷിക്കേണ്ടതും അതിലെ വിശദാംശങ്ങൾ അതത് വഖഫ് വസ്തുക്കളുടെ അധികാര പരിധിയിലുള്ള ബന്ധപ്പെട്ട ലാൻഡ് റെക്കോർഡ്സ് ഓഫീസുകളിലേയ്ക്ക് അയയ്ക്കേണ്ടതും ആയത് ലഭ്യമാകുന്നമുറയ്ക്ക് ലാൻഡ് റെക്കോർഡ് ഓഫീസ്, നിലവിലുള്ള നടപടിക്രമമനുസരിച്ച്, വഖഫ് രജിസ്ട്രേഷൻ തീയതി മുതൽ ആറ് മാസത്തിനുള്ളിൽ ലാൻഡ് റെക്കോർഡിൽ ആവശ്യമായ എൻട്രികൾ നടത്തുകയോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട എതിർപ്പുകൾ ബോർഡിനെ അറിയിക്കുകയോ ചെയ്യണമെന്നും വ്യവസ്ഥയുണ്ട്.

(സി) നിലമ്പൂർ താലൂക്കിൽ വഖഫിൽ രജിസ്റ്റർ ചെയ്ത ഏതെല്ലാം സ്ഥാപനങ്ങളാണ് റവന്യൂ രേഖകളിൽ വഖഫ് എന്നോ വഖഫ് ഭൂമി എന്നോ രേഖപ്പെടുത്തിയിട്ടുള്ളതെന്ന് പേരുവിവരങ്ങളും വില്ലേജും സർവെ നമ്പരും വിസ്തീർണ്ണവുമടക്കമുള്ള വിവരങ്ങൾ അറിയിക്കാമോ;

(ഡി) 2013-ലെ ഭേദഗതി നിയമപ്രകാരം റവന്യൂ രേഖകളിൽ വഖഫ് എന്നോ വഖഫ് ഭൂമിയെന്നോ രേഖപ്പെടുത്തിയ നിലമ്പൂർ താലൂക്കിലെ വഖഫ് സ്ഥാപനങ്ങളുടെ വിവരങ്ങൾ, വിവിധ വില്ലേജ് ഓഫീസർമാർ സംസ്ഥാന വഖഫ് ബോർഡിൽ അറിയിച്ചതിന്റെ പകർപ്പുകൾ എന്നിവ ലഭ്യമാക്കാമോ?

(സി&ഡി) നിലമ്പൂർ താലൂക്കിൽപ്പെട്ടതും ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ വഖഫ് സ്ഥാപനങ്ങളുടെ പേരുവിവരങ്ങളും വില്ലേജും സർവെ നമ്പരും വിസ്തീർണ്ണവുമടക്കമുള്ള വിശദാംശങ്ങൾ അനുബന്ധം (1) ആയി+ ചേർക്കുന്നു. റവന്യൂ രേഖകളിൽ വഖഫ് എന്നോ വഖഫ് ഭൂമി എന്നോ രേഖപ്പെടുത്തിയിട്ടുള്ള വഖഫ് സ്ഥാപനങ്ങളുടെ ലിസ്റ്റ് വഖഫ് ബോർഡ് സമാഹരിച്ച് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്. എന്നാൽ സബ് രജിസ്ട്രാർ ഓഫീസിൽനിന്നും വഖഫ് ബോർഡ് ഓഫീസിൽ ലഭ്യമായിട്ടുള്ള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലമ്പൂർ താലൂക്കിൽപ്പെട്ട വഖഫ് സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം (2) ആയി+ ചേർക്കുന്നു.

## വഖഫ് ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

431(2128) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് ബോർഡ് വഴി ലഭിക്കേണ്ട വിവാഹ സഹായം, ചികിത്സാ സഹായം, ഇമാമുമാർക്കുള്ള പെൻഷൻ എന്നിവ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ തീർപ്പുകൽപ്പിക്കാതെ കെട്ടിക്കിടക്കുന്നുണ്ടെന്ന പരാതികൾ പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത സാമൂഹ്യക്ഷേമ പദ്ധതികൾക്കാവശ്യമായ തുക അനുവദിച്ചിട്ടുണ്ടോ?

2023-24 വർഷത്തെ ബജറ്റിൽ വകയിരുത്തിയ 1.32 കോടി രൂപയിൽ ആദ്യ ഗഡുവായ 26,40,000/ രൂപ അനുവദിച്ചിട്ടുണ്ട്. അവശേഷിച്ച തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വഖഫ് ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

കേരള സംസ്ഥാന വഖഫ് ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**ഭൂമികൾ വഖഫ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ**

432(2129) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) വിവിധ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരിലുള്ള ഭൂമികൾ വഖഫ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങളെക്കുറിച്ച് വിശദമാക്കാമോ; സ്വത്തുക്കൾ വഖഫ് ചെയ്യുമ്പോൾ രജിസ്ട്രേഷൻ കരാറിൽ ഉടമസ്ഥതയെ സംബന്ധിച്ച് നിബന്ധനകൾ സൂചിപ്പിക്കുമോ; വിശദമാക്കാമോ?

വഖഫ് ആധാരമായി ചമയ്ക്കുന്ന സന്ദർഭങ്ങളിൽ വഖഫ് ചെയ്യാനുദ്ദേശിക്കുന്ന വസ്തുവിവരങ്ങൾ, ഉദ്ദേശ്യലക്ഷ്യങ്ങൾ ഏത് വഖഫിനുവേണ്ടി വഖഫ് ചെയ്യുന്നുവെന്നും പരിപാലനം ആര് നടത്തണമെന്നും ഏത് വിധത്തിൽ തുടർന്ന് പോകണമെന്നുമുള്ള വിവരങ്ങൾ ഉൾപ്പെടുത്തി, ടി വസ്തു വഖഫാണെന്ന് വ്യക്തമാക്കി അതത് വഖഫിന്റെ കമ്മിറ്റി ഭാരവാഹി/മുത്തവല്ലിയുടെ പേരിൽ ആധാരം രജിസ്റ്റർ ചെയ്യേണ്ടതാണ്. വഖഫ് ചെയ്ത വസ്തുവിന്റെ ഉടമസ്ഥാവകാശം വ്യക്തികളിലോ സ്ഥാപനങ്ങളിലോ നിക്ഷിപ്തമല്ല. മത വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ഉടമസ്ഥാവകാശം ദൈവത്തിൽ അർപ്പിതമായി കണക്കാക്കപ്പെടുന്നു. വസ്തുവിന്റെ കൈവശാവകാശം അതത് വഖഫുകളിലും

നിക്ഷിപ്തമാണ്. വഖഫ് ആധാരത്തിൽ പ്രതിപാദിക്കേണ്ട സംഗതികളുടെ വിശദീകരണം അനുബന്ധം 1 ആയി+ ചേർക്കുന്നു.

(ബി) 2013-ലെ വഖഫ് ഭേദഗതി നിയമപ്രകാരം എ രജിസ്റ്റർ, ബേസിക് ടാക്സ് രജിസ്റ്റർ, കൈവശ രജിസ്റ്റർ, പോക്കുവരവ് രജിസ്റ്റർ തുടങ്ങിയ റവന്യൂ രേഖകളിൽ വഖഫ് ചെയ്ത ഭൂമികളെ വഖഫ് എന്നോ വഖഫ് ഭൂമി എന്നോ രേഖപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് വിശദമാക്കാമോ; കേന്ദ്ര വഖഫ് ബോർഡിൽനിന്നോ കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിൽനിന്നോ ഇത്തരത്തിൽ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

2013-ലെ വഖഫ് ഭേദഗതി നിയമത്തിലെ 51(1 എ), 104-എ(1)(2) പ്രകാരം വഖഫ് വസ്തു വിൽപ്പന, ദാനം, പണയം, പരസ്പര കൈമാറ്റം എന്നിവ നിരോധിച്ചിട്ടുള്ളതും അത്തരത്തിലുള്ള നടപടികൾ പ്രാരംഭത്തിൽതന്നെ അസാധുവാകുന്നതുമാണ്. നിയമത്തിന്റെ അജ്ഞതമൂലം ഇത്തരം നടപടികൾ തുടരുന്നത് ബന്ധപ്പെട്ട അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ വഖഫ് ഭൂമിയുടെ അന്യാധീനപ്പെടൽ/കയ്യേറ്റം തടയുന്നതിനായി റവന്യൂ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രേഖകളിൽ വഖഫ് ചെയ്ത ഭൂമികളെ വഖഫ് എന്നോ, വഖഫ് ഭൂമിയെന്നോ രേഖപ്പെടുത്തേണ്ടത് അനിവാര്യമാണ്. കേന്ദ്ര സർക്കാരിന്റെ ന്യൂനപക്ഷ മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം കേന്ദ്ര വഖഫ് കൗൺസിലിൽനിന്നും 22-08-2022-ലെ F.No.44(1)/2002-CW(Impl.) നമ്പർ കത്തുപ്രകാരം എല്ലാ വഖഫ് സ്വത്തുക്കളും റവന്യൂ റെക്കോർഡിൽ വഖഫ് എന്ന് രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന നിർദ്ദേശം ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളടങ്ങുന്ന രേഖയുടെ പകർപ്പ് അനുബന്ധം 2 ആയി+ ചേർക്കുന്നു.

(സി) വഖഫ് ചെയ്ത ഭൂമികളുടെയും വഖഫ് സ്വത്തുക്കളുടെയും ഉടമസ്ഥാവകാശവും കൈവശാവകാശവും ക്രയവിക്രയാധികാരവും ആരിലാണ് നിക്ഷിപ്തമായിട്ടുള്ളതെന്ന് വിശദമാക്കാമോ; വഖഫ് സ്വത്തുക്കളിലെ നിർമ്മാണ പ്രവൃത്തികൾക്ക് അപേക്ഷ സമർപ്പിക്കേണ്ടത് ആരാണെന്നും ആയതിന് വഖഫ് ബോർഡിന്റെ രേഖാമൂലമുള്ള അനുമതിയും അംഗീകാരവും ആവശ്യമാണോയെന്നും വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വഖഫ് വസ്തുക്കളുടെ ഉടമസ്ഥാവകാശം ദൈവത്തിൽ അർപ്പിതമാണെന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ അതിന്റെ കൈവശാവകാശം മാത്രമാണ് വഖഫ് സ്ഥാപനത്തിൽ നിക്ഷിപ്തമായിട്ടുള്ളത്. 2013-ലെ വഖഫ് ഭേദഗതി നിയമത്തിൽ 51(1A), 104-എ(1) (2) വകുപ്പുകൾ പ്രകാരം വഖഫ് വസ്തുവിന്റെ വിൽപ്പന, ദാനം, പണയം, പരസ്പര കൈമാറ്റം എന്നിവ നിരോധിച്ചിട്ടുള്ളതാണ്. വഖഫ് ചട്ടം 81, 98 എന്നിവ പ്രകാരം വഖഫിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബന്ധപ്പെട്ട വഖഫ് ഭാരവാഹികൾ വഖഫ് ബോർഡിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.

**വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ പദ്ധതികൾ**

433(2130) <u>ശ്രീ. പി. വി. അൻവർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ പദ്ധതികൾ പി.എം.ജെ.വി.കെ. പ്രകാരം സംസ്ഥാന വഖഫ് ബോർഡ് മുഖാന്തരമാണോ സമർപ്പിക്കേണ്ടതെന്ന് അറിയിക്കാമോ; വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത

സ്ഥാപനങ്ങൾക്ക് വഖഫ് ബോർഡ് അല്ലാതെ മറ്റുവകുപ്പുകൾ മുഖാന്തരം നേരിട്ട് സർക്കാരിൽ പി.എം.ജെ.വി.കെ. പദ്ധതിക്കായി അപേക്ഷ സമർപ്പിക്കാൻ സാധിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ ഭൂമിയിൽ വിവിധ പദ്ധതികൾക്കായി പി.എം.ജെ.വി.കെ. പ്രകാരം വഖഫ് ബോർഡ് മുഖേനയും വഖഫ് ബോർഡ് അനുമതിയോടെ സർക്കാർ തദ്ദേശ സ്ഥാപനങ്ങൾ വഴിയും നിർദ്ദേശങ്ങൾ സമർപ്പിക്കാവുന്നതാണ്. എന്നാൽ പ്രോജക്ടിന് തെരഞ്ഞെടുത്ത വഖഫ് ഭൂമി റവന്യൂ രേഖകളിൽ കൃത്യമായി രേഖപ്പെടുത്തിയതും എല്ലാ ബാധ്യതകളിൽനിന്നും മുക്തവും ഒഴിഞ്ഞുകിടക്കുന്നതുമായിരിക്കണം. വഖഫ് ഭൂമിയിൽ പദ്ധതി നിർവ്വഹിക്കുന്നതിന് വഖഫ് ബോർഡിന്റെ അനുമതി നിർബന്ധമാണ്. പദ്ധതികൾ സംസ്ഥാനതല സമിതി അംഗീകരിക്കേണ്ടതുമുണ്ട്.

(ബി) പി.എം.ജെ.വി.കെ. പദ്ധതിയുടെ പുതുക്കിയ ഗൈഡ്‌ലൈൻ പ്രകാരം റവന്യൂ രേഖകളിൽ കൃത്യമായി വഖഫ് ഭൂമിയെന്ന് രേഖപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ഭൂമിയിൽ നിർദ്ദേശിക്കപ്പെടുന്ന പദ്ധതികൾ സ്റ്റേറ്റ് ലെവൽ

കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കാൻ സാധിക്കുമോ; വിശദമാക്കാമോ?

നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുത്ത വഖഫ് ഭൂമി റവന്യൂ രേഖകളിൽ കൃത്യമായി രേഖപ്പെടുത്തിയതും എല്ലാ ബാധ്യതകളിൽനിന്നും മുക്തവും ഒഴിഞ്ഞുകിടക്കുന്നതുമായിരിക്കണം. വഖഫ് ഭൂമിയിൽ പദ്ധതി ഏറ്റെടുക്കുന്നതിന് വഖഫ് ബോർഡ് അനുമതി നിർബന്ധമാണ്. പ്രസ്തുത വ്യവസ്ഥകൾക്ക് വിധേയമായി മാത്രമെ പദ്ധതികൾ സംസ്ഥാനതല സമിതിക്ക് സമർപ്പിക്കാൻ സാധിക്കുകയുള്ളൂ.

(സി) വഖഫ് സ്ഥാപനങ്ങളുടെ റവന്യൂ രേഖകൾ നിയമപരമായി പരിശോധിച്ചാണോ വഖഫ് ബോർഡ് പദ്ധതികൾക്ക് അനുമതി നൽകുന്നതെന്ന് അറിയിക്കാമോ?

വഖഫ് സ്ഥാപനങ്ങളുടെ റവന്യൂ രേഖകൾ നിയമപരമായി പരിശോധിച്ചിട്ടാണ് വഖഫ് ബോർഡിൽനിന്നും പദ്ധതികൾക്ക് അനുമതി നൽകിവരുന്നത്.

## നിലമ്പൂർ - കൊച്ചുവേളി രാജ്യറാണി എക്സ്പ്രസ് തിരുവനന്തപുരം സെൻട്രലിലേയ്ക്ക് നീട്ടാൻ നടപടി

434(2131) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആർ.സി.സി, ശ്രീചിത്ര എന്നീ ആശുപത്രികളിലേയ്ക്ക് പോകുന്ന ക്യാൻസർ രോഗികൾ ഉൾപ്പെടെയുള്ളവരുടെ യാത്രാക്ലേശങ്ങൾ പരിഹരിക്കുന്നതിന് നിലമ്പൂർ-കൊച്ചുവേളി രാജ്യറാണി എക്സ്പ്രസ് തിരുവനന്തപുരം സെൻട്രലിലേയ്ക്ക് നീട്ടണമെന്ന ആവശ്യം പരിഗണിക്കുമോ; വിശദമാക്കാമോ?

നിലമ്പൂർ-തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ് കൊച്ചുവേളിയിൽ യാത്ര അവസാനിപ്പിക്കുന്നതുമൂലം യാത്രക്കാർക്ക് തിരുവനന്തപുരം നഗരത്തിൽ എത്തിച്ചേരാൻ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി ട്രെയിൻ തിരുവനന്തപുരംവരെ നീട്ടണമെന്ന് റെയിൽവേയോടും കേന്ദ്ര സർക്കാരിനോടും അഭ്യർത്ഥിച്ചിട്ടുണ്ട്.

ടെർമിനലുകളുടെ അപര്യാപ്തത കാരണം ഈ നിർദ്ദേശം പ്രായോഗികമല്ലെന്ന നിലപാടാണ് റെയിൽവേ കൈക്കൊണ്ടിട്ടുള്ളത്. എന്നിരുന്നാലും റെയിൽവേയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ സംബന്ധിച്ച് സതേൺ റെയിൽവേ ജനറൽ മാനേജർ ഉൾപ്പെടെയുള്ള ഉന്നതാധികാരികളുമായി നടത്തിയ ചർച്ചയിൽ രാജ്യറാണി എക്സ്പ്രസ് തിരുവനന്തപുരം സെൻട്രലിലേയ്ക്ക് നീട്ടുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) കോവിഡ് കാലത്ത് നിലമ്പൂർ-ഷൊർണ്ണൂർ പാതയിൽ സർവീസ് നടത്തിയിരുന്ന പാസഞ്ചർ ട്രെയിനുകളെല്ലാം സ്പെഷ്യൽ എക്സ്പ്രസുകളായപ്പോഴുണ്ടായ നിരക്കുവർദ്ധന പിൻവലിക്കുന്നതിനും ട്രെയിനുകളുടെ സമയമാറ്റത്തിലുണ്ടായ വ്യത്യാസം പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) നിലമ്പൂർ-ഷൊർണ്ണൂർ റെയിൽപ്പാതയിലെ തുവ്വൂർ റെയിൽവെ സ്റ്റേഷൻ ക്രോസിംഗ് സ്റ്റേഷനായി ഉയർത്തുക, പ്ലാറ്റ്ഫോമിന്റെ നീളം കൂട്ടുക,

ആവശ്യമായ ഷെൽട്ടറുകൾ സ്ഥാപിക്കുക എന്നീ ആവശ്യങ്ങൾ അനുകൂലമായി പരിഗണിക്കുമോ;

(ഡി) വാണിയമ്പലം റെയിൽവെ സ്റ്റേഷനിലെ ഒന്നാം പ്ലാറ്റ്ഫോമിന്റെ നീളം കൂട്ടണമെന്നും പ്രസ്തുത സ്റ്റേഷനിൽ ആവശ്യമായ ഷെൽട്ടറുകൾ അനുവദിക്കണമെന്നുമുള്ള ആവശ്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ;

(ഇ) രാവിലെ 5.30 ന് നിലമ്പൂരിൽനിന്ന് ആരംഭിക്കുന്ന നിലമ്പൂർ-ഷൊർണ്ണൂർ പാസഞ്ചർ ട്രെയിൻ എറണാകുളത്തേയ്ക്ക് നീട്ടുന്നതിനും പ്രസ്തുത ട്രെയിൻ വൈകിട്ട് എറണാകുളത്തുനിന്ന് നിലമ്പൂരിലേയ്ക്ക് സർവീസ് നടത്തുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുമോ; നിലവിൽ നിലമ്പൂർ-ഷൊർണ്ണൂർ, ഷൊർണ്ണൂർ-കോയമ്പത്തൂർ സർവീസ് നടത്തിക്കൊണ്ടിരിക്കുന്ന ട്രെയിൻ, നിലമ്പൂർ-കോയമ്പത്തൂർ ഒറ്റ സർവീസായി മാറ്റുന്ന കാര്യം പരിഗണിക്കുമോ; വിശദവിവരം ലഭ്യമാക്കാമോ;

(എഫ്) നിലമ്പൂർ-ഷൊർണ്ണൂർ റെയിൽ പാതയിൽ സർവീസ് നടത്തിക്കൊണ്ടിരിക്കുന്ന ട്രെയിനുകൾ ഷൊർണ്ണൂർ സ്റ്റേഷനിൽനിന്ന് തിരുവനന്തപുരത്തേയ്ക്ക് പോകുന്ന ജനശതാബ്ദിയുൾപ്പെടെയുള്ള ദീർഘദൂര

ട്രെയിനുകളിലേയ്ക്ക് കണക്ഷൻ കിട്ടുന്ന രീതിയിൽ സമയക്രമം മാറ്റുന്ന കാര്യം അനുകൂലമായി പരിഗണിക്കുമോ?

(ബി-എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ജി) വന്ദേഭാരത് എക്സ്പ്രസിന് മലപ്പുറം ജില്ലയിലെ തിരൂരിൽ സ്റ്റോപ്പ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

തിരൂരും തിരുവല്ലയും വന്ദേഭാരത് എക്സ്പ്രസിന് സ്റ്റോപ്പ് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര റെയിൽവേ മന്ത്രിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കത്തയച്ചിരുന്നു. ആ കത്തിനുള്ള മറുപടിയിൽ യാത്രക്കാർക്ക് സാധ്യമായ ഏറ്റവും മികച്ച വേഗതയും റൺ-ടൈമും നൽകുന്നതിനായി നിലവിൽ ഏഴ് സ്റ്റോപ്പുകളോടെ ഒപ്റ്റിമൈസ് ചെയ്തിരിക്കുകയാണെന്നും അധിക സ്റ്റോപ്പുകൾ അനുവദിക്കുന്നത് യാത്രക്കാർക്ക് അസൗകര്യമുണ്ടാക്കുമെന്നും റെയിൽവേ അറിയിക്കുന്നു. ഇക്കാരണങ്ങളാൽ വന്ദേഭാരത് എക്സ്പ്രസിന് മലപ്പുറം ജില്ലയിലെ തിരൂരിൽ സ്റ്റോപ്പ് അനുവദിക്കാനാവില്ലെന്ന് അറിയിച്ചിട്ടുണ്ട്.

## കണ്ണൂർ റെയിൽവേ സ്റ്റേഷനിലെ റിസർവേഷൻ കൗണ്ടറുകൾ നിലനിർത്താൻ നടപടി

435(2132) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ ടിക്കറ്റ് റിസർവേഷന് നിലവിൽ പ്രവർത്തിച്ചുവരുന്ന രണ്ട് കൗണ്ടറുകൾക്ക് പകരം ഓൺലൈൻ ടിക്കറ്റ് റിസർവേഷൻ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു കൗണ്ടർ മാത്രം മതിയെന്ന് തീരുമാനമെടുക്കാൻ പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കുമോ;

(ബി) പ്രസ്തുത തീരുമാനം നടപ്പാക്കുകയാണെങ്കിൽ ആയത് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) നിലവിൽ കണ്ണൂർ റെയിൽവേസ്റ്റേഷനിൽ രണ്ട് റിസർവേഷൻ കൗണ്ടറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഒരു കൗണ്ടർ മാത്രം മതിയെന്ന രീതിയിൽ യാതൊരു തീരുമാനവും കൈക്കൊണ്ടിട്ടില്ലെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്.

**ട്രെയിനുകളിലെ അധിക ചാർജ് ഈടാക്കൽ**

436(2133) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓടിക്കൊണ്ടിരിക്കുന്ന പാസഞ്ചർ, മെമു ട്രെയിനുകളുടെ ചാർജ് കോവിഡ് പശ്ചാത്തലത്തിൽ വർദ്ധിപ്പിച്ച് സ്പെഷ്യൽ എക്സ്പ്രസ് എന്ന പേരിൽ ഉയർന്ന ചാർജ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് മാത്രമാണോ ഉയർന്ന ചാർജ് ഈടാക്കിവരുന്നത്; പഴയ ചാർജ് പുന:സ്ഥാപിക്കുന്നതുസംബന്ധിച്ച് കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ;

(സി) തമിഴ്നാട്ടിൽ ഇപ്പോഴും പാസഞ്ചർ, മെമു ട്രെയിനുകളിൽ ഉയർന്ന ചാർജ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ പഴയ ചാർജ് കേരളത്തിൽ പുനഃസ്ഥാപിക്കാതിരിക്കുന്നതിനുള്ള കാരണം വിശദമാക്കാമോ;

(ഡി) കേരളത്തിലെ യാത്രക്കാരോടുള്ള വിവേചനത്തിനെതിരെ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

(എ-ഡി) കേരളത്തിൽ മാത്രമായി റെയിൽവെ ചാർജ് വർദ്ധിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിവേദനങ്ങളിലൂടെ പലപ്പോഴായി റെയിൽവേ സംബന്ധിച്ച വിഷയങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്.

************

**അനുബന്ധം 2**

12-09-2023-ന് ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ തോട്ടം മേഖലയുടെ സംഭാവന വളരെ പ്രാധാന്യമർഹിക്കുന്നതാണ്. രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ പ്രധാനഭാഗം കേരളത്തിലെ തോട്ടങ്ങളിൽനിന്നാണ്. എന്നാൽ തോട്ടവിളകളുടെ വിലനിലവാരത്തിൽ ഉണ്ടായിരിക്കുന്ന തകർച്ച, ഉൽപ്പാദനക്ഷമതയിലുണ്ടായ ഇടിവ്, കാലാവസ്ഥാ വ്യതിയാനം എന്നിവ തോട്ടം മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതിനാൽ നിലവിൽ തോട്ടം മേഖല പ്രതിസന്ധി നേരിടുകയാണ്. സംസ്ഥാനത്ത് നിലവിൽ 1951-ലെ പ്ലാന്റേഷൻ ലേബർ ആക്ട് വകുപ്പ് 3 (ബി) പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട അറുന്നൂറ്റി നാൽപ്പത്തിമൂന്ന് (643) തോട്ടങ്ങൾ പ്രവർത്തിച്ചുവരുന്നതും ടി തോട്ടങ്ങളിലായി ഏകദേശം അമ്പത്തിരണ്ടായിരം (52,000) തൊഴിലാളികൾ ജോലി നോക്കിവരുന്നതുമാണ്. ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത് പ്രകാരം മൂവായിരത്തി എഴുന്നൂറ്റി ഏഴ്

(3707) ചെറുകിട തോട്ടങ്ങളും മേൽ തോട്ടങ്ങളിലായി പതിനെട്ടായിരിത്തി ഇരുന്നൂറ്റി ഇരുപത്തിമൂന്ന് (18,223) തൊഴിലാളികളുമുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാർ പാസ്സാക്കിയിട്ടുള്ള എല്ലാ തൊഴിൽ നിയമങ്ങളുടെയും നിർവ്വഹണ ചുമതല തൊഴിൽ വകുപ്പിൽ അധിഷ്ഠിതമായതിനാൽ സംസ്ഥാനത്തെ തോട്ടം മേഖലയുടെ പുരോഗതിക്കും തോട്ടം തൊഴിലാളികളുടെ സംരക്ഷണത്തിനുംവേണ്ടിയുള്ള തൊഴിൽ നിയമങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പ് വകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നുണ്ട്. തോട്ടം മേഖലയിലെ തൊഴിലാളികളുടെ കൂലി കാലോചിതമായി പരിഷ്കരിക്കുന്ന വിഷയം ത്രികക്ഷി സമിതിയായ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ചർച്ച ചെയ്ത് പൊതുവായ ഒരു ധാരണയിൽ എത്തിച്ചേരുന്നതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുകയും തുടർന്ന് 1948-ലെ മിനിമം വേതന നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സർക്കാർ മിനിമം വേതനം നിശ്ചയിക്കുകയും നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. തോട്ടം തൊഴിലാളികളുടെ വേതന പരിഷ്കരണവുമായി ബന്ധപ്പെട്ട് 2023 ജൂൺ മാസം 2-ന് തൊഴിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ

പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ തോട്ടം തൊഴിലാളികളുടെ അടിസ്ഥാന വേതനത്തിൽ 41/- രൂപയുടെ വർദ്ധന വരുത്തി നിലവിൽ തീരുമാനമായിട്ടുണ്ട്. വേതന വർദ്ധനയ്ക്ക് 2023 ജനുവരി 1 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണെന്നും 2021-ലെ നോട്ടിഫിക്കേഷനിൽ പ്രതിപാദിച്ചിട്ടുള്ള മറ്റെല്ലാ വ്യവസ്ഥകളും അതേപടി തുടരുന്നതാണെന്നും യോഗതീരുമാനമായിട്ടുള്ളതാണ്. തോട്ടം മേഖലയിലെ തൊഴിലാളികൾ താമസിക്കുന്ന ലയങ്ങൾ പലതും കാലപ്പഴക്കംമൂലം നിലവിൽ ശോച്യാവസ്ഥയിലാണ്. പ്ലാന്റേഷൻ ലേബർ ആക്ട് പ്രകാരം തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തേണ്ടത് മാനേജ്മെന്റിന്റെ പ്രാഥമിക ഉത്തരവാദിത്വം ആണെങ്കിലും സാമ്പത്തിക പ്രതിസന്ധിമൂലം മിക്ക എസ്റ്റേറ്റ് മാനേജ്മെന്റുകളും ലയങ്ങൾ നവീകരിക്കുന്നതിൽ വിമുഖത കാണിക്കുകയാണ് ചെയ്യുന്നത്. തോട്ടം മേഖലയിലെ ഭവനരഹിതരായ എല്ലാ തൊഴിലാളികൾക്കും വീട് നിർമ്മിച്ച നൽകുക എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ഭവനം ഫൗണ്ടേഷന്റെ സഹകരണത്തോടെ 2017-ൽ തൊഴിൽ വകുപ്പ് നടത്തിയ പ്രാഥമിക

സർവ്വേയിൽ കണ്ടെത്തിയ മുപ്പത്തിരണ്ടായിരത്തി നാന്നൂറ്റി അമ്പത്തി രണ്ട് (32452) ഗുണഭോക്താക്കളുടെ ലിസ്റ്റ് ഭവനം ഫൗണ്ടേഷന് സമർപ്പിച്ചിരുന്നു. പ്രസ്തുത ലിസ്റ്റിന്മേൽ ലൈഫ് മാനദണ്ഡ പ്രകാരം വീട് ലഭ്യമാക്കുന്നതിനുള്ള അർഹത പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും ലിസ്റ്റ് പരിശോധിക്കുന്നതിനായി യൂസർ ഐ.ഡി.-യും പാസ്‌വേർഡും ലൈഫ് മിഷന് നൽകിയിട്ടുള്ളതുമാണ്.

കേരളത്തിലെ തോട്ടം തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും തോട്ടങ്ങൾക്ക് ഉള്ളിലോ അവയ്ക്ക് സമീപത്തോ സുരക്ഷിതമായ പാർപ്പിടം പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടെയുള്ള ഭവനം പദ്ധതിയിലൂടെ മൂന്നാറിലെ കെ.ഡി.എച്ച് വില്ലേജിൽ ഭവന രഹിതരായ തോട്ടം തൊഴിലാളികൾക്കായി 9 വീടുകളുടെ നിർമ്മാണം പൂർത്തിയാവുകയും ഗുണഭോക്താക്കൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. കുളത്തൂപ്പുഴയിലെ തിങ്കൾക്കരിക്കം വില്ലേജിൽ ആർ.പി.എൽ.-ന്റെ കൈവശമുള്ള 5 ഏക്കർ സ്ഥലത്ത് ഭവനം പ്രോജക്ട്-ഓൺ യുവർ ഓൺ

ഹൗസിംഗ് സ്കീം നടപ്പിലാക്കാൻ തീരുമാനിക്കുകയും 40 ഭവനങ്ങളുടെ നിർമ്മാണം കോസ്റ്റ് ഫോർഡിനെ ഏൽപ്പിക്കുകയും ചെയ്തു. ഇരട്ട ഭവന മാതൃകയിൽ 6 ഭവനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും വീടുകളോട് ചേർന്നുള്ള ഭൂമി തയ്യാറാക്കൽ ജോലികളും പൂർത്തീകരിച്ച് റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിന് (ആർ.പി.എൽ) കൈമാറിയിട്ടുണ്ട്.

സ്വന്തം വീട് പദ്ധതിയിലൂടെ ഭൂരഹിതരും ഭവനരഹിതരുമായ തോട്ടം തൊഴിലാളികൾക്ക് ഏകദേശം നാനൂറ് ചതുരശ്ര അടിയുള്ള സ്വതന്ത്ര ഭവനങ്ങൾ നിർമ്മിക്കുന്നതിനായി തൊഴിൽ വകുപ്പ് മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു. തോട്ടം മേഖലയിലെ തൊഴിലാളികളുടെ ലയങ്ങൾ ഭൂരിഭാഗവും വാസയോഗ്യമല്ലാത്ത തരത്തിൽ പരിതാപകരമായ അവസ്ഥയിലായതിനാൽ ലയങ്ങൾ പുനരുദ്ധാരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ നിലവിൽ തൊഴിൽ വകുപ്പ് മുഖേന സ്വീകരിച്ചുവരുന്നുണ്ട്.

2023-24-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ ഇനം നമ്പർ 400-ൽ തോട്ടം തൊഴിലാളികളുടെ താമസസൗകര്യങ്ങൾ (ലയങ്ങൾ) മെച്ചപ്പെടുത്തുന്നതിനായി 10 കോടി രൂപ വകയിരുത്തുന്നു എന്ന് പ്രഖ്യാപിച്ചിട്ടുള്ളതാണ്. എന്നാൽ ടി തുക ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ 2023-24 സാമ്പത്തിക വർഷം 2230-01-103-62-10 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ ടി 10 കോടി രൂപ വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള എസ്.ഡി.ജി. പ്രൊപ്പോസൽ നിലവിൽ സമർപ്പണത്തിലാണ്.

ലയങ്ങളുടെ പുനരുദ്ധാരണത്തിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള ടി 10 കോടി രൂപ വിനിയോഗിച്ചുകൊണ്ട് പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖേന ലയങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ഗവൺമെന്റ് അക്രെഡിറ്റഡ് ഏജൻസികൾ മുഖാന്തരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ചുവരുന്നുണ്ട്. നിലവിൽ തിരുവനന്തപുരം ജില്ലയിലെ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിയുടെ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള

തുകയായ രണ്ടുകോടി എഴുപത്തിയൊന്ന് ലക്ഷത്തി എൺപത്തിയാറായിരത്തി എഴുന്നൂറ്റി എൺപത്തിയൊന്ന് (2,71,86,781) രൂപ വിനിയോഗിച്ച് ജില്ലയിലെ പൂട്ടിക്കിടക്കുന്ന ഏക തോട്ടമായ ബോണക്കാട് എസ്റ്റേറ്റിലെ മൂന്ന് ഡിവിഷനുകളിലുമായുള്ള 34 ലയങ്ങളിൽ അടിയന്തരമായി ചെയ്യേണ്ട ജോലികൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 2023 ജൂലൈ 27-ന് തൊഴിൽ, ധനകാര്യ വകുപ്പുമന്ത്രിമാർ സംയുക്തമായി ലയങ്ങൾ സന്ദർശിക്കുകയും തുടർന്ന് ബഹുമാനപ്പെട്ട അരുവിക്കര എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെയും ട്രേഡ് യൂണിയൻ പ്രതിനിധികളുടെയും സാന്നിധ്യത്തിൽ യോഗം വിളിച്ചു ചേർക്കുകയും ബോണക്കാട് എസ്റ്റേറ്റിലെ വാസയോഗ്യമല്ലാത്ത ലയങ്ങളുടെ അറ്റകുറ്റപ്പണികൾ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖാന്തരം ഓണം കഴിഞ്ഞാലുടൻ ആരംഭിക്കുന്നതാണെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു. ടി വിഷയത്തിന്റെ തുടർനടപടിയുടെ ഭാഗമായി പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി ചെയർമാനായ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലും അരുവിക്കര

എം.എൽ.എ.-യുടെ സാന്നിധ്യത്തിലും 2023 ആഗസ്റ്റ് 4-ന് യോഗം കൂടുകയും പ്രസ്തുത യോഗത്തിൽ ട്രേഡ് യൂണിയൻ പ്രതിനിധികളുടെയും പഞ്ചായത്ത് അംഗങ്ങളുടെയും സാന്നിദ്ധ്യത്തിൽ 2023 ആഗസ്റ്റ് 10-ന് ബന്ധപ്പെട്ട വകുപ്പു മുഖേന എസ്റ്റേറ്റിലെ എല്ലാ ലയങ്ങളും പരിശോധിച്ചുകൊണ്ട് ആവശ്യമായി വരുന്ന അറ്റകുറ്റപ്പണികൾ സംബന്ധിച്ച് മികച്ച രീതിയിലുള്ള ഒരു എസ്റ്റിമേറ്റ് തയ്യാറാക്കാൻ ജില്ലാ നിർമ്മിതി കേന്ദ്രത്തിനെ ചുമതലപ്പെടുത്തേണ്ടതാണെന്നും തീരുമാനിക്കുകയുണ്ടായി. കൂടാതെ ഇടുക്കി ജില്ലയിലെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖേന നടത്തുന്നതിലേക്കായി ഗവൺമെന്റ് ഏജൻസികൾ മുഖാന്തരം എസ്റ്റിമേറ്റ് തയ്യാറാക്കാൻ ജില്ലാ ഭരണകൂടത്തിന് വകുപ്പ് മുഖേന നിർദ്ദേശം നൽകിയിട്ടുമുണ്ട്. ട്രാവൻകൂർ റബ്ബർ ആൻഡ് ടീ കമ്പനിയിലെ തൊഴിലാളികളുടെ തൊഴിൽ പ്രശ്നങ്ങൾ സംബന്ധിച്ചുള്ള വിഷയം ചർച്ച ചെയ്യുന്നതിനായി 2023 ജൂൺ 22-ന് തൊഴിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മാനേജ്മെന്റിന്റെയും ട്രേഡ് യൂണിയൻ പ്രതിനിധികളുടെയും സാന്നിധ്യത്തിൽ ഇടുക്കി ജില്ലയിലെ

മുണ്ടക്കയം പഞ്ചായത്ത് ഹാളിൽ വച്ച് കൂടുവാൻ നിശ്ചയിച്ചിരുന്ന യോഗത്തിന് മുന്നോടിയായി കമ്പനിയിലെ തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ നേരിട്ടു കണ്ടു വിലയിരുത്തുന്നതിനായി ഞാൻ കമ്പനിയിലെ ലയങ്ങൾ സന്ദർശിക്കുകയുണ്ടായി. തുടർന്ന് നടന്ന യോഗത്തിൽ കമ്പനിയിലെ തൊഴിലാളികളുടെ ശമ്പള കുടിശ്ശിക, ഗ്രാറ്റുവിറ്റി, പി.എഫ്. കുടിശ്ശിക എന്നിവ വിതരണം ചെയ്യുന്നത് സംബന്ധിച്ചും തൊഴിലാളികളുടെ ബാങ്ക് ലോൺ അടവ് സംബന്ധിച്ചും ധാരണയിലെത്തിച്ചേരുകയുണ്ടായി. സംസ്ഥാനത്ത് നിലവിൽ പൂട്ടിക്കിടക്കുന്ന 12 തോട്ടങ്ങളിൽ ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിലെ പീരുമേട് ടീ കമ്പനി വക 2 എസ്റ്റേറ്റിലും എം.എം.ജെ. പ്ലാന്റേഷൻസ് വക 2 എസ്റ്റേറ്റിലും തിരുവനന്തപുരം ജില്ലയിലെ ബോണക്കാട് എസ്റ്റേറ്റിലുമാണ് ലയങ്ങളുള്ളത്.

ഇടുക്കി ജില്ലയിൽ എം.എം.ജെ. പ്ലാന്റേഷൻസിന്റെ രണ്ട് എസ്റ്റേറ്റുകളിലെ ഏഴ് ഡിവിഷനുകളിലായി നൂറ്റി അമ്പത് കുടുംബങ്ങളും പീരുമേട് ടീ കമ്പനിയുടെ മൂന്ന് ഡിവിഷനുകളിലായി നൂറ്റി അറുപത് കുടുംബങ്ങളുമാണ് താമസിച്ചുവരുന്നത്. സംസ്ഥാനത്തെ തോട്ടം മേഖലയിൽ

വന്യജീവികളുടെ ആക്രമണം ഏറിയ നിരക്കിലായതിനാൽ 22-01-2021-ലെ സ.ഉ. (കൈ) 06/2021/തൊഴിൽ നമ്പർ ഉത്തരവുപ്രകാരം അംഗീകരിച്ച തോട്ടം നയത്തിൽ, വർദ്ധിച്ചുവരുന്ന വന്യജീവി ആക്രമണങ്ങൾക്ക് പരിഹാരം കാണുന്നതിന് വനം-വന്യജീവി വകുപ്പുമായി സഹകരിച്ച് പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വിഭാവന ചെയ്തിട്ടുള്ളതാണ്. ട്രാവൻകൂർ റബ്ബർ ആൻഡ് ടീ കമ്പനി, എച്ച്.എം.എൽ. ഉൾപ്പെടെയുള്ള പ്ലാന്റേഷനുകളിലെ തൊഴിലാളി യൂണിയനുകളിൽനിന്നും ബോണസ് ഡിമാന്റ് നോട്ടീസുകൾ ലഭിക്കുന്ന മുറയ്ക്ക് തൊഴിൽ വകുപ്പ് മുഖേന നടപടി സ്വീകരിച്ചുവരുന്നു. വകുപ്പ് തലത്തിൽ നടത്തുന്ന ചർച്ചകൾ പരാജയപ്പെടുന്ന പക്ഷം ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് സെക്ഷൻ 12(4) പ്രകാരം അഡ്ജ്യൂഡിക്കേഷനായി റഫർ ചെയ്യുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്നതും ഉടമ ഉപേക്ഷിച്ചതുമായ ഇടുക്കി, തിരുവനന്തപുരം എന്നീ ജില്ലകളിലെ എസ്റ്റേറ്റുകളിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ ഗ്രാറ്റുവിറ്റി അപേക്ഷകൾ സ്വീകരിച്ച് ബന്ധപ്പെട്ട അതോറിറ്റികൾ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്. പൂട്ടിയ തോട്ടങ്ങളിലെ തൊഴിലാളികളുടെ വേതന

കുടിശ്ശിക ആനുകൂല്യങ്ങൾ സംബന്ധിച്ച് പരിശോധന നടത്തുവാൻ സുപ്രീംകോടതി മുഖേന കമ്മീഷനെ നിയോഗിച്ചിട്ടുള്ളതും ബഹു. കമ്മീഷൻ പതിനാലോളം സിറ്റിംഗുകൾ നടത്തി പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളിൽ നിന്നും അപേക്ഷകൾ സ്വീകരിച്ച് തൊഴിലാളികൾക്ക് ലഭിക്കേണ്ടതായ ഗ്രാറ്റുവിറ്റി, വേതന കുടിശ്ശിക തുടങ്ങി എല്ലാ ആനുകൂല്യങ്ങളും തിട്ടപ്പെടുത്തിയിട്ടുള്ളതുമാണ്. 20-06-2018-ലെ ജി.ഒ. (എം.എസ്) നം. 42/2018/LBR പ്രകാരം, സുപ്രീംകോടതിയുടെ മുൻ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികളുടെ വേതന കുടിശ്ശിക വിതരണം ചെയ്യുന്നതിനായി ഇടുക്കി ജില്ലയ്ക്കായി ഒരു കോടി അമ്പത്തി നാല് ലക്ഷം രൂപയും തിരുവനന്തപുരം ജില്ലയ്ക്കായി ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപയും അനുവദിച്ചിട്ടുള്ളതുമാണ്. പ്രസ്തുത വിഷയം സുപ്രീംകോടതി 21-08-2023-ന് പരിഗണിക്കാൻ തീരുമാനിച്ചിട്ടുള്ളതുമാണ്.